# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2018 ഡിസംബർ 10, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 174 - നമ്പർ 10

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2018 ഡിസംബർ 10, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

732/2020.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും : വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1.വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

**II റിപ്പോർട്ട് സമർപ്പണം** .. 10

പ്രിവിലേജസ്,എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ..

**III ധനകാര്യം** .. 11

2018-2019 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള

ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും ..

(അവതരണാനുമതി നിക്ഷേധിച്ചു)

**IV അനുബന്ധം I, II, III,**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

*2018 ഡിസംബർ 10, തിങ്കൾ*

വാല്യം 174] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2018 ഡിസംബർ മാസം 10-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

( ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ ശബരിമലയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനാജ്ഞ പിൻവലിക്കണമെന്നാവശ്യപ്പെട്ടും സഭാകവാടത്തിനുമുന്നിൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്ന എം.എൽ.എ. മാർക്ക് അഭിവാദ്യം അർപ്പിച്ചും യു.ഡി.എഫ്. അംഗങ്ങൾ പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുന്നിൽവന്ന് മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.....

*241-ാം നമ്പർ ചോദ്യവുമായി *244, *259, *261 എന്നി നമ്പർ ചോദ്യങ്ങൾ ക്ലബ് ചെയ്യുന്നതിനായി സർവ്വശ്രീ പി. കെ. അബ്ദു റബ്ബ്, വി. ജോയി, രാജു എബ്രഹാം എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്. നാല് ചോദ്യങ്ങൾക്കും ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്ക് ഒന്നിച്ച് മറുപടി നൽകാവുന്നതാണ്

### തീരദേശപാതയുടെയും മലയോര ഹൈവേയുടെയും നിർമ്മാണം

1(*241) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ദാസൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയ്ക്ക് സമാന്തരമായി കിഫ്ബി ഫണ്ടുപയോഗിച്ച് തീരദേശപാതയും മലയോര ഹൈവേയും നിർമ്മിക്കാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) നന്ദാരപ്പടവ് മുതൽ പാറശ്ശാല വരെയുള്ള 1200 കിലോമീറ്റർ മലയോര ഹൈവേയുടെ അലൈൻമെന്റിന് അംഗീകാരമായോ; എത്ര കിലോമീറ്റർ റോഡിനാണ് കിഫ്ബി അംഗീകാരം ലഭിച്ചത്; റോഡ് വികസനത്തിനുള്ള ഭൂമി ലഭ്യമായിട്ടുണ്ടോ;

(സി) അറുനൂറ്റി അമ്പത്തിയാറ് കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശപാതയ്ക്ക് സ്ഥലലഭ്യതയുടെ പ്രശ്നം പരിഹരിക്കാൻ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ; തീരദേശപാതാ വികസനവുമായി ബന്ധപ്പെട്ട് നാറ്റ്പാക് തയ്യാറാക്കിയ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ അറിയിക്കാമോ;

(ഡി) കിഫ്ബി പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ; ഇതിനായി വകുപ്പിന് കീഴിലുള്ള എസ്.പി.വി.കളെ ശക്തിപ്പെടുത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഇ) ദേശീയപാത നാലുവരിയാക്കുന്നതിനുള്ള പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നാല് ചോദ്യങ്ങളാണ് പതിനാറ് പേർ ചോദിച്ചിട്ടുള്ളത്. വിശദമായി സംസാരിക്കാൻ സമയമില്ലാത്തതിനാൽ മറുപടികൾ മൊത്തം മേശപ്പുറത്തുവച്ചുകൊണ്ട് * പ്രധാനപ്പെട്ട രണ്ടുമൂന്ന് വാചകങ്ങൾ മാത്രം പറയുകയാണ്.

ദേശീയപാതയ്ക്ക് സമാന്തരമായി 1261 കി.മീ. ദൈർഘ്യത്തിൽ മലയോര ഹൈവേയും 660 കി.മീറ്റർ ദൈർഘ്യത്തിൽ തീരദേശ ഹൈവേയും നിർമ്മിക്കാനായി രണ്ടര വർഷമായി സർക്കാർ സത്വരനടപടികൾ സ്വീകരിച്ചുവരികയാണ്. രണ്ടിനുംകൂടി പതിനായിരം കോടി രൂപയാണ് കിഫ്ബി വഴി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ മലയോര ഹൈവേയുടെ നാല് റീച്ചുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 17 റീച്ചുകളുടെ ടെണ്ടറിലേയ്ക്ക് ഈ മാസം കടക്കാനുള്ള സാദ്ധ്യതയുണ്ട്. വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ 8 റീച്ചുകൾക്ക് ഡി. പി. ആർ. തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. ഏതായാലും എല്ലാ സാദ്ധ്യതകളും ഉപയോഗിച്ച് 12 മീറ്റർ വീതിയിൽ നിർമ്മിക്കാൻ കിഫ്ബിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ സാദ്ധ്യതകളും ഉപയോഗിച്ച് തീരദേശപാതയും മലയോര ഹൈവേയും നിർമ്മിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.....(ബഹളം).....

* അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്

മി. സ്പീക്കർ: എല്ലാ ദിവസവും ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്നത് ശരിയാണോയെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ആലോചിക്കണം. നിയമസഭാ നടപടികളുമായി സഹകരിക്കുമെന്നും പുറത്ത് സമരം തുടരുമെന്നുമാണ് സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നൽകിയ ഉറപ്പ്. അദ്ദേഹം ഈ സഭയിൽ നൽകിയ ഉറപ്പ് പാലിക്കുകയാണ് ചെയ്യേണ്ടത്. ഈ നാട്ടിൽ ഉയർന്നുവരുന്ന നിരവധിയായ പ്രശ്നങ്ങൾ ഉന്നയിക്കേണ്ട സന്ദർഭമാണ് ചോദ്യോത്തരവേള. ചോദ്യോത്തരവേള തന്നെ തടസ്സപ്പെടുത്തി നിരന്തരമായി സഭാനടപടികൾ തടസ്സപ്പെടുത്തുന്നത് ശരിയാണോയെന്ന് നിങ്ങൾ ആലോചിക്കണം. ദയവായി സീറ്റുകളിലേയ്ക്ക് പോകണം. ഇത് ശരിയല്ല. ....(ബഹളം).....

ശ്രീ. ജോർജ് എം. തോമസ്: സർ, തീരദേശപാത, ജലപാത, നാഷണൽ ഹൈവേ, മലയോരപാത എന്നിങ്ങനെ നാല് പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ഒറ്റയടിക്ക് ഏറ്റെടുക്കാൻ മുന്നോട്ട് വന്നിട്ടുള്ള സർക്കാരിനെയും അതിന് നേതൃത്വം നൽകുന്ന ബഹുമാന്യരായ മുഖ്യമന്ത്രിയെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയെയും ഈ നാടാകെ അഭിനന്ദിച്ചുക്കൊണ്ടിരിക്കുകയാണ്. ഈ പരിപാടിയോടൊപ്പം പൊതുമരാമത്ത് വകുപ്പിൽ റോഡിന്റെ ശൃംഖല ശക്തിപ്പെടുത്തുന്നതിനും അതിന് അന്തർദേശീയ നിലവാരം കൈവരുത്തുന്നതിനും അതോടൊപ്പം സുരക്ഷിതത്വവും അഴിമതിരഹിതമായ നിർമ്മാണ പ്രക്രിയയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനും എഞ്ചിനീയർമാർക്ക് പുതിയ പരിശീലനം നൽകാനുമെല്ലാം തയ്യാറാകുന്ന ബഹുമാനപ്പെട്ട മന്ത്രി തീർച്ചയായും പുതിയ സമീപനമാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. തീരദേശ ഹൈവേ നിർമ്മാണത്തിൽ ന്യൂജെൻ സാങ്കേതികവിദ്യയും ജർമ്മൻ യന്ത്രസാമഗ്രികളും പ്രയോജനപ്പെടുത്തുമോ എന്നതാണ് ഒരു പ്രധാന ചോദ്യം. കോഴിക്കോട് ജില്ലയിലെ ദേശീയപാതയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി ഇപ്പോൾ മന്ദഗതിയിലാണ്. സർവ്വേയർമാരും റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരും അക്കാര്യത്തിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ലെന്ന പൊതു തോന്നലാണ് സമൂഹത്തിലുള്ളത്. ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, നൂതന സാങ്കേതികവിദ്യ നല്ല നിലയിൽ തീരദേശപാതയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നത് അങ്ങനെയാണെന്നാണ് നമ്മൾ കാണേണ്ടത്. തീരദേശപാതയ്ക്ക് 14 മീറ്റർ വീതി വേണമെന്നാണ് കിഫ്ബി തീരുമാനിച്ചത്. രണ്ട് മീറ്റർ സൈക്കിൾ ട്രാക്കിനുവേണ്ടിയുള്ളതാണ്. തീരദേശ പാതയിൽ മത്സ്യത്തൊഴിലാളികളാണ് കൂടുതലുള്ളത് എന്നതുകൊണ്ട് അവിടെ കുറച്ച് കോമ്പൻസേഷൻ കൊടുക്കേണ്ടിവരും. അക്കാര്യം കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ഇവിടെ മാത്രമല്ല, പല മേഖലകളിലായി

ഭൂമി ഏറ്റെടുക്കേണ്ടിവരും. നാഷണൽ ഹൈവേയ്ക്കായും പൈപ്പ് ലൈനിനായും ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സാധാരണ പാലങ്ങൾക്കും അപ്രോച്ച് റോഡുകൾക്കും ഭൂമി വേണ്ടിവരും. അതിന് റവന്യൂ വകുപ്പ് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്. ജീവനക്കാർ കുറവുള്ള സ്ഥലങ്ങൾ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, 50-60 വർഷമായി ജനങ്ങൾ മനസ്സിൽ താലോലിച്ച് നടക്കുന്ന സ്വപ്നമാണ് മലയോര ഹൈവേ. അത് ഏറ്റെടുക്കാൻ കാണിച്ചിട്ടുള്ള ധീരതയെ മലയോരത്തെ കുടിയേറ്റക്കാരായ ജനങ്ങളാകെ അംഗീകരിക്കുകയാണ്. മലയോര ഹൈവേയ്ക്ക് 12 മീറ്റർ വീതിയിൽ സൗജന്യമായി സ്ഥലം വിട്ടുതരുന്ന കൃഷിക്കാരുടെ തെങ്ങ്, കമുക്, ജാതി ഉൾപ്പെടെയുള്ള നാണ്യ വിളകൾക്കും അതുപോലെ പൊളിച്ചുപോകുന്ന മതിലുകൾക്കും ഭാഗികമായി പൊളിച്ചുപോകുന്ന വീടുകൾക്കും ചെറുതായെങ്കിലും നഷ്ടപരിഹാരം നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുമോ? ചെറിയ അങ്ങാടികൾ മലയോര മേഖലയിലാകമാനമുണ്ട്. ചെറിയ അങ്ങാടികൾ സ്ഥിതി ചെയ്യുന്ന മേഖലകളിൽ 12 മീറ്റർ എന്നുള്ളത് stick on ചെയ്യാതെ അൽപ്പം വിട്ടുവീഴ്ച ചെയ്യാൻ സാധിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, മലയോര മേഖലയിലാണ് സ്ഥലം ലഭിക്കാൻ കൂടുതൽ സാദ്ധ്യതയുള്ളത്. മലയോര ഹൈവേയുടെ കാര്യം ചർച്ച ചെയ്ത കാലം മുതൽ തന്നെ സൗജന്യമായി സ്ഥലം നൽകാമെന്ന് അവിടെയുണ്ടായിരുന്ന എം.എൽ.എ.മാരും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഗവൺമെന്റിന് വാഗ്ദാനം നൽകിയിട്ടുള്ളതാണ്. ആ നിലയിൽ കിട്ടികൊണ്ടിരിക്കുന്നുമുണ്ട്. ചില സ്ഥലങ്ങളിൽ മാത്രമാണ് പ്രശ്നങ്ങളുള്ളത്. മതിലുകൾ പൊളിച്ചുകളയുക, ഫലവൃക്ഷങ്ങൾ നശിപ്പിക്കുക തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷം തീരദേശ ഹൈവേയും മലയോര ഹൈവേയുമായി ബന്ധപ്പെട്ട് എല്ലാ എം.എൽ.എ.മാരുമായും യോഗം ചേർന്ന് വിശദമായ റിവ്യൂ നടത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ അങ്ങും പങ്കെടുത്തിരുന്നു. അവിടെ ഉയർന്നുവന്ന പ്രശ്നമാണിത്. സാധാരണ ഭൂമി തരുന്നതിന് പുറമേ അവർക്കുണ്ടാകുന്ന നിർമ്മാണപരവും കാർഷികപരവുമായ ചില നാശനഷ്ടങ്ങളെപ്പറ്റിയാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതിൽ അനുകൂലമായ നിലപാട് സ്വീകരിക്കുവാൻ കഴിയുമോയെന്നുള്ളത് കിഫ്ബിയുമായി ചർച്ച ചെയ്ത് തീരുമാനം എടുക്കേണ്ടതാണ്. .....(ബഹളം).....

<u>മി. സ്പീക്കർ</u>: ദയവായി നിങ്ങൾ സഹകരിക്കണം. വ്യവസ്ഥാപിതമായ രീതിയിൽ സഭയിൽ ഉന്നയിക്കാൻ നിങ്ങൾക്ക് അവസരമുണ്ട്. ചോദ്യങ്ങൾ ക്ലബ്ബ്

ചെയ്യാൻ എഴുതി നൽകുകയും അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകുകയും ചെയ്തതിനുശേഷം ഇങ്ങനെ ചെയ്യുന്നത് മര്യാദയല്ല. സഭയിൽ ഉന്നയിക്കാൻ വ്യവസ്ഥാപിതമായ മാർഗ്ഗമുണ്ട്. അങ്ങനെ ഉന്നയിക്കാം. .....(ബഹളം)..... ഇവിടെ സമരം ചെയ്യാനും പ്രതിഷേധിക്കാനും അവകാശമുള്ളതുപോലെ മറ്റ് സാമാജികർക്ക് അവരുടെ ചോദ്യങ്ങൾ ഉന്നയിക്കാനുള്ള അവകാശവുമുണ്ട്. അതുകൂടി ദയവായി സംരക്ഷിക്കപ്പെടണം.

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിന്റെ വികസന രംഗത്ത് വലിയ കുതിപ്പാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദൃശ്യമാകുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കണ്ണൂർ വിമാനത്താവളത്തിന്റെ കോമ്പൗണ്ട് വാളാണ് ഉദ്ഘാടനം ചെയ്തതെങ്കിൽ കണ്ണൂർ വിമാനത്താവളം അതിന്റെ പൂർണ്ണമായ തോതിൽ പൂർത്തീകരിച്ച് ഇന്നലെ ഉദ്ഘാടനം ചെയ്തു കഴിഞ്ഞിരിക്കുകയാണ്. വിമാനത്താവളം ഉദ്ഘാടനം ചെയ്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും സംസ്ഥാന സർക്കാരിനെയും ഞാൻ അഭിനന്ദിക്കുന്നു. വികസന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയണം. തീരദേശ ഹൈവേയുടെ കാര്യത്തിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ ആവശ്യമായ നടപടിയുണ്ടാകണം. ഏറ്റവും കൂടുതൽ ട്രാഫിക്കുള്ള, തിരക്കുള്ള ജില്ലയാണ് കണ്ണൂർ. ഹൈവേയ്ക്ക് ജീവൻ വച്ചത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ്. അതിനാൽ ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. കേന്ദ്ര സർക്കാരിന്മേൽ സമ്മർദ്ദം ചെലുത്തിയിട്ടാണ് പൊന്നുംവില നൽകി ഭൂമി ഏറ്റെടുത്തത്. കീഴാറ്റൂരിൽ രണ്ട് വർഷമായി ഹൈവേയുടെ പദ്ധതികൾക്ക് തുരങ്കം വയ്ക്കാൻ ബി.ജെ.പി.യും കോൺഗ്രസ്സും കൈകോർത്തിരിക്കുന്നു. എവിടെ വികസന പദ്ധതികളുണ്ടോ അതിനെ തുരങ്കംവയ്ക്കാൻ യു.ഡി.എഫ്.-ഉം അതിന് പിന്നാലെ ബി.ജെ.പി.-യുമുണ്ട്. ബി.ജെ.പി.-യുടെ സംസ്ഥാന നേതാക്കളും കോൺഗ്രസ് നേതാക്കളും ഒന്നിക്കുന്ന ലജ്ജാകരമായ കാഴ്ച നമ്മൾ ഇവിടെ കണ്ടു. ഇനിയെങ്കിലും സംസ്ഥാനത്തെ പുറകോട്ട് നയിക്കുന്ന ഇത്തരം നിഷേധാത്മകമായ നിലപാട് തിരുത്താൻ പ്രതിപക്ഷത്തിന് നല്ല ബുദ്ധി ഉപദേശിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, പടച്ചതമ്പുരാൻ വിചാരിച്ചിട്ട് അവർക്ക് ബുദ്ധി ഉണ്ടാകുന്നില്ല. പാവപ്പെട്ട ഞാൻ എന്ത് ചെയ്യാനാണ്? തീരദേശ ഹൈവേ, മലയോര ഹൈവേ, ദേശീയപാത തുടങ്ങിയവയ്ക്കെല്ലാം സംസ്ഥാന ഗവൺമെന്റ് ഊർജ്ജിതമായി നടപടിയെടുക്കുകയാണ്. സ്ഥലത്തിന്റെ പ്രശ്നമാണ് തീരദേശത്തും മലയോര മേഖലയിലുമുള്ളത്. ദേശീയപാതയിൽ നമ്മുടെ ഗവൺമെന്റ് രണ്ടരവർഷക്കാലംകൊണ്ട് എല്ലാ കാര്യങ്ങളും ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രി മുന്നിൽനിന്നാണ് ഡൽഹിയിൽ പോയി ഇക്കാര്യങ്ങളെല്ലാം ചെയ്തത്. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എന്തോ ഒരു കാലതാമസംപോലെ കാണുന്നുണ്ട്. അതൊഴികെ നാലുവരിപ്പാതയാക്കാൻ ദേശീയപാതയ്ക്ക് യാതൊരു തടസ്സവും സംസ്ഥാനത്തില്ല. വളരെ സമാധാനപരമായ അന്തരീക്ഷമാണുള്ളത്. കീഴാറ്റൂർകാർ അവരുടെ നേരത്തെയുള്ള നിലപാടിൽ ഉറച്ചുനിൽക്കുന്നുവെന്നും മറ്റ് കോലാഹലങ്ങളോട് യോജിക്കുന്നില്ലെന്നും ശ്രീ. അൽഫോൺസ് കണ്ണന്താനത്തിന്റെ പരാതി പരിഗണിക്കുന്നില്ലെന്നും രേഖാമൂലം ഗവൺമെന്റിന് മറുപടി ലഭിച്ചിട്ടുണ്ട്.

(യു.ഡി.എഫ്. അംഗങ്ങൾ ഡയസിന് മുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. കെ. ദാസൻ: സർ, തീരദേശ ഹൈവേയ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ ഏറ്റവും ജനസാന്ദ്രതയുള്ള കടലോര മേഖലയിൽ വാസസ്ഥലം നഷ്ടപ്പെടുന്നവർക്കാവശ്യമായ ഭൂമി സർക്കാരിന്റെ നേതൃത്വത്തിൽ ഏറ്റെടുക്കാൻ തയ്യാറാകുമോ; അതോടൊപ്പം ഹാർബർ പോലെയുള്ള പ്രദേശങ്ങളിലൂടെ ഹൈവേ കടന്നുപോകുമ്പോൾ അവിടെ എലിവേറ്റഡ് റോഡ് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, തീരദേശത്ത് മത്സ്യത്തൊഴിലാളികളാണ് തിങ്ങിപ്പാർക്കുന്നത്. അവിടെ ഭൂമി കുറവായതിനാൽ അവർക്ക് വളരെ പ്രയാസമാണ്. അതിനാൽ അവർക്ക് ന്യായമായ കോമ്പൻസേഷൻ നൽകാൻ കിഫ്ബി തീരുമാനിച്ചിട്ടുണ്ട്. രണ്ട് മീറ്റർ സൈക്കിൾ ട്രാക്കുംകൂടി ചേർത്തതോടെ കുറച്ചുകൂടി സ്ഥലം വേണം. അതിനെല്ലാം തീരുമാനമെടുത്ത് നടപടികൾ സ്വീകരിച്ചുവരികയാണ്. സാധാരണ റോഡ് അല്ലാത്ത എലിവേറ്റഡ് റോഡ് നിർമ്മാണത്തിന്റെ കാര്യം പരിഗണനയിലുണ്ട്. ധാരാളം ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ബദലായി എന്തെല്ലാം വേണമെന്നുള്ളത് സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തുവരികയാണ്. അങ്ങ് അടക്കമുള്ള എം.എൽ.എ.-മാരെ വിളിച്ചുകൂട്ടി അടുത്ത കാലത്തും അക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ഗവൺമെന്റ് സാദ്ധ്യമായ എല്ലാ നിലപാടുകളും സ്വീകരിച്ച് ജനങ്ങൾക്ക് പ്രയാസമുണ്ടാകാത്ത തരത്തിൽ അവരുടെ ഭാവിയെ കരുതിയാണ് ഈ വികസനങ്ങളെല്ലാം നടത്തിക്കൊണ്ടുപോകുന്നത്.

ശ്രീ. ഡി. കെ. മുരളി: സർ, മലയോര ഹൈവേയും തീരദേശ ഹൈവേയും യാഥാർത്ഥ്യമാകുന്നതോടെ കേരളത്തിൽ സങ്കൽപ്പാതീതമായ വികസന മുന്നേറ്റമാണുണ്ടാകാൻ പോകുന്നത്. ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് അറിയേണ്ടുന്ന പ്രധാനപ്പെട്ട സംശയങ്ങളാണ് ഇവിടെ ചോദിക്കുന്നത്. അതുപോലും

തടസ്സപ്പെടുത്തുന്ന പ്രതിപക്ഷത്തിന് കേരള ജനത മാപ്പുകൊടുക്കുകയില്ലെന്ന കാര്യം ഞങ്ങൾ ഓർമ്മിപ്പിക്കുകയാണ്. ..(ബഹളം).... മലയോര ഹൈവേ നിർമ്മാണത്തിന് വനം വകുപ്പിന്റെ സഹകരണം ആവശ്യമാണ്. എന്നാൽ ഇക്കാര്യത്തിൽ വനം വകുപ്പുദ്യോഗസ്ഥർ നിസ്സഹകരിക്കുന്ന പ്രവണതയാണ് കാണുന്നത്. അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനാകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, മലയോര ഹൈവേയുടെ എട്ട് റീച്ചുകൾ വനപ്രദേശങ്ങളിലൂടെയാണ് കടന്നുപോകേണ്ടത്. അതിൽ ഡീപ് ഫോറസ്റ്റ് വളരെ കുറവാണ്. സാധാരണഗതിയിലുള്ള ഫോറസ്റ്റും പ്ലാന്റേഷനുമൊക്കെയാണ് അതിൽ വരുന്നത്. അതിന് വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല. കഴിഞ്ഞ ദിവസം മലയോര ഹൈവേ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ എല്ലാ എം.എൽ.എ.മാരുടെയും യോഗം വിളിച്ചുചേർത്തിരുന്നു. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും ആ യോഗത്തിലുണ്ടായിരുന്നു. അക്കാര്യം പ്രത്യേകമായി പരിഗണിക്കാമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ ജനുവരി മാസത്തിൽ കേന്ദ്ര വനം വകുപ്പ് സെക്രട്ടറിയെക്കണ്ട് ഇക്കാര്യം സംസാരിച്ചിട്ടുള്ളതാണ്. സംസ്ഥാനത്ത് ചെയ്യാവുന്നതൊക്കെ ചെയ്താൽ മതിയെന്നാണ് അദ്ദേഹം പറഞ്ഞതെങ്കിലും മൊത്തത്തിൽ അനുവാദം ലഭിക്കുന്നില്ല. മേൽ സൂചിപ്പിച്ച വനപ്രദേശത്തുകൂടി ഇപ്പോൾ നമുക്ക് സഞ്ചാര യോഗ്യമായ റോഡുണ്ട്. അത് പതിനഞ്ച് മീറ്ററാണെങ്കിൽ 5 മീറ്റർ മാത്രമേ ക്യാരേജ് വേ കാണുകയുള്ളൂ. നമ്മുടെ കൈവശമുള്ള ബാക്കി പത്ത് മീറ്ററിൽ റോഡ് നിർമ്മിക്കാൻ അനുവദിക്കുന്നില്ല. അവിടെ റോഡ് നിർമ്മിക്കാൻ ശ്രമിച്ച എഞ്ചിനീയർമാരുടെ പേരിൽ കേസെടുത്തതുകൊണ്ട് അവർക്കതിന് ബുദ്ധിമുട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും സംസ്ഥാന വനം വകുപ്പിന് ചെയ്യാൻ കഴിയുന്ന കാര്യം പരിഗണിക്കാമെന്ന് വനം വകുപ്പുമന്ത്രി സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന് പരിഹരിക്കാൻ കഴിയുന്ന നടപടി തുടരുകയാണ്. ....(ബഹളം).....

<u>മി. സ്പീക്കർ</u>: പ്രതിപക്ഷത്തിന് ഉന്നയിക്കാനുള്ള വിഷയം ശൂന്യവേളയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അവതരിപ്പിക്കാവുന്നതാണ്. അതിന് സർക്കാർ സർക്കാരിന്റെ നിലപാട് അറിയിക്കും. സഭാനടപടികൾ തുടരാൻ നിങ്ങൾ അനുവദിക്കണം. ....(ബഹളം)..... വളരെ സുപ്രധാനമായ വികസനകാര്യങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. വ്യവസ്ഥാപിതമായ രീതിയിൽ ശൂന്യവേളയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഈ വിഷയം ഉന്നയിക്കാം. ഗവൺമെന്റ് ഗവൺമെന്റിന്റെ അഭിപ്രായം പറയും. ....(ബഹളം)..... അതിന് അവസരമൊരുക്കുക മാത്രമാണ് ചെയറിന് ചെയ്യാൻ കഴിയുക. ദയവായി നിങ്ങൾ സീറ്റുകളിലേയ്ക്ക്

പോകണം. ....(ബഹളം)..... ഈയൊരു കാര്യം മാത്രമല്ല ഇവിടെ ചർച്ച ചെയ്യേണ്ടത്. ....(ബഹളം).....

(നക്ഷത്രചിഹ്നമിട്ട 244-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യാൻ നോട്ടീസ് നൽകിയ ശ്രീ. പി. കെ. അബ്ദു റബ്ബ്, ശ്രീ. എൻ. ഷംസുദ്ദീൻ, ഡോ. എം. കെ. മുനീർ, ശ്രീ. മഞ്ഞളാംകുഴി അലി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഉപചോദ്യങ്ങൾ ചോദിച്ചില്ല.)

ശ്രീ. എ. എം. ആരിഫ്: സർ, തീരദേശപാതയിൽ നിലവിലുള്ള പാതയ്ക്കുപുറമേ രണ്ടും നാലും മീറ്റർ സ്ഥലംകൂടി ഏറ്റെടുത്ത് 14 മീറ്ററാക്കി സൈക്കിൾ ട്രാക്ക് ഉൾപ്പെടെ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് എല്ലായിടത്തും പ്രായോഗികമാകുകയില്ല. നിർബന്ധമുള്ള സ്ഥലങ്ങളിൽ മാത്രം സൈക്കിൾ ട്രാക്ക് നിർമ്മിക്കുകയും അല്ലാത്തിടത്ത് അതൊഴിവാക്കുകയും വേണം. എല്ലായിടത്തും 14 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുത്തതിനുശേഷം വർക്ക് ആരംഭിച്ചാൽ മതിയെന്ന് തീരുമാനിച്ചാൽ വളരെ കാലതാമസമുണ്ടാകും. അതുകൊണ്ട് സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം ഇപ്പോൾത്തന്നെ നിർമ്മാണ നടപടികൾ ആരംഭിക്കേണ്ടതായിട്ടുണ്ട്. ഇതിനുവേണ്ടി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരും ഏജൻസികളും എറണാകുളത്തുനിന്ന് തെക്കോട്ടുള്ള പോർഷനിൽ വേണ്ടത്ര നിലയിലുള്ള പഠനം നടത്തി അതിന്റെ ഡി.പി.ആർ. പ്രിപ്പറേഷനിലേയ്ക്ക് പോയിട്ടില്ല. അതുകൊണ്ട് സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം എത്രയുംവേഗം നിർമ്മാണം ആരംഭിക്കുകയും ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് നിർമ്മാണം നടത്തുകയും ചെയ്യുന്ന നടപടി സ്വീകരിക്കാനാകുമോ? ....(ബഹളം).....

ശ്രീ. ജി. സുധാകരൻ: സർ, കിഫ്ബി നിർദ്ദേശിച്ചിട്ടുള്ള സ്ഥലം എവിടെയാണോ ലഭ്യമാകുന്നത് അവിടെ ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുക എന്നുള്ളതാണ് ഇപ്പോഴത്തെ തീരുമാനം. മലയോര ഹൈവേയിൽ നാല് റീച്ചുകളിലായി പ്രവൃത്തി ആരംഭിച്ചുകഴിഞ്ഞു. ബാക്കി 18 എണ്ണത്തിന്റെ ടെണ്ടർ നടപടികളിലേയ്ക്ക് നീങ്ങുകയാണ്. 12 മീറ്റർ വീതിയിൽ സ്ഥലലഭ്യത ഉറപ്പുവരുത്തിയ പ്രവൃത്തികളുടെ കാര്യമാണ് പറയുന്നത്. അവിടെ സൈക്കിൾ ട്രാക്ക് വരുന്നതുകൊണ്ട് രണ്ട് മീറ്റർ അധികം വേണം. അങ്ങനെ 14 മീറ്ററായി. മലപ്പുറം പടിഞ്ഞാറ് പൊന്നാനി ഭാഗത്തുള്ള ഒരു റീച്ചിൽ മാത്രമേ 14 മീറ്റർ വീതിയിൽ സ്ഥലമുള്ളൂ. ബാക്കി ഒരിടത്തും അത്രയും സ്ഥലമില്ല. സൈക്കിൾ ട്രാക്ക് ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. കാരണം അങ്ങനെയാണെങ്കിൽ തുടർച്ച കിട്ടുകയില്ല. തുടർച്ചയായി പോകണമെന്നുള്ളതാണ് കിഫ്ബിയുടെ തീരുമാനം. അതുകൊണ്ട് അത് ഒഴിവാക്കുന്ന പ്രശ്നമില്ല. അതേസമയം 14 മീറ്ററിന് പ്രയാസമുള്ള സ്ഥലങ്ങളിൽ നൂതന

സാങ്കേതികവിദ്യകളുപയോഗിച്ച് അതിനെ മറികടക്കാനുള്ള തീരുമാനങ്ങളും എടുത്തുവരുന്നുണ്ട്. എം.എൽ.എ.-മാരുമായി ഇക്കാര്യം വിശദമായി ചർച്ച ചെയ്യു. ടീം അംഗങ്ങളുടെ കുറവുമൂലമാണ് സ്ഥലം ഏറ്റെടുക്കുന്നതിന് കാലതാമസം വരുന്നത്. സംസ്ഥാനത്ത് 4 ടീമുകളെ നിശ്ചയിച്ചെങ്കിലും ഇപ്പോൾ ഒരു ടീം മാത്രമേയുള്ളൂ. അതുകൊണ്ട് 4 ടീമുകളെ വച്ച് സ്ഥലം ഏറ്റെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെതന്നെ കേരളത്തിന്റെ അതിർത്തിവരെയുള്ള തീരദേശ ഹൈവേയുടെ ആദ്യത്തെ വർക്ക് NATPAC-ന്റെ അലൈൻമെന്റിലില്ല. അതുകൊണ്ട് പൂവാറിൽനിന്നും കന്യാകുമാരി ജില്ലയിലെ കൊല്ലങ്കോടുവരെ നീട്ടിയാൽ മാത്രമേ അത് തീരദേശ ഹൈവേയാകുകയുള്ളൂ. അതിന് തീരുമാനമെടുത്തിട്ടുണ്ട്. സ്ഥലലഭ്യതയാണ് കേരളത്തിന്റെ പ്രശ്നം. എല്ലാ എംഎൽ.എ.-മാരും അവരവരുടെ മണ്ഡലങ്ങളിൽ സ്ഥലം ഏറ്റെടുത്ത് നൽകാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതിന് അവിടെവന്ന് എം.എൽ.എ.-മാരുമായി ചർച്ച ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ....(ബഹളം).....

<u>ശ്രീ. വി. ജോയി</u>: സർ, ലോകത്തിലെ ഏറ്റവും വലിയ കലാമത്സരമായ സ്കൂൾ കലോത്സവത്തിൽ കേരള കൗമുദിക്കുവേണ്ടി റിപ്പോർട്ടറായി ഈടുറ്റ റിപ്പോർട്ടിംഗ് നടത്തി, റിപ്പോർട്ടിംഗ് രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച അങ്ങയെ ഈ അവസരത്തിൽ അനുമോദിക്കുകയാണ്. കിഫ്ബിയിൽ നാല് ടീമുകൾ രൂപീകരിച്ച് 150 കി.മീ. ഭാഗം വീതം ഓരോ ടീമുകൾക്കായി വീതിച്ചു നൽകി പ്രവർത്തനങ്ങൾ നടത്തിവരുന്നതായി അങ്ങയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ ഇതിന് ഓരോ ടീമിനെ നിയോഗിച്ചാൽ ആ ടീമിൽ പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറെയും റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെയുംകൂടി ചേർത്താൽ തീരദേശ ഹൈവേയുടെ പ്രവർത്തനങ്ങൾ വേഗത്തിൽ നടത്താൻ സാധിക്കില്ലേ? മറ്റൊരു കാര്യം, ഇപ്പോൾ 10 മീറ്റർ വീതിയിൽ സ്ഥലമുള്ളത് ഏറ്റെടുത്ത് വർക്ക് ആരംഭിച്ചിട്ട് പിന്നീട് 2 മീറ്ററോ 4 മീറ്ററോ ആയി വർദ്ധിപ്പിച്ചാൽ പോരേ; അങ്ങനെ 10 മീറ്റർ സ്ഥലമുള്ളിടത്ത് വർക്ക് ആരംഭിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ആദ്യം അങ്ങ് ഉന്നയിച്ചത് വളരെ ക്രിയാത്മകവും പ്രായോഗികവുമായ നിർദ്ദേശമാണ്. എഞ്ചിനീയർമാർ അടക്കമുള്ള റവന്യൂ ഉദ്യോഗസ്ഥരാണ് ഒരു ജില്ലയിലെ സ്ഥലം ഏറ്റെടുക്കേണ്ടത്. അക്കാര്യം സത്വരമായി പരിഗണിക്കാം. അങ്ങ് പറഞ്ഞതുപോലെ 10 മീറ്റർ വീതിയിൽ സ്ഥലമുള്ളിടത്ത് വർക്ക് തുടങ്ങാൻ നിർദ്ദേശമില്ല. 14 മീറ്റർ വീതിയിൽ സ്ഥലം വേണമെന്നുള്ള തീരുമാനം കിഫ്ബിയുടേതാണ്. അവരുടെ തീരുമാനത്തിൽ എന്തെങ്കിലും മാറ്റം വരുന്നെങ്കിലേയുള്ളൂ. പിന്നീട് 2 മീറ്റർ വീതിയിൽ സ്ഥലമെടുക്കുന്ന കാര്യം കിഫ്ബിയുടെ പരിഗണനയിൽ വന്നിട്ടുണ്ട്. ഇവിടെ നടക്കുന്ന ചർച്ച അതിന്റെ ഭാഗഭാക്കാകുന്നവരും കേൾക്കുന്നുണ്ട്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിർദ്ദിഷ്ട തീരദേശ ഹൈവേയും മലയോര ഹൈവേയും കേരളത്തിന്റെ ടൂറിസം ഭൂപടത്തിൽ ഏറ്റവും സുന്ദരമായ ഒരദ്ധ്യായം കുറിക്കാൻ പോകുകയാണ്. നിലവിൽ ആകാശക്കാഴ്ചകൾ മാത്രം കണ്ടിരുന്ന കേരളത്തിന്റെ തീരദേശവും മലയോര പ്രദേശവും നേരിട്ട് ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ നിരവധി വെല്ലുവിളികളാണ് സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്നത്. മലപ്പുറം ജില്ലയിലെ കനോലി കനാലിന് സമീപത്തുകൂടി കടന്നുപോകുന്ന ടിപ്പുസുൽത്താൻ റോഡിന് ഏകദേശം 100 മീറ്ററോളം വീതി മുമ്പുണ്ടായിരുന്നു. റവന്യൂ അധികൃതരുടെ ഒത്താശയോടെ നിരവധിയിടങ്ങളിൽ സ്ഥലം കയ്യേറിയിരിക്കുകയാണ്. ഈ സർവ്വേയോടുകൂടി കയ്യേറ്റപ്രദേശങ്ങൾ പൂർണ്ണമായും വീണ്ടെടുക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. ജി. സുധാകരൻ: സർ, 12 മീറ്റർ മലയോരത്തും 14 മീറ്റർ തീരദേശത്തും സ്ഥലമില്ലാതിരിക്കെ തീരദേശത്ത് മത്സ്യത്തൊഴിലാളികൾക്ക് കുറച്ച് പൈസ കോമ്പൻസേഷൻ കൊടുക്കുകയും മലയോരത്ത് ഫലവൃക്ഷങ്ങളും മറ്റും നഷ്ടപ്പെടുന്നതിനുള്ള കോമ്പൻസേഷൻ ഇപ്പോൾ ആവശ്യപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ഗവൺമെന്റ് സ്ഥലം ആരെങ്കിലും കയ്യേറിയിട്ടുണ്ടെങ്കിൽ ഒരു ദാക്ഷണ്യവുമില്ലാതെ അത് തിരിച്ചു പിടിക്കും. ....(ബഹളം)...... സർവ്വേ ചെയ്ത് അതൊക്കെ ഏറ്റെടുക്കുന്ന കാര്യത്തിൽ സത്വരനടപടികൾ സ്വീകരിക്കേണ്ടത് സ്വാഭാവിക നീതിക്ക് അനുയോജ്യമാണ്. അതുണ്ടാകുക തന്നെ ചെയ്യും. ....(ബഹളം).....

മി. സ്പീക്കർ: പ്രതിഷേധം തുടങ്ങുമ്പോൾ കഥകളിയിലെ തിരനോട്ടം പോലെ തിരശ്ശീലയുമായി ചേർന്ന് നിന്നുവരികയാണ്. കഥകളിയിൽ തിരശ്ശീല മാറ്റിയാൽ പിന്നെ കളി ആരംഭിക്കും. ഇതൊന്നും ശരിയല്ല. ഈ രീതി തുടർന്നാൽ ഇന്നും സഭ നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യമുണ്ടാകും. ചോദ്യോത്തരവേളയുടെ ശേഷിക്കുന്ന ഭാഗവും ശ്രദ്ധ ക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുകയാണ്. ശേഷിക്കുന്ന ചോദ്യോത്തരങ്ങളുടെയും ശ്രദ്ധ ക്ഷണിക്കലിന്റെയും സബ്മിഷനുകളുടെയും മറുപടികൾ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്*.

## II. റിപ്പോർട്ട് സമർപ്പണം

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. എ. പ്രദീപ്കുമാർ: സർ, പ്രവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

* അനുബന്ധം 2, 3 ആയി ചേർത്തിട്ടുണ്ട്.

## III. ധനകാര്യം

### 2018-2019 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 23,04,26,000 രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,77,00,000 രൂപയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,00,01,000 രൂപയുടെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 600,00,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 99,54,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,02,78,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,00,05,000 രൂപയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,00,02,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,04,30,000 രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 85,00,01,000 രൂപയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,61,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 17,06,57,000 രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 155,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,57,33,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 73,69,14,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 531,11,33,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

(ഉപധനാഭ്യർത്ഥനകൾ ചർച്ച ചെയ്യപ്പെട്ടില്ല.)

മി. സ്പീക്കർ: നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 23,04,26,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,77,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു. തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 600,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 99,54,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,02,78,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,00,05,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,00,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,04,30,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 85,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,61,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 17,06,57,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 155,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,57,33,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 73,69,14,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 531,11,33,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ

മി. സ്പീക്കർ: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1528,27,98,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 209,87,22,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ............ഓർഡർ......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ഡിസംബർ മാസം 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.32-ന് പിരിഞ്ഞു.)

## അനുബന്ധം-I

(ക്ലബ്ബ് ചെയ്ത *241, *244, *259, *261 എന്നീ നമ്പർ ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി)

### തീരദേശപാതയുടെയും മലയോര ഹൈവേയുടെയും നിർമ്മാണം

1(*241) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ദാസൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയ്ക്ക് സമാന്തരമായി കിഫ്ബി ഫണ്ടുപയോഗിച്ച് തീരദേശപാതയും മലയോര ഹൈവേയും നിർമ്മിക്കാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) നന്ദാരപ്പടവ് മുതൽ പാറശ്ശാല വരെയുള്ള 1200 കിലോമീറ്റർ മലയോര ഹൈവേയുടെ അലൈൻമെന്റിന് അംഗീകാരമായോ; എത്ര കിലോമീറ്റർ റോഡിനാണ് കിഫ്ബി അംഗീകാരം ലഭിച്ചത്; റോഡ് വികസനത്തിനുള്ള ഭൂമി ലഭ്യമായിട്ടുണ്ടോ;

(സി) അറുന്നൂറ്റി അമ്പത്തിയാറ് കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശപാതയ്ക്ക് സ്ഥലലഭ്യതയുടെ പ്രശ്നം പരിഹരിക്കാൻ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ; തീരദേശപാതാ വികസനവുമായി ബന്ധപ്പെട്ട് നാറ്റ്പാക് തയ്യാറാക്കിയ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ അറിയിക്കാമോ;

(ഡി) കിഫ്ബി പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ; ഇതിനായി വകുപ്പിന് കീഴിലുള്ള എസ്.പി.വി.കളെ ശക്തിപ്പെടുത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഇ) ദേശീയപാത നാലുവരിയാക്കുന്നതിനുള്ള പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,
(എ) തീരദേശ ഹൈവേ

നാറ്റ്പാക്ക് തയ്യാറാക്കി സമർപ്പിച്ച തീരദേശ ഹൈവേയുടെ അലൈൻമെന്റിന് 21-5-2017-ലെ സ.ഉ. (സാധാ.) നമ്പർ 679/2017/പൊ.മ.വ.

പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. 656 കി.മീ. നീളമുള്ള നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ നിർമ്മാണച്ചെലവ് 6040 കോടി രൂപയാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 10-7-2017-ലെ സ.ഉ. (സാധാ.) നമ്പർ 942/2017/പൊ.മ.വ. പ്രകാരം തീരദേശ ഹൈവേയ്ക്ക് 6500 കോടി രൂപ അനുവദിച്ച് തത്വത്തിൽ അംഗീകാരം നൽകുകയും കിഫ്ബി വഴി നടപ്പിലാക്കുന്നതിനായി KRFB-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15 കി.മീറ്റർ റോഡിന് 52.78 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്ന് ലഭ്യമായിട്ടുണ്ട്. മറ്റ് റീച്ചുകളുടെ വിശദമായ പദ്ധതി രൂപരേഖ സൈക്കിൾ ട്രാക്ക് ഉൾപ്പെടെ 14 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിനായി തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മലയോര ഹൈവേ

മലയോരഹൈവേയുടെ നിർമ്മാണം 43 റീച്ചുകളായാണ് ഏറ്റെടുക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 24 പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. 460 കി.മീറ്റർ നീളം വരുന്ന 17 പദ്ധതികൾക്ക് 1,506 കോടി രൂപയുടെ അംഗീകാരം കിഫ്ബിയിൽനിന്ന് ലഭിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം (1), കൊല്ലം (1), കാസർഗോഡ് (2) എന്നിങ്ങനെ 4 പ്രവൃത്തികൾ ഇതിനകം കരാർ ഉറപ്പിച്ച് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മറ്റൊരു പ്രവൃത്തിയുടെ ടെണ്ടർ 23-11-2018-ന് ക്ഷണിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമായ മറ്റു പ്രവൃത്തികൾക്ക് 12 മീറ്റർ വീതിയിൽ സൗജന്യമായി സ്ഥലലഭ്യത ഉറപ്പുവരുത്തി സാങ്കേതികാനുമതി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മലയോര ഹൈവേയുടെ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്തെ സ്ഥലം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടന്ന മീറ്റിംഗിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ വനഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പും വനം വകുപ്പും ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തി വനഭൂമി ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) NATPAC തയ്യാറാക്കി സമർപ്പിച്ച മലയോര ഹൈവേയുടെ അലൈൻമെന്റിന് 6-7-2009-ലെ സ.ഉ. (എംഎസ്.) നമ്പർ 44/2009/പൊ.മ.വ. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. 460 കി.മീ. നീളം വരുന്ന 17 പദ്ധതികൾക്ക് 1,506 കോടി രൂപയുടെ അംഗീകാരം ഇതിനകം കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. കരാർ ഉറപ്പിച്ച് 4 പ്രവൃത്തികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. മറ്റൊരു പ്രവൃത്തി ഇപ്പോൾ ടെണ്ടർ ചെയ്തിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ പുരോഗമിക്കുന്നു.

മലയോര ഹൈവേയുടെ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്ത് സ്ഥലം ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പും വനം വകുപ്പും ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തി വനഭൂമി ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) 2 മീറ്റർ വീതിയിൽ സൈക്കിൾ ട്രാക്ക് ഉൾപ്പെടെ 14 മീറ്റർ വീതിയിൽ തീരദേശപാത നിർമ്മിക്കുന്നതിനും വീതി കുറഞ്ഞ ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. അതുപോലെ പദ്ധതിക്കായുള്ള ഒഴിപ്പിക്കൽ നടപടികളിൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കുന്നതിനായി കിഫ്ബിയിൽ നാല് ടീമുകൾ രൂപീകരിച്ച് ഓരോ 150 കി.മീ. ഭാഗവും ഇതിൽ ഓരോ ടീമുകൾക്കായി വീതിച്ചുനൽകി തീരദേശപാത കടന്നുപോകുന്ന മണ്ഡലങ്ങളിലെ ഉപഭോക്താക്കളുമായി ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ മീറ്റിംഗുകൾ നടത്താനും അലൈൻമെന്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും കിഫ്ബിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നാറ്റ്പാക്ക് തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം തീരദേശപാതയുടെ നീളം 656 കി.മീറ്ററാണ്. ഇതിൽ വിവിധ ഭാഗങ്ങളിലായി ഏകദേശം 28 കി.മീ. നീളത്തിൽ പുതിയ റോഡുകളോ പാലങ്ങളോ അല്ലെങ്കിൽ ഫ്ലൈ ഓവറുകളോ പുതുതായി നിർമ്മിച്ചെങ്കിൽ മാത്രമെ കണക്ടിവിറ്റി ലഭിക്കുകയുള്ളൂ.

(ഡി) ഡി.പി.ആർ. സമർപ്പിക്കുവാൻ അനുമതി ലഭ്യമായ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് കരാറുറപ്പിക്കൽ, പ്രവൃത്തികളുടെ പുരോഗതി ഉറപ്പുവരുത്തൽ എന്നിവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി വിവിധ എസ്.പി.വി.കളെ ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.പി.വി. ആയി തീരുമാനിച്ചിട്ടുള്ള കെ.ആർ.എഫ്.ബി.യെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി കിഫ്ബി പ്രവൃത്തികൾക്ക് മാത്രമായി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്.

(ഇ) ദേശീയപാതകൾ നാലുവരിയാക്കുന്നതിന്റെ ജില്ലാതല റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

കാസർഗോഡ് ജില്ല

- നീലേശ്വരം റെയിൽവേ ഓവർബ്രിഡ്ജിന്റെ (ROB) പ്രവൃത്തികൾ 13-5-2018-ൽ ആരംഭിച്ചിട്ടുണ്ട്.

- 76 കി.മീ. നീളം വരുന്ന രണ്ട് പ്രവൃത്തികൾ ടെണ്ടർ നടപടി ക്രമത്തിലാണ്. പൊന്നും വിലയ്ക്ക് ഏറ്റെടുക്കാനുള്ള 4 ഹെക്ടർ ഭൂമിയിൽ നിന്ന് 3.27 ഹെക്ടർ ഭൂമി നോട്ടിഫിക്കേഷനുവേണ്ടി ഭൂമി ഏറ്റെടുക്കൽ പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്തിട്ടുണ്ട്. നാളിതുവരെ 95 ശതമാനം ഭൂമി ഏറ്റെടുക്കൽ ജോലികൾ എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരം പൂർത്തീകരിച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ളവ 31-12-2018-ന് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- എൽ. എ. ആക്ട് വകുപ്പ് 3G പ്രകാരമുള്ള നടപടികൾ പൊന്നുംവില തഹസിൽദാർ ഓഫീസിൽ പൂർത്തീകരിക്കേണ്ടതുണ്ട്.

- മേൽ വിവരിച്ച നടപടികൾ പുരോഗമിച്ചുവരുന്നു.

- തടസ്സങ്ങൾ - എൽ.എ. ആക്ട് 1956 വകുപ്പ് 3G പ്രകാരമുള്ള നടപടികൾ മന്ദഗതിയിലാണ്.

കണ്ണൂർ ജില്ല

- തലശ്ശേരി-മാഹി ബൈപ്പാസ് റോഡിന്റെ പ്രവൃത്തികൾ 4-12-2017-ൽ ആരംഭിച്ചിട്ടുള്ളതാണ്.

- കണ്ണൂർ ജില്ലയെ സംബന്ധിച്ചിടത്തോളം ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്ന നടപടികളിൽ എൽ.എ. ആക്ട് 1956 വകുപ്പ് 3D പ്രകാരം 100 ശതമാനം നടപടികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി എൽ.എ. ആക്ട് 1956 വകുപ്പ് 3G-യുടെ 60 ശതമാനം നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട് (നാളിതുവരെ 25.29 ശതമാനം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്).

- എൽ. എ. ആക്ട് വകുപ്പ് 3G പ്രകാരമുള്ള നടപടികൾ പൊന്നും വില തഹസിൽദാർ ഓഫീസിൽ പൂർത്തീകരിക്കേണ്ടതുണ്ട്.

- പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

കോഴിക്കോട് ജില്ല

- എൽ.ഒ.എ. (LOA) നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ 8.36 ഹെക്ടറിന് ഒഴികെ പൂർത്തീകരിച്ചിട്ടുണ്ട്.

- എൽ.എ. ആക്ട് വകുപ്പ് 3D നടപടികൾ 69 ഹെക്ടറിന് ബാക്കിയുണ്ട് (ഇതിൽ 44.34 ഹെക്ടറിന്റെ ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും ആയതിന് കേന്ദ്ര മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കേണ്ടതായിട്ടുമുണ്ട്).

- എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരമുള്ള 100 ശതമാനം നടപടികളും 15-3-2019-ന് മുമ്പ് തീരുമെന്ന് പ്രതീക്ഷിക്കുന്നു.

- പൊന്നുംവില നടപടികൾ CALA (പൊന്നുംവില തഹസിൽദാർ) ദ്രുതഗതിയിൽ നടത്തേണ്ടതുണ്ട്.

- പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

- തടസ്സങ്ങൾ - പൊന്നുംവില നടപടികൾ മന്ദഗതിയിലാണ്.

<u>മലപ്പുറം ജില്ല</u>

- പൊന്നുംവില നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ നടത്തിയെങ്കിലും ആയതിൽ ചില തെറ്റുകൾ സംഭവിച്ചതിനാൽ അധികമായി 63 ഹെക്ടർ ഭൂമിക്കുള്ള നടപടികളിൽ ഇനിയും ബാക്കിയുള്ളത് കേന്ദ്ര സർക്കാരിന്റെ എൽ.എ. പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതായിട്ടുണ്ട്.

- കൂടാതെ പൊന്നുംവില നോട്ടിഫിക്കേഷന് ചില വില്ലേജുകൾ തെറ്റായി ഒഴിവായി പോയതിനാൽ എൽ.എ. ആക്ട് 3A ശിപാർശകൾ കേന്ദ്ര മന്ത്രാലയത്തിന് 4-11-2018-ൽ സമർപ്പിച്ചിട്ടുള്ളതും മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കേണ്ടതായിട്ടുമുണ്ട്.

- അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ എൽ.എ. ആക്ട് 3D വകുപ്പ് പ്രകാരം 62 ഹെക്ടർ ഭൂമിയുടെ നടപടികൾ ബാക്കിയുണ്ട്.

- എൽ.എ. ആക്ട് 3D പ്രകാരമുള്ള 100 ശതമാനം നടപടിക്രമങ്ങളും 31-3-2019-ന് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

<u>തൃശ്ശൂർ ജില്ല</u>

- എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

- അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതും എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരമുള്ള നടപടികൾ വെള്ളക്കെട്ട് ഇല്ലാത്ത സ്ഥലങ്ങളിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

- പൊന്നുംവില നടപടികൾ സെക്ഷൻ 3D പ്രകാരമുള്ളത് CALA ദ്രുതഗതിയിൽ സ്വീകരിക്കേണ്ടതുണ്ട്.

- പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചില ബൈപ്പാസ് ലൊക്കേഷനുകളിൽ വെള്ളക്കെട്ടുള്ള സ്ഥലത്ത് സർവ്വേ നടപടികൾ പൂർത്തീകരിക്കാനായിട്ടില്ല.

<u>എറണാകുളം ജില്ല</u>

- എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ ഭൂമി രാശി പോർട്ടലിൽ അപ്‌ലോഡ് ചെയ്തെങ്കിലും വെള്ളപ്പൊക്കത്തെ സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരസ്യം തടഞ്ഞുവച്ചിരുന്നതുമാണ്. എന്നാൽ ഇത് സംബന്ധിച്ച് ഹെഡ്ക്വാർട്ടേഴ്സിലേയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതും എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ ഭൂമി രാശി പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളതും കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ പ്രതീക്ഷിച്ചിരിക്കുകയുമാണ്.

- അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള കരാറുകാരനും സർവ്വേ ടീമും പൊന്നുംവില നടപടികൾ ആരംഭിക്കാൻ തയ്യാറായിരിക്കുകയാണ്.

- കേന്ദ്ര മന്ത്രാലയത്തിന്റെ എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രതീക്ഷിച്ചിരുന്നു.

<u>ആലപ്പുഴ ജില്ല</u>

- എൽ.എ.ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.

- നാഷണൽ ഹൈവേ അതോറിറ്റിയും ഡി.പി.ആർ. കൺസൾട്ടന്റും ചില സാങ്കേതികമായ തകരാറുകൾമൂലം വീണ്ടും സർവ്വേ നടപടികൾ (ഇനിയും തെറ്റുകൾ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒഴിവാക്കുവാൻ) നടത്തിവരുന്നു.

- ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് മേൽപ്പറഞ്ഞ കാരണങ്ങളാൽ കാലതാമസം നേരിട്ടിട്ടുള്ളതാണ്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. 15-12-2018-ൽ ആയത് പൂർത്തീകരിക്കുന്നതാണ്.

കൊല്ലം ജില്ല

- എൽ.എ. വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.

- ചില സാങ്കേതിക തകരാറുകൾമൂലം അതിർത്തിക്കല്ലുകൾ സ്ഥാപിച്ചത് മാറ്റേണ്ടതായിട്ടുള്ളതും ഇത് സംബന്ധിച്ച് ഉന്നതതല യോഗം വിളിച്ചുചേർത്ത് അതിർത്തിക്കല്ലുകൾ പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് ക്രമസമാധാനനില വഷളാകുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുമുണ്ട്. 15-12-2018-ന് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നത് പൂർത്തീകരിക്കുന്നതാണ്.

തിരുവനന്തപുരം ജില്ല

- കഴക്കൂട്ടം മേൽപ്പാലത്തിന്റെ പൊന്നുംവില അവാർഡ് നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും 9-10-2018-ൽ ഒരു കരാർ ഒപ്പിട്ടിട്ടുള്ളതുമാണ്. എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരമുള്ള മേൽനടപടികൾ പൊന്നുംവില തഹസിൽദാർ അടിയന്തരമായി സ്വീകരിക്കേണ്ടതായിട്ടുണ്ട്.

- എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ 100 ശതമാനവും പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.

- നാഷണൽ ഹൈവേ അതോറിറ്റിയും ഡി.പി.ആർ. കൺസൾട്ടന്റും ചില സാങ്കേതികമായ തകരാറുകൾമൂലം വീണ്ടും സർവ്വേ നടപടികൾ (ഇനിയും തെറ്റുകൾ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒഴിവാക്കുവാൻ) നടത്തി വരുന്നു.

- ഭൂമി ഏറ്റെടുക്കൽ നടപടികൾ മേൽപറഞ്ഞ കാരണങ്ങളാൽ താമസം നേരിട്ടിട്ടുള്ളതാണ്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

- തിരുവനന്തപുരം ബൈപ്പാസ് ജോലികൾ കഴക്കൂട്ടം മുതൽ കാരോട് വരെയുള്ളത് പുരോഗമിച്ചുവരുന്നു.

2(*244) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള നാലുവരി ദേശീയപാത നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) സ്ഥലമെടുപ്പും ടെണ്ടർ നടപടികളും പൂർത്തിയാക്കിയ മേഖലകളിൽ റോഡ് നിർമ്മാണത്തിന് ആവശ്യമായ തുക കേന്ദ്രം അനുവദിച്ച നൽകിയിട്ടുണ്ടോ;

(സി) ഈ പാതയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) ദേശീയപാതകൾ നാലുവരിയാക്കുന്നതിന്റെ ജില്ലാതലത്തിലെ പുരോഗതി ചുവടെ ചേർക്കുന്നു.

കാസർഗോഡ് ജില്ല

- നീലേശ്വരം റെയിൽവേ ഓവർബ്രിഡ്ജിന്റെ (ROB) പ്രവൃത്തികൾ 13-5-2018-ൽ ആരംഭിച്ചിട്ടുണ്ട്.

- 76 കി.മീ. നീളം വരുന്ന രണ്ട് പ്രവൃത്തികൾ ടെണ്ടർ നടപടി ക്രമത്തിലാണ്. പൊന്നുംവിലയ്ക്ക് എടുക്കാനുള്ള 4 ഹെക്ടർ ഭൂമിയിൽ നിന്ന് 3.27 ഹെക്ടർ നോട്ടിഫിക്കേഷനുവേണ്ടി ഭൂമി ഏറ്റെടുക്കൽ പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്തിട്ടുണ്ട്. നാളിതുവരെ 95 ശതമാനം ഭൂമി ഏറ്റെടുക്കൽ ജോലികൾ എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരം പൂർത്തീകരിച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ളവ 31-12-2018-ന് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- എൽ.എ. ആക്ട് വകുപ്പ് 3G പ്രകാരമുള്ള നടപടികൾ പൊന്നുംവില തഹസിൽദാർ ഓഫീസിൽ പൂർത്തീകരിക്കേണ്ടതുണ്ട്.

കണ്ണൂർ ജില്ല

- തലശ്ശേരി-മാഹി ബൈപ്പാസ് റോഡിന്റെ പ്രവൃത്തികൾ 4-12-2017-ൽ ആരംഭിച്ചിട്ടുള്ളതാണ്.

- കണ്ണൂർ ജില്ലയെ സംബന്ധിച്ചിടത്തോളം ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്ന നടപടികളിൽ എൽ.എ. ആക്ട് 1956 വകുപ്പ് 3D പ്രകാരം 100 ശതമാനം നടപടികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി എൽ.എ. ആക്ട് 1956 വകുപ്പ് 3G-യുടെ 60 ശതമാനം നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട് (നാളിതുവരെ 25.29 ശതമാനം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്).

- എൽ.എ. ആക്ട് വകുപ്പ് 3G പ്രകാരമുള്ള നടപടികൾ പൊന്നുംവില തഹസിൽദാർ ഓഫീസിൽ പൂർത്തീകരിക്കേണ്ടതുണ്ട്.

കോഴിക്കോട് ജില്ല

- എൽ.ഒ.എ. (LOA) നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ 8.36 ഹെക്ടറിന് ഒഴികെ പൂർത്തീകരിച്ചിട്ടുണ്ട്.

- എൽ.എ. ആക്ട് വകുപ്പ് 3D നടപടികൾ 69 ഹെക്ടറിന് ബാക്കിയുണ്ട്. (ഇതിൽ 44.34 ഹെക്ടറിന്റെ ശിപാർശ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതും ആയതിന് കേന്ദ്ര മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കേണ്ടതായിട്ടുമുണ്ട്.)

- എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരമുള്ള 100 ശതമാനം നടപടികളും 15-3-2019-ന് മുമ്പ് തീരുമെന്ന് പ്രതീക്ഷിക്കുന്നു.

മലപ്പുറം ജില്ല

- പൊന്നുംവില നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ നടത്തിയെങ്കിലും ആയതിൽ ചില തെറ്റുകൾ സംഭവിച്ചതിനാൽ അധികമായി 63 ഹെക്ടർ ഭൂമിക്കുള്ള നടപടികൾ ഇനിയും ബാക്കിയുള്ളതും ആയത് കേന്ദ്ര സർക്കാരിന്റെ എൽ.എ. പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതായിട്ടുമുണ്ട്.

- കൂടാതെ പൊന്നുംവില നോട്ടിഫിക്കേഷന് ചില വില്ലേജുകൾ തെറ്റായി ഒഴിവായി പോയതിനാൽ പുതുക്കിയ എൽ.എ. ആക്ട് 3A ശിപാർശകൾ കേന്ദ്ര മന്ത്രാലയത്തിന് 4-11-2018-ൽ സമർപ്പിച്ചിട്ടുള്ളതും മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കേണ്ടതായിട്ടുമുണ്ട്.

- അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ എൽ.എ. ആക്ട് 3D വകുപ്പ് പ്രകാരം 62 ഹെക്ടർ ഭൂമിയുടെ നടപടികൾ ബാക്കിയുണ്ട്.

- എൽ.എ. ആക്ട് 3D വകുപ്പുപ്രകാരമുള്ള 100 ശതമാനം നടപടിക്രമങ്ങളും 31-3-2019-ന് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തൃശ്ശൂർ ജില്ല

- എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

- അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതും എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരമുള്ള നടപടികൾ വെള്ളക്കെട്ട് ഇല്ലാത്ത സ്ഥലങ്ങളിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

• പൊന്നുംവില നടപടികൾ സെക്ഷൻ 3D പ്രകാരമുള്ളത് CALA സ്വീകരിക്കേണ്ടതുണ്ട്.

• പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചില ബൈപ്പാസ് ലൊക്കേഷനുകളിൽ വെള്ളക്കെട്ടുള്ള സ്ഥലത്ത് സർവ്വേ നടപടികൾ പൂർത്തീകരിക്കാനായിട്ടില്ല.

<u>എറണാകുളം ജില്ല</u>

• എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ ഭൂമി രാശി പോർട്ടലിൽ അപ്‍ലോഡ് ചെയ്തെങ്കിലും വെള്ളപ്പൊക്കത്തെ സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരസ്യം തടഞ്ഞ് വച്ചിരുന്നതുമാണ്. എന്നാൽ ഇത് സംബന്ധിച്ച് ഹെഡ്ക്വാർട്ടേഴ്സിലേയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ നോട്ടിഫിക്കേഷൻ ലഭിക്കേണ്ടതുണ്ട്.

<u>ആലപ്പുഴ ജില്ല</u>

• എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.

• നാഷണൽ ഹൈവേ അതോറിറ്റിയും ഡി.പി.ആർ. കൺസൾട്ടന്റും ചില സാങ്കേതികമായ തകരാറുകൾമൂലം വീണ്ടും സർവ്വേ നടപടികൾ നടത്തിവരുന്നു.

• ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് മേൽപ്പറഞ്ഞ കാരണങ്ങളാൽ കാലതാമസം നേരിട്ടിട്ടുള്ളതാണ്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. 15-12-2018-ൽ ആയത് പൂർത്തീകരിക്കുന്നതാണ്.

<u>കൊല്ലം ജില്ല</u>

• എൽ.എ. വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.

• ചില സാങ്കേതികമായ തകരാറുകൾമൂലം അതിർത്തിക്കല്ലുകൾ സ്ഥാപിച്ചത് മാറ്റേണ്ടതായിട്ടുണ്ട്. ഇത് സംബന്ധിച്ച് ഉന്നതതല യോഗം വിളിച്ചുചേർത്ത് അതിർത്തിക്കല്ലുകൾ പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച തർക്കം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. 15-12-2018-ന് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നത് പൂർത്തീകരിക്കുന്നതാണ്.

<u>തിരുവനന്തപുരം ജില്ല</u>

• കഴക്കൂട്ടം മേൽപ്പാലത്തിന്റെ പൊന്നുംവില അവാർഡ് നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും, 9-10-2018-ൽ ഒരു കരാർ ഒപ്പിട്ടിട്ടുള്ളതുമാണ്. എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരമുള്ള മേൽനടപടികൾ പൊന്നുംവില തഹസിൽദാർ അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്.

• എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ 100 ശതമാനവും പരസ്യപ്പെടുത്തിയിട്ടുണ്ട്.

• നാഷണൽ ഹൈവേ അതോറിറ്റിയും ഡി.പി.ആർ. കൺസൾട്ടന്റും ചില സാങ്കേതികമായ തകരാറുകൾമൂലം വീണ്ടും സർവ്വേ നടപടികൾ നടത്തിവരുന്നു.

• ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് മേൽപ്പറഞ്ഞ കാരണങ്ങളാൽ താമസം നേരിട്ടിട്ടുള്ളതാണ്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

• തിരുവനന്തപുരം ബൈപ്പാസ് ജോലികൾ കഴക്കൂട്ടം മുതൽ കാരോട് വരെയുള്ളത് പുരോഗമിച്ചുവരുന്നു.

(ബി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കരാർ ഏജൻസിയെ നിയമിച്ചതിനുശേഷം 29-30 മാസങ്ങൾക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

3(*259) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. വി. ജോയി:
ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പൂവാർ മുതൽ കാസർഗോഡ് തലപ്പാടി വരെയുള്ള നിർദ്ദിഷ്ട തീരദേശ ഹൈവേ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി പുതുതായി എന്തെല്ലാം നിർദ്ദേശങ്ങളും നടപടികളുമാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തീരദേശ പാതയ്ക്കായുള്ള സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ സ്ഥലമേറ്റെടുപ്പ് ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) പദ്ധതിക്കായുള്ള ഒഴിപ്പിക്കൽ നടപടികളിൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) 2 മീറ്റർ വീതിയിൽ സൈക്കിൾ ട്രാക്ക് കൂടി ഉൾപ്പെടുത്തി 14 മീറ്റർ വീതിയിൽ തീരദേശ പാത നിർമ്മിക്കുന്നതിനും വീതി കുറഞ്ഞ ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. നിർദ്ദിഷ്ട അലൈൻമെന്റിൽ ഏതെങ്കിലും തരത്തിൽ മാറ്റം വരുത്തണമെന്നുണ്ടെങ്കിൽ എം.എൽ.എ.മാരുമായുള്ള ചർച്ചകൾക്കുശേഷം മാത്രമേ ആകാവൂ എന്നും മാസ്റ്റർപ്ലാൻ തയ്യാറാക്കുമ്പോൾ നിർദ്ദിഷ്ട തീരദേശ ഹൈവേ തിരുവനന്തപുരം ജില്ലയിലെ പൂവാറിൽനിന്നും കന്യാകുമാരി ജില്ലയിലെ കൊല്ലങ്കോട് വരെ നീട്ടണമെന്നും കിഫ്ബിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തീരദേശ ഹൈവേ കടന്നുപോകുന്ന വിവിധ മണ്ഡലങ്ങളിലെ ഉപഭോക്താക്കളുമായി യോഗങ്ങൾ ചേരുന്നതിനായി കിഫ്ബിയിൽ നാല് ടീമുകൾ രൂപീകരിച്ച് ഓരോ 150 കി.മീ. ഭാഗവും ഇതിൽ ഓരോ ടീമുകൾക്കായി വീതിച്ചു നൽകി മീറ്റിംഗുകൾ പൂർത്തീകരിച്ച് ഉടൻതന്നെ മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15 കിലോ മീറ്റർ നീളം വരുന്ന റോഡിന് 52.78 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. മറ്റുള്ള റോഡുകളുടെ വിശദമായ പദ്ധതി രൂപരേഖ സൈക്കിൾ ട്രാക്ക് ഉൾപ്പെടെ 14 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിനായി ഉടൻതന്നെ സമർപ്പിക്കുന്നതാണ്.

(ബി-ഡി) വീതി കുറഞ്ഞ ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. പദ്ധതിക്കായുള്ള ഒഴിപ്പിക്കൽ നടപടികളിൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കുന്നതിനായി കിഫ്ബിയിൽ നാല് ടീമുകൾ രൂപീകരിച്ച് ഓരോ 150 കി.മീ. ഭാഗവും ഇതിൽ ഓരോ ടീമുകൾക്കായി വീതിച്ചു നൽകി തീരദേശ പാത കടന്നുപോകുന്ന മണ്ഡലങ്ങളിലെ ഉപഭോക്താക്കളുമായി ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ മീറ്റിംഗുകൾ നടത്താനും അലൈൻമെന്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തി മാസ്റ്റർപ്ലാൻ തയ്യാറാക്കാനും കിഫ്ബിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

4(*261) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് മുതൽക്കൂട്ടാകുന്ന കാസർഗോഡ് മുതൽ പാറശ്ശാല വരെ നീളുന്ന മലയോര ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെല്ലാം പദ്ധതികളാണ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മലയോര ഹൈവേയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ഹൈവേ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാനാണ ദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ&ബി) മലയോര ഹൈവേയുടെ നിർമ്മാണം 43 റീച്ചുകളായാണ് ഏറ്റെടുക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതുവരെ 24 പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ 460 കി.മീ. നീളം വരുന്ന 17 പദ്ധതികൾക്ക് 1506 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം (1), കൊല്ലം (1), കാസർഗോഡ് (2) ജില്ലകളിലായി 4 പ്രവൃത്തികൾ ഇതിനകം കരാർ ഉറപ്പിച്ച് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മറ്റൊരു പ്രവൃത്തിയുടെ ടെണ്ടർ 23-11-2018-ന് ക്ഷണിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമായ മറ്റ് പ്രവൃത്തികൾക്ക് 12 മീറ്റർ വീതിയിൽ സ്ഥലലഭ്യത ഉറപ്പുവരുത്തി സാങ്കേതികാനുമതി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കിഫ്ബിയിൽ സമർപ്പിച്ച പദ്ധതികളും അംഗീകാരം ലഭിച്ച വിവരങ്ങളും ഉൾപ്പെടുത്തിയ ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) മലയോര ഹൈവേയ്ക്കുവേണ്ടി ഭൂമി സൗജന്യമായി ലഭ്യമാക്കുന്നതിനായി എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ മറ്റ് ജനപ്രതിനിധികളെയും പൊതുജനങ്ങളെയും ഉൾക്കൊള്ളിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഭൂഉടമകൾക്ക് ലാൻഡ് റിലിൻക്വിഷ്മെന്റ് ഫോമുകൾ നൽകി സമ്മതപത്രം വാങ്ങുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മലയോര ഹൈവേയുടെ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്തെ സ്ഥലം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടന്ന മീറ്റിംഗിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ വനഭൂമി ലഭ്യമാക്കാനുള്ള സ്ഥലത്ത് പൊതുമരാമത്ത് വകുപ്പും വനം വകുപ്പും ചേർന്ന് സംയുക്ത പരിശോധന നടത്തുകയും വനഭൂമി ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന നടപടികളും നടന്നുവരുന്നു.

(ഡി) 2021 മാർച്ച് മാസത്തോടുകൂടി മലയോര ഹൈവേയുടെ നിർമ്മാണം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അനുബന്ധം - II

(മേശപ്പുറത്ത് വച്ച രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മത്സ്യത്തൊഴിലാളികളുടെ ഉന്നമനം

5 (*242) <u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീമതി യു. പ്രതിഭ</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; തിരുവനന്തപുരം മുട്ടത്തറയിൽ ചെയ്തതുപോലെ ഫ്ലാറ്റ് നിർമ്മിച്ച് എല്ലാ ആധുനിക സൗകര്യങ്ങളോടെയും ഉള്ള അധിവാസ പരിപാടി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരെയും നാമമാത്ര സൗകര്യമുള്ള വീടുകളിൽ താമസിക്കുന്നവരെയും പുനരധിവസിപ്പിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കുന്ന വിവിധ ക്ഷേമ പദ്ധതികളും വികസന പദ്ധതികളും എന്തൊക്കെയെന്ന് അറിയിക്കാമോ;

(ഡി) തീരദേശവാസികളുടെ ഉന്നമനത്തിനായി വനിതാ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ നൽകിവരുന്ന സഹായം എന്തെല്ലാമാണ്; വിശദമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>):

(എ) ഭൂരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി 2016-17 സാമ്പത്തിക വർഷം ആരംഭിച്ചു. ഇതിനുപുറമേ, കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെയും തീരത്തുനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരെയും പുനഃരധിവസിപ്പിക്കുന്ന തിന് സ്ഥലവും വീടും നൽകുന്നതിന് 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്ന

പദ്ധതിയും നിലവിലുണ്ട്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ ആധുനിക സൗകര്യങ്ങളോടുകൂടി 192 ഫ്ലാറ്റുകൾ നിർമ്മിക്കുകയും 187 പേർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി തിരുവനന്തപുരം കാരോട് വില്ലേജിൽ 1.05 ഹെക്ടർ സ്ഥലം വകുപ്പ് വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. മറ്റ് ജില്ലകളിലും ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതാണ്.

(ബി) സ്വന്തമായി ഭൂമിയുള്ള അർഹതപ്പെട്ട എല്ലാവർക്കും ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിനാണ് ലൈഫ് മിഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. ലൈഫ് മിഷൻ സർവ്വേ പ്രകാരം 1220 മത്സ്യത്തൊഴിലാളികൾ ഭവന നിർമ്മാണത്തിനുള്ള അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 528 പേർ ഭവന നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു.

തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ വസിക്കുന്ന 24,451 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന പദ്ധതികളാണ് ഫിഷറീസ് വകുപ്പ് ഇപ്പോൾ നടപ്പിലാക്കുന്നത്.

(സി) മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണ പദ്ധതി, ശൗചാലയ നിർമ്മാണ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളി സമ്പാദ്യസമാശ്വാസ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി, മത്സ്യത്തൊഴിലാളി കോളനി ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതി, ജി.ആർ.എഫ്.റ്റി.എച്ച്.എസ്. മെസ്സ് അലവൻസ്, ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി, സൗജന്യ റേഷൻ, മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസന പദ്ധതി, മത്സ്യത്തൊഴിലാളി കടാശ്വാസം, മത്സ്യത്തൊഴിലാളികൾക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സഹായം - മെഡിക്കൽ, ബാങ്ക്, സിവിൽ സർവ്വീസ് കോച്ചിംഗ്, പ്രകൃതിക്ഷോഭത്തിൽ വള്ളവും വലയും നഷ്ടപ്പെട്ടതിനുള്ള നഷ്ടപരിഹാരം എന്നീ പദ്ധതികൾ ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ കീഴിലെ ഏജൻസികളായ മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തീരദേശ വികസന കോർപ്പറേഷൻ എന്നിവ വഴി മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ഡി) തീരദേശ വാസികളുടെ ഉന്നമനത്തിനായി വനിതാ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ ഏജൻസികളായ മത്സ്യഫെഡ്, സാഫ്, തീരദേശ വികസന കോർപ്പറേഷൻ എന്നിവ മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ നളപാകം എന്ന പേരിലുള്ള കോമൺ പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും 'ഡ്രീഷ് കേരള' എന്ന പേരിൽ ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് ഉണക്കമത്സ്യവും 'ഫിഷ് മെയ്ഡ്' എന്ന പേരിൽ മൂല്യവർദ്ധിത മത്സ്യ വിഭവങ്ങളും ഉൽപ്പാദിപ്പിച്ചുവരുന്നു. മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് സംഭരിക്കുന്ന മത്സ്യം ഒട്ടും മൂല്യശോഷണം സംഭവിക്കാതെ പ്ലാന്റിൽ എത്തിച്ച് പ്രത്യേകം പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളി വനിതകൾ വഴി പ്രീപ്രോസസിംഗ് നടത്തിയശേഷമാണ് സോളാർ ഡ്രൈയറിലേയ്ക്ക് ലോഡ് ചെയ്യുന്നത്.

മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽപ്പെടുന്ന മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് മത്സ്യഫെഡ് മുഖേന പലിശരഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തുവരുന്നു. ആദ്യവായ്പ 5,000 രൂപ ഒരു വർഷക്കാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് യഥാക്രമം 10,000 രൂപ 15,000 രൂപ, 20,000 രൂപ എന്നിങ്ങനെ വിതരണംചെയ്യുന്നു. പലിശരഹിതവായ്പ വിതരണത്തിനാവശ്യമായ വായ്പാ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാകുന്നു. വായ്പയുടെ പലിശ തുക, പദ്ധതി നടത്തിപ്പിനാവശ്യമായ തുക എന്നിവ സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ച് പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ 3359 ഗുണഭോക്താക്കൾക്ക് 619.10 ലക്ഷം രൂപ പലിശരഹിത വായ്പയായി വിതരണം ചെയ്തു.

മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനും വേണ്ടി ഫിഷറീസ് വകുപ്പിന് കീഴിൽ രൂപീകരിച്ച ഏജൻസിയാണ് സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർ വിമൻ (സാഫ്). സാഫിന്റെ പദ്ധതികൾക്കായി 2018-19 വർഷത്തിൽ 17.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2018-19 വർഷത്തിൽ സംസ്ഥാനത്തെ 1000 മത്സ്യത്തൊഴിലാളി വനിതകൾക്ക് സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സാഫ് ധനസഹായം നൽകുന്നു.

ഇതിനായി 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2 മുതൽ 4 പേർ വരെയുള്ള ഒരു ഗ്രൂപ്പിന് പരമാവധി 3,00,000 രൂപ വരെ (75,000 രൂപ/മത്സ്യത്തൊഴിലാളി വനിത) തിരിച്ചടയ്ക്കാത്ത ഗ്രാന്റായി നൽകുന്നു. കൂടാതെ സാഫ് മുഖേന തീരമൈത്രി പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി സംരംഭങ്ങൾ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ പരിശീലന പരിപാടികൾ (അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയിനിംഗ്, മാനേജ്മെന്റ് ട്രെയിനിംഗ്, സ്കിൽ ട്രെയിനിംഗ്, ബുക്ക് കീപ്പിംഗ് & അക്കൗണ്ടിംഗ് ട്രെയിനിംഗ്), സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് പലിശരഹിത വായ്പാ പദ്ധതി, ഉചിതമായ പ്രവർത്തനത്തിലേയ്ക്ക് മാറുന്നതിനുള്ള ധനസഹായം, സൗജന്യ മെഡിക്കൽ ക്യാമ്പ്, സാങ്കേതിക വിദ്യാനവീകരണം തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനായി തീരമൈത്രി സംരംഭങ്ങളിലെ 145 ഗ്രൂപ്പുകളിൽ ഉൽപ്പാദിപ്പിക്കുന്ന 6 തരം ഉണക്കമത്സ്യങ്ങൾ കേരളത്തിലെമ്പാടുമുള്ള മാർക്കറ്റുകളിൽ തീരമൈത്രി ബ്രാൻഡിൽ ലഭ്യമാക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. കൂടാതെ തീരനൈപുണ്യ, തീരമാവേലി എന്നീ പദ്ധതികളും മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിനായി സാഫ് മുഖേന നടപ്പിലാക്കുന്നു.

**കാലവർഷക്കെടുതി**

6(*243) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. കെ. രാജൻ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിമൂലം സംസ്ഥാനത്തിനുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർണ്ണമായോ; വിശദമാക്കുമോ;

(ബി) ഈ കാലയളവിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലും മരങ്ങൾ കടപുഴകിയതും ഏറെ ജീവനപഹരിച്ചുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വെള്ളം കയറാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിലെ ആളുകളെ ഡാമുകൾ തുറന്നുവിടുന്നതിനുമുമ്പ് മാറ്റിപ്പാർപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിരുന്നോ;

(ഡി) മണ്ണിടിച്ചിലും ഉരുൾപൊട്ടലും കാരണം വീടുകൾ തകർന്നവരെ മാറ്റി പുനരധിവസിപ്പിക്കുമോ;

(ഇ) ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മറ്റ് വകുപ്പുകളുടെ സഹകരണവും സഹായവും മുതൽക്കൂട്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്ത് മഹാപ്രളയത്തിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുത്തിട്ടുണ്ട്. പല തരത്തിലുമുള്ള കണക്കെടുപ്പുകൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സർക്കാർ നടത്തിയ കണക്കെടുപ്പിൽ 26,720 കോടി രൂപയുടെ നഷ്ടം ഉണ്ടായതായാണ് കണക്കാക്കിയിരിക്കുന്നത്. ഇതിന് പുറമേ ഐക്യരാഷ്ട്ര സഭയുടേതുൾപ്പെടെയുള്ള ഏജൻസികൾ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ അനുസരിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ട്.

ഐക്യരാഷ്ട്ര സഭയുടെ PDNA (Post Disaster Need Assessment) റിപ്പോർട്ട് പ്രകാരം 26,718 കോടി രൂപയുടെ നഷ്ടമാണ് 2018-ലെ വെള്ളപ്പൊക്കത്തിൽ സംസ്ഥാനത്ത് ഉണ്ടായതായി കണക്കാക്കിയിരിക്കുന്നത്. നാശനഷ്ടത്തിന്റെ സെക്ടർ തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു. കേരളത്തിന്റെ പുനർ നിർമ്മാണത്തിനായി 31,000 കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ് PDNA റിപ്പോർട്ട് കണക്കാക്കുന്നത്. ലോകബാങ്കും ADB-യും തങ്ങളുടേതായ മാനദണ്ഡങ്ങൾ അനുസരിച്ച് നഷ്ടം കണക്കാക്കി 24,893 കോടി രൂപ പുനർനിർമ്മാണത്തിന് ആവശ്യമായി വരുമെന്നാണ് കണ്ടെത്തിയത്.

സംസ്ഥാനത്ത് പ്രളയ ദുരന്തത്തിൽ താറുമാറായ പശ്ചാത്തല സൗകര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനും ജീവനോപാധികൾ കണ്ടെത്തുന്നതിനുമായി രണ്ട് ഘട്ടങ്ങളിലായി ആകെ 5616.7 കോടി രൂപയാണ് ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡമനുസരിച്ച് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്.

(ബി) ഉണ്ട്. 2018-ലെ കാലവർഷത്തെ തുടർന്ന് കേരളത്തിൽ വ്യാപകമായി ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായിട്ടുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം 152 പേർക്കാണ് ജീവഹാനി സംഭവിച്ചത്.

മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ നേരിട്ട എല്ലാ സ്ഥലങ്ങളും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫ്ലഡ് പ്ലെയിൻ മാപ്പിംഗ് നടത്താൻ CWRDM (Centre for Water Resources Development and Management), KFRI (Kerala Forest Research Institute), M.G. University, KSRSEC (Kerala State Remote Sensing and Environment Centre) എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. വെള്ളം കയറുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിലെ ആളുകൾക്ക് ആവശ്യമായ മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. ഡാമുകൾ തുറന്ന് വിടുന്നത് സംബന്ധിച്ച Orange Alert, Red Alert തുടങ്ങിയവ ദൃശ്യമാധ്യമങ്ങൾ വഴി ജനങ്ങൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത മുന്നറിയിപ്പുകൾ എല്ലാം തന്നെ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ, ജില്ലാ കളക്ടർമാർ, ഗ്രാമപഞ്ചായത്തുകൾ, പോലീസ് വകുപ്പ്, മാധ്യമങ്ങൾ, ദക്ഷിണ റെയിൽവേ, ജില്ലാ ഇൻഫർമേഷൻ സെന്ററുകൾ തുടങ്ങിയവരെയെല്ലാം അറിയിക്കുകയും ചെയ്തു. ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ചിരുന്നു. ജില്ലാ തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗ് വിളിച്ചുകൂട്ടി വെള്ളം ഉയർന്നാൽ ബാധിക്കപ്പെടാൻ സാദ്ധ്യതയുള്ള പഞ്ചായത്തുകൾക്ക് തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. വെള്ളം കയറുവാൻ സാദ്ധ്യതയുള്ള താഴ്ന്ന പ്രദേശങ്ങളിൽ നിന്നും ആളുകളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവ ബാധിക്കുമെന്ന് വ്യക്തമായ സ്ഥലങ്ങളിൽ വീടുകൾ പുനർ നിർമ്മിക്കാൻ കഴിയില്ല. പുനരധിവാസ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി ഇത്തരം ആൾക്കാരെ കണ്ടെത്തുന്നതിനുള്ള വിശദമായ സർവ്വേ വാളണ്ടിയർമാരുടെ സഹായത്തോടെ പൂർത്തിയാക്കിയിരുന്നു. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ നേരിട്ട എല്ലാ സ്ഥലങ്ങളും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വീട് നഷ്ടപ്പെട്ടവരെയും പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ താമസിച്ചിരുന്നവരെയും പുനരധിവസിപ്പിക്കാൻ സമഗ്രവും ശാസ്ത്രീയവും ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കിയുള്ള സമീപനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്.

(ഇ) ഉണ്ട്. കേരളം കണ്ട ഏറ്റവും വലിയ ദുരന്തത്തിന്റെ ദുരിതാശ്വാസ പ്രവർത്തനത്തിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളുടെയും സഹകരണവും സഹായവും ഉണ്ടായിട്ടുണ്ട്.

**കുട്ടികളുടെ ത്രിഭാഷാ ശേഷി മെച്ചപ്പെടുത്തുന്നതിന് പദ്ധതി**

7 (*245) ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. ആർ. രാജേഷ് :

ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ ത്രിഭാഷാ ശേഷി മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിപാടിയുടെ വിശദാംശം അറിയിക്കാമോ;

(ബി) ഒന്നു മുതൽ ഏഴുവരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായുള്ള 'ഹലോ ഇംഗ്ലീഷ്' പദ്ധതിയുടെ വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതി എല്ലാ പൊതു വിദ്യാലയങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ലോകഭാഷയായ ഇംഗ്ലീഷിന് ലഭിക്കുന്നത്ര പ്രാധാന്യം മാതൃഭാഷയ്ക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ഹയർ സെക്കന്ററി തലത്തിൽ എല്ലാ വിഷയങ്ങൾക്കുമുള്ള പാഠപുസ്തകം മാതൃഭാഷയിൽകൂടി ലഭ്യമാക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ;

(ഇ) മാതൃഭാഷ പഠിക്കാതെ ബിരുദമെടുക്കാൻ കഴിയുന്ന സ്ഥിതി മാറ്റാനായി നടത്തുന്ന പ്രവർത്തനം എന്തൊക്കെയെന്ന് അറിയിക്കാമോ; സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളും മാതൃഭാഷ പഠിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(എഫ്) നിലവിലെ അക്കാദമിക വർഷം അക്കാദമിക മികവിന്റെ വർഷമായി പ്രഖ്യാപിച്ചുകൊണ്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സുവരെ ത്രിഭാഷാ പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഒന്നാം ഭാഷയായി മാതൃഭാഷയും രണ്ടും മൂന്നും ഭാഷകളായി ഇംഗ്ലീഷ്, ഹിന്ദി എന്നിവയും പഠിപ്പിച്ചുവരുന്നു. സെക്കണ്ടറി തലത്തിൽ ഭാഷകളുടെ പഠനം മെച്ചപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ "ശ്രദ്ധ" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. മലയാള ഭാഷാ പഠനം പ്രോൽസാഹിപ്പിക്കുന്നതിന് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.) ഗവേഷണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച "എന്റെ മലയാളം", ഇംഗ്ലീഷ് പഠനം പ്രോൽസാഹിപ്പിക്കുന്നതിന് ആരംഭിച്ച പ്രത്യേക പദ്ധതി എന്നിവയിലെ ആശയങ്ങൾ പ്രയോജനപ്പെടുത്തിയാണ് ഈ പരിപാടികൾ നടപ്പിലാക്കി വരുന്നത്. ദൈനംദിന ക്ലാസ്സ് റൂം പഠനത്തിന് പുറമേ ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തുന്നതിനായി 'ഹലോ ഇംഗ്ലീഷ്' പദ്ധതിയും ഹിന്ദി ഭാഷാ വികസനത്തിനായി പ്രത്യേക പദ്ധതിയായി 'സുരീലി ഹിന്ദിയും' നടപ്പാക്കിവരുന്നു.

(ബി) ഒന്നു മുതൽ ഏഴുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി സമഗ്രശിക്ഷാ കേരള മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് 'ഹലോ ഇംഗ്ലീഷ്'. കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ ഉണർത്തുന്ന

തരത്തിലുള്ള വൈവിധ്യമാർന്ന ഒട്ടേറെ പ്രവർത്തനങ്ങളിലൂടെയാണ് 'ഹലോ ഇംഗ്ലീഷ് ' പഠനം നടപ്പിലാക്കുന്നത്. വേനൽ അവധിക്കാലത്ത് പരിശീലനം നൽകുകയും 'ടീച്ചേഴ്സ് ജേർണൽ' എന്ന പേരിൽ ഒരു പ്രവർത്തന പുസ്തകവും ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികളും ഔദ്യോഗിക ഭാഷയായ മലയാളം നിപുണ നിലവാരത്തിൽ പ്രയോഗിക്കാൻ പ്രാപ്തരാവണമെന്ന കാഴ്ചപ്പാടും ലക്ഷ്യവും മുൻനിർത്തി മലയാള ഭാഷാ പഠന ആക്ട് -2017 നടപ്പിലാക്കിയിട്ടുണ്ട്. മലയാളത്തിൽ അടിസ്ഥാന ഭാഷാശേഷി ഇല്ലാത്ത കുട്ടികൾക്കായുള്ള പഠന പിന്തുണാ പദ്ധതിയായി "മലയാളത്തിളക്കം" എല്ലാ വിദ്യാലയങ്ങളിലും നടത്തിവരുന്നു. കൂടാതെ ഭാഷാ വികാസത്തിനായി കുട്ടിയുടെ വായന പരിപോഷിപ്പിക്കാനായുള്ള പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ പരിഭാഷ നിർവ്വഹിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തി. സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് വിഷയങ്ങളുടെ പാഠപുസ്തകങ്ങൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിവരുന്നു. നിലവിൽ പരിഭാഷ പൂർത്തിയായ പാഠപുസ്തകങ്ങളുടെ അച്ചടിക്കുള്ള അനുമതി സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്.

(ഇ) സംസ്ഥാനത്ത് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ കേന്ദ്ര ബോർഡുകളുടെ സിലബസ് പിൻതുടരുന്ന സ്കൂളുകൾ ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകളിലും മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് 2017-ലെ മലയാള ഭാഷാപഠന നിയമത്തിലും 2018-ലെ മലയാള ഭാഷാപഠന ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(എഫ്) 2018-19 അക്കാദമിക വർഷം അക്കാദമിക മികവിന്റെ വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനുകൾ സ്കൂൾതല പ്രവർത്തന പദ്ധതികളാക്കി മാറ്റുന്ന പ്രവർത്തനം പൂർത്തിയായിവരുന്നു. ഈ പ്രവർത്തന പദ്ധതികളിൽ നിന്നും അഞ്ച് പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിച്ച് പ്രവർത്തനങ്ങൾ നടത്താൻ സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അടിസ്ഥാന ഭാഷാ ശേഷികൾ മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നതിന് 22 പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിൽ മെച്ചപ്പെട്ട പഠനാനുഭവങ്ങൾക്കുള്ള പദ്ധതികളും നടപ്പാക്കിവരുന്നു.

## റോഡുകളുടെ ദയനീയാവസ്ഥയിന്മേൽ കോടതി വിമർശനം

8 (*246.) ശ്രീ. എം. വിൻസെന്റ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ ദയനീയാവസ്ഥയെ കേരള ഹൈക്കോടതി വിമർശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകളുടെ ദയനീയാവസ്ഥയിന്മേൽ ഹൈക്കോടതി സ്വമേധയാ കേസ് എടുത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) പ്രസ്തുത വിമർശനത്തിന്റെ പശ്ചാത്തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) കാക്കനാട്-പാലാരിവട്ടം സിവിൽ ലൈൻ റോഡിന്റെ അവസ്ഥ സംബന്ധിച്ച് ബഹു. ഹൈക്കോടതി 26-10-2018-ലെ WP(C) No.34941/2018 ഉത്തരവിൽ പരാമർശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) കാക്കനാട് - പാലാരിവട്ടം സിവിൽ ലൈൻ റോഡിന്റെ അവസ്ഥ സംബന്ധിച്ച് ഹൈക്കോടതി പരാമർശം ഗൗരവത്തോടെ കാണുന്നു. ബഹു. ഹൈക്കോടതി പരാമർശം ഉണ്ടാകുന്നതിനു മുമ്പുതന്നെ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി 26-10-2018-ന് ഈ റോഡിന്റെ അവസ്ഥ നേരിൽ കാണുന്നതിനും ഉദ്യോഗസ്ഥരുടെ അവലോകനയോഗം സ്ഥലം എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ ചേരുന്നതിനും തീരുമാനിച്ചിരുന്നു. പ്രസ്തുത യോഗത്തിൽ ഈ വിഷയം വിശദമായി വിലയിരുത്തുകയും ചെയ്തു. ബഹു. ഹൈക്കോടതിയിൽ നിന്നുള്ള പരാമർശം സംബന്ധിച്ച വിഷയത്തിന്റെ വിശദീകരണം ഉദ്യോഗസ്ഥരോട് ആരായുകയും ചെയ്തു. ബി.സി. ചെയ്ത് നല്ല നിലയിൽ പണി 2015 ജൂൺ 29-ന് പൂർത്തീകരിച്ചിരുന്നതാണെന്നും തുടർന്ന് അദാനി ഗ്രൂപ്പ് ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടിയും വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടിയും കെ.എസ്.ഇ.ബി. 220 K ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന് വേണ്ടിയും ചെയ്ത പ്രവൃത്തികളാണ് നല്ല നിലയിൽ ഉണ്ടായിരുന്ന റോഡ് പൊട്ടിപ്പൊളിയേണ്ട സാഹചര്യം ഉണ്ടാക്കിയതെന്ന് വിലയിരുത്തിയിട്ടുണ്ട്. കൂടാതെ 2018 ജൂലൈ - ആഗസ്റ്റ് മാസങ്ങളിലുണ്ടായ അതിവർഷവും പ്രളയവുംമൂലം റോഡുകൾക്ക് സാരമായ കേടുപാടുകൾ സംഭവിച്ചു.

ഹൈക്കോടതി പരാമർശിച്ച പ്രസ്തുത റോഡിന്റെ ഉപരിതലം പുതുക്കുന്നതിനായി ബഹു. തൃക്കാക്കര എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ജില്ലാകളക്ടറുടെ 5-3-2018-ലെ ആർ.ഡി.3-1431/2017 ഉത്തരവ് പ്രകാരം 4 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ 26-6-2018-ലെ എം.എൽ.എ.യുടെ കത്ത് പ്രകാരം പ്രസ്തുത ഭരണാനുമതി റദ്ദ് ചെയ്യുകയുണ്ടായി. ഭരണാനുമതി റദ്ദ് ചെയ്ത ഈ നടപടിയും റോഡിന്റെ പുനരുദ്ധാരണത്തിന് കാലതാമസം നേരിടുന്നതിന് കാരണമായിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ ടി വിഷയത്തിലെ നിജസ്ഥിതി ബഹു. കോടതിയെ ബോദ്ധ്യപ്പെടുത്തുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കൂടാതെ എറണാകുളം തൃക്കാക്കര മണ്ഡലത്തിൽ മൊത്തത്തിലുള്ള 104 കി.മീ. പൊതുമരാമത്ത് റോഡിൽ 60 കി.മീ. സഞ്ചാരയോഗ്യമാണെന്നും ബഡ്ജറ്റ് വർക്കിലുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്ന 17 കി.മീ. റോഡും റിപ്പയർ വർക്ക് നടന്നുകൊണ്ടിരിക്കുന്ന 23 കി. മീ. റോഡും എത്രയുംവേഗം പൂർത്തീകരിച്ച് സഞ്ചാരയോഗ്യമാക്കേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശവും നൽകിയിരുന്നു. പ്രസ്തുത കേസിൽ 24-11-2018-ൽ Statement of Facts കോടതിയിൽ സമർപ്പിക്കുകയും മഴമൂലവും പകൽ സമയം പ്രവൃത്തി നടത്തുന്നതിൽ പോലീസ് വകുപ്പിൽ നിന്നുള്ള എതിർപ്പും കാരണം പണി പൂർത്തീകരിക്കാൻ 6 ദിവസം കൂടി സമയം ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് 2-12-2018-ന് പണി പൂർത്തീകരിക്കുകയും 3-12-2018-ന് ഈ വിവരം ഹൈക്കോടതിയെ ധരിപ്പിച്ച് പ്രസ്തുത കേസ് നടപടികൾ അവസാനിപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർ കോടതിയോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുള്ളതാണ്. ദേശീയപാതാ വിഭാഗത്തിന്റെ കീഴിലുള്ള എല്ലാ റോഡുകളും കുഴികൾ അടച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. പ്രളയത്തെ തുടർന്ന് സംസ്ഥാനത്തെ ഭൂരിഭാഗം റോഡുകൾക്കും തകർച്ച സംഭവിച്ചിരുന്നു. അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ അവലോകനം**

9 (*247) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിനുശേഷം ദുരന്തനിവാരണ സംവിധാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിന് സംസ്ഥാനം എത്രത്തോളം സജ്ജമാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ ദുരന്തപ്രതികരണശേഷിയും ദുരന്തനിവാരണ സംവിധാനങ്ങളും പുനരവലോകനം നടത്തി കൂടുതൽ പ്രതികരണ ശേഷിയുള്ളതാക്കി മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) ഫ്ലാറ്റുകളിലും മറ്റുയർന്ന കെട്ടിടങ്ങളിലും ഉണ്ടാകാൻ സാദ്ധ്യതയുള്ള അഗ്നിബാധ തടയുന്നതിനും ആളപായം കുറയ്ക്കുന്നതിനുമുള്ള ദുരന്തനിവാരണ സംവിധാനങ്ങളുടെ പ്രതികരണശേഷി പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ-സി) ഉണ്ട്. സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിനുശേഷം ദുരന്തനിവാരണ സംവിധാനങ്ങളുടെ പ്രവർത്തനം ഐക്യരാഷ്ട്രസഭാ സംഘം അവലോകനം ചെയ്തിരുന്നു.

കേന്ദ്ര ആഭ്യന്തര മന്ത്രാലയം അയച്ചുതന്ന സംസ്ഥാനങ്ങളുടെ താരതമ്യ പഠനത്തിൽ (Disaster Score Card) രാജ്യത്ത് ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ അഞ്ചാം സ്ഥാനമാണ് സംസ്ഥാനത്തിനുള്ളത്.

ലോക ബാങ്ക് തയ്യാറാക്കിയ പ്രളയാനന്തര പുനർ നിർമ്മാണ അവലോകന റിപ്പോർട്ടിൽ സംസ്ഥാന അതോറിറ്റി കാര്യക്ഷമമായിട്ടാണ് കേരളത്തിൽ പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഐക്യരാഷ്ട്രസഭാ സംഘം തയ്യാറാക്കിയ പ്രളയാനന്തര പുനർനിർമ്മാണ അവലോകന റിപ്പോർട്ടിലും സംസ്ഥാന അതോറിറ്റി നടത്തുന്ന വിവിധ പദ്ധതികളെ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. അതോറിറ്റി പുതുതായി ഏറ്റെടുക്കേണ്ടതായ ഐക്യരാഷ്ട്രസഭാ സംഘത്തിന്റെ പ്രധാന ശിപാർശകളിൽ എല്ലാംതന്നെ ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) ഫ്ലാറ്റുകളിലും മറ്റുയർന്ന കെട്ടിടങ്ങളിലും ഉണ്ടാകാൻ സാദ്ധ്യതയുള്ള അഗ്നിബാധ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം അംഗീകൃത ദുരന്തം (disaster) അല്ല. ഇത് ഒരു സുരക്ഷാ (Safety) വിഷയമാണ്. അഗ്നിസുരക്ഷാ മാനദണ്ഡം നടപ്പാക്കേണ്ടത് കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിക്ഷിപ്തമായ കടമയാണ്. ഇത് സ്ഥിരമായി പരിശോധിച്ച് ഇത്തരം കെട്ടിടങ്ങളിൽ സുരക്ഷ ഉറപ്പ് വരുത്തുവാനുള്ള ചുമതല അഗ്നി സുരക്ഷാ വകുപ്പിനാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭൂപരിഷ്കരണ നിയമ പ്രകാരം ഇളവ് ലഭിച്ച തോട്ടങ്ങൾ

10 (*248) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമപ്രകാരം ഇളവ് ലഭിച്ച തോട്ടങ്ങളിൽ ക്വാറികൾ പ്രവർത്തിക്കുന്നത് നിയമ വിരുദ്ധമാണെന്നും ഇത്തരം ഭൂമി സർക്കാർ ഏറ്റെടുക്കണമെന്നും ഹൈക്കോടതി വിധി പ്രസ്താവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തോട്ടങ്ങൾ കണ്ടെത്തി മിച്ച ഭൂമിയായി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാംശം വ്യക്തമാക്കുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ 16-11-2018-ലെ WP(C) 17384/17, 18246/17 എന്നിവയിലെ ഫുൾബെഞ്ചിന്റെ ഉത്തരവ് പ്രകാരം ഒഴിവ് ലഭിച്ച ഭൂമിയിൽ ഏതെങ്കിലും ഭാഗത്ത് ധാതു ഖനനം, പാറ ഖനനം എന്നിവ നടത്തുന്നത് കേരള ഭൂപരിഷ്കരണ നിയമപ്രകാരമുള്ള ഒഴിവിന് ആസ്പദമായ ഒരു വാണിജ്യ ഇടമായി കണക്കാക്കാനാകില്ലെന്നും ഭൂപരിധിയിൽ നിന്ന് ലഭിച്ച ഒഴിവാക്കലിനുള്ള അർഹത നഷ്ടപ്പെടുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അതായത് തോട്ടഭൂമിയായി ഒഴിവ് കിട്ടിയ ഭൂമി ക്വാറി പ്രവർത്തിക്കുന്നതിന്/ധാതു ഖനനത്തിന് തരം മാറ്റാൻ പാടില്ലാത്തതും അപ്രകാരമുള്ള ഏതെങ്കിലും ഭൂമി തരം മാറ്റിയിട്ടുണ്ടെങ്കിൽ അതിന് നേരത്തെ കിട്ടിയ ഒഴിവിനുള്ള അർഹത നഷ്ടപ്പെടുന്നതുമാണ് എന്നതാണ് ബഹു. ഹൈക്കോടതി വിധി.

(ബി) തോട്ടഭൂമിയായി ഒഴിവ് കിട്ടിയ ഭൂമി ക്വാറി പ്രവർത്തിക്കുന്നതിന് തരം മാറ്റാൻ പാടില്ലാത്തതും അപ്രകാരം ഏതെങ്കിലും തോട്ടഭൂമികൾ തരം മാറ്റിയിട്ടുണ്ടെങ്കിൽ അതിന് നേരത്തെ കിട്ടിയ ഒഴിവിനുള്ള അർഹത നഷ്ടപ്പെടുന്നതുമാണ്. ഇപ്രകാരം ഒഴിവ് കിട്ടിയ ഭൂമിയിൽ ക്വാറീയിംഗ് പ്രവർത്തനം നടത്തുന്നുണ്ടോയെന്ന് പരിശോധിച്ച് കേരള ഭൂപരിഷ്കരണ നിയമപ്രകാരം അടിയന്തര തുടർ നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 87(1) വിശദീകരണം II അനുസരിച്ച് ഒഴിവ് അനുവദിച്ച ഭൂമി തരം മാറ്റിയതായി ബോദ്ധ്യപ്പെടുന്ന നിമിഷം ഒഴിവ് നൽകിയ വ്യവസ്ഥയുടെ ലംഘനമായി കണ്ട് ആർക്കാണോ ഒഴിവ് അനുവദിച്ചത് അവരുടെ പേരിൽ 1-1-1970-നുശേഷം ആർജ്ജിക്കപ്പെട്ട ഭൂമിയായി പരിഗണിച്ച് പുതിയ ഭൂപരിധി കേസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സ്വകാര്യ മേഖലയിലെ സ്കൂളുകളുടെ വാണിജ്യ താല്പര്യം

11(*249) ശ്രീ. കെ. ബാബു :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. കാരാട്ട് റസാഖ് :

ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിലെ അൺഎയ്ഡഡ് സ്കൂളുകളിൽ കേരള ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഘടന നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത്തരം സ്കൂളുകളിലെ അധ്യാപകർക്ക് ന്യായ വേതനം ഉറപ്പാക്കാനായി നടപടി സ്വീകരിക്കാൻ കഴിയുമോ;

(ബി) നൂറുശതമാനം വിജയം ഉറപ്പാക്കാനുള്ള കുറുക്കുവഴിയായും അന്യായ നടപടികൾ ചോദ്യം ചെയ്യുന്നവരെ നിശബ്ദരാക്കാനും അൺഎയ്ഡഡ് സ്കൂളുകൾ വിദ്യാർത്ഥികളെ നിയമ വിരുദ്ധമായി നിർബന്ധിത വിടുതൽ സർട്ടിഫിക്കറ്റ് നൽകി പുറത്താക്കുന്നതും വിവിധ ക്ലാസുകളിൽ തോൽപ്പിക്കുന്നതും അവസാനിപ്പിക്കാൻ നടപടിയെടുക്കാൻ കഴിയുമോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടാൻ നടപടി സ്വീകരിക്കുമോ;

(ഡി) സ്വകാര്യ വിദ്യാഭ്യാസ മേഖലയിലെ വാണിജ്യ താൽപര്യം ദുർബലപ്പെടുത്താൻ പൊതുവിദ്യാഭ്യാസ മേഖലയുടെ നവീകരണം വഴി സാദ്ധ്യമായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ബഹു. ഹൈക്കോടതിയിലെ WPC Nos.15900, 18044, 22249/2018 എന്നീ കേസുകളിലെ 2-8-2018-ലെ വിധിയിൽ സ്കൂളുകളിലെ ഭൗതിക സൗകര്യത്തിനും കുട്ടികൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾക്കും ആനുപാതികമായ ഫീസ് ഘടന നിശ്ചയിക്കാൻ സർക്കാരിന് അധികാരമുണ്ടെന്ന് നിരീക്ഷിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകൾക്ക് സംസ്ഥാനത്തിന്റെ അംഗീകാരം ലഭിക്കുന്നതിന് 10-6-2013-ൽ പുറപ്പെടുവിച്ച ജി. ഒ. (എംഎസ്.) നമ്പർ 184/2013/പൊ.വി.വ. പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശത്തിലും

സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്നതിന് 7-10-2011-ൽ പുറപ്പെടുവിച്ച ജി.ഒ.(എംഎസ്.) നമ്പർ 202/11/പൊ.വി.വ. ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിലും സ്കൂളുകളിലെ ഭൗതിക സൗകര്യത്തിനും കുട്ടികൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾക്കും ആനുപാതികമായ ട്യൂഷൻ ഫീസ് മാത്രമേ വാങ്ങാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനമെങ്കിലും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കിയ "കേരള പെയ്മെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺ എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ" എന്ന പേരിലുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ ഭരണപരമായ വിഷയങ്ങളിൽ ഇടപെടാൻ സർക്കാരിന് പരിമിതികളുണ്ടെങ്കിലും കുട്ടികളുടെ ഭാവിയെക്കരുതി ഇത്തരത്തിലുള്ള പരാതികൾ ലഭിക്കുമ്പോൾ കർശനമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) അതാത് കാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് സംസ്ഥാനത്ത് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി. നൽകുന്നത്. 7-10-2011-ലെ ജി.ഒ.(എംഎസ്.) നമ്പർ 202/11/പൊ.വി.വ. ഉത്തരവ് പ്രകാരമാണ് ഏറ്റവും ഒടുവിലായി എൻ.ഒ.സി. നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

സംസ്ഥാനത്ത് അംഗീകാരമില്ലാതെ സ്കൂളുകൾ പ്രവർത്തിക്കാൻ പാടില്ലെന്ന് വിദ്യാഭ്യാസ അവകാശ നിയമത്തിലുള്ളതിനാൽ സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സർക്കാർ 19-7-2017-ലെ എഫ്1/27/2017/പൊ.വി.വ. നമ്പർ കത്തുപ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇത്തരത്തിൽ നോട്ടീസ് ലഭിച്ച പല സ്കൂളുകളും ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ബഹു. കോടതി ഇടക്കാല സ്റ്റേ അനുവദിക്കുകയും 2018-19 അദ്ധ്യയന വർഷം അടച്ചു പൂട്ടൽ നടപടി ഉണ്ടാവുകയില്ലെന്ന് ബഹുമാനപ്പെട്ട കോടതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിലേയ്ക്കായി ഹൈടെക് ക്ലാസ്സ് മുറികളുൾപ്പെടെ വലിയ സംവിധാനങ്ങൾ സർക്കാർ/എയ്ഡഡ് മേഖലയിൽ നടപ്പിലാക്കിവരുന്നു. പൊതു വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതിന്റെയും സർക്കാർ വിദ്യാലയങ്ങളിൽ പ്രീ-സ്കൂൾ സംവിധാനം ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്റെയും അടിസ്ഥാനത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നു.

**ഓഖി ദുരന്തബാധിതരുടെ സംരക്ഷണം**

12(*250) ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ മരിക്കുകയോ കാണാതെ പോവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഓഖി പുനരധിവാസം സംസ്ഥാനത്തിന്റെ ചുമതലയാണെന്ന് കേന്ദ്രസർക്കാർ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആവർത്തിക്കുന്ന ഇത്തരം ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കടൽത്തീരത്തു നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കെല്ലാം സ്വന്തമായി ജീവനോപാധി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഓഖി ദുരന്തത്തിൽ 143 മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയോ കാണാതാവുകയോ ചെയ്തിട്ടുണ്ട്. ടി മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി സർക്കാർ പ്രഖ്യാപിച്ച 20 ലക്ഷം രൂപ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമേ മരണപ്പെട്ട 51 മത്സ്യത്തൊഴിലാളികൾക്ക് 2,00,000 രൂപ കേന്ദ്ര സഹായവും നൽകിയിട്ടുണ്ട്.

ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുടെയും മക്കളായി 309 പേരുണ്ട്. ഇവരിൽ 185 പേർക്ക് first level graduation വരെ വിദ്യാഭ്യാസ ധനസഹായവും ബിരുദം പൂർത്തിയാക്കിയ 124 പേർക്ക് തൊഴിൽ പരിശീലനവും നൽകുന്നതിന് 13.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2037 വരെയുള്ള 20 വർഷം വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയിൽ ആദ്യ വർഷം ആവശ്യമായ 56.95 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഓഖി ദുരന്തത്തിൽ മരണപ്പെട്ട വലിയതുറ പ്രദേശത്തുള്ള 5 പേരുടെ കുടുംബങ്ങൾക്ക് തിരുവനന്തപുരം മുട്ടത്തറയിൽ നിർമ്മിച്ച ഫ്ലാറ്റ് സമുച്ചയത്തിൽ വീട് അനുവദിച്ചിട്ടുണ്ട്.

ഓഖിയിൽ മരണപ്പെട്ടവരും കാണാതായവരും ആയ 143 മത്സ്യത്തൊഴിലാളികളുടെ വിധവകളിൽ 40-ൽ താഴെ വയസ്സുള്ളതും 10-ാം തരത്തിൽ താഴെ വിദ്യാഭ്യാസ യോഗ്യത ഉള്ളവരുമായ 42 പേർക്ക് മത്സ്യ ഫെഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നൽകുകയും നിലവിൽ 34 പേർ ജോലി ചെയ്തു വരികയും ചെയ്യുന്നു. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായ വിഭാഗത്തിന് സമാശ്വാസമേകണമെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്നും 200 പേരെ കോസ്റ്റൽ വാർഡൻമാരായി നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഫിഷറീസ് വകുപ്പിന് അനുവദിച്ച തുക വിനിയോഗിച്ച് 1,14,032 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000 രൂപ വീതം മൊത്തം 22.80 കോടി രൂപ വിതരണം ചെയ്തു.

ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും കണ്ടെത്തുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കാൻ 7.41 കോടി രൂപ ഓഖി ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. സ്ഥലം കണ്ടെത്തി വീട് വയ്ക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ലകളിൽ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പൂർണ്ണമായും വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖേന പ്രതിമാസം 3,000 രൂപ വീതം വാടക നൽകിവരുന്നു. ഇതിനായി 26.64 ലക്ഷം രൂപ അനുവദിച്ചു. ഭാഗികമായി കേടുപറ്റിയ 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ റിപ്പയർ ചെയ്യുന്നതിനായി 2.042 കോടി രൂപ അനുവദിച്ചു. റവന്യൂ വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 7340 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചെങ്കിലും കേന്ദ്ര സർക്കാരിൽ നിന്ന് അനുകൂല മറുപടിയോ ഫണ്ടോ ലഭ്യമായിട്ടില്ല.

ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 76.22 കോടി രൂപയുടെ പദ്ധതികൾക്കുള്ള ഭരണാനുമതിയും ഫണ്ടും ഫിഷറീസ് വകുപ്പിന് നൽകിയിട്ടുണ്ട്. ഇതിനുപുറമേ റവന്യൂ വകുപ്പ് മുഖേനയും ഓഖിയുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനത്തിനായി 2,000 കോടി രൂപയുടെ ഒരു സമഗ്ര തീരദേശ പാക്കേജ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) 2018-19 സാമ്പത്തിക വർഷം സാഫ് മുഖേന നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള ജീവനോപാധി പദ്ധതികൾക്കായി 17.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2018-19 വർഷത്തിൽ സംസ്ഥാനത്തെ 100 മത്സ്യത്തൊഴിലാളി വനിതകൾക്ക് സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സാഫ് മുഖാന്തരം ധനസഹായം നൽകുന്നുണ്ട്. ഇതിനായി 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2 മുതൽ 4 വരെ പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് പരമാവധി 3,00,000 രൂപ വരെ ഒരു മത്സ്യത്തൊഴിലാളി വനിതയ്ക്ക് 75,000 രൂപ നിരക്കിൽ തിരിച്ചടയ്ക്കാത്ത ഗ്രാന്റായി നൽകുന്നു. കൂടാതെ അഭ്യസ്തവിദ്യരായ യുവതികൾക്ക് വ്യക്തിത്വ വികസനം, നേതൃത്വ പാടവം, ആശയ വിനിമയശേഷി തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകി അവരെ ജോലിക്ക് പ്രാപ്തരാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് തീരനൈപുണ്യ പദ്ധതി. ഇതിനുപുറമേ, മത്സ്യത്തൊഴിലാളി സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് സാഫ് മുഖേന തീരമൈത്രി പദ്ധതിയിലൂടെ പലിശരഹിത വായ്പാ പദ്ധതി, ഉചിതമായ പ്രവർത്തനത്തിലേയ്ക്ക് മാറുന്നതിനുള്ള ധനസഹായം (shifting to appropriate technology of activity), സാങ്കേതിക വിദ്യാ നവീകരണം തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന സംയോജിത മത്സ്യ വികസന പദ്ധതി വഴി പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ പദ്ധതി മാനദണ്ഡങ്ങൾ അനുസരിച്ച് വായ്പയായി നൽകിവരുന്നു. ഇപ്പോൾ നടപ്പിലാക്കുന്ന ഐ.എഫ്.ഡി.പി. 2017-18 പലിശരഹിത വായ്പാ പദ്ധതിയായി നടപ്പിലാക്കുന്നു. എൻ.സി.ഡി.സി.-ക്ക് നൽകേണ്ട പലിശ ബജറ്റിൽ പലിശ സബ്സിഡിയായി വകയിരുത്തിയിട്ടുണ്ട്.

ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടി മത്സ്യബന്ധന ഉപകരണങ്ങൾ ഒരു വ്യക്തിക്ക് പരമാവധി 3 ലക്ഷം രൂപ വരെ 6% പലിശക്ക് വായ്പയായി നൽകിവരുന്നു.

NCDC/NABARD/NBCFDC/NMDFC വായ്പയ്ക്കായി 2018-19 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 6.75 കോടി രൂപ പലിശ സബ്സിഡി ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപാധികൾ പൂർണ്ണമായും/ഭാഗികമായും നഷ്ടപ്പെട്ട 380 മത്സ്യത്തൊഴിലാളികൾക്ക് 6.76 കോടി രൂപയുടെ നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധിയായ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് 99.91 കോടി രൂപയുടെയും മത്സ്യത്തൊഴിലാളി വനിതകൾക്ക് ജീവനോപാധി പദ്ധതികൾക്കും ശാക്തീകരണത്തിനുമായി 102.8 കോടി രൂപയുടെയും പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളികൾക്കായി 120 ഫൈബർ ഗ്ലാസ്സ് വള്ളങ്ങൾ നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

**കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രധാന പദ്ധതികൾ**

13 (*251) ശ്രീ. എം. സ്വരാജ് :
ശ്രീ. വി. ജോയി :
ശ്രീ. സജി ചെറിയാൻ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിലെ അമിത വാഹന സാന്ദ്രതമൂലം റോഡ് യാത്ര ദുഷ്കരമായിത്തീരുകയും ഇതരസംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ട്രെയിനുകളുടെ വേഗത വളരെക്കുറവും ആയ സാഹചര്യത്തിൽ സുഗമവും വേഗതയുള്ളതുമായ സഞ്ചാരം ഒരുക്കുന്നതിനായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയ തിരുവനന്തപുരം - ചെങ്ങന്നൂർ സബർബൻ റെയിൽ പ്രോജക്ടിന് റെയിൽവേയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) സംസ്ഥാനങ്ങളുടെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകുകയുണ്ടായി. സംയുക്ത സംരംഭക കമ്പനിയുടെ ആരംഭ മൂലധനം 100 കോടി രൂപയാണ്. സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേന്ദ്രവുമായി ചേർന്ന് കേരള റെയിൽ വികസന കോർപ്പറേഷൻ എന്ന സംയുക്ത സംരംഭക കമ്പനി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് താഴെപ്പറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു:

1. തലശ്ശേരി-മൈസൂർ റെയിൽവേ പാത.

2. സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ടപ്പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ.

3. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്റ്റ്)

4. എരുമേലി-പുനലൂർ (നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽ നിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത)

5. ഏറ്റുമാനൂർ-പാല-ശബരി ലിങ്ക് ലൈൻ (നിർദ്ദിഷ്ട അങ്കമാലി-ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത)

6. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുനഃപ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

7. നിലമ്പൂർ - നഞ്ചൻഗഡ് റെയിൽവേ ലൈൻ

മുകളിൽ പ്രസ്താവിച്ച ഏഴ് പദ്ധതികളിൽ താഴെപ്പറയുന്ന മൂന്ന് പദ്ധതികളുടെ സാദ്ധ്യതാ പഠനം നടത്തുകയും വിശദ പദ്ധതി രൂപരേഖ തയ്യാറാക്കൽ പ്രവർത്തനം പുരോഗമിച്ചുവരികയും ചെയ്യുന്നു.

1. തലശ്ശേരി-മൈസൂർ ബ്രോഡ്ഗേജ് പാത.

2. സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ടപ്പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ.

3. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

(ബി) സംസ്ഥാനത്ത് തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ 125.56 കിലോമീറ്റർ ദൂരം ഓട്ടോമാറ്റിക് സിഗ്നലിംഗ് ഏർപ്പെടുത്തി റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്റ്റ്) ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും അംഗീകാരം ലഭ്യമായില്ല. ബോർഡിന്റെ നിർദ്ദേശത്തെ തുടർന്ന് ട്രാഫിക് ഇംപാക്ട് അസെസ്മെന്റ് സംബന്ധിച്ച് ട്രാഫിക് കൺസൾട്ടന്റ് സമർപ്പിച്ച റിപ്പോർട്ടും അനുകൂലമല്ല. ഈ സാഹചര്യത്തിൽ പദ്ധതി പ്രായോഗികമല്ല എന്ന് റെയിൽവേ ബോർഡ് അറിയിക്കുകയുണ്ടായി.

**മത്സ്യബന്ധന മേഖലയിലെ പുരോഗതി**

14 (*252) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്കായി മത്സ്യഫെഡ് നടത്തിവരുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ബി) രാസവസ്തുക്കൾ ചേർക്കാത്ത മത്സ്യം കേട്ടുകൂടാതെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ 'തീരത്തു നിന്ന് വിപണിയിലേക്ക്' പദ്ധതി ഫലപ്രദമായി പ്രാവർത്തികമായിട്ടുണ്ടോ;

(സി) കേന്ദ്രസർക്കാരിന്റെ കടൽ മത്സ്യ നയവും അതിന്റെ തുടർച്ചയായി വന്ന കടൽ മത്സ്യ വളർത്തൽ (മാരികൾച്ചർ) നയത്തിന്റെ കരടും പരിശോധനാ വിധേയമാക്കിയിരുന്നോ; സംസ്ഥാനം മത്സ്യ നയത്തിന് രൂപം നൽകിയിട്ടുണ്ടോ;

(ഡി) മത്സ്യബന്ധന മേഖലയിലെ പുരോഗതിക്കായി, ദക്ഷിണേന്ത്യൻ ഫിഷറീസ് മന്ത്രിമാരുടെ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞു വന്ന പ്രധാന നിർദ്ദേശങ്ങൾ അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക പുരോഗതിക്കായി മത്സ്യഫെഡ് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി

പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യഫെഡ് 1985 മുതൽ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യ വിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകിവരുന്നു. നടപ്പു സാമ്പത്തിക വർഷം പലിശരഹിത വായ്പാ പദ്ധതിയായിട്ടാണ് ഇത് നടപ്പിലാക്കി വരുന്നത്. പലിശയിനത്തിൽ നൽകുന്നതിലേയ്ക്ക് 300 ലക്ഷം രൂപ സർക്കാർ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഏകദേശം 50,000 മത്സ്യത്തൊഴിലാളികൾക്ക് 1761.47 ലക്ഷം രൂപ വിതരണം ചെയ്തു.

2. എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ

(എ) ടേം വായ്പകൾ

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ 6 ശതമാനം പലിശ നിരക്കിൽ 3 വർഷം വരെ കാലാവധിയിൽ വിതരണം ചെയ്തു വരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 94 ഗുണഭോക്താക്കൾക്ക് 179.43 കോടി രൂപ ടേം വായ്പയായി വിതരണം ചെയ്തു കഴിഞ്ഞു.

(ബി) മൈക്രോഫിനാൻസ് വായ്പ

മത്സ്യഫെഡുമായി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയംസഹായ ഗ്രൂപ്പുകൾ വഴി മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തുവരുന്നു. വ്യക്തികൾക്ക് ആദ്യ വായ്പയായി 10,000 രൂപയും ലഘു സംരംഭങ്ങൾ നടത്തുന്നതിന് തുടർ വായ്പയായി 50,000 രൂപ വരെ പരമാവധി 6 ശതമാനം പലിശ നിരക്കിൽ സ്വയംസഹായ ഗ്രൂപ്പുകൾ വഴി വിതരണം ചെയ്തുവരുന്നു. നടപ്പു സാമ്പത്തിക വർഷം 12260 ഗുണഭോക്താക്കൾക്ക് 5130.29 ലക്ഷം രൂപ മൈക്രോഫിനാൻസ് വായ്പയായി വിതരണം ചെയ്തു.

3. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി

മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽപ്പെടുന്ന മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശരഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തുവരുന്നു. ആദ്യവായ്പ 5,000 രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് യഥാക്രമം 10,000 രൂപ, 20,000 രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പാ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി. എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്നു. വായ്പയുടെ പലിശ തുക, പദ്ധതി നടത്തിപ്പിനാവശ്യമായ തുക എന്നിവ മത്സ്യഫെഡിന് അനുവദിച്ച് പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ 3359 ഗുണഭോക്താക്കൾക്ക് 619.10 ലക്ഷം രൂപ പലിശരഹിത വായ്പയായി വിതരണം ചെയ്തു.

4. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം

മത്സ്യഫെഡ് മൈക്രോഫിനാൻസ്, പലിശരഹിത വായ്പ എന്നീ പദ്ധതികൾ വഴി മത്സ്യഫെഡിൽ നിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ മരണമടയുകയോ, മാരകമായ രോഗത്തിന് അടിമപ്പെടുകയോ ചെയ്യുന്നവരുടെ വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പാത്തുക പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ വഴി വായ്പയെടുക്കുന്ന ഗുണഭോക്താക്കൾ വായ്പാ തുകയുടെ 0.35% തുക (മിനിമം 100 രൂപ) വായ്പയെടുക്കുമ്പോൾ ഈ സ്കീമിലേയ്ക്ക് വിഹിതമായി അടയ്ക്കേണ്ടതാണ്. മരണമടയുകയോ മാരകമായ രോഗത്തിന് അടിമപ്പെടുകയോ ചെയ്യുന്ന ഗുണഭോക്താക്കളുടെ ബാക്കി നിൽക്കുന്ന വായ്പാ തുക പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്ന ഈ സ്കീം അവരുടെ കുടുംബങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാണ്. മരണമടഞ്ഞ 223 ഗുണഭോക്താക്കളുടെ 22 ലക്ഷം രൂപ ഇളവ് ചെയ്തുകൊടുത്തു.

5. വലകൾക്കുള്ള സബ്സിഡി പദ്ധതി

10 എച്ച്.പി.യിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിക്ക് പരമാവധി 10,000 രൂപ വരെ സബ്സിഡി നൽകിവരുന്നു. നടപ്പു സാമ്പത്തിക വർഷം 40 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

6. ബാങ്കുകളിൽനിന്നുള്ള വായ്പയ്ക്കുള്ള സബ്സിഡി പദ്ധതി

എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി./നബാർഡ് എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങൾ/ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ വഴി വായ്പയെടുത്ത് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് പലിശ സബ്സിഡി നൽകുന്നതിന് ബജറ്റിൽ തുക വകയിരുത്തുന്നതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി വിതരണം ചെയ്തുവരുന്നു. 2018-19 സാമ്പത്തിക വർഷം 45 ഗുണഭോക്താക്കൾക്ക് 4.81 ലക്ഷം രൂപ വിതരണം ചെയ്തു.

7. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

മത്സ്യഫെഡ് വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം എന്നിവമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനുവേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷാ പദ്ധതിയാണിത്. 2018-19 വർഷം 34 ക്ലെയിമുകളിലായി 22.73 ലക്ഷം രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തു.

8. നാടൻ വള്ളങ്ങളുടെ നവീകരണം

നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം പരമാവധി 30,000 രൂപ വരെ സബ്സിഡി നൽകിവരുന്നു. 2018-19 വർഷം ഇതിലേയ്ക്കായി 60 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) രാസവസ്തുക്കൾ ചേർക്കാത്ത ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന്, ലാൻഡിംഗ് സെന്ററുകളിൽ നിന്നും നേരിട്ട് പച്ച മത്സ്യം സഹകരണ സംഘങ്ങൾ മുഖേന സംഭരിച്ച് "അന്തിപച്ച" മൊബൈൽ ഫിഷ്മാർട്ട് വഴി വിപണനം നടന്നുവരുന്നു. ഇതിനുപുറമേ മത്സ്യഫെഡ് നടത്തുന്ന 31 ഫിഷ്മാർട്ടുകളിലൂടെ ഗുണനിലവാരമുള്ള മത്സ്യം മാത്രം വിപണനം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 28-4-2017-ൽ കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച ദേശീയ മത്സ്യബന്ധന നയം സംബന്ധിച്ച് വിശദമായ പരിശോധന നടത്തുകയുണ്ടായി. മത്സ്യത്തൊഴിലാളി പ്രതിനിധികൾ, ബോട്ടുടമകൾ, ശാസ്ത്രജ്ഞർ, മറ്റ് സാങ്കേതിക വിദഗ്ദ്ധർ എന്നിവരുടെ ശിൽപ്പശാല സംഘടിപ്പിച്ച് കരട് നയം ചർച്ച ചെയ്യുകയുണ്ടായി. ചർച്ചയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ യഥാസമയം കേന്ദ്രസർക്കാരിനെ അറിയിക്കുകയുമുണ്ടായി. കേരളത്തിന്റെ പല നിർദ്ദേശങ്ങളും കേന്ദ്രസർക്കാർ അംഗീകരിക്കുകയുണ്ടായി എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

കേന്ദ്രം പ്രസിദ്ധീകരിച്ച മാരികൾച്ചർ കരട് നയം വിശദമായി പരിശോധിക്കുകയും 21-11-2018-ന് ഇതുസംബന്ധിച്ച് മത്സ്യത്തൊഴിലാളി പ്രതിനിധികൾ, ബോട്ടുടമകൾ, ശാസ്ത്രജ്ഞർ എന്നിവരുടെ ഒരു പ്രാഥമിക യോഗം ചേരുകയുമുണ്ടായി. കരട് നയം വിശദമായി ചർച്ച ചെയ്യുന്നതിന് മത്സ്യത്തൊഴിലാളി പ്രതിനിധികൾ മത്സ്യ കർഷക പ്രതിനിധികൾ, ശാസ്ത്രജ്ഞർ, മറ്റ് തൽപ്പര കക്ഷികൾ എന്നിവരുടെ ഒരു ശിൽപ്പശാല 7-12-2018-ന് തിരുവനന്തപുരത്ത് വിളിച്ച് ചേർത്തിരുന്നു. ചർച്ചയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.

(ഡി) മത്സ്യമേഖലയുടെ സുസ്ഥിര വികസനം, വിഭവ സംരക്ഷണം എന്നിവ മുൻനിർത്തി കേരളം സ്വീകരിച്ച വിവിധ നടപടികൾക്ക് ഉദ്ദേശിച്ച ഫലപ്രാപ്തി ഉണ്ടാകണമെങ്കിൽ മറ്റ് അയൽ സംസ്ഥാനങ്ങളും സമാനമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ ലക്ഷ്യത്തോടെ കേരളം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പുമന്ത്രിമാരുടെ ഒരു ദ്വിദിന യോഗം വിളിച്ച് ചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ മഹാരാഷ്ട്ര, പോണ്ടിച്ചേരി സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പുമന്ത്രിമാർ, കേന്ദ്ര ഫിഷറീസ് ഡെവലപ്മെന്റ് കമ്മീഷണർ ഡോ. പോൾ പാണ്ഡ്യൻ, ICAR ഡെപ്യൂട്ടി ഡയറക്ടർ ജനറൽ (ഫിഷറീസ്) ഡോ. ജെന, അസിസ്റ്റന്റ് ഡയറക്ടർ ജനറൽ (മറൈൻ ഫിഷറീസ്) ഡോ. പ്രവീൺ പുത്ര, എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേയും ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ കേന്ദ്ര ഭരണ പ്രദേശങ്ങളിലെ ഉന്നതോദ്യോഗസ്ഥർ, ഐ.സി.എ.ആർ.-ന്റെ കീഴിലുള്ള വിവിധ ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളുടെ ഡയറക്ടർമാർ തുടങ്ങിയവർ പങ്കെടുക്കുകയുണ്ടായി. യോഗത്തിൽ താഴെ പറയുന്ന കാര്യങ്ങൾ തീരുമാനിക്കുകയുണ്ടായി.

1. കേന്ദ്രത്തിൽ ഒരു പ്രത്യേക ഫിഷറീസ് മിനിസ്ട്രി വേണമെന്ന് ശക്തമായി ശിപാർശ ചെയ്തു.

2. Central Marine Fisheries Research Institute (CMFRI)-ന്റെ ശിപാർശ അനുസരിച്ച് കേരള സർക്കാർ നടപ്പിൽ വരുത്തിയ രീതിയിൽ എല്ലാ സംസ്ഥാനങ്ങളും പിടിച്ചെടുക്കാവുന്ന മത്സ്യങ്ങളുടെ നിയമപരമായ കുറഞ്ഞ വലിപ്പം നടപ്പിൽ വരുത്താൻ തീരുമാനിച്ചു.

3. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിനും അവയെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുംവിധം സജ്ജമാക്കാനും സംസ്ഥാനങ്ങൾ കേന്ദ്രത്തോടാവശ്യപ്പെടാൻ തീരുമാനിച്ചു. അതിനായി കേന്ദ്ര ഫണ്ട് ഉപയോഗിച്ച് സഹകരണ സംഘങ്ങൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിൽ

പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. നിലവിലെ ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ നിർമ്മാണച്ചെലവ് പരിഗണിച്ച് ഒരു ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ യൂണിറ്റ് ചെലവ് നിലവിലെ 80 ലക്ഷം രൂപയിൽ നിന്ന് ഒന്നരക്കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. കേന്ദ്രം ഈ തുകയുടെ കുറഞ്ഞത് 50% എങ്കിലും സബ്സിഡിയായി നൽകേണ്ടതാണ്.

4. ബുൾട്രോളിംഗ്, പെയർ ട്രോളിംഗ്, വിഷപദാർത്ഥങ്ങൾ, രാസപദാർത്ഥങ്ങൾ എന്നിവ ഉപയോഗിച്ചുള്ള വിനാശകരമായ മത്സ്യബന്ധന രീതികൾ നിരോധിക്കുന്നതിന് എല്ലാ സംസ്ഥാനങ്ങളും സമ്മതിച്ചു. FAD ഉപയോഗിച്ചുള്ള മത്സ്യബന്ധനവും ചൂണ്ടൽ മത്സ്യബന്ധനത്തിനൊഴികെ LED ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനവും നിരോധിക്കാൻ എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചു.

5. മത്സ്യബന്ധനശേഷി കുറയ്ക്കുന്നതിന്റെ ഭാഗമായി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) ശിപാർശ ചെയ്തിട്ടുള്ള പ്രധാന വലകളുടെ കൂടിയ വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും എല്ലാ സംസ്ഥാനങ്ങളും നടപ്പിൽ വരുത്താൻ തീരുമാനിച്ചു. ട്രോൾ വലകളുടെ കോഡ് എൻഡിൽ ചതുര കണ്ണികൾ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ എല്ലാ സംസ്ഥാനങ്ങളും സ്വീകരിക്കുന്നതാണ്.

6. എല്ലാ സംസ്ഥാനങ്ങളിലെയും മത്സ്യബന്ധനയാന നിർമ്മാണശാലകളും വല നിർമ്മാണ യൂണിറ്റുകളും നിർബന്ധിത രജിസ്ട്രേഷൻ ലൈസൻസിംഗ് പ്രക്രിയയിലൂടെ നിയന്ത്രണത്തിൻകീഴിൽ കൊണ്ടുവരും. നിർമ്മാണ യൂണിറ്റുകൾ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) ആവിഷ്കരിക്കുന്ന നിശ്ചിത ഗുണനിലവാരത്തിലും രൂപരേഖയിലും ഉറച്ചു നിൽക്കുന്നതിനുവേണ്ടി പ്രോത്സാഹനങ്ങൾ നൽകുന്നതാണ്.

7. എല്ലാ സംസ്ഥാനങ്ങളും IUU (Illegal Unregulated and Unreported) മത്സ്യബന്ധനം നിരോധിക്കുന്നതിനും മേഖലാ നിയന്ത്രണങ്ങൾ നടപ്പിൽ വരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

8. സമുദ്ര-ഉൾനാടൻ ജലാശയങ്ങളിലെ ഗോസ്റ്റ് മത്സ്യബന്ധനവും പ്ലാസ്റ്റിക് മലിനീകരണവും നിയന്ത്രിക്കുന്നതിനായി കർശന നടപടികൾ സ്വീകരിക്കുന്നതാണ്. സമുദ്ര മാലിന്യം നിയന്ത്രിക്കുന്നതിനായി കേരള സർക്കാർ നടപ്പിലാക്കുന്ന ശുചിത്വ സാഗരത്തിന് സമാനമായ പദ്ധതികൾ മറ്റ് സംസ്ഥാനങ്ങൾ നടപ്പാക്കുന്നതാണ്.

9. തീരദേശ സംസ്ഥാനങ്ങൾ അതാത് സർക്കാരുകളുമായും സ്റ്റേക്ക് ഹോൾഡേഴ്സുമായും ചർച്ച ചെയ്ത് വിവിധ മത്സ്യങ്ങളുടെ പ്രജനനകാലംകൂടി കണക്കിലെടുത്ത് നിലവിലെ ട്രോൾ ബാൻ പിരീഡിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ തീരുമാനിച്ച് കേന്ദ്രത്തോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

10. മത്സ്യബന്ധന ആവശ്യങ്ങൾക്കായി നൽകുന്ന മണ്ണെണ്ണയുടെ വില കുറയ്ക്കുന്നതിനും പെട്രോൾ, ഡീസൽ എന്നിവ നിർത്തലാക്കുന്നതിനും ഇതുവരെ ഈടാക്കിയ റോഡ് സെസ്സ് സംസ്ഥാനങ്ങൾക്ക് തിരികെ നൽകുന്നതിനും കേന്ദ്രത്തോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. മത്സ്യബന്ധനത്തിന് അനുവദിക്കുന്ന ഇന്ധനത്തിന് സബ്സിഡി അനുവദിക്കുന്നതിനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചു.

11. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി എല്ലാ മത്സ്യബന്ധന യാനങ്ങളിലും സ്വയം പ്രവർത്തിത തിരിച്ചറിയൽ സംവിധാനവും (എ.ഐ.എസ്), യാന നിരീക്ഷണ സംവിധാനങ്ങളും (വി.എം.എസ്) നിർബന്ധമാക്കാൻ എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചു.

12. കടലിൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള ഫിഷിംഗ് ലൈസൻസ് നൽകുന്നതിന് സംസ്ഥാന സർക്കാരുകളുടെ അധികാര പരിധി 12 നോട്ടിക്കൽ മൈലിൽ നിന്ന് 200 നോട്ടിക്കൽ മൈലായി വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് അപേക്ഷിക്കാൻ എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചു.

13. മത്സ്യകൃഷിക്കായി ഉപയോഗിക്കുന്ന മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് മത്സ്യ ഹാച്ചറികൾക്ക് അംഗീകാരം നിർബന്ധമാക്കാൻ എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചു. മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

14. രാജ്യത്ത് സമുദ്ര മത്സ്യകൃഷി വികസിപ്പിക്കുന്നതിനായി കരട് സമുദ്ര മത്സ്യകൃഷി നയത്തിന്മേലുള്ള സംസ്ഥാനങ്ങളുടെ അഭിപ്രായം കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

15. മത്സ്യ വിഭവ മാനേജ്മെന്റിനായി കേരളം നടപ്പാക്കിയതുപോലെ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടുന്ന പങ്കാളിത്ത മാനേജ്മെന്റ് പ്രോത്സാഹിപ്പിക്കുന്നതാണ്. ഇതിനായി മത്സ്യബന്ധന ഗ്രാമം, ജില്ല, സംസ്ഥാനതലത്തിൽ കൗൺസിലുകൾ രൂപീകരിക്കുന്നതാണ്. മത്സ്യബന്ധന തുറമുഖങ്ങളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളും (എച്ച്.എം.എസ്) രൂപീകരിക്കും.

16. മത്സ്യ വിഭവ സംരക്ഷണത്തിന് 'ട്രോൾ ബാൻ' നൽകുന്ന സംഭാവന കണക്കിലെടുത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് റിലീഫ് പാക്കേജ് ലഭ്യമാക്കി അവരുടെ സാമ്പത്തിക നഷ്ടം നികത്തുന്നതിന് സാമ്പത്തിക സഹായം സ്റ്റേറ്റ് ഗവൺമെന്റുകൾക്ക് ലഭ്യമാക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

## നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം

15(*253) ശ്രീമതി യു. പ്രതിഭ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) തണ്ണീർത്തട അതോറിറ്റി തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള അവബോധ പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി താലൂക്ക് തലത്തിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡുകളുടെ പ്രവർത്തനം വ്യക്തമാക്കാമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2018-ലെ ഭേദഗതി നിയമം എന്നിവ പ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. നിയമലംഘനങ്ങൾ തടയുന്നതിനായി ജില്ലാതലത്തിലും താലൂക്കുതലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. റവന്യൂ വകുപ്പുമുഖേന നെൽവയൽ തണ്ണീർത്തട സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നില്ല. നെൽവയൽ നികത്തുന്നതുൾപ്പെടെ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന കുറ്റത്തിനുള്ള ശിക്ഷ 3 വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) കേരള റാംസർ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും വേണ്ടി 5 വർഷത്തെ ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട് എന്നീ തണ്ണീർത്തടങ്ങളുടെ കർമ്മ പരിപ്രേഷ്യം കേന്ദ്ര സർക്കാർ അംഗീകരിക്കുകയും സാമ്പത്തിക സഹായത്തിന്റെ ആദ്യ വർഷ ഗഡു അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മൺറോ തുരുത്തിന്റെ പുനരുജ്ജീവനത്തിനായി പ്രത്യേക സാമ്പത്തിക

സഹായം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള അവബോധ പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകൾ ക്ഷണിച്ചിട്ടുണ്ട്.

(സി) തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള അവബോധ പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകൾ ക്ഷണിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി നിയമലംഘനങ്ങൾ തടയുന്നതിനായി റവന്യൂ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ താലൂക്കുതല സ്ക്വാഡുകൾ രൂപീകരിച്ച് അവധി ദിനങ്ങൾ ഉൾപ്പെടെ എല്ലാ ദിവസങ്ങളും പ്രവർത്തിച്ചുവരുന്നു.

**ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം**

16(*254) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) വീട് നഷ്ടപ്പെട്ടവരിൽ വലിയതുറ പ്രദേശത്തിന് പുറമെയുള്ളവർക്ക് വീട് നൽകുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലെത്തിയെന്നറിയിക്കുമോ;

(സി) വീട് നഷ്ടപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും പകരം വീട് ഉറപ്പുവരുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഓഖി ദുരന്തത്തിൽ വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനായി 741.60 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 741.60 ലക്ഷം രൂപ ഫിഷറീസ് ഡയറക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് വിവിധ ജില്ലകളിൽ പുരോഗമിച്ചു വരുന്നു. ഓഖിയിൽ വീട് നഷ്ടപ്പെട്ട 5 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് തിരുവനന്തപുരം ജില്ലയിൽ ഇതിനകം ഫ്ലാറ്റ് കൈമാറിക്കഴിഞ്ഞു.

(ബി) സംസ്ഥാനത്തൊട്ടാകെ ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട 72 പേർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിച്ച് പുനരധിവസിപ്പിക്കാൻ നടപടി എടുത്തുവരുന്നു.

(സി) ഓഖിയിൽ ഭവനം നഷ്ടപ്പെട്ട 72 കുടുംബങ്ങൾക്കും അവരുടെ പങ്കാളിത്തം ഉറപ്പാക്കി ഭൂമി വാങ്ങി ഭവനം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു.

## സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി

17(*255) ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ അഴിമതി രഹിതവും കാര്യക്ഷമവുമാക്കുന്നതിനായി ആവിഷ്കരിച്ച സ്മാർട്ട്റവന്യൂ ഓഫീസ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഡിജിറ്റൽ ഇന്ത്യ മോഡേണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി ഭൂമി സംബന്ധമായ എല്ലാ രേഖകളുടെയും ഡിജിറ്റൈസേഷനിലൂടെയുള്ള കമ്പ്യൂട്ടർവൽക്കരണത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) അർഹരായ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനും സർക്കാർ ഭൂമിയുടെ സംരക്ഷണവും ഭൂവിനിയോഗവും കാര്യക്ഷമമാക്കുന്നതിനുമുള്ള ലാൻഡ് ബാങ്ക് പദ്ധതി ഫലപ്രദമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾകൂടി ഉൾപ്പെടുത്തി ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്.

സംസ്ഥാനത്ത് ആകെ 1536 വില്ലേജ് ഓഫീസുകളിൽ സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി പ്രകാരം ഇതുവരെ 130 വില്ലേജ് ഓഫീസുകൾക്ക് നവീകരണം/കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 49 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കി കെട്ടിടങ്ങളുടെ പണി പുരോഗമിക്കുന്നു.

സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയുടെ നടത്തിപ്പിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോർഡ്സ് മൊഡണൈസേഷൻ പ്രോഗ്രാം അനുസരിച്ച് ഭൂരേഖകൾ ഡിജിറ്റലൈസേഷനുമായി ബന്ധപ്പെട്ട് റവന്യൂ റെക്കോർഡുകളിൽ ടെക്സ്ച്വൽ ഡാറ്റായുടെ (Textual Data) ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ റവന്യൂ വകുപ്പ് മുഖാന്തരവും സ്പാഷ്യൽ ഡാറ്റയുടെ (Spatial Data) ഡിജിറ്റൈസേഷൻ സർവ്വേ വകുപ്പ് മുഖാന്തരവുമാണ് നടത്തുന്നത്.

സർവ്വേയും ഭൂരേഖയും വകുപ്പ് മുഖേന സ്വീകരിച്ച നടപടികൾ

സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളിലാണ് റീസർവ്വേ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളത്. ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോർഡ്സ് മൊഡണൈസേഷൻ പ്രോഗ്രാമനുസരിച്ച് ഡിജിറ്റൈസേഷൻ (സ്കാനിംഗ്) പൂർത്തിയാക്കിയ വില്ലേജുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റെക്കോർഡുകളുടെ ഇനം | സ്കാനിംഗ് പൂർത്തിയായ വില്ലേജുകൾ |
|---|---|---|
| 1 | എഫ്.എം.ബി. | 802 |
| 2 | ബ്ലോക്ക് മാപ്പുകൾ | 558 |
| 3 | ലാൻഡ് രജിസ്റ്റർ | 103 |
| 4 | ബി.ടി.ആർ. | 114 |
| 5 | ഏരിയ രജിസ്റ്റർ | 184 |
| 6 | സപ്ലിമെന്ററി എഫ്.എം.ബി. | 272 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ ഡിജിറ്റൈസേഷൻ പദ്ധതികളുടെ ഭാഗമായി 802 വില്ലേജുകളുടെ FMB മാപ്പുകൾ ഇ-രേഖ വെബ് പോർട്ടലിൽ പൊതുജനങ്ങൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. ടി റെക്കോർഡുകൾ www.erekha.kerala.gov.in എന്ന വെബ് പോർട്ടലിൽ നിന്നും ഓൺലൈനായി തെരയുന്നതിനും പണമടയ്ക്കാതെ തന്നെ കാണുന്നതിനും ഓൺലൈനായി പണമടച്ച് ഡൗൺലോഡ് ചെയ്യുന്നതിനും ഉള്ള സൗകര്യം ഒരുക്കിയിട്ടുള്ളതുമാണ്.

<u>റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ച നടപടികൾ</u>

സംസ്ഥാനത്ത് 1615 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡാറ്റാ എൻട്രി നടത്തി ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ ആക്കിയിട്ടുണ്ട്. ടി വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സ്വീകരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ശേഷിക്കുന്ന വില്ലേജുകൾ ഓൺലൈൻ ആക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(സി) സർക്കാർ ഭൂമിയുടെ സംരക്ഷണവും അവയുടെ പരിപാലനവും ഒപ്പം എല്ലാ സർക്കാർ ഭൂമിയുടെ വിവരങ്ങളും കേന്ദ്രീകൃത രീതിയിൽ സംരക്ഷിച്ച് അവ വിവേകപൂർവ്വം വിനിയോഗിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന പദ്ധതി 2008-ൽ രൂപീകരിച്ചത്. പദ്ധതിയുടെ ഒന്നാം ഘട്ടമായി സർക്കാർ ഭൂമി സംബന്ധിച്ച വിവരം ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ച് www.ksib.kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

നിലവിൽ ഇടുക്കി ജില്ലയിൽ നിയമിച്ചിട്ടുള്ള പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സിലെ ഉദ്യോഗസ്ഥരുടെ ശമ്പളം നൽകുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനുംവേണ്ടി ടി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ഇടുക്കി ജില്ലയിൽ നിലവിലുള്ള ടി ഉദ്യോഗസ്ഥരുടെ എണ്ണം അപര്യാപ്തമാകയാൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ലാൻഡ് ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയ ഭൂമി ഒഴിവാക്കിക്കൊടുക്കുന്നതുമായുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ വിലപിടിപ്പുള്ള സർക്കാർ പുറമ്പോക്ക് ഭൂമി ചുറ്റുമതിൽ/കമ്പിവേലി കെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ ഫണ്ടും നൽകിവരുന്നു.

റവന്യൂ ഭൂമി മുഴുവൻ റീസർവ്വേ നടത്തി ഉടമസ്ഥരുടെ അവകാശം സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സർക്കാർ ഭൂമിയുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി നിലവിൽ ഇടുക്കി ജില്ലയിലെ ദേവികുളം, ഉടുമ്പൻചോല, പീരുമേട് താലൂക്കുകളിലായി 9 അംഗങ്ങളെ ഉൾക്കൊള്ളിച്ച് പബ്ലിക് ലാൻഡ് പേഴ്സണൽസ് പ്രവർത്തിക്കുന്നുണ്ട്.

കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ (KLIM), കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് (KSLB) എന്നിവ സംയോജിപ്പിച്ചുകൊണ്ട് കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) എന്ന പേരിൽ ഒരു പുതിയ പി.എം.യു. രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. KLRMM രൂപീകരിക്കുന്ന മുറയ്ക്ക് കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് ഇതിൽ സംയോജിപ്പിക്കുന്നതുമാണ്.

**തീരദേശത്തിന്റെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ**

18(*256) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഇതിനായി കിഫ്ബി വഴി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനം അറിയിക്കാമോ;

(ബി) തീരദേശത്തെ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചെയ്തുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) പരപ്പനങ്ങാടി, പൊഴിയൂർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പുതുതായി മത്സ്യബന്ധനതുറമുഖം നിർമ്മിക്കുന്നതിനും മറ്റു സ്ഥലങ്ങളിൽ നിലവിലുള്ളവ നവീകരിക്കുന്നതിനുമുള്ള പ്രവർത്തനം അറിയിക്കാമോ;

(ഡി) വികസന പദ്ധതികൾ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കാതിരിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന രീതികൾ വ്യാപകമാക്കുന്നതിനും നടത്തി വരുന്ന പ്രവർത്തനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ, സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന

സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി, ആധുനിക മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് സ്ഥാപിക്കൽ, മൂല്യവർദ്ധിത മത്സ്യഉൽപ്പന്ന നിർമ്മാണം തുടങ്ങിയ വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പും അനുബന്ധ സ്ഥാപനങ്ങളും നടത്തിവരുന്നു.

തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതും തത്വത്തിൽ അംഗീകാരം നൽകിയതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| പദ്ധതി/അവസ്ഥ | പദ്ധതി തുക (കോടി) |
|---|---|
| പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ മാതൃകാ പഠനം പൂർത്തീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ എസ്.പി.വി. മുഖാന്തരം സ്വീകരിച്ചുവരുന്നു | 133.10 |
| ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ മാതൃകാ പഠനം പൂർത്തീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ എസ്.പി.വി. മുഖാന്തരം സ്വീകരിച്ചുവരുന്നു | 111.00 |
| മുതലപ്പൊഴി, കായംകുളം, തോട്ടപ്പള്ളി, ചേറ്റുവ, തലായ്, മഞ്ചേശ്വരം എന്നിവിടങ്ങളിലെ തീര സംരക്ഷണ പ്രവൃത്തികളുടെ പദ്ധതി രൂപരേഖയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. | 51.715 |
| കേരളത്തിലെ തീരപ്രദേശങ്ങളിലുള്ള തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളുടെ നവീകരണ പദ്ധതി | 294.72 |
| സംസ്ഥാനത്തെ മത്സ്യ മാർക്കറ്റുകളുടെ നവീകരണ പദ്ധതി | 193.46 |

ഇതിനുപുറമേ കൊല്ലം-താന്നി ഷോർ പ്രൊട്ടക്ഷൻ വർക്ക്, പൂന്തുറ-വലിയതുറ ഷോർ പ്രൊട്ടക്ഷൻ വർക്ക്, ഗ്രോയ്ൻസ് ആൻഡ് ബ്രേക്ക് വാട്ടർ നിർമ്മാണം, (6 പദ്ധതികൾ), ചെത്തി ഫിഷിംഗ് ഹാർബർ എന്നിവയും കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് രൂപീകരിച്ച തീരദേശ വികസന കോർപ്പറേഷൻ തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിയുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ബ്ലൂ റവല്യൂഷനിലും എൻ.എഫ്.ഡി.ബി. ധനസഹായത്തോടെയും മാർക്കറ്റുകളുടെ നവീകരണം, സംസ്ഥാന പദ്ധതി വിഹിതം പ്രയോജനപ്പെടുത്തി തീരദേശത്തെ സ്കൂൾ, ആശുപത്രി എന്നിവയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ, മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള മത്സ്യസങ്കേതങ്ങളും കൃത്രിമപ്പാരും സ്ഥാപിക്കൽ പദ്ധതി, മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പദ്ധതികൾ, ഉൾനാടൻ മേഖലയിൽ ഹാച്ചറികളുടെയും ഫാമുകളുടെയും നവീകരണ പ്രവർത്തനങ്ങൾ എന്നിവയും നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികളും നടപ്പാക്കിവരുന്നു. കിഫ്ബി വഴി പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയും തീരദേശ വികസന കോർപ്പറേഷനെ അംഗീകരിച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമേ വിവിധ വകുപ്പുകളുടെയും ഏജൻസികളുടേയും നിർമ്മാണ പ്രവർത്തനങ്ങളുടെ പി.എം.സി.യായും തീരദേശ വികസന കോർപ്പറേഷൻ പ്രവർത്തിച്ചുവരുന്നു.

(ബി) തീരദേശത്തെ റോഡുകൾ, ഉൾനാടൻ മത്സ്യബന്ധന കേന്ദ്രങ്ങളിലേയ്ക്കും വിപണന കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകൾ എന്നിവയുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നു.

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ എസ്.പി.വി. ആയി തീരുമാനിച്ച് പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ കൺസപ്റ്റ് റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. ഫിഷിംഗ് ഹാർബറിന് സ്ഥാനം നിർണ്ണയിച്ചും ഉത്തരവായിട്ടുണ്ട്. സി.ആർ.ഇസഡ്. ക്ലിയറൻസിനായി എൻ.സി.ഇ.എസ്.എസ്.-ന് ജി.എസ്.ടി. ഉൾപ്പെടെ 1,18,000 രൂപ നൽകിയിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സി. ലഭിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്.പി.വി. ആയ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനും കിഫ്ബിയും ഗവൺമെന്റുമായുള്ള Tripartite agreement കിഫ്ബിയിൽ നൽകിയിട്ടുണ്ട്. അനുവദനീയമായ 20% സെന്റേജ് ചാർജ് ആയ 66,25,700 രൂപ അനുവദിച്ചിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബി സൈറ്റിൽ അപ്‌ലോഡ് ചെയ്തിരുന്നു. 14-11-2018-ലെ പദ്ധതിയുടെ അപ്രൈസൽ റിപ്പോർട്ട് പ്രകാരം ആവശ്യപ്പെട്ട അധിക വിവരങ്ങൾ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

പൊഴിയൂരിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് 63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൻപ്രകാരം ഒരു വർഷമായി നീണ്ടുനിൽക്കുന്ന പഠന ഗവേഷണ പ്രവർത്തനങ്ങളായ ബീച്ച് ക്രോസ് സെക്ഷൻ, ഷോർലൈൻ സർവ്വേ, പ്രീമൺസൂൺ, മൺസൂൺ, പോസ്റ്റ് മൺസൂൺ വേവ് ഡാറ്റാ എന്നിവ എടുത്തിട്ടുണ്ട്. ടോപ്പോഗ്രാഫിക് സർവ്വേയും പൂർത്തീകരിച്ചിട്ടുണ്ട്. പൊഴിയൂരിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി തുറമുഖ എഞ്ചിനീയറിംഗ് വകുപ്പുതന്നെ പ്രാഥമിക മോഡൽ സ്റ്റഡി നടത്തുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന ടെൻഡേറ്റീവ് ലേഔട്ട് തുടർ പരിശോധനയ്ക്കും വിദഗ്ദ്ധ ഉപദേശത്തിനുമായി പൂനെയിലെ CWPRS-ന് നൽകുന്നതാണ്. മാതൃകാപഠനം പൂർത്തിയാക്കിയശേഷം EIA സ്റ്റഡികൂടി നടത്തേണ്ടതുണ്ട്. EIA ക്ലിയറൻസ് ലഭിച്ചശേഷം പദ്ധതി രൂപരേഖ തയ്യാറാക്കുന്നതാണ്.

(ഡി) മത്സ്യബന്ധന കേന്ദ്രങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ വിശദമായ ഇ.ഐ.എ. സ്റ്റഡി നടത്തി സുസ്ഥിര മത്സ്യബന്ധനത്തിനും തീരത്തിനും ഏറ്റവും അനുയോജ്യമായ മാതൃകയാണ് അംഗീകരിക്കുന്നത്. സുസ്ഥിര മത്സ്യബന്ധന രീതികൾ വ്യാപകമാക്കുന്നതിനും അവ വ്യാപിപ്പിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണം നടത്തുകയും നിലവിലുള്ള കെ.എം.എഫ്.ആർ. (KMFR) നിയമത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി മത്സ്യത്തൊഴിലാളി പങ്കാളിത്തം ഉറപ്പാക്കാൻ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ വില്ലേജ്, ജില്ലാ, സംസ്ഥാന തലങ്ങളിൽ രൂപീകരിക്കുന്നതിന് നടപടി എടുത്തുകഴിഞ്ഞു.

## പ്രളയ ദുരിതത്തിലകപ്പെട്ട വിദ്യാർത്ഥികൾ

19(*257) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എസ്.രാജേന്ദ്രൻ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ഹൈടെക് സംവിധാനങ്ങളിൽ പ്രളയം വരുത്തി വച്ച കേടുപാടുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രളയ ദുരിതത്തിൽ അകപ്പെട്ട വിദ്യാർത്ഥികളുടെ പുനരധിവാസത്തിനും സംരക്ഷണത്തിനുമായി വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട കുട്ടികൾക്ക് പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും യൂണിഫോമും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രളയംമൂലം സ്കൂളുകളിൽ നഷ്ടപ്പെട്ട പ്രവൃത്തി ദിനങ്ങൾ എപ്രകാരം പുനഃക്രമീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) വിദ്യാർത്ഥികൾക്കായി സ്കൂളുകളിൽ കൗൺസിലിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) പ്രളയബാധിത സ്കൂളുകളിൽ നടത്തിയ സർവ്വേ പ്രകാരം 488 ലാപ് ടോപ്പുകൾക്കും 697 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്കും 145 പ്രൊജക്ടറുകൾക്കും കേടുപാടുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രളയ ദുരിതത്തിലകപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും പാഠപുസ്തകങ്ങൾ, നോട്ട് ബുക്കുകൾ, മറ്റ് പഠന സാമഗ്രികൾ, യൂണിഫോം എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ UNICEF-ന്റെയും ചൈൽഡ് ലൈനിന്റെയും നേതൃത്വത്തിൽ കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ, മാനസികോല്ലാസ പരിപാടികൾ എന്നിവ നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) പ്രളയ ദുരന്തത്തിൽ പാഠപുസ്തകങ്ങളും നോട്ട് ബുക്കുകളും നഷ്ടപ്പെട്ട എല്ലാ കുട്ടികൾക്കും അവ വിതരണം ചെയ്തു. യൂണിഫോം നഷ്ടപ്പെട്ട 421 സ്കൂളുകളിലെ 11158 കുട്ടികൾക്ക് അവ വിതരണം നടത്തിവരുന്നു.

(ഡി) പ്രളയംമൂലം സ്കൂളുകളിൽ നഷ്ടപ്പെട്ട പ്രവൃത്തി ദിനങ്ങൾ പുനഃക്രമീകരിക്കുന്നതിന് ജില്ലകളിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ നേതൃത്വത്തിൽ ക്യു.ഐ.പി. (Quality Improvement Programme) യോഗം വിളിച്ചുചേർത്ത് നഷ്ടപ്പെട്ട പ്രവൃത്തിദിനങ്ങൾ എത്രയെന്ന് കണ്ടെത്തി ശനിയാഴ്ച ഉൾപ്പെടെയുള്ള അവധിദിനങ്ങൾ പ്രവൃത്തിദിനങ്ങളായി മാറ്റി കലണ്ടർ തയ്യാറാക്കി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന് അതാതു വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ഇതിനകം ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) പ്രളയം ബാധിച്ച എല്ലാ ജില്ലകളിലും UNICEF-NIMHANS, ബാംഗ്ലൂർ എന്നിവയുമായി ചേർന്ന് Recreational Counseling പരിപാടി എസ്.സി.ഇ.ആർ.ടി. സംഘടിപ്പിച്ചു. അതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ആലപ്പുഴ, എറണാകുളം, പത്തനംതിട്ട ജില്ലകളിലെയും രണ്ടാം ഘട്ടത്തിൽ വയനാട്, ഇടുക്കി, പാലക്കാട്, കോട്ടയം, തൃശ്ശൂർ ജില്ലകളിലെയും അദ്ധ്യാപകർക്ക് പരിശീലനം നൽകി. ഏകദേശം

ആറായിരത്തോളം അദ്ധ്യാപകർക്ക് പരിശീലനം നൽകി. പ്രസ്തുത അദ്ധ്യാപകർ സ്കൂളിലെ വിദ്യാർത്ഥികൾക്ക് നേരിട്ട് പരിശീലനം നടത്തിവരുന്നു. മൂന്നാം ഘട്ടമായി മറ്റു നാലു ജില്ലകളിലും പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. തുടർ കൗൺസിലിംഗ് സേവനങ്ങളും NIMHANS-മായി ചേർന്ന് നടപ്പാക്കിവരുന്നു.

## റോഡ് നിർമ്മാണത്തിനായുള്ള അസംസ്കൃത വസ്തുക്കളുടെ ക്ഷാമം

20(*258) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിനായുള്ള അസംസ്കൃത വസ്തുക്കളുടെ രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്നുണ്ടോ;

(ബി) ഇതുമൂലം സംസ്ഥാനത്തെ റോഡ് പണികൾ സ്തംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) ടാറിന്റെ ലഭ്യതക്കുറവും അമിതമായ വിലയും കാരണം റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണോ;

(ഡി) പ്രസ്തുത സാഹചര്യത്തിൽ ടെണ്ടറുകളിൽ നിന്നും കരാറുകാർ വിട്ടുനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിന് പ്രസ്തുത കാരണങ്ങൾ വിഘാതം സൃഷ്ടിക്കുന്നുണ്ടോ; വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ജി. സുധാകരൻ): (എ) റോഡ് നിർമ്മാണത്തിനായുള്ള അസംസ്കൃത വസ്തുക്കളുടെ ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

(ബി) റോഡ് നിർമ്മാണത്തിനായുള്ള അസംസ്കൃത വസ്തുക്കളുടെ ക്ഷാമംമൂലം റോഡ് പണികൾ സ്തംഭിച്ചിട്ടില്ലെങ്കിലും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിൽ ഇതുമൂലം കാലതാമസം നേരിടുന്നുണ്ട്. പല പ്രവൃത്തികളും റീ ടെണ്ടർ ചെയ്യേണ്ട സാഹചര്യവും ഉണ്ടാകുന്നുണ്ട്. റോഡ് നിർമ്മാണത്തിന് ആവശ്യമായ ഗ്രാവൽ, മെറ്റൽ, മണൽ എന്നിവയുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൂടുതൽ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുവാനായി തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും റോഡ് നിർമ്മാണത്തിനാവശ്യമായ മെറ്റീരിയൽസ് നികുതി ഇളവ് വരുത്തി

കൊണ്ടുവരുന്നതിന് അനുമതി നൽകാമെന്നും തീരുമാനമായിട്ടുണ്ട്. കൂടാതെ മറ്റ് രാജ്യങ്ങളിൽ നിന്നും അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് പരിശോധിച്ചുവരികയാണ്.

(സി) ടാറിന്റെ ലഭ്യതക്കുറവും അമിതമായ വിലയുംകാരണം റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചിട്ടില്ല. ബിറ്റുമിൻ നിരക്ക് അധികരിച്ചതിനുശേഷം അതിന് മുമ്പെയുള്ള പ്രവൃത്തികൾ ഏറ്റെടുത്ത ചില കരാറുകാർക്ക് പ്രയാസം നേരിട്ടിരുന്നതായി അറിയിച്ചിരുന്നു. 13-11-2018-ലെ സ.ഉ.(സാധാ)നമ്പർ 9386/2018/ഫിൻ. പ്രകാരം ടെണ്ടർ ക്ലോസ് ചെയ്യുന്ന തീയതിയിലെയും ഇൻവോയിസ് തീയതിയിലെയും ബിറ്റുമിന്റെ വിലയിലുള്ള വ്യത്യാസം നൽകാമെന്ന ഉത്തരവ് നൽകിയിട്ടുള്ളതിനാൽ പ്രസ്തുത വിഷയം പരിഹരിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യംമൂലം കരാറുകാർ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിട്ടില്ല. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയെ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം ബാധിച്ചിട്ടുണ്ട്.

(ഡി) ചില മേഖലകളിലെ ടെണ്ടറുകളിൽനിന്നും കരാറുകാർ വിട്ടു നിന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിന് പ്രസ്തുത കാരണങ്ങൾ മൊത്തത്തിൽ തടസ്സം സൃഷ്ടിച്ചിട്ടില്ല. എന്നാൽ ഇടുക്കി, എറണാകുളം, വയനാട് എന്നീ ജില്ലകളിലെ പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ ക്ഷാമം പ്രവർത്തന പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

**സാഗര മൊബൈൽ ആപ്ലിക്കേഷൻ**

21(*260) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പാക്കിയ സാഗര മൊബൈൽ ആപ്ലിക്കേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) സാഗര മൊബൈൽ ആപ്ലിക്കേഷൻ നടപ്പാക്കിയത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സ്മാർട്ട്ഫോൺ ഉപയോഗിക്കാൻ അറിയാത്ത നിരക്ഷരരായ മത്സ്യത്തൊഴിലാളികൾ സാഗര മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കാത്ത സാഹചര്യം നിലവിലുണ്ടോ;

(ഡി) മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളുടെ വിവരങ്ങൾ ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് ശേഖരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി മത്സ്യബന്ധന വകുപ്പ് നാഷണൽ ഇൻഫർമാറ്റിക് സെന്ററുമായി ചേർന്ന് രൂപം കൊടുത്ത ഒരു മൊബൈൽ ആപ്ലിക്കേഷനാണ് 'സാഗര'. ഈ മൊബൈൽ ആപ്ലിക്കേഷനിൽ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി 50 സാഗര ഫെസിലിറ്റേറ്റർമാരെ 9 ജില്ലകളിലായി തെരഞ്ഞെടുത്ത് പരിശീലനം നൽകി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവർ മത്സ്യത്തൊഴിലാളികളുടെ ആൻഡ്രോയിഡ് ഫോണുകളിലേയ്ക്ക് പ്രസ്തുത ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് നൽകുകയും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ 'സാഗര'യിൽ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. കടലിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ പേരുവിവരങ്ങൾ ഏതുസമയവും അറിയുന്നതിനും അടിയന്തര സന്ദർഭങ്ങളിൽ തീരക്കടലിൽ മുന്നറിയിപ്പുകൾ നൽകുന്നതിനും സാഗര മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്താൻ കഴിയും.

(ബി) സാഗര മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കുന്നത് പ്രാരംഭ ഘട്ടത്തിലാണ്. ഇതിനകം 7578 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കടലിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ ഏതുസമയവും അറിയാൻ സാധിക്കുമെന്നതിനാൽ ഓഖി പോലുള്ള ദുരന്തങ്ങളുണ്ടാകുമ്പോൾ എത്രപേർ കടലിൽ അകപ്പെട്ടു എന്നും അവർ സ്ഥിരമായി മത്സ്യബന്ധനം നടത്തുന്ന ഏകദേശ സ്ഥാനവും മനസ്സിലാക്കി രക്ഷാപ്രവർത്തനം വേഗത്തിലാക്കാൻ സാധിക്കുമെന്നതുമാണ് സാഗരയുടെ പ്രത്യേകത. ഇത് ഏറെ ഉപയോഗപ്രദമാണെന്ന് മത്സ്യത്തൊഴിലാളികൾക്കിടയിൽ അഭിപ്രായമുണ്ട്. ഇതുകൂടാതെ മത്സ്യത്തൊഴിലാളികളുടെയും യാനങ്ങളുടെയും വിവരങ്ങൾ ശേഖരിക്കാനും സാഗര വഴി സാദ്ധ്യമാകും.

(സി) മത്സ്യത്തൊഴിലാളി മത്സ്യബന്ധനത്തിനായി കടലിൽ പോകുമ്പോഴും തിരിച്ചെത്തുമ്പോഴും യാനം ഉടമസ്ഥനോ അതിലെ പ്രധാന തൊഴിലാളിയോ അവരുടെ കുടുംബാംഗങ്ങൾക്കോ ആൻഡ്രോയിഡ് ഫോണിലൂടെ വിവരം രേഖപ്പെടുത്താൻ സാധിക്കും. ഇതിന് പുറമേ ആദ്യ വർഷത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ സഹായം നൽകുന്നതിനായി 50 സാഗര ഫെസിലിറ്റേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. എന്നാൽ ചില മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് ആൻഡ്രോയിഡ് ഫോൺ ഇല്ലാത്തതിനാൽ സാഗര രജിസ്ട്രേഷൻ വേഗത്തിലാക്കാൻ കഴിയുന്നില്ല എന്ന പ്രശ്നമുണ്ട്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതിയാണിതെന്നതിനാൽ ഓരോ മത്സ്യബന്ധനയാനങ്ങളിലും ഒരാൾക്കെങ്കിലും ആൻഡ്രോയിഡ് ഫോൺ ഉണ്ടാകണമെന്ന് നിഷ്കർഷിക്കുന്നതാണ്.

(ഡി) 7578 യാനങ്ങളുടെ വിവരങ്ങൾ ഇതിനകം ശേഖരിച്ചിട്ടുണ്ട്. യാനത്തിന്റെ പേര്, ഉടമയുടെ പേര്, ഉടമയുടെ ഫോൺ നമ്പർ, കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ പേരുവിവരങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ, യാനത്തിലെ തൊഴിലാളികളുടെ എണ്ണം, അവരെ സംബന്ധിക്കുന്ന മൊബൈൽ ഫോൺ നമ്പരുകൾപ്പെടെയുള്ള വിവരങ്ങൾ എന്നിവ ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് ശേഖരിക്കാൻ കഴിയുന്നുണ്ട്.

**കഞ്ചിക്കോട് കോച്ച് ഫാക്ടറി**

22(*T262) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കഞ്ചിക്കോട് കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിൽനിന്നും കേന്ദ്ര സർക്കാർ പിൻമാറിയതായി അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള എന്ത് കാരണമാണ് സൂചിപ്പിച്ചിട്ടുള്ളത്;

(ബി) റെയിൽവേയ്ക്ക് കോച്ച് ഫാക്ടറിയുടെ കാര്യത്തിൽ താൽപ്പര്യം ഇല്ലെങ്കിൽ സംസ്ഥാന സർക്കാർ പദ്ധതി എറ്റെടുക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിക്കായി എത്ര ഏക്കർ സ്ഥലമാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയത്;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) മെട്രോ കോച്ചുകൾ നിർമ്മിക്കുന്ന കമ്പനികളുമായി സംയുക്ത സംരംഭത്തിന് ഈ സ്ഥലം പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ-ഡി) പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ പദ്ധതി റെയിൽവേ 2008-09-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഏകദേശം 1215 കോടി രൂപ ചെലവിൽ 430.59 ഏക്കർ സ്ഥലത്ത് മൂന്ന് വർഷംകൊണ്ട് പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 239 ഏക്കർ ഭൂമി റെയിൽവേയ്ക്ക് കൈമാറാൻ 28-1-2012-ലെ സ.ഉ.(കൈ) നമ്പർ 35/2012/റവ പ്രകാരം ഉത്തരവായിരുന്നു. ഇതുകൂടാതെ ആദ്യഘട്ടത്തിൽ 94.85 ഏക്കർകൂടി പദ്ധതിക്ക് ആവശ്യമാണെന്ന് റെയിൽവേ അറിയിച്ചിരുന്നു. പ്രസ്തുത ഭൂമികൂടി കൈമാറാനുള്ള നടപടികൾ സ്വീകരിച്ചുവരുമ്പോൾ 230.10 ഏക്കർ മാത്രമേ ഒന്നാം ഘട്ടത്തിൽ ആവശ്യമുള്ളൂവെന്ന് സതേൺ റെയിൽവേ ചീഫ് ജനറൽ എഞ്ചിനീയർ അറിയിക്കുകയും ആയതിൻപ്രകാരം തുടർന്നുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തിവയ്ക്കുകയുമുണ്ടായി. പ്രതിവർഷം 400 കോച്ചുകൾ എന്ന ക്രമത്തിൽ പകുതി റെയിൽവേ കോച്ചുകളും പകുതി മെട്രോ കോച്ചുകളും ഉൾപ്പെടെ 4000-ത്തോളം അലുമിനിയം കോച്ചുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയാണ് ഉണ്ടായിരുന്നത്. എന്നാൽ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് (സെയിൽ) അലുമിനിയം കോച്ചുകൾ നിർമ്മിക്കുന്നതിനോട് താൽപ്പര്യം പ്രകടിപ്പിച്ചില്ല. സ്റ്റീൽ കോച്ചുകൾ നിർമ്മിക്കുന്ന പ്രൊപ്പോസലിനാണ് സെയിൽ താൽപ്പര്യപ്പെടുന്നതെന്ന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി നടന്ന മെഗാ പ്രോജക്ടുകളുടെ റിവ്യൂ മീറ്റിംഗിൽ റെയിൽവേ അധികാരികൾ അറിയിക്കുകയുണ്ടായി. നാഷണൽ അലുമിനിയം കമ്പനി (NALCO)യോട് ചേർന്ന് 23% ഓഹരി പങ്കാളിത്ത പദ്ധതിക്കുവേണ്ടിയുള്ള സാദ്ധ്യതകൾ പരിശോധിച്ച് വരികയാണെന്നും പ്രസ്തുത സംരംഭത്തിൽ കേരള ഗവൺമെന്റിന്റെ ഓഹരി പങ്കാളിത്തം ഉണ്ടാകണമെന്നും PPP മോഡൽ വഴിയായി 26% ഓഹരി പങ്കാളിത്തത്തോടെയുള്ള പദ്ധതിക്ക് ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ടെന്നും റെയിൽവേ അറിയിച്ചിരുന്നു. എന്നാൽ കഞ്ചിക്കോടിലെ റെയിൽ കോച്ച് ഫാക്ടറി ആരംഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി എത്രയും പെട്ടെന്ന് ആരംഭിക്കുവാനായി ബഹു. പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ മന്ത്രിക്കും 19-6-2018, 24-6-2018 തീയതികളിൽ കത്തുകൾ അയയ്ക്കുകയും എം.പി.മാർ വഴിയും ഉദ്യോഗസ്ഥ തലത്തിലും സമ്മർദ്ദം ചെലുത്തുകയും ചെയ്തിരുന്നു. എന്നാൽ 550 കോടി രൂപയ്ക്ക് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന ഒന്നാം ഘട്ട പദ്ധതി നടപ്പിലാക്കുവാൻ നിലവിൽ

കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നില്ലെന്നും നിലവിലുള്ള റെയിൽവേയുടെ സൗകര്യങ്ങൾ ഭാവിയിൽ ഉണ്ടാകാവുന്ന കോച്ചുകളുടെ ആവശ്യം പരിഹരിക്കാനുതകുന്നതാണെന്നും ആയതിനാൽ പദ്ധതി നടപ്പിലാക്കുവാൻ നിർവ്വാഹമില്ല എന്നുമാണ് 19-11-2018-ൽ കേന്ദ്ര റെയിൽവേ മന്ത്രി അറിയിച്ചിട്ടുള്ളത്.

**രാസവസ്തുക്കൾ ചേർത്ത മത്സ്യം**

23(*263) ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. ദാസൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കും മാരക രോഗങ്ങൾക്കും കാരണമാകുന്ന ഫോർമാലിൻ, അമോണിയ പോലുള്ള രാസവസ്തുക്കൾ ചേർത്ത മത്സ്യം സംസ്ഥാനത്ത് വില്പനയ്ക്ക് എത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കച്ചവടക്കാരുടെയും ഇടനിലക്കാരുടെയും അമിത ലാഭേച്ഛയോടുകൂടിയ ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് ഫിഷറീസ് വകുപ്പ് എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യ ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് മത്സ്യത്തൊഴിലാളികളെയും മത്സ്യക്കച്ചവടക്കാരെയും ബോധവൽക്കരിക്കുന്നതിന് കടലോര ജാഗ്രത സമിതികളെക്കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടോ;

(ഡി) ഇത്തരത്തിലുള്ള രാസവസ്തുക്കളുടെ ഉപയോഗം തടയുന്നതിന് മത്സ്യത്തിന്റെ സംഭരണം, വിതരണം, വിപണനം തുടങ്ങിയ വേളകളിൽ ശീതീകരണ സംവിധാനത്തിന്റെ കാര്യക്ഷമമായ ഉപയോഗം ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ & ബി) ഉണ്ട്.

ഫുഡ്സേഫ്റ്റി വിഭാഗവുമായി ചേർന്ന് ഇത്തരം മത്സ്യങ്ങൾ പരിശോധിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

• ഫിഷറീസ് വകുപ്പും ഭക്ഷ്യ സുരക്ഷാ വകുപ്പും സംയുക്തമായി ജില്ലകൾ തോറും ഭക്ഷ്യസുരക്ഷാ സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

• സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത പരിശോധനാ കിറ്റ് ഉപയോഗിച്ച് മത്സ്യത്തിലെ അമോണിയ/ഫോർമാലിൻ സാന്നിദ്ധ്യം പരിശോധിച്ചുവരുന്നു.

• മത്സ്യ മാർക്കറ്റുകളിലും ചില്ലറ വിൽപ്പന കേന്ദ്രങ്ങളിലും രാസവസ്തുക്കൾ കലർത്തിയ മത്സ്യ വിൽപ്പന തടയുന്നതിനായി പരിശോധനകൾ നടത്തിവരുന്നു.

• സ്ക്വാഡിന്റെ നേതൃത്വത്തിൽ ഫിഷിംഗ് ഹാർബറുകൾ, ലാൻഡിംഗ് സെന്ററുകൾ, ഹോൾ സെയിൽ & റീട്ടെയിൽ ഫിഷ് മാർക്കറ്റുകൾ, ഫിഷ് മാളുകൾ എന്നിവ സംബന്ധിച്ച വിവരശേഖരണം നടത്തുകയും മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ചും ലാൻഡിംഗ് സെന്ററുകൾ കേന്ദ്രീകരിച്ചും ഭക്ഷ്യ സുരക്ഷ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. കൂടാതെ മത്സ്യത്തിൽ രാസവസ്തുക്കൾ ചേർത്ത് വിൽപ്പന നടത്തുന്നതുമൂലം മനുഷ്യരുടെ ആരോഗ്യത്തിന് സംഭവിക്കുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

• രാസവസ്തുക്കൾ കലർത്തിയിട്ടുള്ള മത്സ്യവിൽപ്പനയ്ക്കെതിരെ 2006-ലെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്ട് അനുസരിച്ച് നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാൻഡിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്തവ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ചേർക്കുന്നതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലം മനുഷ്യന് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ മാനന്തവാടിയിലും കൽപ്പറ്റയിലും രണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിരുന്നു. ആലപ്പുഴ ജില്ലയിൽ 12 ഇടങ്ങളിലായി ഒക്ടോബർ, നവംബർ മാസങ്ങളിലായി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചിരുന്നു. വിവിധ പദ്ധതികളുടെ വിവരങ്ങൾ മത്സ്യത്തൊഴിലാളികളിൽ എത്തിക്കുന്നതിനായി വകുപ്പ് നടപ്പാക്കിയ 100 ബോധവൽക്കരണ പരിപാടിയിലും ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്.

(ഡി) ഉപഭോക്താക്കൾക്ക് ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ലഭിക്കുന്നതിനും സംസ്ഥാനത്തെ മത്സ്യ വിപണനം നിയന്ത്രിക്കുന്നതിനും ശുചിത്വം ഉറപ്പാക്കുന്നതിനുമായുള്ള നിയമ നിർമ്മാണം പരിഗണനയിലാണ്.

**പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ആസ്തികളുടെ പരിപാലനം**

24(*264) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലങ്ങൾ, കലുങ്കുകൾ, റോഡുകൾ, റസ്റ്റ് ഹൗസുകൾ തുടങ്ങി പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ആസ്തികളുടെ പരിപാലനത്തിനായി രൂപപ്പെടുത്തിയിട്ടുള്ള നയം വിശദമാക്കാമോ;

(ബി) ഈ കാലവർഷക്കാലത്തെ അതിവർഷത്തിനു മുമ്പായിത്തന്നെ 162 പാലങ്ങൾ പുനർനിർമ്മിക്കണമെന്നും 208 പാലങ്ങൾക്ക് ഹെവി മെയിന്റനൻസ് ആവശ്യമാണെന്നും കണ്ടെത്തിയിരുന്നതിനാൽ അവ പുനർനിർമ്മിക്കുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) കുറ്റാലം വിശ്രമമന്ദിരം കയ്യേറിയത് ഒഴിപ്പിക്കാനും ആലുവ, മൂന്നാർ, വൈക്കം വിശ്രമമന്ദിരങ്ങൾ ലീസിനു നൽകിയതിന്റെ അവകാശം വീണ്ടെടുക്കാനും ഈ സർക്കാർ നടത്തിയ ഇടപെടൽ അറിയിക്കാമോ;

(ഡി) നിലവിലുള്ള വിശ്രമമന്ദിരങ്ങൾ നവീകരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) റോഡുകളുടെയും പാലങ്ങളുടെയും പരിപാലനത്തിനായി രൂപീകരിച്ചിട്ടുള്ള നയം നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള റോഡുകളുടെ ശരിയായ സംരക്ഷണമാണ് ലക്ഷ്യമിടുന്നത്. പാലങ്ങളുടെയും കലുങ്കുകളുടെയും സമയബന്ധിതമായ പരിപാലനം നടത്തുന്നതിനും ഈ നയം ലക്ഷ്യമിടുന്നു. ഇതിൻപ്രകാരം റോഡുകളുടെ പരിപാലനത്തിനായി ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

ഈ നയത്തിന്റെ പ്രധാന സവിശേഷതകൾ താഴെപ്പറയുന്നു.

1. ഇന്ത്യൻ റോഡ്സ് കോൺഗ്രസ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം റോഡുകളുടെ നിലവാരം നിലനിർത്തുക.

2. വിവിധതരം റോഡുകളുടെ പ്രാധാന്യവും വാഹനസാന്ദ്രതയും കണക്കിലെടുത്ത് കേരളത്തിന്റെ അവസ്ഥയ്ക്ക് അനുയോജ്യമായ പരിപാലനരീതികൾ അവലംബിക്കുക.

3. റോഡുകളുടെ പരിപാലനത്തിന് നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുകയും റോഡ് സുരക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

4. ആവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ നോഡൽ ഏജൻസി ആക്കുക.

5. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സമയബന്ധിത നിർവ്വഹണത്തിനും കരാറുകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായ നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ കർശനമായി നടപ്പാക്കും.

പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള പാലങ്ങളുടെ പരിപാലനത്തിനായി രൂപപ്പെടുത്തിയിട്ടുള്ള നയങ്ങൾ താഴെപ്പറയുന്നു.

കേരളത്തിൽ പാലങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ചുള്ള പഠനം നടന്നിരുന്നില്ല. 100 വർഷത്തിലധികം പഴക്കമുള്ള 10 പാലങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. 18 വർഷം മാത്രം പഴക്കമുള്ള ഏനാത്ത് പാലത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ മുഴുവൻ പാലങ്ങളെ സംബന്ധിച്ചും പ്രാഥമിക വിവരശേഖരണം നടത്തിക്കഴിഞ്ഞു. കേരളത്തിൽ മൊത്തം 2349 പാലങ്ങളാണുള്ളത്. അതിൽ സാധാരണ അറ്റകുറ്റപ്പണികൾ ആവശ്യമുള്ളത് 1281-ഉം പുനരുദ്ധാരണം ആവശ്യമുള്ളത് 208-ഉം പുതുക്കിപണിയേണ്ടത് 162-മാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പാലങ്ങൾക്കുമാത്രമായി പ്രത്യേക വിഭാഗം രൂപീകരിച്ച് ഒരു ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. വിശദമായ പഠനം നടത്തുന്നതിന് വിദഗ്ദ്ധരടങ്ങുന്ന സ്ഥിരം ടീമിനെ നിയോഗിക്കും. വിശദ പഠനത്തിൽ കണ്ടെത്തുന്ന സുരക്ഷിതമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ പാലങ്ങളുടെ പുനരുദ്ധാരണ/നവീകരണ/അറ്റകുറ്റപ്രവൃത്തികൾ ഏറ്റെടുക്കും. പാലങ്ങളുടെ കാര്യത്തിൽ ഫലപ്രദമായ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കും. പാലങ്ങളുടെ ശരിയായ പരിപാലനത്തിനും സമയബന്ധിതമായ അറ്റകുറ്റപ്പണികൾ, ബലപ്പെടുത്തൽ എന്നിവ നടത്തുന്നതിനും ബ്രിഡ്ജ്സ് ഇൻസ്പെക്ഷൻ ആൻഡ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കും.

16-11-2018-ലെ സ.ഉ.(കൈ) നമ്പർ 41/2018/പൊ.മ.വ. എന്ന സർക്കാർ ഉത്തരവുപ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന പൊതുമരാമത്ത് നയം 2018 അനുസരിച്ച് നിലവിൽ ക്ലാസ്-1 വിഭാഗത്തിൽ 31-ഉം ക്ലാസ്-2 വിഭാഗത്തിൽ 122-ഉം ആയി ആകെ 153 റസ്റ്റ് ഹൗസുകളാണ് കെട്ടിട വിഭാഗത്തിന് കീഴിലുള്ളത്.

ലീസിന് നൽകിയ വൈക്കം റസ്റ്റ് ഹൗസ് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. അത് പ്രവർത്തിച്ചുവരുന്നു. മൂന്നാർ, ആലുവ റസ്റ്റ് ഹൗസുകൾകൂടി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മൂന്നാർ റസ്റ്റ് ഹൗസ് ഉടൻതന്നെ പൂർണ്ണമായും സർക്കാരിന്റെ അധീനതയിലാവുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ആയതിന്റെ കോടതി നടപടികൾ അവസാന ഘട്ടത്തിലാണ്. കുറ്റാലം പാലസ് നിലവാരമുയർത്തി മെച്ചപ്പെടുത്തും.

ഇനിയും ക്യാന്റീൻ സൗകര്യം ഇല്ലാത്ത റസ്റ്റ് ഹൗസുകളിൽ ആയതിനുള്ള സൗകര്യം കൊണ്ടുവരും.

റസ്റ്റ് ഹൗസ് ബുക്കിംഗിന് കേന്ദ്രീകൃത ഓൺലൈൻ സംവിധാനമൊരുക്കുന്നത് പരിഗണനയിലാണ്.

(ബി) സംസ്ഥാനത്തെ പാലങ്ങളുടെ പരിശോധന നടത്തുകയും അതിൻപ്രകാരം 162 പാലങ്ങൾക്ക് പുനർനിർമ്മാണം ആവശ്യമാണെന്നും 208 പാലങ്ങൾക്ക് പുനരുദ്ധാരണം ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. ഇതിൻപ്രകാരം എല്ലാ പാലങ്ങളുടെയും ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും ഡിസൈൻ തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുംവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. നിലവിൽ 37 പാലങ്ങൾക്ക് അതായത് ബജറ്റിൽ 17-ഉം കിഫ്ബിയിൽ 20 പ്രവൃത്തികൾക്കുമാണ് ഭരണാനുമതി നൽകിയത്. ഇതിൽ ബഡ്ജറ്റിലെ 3 പ്രവൃത്തികളും കിഫ്ബിയിലെ 12 പ്രവൃത്തികളും ടെണ്ടർ ചെയ്തിട്ടുണ്ട്. പാലങ്ങളുടെയും കലുങ്കുകളുടെയും പുനർനിർമ്മാണത്തിനായി 2018-19-ലെ ബജറ്റിൽ 5054-04-101-85(P) എന്ന പുതിയ ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചിട്ടുണ്ട്. 12 പാലങ്ങളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കുള്ള പ്രൊപ്പോസലിൽ നടപടി സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ സ്റ്റേജിൽ 80-ഉം ഡിസൈൻ പുരോഗതിയിൽ 19-ഉം ഡി.പി.ആർ. പ്രിപ്പറേഷനിൽ 6-ഉം പാലങ്ങളാണുള്ളത്. ഭരണാനുമതി ലഭിച്ചതിൽ ബജറ്റിൽ 5 പാലങ്ങളുടെയും കിഫ്ബിയിൽ 3 പാലങ്ങളുടെയും പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അവ പുരോഗതിയിലാണ്. ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ പൂർത്തിയാക്കി ബാക്കിയുള്ള പാലങ്ങളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കുന്നതിനും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

(സി) കുറ്റാലം കേരള പാലസും അതുൾപ്പെടുന്ന 56 ഏക്കർ സ്ഥലവും അനധികൃതമായി കൈവശപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നിരുന്നു. സർക്കാരിന്റെ സമയോചിതവും ഫലപ്രദവുമായ ഇടപെടൽമൂലം അതിന് തടയിട്ട് സ്ഥലവും

കെട്ടിടവും വകുപ്പിന്റെ പരിപൂർണ്ണ നിയന്ത്രണത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്ഥലത്തിന് ചുറ്റുമുള്ള സംരക്ഷണ ഭിത്തിക്കുമുകളിൽ കമ്പിവേലി പണിത് കൂടുതൽ സുരക്ഷിതമാക്കിയിട്ടുണ്ട്. സുരക്ഷയ്ക്കായി കേരള പോലീസിനേയും നിയമിച്ചിട്ടുണ്ട്. ആലുവ, മൂന്നാർ റസ്റ്റ് ഹൗസുകൾ വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ട കേസുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. മൂന്നാർ റസ്റ്റ് ഹൗസ് ഉടനെ തന്നെ പൂർണ്ണമായി തിരികെ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആയതിന്റെ കോടതി നടപടികൾ അവസാന ഘട്ടത്തിലാണ്. വൈക്കം റസ്റ്റ് ഹൗസ് സർക്കാരിന്റെ കീഴിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

(ഡി) ഉണ്ട്. വിശ്രമ മന്ദിരങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 872.18 ലക്ഷം രൂപയുടെയും 2017-18 സാമ്പത്തിക വർഷത്തിൽ 4219.61 ലക്ഷം രൂപയുടെയും 2018-19 സാമ്പത്തിക വർഷത്തിൽ ഇതുവരെയായി 1061.90 ലക്ഷം രൂപയുടെയും അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ ഇപ്പോൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൂടാതെ റസ്റ്റ് ഹൗസിലെ ജീവനക്കാർക്ക് യൂണിഫോം ഏർപ്പാടാക്കുകയും 80-ഓളം ജീവനക്കാർക്ക് 'ഹോസ്പിറ്റാലിറ്റി' ട്രെയിനിംഗ് നൽകുകയും ബാക്കി ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു. അതിന്റെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## സ്കൂൾപഠനം ഉപേക്ഷിക്കുന്ന വിദ്യാർത്ഥികൾ

25(*265) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങളാൽ സ്കൂൾപഠനം ഉപേക്ഷിക്കുന്നവരെ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) പഠനം പൂർത്തിയാക്കാതെ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നതിന്റെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;

(സി) വരും വർഷങ്ങളിൽ ഇത്തരം കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) വിവിധ കാരണങ്ങളാൽ സ്കൂൾപഠനം ഉപേക്ഷിക്കുന്നവരെ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് 2017-18-ൽ സംസ്ഥാന വ്യാപകമായി ഒരു പഠനം നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനായി നിരവധി പരിപാടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## മത്സ്യത്തൊഴിലാളികളുടെ കണക്കുകൾ ശേഖരിക്കാൻ മൊബൈൽ ആപ്ലിക്കേഷൻ

26(*266) ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികളുടെ കൃത്യമായ കണക്കുകൾ ശേഖരിക്കാൻ കഴിയുന്ന വിധത്തിൽ വകുപ്പ് എന്തെങ്കിലും ആപ്ലിക്കേഷനുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ട പരിചയ ക്ലാസ്സുകൾ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ; ഇതിൽ എല്ലാ തൊഴിലാളികൾക്കും രജിസ്റ്റർ ചെയ്യാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് അവബോധമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) കടൽ മത്സ്യബന്ധനത്തിന് പോകുന്നതും തിരികെ വരുന്നവരുമായ മത്സ്യത്തൊഴിലാളികളുടെയും യാനങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന വിധം 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷൻ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ടി മൊബൈൽ ആപ്ലിക്കേഷൻ മത്സ്യത്തൊഴിലാളികൾക്ക് ഡൗൺലോഡ് ചെയ്ത് നൽകുന്നതിനും ആയത് മത്സ്യത്തൊഴിലാളികൾക്ക് പരിചയപ്പെടുത്തുന്നതിനുമായി 9 കടലോര ജില്ലകളിലായി 50 'സാഗര' ഫെസിലിറ്റേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. പ്രത്യേക പരിശീലനം നേടിയിട്ടുള്ള ഇവരുടെ നേതൃത്വത്തിൽ ടി മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നത് സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണം നൽകി വരുന്നു. മത്സ്യത്തൊഴിലാളികളുടെ ആൻഡ്രോയിഡ് ഫോണുകളിലേയ്ക്കാണ് ടി ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് നൽകുന്നത്.

(ബി & സി) ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യാൻ വേണ്ട പരിശീലന ക്ലാസ്സുകൾ ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്കും ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. കൂടാതെ സാഗര പദ്ധതി നടപ്പിലാക്കുന്നതിനായി 9 മറൈൻ ജില്ലകളിലായി നിയോഗിക്കപ്പെട്ട 50 സാഗര ഫെസിലിറ്റേറ്റർമാർ ഹാർബറുകളും ലാൻഡിംഗ് സെന്ററുകളും കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളികളുടെ ആൻഡ്രോയിഡ് ഫോണിലേയ്ക്ക് ടി ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് നൽകുകയും ടി ആപ്ലിക്കേഷൻ ഉപയോഗിക്കുന്നത് സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുകയും അവബോധം ഉണ്ടാക്കുകയും ചെയ്തുവരുന്നു. 4-12-2018 വരെ 9 തീരദേശ ജില്ലകളിലായി 7578 യാനങ്ങൾ 'സാഗര'യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ മലയാള പരിഭാഷ**

27(*267) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എം. സ്വരാജ് :
ശ്രീ. പി. കെ. ശശി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പാഠപുസ്തകങ്ങളാണ് മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളതെന്നും വിദ്യാർത്ഥികൾക്ക് ഇത് എപ്രകാരമെല്ലാം പ്രയോജനപ്രദമാകുമെന്നും വ്യക്തമാക്കാമോ;

(സി) പാഠപുസ്തകങ്ങൾ പരിഭാഷപ്പെടുത്തുന്നതോടൊപ്പം മലയാളത്തിൽ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട സാങ്കേതിക ശബ്ദാവലി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് സി.ബി.എസ്.ഇ. അടക്കമുള്ള എല്ലാ സ്കൂളുകളും മലയാള ഭാഷാ പഠനം നിർബന്ധമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) ഉണ്ട്.

(ബി) ശാസ്ത്രവിഷയങ്ങളിലെയും മാനവിക വിഷയങ്ങളിലെയും വാണിജ്യ ശാസ്ത്രവിഷയങ്ങളിലെയും പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. പരിഭാഷ പൂർത്തിയായ ടി 20 പാഠപുസ്തകങ്ങളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു. ടി പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. വിഷയങ്ങളിലെ അടിസ്ഥാന ആശയങ്ങൾ വളരെ നന്നായി ഗ്രഹിക്കുവാൻ മാതൃഭാഷയിലുള്ള പാഠപുസ്തകങ്ങൾ സഹായിക്കും. എളുപ്പത്തിൽ ആശയം ഗ്രഹിക്കാൻ കഴിയുന്ന വിധത്തിലാണ് പരിഭാഷകൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. സാങ്കേതിക പദങ്ങളും അവയുടെ മലയാള രൂപങ്ങളും ഗ്ലോസറിയായി എല്ലാ പാഠപുസ്തകങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) മലയാള ഭാഷാപഠന ചട്ടങ്ങൾ - 2018, ചട്ടം 3(1) പ്രകാരം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നാംതരം മുതൽ പത്താംതരം വരെ മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിൽ മലയാള ഭാഷാ പഠനം നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് വിവിധ തലങ്ങളിൽ വിശദമായ പരിശോധനാ സംവിധാനം ചട്ടങ്ങളിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മലയാള ഭാഷാ പഠനത്തിനായി എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ പഠിപ്പിക്കുന്നുണ്ടെന്നും സമയക്രമം അനുസരിച്ച് പഠന നിലവാരം മൂല്യനിർണ്ണയം നടത്തുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിന് പരിശോധക സംഘത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2017-ലെ മലയാള ഭാഷാ പഠന ആക്ടിന്റെ 3-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൽ സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്താൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വ്യവസ്ഥകളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃതം പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സി.ബി.എസ്.ഇ., സി.ഐ.എസ്.സി.ഇ. തുടങ്ങിയ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബോർഡുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്കൂളുകളും അൺ-എയ്ഡഡ് സ്കൂളുകളും മേൽപ്പറഞ്ഞ നിയമലംഘനം 3 തവണ നടത്തിയാൽ സ്കൂളിന്റെ അംഗീകാരം അല്ലെങ്കിൽ നിരാക്ഷേപപത്രം റദ്ദാക്കുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പരിശോധനാ സംവിധാനം കുറ്റമറ്റതാക്കി നടത്തുവാൻ വിശദമായ അറിയിപ്പുകൾ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുമുണ്ട്.

**കശുവണ്ടി സംഭരണം**

28(*268) ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. മുകേഷ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി ഫാക്ടറികളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ കശുവണ്ടി സംഭരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി ശേഖരിക്കുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നിവ ഈ വർഷം കൂടുതൽ കശുവണ്ടി സംഭരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഇടനിലക്കാരെ ഒഴിവാക്കി വിദേശ രാജ്യങ്ങളിൽ നിന്നും കശുവണ്ടി സംഭരിക്കുന്നതിന് കാഷ്യൂ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ):

(എ) കൃഷി വകുപ്പിന്റെയും പട്ടിക ജാതി-പട്ടിക വർഗ്ഗ വികസന വകുപ്പിന്റെയും വനംവകുപ്പിന്റെയും കീഴിലുള്ള പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, ആറളം ഫാം, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ, ജയിൽവകുപ്പ്, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ, കൊട്ടാരക്കര എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി കാഷ്യൂ കോർപ്പറേഷനും കാപെക്സും സംഭരിച്ചുവരുന്നു. 2017-ൽ ആരംഭിച്ച നാടൻ തോട്ടണ്ടി സംഭരണം 2019-ലും തുടരുന്നതിന് നടപടികളെടുത്തുവരുന്നു.

കശുവണ്ടി ഉൽപ്പാദകരാജ്യങ്ങളിൽ നിന്ന് നേരിട്ട് തോട്ടണ്ടി സംഭരിച്ച് ന്യായമായ വിലയ്ക്ക് സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് 2017 ഒക്ടോബർ 9-ന് പ്രവർത്തനം ആരംഭിച്ചു. കേരള കാഷ്യൂ ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനിയ-ബിസ്സാവുവിൽ നിന്ന് 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടാൻസാനിയ, മൊസാംബിക് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനാവശ്യമായ നടപടികളും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി പൊതു/സ്വകാര്യ മേഖലകളിലെ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

കശുവണ്ടി വികസന കോർപ്പറേഷൻ വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ നിന്നും 2018-ൽ സംഭരിച്ച തോട്ടണ്ടിയുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| വിവിധ ഗവൺമെന്റ് ഫാമുകളിൽ നിന്ന് | - 29389.7 kgs |
| ആറളം ഫാമിൽ നിന്ന് | - 173886.5 kgs |
| പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്ന് | |
| NM ഏജൻസി മുഖാന്തരം | - 215985 kgs |
| ചീമേനിയിൽനിന്ന് | - 105644.5 kgs |
| ആകെ | - 524.905 MT |
| ടെണ്ടർ മുഖാന്തരം | - 3150.383 MT |
| ആകെ | - 3675.288 MT |

കാപ്പെക്സ് 2018-ൽ ഇതുവരെയായി വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ നിന്നും സംഭരിച്ച തോട്ടണ്ടിയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഇ-ടെണ്ടർ മുഖാന്തരം | - | 1690 |
| MT ആറളം ഫാമിൽനിന്ന് | - | 60 MT |
| കർഷകരിൽനിന്ന് | - | 60 MT |
| ആകെ | - | 1810 MT |

(സി) കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്ന് നേരിട്ട് തോട്ടണ്ടി സംഭരിച്ച് ന്യായമായ വിലയ്ക്ക് സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് 2017 ഒക്ടോബർ 9-ന് പ്രവർത്തനം ആരംഭിച്ചു. കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്ന് അസംസ്കൃത കശുവണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു. ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനിയ-ബിസ്സാവുവിൽ നിന്ന് 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കിക്കഴിഞ്ഞു. വരുംമാസങ്ങളിൽ ടാൻസാനിയ, മൊസാംബിക് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനാവശ്യമായ നടപടികളും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി പൊതു/സ്വകാര്യ മേഖലകളിലെ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

**മത്സ്യ ലേലത്തിൽ ഇടനിലക്കാർ ഈടാക്കി വരുന്ന കമ്മീഷൻ**

29(*269) ശ്രീ. മഞ്ഞളാംകുഴി അലി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷ്ലാൻഡിംഗ് സെന്ററുകളിലും ഫിഷിംഗ് ഹാർബറിലും മത്സ്യ ലേലം നടക്കുമ്പോൾ ഇടനിലക്കാർ മത്സ്യത്തൊഴിലാളികളിൽ നിന്നും ഭീമമായ കമ്മീഷൻ ഈടാക്കി വരുന്നതായ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കുന്നതിനും മത്സ്യത്തൊഴിലാളികളെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനും നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) ഉണ്ട്.

കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് അർഹമായ വില അവർക്ക് ലഭിക്കുന്നില്ല. മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ട് വരുന്ന മത്സ്യത്തിന്റെ ആദ്യവിൽപ്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമായാൽ മാത്രമേ ഇത് സാധിക്കുകയുള്ളൂ. നിലവിൽ

മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ട് വരുന്ന മത്സ്യം ഹാർബറുകളിലും കരയ്ക്കടിപ്പിക്കൽ കേന്ദ്രങ്ങളിലും ലേലം ചെയ്യുന്നതിനുള്ള അവകാശം ലേലക്കാരനാണ്. ലേലക്കാർ ഒരു മാനദണ്ഡവും കൂടാതെയാണ് ലേല കമ്മീഷൻ ഈടാക്കുന്നത്. ഇത് വിൽപ്പന വിലയുടെ 5 മുതൽ 12% വരെ വരും. ഇതിന് പുറമേ അളവിലും/തൂക്കത്തിലും പലപ്പോഴും കൃത്യത പാലിക്കാറില്ല. ഇത്തരത്തിൽ പിടിച്ചെടുത്ത് കൊണ്ടുവരുന്ന മത്സ്യത്തിന് അർഹമായ വില ലഭിക്കാത്തതുകാരണം മത്സ്യത്തൊഴിലാളികൾ ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയമാകുന്നു. എന്നാൽ മത്സ്യക്കച്ചവടത്തിൽ ഏർപ്പെടാത്ത ലേലക്കാരും കച്ചവടക്കാരും മത്സ്യം ഉയർന്ന വില നിശ്ചയിച്ചാണ് ഉപഭോക്താക്കൾക്ക് എത്തിക്കുന്നത്.

(ബി) ഉണ്ട്. മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോൽസാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് മത്സ്യലേലം, മത്സ്യവിപണനം, ഗുണനിലവാര പരിപാലനം ബിൽ 2018 എന്ന പേരിൽ സംസ്ഥാന സർക്കാർ നിയമ നിർമ്മാണത്തിന് ശ്രമിക്കുന്നു. നിലവിൽ തയ്യാറാക്കിയിട്ടുള്ള കരട് ബില്ലിൽ പ്രതിപാദിക്കുന്ന പ്രധാന കാര്യങ്ങൾ:-

1. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ലാൻഡിംഗ് സെന്റർ/ഹാർബർ/മാർക്കറ്റ് എന്നിവിടങ്ങളിൽ മാത്രമേ മത്സ്യലേലം നടത്തുവാൻ പാടുള്ളൂ. ഇതുവഴി മത്സ്യം കൈകാര്യം ചെയ്യുന്ന സ്ഥലങ്ങളിലെ ശുചിത്വം ഉറപ്പാക്കുന്നതിന് കഴിയും.

2. ലേലക്കാർക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നുള്ള അനുമതിപത്രം പ്രകാരം മാത്രമേ ലേലത്തിൽ പങ്കെടുപ്പിക്കാൻ കഴിയൂ.

3. മത്സ്യലേലം ഏർപ്പെടുത്തേണ്ട രീതി, ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ സർക്കാർ വിജ്ഞാപനംമൂലം ക്രമപ്പെടുത്തുന്നതാണ്.

4. ലേലം ക്രമപ്പെടുത്തുന്നതിനും ലേല കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പാക്കുന്നതിനും ഫലപ്രദമായ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനും ഗുണഭോക്താക്കളുടേയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ഫിഷറീസ് വകുപ്പിന്റെയും പങ്കാളിത്തത്തോടെ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതായിരിക്കും.

5. ഇത്തരത്തിൽ രൂപീകൃതമാകുന്ന ലാൻഡിംഗ് സെന്റർ/ഹാർബർ/മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റികൾക്ക് ലേലത്തുകയുടെ 5%-ൽ അധികരിക്കാത്ത തുക മാത്രം ലേല കമ്മീഷനായി നിശ്ചയിക്കാവുന്നതാണ്.

6. ലേല കമ്മീഷൻ തുക ലേലക്കാരൻ, തദ്ദേശഭരണ സ്ഥാപനം മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം, മാനേജ്മെന്റ് സൊസൈറ്റി എന്നിവർക്ക് സർക്കാർ വിജ്ഞാപനം ചെയ്യുന്ന അനുപാതത്തിൽ വിഭജിക്കുന്നതായിരിക്കും.

7. ലേലത്തിന് കൃത്യമായ അളവ് പാലിക്കുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട് (എണ്ണം/തൂക്കം).

8. ലേലത്തിനുള്ള അനുമതിപത്രം ലഭിക്കണമെങ്കിൽ ആ പ്രദേശത്തെ നിലവിലുള്ള മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിന്റെ ശിപാർശയും നിർണ്ണയിക്കപ്പെടുന്ന ഫീസും അപേക്ഷയും സമർപ്പിക്കേണ്ടതാണ്.

9. ലേലക്കാരന് ലേലം നടത്തുന്നതിനുള്ള അവകാശത്തിനുപുറമേ ലേല കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന അപ്രതീക്ഷിത സംഭവങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കാനും നിർണ്ണയിക്കുന്ന രീതിയിൽ രജിസ്റ്ററുകളും കണക്കുകളും എഴുതി സൂക്ഷിക്കുന്നതിനും ബാദ്ധ്യസ്ഥരായിരിക്കും.

കൂടാതെ മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട മത്സ്യത്തൊഴിലാളി ക്ഷേമസഹകരണ സംഘങ്ങൾ വഴി ലേലം ചെയ്ത് ഏറ്റെടുത്ത് ഇടനിലക്കാരെ ഒഴിവാക്കി വിൽപ്പന നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോൽസാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുമാണ് നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നത്.

**റോഡുകളുടെ പുനർനിർമ്മാണത്തിനായി നൂതനമായ സാങ്കേതിക വിദ്യകൾ**

30 (*270) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ ചെരിവുകളിൽ മണ്ണിടിച്ചിൽ തടയാൻ എന്തൊക്കെ സോയിൽ സ്റ്റെബിലൈസേഷൻ ടെക്നോളജികളാണ് സംസ്ഥാനത്ത് നിലവിൽ ഉപയോഗിക്കുന്നത്; പ്രളയത്തിന്റെ പശ്ചാത്തലത്തിൽ വിദേശരാജ്യങ്ങളിൽ ഈ രംഗത്ത് ഉപയോഗിക്കുന്ന നൂതനമായ ടെക്നോളജികൾ കേരളത്തിൽ പരീക്ഷിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി നാഷണൽ ഹൈവേ അതോറിറ്റിയുടെ ഉപദേശങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വടക്ക കിഴക്കൻ സംസ്ഥാനങ്ങളിലെയും ജമ്മു കാശ്മീരിലെയും റോഡുകളുടെ നിർമ്മാണത്തിൽ മികവു തെളിയിച്ച നാഷണൽ ഹൈവേ അതോറിറ്റിയുടെ സേവനങ്ങൾ സംസ്ഥാനത്തിന് ഗുണകരമാവുമെന്ന് കരുതുന്നുണ്ടോ; ഈ സേവനം ഉപയോഗപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) മണ്ണിടിച്ചിൽ വ്യാപകമായ ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ റോഡുകളുടെ നവീകരണത്തിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): (എ) വിവിധ തരത്തിലുള്ള സംരക്ഷണ ഭിത്തികൾ നിലവിൽ ചെരിവുകൾ സംരക്ഷിക്കുന്നതിന് ഉപയോഗിച്ചുവരുന്നു. റോഡുകളുടെ ചെരിവുകളിൽ മണ്ണിടിച്ചിൽ തടയാൻ സോയിൽ നെയിലിംഗ്, ജിയോ ടെക്സ്റ്റയിൽസ്, ജിയോ മെഷ്, സിമന്റ് സ്ലറി ഗ്രൗട്ടിംഗ്, കയർ ഭൂവസ്ത്രം എന്നീ ആധുനിക സോയിൽ സ്റ്റെബിലൈസേഷൻ ടെക്നോളജി സംസ്ഥാനത്ത് പരീക്ഷിക്കാവുന്നതാണ്. പിച്ചിംഗ്, ടർഫിംഗ് എന്നീ സാങ്കേതിക വിദ്യകളും ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വിദേശ രാജ്യങ്ങളിൽ ഉപയോഗിക്കുന്ന നൂതന ടെക്നോളജികൾ കേരളത്തിൽ പരീക്ഷിക്കുന്ന കാര്യത്തിൽ ചർച്ചകൾ നടക്കുന്നുണ്ട്.

(ബി) നാഷണൽ ഹൈവേ അതോറിറ്റി ഉപദേശമൊന്നും നൽകിയിട്ടില്ല. നാഷണൽ ഹൈവേ അതോറിറ്റിയുടെ സേവനങ്ങൾ സംസ്ഥാനത്തിന് ഗുണകരമാകുമെന്ന് കരുതുന്നു. ദേശീയപാതാ വിഭാഗത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അതാത് സമയത്തുള്ള സർക്കുലറുകളും ടെക്നോളജികളും പിൻതുടരാനാണ് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം അനുശാസിക്കുന്നത്.

(സി) പ്രകൃതിദുരന്ത ബാധിത ജില്ലകളിലെല്ലാം റോഡുകളുടെ നവീകരണത്തിനായി Rebuild Kerala എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകളുടെ നവീകരണത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മണ്ണിടിച്ചിൽ രൂക്ഷമായ പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിലെ പദ്ധതികളിൽ മണ്ണിടിച്ചിൽ തടയുന്നതിനായുള്ള Provisions ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മണ്ണിടിച്ചിൽ തടയുന്നതിനായി സോയിൽ സ്റ്റെബിലൈസേഷൻ രീതികളായ സോയിൽ നെയിലിംഗ്, ജിയോ മെഷ്, സിമന്റ് സ്ലറി ഗ്രൗട്ടിംഗ് എന്നിവ ഉപയോഗിക്കുന്നതാണ്.

ദേശീയപാതാ വിഭാഗത്തിൻകീഴിൽ പ്രളയംമൂലം ഉണ്ടായിട്ടുള്ള കുഴികൾ അടച്ച് ഗതാഗതം പുനഃസ്ഥാപിക്കുന്നത് അന്തിമ ഘട്ടത്തിലാണ്. മേൽ പ്രവൃത്തികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം 21.4 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പയർ (FDR) 2018-19-ൽപ്പെടുത്തി അനുവദിച്ച് തന്നിട്ടുള്ളതാണ്.

വയനാട് ചുരത്തിൽ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ സംരക്ഷണ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി നടന്നുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റോഡ് പുനർനിർമ്മാണ മേഖലയിലെ പരിഷ്കാരങ്ങൾ

1 (3044) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകട സാദ്ധ്യത മുൻനിർത്തി നിലവിലെ പാലങ്ങൾ പുതുക്കി പണിയാനോ നവീകരിക്കാനോ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വെള്ളക്കെട്ട് നിലനിൽക്കുന്ന പ്രദേശങ്ങളിലെ റോഡുകളിൽ ഡ്രെയിനേജ് സംവിധാനം കൊണ്ടുവരാൻ എന്തൊക്കെ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്ത് നിർമ്മിക്കുന്ന പുതിയ റോഡുകൾ ഭൂമിശാസ്ത്രം, പരിസ്ഥിതി എന്നിവയെ സംബന്ധിച്ച പഠനങ്ങളുടെ അടിസ്ഥാനത്തിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സാമ്പത്തികമായ പരിമിതി നിലനിൽക്കെ ഏറ്റവും കുറഞ്ഞ ചെലവിൽ റോഡുകളുടെ പുനർനിർമ്മാണത്തിനായി എന്തൊക്കെ നടപടികളാണ് നടത്തിയിരിക്കുന്നത്;

(ഇ) പ്രളയത്തിൽ തകർന്ന റോഡുകളിലെ അവശിഷ്ടങ്ങൾ റീസൈക്കിൾ ചെയ്ത് ഉപയോഗപ്പെടുത്തുന്നുള്ള നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താൻ ആലോചനയുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അപകടസാദ്ധ്യതയുള്ള പാലങ്ങൾ പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) മഴക്കാലത്ത് റോഡ് തകരുന്നതിന് പ്രധാന കാരണമായിട്ടുള്ളത് ഡ്രെയിനേജുകളുടെ അഭാവമാണ്. റോഡുകളുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റുകളിൽ ഓടകൾക്ക് ആവശ്യമായ പ്രൊവിഷൻസ് കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള ഓടകൾ ശുചിയായി സൂക്ഷിക്കുന്നതിന് മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

ഡ്രെയിനേജ് സംവിധാനം സുഗമമാക്കുന്നതിനായി കോൺക്രീറ്റ് ഡ്രെയിൻ, ഐറിഷ് ഡ്രെയിൻ എന്നിവ നിർമ്മിച്ച് വെള്ളക്കെട്ട് ഒഴിവാക്കാറുണ്ട്. കൂടാതെ വെള്ളക്കെട്ട് നിലനിൽക്കുന്ന പ്രദേശങ്ങളിൽ ഇന്റർലോക്കിംഗ് ടൈലുകൾ ഉപയോഗിച്ച് റോഡിന്റെ ഉപരിതലം ഗതാഗതയോഗ്യമാക്കാറുണ്ട്.

(സി) റോഡുകളുടെ നിർമ്മാണം പരിസ്ഥിതി സൗഹൃദമാക്കുന്നതിനായി പ്രാദേശിക അസംസ്കൃത വസ്തുക്കളായ കയർ ഭൂവസ്ത്രം, Waste Plastic, NRMB (നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ) എന്നിവയുടെ ഉപയോഗം വ്യാപകമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് ഡ്രെയിനേജ് സംവിധാനങ്ങൾ ഏർപ്പെടുത്തിവരുന്നു.

(ഡി) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം റോഡുകളെ അടിയന്തര അറ്റകുറ്റപ്പണി ആവശ്യമായത്, ഉപരിതലം പുതുക്കൽ ആവശ്യമായത്, ഡിസൈൻ ചെയ്ത് പുനർ നിർമ്മിക്കേണ്ടത് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി തിരിച്ച് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഏറ്റവും ചെലവ് കുറച്ച് പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(ഇ) റോഡുകളുടെ ഉപരിതലം റീസൈക്കിൾ ചെയ്ത് ഉപയോഗപ്പെടുത്തുന്ന സാങ്കേതികവിദ്യ പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴയിൽ എൻ.എച്ച്.-ലും പത്തനംതിട്ട ജില്ലയിലെ ആനയടി-പഴകുളം-കൂടൽ റോഡിലും നടപ്പിലാക്കിയിട്ടുണ്ട്. ഈ സാങ്കേതികവിദ്യ കൂടുതൽ റോഡുകളിൽ ഉപയോഗിക്കുന്നത് പരിഗണനയിലാണ്.

**ചീഫ് ടെക്നിക്കൽ എക്സാമിനർമാരുടെ പരിശോധനകാരണമുണ്ടാകുന്ന കാലതാമസം**

2 (3045) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്കും മറ്റും സാങ്കേതിക അനുമതിക്കായി ചീഫ് ടെക്നിക്കൽ എക്സാമിനർമാരുടെ പരിശോധനയ്ക്കായി സമർപ്പിക്കുന്നതുകാരണം പ്രവൃത്തികളുടെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം ഒഴിവാക്കുന്നതിന് ചീഫ് എഞ്ചിനീയർ തലത്തിൽ സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ;

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ സാങ്കേതിക അനുമതിക്കായി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിഗണനയിലുണ്ടെന്ന് വിശദീകരിക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് എന്ന് അനുമതി ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാങ്കേതിക അനുമതി ചീഫ് എഞ്ചിനീയർ തലത്തിൽ തന്നെയാണ് നൽകുന്നത്. 16-1-2016- ലെ ജി.ഒ. (പി) നമ്പർ 6/2016/ധന. പ്രകാരം എഞ്ചിനീയറിംഗ് വകുപ്പുകളിലെ ചീഫ് എഞ്ചിനീയർമാർക്ക് പ്രവൃത്തികൾക്കുള്ള സാങ്കേതിക അനുമതി എസ്റ്റിമേറ്റ് തുകയുടെ പരിധി ബാധകമല്ലാതെ നൽകുന്നതിനുള്ള അധികാരം സർക്കാർ നല്കിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുമുമ്പുള്ള ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധന സംബന്ധിച്ച് ധനകാര്യ വകുപ്പാണ് തീരുമാനമെടുക്കേണ്ടത്.

(സി&ഡി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ ഒന്നുംതന്നെ നിലവിൽ സാങ്കേതിക അനുമതിക്കായി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിഗണനയിലില്ല.

ബജറ്റ് വർക്ക് 2018-19-കോട്ടുകുളഞ്ഞി-തയ്യിൽപ്പടി-അത്തലക്കടവ് റോഡ് ചെയിനേജ് 0/000 മുതൽ 5/000 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തിക്ക് 24-9-2018-ലെ ജി.ഒ.(ആർടി)1509/2018/പൊ.മ.വ. പ്രകാരം 720 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ ബജറ്റ് വർക്ക് 2018-19 പെണ്ണുക്കര-കക്കട റോഡ് ചെയിനേജ് 0/000 മുതൽ 6/685

ബി.എം. & ബി.സി. പ്രവൃത്തിക്ക് CTE-യുടെ പരിശോധനാ റിപ്പോർട്ട് സഹിതം സാങ്കേതികാനുമതിക്കായി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്.

**പുതിയ നിർമ്മാണ രീതികൾ**

3 (3046) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ജെയിംസ് മാത്യൂ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങളിൽ യഥാസ്ഥിത സാങ്കേതികവിദ്യയ്ക്കും നവീന സാങ്കേതിക വിദ്യയ്ക്കും തുല്യപ്രാധാന്യം നൽകി പുതു നിർമ്മാണരീതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി വകുപ്പിലെ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിന് പരിശീലനം നൽകാൻ പരിപാടിയുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സംഘടിപ്പിച്ചു വരുന്ന എഞ്ചിനീയേഴ്സ് കോൺഗ്രസ് ദേശീയ സാങ്കേതിക കൂട്ടായ്മയെന്ന നിലയിലേക്ക് വളർത്തിയെടുക്കാൻ പദ്ധതിയുണ്ടോ;

(സി) പ്രളയം, അതിവർഷം എന്നിവയെ അതിജീവിക്കുന്നതും ചെലവു കുറഞ്ഞതുമായ കെട്ടിട നിർമ്മാണ രീതി ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി പൊതു കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഇത്തരം സാങ്കേതിക വിദ്യയും നിർമ്മാണ രീതിയും പ്രയോഗിക്കുന്നതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ഡി) കരിങ്കൽ, മണൽ തുടങ്ങിയ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യവും അവയുടെ ഖനനം പ്രകൃതിയിൽ ഏൽപ്പിക്കുന്ന ആഘാതവും പരിഗണിച്ച് താരതമ്യേന പ്രകൃതി സൗഹൃദപരമായ നിർമ്മാണ രീതി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങളിൽ യാഥാസ്ഥിത സാങ്കേതികവിദ്യയ്ക്കും നവീന സാങ്കേതികവിദ്യയ്ക്കും തുല്യ പ്രാധാന്യം നൽകികൊണ്ടുള്ള പുതിയ നിർമ്മാണരീതി നടപ്പിലാക്കിവരുന്നു. ജർമ്മൻ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം ഇതിനുദാഹരണമാണ്.

പൊതുമരാമത്ത് വകുപ്പിൽ ഡിസൈൻ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ബിൽഡിംഗ് ഡിസൈൻ, ബ്രിഡ്ജസ് ഡിസൈൻ, ഹൈവേ ഡിസൈൻ എന്നിവയുടെ റീജിയണൽ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്.

പുതിയ സാങ്കേതികവിദ്യകൾ പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിനായി ഉദ്യോഗസ്ഥർക്ക് ഇന്ത്യയിലെ തെരഞ്ഞെടുത്ത പ്രമുഖ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഓരോ വർഷവും 10% ജീവനക്കാർക്കെങ്കിലും പരിശീലനം നൽകിവരുന്നു. കൂടാതെ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. സാങ്കേതിക മേഖലയിലെ പുത്തൻ അറിവുകൾ ലഭ്യമാക്കാൻ എല്ലാ വർഷവും എഞ്ചിനീയേഴ്സ് കോൺഗ്രസ് നടത്തി വരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ഉടനെ വകുപ്പിലെ മുഴുവൻ എഞ്ചിനീയർമാരെയും ഉൾപ്പെടുത്തി ഒന്നാം എഞ്ചിനീയേഴ്സ് കോൺഗ്രസ് 2016 ജൂലൈ മാസം 9-നും രണ്ടാം എഞ്ചിനീയേഴ്സ് കോൺഗ്രസ് 2017 സെപ്റ്റംബർ 30-നും മൂന്നാം എഞ്ചിനീയേഴ്സ് കോൺഗ്രസ് 28-7-2018-നും നടത്തുകയുണ്ടായി. സാങ്കേതിക രംഗത്തെ മാറ്റങ്ങളും മാനേജ്മെന്റ് സംവിധാനങ്ങളും ഇവിടെ ചർച്ച ചെയ്തു. ഇത് ഒരു ശ്രദ്ധേയമായ വാർഷിക ദേശീയ സാങ്കേതിക കൂട്ടായ്മയായി വളർത്തിയെടുക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്.

(സി) പൊതു കെട്ടിടങ്ങളുടെ പ്രത്യേകിച്ചും ഓഫീസ് കെട്ടിടങ്ങൾ ഇപ്പോൾ നിർമ്മിച്ചുവരുന്നത് ഭൂകമ്പത്തെപ്പോലും പ്രതിരോധിക്കുന്ന വിധത്തിലാണ്. മണ്ണിടിച്ചിലുണ്ടാവാത്ത പക്ഷം ഇവ പ്രളയം, അതിവർഷം എന്നിവയെ അതിജീവിക്കുന്നതുമാണ്. ചെലവ് കുറഞ്ഞ നിർമ്മാണരീതി പൊതുമാരാമത്ത് വകുപ്പിന്റെ കീഴിൽ ഇപ്പോൾ ചെയ്തു വരുന്നില്ല.

(ഡി) പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികൾ പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിവരുന്നു. ആയതിലേയ്ക്കായി പരിസ്ഥിതി സൗഹൃദ നിർമ്മാണ വസ്തുക്കളായ കയർ, ജിയോടെക്സ്റ്റയിൽ, NRMB, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ നിർമ്മാണ മേഖലയിൽ ഉപയോഗിച്ചുവരുന്നു.

**മലയോര ഹൈവേ**

4 (3047) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മലയോര ഹൈവേ എവിടെ തുടങ്ങി എവിടെ അവസാനിപ്പിക്കുമെന്നും എത്ര കിലോമീറ്റർ ദൂരമാണെന്നും വ്യക്തമാക്കാമോ;

(ബി) അതിൽ എത്ര കിലോമീറ്റർ ദൂരം വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുമെന്നും എവിടെ തുടങ്ങി എവിടെ അവസാനിക്കുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ മലയോര ഹൈവേ പാറശ്ശാലയിൽ നിന്നാരംഭിച്ച് കൊല്ലായിൽ അവസാനിക്കുന്നു. 61.705 കി.മീ.ദൂരം നവീകരിക്കുന്നുണ്ട്.

(ബി) മലയോര ഹൈവേയുടെ അലൈൻമെന്റ് 18 കി.മീ.ദൂരം വാമനപുരം മണ്ഡലത്തിൽ കൂടി കടന്നുപോകുന്നുണ്ട്. വാമനപുരം മണ്ഡലത്തിൽ മലയോര ഹൈവേ ചല്ലിമുക്ക് എന്ന സ്ഥലത്ത് നിന്ന് ആരംഭിച്ച് ചായം-പെരിങ്ങമ്മല റോഡിൽ തോട്ടുമുക്ക് എന്ന സ്ഥലത്ത് അവസാനിക്കുന്നു. ഇതിൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി 14.5 കി.മീ. ദൂരം നവീകരിക്കുന്നുണ്ട്. ബാക്കി 3.50 കി.മീ.ദൂരം പാലോട്-ബ്രൈമൂർ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്. ആയതിന്റെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | കിഫ്ബി മലയോര ഹൈവേ-കള്ളിക്കാട്-പാറശ്ശാല (ഫസ്റ്റ് ഫേസ്) കുടപ്പനമൂട് -പാറശ്ശാല കി.മീ.15 /715-28/760 & കി.മീ. 31/410-33/860 | ഒന്നാംഘട്ടം പാറശ്ശാല മുതൽ കുടപ്പനമൂട് വരെ 15.495 കി. മീ. ദൂരം ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണിയാരംഭിച്ചു. |
| 2 | കിഫ്ബി മലയോര ഹൈവേ-കള്ളിക്കാട്-പാറശ്ശാല (സെക്കന്റ് ഫേസ്) കള്ളിക്കാട്-കുടപ്പനമൂട് - കി.മീ.0 /000-15/715 | രണ്ടാംഘട്ടം കള്ളിക്കാട് മുതൽ കുടപ്പനമൂട് വരെ 15.715 കി. മീ. ദൂരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്നതിലേയ്ക്കായി റോഡ് പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുന്ന നടപടികൾ കാട്ടാക്കട തഹസീൽദാരുടെ മേൽനോട്ടത്തിൽ നടന്നു വരികയാണ്. ആവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കേണ്ടതുണ്ട്. |

| | | |
|---|---|---|
| 3 | കിഫ്ബി - ഇംപ്രൂവ്മെന്റ്സ് ടു കൊല്ലയിൽ കള്ളിക്കാട് (ചല്ലിമുക്ക്, പാലോട്, വിതുര-ഇരുത്തലമൂല, ആര്യനാട്, കള്ളിക്കാട്)-തിരുവനന്തപുരം ജില്ല | ഡി.പി.ആർ. സമർപ്പിച്ചു. കിഫ്ബി അംഗീകരിച്ചു. പദ്ധതിക്കാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കേണ്ടതുണ്ട്. |
| 4 | കിഫ്ബി -ഇംപ്രൂവ്മെന്റ്സ് ടു ഹിൽ ഹൈവേ പെരിങ്ങമ്മല-വിതുര (കൊപ്പം)-(9.45 കി.മീ) | ഡി.പി.ആർ. സമർപ്പിച്ചു. കിഫ്ബി അംഗീകരിച്ചു. പദ്ധതിക്കാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കേണ്ടതുണ്ട്. |
| 5 | കിഫ്ബി മലയോര ഹൈവേ-പാലങ്ങൾ, കള്ളിക്കാട് (2 എണ്ണം) & പാറശ്ശാല ആർ.ഒ.ബി. | ഡിസൈൻ തയ്യാറാക്കി വരുന്നു. |

**തീരദേശ ഹൈവേ**

5 (3048) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ ഡി.പി.ആർ.അംഗീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഈ പദ്ധതി എന്നുമുതൽ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) നിർദ്ദിഷ്ട തീരദേശ ഹൈവേയിലുൾപ്പെടുന്ന മലപ്പുറം ജില്ലയിലെ പാടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15 കി.മീറ്റർ നീളം വരുന്ന റീച്ചിന് 52.78 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. മറ്റുള്ള റീച്ചുകളുടെ വിശദമായ പദ്ധതി രൂപരേഖ സൈക്കിൾ ട്രാക്ക് ഉൾപ്പെടെ 14 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിനായി ഉടൻതന്നെ സമർപ്പിക്കുന്നതും ആയതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതുമാണ്.

**ടെണ്ടർ നൽകുന്നതിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കുള്ള മുൻഗണന**

6 (3049) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തികളുടെ ടെണ്ടർ നൽകുന്നതിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് എന്തെങ്കിലും മുൻഗണന നൽകാറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത്തരം സൊസൈറ്റികളുടെ ആധികാരികത സംബന്ധിച്ച് പരിശോധിക്കാൻ പൊതുമരാമത്ത് വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

(സി) രജിസ്ട്രേഷൻ മാത്രം നടത്തി കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ആനുകൂല്യങ്ങൾ ടെണ്ടർ നടപടികൾക്കായി മാത്രം ഉപയോഗപ്പെടുത്തുന്ന വ്യക്തികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഏതെല്ലാം മാനദണ്ഡങ്ങൾ പാലിക്കുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കാണ് ഇത്തരം ടെണ്ടർ നടപടികളിൽ സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നത് എന്നറിയിക്കാമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പെതുമരാമത്ത് നിരത്ത് വിഭാഗം പ്രവൃത്തികളുടെ ടെണ്ടർ നൽകുന്നതിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് മുൻഗണന നൽകിവരുന്നുണ്ട്. ടെണ്ടറിൽ പങ്കെടുക്കുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് സ്വകാര്യ കോൺട്രാക്ടർമാർ ക്വാട്ട് ചെയ്യുന്ന ഏറ്റവും കുറഞ്ഞ നിരക്കിനേക്കാൾ 10 ശതമാനം വരെ അധിക നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകുന്നതാണ്.

(ബി) 13-11-1997-ലെ G.O.(Ms)No.135/97/Co-op നമ്പർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന സൊസൈറ്റികളുടെ ടെണ്ടർ മാത്രമേ പരിഗണിക്കുകയുള്ളൂ. കൂടാതെ ഓരോ ടെണ്ടറിലും ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ സഹകരണ സംഘത്തിന്റെ വാർഷിക പ്രവൃത്തികളെ സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

(സി) സഹകരണ വകുപ്പ് തലത്തിലാണ് നടപടി സ്വീകരിക്കേണ്ടത്.

(ഡി) 13-11-1997-ലെ G.O.(Ms)No.135/97/Co-op-ലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ടെണ്ടർ നടപടികളിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

**ഓൺലൈൻ പ്രോഗ്രസ്സ് റിപ്പോർട്ടിൽ പിന്നിലായ സാഹചര്യം**

7 (3050) <u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റ് വഴി നടപ്പിലാക്കിയ ഓൺലൈൻ പ്രോഗ്രസ്സ് റിപ്പോർട്ടിൽ പൊതുമരാമത്ത് വകുപ്പിന് നൂറിൽ അൻപതിൽ താഴെ മാത്രം മാർക്ക് ലഭിച്ചത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉദ്യോഗസ്ഥരുടെ സമീപനം, സേവന ലഭ്യത, പരാതി പരിഹരിച്ച സമയം, പദ്ധതി വിനിയോഗം എന്നിവ അടിസ്ഥാനമാക്കി നിർണയിച്ച മാർക്കിൽ പൊതുമരാമത്ത് വകുപ്പ് പിന്നിൽ പോകാനുണ്ടായ കാരണങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രോഗ്രസ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-സി) നിലവിൽ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി നടപ്പിലാക്കുന്ന ഓൺലൈൻ പ്രോഗ്രസ്സ് റിപ്പോർട്ട് പൊതു അഭിപ്രായത്തിന്റെ പരിച്ഛേദമല്ല. പൊതുജനങ്ങൾ ഭൂരിഭാഗവും വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നത് ഇതിന്റെ അടിസ്ഥാനത്തിലല്ല. ടി വെബ്സൈറ്റിൽ വെറും 22 പേരുടെ പ്രതികരണം മാത്രമാണുള്ളത് എന്നത് ഇതിന് തെളിവാണ്.

2018 ആഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ നേരിട്ടത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിരത്തുകളും പാലങ്ങളും വിഭാഗത്തിനായിരുന്നിട്ടുപോലും വകുപ്പ് മെച്ചപ്പെട്ട പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയാണ്. പ്രളയത്തിൽ സംഭവിച്ച കേടുപാടുകൾ തീർക്കുന്നത് ത്വരിതപ്പെടുത്തുവാനും വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പരാതികൾ എത്രയും വേഗം പരിഹരിക്കുന്നതിനും വകുപ്പിൽ ഇപ്പോൾ നിലവിലുള്ള പരാതി പരിഹാരസെൽ കൂടുതൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ലഭ്യമായ ഫണ്ട് ഉപയോഗിച്ച് സന്തുലിതവും സമഗ്രവുമായ വികസനരീതിയാണ് വകുപ്പ് നടപ്പാക്കുന്നത്.

**പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം**

8 (3051) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള ക്വാളിറ്റി കൺട്രോൾ ലാബുകളുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;വിശദമാക്കാമോ;

(ബി) സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്ന കാര്യത്തിൽ ഈ സർക്കാരിന്റെ നയപരിപാടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ക്വാളിറ്റി കൺട്രോൾ, സോഷ്യൽ ഓഡിറ്റിംഗ്, ടെക്നിക്കൽ ഓഡിറ്റിംഗ് ഇവ സംയോജിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 28-3-2013-ലെ ജി.ഒ.(എം.എസ്) നമ്പർ 79/2013/പി.ഡബ്ല്യു.ഡി. സർക്കാർ ഉത്തരവ് പ്രകാരം എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളും അനുബന്ധ കാര്യാലയങ്ങളും സ്ഥാപിതമായി. വിവിധതരം ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനായി ആധുനിക ഉപകരണങ്ങളും സജ്ജമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന നിർമ്മാണ വസ്തുക്കളുടെ സാമ്പിളുകൾ മേൽപ്പറഞ്ഞ ജില്ലാ ലബോറട്ടറികളിലും പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കോൺക്രീറ്റിംഗ്, ടാറിംഗ് തുടങ്ങിയ സൈറ്റുകളിൽ, " ക്വാളിറ്റികൺട്രോൾ" പരിശോധനാ വിഭാഗം നേരിട്ട് എത്തി പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തുകയും ചെയ്തുവരുന്നു.

(ബി) 5-1-2018-ലെ G.O.(Ms)No.01/2018/PWD പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായി ജില്ലാതലത്തിൽ സോഷ്യൽ ഓഡിറ്റ് സമിതികൾ രൂപീകരിക്കുകയും സോഷ്യൽ ഓഡിറ്റ് സമിതികളുടെ കടമകളും ചുമതലകളും സ്പഷ്ടീകരിച്ചും ഉത്തരവായിട്ടുണ്ട്.

ജില്ലാ സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ., ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പു വരുത്തുകയും ചെയ്യുന്നു.

റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്.

പരാതി ലഭിച്ച് ഒരു മാസത്തിനകം ജില്ലാ സാമൂഹിക ഓഡിറ്റ് സമിതി പരാതിയിൽ സർക്കാരിന് താഴെ പറയുന്ന ശിപാർശകൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

(i) പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ.

(ii) പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന് ശിപാർശ ചെയ്യുക.

(iii) പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക.

(iv) സി.റ്റി.ഇ. അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക.

(സി) പൊതുമരാമത്ത് വകുപ്പിൽ നിലവിൽ നടന്നുവരുന്ന ത്രിതല ഗുണനിലവാര പരിശോധനയുടെ ഭാഗമായി ഒരു പ്രവൃത്തിയിൽ ക്വാളിറ്റി കൺട്രോൾ ആവശ്യമെങ്കിൽ ടെക്നിക്കൽ ഓഡിറ്റിംഗ് തുടങ്ങിയവ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലായിവരുന്നതേയുള്ളൂ എന്നതിനാൽ പൂർണ്ണമായും നടപ്പിലാകുമ്പോൾ അതും ത്രിതല ഗുണനിലവാര പരിശോധനയുടെ ഭാഗമാകുന്നു.

**പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം**

9 (3052) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലെ അശാസ്ത്രീയതമൂലം തകർച്ചയിലാകുന്ന സംസ്ഥാനത്തെ PWD റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) പൊതുമരാമത്ത് മാന്വലിൽ പറഞ്ഞിരിക്കുന്ന ക്വാളിറ്റി ഓഡിറ്റിംഗ് പൊതുമരാമത്ത് പ്രവൃത്തികളിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകളുടെ നിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു. ഈ ലബോറട്ടറികളിൽ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കേണ്ട നിർമ്മാണ വസ്തുക്കൾ മുൻകൂറായി തന്നെ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കാൻ കഴിയുന്ന സംവിധാനമൊരുക്കിയിട്ടുണ്ട്. റോഡുകൾ ദീർഘകാലം കേടുപാടുകളില്ലാതെ നിലനിർത്തുക എന്ന ആശയത്തിലൂന്നി കയർ ഭൂവസ്ത്ര നിർമ്മാണ രീതി, ഫുൾ ഡെപ്ത് റിപ്പയറിംഗ്, റീ സൈക്ലിംഗ് നിർമ്മാണങ്ങൾ

തുടങ്ങിയ നവീന നിർമ്മാണ രീതികൾ പൊതുമരാമത്ത് വകുപ്പിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരികയാണ്. റോഡിലുണ്ടാകുന്ന കുഴികൾ വേഗത്തിൽ മൂടുന്നതിന് ഉപയോഗിക്കാവുന്ന ഒരു ടാർ മിശ്രിതം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ തയ്യാറാക്കിവരുന്നു. മഴക്കാലം പോലുള്ള അനുകൂലമല്ലാത്ത സാഹചര്യങ്ങളിലും കുഴികൾ മൂടുന്നതിന് ടി മിശ്രിതം കൂടുതൽ ഫലപ്രദമാണെന്ന് വിലയിരുത്തുന്നു. 'ഖണ്ഡാൽ മിശ്രിതം' എന്നാണ് ഇത് അറിയപ്പെടുന്നത്.

(ബി) പൊതുമരാമത്ത് പ്രവൃത്തികളിൽ ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും മറ്റു ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുകയും ആയതിന്റെ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നുണ്ട്. പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ പേയ്മെന്റ് നൽകുന്നതിന് നിർബന്ധമാക്കിയിട്ടുണ്ട്.

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഓഡിറ്റിംഗ്

10 (3053) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. ബാബു :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പൊതുമരാമത്ത് മാന്വൽ പ്രകാരം ക്വാളിറ്റി ഓഡിറ്റിംഗ് നടത്തുന്നതിന് എവിടെയെല്ലാമാണ് ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി നടത്തിവരുന്ന സോഷ്യൽ ഓഡിറ്റിംഗ്, ടെക്നിക്കൽ ഓഡിറ്റിംഗ് എന്നിവയുടെ വിശദാംശം നൽകുമോ:

(സി) ഗുണനിലവാര പരിശോധനകളിൽ ന്യൂനത കണ്ടെത്തുന്ന കേസ്സുകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി നിലവിലെ പൊതുമരാമത്ത് മാന്വൽ പ്രകാരം ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കുന്നുണ്ട്. പ്രവൃത്തികളുടെ ബില്ലിനൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നതിന് നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി 5-1-2018-ലെ സ.ഉ.(കൈ) നമ്പർ 1/2018/പൊ.മ.വ. സർക്കാർ ഉത്തരവ് പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിന് e-tender വഴി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

ജില്ലാ സോഷ്യൽ ഓഡിറ്റ് സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ,. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്.

(സി) ഗുണനിലവാര പരിശോധനയിൽ കണ്ടെത്തുന്ന ന്യൂനതകൾ കരാറുകാരൻ സ്വന്തം ചെലവിൽ തന്നെ പരിഹരിക്കേണ്ടതാണ്. പ്രവൃത്തികളുടെ ബില്ലിനൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ച സർട്ടിഫിക്കറ്റ് പ്രവൃത്തികളുടെ പേയ്മെന്റ് നടത്തുന്നതിന് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ, ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

**മലയോര ഹൈവേ**

11 (3054) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;എങ്കിൽ വിശദവിവരം നൽകുമോ;

(ബി) എന്നുമുതൽ പ്രസ്തുത പദ്ധതി ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഏതെല്ലാം ജില്ലകളിൽക്കൂടിയാണ് പ്രസ്തുത ഹൈവേ കടന്ന് പോകുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ മലയോര പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ മലയോര ഹൈവേ നിർമ്മിക്കുവാൻ തീരുമാനിക്കുകയും അതിന്റെ അലൈൻമെന്റ് തയ്യാറാക്കാൻ NATPAC-നെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. NATPAC പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അലൈൻമെന്റ് 6-7-2009-ലെ സ.ഉ (കൈ)നമ്പർ 44/2009/പൊ.മ.വ. പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ കോഴിക്കോട് ജില്ലയിൽ 16-10-2018-ലെ സ.ഉ.(സാധാ.) നമ്പർ 39/2018/പൊ.മ.വ. പ്രകാരം അലൈൻമെന്റിൽ മാറ്റം വരുത്തിയിരുന്നു.

(ബി) തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് ജില്ലകളിലെ ഓരോ റീച്ചുകളിലായി പദ്ധതി ആരംഭിച്ചു കഴിഞ്ഞു. മലയോര ഹൈവേ നിർമ്മിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത് 12 മീറ്റർ വീതിയിലാണ്. Free surrender ആയി സ്ഥലം ലഭ്യമാക്കി പദ്ധതി നടത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് റീച്ചുകളിലെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(സി) ആലപ്പുഴ ഒഴികെയുള്ള 13 ജില്ലകളിൽ കൂടി മലയോര ഹൈവേ കടന്നു പോകുന്നുണ്ട്.

**ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഒറ്റത്തവണ ഫണ്ട്**

12 (3055) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഒറ്റത്തവണ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലില്ല.

**ജലവിതരണ പൈപ്പിടാനായി റോഡുകൾ കുത്തിപ്പൊളിക്കുന്ന സാഹചര്യം**

13 (3056) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണ പൈപ്പിടാനായി പുതിയ റോഡുകൾ ജല അതോറിറ്റി കുത്തിപ്പൊളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ് നിർമ്മാണത്തിന് മുൻപുതന്നെ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ ബന്ധപ്പെട്ട കക്ഷികൾ തമ്മിൽ പദ്ധതിയുണ്ടാക്കണമെന്നും ഇല്ലെങ്കിൽ അത് പൊതുഖജനാവിന് ഭീമമായ നഷ്ടം സൃഷ്ടിക്കുമെന്നുമുള്ള കേരള ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹൈക്കോടതി ചുമതലപ്പെടുത്തിയ പ്രകാരം ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറി കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ, ഈ ദുരവസ്ഥയുടെ ഉത്തരവാദിത്വം പൊതുമരാമത്ത് വകുപ്പിനാണെന്ന് ജല അതോറിറ്റി അധികൃതർ അറിയിച്ചുവെന്ന പരാമർശം ഗൗരവമുള്ളതല്ലേ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.ഡബ്ല്യൂ.എ., ബി.എസ്.എൻ.എൽ., കെ.എസ്.ഇ.ബി.എൽ തുടങ്ങിയ വിവിധ ഏജൻസികൾ റോഡ് കുഴിക്കുന്നത് സംബന്ധിച്ച് വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി 5-1-2018-ലെ സ. ഉ. (സാധാ.) നമ്പർ 30/2018/ പൊ.മ.വ., 24-8-2018-ലെ സ.ഉ.(സാധാ) നമ്പർ 1321/2018/പൊ.മ.വ. എന്നിവ പ്രകാരം മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം കെ.ഡബ്ല്യു.എ, ബി.എസ്.എൻ.എൽ, കെ.എസ്.ഇ.ബി.എൽ. മുതലായവയുടെ പ്രവൃത്തികൾക്കായി റോഡ് കുഴിക്കേണ്ടി വരുന്ന അവസരങ്ങളിൽ പ്രസ്തുത വിവരം 6 മാസം മുമ്പെങ്കിലും പൊതുമരാമത്ത് വകുപ്പിനെ അറിയിക്കേണ്ടതാണ്.

(സി) ലീഗൽ സർവ്വീസസ് അതോറിറ്റി പൊതുമരാമത്ത് വകുപ്പുമായി ആലോചിക്കാതെയാണ് കോടതിയെ അറിയിച്ചിട്ടുള്ളത്.

## ടാറിന്റെ വില വർദ്ധനവ്

14 (3057) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാറിന്റെ വില വർദ്ധനവുമൂലം സംസ്ഥാനത്തെ കരാർ പണികൾ ആകമാനം സ്തംഭനത്തിലാകുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് 13-11-2018 -ൽ സർക്കാർ ഉത്തരവ് ഇറക്കിയെങ്കിലും ഈ ഉത്തരവിന്റെ ഫലം ഭൂരിഭാഗം കരാറുകാർക്കും ലഭിക്കാത്ത അവസ്ഥയാണ് നിലനിൽക്കുന്നത് എന്ന കാര്യം പരിശോധിക്കുമോ; ഈ സാമ്പത്തിക വർഷം വില 30 ശതമാനം വർദ്ധിച്ചുവെന്ന് സർക്കാർ പറയുമ്പോഴും കരാറുകാർക്ക് 1-11-2018 മുതൽ വാങ്ങിയ ബില്ലുകൾക്കേ ഫലത്തിൽ പ്രയോജനം ലഭിക്കുകയുള്ളൂ എന്നതിന് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ;

(സി) ധനകാര്യ വകുപ്പിന്റെ ഉത്തരവുണ്ടായിട്ടും പൊതുമരാമത്ത് വകുപ്പ് ഇതുവരെ ജി.എസ്.ടി. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ നടപടിയാകാത്തത് പരിശോധിച്ച് പരിഹാരം കാണുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ടാറിന്റെ വില വർദ്ധനവുമൂലം കരാർ പണികൾ ആകമാനം സ്തംഭനത്തിലാകുന്ന അവസ്ഥ ഉണ്ടായിട്ടില്ല. ബിറ്റുമിന്റെ ഉയർന്ന തോതിലുള്ള വില വർദ്ധനവ് ദേശീയപാതാ വിഭാഗത്തിലെ അറ്റകുറ്റപ്പണികൾ അടക്കമുള്ള ടാറിംഗ് പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

(ബി) 13-11-2018-ലെ G.O. (Rt.) No.9386/2018/Fin പ്രകാരം ടെണ്ടർ അവസാനിക്കുന്ന തീയതിയിലെ ബിറ്റുമിൻ വിലയും 1-11-2018-നുശേഷം വാങ്ങിയ ബിറ്റുമിന്റെ ഇൻവോയിസിലെ വിലയും തമ്മിലുള്ള വ്യത്യാസം കരാറുകാർക്ക് ലഭ്യമാകും എന്നുള്ളതിനാൽ കരാറുകാർക്ക് പ്രയോജനം ലഭിക്കാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല.

(സി) പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റും CPWD & MORTH Specification ഉപയോഗിച്ചുമാണ്. നിലവിൽ CPWD ജി.എസ്.ടി. നിയമം കണക്കിലെടുത്തുകൊണ്ടുള്ള അടിസ്ഥാന വിലകൾ പ്രസിദ്ധീകരിച്ചിട്ടില്ല. ആയതിനാൽ എസ്റ്റിമേറ്റിൽ നിലവിലുള്ള DSR റേറ്റിന് പുറമേ ജി.എസ്.ടി. നിരക്കുകൂടി ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം ആയിട്ടില്ല.

ഇതിനുള്ള നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിൽ സമർപ്പിക്കുകയും അതിന്മേൽ നിരവധി ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 6-8-2018-ൽ ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പുതുക്കിയ DSR വരുന്നതുവരെ ജി.എസ്.ടി.മൂലം കോൺട്രാക്ടർക്കുണ്ടാകുന്ന അധിക ബാദ്ധ്യത സംബന്ധിച്ച കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ട്.

## റോഡുകളുടെയും പാലങ്ങളുടെയും ശാസ്ത്രീയമായ പുനർനിർമ്മാണം

15 (3058) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കത്തിനും ഉരുൾപൊട്ടലിനും സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ഭൂമിയുടെ ചെരിവ് കൃത്യമായി പഠിച്ച് ശാസ്ത്രീയമായ രീതിയിൽ റോഡുകളും പാലങ്ങളും പുനർ നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് പണിത ഭൂരിഭാഗം ഹൈവേകളും പാലങ്ങളും പ്രളയത്തെ അതിജീവിച്ചപ്പോൾ അതിനുശേഷമുള്ള കാലഘട്ടത്തിൽ പണിത പാലങ്ങളും ഹൈവേകളും പ്രളയത്തിൽ തകരാനുണ്ടായ സാഹചര്യം പഠന വിധേയമാക്കിയിട്ടുണ്ടോ;

(സി) പ്രളയത്തിൽ പാലങ്ങളുടെ മുകളിൽ വെള്ളം കയറിയതിനാലാണ് ഭൂരിഭാഗം പാലങ്ങൾക്കും കേടുപാടുകൾ സംഭവിച്ചതെന്നത് വസ്തുതയല്ലേ; ഈ സാഹചര്യത്തിൽ കേടുപാടുകൾ സംഭവിച്ച പാലങ്ങൾ കൂടുതൽ ഉയരത്തിൽ പണിയാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതിക്ക് അനുസൃതമായി ചരിവുകൾ നിലനിർത്തി റോഡുകൾ നിർമ്മിക്കുന്നതിനായി കയർ ഭൂവസ്ത്രം, soil stabilization, പീച്ചിംഗ്, ടർഫിംഗ് എന്നീ വിവിധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ബ്രിട്ടീഷുകാരുടെ ഭരണകാലത്തിനുശേഷം പണിത ഹൈവേകളും പാലങ്ങളും പ്രളയത്തിനുശേഷം നിലനിൽക്കുന്നുണ്ട്. പ്രളയത്തിനുശേഷം പൊതുമരാമത്ത് വകുപ്പ് പാലങ്ങളും ഹൈവേകളും ഡിസൈൻ വിംഗിന്റെ

സഹകരണത്തോടെ പരിശോധന നടത്തുകയും ഓരോ സ്ഥലത്തെയും പ്രത്യേകമായ സാഹചര്യം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രളയാനന്തര പുനർ നിർമ്മാണ പ്രവൃത്തികളിൽ ഇതുപോലെയുള്ള പ്രളയത്തെ അതിജീവിക്കാനുള്ള സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ചുകൊണ്ടിരിക്കുകയാണ്.

(സി) പാലങ്ങൾ ഡിസൈൻ ചെയ്യുമ്പോൾ ഓരോ ജലസ്രോതസ്സിന്റെയും ഉയർന്ന ജലനിരപ്പ് (MFL) കണക്കാക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുമാണ് നിർമ്മാണം നടത്തുന്നത്. 2018-ലെ പ്രളയത്തെ തുടർന്ന് എല്ലാ നദികളുടേയും ജലസ്രോതസ്സുകളുടേയും ജലവിതാനത്തിൽ മാറ്റം വന്നിട്ടുള്ളതിനാൽ പുതുക്കിയ MFL രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും തുടർന്നുവരുന്ന നിർമ്മാണ പ്രവൃത്തികളിൽ പ്രളയത്തിനുശേഷമുള്ള MFL ഉപയോഗിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**സെൻട്രൽ റോഡ് ഫണ്ടിൽനിന്നും അധിക തുക**

16 (3059) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ടിൽനിന്നും ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര തുകയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർഷം പ്രളയ സാഹചര്യം കൂടി പരിഗണിച്ച് സെൻട്രൽ റോഡുഫണ്ടിൽ നിന്നും അധിക തുക അനുവദിക്കാമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ തുകയെത്രയാണ്;

(സി) അധിക നിർദ്ദേശത്തിൽ ഉൾപ്പെടുത്തി അഗസ്ത്യർമൂഴി-കുന്ദമംഗലം റോഡ് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ 312.1 കി.മീ. നീളത്തിലുള്ള 27 റോഡുകൾക്കും ചാലിയാർ പുഴയ്ക്ക് കുറുകെ എളമരക്കടവിൽ നിർമ്മിക്കുന്ന പാലത്തിനുമായി 351 കോടി രൂപയുടെ ഭരണാനുമതി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) ഈ വർഷം പ്രളയ സാഹചര്യംകൂടി പരിഗണിച്ച് സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും അധിക അനുമതി ലഭിക്കുന്നതിനുവേണ്ടി 390.60 കി.മീ. ദൈർഘ്യമുള്ള 27 റോഡുകൾക്കും ഒരു പാലത്തിനുമായി 450 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിലേയ്ക്ക് അയച്ചിട്ടുണ്ട്.

(സി) 14 കി.മീ. ദൈർഘ്യം വരുന്ന അഗസ്ത്യാർമുഴി-കുന്ദമംഗലം റോഡ് അധിക പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കേന്ദ്രപദ്ധതികളിലൂടെ റോഡ് നിർമ്മാണം**

17 (3060) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും കേന്ദ്ര പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ച നൽകുവാൻ തയ്യാറാണെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ നാശനഷ്ടം കണക്കാക്കി കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ദേശീയപാതാ വിഭാഗത്തിൽ കേരളത്തിലെ വിവിധ ദേശീയപാതകളിലായി പ്രളയവുമായി ബന്ധപ്പെട്ട് 911.75 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പരിഹാരത്തിനായി വാർഷിക പദ്ധതി (Annual Plan) 2018-19-ലുൾപ്പെടുത്തി 206.85 കോടി രൂപയുടെ വിഹിതം നീക്കിവച്ചിട്ടുള്ളതും ആന്വൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19-ലുൾപ്പെടുത്തി 74.50 കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കി വച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള 630.40 കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20-ൽ കേരളത്തിന്റെ വിഹിതമായി 178 കോടി രൂപ നീക്കി വച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽ നിന്നും 178 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നിന്നും നാശനഷ്ടം കണക്കാക്കി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി 2828 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കി വിശദാംശം ദുരന്ത നിവാരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

**പുനർനിർമ്മിക്കേണ്ട പാലങ്ങളുടെ പട്ടിക**

18 (3061) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തരമായി പുനർനിർമ്മിക്കേണ്ടതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പാലങ്ങളുടെ പട്ടികയിൽ എത്ര പാലങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ ഏതെല്ലാം പാലങ്ങളാണ് പ്രസ്തുത ലിസ്റ്റിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പട്ടികയിലുള്ള പാലങ്ങൾ പുനർനിർമ്മിക്കാൻ പ്രത്യേകം ഫണ്ട് നീക്കിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) അടിയന്തരമായി പുനർനിർമ്മിക്കേണ്ടതിനായി 2017-ൽ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പാലങ്ങളുടെ പട്ടികയിൽ 162 പാലങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ പ്രളയക്കെടുതിയിൽ രണ്ട് പാലങ്ങൾ തകർന്നു. 54 പാലങ്ങൾക്ക് തകരാറും സംഭവിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിലെ പാലങ്ങൾ താഴെ വിവരിക്കുന്നു.

1. അരവഞ്ചാൽ ബ്രിഡ്ജ്
2. ഒളവറ ബ്രിഡ്ജ്
3. കവ്വായി ബ്രിഡ്ജ്
4. കുഞ്ഞിത്തോട്ടം ബ്രിഡ്ജ്
5. കാഞ്ഞിരോട് ബ്രിഡ്ജ്
6. കുറുവ ബ്രിഡ്ജ്
7. ആനപന്തി ബ്രിഡ്ജ്
8. അഞ്ചരക്കണ്ടി ബ്രിഡ്ജ്
9. മൂന്നാംപാലം ബ്രിഡ്ജ് (2 എണ്ണം)
10. കോളാട് ബ്രിഡ്ജ്
11. കയ്യാലി ബ്രിഡ്ജ്
12. മരുതായി ബ്രിഡ്ജ്
13. അയ്യപ്പൻതോട് ബ്രിഡ്ജ്

14. കൊല്ലക്കൽ ബ്രിഡ്ജ്

15. പത്തായക്കല്ല് ബ്രിഡ്ജ്

16. ചിറ്റാരിത്തോട് ബ്രിഡ്ജ്

17. പഴയങ്ങാടി ബ്രിഡ്ജ്

(സി) പാലങ്ങളുടെ പുനർനിർമ്മാണത്തിനായി 2018-19 ബജറ്റിൽ 5054-04-101-85-16 (പി) എന്ന ശീർഷകത്തിൽ 82,000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണത്തിനായി 21-8-2018-ലെ സ.ഉ. (സാധാ.) നമ്പർ 1309/2018/പൊ.മ.വ. പ്രകാരം 1000 കോടി രൂപയും ഫ്ലഡ് ഡാമേജിലെ അറ്റകുറ്റപ്പണികൾക്കായി 400 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

**നാഷണൽ ഹൈവേ വികസനം**

19 (3062) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാഷണൽ ഹൈവേ വികസനത്തിനായി എത്രകോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

2016-17 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ 1262 കോടി രൂപയുടെ ദേശീയപാതാ വികസന പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നു. അതിൽ പ്ലാൻ ഫണ്ടിൽ 743 കോടി രൂപയ്ക്ക് അനുമതി നൽകി. ഇതിൽ എൻ.എച്ച് 213 (എൻ.എച്ച്.966), എൻ.എച്ച്.49 (എൻ.എച്ച്.85)-ലെ 2 ഇ.പി.സി. പ്രവൃത്തികളും ഉൾപ്പെടുന്നു. ഇവയുടെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ എൻ.എച്ച്. 47, 17 & 213 (എൻ.എച്ച്. 66 & എൻ.എച്ച്. 966) എന്നീ ദേശീയ പാതകളുടെ 94.43 കി.മീ. ഉപരിതലം പുതുക്കുന്നതിനായി 100 കോടി രൂപയുടെ 6 പദ്ധികൾക്കും നോൺ പ്ലാനിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചു. ഇവയിൽ 5 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 1 പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു. നോൺ പ്ലാനിൽ ഓർഡിനറി റിപ്പയേഴ്സിനായി 8.53 കോടി രൂപയും ഫ്ലഡ് ഡാമേജ് റിപ്പയേഴ്സിനായി 2.088 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ 478 കോടി രൂപയുടെ ദേശീയപാതാ വികസന പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ പ്ലാൻ ഫണ്ടിൽ 473 കോടി രൂപയ്ക്ക് അനുമതി ലഭിച്ചു. പുതിയ ദേശീയപാതയുടെ ഡി.പി.ആർ. തയ്യാറാക്കാനും എൻ.എച്ച് 220 (പുതിയ എൻ.എച്ച്-183) രണ്ടുവരിപ്പാതയായി വികസിപ്പിക്കാനും എൻ.എച്ച് 183 എ, എൻ.എച്ച് 213, എൻ.എച്ച് 185, എൻ.എച്ച് 49, എൻ.എച്ച് 212, എൻ.എച്ച് 47 എ, എൻ.എച്ച് 220 എന്നിവയുടെ പുനരുദ്ധാരണം നടത്തുന്നതിനായും എൻ.എച്ച് 49-ലെ പെരുമറ്റം പാലം നന്നാക്കുന്നതിനുമാണ് തുക ലഭിച്ചത്. നോൺ പ്ലാനിൽ ഓർഡിനറി റിപ്പയേഴ്സിനായി 11.75 കോടി രൂപയും ഫ്ലഡ് ഡാമേജ് റിപ്പയേഴ്സിനായി 2.96 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ 206.85 കോടി രൂപയുടെ ദേശീയപാതാ വികസന പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ നോൺ പ്ലാനിൽ ഉൾപ്പെടുത്തി പീരിയോഡിക്കൽ റിന്യൂവലിനായി 74.5 കോടി രൂപയുടെ പദ്ധതികളുടെ പട്ടികയ്ക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ചുവരികയാണ്. കേന്ദ്ര മന്ത്രാലയത്തിന്റെ സാങ്കേതികാനുമതി ലഭിച്ചാലുടൻ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. നോൺ പ്ലാനിൽ ഓർഡിനറി റിപ്പയേഴ്സിനായി 12.56 കോടി രൂപ 2018-19 സാമ്പത്തിക വർഷത്തിൽ ഇതുവരെ ലഭിച്ചിട്ടുണ്ട്. കൂടാതെ ഫ്ലഡ് ഡാമേജിന്റെ അടിയന്തര റിപ്പയറിംഗിനായി 21.4 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

## കേരളത്തിലെ ദേശീയ പാതകൾ

20 (3063) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വികസനത്തിന്റെ ഭാഗമായി കേരളത്തിലെ ദേശീയ പാതകൾ നാലുവരി ആക്കുന്നതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ടെണ്ടർ നടപടികൾ നടന്ന റീച്ചുകളുടെ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയും എന്നറിയിക്കാമോ?

### ഉത്തരം

(എ) ദേശീയപാതകൾ നാലുവരിയാക്കുന്നതിന്റെ ജില്ല തിരിച്ചുള്ള പുരോഗതി അനുബന്ധമായി *ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായതിനുശേഷം മാത്രമേ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**സംസ്ഥാനത്തെ ദേശീയപാത വികസനം**

21 (3064) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകൾ നാലുവരിപാതയായി വികസിപ്പിക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) അധികച്ചെലവിന്റെ പേരിൽ പദ്ധതിക്ക് കേന്ദ്രത്തിൽ നിന്നും അംഗീകാരം ലഭിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ദേശീയപാത വികസനം യാഥാർത്ഥ്യമാക്കുവാനുള്ള സാങ്കേതിക തടസ്സങ്ങൾ നീക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ദേശീയപാതകൾ നാലുവരിയാക്കുന്നതിന്റെ ജില്ല തിരിച്ചുള്ള പുരോഗതി അനുബന്ധമായി *ചേർക്കുന്നു.

(ബി&സി) കേരളത്തിൽ ഭൂമിയുടെ വില കൂടുതലാണെന്നതിന്റെ പേരിൽ പദ്ധതിക്ക് കേന്ദ്രത്തിൽ നിന്നും ചില തടസ്സവാദങ്ങൾ ഉന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ബഹു. മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും കൊണ്ടുവന്നിട്ടുണ്ട്.

തലശ്ശേരി മാഹി ബൈപ്പാസ് ഉദ്ഘാടനവേളയിൽ ഈ വിഷയത്തിൽ പരിഹാരമുണ്ടാക്കാമെന്ന് കേന്ദ്രമന്ത്രി പൊതുവേദിയിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

**ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ**

22 (3065) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് റോഡുകളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിർമ്മിച്ച് നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

പൊതുമരാമത്ത് വകുപ്പിന് കീഴിൽ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2013-ൽ രൂപീകരിച്ചിട്ടുള്ള ഒരു 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' ആണ് "പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്" എന്ന സ്ഥാപനം. കേരളത്തിലങ്ങോളമിങ്ങോളം ആധുനിക രീതിയിൽ പി.പി.പി. വ്യവസ്ഥയിൽ ബസ് ഷെൽട്ടറുകൾ നിർമ്മിച്ച് അവയിലെ പരസ്യങ്ങളിലൂടെ കിട്ടുന്ന വരുമാനംകൊണ്ട് സ്വയം പര്യാപ്തതയിൽ എത്താനാണ് കമ്പനി ഉദ്ദേശിച്ചിട്ടുള്ളത്. ഈ കമ്പനിക്ക് സർക്കാരിൽനിന്നും ബജറ്റ് മുഖേന യാതൊരു വിധത്തിലുള്ള സാമ്പത്തിക സഹായങ്ങളും ലഭിക്കുന്നില്ല. അത്തരത്തിൽ തിരുവനന്തപുരം, എറണാകുളം തുടങ്ങിയ പ്രധാന നഗരങ്ങളിൽ പി.പി.പി. വ്യവസ്ഥയിൽ കമ്പനി ഏറ്റെടുത്ത് നിർമ്മിച്ച 84 ഷെൽട്ടറുകളാണ് ഇപ്പോൾ കമ്പനിയുടെ പ്രധാന വരുമാന സ്രോതസ്സ്. കൂടാതെ എം.എൽ.എ., എം.പി. ഫണ്ടുകൾ ഉപയോഗിച്ചും ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നുണ്ട്. ഇതിന്റെ തുടർച്ചയെന്നോണം കമ്പനിയുടെ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ എല്ലാ ജില്ലകളെയും ഉൾപ്പെടുത്തി ആദ്യഘട്ടമെന്ന നിലയിൽ 500 ബസ് ഷെൽട്ടറുകൾ പി.പി.പി. വ്യവസ്ഥയിൽ പുതുതായി നിർമ്മിക്കാൻ കമ്പനി ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇത് കൂടാതെ KIIFB പോലുള്ള പദ്ധതികളിലൂടെ എസ്റ്റിമേറ്റിൽ ബസ് ഷെൽട്ടർ ഉൾപ്പെടുത്തിവരുന്നുണ്ട്.

**കെട്ടിട നിർമ്മാണങ്ങൾക്ക്കോമ്പോസിറ്റ് ടെണ്ടർ**

23 (3066) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഫണ്ട് ഉപയോഗിക്കുന്ന കെട്ടിട നിർമ്മാണങ്ങൾക്ക് നിലവിൽ കോമ്പോസിറ്റ് ടെണ്ടർ രീതി അവലംബിച്ച് വരുന്നുണ്ടോ;

(ബി) ഇല്ല എങ്കിൽ ആയതിന് തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കോമ്പോസിറ്റ് ടെണ്ടർ രീതിയുടെ അഭാവംകൊണ്ട് പല സർക്കാർ കെട്ടിടങ്ങളുടെയും നിർമ്മാണവും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) കെട്ടിട നിർമ്മാണവും ഇലക്ട്രിഫിക്കേഷനും ഒരേ സമയം നടന്നു വരാത്തതിനാൽ ഉണ്ടാവുന്ന കാലതാമസം ഒഴിവാക്കാനായി മറ്റേതെങ്കിലും തരത്തിലുള്ള പരിഷ്കാരങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഏറ്റെടുത്ത് വരുന്ന ചെറിയ പ്രവൃത്തികളിൽ നിലവിൽ കോമ്പോസിറ്റ് ടെണ്ടർ രീതി അവലംബിക്കുന്നില്ല. പക്ഷേ, നിലവിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ എല്ലാംതന്നെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതിനായി കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

(ബി) സിവിൽ, ഇലക്ട്രിക്കൽ ജോലികൾ ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പിൽ പ്രത്യേക ലൈസൻസ് സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. വൈദ്യുത ജോലികൾക്ക് രജിസ്ട്രേഷൻ ലൈസൻസ് നൽകുന്നത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് നൽകുന്ന ലൈസൻസ് ആധാരമാക്കിയാണ്. കോമ്പോസിറ്റ് രീതി അവലംബിച്ചാൽ ജോലിക്ക് നിരക്ക് വില പറയുന്ന കരാറുകാരന് സിവിൽ, ഇലക്ട്രിക്കൽ ലൈസൻസുകൾ ആവശ്യമായി വരും. ആയത് ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാരുടെ എണ്ണം പരിമിതപ്പെടുത്തും. കൂടാതെ മിക്ക ഇലക്ട്രിക്കൽ പ്രവൃത്തികളും 2-3 മാസത്തിനകംതന്നെ പൂർത്തിയാക്കാൻ കഴിയുന്നവയാണ്. സിവിൽ പ്രവൃത്തികൾ പലപ്പോഴും 2-3 വർഷമെടുത്താണ് പൂർത്തീകരിച്ചുവരുന്നത്. ആയതിനാൽ 3 മാസംകൊണ്ട് തീർക്കാവുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾ 2-3 വർഷം മുമ്പേ സിവിൽ പ്രവൃത്തികൾക്കൊപ്പം ടെണ്ടർ ചെയ്യുന്നത് അഭികാമ്യമല്ല.

(സി) കോമ്പോസിറ്റ് ടെണ്ടർ രീതിയുടെ അഭാവംകൊണ്ട് കെട്ടിടങ്ങളുടെ നിർമ്മാണവും ഇലക്ട്രിക്കൽ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സിവിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്കുതന്നെ ഇലക്ട്രിക്കൽ ജോലികളും പൂർത്തീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ വിഭാഗത്തിൽ എഞ്ചിനീയർമാരുടെ അഭാവം പ്രവൃത്തികളെ ബാധിക്കുന്നതിനാൽ ജോലിഭാരം അനുസരിച്ച് എഞ്ചിനീയർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നത് പരിഗണനയിലാണ്.

**ശബരിമല സന്നിധാനത്തെ പി.ഡബ്ള്യു.ഡി. ഗസ്റ്റ് ഹൗസ്**

24 (3067) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്തെ പി.ഡബ്ല്യൂ.ഡി. ഗസ്റ്റ് ഹൗസിന്റെ ഉടമസ്ഥത സംബന്ധിച്ച ഹൈക്കോടതി കേസിൽ റിസീവറെ ചുമതലപ്പെടുത്താൻ താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; കേസിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത കേസ് നടത്തുവാൻ ആരെയാണ് പി.ഡബ്ല്യു.ഡി ചുമതലപ്പെടുത്തിയിരുന്നത്; കോടതിയിൽ ഹാജരായത് ആരാണ്; റിസീവറെ ചുമതലപ്പെടുത്തിയ വിധിക്കെതിരെ ഹൈക്കോടതിയിൽ കേസ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; നടപടി വൈകിയതിന്റെ ഉത്തരവാദി ആരാണ് എന്നറിയിക്കാമോ;

(സി) ഗസ്റ്റ്ഹൗസ് ഏറ്റെടുക്കുന്നതിനുള്ള പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ശബരിമലയിൽ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം കയ്യേറി നിർമ്മിച്ച എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ പൊളിച്ചുമാറ്റാൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും നോട്ടീസ് നൽകിയിരുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ സെക്രട്ടറിക്ക് നോട്ടീസ് നൽകുകയും രേഖകളുമായി അവർ ഹാജരാകാത്തതുകാരണം ടി കെട്ടിടം പൊതുമരാമത്ത് വകുപ്പ് ലോക്ക് ചെയ്യുകയും പിൽഗ്രിം ഷെൽട്ടർ കമ്മിറ്റിയുടെ ആളുകൾ ലോക്ക് തല്ലിപ്പൊളിക്കുകയും അതുമായി ബന്ധപ്പെട്ട് പമ്പാ പോലീസ് സ്റ്റേഷനിൽ കേസ് നൽകുകയും ചെയ്തു. ഇതിനെ തുടർന്ന് പിൽഗ്രിം ഷെൽട്ടർ കമ്മിറ്റിയുടെ സെക്രട്ടറി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 30-11-2016-ലെ ഇടക്കാല ഉത്തരവിൽ ശ്രീ. എ. കെ. അരവിന്ദാക്ഷനെ റിസീവർ ആയി നിയമിക്കുകയും ചെയ്തു. പ്രസ്തുത കേസിൽ പൊതുമരാമത്ത് വകുപ്പിനെ പ്രതിനിധീകരിച്ച് ഹാജരായത് മുൻ സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറായ ശ്രീ. പി. കെ. ബാബുവാണ്. 14-8-2017-ലാണ് ഈ കേസ് അവസാനമായി കോടതി പരിഗണിച്ചത്.

(ബി) സൂപ്രണ്ടിംഗ് എഞ്ചിനീയർ, സൗത്ത് സർക്കിൾ, തിരുവനന്തപുരത്തിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ശ്രീ. കെ. വി. മനോജ് കുമാർ, സീനിയർ ഗവൺമെന്റ് പ്ലീഡറാണ് കോടതിയിൽ ഹാജരാകുന്നത്. റിസീവറെ ചുമതലപ്പെടുത്തിയ വിധിക്കെതിരെ ഹൈക്കോടതിയിൽ കേസ് നൽകിയിട്ടില്ല. ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നും എതിർ സത്യവാങ്മൂലം സമർപ്പിക്കാത്തത് കൊണ്ടാണ് നടപടി വൈകുന്നത്. നിരവധി ഓർമ്മക്കുറിപ്പുകൾ ഇതിനകം ദേവസ്വം ബോർഡിന് നൽകിയിട്ടുണ്ട്.

(സി) നിയമപരമായ നടപടികളുമായി മുമ്പോട്ടു പോകുന്നതോടൊപ്പം കേസ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഗവൺമെന്റ് പ്ലീഡറുമായി നിരന്തരം ബന്ധപ്പെട്ടുവരികയാണ്.

## റസ്റ്റ് ഹൗസുകൾ

25 (3068) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര റസ്റ്റ് ഹൗസുകളും ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റസ്റ്റ്ഹൗസുകളുടെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥരുടെ പേരും തസ്തികയും ഔദ്യോഗിക മൊബൈൽ നമ്പറും ടെലഫോൺ നമ്പറും ഇമെയിൽ ഐഡിയും ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് പുതിയതായി റസ്റ്റ് ഹൗസുകൾ നിർമ്മിക്കുന്നുണ്ടോ; എങ്കിൽ ഏത് ജില്ലയിൽ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 153 റസ്റ്റ് ഹൗസുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) റസ്റ്റ് ഹൗസുകളുടെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥരുടെ പേരും തസ്തികയും ഔദ്യോഗിക മൊബൈൽ നമ്പറും ടെലഫോൺ നമ്പറും ഇമെയിൽ ഐഡിയും അനുബന്ധമായി* ചേർക്കുന്നു (ചില റസ്റ്റ് ഹൗസുകളിൽ ചാർജ് വഹിക്കുന്നവരുടെ ഇ -മെയിൽ ഐ.ഡി. ലഭ്യമല്ല).

(സി) കൊല്ലം ജില്ലയിൽ പുനലൂർ, ആലപ്പുഴ ജില്ലയിൽ കരുമാടി, എറണാകുളം ജില്ലയിൽ നേര്യമംഗലം, കോഴിക്കോട് ജില്ലയിൽ കൊടുവള്ളി എന്നിവിടങ്ങളിൽ പുതുതായി റസ്റ്റ് ഹൗസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

## കുളത്തോട്ട് മലയിൽ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ്

26 (3069) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുളത്തോട്ട് മലയിൽ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികളും തുടർനടപടികളും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

കാട്ടാക്കട നിയോജക മണ്ഡലത്തിലെ കുളത്തോട്ട് മലയിൽ സെല്ലാർ, ഗ്രൗണ്ട്, ഫസ്റ്റ് ഫ്ലോർ എന്നിങ്ങനെ 3 നിലകളിലായി 753.27 ച.മീ. വിസ്തീർണ്ണത്തിൽ റസ്റ്റ് ഹൗസ് പണിയുന്നതിന് ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ വിശദമായി പരിശോധിച്ചിരുന്നു. എന്നാൽ ടി പ്രവൃത്തിക്ക് ബജറ്റ് വിഹിതം ഇല്ലാത്തതുകൊണ്ടും നിർമ്മാണത്തിന് അനുയോജ്യമല്ലാത്ത സ്ഥലത്തായതുകൊണ്ടും പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**കോട്ടയ്ക്കൽ ,കുറ്റിപ്പുറം റസ്റ്റ് ഹൗസിന്റെ നിർമ്മാണം**

27 (3070) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ (ചങ്കുവെട്ടി) റസ്റ്റ് ഹൗസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) കുറ്റിപ്പുറം റസ്റ്റ് ഹൗസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് ഒരു മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് പൊതുമരാമത്ത് (കെട്ടിട) വിഭാഗം ഏതെങ്കിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിലുള്ള ഫയലിന്റെ അവസ്ഥ എന്തെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ റസ്റ്റ് ഹൗസിന്റെ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ആർക്കിടെക്ചറൽ ഡ്രോയിംഗിനായി ചീഫ് ആർക്കിടെക്റ്റിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി-ഇ) നിലവിൽ പരിഗണനയിലില്ല.

## പി.യു.കെ.സി. റോഡിന്റെ നവീകരണം

28 (3071) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലത്തൂർ, ബാലുശ്ശേരി, പേരാമ്പ്ര എന്നീ നിയോജക മണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന പ്രധാന പാതയായ പി.യു.കെ.സി റോഡിന്റെ നവീകരണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡിനായി ഏത് രീതിയിലുള്ള നവീകരണം നടത്തുവാനാണ് നിലവിൽ ഉദ്ദേശിക്കുന്നതെന്നും ഒന്നാം ഘട്ടത്തിൽ എത്ര കിലോമീറ്റർ റോഡിന്റെ നവീകരണത്തിനായാണ് നിർദ്ദേശിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റോഡിന്റെ നവീകരണത്തിനായി 2017-2018 , 2018-19 എന്നീ വർഷങ്ങളിലെ ബജറ്റിലൂടെ എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി പി.യു.കെ.സി. റോഡ് നവീകരിക്കുന്നതിനായി 1-11-2016-ലെ സ.ഉ. (സാധാ.) നമ്പർ 1502/2016/ പൊ.മ.വ. പ്രകാരം 15 കോടി രൂപയ്ക്ക് ഭരണാനുമതിയും 10-7-2017-ലെ സ.ഉ. (സാധാ.)നമ്പർ 942/2017/പൊ.മ.വ ക്രമ നമ്പർ 26, 27 പ്രകാരം യഥാക്രമം 50 കോടി, 20 കോടി രൂപയ്ക്ക് തത്വത്തിലുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ 15 കോടി രൂപയുടെ അനുമതി അനുസരിച്ച് പുറക്കാട്ടിരി മുതൽ ഉള്ള്യേരി വരെയുള്ള (കി.മീ.0/000 മുതൽ 17/400 വരെ) വികസനത്തിനായി ഡി.പി.ആർ. തയ്യാറാക്കി വരുന്നു. 50 കോടി രൂപയുടെ അനുമതി അനുസരിച്ച് ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള (കി.മീ.17/600 മുതൽ 43/160 വരെ) വികസനത്തിനായി ഡി.പി.ആർ. തയ്യാറാക്കാനുള്ള ഇൻവെസ്റ്റിഗേഷൻ നടത്തിവരുന്നു. സ്ഥലം ഏറ്റെടുത്ത് ഉന്നതനിലവാരത്തിലുള്ള ബി.എം.&ബി.സി. റോഡാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിൽ കി.മീ. 0/000 മുതൽ 17/400 വരെ നവീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## ആലുവ-മൂന്നാർ റോഡ് നവീകരണം

29 (3072) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 2017-18 കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പൊതുമരാമത്ത് (നിരത്ത്) വിഭാഗം പ്രവൃത്തിയായ

ആലുവ-മൂന്നാർ റോഡ് ch:28/000 മുതൽ 38/281 വരെ നവീകരണത്തിന് 10 കോടി രൂപ അനുവദിച്ച പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ; ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയുടെ ഡി.പി.ആർ ആണ് തയ്യാറാക്കിയിട്ടുള്ളതെന്നും, ഡി.പി.ആർ.-ൽ എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിക്ക് വേഗത്തിൽ കിഫ്ബി അംഗീകാരം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ആലുവ-മൂന്നാർ റോഡിന്റെ കോതമംഗലം മണ്ഡലത്തിൽ ഉൾപ്പെടുന്ന ഭാഗത്ത് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

(ബി) ശ്രീ. ജീൻ ജോർജ്ജ്, M/s ജി.എസ്. ഇൻഫ്രാസ്ട്രക്ചർ, 12/212 ആശുപത്രി കവല, മുളന്തുരുത്തി എന്ന ഏജൻസിയാണ് ഇൻവെസ്റ്റിഗേഷൻ ചെയ്തത്. ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചു.

(സി-ഇ) ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**പേട്ട-പുത്തൻറോഡ്-കാഞ്ഞിരവിളാകം-പടിഞ്ഞാറെക്കോട്ട**
**റോഡ് നവീകരണം**

30 (3073) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ പേട്ട-പുത്തൻറോഡ്-കാഞ്ഞിരവിളാകം-പടിഞ്ഞാറെക്കോട്ട വരെയുള്ള പൊതുമരാമത്ത് റോഡ് എത്രയും വേഗം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത് ;ആയതിനുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ പേട്ട-പുത്തൻറോഡ്-കാഞ്ഞിരവിളാകം-പടിഞ്ഞാറേക്കോട്ട വരെയുള്ള റോഡിൽ ഉൾപ്പെട്ട വെസ്റ്റ് ഫോർട്ട് മുതൽ കാഞ്ഞിരവിളാകം റോഡ് (കി.മീ.0/000 മുതൽ 1/850) നവീകരിക്കുന്നതിന് 15-9-2017-ലെ സ.ഉ. (സാധാ.) നമ്പർ 1386/17/പൊ.മ.വ. പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വെസ്റ്റ് ഫോർട്ട് മുതൽ കാഞ്ഞിരവിളാകം വരെയുള്ള റോഡിന്റെ പ്രവൃത്തി 6 തവണ ടെണ്ടർ ക്ഷണിച്ചുവെങ്കിലും കരാറുകാർ ആരുംതന്നെ ടെണ്ടറിൽ പങ്കെടുത്തില്ല. ആയതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**കേണൽ നിരഞ്ജൻ സ്മാരക റോഡ്**

31 (3074) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ എടായിക്കൽ-കുട്ടിലക്കടവ്-കേണൽ നിരഞ്ജൻ സ്മാരക റോഡ് നിർമ്മിക്കുന്നതിനായി ഈ സർക്കാർ എത്ര തുക അനുവദിച്ചു;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയത്; വിശദാംശം നൽകാമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ-സി) 21-3-2018-ലെ സ.ഉ. (സാധാ.)നമ്പർ 493/2018/പൊ.മ.വ പ്രകാരം എടായിക്കൽ-കുട്ടിലക്കടവ് റോഡ് കി.മീ.0/000 മുതൽ 12/700 വരെയും കരിയോട്-എലുമ്പളശ്ശേരി റോഡ് കി.മീ. 0/000 മുതൽ 1/850 വരെയും അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് 1220 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

**ശബരിമല റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ**

32 (3075) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മണ്ഡലവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് നിരത്തുകളിൽ പൊതുമരാമത്ത് വകുപ്പ് നടത്തിയ പ്രവൃത്തികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ചെലവഴിച്ച തുക വ്യക്തമാക്കാമോ;

(സി) ഏരുമേലി ക്ഷേത്രത്തിലേയ്ക്കുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി ചെയ്ത പ്രവൃത്തികൾ വിശദമാക്കുമോ?

ഉത്തരം

(എ) 2018-19 വർഷത്തെ ശബരിമല ഉത്സവവുമായി ബന്ധപ്പെട്ട് കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലെ റോഡുകളുടെ പുനരുദ്ധാരണം/അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 21-8-2018 -ലെ സ.ഉ. (സാധാ.) നമ്പർ 1302/2018/പൊ.മ.വ. പ്രകാരം 200 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾ/പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവ നടത്തി റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പൂർത്തിയായ പ്രവൃത്തികളുടെ ചെലവ് കണക്കാക്കി വരുന്നു. 200 കോടി രൂപയ്ക്കുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(സി) 2018-19 ശബരിമല ഉത്സവവുമായി ബന്ധപ്പെട്ട് അനുവദിച്ച പ്രവൃത്തികളിൽ എരുമേലി ക്ഷേത്രത്തിലേയ്ക്ക് മാത്രമായി റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ അനുവദിച്ചിട്ടില്ല.

**കോന്നി മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ**

33 (3076) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽപ്പെട്ട കല്ലേലി, ഊട്ടുപാറ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയോ; എങ്കിൽ എന്നാണ് നൽകിയതെന്നും ഇല്ലെങ്കിൽ നൽകാത്തത് എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ചുള്ള ഫയൽ നിലവിൽ ഏതെല്ലാം ഓഫീസുകളിൽ പെൻഡിംഗിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) എന്തെങ്കിലും തടസ്സം നിലവിലുണ്ടെങ്കിൽ ആയത് പരിഹരിച്ച് ഭരണാനുമതി നൽകുന്നതിന് നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കോന്നി മണ്ഡലത്തിൽപ്പെട്ട കല്ലേലി ഊട്ടുപാറ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 27-11-2018-ലെ G.O.(Rt) No.1842/2018/PWD ഉത്തരവ് പ്രകാരം 3 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**തിരുമല-തൃക്കണ്ണാപുരം റോഡ്**

34 (3077) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏറെ നാളായി പൂർത്തിയാകാതെ കിടക്കുന്ന തിരുമല-തൃക്കണ്ണാപുരം റോഡിന്റെ പണി എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കുമോ; പണി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

തിരുമല-തൃക്കണ്ണാപുരം റോഡ് 15 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുത്ത് നവീകരിക്കുന്നതിനായുള്ള പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു. ആവശ്യമായ ഭൂമിയുടെ ഏകദേശം 75 ശതമാനം റവന്യൂ വകുപ്പ് ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 25 ശതമാനം ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. പാത വികസനത്തിനാവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന മുറയ്ക്കേ പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

35 (3078) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിക്കാത്തതുകാരണം വർഷങ്ങളായി പാലം ഗതാഗത യോഗ്യമാവാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി എത്ര പേരാണ് ഇപ്പോൾ സ്ഥലം വിട്ടുതരാൻ തയ്യാറായിട്ടുള്ളതെന്നും ഇവർക്ക് എത്ര ഭൂമി നഷ്ടപ്പെടുന്നുണ്ടെന്നും അറിയിക്കാമോ;

(ഡി) കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം നഷ്ടപരിഹാരം കൊടുത്ത് ഏറ്റെടുക്കാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടി താലൂക്കിൽ അവിടനല്ലൂർ വില്ലേജിലും ബാലുശ്ശേരി വില്ലേജിലുമായി 0.0902 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭൂമി വില അംഗീകരിച്ചുകൊണ്ട് റവന്യൂ വകുപ്പിന്റെ 26-4-2018-ലെ സ.ഉ.(ആർ.ടി.)നമ്പർ 1506/2018/ആർ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കുന്നതിനായി പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് സ്ഥലമേറ്റെടുക്കുവാനുള്ള തുക കൂടി ഉൾപ്പെടുത്തി ലഭിച്ചിട്ടുണ്ട്.

(സി) 5 പേരുടെ കൈവശമുള്ള 0.0902 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്.

(ഡി) പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഇടുക്കി നിയോജക മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണ പുരോഗതി**

36 (3079) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ഇടുക്കി നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ മെയിന്റനൻസിനും നിർമ്മാണത്തിനുമായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; അതിൽ ഏതെല്ലാം റോഡുകൾക്ക് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം ഭരണാനുമതി ലഭിച്ച ഏതെങ്കിലും റോഡിന്റെ പണി നിലവിൽ ആരംഭിച്ചിട്ടുണ്ടോ; ഓരോ റോഡിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 1341.2 ലക്ഷം രൂപ. (ബജറ്റ് പ്രവൃത്തികൾ -842 ലക്ഷം രൂപ, SLTF പ്രവൃത്തികൾ-499.20 ലക്ഷം രൂപ)

ഭരണാനുമതി നൽകിയ റോഡുകളുടെ ലിസ്റ്റ്, നിർമ്മാണ പുരോഗതി ഉത്തരവുകളുടെ പകർപ്പ് എന്നിവ അനുബന്ധമായി*ചേർക്കുന്നു.

## ആറന്മുള നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

37 (3080) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജക മണ്ഡലത്തിൽ ഈ സർക്കാരിന്റെ ഭരണകാലത്ത് എസ്.എൽ.റ്റി.എഫ്., ശബരിമല ഫെസ്റ്റിവൽ എന്നീ ഇനങ്ങളിൽപ്പെടുത്തി എത്ര രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; വർഷം തിരിച്ചും ഈ രണ്ട് ഇനങ്ങൾ തിരിച്ചും കണക്ക് ലഭ്യമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഇനങ്ങളിൽ ഈ വർഷത്തെ വർക്കുകളുടെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിശദാംശം അനുബന്ധമായി*ചേർക്കുന്നു.

## കോന്നി ബൈപ്പാസ്സ് നിർമ്മാണം

38 (3081) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ബൈപ്പാസ്സ് നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത ബൈപാസ് നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ആയതിലേയ്ക്ക്ഏതെല്ലാം ഓഫീസുകളിൽ എന്തെല്ലാം തുടർനടപടികൾ കൈക്കൊള്ളുവാനുണ്ടെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പ്രവർത്തനത്തിന് തടസ്സം നിലവിലുണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ;

(ഇ) തടസ്സം പരിഹരിക്കുന്നതിന് എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ-ഇ) കോന്നി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ടി ബൈപ്പാസ് നിർമ്മാണത്തിനായി തണ്ണീർത്തടം നികത്തുന്നതിന് അനുമതിയ്ക്കായി നെൽവയൽ സംരക്ഷണ നിയമ പ്രകാരം പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രാദേശിക നിരീക്ഷണ സമിതി (കൃഷി ഓഫീസർ, വള്ളിക്കോട്/പ്രമാടം/കോന്നി) മുമ്പാകെ ഫോറം നമ്പർ 2-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ പരിഗണിക്കുന്നതാണ്.

**വകയാർ- വള്ളിക്കോട്- കൈപ്പട്ടൂർ റോഡ് പുനരുദ്ധാരണം**

39 (3082) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിൽ വകയാർ- വള്ളിക്കോട്- കൈപ്പട്ടൂർ റോഡ് പുനരുദ്ധാരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേയ്ക്ക് നിലവിലുള്ള ഫയലുകൾ ഏതെല്ലാം ഓഫീസുകളിൽ പെൻഡിംഗിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) സാങ്കേതിക അനുമതി നൽകുന്നതിന് നിലവിൽ എവിടെയാണ് തടസ്സമെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള തടസ്സങ്ങൾ പരിഹരിച്ച് അടിയന്തരമായി നിർമ്മാണം പൂർത്തിയാക്കാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിലെ വകയാർ-വള്ളിക്കോട്-കൈപ്പട്ടൂർ റോഡ് പുനരുദ്ധാരണത്തിനായി 28-3-2018-ലെ സ.ഉ. (എംഎസ്.) നമ്പർ 9/2018/പി.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം 7 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി-ഡി) ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കടുമേനി-പാവൽ-കമ്പല്ലൂർ, ഒടയംചാൽ-ചെറുപുഴ റോഡുകൾ**

40 (3083) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ടതും തുക അനുവദിച്ചതുമായ കാസർഗോഡ് ജില്ലയിലെ കടുമേനി-പാവൽ-കമ്പല്ലൂർ, ഒടയംചാൽ-ചെറുപുഴ എന്നീ റോഡുകൾക്ക് ഭരണാനുമതി ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഈ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

കടുമേനി-പാവൽ-കമ്പല്ലൂർ റോഡ് പ്രവൃത്തിക്കുള്ള സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലലഭ്യത പൂർണ്ണമായും ഉറപ്പുവരുത്തിയതിനുശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഒടയംചാൽ-ചെറുപുഴ റോഡ് പ്രവൃത്തിക്ക് എൻവയോൺമെന്റ് സെല്ലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഉടൻതന്നെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**അടയമൺ-തൊളിക്കുഴി-ആനന്ദൻമുക്ക് റോഡ് നവീകരണം**

41 (3084) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ അടയമൺ-തൊളിക്കുഴി-ആനന്ദൻമുക്ക് റോഡ് നവീകരണത്തിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ അടയമൺ-തൊളിക്കുഴി-ആനന്ദൻമുക്ക്-മൊട്ടക്കുഴി റോഡ് കി.മീ. 0/000 മുതൽ 5/000 വരെ നവീകരിക്കുന്നതിന് 28-3-2018-ലെ സ.ഉ.(കൈ) നമ്പർ 9/2018/പൊ.മ.വ. നമ്പർ പ്രകാരം 650 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**അങ്കമാലി -മഞ്ഞപ്ര-മലയാറ്റൂർ റോഡിന്റെ ശോചനീയാവസ്ഥ**

42 (3085) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അങ്കമാലി -മഞ്ഞപ്ര-മലയാറ്റൂർ റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത റോഡിന്റെ കുഴികളും ടാർ പ്രതലം ഇളകി മാറിയ ഭാഗവും പുനരുദ്ധരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കോടിക്കണക്കിന് തീർത്ഥാടകർ എത്തുന്ന മലയാറ്റൂരിലേക്കുള്ള പ്രസ്തുത റോഡിന്റെ തകർന്ന ഭാഗം പുനരുദ്ധരിക്കുന്നതിനോ റോഡ് പുതുക്കി പണിയുന്നതിനോ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥരുടെ നടപടി പരിശോധിക്കാമോ ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത റോഡുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതി ഉത്തരവ് ലഭ്യമായിട്ടുണ്ടോ; എന്നാണ് ഉത്തരവ് ലഭിച്ചത്; ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ എന്നും കോടതി ഉത്തരവ് നടപ്പിലാക്കുന്നതിലെ കാലതാമസത്തിന്റെ ഉത്തരവാദിത്വം ആർക്കാണെന്നും വിശദമാക്കാമോ ;

(ഇ) പ്രസ്തുത റോഡുകളുടെ പ്രാധാന്യവും കോടതി ഉത്തരവും പരിഗണിച്ച് പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുവാൻ ചീഫ് എഞ്ചിനീയർ നേരിട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശം നൽകാമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രളയത്തോടനുബന്ധിച്ച് ടി റോഡിന്റെ ഉപരിതലം പൊളിഞ്ഞുപോയിട്ടുണ്ട്.

(ബി&സി) മുൻകാലങ്ങളിലെ പൂർത്തീകരിച്ച ബില്ല് സമർപ്പിക്കാത്തതിനാലാണ് പുതിയ പ്രവൃത്തികൾ നടപ്പിലാക്കാത്തത്.

(ഡി&ഇ) ശ്രീ. എ. പി. ജോസഫ് ഫയൽ ചെയ്ത 12-1-2018-ലെ WP(C) നമ്പർ 30006/2017-ലെ വിധിന്യായ പ്രകാരം ടി കേസിലെ 2, 3 എതിർകക്ഷികൾക്കാണ് കോടതി നിർദ്ദേശം നൽകിയിരിക്കുന്നത്. ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും അങ്കമാലി അസിസ്റ്റന്റ് എഞ്ചിനീയർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ 7-11-2018-ലെ മറ്റൊരു ഉത്തരവ് 30-11-2018-ന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**വർക്കല തീരദേശ ഹൈവേ പദ്ധതി**

43 (3086) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന തീരദേശ ഹൈവേ പദ്ധതിയ്ക്ക് എത്ര കിലോമീറ്റർ ദൂരമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) വർക്കല നിയോജക മണ്ഡലത്തിൽ തീരദേശ ഹൈവേ കടന്നു പോകുന്നതിനായി കണ്ടെത്തിയ സ്ഥലങ്ങളിൽ വീടുകളോ ആരാധനാലയങ്ങളോ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വീടുകൾ ഉണ്ടെങ്കിൽ പുനരധിവാസത്തിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 15.60 കി.മീ. ഒന്നാം പാലം മുതൽ കാപ്പിൽ വരെ.

(ബി) പ്രസ്തുത അലൈൻമെന്റ് കടന്നുപോകുന്ന ഭാഗത്ത് ധാരാളം വീടുകളും ആരാധനാലയങ്ങളുമുണ്ട്.

(സി) പരിശോധിച്ചുവരുന്നു.

**കായംകുളം മണ്ഡലത്തിലെ റോഡുകളും പാലങ്ങളും**

44 (3087) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കൂടി കടന്നുപോകുന്ന പൊതുമരാമത്ത് റോഡുകൾ ഏതെല്ലാമാണെന്നും അവയുടെ നീളം എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവൃത്തികൾക്കായാണ് പ്രസ്തുത തുക വിനിയോഗിച്ചതെന്നും വ്യക്തമാക്കുമോ;

(സി) അതിൽ പൂർണ്ണമായും പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർക്കുന്നു.*

**തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച റോഡുകളും പാലങ്ങളും**

45 (3088) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച റോഡുകളും പാലങ്ങളും ഏതാണെന്നും അവയിൽ പൂർത്തിയായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും പൂർത്തിയാവാത്തവ ഏതെല്ലാമാണെന്നും തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) പൂർത്തിയാവാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്നും ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) I. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ തലശ്ശേരി മണ്ഡലത്തിൽ സി.ആർ.എഫ്. പദ്ധതിയിൽപ്പെടുത്തി കുയ്യാലി-കൊളശ്ശേരി-എരിഞ്ഞോളി-തോട്ടുമ്മൽ-കതിരൂർ റോഡ് കി.മീ. 0/000 മുതൽ 10/000 വരെ അഭിവൃദ്ധിപ്പെടുത്തുന്നതിന് അനുമതി ലഭിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

തലശ്ശേരി മണ്ഡലത്തിൽ തലശ്ശേരി മുതൽ കളറോഡ് വരെയുള്ള റോഡിന്റെ പുനരുദ്ധാരണ (പാക്കേജ് 3 എ) പ്രവൃത്തികളാണ് KSTP നടത്തുന്നത്. 50 ശതമാനത്തിനുമേൽ പ്രവൃത്തി പുരോഗതി കൈവരിച്ച ഈ പദ്ധതി 2019 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

റോഡ് വിഭാഗത്തിനുകീഴിൽ തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബജറ്റ് വർക്ക് 2016-17

പാറാൽ-പുന്നോൽ റോഡ് കി.മീ. 0/000 മുതൽ 2/530 വരെ പുനരുദ്ധാരണം-പണി പൂർത്തീകരിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പണി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ (ബജറ്റ് വർക്ക് 2016-17)

1. ചോനാടം-കുണ്ടുചിറ റോഡ് കി.മീ. 0/000 മുതൽ 2/000 വരെ പുനരുദ്ധാരണം-മെക്കാഡം ടാറിംഗ് പണി പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

2. കതിരൂർ-നാദാപുരം റോഡ് കി.മീ. 0/000 മുതൽ 3/800 വരെ മെക്കാഡം ടാറിംഗ് നടത്തി പുനരുദ്ധാരണം-റോഡ് സേഫ്റ്റി പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. 90% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ബഡ്ജറ്റ് വർക്ക് 2017-18

1. പെരിങ്ങാടി പള്ളിക്കുനി റോഡ് കി.മീ. 3/000 മുതൽ 3/875 വരെ വീതി കൂട്ടി പുനരുദ്ധാരണം-പ്രവൃത്തി റീടെണ്ടർ ചെയ്തിട്ടുണ്ട്.

2. പുക്കോം-മാടപ്പീടിക റോഡ് കി.മീ.2/000 മുതൽ 5/645 വരെ - സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ഉടനെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

3. പുക്കോം-ചൊക്ലി റോഡ് കി.മീ.0/000 മുതൽ 2/740 വരെ -പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

4. തലശ്ശേരി-കോടിയേരി റോഡ് കി.മീ.0/000 മുതൽ 3/445 വരെ പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. വീതി കൂട്ടി പുനരുദ്ധാരണം-സാങ്കേതിക അനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

കിഫ്ബി 2017-18

തിരുവങ്ങാട്-ചമ്പാട് റോഡ് കി.മീ.1/807 മുതൽ 5/208 വരെയും കി.മീ 6/126 മുതൽ 7/120 വരെയും പുനരുദ്ധാരണ പ്രവൃത്തി-ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച പാലങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കിഫ്ബി 2016-17

I. അഞ്ചരക്കണ്ടി പുഴയ്ക്ക് കുറുകെ പുളിഞ്ഞോളിക്കടവ് പാലം നിർമ്മാണം-ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ഡീറ്റെയിൽസും അലൈൻമെന്റും ഡിസൈൻ ലഭ്യമാക്കുന്നതിനായി ചീഫ് എഞ്ചിനീയർ, ഡിസൈനിലേയ്ക്ക് നൽകിയിട്ടുണ്ട്.

എന്നാൽ സംസ്ഥാന ജലപാത വരുന്നതിനാൽ ഡിസൈനിൽ മാറ്റം വരുത്തി ലഭിക്കേണ്ടതുണ്ട്. എന്നാൽ ടി ക്ലിയറൻസ് സംസ്ഥാന ജലപാതാ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല.

2. തലശ്ശേരി മുനിസിപ്പാലിറ്റിയെയും കതിരൂർ ഗ്രാമ പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കുണ്ടുചിറ പാലം നിർമ്മാണം-ടി പ്രവൃത്തിക്ക് KRFB-യിൽ നിന്നും 19-9-2017-ലെ ഉത്തരവ് നമ്പർ എ.പി.ആർ. 1/174/2017/കിഫ്ബി പ്രകാരം 1017 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ടി പാലവും സംസ്ഥാന ജലപാതയിൽ വരുന്നതിനാൽ ഡിസൈൻ മാറ്റം വരുത്തി ലഭ്യമാക്കേണ്ടതുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി KRFB-യിലേയ്ക്ക് സമർപ്പിക്കുന്നതാണ്.

പൂർത്തിയാകാത്ത പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. മറ്റു പ്രവൃത്തികളും എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## പുനലൂർ- മൂവാറ്റുപുഴ സംസ്ഥാനപാത

46 (3089) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ- മൂവാറ്റുപുഴ സംസ്ഥാനപാതയുടെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്തെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികൾ പൂർത്തിയായി; ഇതിനായി എത്ര രൂപയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിനായി ഇനി എന്തെല്ലാം നടപടികളാണ് പൂർത്തിയാകാനുള്ളത്;പ്രസ്തുത നടപടികൾ പൂർത്തിയാക്കി പുനരുദ്ധാരണ പ്രവൃത്തികൾ എന്ന് ആരംഭിക്കുമെന്ന് പറയാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പുനരുദ്ധാരണ നടപടികൾ എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയുടെ പുനരുദ്ധാരണത്തിനായി വിശദമായ രൂപരേഖ M/s. L&T Infra Engineering, Chennai എന്ന കൺസൾട്ടന്റ് നിലവിലെ റോഡിന്റെ സ്ഥിതി അനുസരിച്ച് പരിഷ്കരിച്ചിട്ടുണ്ട്.

പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ പുനരുദ്ധാരണത്തിനായി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് തുക 695.57 കോടി രൂപയാണ്.

(ബി) പുതുക്കിയ രൂപരേഖ അനുസരിച്ചുള്ള പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള കരാറുകാരനെ തെരഞ്ഞെടുക്കാനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്. ഇവ പൂർത്തീകരിച്ച് ഏപ്രിൽ മാസത്തോടുകൂടി പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ (ഇപിസി) മാതൃകയിൽ 3 പാക്കേജുകളിലായിട്ടാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്.

1. പുനലൂർ (00+000) മുതൽ കോന്നി (29+840) വരെ - 29.84 കി.മീ.

2. കോന്നി (29+840) മുതൽ പ്ലാച്ചേരി (60+000)വരെ- 30.16 കി.മീ.

3. പ്ലാച്ചേരി (60+000) മുതൽ പൊൻകുന്നം (82+173) വരെ- 22.17 കി.മീ.

**കോങ്ങാട്-മംഗലംകുന്ന് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ**

47 (3090) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട്-മംഗലംകുന്ന് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയുടെ കാലിക സ്ഥിതി വിശദമാക്കാമോ;

(ബി) ഇതിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയത്; സാങ്കേതികാനുമതി എന്ന് നൽകുകയുണ്ടായി; എന്നാണ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചത്; എന്നാണ് പ്രവൃത്തി ആരംഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(സി) കോങ്ങാട്-മംഗലംകുന്ന് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ മന്ദഗതിയിൽ ആകുവാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 19-10-2016-ലെ കത്ത് നമ്പർ RW/NH-28014/03/2016/KL/P7 പ്രകാരം 2016-17 സാമ്പത്തിക വർഷത്തെ സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി കോങ്ങാട്-മംഗലംകുന്ന് റോഡിന് 15 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും

21-12-2016-ലെ സ.ഉ. (സാധാ)നമ്പർ 1738/2016/പൊ.മ.വ. പ്രകാരം 15 കോടി രൂപയ്ക്ക് സംസ്ഥാന സർക്കാർ സാമ്പത്തികാനുമതിയും 8-2-2017-ൽ നമ്പർ 4/2016-17 പ്രകാരം സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ 14-2-2017-ൽ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/s. Kudroli Builders-മായി 14-7-2017-ലെ എഗ്രിമെന്റ് നമ്പർ 12/2017-18/SE/NH/KKD പ്രകാരം കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. പൊതുമരാമത്ത് വകുപ്പ് പാലക്കാട് നിരത്തുകളും പാലങ്ങളും വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ടി റോഡ് 18-9-2017-ൽ കൈമാറ്റം ചെയ്ത് നൽകുകയും പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്.

(സി) തുടർച്ചയായ മഴയും കാലവർഷക്കെടുതിയും കാരണം ടി പ്രവൃത്തിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് തുടക്കത്തിൽ കാലതാമസം ഉണ്ടായെങ്കിലും കരാർ കാലാവധിയായ 17-3-2019-ഓടുകൂടി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**മോറക്കാല-താളിക്കല്ല് അപ്രോച്ച് റോഡ്**

48 (3091) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർമ്മാണം പൂർത്തിയായിവരുന്ന മഞ്ചേരിക്കുഴി പാലത്തിന് അപ്രോച്ച് റോഡായി വരുന്ന കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മോറക്കാല-താളിക്കല്ല് റോഡ്, പാലം ഗതാഗതത്തിനായി വിട്ടുനൽകുമ്പോൾ ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി അപ്രോച്ച് റോഡായി പരിഗണിച്ച് പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

കുന്നത്തുനാട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മോറക്കാല-താളിക്കല്ല് റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനാവശ്യമായ സ്കെച്ചും വിശദാംശങ്ങളും പഞ്ചായത്തിൽനിന്നും മൂവാറ്റുപുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്.

എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡുകളൊന്നുംതന്നെ പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ ഏറ്റെടുക്കേണ്ടതില്ലായെന്നാണ് നിലവിലുള്ള സർക്കാർ തീരുമാനം.

## തൃശ്ശൂർ -കാഞ്ഞാണി - വാടാനപ്പിള്ളി സംസ്ഥാന പാത

49 (3092) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ -കാഞ്ഞാണി- വാടാനപ്പിള്ളി സംസ്ഥാന പാതയുടെ 9 കി.മീറ്റർ നീളം വരുന്ന തൃശ്ശൂർ - എറവ് വരെയുള്ള ഒന്നാം റീച്ചിന്റെ നിർമ്മാണപുരോഗതി വ്യക്തമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കൽ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) റോഡ് നവീകരണത്തിന് തടസ്സമായി നിൽക്കുന്ന വൈദ്യുതി പോസ്റ്റുകൾ നീക്കിസ്ഥാപിക്കുന്നതിനും മരങ്ങൾ മുറിച്ചുമാറ്റുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ട്രാഫിക് തീവ്രത ഉയർന്ന് നിൽക്കുന്ന പ്രസ്തുത പാതയിൽ പ്രളയം സൃഷ്ടിച്ച കേടുപാടുകൾ തീർത്ത് പാത ഗതാഗതയോഗ്യമാക്കാൻ നടപടി എടുത്തിട്ടുണ്ടോ;

(ഇ) ആദ്യ റീച്ചിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കാനയുടെ പ്രവൃത്തിയും റോഡ് വീതി കൂട്ടുന്ന പ്രവൃത്തിയും നടന്നുവരുന്നു.

(ബി) സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ കണ്ടിജൻസി ചാർജ് ആയ 50 ലക്ഷം രൂപ തൃശ്ശൂർ എൽ.എ. ജനറൽ, സ്പെഷ്യൽ തഹസീൽദാർക്ക് ഒടുക്കിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്.

(ഇ) 31-5-2019-ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പാലക്കാട് ജില്ലയിൽ പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ

50 (3093) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിലും മണ്ണിടിച്ചിലിലും റോഡുകളും പാലങ്ങളും തകർന്ന് പാലക്കാട് ജില്ലയിൽ ഉണ്ടായ നാശനഷ്ടങ്ങളെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) എത്ര രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) നാശം നേരിട്ട റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഈ വർഷം ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിലും മണ്ണിടിച്ചിലിലും ദേശീയപാത 966-ലെ വേലിക്കാട് പാലത്തിന് ഏകദേശം നാല് ലക്ഷം രൂപയുടെ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ നാട്ടുകൽ മുതൽ താണാവ് വരെയുള്ള ദേശീയപാത 966 പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി ഇ.പി.സി. മോഡിൽ വികസിപ്പിക്കുന്ന പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന കരാർ കമ്പനിയാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. പ്രസ്തുത കമ്പനി അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിരത്തുവിഭാഗത്തിനുകീഴിൽ പ്രളയത്തിലും മണ്ണിടിച്ചിലിലും നെല്ലിയാമ്പതി റോഡിലെ ഒരു കലുങ്ക് തകർന്നിട്ടുണ്ട്. മാത്രമല്ല, പാലക്കാട് ജില്ലയിൽ ആകെ 51 പാലങ്ങൾക്ക് അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നിട്ടുണ്ട്. നിരത്തുവിഭാഗത്തിൽ ആകെ 22081.50 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. 51 പാലങ്ങളിൽ 49 പാലങ്ങൾക്ക് അറ്റകുറ്റപ്പണികൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്.

റോഡുകളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

**വൈപ്പിൻ മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ**

51 (3094) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളത്താംകുളങ്ങര ബീച്ച് റോഡ്, ചെറായി ബീച്ച് റോഡ്, ഞാറക്കൽ ജയ് ഹിന്ദ് റോഡ്, വെളിയത്താംപറമ്പ് ബീച്ച് റോഡ്, കോൺവെന്റ് ബീച്ച് റോഡ്, വളപ്പ്-പുതു വൈപ്പ് റോഡ്, പുതുവൈപ്പ്-വൈപ്പിൻ റോഡ്, വല്ലാർപാടം-പനമ്പുകാട് റിംഗ് റൗണ്ട് റോഡ്, കടമക്കുടി-ചെറിയ കടമക്കുടി പാലം, പുതുശ്ശേരി പാലം എന്നിവയുടെ നിർമ്മാണത്തിനുള്ള കാലതാമസം ഒഴിവാക്കി എന്നത്തേക്ക് പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) കോതാട്-ചേന്നൂർ കുട്ടി സാഹിബ് റോഡ് നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉത്തരം അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. 31-12-2018-ൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വൈപ്പിൻ മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ**

52 (3095) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണ്;

(ബി) ഏതെല്ലാം റോഡുകളുടെ നിർമ്മാണ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പണി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ;

(സി) പിഴല-കടമക്കുടി പാലത്തിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) കോതാട്-ചേന്നൂർ കുട്ടി സാഹിബ് റോഡ്, എടവനക്കാട് ഇക് ബാൽ റോഡ്, അണിയൽ-നെടുങ്ങാട് റോഡ് എന്നീ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ദേശീയപാതാ വിഭാഗത്തിനു കീഴിൽ വൈപ്പിൻ മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ട് ബോർഡിൽ നിന്നും 11 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പേര് ചുവടെ ചേർക്കുന്നു:

CRF 2017-18 Improvements to Beach Road connecting Vypin Munambam State Highway (Velliyatham Prambu, Manjanakad road Arattuvazhi, Hospital Junction road connecting Manjanakad Jetty road, Elenjikal Lane, Perumbili church Elamkurapuzha-Pukkad jetty) in Ernakulam District.

പ്രസ്തുത പ്രവൃത്തി 30-4-2018-ൽ ആരംഭിച്ചിട്ടുള്ളതാണ്. എഗ്രിമെന്റ് പ്രകാരം 9 മാസമാണ് നിർമ്മാണ കാലാവധി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ഡി) കോതാട്-ചേന്നൂർ കുട്ടി സാഹിബ് റോഡ്-ഡിസംബർ 31. എടവനക്കാട്-ഇക്ബാൽ റോഡിന്റെ തുടക്കത്തിലുള്ള കുറച്ച് ഭാഗം വളരെ വീതി കുറവാണ്. ഈ ഭാഗത്ത് വീതി കൂട്ടുന്നതിനായി ഇരു വശങ്ങളിൽ നിന്നും സ്ഥലം ഫ്രീയായി ഏറ്റെടുത്ത് നൽകാമെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. ഈ സ്ഥലംകൂടി ലഭ്യമാക്കി വീതി കൂട്ടി നിർമ്മിക്കണമെന്നാണ് പഞ്ചായത്തിന്റെയും പ്രദേശവാസികളുടെയും ആവശ്യം. ആയതിനാൽ ടി സ്ഥലം ലഭ്യമായാൽ മാത്രമേ പണി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. പ്രളയത്തിനുശേഷം അണിയിൽ നെടുങ്ങാട് റോഡിന്റെ പല ഭാഗങ്ങളിലും ഇരുത്തം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സൈറ്റ് സന്ദർശിക്കുകയും ടി ഭാഗങ്ങൾ കൂടുതൽ ബലപ്പെടുത്തുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. ഇപ്രകാരം എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി അംഗീകാരം ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**വാഴക്കോട്- ചെറുതുരുത്തി റോഡ് പുനരുദ്ധാരണം**

53 (3096) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ൽ ഭരണാനുമതി നൽകിയ കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ റോഡിലെ വാഴക്കോട് മുതൽ ചെറുതുരുത്തി വരെയുള്ള ഭാഗം പുനരുദ്ധാരണം ചെയ്യുന്നതിനായി സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്ത് പ്രവൃത്തി തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(ബി) പ്രസ്തുത റോഡ് പൂർണമായും തകർന്ന കിടക്കുന്നതിനാൽ എത്രയും വേഗത്തിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്വീകരിക്കുമെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല

(ബി&സി) സാങ്കേതികാനുമതി ലഭ്യമാക്കി എത്രയും വേഗം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

### വാഴക്കോട്-പ്ലാഴി റോഡ് പുനരുദ്ധാരണത്തിന് നടപടി

54 (3097) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചേലക്കര മണ്ഡലത്തിലെ വാഴക്കോട്-പ്ലാഴി റോഡ് പുനരുദ്ധാരണത്തിന് നിലവിൽ തുക അനുവദിച്ചിട്ടുണ്ടോ;

(ബി) തൃശ്ശൂർ-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്നതും 22 കിലോമീറ്റർ ദൈർഘ്യമുള്ളതും ഗതാഗത പ്രാധാന്യമുള്ളതുമായ പ്രസ്തുത റോഡ് പുനരുദ്ധാരണം നടത്തുന്നതിന് പരിഗണന നല്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്.

### മംഗലാപുരം-വിഴിഞ്ഞം ആറുവരി പാത

55 (3098) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മംഗലാപുരം-വിഴിഞ്ഞം ആറുവരി പാത നിർമ്മിക്കുന്നത് സംബന്ധിച്ച പദ്ധതി പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുണ്ടോ;ഉണ്ടെങ്കിൽ തുടർനടപടികൾ എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

### വൈപ്പിൻ-പള്ളിപ്പുറം സമാന്തര റോഡ്

56 (3099) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-പള്ളിപ്പുറം സമാന്തര റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ ഭരണാനുമതി നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) നിലവിലുള്ള വൈപ്പിൻ-പള്ളിപ്പുറം റോഡിന്റെ (സംസ്ഥാനപാത) കേടുപാടുകൾ തീർക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്ക് തീർക്കാനാണ് ഉദ്ദേശിക്കുന്നത്എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) സർക്കാർ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(സി & ഡി) വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാതയുടെ കേടുപാടുകൾ തീർക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിലെ നിലവിലെ മാനദണ്ഡമനുസരിച്ച് 36 എം.എം. മെറ്റലിട്ട് കുഴികളടച്ചതിനുശേഷം ക്ലോസ് ഗ്രേഡഡ് ചിപ്പിംഗ് കാർപ്പറ്റ് ഉപയോഗിച്ച് ടാർ ചെയ്യുന്നതിനുള്ള പ്രവൃത്തി രണ്ട് തവണ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തികൾ ഏറ്റെടുക്കാൻ തയ്യാറായില്ല. തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഓപ്പൺ ഗ്രേഡഡ് ചിപ്പിംഗ് കാർപ്പറ്റ് ഉപയോഗിച്ച് ടാർ ചെയ്യുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരും ഏറ്റെടുക്കാത്തതിനാൽ റീടെണ്ടർ ചെയ്തിരിക്കുകയാണ്.

**കൽപ്പറ്റ ടൗൺ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ**

57 (3100) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയുടെ കേന്ദ്രമായ കൽപ്പറ്റ ടൗൺ നവീകരണവുമായി ബന്ധപ്പെട്ട് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നു തുടങ്ങാനാകും; എത്ര തുക ഇതിനായി മാറ്റിവയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) ഇതിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും, എന്നേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുമെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ദേശീയപാത 766-ൽ വരുന്ന വയനാട് ജില്ലയുടെ കേന്ദ്രമായ കൽപ്പറ്റ ടൗണിന്റെ നവീകരണത്തിന് കൽപ്പറ്റ മുനിസിപ്പാലിറ്റി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പണം പൊതുമരാമത്ത് ദേശീയപാതാ വകുപ്പിന് ലഭ്യമായാൽ ഉടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കൽപ്പറ്റ മുനിസിപ്പാലിറ്റിയാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത്.

**കാസർകോട് നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ**

58 (3101) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിക്കപ്പെടുന്ന പാലത്തിന്റെയോ റോഡിന്റെയോ നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ എത്ര സമയമെടുക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) കാസർകോട് നിയോജക മണ്ഡലത്തിലെ ബദിയഡുക്ക-കിന്നിംഗാർ - ഏത്തടുക്ക-സുള്ള്യപദവ് റോഡ്, പുണ്ടൂർ-നെക്രംപാറ-അർളടക്ക റോഡ്, ഓടങ്കല്ല് പാലം എന്നീ പ്രവൃത്തികൾ ഏത് വർഷത്തിലെ ബഡ്ജറ്റിലാണ് പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഓരോ പ്രവൃത്തിയ്ക്കുമായി വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ബഡ്ജറ്റ് പ്രസംഗത്തിലൂടെ ഒരു പ്രവൃത്തി പ്രഖ്യാപിച്ചാൽ പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുന്നതുവരെയുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഇ) മേൽപ്പറഞ്ഞ മൂന്ന് പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാക്കിയതെന്നും ശേഷിക്കുന്ന നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ എത്ര സമയം വേണ്ടിവരുമെന്നും വ്യക്തമാക്കുമോ; പ്രസ്തുത മൂന്ന് പ്രവൃത്തികൾ ഏത് വർഷത്തിൽ യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ബജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിക്കുന്ന പാലത്തിന്റെ പ്രവൃത്തികൾ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിനയച്ച് ഡിസൈൻ അംഗീകരിച്ച് ഡി.പി.ആർ. തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച് ഭരണാനുമതി ലഭിച്ചതിനുശേഷം, സ്ഥലമെടുപ്പ് പൂർത്തീകരിച്ചശേഷം സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ചതിനുശേഷം കരാർ ഉടമ്പടി വച്ച് കാലതാമസമില്ലാതെ പാലത്തിന്റെ പ്രവൃത്തി ആരംഭിക്കും.

റോഡുകളുടെ പ്രവൃത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിക്കുകയും ആവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയാക്കിയതിനുശേഷം സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് കരാർ ഉടമ്പടി വച്ചാണ് പ്രവൃത്തി ആരംഭിക്കുന്നത്. ടി നടപടിക്രമങ്ങൾ പൂർത്തിയായാലുടൻ നിർമ്മാണ പ്രവൃത്തി ആരംഭിക്കും.

(ബി&സി) അനുബന്ധമായി * ചേർക്കുന്നു.

(ഡി) ബജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിക്കുന്ന പാലത്തിന്റെ പ്രവൃത്തികൾ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിനയച്ച് ഡിസൈൻ അംഗീകരിച്ച് ഡി.പി.ആർ. തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച് ഭരണാനുമതി ലഭിച്ചതിനുശേഷം സ്ഥലമെടുപ്പ് ആവശ്യമെങ്കിൽ പൂർത്തിയാക്കി സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ചതിനുശേഷമാണ് കരാർ ഉടമ്പടി വച്ച് പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നത്.

റോഡുകളുടെ പ്രവൃത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിക്കുകയും ആവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയാക്കിയതിനുശേഷം സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് കരാർ ഉടമ്പടി വച്ചാണ് പ്രവൃത്തി ആരംഭിക്കുന്നത്. ഇതിനുള്ള സമയം ഓരോ പ്രവൃത്തിക്കും വ്യത്യസ്തമായിരിക്കും.

(ഇ) അനുബന്ധത്തിൽ റിമാർക്സ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. *

**കോഴിക്കോട് ജില്ലയിലെ റോഡ് നിർമ്മാണത്തിന് ഭരണാനുമതി**

59 (3102) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്തുന്നതിന് അനുമതി നൽകിയ കോഴിക്കോട് ജില്ലയിലെ മാത്ര-പാലാഴി-കുറ്റിക്കാട്ടൂർ റോഡ്, മാവൂർ-എൻ.ഐ.ടി -കൊടുവള്ളി റോഡ് എന്നിവയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വരാൻ ഇടയായ കാരണങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപടികൾ പൂർത്തീകരിച്ച് എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) പ്രസ്തുത റോഡുകൾക്ക് 10-7-2017-ലെ സ.ഉ. (സാധാ.)നമ്പർ 942/2017/പൊ.മ.വ. പ്രകാരം തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രവൃത്തികൾക്കായുള്ള ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞിട്ടുള്ളതും സാമ്പത്തികാനുമതിക്കായി ഉടൻതന്നെ സമർപ്പിക്കുന്നതുമാണ്. സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കാട്ടാക്കട മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

60 (3103) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളായ പൊട്ടൻകാവ്-നെല്ലിക്കാട് റോഡിന്റെയും, പുളിയറക്കോണം-കുഴക്കാട് ക്ഷേത്രറോഡിന്റെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ടോ; തുടർനടപടികൾ വേഗത്തിലാക്കി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) പൊട്ടൻകാവ്-നെല്ലിക്കാട് റോഡിന്റെ ഡി.പി.ആർ. (DPR) തയ്യാറാക്കി കിഫ്ബിയിൽ സാമ്പത്തികാനുമതിക്ക് നൽകിയിട്ടുണ്ട്. പുളിയറക്കോണം-കുഴക്കാട് ക്ഷേത്ര റോഡിന്റെ ഡി.പി.ആർ തയ്യാറാക്കി വരുന്നു.

(ബി) സാമ്പത്തികാനുമതി ലഭ്യമായിട്ടില്ല. കിഫ്ബിയിൽനിന്ന് സാമ്പത്തികാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**മാനന്തവാടി മണ്ഡലത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ**

61 (3104) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2017, 2017-2018, 2018-2019 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോന്നിലും മാനന്തവാടി മണ്ഡലത്തിൽ എത്ര രൂപയാണ് പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ അറ്റകുറ്റപ്പണിക്കായി അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2016-17-ൽ 437 ലക്ഷം രൂപയും 2017-18-ൽ 444.5 ലക്ഷം രൂപയും 2018-19 ഇതുവരെ 1499.32 ലക്ഷം രൂപയും അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുണ്ട്.

**നാട്ടുകൽ-കടമ്പഴിപ്പുറം റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ**

62 (3105) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടുകൽ-പാലോട്-ചെത്തല്ലൂർ-മുറിയങ്കണ്ണി-പാനാംകുന്ന്-ഇരക്കിങ്ങൽ-കരിപ്പമണ്ണ-കുട്ടിലക്കടവ്-പേഴുമട്ട-ചുള്ളിയോട്-വാക്കടപ്പുറം-ഉമ്പക്കണ്ണി-കടമ്പഴിപ്പുറം റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ ചെലവഴിച്ച തുക വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രശതമാനം പൂർത്തീകരിച്ചു; വിശദാംശം നൽകാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ 67,35,141 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി&സി) പ്രസ്തുത പ്രവൃത്തി 24-5-2018-ന് 100% പൂർത്തീകരിച്ചിട്ടുണ്ട്.

**പള്ളിപ്പുറം മുതൽ ഞാണ്ടൂർക്കോണം വരെ ഔട്ടർ റിംഗ് റോഡ്**

63 (3106) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് കണ്ടയ്നർ ഗതാഗതം സുഗമമാക്കാനായി പള്ളിപ്പുറം മുതൽ ഞാണ്ടൂർക്കോണം വരെ ഔട്ടർ റിംഗ് റോഡ് നിർമ്മാണം പരിഗണനയിലുണ്ടോ;

(ബി) എത്ര മീറ്റർ വീതിയാണ് റോഡിനായി ഉദ്ദേശിക്കുന്നത്; നിർവ്വഹണ ചുമതല ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്;

(സി) ചുമതയേറ്റ ഏജൻസി ഏതെങ്കിലും ജോലികൾക്കായി പദ്ധതി പ്രദേശത്ത് ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇവർ പൊതുജനങ്ങൾക്ക് ആശങ്ക സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പള്ളിപ്പുറം-ഞാണ്ടൂർക്കോണം എന്നീ പ്രദേശങ്ങളെ ബന്ധപ്പെടുത്തി വിഴിഞ്ഞം മുതൽ പാരിപ്പള്ളി വരെയുള്ള ഔട്ടർ റിംഗ് റോഡ് നിർമ്മാണം പരിഗണനയിലുണ്ട്.

(ബി) 70 മീറ്റർവരെയാണ് വീതി ഉദ്ദേശിക്കുന്നത്. നിർവ്വഹണച്ചുമതല CRDP-ക്കാണ്. റോഡിന്റെ സർവ്വേ നടത്തുന്നതിനായി IL&FS Township & Urban Assets Ltd-നെയും Social Impact Study (SIA), Economic Impact Study (EIA) എന്നിവ നടത്തുന്നതിനായി L&T Infrastructure Eng. Ltd.-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ചുമതലയേറ്റ ഏജൻസികൾ അവരെ ഏൽപ്പിച്ച സർവ്വേകൾ നടത്തി വരികയാണ്. ഇവർ പൊതുജനങ്ങൾക്ക് ആശങ്ക സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കിള്ളിപ്പാലം - അട്ടക്കുളങ്ങര റോഡ് നവീകരണം**

64 (3107) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ഗതാഗത യോഗ്യമല്ലാത്ത കിള്ളിപ്പാലം - അട്ടക്കുളങ്ങര റോഡ് എത്രയും വേഗം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്; വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) ആയതിനുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ദേശീയ പാതയുമായി ബന്ധിപ്പിക്കുകയും ശക്തമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുകയും ചെയ്യുന്ന നഗരത്തിലെ പ്രധാന റോഡുകളിലൊന്നായ കിള്ളിപ്പാലം - അട്ടക്കുളങ്ങര റോഡിന്റെ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ കിള്ളിപ്പാലം- അട്ടക്കുളങ്ങര റോഡ് ഡിസൈൻ റോഡായി നവീകരിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

(ബി&സി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിനായി 115 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) റോഡ് അടിയന്തരമായി ഗതാഗതയോഗ്യമാക്കുന്നതിനുള്ള 15 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ നടന്നുവരുന്നു.

## വടക്കാഞ്ചേരി മണ്ഡലത്തിലെ പ്രളയംമൂലം തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണം

65 (3108) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിൽ പ്രളയംമൂലം തകർന്ന പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം റോഡുകളും പാലങ്ങളുമാണ് പുനർനിർമ്മിക്കുന്നതിന് പദ്ധതിയിലുള്ളത്; ആയതിന്റെ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

പരിഗണനയിലുള്ള പദ്ധതികൾ താഴെപ്പറയുന്നു.

1. തൃശ്ശൂർ-കുറ്റിപ്പുറം റോഡ് കി.മീ.6/950 മുതൽ 10/900 വരെ -പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തി.

തുക -400 ലക്ഷം രൂപ.

2. കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ റോഡ് കി.മീ.58/200 മുതൽ 61/200 വരെ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തി.

തുക -300 ലക്ഷം രൂപ.

## നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് ചാലക്കുടി മണ്ഡലത്തിലെ പ്രവൃത്തികൾ

66 (3109) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് ചാലക്കുടി നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ ഡ്രെയിനേജുകൾ, അണ്ടർ പാസ്സേജ്, സ്ട്രീറ്റ് ലൈറ്റുകൾ, ബസ്സ് ബേകൾ, ബസ്സ് ഷെൽട്ടറുകൾ തുടങ്ങിയവ നാളിതു വരെയും നിർമ്മിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടി കോടതി ജംഗ്ഷനിലെ അണ്ടർ പാസ്സേജ് നിർമ്മാണം, ചാലക്കുടി സൗത്ത്, കൊടകര, കൊരട്ടി എന്നീ ജംഗ്ഷനുകളിലെ ഡ്രെയിനേജ് നിർമ്മാണം, മുരിങ്ങൂർ ബി.ആർ.ഡി.-ക്ക് എതിർഭാഗത്തുള്ള തകർന്ന റോഡിന്റെ വശങ്ങളുടെ സംരക്ഷണം, പേരാമ്പ്ര ഫുട് ഓവർ ബ്രിഡ്ജ് നിർമ്മാണം എന്നിവയ്ക്കായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ചെയ്യുന്ന പ്രവൃത്തിയാണ്.

(ബി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നടപടികൾ സ്വീകരിച്ചുവരുന്നു. നാലുവരിപ്പാതയുടെ നിർമ്മാണം ഏറ്റെടുത്തിട്ടുള്ള ഗുരുവായൂർ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് ബാക്കിയുള്ള ഡ്രെയിനേജ് കണക്ഷൻ, കവർ സ്ലാബ് എന്നിവ ചെയ്തുതീർക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ കരാർ ഉടമ്പടി പ്രകാരം വെഹിക്കുലർ അണ്ടർ പാസ്സിന്റെ നിർമ്മാണം 2019 മേയ് മാസത്തിലാണ് പൂർത്തിയാക്കേണ്ടത്. ആയതുപോലെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

2018 ആഗസ്റ്റ് മാസത്തിലുണ്ടായ വെള്ളപ്പൊക്കം കാരണമാണ് മുരിങ്ങൂർ ബി.ആർ.ഡി.-ക്ക് എതിർഭാഗത്തുള്ള റോഡിന്റെ വശങ്ങളിൽ തകർച്ചകൾ ഉണ്ടായിട്ടുള്ളത്. പ്രസ്തുത പ്രോജക്ട് കരാർ കമ്പനി ഇൻഷ്വർ ചെയ്തിട്ടുള്ളതാണ്. മെയിന്റനൻസ് വർക്കുകൾ എത്രയും പെട്ടെന്ന് തുടങ്ങുന്നതുമാണ്. പേരാമ്പ്ര ഫൂട്ട് ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

**വഴുതയ്ക്കാട്-തൈയ്ക്കാട് നാലുവരിപ്പാത**

67 (3110) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ വഴുതയ്ക്കാട് - തൈയ്ക്കാട് റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവൃത്തിയുടെ അവസാനഘട്ടം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് വികസിപ്പിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം നഗരത്തിലെ വഴുതയ്ക്കാട്-തൈക്കാട് റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ടിഡിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

(സി) ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കുകയും കച്ചവടക്കാർക്കുള്ള നഷ്ടപരിഹാര പാക്കേജ് അനുവദിക്കുകയും ചെയ്ത് ആവശ്യമായ ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറിയാൽ വിശദമായ പദ്ധതി രേഖ തയ്യാറാക്കി നാലുവരിപ്പാതയായി വികസിപ്പിക്കുന്ന നടപടികൾ സാദ്ധ്യമാകുന്നതാണ്.

**പെരുമ്പാവൂർ - ആലുവ റോഡ് നിർമ്മാണം**

68 (T*3111) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ - ആലുവ റോഡ് നിർമ്മാണത്തിനായി 2017-18 ൽ കിഫ്ബി വഴി തുക അനുവദിച്ച് ഭരണാനുമതി ലഭിച്ച ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) പ്രസ്തുത റോഡ് പ്രവൃത്തി തുടങ്ങുന്നതിന് കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ പ്രവൃത്തി എന്ന് തുടങ്ങിയെന്നും എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 2017-18 കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പെരുമ്പാവൂർ-ആലുവ റോഡ് എന്ന പ്രവൃത്തിക്ക് 15 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിരുന്നു. ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട്, അലൈൻമെന്റ്, ഡ്രോയിംഗ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ടെണ്ടർ, റീ-ടെണ്ടർ എന്നിവ നടത്തിയെങ്കിലും കരാറുകാർ ഏറ്റെടുക്കാത്തതിനാൽ കാലതാമസം നേരിട്ടിട്ടുണ്ട്. പിന്നീട് ക്വട്ടേഷൻ വഴിയാണ് എസ്സൻസ് കൺസൾട്ടൻസ്, കൊച്ചി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പ്രവൃത്തി ഏറ്റെടുത്തത്. നിലവിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഡി. പി. ആർ. തയ്യാറാക്കി കിഫ്ബിക്ക് ഉടൻ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണം**

69 (3112) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കിറ്റ്കോ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത ബൈപ്പാസ് രൂപീകരണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മങ്കട നിയോജക മണ്ഡലത്തിലെ മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി പുരോഗതിയിലാണ്.

(ബി) ഇൻസ്പെക്ഷൻ റിപ്പോർട്ട്, ഫീസിബിലിറ്റി റിപ്പോർട്ട്, അലൈൻമെന്റ് ഓപ്ഷൻ എന്നിവ കിറ്റ്കോ ലിമിറ്റഡ് സമർപ്പിച്ചിട്ടുണ്ട്. അലൈൻമെന്റ് അപ്രൂവലിനുവേണ്ടിയുള്ള നടപടികൾ പുരോഗതിയിലാണ്.

(സി) അലൈൻമെന്റിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന് സമർപ്പിക്കുന്നതും ആയതിന് അനുമതി ലഭിച്ചാൽ ഉടൻ പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്.

**തിരുവനന്തപുരം ജില്ലയിലെ റോഡുകൾ**

70 (3113) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് ഉന്നത നിലവാരത്തിൽ നിർമ്മിച്ച തിരുവനന്തപുരം ജില്ലയിലെ റോഡുകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഈ റോഡുകളിൽ കാലാവധി പൂർത്തിയാകും മുൻപ് അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നതും നശിച്ചു പോയതുമായ റോഡുകളുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ദേശീയപാതാ വിഭാഗത്തിൽ സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് കരമന-കളിയിക്കാവിള നാലുവരിപ്പാത വികസനം ഫേസ് I - റീച്ച് I കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ സി.ആർ.എഫ്., റീസർഫസിംഗ് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികൾ അനുബന്ധമായി* ചേർക്കുന്നു.

KRFB-യുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നിർമ്മിച്ച റോഡുകൾ:

വി.ജെ.റ്റി.- കിഴക്കേക്കോട്ട (2.10 കി.മീ.), മ്യൂസിയം - ബേക്കറി ജംഗ്ഷൻ-തമ്പാനൂർ-ഓവർബ്രിഡ്ജ് ജംഗ്ഷൻ (2.50 കി.മീ.), ചാക്ക-ശംഖുമുഖം റോഡ് (1.30 കി.മീ.), പ്രസ്സ് ക്ലബ്ബ്- സെക്രട്ടേറിയറ്റ് നോർത്ത് ഗേറ്റ് (0.50 കി.മീ.), പട്ടം-കവടിയാർ (2.23 കി.മീ.), കവടിയാർ-പേരൂർക്കട (2.035 കി.മീ.), എൽ.എം.എസ്.-സ്റ്റുഡന്റ്സ് സെന്റർ (0.250 കി.മീ.), വെള്ളയമ്പലം-ശാസ്തമംഗലം (1.266 കി.മീ.), പേരൂർക്കട-വഴയില (0.650 കി.മീ.), അട്ടക്കുളങ്ങര-ശ്രീവരാഹം-ഈഞ്ചക്കൽ (1.500 കി.മീ.), ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം-വെൺപാലവട്ടം-എൻ.എച്ച്. ബൈപ്പാസ് (3.71 കി.മീ.), പാറ്റൂർ-വഞ്ചിയൂർ (0.510 കി.മീ.), ഉപ്പിടാമൂട്-കൈതമുക്ക്-ശ്രീകണ്ഠേശ്വരം (0.900 കി.മീ.), നാലുമുക്ക്- പഴയകളക്ടറേറ്റ് (1.095 കി.മീ.), തകരപ്പറമ്പ്-ചൂരക്കാട്ട് പാളയം (0.533 കി.മീ.), പട്ടം-മെഡിക്കൽ കോളേജ്-ഉള്ളൂർ-കൊച്ചുള്ളൂർ (3.03 കി.മീ.)

നിരത്ത് വിഭാഗത്തിൻ കീഴിൽ നിർമ്മിച്ച റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി&സി) കാലാവധി പൂർത്തിയാകുംമുമ്പ് പൂർണ്ണമായും നശിച്ച റോഡുകൾ ഒന്നുംതന്നെയില്ല. എന്നാൽ ചില റോഡുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നിട്ടുണ്ട്. അപ്രകാരമുള്ള പ്രവൃത്തികൾ അതാത് കരാറുകാരെക്കൊണ്ടു തന്നെ സ്വന്തം ചെലവിൽ അറ്റകുറ്റപ്പണികൾ നടത്തി പുനഃസ്ഥാപിച്ചതിനുശേഷം മാത്രമാണ് അവരുടെ സെക്യൂരിറ്റി തുക മടക്കി നൽകിവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികളുടെ പൂർത്തീകരണം

71 (3114) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി-പുതിയങ്ങാടി-മാട്ടൂർ റോഡും (തേഡ് റീച്ച് ) കീച്ചേരി അഞ്ചാംപീടിക റോഡും നിർമ്മാണം പാതിവഴിയിലായത് കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നിർമ്മാണം അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് കണക്കിലെടുത്ത് കരാറുകാരനെതിരെ എന്തെങ്കിലും വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിലവിൽ അനുവദിച്ചുകൊടുത്തിട്ടുള്ള പൂർത്തീകരണ കാലാവധിയായ 31-12-2018-നുള്ളിൽ പ്രവൃത്തി മുഴുവനായും പൂർത്തീകരിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ലൈസൻസ് റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കരാറുകാരെ അറിയിച്ചിട്ടുണ്ട്. നിലവിൽ പഴയങ്ങാടി-പുതിയങ്ങാടി-മാട്ടൂൽ റോഡ് (തേഡ് റീച്ച്) പ്രവൃത്തിയുടെ കോൺക്രീറ്റ് പ്രവൃത്തികൾ മുഴുവനായും ബി.എം. പ്രവൃത്തി 90 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി ബി.എം. പ്രവൃത്തികൾ നടന്നുവരുന്നു. കീച്ചേരി അഞ്ചാംപീടിക റോഡ് പ്രവൃത്തിയുടെ കോൺക്രീറ്റ് പ്രവൃത്തികൾ മുഴുവനായും ബി.എം. പ്രവൃത്തി 25 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയാതിരുന്നതുകൊണ്ട് പിഴയോടുകൂടിയാണ് കരാർ കാലാവധി ദീർഘിപ്പിച്ച് കരാറുകാർക്ക് നൽകിയിട്ടുള്ളത്.

## ഒറ്റപ്പാലത്തെ കടമ്പഴിപ്പുറം -ചിരട്ടിമല- വേങ്ങശ്ശേരി റോഡ്

72 (3115) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കടമ്പഴിപ്പുറം -ചിരട്ടിമല-വേങ്ങശ്ശേരി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

ഉത്തരം

(എ) കടമ്പഴിപ്പുറം-ചിരട്ടിമല-വേങ്ങശ്ശേരി റോഡ് കി.മീ.0/000 മുതൽ 5/000 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് 16-3-2017-ലെ സ.ഉ. (കൈ) നമ്പർ 18/2017/പൊ.മ.വ. പ്രകാരം 480 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(ബി) പ്രസ്തുത റോഡിന്റെ പ്രവൃത്തി അവസാന ഘട്ടത്തിലാണ്. ബി.എം.& ബി.സി. ഒഴികെയുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ**

73 (3116) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ടെണ്ടർ നടപടി പൂർത്തിയായ വട്ടവിള-പിരായുംമൂട്, ഉദിയൻകുളങ്ങര-വ്ലാത്താങ്കര, മാവിളക്കടവ്-പഴയകട, പ്ലാമൂട്ടുകട-മാവിളകടവ് പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനം 2019 മാർച്ച് 31-നുമുൻപ് പൂർത്തീകരിക്കാൻ കഴിയുമോ എന്ന് വിശദീകരിക്കാമോ;

(സി) അറക്കുന്ന്-പൂവൻകാല റോഡിന്റെ ടാറിംഗ് പണികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഡി) നെയ്യാറ്റിൻകര-കാട്ടാക്കട റോഡിന്റെ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത റോഡ് പ്രവൃത്തികളുടെ വെറ്റ് മിക്സ് ഇടുന്ന പണി പൂർത്തിയായി. 70 ശതമാനം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ബി) കാലാവസ്ഥ അനുകൂലമാണെങ്കിൽ 2019 മാർച്ച് 31-നകം പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത റോഡിൽ 270 മീറ്റർ ദൂരം ഓട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള ദൂരം ഓട നിർമ്മിക്കണമെങ്കിൽ ബി.എസ്.എൻ.എൽ.ന്റെ ഒരു പില്ലർ മാറ്റേണ്ടതുണ്ട്. ആയത് മാറ്റുന്നതിന് ബി.എസ്.എൻ.എൽ.ന്റെ നെയ്യാറ്റിൻകര

സബ് ഡിവിഷണൽ എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. 2019 മാർച്ച് 31-നകം പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) നെയ്യാറ്റിൻകര കാട്ടാക്കട റോഡിൽ 5.65 കി.മീ. ദൂരം ടെണ്ടർ ചെയ്ത് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി. എഗ്രിമെന്റ് ആകുന്ന മുറയ്ക്ക് ടി റോഡിന്റെ പ്രവൃത്തികൾ ആരംഭിക്കും.

**പൂവത്തൂർ മുതൽ കാഞ്ഞാണി വരെയുള്ള റോഡ് നിർമ്മാണം**

74 (3117) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പൂവത്തൂർ മുതൽ കാഞ്ഞാണി വരെയുള്ള പി.ഡബ്ല്യൂ.ഡി റോഡ് ബി.എം ആന്റ് ബി.സി മാതൃകയിൽ ടാർ ചെയ്യുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിനുള്ള ടെണ്ടർ അംഗീകരിച്ച തീയതിയും എഗ്രിമെന്റ് ഒപ്പിട്ട തീയതിയും വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തൃശ്ശൂർ - ചാവക്കാട്- ഗുരുവായൂർ റോഡിന്റെ ഭാഗമായ പ്രസ്തുത റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തരമായി നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) എസ്റ്റിമേറ്റ് തുക 398.10 ലക്ഷം രൂപയാണ്.

(ബി) ടെണ്ടർ അംഗീകരിച്ച തീയതി 8-6-2017. എഗ്രിമെന്റ് ഒപ്പിട്ട തീയതി 26-7-2017.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ അമൃത് പദ്ധതിയുടെ ഭാഗമായി റോഡ് പൊളിക്കേണ്ടി വരുന്നതിനാൽ ഇതിൽ ബി.എം.& ബി.സി. പ്രവൃത്തി തുടങ്ങാൻ സാധിക്കില്ല. ടി റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി 20 ലക്ഷം രൂപയുടെ പ്രവൃത്തി SLTF-ൽ urgent Flood Rectification works 2018-19 തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡ് (കി.മീ.6/200 മുതൽ 8/500 വരെയും 11/000 മുതൽ 14/000 വരെയും) അംഗീകാരം ലഭിച്ച് ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

## നേമം നിയോജക മണ്ഡലത്തിലെ വിവിധ പാലങ്ങളുടെ നിർമ്മാണം

75 (3118) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിലെ മുടവൻമുഗൾ പാലം, പള്ളത്തുകടവ് പാലം, മധുപാലം, കല്ലടിമുഖം പാലം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി ആയിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ?

ഉത്തരം

1. മുടവൻമുഗൾ പാലം

മുടവൻമുഗൾ പാലം നിർമ്മാണത്തിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിലേയ്ക്കായി 2017-18 ബജറ്റിൽ 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലത്തിനും അപ്രോച്ച് റോഡ് നിർമ്മാണത്തിനും ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 350 ലക്ഷം രൂപയുടെ ഭരണാനുമതിക്കു വേണ്ടിയുള്ള അപേക്ഷ 25-11-2017-ന് ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ്, സ്ഥലം ഏറ്റെടുക്കൽ കൂടി ഉൾപ്പെടുത്തി ഭരണാനുമതിക്ക് സമർപ്പിക്കുവാൻ 19-12-2017-ലെ സർക്കാർ കത്ത് നമ്പർ PWD-D1/19/2017-PWD പ്രകാരം നിർദ്ദേശം നൽകുകയും അതിൻപ്രകാരം 1350 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 13-3-2018-ലെ CE/R&B/2017/Tvpm/PRICE പ്രകാരം സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും ചെയ്തു. വിശദമായ പരിശോധനയ്ക്കുശേഷം ടി വിഷയം പിന്നീട് പരിഗണിക്കാവുന്നതാണെന്ന് ഉത്തരവായിട്ടുള്ളതാണ് (ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം).

2. പള്ളത്തുകടവ് പാലം

കരമനയാറിനു കുറുകെ പള്ളത്തുകടവിൽ 22.32 മീറ്ററിന്റെ 3 സ്പാനോടുകൂടിയ പാലം പദ്ധതിക്ക് 14-8-2010-ലെ G.O. (Rt.) No.1185/2009/PWD പ്രകാരം 850 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 1894-ലെ എൽ.എ. ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള റിക്വസിഷൻ 12-8-2011-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഡി.എൽ.പി. മുഖേന തീരുമാനിച്ച സ്ഥലത്തിന്റെ വില 4-2-2016-ൽ നടന്ന എസ്.എൽ.ഇ.സി. അംഗീകരിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ ഫണ്ട് ലഭ്യമാക്കുവാൻ കാലതാമസം ഉണ്ടായതിനാൽ അത് ഡിനോവ ആയി. 2013-ൽ പുതിയ എൽ.എ. ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി പുതുക്കിയ റിക്വിസിഷൻ ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കിവരുന്നു.

3. മധുപാലം

കരുമവും തിരുവല്ലവും തമ്മിൽ ബന്ധിപ്പിക്കുന്ന മധുപാലം പദ്ധതിക്ക് 30-5-2013-ൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും G.O. (Rt.) No.773/2013/PWD പ്രകാരം 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തിരുവല്ലം, നേമം വില്ലേജുകളിലായി 50.28 സെന്റ് സ്വകാര്യ ഭൂമി ടി പ്രവൃത്തിക്കായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. 1894-ലെ എൽ.എ. ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള റിക്വസിഷൻ 13-8-2015-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ ലഭിച്ചിട്ടുണ്ട്. എന്നാൽ മുൻ എം.എൽ.എ.യുടെ അപേക്ഷ പ്രകാരം 30-10-2016-ലെ G.O. (Rt.) No.1495/ 2016/ PWD നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായുള്ള ഭരണാനുമതി റദ്ദ് ചെയ്തിട്ടുള്ളതാണ്.

4. കല്ലടിമുഖം പാലം

കിള്ളിയാറിന് കുറുകെ തിരുവല്ലം-കൊഞ്ചിറവിള റോഡും കാലടി റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ പാലം പദ്ധതിക്ക് 14-7-2009-ലെ G.O. (Rt.) No. 1044/2009/PWD പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 1894-ലെ എൽ.എ. ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള റിക്വസിഷൻ 5-6-2010-ൽ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും 22-12-2014-ൽ നടന്ന ഡി.എൽ.പി.സി. മുഖേന തീരുമാനിച്ച സ്ഥലത്തിന്റെ വില 28-5-2015-ൽ നടന്ന എസ്.എൽ.ഇ.സി. അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സമയബന്ധിതമായി ഫണ്ട് ലഭ്യമാകാത്തതിനാൽ അത് ഡിനോവ ആയ സാഹചര്യത്തിൽ 2013-ലെ പുതിയ എൽ.എ. ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി പുതുക്കിയ റിക്വിസിഷൻ 15-12-2017-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പാലത്തിന്റെ നവീകരിച്ച ഡിസൈൻ പ്രകാരം ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**പിറവം മണ്ഡലത്തിലെ പാലങ്ങൾ**

76 (3119) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പാലങ്ങളുടെ വിശദവിവരം നല്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വിവിധ കാരണങ്ങളാൽ നിർമ്മാണം ആരംഭിയ്ക്കാൻ കഴിയാത്ത പാലങ്ങളുടെ വിവരവും നിർമ്മാണം ആരംഭിയ്ക്കാൻ കഴിയാത്തതിന്റെ കാരണവും വ്യക്തമാക്കുമോ?

## ഉത്തരം

(എ) മറ്റത്താൻകടവ് പാലം

പിറവം, തൃപ്പൂണിത്തുറ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മറ്റത്താൻടവ് പാലത്തിന്റെ wearing coat ഒഴികെയുള്ള നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം നിലച്ചിരിക്കുകയാണ്. പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി പുനരാരംഭിക്കണമെങ്കിൽ കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കേണ്ടതുണ്ട്. കൂടാതെ പാലത്തിനു വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കണമെങ്കിൽ മുളന്തുരുത്തി വില്ലേജിലെ രണ്ട് സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂമിക്ക് പരിവർത്തനാനുമതി ലഭിക്കേണ്ടതുണ്ട്.

കോരങ്കടവ് പാലം

കോരങ്കടവ് പാലത്തിന്റെ നിർമ്മാണം 3-12-2010-ൽ ആരംഭിക്കുകയും പുഴയിലെ തൂണുകളുടെ നിർമ്മാണവും ഐക്കരനാട് ഭാഗത്തെ അബട്ട്മെന്റ് ഫൗണ്ടേഷൻ പ്രവൃത്തികളും പൂർത്തിയാകുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകാത്തതുമൂലം 2012 മുതൽ ഈ പ്രവൃത്തി നിശ്ചലാവസ്ഥയിലാണ്. ഇപ്പോൾ ഈ പാലത്തിന്റെ രാമമംഗലം ഭാഗത്തെയും ഐക്കരനാട് ഭാഗത്തെയും 12 ഭൂവുടമകളിൽ 10 ഭൂവുടമകളുടെയും സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കരാറുകാരൻ WP(C)26659/2013 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിരക്ക് പുതുക്കി ലഭിക്കുന്നതിനുവേണ്ടി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ നിരക്ക് 2016 ഡി.എസ്.ആർ. പ്രകാരം പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുകയും ആയത് വിശദമായ പരിശോധനകൾക്കുശേഷം ധനകാര്യ വകുപ്പിന്റെ നിർദ്ദേശാനുസരണമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ റീ വർക്ക് ചെയ്ത് പുനഃസമർപ്പിക്കുവാൻ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് 7-7-2018, 16-8-2018, 18-8-2018 എന്നീ തീയതികളിലെ കത്തുകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ചീഫ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കി പരിശോധിച്ച് ഉത്തരവാകുന്ന മുറയ്ക്കും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസിന്റെ വിധിക്കും വിധേയമായി മാത്രമേ പ്രവൃത്തി പുനരാരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

കീഴ്മുറിക്കടവ് പാലം

കീഴ്മുറിക്കടവ് പാലം നിർമ്മാണം 5-5-2017-ൽ ആരംഭിച്ചു. ഈ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മണീട് ഭാഗത്തെ അബട്ട്മെന്റിന്റേയും പുഴയിലെ തൂണുകളുടേയും ഫൗണ്ടേഷൻ പ്രവൃത്തികൾ

പൂർത്തിയായി. രാമമംഗലം ഭാഗത്തെ അബ്ട്മെന്റിന്റെ പൈലിംഗ് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഈ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് ബന്ധപ്പെട്ട സ്ഥലമുടമകളിൽ നിന്നും മുൻകൂർ സമ്മതപ്രത്രം ലഭ്യമാക്കിയാണ്. ഈ പാലത്തിന് ആവശ്യമായ സ്ഥലത്തിന്റെ ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പിൽ നടന്നുവരുന്നു. രാമമംഗലം ഭാഗത്തെ തണ്ണീർത്തടത്തിൽ ഉൾപ്പെട്ടുവരുന്ന സ്ഥലത്തിന്റെ പരിവർത്തനാനുമതിക്കുള്ള അപേക്ഷ കൃഷി വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം ലഭിക്കാനുണ്ട്.

(ബി) ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്ത പാലങ്ങൾ ഒന്നും ഈ മണ്ഡലത്തിലില്ല.

## കൊല്ലം ജില്ലയിലെ സ്ത്രീ സൗഹൃദ വിശ്രമമുറികളും ടോയ്‌ലെറ്റുകളും

77 (3120) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊല്ലം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും തുക അനുവദിച്ച് എത്ര സ്ത്രീ സൗഹൃദ വിശ്രമ മുറികളും ടോയ്‌ലെറ്റുകളും സ്ഥാപിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം കേന്ദ്രങ്ങളിലാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഏതെല്ലാം കേന്ദ്രങ്ങളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് എസ്റ്റിമേറ്റുകൾ നൽകിയിരുന്നു; ആയതിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ ഭരണകാലയളവിൽ കൊല്ലം ജില്ലയിൽ 19 സ്ത്രീ സൗഹൃദ വിശ്രമ മുറികളും ടോയ്‌ലെറ്റുകളും സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുകയും ആയവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

(ബി)

1. വില്ലേജ് ഓഫീസ്, തേവലക്കര
2. വില്ലേജ് ഓഫീസ്, തഴവ
3. മിനി സിവിൽ സ്റ്റേഷൻ, ശാസ്താംകോട്ട
4. മിനി സിവിൽ സ്റ്റേഷൻ, കരുനാഗപ്പള്ളി

5. പോലീസ് സ്റ്റേഷൻ, കരുനാഗപ്പള്ളി

6. പോലീസ് സ്റ്റേഷൻ, ചവറ

7. പോലീസ് സ്റ്റേഷൻ, ഓച്ചിറ

8. താലൂക്ക് ഹോസ്പിറ്റൽ, കരുനാഗപ്പള്ളി

9. പി. ഡബ്ല്യൂ. ഡി. കോംപ്ലക്സ്, കരുനാഗപ്പള്ളി

10. താലൂക്ക് ഹോസ്പിറ്റൽ, നീണ്ടകര

11. എം. ആർ. ഐ. റ്റി. സി., ഓച്ചിറ

12. ചെസ്റ്റ് ഡിസീസ് ഹോസ്പിറ്റൽ, കരുനാഗപ്പള്ളി

13. സബ് രജിസ്ട്രാർ ഓഫീസ്, തേവലക്കര

14. അഴീക്കൽ പി.എച്ച്.സി., കരുനാഗപ്പള്ളി

15. സബ് രജിസ്ട്രാർ ഓഫീസ്, ഓച്ചിറ

16. വില്ലേജ് ഓഫീസ്, വെറ്ററിനറി ഹോസ്പിറ്റൽ കോമ്പൗണ്ട്, മൈനാഗപ്പള്ളി

17. പി. എച്ച്. സി., പോരുവഴി

18. അമിനിറ്റി സെന്റർ ഫോർ വിമൻ, കടയ്ക്കൽ

19. ആലപ്പാട് പി. എച്ച്. സി., കരുനാഗപ്പള്ളി

(സി) കൊല്ലം ജില്ലയിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കടയ്ക്കലിൽ ഒരു സ്ത്രീ സൗഹൃദ വിശ്രമ മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**മുക്കാട് പാലം നിർമ്മാണം**

78 (3121) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് മുക്കാട് പാലം നിർമ്മിക്കുന്നതിന് എം.എൽ.എ യുടെ മണ്ഡലം ആസ്തി വികസന പദ്ധതിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണ-സാങ്കേതിക അനുമതികൾക്കും നിർമ്മാണം ആരംഭിക്കുന്നതിനുമായി പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനായി (ഫയൽ നമ്പർ-454/PWD/D) അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് മുക്കാട് പാലം നിർമ്മാണത്തിന് എം.എൽ.എ.യുടെ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 6-12-2018-ലെ G.O(Rt)No. 1889/2018/PWD പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ചൂണ്ടൽ പാറയ്ക്ക് സമീപം പുതിയ പാലം**

79 (3122) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കുറ്റിപ്പുറം ഹൈവേയിൽ ചൂണ്ടൽ പാറയ്ക്ക് സമീപമുള്ള പുതിയ പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് എത്ര രൂപയുടേതാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണോദ്ഘാടനം കഴിഞ്ഞിട്ടും നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടിയന്തരമായി നിർമ്മാണം തുടങ്ങുന്നതിനും പണിപൂർത്തികരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എസ്റ്റിമേറ്റ് തുക 3,39,00,000 (മൂന്നു കോടി മുപ്പത്തി ഒൻപത് ലക്ഷം) രൂപ.

(ബി) നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(സി) നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തൃശ്ശൂർ - കുറ്റിപ്പുറം പാതയിൽ പുതിയ പാലം**

80 (3123) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ - കുറ്റിപുറം പാതയിൽ ചൂണ്ടൽ പഞ്ചായത്തിൽ കേച്ചേരിയിൽ പുതിയ പാലത്തിന്റെ നിർമ്മാണത്തിന് അനുവദിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ തീയതിയും എഗ്രിമെന്റ് തീയതിയും എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തി എന്ന് തുടങ്ങുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) എസ്റ്റിമേറ്റ് തുക 3,50,00,000 (മൂന്ന് കോടി അമ്പത് ലക്ഷം) രൂപ.

(ബി) ടെണ്ടർ തീയതി 5-5-2018. എഗ്രിമെന്റ് നമ്പർ 83/SECCA/18-19 തീയതി 29-11-2018.

(സി) മൂന്ന് മാസമാണ് ഈ പദ്ധതിയുടെ പൂർത്തീകരണ കാലാവധി. നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അഴീക്കോട് മുനമ്പം പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടി**

81 (3124) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ -എറണാകുളം തീരദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന അഴീക്കോട് മുനമ്പം പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടി ദ്രുതഗതിയിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത് സംബന്ധിച്ചുള്ള സാമൂഹ്യ പ്രത്യാഘാത പഠനം ആരംഭിച്ചിട്ട് എത്ര നാളായി; പ്രസ്തുത പഠനം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എത്രസമയമെടുക്കും എന്നറിയിക്കാമോ?

ഉത്തരം

(എ) ലാൻഡ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടർ തൃശ്ശൂർ, എറണാകുളം എന്നിവരുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള അലൈൻമെന്റ് സ്റ്റോൺസ് സ്ഥാപിച്ചുകഴിഞ്ഞു. അഴീക്കോട് ഭാഗത്തെ ലാൻഡ് അക്വിസിഷനു വേണ്ടി തൃശ്ശൂർ ലാൻഡ് അക്വിസിഷൻ ഓഫീസർ സ്കെച്ച് തയ്യാറാക്കി പരിശോധിക്കുകയും ഭൂമി എറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 56 സെന്റ് സ്ഥലം വിട്ടുതരുന്നതിന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തൃശ്ശൂരും ലാൻഡ് അക്വിസിഷൻ (ജനറൽ) വകുപ്പും കൊടുങ്ങല്ലൂർ താലൂക്ക് സർവ്വേയർമാരും പൊതുമരാമത്ത് വകുപ്പും ചേർന്ന് 24-7-2018-ന് സംയുക്ത പരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തൃശ്ശൂരിൽ നിന്നും ഡയറക്ടർ ഫിഷറീസ്

തിരുവനന്തപുരത്തിന് സമർപ്പിച്ചിട്ടുണ്ട്. മുനമ്പം ഭാഗത്തെ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്തു വിഭാഗത്തിൽ നിന്നും 28-9-2018-ലെ കത്ത് നമ്പർ എ 2-1991/2005 മുഖാന്തരം തിരുവനന്തപുരം കേരള റോഡ്സ് ഫണ്ട് ബോർഡ് പ്രേജക്ട് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ജില്ലാ കളക്ടർ നേരിട്ട് നിയമിച്ചിരിക്കുന്ന പ്രത്യേക സംഘമാണ് സാമൂഹ്യാഘാത പഠനം നടത്തുന്നത്. അത് പൊതുമരാമത്ത് വകുപ്പുമായി നേരിട്ട് ബന്ധമുള്ളതല്ല. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, കളമശ്ശേരിയാണ് ഇരുഭാഗത്തും സാമൂഹ്യാഘാത പഠനം നടത്തുന്നത്.

**ചാലക്കുടി തിരുപറമ്പ് പാലം**

82 (3125) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലെ ചാലക്കുടി പുഴയ്ക്ക് കുറുകെയുള്ള തിരുപറമ്പ് പാലത്തിന്റെ പ്രോജക്ടും എസ്റ്റിമേറ്റും വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ പ്രളയത്തിൽ ഇവിടെ ഒറ്റപ്പെട്ടവരെ രക്ഷിക്കാനും ക്യാമ്പിലെത്തിക്കാനും ഹെലികോപ്റ്റർ കൊണ്ടുവരേണ്ടി വന്ന സാഹചര്യം കണക്കിലെടുത്ത് വർഷങ്ങളായി പഞ്ചായത്ത് ആവശ്യം ഉന്നയിക്കുന്ന പാലം യാഥാർത്ഥ്യമാക്കുന്നതിന് പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കി സർക്കാരിൽ എത്തിക്കുന്നതിനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർക്ക് നൽകാമോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പ്രദേശത്തിന്റെ ആവശ്യകത കണക്കിലെടുത്ത് ഏറ്റവും ചുരുങ്ങിയ എട്ട് മീറ്റർ വീതിയുള്ള (വിത്തൗട്ട് ഫുട്ട് പാത്ത്) ഒരു പാലമെങ്കിലും നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുമെന്ന് ഉറപ്പ് നൽകുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) തയ്യാറാക്കിയിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ ലിസ്റ്റിൽ 1141-ാം നമ്പരായി പുവത്തുശ്ശേരിയേയും എളവൂരിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന തിരുപ്പറമ്പ് പാലം നിർമ്മാണം എന്ന പ്രസ്തുത പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

## വഴിക്കടവ്, കുപ്പായക്കോട് പാലങ്ങൾ

83 (3126) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടാവസ്ഥയിലായ തിരുവമ്പാടി മണ്ഡലത്തിലെ വഴിക്കടവ്, കുപ്പായക്കോട് പാലങ്ങൾ പുനർനിർമ്മിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(സി) പദ്ധതികൾക്ക് എന്ന് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവമ്പാടി മണ്ഡലത്തിലെ വഴിക്കടവ്, കുപ്പായക്കോട് എന്നീ പാലങ്ങൾ പുനർ നിർമ്മിക്കുന്ന പാലങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പാലങ്ങൾ പുനർനിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു.

(സി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി റിപ്പോർട്ട് ലഭിച്ചാൽ പാലം ഡിസൈൻ ചെയ്യേണ്ടതുണ്ട്. ഡിസൈൻ ലഭ്യമായാൽ മാത്രമേ അതനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

## റാന്നിയിലെ പാലങ്ങളുടെ നിർമ്മാണം

84 (3127) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച റാന്നി വലിയപാലം, വടശ്ശേരിക്കര പാലം എന്നിവയ്ക്ക് എത്ര രൂപ വീതമാണ് അനുവദിച്ചത്; ഇവയുടെ നിർമ്മാണത്തിനായുള്ള നടപടികൾ ഏത് ഘട്ടം വരെയായി; വിശദീകരിക്കാമോ;

(ബി) നിർമ്മാണ പദ്ധതി ടെൻഡർ ചെയ്തിട്ടുണ്ടോ; ഏതൊക്കെ കമ്പനികളാണ് നിർമ്മാണം ഏറ്റെടുത്തിരിക്കുന്നത്; ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; നടപടികൾ പൂർത്തീകരിച്ച് പാലങ്ങളുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി 2016-17 പദ്ധതിയിൽ റാന്നി വലിയ പാലത്തിന് 26.76 കോടി രൂപയും വടശ്ശേരിക്കര പാലത്തിന് 13.863 കോടി രൂപയും അനുവദിച്ചു. റാന്നി വലിയ പാലം റീ-ടെണ്ടർ ചെയ്യുകയും 5 പേർ ടെണ്ടർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വടശ്ശേരിക്കര പാലത്തിന്റെ എഗ്രിമെന്റ് വയ്ക്കുന്ന നടപടികൾ നടന്നുവരുന്നു.

(ബി) റാന്നി വലിയ പാലത്തിന്റെ നിർമ്മാണക്കമ്പനി ഏതെന്ന് തീരുമാനിച്ചിട്ടില്ല. വടശ്ശേരിക്കര പാലത്തിന്റെ നിർമ്മാണത്തിനായി ശ്രീ. ഇബ്രാഹിംകുട്ടി എ., വലിയത്ത്, കൊല്ലം എന്നയാളെയാണ് തെരഞ്ഞെടുത്തത്.

**വെണ്ടുരുത്തി പാലം**

85 (3128) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തെയും പശ്ചിമ കൊച്ചിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന വെണ്ടുരുത്തി പാലം ഗതാഗതത്തിന് തുറന്നു കൊടുക്കുന്നതിനായി സ്ട്രക്ചറൽ സ്റ്റെബിലിറ്റി സംബന്ധിച്ച് വിദഗ്ദ്ധവും വിശദവുമായ പഠനം നടത്താൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) ഈ പാലം പൈതൃക സംരക്ഷണ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ആയതുസംബന്ധിച്ച് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) എറണാകുളം വെണ്ടുരുത്തി പഴയപാലത്തിൽ കൂടി വാഹനഗതാഗതം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ഈ പാലത്തിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി സംബന്ധിച്ച് വിശദമായ പഠനവും പരിശോധനയും നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചീഫ് എഞ്ചിനീയർ, ഡിസൈനിനു കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികമായി കൂടുതൽ വൈദഗ്ധ്യമുള്ളതും ഈ വിഷയങ്ങളിൽ ഗവേഷണ പരീക്ഷണങ്ങൾ നടത്തുന്നതുമായ ചെന്നൈയിലെ SERC (Structural Engineering Research Centre) എന്ന സ്ഥാപനത്തിന് കൂടുതൽ

വിശദാംശങ്ങൾക്കും ഉപദേശങ്ങൾക്കുമായി ചീഫ് എഞ്ചിനീയർ, ഡിസൈൻ കത്ത് നൽകിയിട്ടുണ്ട്. 1936-ൽ നിർമ്മിച്ച പാലത്തിന്റെ കാലപ്പഴക്കംമൂലവും സ്റ്റീൽ കൊണ്ട് നിർമ്മിച്ചതാകയാലും ഈ പാലത്തിൽക്കൂടി ഗതാഗതം പുനഃസ്ഥാപിക്കുന്നതിന് മുമ്പ് വിശദമായ പഠനം ആവശ്യമാണ്. SERC (Structural Engineering Research Centre)-ന്റെ മറുപടി ലഭിച്ചതിനുശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയൂ.

**ചെട്ടിക്കടവ് പാലം പുനർനിർമ്മാണം**

86 (3129) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചെട്ടിക്കടവ് പാലം പുനർ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് ഭരണാനുമതി ലഭ്യമാക്കുമോ;

(സി) ഇരുഭാഗത്തും വീതിയുള്ള റോഡ് നിലവിലുണ്ടെങ്കിലും സൗകര്യപ്രദമായ പാലമില്ലാത്തതു കാരണം ജനങ്ങൾ ബുദ്ധിമുട്ടുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെട്ടിക്കടവ് പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പാലം വീതി കുറവായതിനാൽ തൻമൂലമുണ്ടാകുന്ന ഗതാഗത തടസ്സവും ജനങ്ങളുടെ ബുദ്ധിമുട്ടും കണക്കിലെടുത്താണ് പുതിയ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

**പള്ളിക്കമണ്ണടി പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം**

87 (3130) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലമെട്ടുപ്പ് നടപടികളിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി പുതിയ അർത്ഥനാപത്രവും അലൈമെന്റ് സ്കെച്ചും തയ്യാറാക്കിയിട്ടുണ്ടോ എന്നും അനന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കുന്നതിനും പാലം പണി ആരംഭിക്കുന്നതിനും അവശേഷിക്കുന്ന തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സ്ഥലം ഏറ്റെടുപ്പിനായി പുതിയ അർത്ഥനാപത്രം കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള അലൈൻമെന്റിൽ മാറ്റമൊന്നുമില്ല.

(സി) സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കുന്നതിനും പാലം പണി ആരംഭിക്കുന്നതിനും ഫണ്ടിന്റെ അപര്യാപ്തതയാണ് തടസ്സം.

**ചേർപ്പുങ്കൽ പാലം നിർമ്മാണം**

88 (3131) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ചേർപ്പുങ്കൽ പാലം നിർമ്മാണം സംബന്ധിച്ച അനുബന്ധപ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കും; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ടി പ്രവൃത്തി 24-11-2018-ൽ ടെണ്ടർ ചെയ്തിട്ടുണ്ട്. ദർഘാസ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 11-12-2018 ആണ്.

(ബി) 18 മാസമാണ് ടി പ്രവൃത്തിയുടെ നിർമ്മാണ കാലാവധി.

## കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം

89 (3132) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശിയ പാതകളിൽ മിക്കപ്പോഴും ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത് നിത്യകാഴ്ചയായി മാറിയ സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ബി) എങ്കിൽ ഇതിനുള്ള പരിഹാരമായി എത്ര ബൈപ്പാസുകളും റിങ്ങ് റോഡുകളുമാണ് ഇപ്പോൾ നിർമ്മാണത്തിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇവ ഓരോന്നിന്റെയും നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നാണ് കരുതുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിൽ ഗതാഗതക്കുരുക്കിന് പരിഹാരമായി നിർമ്മിക്കുന്ന കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഇ) ഏത് ഏജൻസിയെയാണ് ഇതിന്റെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

### ഉത്തരം

(എ-സി) നിലവിൽ ദേശീയപാതയിലെ ഗതാഗത സാന്ദ്രത അധികമായാൽ പലയിടങ്ങളിലും ഗതാഗതക്കുരുക്ക് അനുഭവപ്പെടാറുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയപാതകളായ എൻ.എച്ച്.66, എൻ.എച്ച്.544 എന്നിവ 4/6 വരിപ്പാതയായും മറ്റ് ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായും വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 4/6 ദേശീയപാതയായി വികസിപ്പിക്കുന്ന പ്രവൃത്തികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരമാണ് നടപടി എടുക്കേണ്ടത്.

നിലവിലെ ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ആലപ്പുഴ, കൊല്ലം പട്ടണങ്ങളിൽ കേന്ദ്ര പങ്കാളിത്തത്തിൽ ബൈപ്പാസ് നിർമ്മിച്ചുവരുന്നു. ഇതിൽ ആലപ്പുഴ ബൈപ്പാസ് 2019 ഏപ്രിൽ മാസം പകുതിയോടെയും കൊല്ലം ബൈപ്പാസ് 2019 ഡിസംബർ മാസം അവസാനത്തോടെയും പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര, തൊണ്ടയാട് എന്നിവിടങ്ങളിൽ സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് മേൽപ്പാലങ്ങൾ സെപ്റ്റംബർ മാസത്തിൽ നിർമ്മാണം പൂർത്തീകരിച്ചു. കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി സംസ്ഥാന സർക്കാർ ദേശീയപാതാ വിഭാഗം വഴി വൈറ്റില കുണ്ടന്നൂർ എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിച്ചുവരുന്നു. ഇവ യഥാക്രമം 26-5-2019-ലും 25-3-2020-ലും പൂർത്തിയാക്കുന്നതാണ്.

(ഡി&ഇ) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം 27-9-2016-ലെ G.O. (Rt.) No.1324/2016/PWD പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആർ.ബി.ഡി. സി. കെ. പ്രസ്തുത ബൈപ്പാസിനായി തയ്യാറാക്കിയ വിശദമായ പദ്ധതിരേഖയ്ക്ക് 37.96 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ നാലുവരിപ്പാത**

90 (3133) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര കിലോമീറ്റർ ദൈർഘ്യത്തിലാണ് നാലുവരിപ്പാത കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ദൈർഘ്യത്തിൽ നാലുവരിപ്പാത നിർമ്മാണത്തിനായി പൊളിച്ച് നീക്കേണ്ട എത്ര കെട്ടിടങ്ങൾ ഉണ്ടെന്നും പ്രസ്തുത കെട്ടിടങ്ങൾ ഏത് ഗണത്തിൽ പെടുന്നതാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിട ഉടമകൾക്ക് ഇത് സംബന്ധിച്ച അറിയിപ്പുകൾ നൽകിയിട്ടുണ്ടോ എന്നും ഇവർക്ക് നൽകാനുള്ള നഷ്ടപരിഹാരത്തുക എത്ര പേർക്ക് നൽകിയെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും നഷ്ട പരിഹാരത്തുക ആകെ എത്രയാണെന്നും എത്ര കെട്ടിടങ്ങൾ ഇതിനകം പൊളിച്ചു മാറ്റിയെന്നും വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ നാലുവരിപ്പാത നിർമ്മാണത്തിന് തടസ്സങ്ങൾ ഉണ്ടോയെന്നും ഇതുമായി ബന്ധപ്പെട്ട് കോടതിയിലോ മറ്റോ കേസ്സുകൾ നിലവിലുണ്ടോ എന്നും എങ്കിൽ ആരാണ് കേസ്സ് ഫയൽ ചെയ്തതെന്നും വ്യക്തമാക്കാമോ; നാലുവരിപ്പാത നിർമ്മാണം എപ്പോൾ തുടങ്ങുമെന്നും പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്താകെ നാലുവരിപ്പാത നിർമ്മാണത്തിന് എത്ര തുകയാണ് ചെലവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഈ തുക കേന്ദ്രമാണോ നൽകുന്നതെന്നും ഇതിനകം എത്ര തുക കേന്ദ്രം നൽകിയെന്നും എത്ര തുക സംസ്ഥാന സർക്കാർ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 86.8 കിലോമീറ്റർ ദൈർഘ്യത്തിലാണ് നാലുവരിപ്പാത കടന്നുപോകുന്നത്.

(ബി) നാലുവരിപ്പാത നിർമ്മാണത്തിനായി പൊളിച്ചുനീക്കേണ്ട 2492 കെട്ടിടങ്ങളുണ്ട്. പ്രസ്തുത കെട്ടിടങ്ങൾ താമസസ്ഥലങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവയാണ്.

(സി) പ്രസ്തുത കെട്ടിട ഉടമകൾക്ക് ഇത് സംബന്ധിച്ച അറിയിപ്പുകൾ നൽകിയിട്ടുണ്ട്. നാളിതുവരെ 108,48,90,397 രൂപ 534 ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുകയായി നൽകുകയും 32 വീടുകൾ/കടകൾ പൊളിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കാസർഗോഡ് ജില്ലയിൽ നാലുവരിപ്പാത നിർമ്മാണത്തിന് തടസ്സങ്ങളില്ല. എന്നാൽ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. രാജഗോപാൽ ശർമ്മയുടെ ഒരു കേസും ശ്രീ. സി. എ. മഹ്മൂദ്, ശ്രീ. ബി. അബ്ബാസ് എന്നിവരുടെ രണ്ട് പരാതികളും നിലവിലുണ്ട്. കി. മീ. 17/200 മുതൽ 57/200 വരെയും 57/200 മുതൽ 95/650 വരെയുമുള്ള ഭാഗങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി ഉടൻതന്നെ ആരംഭിക്കുന്നതാണ്. ഈ മേഖലയിലെ നീലേശ്വരം ROB-യുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു.

• (ഇ) ദേശീയപാത 66 നാലുവരിപ്പാതയായി നിർമ്മിക്കുന്നതിന് ആവശ്യമായ തുക ജില്ല തിരിച്ചുള്ളത് അനുബന്ധമായി* ചേർക്കുന്നു.

ദേശീയപാത അതോറിറ്റി വഴിയാണ് ഇതിനുള്ള തുക നൽകുന്നത്.

**ബാലരാമപുരം-കളിയിക്കാവിള ഹൈവേ വീതികൂട്ടുന്ന നടപടി**

91 (3134) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരം-കളിയിക്കാവിള ഹൈവേ വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(ബി) എത്ര മീറ്റർ വീതിയിലാണ് ഹൈവേ പണിയുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പാതയിൽ എത്ര ജംഗ്ഷൻ ഹെഡുകൾ കാണുമെന്ന് വ്യക്തമാക്കാമോ ;

(സി) 2019-20 സാമ്പത്തിക വർഷത്തിൽ പ്രസ്തുത റോഡിന്റെ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമോയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കരമന-കളിയിക്കാവിള നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് കൊടിനട-വഴിമുക്ക് ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബാലരാമപുരം ജംഗ്ഷനിൽ അടിപ്പാത/മേൽപ്പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതുണ്ട്. വഴിമുക്ക്-കളിയിക്കാവിള ഭാഗത്തെ കരട് അലൈൻമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 30.2 മീറ്റർ വീതിയിൽ പ്രസ്തുത അലൈൻമെന്റിന് അംഗീകാരം ലഭിച്ചാൽ മാത്രമേ എത്ര ജംഗ്ഷൻ ഹെഡുകൾ ഉണ്ടെന്ന് പറയാൻ സാധിക്കൂ.

(സി) കൊടിനട-വഴിമുക്ക് ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ 2019-20-ൽ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വഴിമുക്ക്-കളിയിക്കാവിള ഭാഗത്തെ അലൈൻമെന്റും അംഗീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**തിരുവനന്തപുരം ജില്ലയിലെ ദേശിയ പാത വികസനം**

92 (3135) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ദേശിയ പാത സ്ഥലമെടുപ്പ് പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) കരമന-കളിയിക്കാവിള റോഡ് വികസന പദ്ധതി ഏത് ഘട്ടത്തിലാണ്;

(സി) ഈ പദ്ധതി എന്നേക്ക് പൂർത്തിയാകും;

(ഡി) ഈ പദ്ധതിയ്ക്ക് അനുവദിച്ച തുകയും പദ്ധതിയുടെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടും വർഷം തിരിച്ച് വിശദമാക്കാമോ;

(ഇ) കഴക്കൂട്ടം-കാരോട് പദ്ധതിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

ഉത്തരം

(എ) ദേശീയപാത എൻ.എച്ച്.66-ലെ കടമ്പാട്ടുകോണം മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരമാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ നോട്ടിഫിക്കേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. കരമന-കളിയിക്കാവിള നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളാണ് നിലവിൽ ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ നടന്നുവരുന്നത്. ഇതിൽ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം-കൊടിനട വരെയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളിൽ കോടതി വ്യവഹാര നിലനിൽക്കുന്ന എൽ.എ.സി. 637/15 എന്ന കെട്ടിടം ഒഴികെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ ഭാഗത്തെ പദ്ധതി

നടത്തിപ്പിനാവശ്യമായ സർക്കാർ വക ഭൂമിയും കൈമാറിക്കിട്ടാനുണ്ട്. ഇതിനുള്ള നടപടികൾ റവന്യൂ വിഭാഗം വഴി പുരോഗമിക്കുന്നു. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ 2013-ലെ പുതിയ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരമാണ് നടത്തേണ്ടത്. Social Impact Assesment Study നടത്തിയാൽ മാത്രമേ സ്ഥലം ഏറ്റെടുക്കൽ സാധിക്കുകയുള്ളൂ. ഈ ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് മുഖാന്തരം ഉടൻതന്നെ ആരംഭിക്കുന്നതാണ്. ടി ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി 98.1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള നാലുവരിപ്പാത വികസനത്തിനുള്ള അലൈൻമെന്റ് പ്ലാൻ അംഗീകാരത്തിനായി പരിഗണനയിലാണ്. പ്രസ്തുത അലൈൻമെന്റ് പ്ലാൻ അംഗീകരിച്ചാൽ മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

(ബി) കരമന-കളിയിക്കാവിള ദേശീയപാതയുടെ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള പണി പൂർത്തിയായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം-കൊടിനട വരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവൃത്തിക്കായുള്ള ടെണ്ടർ നടപടികൾ പി.എം.യു., കെ.ആർ.എഫ്.ബി. മുഖാന്തരം പൂർത്തീകരിച്ചിട്ടുണ്ട്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ 2013-ലെ പുതിയ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം നടത്തുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് മുഖാന്തരം സ്വീകരിച്ചുവരുന്നു.

(സി) കരമന-കളിയിക്കാവിള ദേശീയപാത നാലുവരിപ്പാത വികസനത്തിന്റെ ഭാഗമായുള്ള കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 20-1-2016-ൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം-കൊടിനട വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. 2 വർഷമാണ് നിർമ്മാണ പൂർത്തീകരണ കാലാവധി നിശ്ചയിച്ചിട്ടുള്ളത്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയും വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുമുള്ള നിർമ്മാണ പൂർത്തീകരണ കാലാവധിയെ സംബന്ധിച്ച വിശദാംശം ഈ ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ ലഭ്യമാകുകയുള്ളൂ.

(ഡി) ഈ പദ്ധതിക്കായി അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

2013-14-ൽ 74 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. 2016-ൽ ഈ തുക ചെലവാക്കിയിട്ടുണ്ട്. 21-1-2016-ൽ 50 കോടി രൂപയും 06/16, 10/17 മാസങ്ങളിലായി 216.87 കോടി രൂപയും

ചേർത്ത് ആകെ 266.87 കോടി രൂപ (ഇരുന്നൂറ്റി അറുപ്പത്തിയാറ് കോടി എൺപത്തിയേഴ് ലക്ഷം രൂപ) ഭൂമി ഏറ്റെടുക്കൽ നടപടിക്കായി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. കൂടാതെ ബാലരാമപുരം - കൊടിനട മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ സ്ഥലം ഏറ്റെടുക്കുന്നതിനായി 98.1 കോടി രൂപ 20-7-2017-ലെ ജി.ഒ (ആർ.റ്റി) നമ്പർ 1048/17/പൊ.മ.വ. പ്രകാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്ഥലം ഏറ്റെടുക്കുന്നതിനായി 274.1716 കോടി രൂപ റവന്യൂ വകുപ്പിനും 9.03 കോടി രൂപ പൊതുമരാമത്ത് വകുപ്പിനുമായി ആകെ 283.2016 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞതുകൂടാതെ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

18-3-2015-ലെ ജി.ഒ. (ആർറ്റി.) നമ്പർ 420/2015/പൊ.മ.വ. പ്രകാരം 1.46 കോടി രൂപ ഒന്നാംഘട്ടത്തിന്റെ രണ്ടാം റീച്ചിന്റെ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് 18-11-2016-ലെ ഉത്തരവ് നമ്പർ 31/കിഫ്ബി/2016 പ്രകാരം 162.46 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) കഴക്കൂട്ടം-കാരോട് ബൈപ്പാസിന്റെ നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് നടപ്പാക്കുന്നത്. ഈ പ്രവൃത്തി 2019 മാർച്ച് അവസാനത്തോടെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.ന്റെ കെട്ടിട നിർമ്മാണം

93 (3136) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) 3 കോടി രൂപ കിഫ്ബിയിൽ വകയിരുത്തിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിലേയ്ക്ക് ബന്ധപ്പെട്ട ഫയലുകൾ ഏതെല്ലാം ഓഫീസുകളിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയും കിഫ്ബി വഴിയുള്ള പ്രവൃത്തിയും അടിയന്തരമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കോന്നി മണ്ഡലത്തിലെ കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.ന്റെ കെട്ടിട നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. സ്ട്രക്ചറൽ പ്രവൃത്തിയുടെ 20 ശതമാനം പൂർത്തിയായിട്ടുണ്ട്.

(ബി&സി) കിഫ്ബിയിൽ വകയിരുത്തിയ കെട്ടിടത്തെപ്പറ്റി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് ഇതുവരെ അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) നിലവിലെ നിർമ്മാണം ത്വരിതഗതിയിൽ നടന്നുവരികയാണ്. പൂർത്തീകരണ കാലാവധി 4-12-2019 വരെയാണ്.

**ഉദുമ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം**

94 (3137) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(സി) തടസ്സങ്ങൾ നീക്കി ഈ പ്രവൃത്തി എന്ന് ടെണ്ടർ ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) രജിസ്ട്രേഷൻ വകുപ്പിന് ദാനമായി ലഭിച്ച ഉദുമ വില്ലേജിലെ 238/11, 238/12 എന്നീ റീസർവ്വേയിൽപ്പെട്ട വസ്തു 2018-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ടിന്റെ പരിധിയിൽപ്പെടുന്നതിനാൽ, കെട്ടിട നിർമ്മാണത്തിന് അനുമതിക്കായുള്ള അപേക്ഷ ആർ.ഡി.ഒ.യുടെ പരിഗണനയിലാണ്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**വൈത്തിരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ**

95 (3138) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച വൈത്തിരി മിനി സിവിൽസ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈത്തിരി മിനി സിവിൽ സ്റ്റേഷൻ ബി-ബ്ലോക്ക് (സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ്) നിർമ്മിക്കുന്നതിന് 27-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 246/2017/പൊ.മ.വ. പ്രകാരം 300.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. രജിസ്ട്രേഷൻ വകുപ്പിന്റെ കയ്യിലുള്ള ഭൂമിയുടെ പരിമിതിമൂലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമല്ലാത്തതിനാൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ കെട്ടിടം നിർമ്മിക്കുവാൻ തീരുമാനിക്കുകയും കെട്ടിടത്തിന്റെ പ്രാഥമിക പ്ലാൻ തയ്യാറാക്കി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുള്ള നടപടി പൂർത്തിയാക്കിയ ശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. കെട്ടിടം നിർമ്മിക്കുന്നതിന് ആദ്യം നിശ്ചയിച്ച സ്ഥലത്തിന് മാറ്റം സംഭവിച്ചിട്ടുള്ളതിനാലാണ് പ്രവൃത്തിയുടെ നടത്തിപ്പിന് കാലതാമസം സംഭവിച്ചിട്ടുള്ളത്.

**കായംകുളം കോടതി സമുച്ചയത്തിന്റെ നിർമ്മാണം**

96 (3139) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കോടതി സമുച്ചയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

ഉത്തരം

കായംകുളം കോടതി സമുച്ചയത്തിന്റെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിലേയ്ക്കായി സൂക്ഷ്മപരിശോധനയിലാണ്. ആയത് കഴിഞ്ഞാലുടനെ തന്നെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

**ആലംകോട് ഗവൺമെന്റ് ഹൈസ്കൂൾ മന്ദിര നിർമ്മാണം**

97 (3140) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ആലംകോട് ഗവ. ഹൈസ്കൂൾ മന്ദിര നിർമ്മാണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആലംകോട് ഗവ. ഹൈസ്കൂൾ മന്ദിര നിർമ്മാണത്തിനായി എം.എ. ഹക്കീം എന്ന കരാറുകാരനുമായി എഗ്രിമെന്റ് വയ്ക്കുകയും നിർമ്മാണ പ്രവൃത്തികൾ 90 ശതമാനത്തോളം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2018 ഡിസംബർ 25-നകം കെട്ടിടം സ്കൂളിന് കൈമാറാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പഴയങ്ങാടി താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണം**

98 (3141) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിട നിർമ്മാണത്തിനായി 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്.

**ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

99 (3142) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി സർക്കാർ ഭൂമി ലഭ്യമായിട്ടും നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മണ്ഡലത്തിന് ഏറെ പ്രയോജനകരമായ ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ബാലുശ്ശേരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാനുള്ള നടപടികൾ ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല.

(സി) ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കോഴിക്കോട് മേഖലാതല കെട്ടിട ഡിസൈൻ വിഭാഗം**

100 (3143) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് ആരംഭിച്ച മേഖലാതല കെട്ടിട ഡിസൈൻ വിഭാഗത്തിന്റെ യൂണിറ്റിനൊപ്പം ഒരു ആർക്കിടെക്ട് വിഭാഗം യൂണിറ്റ് കൂടി ആരംഭിക്കേണ്ടുന്നതിലെ ആവശ്യകത ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ആർക്കിടെക്ട് വിഭാഗം യൂണിറ്റിന്റെ അഭാവം മൂലം ഉദ്ദേശിച്ച ഫലം മേഖലാതല ഡിസൈൻ വിഭാഗം യൂണിറ്റിന്റെ പ്രവർത്തനം കൊണ്ട് ലഭ്യമാകുന്നില്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) ആർക്കിടെക്ട് വിഭാഗം യൂണിറ്റ് കൂടി കോഴിക്കോട് സ്ഥാപിക്കുന്നതിനായുള്ള ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനം നടന്നു വരുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കോഴിക്കോട് മേഖലാ ഓഫീസിന്റെ അഭാവംമൂലം പ്രവൃത്തികളെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വാസ്തുശിൽപ്പ വിഭാഗത്തിൽ നിലവിൽ കൈകാര്യം ചെയ്യുന്ന പ്രവൃത്തികളുടെ എണ്ണം വളരെയേറെ വർദ്ധിച്ചിട്ടുള്ളതിനാൽ കൂടുതൽ ആർക്കിടെക്റ്റുമാരെ പുതിയ തസ്തിക രൂപീകരിച്ച് നിയമിക്കുവാനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

**കന്യാകുളങ്ങര സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

101 (3144) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എസ്.പി.വി.ആയി നടപ്പിലാക്കുന്ന കന്യാകുളങ്ങര സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) എന്നത്തേയ്ക്ക് നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടി പ്രവൃത്തിക്കുവേണ്ടിയുള്ള ദർഘാസ് അനുമതിക്കുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ഒരു മാസത്തിനുള്ളിൽ ഈ പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുവാൻ കഴിയും.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

102 (3145) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗം നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പൊഴിയൂർ യു.പി.സ്കൂൾ, നെയ്യാറ്റിൻകര പൊതുമരാമത്ത് റെസ്റ്റ് ഹൗസ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ടെണ്ടർ നടപടി സ്വീകരിച്ചോ എന്ന് വ്യക്തമാക്കാമോ;

(ബി) പൊഴിയൂർ യു.പി.എസ്.,നെയ്യാറ്റിൻകര റെസ്റ്റ് ഹൗസ് എന്നിവയുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഏതെല്ലാം നടപടികൾ ആണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിൽ ഉള്ള തടസ്സങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പൊഴിയൂർ യു.പി. സ്കൂളിനെ സംബന്ധിച്ച് നിലവിൽ പ്രൊപ്പോസൽസ് ഒന്നും തന്നെയില്ല. പൊഴിയൂർ എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടത്തിനുള്ള സോയിൽ ഇൻവെസ്റ്റിഗേഷൻ വർക്കുകൾ പൂർത്തീകരിച്ചു. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യാനുള്ള നടപടികൾ ഉടൻതന്നെ സ്വീകരിക്കുന്നതാണ്. നെയ്യാറ്റിൻകര പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസിന്റെ രണ്ടാം നില നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

**കരുനാഗപ്പള്ളിയിൽ മിനി സിവിൽ സ്റ്റേഷൻ അനക്സ്**

103 (3146) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ദേശീയപാത വികസനത്തിന്റെ ഭാഗമായി കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷന്റെ ഏതെല്ലാം ഭാഗങ്ങൾ നീക്കം ചെയ്യേണ്ടിവരുമെന്ന് വിശദമാക്കുമോ;

(സി) അവിടെ ലഭ്യമായ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു മിനി സിവിൽ സ്റ്റേഷൻ അനക്സ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) അതിനായി കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ കരുനാഗപ്പള്ളി ഓഫീസ് സമുച്ചയം നിന്നിരുന്ന സ്ഥലം പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 12 സർക്കാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

(ബി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരം ദേശീയപാതാ വികസനത്തിനായിട്ടുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. ഇതിന്റെ ഭാഗമായ 3 D സർവ്വേ ഇതുവരെ പൂർത്തിയായിട്ടില്ല. ഇത് പൂർത്തീകരിച്ചാൽ മാത്രമേ ദേശീയപാതാ വികസനം കരുനാഗപ്പള്ളി സിവിൽ സ്റ്റേഷനെ എത്രമാത്രം ബാധിക്കുമെന്ന് പറയുവാൻ സാധിക്കുകയുള്ളൂ.

(സി&ഡി) ഇത് സംബന്ധിച്ച പ്രൊപ്പോസലൊന്നും നിലവിലില്ല.

**പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാർക്കുള്ള പരിശീലന കേന്ദ്രം**

104 (3147) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലത്ത് പണി കഴിപ്പിച്ചിട്ടുള്ള പി.ഡബ്ല്യൂ..ഡി. എൻജിനീയർമാർക്കുള്ള പരിശീലന കേന്ദ്രത്തിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ട്രെയിനിങ് സെന്ററിന്റെ പൂർത്തീകരിക്കുവാനുള്ള വർക്കിന്റെ മൂന്നാം ഘട്ടത്തിന്റെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(സി) ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്ത് പണികഴിപ്പിച്ചിരിക്കുന്ന പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാർക്കുള്ള പരിശീലന കേന്ദ്രത്തിന്റെ സിവിൽ വർക്ക് പ്രവൃത്തികൾ പൂർത്തിയായി. ഇലക്ട്രിക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. ലിഫ്റ്റിന്റെ പണികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മൂന്നാം ഘട്ടത്തിലെ റെസ്റ്റ് ഹൗസിന്റെ നിർമ്മാണം ഭാഗികമായി നടന്നുവരുന്നു.

(സി) ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

(ഡി) റെസ്റ്റ് ഹൗസിന്റെ നിർമ്മാണം പൂർണ്ണമായി പൂർത്തീകരിച്ചാൽ മാത്രമേ ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

## കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാർ

105 (3148) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ എത്ര ജീവനക്കാരാണുള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ കോർപ്പറേഷനിലെ ജീവനക്കാരുടെ നിയമന രീതി എന്താണെന്ന് വിശദമാക്കാമോ;

(സി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ ഈ കോർപ്പറേഷനിൽ എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും ഏതൊക്കെ തസ്തികകളിലാണെന്നും വിശദമാക്കാമോ; ഇവരെ നിയമിച്ചത് ഏത് വ്യവസ്ഥയിലാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കേരള റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ എത്ര ജീവനക്കാരാണുള്ളതെന്ന് തസ്തിക തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) കേരള റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ സമയബന്ധിതമായ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് നിലവിലുള്ള ഒഴിവുകളിൽ ഡെപ്യൂട്ടേഷനിലും സർക്കാരിൽനിന്നും വിരമിച്ചവർ ഉൾപ്പെടെ ഹ്രസ്വകാല കരാറടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നേരിട്ടും ദിവസവേതനാടിസ്ഥാനത്തിലും നിയമനം നടത്തുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള നിമയനങ്ങളുടെ തസ്തിക തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർക്കുന്നു.

## കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ നിയമനങ്ങൾ

106 (3149) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ എത്ര ജീവനക്കാരാണുള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവരുടെ നിയമനരീതി വിശദീകരിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഈ കോർപ്പറേഷനിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമെന്നും ഏതൊക്കെ തസ്തികയിലേക്കാണെന്നും വിശദമാക്കാമോ; ഇവരെ നിയമിച്ചത് ഏത് വ്യവസ്ഥയിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ എത്ര ജീവനക്കാരാണുള്ളതെന്ന് തസ്തിക തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) കേരള റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ സമയബന്ധിതമായ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് നിലവിലുള്ള ഒഴിവുകളിൽ ഡെപ്യൂട്ടേഷനിലും സർക്കാരിൽ നിന്നും വിരമിച്ചവർ ഉൾപ്പെടെ ഹ്രസ്വകാല കരാറടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നേരിട്ടും ദിവസവേതനാടിസ്ഥാനത്തിലും നിയമനം നടത്തുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള നിമയനങ്ങളുടെ തസ്തിക തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർക്കുന്നു.

**ബ്രിഡ്ജസിനും മെയിന്റനൻസിനും വേണ്ടി സൃഷ്ടിച്ച തസ്തികകൾ**

107 (3150) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ബ്രിഡ്ജസിനും മെയിന്റനൻസിനും വേണ്ടി ചീഫ് എഞ്ചിനിയർ ഉൾപ്പെടെ 221 സാങ്കേതിക വിഭാഗം തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പുതിയ വിഭാഗമായി രൂപീകരിക്കപ്പെട്ടത് നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) മേൽ സൂചിപ്പിച്ച വിഭാഗങ്ങളുടെ സാങ്കേതിക തസ്തികകളോടൊപ്പം ആനുപാതികമായ മിനിസ്റ്റീരിയൽ തസ്തികകളും സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ ബ്രിഡ്ജസിനും മെയിന്റനൻസിനും വേണ്ടി ചീഫ് എഞ്ചിനീയർ ഉൾപ്പെടെ രൂപീകരിച്ചിട്ടുള്ള വിഭാഗങ്ങൾ നിലവിൽ വന്നിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകുപ്പിൽ പുതുതായി സൃഷ്ടിച്ച 221 സാങ്കേതിക വിഭാഗം തസ്തികകളിൽ ബ്രിഡ്ജസ് വിഭാഗത്തിന് ഒരു ചീഫ് എഞ്ചിനീയർ, 3 സൂപ്രണ്ടിംഗ് എഞ്ചിനീയർ, 10 എക്സിക്യൂട്ടീവ് എഞ്ചിനീയർ, 12 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 15 അസിസ്റ്റന്റ് എഞ്ചിനീയർ എന്നിങ്ങനെയും നിരത്തുപരിപാലന വിഭാഗത്തിന് 8 എക്സിക്യൂട്ടീവ് എഞ്ചിനീയർ, 16 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 58 അസിസ്റ്റന്റ് എഞ്ചിനീയർ എന്നിങ്ങനെയും ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്.

(ബി) മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

**വൈക്കം നിയോജകമണ്ഡലത്തിലെ പ്രവർത്തനങ്ങൾ**

108 (3151) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിലെ മുറിഞ്ഞപുഴ പാലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ടോൾ പിരിവ് നിർത്തലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) വൈക്കത്ത് പുതിയൊരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ബജറ്റ് നിർദ്ദേശം നടപ്പിലാക്കുന്നത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ബജറ്റിൽ പത്ത് കോടി രൂപ നീക്കിവച്ച ടോൾ-ചെമ്മനാകരി റോഡിന്റെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈക്കം നിയോജക മണ്ഡലത്തിലെ മുറിഞ്ഞപുഴ പാലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ടോൾ പിരിവ് 3-12-2018-ലെ സർക്കാർ ഉത്തരവ് നമ്പർ (കൈ) നമ്പർ 44/2018/പൊ.മ.വ. പ്രകാരം അവസാനിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) വൈക്കത്ത് പുതിയ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി മണ്ണ് പരിശോധനയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ടോൾ ചെമ്മനംകരി റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പണികൾ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള ഫണ്ട് അനുവദിക്കുന്നതിനുവേണ്ടി ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

**കൊല്ലം മണ്ഡലത്തിലെ എസ്.എൽ.റ്റി.എഫ്. പ്രവൃത്തികൾ**

109 (3152) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18, 2018-19 വർഷങ്ങളിൽ കൊല്ലം നിയോജകമണ്ഡല പരിധിയിൽ എസ്.എൽ.റ്റി.എഫ് പദ്ധതിയിൻ കീഴിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

2017-18, 2018-19 വർഷങ്ങളിൽ കൊല്ലം നിയോജക മണ്ഡല പരിധിയിൽ എസ്.എൽ.റ്റി.എഫ്. പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി* ചേർക്കുന്നു.

**ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ**

110 (3153) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17,2017-18 വർഷങ്ങളിലെ ബജറ്റിൽ ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ദേശീയപാത വിഭാഗത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ Central Road Fund Scheme-ൽ ഉൾപ്പെടുത്തി കുഴൽമന്ദം-കൊട്ടുവായൂർ റോഡിന് 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി പുരോഗതിയിലാണ്.

2016-17, 2017-18 വർഷങ്ങളിൽ കെട്ടിട വിഭാഗത്തിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ്/മുൻസിഫ് ക്വാർട്ടേഴ്സ് കെട്ടിട നിർമ്മാണം മാത്രമാണ് ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ചിരുന്നത്. ഈ പ്രവൃത്തിക്ക് സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിരത്തുവിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു:*

**പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

111 (3154) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടും പ്രാദേശിക വികസന ഫണ്ടും ഒഴികെ പട്ടാമ്പി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പട്ടാമ്പി മണ്ഡലത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള എല്ലാ പദ്ധതികളുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇനിയും പ്രാരംഭ പ്രവർത്തനങ്ങൾ പോലും ആരംഭിക്കാത്ത പദ്ധതികൾ ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) നിരത്ത് വിഭാഗത്തിന് കീഴിൽ ബജറ്റ്, SLTF, നബാർഡ്, കിഫ്ബി, Flood Relief പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. കെട്ടിട വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികൾ അനുബന്ധമായി* ചേർക്കുന്നു.

(ബി)

1. ബജറ്റ് 2016-17

ഓങ്ങല്ലൂർ - കാരേക്കാട് റോഡ് - കി.മീ. 0/000-7/450 (പ്രവൃത്തി അവസാന ഘട്ടത്തിലാണ്) 31-01-2019-ൽ പൂർത്തീകരിക്കുന്നതാണ്.

2. ബജറ്റ് 2016-17

വല്ലപ്പുഴ-മുളയംകാവ് റോഡ് - കി.മീ. 0/000-4/000 (BM&BC പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.) 31-12-2018-ൽ പൂർത്തീകരിക്കുന്നതാണ്.

3. ബജറ്റ് 2017-18

വണ്ടുംതറ-നാട്യമംഗലം റോഡ് - കി.മീ. 0/000 – 5/000 (പ്രവൃത്തി പൂർത്തീകരിച്ചു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. പട്ടാമ്പി-പുലാമന്തോൾ റോഡ് - ഭരണാനുമതി ലഭിച്ചു. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു. ഡിസൈൻ റെക്കമെന്റേഷൻ ലഭിച്ചാൽ ടെക്നിക്കൽ സാങ്ഷന് എസ്റ്റിമേറ്റ് ഉടൻ സമർപ്പിക്കുന്നതാണ്.

5. പട്ടാമ്പി മൃഗാശുപത്രി - ശങ്കരമംഗലം - മുതുതല റോഡ് - 7 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചുവെങ്കിലും നിലവിലെ പാച്ച് വർക്കിന്റെ ഗ്യാരന്റി പിരീഡ് 31-3-2019 ആയതിനാൽ 4/2019-ൽ ടെക്നിക്കൽ സാങ്ഷന് എസ്റ്റിമേറ്റ് ഉടൻ സമർപ്പിക്കുന്നതാണ്.

കെട്ടിട വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികൾ അനുബന്ധമായി* ചേർക്കുന്നു.

(സി)

1. പട്ടാമ്പി -ഷൊർണ്ണൂർ തീരദേശപാത – 10 മീറ്ററായി സ്ഥലം ലഭ്യമായാൽ ഡി.പി.ആർ. തയ്യാറാക്കാവുന്നതാണ്.

2. നിള ഹോസ്പിറ്റൽ - കുളപ്പുള്ളി റോഡ് - പട്ടാമ്പി - ഓങ്ങല്ലൂർ ഹോസ്പിറ്റൽ- നാലുവരി ആയാണ് റോഡ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ആയതിനാൽ സാദ്ധ്യതാപഠനം നടത്തേണ്ടതുണ്ട്.

3. പട്ടാമ്പി - ആമയൂർ റോഡ് -ഡി.പി.ആർ. തയ്യാറാക്കി-6/2018-ന് സമർപ്പിച്ചിട്ടുണ്ട്.

കെട്ടിട വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികൾ അനുബന്ധമായി* ചേർക്കുന്നു.

## കൊയിലാണ്ടി പൊതുമരാമത്ത് സബ്ഡിവിഷൻ ഓഫീസുകൾക്ക് വാഹനം

112 (3155) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി പൊതുമരാമത്ത് കെട്ടിടവിഭാഗം, റോഡ് വിഭാഗം എന്നീ സബ്ഡിവിഷൻ ഓഫീസുകളുടെ ഉപയോഗത്തിനായി വാഹനം ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു താലൂക്കിലെ മുഴുവൻ റോഡ്, കെട്ടിടം പണികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കൽ, നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കൽ എന്നീ ആവശ്യങ്ങൾക്കായി വാഹനം അത്യാവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒരു ഡ്രൈവർ തസ്തിക ഉണ്ടായിട്ടും ഈ രണ്ട് ഓഫീസുകൾക്കുമായി ഒരു വാഹനം അനുവദിച്ചു നൽകുന്നതിൽ മറ്റെന്തെങ്കിലും തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ഓഫീസുകൾക്കായി ഒരു വാഹനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; ഇല്ലെങ്കിൽ പകരം സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 17-4-2018-ലെ ജി.ഒ. (അ) നമ്പർ 66/2018/ധന. പ്രകാരം സർക്കാർ വകുപ്പുകളിൽ പുതിയ വാഹനം വാങ്ങുന്നതിനുപകരം വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിനാണ് ഉത്തരവായിരിക്കുന്നത്.

(ഡി) നിരത്തുകൾ, കെട്ടിട വിഭാഗങ്ങളുടെ കൊയിലാണ്ടിയിലെ സബ്ഡിവിഷൻ ഓഫീസുകൾക്ക് 2019 മാർച്ച് വരെ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് 16-10-2018-ലെ ഉത്തരവ് നമ്പർ സി.ഇ./ഭരണം/പി.എൽ. എ. / 1003/2018 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവർത്തനങ്ങൾ**

113 (3156) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന വാണിയംകുളം-വല്ലപ്പുഴ റോഡിന്റെ പുനരുദ്ധാരണത്തിന് 2018-19 CRF സ്കീമിൽ 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

നിരത്ത്, കെട്ടിട വിഭാഗങ്ങളിലെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## രജിസ്ട്രേഷൻ വകുപ്പിനുണ്ടാക്കിയ പ്രളയനഷ്ടം

114 (3157) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയംമൂലം രജിസ്ട്രേഷൻ വകുപ്പിനുണ്ടാക്കിയ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള ആധാരങ്ങൾ അടക്കമുള്ള രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടുവോ; വിശദമാക്കുമോ;

(സി) ഇത്തരത്തിൽ നഷ്ടപ്പെട്ട രേഖകൾ വീണ്ടെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. എറണാകുളം ജില്ലയിലെ ആലങ്ങാട്, ചേന്ദമംഗലം, പത്തനംതിട്ട ജില്ലയിലെ പെരുനാട്, കടപ്ര, ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന്, ഭരണിക്കാവ്, തിരുവനന്തപുരം ജില്ലയിലെ ചാല എന്നീ സബ് രജിസ്ട്രാർ ഓഫീസുകളെയാണ് പ്രളയം ബാധിച്ചത്. കെട്ടിടങ്ങൾ, ഫർണിച്ചറുകൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ഓഫീസ് രേഖകൾ എന്നിവയ്ക്ക് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ആകെ 25.881 കോടി രൂപയുടെ നാശനഷ്ടം വന്നതായി കണക്കാക്കിയിട്ടുണ്ട്.

(ബി) എറണാകുളം ജില്ലയിലെ ആലങ്ങാട്, പത്തനംതിട്ട ജില്ലയിലെ പെരുനാട് എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരുന്ന ആധാരങ്ങൾ, രജിസ്റ്റർ വാല്യങ്ങൾ, സൂചക പുസ്തകങ്ങൾ, സർവ്വീസ് ബുക്കുകൾ, ഫയലുകൾ, മറ്റ് ഓഫീസ് രേഖകൾ എന്നിവയെല്ലാം പ്രളയജലം കയറി നശിച്ചുപോയിട്ടുണ്ട്.

(സി) ഭാഗികമായി നഷ്ടപ്പെട്ട രേഖകൾ ഡിജിറ്റൈസേഷൻ പദ്ധതിയിലൂടെ ശാസ്ത്രീയമായി വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നേമം സബ് രജിസ്ട്രാർ ഓഫീസ്

115 (3158) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവൃത്തികൾ എപ്പോൾ തുടങ്ങും; ഇത് സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ?

ഉത്തരം

കിഫ്ബി പദ്ധതി പ്രകാരം നേമം സബ് രജിസ്ട്രാർ ഓഫീസ് ഉൾപ്പെടുന്ന രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ എസ്.പി.വി. ആയ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയ പ്ലാനിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടില്ല. കിഫ്ബിയുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് പ്ലാനിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പുതുക്കിയ പ്ലാനിന് അംഗീകാരം കിട്ടുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങാൻ സാധിക്കും.

**കൊട്ടാരക്കര സബ് രജിസ്ട്രാർ ആഫീസ്**

116 (3159) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ സബ് രജിസ്ട്രാർ ആഫീസ് സ്ഥിതി ചെയ്യുന്നത് ആരുടെ അധീനതയിലുള്ള സ്ഥലത്താണെന്നും പ്രസ്തുത സ്ഥലത്തിന് എത്ര വിസ്തീർണ്ണമാണ് ഉള്ളതെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഓഫിസ് സ്ഥിതി ചെയ്യുന്ന കെട്ടിടം അപകടാവസ്ഥയിൽ ആയതിനാൽ ആഫീസ് മറ്റൊരിടത്തേക്ക് മാറ്റണമെന്ന് പൊതുമരാമത്ത് കെട്ടിടവിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയതിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര വില്ലേജിൽ റീസർവ്വേ ബ്ലോക്ക് നമ്പർ 23-ൽ സർവ്വേ 96/2-ൽപ്പെട്ട 89.80 ആർ സർക്കാർ പുറമ്പോക്കിൽ ഉൾപ്പെട്ട 2.83 ആർ സ്ഥലത്ത് 1983-ൽ രജിസ്ട്രേഷൻ വകുപ്പ് നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

(ബി) ഉണ്ട്. പ്രസ്തുത ഓഫീസ് മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സമീപ പ്രദേശത്ത് അനുയോജ്യമായ കെട്ടിടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

**ചെറുവത്തൂർ കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ്**

117 (3160) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ സബ് രജിസ്ട്രാർ ഓഫീസ് വിഭജിച്ച് ചെറുവത്തൂർ കേന്ദ്രീകരിച്ച് ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനാവശ്യമായ കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകാൻ തദ്ദേശഭരണസ്ഥാപനവും ജനങ്ങളും തയ്യാറായതിനാൽ ഇത് എപ്പോൾ പ്രഖ്യാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ചെറുവത്തൂരിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നത് സർക്കാർ പരിശോധിച്ച് വരികയാണ്. കാസർഗോഡ് ജില്ലയിലെ സബ് രജിസ്ട്രാർ ഓഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമായ ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**വ്യാജ ഭാഗപത്രാധാരം ചമച്ചതായ പരാതി**

118 (3161) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ ഭാഗപത്രാധാരം ചമച്ചത് സംബന്ധിച്ച് ഓമനയമ്മ, എള്ളുവിള പുത്തൻ വീട്, കാര്യവട്ടം, തിരുവനന്തപുരം രജിസ്ട്രേഷൻ വകുപ്പുമന്ത്രിക്ക് നൽകിയ 27/10/2018-ലെ E.2960506 നമ്പർ പരാതിയിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരാതിയിൽ ഐ.ജി. രജിസ്ട്രേഷൻ നമ്പർ 7535/2018-GRC3 പ്രകാരം സ്വീകരിച്ചുവരുന്ന നടപടികൾ വിവരിക്കാമോ; ഇത് സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ പരാതിക്ക് ആധാരമായിട്ടുള്ള കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിലെ ഓമനയമ്മയുടെ വിരലടയാളത്തിന്റെയും ഒപ്പിന്റെയും പകർപ്പും സാക്ഷികളുടെ പേരുവിവരവും ലഭ്യമാക്കാമോ;

(ഡി) ഈ ഭാഗപത്രാധാരത്തിന് സ്റ്റാമ്പ് വാങ്ങിയത് ക്രമപ്രകാരമാണോ; ഈ ആധാരത്തിൽ ഒരു കക്ഷി ഒപ്പിടാതിരിക്കുകയും മേജർ ഷെയറുള്ള കക്ഷിയുടെ ഫോട്ടോ പതിക്കാതിരുന്നതും ചട്ടപ്രകാരമാണോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീമതി ഓമനയമ്മയുടെ പ്രസ്തുത പരാതിയിൽ വകുപ്പുതല അന്വേഷണം നടത്തുന്നതിനായി തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ജനറൽ)-നെ 14-11-2018-ലെ G.R.C (3) -7535/2018 നമ്പർ കത്ത് പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് രജിസ്ട്രേഷൻ ഐ.ജി. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വസ്തുനിഷ്ഠമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതു പ്രകാരം ജില്ലാ രജിസ്ട്രാർ പരാതികക്ഷിയെ നേരിൽ കേൾക്കുന്നതിനായി 12-12-2018-ന് രാവിലെ 11.30-ന് ജില്ലാ രജിസ്ട്രാർ ഓഫീസിൽ ഹാജരാകുവാൻ കത്ത് നൽകിയിട്ടുള്ളതാണ്. അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) പരാതിക്കാധാരമായിട്ടുള്ള കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിലെ ഓമനയമ്മയുടെ വിരലടയാളത്തിന്റെയും ഒപ്പിന്റെയും പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. ടി ആധാരത്തിന്റെ ഒന്നാം സാക്ഷിയായി കുളത്തൂർ ശ്രീനികേതനിൽ സുരേന്ദ്രൻ മകൻ ഷാഫിലാലും രണ്ടാം സാക്ഷിയായി അംബികാ വിലാസത്തിൽ ഗോപാലൻ മകൾ ജലജാംബികയും ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

(ഡി) ടി ഭാഗപത്രാധാരത്തിന് ക്രമപ്രകാരം തന്നെയാണ് സ്റ്റാമ്പ് ഈടാക്കിയിരിക്കുന്നത്. രജിസ്ട്രേഷൻ ആക്ട് വകുപ്പ് 24, 32 എ എന്നിവ പ്രകാരം ഹാജരാക്കുന്ന ആളുടെ ഫോട്ടോയും വിരൽപ്പതിപ്പുമാണ് രേഖപ്പെടുത്തിവരുന്നത്. കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും 3785/10-ാം നമ്പർ ആധാരപ്പകർപ്പ് പരിശോധിച്ചതിൽ അമ്മയായ ഓമനയമ്മ ഒന്നാം കക്ഷിയായും മകനായ മധുസൂദനൻ രണ്ടാം കക്ഷിയായും മകളായ അജിതകുമാരിയെ മൂന്നാം കക്ഷിയായും ചേർത്താണ് ആധാരം രജിസ്റ്റർ ചെയ്തിരിക്കുന്നത്. ആധാരം ഹാജരാക്കിയ കക്ഷി അജിതകുമാരിയാകയാൽ ടിയാളുടെ ഫോട്ടോ പതിച്ചാണ് ആധാരം തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം കക്ഷിയായ ഓമനയമ്മയ്ക്ക് വസ്തുവകകൾ വേർതിരിച്ച് കൊടുത്തിട്ടില്ലായെന്നും പട്ടിക വസ്തുവിലും വീട്ടിലും അനുഭവ അവകാശവും ജീവിതകാലം വരെയുള്ള താമസ അവകാശവുമാണ് പറഞ്ഞിരിക്കുന്നത്. രണ്ടാം കക്ഷി മധുസൂദനന് പാങ്ങപ്പാറ വില്ലേജിൽ 0.70 ആർ വസ്തുവും മൂന്നാം കക്ഷി അജിതകുമാരിക്ക് 3.35 ആർ വസ്തുവുമാണ് പട്ടിക തിരിച്ചിട്ടുള്ളത്. ആയതിൽ മേജർ ഷെയറുള്ള അജിതകുമാരിയുടെ ഓഹരി കഴിച്ച് മധുസൂദനന്റെ ഓഹരിക്ക് മാത്രമാണ് സ്റ്റാമ്പും ഫീസും ഈടാക്കിയിട്ടുള്ളത്. ആയത് ചട്ടപ്രകാരമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ചിട്ടി ആർബിട്രേഷൻ**

119 (3162) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിട്ടി ആർബിട്രേഷൻ സോണുകളാക്കി തിരിച്ചിട്ടും കേസുകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചിട്ടി ആർബിട്രേഷനുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് നിലവിൽ തീർപ്പാകാതെ കിടക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ചിട്ടി ആർബിട്രേറ്റർ എന്നത് സ്വതന്ത്ര ചുമതല ആക്കുന്നത് പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 4,916 കേസുകൾ ചിട്ടി ആർബിട്രേഷനുമായി ബന്ധപ്പെട്ട് തീർപ്പാക്കുവാൻ നിലവിലുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

**റെയിൽ പദ്ധതികൾ**

120 (3163) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറ്റിപ്പത്ത് വർഷത്തിലേറെയായി ആവശ്യമായി നിലനിൽക്കുന്നതും, കേരളത്തിന് പൊതുവെയും മലബാർ പ്രദേശത്തിന് പ്രത്യേകിച്ചും വലിയ ഗുണം ചെയ്യാവുന്നതുമായ തലശ്ശേരി-മൈസൂർ റെയിൽ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) കാഞ്ഞങ്ങാട്-പാണത്തൂർ റെയിൽപാത,നഞ്ചൻകോട് റെയിൽപാത എന്നീ പദ്ധതികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(സി) ഈ മൂന്ന് പദ്ധതികളും എപ്പോൾ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 24-11-2016-ലെ സ.ഉ. (കൈ.) നമ്പർ 71/2016/ഗതാ. ഉത്തരവ് പ്രകാരം തലശ്ശേരി-മൈസൂർ റെയിൽ പാതയുടെ സാദ്ധ്യതാ പഠനം നടത്തുന്നതിലേയ്ക്കായി ഡൽഹി മെട്രൊ റെയിൽ കോർപ്പറേഷനെ നിയമിച്ച് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തലശ്ശേരിയിൽ നിന്നും മാനന്തവാടി വഴി

മൈസൂരിലേയ്ക്കുള്ള പാതയുടെ പ്രാരംഭ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ ഭീമമായ പദ്ധതി ചെലവിന് പുറമെ 192 കിലോമീറ്റർ ദൈർഘ്യമുള്ള പാതയുടെ 68.50 കിലോമീറ്റർ ദൈർഘ്യം വനത്തിലൂടെ കടന്നുപോകുന്നതിനാലും (ഇതിൽ 11.05 കിലോമീറ്റർ നാഗർഹോള കടുവാ സങ്കേതത്തിലൂടെയാണ് കടന്നുപോകുന്നത്) ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് പ്രകാരം പദ്ധതി നടപ്പിലാക്കുവാൻ സാദ്ധ്യമായിരുന്നില്ല. ഈ സാഹചര്യത്തിൽ പദ്ധതിയുടെ തുടർ നടപടികൾ സംസ്ഥാന റെയിൽവേ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ലിമിറ്റഡിനെ ഏൽപ്പിക്കുകയുണ്ടായി. ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൊങ്കൺ റെയിൽവേ കോർപ്പറേഷനെയാണ് നിയോഗിച്ചിരിക്കുന്നത്. സംസ്ഥാനത്തിലൂടെയുള്ള പഠനം നടന്നുവരുന്നു. എന്നാൽ കർണ്ണാടക സംസ്ഥാനത്തെ കൂർഗ് ജില്ലയിൽ ജനങ്ങളുടെ എതിർപ്പുകാരണം പഠനം നടത്തുവാൻ കർണ്ണാടക സർക്കാർ അനുമതി നൽകിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് ഇരു സർക്കാരുകളും സംയുക്തമായ തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്കായി ചീഫ് സെക്രട്ടറിതല മീറ്റിംഗ് നടത്തുവാൻ സംസ്ഥാന സർക്കാർ കർണ്ണാടക സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) നിലമ്പൂർ-നഞ്ചൻകോട് റെയിൽപാത പദ്ധതിയുടെ ഡി.പി.ആർ. സംസ്ഥാന സർക്കാരിന്റെ ചെലവിൽ തയ്യാറാക്കുന്നതിലേയ്ക്കായി ഡി.എം.ആർ.സി.ക്ക് അനുമതി നൽകിയിരുന്നുവെങ്കിലും ഡി.പി.ആർ. സമർപ്പിച്ചില്ല. ഈ സാഹചര്യത്തിൽ പ്രാഥമിക പഠനം നടത്തുന്നതിലേയ്ക്കായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതി കേരള-കർണ്ണാടക സർക്കാരുകളുടെ തീരുമാനത്തിന് വിധേയമായി തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

കാഞ്ഞങ്ങാട്-പാണത്തൂർ റെയിൽപാതയുടെ കേരള സംസ്ഥാനത്തിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുത്ത് നൽകുന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ഇതിന്മേലുള്ള അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്. റെയിൽവേയുടെ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഈ പദ്ധതികൾക്കാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി അനുമതികൾ ലഭ്യമാകുന്നമുറയ്ക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കാലപ്പഴക്കം ചെന്ന ട്രെയിൻ കോച്ചുകൾ

121 (3164) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളുടെ കോച്ചുകൾ പലതും കാലപ്പഴക്കം ചെന്നതും ആധുനിക സൗകര്യങ്ങൾ ഇല്ലാത്തതുമാണെന്ന കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആധുനിക കോച്ചുകൾ അനുവദിച്ചു നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്തെ റയിൽവേ പദ്ധതികളുടെ പുരോഗതിയ്ക്കും വികസനത്തിനും സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ള ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ?

### ഉത്തരം

(എ) പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തുമായ കോച്ചുകൾ മാറ്റി ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകളുള്ള ട്രെയിൻ ഓടിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്. വിവിധ ട്രെയിനുകളിൽ ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ എൽ.എച്ച്.ബി. (LHB) കോച്ചുകൾ ഘടിപ്പിക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിലൂടെ ഓടുന്ന മുഴുവൻ ട്രെയിനുകളിലും ബയോ ടോയ്ലെറ്റുകൾ ഉള്ള കോച്ചുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ പുരോഗതിക്കും വികസനത്തിനും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്. ഇതിലേയ്ക്കായി കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കം വന്ന റെയിൽ പാളങ്ങൾ പുനഃസ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്കരണം, റെയിൽവേ സോൺ, റെയിൽ കോച്ച് ഫാക്ടറി, സംസ്ഥാനത്തിലൂടെ ഓടുന്ന ട്രെയിനുകളിൽ ബയോ ടോയ്ലെറ്റുകൾ ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും സംസ്ഥാനത്തിന്റെ റെയിൽവേ വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. എം.പി.മാരുടെ തലത്തിലും ഉദ്യോഗസ്ഥതലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു.

**തിരുവനന്തപുരം-കന്യാകുമാരി റെയിൽ പാത ഇരട്ടിപ്പിക്കൽ നടപടികൾ**

122 (3165) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കന്യാകുമാരി റെയിൽ പാത രണ്ട് വരി ആക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം മുതൽ പാറശ്ശാല വരെ രണ്ട് വരി പാത ആക്കുന്നതിന് സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചോ;

(സി) ബാലരാമപുരം മുതൽ അമരവിള വരെ ഉള്ള പാത ഇരട്ടിപ്പിക്കലിന് ഏത് വശത്തുനിന്നുമാണ് സ്ഥലം ഏറ്റെടുക്കുന്നത്;ഏറ്റെടുക്കുന്ന സ്ഥലം എത്ര മീറ്റർ വീതിയിൽ ആണ് എന്ന് വ്യക്തമാക്കാമോ;

(ഡി) ബാലരാമപുരം മുതൽ അമരവിള വരെ സ്ഥലം ഏറ്റെടുക്കുമ്പോൾ ഇരു വശങ്ങളിലുമായി ഏതൊക്കെ സ്ഥലത്ത് ആണ് പുതിയ പാലങ്ങൾ നിർമ്മിക്കുന്നത്; അതിന്റെ പേരുവിവരം വ്യക്തമാക്കാമോ;

(ഇ) പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര റെയിൽവേ സ്റ്റേഷൻ പരിസരത്ത് ഏതൊക്കെ തരത്തിൽ ഉള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആണ് നടത്തുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം മുതൽ നേമം വരെയുള്ള റെയിൽവേ പാത ഇരട്ടിപ്പിക്കലിനുവേണ്ടിയുള്ള സ്ഥലമെടുപ്പിന്റെ ഭാഗമായി തിരുമല, നേമം, തൈക്കാട്, പള്ളിച്ചൽ വില്ലേജുകളിൽപ്പെട്ട 15 ഹെക്ടർ ഭൂമി ഏറ്റെടുത്ത് നൽകുന്നതിനായി റെയിൽവേ അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 7-11-2018-ലെ സ.ഉ.(സാധാ)495/18/ഗതാ. നമ്പർ പ്രകാരം LAAR Act, 2013-ലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലമേറ്റെടുക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 15-11-2018-ലെ ബി1/787/2018/റവ. നമ്പർ കത്ത് പ്രകാരം എസ്.ഐ.എ. യൂണിറ്റുകളിൽ നിന്നും സ്ഥലം ഏറ്റെടുക്കലിനുവേണ്ട എസ്.ഐ.എ. പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രസ്തുത

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് 4(1) വിജ്ഞാപനം പുറപ്പെടുവിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതുമാണ്. നേമം മുതൽ നെയ്യാറ്റിൻകര വരെയുള്ള റെയിൽവേ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട പള്ളിച്ചൽ, അതിയന്നൂർ, നെയ്യാറ്റിൻകര വില്ലേജുകളിലായി 3.2000 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന റെയിൽവേ സമർപ്പിച്ചെങ്കിലും പഴയ സർവ്വേ നമ്പറിന്റെ അടിസ്ഥാനത്തിലുള്ള അർത്ഥനയായതിനാൽ റീ സർവ്വേ നമ്പറുകളുടെ അടിസ്ഥാനത്തിലുള്ള പുതുക്കിയ അർത്ഥന ലഭ്യമാക്കുന്നതിന് റെയിൽവേയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ അർത്ഥന ലഭ്യമാകുന്ന മുറയ്ക്ക് LAAR Act, 2013-ലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

(സി-ഇ) ബാലരാമപുരം മുതൽ അമരവിള വരെയുള്ള പാതയിരട്ടിപ്പിക്കലിനും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളും സംബന്ധിച്ച അർത്ഥന റെയിൽവയിൽ നിന്നും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലം**

123 (3166) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ അറ്റ് ലാന്റിസ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ;

(ഡി) അംഗീകാരം എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ;

(ഇ) വിശദമായ പദ്ധതി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) എറണാകുളം ജില്ലയിലെ അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ ചുമതല 27-9-2016-ലെ ജി.ഒ. (ആർടി.) നമ്പർ 1324/2016/പി.ഡബ്ല്യു.ഡി. പ്രകാരം ആർ.ബി.ഡി.സി.കെ.യ്ക്ക് നൽകുകയും നിർമ്മാണ പദ്ധതിയുടെ ഭാഗമായി ഡി.പി.ആർ. കിഫ്ബിയിൽ അപ്ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽനിന്ന് 9-11-2018-ലെ ഓർഡർ നമ്പർ പി.ഡബ്ല്യു.ഡി. 005-21-PA-01 പ്രകാരം പദ്ധതിക്കായി 89.774 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്.

(ഇ) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വടുതല റെയിൽവേ മേൽപ്പാലം നിർമ്മാണം

124 (3167) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-9-2016-ന് മുപ്പത്തി അഞ്ചു കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച വടുതല റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ;

(സി) ഈ പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചോ;

(ഡി) എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്;

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സ്ഥലമെടുപ്പിനായി ജില്ലാ കളക്ടർക്ക് അർത്ഥനാ പത്രം സമർപ്പിക്കുകയും എസ്.ഐ.എ. സ്റ്റഡിക്ക് ഏജൻസിയെ ഏൽപ്പിക്കുകയും ചെയ്തു. ഏജൻസി 28-11-2018-ൽ പബ്ലിക് ഹിയറിംഗ് നടത്തി.

(ബി) 27-7-2017-ലെ APR-2/136/2017/KIIFB നമ്പർ ഓർഡർ പ്രകാരം പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) 107.11 സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്.

(ഇ) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## കോട്ടിക്കുളം റെയിൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം

125 (3168) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളം റെയിൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണത്തിന് കിഫ്ബിയിൽ നിന്ന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) റോഡ്സ് &ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നിലവിൽ ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കോട്ടിക്കുളം റെയിൽവേ മേൽപ്പാല നിർമ്മാണ പ്രവൃത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ വിശദമായ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ 19.60 കോടി രൂപയുടെ അംഗീകാരം കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്.

(ബി) ഇല്ല. പ്രസ്തുത പദ്ധതി ആർ.ബി.ഡി.സി.കെ.യെ ഏൽപ്പിക്കുമ്പോൾ ബെൽ മൗത്ത് ഒഴികെയുള്ള ഭൂമി ഏറ്റെടുക്കൽ റെയിൽവേ പൂർത്തിയാക്കിയിരുന്നു. റെയിൽവേ ഏറ്റെടുത്ത ഭൂമിയിൽ നിർമ്മാണാനുമതി ലഭിക്കുന്നതിനുവേണ്ടി നിരവധി തവണ ആർ.ബി.ഡി.സി.കെ. റെയിൽവേയെ സമീപിച്ചെങ്കിലും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല.

(സി) ഉണ്ട്. കോട്ടിക്കുളം റെയിൽവേ മേൽപ്പാലത്തിനായി റെയിൽവേ ഏറ്റെടുത്ത ഭൂമിയിൽ നിർമ്മാണാനുമതി ലഭിച്ചാൽ മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**അങ്ങാടിപ്പുറം - മാനത്തുമംഗലം ബൈപാസ് നിർമ്മാണം**

126 (3169) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം - മാനത്തുമംഗലം ബൈപാസ് നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ബി) അങ്ങാടിപ്പുറം റയിൽവേ ഓവർബ്രിഡ്ജിന്റെ അലൈൻമെന്റ് മാറ്റുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ വകുപ്പ് തലത്തിൽ നടന്നിട്ടുണ്ട്;

(സി) റെയിൽവേയുടെ ലൈൻ ക്രോസ് ചെയ്യുന്ന ഭാഗം പുനർ നിശ്ചയിക്കുന്നതിന് റെയിൽവേയുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) മങ്കട മണ്ഡലത്തിലെ നിർദ്ദിഷ്ട ഓരാടംപാലം മാനത്തുമംഗലം ബൈപ്പാസ് റോഡിന്റെ അലൈൻമെന്റ് പ്രകാരം അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിരുന്നെങ്കിലും ധാരാളം ഭാഗത്ത് അതിർത്തിക്കല്ലുകൾ നഷ്ടപ്പെട്ടിരുന്നു. ആയവ പുനഃസ്ഥാപിച്ചിട്ടുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിച്ച ഭാഗങ്ങളിലെ സ്ഥലം

ഏറ്റടുക്കുന്ന പ്രവൃത്തി റവന്യൂ വകുപ്പാണ് കൈകാര്യം ചെയ്യേണ്ടത്. ഓരാടംപാലം മാനത്തുമംഗലം ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് പ്രത്യേക പരിഗണന നൽകി സമയബന്ധിതമായി തീർക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി&സി) റെയിൽവേ ഓവർ ബ്രിഡ്ജിന്റെ അലൈൻമെന്റ് മാറ്റുന്നതുമായി ബന്ധപ്പെട്ട് അലൈൻമെന്റ് കടന്നുപോകുന്ന റെയിൽവേ ലൈൻ ക്രോസ് ചെയ്യുന്ന ഏഴുകണ്ണി പാലം ഭാഗത്ത് ഏഴുകണ്ണി പാലം ഒഴിവാക്കി ചെയ്യണമെന്ന് റെയിൽവേയുടെ നിർദ്ദേശം ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അതിർത്തക്കല്ലുകൾ പുനഃസ്ഥാപിക്കുന്നതിന് റെയിൽവേ ലൈൻ ക്രോസിംഗ് വരുന്ന ഭാഗത്ത് അലൈൻമെന്റ് മാറ്റം വരുത്തുന്നതിനും പുനർ നിശ്ചയിക്കുന്നതിനും ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുകയും മാറ്റം വരുത്തിയ അലൈൻമെന്റ് റെയിൽവേ ക്രോസിംഗ് വരുന്ന ഭാഗത്തെ മേൽപ്പാലത്തിന്റെ വിവരങ്ങളും റിപ്പോർട്ടും റെയിൽവേയ്ക്ക് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ റെയിൽവേ അധികൃതർ 26-09-2018-ൽ സൈറ്റ് സന്ദർശിക്കുകയും നേരത്തേ സമർപ്പിച്ച ഡ്രോയിംഗിൽ റെയിൽവേ സ്പെസിഫിക്കേഷൻ അനുസരിച്ച് ചില മാറ്റങ്ങൾ വരുത്തിയ സ്കെച്ച് ചീഫ് എഞ്ചിനീയർ സതേൺ റെയിൽവേ ചെന്നൈക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

### ഏറനാട് മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം

127 (3170) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എം.എൽ.എ ആസ്തി വികസന ഫണ്ട്,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ജനകീയ കൂട്ടായ്മ, സ്പോൺസർമാർ, ഇവ ചേർത്ത് ഏറനാട് മണ്ഡലത്തിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ ഏഴുവരെയുടെള്ള എല്ലാ ക്ലാസ് മുറികളും വരാന്തയും ടൈൽ വിരിച്ച് മനോഹരമാക്കുന്നതിന് പ്രത്യേക പദ്ധതിയായി ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിനായി ഏറനാട് മണ്ഡലത്തിലെ സർക്കാർ എയിഡഡ് സ്കൂളുകളിലെ സ്പെഷ്യൽ ഫീസ് മേൽ പ്രവൃത്തിക്കായി ഉപയോഗിക്കുന്നതിനായി ഇതിനായി പ്രത്യേകം രൂപീകരിച്ച ടി.എസ്.ബി അക്കൗണ്ടിലേക്ക് മാറ്റുന്നതിനായി അനുമതിക്കായി അപേക്ഷ ലഭിച്ചിരുന്നോ;എങ്കിൽ ഇക്കാര്യത്തിൽ അനുമതി നൽകിയോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ചെയ്യുന്ന പ്രസ്തുത പ്രവൃത്തിയുടെ പ്രാധാന്യം പരിഗണിച്ച് ഏറനാട് മണ്ഡലത്തിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ സ്പെഷ്യൽ ഫീസ് മേൽ പ്രവൃത്തിക്കായി ഉപയോഗിക്കുന്നതിനായി ഇതിനായി പ്രത്യേകം റ്റി.എസ്.ബി. അക്കൗണ്ട് രൂപീകരിച്ച് തുക ടി.എസ്.ബി. അക്കൗണ്ടിലേക്ക് മാറ്റുന്നതിന് അടിയന്തരമായി അനുമതി നൽകാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ലഭിച്ചിരുന്നു. പ്രസ്തു വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**വടവുകോട് എൽ.പി.സ്കൂൾ**

128 (3171) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എൽ.പി /യു.പി സ്കൂൾ വിഭാഗങ്ങൾക്കായി അനുവദിച്ച ഒരു കോടി രൂപയുടെ ഫണ്ട് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി വടവുകോട് എൽ.പി. സ്കൂളിന് അനുവദിച്ചെങ്കിലും നാളിതുവരെയായി യാതൊരു പ്രവൃത്തിയും തുടങ്ങാത്തതിനും നിർമ്മാണ പ്രവൃത്തികൾക്ക് കാലതാമസം നേരിട്ടതിനും മതിയായ കാരണമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കാലതാമസത്തിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വടവുകോട് സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ സത്വരമായി ആരംഭിക്കുവാൻ നിർവ്വഹണ ഏജൻസിയായ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ സർക്കാർ ഉത്തരവിൽ വളവുകോട് എൽ.പി. സ്കൂൾ എന്നതിന് പകരം വളവുകോട് യു.പി. സ്കൂൾ എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ഈ പിശക് തിരുത്തി 11-10-2018-ൽ ജി.ഒ. (ആർ.ടി) നമ്പർ 4133/18/പൊ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രവൃത്തി അടിയന്തരമായി ആരംഭിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ കാരണത്താലാണ് പ്രവൃത്തി ആരംഭിക്കാൻ കാലതാമസം ഉണ്ടായത്.

## ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക

129 (3172) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചു ഡിവിഷനിൽ താഴെയുള്ള സ്കൂളുകളിൽ എച്ച്. എസ്. എ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക വേണ്ട എന്ന നയം തുടരുന്നത് അത്തരം സ്കൂളുകളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനത്തെ സാരമായി ബാധിക്കില്ലേ എന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ അന്താരാഷ്ട്ര വിലവാരത്തിലേക്ക് ഉയർത്തപ്പെടുന്ന ഈ അവസരത്തിൽ ഒരു ഇംഗ്ലീഷ് അദ്ധ്യാപകൻ പോലുമില്ലാത്ത 350-ഓളം സ്കൂളുകളിൽ ഒരു ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയെങ്കിലും അനുവദിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഇംഗ്ലീഷ് മീഡിയം ഡിവിഷനുകളുള്ള സർക്കാർ ഹൈസ്കൂളുകളിൽ പോലും ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക ഇല്ലാത്ത അവസ്ഥ നിലനിൽക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) 2001-02 അദ്ധ്യയന വർഷം വരെ സംസ്ഥാനത്തെ സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ചിരുന്നത് മറ്റ് കോർ സബ്ജക്ടുകളിലെ അദ്ധ്യാപകരായിരുന്നു. കോർ സബ്ജക്ട് അദ്ധ്യാപക തസ്തിക അനുവദിക്കുന്ന വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയാണ് നിലവിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിച്ചുവരുന്നത്. ഇപ്രകാരം അഞ്ചാമത്തെ തസ്തികയായാണ് 1:1:1:1 എന്ന കോർ സബ്ജക്ട് റേഷ്യോ പ്രകാരം ഇംഗ്ലീഷ് തസ്തിക ലഭ്യമാകുന്നത്. ബിരുദ ബിരുദാനന്തര ട്രെയിനിംഗ് തലങ്ങളിൽ ഇംഗ്ലീഷ് പഠിച്ചവരാണ് പ്രസ്തുത കോർ സബ്ജക്ട് അദ്ധ്യാപകർ എന്ന യാഥാർത്ഥ്യം പരിഗണിക്കുമ്പോൾ അവർ പഠിപ്പിച്ചാൽ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനത്തെ അത് സാരമായി ബാധിക്കാനിടയില്ല.

(ബി&സി) ഹൈസ്കൂൾ വിഭാഗത്തിൽ അഞ്ച് ഡിവിഷനുകളിൽ കുറവുള്ള വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് കെ.ഇ.ആർ.ലെ തസ്തിക നിർണ്ണയ വ്യവസ്ഥകൾ പ്രകാരം സാധിക്കുകയില്ല. എന്നാൽ എല്ലാ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാലയങ്ങളിലെ മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്രമായ പദ്ധതികൾ പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്ര ശിക്ഷയും ചേർന്ന് നടപ്പിലാക്കി വരുന്നുണ്ട്.

## കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ

130 (3173) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സർക്കാർ/എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;വർദ്ധിച്ച സ്കൂളുകളുടെ വിവരം ലഭ്യമാക്കുമോ;

(ബി) സർക്കാർ/എയ്ഡഡ് മേഖലയിൽ കുട്ടികൾ വർദ്ധിക്കുന്ന സക്കൂളുകളിലെ അധ്യായനം മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ സംബന്ധിച്ച് അതാത് ഡി.ഇ.ഒ./എ.ഇ.ഒ മാരുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(സി) കുട്ടികൾ വർദ്ധിക്കുന്ന സ്കൂളുകളിലെ സൗകര്യങ്ങൾ വർധിപ്പിക്കുവാൻ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) കുട്ടികളുടെ എണ്ണം വർദ്ധിക്കുന്ന സ്കൂളുകൾക്കെതിരെ അനാവശ്യമായ പരാതികളുടെ വെളിച്ചത്തിൽ ഡെപ്യൂട്ടി ഡയറക്ടർമാർ നടപടികൾ എടുക്കുന്നതായ പരാതി പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി തലത്തിൽ പരിശോധിക്കുമോ;

(ഇ) ട്രാഫിക് പ്രശ്നം ഉണ്ടാക്കുമെന്ന കാര്യം പരിഗണിച്ച് അധ്യായന സമയവും അധ്യായനവും നഷ്ടപ്പെടാതെ സ്കൂളുകളിൽ ക്ലാസ്സ് തുടങ്ങുന്ന സമയവും അവസാനിക്കുന്ന സമയവും ക്രമീകരിക്കുവാൻ അതാത് സ്കൂളുകളെ അധികാരപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(എഫ്) സ്കൂളിന്റെ സൗകര്യാർത്ഥം അധ്യായനം നഷ്ടമാകാതെ ക്ലാസുകളുടെ സമയം ക്രമീകരിക്കുവാൻ സ്കൂൾ അധികൃതർക്ക് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ച സ്കൂളുകളുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സർക്കാർ/എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ 2017-18, 2018-19 വർഷങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് യഥാക്രമം 1,57,406, 1,85,971 എന്നിങ്ങനെ വർദ്ധനവുണ്ടായിട്ടുണ്ട്. വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായ സ്കൂളുകളുടെ വിവരം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്.

(ബി) ബന്ധപ്പെട്ട ഉദ്യോഗസ്ഥതലങ്ങളിൽ പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(സി) നിലവിലുണ്ടാകുന്ന കുട്ടികളുടെ വർദ്ധനവിനെ ഉൾക്കൊള്ളാൻ പര്യാപ്തമായ സൗകര്യങ്ങൾ ഉണ്ടെങ്കിലും പൊതുവെ എല്ലാ വിദ്യാലയങ്ങളുടെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇത്തരം പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പരിഗണനയിലില്ല.

(എഫ്) സ്കൂളിന്റെ സൗകര്യാർത്ഥം ഓരോ സ്കൂളിനും വ്യത്യസ്തമായ സ്കൂൾ സമയം ക്രമീകരിക്കുവാൻ സ്കൂളുകൾക്ക് അനുമതി നൽകുന്ന പൊതു ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ച സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം മുഖേനയുള്ള പ്രവൃത്തികൾ**

131 (3174) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങളിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആലത്തൂർ നിയോജക മണ്ഡലത്തിലെ കിഴക്കാഞ്ചേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമായി മാറ്റുന്നതിനായി തെരഞ്ഞെടുക്കുകയും 5 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി പ്രകാരം 3 കോടി കിഫ്ബി ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണ പ്രവർത്തനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള ആലത്തൂർ നിയോജക മണ്ഡലത്തിലെ എരുമയൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ DPR തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട്

132 (3175) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ടുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പൊതു വിദ്യാഭ്യാസ വകുപ്പ് പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖാന്തിരം ഫണ്ടുകൾ അനുവദിക്കുന്നതിന് ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എന്നത് വിശദമാക്കാമോ?

### ഉത്തരം

(എ & ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ടുകളനുവദിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങളാണ് പാലിക്കുന്നത്.

1. എം. എൽ. എ. മാർ അതത് നിയോജക മണ്ഡലത്തിൽ നിന്നും ഒരു സ്കൂളിനെ തെരഞ്ഞെടുക്കുന്നു. പ്രസ്തുത സ്കൂളിനെ മികവിന്റെ കേന്ദ്രം ആക്കുന്നതിനായി 5 കോടി രൂപ കിഫ്ബി സഹായം അനുവദിക്കുന്നു.

2. 1000 കുട്ടികളിൽ കൂടുതലുള്ള സർക്കാർ വിദ്യാലയങ്ങൾക്ക് കിഫ്ബി സഹായമായി 3 കോടി രൂപ അനുവദിക്കുന്നു.

## സർക്കാർ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക

133 (3176) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് ഡിവിഷനുകളിൽ താഴെയുള്ള സ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക വേണ്ടെന്ന നയം കുട്ടികളുടെ ഇംഗ്ലീഷ് ഭാഷ പരിജ്ഞാനത്തെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തപ്പെടുന്ന ഈ അവസരത്തിൽ ഒരു ഇംഗ്ലീഷ് അദ്ധ്യാപകൻ പോലുമില്ലാത്ത 350-ഓളം സർക്കാർ ഹൈസ്കൂളുകളിൽ ഒരു ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയെങ്കിലും അനുവദിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഇംഗ്ലീഷ് മീഡിയം ഡിവിഷനുകളുള്ള സർക്കാർ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക ഇല്ലാത്ത അവസ്ഥ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇംഗ്ലീഷ് അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2001-02 അദ്ധ്യയന വർഷം വരെ സംസ്ഥാനത്തെ സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ചിരുന്നത് മറ്റ് കോർസബ്ജക്ടുകളിലെ ഹൈസ്കൂൾ അദ്ധ്യാപകരായിരുന്നു. കോർസബ്ജക്ട് അദ്ധ്യാപക തസ്തിക അനുവദിക്കുന്ന വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയാണ് നിലവിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിച്ചുവരുന്നത്. ഇപ്രകാരം അഞ്ചാമത്തെ തസ്തികയാണ് 1:1:1:1 എന്ന കോർസബ്ജക്ട് റേഷ്യോ പ്രകാരം ഇംഗ്ലീഷ് തസ്തികയായി ലഭ്യമാകുന്നത്. ബിരുദ ബിരുദാനന്തര ട്രെയിനിംഗ് തലങ്ങളിൽ ഇംഗ്ലീഷ് പഠിച്ചവരാണ് മറ്റ് കോർസബ്ജക്ട് അദ്ധ്യാപകർ എന്നതിനാൽ അത്തരം അദ്ധ്യാപകർ പഠിപ്പിച്ചാൽ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാപരിജ്ഞാനത്തെ അത് സാരമായി ബാധിക്കാനിടയില്ല.

(ബി & സി) ഹൈസ്കൂൾ വിഭാഗത്തിൽ അഞ്ച് ഡിവിഷനുകളിൽ കുറവുള്ള വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് കെ.ഇ.ആർ.ലെ തസ്തിക നിർണ്ണയ വ്യവസ്ഥകൾ പ്രകാരം സാധിക്കുകയില്ല. എന്നാൽ എല്ലാ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ പൊതു വിദ്യാലയങ്ങളിലെ മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്രമായ പദ്ധതികൾ പൊതു വിദ്യാഭ്യാസ വകുപ്പും സമഗ്ര ശിക്ഷയും ചേർന്ന് നടപ്പിലാക്കി വരുന്നുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി

134 (3177) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് നവീകരണ/നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ സ്കൂളിനും അനുവദിക്കപ്പെട്ട തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി ഗവൺമെന്റ് വി.എച്ച്.എസ്.എസ്.ൽ 5 കോടി കിഫ്ബി ധനസഹായത്തോടെ നവീകരണ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിക്കുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

135 (3178) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചതിനുശേഷം പൊതു വിദ്യാലയങ്ങളിൽ ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്; 2017-18, 2018-19 എന്നീ അദ്ധ്യയന വർഷങ്ങളിൽ പൊതുവിദ്യാലയങ്ങളിൽ ചേരുന്ന കുട്ടികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി ആരംഭിച്ചതിനുശേഷം പ്രസ്തുത അദ്ധ്യയന വർഷങ്ങളിൽ പൊതുവിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് നിരക്കിലുണ്ടായ വ്യത്യാസം എപ്രകാരമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളെ പൊതു വിദ്യാലയങ്ങളിലേയ്ക്ക് തിരികെ എത്തിക്കുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ;

(ഡി) ഈ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക് രംഗത്ത് നടപ്പിലാക്കിയ മാറ്റങ്ങൾ എന്തൊക്കെയാണ്; അദ്ധ്യാപകർക്ക് ഏതൊക്കെ തരത്തിലുള്ള പരിശീലനമാണ് ഇതിന്റെ ഭാഗമായി നൽകിയത്; വിശദാംശം വ്യക്തമാക്കുമോ;

ഉത്തരം

(എ) വർദ്ധനവുണ്ടായിട്ടുണ്ട്. മുൻ വർഷത്തിൽ 1 മുതൽ 9 വരെ ക്ലാസ്സുകളിൽ ഉണ്ടായിരുന്നവർക്കു പുറമേ 2 മുതൽ 9 വരെ ക്ലാസ്സുകളിൽ പുതുതായി വന്നു ചേർന്നവരും മുൻ വർഷത്തെക്കാൾ ഒന്നാം ക്ലാസ്സിൽ കൂടുതൽ വന്നുചേർന്നവരും ഉൾപ്പെടെ 2016-17-നെ അപേക്ഷിച്ച് 2017-18-ൽ 4.82%-ഉം 2017-18-നെ അപേക്ഷിച്ച് 2018-19-ൽ 5.64%-ഉം വർദ്ധനവുണ്ടായിട്ടുണ്ട്.

2017-18, 2018-19 അദ്ധ്യയന വർഷങ്ങളിൽ പൊതു വിദ്യാലയങ്ങളിൽ കുട്ടികളിലുണ്ടായ വർദ്ധനവ്

| ജില്ല | 2017-18 | 2018-19 |
|---|---|---|
| തിരുവനന്തപുരം | 13678 | 15516 |
| കൊല്ലം | 14454 | 16516 |
| പത്തനംതിട്ട | 6062 | 5584 |
| ആലപ്പുഴ | 10034 | 11128 |
| കോട്ടയം | 6760 | 7841 |
| ഇടുക്കി | 3706 | 3680 |
| എറണാകുളം | 11027 | 14226 |
| തൃശ്ശൂർ | 17537 | 14394 |
| പാലക്കാട് | 14052 | 17547 |
| മലപ്പുറം | 19561 | 32353 |
| കോഴിക്കോട് | 13132 | 20046 |
| വയനാട് | 2878 | 4125 |
| കണ്ണൂർ | 16693 | 17131 |
| കാസർഗോഡ് | 7832 | 5884 |
| ആകെ | 157406 | 185971 |

(ബി) ഈ പദ്ധതി ആരംഭിച്ചതിനുശേഷം പ്രസ്തുത അദ്ധ്യയന വർഷങ്ങളിൽ പൊതു വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് നിരക്കിലുണ്ടായ വ്യത്യാസം പരിശോധിച്ചിട്ടുണ്ട്. 2016-17, 2017-18 വർഷങ്ങളിലുണ്ടായ വ്യത്യാസം ചുവടെ ചേർക്കുന്നു. 2018-19 അദ്ധ്യയന വർഷത്തെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച വിവരങ്ങൾ ഈ അദ്ധ്യയന വർഷം അവസാനിക്കുമ്പോൾ മാത്രമേ ലഭ്യമാകുകയുള്ളൂ.

2016-17, 2017-18 വർഷങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

| ജില്ല | 2016-17 | | 2017-18 | |
|---|---|---|---|---|
| | % | ആകെ | % | ആകെ |
| തിരുവനന്തപുരം | 0.2 | 585 | 0.16 | 479 |
| കൊല്ലം | 0.03 | 81 | 0.08 | 201 |
| പത്തനംതിട്ട | 0.06 | 49 | 0.07 | 58 |
| ആലപ്പുഴ | 0.07 | 122 | 0.04 | 67 |
| കോട്ടയം | 0.26 | 439 | 0.14 | 232 |
| ഇടുക്കി | 0.68 | 710 | 0.51 | 530 |
| എറണാകുളം | 0.25 | 678 | 0.21 | 546 |
| തൃശ്ശൂർ | 0.11 | 348 | 0.09 | 286 |
| പാലക്കാട് | 0.25 | 888 | 0.25 | 878 |
| മലപ്പുറം | 0.07 | 506 | 0.09 | 628 |
| കോഴിക്കോട് | 0.11 | 430 | 0.07 | 278 |
| വയനാട് | 1.17 | 1298 | 0.84 | 924 |
| കണ്ണൂർ | 0.17 | 498 | 0.15 | 428 |
| കാസർഗോഡ് | 0.36 | 631 | 0.23 | 407 |
| ആകെ | 0.27 | | 0.20 | |

(സി) കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളെ പൊതു വിദ്യാലയങ്ങളിലേയ്ക്ക് തിരികെ എത്തിക്കുന്നതിന് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

1. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എങ്ങനെ കൂടുതൽ മെച്ചപ്പെടുത്താം എന്നത് കൂട്ടായി ചർച്ച ചെയ്യാൻ സ്കൂൾതല വികസന സെമിനാർ നടത്തി.

2. സ്കൂൾതല മാസ്റ്റർ പ്ലാൻ സമൂഹ പങ്കാളിത്തത്തോടെ തയ്യാറാക്കി.

3. സ്കൂളുകളിൽ നടക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ ജനങ്ങളുടെ മുന്നിൽ പഠന തെളിവുകളായി അവതരിപ്പിക്കുന്നതിന് മികവുത്സവങ്ങൾ നടത്തി.

4. പല വിദ്യാലയങ്ങളും രക്ഷാകർതൃ സമിതിയുടെ നേതൃത്വത്തിൽ ഗൃഹ സമ്പർക്ക പരിപാടി നടത്തി. അങ്ങനെ വിദ്യാലയ പരിപാടികൾ ജനകീയവൽക്കരിക്കുക വഴി കൊഴിഞ്ഞുപോക്ക് അടക്കമുള്ള പ്രവണതകളെ തടയാൻ കഴിയുന്നുണ്ട്.

(ഡി) അക്കാദമിക മാസ്റ്റർപ്ലാനിന്റെ നിർവ്വഹണ പദ്ധതി രൂപീകരിച്ച്, ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്കൂളും അഞ്ച് പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിച്ച് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. പഠന പിന്തുണ ആവശ്യമായ കുട്ടികൾക്ക് 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോം തയ്യാറാക്കി. ക്ലാസ്സ് മുറികൾ IT അധിഷ്ഠിത പഠനത്തിനു സഹായമാകുന്ന വിധത്തിൽ ഹൈടെക് ആക്കി മാറ്റി. 'സമഗ്ര' പോർട്ടൽ വഴി ഡിജിറ്റൽ റിസോഴ്സ് സ്കൂളുകൾക്ക് ലഭ്യമാക്കി. ശാസ്ത്രപാർക്ക്, ജൈവവൈവിധ്യ പാർക്ക്, ഓട്ടിസം പാർക്ക് എന്നീ പദ്ധതികളും നടപ്പിലാക്കി. കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി 'സുരീലിഹിന്ദി', 'ഗണിത വിജയം', 'മലയാളത്തിളക്കം', 'ടാലന്റ് ലാബ്', 'കുഞ്ഞുവായന-കത്തെഴുത്ത്', സാമൂഹ്യ ശാസ്ത്ര പ്രതിഭാ പോഷണ പരിപാടി, സാങ്കേതിക പാഠാവലി തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. യൂണിസെഫുമായി ചേർന്ന് പ്രളയബാധിത പ്രദേശത്തെ കുട്ടികൾക്കുള്ള മാനസിക സാമൂഹിക പിന്തുണ, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള ഉൾച്ചേർക്കുന്ന വിദ്യാഭ്യാസം (Inclusive Education) എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരത്തിൽ പിന്നാക്കം നിൽക്കുന്ന 14 സ്കൂളുകളെ ദത്തെടുത്ത് വിജയശതമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രത്യേക പ്രോഗ്രാം ഹയർ സെക്കണ്ടറി തലത്തിലും നടത്തിവരുന്നു. ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസം, ക്വാളിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (QEP), ഹാപ്പി ലേർണിംഗ്, ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ റീഡിംഗ് കോർണർ എന്നീ പദ്ധതികൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പാക്കിവരുന്നു.

ഹൈസ്കൂൾ/ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് വിഷയാധിഷ്ഠിത ഹൈടെക് ക്ലാസ്സ് റൂം വിനിമയത്തിനുള്ള പരിശീലനം നൽകി. സമഗ്ര പോർട്ടലിലെ ഉള്ളടക്കം പരിചയപ്പെടുത്തുന്നതിനും ഇതിന്റെ അടിസ്ഥാനത്തിൽ ഫലപ്രദമായി ക്ലാസ്സ് മോണിറ്ററിംഗ് നടത്തുന്നതിനും ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർക്കും ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്കും

പരിശീലനം നടത്തി. പ്രൈമറി വിദ്യാലയങ്ങളിലെ ഐ.സി.റ്റി. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഒരു വിദ്യാലയത്തിൽ നിന്ന് ഒരു അദ്ധ്യാപകന് വീതം പരിശീലനം നൽകി.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

136 (3179) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഒന്നാം ക്ലാസ്സിലേക്കുള്ള പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; 2017, 2018 അദ്ധ്യയന വർഷങ്ങളിലെ കണക്കുകൾ വ്യക്തമാക്കാമോ ?

ഉത്തരം

ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഒന്നാം ക്ലാസ്സിലേയ്ക്ക് പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഒന്നാം ക്ലാസ്സിലേയ്ക്ക് 2017-18 അദ്ധ്യയനവർഷം 6000 കുട്ടികളുടെ വർദ്ധനവും 2018-19 അദ്ധ്യയനവർഷം 5784 കുട്ടികളുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

137 (3180) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതിയുടെ ഭാഗമായുള്ള സ്കൂളുകളിലെ നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ചു മാറ്റുവാൻ സർക്കാർ നൽകിയ ഉത്തരവിൽ ഒരു കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളെ കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) മലപ്പുറം ജില്ലയിൽ എത്ര സ്കൂളുകളിലെ നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റുവാൻ ഡി.ഡി.ഇ മലപ്പുറം അനുവാദം നൽകിയിട്ടുണ്ട്;എത്ര അപേക്ഷകൾ ഡി.ഡി.ഇ മലപ്പുറം ഡി.പി.ഐ. യ്ക്ക് നൽകിയിട്ടുണ്ട്;ഏതെല്ലാം അപേക്ഷകൾ എന്നും ഈ വിഷയത്തിൽ ഡി.പി.ഐ. സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(സി) എം.എൽ.എ. /എം.പി. ഫണ്ട് ഉപയോഗിച്ച് ഇത്തരത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ഡി.ഡി.ഇ. മലപ്പുറത്തിന് നൽകിയ അപേക്ഷകളിൽ നാളിതുവരെയായി നടപടി സ്വീകരിച്ചിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ;

(ഡി) അഞ്ച് കോടി രൂപ മൂന്ന് കോടി രൂപ പദ്ധതിയിൽ ഒരു കോടി രൂപയുടെ പദ്ധതികളിൽ ഉൾപ്പെട്ട സ്കൂളുകളെ കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തി സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്ന ഉത്തരവിൽ യുക്തമായി ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി & സി) മലപ്പുറം ജില്ലയിൽ 16 സ്കൂളുകൾ ഒരു കോടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 3 സ്കൂളുകളാണ് കെട്ടിടം പൊളിക്കാനുള്ള അപേക്ഷ നൽകിയിട്ടുള്ളത്. ആയതിൽ പൈങ്കണ്ണൂർ ജി.യു.പി.എസ്-ന്റെ കെട്ടിടം പൊളിക്കുന്നതിനുള്ള അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു. ജി.യു.പി.എസ്. പാങ്ങിന് കെട്ടിടം പൊളിക്കുവാനുള്ള അനുമതി മലപ്പുറം ഡി.ഡി.ഇ. അനുവദിച്ചു നൽകിയിട്ടുണ്ട്. ഒഴുക്കൂർ ജി.എം.യു.പി. സ്കൂൾ കെട്ടിടം പൊളിക്കുന്നതിനുള്ള അപേക്ഷ വിദ്യാഭ്യാസ ഉപഡയറക്ടറുടെ പരിഗണനയിലാണ്.

(ഡി) 2018-19 വർഷത്തെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടികൾ**

138 (3181) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ മികവിൻെറ കേന്ദ്രങ്ങളായി മാറ്റുന്നതിനും അവയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ അക്കാദമിക് മികവ് ലക്ഷ്യമാക്കി ജനകീയ പങ്കാളിത്തത്തോടെ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(സി) പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാ അദ്ധ്യാപകർക്കും രണ്ടാഴ്ചത്തെ പരിശീലനം നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ആധുനിക വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം വിദ്യാഭ്യാസ മേഖലയിലും പ്രാവർത്തികമാക്കുന്നതിന് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)

1. പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഒരു നിയോജക മണ്ഡലത്തിൽ നിന്നും ഒരു സ്കൂളിനെ തെരഞ്ഞെടുത്ത് 140 സ്കൂളുകൾക്ക് 5 കോടി രൂപയുടെ കിഫ്ബി ധനസഹായം വീതം ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

2. അക്കാദമിക മാസ്റ്റർ പ്ലാനിന്റെ നിർവ്വഹണ പദ്ധതി രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്കൂളും അഞ്ച് പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

3. പഠനപിന്തുണ ആവശ്യമായ കുട്ടികൾക്ക് 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോം തയ്യാറാക്കി.

4. ക്ലാസ്സ് മുറികൾ IT അധിഷ്ഠിത പഠനത്തിനു സഹായമാകുന്ന വിധത്തിൽ ഹൈടെക് ആക്കി മാറ്റിവരുന്നു.

5. 'സമഗ്ര' പോർട്ടൽ വഴി ഡിജിറ്റൽ റിസോഴ്സ് സ്കൂളുകൾക്ക് ലഭ്യമാക്കി.

6. ശാസ്ത്രപാർക്ക്, ജൈവവൈവിധ്യ പാർക്ക്, ഓട്ടിസം പാർക്ക് എന്നീ പദ്ധതികളും നടപ്പിലാക്കി.

7. കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി 'സുരീലിഹിന്ദി', 'ഗണിത വിജയം', 'മലയാളത്തിളക്കം', 'ടാലന്റ് ലാബ്', 'കുഞ്ഞുവായന-കത്തെഴുത്ത്', 'സാമൂഹ്യ ശാസ്ത്ര പ്രതിഭാ പോഷണ പരിപാടി', 'സാങ്കേതിക പാഠാവലി' എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

8. യൂണിസെഫുമായി ചേർന്ന് പ്രളയബാധിത പ്രദേശത്തെ കുട്ടികൾക്കുള്ള മാനസിക സാമൂഹിക പിന്തുണ, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ളവ ഉൾച്ചേർക്കുന്ന വിദ്യാഭ്യാസം (Inclusive Education) എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

9. വിദ്യാഭ്യാസ നിലവാരത്തിൽ പിന്നാക്കം നിൽക്കുന്ന 14 സ്കൂളുകളെ ദത്തെടുത്തുകൊണ്ട് വിജയശതമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രത്യേക പ്രോഗ്രാം ഹയർ സെക്കണ്ടറി തലത്തിലും നടത്തിവരുന്നു.

10. ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസം, ക്വാളിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (QEP), ഹാപ്പി ലേർണിംഗ്, ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ, റീഡിംഗ് കോർണർ എന്നീ പദ്ധതികൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളും അക്കാദമിക് മാസ്റ്റർ പ്ലാൻ തദ്ദേശഭരണ പ്രതിനിധികൾ, ജനപ്രതിനിധികൾ, രക്ഷകർത്താക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, പി.ടി.എ. തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി സ്കൂൾതല റിസോഴ്സ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ 2018 ജനവരി മാസത്തോടെ തയ്യാറാക്കുകയും ഫെബ്രുവരിയിൽ പൊതുസമൂഹത്തിനു മുൻപിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്കൂളും അഞ്ച് പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്.

(സി) പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്ക് ഇൻഡക്ഷൻ കോഴ്സ് നിർബന്ധമാക്കണമെന്നത് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേക വിഷയാധിഷ്ഠിത പരിശീലനവും തെരഞ്ഞെടുത്ത പ്രൈമറി അദ്ധ്യാപകർക്കും എല്ലാ പ്രഥമാദ്ധ്യാപകർക്കും 'കൈറ്റി'ന്റെ നേതൃത്വത്തിൽ പരിശീലനവും നൽകിയിട്ടുണ്ട്. കുട്ടികൾക്ക് ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് സ്കൂളുകളിൽ 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ് യൂണിറ്റ് ആരംഭിക്കുകയും എല്ലാ ബുധനാഴ്ചകളിലും പ്രത്യേക പരിശീലനം ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

**അടിസ്ഥാന സൗകര്യ വികസനത്തിനായി തുക അനുവദിച്ച സ്കൂളുകൾ**

139 (3182) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിനായി മൂന്ന് കോടി വീതം അനുവദിച്ച സ്കൂളുകളിലെ പട്ടികയിൽ നിലവിൽ എത്ര സ്കൂളുകൾക്ക് തുക അനുവദിച്ചു; വിശദാംശങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട മങ്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കടുങ്ങപുരം സർക്കാർ ഹൈസ്കൂളിന് ഫണ്ട് അനുവദിച്ച് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) കടുങ്ങപുരം സർക്കാർ ഹൈസ്കൂളിന് ഫണ്ട് അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി 229 സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. അതിൽ 186 സ്കൂളുകൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി & സി) മങ്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കടുങ്ങപുരം സർക്കാർ ഹൈസ്കൂളിന് ഭരണാനുമതി നൽകുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

**ചലഞ്ച് ഫണ്ട്**

140 (3183) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി അനുവദിക്കുന്ന ചലഞ്ച് ഫണ്ട് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങൾ ആണ് സ്വീകരിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ; ആയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്ത് ഇതുവരെ ചലഞ്ച് ഫണ്ട് അനുവദിച്ച സ്കൂളുകൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ചലഞ്ച് ഫണ്ട് ലഭ്യമാക്കുന്നതിനായി 1-3-2018-ലെ സ.ഉ. (പി) നമ്പർ 30/2018/ധന. സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രൊപ്പോസൽ തയ്യാറാക്കി അതാത് ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ശിപാർശ സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതി നൽകുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ പദ്ധതി**

141 (3184) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാനങ്ങളിൽ നിന്നും കുടുംബത്തോടൊപ്പം വന്ന് കേരളത്തിൽ താമസിക്കുന്ന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവിഷ്കരിക്കുമോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

നിലവിലുണ്ട്. എറണാകുളം ജില്ലയിൽ 'റോഷ്നി' എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കുട്ടികൾക്കായി രാവിലെ 8.30 മുതൽ 9.30 വരെ എഡ്യൂക്കേഷണൽ വോളന്റിയർ ക്ലാസ്സ് നടത്തിവരുന്നു. കൂടാതെ പ്രഭാത ഭക്ഷണവും നൽകിവരുന്നു.

**നേമം നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സംരക്ഷണത്തിനായി നടക്കുന്ന പ്രവൃത്തികൾ**

142 (3185) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സംരക്ഷണത്തിനായി നടക്കുന്ന പ്രവൃത്തികളിൽ മൂന്ന് കോടിയുടെയും ഒരു കോടിയുടെയും പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;ഇത് എപ്പോൾ നടപ്പാക്കാൻ സാധിക്കും; വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

നേമം നിയോജക മണ്ഡലത്തിലെ കമലേശ്വരം ജി.എച്ച്.എസ്.എസ്.-നെ യാണ് മൂന്ന് കോടി പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ പ്രസ്തുത സ്കൂളിൽ നിർമ്മാണ പ്രവർത്തനം നടത്താൻ മതിയായ സ്ഥലസൗകര്യം സംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ജി.യു.പി.എസ്. കരുമം സ്കൂളിനെ തെരഞ്ഞെടുത്ത് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

## പൊതു വിദ്യാഭ്യസ മേഖലയ്ക്ക് അനുവദിച്ച തുക

143 (3186) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ പൊതുവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി എത്ര കോടി രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;ഓരോ വർഷവും എത്ര തുക വീതമാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴിഞ്ഞ 3 വർഷത്തിനിടയിൽ പൊതുവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി എത്ര കോടി രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;ഓരോ വർഷത്തെയും കണക്ക് പ്രത്യേകം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി മുൻ സർക്കാർ വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | വിനിയോഗിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 1 | 2 |
| 2011-12 | 35702.97 |

| | |
|---|---|
| 2012-13 | 66411.47 |
| 1 | 2 |
| 2013-14 | 65101.06 |
| 2014-15 | 60711.72 |
| 2015-16 | 56594.05 |
| ആകെ | 284521.27 |

(ബി) പൊതുവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | വിനിയോഗിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2016-17 | 70601.80 |
| 2017-18 | 73265.50 |
| 2018-19 (30-11-2018 വരെ) | 50529.58 |
| ആകെ | 194396.88 |

**പ്രീ-സ്കൂൾ മേഖലയിലെ പ്രശ്നങ്ങൾ**

144 (3187) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-സ്കൂൾ മേഖലയിലെ പ്രശ്നങ്ങൾ കണ്ടെത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് എസ്.സി.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തിയിരുന്നോ ; റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(ബി) പ്രീ-സ്കൂൾ സംവിധാനത്തെ ശിശു സംരക്ഷണ കേന്ദ്രങ്ങളുമായി ഏകോപിപ്പിച്ച് എല്ലാ കുട്ടികൾക്കും ശാസ്ത്രീയമായ പ്രീ സ്കൂൾ സേവനം ഉറപ്പാക്കാൻ

പദ്ധതിയുണ്ടോ ;

(സി) പ്രീ.കെ.ജി., എൽ.കെ.ജി., യു. കെ. ജി. തുടങ്ങി സ്വകാര്യമേഖല വാണിജ്യതാൽപ്പര്യത്തോടെ കയ്യടക്കിയിരിക്കുന്ന രംഗം ശാസ്ത്രീയമായി നവീകരിച്ച് പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ചുമതലപ്പെടുത്തിയിരുന്നു. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഓരോ ജില്ലയിലെയും 30 വീതം പ്രീ-സ്കൂളുകളെ കേന്ദ്രീകരിച്ച് ചുറ്റുമുള്ള അങ്കണവാടികളെ ജൈവികമായി ബന്ധിപ്പിച്ച് ശാസ്ത്രീയമായ പരിചരണവും വിദ്യാഭ്യാസവും ഉറപ്പുവരുത്തുന്നതിനുള്ള ഒരു പൈലറ്റ് പ്രോജക്ട് ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) പ്രീ-സ്കൂൾ മേഖലയിലെ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി പരിഷ്ക്കരിക്കുന്നതിന്;

(1) പ്രീ-സ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

(2) പ്രീ-സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രവർത്തന പുസ്തകം 'കളിപ്പാട്ടം' എന്ന പേരിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(3) 3+, 4+ കുട്ടികൾക്കുള്ള പ്രവർത്തന കാർഡുകളും അദ്ധ്യാപക വിനിമയ സഹായിയും 'കളിത്തോണി' ഭാഗം ഒന്നും പ്രസിദ്ധീകരിച്ചു. രണ്ടും മൂന്നും ഭാഗങ്ങൾ തയ്യാറാക്കിവരുന്നു.

(4) വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ അംഗീകൃത പ്രീ-സ്കൂളുകളിലെ മുഴുവൻ അദ്ധ്യാപകർക്കും ഈ വർഷം പരിശീലനം നൽകും.

(5) ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി പൈലറ്റ് പ്രോജക്ടായി ആസൂത്രണം ചെയ്തിട്ടുണ്ട്.

**സമഗ്ര പഠന സഹായ പദ്ധതി**

145 (3188) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു സ്കൂളുകളുടെ ഭൗതിക പരിസരം നവീകരിച്ച് ഗുണമേന്മയുള്ള സൗജന്യ വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനുവേണ്ട അടിസ്ഥാനം സൃഷ്ടിച്ചു കഴിഞ്ഞതിന്റെ തുടർച്ചയായി ഓരോ കുട്ടിയുടെയും വ്യത്യസ്ത കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് വേണ്ട പഠനപ്രവർത്തനം ഒരുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; തദനുസൃതമായ മാറ്റം മൂല്യനിർണയ സമ്പ്രദായത്തിൽ വരുത്താൻ സാധ്യമായിട്ടുണ്ടോ;

(ബി) ഓരോ വിദ്യാർത്ഥിയുടെയും സവിശേഷ കഴിവുകളും സർഗ്ഗാത്മകതയും പരിപോഷിപ്പിക്കുന്നതിന് സാങ്കേതിക വിദ്യാധിഷ്ഠിതമായ സമഗ്ര പഠന സഹായ പദ്ധതിയെക്കുറിച്ച് അറിയിക്കാമോ;

(സി) വൈജ്ഞാനിക മികവ് നേടുന്നതിനോടൊപ്പം തന്നെ സാമൂഹ്യ പുരോഗതി കൂടി സാധ്യമാക്കുന്ന തരത്തിൽ ഭരണഘടന മൂല്യങ്ങൾ, പരിസ്ഥിതി സംരക്ഷണാവബോധം, നവോത്ഥാന മൂല്യങ്ങൾ എന്നിവ വിദ്യാർത്ഥികളിൽ സൃഷ്ടിക്കാൻ പരിപാടിയുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഓരോ കുട്ടിയേയും പരിഗണിച്ചുകൊണ്ട് എങ്ങനെയാണ് പാഠാസൂത്രണം നടത്തേണ്ടത് എന്നതിന്റെ മാതൃക പാഠാസൂത്രണങ്ങൾ സമഗ്ര പോർട്ടൽ വഴി എല്ലാ അദ്ധ്യാപകർക്കും ലഭ്യമാക്കി. ഇതെങ്ങനെ ഉപയോഗിക്കണം എന്നതിനെക്കുറിച്ച് അവധിക്കാലത്തുതന്നെ അദ്ധ്യാപകർക്ക് പരിശീലനം നൽകി. ഇതോടൊപ്പം നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയ സമ്പ്രദായത്തെക്കുറിച്ചും ആ മേഖലയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചും അദ്ധ്യാപകർക്ക് പരിശീലനം നൽകി. ക്ലാസ്സ് മുറികളിൽ നടക്കുന്ന അക്കാദമിക പ്രവർത്തനങ്ങളെ നേരിൽ കണ്ട് മനസ്സിലാക്കാനും പിന്തുണ നൽകാനും ജില്ലാ/സബ് ജില്ലാ തലങ്ങളിൽ അക്കാദമിക മോണിറ്ററിംഗ് സംവിധാനം ശക്തമാക്കി.

(ബി) അദ്ധ്യാപകർക്ക് ആവശ്യമായ പാഠാസൂത്രങ്ങൾ ക്ലാസ്സ് മുറിയിൽ ഉപയോഗപ്പെടുത്താവുന്ന ഡിജിറ്റൽ പഠന വിഭവങ്ങൾ, വൈവിധ്യമാർന്ന ചോദ്യമാതൃകകൾ, മൂല്യനിർണ്ണയത്തിന് ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുത്തി വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ഡിജിറ്റൽ അക്കാദമിക പ്ലാറ്റ്ഫോമാണ് സമഗ്ര. ഇതിൽനിന്നും അദ്ധ്യാപകർക്ക് പാഠാസൂത്രങ്ങൾ ഡൗൺലോഡ് ചെയ്യാനും ആവശ്യമായ മാറ്റങ്ങൾ വരുത്തി ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് ക്ലാസ്സ് മുറികളിൽ ഉപയോഗിക്കാനും അവസരമുണ്ട്.

(സി) ഉണ്ട്. പാഠപുസ്തകം മുഖ്യഉപാധിയായി ഉപയോഗിച്ചുകൊണ്ട് ഈ ആശയങ്ങൾ കുട്ടികൾക്ക് നേരിട്ട് പകർന്ന് നൽകുംവിധം ഭാഷാവിഷയങ്ങളുടെ ഉള്ളടക്കം ക്രമീകരിക്കും. അദ്ധ്യാപക സഹായത്തോടുകൂടി മൂല്യാവബോധം കുട്ടികളിൽ സൃഷ്ടിക്കുന്നതിന് പരിശീലനവും അധികവായനാ സാമഗ്രികളും എസ്.സി.ഇ.ആർ.ടി. വികസിപ്പിക്കുന്നുണ്ട്.

**എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം**

146 (3189) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയാള ഭാഷാ പഠന ചട്ടം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം പത്താംതരം വരെ പഠിപ്പിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കാത്തതിന്റെ പേരിൽ ഏതെങ്കിലും സ്കൂൾ അധികൃതർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പിഴ ചുമത്തിയിട്ടുള്ള റിപ്പോർട്ടുകളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ പ്രളയക്കെടുതികൾമൂലം ഈ വർഷം ഡിസംബർ 31 വരെ സ്കൂൾ പരിശോധനകൾ പൂർത്തിയാക്കുന്നതിന് സാവകാശം നൽകിയിട്ടുണ്ട്.

**എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് ജൂനിയർ തസ്തിക**

147 (3190) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിഭാഗത്തിൽ എച്ച്. എസ്. എസ്. ടി. ഇംഗ്ലീഷ് ജൂനിയർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) എച്ച്. എസ്. എസ്. ടി. ഇംഗ്ലീഷ് ജൂനിയർ തസ്തികയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എത്ര ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി മാറ്റി വച്ചിട്ടുണ്ട്;

(സി) എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് ജൂനിയർ തസ്തികയിൽ എത്ര ഒഴിവുകൾ ഇതിനോടകം പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) 151 ഒഴിവുകൾ നിലവിലുണ്ട്.

(ബി) 89 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് മാറ്റി വച്ചിട്ടുണ്ട്.

(സി) 113 ഒഴിവുകൾ ഇതിനോടകം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വൈക്കം നിയോജക മണ്ഡലത്തിലെ സ്കൂളുകൾക്ക് ബസ്**

148 (3191) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ പത്ത് സ്കൂളുകൾക്ക് ബസ് വാങ്ങി നൽകുന്നതിനുവേണ്ടി മുൻ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിക്കപ്പെടാതെപോയ സംഭവത്തിലെ ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരേ അന്വേഷണമോ അച്ചടക്ക നടപടിയോ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) സ്കൂൾ ബസ് വാങ്ങിനൽകുന്ന കാര്യത്തിൽ കോട്ടയം ഡി. ഡി. ഓഫീസിലുണ്ടായ അലംഭാവത്തെകുറിച്ച് അന്വേഷണം ആവശ്യപ്പെട്ട് എം. എൽ. എ. നൽകിയ കത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ &ബി) വൈക്കം നിയോജക മണ്ഡലത്തിലെ പത്ത് സ്കൂളുകൾക്ക് ബസ് വാങ്ങി നൽകുന്നതിനുവേണ്ടി മുൻ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിക്കപ്പെടാതെപോയ സംഭവത്തിലെ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇതോടൊപ്പം ബസ് വാങ്ങുന്ന കാര്യത്തിൽ ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് നടപടി പൂർത്തീകരിക്കുന്നതാണ്. സ്കൂൾ ബസ് വാങ്ങി നൽകുന്ന കാര്യത്തിൽ കോട്ടയം ഡി.ഡി. ഓഫീസിലുണ്ടായ അലംഭാവത്തെക്കുറിച്ച് അന്വേഷണം ആവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**സ്കൂൾ വിദ്യാർത്ഥികളുടെ ബാഗിന്റെ അമിതഭാരം**

149 (3192) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ വിദ്യാർത്ഥികളുടെ ബാഗിന്റെ അമിതഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതു ലഘൂകരിയ്ക്കുന്നതിന് 200 പേജ് നോട്ട് പുസ്തകത്തിനു പകരം 100 പേജ് നോട്ട് പുസ്തകം നിർദ്ദേശിക്കുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ; അപ്രകാരം 100 പേജിന്റെ നോട്ടുപുസ്തകം കുട്ടികൾ ഉപയോഗിച്ചാൽ അവരുടെ ബാഗിന്റെ ഭാരം നല്ല രീതിയിൽ കുറയുമെന്നതിനാൽ അത്തരത്തിലുള്ള നിർദ്ദേശങ്ങൾ നൽകുമോ; വിശദമാക്കുമോ?

ഉത്തരം

സ്കൂൾ ബാഗിന്റെ അമിതഭാരം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നേരത്തെ രണ്ട് വാല്യമായി വിതരണം ചെയ്തിരുന്ന പാഠപുസ്തകങ്ങൾ മൂന്ന് വാല്യമായി അച്ചടിച്ച് ഭാരം കുറച്ചിട്ടുണ്ട്. നോട്ട് ബുക്കുകൾ രക്ഷിതാക്കളാണ് കുട്ടികൾക്ക് വാങ്ങി നൽകുന്നത്.

**ആറന്മുള നിയോജകമണ്ഡലത്തിൽ മികവിന്റെ കേന്ദ്രമാക്കുന്ന സ്കൂളുകൾ**

150 (3193) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിൽ മികവിന്റെ കേന്ദ്രമാക്കാൻ തിരഞ്ഞെടുത്തിരിക്കുന്ന സ്കൂളുകൾ ഏതെല്ലാമാണ്;

(ബി) ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ നിർമ്മാണപ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) ആറന്മുള നിയോജക മണ്ഡലത്തിലെ കോഴഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിനെ കിഫ്ബിയുടെ 5 കോടി ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**സ്കൂൾ പാചകത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ**

151 (3194) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചകത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ പരമാവധി എത്ര തൊഴിലാളികളെയാണ് ഒരു സ്കൂളിൽ നിയമിച്ചിട്ടുള്ളത്;

(സി) കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽപേരെ നിയമിക്കുന്നതിന് അനുമതി നൽകുമോ;

(ഡി) പാചകത്തൊഴിലാളികൾക്ക് നിലവിൽ നൽകുന്ന വേതനം വളരെ കുറവാണെന്നത് വസ്തുതയാണോ; എങ്കിൽ പ്രതിമാസം 11,000 രൂപയെങ്കിലും വേതനമായി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ &ബി) ഉണ്ട്. 500 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെങ്ത്തുള്ള സ്കൂളുകളിൽ ഒരു പാചകത്തൊഴിലാളിയെയും 500-ന് മുകളിലുള്ള സ്കൂളുകളിൽ പരമാവധി രണ്ട് പാചകത്തൊഴിലാളികളെയും നിയമിക്കാവുന്നതാണ്.

(സി) ഈ കാര്യം പരിശോധിച്ചുവരുന്നു.

(ഡി) സ്കൂൾ പാചകത്തൊഴിലാളികൾക്ക് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള പ്രതിമാസ ഓണറേറിയം നിലവിൽ 1,000 (ആയിരം) രൂപയാണ് (60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും). ഇന്ത്യയിലെ ഭൂരിഭാഗം സംസ്ഥാനങ്ങളിലും ഈ നിരക്കിലാണ് ഓണറേറിയം നൽകിവരുന്നത്. എന്നാൽ കേരളത്തിൽ സ്കൂൾ പാചകത്തൊഴിലാളികൾക്ക് കേന്ദ്ര നിരക്കിനെക്കാൾ വളരെ ഉയർന്ന ഓണറേറിയമാണ് നൽകുന്നത്. നിലവിൽ 150 കുട്ടികൾക്ക് ഭക്ഷണം പാചകം ചെയ്യുന്നതിന് പ്രതിദിനം 400 രൂപ മിനിമം ഓണറേറിയമായി നൽകുന്നു. 150-ൽ കൂടുതലുള്ള ഓരോ കുട്ടിക്കും 25 പൈസവീതം എന്ന തോതിൽ കണക്കാക്കി പരമാവധി ഓണറേറിയം പ്രതിദിനം 475 രൂപയാണ് നൽകിവരുന്നത്.

**വെള്ളിനേഴി സർക്കാർ ഹൈസ്കൂളിൽ കഥകളി പഠനത്തിനുള്ള അനുമതി**

152 (3195) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലുൾപ്പെടുന്ന വെള്ളിനേഴി സർക്കാർ ഹൈസ്കൂളിൽ കേരള കലാമണ്ഡലത്തിന്റെ സഹകരണത്തോടെ കഥകളി പഠനത്തിനുള്ള അനുമതി നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനകം അനുമതി നൽകിയിട്ടില്ലെങ്കിൽ വെള്ളിനേഴിയുടെ കലാപാരമ്പര്യം കൂടി കണക്കിലെടുത്ത് ഉടൻതന്നെ അനുമതി നൽകുവാനും, കഥകളി പഠനം ഉടൻ ആരംഭിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

## ഉത്തരം

(എ &ബി) കേരള കലാമണ്ഡലം കൽപിത സർവ്വകലാശാലയുടെയും സാംസ്കാരിക വകുപ്പിന്റെയും സഹകരണത്തോടുകൂടി വെള്ളിനേഴി സർക്കാർ ഹൈസ്കൂളിൽ കഥകളി പഠനത്തിന് അനുമതിക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. അതോടൊപ്പം 'സമഗ്ര ശിക്ഷ'യുടെ ആഭിമുഖ്യത്തിൽ സർഗ്ഗ വിദ്യാലയമായി ഈ സ്കൂളിനെ ഏറ്റെടുത്തിട്ടുമുണ്ട്.

## സ്കൂളുകളുടെ ലയനം

153 (3196) ശ്രീ. പി. കെ. ബഷീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്കണ്ടറി, ഹയർ സെക്കണ്ടറി വിഭാഗങ്ങൾ ഒരു ഡയറക്ടറേറ്റിന് കീഴിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിനായി നാളിതുവരെയായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഏതെങ്കിലും പഠനത്തിന്റെയോ,റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലാണോ ഈ രീതി കൊണ്ടു വരുന്നതെന്ന് വ്യക്തമാക്കാമോ, പഠന റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്;എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ സംവിധാനം നിലവിൽ വന്നാൽ സെക്കണ്ടറി, ഹയർ സെക്കണ്ടറി മേഖലയിൽ ജോലി ചെയ്ത് വരുന്ന അദ്ധ്യാപകരുടെ ജോലി ഘടനയിൽ ഉണ്ടാകാൻ പോകുന്ന മാറ്റങ്ങൾ വിശദമാക്കാമോ;

(ഡി) ലയനം എപ്പോൾ ഏത് രീതിയിൽ നടപ്പിലാക്കാനാണ് .ഉദ്ദേശിക്കുന്നത്; തന്മൂലം ഹൈസ്കൂൾ, ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികകൾ നഷ്ടപ്പെടുന്നതിനോ കാലക്രമേണ കുറവ് വരുന്നതിനോ സാദ്ധ്യതയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ലയനം നടപ്പിലാക്കുമ്പോൾ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സീനിയർ ജൂനിയർ അദ്ധ്യാപക തസ്തികകൾ, പൊതുവിദ്യാഭ്യാസ-ഹയർ സെക്കണ്ടറി വകുപ്പുകളിലെ സ്റ്റാഫുകളുടെ സീനിയോറിറ്റി, പുനർവിന്യാസം ഇവ എങ്ങനെയാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ -ഇ) 2009-ലെ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനാവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഡോ. എം. എ. ഖാദർ ചെയർമാനായ ഒരു മൂന്നംഗ വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. മറ്റു പല നിർദ്ദേശങ്ങളോടൊപ്പം 12-ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാനുതകുംവിധം ഘടനാപരമായ മാറ്റം ഉൾപ്പെടെ എല്ലാ വശങ്ങളും പഠിച്ച് നിർദ്ദേശിക്കുന്നതിനായി ടി സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## സ്കൂളുകളിലെ പാചക തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ

154 (3197) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ പാചക തൊഴിലാളികൾ അനുഭവിക്കുന്ന ജോലി പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിക്കുന്ന നടപടികൾ ഏതെല്ലാം;

(ബി) എത്ര കുട്ടികൾക്ക് ഒരു പാചക തൊഴിലാളി എന്ന കണക്ക് ഈ മേഖലയിൽ മാനദണ്ഡമാക്കിയിട്ടുണ്ടോ;

(സി) ഇത്തരം തൊഴിലാളികൾക്ക് പെൻഷൻ പോലുള്ള സാമൂഹ്യ സുരക്ഷ സംവിധാനമോ ക്ഷേമ നിധിയോ മറ്റുമോ ഏർപ്പെടുത്തുന്നത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശവും വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സ്കൂൾ പാചകത്തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ, തൊഴിലാളികളുടെ എണ്ണം പുനഃക്രമീകരിക്കുക എന്നീ വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) 500 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെംഗ്തുള്ള സ്കൂളുകളിൽ ഒരു പാചകത്തൊഴിലാളിയും 500-നുമുകളിൽ കുട്ടികളുള്ള സ്കൂളുകളിൽ പരമാവധി രണ്ട് പാചകത്തൊഴിലാളികളെയും നിയമിക്കാവുന്നതാണ്.

(സി) പാചകത്തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് വിവിധ തലങ്ങളിൽ ഉയർന്ന് വന്നിട്ടുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

## യൂണിഫോമിന്റെ വില

155 (3198) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് വിതരണം ചെയ്ത യൂണിഫോമിന്റെ വിലയുടെ 70% മാത്രമേ നൽകിയിട്ടുള്ളൂയെന്ന കാര്യം ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

(ബി) ബാക്കി 30% തുക സ്കൂൾ അധികാരികൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി തുക വിതരണം ചെയ്യുന്നതാണ്.

## സ്കൂളുകളിൽ നീന്തൽ പഠനം

156 (3199) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നീന്തൽ പഠനം നിർബന്ധമാക്കി സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന മുങ്ങിമരണങ്ങളുടെ എണ്ണം കണക്കിലെടുത്തും പഠനത്തോടൊപ്പം കായികക്ഷമത ഉറപ്പുവരുത്തുന്നതിനുമായി ഇത്തരം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിദ്യാർത്ഥികളിൽ നീന്തൽ പരിശീലനത്തിന്റെ ആവശ്യകത സംബന്ധിച്ചും കായികക്ഷമത ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ബോധവത്ക്കരണവും, കൂടുതൽ വിദ്യാർത്ഥികളെ സ്കൂളുകളിൽ നേരിട്ടോ അല്ലാതെയോ പരിശീലനം നൽകുന്ന തരത്തിലുള്ള പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി & സി) ജലാശയങ്ങൾ ഏറെയുള്ള കേരളത്തിൽ ജലാശയ അപകടങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നത് കൂടുതലായും കുട്ടികൾക്കാണ്. ഇതിന് പരിഹാരമായി കുട്ടികൾ അബദ്ധവശാൽ ഏതെങ്കിലും ജലാശയത്തിൽ വീണുപോയാൽ അവർക്ക്

സ്വയം രക്ഷപ്പെടുന്നതിന് ആവശ്യമായ നീന്തൽ പരിശീലനം ഉറപ്പുവരുത്തുന്നതിനായി കായിക യുവജനകാര്യാലയം 'സ് പ്ലാഷ്' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 12 വയസ്സുമുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പരിശീലന സമയത്ത് നീന്തലിൽ പ്രതിഭ തെളിയിക്കുന്ന കുട്ടികൾക്ക് ദേശീയ/അന്തർദേശീയ തലത്തിലുള്ള നീന്തൽ താരങ്ങളാകുന്നതിനുള്ള അവസരംകൂടി സൃഷ്ടിക്കുക എന്നതും ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിലൊന്നാണ്. ആദ്യ ഘട്ടമെന്ന നിലയിൽ ഇടുക്കി, തൃശ്ശൂർ, വയനാട്, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ക്രമേണ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

**വിദ്യാലയങ്ങളിൽ ജൈവ വൈവിധ്യ ഉദ്യാനം**

157 (3200) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജക മണ്ഡലത്തിൽ ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിന് വേണ്ടി അനുമതി നൽകിയ വിദ്യാലയങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത സ്കൂളുകളിൽ എല്ലാം ഉദ്യാനങ്ങൾ നിർമ്മിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ?

ഉത്തരം

കായംകുളം നിയോജക മണ്ഡലത്തിൽ ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്ത 10,000 (പതിനായിരം) രൂപ വീതം അനുവദിച്ച സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

2017-18

1. എം.ജി.എം.എൽ.പി.എസ്, കരുവറ്റുംകുഴി (എയ്ഡഡ്)
2. എൽ.പി.എസ്, ആറാട്ടുകുളങ്ങര (എയ്ഡഡ്)
3. ഗവ. യു.പി. സ്കൂൾ, പുതുപ്പള്ളി നോർത്ത്
4. ഗവ. യു.പി.എസ്, മാടമ്പിൽ
5. ഗവ. യു.പി.എസ്, കായംകുളം
6. എൻ.എൻ.എം.യു.പി. സ്കൂൾ, കാപ്പിൽ ഈസ്റ്റ് (എയ്ഡഡ്)
7. യു.പി. സ്കൂൾ, ഇലിപ്പക്കുളം (എയ്ഡഡ്)

2018-19

1. ഗവ. എൽ.പി. സ്കൂൾ, പുതുപ്പള്ളി
2. എൽ.പി. സ്കൂൾ, ഞാവക്കാട് (എയ്ഡഡ്)
3. മുഹമ്മദൻസ് എൽ.പി. സ്കൂൾ, ഏരുവ ഈസ്റ്റ് (എയ്ഡഡ്)
4. ഗവ. എൽ.പി. സ്കൂൾ, കായംകുളം
5. ഗവ. എൽ.പി.ജി. സ്കൂൾ, ഏരുവ
6. ഗവ. എൽ.പി.ബി. സ്കൂൾ, ഏരുവ
7. എം.വി.യു.പി. സ്കൂൾ, കറ്റാനം (എയ്ഡഡ്)
8. യു.പി. സ്കൂൾ, ഇരേഴ (എയ്ഡഡ്)
9. ഗവ. യു.പി. സ്കൂൾ, തെക്കേക്കര
10. ഗവ. യു.പി. സ്കൂൾ, മാടമ്പിൽ
11. ഗവ. യു.പി. സ്കൂൾ, കൃഷ്ണപുരം
12. എച്ച്.എച്ച്.വൈ.എസ്.എം.യു.പി. സ്കൂൾ, കുറ്റിത്തെരുവ് (എയ്ഡഡ്)
13. ആർ.വി.എസ്.എം.എച്ച്.എസ്.എസ്., പ്രയാർ (എയ്ഡഡ്)
14. ഗവ. ഗേൾസ് എച്ച്.എസ്.എസ്, കായംകുളം
15. ഗവ. എച്ച്.എസ്.എസ്, രാമപുരം.

കൂടാതെ SSA മുഖാന്തരം 2017-18 വർഷത്തിൽ കായംകുളം ടൗൺ യു.പി.എസ്.നും കട്ടച്ചിറ സി.എൻ.പി.പി.എം.വി.എച്ച്.എസ്.നും 2018-19 വർഷത്തിൽ കായംകുളം ജി.യു.പി.എസ്.നും പള്ളിക്കൽ ജി.എം.യു.പി.എസ്.നും 20,000 രൂപ വീതം ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുകയും എല്ലാ സ്കൂളുകളിലും പണി പൂർത്തിയായിട്ടുമുണ്ട്.

## ഗവൺമെന്റ് സ്കൂൾ ബസ്സുകളുടെ ഇന്ധനച്ചെലവ്

158 (3201) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ ഗവൺമെന്റ് സ്കൂളുകൾക്ക് അനുവദിച്ച സ്കൂൾ ബസ്സുകളുടെ ഇന്ധനച്ചെലവ് തദ്ദേശസ്വയം ഭരണവകുപ്പ്

മുൻവർഷങ്ങളിൽ അനുവദിച്ചിരുന്നത് ഇപ്പോൾ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബസ്സുകൾ തുടർന്നും ഓടിക്കുന്നതിന് പി.ടി.എ കൾക്ക് മാത്രം കഴിയാത്ത സാഹചര്യത്തിൽ ഇന്ധനച്ചെലവ് അടക്കമുള്ള ചെലവുകൾ അനുവദിച്ച് നൽകുന്നതിന് വിദ്യാഭ്യാസവകുപ്പ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**വിദ്യാലയങ്ങളിലേയ്ക്ക് വിതരണം ചെയ്യുന്ന സ്റ്റേഷനറി സാധനങ്ങൾ**

159 (3202)ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷനറി വകുപ്പിൽനിന്നും ലഭിക്കുന്ന സ്റ്റേഷനറി സാധനങ്ങൾ വിദ്യാഭ്യാസവകുപ്പ് വിദ്യാലയങ്ങളിലേക്ക് വിതരണം ചെയ്യാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിദ്യാലയങ്ങളിലാണ് വിതരണം ചെയ്തതെന്ന് വിദ്യാലയങ്ങളുടെ പേരുസഹിതം ജില്ല അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) വിദ്യാലയങ്ങളിലേയ്ക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ വിദ്യാഭ്യാസ വകുപ്പിലെ ഓഫീസുകളിൽ നിന്നും വിതരണം ചെയ്യുന്നില്ലെങ്കിൽ എന്തുകാരണത്താലാണ് വിതരണം ചെയ്യാത്തതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ വഴിയാണ് സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്യുന്നത്.

പൊതുവിദ്യാഭ്യാസ വകുപ്പിൽ എല്ലാ ജില്ലകളിൽനിന്നും സ്കൂളുകളുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അവ കിട്ടുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്. തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ എല്ലാ സർക്കാർ വിദ്യാലയങ്ങൾക്കും അതാത് മേഖലാ ഓഫീസുകൾ സ്റ്റേഷനറി വകുപ്പിൽനിന്നും കിട്ടുന്ന സ്റ്റേഷനറികൾ വിതരണം ചെയ്യുന്നുണ്ട്.

(സി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ സ്റ്റേഷനറി സാധനങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സ്കൂളുകളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടില്ല.

ആയതിനാലാണ് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നിന്ന് വിദ്യാലയങ്ങൾക്ക് സ്റ്റേഷനറി സാധനങ്ങൾ വിതരണം നടത്താത്തത്. ഗവൺമെന്റ് സ്കൂളുകൾക്ക് സ്റ്റേഷനറി വകുപ്പുമായി ബന്ധപ്പെട്ട് നേരിട്ട് സാധനങ്ങൾ വാങ്ങാവുന്നതാണ്.

**പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാ നിലവാരം**

160 (3203) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ .ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിലുള്ള വിദ്യാർത്ഥികളെ ഇംഗ്ലീഷ് ഭാഷാ പഠിപ്പിക്കാൻ സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ടോ;

(സി) സോഫ്റ്റ്‌വെയറിന്റെ ഉള്ളടക്കം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ഡി) ഇംഗ്ലീഷ് വാക്കുകളുടെ ഉച്ചാരണം പഠിപ്പിക്കുന്നതിന് പ്രസ്തുത സോഫ്റ്റ്‌വെയറിൽ സംവിധാനമുണ്ടോ ?

ഉത്തരം

(എ) ഒന്നുമുതൽ ഏഴുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാശേഷി വർദ്ധിപ്പിക്കുന്നതു ലക്ഷ്യമിട്ട് 'സമഗ്ര ശിക്ഷ' ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'ഹലോ ഇംഗ്ലീഷ്'. 2017-18 വർഷം മുതൽ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വേനലവധിക്കാലത്ത് 8 ദിവസത്തെ പരിശീലനമാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് നൽകിയത്. കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ ഉണർത്തുന്ന തരത്തിലുള്ള തിയേറ്റർ ഗെയിംസ്, ചിത്രരചന, മോഡലിംഗ്, ഒറിഗാമി, ഭാഷാശേഷികൾ, നാടകവൽക്കരണം തുടങ്ങി വൈവിധ്യമാർന്ന ഒട്ടേറെ പ്രവർത്തനങ്ങളിലൂടെയാണ് 'ഹലോ ഇംഗ്ലീഷ്' പഠനം ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന് അദ്ധ്യാപകരെ സഹായിക്കാൻ 'ടീച്ചേഴ്സ് ജേർണൽ' എന്ന പേരിൽ പ്രവർത്തന പുസ്തകം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്.

(ബി - ഡി) സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ ഏജൻസികളുടെ സഹായത്തോടെ ഇംഗ്ലീഷ് ഭാഷാ നൈപുണ്യം ഉണ്ടാക്കാനാവശ്യമായ സോഫ്റ്റ്‌വെയർ തയ്യാറാക്കിവരുന്നു.

## സ്കൂൾ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം

161 (3204) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 നവംബർ ഒന്നുമുതൽ ജി.പി.എസ് സംവിധാനം ഇല്ലാത്ത സ്കൂൾ വാഹനങ്ങൾ ഓടാൻ അനുവദിക്കില്ലെന്ന ഉത്തരവ് മോട്ടോർ വാഹന വകുപ്പ് ഇറക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ ബസുകൾ വഴിയിൽ പ്രവർത്തനരഹിതമായി കിടന്നാലും അപകടത്തിൽപ്പെട്ടാലും അതുപോലെ ബസ്സുകളുടെ വേഗത,വാഹനത്തിനകത്ത് നടക്കുന്ന കാര്യങ്ങൾ എന്നിവയൊക്കെ ജി.പി.എസ് ഘടിപ്പിക്കുന്നതോടെ യഥാസമയം കൺട്രോൾ റൂമുകളിൽ അറിയാനാകുമോ എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ സ്കൂൾ ബസ്സുകളിലും ജി.പി.എസ് ഘടിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്

(ബി) പ്രവർത്തനക്ഷമത പരിശോധിച്ചുവരുന്നു.

(സി) മോട്ടോർ വാഹന വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ഹൈടെക് ലാബുകളുടെ സ്ഥാപനം

162 (3205) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസം പൂർണ്ണമായും ഡിജിറ്റലാകുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുന്നതിന്റെ ഭാഗമായി ഏതൊക്കെ ക്ലാസ്സുകളിലാണ് ഹൈടെക് ലാബുകൾ സ്ഥാപിക്കുന്നത്; ആയത് ഏത് ഏജൻസി വഴിയാണ്; ഇവ എത്ര മാസത്തിനകം പൂർത്തിയാകും;വിവരിക്കുമോ;

(ബി) ഈ പദ്ധതിക്കുവേണ്ടി കമ്പ്യൂട്ടറുകൾ പർച്ചേസ് ചെയ്യുന്നത് ഏത് ഏജൻസി വഴിയാണ്; ഇവ ഓപ്പൺ ടെണ്ടർ വഴിയാണോ വാങ്ങുന്നത്; പർച്ചേസിൽ ജെം നിബന്ധന പാലിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിക്ക് കമ്പ്യൂട്ടറുകളുടെ ഇൻസ്റ്റലേഷൻ ചുമതല അതത് കമ്പനികൾ തന്നെയാണോ നടപ്പാക്കുന്നത്; ഇവയുടെ ഗുണനിലവാരം പരിശോധിക്കാൻ അവസരമുണ്ടോ; കമ്പ്യൂട്ടറുകളുടെ ഓപ്പറേഷൻ മെയിന്റനൻസ് ആർക്കാണ്; പ്രസ്തുത സാധനങ്ങൾക്ക് ഗ്യാരന്റിയും വാറന്റിയും നിലവിലുണ്ടോ; ആയതിനുവേണ്ടി ആരെയാണ് സമീപിക്കേണ്ടത്; എത്ര വർഷത്തേക്കാണ് മെയിന്റനൻസ് ചുമതല നൽകിയിരിക്കുന്നത്?

ഉത്തരം

(എ) സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകൾ ഹൈടെക്കായിക്കഴിഞ്ഞു. 1 മുതൽ 7 വരെ ക്ലാസ്സുകളിൽ ഹൈടെക് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കിഫ്ബിയുടെ പരിഗണനയിലാണ്. കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. ഹൈടെക് ലാബുകൾ 2019 മേയ് 31-ഓടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന സർക്കാർ കമ്പനിക്കാണ് ഈ പ്രോജക്ടിന്റെ നിർവ്വഹണച്ചുമതല. കേരള സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടലിലൂടെ ഓപ്പൺ ടെണ്ടർ വഴിയാണ് ഐ.ടി ഉപകരണങ്ങൾ വാങ്ങുന്നത്. കേരള സർക്കാരിന്റെ സ്റ്റോർസ് പർച്ചേസ് നിബന്ധനകളാണ് നിലവിൽ പാലിച്ചുവരുന്നത്. ഈ പ്രക്രിയയിൽ ജെമ്മിന് പ്രത്യേക നിബന്ധനകളില്ല.

(സി) അതെ, ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. കമ്പ്യൂട്ടറുകളുടെ ഓപ്പറേഷൻ ചുമതല സ്കൂളുകൾക്കും മെയിന്റനൻസ് ചുമതല സപ്ലൈ ചെയ്യുന്ന കമ്പനിക്കുമാണ്. ഗുണനിലവാര പരിശോധന ഉൾപ്പെടെയുള്ള സാങ്കേതിക കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ഒരു സാങ്കേതിക സമിതിയെ നിയമിച്ചിട്ടുണ്ട്. 5 വർഷത്തെ വാറണ്ടിയോടെയാണ് കമ്പ്യൂട്ടറുകൾ വാങ്ങുന്നത്. കൈറ്റ് സജ്ജമാക്കിയ സർവീസ് പോർട്ടൽവഴിയാണ് കമ്പ്യൂട്ടറുകളുടെ പ്രശ്നപരിഹാരം നടത്തുന്നത്.

## ഹൈടെക് ക്ലാസ്മുറികൾ

163 (3206) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ആറന്മുള നിയോജക മണ്ഡലത്തിലെ എത്ര ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകൾ ആയി ഉയർത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത സ്കൂളിൽ വിദ്യാഭ്യാസ വകുപ്പ് നേരിട്ട് എത്ര ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റിയിട്ടുണ്ട്; ക്ലാസ് മുറികൾ ഹൈടക് ആക്കിമാറ്റുന്ന പദ്ധതി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ആറന്മുള നിയോജക മണ്ഡലത്തിലെ ആകെ 57 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ 343 ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസ്സുകളായി ഉയർത്തിയിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൻകീഴിലെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന സർക്കാർ കമ്പനി മുഖാന്തിരം 343 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കി മാറ്റിയിട്ടുണ്ട്. ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. വിശദാംശം അനുബന്ധമായി *ചേർക്കുന്നു.

**സ്വകാര്യ സ്കൂൾ അദ്ധ്യാപകരുടെ വേതനം**

164 (3207) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സ്കൂളുകളിലെ വിദ്യാർത്ഥികളിൽനിന്നും അമിത ഫീസ് ഇടാക്കുന്നത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകാമോ;

(ബി) സ്വകാര്യ സ്കൂളിലെ അദ്ധ്യാപകർക്ക് നൽകേണ്ട വേതനം എത്രയാണെന്ന് സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംസ്ഥാന പാഠ്യ പദ്ധതി പിന്തുടരുന്ന സ്കൂളുകൾക്ക് സംസ്ഥാനത്തിന്റെ അംഗീകാരം ലഭിക്കുന്നതിന് 10-6-2013-ൽ പുറപ്പെടുവിച്ച ജി.ഒ. (എംഎസ്.)നമ്പർ 184/2013/പൊ.വി.വ. പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിലും സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്നതിന് 7-10-2011-ൽ പുറപ്പെടുവിച്ച ജി.ഒ. (എംഎസ്) നമ്പർ 202/11/ പൊ.വി.വ. ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിലും സ്കൂളുകളിലെ ഭൗതിക സൗകര്യത്തിനും കുട്ടികൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾക്കും ആനുപാതികമായ ട്യൂഷൻ ഫീസ് മാത്രമേ വാങ്ങാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു. ആയതിന്റെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്തെ അൺ-എയ്ഡഡ് സ്കൂളുകളിലെ പ്ലസ് വൺ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസ് സംബന്ധിച്ചും വ്യക്തമായ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. അൺ-എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് പ്രതിമാസം 500 (അഞ്ഞൂറ്) രൂപയും മറ്റു ഫീസുകൾ പ്രതിവർഷം 1000 (ആയിരം) രൂപയും കോഷൻ ഡെപ്പോസിറ്റ് 1000 (ആയിരം) രൂപയും നൽകേണ്ടതാണ്. ഇതിൽ കൂടുതൽ തുക വാങ്ങിയതായി പരാതി ലഭിച്ചാൽ ടി സ്കൂളിലെ ഹയർ സെക്കണ്ടറി കോഴ്സ് റദ്ദാക്കുവാൻ സർക്കാരിന് അധികാരമുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് നാളിതുവരെ പരാതിയൊന്നും ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്. 14-2-2011-ലെ ജി.ഒ.(എം.എസ്) നമ്പർ 36/11/പൊ.വി.വ. പ്രകാരം അൺ-എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകരുടെ ശമ്പളം നിർണ്ണയിച്ചിരുന്നു. ഇത് പുതുക്കി ഉത്തരവൊന്നും ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംസ്ഥാന പാഠ്യ പദ്ധതി പിന്തുടരുന്ന സ്കൂളുകൾക്ക് സംസ്ഥാനത്തിന്റെ അംഗീകാരം ലഭിക്കുന്നതിന് 10-6-2013-ൽ പുറപ്പെടുവിച്ച ജി.ഒ.(എം.എസ്) നമ്പർ 184/2013/പൊ.വി.വ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിലും സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്നതിന് 7-10-2011-ൽ പുറപ്പെടുവിച്ച ജി.ഒ.(എം.എസ്) നമ്പർ 202/11/പൊ.വി.വ. ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിലും സർക്കാർ മേഖലയിലെ അദ്ധ്യാപകർ വാങ്ങുന്ന ശമ്പളംതന്നെയാണ് അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും നൽകേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ അംഗീകാരമുള്ള അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനമെങ്കിലും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കിയ "കേരള പെയ്മെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺ-എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ" എന്ന പേരിലുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചു വരികയാണ്.

**ഹൈ-ടെക് ക്ലാസ് മുറികൾ**

165 (3208) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകളെയാണ് ഹൈ-ടെക് ക്ലാസ് മുറികൾ സ്ഥാപിക്കുന്നതിനായി പരിഗണിച്ചിരുന്നത്;

(ബി) ഏതെല്ലാം സ്കൂളുകളിൽ ഇത് സ്ഥാപിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഇനി സ്ഥാപിക്കാനുള്ള സ്കൂളുകളിൽ അവ എന്നത്തേക്ക് സ്ഥാപിക്കും എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) 58 സ്കൂളുകളിലായി 445 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കി മാറ്റിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) സ്കൂളുകൾ സജ്ജമാക്കുന്ന ക്ലാസ്സ് മുറികളിലേയ്ക്ക് ഉപകരണങ്ങളും സൗകര്യങ്ങളും ലഭ്യമാക്കി ഹൈടെക് ആക്കുകയാണ് ചെയ്യുന്നത്. മണ്ഡലത്തിൽ നിലവിൽ സജ്ജമായ എല്ലാ ക്ലാസ്സ് മുറികളിലേയ്ക്കും ഉപകരണങ്ങളും സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

**മങ്കട നിയോജക മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായുള്ള പ്രവൃത്തികൾ**

166 (3209) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിലെ പാങ്ങ് ഗവൺമെന്റ് ജി.യു.പി.ക്ക് അനുവദിച്ച ഒരു കോടി രൂപയുടെ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിലെ മറ്റ് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ ) മങ്കട നിയോജക മണ്ഡലത്തിലെ പാങ്ങ് ഗവ. യു.പി. സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകി അടിയന്തരമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നിർവ്വഹണ ഏജൻസിയായ തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മങ്കട നിയോജക മണ്ഡലത്തിൽ മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട മക്കരപ്പറമ്പ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിന് കിഫ്ബി പദ്ധതി പ്രകാരം 5 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകി കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റാന്നി നിയോജകമണ്ഡലത്തിലെ നാല് സർക്കാർ സ്കൂളുകൾ

167 (3210) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ നാല് സർക്കാർ സ്കൂളുകളുടെ പഴയ കെട്ടിടങ്ങൾക്ക് പകരം പുതിയവ നിർമ്മിക്കുന്നതിന് പ്ലാൻ ഫണ്ട് ലഭ്യമാക്കുന്നതിനായി നൽകിയ പ്രൊപ്പോസലിന് സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഭരണാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) റാന്നി നിയോജക മണ്ഡലത്തിലെ സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ലഭിച്ച പ്രൊപ്പോസലുകളിൽ 2018-19 സാമ്പത്തിക വർഷത്തിലെ തുക വിനിയോഗിച്ച് ഗവ. യു.പി. സ്കൂൾ, പുതുശ്ശേരിമല, റാന്നി (42.50 ലക്ഷം രൂപ), ഗവ. എൽ.പി.ജി സ്കൂൾ, റാന്നി (60 ലക്ഷം രൂപ) എന്നീ സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

## വൈക്കം ഗവ. യു.പി. സ്കൂൾ കെട്ടിട നിർമ്മാണം

168 (3211) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി വൈക്കം ഗവ. യു.പി. സ്കൂൾ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് പ്ലാൻ ഫണ്ട് ലഭ്യമാക്കുന്നതിനായി നൽകിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്; ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിക്ക് എന്നത്തേയ്ക്ക് തുക അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 2018-19 സാമ്പത്തിക വർഷത്തിലെ തുക വിനിയോഗിച്ച് ഗവ. യു.പി. സ്കൂൾ, പുതുശ്ശേരിമല, റാന്നി (42.50 ലക്ഷം രൂപ), ഗവ. എൽ.പി.ജി. സ്കൂൾ, റാന്നി (60 ലക്ഷം രൂപ) എന്നീ സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി നൽകിയതിനാൽ റാന്നി നിയോജക മണ്ഡലത്തിലെ റാന്നി വൈക്കം യു.പി. സ്കൂളിന് നടപ്പുവർഷം കെട്ടിട നിർമ്മാണത്തിനായി തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

**കൊല്ലം ജില്ലയിലെ ഹെറിറ്റേജ് സ്കൂളുകൾ**

169 (3212) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നൂറ്റിഅമ്പത് വർഷത്തിലധികം പഴക്കമുള്ള എത്ര ഹെറിട്ടേജ് സ്കൂളുകളാണ് കൊല്ലം ജില്ലയിലുള്ളത്; അവ ഏതെല്ലാമാണ്; ഹെറിട്ടേജ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രത്യേകം പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

മൂന്ന് സ്കൂളുകൾ.

1. ജി.വി.എച്ച്.എസ്. & എച്ച്.എസ്. ഫോർ ഗേൾസ് കൊട്ടാരക്കര.

2. ജി.റ്റി.യു.പി.എസ്. കൊട്ടാരക്കര

3. ജി.എം.എച്ച്.എസ്. ഫോർ ബോയ്സ്, കൊല്ലം.

2018-19 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 150-ലധികം വർഷം പഴക്കമുള്ള എല്ലാ ഹെറിറ്റേജ് സ്കൂളുകൾക്കും പ്രത്യേക ധനസഹായം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ച് വരുന്നു.

**മാതമംഗലം ഗവ. എൽ.പി. സ്കൂൾ നവീകരണം**

170 (3213) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ മാതമംഗലം ഗവ. എൽ.പി. സ്കൂൾ നവീകരണ പ്രവൃത്തി തുടങ്ങാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ഉത്തരം

മാതമംഗലം ഗവ. എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണ നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രവുമായി എഗ്രിമെന്റിൽ ഏർപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുകയും കെട്ടിട നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നിർവ്വഹണ ഏജൻസിക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

## കോതമംഗലം മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ

171 (3214) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതികൾക്കായി (അഞ്ച് കോടി രൂപ, മൂന്ന് കോടി രൂപ, ഒരു കോടി രൂപ) കോതമംഗലം നിയോജക മണ്ഡലത്തിലെ താഴെ പറയുന്ന സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

1. 5 കോടി രൂപ – ഗവ. മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ, ചെറുവട്ടൂർ

2. 3 കോടി രൂപ – ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പല്ലാരിമംഗലം

3. 1 കോടി രൂപ – ഗവ. എൽ.പി.എസ്, ഇളങ്ങവം

കൂടാതെ, 2018-19 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ കോതമംഗലം മാതിരപ്പള്ളി ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 150 ലക്ഷം രൂപ അനുവദിച്ച് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി & സി) അഞ്ച് കോടി രൂപ പദ്ധതിയിലെ ചെറുവട്ടൂർ ഗവ. മോഡൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. മൂന്ന് കോടി രൂപ പദ്ധതിയിലെ പല്ലാരിമംഗലം ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ ടെണ്ടർ നടപടികൾ സത്വരമായി നടന്നുവരുന്നു. 1 കോടി രൂപ പദ്ധതിയിലെ ഇളങ്ങവം ഗവ. എൽ.പി. സ്കൂളിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

**കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണം**

172 (3215) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിലുള്ള കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബി വഴി അനുവദിച്ച തുകയുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളിൽ നിലവിൽ നടക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; കിഫ്ബി വഴി ഏതെല്ലാം പ്രവൃത്തികളാണ് ചെയ്യുന്നതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോന്നി നിയോജക മണ്ഡലത്തിലെ കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണത്തിനായി 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ ഗ്രൗണ്ട് ഫ്ലോറിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. ഒന്നാം നിലയുടെ 40% സ്ട്രക്ച്ചറൽ നിർമ്മാണം പൂർത്തിയായി.

(ബി & സി) കിഫ്ബി വഴി അനുവദിച്ച തുകയ്ക്കുള്ള ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്കൂളുകൾ അന്തർദേശീയ നിലവാരത്തിലേക്കുയർത്താൻ നടപടി**

173 (3216) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി, കണ്ടശ്ശാംകടവ് ഹയർ സെക്കണ്ടറി സ്കൂളുകൾ അന്തർദേശീയ നിലവാരത്തിലേക്കുയർത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമായി മാറ്റുന്നതിന് കിഫ്ബി അംഗീകാരത്തോടെ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2017-18 വർഷം തെരഞ്ഞെടുത്ത സ്കൂളുകളിൽ കണ്ടശ്ശാംകടവ് ഹയർ സെക്കണ്ടറി സ്കൂൾ ഉൾപ്പെട്ടിട്ടില്ല.

(ബി) മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി മണ്ണ് മാറ്റുന്ന പ്രക്രിയ നടന്നുവരുന്നു.

(സി) 2019 ജൂൺ മാസത്തോടെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കൊട്ടാരക്കര എയ്ഡഡ് സ്കൂളുകൾക്കുള്ള ചലഞ്ച് ഫണ്ട്**

174 (3217) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽനിന്നും എത്ര എയ്ഡഡ് സ്കൂളുകൾ ചലഞ്ച് ഫണ്ട് ലഭിക്കുന്നതിനായി മാസ്റ്റർ പ്ലാൻ സമർപ്പിച്ചിരുന്നു എന്നും അവ ഏതെല്ലാം സ്കൂളുകൾ ആണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഓരോ സ്കൂളിലും അനുവദിക്കുന്ന തുകയുടെ വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ ആയത് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകളിൽ ഏതെങ്കിലും സ്കൂളുകൾ സർക്കാർ വിഹിതത്തിന് തുല്യമായ തുക ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എസ്.കെ. വി. വി. എച്ച്. എസ്. എസ്, തൃക്കണ്ണമംഗൽ സ്കൂളാണ് ചലഞ്ച് ഫണ്ടിനായി പ്രൊപ്പോസൽ നൽകിയിട്ടുള്ളത്.

(ബി) ഉണ്ട്. ഓരോ സ്കൂളും സമർപ്പിക്കുന്ന എസ്റ്റിമേറ്റിന് ആനുപാതികമായി 50% തുക (പരമാവധി ഒരു കോടി രൂപ വരെ) സർക്കാർ നൽകുന്നതാണ്. ഭരണാനുമതി പുറപ്പെടുവിച്ചശേഷം നിബന്ധനകൾ പാലിക്കുന്ന സ്കൂളുകൾക്ക് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ട്രഷറിയിൽ തുക നിക്ഷേപിച്ചിട്ടില്ല.

**ചലഞ്ച് ഫണ്ട്**

175 (3218) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് വിദ്യാലയങ്ങളെ സഹായിക്കുന്നതിനു വേണ്ടി സർക്കാർ പ്രഖ്യാപിച്ച ചലഞ്ച് ഫണ്ട് വഴി എത്ര വിദ്യാലയങ്ങൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം സ്കൂളുകളെയാണ് ഇതിനായി തെരഞ്ഞെടുത്തതെന്നും വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് പ്രസ്തുത ഫണ്ട് നൽകിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചലഞ്ച് ഫണ്ടിനായി സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) കാസർഗോഡ് ജില്ലയിൽനിന്നും താഴെ പറയുന്ന മൂന്ന് സ്കൂളുകൾ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

1. ഉദിനൂർ സെൻട്രൽ എ.യു.പി. സ്കൂൾ
2. സെന്റ് മേരീസ് എ.യു.പി. സ്കൂൾ, മാലക്കല്ല്
3. ഹോളി ഫാമിലി എച്ച്.എസ്.എസ്, രാജപുരം

**കായംകുളം മണ്ഡലത്തിലെ സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള തുക**

176 (3219) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ഹൈസ്കൂൾ-ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2017-18, 2018-19 നാളിതുവരെയുള്ള അദ്ധ്യയന വർഷം സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പദ്ധതികൾ ഏതൊക്കെയെന്നും അനുവദിച്ചിട്ടുള്ള തുകയിൽ എത്രമാത്രം വിനിയോഗിച്ചിട്ടുണ്ട് എന്നുള്ളതിന്റെ വിശദാംശങ്ങൾ സ്കൂളുകൾ തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

കായംകുളം നിയോജക മണ്ഡലത്തിൽ മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട കായംകുളം ജി.ബി.എച്ച്.എസ്.എസ്-ന് 5 കോടി രൂപയുടെ പദ്ധതിയും, രാമപുരം ഗവ. എച്ച്.എസ്.എസ്-ന് 3 കോടി രൂപയുടെ പദ്ധതയും കിഫ്ബി മുഖാന്തരം അനുവദിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ നിന്നും കായംകുളം നിയോജക മണ്ഡലത്തിലെ 4 സ്കൂളുകൾക്ക് 'ശ്രദ്ധ' പദ്ധതിയിൽ ഉൾപ്പെടുത്തി 29015 (ഇരുപത്തിയൊൻപതിനായിരത്തി പതിനഞ്ച്) രൂപയും, ജൈവ വൈവിധ്യ ഉദ്യാനം പദ്ധതിയുടെ ഭാഗമായി 7 സ്കൂളുകൾക്കായി 70,000 (എഴുപതിനായിരം) രൂപയും (10,000 രൂപ വീതം), യൂണിഫോം വിതരണത്തിനായി 4,14,000 (നാലു ലക്ഷത്തി പതിനാലായിരം) രൂപയും നൽകിയിട്ടുണ്ട്. സ്കൂൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-1*-ൽ ചേർത്തിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ ജൈവ വൈവിധ്യ ഉദ്യാനം പദ്ധതിക്കായി 15 സ്കൂളുകൾക്ക് 10,000 രൂപ വീതം അനുവദിച്ചു. യൂണിഫോം വിതരണത്തിനായി 5,96,400 (അഞ്ചുലക്ഷത്തി തൊണ്ണൂറ്റാറായിരത്തി നാനൂറ്) രൂപയും കായംകുളം മണ്ഡലത്തിലെ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. സ്കൂൾ തിരിച്ചിട്ടുള്ള വിശദാംശങ്ങൾ അനുബന്ധം -2-*ൽ ചേർത്തിട്ടുണ്ട്. ഹയർ സെക്കണ്ടറി മേഖലയിൽ നിന്നും കായംകുളം ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ ആധുനിക രീതിയിലുള്ള ലബോറട്ടറികൾ സജ്ജീകരിക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

**മാനന്തവാടി മണ്ഡലത്തിലെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം**

177 (3220) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിൽനിന്നും 3 കോടി രൂപ അനുവദിച്ച മാനന്തവാടി മണ്ഡലത്തിലെ സ്കൂളുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത സ്കൂളുകളിൽ ഇതുമായി ബന്ധപ്പെട്ട പ്രവൃത്തി ഏത് ഘട്ടത്തിലാണ് ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി എത്ര വർഷം വേണമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എച്ച്.എസ്.എസ് വെള്ളമുണ്ട, ജി.എച്ച്.എസ്.എസ് കാട്ടിക്കുളം, ജി.എച്ച്.എസ്.എസ്. പനമരം

(ബി & സി) പ്രസ്തുത സ്കൂളുകൾക്ക് ഭരണാനുമതിയും കിഫ്ബിയുടെ അനുമതിയും ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ 'കൈറ്റ്' മുഖേന സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മലയിൻകീഴ് ഹൈസ്കൂളിൽ കലാ-കായിക സാംസ്കാരിക പാർക്ക്**

178 (3221) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കാട്ടാക്കട മണ്ഡലത്തിലെ മലയിൻകീഴിൽ ഹൈസ്കൂളുകൾ കേന്ദ്രീകരിച്ച് കലാ-കായിക സാംസ്കാരിക പാർക്ക് സ്ഥാപിക്കുമെന്ന ബഹു. മുഖ്യമന്ത്രിയുടെ പ്രഖ്യാപനം സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഉണ്ട്, സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വിദ്യാലയങ്ങളെ മാലിന്യ മുക്തമാക്കുന്നതിനുള്ള പദ്ധതി**

179 (3222) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളെ മാലിന്യ മുക്തമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതു വിദ്യാഭ്യാസ രംഗത്ത് ഏറെ ദൂരം മുന്നോട്ടു പോയ ഈ സർക്കാരിന് അടുത്ത ഘട്ടത്തിൽ സ്കൂളുകൾ പൂർണമായും മാലിന്യ വിമുക്ത മാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹരിത ചട്ടം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ/ഹരിത കേരളം മിഷൻ നിർദ്ദേശങ്ങൾ യഥാസമയം പാലിക്കുന്നതിന് പൊതുവിദ്യാലയങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരള സ്ക്രാപ് മെർച്ചന്റ് അസോസിയേഷനുമായി ചേർന്നുകൊണ്ട് സ്കൂളുകളിൽ പ്ലാസ്റ്റിക് കുപ്പികൾ ശേഖരിച്ച് കൈമാറുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന പൊതുപരിപാടികൾ ഹരിത ചട്ടം പാലിച്ചുകൊണ്ടുമാത്രമേ നടത്താവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റുക എന്ന സർക്കാർ ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് കുട്ടികൾക്ക് വലിയ പങ്ക് വഹിക്കുവാൻ കഴിയും. അത് തിരിച്ചറിഞ്ഞുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

## പറങ്കിമൂച്ചിക്കൽ, കരേക്കാട്,ചുന്നൂർ(പൊൻമള)എന്നീ ഗവ. എൽ.പി. സ്കൂളുകളുടെ അപേക്ഷ

180 (3223) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകൾക്കായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കണമെന്ന അപേക്ഷയുമായി കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പറങ്കിമൂച്ചിക്കൽ, കരേക്കാട്,ചുന്നൂർ(പൊൻമള) എന്നീ ഗവഃ എൽ.പി. സ്കൂളുകളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;പ്രസ്തുത വിഷയത്തിൽ ഡി.പി.ഐ സ്വീകരിച്ച നടപടികൾ എന്തെന്ന്അറിയിക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;ഇതുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത കെട്ടിടം നിർമ്മിക്കുവാനുള്ള അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പറങ്കിമൂച്ചിക്കൽ ഗവ. എൽ.പി. സ്കൂളിന് 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽനിന്നും 100 ലക്ഷം രൂപ (നൂറ് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മറ്റ് സ്കൂളുകളുടെ കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

## ദുരന്ത നിവാരണം, ട്രാഫിക് നിയമങ്ങൾ, പ്രഥമ ശുശ്രൂഷ എന്നിവ പാഠ്യപദ്ധതിയിൽ

181 (3224) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരത്തുകളിൽ ഉണ്ടാകുന്ന അപകടങ്ങളിൽ ഭൂരിഭാഗവും ട്രാഫിക് നിയമങ്ങൾ പാലിക്കാത്തത് കൊണ്ടുള്ളതാണെന്നതിനാൽ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിൽ ദുരന്ത നിവാരണം, ട്രാഫിക് നിയമങ്ങൾ, പ്രഥമ ശുശ്രൂഷ എന്നിവ സംബന്ധിച്ച പാഠഭാഗങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ദുരന്തനിവാരണത്തെക്കുറിച്ചും ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിനെക്കുറിച്ചും പ്രഥമശുശ്രൂഷ നൽകുന്നതിനെക്കുറിച്ചും വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്താംതരം വരെയുള്ള വിവിധ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ദുരന്ത നിവാരണം, ട്രാഫിക് നിയമങ്ങൾ, പ്രഥമ ശുശ്രൂഷ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രഥമ ശുശ്രൂഷാ മാർഗ്ഗങ്ങളെയും രീതികളെയും സംബന്ധിച്ച് വളരെ വിശദമായ ഉള്ളടക്ക ഭാഗങ്ങൾ വിവിധ ക്ലാസ്സുകളിലെ ആരോഗ്യ കായിക വിദ്യാഭ്യാസം ആക്ടിവിറ്റി ബുക്കിലും ബയോളജി പാഠപുസ്തകങ്ങളിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിനെ സംബന്ധിച്ച് വിവിധ ക്ലാസ്സുകളിലെ സാമൂഹ്യ പാഠപുസ്തകങ്ങളിലും ആരോഗ്യ കായിക വിദ്യാഭ്യാസ പുസ്തകങ്ങളിലും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ കുട്ടികൾക്ക് അധിക വായനയ്ക്കായി എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ ദുരന്ത നിവാരണ മാർഗ്ഗങ്ങളെ സംബന്ധിച്ച് ഒരു റഫറൻസ് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.

**പ്രീ സ്കൂൾ വിദ്യാഭ്യാസം ഒരു കുടക്കീഴിൽ**

182 (3225) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ സ്കൂൾ വിദ്യാഭ്യാസം ഇനി ഒരു കുടക്കീഴിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) അങ്കണവാടികളെ പ്രീ സ്കൂളുമായി ബന്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം ഉറപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടോ;വ്യക്തമാക്കാമോ

(സി) ഭൗതിക സാഹചര്യങ്ങളുള്ള എത്ര സ്കൂളുകളെയാണ് ആദ്യ ഘട്ടത്തിൽ പദ്ധതിക്കായി തിരഞ്ഞെടുക്കുക എന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ കാര്യം പരിശോധിച്ചുവരികയാണ്.

(ബി) സമഗ്ര ശിക്ഷ-കേരളം പദ്ധതിയുടെ സാദ്ധ്യത കണക്കിലെടുത്ത് സർക്കാർ ഓണറേറിയം നൽകുന്ന ഒരു പ്രീ-സ്കൂളിനെ മുഖ്യ കേന്ദ്രവും തൊട്ടടുത്ത

3 - 4 അങ്കണവാടികളെ ഉപകേന്ദ്രങ്ങളായും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഒരു പ്രീ-സ്കൂളിംഗ് സംവിധാനം വികസിപ്പിക്കാനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

(സി) പൈലറ്റ് പദ്ധതി എന്ന നിലയിൽ സംസ്ഥാനത്തെ ജില്ലയിൽ 30 സ്കൂളുകൾ എന്ന കണക്കിൽ ആകെ 420 പ്രീ-പ്രൈമറി സ്കൂളുകളെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. സമഗ്ര ശിക്ഷയുടെ നേതൃത്വത്തിലാണ് സ്കൂൾതല പദ്ധതി നിർവ്വഹിക്കുന്നത്.

## പ്രീ സ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം

183 (3226) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ സ്കൂൾ അദ്ധ്യാപകരായി വിവിധ വിദ്യാലയങ്ങളിൽ നിയമിതരായ അദ്ധ്യാപകർക്ക് പരിശീലനം നൽകാൻ പൊതുവിദ്യാഭ്യാസവകുപ്പ് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ സ്കൂൾ പി.ടി.എ. കൾ നടത്തുന്നതും സർക്കാർ അംഗീകാരമില്ലാത്തതുമായ പ്രീ സ്കൂൾ ടീച്ചർമാരെ പരിശീലനത്തിന് പരിഗണിക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ജനശിക്ഷൻ സംസ്ഥാനിൽ നിന്നും പ്രീ പ്രൈമറി ആന്റ് ഏർളി ചൈൽഡ് ഹുഡ് എഡ്യുക്കേഷൻ സർട്ടിഫിക്കറ്റ് കോഴ്സ് പാസായവരെ ഔദ്യോഗിക പരിശീലന പരിപാടികളിൽ നിന്നും മാറ്റിനിർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇവരെയും പരിശീലനപരിപാടികളിൽ പങ്കെടുപ്പിക്കുന്നതിനും അംഗീകാരം നൽകുന്നതിനും നടപടി കൈക്കൊള്ളുമോ?

### ഉത്തരം

(എ) ഉണ്ട്. അദ്ധ്യാപകർക്കും ആയമാർക്കും പരിശീലനം നൽകുന്നതിന് എസ്.സി.ഇ.ആർ.ടി. പരിശീലന മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ജില്ലയിലെ പരിശീലനം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റും ക്ലസ്റ്റർതല പരിശീലനം എസ്.എസ്.എ.യുമാണ് നടത്തുന്നത്. ക്ലസ്റ്റർതല പരിശീലനത്തിൽ പി.ടി.എ.യുടെ നിയന്ത്രണത്തിലുള്ള സർക്കാർ അംഗീകാരമില്ലാത്ത പ്രീ-സ്കൂൾ ടീച്ചർമാരെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഈ കാര്യം പരിശോധിക്കുന്നതാണ്.

**ഹയർസെക്കണ്ടറിയായി ഉയർത്തിയ ഹൈസ്കൂളുകൾ**

184 (3227) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 അദ്ധ്യയന വർഷത്തിൽ എത്ര ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറിയായി ഉയർത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 3172014ലെ 143/2014 നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരമാണോ 2016-2017 ആദ്ധ്യയന വർഷം മലപ്പുറം ജില്ലയിലെ വളാഞ്ചേരി ഗേൾസ് ഹൈസ്കൂളിന് ഹയർ സെക്കണ്ടറി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2016-17 അദ്ധ്യയന വർഷത്തിൽ ഹൈസ്കൂളുകൾ ഒന്നും ഹയർ സെക്കണ്ടറിയായി ഉയർത്തിയിട്ടില്ല.

(ബി) 24-11-2014-ലെ സ.ഉ. (കൈ.) നമ്പർ 247/2014/പൊ.വി. നമ്പർ ഉത്തരവുകൊണ്ട് പരിഷ്കരിച്ച 31-7-2014-ലെ സ.ഉ. (കൈ.) നമ്പർ 143/2014/ പൊ.വി. ഉത്തരവ് പ്രകാരമാണ് വളാഞ്ചേരി ഗേൾസ് ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ചിട്ടുള്ളത്. 2016-17 അദ്ധ്യയന വർഷം ടി സ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ചിട്ടില്ല. 2014-ൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതിരുന്നതിനാൽ പ്രവർത്തനം ആരംഭിക്കാതിരുന്ന ടി സ്കൂളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 2016-17 അദ്ധ്യയന വർഷം മുതൽ പ്രവർത്തനാനുമതി നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

**എച്ച്.എസ്.എ ഫിസിക്കൽ സയൻസ് പരീക്ഷയുടെ യോഗ്യത**

185 (3228) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി നടത്തിയ എച്ച്.എസ്.എ ഫിസിക്കൽ സയൻസ്-2018 പരീക്ഷയുടെ യോഗ്യത സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഫിസിക്സിൽ ബിരുദം നേടിയവർക്ക് ഈ തസ്തികയ്ക്ക് കെമിസ്ട്രി ഉപവിഷയം ആയി പഠിച്ചിരിക്കണമെന്ന് വിജ്ഞാപനത്തിൽ വ്യക്തമാക്കിയിരുന്നോ;

(സി) പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പി.എസ്.സി. നടത്തിയ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ്-2018 പരീക്ഷയുടെ വിജ്ഞാപന പ്രകാരമുള്ള യോഗ്യത ചുവടെ ചേർക്കുന്നു. (വിശദമായി അനുബന്ധം (A)* യിൽ വായിക്കാവുന്നതാണ്).

A Degree in the concerned subject and B.Ed/BT in the concerned subject conferred or recognised by the Universities in Kerala. The applicant should have taken Physics/Chemistry as main subject for graduation. Degree in Geology (Main) with Physics and Chemistry as subsidiary subject with B.Ed Degree (Physical Science) can also be considered as an alternative qualification and the candidates who have acquired B.Sc.Ed in Physics, Chemistry, Mathematics stream conducted by the Regional Institute of Education, Mysore of NCERT are also eligible to apply for the post.

(ബി & സി) ഇല്ല. എന്നാൽ KAT-യുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി പിന്നീട് നിലപാട് സ്വീകരിച്ചിട്ടുണ്ട്. എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിൽ സബ്സിഡിയറി വിഷയങ്ങളുടെ പേരിൽ നിയമനം ലഭിക്കാത്തതിനെ തുടർന്ന് നിരവധി ഉദ്യോഗാർത്ഥികൾ സർക്കാരിൽ പരാതിപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ബിരുദതലത്തിൽ സബ്സിഡിയറി വിഷയങ്ങൾ പരിഗണിക്കണോ അതോ ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾ ബിരുദതലത്തിൽ മുഖ്യവിഷയമായോ സബ്സിഡിയറി വിഷയമായോ പഠനം പൂർത്തിയാക്കിയവരെ മാത്രം എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിലേയ്ക്ക് പരിഗണിച്ചാൽ മതിയോ എന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**പ്രധാന അദ്ധ്യാപകരായി ഉദ്യോഗക്കയറ്റം**

186 (3229) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഏത് കാലയളവിൽ എച്ച്.എസ്.എ.-യായി ജോലിയിൽ പ്രവേശിച്ച അദ്ധ്യാപകരെയാണ് പ്രധാന അദ്ധ്യാപകരായി ഉദ്യോഗക്കയറ്റം നല്കി നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അവസാനമായി ഉദ്യോഗക്കയറ്റം നല്കി പ്രധാന അദ്ധ്യാപകരായി നിയമിച്ചിട്ടുള്ളവർ എച്ച്.എസ്.എ. മുൻഗണന ലിസ്റ്റിലെ എത്രാമതുള്ളയാളാണ് എന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിലവിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ തസ്തികയിൽ എത്ര ഒഴിവ് നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1-1-1997 മുതൽ 31-12-2000 വരെയുള്ള കാലഘട്ടത്തിൽ എച്ച്.എസ്.എ. ആയി നിയമനം ലഭിച്ച് സർവ്വീസിൽ തുടർന്ന് വരുന്നവർക്കാണ് ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തത്തുല്യ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചുവരുന്നത്.

(ബി) 1-1-1997 മുതൽ 31-12-2000 വരെയുള്ള എച്ച്.എസ്.എ. മാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 889 വരെയുള്ളവർക്ക് ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

(സി) നിലവിൽ ഹൈസ്കൂൾ പ്രധാന അദ്ധ്യാപകർ/തത്തുല്യ തസ്തികയിൽ 16 ഒഴിവുകൾ നിലവിലുണ്ട്.

**എച്ച്.എസ്.എസ്.ടി. കോമേഴ്സ് (ജൂനിയർ)തസ്തിക**

187 (3230) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 -ൽ അധിക ബാച്ച് അനുവദിച്ചതും മതിയായ വിദ്യാർത്ഥികൾ ഉള്ളതുമായ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 259 എച്ച്.എസ്.എസ്.ടി തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഓരോ വിഷയത്തിനും എത്ര തസ്തിക വീതമാണ് സൃഷ്ടിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(സി) എച്ച്.എസ്.എസ്.ടി. കോമേഴ്സ് (ജൂനിയർ) വിഷയത്തിന് തസ്തിക അനുവദിച്ചിട്ടുണ്ടോ; ഈ തസ്തികയിലേക്ക് 538/2014 SSVII എന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 17-10-2018-ലെ സ.ഉ. (കൈ.)നമ്പർ 153/2018/പൊ.വി.വ. പ്രകാരം 2015-16 അദ്ധ്യയന വർഷം അനുവദിച്ച ബാച്ചുകളിൽ മതിയായ വിദ്യാർത്ഥികളുള്ള സർക്കാർ സ്കൂളുകളിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി * ചേർക്കുന്നു.

(സി) ഉണ്ട്. റാങ്ക് ലിസ്റ്റ് നിലവിലുണ്ടെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നൽകുന്നതാണ്.

## എച്ച്.എസ്.എസ്.ടി. കോമേഴ്സ് (ജൂനിയർ) അദ്ധ്യാപകരുടെ ഒഴിവുകൾ

188 (3231) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-6-2017 ൽ നിലവിലുണ്ടായിരുന്ന എച്ച്.എസ്.എസ്.ടി കോമേഴ്സ് (ജൂനിയർ) അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്നും ഈ പ്രക്രിയകൾ രണ്ട് മാസത്തിനുള്ളിൽ പൂർത്തീയാക്കണമെന്നും എറണാകുളം ട്രിബ്യൂണൽ കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാറ്റഗറി നമ്പർ 459/2010 റാങ്ക് ലിസ്റ്റിലുള്ളവരെ ഹിയറിംഗിന് വിളിച്ചിരുന്നുവോ; ഹിയറിംഗ് നടത്തിയതിൻ മേൽ എന്ത് നടപടി സ്വീകരിച്ചു; ഇതിൻമേൽ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാറ്റഗറി 459/10 (ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ കോമേഴ്സ്, ജൂനിയർ) റാങ്ക് ലിസ്റ്റിലുള്ളവരെ ഹിയറിംഗ് നടത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

## എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് ജൂനിയർ തസ്തിക

189 (3232) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിഭാഗത്തിൽ എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് ജൂനിയർ തസ്തികയിൽ എത്ര ഒഴിവുകൾ ഇതിനോടകം പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് ജൂനിയർ തസ്തികയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എത്ര ഒഴിവുകൾ നേരിട്ടുള്ള നിയമത്തിനായി മാറ്റി വച്ചിട്ടുണ്ട്;

(സി) മറ്റ് നിയമനങ്ങൾക്കായി മാറ്റി വച്ച ഒഴിവുകൾ എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 113 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 89 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് മാറ്റിവച്ചിട്ടുണ്ട്.

(സി) ബൈട്രാൻസ്ഫർ നിയമനത്തിനായി 24 ഒഴിവുകൾ മാറ്റിവച്ചിട്ടുണ്ട്.

**സർവീസ് ബുക്ക് വെരിഫിക്കേഷൻ**

190 (3233) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ശ്രീനാരായണ ഹയർ സെക്കണ്ടറി സ്കൂളിലെ ഇംഗ്ലീഷ് അദ്ധ്യാപികയായ ശ്രീമതി.മഞ്ജു.എം.മദനന്റെ സർവീസ് ബുക്ക് വെരിഫിക്കേഷനായി തിരുവനന്തപുരം റീജിയണൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റിൽ എന്ന് ലഭിച്ചുവെന്നും വെരിഫിക്കേഷൻ കഴിഞ്ഞ് ആയത് എന്ന് മടക്കി നൽകി എന്നും വ്യക്തമാക്കുമോ;

(ബി) വെരിഫിക്കേഷന് കാലതാമസം നേരിട്ടിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; ഇതിന്മേൽ സ്വീകരിച്ച ദൈനംദിന നടപടിക്രമം (കോഴ്സ് ഓഫ് ആക്ഷൻ) സംബന്ധിച്ച രേഖകൾ ലഭ്യമാക്കുമോ;

(സി) സർവ്വീസ് ബുക്കിലെ എൻട്രികളുടെ കൃത്യത ഉറപ്പുവരുത്താതെയാണ് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഒപ്പ് രേഖപ്പെടുത്തി മടക്കിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മേൽവിഷയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; തിരുവനന്തപുരം റീജിയണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ ഫയലുകൾ, അദ്ധ്യാപകരുടെ സർവ്വീസ് ബുക്ക്, ലീവ് അപേക്ഷകൾ എന്നിവ കൈകാര്യം ചെയ്യുന്നതിൽ അനാവശ്യമായ കാലതാമസം നേരിടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) തിരുവനന്തപുരം റീജിയണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ; ഇക്കാര്യത്തിൽ അപര്യാപ്തത ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചാത്തന്നൂർ ശ്രീനാരായണ ഹയർ സെക്കണ്ടറി സ്കൂളിലെ ഇംഗ്ലീഷ് അദ്ധ്യാപികയായ ശ്രീമതി മഞ്ജു എം. മദനന്റെ സേവന പുസ്തകം 2-8-2018-ൽ തിരുവനന്തപുരം മേഖലാ ഉപമേധാവിയുടെ കാര്യാലയത്തിൽ ലഭിക്കുകയും 25-10-2018-ന് ബന്ധപ്പെട്ട പ്രിൻസിപ്പാളിന് മടക്കി അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബന്ധപ്പെട്ട രേഖകൾ അനുബന്ധമായി * ചേർത്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല, രണ്ട് ജില്ലകളിലെ ഹയർ സെക്കണ്ടറി സ്കൂളുകളുടെ ഭരണപരമായ മുഴുവൻ ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുമ്പോളുണ്ടാകുന്ന ജോലിഭാരംമൂലമുള്ള കാലതാമസമാണെന്നാണ് അനുമാനിക്കുന്നത്. ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ക്ളർക്ക് -10, ഓഫീസ് അറ്റൻഡന്റ് -2, ടൈപ്പിസ്റ്റ് -2, ജൂനിയർ സൂപ്രണ്ട് -1, അക്കൗണ്ട്സ് ഓഫീസർ -1, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ-1. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കോന്നി മാങ്കോട് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം**

191 (3234) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലുള്ള മാങ്കോട് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണത്തിന് അഞ്ച്കോടി രൂപ അനുവദിക്കുന്നതിലേയ്ക്കായി എം.എൽ.എ. ബഹു. മന്ത്രീക്ക് നൽകിയ കത്തു പ്രകാരം പൊതുമരാമത്ത് വകുപ്പ് 365 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ആയത് ഡി.പി.ഐ -ലും തുടർന്ന് ഹയർ സെക്കന്ററി ഡയറക്ടർക്കും നൽകിയിരുന്നു.ആയതിന്മേൽ എന്തെങ്കിലും തുടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്തല്ലാമാണ്; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ബജറ്റ് വിഹിതം പരിമിതമായതു കൊണ്ട് ഉൾപ്പെടുത്താതിരുന്ന പ്രസ്തുത പ്രവൃത്തി ഈ വർഷം ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) കോന്നി നിയോജക മണ്ഡലത്തിലുള്ള മാങ്കോട് എച്ച്.എസ്.എസ്.ന്റെ കെട്ടിട നിർമ്മാണത്തിനായി 365 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിരുന്നു. ഈ വർഷത്തെ കെട്ടിട നിർമ്മാണം സംബന്ധിച്ച് ഭരണാനുമതി നൽകിയ സ്കൂളുകളുടെ ലിസ്റ്റിൽ ടി സ്കൂൾ ഉൾപ്പെട്ടിട്ടില്ല. അടുത്ത വർഷത്തെ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വേങ്ങര വലിയോറ സർക്കാർ യു. പി. സ്കൂളിൽ ഓട്ടിസം സെന്റർ**

192 (3235) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സാമ്പത്തിക സഹായത്താൽ വേങ്ങര വലിയോറ സർക്കാർ യു.പി.സ്കൂളിൽ ഓട്ടിസം സെന്ററിനായി പുതിയ ഒരു കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ടോ;ആയത് എന്ന് മുതൽ പ്രവർത്തനമാരംഭിച്ചുവെന്നും ആയതിലേക്ക് ആവശ്യമായ ജീവനക്കാരുടെ നിയമനം പൂർത്തിയായിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ഓട്ടിസം സെന്ററിന് ആവശ്യമായ ഫർണ്ണീച്ചറുകളും മറ്റു ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;ഇത് എന്നത്തേയ്ക്ക് ലഭ്യമാകുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഓട്ടിസം സെന്റർ അടിയന്തരമായി പ്രവർത്തനമാരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ഓട്ടിസം സെന്ററിനായി മലപ്പുറം ജില്ലയിലെ വേങ്ങര വലിയോറ സർക്കാർ യു.പി. സ്കൂളിൽ നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ 90% നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

ഇലക്ട്രിഫിക്കേഷൻ ജോലികൾ ബാക്കിയുണ്ട്. പ്രസ്തുത ഓട്ടിസം സെന്റർ പൂർണ്ണമായി പ്രവർത്തന സജ്ജമായിക്കഴിഞ്ഞാൽ സമഗ്ര ശിക്ഷാ അഭിയാന്റെ കീഴിലുള്ള ബ്ലോക്ക് റിസോഴ്സ് സെന്ററിലെ ജീവനക്കാരുടെ സേവനം വിനിയോഗിക്കുവാൻ കഴിയുന്നതാണ്.

## സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

193 (3236) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയശേഷം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സ്കൂൾ കെട്ടിടങ്ങളുടെയും സുരക്ഷ സമഗ്രമായി അവലോകനം ചെയ്യുന്നതിനും സുരക്ഷ ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) താമരശ്ശേരി പരപ്പൻ പൊയിലിൽ രാരോത്ത് സർക്കാർ ഹയർ സെക്കന്ററി സ്കൂൾകെട്ടിടം മഴയിൽ തകർന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയോ;

(സി) ഈ സ്കൂൾ കെട്ടിടത്തിന് ഫിറ്റനസ് സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നോ; ഇല്ലെങ്കിൽ ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത കെട്ടിടത്തിൽ ക്ലാസ്സുകൾ നടത്തുന്നതിനുള്ള തീരുമാനം എപ്രകാരമാണ് കൈകൊണ്ടത് എന്ന് അറിയിക്കുമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) താമരശ്ശേരി പരപ്പൻ പൊയിലിൽ രാരോത്ത് സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിന് 2018-19 അദ്ധ്യയന വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

## മൊറയൂർ അരിമ്പ്ര ജി.എം.യു.പി.സ്കൂൾ

194 (3237) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ മൊറയൂർ അരിമ്പ്ര ജി.എം.യു.പി.സ്കൂൾ കളിസ്ഥലത്തിനുവേണ്ടി സ്ഥലം അക്വയർ ചെയ്യുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടർ ഓഫീസിലെ W1-41844/2018, സർക്കാരിലുള്ള M1-198/18 എന്നീ നമ്പർ ഫയലുകളിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) മൊറയൂർ അരിമ്പ്ര ജി.എം.യു.പി.സ്കൂൾ കളിസ്ഥലത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) മലപ്പുറം മണ്ഡലത്തിലെ മൊറയൂർ അരിമ്പ്ര ജി.എം.യു.പി സ്കൂൾ കളിസ്ഥലത്തിനുവേണ്ടി സ്ഥലം അക്വയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**തടഞ്ഞുവെച്ച ശമ്പളം നൽകുവാൻ നടപടി**

195 (3238) <u>ശ്രീ. മോൻസ് ജോസഫ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ യഥാക്രമം ലിറ്റിൽ ഫ്ളവർ എൽ.പി.എസ്. അയ്യമ്പാറ, സെന്റ് തോമസ് എൽ.പി.എസ് മംഗളഗിരി എന്നിവിടങ്ങളിൽ എൽ.പി.എസ്.എ ആയി നിയമനം ലഭിച്ച് ശമ്പളം വാങ്ങി വന്നവരുമായ ലിന്റാ തോമസ്, ലിനീറ്റാ തോമസ് എന്നിവരുടെ ശമ്പളം തടഞ്ഞുകൊണ്ടുള്ള ഉത്തരവിനെതിരെ സമർപ്പിച്ച പരാതിയിൽ ഡി.പി.ഐ. ഹീയറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഡി.പി.ഐ. ഓഫീസിലെ നമ്പർ 17392/എഫ്5/2015 ഫയലിൽ ഉത്തരവ് പുറപ്പെടുവിക്കാനുണ്ടാകുന്ന കാരണം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഇവർക്ക് 2011 ഓഗസ്റ്റ് മുതൽ 2015 ജനുവരി വരെയുള്ള പൂർണ്ണ ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; 2006 മുതലുള്ള ഇൻക്രിമെന്റും ഗ്രേഡും പേ-റിവിഷനും പൂർണ്ണമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീമതി ലിന്റാ തോമസ്, ശ്രീമതി ലിനീറ്റാ തോമസ് എന്നിവർ ഫയൽ ചെയ്ത 4696/15-ാം നമ്പർ റിട്ട് ഹർജിയിൽ 16-8-2018-ലെ വിധിന്യായത്തിൽ പരാതിക്കാരെ നേരിൽ കേട്ട് തീർപ്പാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ 31-10-2018-ന് പരാതിക്കാരെ നേരിൽ കേൾക്കുകയുണ്ടായി. വസ്തുതകൾ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ പുരോഗമിക്കുകയാണ്.

(സി) ശ്രീമതി ലിന്റാ തോമസ്, ശ്രീമതി ലിനീറ്റാ തോമസ് എന്നിവരുടെ നിയമനാംഗീകാരം നൽകിയത് ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണെന്ന് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയും ഇവർക്ക് നൽകിയ ശമ്പളം

വിദ്യാഭ്യാസ ഓഫീസർമാരുടെ ബാദ്ധ്യതയായി കണക്കാക്കുകയും ചെയ്തിരുന്നു. ഓഡിറ്റ് തടസ്സവാദം ഒഴിവാക്കുന്നതിനുള്ള കത്തിടപാടുകൾ നടത്തിവരുന്നു. തടസ്സവാദം പരിഹരിക്കപ്പെടുന്ന മുറയ്ക്ക് ഇവരുടെ ശമ്പളം, ഇൻക്രിമെന്റ്, ഗ്രേഡ്, പേ-റിവിഷൻ തുടങ്ങിയ വിഷയങ്ങളിൽ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**യു.പി. സ്കൂൾ അദ്ധ്യാപക നിയമനം**

196 (3239) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും യു.പി. സ്കൂൾ അദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടി ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗത്തിന് നിയമനം ലഭിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; വിജ്ഞാപനത്തിൽ കെ.ടെറ്റ് യോഗ്യതയായി പ്രഖ്യാപിച്ചിരുന്നുവോ; വിശദീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും കോടതിയിൽ വ്യവഹാരം നിലനിൽക്കുന്നുണ്ടോ;എങ്കിൽ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദീകരിക്കുമോ;

(ഡി) എത്രയുംവേഗം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയുടെ 14 ജില്ലകളിലെയും ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) A pass in SSLC Examination conducted by the Commissioner for Government Examinations, Kerala or its equivalent.

OR

A pass in Pre-degree examination conducted by any of the Universities in Kerala or any examinations, recognized by any such Universities in Kerala as equivalent to Pre-degree examination.

OR

A pass in Higher Secondary Examination conducted by the Board of Higher Secondary Examinations, Kerala or any other examinations, recognized by Government as equivalent thereto.

AND

2. A pass in TTC Examination conducted by the Commissioner for Government Examination, Kerala.

OR

3. A degree in any subject and B.Ed/B.T/LT conferred or recognized by the Universities of Kerala.

4. Special Note:-(1) Candidates who have not studied the Regional Language " Malayalam" either under Part I or Part II or as medium of instruction of SSLC will not be eligible for appointment to the post. [G.O. (Rt.) No.534/02/G.Edn. Dated 19-3-2002, G.O. (Ms.) No.44/75/ G.Edn. Dated 29-1-1975].

ടി വിജ്ഞാപനത്തിൽ KTET യോഗ്യതയായി ചേർത്തിരുന്നില്ല.

(സി) ഇതുസംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ട്. അന്തിമവിധി ആയിട്ടില്ല.

(ഡി) യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റ് എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കേരള പി.എസ്.സി. സ്വീകരിച്ചുവരുന്നു. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വി.എച്ച്.എസ്.ഇ. യിൽ ലാബ് അസിസ്റ്റന്റ് നിയമനം**

197 (T3240) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 147/2014 പ്രകാരം പി.എസ്.സി. 2017 ജൂണിൽ പ്രസിദ്ധപ്പെടുത്തിയ വി.എച്ച്.എസ്.ഇ. ലാബ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ ഒരാൾക്കുപോലും നിയമനം നടത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) സർക്കാർ ആരംഭിക്കാൻ പോകുന്ന പുതിയ നൈപുണ്യ വികസന കോഴ്സുകളിൽ ആവശ്യമായ ലാബ് അസിസ്റ്റന്റുമാരെ ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഒരാൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല. ദേശീയ തൊഴിൽ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് (NSQF) നടപ്പ് അദ്ധ്യയന വർഷം മുതൽ തുടങ്ങുന്നതിന് 9-5-2018-ലെ സ.ഉ. (കൈ) നമ്പർ 56/2018/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളുടെ പുനർ വിന്യാസം ആവശ്യമായേയ്ക്കാവുന്നത് മുന്നിൽ കണ്ടുകൊണ്ട് പുതിയ നിയമന ശിപാർശ/ നിയമനങ്ങൾ തൽക്കാലത്തേയ്ക്ക് നടത്തേണ്ടതില്ലെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെയും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറെയും അറിയിച്ചിട്ടുണ്ട്.

**ഹയർ സെക്കന്ററി അദ്ധ്യാപകരുടെ സ്ഥലം മാറ്റം**

198 (3241) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിയമനം സ്റ്റേറ്റ് അടിസ്ഥാനത്തിലും സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡത്തിൽ പ്രയോറിറ്റി, കംപാഷണേറ്റ് എന്നീ വിഭാഗത്തിൽ ജില്ലാതലത്തിൽ നിശ്ചിത ശതമാനത്തിലാക്കിയ തെറ്റായ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് തിരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ന്യൂനത പരിഹരിക്കുന്നതിനായി സുപ്രീം കോടതിയിൽ ഏതെങ്കിലും കേസ് നിലവിൽ നൽകിയിട്ടുണ്ടോ;

(സി) മലബാർ മേഖലകളിൽ മതിയായ സർവീസ് ചെയ്തിട്ടുള്ള തെക്കൻ ജില്ലകളിലെ അദ്ധ്യാപകരെ മലബാർ മേഖലകളിൽ തന്നെ തിരികെ നിയമിച്ചിട്ടുണ്ടോ;

(ഡി) പ്രയോറിറ്റി, കംപാഷണേറ്റ് എന്നീ വിഭാഗങ്ങളിൽപ്പെട്ട അദ്ധ്യാപകർക്ക് ജില്ലാടിസ്ഥാനത്തിൽ തീരുമാനിക്കുന്നതിന് പകരം സംസ്ഥാന അടിസ്ഥാനത്തിൽ ഒഴിവ് കണക്കാക്കുമോ;

(ഇ) അദ്ധ്യാപകരുടെ സ്ഥലംമാറ്റം നിശ്ചിത സമയത്തിന് നടത്തുമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് മാസം നടത്തുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ചുകൊണ്ട് അനുകമ്പാർഹ/മുൻഗണനാ സ്ഥലംമാറ്റം നടത്തുന്നതിന് ഒരു ജില്ലയിൽ ഒരു വിഷയത്തിൽ സ്ഥലംമാറ്റ മാനദണ്ഡപ്രകാരം ഉണ്ടാകുന്ന എല്ലാ ഒഴിവുകളും ഒരു യൂണിറ്റായി കണക്കാക്കി അനുകമ്പാർഹ/മുൻഗണനാ ട്രാൻസ്ഫർ നടത്തേണ്ടതാണെന്ന് 3-10-2018-ലെ സ.ഉ.(പി) 138/2018/പൊ.വി.വ. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) 2018-ലെ പൊതു സ്ഥലംമാറ്റത്തിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 3-10-2018-ലെ സ.ഉ. (പി) നമ്പർ 138/2018/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ജില്ലയിലുണ്ടാകുന്ന എല്ലാ ഒഴിവുകളും ഒരു യൂണിറ്റായി കണക്കാക്കിയാണ് കംപാഷനേറ്റ്/പ്രയോറിറ്റി സ്ഥലംമാറ്റം നടത്തിയിട്ടുള്ളത്.

(ഇ) അടുത്ത അദ്ധ്യയന വർഷത്തെ പൊതുസ്ഥലം മാറ്റം അദ്ധ്യയന വർഷാരംഭം തന്നെ നടപ്പാക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

## എയ്ഡഡ് സ്കൂളിലെ ടീച്ചർമാരുടെ എണ്ണം

199 (3242) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എയ്ഡഡ് വിദ്യാഭ്യാസ രംഗത്ത് എത്ര ടീച്ചർമാർ ജോലിനോക്കി വരുന്നുണ്ട്; ഇതിൽ എൽ. പി., യു. പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നീ സ്കൂളുകളിലെ ടീച്ചർമാരുടെ എണ്ണം പ്രത്യേകം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

സംസ്ഥാനത്ത് എയ്ഡഡ് വിദ്യാഭ്യാസ രംഗത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ നിലവിൽ 94,109 അദ്ധ്യാപകർ ജോലി ചെയ്യുന്നു. ഇതിൽ എൽ.പി. വിഭാഗത്തിൽ 27,311 പേരും യു.പി. വിഭാഗത്തിൽ 27,859 പേരും ഹൈസ്കൂൾ വിഭാഗത്തിൽ 38,939 പേരുമാണുള്ളത്.

സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ ടീച്ചർമാരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പ്രിൻസിപ്പാൾ | - | 679 |
| എച്ച്.എസ്.എസ്.ടി. | - | 8782 |
| എച്ച്.എസ്.എസ്.ടി.(ജൂനിയർ) | - | 3077 |

വി.എച്ച്.എസ്.ഇ. എയ്ഡഡ് സ്കൂളുകളിലെ ടീച്ചർമാരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| വൊക്കേഷണൽ ടീച്ചർ | - | 381 |
| നോൺ വൊക്കേഷണൽ ടീച്ചർ (സീനിയർ) | - | 787 |
| നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ) | - | 95 |
| ആകെ | - | 1263 |

**കിടങ്ങയം എ.എം.എൽ.പി. സ്കൂളിലെ റിട്ടയർമെന്റ് വേക്കൻസി**

200 (3243) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി ഉപജില്ല പരിധിയിൽപെട്ട കിടങ്ങയം എ.എം.എൽ.പി. സ്കൂളിൽ റിട്ടയർമെന്റ് വേക്കൻസിയിൽ 2016 ജൂൺ 1 മുതൽ നിയമിക്കപ്പെട്ട മുഅ്മിന.സി.എച്ച്. എന്ന സഹാധ്യാപികയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് B1/227/17 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപികയുടെ അപ്പീൽ ഹർജിയിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത അദ്ധ്യാപികക്ക് നിയമനാംഗീകാരം നൽകുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ മുഅ്മിനയുടെ നിയമനം അംഗീകരിക്കുവാൻ ബന്ധപ്പെട്ട ഓഫീസർക്ക് നിർദ്ദേശം നല്കുമോ?

## ഉത്തരം

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി ഉപജില്ലാ പരിധിയിൽപ്പെട്ട കിടങ്ങയം എ.എം.എൽ.പി. സ്കൂളിൽ നിയമിക്കപ്പെട്ട ശ്രീമതി മുഅ്മിന സി.എച്ച്. എന്ന അദ്ധ്യാപികയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട റിവിഷൻ ഹർജി ബി1/227/17/പൊ.വി.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്. റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി മാനേജരുടെയും ശ്രീമതി മുഅ്മിന. സി.എച്ച്.-ന്റെയും പ്രതിനിധികളെ 4-4-2018-ൽ ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ സമർപ്പിച്ച വാദങ്ങൾ പരിശോധിച്ചുവരികയാണ്. റിവിഷൻ ഹർജി തീർപ്പാക്കിയിട്ടില്ല.

(ബി-ഡി) ശ്രീമതി മുഅ്മിന. സി.എച്ച്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 30403/18-ന്റെ 5-10-2018-ലെ വിധിന്യായം നടപ്പിലാക്കുന്ന വിഷയം മേൽ പരാമർശിച്ച നമ്പർ ഫയലിൽ തന്നെ പരിശോധിച്ചുവരികയാണ്. അദ്ധ്യാപിക സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി കോടതി വിധി നടപ്പിലാക്കിയിട്ടില്ല. റിവിഷൻ ഹർജി തീർപ്പുകൽപ്പിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുന്നതാണ്.

## റിസോഴ്സ് ടീച്ചർമാരുടെ നിയമന രീതി

201 (3244) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനപരിശീലനങ്ങൾ നൽകുന്നതിനായി നിയോഗിച്ചിരിക്കുന്ന റിസോഴ്സ് ടീച്ചർമാരുടെ നിയമന രീതിയും മാനദണ്ഡങ്ങളും വിശദമാക്കാമോ;

(ബി) ടി അദ്ധ്യാപകർക്ക് ഡ്യൂട്ടി വിന്യസിക്കുന്നത് ഏതു മാനദണ്ഡം പ്രകാരമാണെന്ന് വിശദമാക്കാമോ;

(സി) ടി അദ്ധ്യാപകരുടെ പരിശീലനം ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് തുടർച്ചയായി ലഭിക്കാത്ത രീതിയിലാണ് ഡ്യൂട്ടി വിന്യസിച്ചിരിക്കുന്നതെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അഭിമുഖം നടത്തി കരാർ വ്യവസ്ഥയിലാണ് റിസോഴ്സ് ടീച്ചർമാരെ എസ്.എസ്.എ., ആർ.എം.എസ്.എ. പദ്ധതികൾ പ്രകാരം സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിയോഗിച്ചിരിക്കുന്നത്.

(ബി) 5-ൽ കൂടുതൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ഒരു അദ്ധ്യാപകന്റെ സേവനം ലഭിക്കത്തക്കവിധം ഡ്യൂട്ടി ക്രമീകരിച്ചിട്ടുണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അദ്ധ്യാപകരുടെ അപര്യാപ്തത പരിഹരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**അൺഎക്കണോമിക് എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം**

202 (3245) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിൽ ഏത് തീയതിക്കുമുമ്പ് നിയമനം നേടിയ അദ്ധ്യാപകർക്കാണ് അദ്ധ്യാപക പാക്കേജ് പ്രകാരം സംരക്ഷണം നൽകുന്നതെന്ന് അറിയിക്കുമോ;

(ബി) അദ്ധ്യാപക പാക്കേജ് നിലവിൽ വന്നതിനുശേഷം തസ്തികയില്ലാതെ പുറത്തു പോയവർക്ക് പുനർ നിയമനം നൽകുന്നതെങ്ങനെയെന്ന് വ്യക്തമാക്കുമോ;

(സി) 100 വർഷത്തിലേറെ പഴക്കമുള്ളതും 3 കിലോമീറ്റർ ചുറ്റളവിൽ വേറെ പ്രൈമറി, ഹൈസ്കൂൾ ഇല്ലാത്തതുമായ പ്രദേശത്ത് പ്രവർത്തിക്കുന്നതും പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്ന നിർദ്ധന കുട്ടികൾ പഠനം നടത്തുന്നതുമായ എയ്ഡഡ് സ്കൂളുകളിൽ ഒന്നിൽ കൂടുതൽ അദ്ധ്യാപക തസ്തികകളിൽ റിട്ടയർമെന്റ് ഒഴിവുണ്ടായിട്ടും സ്കൂൾ അൺഎക്കോമിക് ആണെന്ന കാരണത്താൽ ഒരു തസ്തികയ്ക്ക് പോലും അംഗീകാരം നൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര സ്കൂളുകളുടെ അംഗീകാരത്തിനുള്ള അപേക്ഷ നിരസിച്ചിട്ടുണ്ട്; പ്രസ്തുത സ്കൂളുകളിൽ ഒന്നിൽ കൂടുതൽ അദ്ധ്യാപക തസ്തികകൾ ഒഴിവ് വരുമ്പോൾ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി തസ്തികയ്ക്ക് അംഗീകാരം നൽകുന്നതിന് ആവശ്യമായ ഉത്തരവുകൾ നൽകുന്നകാര്യം പരിഗണിക്കുമോ;

(ഡി) കേന്ദ്ര-വിദ്യാഭ്യാസ അവകാശ നിയമപ്രകാരം കുട്ടികൾക്ക് പഠനത്തിനായി എന്തെല്ലാം സൗകര്യങ്ങളാണ് ചെയ്തുകൊടുക്കേണ്ടത്; പ്രസ്തുത നിയമപ്രകാരം ഏറ്റവും കുറഞ്ഞത് എത്ര വിദ്യാർത്ഥികൾ ഉള്ള സ്കൂളുകൾക്കാണ് അദ്ധ്യാപക തസ്തികയ്ക്ക് അംഗീകാരം നൽകേണ്ടത് വ്യക്തമാക്കുമോ;

(ഇ) 65 ഓളം കുട്ടികൾ പഠിക്കുന്ന അൺ എകണോമിക് സ്കൂളിൽ എത്ര അദ്ധ്യാപക തസ്തികകളാണ് പരമാവധി അനുവദിക്കാവുന്നത്; എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക നിയമനം നൽകുന്നതിനായി 2015-ൽ നിശ്ചയിച്ചിരുന്ന അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എത്രയാണെന്നറിയിക്കാമോ ?

ഉത്തരം

(എ&ബി) അദ്ധ്യാപക പാക്കേജ് ഇപ്പോൾ നിലവിലില്ല. 2011-12 മുതൽ 2014-15 വരെ അധിക തസ്തികയിൽ നിയമിതരായവരൊഴികെ 2014-15 അദ്ധ്യയന വർഷം വരെ റെഗുലർ സർവ്വീസിൽ പ്രവേശിച്ച് നിയമനാംഗീകാരം നേടിയവർക്കാണ് ഇപ്പോൾ സംരക്ഷണത്തിന് അർഹത നൽകിയിട്ടുള്ളത്. സംരക്ഷണത്തിന് അർഹതയുള്ള എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് തസ്തിക നഷ്ടമായാൽ അവരെ അദ്ധ്യാപക ബാങ്കിൽപ്പെടുത്തി മറ്റ് എയ്ഡഡ് സ്കൂളുകളിലേയ്ക്ക് ജി.ഒ. (പി) നമ്പർ 199/2016/പൊവിവ. ഉത്തരവ് പ്രകാരം പുനർവിന്യസിക്കുകയാണ് ചെയ്യേണ്ടത്.

(സി) മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളിൽ നിയമനം നടത്തുമ്പോൾ അത് ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ ആകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 12-6-2018-ലെ സ.ഉ. (എംഎസ്.) നമ്പർ 83/2018/പൊ.വി.വ. പ്രകാരം ഒരു ക്ലാസ്സിലെ കുട്ടികളുടെ ശരാശരി എണ്ണം 15-ൽ കുറവല്ലെങ്കിൽ അത്തരം സ്കൂളുകളെ മതിയായ എണ്ണം കുട്ടികളുണ്ടെന്നും കണക്കാക്കാമെന്ന് ഉത്തരവായിട്ടുണ്ട്. ഇത്തരം സ്കൂളുകളിൽ ശമ്പള സ്കെയിലിൽ നിയമനം അംഗീകരിച്ചുവരുന്നുണ്ട്.

(ഡി) 6 മുതൽ 14 വയസ്സ് വരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഒരു അയൽപക്ക സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതുവരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകണമെന്ന് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്നു. 60 കുട്ടികൾവരെ 2 അദ്ധ്യാപകർ വേണമെന്നതാണ് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിൽ അദ്ധ്യാപക തസ്തികയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും പ്രതിപാദിക്കുന്നില്ല.

(ഇ) സ്കൂളുകളിലെ തസ്തിക നിർണ്ണയത്തിന് ആധാരമായി സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം താഴെ പറയുന്നു (2012-13 മുതലുള്ളത്).

I മുതൽ V വരെ ക്ലാസ്സുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 30 വരെ | 1 |
| 31 മുതൽ 60 വരെ | 2 |
| 61 മുതൽ 90 വരെ | 3 |
| 91 മുതൽ 120 വരെ | 4 |
| 121 മുതൽ 150 വരെ | 5 |
| 151 മുതൽ 200 വരെ | 5+ഒരു ഹെഡ് ടീച്ചർ |
| 201 മുതൽ 240 വരെ | 6 |
| 241 മുതൽ 280 വരെ | 7 |
| 281 മുതൽ 320 വരെ | 8 എന്ന ക്രമത്തിൽ |

121 മുതൽ 200 വരെ 5 ഡിവിഷനുകളാണുള്ളത്.

2. VI മുതൽ VIII വരെ ക്ലാസ്സുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 35 വരെ | 1 |
| 36 മുതൽ 70 വരെ | 2 |
| 71 മുതൽ 105 | 3 |
| 106 മുതൽ 140 | 4 |
| 141 മുതൽ 175 | 5 എന്ന ക്രമത്തിൽ |

3. IX, X ക്ലാസ്സുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 50 വരെ | 1 |
| 51 മുതൽ 95 വരെ | 2 |
| 96 മുതൽ 140 വരെ | 3 |
| 141 മുതൽ 185 വരെ | 4 എന്ന ക്രമത്തിൽ |

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

203 (3246) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കായുള്ള മിഷൻ മോഡ് പ്രോജക്റ്റ് ആയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതിയുടെ ഭാഗമായി നാളിതുവരെ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരുടെയും , താത്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെയും എണ്ണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്കൂളെന്ന കണക്കിൽ സ്കൂളുകളുടെ പുനരുദ്ധാരണത്തിനായി 141 സ്കൂളുകളെയും കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകളെ തെരഞ്ഞെടുത്ത് അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികളും നടന്നുവരുന്നു. 200 അദ്ധ്യയന

ദിനങ്ങൾ ഉറപ്പുവരുത്തുന്നതിനായി നഷ്ടപ്പെട്ട പഠനദിനങ്ങൾ പരിഹരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു. അക്കാദമിക മികവ് കൈവരിക്കുന്നതിനായി 'വിഷൻ 100' എന്ന ആശയം മുന്നോട്ട് വച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അതിന്റെ ഭാഗമായി അക്കാദമിക മാസ്റ്റർ പ്ലാൻ എല്ലാ സ്കൂളുകളിലും നടപ്പാക്കി. പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ നിർവ്വഹണ പദ്ധതി രൂപീകരണത്തിന്റെ സ്കൂൾതല പൂർത്തീകരണം പൂർണ്ണമായിവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്കൂളും അഞ്ച് പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പഠന പിന്തുണ ആവശ്യമായ കുട്ടികൾക്ക് 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോമിൽ ഭാഷാശേഷി വികസനത്തിനുള്ള പ്രവർത്തനങ്ങളും ശാസ്ത്രം, ഗണിതം തുടങ്ങിയ വിഷയങ്ങളിൽ മുഴുവൻ കുട്ടികൾക്കും ഉയർന്നശേഷി കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. ഇപ്രകാരം ഹയർ സെക്കണ്ടറിയിലും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലും പ്രത്യേകം പ്രത്യേകം പദ്ധതികൾ നടപ്പാക്കി വരുന്നു. കൂടാതെ 'ശാസ്ത്രപാർക്ക്', 'സുരീലിഹിന്ദി', 'ഗണിതവിജയം', 'മലയാളത്തിളക്കം', 'ടാലന്റ് ലാബ്', 'കുഞ്ഞുവായന'-'കത്തെഴുത്ത്', കൂടാതെ ജൈവ വൈവിധ്യ പാർക്ക്, ഓട്ടിസം പാർക്ക് എന്നിവയും നടപ്പാക്കി വരുന്നു. ഹൈസ്കൂൾ - ഹയർ സെക്കണ്ടറി തലങ്ങളിൽ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങളും ലൈബ്രറി, ലബോറട്ടറി തുടങ്ങിയ സൗകര്യങ്ങളും യജ്ഞത്തിന്റെ ഭാഗമായി നടപ്പാക്കിവരുന്നു.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സുഗമമായ നടത്തിപ്പിനായി രൂപീകൃതമായ കേരള എഡ്യൂക്കേഷൻ മിഷനിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 18 ആണ്. (ജില്ലാ കോ-ഓർഡിനേറ്റർമാർ-14, മിഷൻ അണ്ടർ സെക്രട്ടറി-1, അക്കൗണ്ട്സ് ഓഫീസർ-1, പ്രോജക്ട് ഓഫീസർ-1, വിദ്യാഭ്യാസ വിചക്ഷണൻ-1).

താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ -3 (ടൈപ്പിസ്റ്റ് -1, ഓഫീസ് അറ്റൻഡന്റ് -1, ക്ലാർക്ക്-കം-ടൈപ്പിസ്റ്റ്-1).

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സുഗമമായ നടത്തിപ്പിനായി രൂപീകൃതമായ കേരള എഡ്യൂക്കേഷൻ മിഷനിൽ 31 തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്.

## എൽ. പി., യു. പി.സ്കൂൾ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകൾ

204 (3247) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി., യു.പി.സ്കൂൾ അസിസ്റ്റന്റ് പരീക്ഷകളുടെ നോട്ടിഫിക്കേഷൻ സമയത്ത് രണ്ട് തസ്തികകളിലും എത്ര വേക്കൻസികൾ വീതമാണ് കോഴിക്കോട്, മലപ്പുറം,പത്തനംതിട്ട ജില്ലകളിൽ റിപ്പോർട്ട് ചെയ്തിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജില്ലകളിൽ നിലവിലുള്ള മേൽപ്പറഞ്ഞ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എൽ.പി., യു.പി. സ്കൂൾ അസിസ്റ്റന്റ് പരീക്ഷകളുടെ നോട്ടിഫിക്കേഷൻ കോഴിക്കോട് ജില്ലയിൽ നിലവിൽ വന്ന തീയതി 10-9-2014-നാണ്. ആ സമയത്ത് എൽ.പി.എസ്.റ്റി.ക്ക് 22 ഒഴിവും യു.പി.എസ്.റ്റി.ക്ക് 11 ഒഴിവുമാണ് നിലവിലുണ്ടായിരുന്നത്. ഇവ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ എൽ.പി./യു.പി. തസ്തികകളുടെ നോട്ടിഫിക്കേഷൻ സമയത്ത് പ്രസ്തുത തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടായിരുന്നില്ല.

(ബി) കോഴിക്കോട് ജില്ലയിൽ 10-9-2014 കാലയളവിൽ ഉണ്ടായിരുന്ന ലിസ്റ്റിൽ നിന്നും നിയമനം നൽകിയിട്ടുണ്ട്. മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ നപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പ്രിൻസിപ്പാൾ നിയമനത്തിന്റെ മാനദണ്ഡങ്ങൾ

205 (3248) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൈനോരിറ്റി സ്റ്റാറ്റസ് ഇല്ലാത്ത എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പാൾ നിയമനത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പ്രിൻസിപ്പാൾ നിയമനത്തിനായി അദ്ധ്യാപക നിയമന തീയതിയും അദ്ധ്യാപക പരിചയ കാലാവധിയും സീനിയോരിറ്റിയ്ക്ക് തുല്യ കാലയളവായി പരിഗണിക്കുമോ; എങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) എയ്ഡഡ് ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾമാരുടെ പ്രൊമോഷൻ താഴെപ്പറയും പ്രകാരമാണ്.

(1) ബന്ധപ്പെട്ട വിദ്യാഭ്യാസ ഏജൻസിയിലെ HSST-മാരിൽ നിന്നും പ്രൊമോഷൻ വഴി.

(2) ബന്ധപ്പെട്ട വിദ്യാഭ്യാസ ഏജൻസിയിലെ യോഗ്യരായ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരിൽ നിന്നും ബൈട്രാൻസ്ഫർ വഴി.

2:1 എന്ന അനുപാതത്തിലാണ് മേൽ നിയമനം നടത്തേണ്ടത്. ഇത്തരത്തിലുള്ള നിയമനത്തിന് ഏതെങ്കിലും വിഭാഗത്തിൽനിന്നും യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെങ്കിൽ അത്തരം ഒഴിവുകൾ അടുത്ത മാർഗ്ഗത്തിലൂടെ നികത്താം.

പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള നിയമനത്തിലുള്ള വിദ്യാഭ്യാസ യോഗ്യതകൾ ചുവടെ ചേർക്കുന്നു.

50 ശതമാനത്തിൽ കുറയാത്ത മാർക്കോടെയുള്ള അംഗീകൃത ബിരുദാനന്തര ബിരുദവും ബി.എഡ്.ഉം ഹയർ സെക്കണ്ടറി മേഖലയിൽ അതേ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ കുറഞ്ഞത് 12 വർഷത്തെ അംഗീകരിക്കപ്പെട്ട അദ്ധ്യാപന പരിചയവും.

ഹയർ സെക്കണ്ടറി അദ്ധ്യാപകരിൽനിന്നും പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് പ്രൊമോഷൻ വഴിയുള്ള നിയമനത്തിന് 12 വർഷത്തെ സ്കൂൾ അദ്ധ്യാപന പരിചയം ഇല്ലാത്ത പക്ഷം അതേ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലെ ഹൈസ്കൂൾ, അപ്പർ പ്രൈമറി, ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക പരിചയം പരിഗണിക്കാം. എന്നാൽ ഈ അദ്ധ്യാപക പരിചയം യോഗ്യതയ്ക്കല്ലാതെ സീനിയോറിറ്റി കണക്കാക്കുന്നതിന് ബാധകമല്ല. അപ്രകാരമുള്ള ഉദ്യോഗാർത്ഥികൾക്ക് ഏറ്റവും കുറഞ്ഞത് 6 വർഷത്തെ ഹയർ സെക്കണ്ടറി അദ്ധ്യാപന പരിചയം ഉണ്ടാകണം.

**ഹയർ സെക്കന്ററി അദ്ധ്യാപക തസ്തിക**

206 (3249) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് വർഷം മുമ്പ് സർക്കാർ അനുവദിച്ച ഹയർ സെക്കന്ററി ബാച്ചുകളിലെ അദ്ധ്യാപക തസ്തിക സൃഷ്ടക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എത്ര വീതം തസ്തിക സൃഷ്ടക്കുന്നതിനുള്ള നിർദ്ദേശമാണ് പരിഗണനയിലുള്ളത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ വിഷയം സർക്കാർ പരിഗണനയിലാണ്.

(ബി) സർക്കാർ സ്കൂളുകളിൽ 259 തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ വിഷയം സർക്കാർ പരിഗണനയിലാണ്.

**യു.പി. സ്കൂൾ അസിസ്റ്റന്റ് /എൽ.പി. സ്കൂൾ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്**

207 (3250) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യു.പി. സ്കൂൾ അസിസ്റ്റന്റ് (കാറ്റഗറി നം .386/14), എൽ.പി. സ്കൂൾ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 387/14) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ സാങ്കേതിക തടസ്സങ്ങൾ നീക്കാൻ വിദ്യാഭ്യാസ വകുപ്പ് അടിയന്തിരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

എൽ.പി./യു.പി. സ്കൂൾ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ സാങ്കേതിക തടസ്സങ്ങൾ നീക്കുന്നത് സംബന്ധിച്ച് നടപടികൾ കൈക്കൊള്ളുന്നത് പബ്ലിക് സർവ്വീസ് കമ്മീഷനാണ്. പല ജില്ലകളിലും ഈ വിഷയം സംബന്ധിച്ച് കോടതി കേസുകൾ നിലനിൽക്കുന്നുണ്ട്. വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി കക്ഷിയായ കോടതി കേസിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കണമെന്നഭ്യർത്ഥിച്ച് അഫിഡവിറ്റ് ഫയൽ ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ നികത്താൻ നടപടി**

208 (3251) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളിൽ അദ്ധ്യാപക തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്നുള്ള വിവരം സ്കൂൾതിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപക തസ്തികയുടെ ഒഴിവുകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

ആലത്തൂർ നിയോജക മണ്ഡലത്തിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി/എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികകൾ ഒഴിവുള്ള വിദ്യാലയങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ജി.എച്ച്.എസ്.എസ്. കിഴക്കൻചേരി, പാലക്കാട് (9004)

ഹിസ്റ്ററി (ജൂനിയർ)-1, പൊളിറ്റിക്കൽ സയൻസ് (ജൂനിയർ)-1

- ജി.ജി. എച്ച്.എസ്. ആലത്തൂർ, പാലക്കാട് (9091)

ഹിസ്റ്ററി (ജൂനിയർ)-1, മാത്തമാറ്റിക്സ് (ജൂനിയർ)-1, മലയാളം (ജൂനിയർ)-1

- ജി.എച്ച്.എസ്.എസ്. തെൻകുറിശ്ശി, പാലക്കാട് (9106)

മാത്തമാറ്റിക്സ് (ജൂനിയർ)-1

- ജി.എച്ച്.എസ്.എസ്. എരുമയൂർ, പാലക്കാട് (9080)

സുവോളജി -1, ഇംഗ്ലീഷ് (ജൂനിയർ)-1

- ജി.എച്ച്.എസ്.എസ്. കുന്നിശ്ശേരി, പാലക്കാട് (9104) ഒഴിവുകളില്ല.

ആലത്തൂർ നിയോജക മണ്ഡലത്തിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിയുടെ പരിധിയിലുള്ള സ്കൂളുകൾ നിലവിലില്ല.

(ബി) ഹൈസ്കൂൾ തലം വരെയുള്ള ഒഴിവുകൾ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്നതനുസരിച്ച് നിയമനം നൽകുന്നതാണ്.

ഹയർ സെക്കണ്ടറി വിഭാഗത്തിലും പി.എസ്.സി.യിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

**സി.ബി.എസ്.ഇ. സ്കൂളുകൾക്ക് സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി.**

209 (3252) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരം ലഭിക്കാത്ത സി.ബി.എസ്.ഇ. സ്കൂളുകൾക്കും പുതുതായി പ്രവർത്തനം ആരംഭിച്ച സ്കൂളുകൾക്കും സി.ബി.എസ്.ഇ. അംഗീകാരം ലഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി. നിർബന്ധമുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഇനി മുതൽ എൻ.ഒ.സി. ആവശ്യമില്ല എന്ന ഉത്തരവ് കേന്ദ്ര മാനവശേഷി വികസന വകുപ്പിൽ നിന്നോ സി.ബി.എസ്.ഇ. അധികൃതരിൽ നിന്നോ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടില്ല.

**എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്**

210 (3253) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ സ്കീം പ്രകാരം 2005 മാർച്ചിൽ ഇരിങ്ങല്ലൂർ ഗവൺമെന്റ് ഹൈസ്കൂളിൽ നിന്നും പ്രൈവറ്റായി 781224 രജിസ്റ്റർ നമ്പർ - ൽ പരീക്ഷ എഴുതിയ റഷീദ് എം. സി. എന്നയാൾക്ക് ഇതുവരെയും എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടിയാന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിൻ കാലതാമസം വരാൻ കാരണമെന്താണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സർട്ടിഫിക്കറ്റ് എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) റഷീദ് എം.സി. എന്നയാൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കാത്തത് സംബന്ധിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നോ ഇരിങ്ങല്ലൂർ ഗവൺമെന്റ് ഹൈസ്കൂളിൽ നിന്നോ രേഖാമൂലം പരാതികളൊന്നുംതന്നെ ലഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച് രേഖാമൂലം അപേക്ഷ ലഭിക്കുന്ന പക്ഷം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ വിവരങ്ങൾ മാഞ്ഞുപോകുന്നുവെന്ന പരാതി**

211 (3254) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവാരമില്ലാത്ത അച്ചടി കാരണം 2018-ലെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ വിവരങ്ങൾ മാഞ്ഞുപോകുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രിന്റ് തെളിയാത്തതോ ഒപ്പോ സീലോ ഇല്ലാത്തതോ ആയ സർട്ടിഫിക്കറ്റുകൾ വിദ്യാഭ്യാസ വകുപ്പ് ശേഖരിച്ച് അപാകതകൾ പരിഹരിക്കുവാൻ പ്രത്യേക സർക്കുലർ ഇറക്കിയിരുന്നോ; ഭൂരിഭാഗം വിദ്യാലയങ്ങളിലും ഇത്തരം ഒരു സർക്കുലർ ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർട്ടിഫിക്കറ്റ് അച്ചടിച്ച കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുവാനും വിവരങ്ങൾ മാഞ്ഞുപോയ സർട്ടിഫിക്കറ്റുകൾക്ക് പകരം പുതിയത് നൽകുവാനും സത്വര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രിന്റ് തെളിയാത്തതോ ഒപ്പോ സീലോ ഇല്ലാത്തതോ ആയ സർട്ടിഫിക്കറ്റുകൾ വിദ്യാഭ്യാസ വകുപ്പ് ശേഖരിച്ച് അപാകതകൾ പരിഹരിക്കുവാൻ പ്രത്യേക സർക്കുലർ ഇറക്കിയിരുന്നു. 30-5-2018-ലും 20-7-2018-ലും 23-10-2018-ലും സർക്കുലറുകൾ ഇറക്കിയിട്ടുണ്ട്.

എസ്.എസ്.എൽ.സി. പരീക്ഷാഫലം പ്രസിദ്ധീകരിച്ച് സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിനോടൊപ്പമിറക്കിയിട്ടുള്ള ആദ്യത്തെ സർക്കുലറിൽ തന്നെ സർട്ടിഫിക്കറ്റുകളിൽ അപാകത വരികയാണെങ്കിൽ സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കിയിട്ടുണ്ട്. എല്ലാ പ്രഥമാദ്ധ്യാപകരെയും വിവരം അറിയിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ ചുമതലപ്പെടുത്തുകയും വിവരം അറിയിക്കുന്നതിനും നിർദ്ദേശം നൽകുന്നതിനുമായി ചീഫ് സൂപ്രണ്ടുമാരുടെ മീറ്റിംഗ് വിളിച്ച് പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

സർട്ടിഫിക്കറ്റിലെ പ്രിന്റ് മാഞ്ഞ് ഉപയോഗ്യശൂന്യമാകുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ പ്രിന്റ് തെളിയാത്തതോ ഒപ്പോ സീലോ ഇല്ലാത്തതോ ആയ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ പാടില്ല; അങ്ങനെയുള്ളവ അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ വഴി പരീക്ഷാഭവനിൽ എത്തിച്ച് പുതിയ പ്രിന്റ് സ്കൂളുകൾക്ക് വിതരണം ചെയ്യണമെന്നും വിതരണം ചെയ്ത സർട്ടിഫിക്കറ്റുകൾ സ്കൂളധികൃതർ ശേഖരിച്ച് അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം പരീക്ഷാഭവനിൽ എത്തിക്കുകയും പുതിയ പ്രിന്റുകൾ ശേഖരിച്ച് വിദ്യാർത്ഥികൾക്ക് നൽകുന്നതിനും രണ്ടാമത്തെ സർക്കുലർ പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

23-10-2018-ലെ സർക്കുലർ പ്രകാരം പ്രിന്റ് തെളിയാത്തതോ ഒപ്പോ സീലോ ഇല്ലാത്തതോ ആയ സർട്ടിഫിക്കറ്റുകൾ ഏതെങ്കിലും സ്കൂളുകളിൽ ഉണ്ടെങ്കിൽ ആയവ

അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം ശേഖരിച്ച് പ്രത്യേക ദൂതൻ വഴി പരീക്ഷാഭവനിൽ എത്തിച്ച് പുതിയ സർട്ടിഫിക്കറ്റ് വിദ്യാലയങ്ങളിൽ എത്തിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും ഇത്തരത്തിൽ കേടുപാടുകൾ സംഭവിച്ച സർട്ടിഫിക്കറ്റുകൾക്ക് പകരം പുതിയ പ്രിന്റ് നൽകുന്നതിന് യാതൊരു വിധത്തിലുള്ള ഫീസും ഈടാക്കേണ്ടതില്ലെന്നും ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾക്ക് ഫീസ് ഈടാക്കാൻ പാടില്ല എന്നുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേരള പരീക്ഷാഭവനാണ് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകൾ അച്ചടിച്ച് നൽകിയത്. മൈക്രോ ലിംഗ്സ്, മുളവന, കുന്നുകുഴി.പി.ഒ., തിരുവനന്തപുരം എന്ന സ്ഥാപനം വിതരണം ചെയ്ത ടോണറുകൾ ഗുണനിലവാരം കുറഞ്ഞവയായിരുന്നതാണ് വിവരങ്ങൾ മാഞ്ഞു പോകാൻ കാരണം എന്നു കണ്ടെത്തിയതിനാൽ ടി സ്ഥാപനത്തിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

2018-ൽ വിതരണം ചെയ്ത അപാകതയുള്ള എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകൾ ഫീസ് ഈടാക്കാതെയും ഡ്യൂപ്ലിക്കേറ്റ് സീൽ പതിക്കാതെയും റീപ്രിന്റ് ചെയ്ത് നൽകുന്നതിനും 2018-ലെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ ഡിജി ലോക്കർ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനും ആവശ്യമെങ്കിൽ ഡിജിറ്റൽ സർട്ടിഫിക്കറ്റ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനും 5-12-2018-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 5141/18/ പൊവിവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

## എല്ലാ വിഷയങ്ങളിലും എ പ്ലസ്

212 (3255) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് സ്കൂളുകളിലായി പത്താം ക്ലാസ്സ്, പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷയിൽ എത്ര കുട്ടികൾക്ക് കഴിഞ്ഞ വർഷം എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ചവരിൽ എത്ര ആൺകുട്ടികളും എത്ര പെൺകുട്ടികളും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2017-ലെ കണക്ക് അനുസരിച്ച്എത്രയധികം കുട്ടികൾക്ക് 2018 -ൽ എ പ്ലസ്സ് ലഭ്യമായിട്ടുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) സർക്കാർ എയ്ഡഡ് സ്കൂളുകളിലായി 2018 മാർച്ചിൽ നടന്ന പത്താം ക്ലാസ്സ് പരീക്ഷയിൽ 31,100 കുട്ടികൾക്കും ഹയർ സെക്കണ്ടറി പരീക്ഷയിൽ 14,735 കുട്ടികൾക്കും വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ 73 കുട്ടികൾക്കും മുഴുവൻ വിഷയങ്ങളിലും എ-പ്ലസ് ലഭിച്ചിട്ടുണ്ട്.

(ബി) എസ്.എസ്.എൽ.സി. പരീക്ഷയിൽ 9,724 ആൺകുട്ടികൾക്കും 21,376 പെൺകുട്ടികൾക്കും ഹയർ സെക്കണ്ടറി പരീക്ഷയിൽ 3,836 ആൺകുട്ടികൾക്കും 10,899 പെൺകുട്ടികൾക്കും വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ 11 ആൺകുട്ടികൾക്കും 62 പെൺകുട്ടികൾക്കുമാണ് എല്ലാ വിഷയങ്ങളിലും എ-പ്ലസ് ലഭിച്ചിട്ടുള്ളത്.

(സി) എസ്.എസ്.എൽ.സി. പരീക്ഷയിൽ 12,642 പേർക്കും ഹയർ സെക്കണ്ടറി പരീക്ഷയിൽ 2,967 പേർക്കും വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ 33 പേർക്കും 2017 വർഷത്തേക്കാൾ 2018-ൽ എല്ലാ വിഷയങ്ങൾക്കും എ-പ്ലസ് ലഭ്യമായിട്ടുണ്ട്.

## വെളിമണ്ണ ഗവൺമെന്റ് സ്കൂൾ അപ്ഗ്രേഡേഷൻ

213 (3256) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി എ.ഇ.ഒ.-യുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന വെളിമണ്ണ ഗവൺമെന്റ് എൽ.പി. സ്കൂൾ യു.പി സ്കൂളായി അപ്ഗ്രേഡ് ചെയ്തത് ഏതെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ്;

(ബി) ഈ വിദ്യാലയം ഹൈസ്കൂൾ ആക്കണമെന്ന് ഹൈക്കോടതി വിധിയുണ്ടോ;എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്കൂളിന് ഉള്ള സ്ഥലത്തിന് ആകെ എത്ര വിസ്തൃതിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്കൂളിൽ പഠിച്ചിരുന്ന മുഹമ്മദ് ആസിം എന്ന കുട്ടിക്ക് തുടർ പഠനത്തിന് പ്രത്യേക അദ്ധ്യാപകനെ നിയമിച്ച് പഠനം തുടരാൻ എസ്.എസ്.എ. മുഖേന പദ്ധതി തയ്യാറാക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അധിക സാമ്പത്തിക ബാദ്ധ്യതയും അധിക തസ്തിക സൃഷ്ടിക്കലും ഉണ്ടാകില്ലെന്നും അപ്ഗ്രേഡ് ചെയ്യുന്നതുമൂലമുള്ള തസ്തികകളിൽ കോഴിക്കോട് ജില്ലയിൽ തസ്തിക നഷ്ടം സംഭവിച്ച് പുറത്താകുന്ന അദ്ധ്യാപകരെ നിയമിക്കണമെന്നുമുള്ള വ്യവസ്ഥയിൽ കേരള വിദ്യാഭ്യാസ ചട്ടം അധ്യായം V ചട്ടം 2, 2 എ-യിൽ ഇളവ് വരുത്തി ഒരു പ്രത്യേക കേസായി പരിഗണിച്ചാണ് ടി സ്കൂൾ 2015-16 അദ്ധ്യയന വർഷം മുതൽ 4-8-2015-ലെ സ.ഉ.(കൈ) 208/2015/പൊ.വി.വ. ഉത്തരവ് പ്രകാരം യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്ത് ഉത്തരവായത്.

(ബി) ഉണ്ട്. വിധിപ്പകർപ്പ് അനുബന്ധമായി* വച്ചിട്ടുണ്ട്.

(സി) 53 സെന്റ്

(ഡി) ശ്രീ. മുഹമ്മദ് ആസിം പി.യും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത 10663/2018 എന്ന റിട്ട് ഹർജിയിൽ 11-6-2018-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ സംസ്ഥാന സർക്കാർ 1408/2018-ാം നമ്പർ അപ്പീൽ ഹർജി ഫയൽ ചെയ്യുകയും ടി വിദ്യാർത്ഥിക്ക് തൊട്ടടുത്ത സ്കൂളിൽ പഠനം തുടരുന്നതിന് എല്ലാ സൗകര്യങ്ങളും നൽകുന്നതാണെന്ന ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ മേൽ വിധിന്യായം 18-7-2018-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയുമുണ്ടായി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട കോടതിയിൽ നിന്നുള്ള അന്തിമ ഉത്തരവിനായി കാത്തിരിക്കുകയാണ്. സമഗ്ര ശിക്ഷ മുഖേന വിദ്യാർത്ഥികക്ക് തുടർ പഠന സൗകര്യം ഏർപ്പെടുത്തുന്നതാണ്.

## ചേർപ്പ് സി.എൻ.എൽ. ഹൈസ്കൂളിലെ ഗുരുവന്ദനം പരിപാടി

214 (3257) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ചേർപ്പ് സി.എൻ.എൽ. ഹൈസ്കൂളിലെ ഗുരുവന്ദനം പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികളെ കൊണ്ട് അദ്ധ്യാപകരുടെ പാദപൂജ ചെയ്യിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുരുവന്ദനം സംബന്ധിച്ച് 26-6-2018 ൽ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത സർക്കുലറിലെ നിർദ്ദേശമെന്തായിരുന്നു;

(സി) സർക്കാർ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ മതചടങ്ങുകൾ പാടില്ല എന്ന നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി ചടങ്ങ് സംഘടിപ്പിച്ച സ്കൂൾ അധികൃതർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 'ഗുരുപൂർണ്ണിമ' എന്ന പരിപാടിയാണ് സ്കൂളിൽ നടത്തിയത്.

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26-6-2018-ലെ ക്യു.ഐ.പി. (1)/41218/2018/ഡി.പി.ഐ. നമ്പർ സർക്കുലറിൽ "മാതാപിതാക്കളെ പാഴ്‌വസ്തുക്കളപ്പോലെ വലിച്ചെറിയരുത്" എന്ന സന്ദേശം വിദ്യാർത്ഥികളിലേയ്ക്ക് പകർന്നു നൽകുക എന്ന ലക്ഷ്യത്തോടെ അനന്തപുരി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ പത്തനാപുരം ഗാന്ധിഭവന്റെയും വിവിധ സാംസ്കാരിക സംഘടനകളുടെയും സഹകരണത്തോടെ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന 'ഗുരുവന്ദനം' എന്ന പരിപാടി സംസ്ഥാനത്തെ സ്കൂളുകളിൽ പി.ടി.എ.യുടെ അനുമതിയോടെ സ്കൂൾ പ്രവൃത്തി സമയത്തെ ബാധിക്കാത്ത രീതിയിൽ സംഘടിപ്പിക്കാൻ അനുവാദം നൽകുന്നതായാണ് പറഞ്ഞിരിക്കുന്നത്.

(സി) ഒ.പി. നമ്പർ 35376/2000(ജെ) ആൻഡ് 4010/2002(ബി) എന്നിവയിൽ 5-4-2002-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളുകൾ വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ എന്ന് വ്യക്തമാക്കി 7-6-2002-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർ.ടി) 1503/2002/പൊവിവ. പ്രകാരം വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ 26-6-2018-ലെ ക്യു.ഐ.പി./41218/2018/ഡി.പി.ഐ. നമ്പർ സർക്കുലറിലെ നിർദ്ദേശത്തിന് വിരുദ്ധമായി പി.ടി.എ. തീരുമാനത്തിന്റെ മറവിൽ ചേർപ്പ് സി.എൻ.എൽ. സ്കൂളിൽ 'ഗുരുപൂർണ്ണിമ' എന്ന പേരിൽ നടത്തിയ സംഭവത്തിൽ പ്രഥമാദ്ധ്യാപികയ്ക്ക് 09-08-2018-ലെ വി.എ.1/46422/2018/ഡിപിഐ. നമ്പർ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മെമ്മോ നൽകുകയും വിശദീകരണം ലഭ്യമാക്കുകയും ചെയ്തു. മേൽ വിശദീകരണത്തിന്റെയും തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും ബഹുമാനപ്പെട്ട കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും യഥാക്രമം 22-9-2018-ലും 29-10-2018-ലും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി ഫയലിൽ ഇപ്പോൾ തുടർനടപടി സ്വീകരിച്ചുവരുന്നു.

**ആറ്റിങ്ങൽ ഗവ.ടൗൺ യു.പി.എസ്.**

215 (3258) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

200 വർഷത്തോളം പഴക്കമുള്ള ആറ്റിങ്ങൽ ഗവ.ടൗൺ യു.പി.എസ് വിദ്യാലയത്തിനെ ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

ആറ്റിങ്ങൽ ഗവൺമെന്റ് ടൗൺ യു.പി.എസ്.നെ 200 വർഷം പഴക്കമുള്ള സ്കൂളുകൾക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

216 (3259) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പദ്ധതിയിൽ സ്കൂളുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. ഗവൺമെന്റ് ബോയ്സ് എച്ച്.എസ്., കന്യാകുളങ്ങര

2. ഗവൺമെന്റ് ഗേൾസ് എച്ച്.എസ്., കന്യാകുളങ്ങര

3. ലക്ഷ്മിവിലാസം എച്ച്.എസ്., പോത്തൻകോട്

4. ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്., നെടുമങ്ങാട്

5. ഗവൺമെന്റ് എച്ച്.എസ്.എസ്., നെടുവേലി, വെമ്പായം

6. ഗവൺമെന്റ് എച്ച്.എസ്.എസ്. അയിരൂപ്പാറ

(ബി) പുതുതായി എസ്.പി.സി. യൂണിറ്റ് അനുവദിക്കണമെന്ന അപേക്ഷകൾ അനന്തര നടപടികൾക്കായി എസ്.പി.സി. ഡയറക്ടറേറ്റിലേയ്ക്ക് അയയ്ക്കുകയും തുടർന്ന് ടി അപേക്ഷയുടെ സ്വീകാര്യത ഡയറക്ടറേറ്റ് മുഖേന പരിശോധിച്ച് റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി മുമ്പാകെ സമർപ്പിക്കുകയും ഇത്തരത്തിൽ എസ്.പി.സി. ഡയറക്ടറേറ്റിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ സർക്കാരിലേയ്ക്ക് അനന്തരനടപടികൾക്കായി സമർപ്പിക്കുകയും പുതിയ സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുകയും ചെയ്തുവരുന്നു.

(സി) പദ്ധതിയിൽ കൂടുതൽ സ്കൂളുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം ഇതോടൊപ്പം അനുബന്ധമായി* ചേർത്തിരിക്കുന്നു.

## സർക്കാർ സ്കൂളുകളുടെ ഭൂമി

217 (3260) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളുടെ ഭൂമി സ്വകാര്യ വ്യക്തികൾ കൈയ്യേറുന്നത് സംബന്ധിച്ച് പരാതികൾ നിലവിലുണ്ടോ; ഇതിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസ വകുപ്പും റവന്യൂ വകുപ്പും ഭൂമി സംരക്ഷിക്കുന്നതിൽ വീഴ്ചവരുത്തുന്ന കാര്യം പരിശോധിക്കുമോ;

(സി) ലക്ഷകണക്കിന് വിലയുള്ള ഭൂമി സംരക്ഷിക്കുന്നതിൽ സ്കൂൾ അധികാരികളും വിദ്യാഭ്യാസ വകുപ്പ് ഓഫീസർമാരും വേണ്ട ജാഗ്രത കാണിക്കുന്നില്ലെന്ന കാര്യം പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ;

(ഡി) ഓരോ ജില്ലയിലെയും കയ്യേറ്റങ്ങൾ സംബന്ധിച്ച വ്യക്തമായ വിവരം ശേഖരിച്ച് ലഭ്യമാക്കുമോ;

(ഇ) സ്കൂളുകളുടെ കൈവശഭൂമിയുടെ ആധാരങ്ങൾ സൂക്ഷിക്കുന്നത് ആരാണ്; ആധാരങ്ങൾ ഉള്ളതും ഇല്ലാത്തതുമായ എത്ര സ്കൂളുകൾ വീതം ഉണ്ടെന്നറിയിക്കാമോ;

(എഫ്) സർക്കാർ സ്കൂളുകളുടെ കെട്ടിടങ്ങളും ഭൂമിയും മറ്റ് വകുപ്പുകൾക്ക് നൽകുമ്പോൾ മന്ത്രിസഭ തീരുമാനം എടുക്കാറുണ്ടോ;

(ജി) സന്നദ്ധസംഘടനകൾ, നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകൾ എന്നിവക്കു സർക്കാർ സ്കൂൾ ഭൂമിയും കെട്ടിടങ്ങളും നൽകാറുണ്ടോ എന്നും പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റു സർക്കാർ ഏജൻസികൾക്കും സർക്കാർ സ്കൂൾ ഭൂമി നൽകാറുണ്ടോ എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. സർക്കാർ സ്കൂളുകളുടെ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള എല്ലാ കേസുകളിലും പ്രസ്തുത കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ കൈക്കൊള്ളുവാൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. കൂടാതെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കയ്യേറ്റം ഒഴിപ്പിക്കുന്ന മുറയ്ക്ക് ടി സ്കൂളുകളുടെ വസ്തുവകകൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുവാനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി&സി) പരിശോധിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഇ) പ്രധാനാദ്ധ്യാപകർ/പ്രിൻസിപ്പാൾമാർ അതാത് സ്കൂളുകളുടെ കൈവശ ഭൂമിയുടെ ആധാരങ്ങൾ സൂക്ഷിച്ചുവരുന്നു. ആധാരങ്ങൾ ഉള്ളതും ഇല്ലാത്തതുമായ സ്കൂളുകളുടെ വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(എഫ്) സർക്കാർ സ്കൂളുകളുടെ കെട്ടിടങ്ങളും ഭൂമിയും മറ്റ് വകുപ്പുകൾക്ക് നൽകേണ്ടിവരുന്ന സാഹചര്യമുണ്ടായാൽ ഭൂരിഭാഗം കേസുകളിലും ആയതിന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അംഗീകാരം മാത്രം മതിയാകുന്നതാണ്.

(ജി) വിദ്യാഭ്യാസ/വിദ്യാഭ്യാസേതര ആവശ്യങ്ങൾക്കായി സർക്കാർ സ്കൂൾ ഭൂമി വിട്ടുനൽകുന്നതിൽ നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്.

**മലയാളത്തിളക്കം പദ്ധതി**

218 (3261) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷരം അറിഞ്ഞുകൂടാത്ത കുട്ടികളെ പഠിപ്പിക്കുന്ന മലയാളത്തിളക്കം പദ്ധതി സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ബി) ഈ പദ്ധതിക്കായി അധിക സമയം കണ്ടെത്തണമെന്ന് നിർദ്ദേശമെങ്കിലും ഫലത്തിൽ സാധാരണ പഠന സമയത്താണ് പദ്ധതി നടക്കുന്നതെന്നും തന്മൂലം മറ്റ് കുട്ടികളുടെ അദ്ധ്യയന മണിക്കൂറുകൾ നഷ്ടപ്പെടുന്ന സ്ഥിതി വിശേഷം ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒരു സബ് ജില്ലയിലെ അക്ഷരം അറിയാത്ത കുട്ടികളെ ഒരുമിച്ചാക്കി ബി.ആർ.സി.കളിൽ നിന്നുള്ള അധ്യാപകരെ വച്ച് പഠിപ്പിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(ഡി) മലയാളത്തിളക്കം പോലെ ഇംഗ്ലീഷ് വായന/എഴുത്ത് എന്നിവ പരിപോഷിക്കുന്നതിനായി ചെറിയ വാക്കുകളിൽ തുടങ്ങി ആവർത്തിച്ചുറപ്പിച്ച് സ്പെല്ലിംഗ്, റീഡിംഗ് എന്നിവ മെച്ചപ്പെടുത്തുന്നതിന് വീഡിയോ മൊഡ്യൂളുകൾ ഉൾപ്പെടുത്തി ഒരു പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 10-ാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും മാതൃഭാഷയിൽ ആശയവിനിമയശേഷി വർദ്ധിപ്പിക്കുന്നതിന് 'സമഗ്രശിക്ഷ കേരള'യുടെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് 'ശ്രദ്ധ' പരിപാടിയുടെ ഭാഗമായി 'മലയാളത്തിളക്കം' എന്ന പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു. ഈ പരിപാടിയിലൂടെ കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നതിന് വായനക്കാർഡുകൾ, ക്ലാസ്സ് ലൈബ്രറി എന്നിവ ഒരുക്കി തുടർ പ്രവർത്തനങ്ങളും സ്കൂളുകളിൽ നടന്നുവരുന്നു. ഒന്നും രണ്ടും ക്ലാസ്സിലെ കുട്ടികൾക്ക് മാതൃഭാഷയിലുള്ള വായനക്കാർഡുകൾ പ്രത്യേകം തയ്യാറാക്കി നൽകുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അതത് സ്കൂളുകളിൽ വച്ച് അവരെ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ സേവനം ഉപയോഗിച്ചാണ് നിലവിൽ കുട്ടികൾക്ക് പരിശീലനം നൽകി വരുന്നത്. ഒരു സബ് ജില്ലയിലെ കുട്ടികളെ ഒരുമിച്ചാക്കി ബി.ആർ.സി.കളിൽ നിന്നുള്ള അദ്ധ്യാപകരെ പരിഗണിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ഡി) ഇത്തരം പരിപാടികൾ നടപ്പാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ഭൂമി ലഭ്യത സംബന്ധിച്ച ലാൻഡ് ബോർഡിന്റെ റിപ്പോർട്ട്**

219 (3262) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾ ഭൂമി ഏറ്റെടുക്കുന്നതിനായി ഭൂമി ലഭ്യത സംബന്ധിച്ച് ലാൻഡ് ബോർഡിന്റെ റിപ്പോർട്ട് ആരാഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി എങ്കിൽ ഏതൊക്കെ വകുപ്പുകൾ, ഏതൊക്കെ പദ്ധതികൾക്കായാണ് ലാൻഡ് ബോർഡിന്റെ റിപ്പോർട്ട് ആരാഞ്ഞിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) വാസയോഗ്യമല്ലാത്ത ഭൂമി/കൃഷിയോഗ്യമല്ലാത്ത ഭൂമി എന്നിവ ലാൻഡ് ബോർഡിന്റെ അനുമതിയോടെ പൊതു ആവശ്യത്തിലേയ്ക്ക് നീക്കി വയ്ക്കുന്നു. അത്തരം ഭൂമികൾ ഏതെങ്കിലും വകുപ്പിന്റെ പദ്ധതികളുടെ ആവശ്യാർത്ഥം വേണ്ടിവരുന്ന സാഹചര്യത്തിൽ ടി ഭൂമി ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം മുഖാന്തരം വകുപ്പുതല കൈമാറ്റം നടത്തുന്നതിനായി സർക്കാരിന് ശിപാർശ നൽകുകയാണ് ചെയ്യുന്നത്. ഇത്തരം സാഹചര്യങ്ങളിൽ പൊതു ആവശ്യത്തിലേയ്ക്ക്

നീക്കിവയ്ക്കുവാനുള്ള അനുമതിയ്ക്കായാണ് ജില്ലാ കളക്ടർമാരിൽ നിന്നും റിപ്പോർട്ട് വരുന്നത്. വകുപ്പുകൾ നേരിട്ട് ലാൻഡ് ബോർഡിൽ ഭൂമിയുടെ ലഭ്യത സംബന്ധിച്ച് ആവശ്യം ഉന്നയിക്കാറില്ല.

(ബി) അങ്കണവാടി, വിദ്യാഭ്യാസ സ്ഥാപനം, ശ്മശാന നിർമ്മാണം, കളിസ്ഥലം, മറ്റ് പൊതു ആവശ്യങ്ങൾ തുടങ്ങിയ പൊതുതാൽപ്പര്യമുള്ള കാര്യങ്ങൾക്കുവേണ്ടിയാണ് മുഖ്യമായും പൊതു ആവശ്യത്തിലേയ്ക്ക് നീക്കി വയ്ക്കുന്നതിന് അനുമതി ആവശ്യപ്പെടുന്നത്. വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം സംബന്ധിച്ചുള്ള നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരമാണ് സ്വീകരിക്കുന്നത്.

**പുതിയതായി അനുവദിച്ച റവന്യൂ ഡിവിഷനുകൾ**

220 (3263) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി എത്ര റവന്യൂ ഡിവിഷനുകൾ അനുവദിച്ചിട്ടുണ്ട് ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പുതുതായി ആരംഭിച്ച റവന്യൂ ഡിവിഷനുകളോട് താലൂക്കുകൾ കൂട്ടിച്ചേർത്തത് തികച്ചും അശാസ്ത്രീയമായിട്ടാണെന്ന തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; റവന്യൂ ഡിവിഷനുകളിൽ ഉൾപ്പെടുന്ന താലൂക്കുകളിലെ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സൗകര്യപ്രദവും ശാസ്ത്രീയവുമായ രീതിയിൽ താലൂക്കുകളെ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) പുതുതായി ആരംഭിച്ച റവന്യൂ ഡിവിഷനുകളിൽ ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇനി എത്ര തസ്തികകൾകൂടി സൃഷ്ടിക്കാനുണ്ട് ; ആവശ്യമായ തസ്തികകൾ അടിയന്തരമായി സൃഷ്ടിച്ച് ഉത്തരവ് നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പുതിയതായി 6 റവന്യൂ ഡിവിഷനുകൾ അനുവദിച്ചിട്ടുണ്ട്. ആയവ - തിരുവനന്തപുരം-നെടുമങ്ങാട്, തൃശ്ശൂർ-ഇരിങ്ങാലക്കുട, കോഴിക്കോട്-വടകര, കണ്ണൂർ-തളിപ്പറമ്പ്, കാസർഗോഡ്-കാസർഗോഡ്, കൊല്ലം-പുനലൂർ.

(ബി) നെടുമങ്ങാട് റവന്യൂ ഡിവിഷൻ ഒഴികെ ബാക്കിയുള്ള കേസുകളിൽ പരാതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുതിയതായി റവന്യൂ ഡിവിഷനുകൾ രൂപീകരിക്കുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിക്കുന്ന വിധത്തിലാണ് താലൂക്കുകൾ ഉൾപ്പെടുത്തുന്നത്. എന്നിരുന്നാലും നെയ്യാറ്റിൻകര താലൂക്കിനെ നെടുമങ്ങാട് റവന്യൂ ഡിവിഷനിൽ ഉൾപ്പെടുത്തിയതിനെതിരെ പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി താലൂക്കിനെ തിരുവനന്തപുരം റവന്യൂ ഡിവിഷനിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പുതുതായി ആരംഭിച്ച 6 റവന്യൂ ഡിവിഷനുകളിലും ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഓരോ റവന്യൂ ഡിവിഷനിലും 24 തസ്തിക വീതം ആകെ 144 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**പോക്കുവരവ് ചെയ്യുന്നതിനുള്ള അപേക്ഷകൾ**

221 (3264) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വില്ലേജ് ഓഫീസിലും കെട്ടിക്കിടക്കുന്ന പോക്കുവരവ് ചെയ്യുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ;

(ബി) തീർപ്പാക്കാനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷം നാളിതുവരെ എത്ര അപേക്ഷകൾ തീർപ്പുകൽപിച്ചു എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വില്ലേജ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന പോക്കുവരവ് അപേക്ഷകളിൽ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിന് വില്ലേജാഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിന് വില്ലേജിന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി തഹസീൽദാർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്.

(ബി&സി) തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം, ഈ സാമ്പത്തിക വർഷം തീർപ്പ് കൽപ്പിച്ച അപേക്ഷകളുടെ എണ്ണം എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റവന്യൂ രേഖകളിൽ ചെറുകിട കർഷകരുടെ തോട്ടം

222 (3265) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ രേഖകളിൽ ചെറുകിട കർഷകരുടെ വസ്തു തെറ്റായി തോട്ടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് മൂലം വീട് വയ്ക്കുന്നതിനും സ്ഥലം പോക്ക് വരവ് ചെയ്ത് ലഭിക്കുന്നതിനും തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കുവാൻ രാഷ്ട്രീയ കക്ഷികളുടെ സർവ്വകക്ഷിയോഗം വിളിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത ഭൂമി ക്രയവിക്രയം ചെയ്യുവാനോ ബാങ്ക് ലോൺ എടുക്കുന്നതിനോ ഭൂവുടമകൾക്ക് സാധിക്കാത്തത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. അത്തരം പ്രശ്നങ്ങൾ പ്രധാനമായും കോട്ടയം ജില്ലയിലാണ് കണ്ടുവരുന്നത്. കോട്ടയം ജില്ലയിലെ കൊണ്ടൂർ വില്ലേജിൽ 12-7-2018, 13-7-2018 തീയതികളിൽ അദാലത്ത് നടത്തുവാൻ അപേക്ഷകൾ സ്വീകരിക്കുകയും 26-8-2017-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എംഎസ്.) നമ്പർ 303/2017 പ്രകാരം നടപടി സ്വീകരിച്ചും വരുന്നു. എന്നാൽ അപേക്ഷ വസ്തു കേരള ഭൂപരിഷ്കരണ നിയമം, 1963 സെക്ഷൻ 81(1)ഇ പ്രകാരം ഇളവ് അനുവദിച്ച തോട്ട ഭൂമിയാണോ എന്ന് പരിശോധിക്കുന്നതിന് മറ്റ് താലൂക്ക് ബോർഡുകളിൽ നിന്നും മീനച്ചിൽ താലൂക്കിലെ വസ്തുക്കൾക്ക് ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തത വരുത്തുന്നതിന് എല്ലാ താലൂക്ക് ലാൻഡ് ബോർഡുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ചുരുക്കം ലാൻഡ് ബോർഡുകളിൽ നിന്നും മാത്രമേ ലിസ്റ്റ് ലഭിച്ചിട്ടുള്ളൂ. കൂടാതെ ബി.റ്റി.ആർ. ഉൾപ്പെടെയുള്ള റവന്യൂ റിക്കാർഡുകളിൽ Relis Data-യിലും തിരുത്തൽ വരുത്തുന്നതിനും സർവ്വേ വകുപ്പിൽ നിന്നും റീസർവ്വേ റെക്കാർഡുകൾ തയ്യാറാക്കിയ വേളയിൽ 'തോട്ടം' എന്ന രേഖപ്പെടുത്തൽ ചേർക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി പരിശോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(സി) അത്തരം പ്രശ്നങ്ങൾ പ്രധാനമായും കോട്ടയം ജില്ലയിലാണ് കണ്ടുവരുന്നത്. കോട്ടയം ജില്ലയിലെ കൊണ്ടൂർ വില്ലേജിൽ 12-7-2018, 13-7-2018 തീയതികളിൽ അദാലത്ത് നടത്തുവാൻ അപേക്ഷകൾ സ്വീകരിക്കുകയും 26-8-2018-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്) നമ്പർ 303/2017 പ്രകാരം നടപടി സ്വീകരിച്ചുംവരുന്നു. എന്നാൽ അപേക്ഷ വസ്തു കേരള ഭൂപരിഷ്കരണ നിയമം, 1963 സെക്ഷൻ 81(1)ഇ പ്രകാരം ഇളവ് അനുവദിച്ച തോട്ട ഭൂമിയാണോ എന്ന് പരിശോധിക്കുന്നതിനും മറ്റ് താലൂക്ക് ബോർഡുകളിൽ നിന്നും മീനച്ചിൽ താലൂക്കിലെ വസ്തുക്കൾക്ക് ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തത വരുത്തുന്നതിനും എല്ലാ താലൂക്ക് ലാൻഡ് ബോർഡുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ചുരുക്കം ലാൻഡ് ബോർഡുകളിൽ നിന്നും മാത്രമേ ലിസ്റ്റ് ലഭിച്ചിട്ടുള്ളൂ. കൂടാതെ ബി.റ്റി.ആർ. ഉൾപ്പെടെയുള്ള റവന്യൂ റിക്കാർഡുകളിൽ Relis Data-യിലും തിരുത്തൽ വരുത്തുന്നതിനും സർവ്വേ വകുപ്പിൽ നിന്നും റീസർവ്വേ റെക്കോർഡുകൾ തയ്യാറാക്കിയ വേളയിൽ 'തോട്ടം' എന്ന രേഖപ്പെടുത്തൽ ചേർക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി പരിശോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**താനൂർ താലൂക്ക് രൂപീകരണം**

223 (T*3266) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസംഖ്യയും മറ്റ് മാനദണ്ഡങ്ങളും പരിഗണിച്ച് താനൂർ താലൂക്ക് രൂപീകരണം ഇത്തവണത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ പുതിയ താലൂക്കുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ താലൂക്കുകൾ അനുവദിക്കുമ്പോൾ താനൂരിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രത്യേക പരിഗണന ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. കൂടാതെ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്.

---

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ കുന്നംകുളം താലൂക്കും കണ്ണൂർ ജില്ലയിൽ പയ്യന്നൂർ താലൂക്കും അനുവദിച്ചിട്ടുണ്ട്.

(സി) നിലവിൽ പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. കൂടാതെ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്.

**ഫോറസ്റ്റ് റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന**

224 (3267) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗതീരുമാനപ്രകാരം കുരാച്ചുണ്ട്, കാന്തലാട്,കായണ്ണ തുടങ്ങിയ വില്ലേജുകളിൽ ഫോറസ്റ്റ് റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ടോ;

(ബി) എത്ര പേരുടെ ഭൂമിയിൽ സംയുക്ത പരിശോധന നടത്തിയെന്നും ഇനി പരിശോധന നടത്താൻ ബാക്കിയുണ്ടെങ്കിൽ അത് എപ്പോൾ പൂർത്തിയാക്കുമെന്നും അറിയിക്കാമോ ;

(സി) ഫോറസ്റ്റ്, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിലൂടെ എത്ര പേർക്കാണ് നികുതി അടയ്ക്കാൻ സാധിക്കുക; അവരുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ) പൂർത്തിയായിട്ടുണ്ട്.

(ബി) 35 പേർ കൈവശം വച്ചുവരുന്ന ഭൂമിയിൽ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. 3-8-2016-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗതീരുമാനപ്രകാരം ഇനി സംയുക്ത പരിശോധന നടത്താൻ ബാക്കിയില്ല.

(സി) മേൽ സംയുക്ത പരിശോധനയിലൂടെ 25 പേർ 1-1-1977-ന് മുമ്പ് കയ്യേറിയതാണെന്ന് കണ്ടെത്തിയതിനാൽ ടി 25 പേർക്ക് നികുതി അടയ്ക്കാവുന്നതാണ്. വിശദ വിവരം അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മാനന്തവാടി മണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന വീടുകൾ**

225 (3268) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ പ്രളയത്തിൽ പൂർണമായും നശിച്ച വീടുകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭാഗികമായി തകർന്ന വീടുകളുടെ എണ്ണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പ്രളയത്തെത്തുടർന്ന് സ്ഥലവും വീടും വാസയോഗ്യമല്ലാതായവരുടെ എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

(എ) മാനന്തവാടി മണ്ഡലത്തിൽ പ്രളയം, ഉരുൾപൊട്ടൽ എന്നിവയെ ത്തുടർന്ന് 285 വീടുകൾ പൂർണ്ണമായി നശിച്ചിട്ടുണ്ട്.

(ബി) 3215 വീടുകൾ ഭാഗികമായി തകർന്നിട്ടുണ്ട്.

(സി) 170 കുടുംബങ്ങൾക്ക് സ്ഥലവും വീടും നഷ്ടമായിട്ടുണ്ട്.

**സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം**

226 (3269) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിൽ നിലവിലുള്ള നിയമങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ;

(ബി) വിവിധ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഭൂമി കൈമാറ്റത്തിന്റെ കാലതാമസം മൂലം വിവിധ പദ്ധതികളുടെ പൂർത്തീകരണത്തിന് നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സേവന വകുപ്പുകൾക്ക് ഭൂമി കൈമാറുന്നത് 1968-ലെ സർക്കാർ ഭൂമിയും കെട്ടിടങ്ങളും കൈമാറ്റ ചട്ടങ്ങൾ പ്രകാരമാണ്. ഭൂമി കൈമാറ്റം സൗജന്യമായിരിക്കും. ഭൂമിയുടെ ഉടമസ്ഥത റവന്യൂ വകുപ്പിൽ നിലനിർത്തി ഭൂമിയുടെ ഉപയോഗാനുമതി മാത്രം സേവന വകുപ്പുകൾക്ക് കൈമാറുന്നു. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ 27-7-2011-ലെ ജി.ഒ. (എംഎസ്.) നമ്പർ 280/2011/ആർ.ഡി. സർക്കാർ

ഉത്തരവിലും കേരള ഫിനാൻഷ്യൽ കോഡ്, വാല്യം-1 അദ്ധ്യായം-XIII അനുഛേദം 326-ലും വിവരിച്ചിട്ടുണ്ട്. 8-5-2013-ലെ LRK2-18287/12 നമ്പർ സർക്കുലർ പ്രകാരം മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വർദ്ധിച്ചുവരുന്ന വികസന ആവശ്യങ്ങൾ, ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം എന്നിവ പരിഗണിച്ച് നഗരപ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് തമ്മിൽ കൈമാറുന്നതിന് 5-6-2018-ലെ ജി.ഒ. (പി) നമ്പർ 31/18/റവന്യൂ നമ്പർ സർക്കാർ ഉത്തരവുപ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിരിക്കുന്നു. ടി ഉത്തരവിന്റെയും വിശദമായ വില നിർണ്ണയം ഒഴിവാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കുന്നതിന് 1-11-2018-ലെ LRK2-27511/17 നമ്പർ സർക്കുലർ പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വെള്ളാരപ്പിള്ളി തെക്കേ കോവിലകം ഏറ്റെടുക്കുവാനുള്ള നടപടി**

227 (3270) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലുവ താലൂക്കിലെ വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിത സ്മാരകം ആക്കി ഏറ്റെടുക്കുവാനുള്ള നടപടികൾ എറണാകുളം ജില്ലാ കളക്ടർ ഏത് ഘട്ടം വരെ പൂർത്തിയാക്കി എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

19-1-2017-ലെ സ.ഉ. (സാധാ.) നമ്പർ 19/2017/സി.എ.ഡി. പ്രകാരം എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലെ കിഴക്കുംഭാഗം വില്ലേജിലെ ബ്ലോക്ക്-29 റീ സർവ്വേ 59-ലെ 5 ഏക്കർ സ്ഥലം 57 സെന്റ് സ്ഥലത്തിൽപ്പെട്ട വെള്ളാരപ്പിള്ളി തെക്കേ കോവിലകം, 1968-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം (5 ഏക്കർ 57 സെന്റ്) അളന്ന് തിരിച്ച്, സംരക്ഷിത സ്മാരകമായി സംരക്ഷിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട കെട്ടിടങ്ങളും ചമയങ്ങളും ഉൾപ്പെടുന്ന ഭാഗം 0.7984 ഹെക്ടർ ആയും സംരക്ഷിത സ്മാരകമായി സംരക്ഷിക്കപ്പെടുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള പുതിയ കെട്ടിടങ്ങൾ ഉൾപ്പെടുന്ന ഭാഗം 1.4356

ഹെക്ടറായും പ്രത്യേകം വിസ്തീർണ്ണം രേഖപ്പെടുത്തി സ്കെച്ച് തയ്യാറാക്കി 14-11-2018-ലെ എറണാകുളം ജില്ലാ കളക്ടറുടെ DCEKM/11495/2018-L3 കത്ത് പ്രകാരം പുരാവസ്തു ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുരാവസ്തു വകുപ്പ് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്റ്റുഡന്റ്സ് റാപിഡ് റെസ്പോൺസ് ഫോഴ്സ്

228 (3271) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഇന്ത്യയിൽ തന്നെ ആദ്യത്തേത് എന്ന നിലയിൽ കോഴിക്കോട് ജില്ലയിൽ തുടക്കം കുറിക്കുകയും അത് കേരളത്തിൽ എല്ലാ കോളേജുകളിലും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വ്യാപിപ്പിക്കുമെന്ന് ഉദ്ഘാടന ദിവസം ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുകയും ചെയ്ത വിദ്യാർത്ഥികൾക്കിടയിലെ ദുരന്ത നിവാരണ സേന വിഭാഗം എസ്.എസ്.ആർ.എഫ്. (സ്റ്റുഡന്റ്സ് റാപിഡ് റെസ്പോൺസ് ഫോഴ്സ്) ഇപ്പോൾ സജീവമാണോ എന്നും ഇല്ലെങ്കിൽ അത് സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) കുറെ പരിശീലനം ലഭിച്ച എസ്.എസ്.ആർ,എഫ്.-ലെ കുട്ടികളെ ആവശ്യ ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്താൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എസ്.എസ്.ആർ.എഫ്. എന്ത് കൊണ്ട് മറ്റു സ്ഥാപനങ്ങളിൽ വ്യാപിപ്പിക്കാത്തതെന്നും തുടങ്ങിയ കോളേജിൽ തന്നെ രണ്ടാം ബാച്ച് പോലും ആരംഭിക്കാതിരുന്നതെന്നും വിശദമാക്കാമോ;

(ഡി) ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ പ്രളയ ഘട്ടങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ബോധവൽക്കരണം ഉൾപ്പടെയുള്ള പ്രതിരോധ പ്രവർത്തനങ്ങളിലും എസ്.എസ്.ആർ.എഫ്.-നെ ഉപയോഗപ്പെടുത്തുന്നതിൽ ജില്ല ഭരണകൂടം പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ അതേക്കുറിച്ച് അന്വേഷണം നടത്തുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സജീവമാണ്. സ്റ്റുഡന്റ്സ് റാപിഡ് റെസ്പോൺസ് ഫോഴ്സ് (എസ്.ആർ.ആർ.എഫ്.) സർക്കാർ നിർത്തലാക്കിയിട്ടില്ല.

(ബി-ഡി) കുട്ടികളെ അപകടകരമായ ദുരന്ത പ്രതികരണ മേഖലയിൽ നിയോഗിക്കുന്നതിന് തടസ്സങ്ങളുണ്ട്. എസ്.ആർ.ആർ.എഫ്. ഒരു നിയമപരമായ പ്രതികരണസേനയല്ല. കോടഞ്ചേരി ഗവൺമെന്റ് കോളേജിലെ ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥികളെയാണ് എസ്.ആർ.ആർ.എഫ്.ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ എസ്.ആർ.ആർ.എഫ്.നെ ഉൾപ്പെടുത്തി പ്രളയത്തിൽപ്പെട്ട ആളുകളെ രക്ഷിക്കുന്നതിന് കുട്ടികളുടെ സുരക്ഷയെ മുൻനിർത്തി ഉപയോഗപ്പെടുത്തിയിരുന്നില്ലെങ്കിലും വാളണ്ടിയർമാരായി ഉപയോഗിക്കുന്നതിന് നിയോഗിച്ചിരുന്നതാണ്. സന്നദ്ധ പ്രവർത്തന ഏകോപനം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടപ്പാക്കുന്നത് സിവിൽ ഡിഫെൻസ് നിയമം 1968 പ്രകാരമുള്ള ആപ്ത മിത്ര എന്ന സംവിധാനത്തിലൂടെ അഗ്നി സുരക്ഷാ വകുപ്പുമായി ചേർന്നാണ്. ഓരോ ജില്ലയിലും ഉണ്ടാകുന്ന എസ്.ആർ.ആർ.എഫ്. പോലുള്ള പ്രത്യേക സേനകൾ തുടർന്നും നടത്തുന്നത് സാമ്പത്തികമായി സാദ്ധ്യമാകില്ല. സിവിൽ ഡിഫെൻസ് നടപ്പിൽ വരുത്തുവാനാണ് സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിച്ചിരിക്കുന്നത്.

**നാശനഷ്ടങ്ങൾക്ക് ധനസഹായം ലഭിക്കാൻ അർഹതപ്പെട്ട കുടുംബങ്ങൾ**

229 (3272) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വീടുകൾക്കും മറ്റും സംഭവിച്ച നാശനഷ്ടങ്ങൾക്ക് ധനസഹായം ലഭിക്കാൻ അർഹതപ്പെട്ട അനേകം കുടുംബങ്ങൾ സർക്കാർ തയ്യാറാക്കിയ അർഹരുടെ പട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ടതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വേങ്ങര മണ്ഡലത്തിലെ പറപ്പൂർ, ഒതുക്കുങ്ങൽ തുടങ്ങിയ പഞ്ചായത്തുകളിൽ അർഹതയുണ്ടായിട്ടും നിരവധി കുടുംബങ്ങൾ ഒഴിവാക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ;ഇവരെ ഉൾപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ.

(സി) ഇത്തരം സംഭവങ്ങൾ സംസ്ഥാനത്തെ വിവിധയിടങ്ങളിൽ ഉണ്ടായിട്ടുണ്ടെങ്കിൽ വീണ്ടും ഒരു പരിശോധന കൂടി നടത്തി അർഹതപ്പെട്ട വരെ മുഴുവൻ ഉൾപ്പെടുത്തുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചുവരുന്നു. ദുരിതാശ്വാസം സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ

(ഡെപ്യൂട്ടി കളക്ടർ, ഡിസാസ്റ്റർ മാനേജ്മെന്റ്/അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്) ചുമതലപ്പെടുത്തിയിട്ടുണ്ട്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ തീരുമാനത്തിൽ പരാതിയുള്ളവരുടെ പരാതി പരിഗണിക്കുന്നതിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ ജില്ലാ കളക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**റവന്യൂ വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗം**

230 (3273) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗം 28-11-2018 വരെ 13 ശതമാനം മാത്രം ആയതിന്റെ സാഹചര്യം വ്യക്തമാക്കുമോ;

(ബി) പ്ലാൻ ഫണ്ട് വിനിയോഗത്തിൽ പുരോഗതി കൈവരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്ലാൻ ഫണ്ട് വിനിയോഗത്തിൽ പുരോഗതി കൈവരിക്കാൻ സാധിക്കാത്തതു വകുപ്പിന്റെ വീഴ്ചയായി കരുതുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനം നേരിട്ട സമാനതകളില്ലാത്ത പ്രളയവും പദ്ധതി വിഹിതം ചെലവഴിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ നിയമപ്രകാരമുള്ള പൂർത്തീകരണത്തിന് വേണ്ടി വന്ന അധിക സമയവുമാണ് പദ്ധതി വിഹിത വിനിയോഗത്തിൽ കുറവുണ്ടായ സാഹചര്യം.

(ബി) നടപ്പു സാമ്പത്തിക വർഷം അനുവദിച്ച പദ്ധതി തുകയുടെ 90 ശതമാനം എങ്കിലും ശേഷിക്കുന്ന കാലപരിധിക്കുള്ളിൽ ചെലവിടാൻ ഉതകുന്ന തരത്തിൽ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി അതനുസരിച്ച് നടപടികൾ നടത്തുന്നതിന് പ്രത്യേകമായ സംവിധാനം ഏർപ്പെടുത്തി ഓരോ മാസത്തെയും പുരോഗതി വിലയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനം നേരിട്ട സമാനകളില്ലാത്ത പ്രളയവും പദ്ധതി വിഹിതം ചെലവഴിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ നിയമപ്രകാരമുള്ള പൂർത്തീകരണത്തിന് വേണ്ടി അധിക സമയവും കാരണമാണ് പദ്ധതി വിഹിത വിനിയോഗത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിയാതെ പോയത്. ആയത് റവന്യൂ വകുപ്പിന്റെ വീഴ്ചയായി കരുതുന്നില്ല.

**ചുരം കേബിൾ കാർ പദ്ധതി**

231 (3274) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും സഹകരണവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10-5-2018- ന് കോഴിക്കോട് ജില്ലാ കളക്ടറുടെ അധ്യക്ഷതിൽ ചേർന്ന ചുരം കേബിൾ കാർ പദ്ധതി സംബന്ധിച്ച യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത തീരുമാനങ്ങൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) പ്രസ്തുത പദ്ധതി എന്ന് നിലവിൽ വരും;

(ഡി) പ്രസ്തുത പദ്ധതി എപ്രകാരം നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 10-5-2018-ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചുരം കേബിൾ കാർ പദ്ധതി നടപ്പിലാക്കുമ്പോൾ ടവർ നിർമ്മിക്കേണ്ട സ്ഥലങ്ങളിൽ മുറിക്കേണ്ട മരങ്ങളുടെ എണ്ണം, ഫോറസ്റ്റ് ഏര്യ സംബന്ധിച്ച വിവരം, ടവർ ലൊക്കേഷൻ എന്നിവ അടയാളപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വനം വകുപ്പ് അധികൃതരോട് നിർദ്ദേശിക്കുകയും കൂടാതെ വയനാട് ചേംബർ ഓഫ് കോമേഴ്സ് പ്രതിനിധികൾ പദ്ധതിയുമായി ബന്ധപ്പെട്ട് ടെക്നിക്കൽ ടീമുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് ജില്ലാ കളക്ടർ മുഖേന സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു.

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട ടെക്നിക്കൽ ടീമുമായി സംയുക്ത പരിശോധന നടത്തി പദ്ധതി റിപ്പോർട്ട് കോഴിക്കോട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുവാൻ വയനാട് ചേംബർ ഓഫ് കോമേഴ്സ് പ്രതിനിധികൾക്ക് യോഗത്തിൽ നിർദ്ദേശം നൽകിയിരുന്നു. ടി റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല.

(സി&ഡി) പദ്ധതി സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

**റവന്യൂ, സർവ്വേ , ലാൻഡ് ബാങ്ക്, ലാൻഡ് ബോർഡ്, ഐ.എൽ.ഡി.എം. പദ്ധതി തുക**

232 (3275) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ, സർവ്വേ, ലാൻഡ് ബാങ്ക്, ലാൻഡ് ബോർഡ്, ഐ.എൽ.ഡി.എം. എന്നീ വകുപ്പുകൾക്ക് അനുവദിച്ച പദ്ധതി തുക പദ്ധതി തിരിച്ച് വിശദമാക്കാമോ;

(ബി) അനുവദിച്ച പദ്ധതി തുകയിൽ ചെലവഴിച്ച തുക ഇനം തിരിച്ച് വിശദമാക്കുമോ;

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**മോഡൽ വില്ലേജ് പദ്ധതി**

233 (3276) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡൽ വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി ഒതുക്കുങ്ങൽ വില്ലേജ് ഓഫീസിനായി കെട്ടിടവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുവാനുള്ള പ്രവൃത്തിയുടെ നിലവിലെ അവസ്ഥയെന്താണ് ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ് ; വിശദമാക്കുമോ;

(സി) ഒതുക്കുങ്ങൽ വില്ലേജ് ഓഫീസിനെ മോഡൽ വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി പരിഷ്കരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ-സി) മോഡൽ വില്ലേജ് പദ്ധതി എന്ന പേരിൽ പദ്ധതികളൊന്നും തന്നെ നിലവിലില്ല. എന്നാൽ വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി സ്മാർട്ട് വില്ലേജ് പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം പുതിയ കെട്ടിടം നിർമ്മിക്കേണ്ട ജില്ലാ കളക്ടർ ലഭ്യമാക്കിയ മുൻഗണനാ ലിസ്റ്റിൽ ഒതുക്കുങ്ങൽ വില്ലേജ് ഉൾപ്പെട്ടിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിക്കായുള്ള ബജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്.

**റവന്യൂ/സർവ്വേ വകുപ്പുകളിലുള്ള ഐ.ടി./കമ്പ്യൂട്ടർ സെൽ**

234 (3277) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ/സർവ്വേ വകുപ്പുകളിലുള്ള ഐ.ടി./കമ്പ്യൂട്ടർ സെൽ എന്നിവയുടെ പ്രവർത്തന രീതി വിശദമാക്കുമോ;

(ബി) ഈ വകുപ്പിനുകീഴിൽ ആരംഭിച്ച പുതിയ പദ്ധതികൾ ഏതെല്ലാം; അനുവാദം ഇല്ലാതെ എത്ര പദ്ധതികൾ അനധികൃതമായി തുടങ്ങി; വിശദമാക്കുമോ?

ഉത്തരം

(എ) റവന്യൂ/സർവ്വേ വകുപ്പുകളിലുള്ള ഐ.ടി./കമ്പ്യൂട്ടർ സെൽ എന്നിവയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

റവന്യൂ വകുപ്പിലെ ഐ.ടി./കമ്പ്യൂട്ടർ സെൽ എന്നിവയുടെ പ്രവർത്തനരീതി

റവന്യൂ വകുപ്പിൽ നടപ്പിലാക്കി വരുന്ന ഇ-ഗവേണൻസ് പ്രോജക്ടുകളുടെ സംസ്ഥാനതലത്തിലുള്ള മേൽനോട്ടവും ഏകോപനവും നടത്തിവരുന്നത് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഐ.ടി. സെല്ലാണ്. റവന്യൂ വകുപ്പിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന ഇ-ഗവേണൻസ് പദ്ധതികളായ ഇ-ഡിസ്ട്രിക്ട്, ഇന്റർഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം, റവന്യൂ ഇ-പേയ്മെന്റ്, ഭൂനികുതി ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം, റവന്യൂ റിക്കവറി ഓൺലൈൻ, ഇ-ട്രഷറി, ഇ-പ്രൊക്വയർമെന്റ്, ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോർഡ് മോഡണൈസേഷൻ പ്രോഗ്രാം (DILRMP) തുടങ്ങിയ പ്രോജക്ടുകളുടെ നിർവ്വഹണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കൂടാതെ കേരളത്തിലെ എല്ലാ റവന്യൂ ഓഫീസുകളെയും ഓൺലൈനായി ബന്ധിപ്പിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള സമഗ്ര ഇ-പേയ്മെന്റ് സംവിധാനം, കേരള ബിൽഡിംഗ് ടാക്സ്, ലാൻഡ് റെക്കോർഡ് മെയിന്റനൻസ്, ലാൻഡ് റിലിംക്വിഷ്മെന്റ്, ജില്ലാ പരാതിപരിഹാര സംവിധാനം, സമഗ്ര അസെറ്റ് മാനേജ്മെന്റ് സംവിധാനം, വിവരാവകാശ നിയമപ്രകാരമുള്ള രേഖകളുടെ വിഖ്യാപനം, മാനവശേഷിപരിപാലന സംവിധാനം, റവന്യൂ വകുപ്പ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, റവന്യൂ വകുപ്പ് മുഖേന നൽകിവരുന്ന എല്ലാ സേവനങ്ങൾക്കുമായുള്ള സിംഗിൾ-സൈൻ-ഓൺ സൗകര്യത്തോടെയുള്ള ഏകജാലക സംവിധാനമായ സമഗ്ര റവന്യൂ പോർട്ടലും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റവും ജി.ഐ.എസ്. അധിഷ്ഠിത സംയോജിത ലാൻഡ് ഇൻഫർമേഷൻ സിസ്റ്റവും ലാൻഡ് റെക്കോർഡ്സ് പോർട്ടലും സമഗ്ര സിറ്റിസൺ ഇൻഫർമേഷൻ സിസ്റ്റം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഐ.ടി. സെൽ മുഖാന്തരം ദ്രുതഗതിയിൽ നടന്നുവരുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേയ്ക്ക് സമർപ്പിക്കുന്നതിനായുള്ള വകുപ്പ് നവീകരണവും കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട പദ്ധതി രേഖകൾ തയ്യാറാക്കുക, വകുപ്പിലെ വിവിധ സേവനങ്ങൾക്കും നടപടികൾക്കുമായി വ്യവസ്ഥ

ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ, അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ എന്നിവയുടെ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പ്രോസ്സസ് റി-എഞ്ചിനീയറിംഗ് തുടങ്ങിയ പ്രവർത്തനങ്ങളും സ്റ്റേറ്റ് ഐ.ടി. സെല്ലിന്റെ മേൽനോട്ടത്തിൽ നടന്നുവരികയാണ്. സ്കെച്ചുകളുടെ വെക്ടറൈസേഷൻ, അവയെ വില്ലേജ് റെക്കോർഡുകളുമായുള്ള ബന്ധിപ്പിക്കൽ, മോഡേൺ റെക്കോർഡ് റൂം, ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റത്തിലൂടെ രേഖകളുടെ പരിപാലനം എന്നിങ്ങനെ സമയബന്ധിതമായി വകുപ്പിലെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ഭൂരേഖ കമ്പ്യൂട്ടർവൽക്കരണം റവന്യൂ വകുപ്പിന്റെ വിവിധ വിഭാഗങ്ങളും രജിസ്ട്രേഷൻ വകുപ്പും മുഖേനയാണ് നടപ്പിലാക്കി വരുന്നത്. നിലവിൽ വ്യത്യസ്ത ഡാറ്റാബേസുകൾ കൈകാര്യം ചെയ്തുവരുന്നത് രൂപാന്തരം വരുത്തി ഒരൊറ്റ പോർട്ടലിനു കീഴിൽ സംയോജിത ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ഭൂരേഖ പോർട്ടൽ) ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. എല്ലാ റവന്യൂ വിഷയങ്ങളും ജനങ്ങൾക്ക് നേരിട്ട് നൽകുന്നതും മറ്റ് വകുപ്പുകൾക്ക് നൽകുന്നതുമായ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി റവന്യൂ പോർട്ടൽ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

<u>സർവ്വേ വകുപ്പിലെ ഐ.ടി./കമ്പ്യൂട്ടർ സെൽ എന്നിവയുടെ പ്രവർത്തനരീതി</u>

സർവ്വേയും ഭൂരേഖയും വകുപ്പിൽ വെർച്വൽ ഐ.ടി. കേഡർ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഐ.ടി. അനുബന്ധ യോഗ്യതയുള്ള വകുപ്പിലെ വിവിധ ജില്ലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും 18 പേരെ തെരഞ്ഞെടുത്തിട്ടുള്ളതും അവർക്ക് ഐ.ടി. സംബന്ധിച്ചുള്ള ട്രെയിനിംഗ് ടെക്നോപാർക്കിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റിൽ വച്ച് നടത്തുകയും ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടുള്ള ജീവനക്കാർ നിലവിൽ അവർ ജോലി ചെയ്തുവരുന്ന ജില്ലയിലെ ഐ.ടി. സംബന്ധമായ ജോലികൾ നിർവ്വഹിച്ചുവരുന്നു. കൂടാതെ വകുപ്പിൽ നിന്നും പി.ജി. ഡിപ്ലോമാ ഇൻ ഇ-ഗവേണൻസ് (PGDeG) എന്ന കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളവരെയും ഐ.ടി. അനുബന്ധ ജോലികൾ നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്താറുണ്ട്.

(ബി) റവന്യൂ വകുപ്പിന്റെ കീഴിൽ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് സംയോജിത ഓൺലൈൻ പോക്കുവരവ് (Online mutation), ഇ-പേമെന്റ്, ഇ-ഓഫീസ് എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അനുവാദമില്ലാതെ യാതൊരു പദ്ധതിയും തുടങ്ങിയിട്ടില്ല.

സർവ്വേ വകുപ്പിന്റെ കീഴിൽ ഐ.ടി. സംബന്ധമായി പുതിയ പദ്ധതികളൊന്നും തന്നെ ആരംഭിച്ചിട്ടില്ല.

**സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി**

235 (3278) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ പ്രവർത്തനം വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ പ്രസ്തുത പദ്ധതിക്കായി എന്ത് തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) ഇനി എത്ര വില്ലേജുകളിൽ ഈ പദ്ധതി നടപ്പിലാക്കാനുണ്ട്;

(ഡി) ഇത് നടപ്പിലാക്കുന്നതിൽ പിന്നോക്കം നിൽക്കുന്ന ജില്ല എതാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. റവന്യൂ വകുപ്പിന്റെ റെലിസ് എന്ന സോഫ്റ്റ്‌വെയറും രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ എന്ന സോഫ്റ്റ്‌വെയറും സംയോജിപ്പിച്ചാണ് സംസ്ഥാനത്ത് ഓൺലൈൻ പോക്കുവരവ് നടത്തിവരുന്നത്. ഒരു ആധാരം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ഡോക്യുമെന്റ് അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക് അത് ബന്ധപ്പെട്ട വില്ലേജാഫീസുകളിൽ എത്തുകയും ഡാറ്റയും ആധാരവും പരിശോധിച്ച് വില്ലേജാഫീസർക്ക് സ്വീകരിക്കാൻ സാധിക്കുന്നതാണ്. ഡാറ്റയിൽ തെറ്റുണ്ടെങ്കിൽ സബ് രജിസ്ട്രാർക്ക് പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യുന്നതിനും തിരുത്തി നൽകുന്നതിന് അപേക്ഷ തിരികെ അയയ്ക്കുവാനും കഴിയുന്നതാണ്. ഇത്തരത്തിൽ കൃത്യതയോടെ ലഭ്യമാകുന്ന അപേക്ഷകളിന്മേൽ സബ്ഡിവിഷൻ ഇല്ലാത്ത കേസുകളിൽ വില്ലേജ് ഓഫീസർക്ക് തീരുമാനമെടുക്കാവുന്നതും പോക്കുവരവ് അംഗീകരിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട കക്ഷിയുടെ മൊബൈൽ നമ്പരിലേയ്ക്ക് തണ്ടപ്പേർ നമ്പർ, സർവ്വേ നമ്പർ എന്നിവ രേഖപ്പെടുത്തി സിസ്റ്റം ഒരു മെസ്സേജ് നൽകുകയും ചെയ്യുന്നു. സബ്ഡിവിഷൻ ഉള്ള കേസുകളിൽ വില്ലേജാഫീസർ റിപ്പോർട്ട് രേഖപ്പെടുത്തി ഓൺലൈൻ ആയിത്തന്നെ പ്രസ്തുത ഡോക്യുമെന്റ് തഹസീൽദാർക്ക് അയയ്ക്കുകയും തഹസീൽദാർ

അപ്രൂവ് ചെയ്യുന്നതനുസരിച്ച് വില്ലേജാഫീസിൽ തിരികെയെത്തുകയും വില്ലേജാഫീസർ ഫൈനൽ അപ്രൂവൽ ചെയ്യുന്ന മുറയ്ക്ക് കക്ഷിക്ക് തണ്ടപ്പേരും സർവ്വേ നമ്പരും രേഖപ്പെടുത്തി മെസ്സേജ് ലഭിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ പ്രോസസ് ചെയ്യപ്പെട്ട പോക്കുവരവിന്റെ ഫീസും പ്രസ്തുത ഭൂമിയുടെ കരവും കക്ഷിക്ക് ഓൺലൈനായിത്തന്നെ ഒടുക്കാവുന്നതുമാണ്.

(ബി) 2016-17, 2017-18, 2018-19 എന്നീ മൂന്ന് വർഷങ്ങളിലായി നാളിതുവരെ 13.79 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ആകെയുള്ള 1664 വില്ലേജുകളിൽ 1615 വില്ലേജുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള 49 വില്ലേജുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുണ്ട്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കൂടുതൽ വില്ലേജുകൾ അവശേഷിക്കുന്നത് കണ്ണൂർ ജില്ലയിലാണ്.

**പുനരുദ്ധാരണ പ്രവൃത്തികൾ**

236 (3279) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ (എ) വകുപ്പിന്റെ 5-2-2018-ലെ സ.ഉ (സാധാ.)നമ്പർ 65/2018/ഡി. എം. ഡി, 16-6-18-ലെ സ.ഉ (സാധാ.) നമ്പർ 348/2018/ഡി. എം. ഡി. എന്നീ ഉത്തരവുകൾ പ്രകാരം 2017-18 ലെ കാലവർഷക്കെടുതികൾ പുനരുദ്ധാരണ പ്രവൃത്തികളിൽ ഉൾപ്പെടുത്തി അനുവദിച്ചവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിയെന്ന് അറിയിക്കാമോ;

(ബി) പൂർത്തിയാകാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നും കാലതാമസത്തിന് കാരണമെന്തെന്നും അറിയിക്കാമോ?

ഉത്തരം

(എ) പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

(ബി) പൂർത്തിയാകാത്ത പ്രവൃത്തികളും അവയുടെ കാലതാമസത്തിനുള്ള കാരണവും അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഭൂരഹിതരില്ലാത്ത കേരളം

237 (3280) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പ്രവർത്തനം വിശദീകരിക്കാമോ;

(ബി) ഈ പദ്ധതിക്ക് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) എത്ര പേരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇതിൽ എത്ര പേർക്ക് ഭൂമി കൈമാറിയെന്നും അവശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കൾ എത്രയെന്നും വിശദമാക്കാമോ;

(ഇ) അവശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ ആണ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഭൂരഹിതരായ കുടുംബങ്ങളിൽ നിന്നും വിവിധ പതിവ് ചട്ടങ്ങളുടെ കീഴിൽ 3 സെന്റ് ഭൂമി വീതം പതിച്ചു നൽകുന്നതിന് അപേക്ഷ സ്വീകരിക്കുകയും ആയതിൽ പരിശോധന നടത്തി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാതലത്തിൽ ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു സ്റ്റേറ്റ് ലെവൽ സ്പെഷ്യൽ സെൽ രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. നിലവിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് മാറ്റി ഉത്തരവായിട്ടുണ്ട്.

(ബി) ഈ പദ്ധതിക്ക് 3,82,155 അപേക്ഷകളാണ് ലഭിച്ചത്.

(സി&ഡി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | അപേക്ഷകരുടെ എണ്ണം | ഗുണഭോക്താക്കളായി തെരഞ്ഞെടുത്തവരുടെ എണ്ണം | ഭൂമി കൈമാറിയത് | അവശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കൾ |
|---|---|---|---|---|
| തിരുവനന്തപുരം | 56028 | 54545 | 595 | 53950 |
| കൊല്ലം | 36020 | 28612 | 345 | 28267 |
| പത്തനംതിട്ട | 7584 | 7584 | 669 | 6915 |
| ആലപ്പുഴ | 18134 | 15164 | 183 | 14981 |
| കോട്ടയം | 16320 | 10388 | 477 | 9911 |
| ഇടുക്കി | 16676 | 5422 | 3615 | 1807 |
| എറണാകുളം | 45644 | 33775 | 110 | 32665 |
| തൃശ്ശൂർ | 32000 | 26982 | 522 | 26460 |
| പാലക്കാട് | 28524 | 23476 | 4112 | 19364 |
| മലപ്പുറം | 42985 | 25998 | 1145 | 24853 |
| കോഴിക്കോട് | 15316 | 2212 | 1034 | 1178 |
| വയനാട് | 7259 | 4034 | 765 | 3269 |
| കണ്ണൂർ | 24778 | 18839 | 1598 | 2854 |
| കാസർഗോഡ് | 34887 | 16144 | 16144 | - |

(ഇ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് പുതുതായി ആരംഭിച്ച ലൈഫ് മിഷൻ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാക്കുന്നതിന് അതാത് തദ്ദേശഭരണ സ്ഥാപനവുമായി ബന്ധപ്പെടുവാൻ ജില്ലാ കളക്ടർമാർ അപേക്ഷ സമർപ്പിച്ച കക്ഷികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

238 (3281) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) അടുത്ത സാമ്പത്തിക വർഷം ഈ ഇനത്തിൽ എന്തെങ്കിലും തുക നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. 2011-ൽ കേന്ദ്ര സർക്കാർ നടത്തിയ സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസിൽ നിന്നും ലഭിച്ചിട്ടുള്ള ഭൂരഹിതർ, ഭൂമിയുള്ള ഭവനരഹിതർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വിവരങ്ങളും പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവ വിവിധ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഭൂരഹിത, ഭവനരഹിതരുടെ പട്ടികയും അടിസ്ഥാനമാക്കിയാണ് കേരളത്തിലെ മുഴുവൻ ഭൂരഹിത-ഭവനരഹിതർക്ക് മാന്യവും സുരക്ഷിതത്വത്തോടെയുമുള്ള ഭവന സംവിധാനത്തിനായി ആവിഷ്കരിച്ചിരിക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (LIFE) നടപ്പിലാക്കുന്നത്. ആയതിനാലാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തത്.

(ബി) പരിഗണനയിലില്ല.

**ഭൂമി കയ്യേറ്റ കേസുകൾ**

239 (3282) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷത്തിനിടെ റിപ്പോർട്ടുചെയ്ത ഭൂമി കയ്യേറ്റ കേസുകളിൽ ഒഴിപ്പിക്കൽ നടപടികൾ എത്രമാത്രം പൂർത്തിയായിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇപ്രകാരം കഴിഞ്ഞ രണ്ട് വർഷത്തിനിടെ സർക്കാർ തിരിച്ചുപിടിച്ച ഭൂമി എത്രയെന്ന് ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ നൽകാമോ;

(സി) ഭൂമി കയ്യേറ്റം ബോദ്ധ്യപ്പെട്ടാൽ സ്വീകരിക്കുന്ന നിയമ നടപടികൾ വ്യക്തമാക്കാമോ; ഏതെങ്കിലും കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; ആയതിന്റെ വിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഭൂമിയിലെ റിപ്പോർട്ട് ചെയ്യപ്പെട്ട കയ്യേറ്റ കേസുകളിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനിടെ 2537 കയ്യേറ്റ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ 665 കേസുകൾ ഒഴിപ്പിച്ചെടുത്തിട്ടുള്ളതാണ്. ബാക്കി വരുന്ന കയ്യേറ്റങ്ങൾ പൂർണ്ണമായി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി)

| ജില്ല | ഒഴിപ്പിച്ചെടുത്ത വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| തിരുവനന്തപുരം | 4.7167 |
| കൊല്ലം | 1.1584 |
| പത്തനംതിട്ട | 1.5436 |
| ആലപ്പുഴ | 2.2204 |
| കോട്ടയം | 0.1235 |
| ഇടുക്കി | 179.6952 |
| എറണാകുളം | 6.1594 |
| തൃശ്ശൂർ | 5.44 |
| പാലക്കാട് | 3.8947 |
| മലപ്പുറം | 2.3090 |
| കോഴിക്കോട് | 0.3208 |
| വയനാട് | 1.3882 |
| കണ്ണൂർ | 0.3028 |
| കാസർഗോഡ് | 0.0879 |
| ആകെ | 213.6762 |

(സി) അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന കേസുളിൽ ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച്. വില്ലേജിൽ 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമപ്രകാരവും മറ്റ് ജില്ലകളിലെല്ലാം കേരള ഭൂ സംരക്ഷണ നിയമം 1957, ഭൂസംരക്ഷണ ചട്ടം 1958, കേരള ഭൂസംരക്ഷണ ഭേദഗതി നിയമം 2009 പ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടെന്ന് സർക്കാർ തീരുമാനം എടുത്തിട്ടില്ല.

**ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുന്നതിനായി പഠനം**

240 (3283) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതടിസ്ഥാനത്തിലാണ് ന്യായവില പുതുക്കി നിശ്ചയിക്കുന്നത്;

(സി) ഇതിനായി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 14-8-2018-ലെ സ.ഉ. (കൈ.) 302/2018/റവ. നമ്പർ സർക്കാർ ഉത്തരവിൽ വിശദമാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുന്നത്.

(സി) പഠനം നടത്തിയിട്ടുണ്ട്. 9-4-2015-ലെ ജി.ഒ.(ആർ.ടി.) 3598/15/ ആർഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ന്യായവില പുനർനിർണ്ണയം ചെയ്യുന്നതിനായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ലാൻഡ് റവന്യൂ കമ്മീഷണർ കൺവീനറും ഐ.ജി. ഓഫ് രജിസ്ട്രേഷൻ, കൊല്ലം, പത്തനംതിട്ട, എറണാകുളം, പാലക്കാട് ജില്ലാ കളക്ടർമാർ, തിരുവനന്തപുരം, ദേവികുളം, തൃശ്ശൂർ, പെരിന്തൽമണ്ണ സബ് കളക്ടർമാർ അംഗങ്ങളായി ഒരു സബ് കമ്മിറ്റി രൂപീകരിച്ചു. 1-10-2016-ൽ മറ്റ് ജില്ലാ കളക്ടർമാരെക്കൂടി ഉൾപ്പെടുത്തി പ്രസ്തുത കമ്മിറ്റി യോഗം ചേരുകയും ടി യോഗത്തിൽ ഓരോ ജില്ലയിലെയും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്ന് വില്ലേജുകളെ തെരഞ്ഞെടുത്ത് പഠനം നടത്തി ഒരു പഠന റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രയോജനപ്രദമായ റിപ്പോർട്ടുകൾ ലഭ്യമാകാത്തതിനെത്തുടർന്ന് റവന്യൂ വകുപ്പിലെയും രജിസ്ട്രേഷൻ വകുപ്പിലെയും

ഉദ്യോഗസ്ഥരുമായി ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ യോഗങ്ങൾ ചേരുകയും ഇക്കാര്യം സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തുകയുമുണ്ടായി. പ്രസ്തുത ചർച്ചകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നൽകിയ ശിപാശകൾ പരിഗണിച്ചുമാണ് ന്യായവില പുനർ നിർണ്ണയിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

## മൂന്നാർ ഭൂമി കയ്യേറ്റങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട്

241 (3284) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങളെക്കുറിച്ച് ഇടുക്കി ജില്ല കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നോ;

(ബി) ഉണ്ടെങ്കിൽ ഏത് തീയതിയിലാണ് സർക്കാരിന് കളക്ടർ റിപ്പോർട്ട് സമർപ്പിച്ചത്;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്;വിശദമാക്കാമോ;റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 5-5-2017-ലാണ് ടി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്.

(സി) ഇടുക്കി ജില്ലയിലെ സർക്കാർ ഭൂമിയിന്മേലുള്ള അനധികൃത കയ്യേറ്റങ്ങളും അനധികൃത നിർമ്മാണങ്ങളും ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ കെ.ഡി.എച്ച്. വില്ലേജിൽ 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുത്ത്) നിയമം, മറ്റ് വില്ലേജുകളിൽ 1957-ലെ ഭൂസംരക്ഷണ നിയമം എന്നിവ പ്രകാരമുള്ള നടപടികളും ഭൂസംരക്ഷണ നിയമം ഭേദഗതി 2009 പ്രകാരമുള്ള ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നു. ഭൂമി കയ്യേറ്റം ഉണ്ടാകാതെ സംരക്ഷിക്കുന്നതിലേയ്ക്ക് ഭൂസംരക്ഷണ സേനകളുടെ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരുന്നതാണ്. 27-5-2016-നുശേഷം പുതിയ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ ഒഴിപ്പിക്കുവാൻ വില്ലേജ് ആഫീസർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. സർക്കാർ ഭൂമിയിന്മേലുള്ള കയ്യേറ്റവും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും യഥാസമയം കണ്ടെത്തി സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനാവശ്യമായ നിയമനടപടി സ്വീകരിക്കുന്നതിലേയ്ക്കായി

പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച ഒരു സർക്കുലർ തയ്യാറാക്കി എല്ലാ ഉപകാര്യാലയങ്ങൾക്കും നൽകിയിട്ടുള്ളതും ഓരോ താലൂക്കിന്റെ പരിധിയിലുള്ള സർക്കാർ ഭൂമി കയ്യേറ്റങ്ങളിൽ ഭൂസംരക്ഷണ നിയമം പ്രകാരം സ്വീകരിച്ച നടപടികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിലേയ്ക്കായി അവലോകന യോഗവും നടത്തി വരുന്നതാണ്. കൂടാതെ പൊതു അവധി ദിവസങ്ങളിൽ സർക്കാർ ഭൂമിയിലുള്ള അനധികൃത പ്രവേശനങ്ങൾ തടയുന്നതിനായി സബ്ഡിവിഷൻ അധികാരികളുടെ മേൽനോട്ടത്തിൽ എല്ലാ താലൂക്കുകളിലും താലൂക്കുതലത്തിൽ പ്രത്യേക സംഘം രൂപീകരിച്ച് ഭൂസംരക്ഷണ പ്രവർത്തനങ്ങൾ നിയന്ത്രിച്ചും ഏകോപിച്ചും വരുന്നതാണ്.

**പുറമ്പോക്ക് ഭൂമി താലൂക്ക് സർവ്വേ വിഭാഗം കണ്ടെത്തിയത്**

242 (3285) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ, കാരോട് എന്നീ വില്ലേജ് പ്രദേശത്തുള്ള സർക്കാർ പുറമ്പോക്ക് ഭൂമി താലൂക്ക് സർവ്വേ വിഭാഗം കണ്ടെത്തിയിട്ടും കൈയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിക്കുവാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; കൈയ്യേറ്റകാരുടെ പേരുവിവരവും, ഭൂമിയുടെ അളവും സ്ഥലവും വ്യക്തമാക്കാമോ;

(ബി) കാരോട് വില്ലേജിലെ ചാരോട്ടുകോണത്തു സർവ്വേ നമ്പർ-153/5, 158/20 ഉടതലകുളം പുറമ്പോക്ക്, തോടിന്റെ പുറമ്പോക്ക് എന്നിവ സ്വകാര്യ വ്യക്തികൾ കൈയ്യേറി വച്ചതുമായി ബന്ധപ്പെട്ട് സ്വകാര്യ വ്യക്തി വകുപ്പുമന്ത്രിക്ക് 21-2-2018-ൽ 2277346/2018/MIN (REV) നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാകളക്ടർ എന്ത്നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) നെയ്യാറ്റിൻകര താലൂക്കിൽ കുളത്തൂർ, കാരോട് വില്ലേജുകളിൽ വ്യാപകമായ ഭൂമികൈയ്യേറ്റം കണ്ടെത്തിയിട്ടും യഥാസമയം നടപടികൾ സ്വീകരിക്കാതെ വൈകിപ്പിക്കുന്ന ലാന്റ്റിക്കാർഡ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര താലൂക്കിലെ കുളത്തൂർ വില്ലേജിന്റെ പരിധിയിൽപ്പെട്ട നെയ്യാർ പുറമ്പോക്ക്, എ.വി.എം. കനാൽ പുറമ്പോക്ക് എന്നിവിടങ്ങളിലെയും കാരോട് വില്ലേജിന്റെ പരിധിയിൽപ്പെട്ട ഉടതലക്കുളം പുറമ്പോക്കും സംബന്ധിച്ച

അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി താലൂക്ക് സർവ്വേയർ മുഖേന സ്ഥലം അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതാണ്. കയ്യേറ്റ കക്ഷികളുടെ പേരു വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ശ്രീ. ബി. സെബാസ്റ്റ്യൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് 2277346/18-ാം നമ്പരായി സമർപ്പിച്ച പരാതി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കാരോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുള്ളതാണ്.

(സി) പരാമർശിച്ച കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായതിനാൽ കുളത്തൂർ, കാരോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാൻഡ് റിക്കാർഡ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയാൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

**നദീതീരങ്ങളിലെ കൈയേറ്റങ്ങൾ**

243 (3286) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സജി ചെറിയാൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീതീരങ്ങളിലെ കയ്യേറ്റങ്ങൾ തടയുന്നതിനും ഒഴിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തുണ്ടായ പ്രളയം പ്രധാന നദികളുടെ തീരങ്ങളിൽ വൻനാശനഷ്ടമുണ്ടാക്കിയ പശ്ചാത്തലത്തിൽ പെരിയാർ, ഭാരതപ്പുഴ, പമ്പ, ചാലിയാർ, കരമന, മീനച്ചിൽ തുടങ്ങിയ നദികളുടെ തീരങ്ങളിലെ കയ്യേറ്റങ്ങൾ സംബന്ധിച്ച് പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ നദികളുടെ സ്വാഭാവിക അവസ്ഥ പഠിക്കുന്നതിനു വേണ്ടി പ്രധാന നദീതടങ്ങളിൽ റിവർ ഗേജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് ഡേറ്റ തയ്യാറാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) നദീതീരങ്ങളിലെ കയ്യേറ്റങ്ങൾ തടയുന്നതിനും ഒഴിപ്പിക്കുന്നതിനും കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം -2001, കേരള ഭൂസംരക്ഷണ നിയമം - 1957 എന്നിവ പ്രകാരമുള്ള നടപടികൾ താലൂക്ക്, ജില്ലാ തലങ്ങളിൽ സ്വീകരിച്ചുവരുന്നു.

(ബി) നദീതീരത്തിന്റെ അതിർത്തി സർവ്വേ ചെയ്ത് പുറമ്പോക്കും സ്വകാര്യഭൂമിയും വേർതിരിച്ച് സ്ഥലനിർണ്ണയം നടത്തുന്നതിനും ഈ അതിർത്തി സാധാരണക്കാർക്ക് വേഗത്തിൽ മനസ്സിലാക്കാവുന്ന വിധത്തിൽ ഫോറസ്റ്റ് ജണ്ടകൾ പോലുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് അവ GCP (Ground Control Point) ആയി നിർണ്ണയിച്ച് ഭാവിയിലുണ്ടാകാവുന്ന കയ്യേറ്റങ്ങൾ തടയുന്നതിന് സഹായകമാവുന്ന സർവ്വേ നടപ്പിലാക്കുന്നത് സംബന്ധിച്ച 2017-ലെ "നദീ-നദീതീരം: സംരക്ഷണവും പരിപാലവും" മേഖലാ ശിൽപ്പശാലയുടെ കരട് ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുള്ളതും തുടർ നടപടികൾക്കായി ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(സി) നദികളുടെ സ്വാഭാവിക അവസ്ഥ പഠിക്കുന്നതിനുവേണ്ടി റിവർ ബാങ്ക് മാപ്പിംഗും സാൻഡ് ആഡിറ്റിംഗും ഐ.എൽ.ഡി.എം.ലെ റിവർ മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ സർക്കാർ നടപ്പിലാക്കിവരുന്നു. നിലവിൽ 17 നദികളുടെ റിവർ ബാങ്ക് മാപ്പിംഗും 19 നദികളുടെ സാൻഡ് ആഡിറ്റിംഗും പൂർത്തിയായിട്ടുണ്ട്. 14 നദികളിൽ ഈ പഠനം പുരോഗമിക്കുന്നു. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ നദികളിൽ ഉയർന്ന പ്രളയ ജലത്തിന്റെ ഉയരം ശാസ്ത്രീയമായി സർവ്വേ ചെയ്ത് രേഖപ്പെടുത്തുന്നതിനും Flood Markers നദീ തീരങ്ങളിൽ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനം ഐ.എൽ.ഡി.എം. സർവ്വേ ഓഫ് ഇന്ത്യ, കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, പെരിയാർ, ചാലക്കുടി, ഭാരതപ്പുഴ തുടങ്ങിയ നദികളിൽ ആരംഭിച്ചിട്ടുണ്ട്.

**അന്യാധീനപ്പെട്ട സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടി**

244 (3287) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ബി) തോട്ടം മേഖലയിൽ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട ഏതെല്ലാം കേസുകളിലാണ് എതിർകക്ഷികൾക്ക് അനുകൂലമായി കോടതി വിധി ഉണ്ടായിട്ടുള്ളത്; ഇത്തരം കേസുകളിൽ ഉണ്ടായിട്ടുള്ള തുടർ നടപടികൾ എന്തൊക്കെയാണ്;

(സി) ഈ കേസുകൾ നടത്തുന്നതിന് നിയോഗിക്കപ്പെട്ട വക്കീലന്മാർ ആരൊക്കെയാണ്; കേസുകൾ നടത്തുന്നതിന് നാളിതുവരെ എത്ര രൂപ ചെലവായിട്ടുണ്ട്?

<u>ഉത്തരം</u>

(എ) കയ്യേറ്റംമൂലം അന്യാധീനപ്പെട്ട സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിന് എല്ലാ ജില്ലകളിലും കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സർക്കാർ ഭൂമി കയ്യേറ്റം കണ്ടെത്തുന്നതിനും തടയുന്നതിനും ഒഴിപ്പിക്കുന്നതിനും വേണ്ടി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചുകൊണ്ട് 10-9-2018-ലെ സ.ഉ. (സാധാ.) 3778/2018/റവന്യൂ നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതും അപ്രകാരം സെല്ലിന്റെ പ്രവർത്തനം തുടർന്നുവരുന്നതുമാണ്.

(ബി) തോട്ടം മേഖലയിൽ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതുമായി ബന്ധപ്പെട്ട് നിയുക്തനായ സ്പെഷ്യൽ ഓഫീസർ കേരള ഭൂസംരക്ഷണ നിയമപ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ ഹാരിസൺസ് മലയാളം ലിമിറ്റഡ്, റ്റി.ആർ.&റ്റി, ബോയ്സ് എസ്റ്റേറ്റ്, റീയ റിസോർട്ട്സ് & പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ്, ചെറുവള്ളി എസ്റ്റേറ്റ് എന്നിവരിൽ നിന്നും ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവ് ടി കമ്പനികളുടെ ഹർജികൾ പരിഗണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്തിരുന്നു. എച്ച്.എം.എൽ. മുതലായ കമ്പനികൾ വിവിധ അധികാര കേന്ദ്രങ്ങളിൽ നിന്നും ഭൂമി അവരുടേതാണെന്ന് സ്ഥാപിക്കുന്നതിന് അനുകൂലമായി സർട്ടിഫിക്കറ്റുകളും ഉത്തരവുകളും മറ്റും സമ്പാദിച്ചിരുന്നു. ടി ഉത്തരവുകളും/സർട്ടിഫിക്കറ്റുകളും/ഉടമസ്ഥത അവകാശപ്പെട്ടു കൊണ്ടുള്ള രേഖകളും മറ്റും അസാധുവാണെന്ന് പ്രഖ്യാപിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ നിയുക്തനായിട്ടുള്ള സ്പെഷ്യൽ ഓഫീസർക്ക് അധികാരമില്ല എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഏറ്റെടുക്കൽ ഉത്തരവുകൾ റദ്ദാക്കിയിട്ടുള്ളത്. ഇവയ്ക്ക് പുറമേ ഇടുക്കി ജില്ലയിലെ ശാന്തൻപാറ വില്ലേജിലെ 3 തോട്ടങ്ങൾക്കും ടി വിധി നൽകിയിട്ടുണ്ട്. ടി കേസുകളിലെല്ലാം തന്നെ സ്പെഷ്യൽ ഓഫീസർക്ക് കേരള ഭൂസംരക്ഷണ നിയമപ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുക്കാനാകില്ല എന്ന കാരണത്താലാണ് കോടതി ഏറ്റെടുക്കൽ ഉത്തരവ് റദ്ദ് ചെയ്തിരിക്കുന്നത്. എന്നാൽ സർക്കാരിന്

വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ പ്രസ്തുത ഭൂമി ഏറ്റെടുക്കാമെന്ന് ബഹുമാനപ്പെട്ട കോടതിയുടെ ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ഒഴിവ് കിട്ടിയ തോട്ടഭൂമി കരം മാറ്റുകയോ മുറിച്ച് വിൽക്കുകയോ ചെയ്യപ്പെടുന്ന കേസുകളിൽ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ബന്ധപ്പെട്ട താലൂക്ക്, ലാൻഡ് ബോർഡുകൾ മുഖാന്തരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റ് കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ആയിരക്കണക്കിന് ഏക്കർ തോട്ടഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ നടത്തുന്നതിനായി സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായി ശ്രീ. എസ്. ബി. പ്രേമചന്ദ്ര പ്രഭുവിനെ നിയമിച്ചിരുന്നു. ടി കേസുകളുടെ അന്തിമഘട്ട വാദത്തിൽ സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ. ജയദീപ് ഗുപ്തയും സർക്കാരിനുവേണ്ടി ഹാജരായിരുന്നു. വക്കാലത്ത് ഇനത്തിൽ ആദ്യ ഗഡുവായി 4,25,000 രൂപ ശ്രീ. പ്രേമചന്ദ്ര പ്രഭുവിന് അനുവദിച്ചിട്ടുണ്ട്.

**നദീതീരങ്ങളുടേയും നദീ പ്രദേശങ്ങളുടേയും കയ്യേറ്റം**

245 (3288) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീതീരങ്ങളും നദീ പ്രദേശങ്ങളും കയ്യേറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ ഉത്തരപ്പള്ളിയാറിന്റെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉത്തരപ്പള്ളിയാറിന്റെ ഒഴുക്ക് നിലയ്ക്കുന്ന തരത്തിലുള്ള കയ്യേറ്റം ഒഴിവാക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉത്തരപ്പള്ളിയാറിന്റെ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനെതിരെ കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉത്തരപ്പള്ളിയാറിന്റെ കയ്യേറ്റം തിട്ടപ്പെടുത്തി അതിർത്തി പുനർനിർണ്ണയിക്കുന്നതിനും അതുവഴി ആറിനെ പുനരുദ്ധരിക്കുന്നതിനുമായുള്ള നടപടികളുടെ ഔപചാരിക ഉദ്ഘാടനം 17-4-2017-ന് നടത്തിയിട്ടുള്ളതും രണ്ട് വില്ലേജുകളിൽ ഒഴികെ രണ്ട് ഘട്ടങ്ങളായി ഏകദേശം പൂർണ്ണമായിട്ടുള്ളതുമാണ്. വെൺമണി വില്ലേജിൽ-33 കയ്യേറ്റങ്ങൾ, ആലാ വില്ലേജിൽ-14 കയ്യേറ്റങ്ങൾ,

ചെറിയനാട് വില്ലേജിൽ-2 കയ്യേറ്റങ്ങൾ എന്നിങ്ങനെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചുവരുന്നതുമാണ്. ആറിലെ ഒഴുക്ക് നിലച്ച പോയ ഭാഗങ്ങൾ ഡ്രെഡ്ജ് ചെയ്ത് മണൽ നീക്കുന്നതിനായി മൈനർ ഇറിഗേഷൻ വിഭാഗത്തേയും ആറ്റിലെ മാലിന്യങ്ങൾ നിക്കം ചെയ്യുന്നതിനും കാട് വെട്ടി തെളിക്കുന്നതിനും ആറ് കടന്നുപോകുന്ന വെൺമണി, ആല, ചെറിയനാട്, പുലിയൂർ, എണ്ണക്കാട് തുടങ്ങിയ പഞ്ചായത്തുകളെയും ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

## പയ്യന്നൂർ മണ്ഡലത്തിലെ മിച്ചഭൂമി പ്രശ്നങ്ങൾ

246 (3289) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പയ്യന്നൂർ മണ്ഡലത്തിലെ മിച്ചഭൂമിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

### ഉത്തരം

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമം, ആലപ്പടമ്പ, വെള്ളൂർ, പെരിങ്ങോം, കുറ്റൂർ, പെരിന്തട്ട, വെള്ളോറ എന്നീ വില്ലേജുകളിലെ ഭൂമി സംബന്ധമായ വിഷയങ്ങളിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. എരമം വില്ലേജ്

എരമം വില്ലേജിൽ താമസിക്കുന്ന ധാരാളം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാതെയും കൈവശക്കാരിൽ നിന്നും ഭൂനികുതി സ്വീകരിക്കാത്തതുമായ പ്രശ്നങ്ങൾ നിലനിൽക്കുകയും 25 വർഷത്തിലധികമായി മിച്ചഭൂമിയിൽ കയ്യേറി താമസിച്ചുവരുന്നവരുമാണ്. പ്രസ്തുത താമസക്കാർക്ക് പട്ടയം നൽകുന്നതിനും അവരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നതുമായ പ്രശ്നമാണ് നിലനിന്നിരുന്നത്. എരമം വില്ലേജിലെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഒരു സർവ്വേ ടീമിനെ നിയമിക്കുകയും എരമം വില്ലേജിലെ 70/1 എ, 70/1 എ 3, 70/1 എ 5 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട കൈവശക്കാർക്ക് നിലവിൽ ലഭ്യമായ മിച്ചഭൂമി സ്കെച്ചിന്റെ അടിസ്ഥാനത്തിൽ സർവ്വേ ചെയ്തതനുസരിച്ച് മിച്ചഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ കൈവശരേഖ പരിശോധിച്ചതിൽ അർഹരായവരിൽ നിന്നും ഭൂനികുതി സ്വീകരിച്ചിട്ടുള്ളതും കൈവശാവകാശ സർട്ടിഫിക്കറ്റ് ഉൾപ്പെടെ അനുവദിച്ചിട്ടുള്ളതുമാണ്. എരമം വില്ലേജിലെ ഭൂനികുതി സ്വീകരിക്കാത്തതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ സാധൂകരണത്തിനുള്ള തുടർ നടപടി സ്വീകരിച്ചുവരുന്നു.

2. ആലപ്പടമ്പ വില്ലേജ്

കൈവശ ഭൂമിയിൽ വീട് വച്ച് അനുഭവങ്ങൾ ഉണ്ടാക്കി കൈവശം വച്ചിരുന്ന ഭൂരിഭാഗം പേരും പട്ടയങ്ങളും ആധാരങ്ങളും ഉള്ളവരാണ്. 1995 വരെ ഭൂനികുതി സ്വീകരിക്കുകയും റീ സർവ്വേ റെക്കോർഡുകൾ നിലവിൽ വന്നതിനുശേഷം മിച്ചഭൂമിയിൽ ഉൾപ്പെട്ടുവരുന്നതിനാൽ ഭൂനികുതി സ്വീകരിക്കാത്ത കേസുകളാണ് നിലനിന്നിരുന്നത്. ആലപ്പടമ്പ വില്ലേജിലെ റീ സർവ്വേ 46/1, 2/1, 17 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെടുന്ന വെളിച്ചംതോട് കോളനിയിലെ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 96 പ്രകാരം യോഗ്യരായ 62 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. ആലപ്പടമ്പ വില്ലേജിൽ പതിച്ചു നൽകാതെ നിർത്തിയിരിക്കുന്ന 5 പ്ലോട്ടുകളുടെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. വെള്ളൂർ വില്ലേജ്

വെള്ളൂർ വില്ലേജിൽ ഭൂമി കൈവശം വച്ച് താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് കൈവശ രേഖയോ പട്ടയമോ ലഭിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ വെള്ളൂർ വില്ലേജിലെ റീ സർവ്വേ 109-ൽപ്പെട്ട ഭൂമി സർവ്വേ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ റീ സർവ്വേ 109-ൽപ്പെട്ട 50 സെന്റ് മിച്ചഭൂമിയിൽ 2 കൈവശക്കാർക്ക് പട്ടയം അനുവദിച്ചിട്ടുമുണ്ട്. 3 കൈവശക്കാർക്ക് ഡീഡ് അനുവദിക്കുന്നത് സംബന്ധിച്ച നടപടി സ്വീകരിച്ചുവരുന്നു.

4. പെരിങ്ങോം വില്ലേജ്

പെരിങ്ങോം വില്ലേജിലെ കൈവശക്കാരിൽ നിന്നും 1996 മുതൽ നികുതി സ്വീകരിക്കുന്നില്ലായെന്നും കൈവശരേഖകൾ അനുവദിക്കുന്നില്ലായെന്നുമുള്ള ഭൂപ്രശ്നമാണ് നിലനിന്നിരുന്നത്. ചിറ്റടി കോളനിയിൽ കാരയിൽ ചിരുകണ്ടൻ എന്നവരിൽ നിന്നും ഏറ്റെടുത്ത മിച്ചഭൂമിയിൽ അനധികൃതമായി താമസിക്കുന്ന കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നതിന് തുടർനടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പെരിങ്ങോം വില്ലേജിലെ ചിറ്റടി കോളനിയിൽപ്പെട്ട 8 പേർക്ക് ഭൂപരിഷ്കരണ നിയമം സെക്ഷൻ 96-ന് വിധേയമായി പട്ടയം അനുവദിച്ചിട്ടുണ്ട്.

5. കുറ്റൂർ വില്ലേജ്

കുറ്റൂർ വില്ലേജിലെ നിരവധി കൈവശക്കാരിൽ നിന്നും 1998-നുശേഷം ഭൂനികുതി സ്വീകരിക്കുന്നില്ല എന്ന പ്രശ്നമാണ് നിലനിന്നിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു സർവ്വേ ടീമിനെ നിയമിക്കുകയും സർവ്വേ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മിച്ചഭൂമി അല്ല എന്ന് കണ്ടെത്തിയ 6 കേസുകളിൽ നികുതി

സ്വീകരിച്ചിട്ടുള്ളതാണ്. 77/1 എ, 77/1 എ 3 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ടതും നേരത്തേ ഓഫർ ഓഫ് അസൈൻമെന്റ് അനുവദിച്ചിട്ടുള്ള 11 പേർക്ക് ഡീഡ് ഓഫ് അസൈൻമെന്റ് അനുവദിച്ചിട്ടുള്ളതാണ്.

6. <u>പെരിന്തട്ട വില്ലേജ്</u>

പെരിന്തട്ട വില്ലേജിൽ ധാരാളം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്ത പ്രശ്നമാണ് നിലനിന്നിരുന്നത്. റീ സർവ്വേ 14/3-ൽ മിച്ചഭൂമി പതിച്ചു നൽകിയവർക്ക് അളന്ന് നൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾ സർവ്വേ ടീമിനെ ഉപയോഗപ്പെടുത്തി ആരംഭിച്ചിരുന്നതാണ്. എന്നാൽ ടി സ്ഥലത്ത് ശ്രീ. പ്രസാദ് തുണോളി എന്നവർ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) 15729/17 നമ്പർ കേസിൽ സ്റ്റേ നിലവിലുള്ളതിനാൽ തുടർ നടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതി നിർത്തിവച്ച് ഉത്തരവായിട്ടുള്ളതും ഇക്കാര്യത്തിൽ കാര്യവിവരപത്രിക ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇതിനോടകം തന്നെ സമർപ്പിച്ചിട്ടുള്ളതുമാണ്.

7. <u>വെള്ളോറ വില്ലേജ്</u>

വെള്ളോറ വില്ലേജിൽ കൈവശഭൂമിക്ക് രേഖയും പട്ടയവുമുള്ള കുടുംബങ്ങളിൽ നിന്നും 1984-നുശേഷം നികുതി സ്വീകരിക്കുന്നില്ലായെന്നും കൈവശരേഖയും പട്ടയവും ലഭിച്ചിട്ടില്ലായെന്ന പ്രശ്നവുമാണ് നിലനിന്നിരുന്നത്. വെള്ളോറ വില്ലേജിലെ ഭൂമി സർവ്വേ ചെയ്യുന്നതിനായി സർവ്വേയർമാരെ നിയമിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭൂപരിഷ്കരണ നിയമം സെക്ഷൻ 96-ന് വിധേയമായി ഓഫർ ഓഫ് അസൈൻമെന്റ് അനുവദിച്ചിട്ടുള്ളതും കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലുമാണ്. 53 പേർക്ക് 24-12-2018-ന് നടക്കുന്ന പട്ടയമേളയിൽ ഡീഡ് ഓഫ് അസൈൻമെന്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഭൂപരിഷ്കരണ നിയമം സെക്ഷൻ 7 ഇ, സെക്ഷൻ 85(8) ബാധകമാക്കേണ്ട കേസുകളിൽ ലാൻഡ് ട്രിബ്യൂണൽ/ലാൻഡ് ബോർഡിനെ സമീപിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിൽ പട്ടയം നൽകുന്നതിലെ കാലതാമസം**

247 (3290) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ കീരംപാറ, നേര്യമംഗലം, കുട്ടമംഗലം പ്രദേശങ്ങളിലായി 1977-ന് മുൻപ് വനഭൂമിയും റവന്യൂ ഭൂമിയും കൈവശം വച്ച് കൃഷി ചെയ്തുവരുന്ന കർഷകർ പട്ടയത്തിനായി അപേക്ഷ നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം പട്ടയം ലഭിക്കുവാൻ അർഹതയുള്ള ഇവർക്ക് പട്ടയം നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എറണാകുളം ജില്ലയിലൊഴികെ ഇത്തരം കൈവശക്കാർക്ക് വനഭൂമിക്ക് നാലേക്കർ വരെയും, റവന്യൂ ഭൂമി ഒരേക്കർ വരെയും പട്ടയം നൽകി വരുന്നുണ്ടെങ്കിലും എറണാകുളം ജില്ലയിൽ 15 സെന്റിൽ താഴെ മാത്രമാണ് ഭൂമിക്ക് പട്ടയം നൽകുന്നുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മറ്റ് ജില്ലകളിലേതുപോലെയും ഇടുക്കി പാക്കേജിന് സമാനമായതുമായ പട്ടയ നടപടി ഇവിടെയും സ്വീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് 2005 വരെ കോതമംഗലത്തുണ്ടായിരുന്ന സ്പെഷ്യൽ തഹസീൽദാർ ഓഫീസ് പുനരാരംഭിക്കുന്നതിനുവേണ്ട നടപടിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ഇ) കോതമംഗലം മണ്ഡലത്തിൽ നിന്നുള്ള പട്ടയ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ലാൻഡ് അസൈൻമെന്റ് ആക്ടിലെയും വനഭൂമി പതിച്ചുകൊടുക്കൽ ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം പട്ടയം ലഭിക്കാൻ അർഹതയുള്ള ഇവർക്ക് പട്ടയം നൽകുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 പ്രകാരം വീടുവയ്ക്കുന്ന ആവശ്യത്തിലേയ്ക്ക് ഈ ജില്ലയിൽ 15 സെന്റ് വീതം പതിച്ചു കൊടുത്തുവരുന്നു.

(ഡി) കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964 പ്രകാരം കൈവശവസ്തു പതിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കോതമംഗലം സ്പെഷ്യൽ തഹസീൽദാർ ഓഫീസ് പുനരാരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) സ്വീകരിച്ചുവരുന്നു.

**കാണം ഭൂമിക്ക് പട്ടയം**

248 (3291) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാണം ഭൂമിക്ക് കൈവശക്കാരന് പൂർണ്ണ ഉടമസ്ഥാവകാശം ഉണ്ടെങ്കിലും ലാന്റ് ട്രൈബൂണലിൽ പോയി പട്ടയം വാങ്ങി വരുവാൻ വില്ലേജ് ഉദ്യോഗസ്ഥർ ഭൂഉടമകളോട് ആവശ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാണം ഭൂമി പോക്കുവരവ് ചെയ്ത് നികുതി അടച്ച് നൽകുന്നതിന് ആവശ്യമായ നിർദ്ദേശം വില്ലേജ് ഉദ്യോഗസ്ഥർക്ക് നൽകുമോ?

<u>ഉത്തരം</u>

(എ) പഴയ കൊച്ചി ഏര്യയിൽ ഉൾപ്പെട്ട പ്രദേശങ്ങൾക്ക് ബാധകമായിട്ടുള്ള 1976-ലെ കാണം ടെനൻസി അബോളിഷൻ ആക്ട് പ്രകാരം പ്രസ്തുത പ്രദേശങ്ങളിലെ കാണം ഭൂമിയുടെ കൈവശക്കാരന് ഭൂമിക്കുമേൽ പൂർണ്ണമായ ഉടമസ്ഥാവകാശം (full proprietary right) ഉണ്ട്. അവർക്ക് ലാൻഡ് ട്രിബ്യൂണലിൽ നിന്ന് പട്ടയം വാങ്ങേണ്ട ആവശ്യമില്ല. മേൽപ്പറഞ്ഞ പ്രദേശങ്ങൾ ഒഴിച്ചുള്ള പ്രദേശങ്ങളിലെ കാണം കുടിയാന്മാർ ലാൻഡ് ട്രിബ്യൂണലിൽ നിന്ന് ക്രയസർട്ടിഫിക്കറ്റ് വാങ്ങേണ്ടതുണ്ട്. എന്നാൽ നികുതി അടയ്ക്കുന്നതിനും മറ്റും ഇവർക്ക് തടസ്സങ്ങളില്ല.

(ബി) 1976-ലെ കാണം ടെനൻസി അബോളിഷൻ ആക്ട് പ്രകാരം പ്രസ്തുത നിയമം ബാധകമായ പ്രദേശങ്ങളിൽ കാണം ഭൂമി പോക്കുവരവ് ചെയ്ത് നികുതി അയ്ക്കുന്നതിന് തടസങ്ങളില്ല. ഇക്കാര്യത്തിൽ 5-3-2018-ലെ സ.ഉ. (സാധാ) നമ്പർ 756/2018/റവ. പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

**പട്ടയ വിതരണ മേളകൾ**

249 (3292) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയ വിതരണ മേളകൾ സംഘടിപ്പിക്കുന്നത് ഏതു ഘട്ടത്തിലാണ്;

(ബി) സംസ്ഥാനത്തൊട്ടാകെ 50,000 പട്ടയങ്ങൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പട്ടയ വിതരണ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്;

(സി) ഭൂമിയുടെ ന്യായവില നിർണയ നടപടികൾ പട്ടയവിതരണശേഷമാണോ പുനരാരംഭിക്കുക; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) വിതരണത്തിനായി പട്ടയങ്ങൾ തയ്യാറാകുന്ന മുറയ്ക്കാണ് പട്ടയമേളകൾ സംഘടിപ്പിക്കുന്നത്.

(ബി) എല്ലാ ജില്ലകളിലും പട്ടയമേളകൾ സംഘടിപ്പിച്ച് പരാമവധി പട്ടയങ്ങൾ 15-1-2019-ന് മുമ്പ് നൽകാനാണ് തീരുമാനം.

(സി) 2018 ഡിസംബർ 31 വരെ എല്ലാ ജില്ലകളിലും പട്ടയവിതരണത്തിനുള്ള നടപടികളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിനാൽ ഫെയർ വാല്യു പരിഷ്കരിക്കുന്നത് സംബന്ധിച്ച നടപടികൾ നടത്തുന്നതിന് 2019 ജനുവരി മുതലുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

**സുനാമി പുനരധിവാസ പദ്ധതിയിൽ പട്ടയ വിതരണം**

250 (3293) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസ പദ്ധതിയിൽ താമസ സൗകര്യമൊരുക്കുന്നതിനായി നൽകിയ വസ്തുവിന്റെ പട്ടയവിതരണം ഇനിയും പൂർത്തിയാക്കിയിട്ടില്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടയത്തിനായി അപേക്ഷ നൽകിയിട്ടുള്ള കാർത്തികപ്പള്ളി താലൂക്കിൽ ആറാട്ടുപുഴ പഞ്ചായത്തിൽപ്പെട്ട സുനാമി ബാധിതരായവർക്ക് പട്ടയവിതരണം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ എവിടെവരെയായെന്ന് അറിയിക്കുമോ;

(സി) അർഹരായ മുഴുവൻ പേർക്കും പട്ടയ വിതരണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ആറാട്ടുപുഴ വില്ലേജിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം വീട് ലഭിച്ച 317 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 41 അപേക്ഷകൾ താലൂക്ക് പതിവ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതും പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നതുമാണ്.

## അനധികൃത കയ്യേറ്റം നടത്തിയവർക്ക് പട്ടയം

251 (3294) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1971-ന് ശേഷം അനധികൃത കയ്യേറ്റം നടത്തിയ ആർക്കെങ്കിലും പട്ടയം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) 1971- ന് മുമ്പ് കുടിയേറ്റക്കാരായവരിൽ എത്ര പേർക്ക് ഇനിയും പട്ടയം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## കോന്നി താലൂക്കിൽ പട്ടയങ്ങൾ റദ്ദ് ചെയ്ത നടപടി

252 (3295) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോന്നി താലൂക്കിൽ പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) നാളിതുവരെ റദ്ദ് ചെയ്ത പട്ടയങ്ങൾ ആരുടേതെല്ലാമെന്ന് പേരും മേൽവിലാസവും ഭൂമിയുടെ വിസ്തീർണ്ണവും സഹിതം അറിയിക്കുമോ; പ്രസ്തുത പട്ടയങ്ങൾ ഓരോന്നും റദ്ദ് ചെയ്യുവാൻ ഇടയാക്കിയ സാഹചര്യങ്ങൾ ഇനം തിരിച്ച് വിശദമാക്കുമോ;

(സി) ഈ പട്ടയങ്ങൾ റദ്ദ് ചെയ്യുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സർക്കാർ അനുമതി തേടാതെ ജീവനക്കാർ സ്വന്തം ഇഷ്ടപ്രകാരം പട്ടയങ്ങൾ റദ്ദുചെയ്തതാണോ; എങ്കിൽ പ്രസ്തുത നടപടി സ്വീകരിച്ച ജീവനക്കാരുടെ പേരിൽ നടപടി കൈക്കൊള്ളുമോ;

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോന്നി താലൂക്കിൽ 1843 പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുണ്ട് (ചിറ്റാർ-465, സീതത്തോട്-451, കലഞ്ഞൂർ-90, തണ്ണിത്തോട്-731, കോന്നിത്താഴം-78, അരുവാപ്പുലം-28).

(ബി) പട്ടയം റദ്ദ് ചെയ്തിട്ടുള്ള 1843 പേരുടെ വിവരങ്ങൾ 178 പേജുകളിലായി കോന്നി താലൂക്കാഫീസിലെ രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ട്.

27-2-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 174/2016 പ്രകാരം പട്ടയം നൽകുന്നതിനായി ഉത്തരവായിരുന്നു. ടി ഉത്തരവിൽ വനം വകുപ്പ്/ബന്ധപ്പെട്ട തദ്ദേശഭരണ വകുപ്പ് എന്നിവയുമായി തർക്കങ്ങൾ നിലവിലില്ലെന്ന് ജില്ലാ കളക്ടർ ഉറപ്പുവരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി വ്യവസ്ഥ പാലിക്കാതെ പട്ടയം തയ്യാറാക്കി വിതരണം ചെയ്തതിനാലാണ് റദ്ദ് ചെയ്തിട്ടുള്ളത്.

(സി) ഇല്ല.

(ഡി) 27-2-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 174/2016/റവ. പ്രകാരം പട്ടയം നൽകുന്നതിനായി ഉത്തരവായിരുന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിച്ചിട്ടില്ലാത്തതിനാലാണ് റദ്ദ് ചെയ്തിട്ടുള്ളത്.

**പട്ടയമേള നടത്തി പുതുതായി പട്ടയങ്ങൾ നൽകുന്നത്**

253 (3296) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടയമേള നടത്തി എത്ര പേർക്ക് പുതുതായി പട്ടയം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇനി ഏതൊക്കെ ജില്ലകളിലാണ് പട്ടയമേള സംഘടിപ്പിക്കുന്നത് ; എത്ര പട്ടയങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 70,000 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | പട്ടയമേളയിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 332 |
| 2 | കൊല്ലം | പട്ടയമേള നടത്തിയിട്ടില്ല |

| 1 | 2 | 3 |
|---|---|---|
| 3 | പത്തനംതിട്ട | പട്ടയമേള നടത്തിയിട്ടില്ല |
| 4 | ആലപ്പുഴ | 142 |
| 5 | കോട്ടയം | പട്ടയമേള നടത്തിയിട്ടില്ല |
| 6 | ഇടുക്കി | 14354 |
| 7 | എറണാകുളം | 2001 |
| 8 | തൃശ്ശൂർ | 7259 |
| 9 | പാലക്കാട് | 4708 |
| 10 | മലപ്പുറം | പട്ടയമേള നടത്തിയിട്ടില്ല |
| 11 | കോഴിക്കോട് | 1821 |
| 12 | വയനാട് | 812 |
| 13 | കണ്ണൂർ | 1417 |
| 14 | കാസർഗോഡ് | 2247 |

(ബി) എല്ലാ ജില്ലകളിലും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്ന പട്ടയങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | പട്ടയം വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളത് |
|---|---|---|
| 1 | തിരുവനന്തപുരം | 729 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 2 | കൊല്ലം | 887 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട് |
| 3 | പത്തനംതിട്ട | 217 പട്ടയങ്ങൾ വിതരണത്തിന് തയ്യാറായിട്ടുണ്ട് |
| 4 | ആലപ്പുഴ | 80 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| 1 | 2 | 3 |
|---|---|---|
| 5 | കോട്ടയം | 250 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 6 | ഇടുക്കി | 6000 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 7 | എറണാകുളം | 547 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 8 | തൃശ്ശൂർ | 8097 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 9 | പാലക്കാട് | 1717 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 10 | മലപ്പുറം | 4000 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 11 | കോഴിക്കോട് | 735 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 12 | വയനാട് | 400 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 13 | കണ്ണൂർ | 1352 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 14 | കാസർഗോഡ് | 2000 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**ആനവിലാസം വില്ലേജിലെ വിവാദ പട്ടയങ്ങൾ**

254 (3297) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പഞ്ചോലയിലെ ആനവിലാസം വില്ലേജിൽ വിവാദ പട്ടയങ്ങൾ റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വേ വിഭാഗം റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ വിവാദ പട്ടയങ്ങൾ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ടോ;

(സി) ഈ റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ബാധകമല്ല

**കോതമംഗലം മണ്ഡലത്തിലെ പട്ടയ വിതരണം**

255 (3298) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ കോതമംഗലം മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് സർക്കാർ തീരുമാന പ്രകാരം പട്ടയം നല്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) കോതമംഗലം മണ്ഡലത്തിൽനിന്നും പട്ടയത്തിനായുള്ള അപേക്ഷകളിൽ ഇനി എത്ര പേർക്ക് കൂടി പട്ടയം വിതരണം ചെയ്യാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പട്ടയം ലഭിക്കാനുള്ള അപേക്ഷകരുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇവരിൽ അർഹരായവർക്ക് എന്നത്തേക്ക് പട്ടയം നല്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ;

(ഡി) പട്ടയം നല്കുന്നതിനുവേണ്ട നടപടി ത്വരിതപ്പെടുത്തുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ കാലയളവിൽ കോതമംഗലം താലൂക്കിൽ 94 കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട്.

പഞ്ചായത്ത് തിരിച്ചുള്ള പട്ടയങ്ങളുടെ എണ്ണം

| ക്രമ നമ്പർ | പഞ്ചായത്ത് | എണ്ണം |
|---|---|---|
| 1 | കവളങ്ങാട് | 29 |
| 2 | വാരപ്പെട്ടി | 2 |
| 3 | പല്ലാരിമംഗലം | 3 |

| | | |
|---|---|---|
| 4 | നെല്ലിക്കുഴി | 13 |
| 5 | കീരമ്പാറ | 34 |
| 6 | പിണ്ടിമന | 3 |
| 7 | കുട്ടമ്പുഴ | 8 |
| 8 | കോട്ടപ്പടി | 2 |
| ആകെ | | 94 |

(ബി) 267 പേർക്കുകൂടി പട്ടയം വിതരണം ചെയ്യാനുണ്ട്.

(സി) ലഭിച്ച അപേക്ഷകളിൽ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഏകദേശം 100 പേർക്ക് 2019 ജനുവരി മാസത്തിൽ പട്ടയം നൽകുവാൻ കഴിയും. ബാക്കി നിൽക്കുന്ന അപേക്ഷകളിൽ 2019 ഏപ്രിൽ മാസത്തോടെ തീർപ്പ് കൽപ്പിക്കുവാൻ സാധിക്കും.

(ഡി) പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നുണ്ട്.

**കാസർഗോഡ് ജില്ലയിൽ നൽകിയ പട്ടയങ്ങൾ**

256 (3299) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ലാന്റ് ട്രിബ്യൂണലുകളിൽ നിലവിലുള്ള കേസ്സുകൾ തീർപ്പാക്കി എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്നും ഇനി എത്രപേർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-10-2018 വരെ കാസർഗോഡ് ജില്ലയിലെ ലാൻഡ് ട്രിബ്യൂണലുകളിൽ 1776 കേസുകൾ തീർപ്പാക്കുകയും ആയതിൽ 1187 ആളുകൾക്ക് ക്രയസർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 1704 കേസുകൾ തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിലെ പട്ടയം വിതരണം

257 (3300) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) മിച്ചഭൂമിക്ക് പട്ടയം ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര അപേക്ഷകൾ ഈ സർക്കാർ തീർപ്പുകല്പിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ ; അവശേഷിക്കുന്ന അപേക്ഷകളുടെ വിശദാംശം താലൂക്കടിസ്ഥാനത്തിൽ പറയാമോ?

### ഉത്തരം

(എ) 152 പേർക്ക് (ലക്ഷം വീട്) പട്ടയം വിതരണം ചെയ്തിട്ടുള്ളതാണ്.

(ബി) 20 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| താലൂക്ക് | ലഭിച്ച അപേക്ഷകൾ | തീർപ്പ് കൽപ്പിച്ച അപേക്ഷകൾ | തീർപ്പാക്കുവാൻ അവശേഷിക്കുന്ന അപേക്ഷകൾ | റിമാർക്സ് |
|---|---|---|---|---|
| ആലത്തൂർ | 4 | 4 | 0 | |
| ചിറ്റൂർ | 1173 | 0 | 1173 | ലഭിച്ച അപേക്ഷകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തിവരുന്നു. |
| മണ്ണാർക്കാട് | 0 | 0 | 0 | |
| പട്ടാമ്പി | 300 | 0 | 300 | ലഭിച്ച അപേക്ഷകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തിവരുന്നു. |
| പാലക്കാട് | 16 | 16 | 0 | |
| ഒറ്റപ്പാലം | 0 | 0 | 0 | |
| ആകെ | 1493 | 20 | 1473 | |

**മാനന്തവാടി മണ്ഡലത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ**

258 (3301) ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ പട്ടയം ലഭിക്കാത്ത കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയവരുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(സി) നിലവിൽ പട്ടയം നൽകാൻ തീരുമാനിച്ചിരിക്കുന്നവർക്ക് കാലതാമസം ഇല്ലാതെ പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) മാനന്തവാടി താലൂക്കിൽ ആകെ 164 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നല്ലൂർനാട് | 8 |
| തൊണ്ടർനാട് | 2 |
| വെള്ളമുണ്ട | 8 |
| തവിഞ്ഞാൽ | 63 |
| പൊരുന്നന്നൂർ | 4 |
| വാളോട് | 1 |
| എടവക | 38 |
| തിരുനെല്ലി | 36 |
| പനമരം | 1 |
| കാഞ്ഞിരങ്ങാട് | 3 |
| ആകെ | 164 |

(സി) കാലതാമസം ഒഴിവാക്കി പട്ടയം വിതരണം ചെയ്യുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

### ഫ്രാൻസിസിന് പട്ടയം നൽകുന്നതിനുള്ള നടപടി

259 (3302) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർകാട് താലൂക്കിൽ മണ്ണാർകാട്II വില്ലേജിൽ പഴയ സർവ്വേ 180/25 ഡി-യിൽ താമസിക്കുന്ന സി.എ. ഫ്രാൻസിസ് പട്ടയം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇവർ താമസിക്കുന്ന സ്ഥലത്തിന്റെ യഥാർത്ഥ ഉടമകൾ ആരാണെന്ന് വിശദീകരിക്കുമോ;

(സി) സി.എ. ഫ്രാൻസിസിന് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൈവശാവകാശ രേഖപ്രകാരം ലഭിച്ച മണ്ണാർകാട് II വില്ലേജ് സർവ്വേ നമ്പർ 180/25 ഡി (പി.ഡബ്ല്യു.ഡി. റോഡ് പുറമ്പോക്ക്) സ്ഥലത്തിന് പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു.

(ബി) 28-11-1998-ൽ കൈവശാവകാശ രേഖപ്രകാരം കൈവശം വച്ചിരുന്ന മണ്ണാർകാട് II വില്ലേജ് സർവ്വേ നമ്പർ 180/25 ഡി പി.ഡബ്ല്യു.ഡി. റോഡ് പുറമ്പോക്കാണ്.

(സി) സ്ഥലം പി.ഡബ്ല്യു.ഡി. റോഡ് പുറമ്പോക്കായതിനാൽ വകുപ്പിൽ നിന്നും നിരാക്ഷേപപത്രം ലഭ്യമാക്കുന്നപക്ഷം മാത്രമേ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

### കൈവശഭൂമിക്ക് പട്ടയം

260 (3303) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ എത്ര പേർക്ക് അവരുടെ കൈവശ ഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ട്;

(ബി) ഇതിൽ റവന്യൂ പുറമ്പോക്ക്, പഞ്ചായത്ത് പുറമ്പോക്ക്, വനഭൂമി എന്നിവ എത്രയുണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 44909 പേർക്ക്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ജില്ല | കൈവശഭൂമിക്ക് പട്ടയം നൽകിയിട്ടുള്ള ജില്ല തിരിച്ചുള്ള കണക്ക് |
|---|---|---|
| 1 | തിരുവനന്തപുരം | 263 |
| 2 | കൊല്ലം | 73 |
| 3 | പത്തനംതിട്ട | 26 |
| 4 | ആലപ്പുഴ | 182 |
| 5 | കോട്ടയം | 318 |
| 6 | ഇടുക്കി | 14354 |
| 7 | എറണാകുളം | 2001 |
| 8 | തൃശ്ശൂർ | 18960 |
| 9 | പാലക്കാട് | 6858 |
| 10 | മലപ്പുറം | 66 |
| 11 | കോഴിക്കോട് | 80 |
| 12 | വയനാട് | 812 |
| 13 | കണ്ണൂർ | 241 |
| 14 | കാസർഗോഡ് | 675 |
| ആകെ | | 44909 |

(ബി)

| ക്രമ നമ്പർ | ജില്ല | റവന്യൂ പുറമ്പോക്ക് | പഞ്ചായത്ത് പുറമ്പോക്ക് | വനഭൂമി |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 108 | 155 | 0 |
| 2 | കൊല്ലം | 51 | 22 | 0 |
| 3 | പത്തനംതിട്ട<br>പാലക്കാട്<br>മലപ്പുറം | വിവരം ശേഖരിച്ചു വരുന്നു. | | |
| 4 | ആലപ്പുഴ | 26 | 155 | |
| 5 | കോട്ടയം | 53 | 6 | 0 |
| 6 | ഇടുക്കി | 7866 | 0 | 6432 |
| 7 | എറണാകുളം | 2001 | 0 | 0 |
| 8 | തൃശ്ശൂർ | 160 | 0 | 127 |
| 9 | കോഴിക്കോട് | 2 | 71 | 0 |
| 10 | വയനാട് | 695 | 0 | 117 |
| 11 | കണ്ണൂർ | 76 | 0 | 0 |
| 12 | കാസർഗോഡ് | 660 | 15 | 0 |

**പട്ടയഭൂമിയിൽനിന്നും മരങ്ങൾ മുറിക്കുന്നതിന് നിരോധനം**

261 (3304) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിൽ പട്ടയഭൂമിയിൽനിന്നും മരങ്ങൾ മുറിക്കുന്നതിന് നിരോധനം നിലവിലുണ്ടോ; പ്രസ്തുത നിരോധനം പിൻവലിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിലെ ഏതൊക്കെ മേഖലകളിൽ നിന്നും മരം മുറിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇടുക്കി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ പട്ടയ ഭൂമിയിൽനിന്നും മരം മുറിക്കുന്നതിനുണ്ടായിരുന്ന നിരോധനം നീക്കിക്കൊണ്ട് SRO No.621/2017 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻപ്രകാരം 1986-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിൻ പ്രകാരം മുറിക്കുന്നത് നിരോധിച്ചിട്ടുള്ള 10 മരങ്ങൾ ഒഴികെയുള്ള മറ്റുമരങ്ങൾ പ്രത്യേക മേഖലയായി വിജ്ഞാപനം ചെയ്തിട്ടില്ലാത്ത പ്രദേശങ്ങളിൽ നിന്നും മുറിക്കാവുന്നതാണ്.

**ഭൂരഹിതർക്ക് വാസസ്ഥലം നൽകുന്ന പദ്ധതി**

262 (3305) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായിട്ടുള്ളവർ എത്ര ; അവരുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; കണക്കെടുത്ത രീതി എങ്ങനെയാണ്; വിശദീകരിക്കുമോ;

(ബി) ഭൂരഹിതർക്ക് വാസസ്ഥലം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ എത്ര പേർക്ക് നൽകിയിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2,64,804 പേർ സംസ്ഥാനത്ത് ഭൂരഹിതരായിട്ടുള്ളവരാണ്.

ജില്ലകളിലെ ഐ.ടി. സെല്ലുകളുടെ സഹായത്തോടെ റവന്യൂ വകുപ്പ് തയ്യാറാക്കിയ സ്വതന്ത്ര സോഫ്റ്റ്‌വെയർ സംവിധാനം മുഖാന്തരമാണ് കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

(ബി) ഉണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 46102 കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്. നിലവിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരമാണ് ഭൂരഹിതർക്ക് വാസസ്ഥലം നൽകുന്നത്. ആയത് തദ്ദേശ സ്വയംഭരണ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്.

**ഓഖി ദുരന്തബാധിതർക്ക് സർക്കാർ നൽകിയ സഹായം**

263 (3306) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തബാധിതർക്കായി നാളിതുവരെ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക എത്ര; കേന്ദ്ര സർക്കാർ അനുവദിച്ച തുകയുടെ അവശേഷിക്കുന്ന ഭാഗം ലഭ്യമാക്കാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഓഖി ദുരന്തത്തെത്തുടർന്ന് നാളിതുവരെ മരണപ്പെട്ടവർ, തിരിച്ചു വരാത്തവർ എത്രയാണെന്നും എത്ര വീടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നുവെന്നും എത്ര ബോട്ടുകൾ ഉപയോഗശൂന്യമായി എന്നും എത്ര ഹെക്ടർ സ്ഥലത്ത് കൃഷി നശിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ദുരന്തം സംഭവിച്ചവർക്ക് സർക്കാർ എന്തൊക്കെ സഹായങ്ങൾ നൽകി ; തരംതിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഓഖി ദുരന്തത്തിൽ അപകടം സംഭവിച്ചവർ എത്ര; ഇവർക്ക് സർക്കാർ എന്തൊക്കെ സഹായങ്ങൾ നൽകി; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഓഖിയുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 133 കോടി രൂപയുടെ അടിയന്തരസഹായം അനുവദിക്കുകയും ഓഖിക്കായി അനുവദിച്ച സഹായത്തിൽ 21.30 കോടി രൂപ അധികമായി അനുവദിച്ചതായി 26-2-2018-ൽ ചേർന്ന നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സബ്കമ്മിറ്റി പരിശോധിച്ച് കണ്ടെത്തുകയും അധികമായി അനുവദിച്ച തുക ഇനി വരുന്ന ദുരന്തങ്ങൾ നേരിടുവാൻ ഉപയോഗിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഓഖി ദുരന്തത്തിൽ 58 പേർ മരണമടയുകയും 92 പേരെ കാണാതാവുകയും ചെയ്തു. വീടുകൾക്ക് നാശനഷ്ടമുണ്ടായതിന്റെയും ബോട്ടുകൾ ഉപയോഗശൂന്യമായതിന്റെയും കൃഷി നശിച്ചതിന്റേയും വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും കാണാതായ മത്സ്യത്തൊഴിലാളികളുടെയും ആശ്രിതർക്ക് സംസ്ഥാന സർക്കാർ 20 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഓഖിയിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളല്ലാത്തവരുടെ ആശ്രിതർക്ക് 6 ലക്ഷം രൂപ വീതവും അനുവദിച്ച് നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഒറ്റത്തവണ ആശ്വാസ സഹായമായി 2,000 രൂപ വീതം അനുവദിച്ചുനൽകി. വീടിന് പൂർണ്ണമായും ഭാഗികമായും നാശനഷ്ടം നേരിട്ടവർക്കും കൃഷിനാശം നേരിട്ടവർക്കും ആശ്വാസ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ 239 പേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. ഇവർക്ക് 20,000 രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫിഷറീസ് വകുപ്പിന് മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 308.62 ലക്ഷം രൂപയും രണ്ടാം ഘട്ടമായി മത്സ്യബന്ധനോപാധികൾ പൂർണ്ണമായി/ഭാഗികമായി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 165.67 ലക്ഷം രൂപയും മൂന്നാം ഘട്ടമായി മത്സ്യബന്ധനോപാധികൾ പൂർണ്ണമായി/ഭാഗികമായി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 180.03 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. രജിസ്ട്രേഷനോ ലൈസൻസോ ഇല്ലാത്ത മത്സ്യബന്ധനോപകരണങ്ങൾക്ക് 22.52 ലക്ഷം രൂപയും കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിന് 736 ലക്ഷം രൂപയും അനുവദിച്ചു. ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും കണ്ടെത്തുന്നതിന് 741.60 ലക്ഷം രൂപയും ഭാഗികമായി കേടുപറ്റിയ 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ റിപ്പെയർ ചെയ്യുന്നതിനായി 204 ലക്ഷം രൂപയും ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുടെയും മക്കൾക്ക് വിദ്യാഭ്യാസ ധനസഹായവും തൊഴിൽ പരിശീലനവും നൽകുന്നതിന് 1392 ലക്ഷം രൂപയും കടൽ സുരക്ഷാ സംവിധാനങ്ങളും കടൽ രക്ഷാ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് 715 ലക്ഷം രൂപയും അനുവദിച്ചു. മത്സ്യത്തൊഴിലാളികൾക്ക് അപകട ഘട്ടങ്ങളിൽ ജീവൻ രക്ഷയ്ക്കായി ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്നതിന് 610 ലക്ഷം രൂപയും അപകട മുന്നറിയിപ്പുകൾ 1500 കിലോ മീറ്റർ വരെ അകലത്തിലുള്ള മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ സഹായിക്കുന്ന നാവിക് ഉപകരണങ്ങൾ അനുവദിക്കുന്നതിന് 1593 ലക്ഷം രൂപയും ആഴക്കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സാറ്റ്‌ലൈറ്റ് ഫോൺ വാങ്ങുന്നതിന് 942.61 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) ഓഖി ദുരന്തത്തിൽ 241 പേർക്ക് പരിക്കേറ്റിട്ടുണ്ട്. ഇവർക്ക് 20,000 രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.

## പ്രളയ ദുരിതബാധിതർക്കായുള്ള ആശ്വാസ ധനം

264 (3307) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരിതബാധിതർക്കായി പ്രഖ്യാപിച്ച ആശ്വാസധനം അർഹതയില്ലാത്ത ആരെങ്കിലും കൈപ്പറ്റിയിട്ടുണ്ടോ; എങ്കിൽ എത്രപേർ അനധികൃതമായി തുക കൈപ്പറ്റി; അവർക്കെതിരെ റവന്യൂ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രളയ ദുരന്തത്തിൽ വീട് പൂർണ്ണമായി നഷ്ടപ്പെട്ടവരുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പ്രളയദുരന്തത്തിൽ സംസ്ഥാനത്തിനുണ്ടായ ആകെ നഷ്ടം എത്രയെന്ന് റവന്യൂവകുപ്പ് കണക്കാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്തിമ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) പ്രളയദുരന്തത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലുണ്ടായ നഷ്ടം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അനർഹമായി ധനസഹായം കൈപ്പറ്റിയവരുടെ കണക്കുകൾ ശേഖരിച്ചുവരുന്നു. അങ്ങനെയുള്ളവരിൽ നിന്ന് തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) വീട് പൂർണ്ണമായി നഷ്ടപ്പെട്ടവരുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(സി&ഡി) റവന്യൂ വകുപ്പിന് മാത്രമല്ല ഇത്തരം കണക്കെടുപ്പ് നടത്തുവാൻ ചുമതലയുള്ളത്. വിവിധ സെക്ടറുകളിലെ നഷ്ടം കേന്ദ്ര മാനദണ്ഡം അനുസരിച്ച് അതാത് ചുമതലയുള്ള വകുപ്പുകൾ കണക്കാക്കിയിട്ടുണ്ട്. ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് കേരളം ആവശ്യപ്പെട്ടത് 5,616.7 കോടി രൂപയുടെ പുനരധിവാസ ധനസഹായമാണ്.

**ദുരന്ത നിവാരണ അതോറിറ്റിയുടെ നടത്തിപ്പിനായി ഫണ്ട്**

265 (3308) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ അതോറിറ്റിയിൽ സ്ഥിരം സെക്രട്ടറിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ ആരെയാണ് നിയമിച്ചിരിക്കുന്നതെന്നും എന്നുമുതലാണ് പ്രസ്തുത വ്യക്തി സെക്രട്ടറിയുടെ ചുമതല നിർവഹിച്ചുവരുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ദുരന്ത നിവാരണ അതോറിറ്റിയുടെ നടത്തിപ്പിനായി ദേശീയ/ അന്തർദേശീയ ഫണ്ട് ലഭിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മുൻകാലങ്ങളിൽ ലഭിച്ച ദേശീയ / അന്തർദേശീയ ഫണ്ട് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ദുരന്ത നിവാരണ അതോറിറ്റിക്ക് സ്ഥിരം സെക്രട്ടറി എന്ന പദവി ദേശീയ ദുരന്ത നിവാരണ നിയമത്തിൽ ഇല്ല. സെക്രട്ടറി എന്ന പദവിയും ഇല്ല. അതോറിറ്റിയിലെ ഒരു അംഗം എക്സ് ഒഫീഷ്യോ പദവിയിൽ മെമ്പർ സെക്രട്ടറി ആയി കേരള സംസ്ഥാന ദുരന്ത നിവാരണ ചട്ടപ്രകാരം നിയോഗിക്കപ്പെട്ടിട്ടുണ്ട്. ഡോ. ശേഖർ എൽ. കുര്യാക്കോസ് ആണ് നിലവിൽ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ആയി 28-3-2016 മുതൽ ചുമതല വഹിച്ചുവരുന്നത്.

(ബി) ഉണ്ട്.

(സി)

| കേന്ദ്ര ഫണ്ട് | ലഭിച്ചത് | ഉപയോഗിച്ചത് |
|---|---|---|
| 2010-11 | 2,43,91,000 | 2,43,89,719 |
| 2011-12 | 30,00,000 | 30,00,000 |
| 2012-13 | 1,28,00,000 | 1,28,00,000 |
| 2013-14 | 2,00,00,000 | 1,93,45,774 |
| 2016-17 | 64,12,000 | 62,30,245 |
| 2017-18 | 22,70,000 | 22,70,000 |

| അന്തർദ്ദേശീയ ഫണ്ട് (യു.എൻ.ഡി.പി.) | ലഭിച്ചത് | ഉപയോഗിച്ചത് |
|---|---|---|
| 2015 | 13,51,721 | 13,51,721 |
| 2016 | 1,50,000 | 1,50,000 |
| 2017 | 8,81,000 | 8,81,000 |

## പ്രളയത്തെ തുടർന്ന് തകർന്ന തൂക്കുപാലങ്ങൾ

266 (3309) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തെ തുടർന്ന് നദികൾക്ക് കുറുകെയുള്ള തൂക്കുപാലങ്ങൾ ഭൂരിഭാഗവും തകർന്നിരിക്കുന്ന സാഹചര്യത്തിൽ പൂർണ്ണമായി തകർന്ന മൂവാറ്റുപുഴയാറിന് കുറുകെയുള്ള തമ്മാനിമറ്റം തൂക്ക് പാലം പുനർനിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എന്ന് പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

തമ്മാനിമറ്റം പാലത്തിന്റെ നിർമ്മാണം മൂവാറ്റുപുഴ പി.ഡബ്ല്യു.ഡി (റോഡ്സ് & ബ്രിഡ്ജസ്)-ന്റെ കീഴിൽ Kerala Electrical and Allied Engineering Co.Ltd. (KEL), മാമലയാണ് നടത്തിയിട്ടുള്ളത്. പ്രളയത്തിൽ തകർന്ന തൂക്കുപാലത്തിന്റെ immediate restoration മാത്രമേ ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം സാദ്ധ്യമാകുകയുള്ളൂ. പ്രളയാനന്തരം പ്രസ്തുത പാലം തകർന്നത് പുനരുദ്ധരിക്കുന്നതിലേയ്ക്കായി സർക്കാരിൽ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം

267 (3310) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ ഭാഗികമായും പൂർണ്ണമായും തകർന്ന വീടുകൾ പ്രധാനമന്ത്രി ആവാസ് യോജനയിൽ ഉൾപ്പെടുത്തി പുനർനിർമ്മിച്ചു നൽകുവാൻ തയ്യാറാണെന്ന കേന്ദ്രസർക്കാർ പ്രഖ്യാപന പ്രകാരം വീടുകളുടെ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ബി) ആയത് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ലഭിച്ച സഹായത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രളയത്തിൽ പൂർണ്ണമായി 16,662 വീടുകൾ തകർന്നതായാണ് ഗ്രാമവികസന വകുപ്പ് ബ്ലോക്ക് പഞ്ചായത്തുകൾ വഴി ശേഖരിച്ച കണക്കുകളിലുള്ളത്. ഇതിൽ 12477 വീടുകൾ PMAY(G) സ്കീം വഴി പുനർനിർമ്മിക്കുന്നതിനുള്ള സ്പെഷ്യൽ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് നൽകിയിട്ടുള്ളതാണ്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | വീടിന്റെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 274 |
| 2 | കൊല്ലം | 194 |
| 3 | പത്തനംതിട്ട | 725 |
| 4 | ആലപ്പുഴ | 224 |
| 5 | കോട്ടയം | 531 |
| 6 | ഇടുക്കി | 1384 |
| 7 | എറണാകുളം | 1546 |
| 8 | തൃശ്ശൂർ | 3461 |
| 9 | പാലക്കാട് | 1838 |
| 10 | മലപ്പുറം | 808 |
| 11 | കോഴിക്കോട് | 285 |
| 12 | വയനാട് | 973 |
| 13 | കണ്ണൂർ | 159 |
| 14 | കാസർഗോഡ് | 75 |
| ആകെ | | 12477 |

(ബി) ഉണ്ട്. അംഗീകാരം ലഭിച്ചാൽ ഉടൻതന്നെ തുടർനടപടികൾ ആരംഭിക്കുന്നതാണ്. കേന്ദ്ര സർക്കാരിൽ നിന്നും പ്രളയവുമായി ബന്ധപ്പെട്ട് ടി ഇനത്തിൽ ഇതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കുടുംബശ്രീ സമർപ്പിച്ച വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### പ്രളയത്തിൽ മരണപ്പെട്ടവരുടെ വിവരങ്ങൾ

268 (3311) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലുമായി എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രളയത്തിലും ഉരുൾപ്പൊട്ടലുമായി മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലുമായി ജീവഹാനി സംഭവിച്ചിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 4 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

### തിരുവനന്തപുരം മണ്ഡലത്തിലെ പ്രളയബാധിതർ

269 (3312) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയമസഭാ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന എത്ര കുടുംബങ്ങളെയാണ് കഴിഞ്ഞ ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം ബാധിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പേർക്ക് അടിയന്തര ധനസഹായമായ 10,000 രൂപ ഇതിനകം കൈമാറിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) തിരുവനന്തപുരം നിയമസഭാ നിയോജക മണ്ഡലത്തിലെ ജഗതി, വഴുതക്കാട്, ചാല, മണക്കാട് നഗരസഭാ വാർഡുകളിൽ നിന്നും എത്രപേരാണ് നഷ്ടപരിഹാരം അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്; വാർഡ് തിരിച്ച് വിശദമാക്കുമോ;

(ഡി) ഇതിൽ എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ആകെ 1561 കുടുംബങ്ങളെ ബാധിച്ചിട്ടുണ്ട്.

(ബി) ബാധിക്കപ്പെട്ട 1561 പേർക്കും 10,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്.

(സി &ഡി) വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്കാണ് ലഭ്യമായിട്ടുള്ളത്. ആയത് താഴെപ്പറയും പ്രകാരമാണ്.

മണക്കാട് വില്ലേജ് - 202

തൈക്കാട് വില്ലേജ് - 230

432 പേർക്കും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

**പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ**

270 (3313) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുവാൻ കേന്ദ്രസംഘം സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ; അവർ ഏതെല്ലാം ജില്ലകളാണ് സന്ദർശിച്ചത്;

(ബി) ഓരോജില്ലകളിലും എത്ര കോടി രൂപയുടെ നാശനഷ്ടം വീതം ഉണ്ടായി എന്ന് റവന്യൂവകുപ്പ് വിലയിരുത്തി കേന്ദ്രസംഘത്തിന് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) കേന്ദ്രസംഘത്തിന്റെ പ്രാഥമിക വിലയിരുത്തലെന്തെന്നും എത്ര തുകയാണ് കേന്ദ്രസഹായമായി ശുപാർശ നൽകിയതെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആലപ്പുഴ, ഇടുക്കി, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ കേന്ദ്ര സംഘം പ്രളയക്കെടുതിയും നാശനഷ്ടങ്ങളും വിലയിരുത്താനായി രണ്ടുഘട്ടങ്ങളി ലായിട്ടാണ് എത്തിയത്. ആദ്യത്തെ സന്ദർശനം ആഗസ്റ്റ് 7 മുതൽ 11 വരെയും രണ്ടാമത്തേത് സെപ്റ്റംബർ 20 മുതൽ 24 വരെയും ആണ്.

(ബി) വിവിധ മേഖലയിലെ നഷ്ടം, കേന്ദ്ര മാനദണ്ഡം അനുസരിച്ച് അതാത് ചുമതലയുള്ള വകുപ്പുകൾ കണക്കാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിന് മാത്രമല്ല ഇത്തരം

കണക്കെടുപ്പ് നടത്തുവാൻ ചുമതലയുള്ളത്. ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് കേരളം ആവശ്യപ്പെട്ടത് 5616 കോടി രൂപയുടെ ദുരിതാശ്വാസ സഹായമാണ്. ആദ്യഘട്ടത്തിലുണ്ടായ പ്രളയത്തിന് 820 കോടിയും രണ്ടാംഘട്ടത്തിലെ മഹാപ്രളയത്തിന് 4796 കോടി രൂപയും ഉൾപ്പെടെയാണിത്.

(സി) കേന്ദ്ര സംഘം സംസ്ഥാന സർക്കാരിന് ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ഒന്നും നൽകാറില്ല.

**പ്രളയക്കെടുതിയിൽ മലയോര മേഖലയിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ**

271 (3314) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് 15-8-18 മുതൽ 15-11-18 വരെയുള്ള കാലയളവിൽ എത്ര വീടുകളുടെ പുനർ നിർമ്മാണത്തിനായി റവന്യൂ വകുപ്പ് മുഖേന ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) 2018-ലെ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് ഇതുവരെ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് മലയോര മേഖലയിൽ ഉണ്ടായിട്ടുള്ള ഉരുൾപ്പൊട്ടലുകൾമൂലം ഉണ്ടായ നാശനഷ്ടങ്ങൾ പ്രത്യേകം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 27-11-2018 വരെയുള്ള കണക്കുകൾ പ്രകാരം 75%-ത്തിലധികം തകർച്ച നേരിട്ട 4635 വീടുകൾക്ക് ഒന്നാംഘട്ട ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രളയക്കെടുതികളെത്തുടർന്ന് റവന്യൂ ദുരന്ത നിവാരണ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ ഇ-മെയിൽ മുഖാന്തരം ലഭ്യമാക്കുന്നതാണ്.

(സി) മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലുമായി 152 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. പ്രളയക്കെടുതികളെത്തുടർന്നുണ്ടായ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവമൂലമുള്ള ആകെ നഷ്ടമാണ് വിവിധ ഏജൻസികൾ കണക്കാക്കിയിട്ടുള്ളത്. ഉരുൾപൊട്ടൽമൂലമുണ്ടായ നാശനഷ്ടമെന്നത് പ്രത്യേകം കണക്കാക്കിയിട്ടില്ല.

**കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ഉണ്ടായ നാശനഷ്ടങ്ങൾ**

272 (3315) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലുമായി ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് നാശനഷ്ടങ്ങൾ ഉണ്ടായത്; ആയതിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒൻപതോളം കുട്ടികൾ തോണിമറിഞ്ഞ് മരിച്ചതിനെ തുടർന്ന് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് മുൻപ് പൂർത്തിയാക്കിയതായ മൂർക്കനാട് നടപ്പാലം കാലവർഷത്തെ തുടർന്നുണ്ടായ മലവെള്ളപ്പാച്ചിലിൽ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ,അടിയന്തര സാഹചര്യം പരിഗണിച്ച് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് മൂർക്കനാട് നടപ്പാലം പുനർ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പുനർനിർമ്മാണ പ്രവർത്തനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ചല്ല മൂർക്കനാട് പാലം നിർമ്മിച്ചിട്ടുള്ളത്. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി "2245-60-800-80-Other items" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നാണ് പാലം നിർമ്മാണത്തിനുള്ള തുക അനുവദിച്ചത്.

(സി&ഡി) " കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം, 2001" പ്രകാരമുള്ള നദീതീര വികസന പ്രവർത്തനങ്ങൾക്കാണ് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുവരുന്നത്. പാലം നിർമ്മാണം ഇതിന്റെ പരിധിയിൽ വരുന്ന വിഷയമല്ല.

**കോന്നി നിയോജക മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട്**

273 (3316) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് കോന്നി നിയോജക മണ്ഡലത്തിൽ ഏതെല്ലാം പാലങ്ങളാണ് നിർമ്മിക്കുന്നത്;

(ബി) ഇവ ഓരോന്നിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പത്തനംതിട്ട ജില്ലയ്ക്ക് റിവർ മാനേജ്മെന്റ്ഫണ്ട് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ജില്ലാ കളക്ടറുടെ അംഗീകാരമില്ലാതെ കരാറിൽ ഏർപ്പെട്ടതിനെ സംബന്ധിച്ച് നിയമവകുപ്പ് നൽകിയ ഉപദേശം എന്താണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) സാങ്കേതിക തടസ്സവാദങ്ങൾ ഒഴിവാക്കി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) കൈപ്പട്ടൂർ, തുപ്പാറ, ചിറ്റൂർകടവ്

(ബി) ചിറ്റൂർകടവ് - 29.75% പൂർത്തീകരിച്ചു

കൈപ്പട്ടൂർ - 66% പൂർത്തീകരിച്ചു

തുപ്പാറ - 63% പൂർത്തീകരിച്ചു

(സി) പത്തനംതിട്ട ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ തനത് ഫണ്ട് ഒന്നും തന്നെയില്ലാതിരുന്നതിനാൽ മറ്റ് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഫണ്ട് കണ്ടെത്തി പത്തനംതിട്ട ജില്ലയ്ക്ക് നൽകുന്നതിനുള്ള ശിപാർശ സർക്കാരിന് നൽകാൻ 4-10-2018-ലെ സംസ്ഥാന ഉന്നതതല സമിതി യോഗം ലാൻഡ് റവന്യൂ കമ്മീഷണറോട് നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം മലപ്പുറം ജില്ലയിൽ നിന്നും 50 ലക്ഷം രൂപയും തൃശ്ശൂർ ജില്ലയിൽനിന്നും 50 ലക്ഷം രൂപയും, പാലക്കാട് ജില്ലയിൽ നിന്നും 43,52,062 ലക്ഷം രൂപയും പത്തനംതിട്ട ജില്ലയ്ക്ക് കൈമാറി നൽകുവാൻ ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധനയിലാണ്.

(ഡി) നിയമ വകുപ്പ് നൽകിയ ഉപദേശത്തിന്റെ പകർപ്പ് അനുബന്ധമായി* ഉള്ളടക്കം ചെയ്തിരിക്കുന്നു.

(ഇ) നിർമ്മിതി കേന്ദ്ര ഉന്നയിച്ചിട്ടുള്ള Rate revision, design change എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ചീഫ് ടെക്നിക്കൽ ഓഫീസറുടെ ശിപാർശ ലഭ്യമായശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**വൻകിട പദ്ധതികൾക്കായി നെൽവയൽ നികത്താൻ അനുമതി**

274 (3317) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട പദ്ധതികൾക്കായി നെൽവയൽ നികത്താൻ ഈ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) വൻകിട സ്വകാര്യ ഷോപ്പിംഗ് കോംപ്ലക്സുകളോ മാളുകളോ പണിയാൻ സംസ്ഥാനത്ത് എവിടെയെങ്കിലും നെൽവയൽ നികത്താൻ ഈ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) വൻകിട പദ്ധതികൾക്കായി സംസ്ഥാനത്ത് നെൽവയൽ നികത്താൻ സർക്കാർ അനുമതി നൽകിയിട്ടില്ല. എന്നാൽ കേന്ദ്ര സംസ്ഥാന പദ്ധതിയായ ഗെയിൽ വാതക വിതരണ പദ്ധതി, കൊച്ചി സേലം പൈപ്പ് ലൈൻ പദ്ധതി (ബി.പി.സി.എൽ) എന്നിവയ്ക്കുവേണ്ടി നിലം നികത്താൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ടെക്നോപാർക്ക് 3-ാം ഘട്ട വികസനത്തിനും ബ്രഹ്മപുരം വേസ്റ്റ് ടു എനർജി പ്രോജക്ട്, കൊച്ചി എന്നിവയ്ക്കും വേണ്ടി നെൽവയൽ നികത്താൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) വൻകിട സ്വകാര്യ ഷോപ്പിംഗ് കോംപ്ലക്സിനോ, മാളുകളോ പണിയുന്നതിനോ നെൽവയൽ നികത്താൻ ഈ സർക്കാർ അനുമതി നൽകിയിട്ടില്ല.

**നെൽവയൽ സംരക്ഷണ നിയമം**

275 (3318) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ സംരക്ഷണ നിയമത്തിന്റെ ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) നികത്തിയ ഭൂമിയിൽ വീട് വയ്ക്കുന്നതിനുള്ള നിബന്ധനകൾ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ചട്ടത്തിൽ എത്ര സെന്റ് വരെ വയൽ നികത്താനാണ് അനുവാദം നൽകിയിരിക്കുന്നത്?

ഉത്തരം

(എ) ഇല്ല. നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 27 (എ)-യിലെ വ്യവസ്ഥകൾക്ക് വിധേയമായി വീട് നിർമ്മിക്കുന്നതിനുള്ള നിബന്ധനകൾ ഭേദഗതി ചട്ടത്തിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി വിസ്തൃതിക്കനുസൃതമായി നിശ്ചിത ഫീസടച്ച് ക്രമപ്പെടുത്തുന്നതിനുള്ള വ്യവസ്ഥയാണ് ഭേദഗതി ചട്ടത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നത്.

**നെൽവയൽ തണ്ണീർത്തട നിയമം നടപ്പാക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർ**

276 (3319) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട നിയമം നടപ്പാക്കുന്നതിൽ വീഴ്ചവരുത്തിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ നടപടിയെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എറണാകുളം ജില്ലയിൽ നെൽവയൽ നികത്തലുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ നടപടിയെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) നെൽവയൽ തണ്ണീർത്തട നിയമം നടപ്പാക്കുന്നതിൽ വീഴ്ചവരുത്തിയ തിരുവനന്തപുരം ജില്ലയിലെ രണ്ട് ഉദ്യോഗസ്ഥർക്കെതിരെയും തൃശ്ശൂർ ജില്ലയിലെ ഒരു ഉദ്യോഗസ്ഥനെതിരെയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നടപ്പാക്കുന്നതിൽ വീഴ്ചവരുത്തി എന്ന കാരണത്താൽ എറണാകുളം ജില്ലയിൽ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടില്ല.

**നെൽവയൽ തണ്ണീർത്തട ഭേദഗതി**

277 (3320) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ നെൽവയൽ തണ്ണീർത്തട ഭേദഗതി നിയമസഭ പാസാക്കിയതിന് ശേഷം സംസ്ഥാനത്ത് എത്ര ഏക്കർ ഭൂമി നികത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2018-ലെ നെൽവയൽ തണ്ണീർത്തട (ഭേദഗതി) നിയമം പാസ്സാക്കിയ ശേഷം ജില്ലകളിലാകെ 57.00 ഏക്കർ ഭൂമി നികത്തിയിട്ടുണ്ട്.

| (ബി) | ജില്ല | വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|
| | തിരുവനന്തപുരം | .... |
| | കൊല്ലം | 0.25 |
| | പത്തനംതിട്ട | 2.84 |
| | ആലപ്പുഴ | 0.53 |
| | കോട്ടയം | 0.65 |
| | ഇടുക്കി | .... |
| | എറണാകുളം | 36.38 |
| | തൃശ്ശൂർ | 5.22 |
| | പാലക്കാട് | .... |
| | മലപ്പുറം | 4.27 |
| | കോഴിക്കോട് | .... |
| | വയനാട് | 6.86 |
| | കണ്ണൂർ | .... |
| | കാസർഗോഡ് | .... |
| | ആകെ | 57.00 ഏക്കർ |

**നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ ദുരുപയോഗം**

278 (3321) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മിക്കാൻ സ്വന്തമായി ഭൂമിയില്ലാത്തവർക്ക് സ്വന്തമായി പത്ത് സെന്റ് ഭൂമി നികത്താം എന്ന നെൽവയൽ തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥ വ്യാപകമായി ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അനുമതിയുടെ മറവിൽ ഭൂമാഫിയ തഴച്ച് വളരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2018 ലെ നെൽവയൽ തണ്ണീർത്തട നിയമത്തിലെ ഭേദഗതി നടപ്പിലാക്കിയശേഷം വീടുവയ്ക്കാനായി നെൽവയൽ നികത്താൻ എത്ര അപേക്ഷകളാണ് ലഭിച്ചത്;ഇതിൽ എത്ര അപേക്ഷകൾ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2018-ലെ നെൽവയൽ തണ്ണീർത്തട നിയമത്തിലെ ഭേദഗതി നടപ്പിലാക്കിയശേഷം വീടുവയ്ക്കാനായി നെൽവയൽ നികത്താൻ 14 ജില്ലകളിൽ നിന്നായി ആകെ 4424 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 877 അപേക്ഷകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

**പാടശേഖരങ്ങൾ വ്യാപകമായി നികത്തുന്നത്**

279 (3322) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്മനം, തിരുവാർപ്പ്, ആർപ്പൂക്കര പ്രദേശങ്ങളിൽ പാടശേഖരങ്ങൾ വ്യാപകമായി നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച പരാതി ലഭിച്ചതിനെ തുടർന്ന് പ്രസ്തുത പ്രദേശങ്ങളിൽ റവന്യൂ ഉദ്യോഗസ്ഥർ പരിശോധന നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്താൻ സാധിച്ചിരുന്നോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല. അനധികൃതമായി നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് നടപടി**

280 (3323) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> :
<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) തരിശിട്ടിരിക്കുന്ന നെൽവയലുകളുടെ ഉടമസ്ഥരെ കൃഷി ചെയ്യുന്നതിന് നിർബന്ധിതരാക്കുന്നതിനും തരിശുഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും റവന്യൂ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ലക്ഷക്കണക്കിന് ഭൂരഹിതരും ഭവനരഹിതരുമായവർക്ക് വീടുവയ്ക്കുന്നതിന് സാങ്കേതികത്വത്തിന്റെ പേരിൽ നീതി നിഷേധിക്കപ്പെടരുതെന്ന ജനകീയ ആവശ്യവും ഒരു തുണ്ട് വയൽ പോലും നികത്തപ്പെടരുതെന്ന ജനാഭിലാഷവും ഏതു തരത്തിലാണ് സമന്വയിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഡാറ്റാബാങ്ക് സംബന്ധിച്ച ആക്ഷേപങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പുകൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. നെൽവയലുകളും തണ്ണീർത്തടങ്ങളും അനധികൃതമായി പരിവർത്തനപ്പെടുത്തുന്നത് നിരീക്ഷിക്കുന്നതിനും തടയുന്നതിനും താലൂക്കുതലത്തിൽ ഭൂരേഖാ തഹസീൽദാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. അനധികൃത പരിവർത്തനം സംബന്ധിച്ച് വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ,

റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവരിൽ നിന്നുള്ള റിപ്പോർട്ടുകൾ, പൊതുജന പരാതികൾ എന്നിവ ലഭിക്കുന്നതിനെത്തുടർന്ന് നിലം പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള നടപടികളും ഭൂവുടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. നെൽവയൽ നികത്തുന്നതുൾപ്പെടെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന കുറ്റം ചെയ്യുന്നവർക്കുള്ള ശിക്ഷ 3 വർഷമായി ഉയർത്തിയിട്ടുണ്ട്. പരിവർത്തനാനുമതി നൽകുന്ന കേസുകളിൽ നീരൊഴുക്കിനെയും സമീപ ഭൂമികളിലെ കൃഷിയെയും പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും ആയത് നടപ്പിലാക്കുന്നുണ്ടോ എന്നുള്ളത് നിരീക്ഷിച്ചുവരികയും ചെയ്തുവരുന്നുണ്ട്. 2018-ലെ നെൽവയൽ തണ്ണീർത്തട (ഭേദഗതി) നിയമപ്രകാരം ബാധകമായ കേസുകളിൽ ജലസംരക്ഷണ മാർഗ്ഗങ്ങൾ പ്രദാനം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് പരിവർത്തനം അനുവദിച്ചുവരുന്നത്.

(ബി) തരിശിട്ടിരിക്കുന്ന നെൽവയലുകളിൽ കൃഷി നടത്തുവാൻ നിർദ്ദേശിക്കുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 15, 16 വകുപ്പുകൾ പ്രകാരം പ്രാദേശികതല നിരീക്ഷണ സമിതിക്ക് അധികാരമുണ്ട്. ആവശ്യമായ കേസുകളിൽ അപ്രകാരമുള്ള നടപടികൾ പ്രാദേശികതല നിരീക്ഷണ സമിതികൾ സ്വീകരിച്ചുവരുന്നുണ്ട്. തരിശുഭൂമിയിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് റവന്യൂ വകുപ്പിന് പ്രത്യേകം പദ്ധതികളില്ല. എന്നാൽ തരിശു ഭൂമിയിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വകുപ്പ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. സമഗ്ര നെൽകൃഷി വികസന പദ്ധതി
2. നെൽകൃഷി ഉൽപ്പാദന ബോണസ്
3. തരിശ് നെൽകൃഷിക്ക് ആനുകൂല്യം
4. കേദാരം നെൽകൃഷി വികസന പദ്ധതി
5. പാടശേഖര സമിതിക്ക് നൽകിവരുന്ന ഓപ്പറേഷൻ സപ്പോർട്ട്

(സി) ഭൂരഹിതരും വീട് വയ്ക്കുന്നതിന് പുരയിടം തരമായിട്ടുള്ള ഭൂമി ലഭ്യമല്ലാത്തവരും പുരയിടം തരമായിട്ടുള്ള ഭൂമി സ്വന്തമാക്കുവാൻ സാമ്പത്തിക സ്ഥിതി ഇല്ലാത്ത ദരിദ്ര വിഭാഗങ്ങൾക്കും നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടും പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിലും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരം പരിവർത്തനാനുമതി അനുവദിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. സ്ഥല പരിശോധന നടത്തി

ഭൂമിയുടെ തൽസ്ഥിതിയും അപേക്ഷകരുടെ സാമ്പത്തിക-സാമൂഹ്യ പരിസ്ഥിതിയും വിലയിരുത്തിയതിനുശേഷമാണ് പരിവർത്തനത്തിനുള്ള അപേക്ഷകൾ പരിഗണിച്ചു വരുന്നത്. എന്നാൽ കച്ചവട താൽപ്പര്യത്തോടെയുള്ളതും സ്വകാര്യലാഭം ലക്ഷ്യമിടുന്നതുമായ കേസുകളിൽ ടി നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് ടി കേസുകൾ നിരുത്സാഹപ്പെടുത്തുന്നതിനുള്ള ശക്തമായ നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ പൊതുജനതാൽപ്പര്യത്തിന് മുൻഗണന നൽകുന്ന കേസുകൾ പരിസ്ഥിതിക്ക് കോട്ടം വരാത്തവിധം അനുഭാവപൂർവ്വം പരിഗണിച്ചും വരുന്നുണ്ട്.

(ഡി) ഡാറ്റാ ബാങ്ക് സംബന്ധിച്ച ആക്ഷേപങ്ങൾ വിവിധ പ്രാദേശിക നിരീക്ഷണ സമിതികൾ പരിഗണിച്ചുവരുന്നുണ്ട്. സംശയമുള്ള കേസുകളിൽ കെ.എസ്.ആർ.ഇ.സി.യിൽനിന്നും ഉപഗ്രഹ ചിത്രങ്ങൾ ലഭ്യമാക്കി പരിശോധിച്ചതിനുശേഷമാണ് തീരുമാനമെടുത്തുവരുന്നത്. ആക്ഷേപങ്ങളിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രാദേശിക നിരീക്ഷണ സമിതികൾക്ക് ജില്ലാ തലത്തിൽ നൽകിവരുന്നുണ്ട്.

**വൻകിട കമ്പനികളുടെ ഭൂമി കയ്യേറ്റവും നിയമ ലംഘനവും**

281 (T3324) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ഐ.ടി. കമ്പനികൾ, ഷോപ്പിംഗ് മാൾ, ഫ്ലാറ്റ് എന്നിവയുടെ നിർമ്മാണത്തിനായി വ്യാപകമായി തണ്ണീർത്തടങ്ങളും കായലോരങ്ങളും മണ്ണിട്ട് നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) കോസ്റ്റൽ റെഗുലേഷൻ സോണിൽ ഉൾപ്പെടുത്തി ആക്കുളം കായൽ, പാർവ്വതീ പുത്തനാർ എന്നിവിടങ്ങളിലെ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കേരള നെൽവയൽ-തണ്ണീർതട സംരക്ഷണ നിയമം ലംഘിച്ച് തിരുവനന്തപുരം ജില്ലയിൽ എത്ര ഭൂമി കയ്യേറ്റം നടത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വൻകിട ഐ.ടി. കമ്പനികൾ, ഷോപ്പിംഗ് മാൾ, ഫ്ലാറ്റ് എന്നിവയുടെ നിർമ്മാണത്തിനായി വ്യാപകമായി തണ്ണീർത്തടങ്ങളും കായലോരങ്ങളും മണ്ണിട്ട് നികത്തുന്നത് ജില്ലകളിലൊന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സംരക്ഷണ നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. അനധികൃത നിലം നികത്തൽ തടയുന്നതിനായി ജില്ലാ തലത്തിലും താലൂക്ക് തലത്തിലും റവന്യൂ ഉദ്യോഗസ്ഥരുടെ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരികയും നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ നിർത്തിവയ്പിക്കാനും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഭൂവുടമയ്ക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ആക്കുളം, പാർവതീപുത്തനാർ എന്നിവിടങ്ങളിലെ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോസ്റ്റൽ റഗുലേഷൻ സോൺ നിയമങ്ങളും കെട്ടിട നിർമ്മാണ ചട്ടങ്ങളും ലംഘിച്ചുള്ള നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ച് തിരുവനന്തപുരം ജില്ലയിൽ സർക്കാർ ഭൂമി കയ്യേറ്റം നടത്തിയിട്ടില്ലാത്തതാണ്.

**മഞ്ചേരി ജസില ജംഗ്ഷനിൽ ഫ്ലൈഓവർ**

282 (3325) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജസില ജംഗ്ഷനിൽ ഫ്ലൈഓവർ നിർമ്മിക്കുന്നതിനായി മഞ്ചേരി വില്ലേജിലെ 520.8 ചതുരശ്ര മീറ്റർ സ്ഥലം ഏറ്റെടുക്കുന്നതിനായി മലപ്പുറം കളക്ടറേറ്റിലുള്ള ഫയലിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് ; വിശദമാക്കാമോ ;

(സി) സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പിന് എന്നത്തേക്ക് കൈമാറാൻ കഴിയും എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) മഞ്ചേരി ജസില ജംഗ്ഷനിൽ ഫ്ലൈഓവർ നിർമ്മിക്കുന്നതിനായി മഞ്ചേരി, നറുകര വില്ലേജുകളിൽ നിന്നും 1249.80 ചതുരശ്ര മീറ്റർ (12.498 ആർ) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള എൽ.എ. നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി-ഡി) മഞ്ചേരി പൊതുമരാമത്ത് റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും റിക്വിസിഷൻ ലഭ്യമായതുപ്രകാരം 9-8-2017-ൽ സംയുക്ത സ്ഥലപരിശോധന നടത്തുകയും പ്രസ്തുത സ്ഥല പരിശോധനയിൽ കയ്യേറ്റം ഒഴിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏറനാട് തഹസിൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. തുടർന്ന് 13-4-2018-ൽ കളക്ടറുടെ അദ്ധ്യക്ഷതയിൽ വച്ച് നടത്തപ്പെട്ട റവന്യൂ സർവ്വേ, പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥരുടെ യോഗത്തിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട സ്ഥലത്ത് ഒരു റിവിഷൻ സർവ്വേ നടത്തുന്നതിന് മലപ്പുറം സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്കും സർവ്വേ പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏറനാട് തഹസിൽദാർക്കും നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റീസർവ്വേ റിക്കാർഡിൽ വന്നിട്ടുള്ള വ്യത്യാസം നാളിതുപ്രകാരം മാറ്റം വരുത്തി റെക്കോർഡിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് മലപ്പുറം സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പിന് ഭൂമി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### ദേശീയ/സംസ്ഥാന പാതകളിലെ അനധികൃത കയ്യേറ്റങ്ങൾ

283 (3326) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയ/സംസ്ഥാന പാതകളിലെ അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയവയുടെ ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) സർക്കാർ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ദേശീയ/സംസ്ഥാന പാതകളിലെ അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നവ നിയമാനുസൃത നടപടികൾക്കായി പൊതുമരാമത്ത് വകുപ്പിനും (റോഡുകളും പാലങ്ങളും) കെ.എസ്.ടി.പി. അധികൃതർക്കുമാണ് നൽകിവരുന്നത്. ലഭ്യമായ കണക്കുകൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | കയ്യേറ്റങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 134 |
| കൊല്ലം | ലഭ്യമായിട്ടില്ല |
| ആലപ്പുഴ | 229 |
| പത്തനംതിട്ട | 2 |
| കോട്ടയം | 5 |
| ഇടുക്കി | 132 |
| എറണാകുളം | 2 |
| തൃശ്ശൂർ | ലഭ്യമായിട്ടില്ല |
| മലപ്പുറം | 6 |
| പാലക്കാട് | 25 |
| കോഴിക്കോട് | 47 |
| വയനാട് | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| കണ്ണൂർ | 44 |
| കാസർഗോഡ് | റിപ്പോർട്ട് ചെയ്തിട്ടില്ല |

(സി) സർക്കാർ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള എല്ലാ ഒഴിപ്പിക്കൽ നടപടികളും സ്വീകരിക്കുന്നുണ്ട്. മറ്റ് വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ താലൂക്ക് സർവ്വേയർ മുഖാന്തരം കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പുകൾക്ക് ഒഴിപ്പിക്കൽ നടപടിക്കായി അയച്ചുനൽകുന്നുണ്ട്.

**ഭൂവിനിയോഗ നയം**

284 (3327) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ പദ്ധതികൾക്കായി എത്ര ഏക്കർ ഭൂമിയാണ് സർക്കാർ ഏറ്റെടുത്തിരിക്കുന്നത്;

(ബി) ഏറ്റെടുത്ത എത്ര ഏക്കർ ഭൂമിയാണ് സർക്കാർ ഇതുവരെ വിവിധ പദ്ധതികൾക്കായി ഉപയോഗിച്ചിരിക്കുന്നത്;

(സി) സർക്കാരിന്റെ ഭൂവിനിയോഗ നയത്തിന്റെ അടിസ്ഥാനത്തിലാണോ വിവിധ വകുപ്പുകൾ ഭൂമി ഏറ്റെടുക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികൾക്കായി 502.6936 ഏക്കറോളം ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഏറ്റെടുത്ത സ്ഥലം അതാത് പദ്ധതികൾക്കായി അർത്ഥനാധികാരികൾക്ക് കൈമാറിയിട്ടുണ്ട്. പല പദ്ധതികളും നിർമ്മാണ പ്രവർത്തനങ്ങളിലുമാണ്.

(സി) അതെ. വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നത് RFCTLARR നിയമം, 2013 പ്രകാരവും നെഗോഷ്യബിൾ/ഡയറക്ട് പർച്ചേസ് പ്രകാരവുമാണ്. എന്നാൽ ദേശീയപാതയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നത് 1956-ലെ ദേശീയപാതാ നിയമപ്രകാരമാണ്.

**ഭൂരഹിതർക്ക് ഭൂമി വിതരണം**

285 (3328) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്ക് ഭൂമിവിതരണം ചെയ്യുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ടെത്തിയ ഭൂമി എത്ര ഏക്കറാണെന്നും അത് എവിടെയെല്ലാമാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഭൂരഹിതർക്ക് എത്ര ഭൂമി വിതം നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**കൊല്ലം കോടതി സമുച്ചയ നിർമ്മാണം**

286 (3329) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിനായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽനിന്നും ഉത്തരവുകളോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സമുച്ചയ നിർമ്മാണത്തിനായി എൻ.ജി.ഒ കോർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന റവന്യൂ ഭൂമിയിൽനിന്നും ആവശ്യമായ ഭൂമി വിട്ട്നൽകുമ്പോൾ ജീവനക്കാർക്ക് താമസിക്കുന്നതിനായി ഫ്ളാറ്റ് നിർമ്മിച്ച് നൽകണമെന്നുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കോടതി സമുച്ചയ നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ബാർ അസോസിയേഷനും ശ്രീ. ജോർജ്ജ് വർഗ്ഗീസ്, ശ്രീ. ഡയസ് എന്നിവരും ഫയൽ ചെയ്ത ഡബ്ല്യൂ.പി. (സി) 29723/2015, 7574/2011, സി.സി 14/11 നമ്പർ കേസുകളിൽ സംയുക്തമായി 7-3-2018-ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത് സംബന്ധിച്ച് ജില്ലാ ജഡ്ജി 21-8-2017-ൽ സമർപ്പിച്ച ഭൂമി കൈമാറ്റ അർത്ഥനാപത്രത്തിന്മേൽ ഉത്തരവ് തീയതിയായ 7-3-2018-നുശേഷം 6 ആഴ്ചയ്ക്കകം ജില്ലാ കളക്ടർ തീരുമാനമെടുത്ത് ബഹുമാനപ്പെട്ട കോടതിയെ അറിയിക്കാൻ പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്.

(ബി) കൊല്ലം കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിനായി നിർദ്ദേശിച്ചിട്ടുള്ള ഭൂമിയിൽ NGO Quarters സ്ഥിതി ചെയ്യുന്ന ഭൂമിയും ഉൾപ്പെട്ടുവരുന്നു. കോടതി സമുച്ചയത്തിന് ആവശ്യമുള്ളത്ര ഭൂമി ലഭ്യമാക്കണമെങ്കിൽ, NGO Quarters ഒഴിപ്പിച്ച് പുതിയ 80 ഫ്ലാറ്റ് ടൈപ്പ് കെട്ടിടം നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇക്കാരണങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിനായി 9-10-2018-ൽ ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ഈ സ്ഥലത്ത് നിലവിലുള്ള ക്വാർട്ടേഴ്സുകൾ പൊളിച്ചു മാറ്റി പുതിയ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ സർക്കാരിൽ സമർപ്പിച്ച് ഭരണാനുമതി തേടുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാനും ആയതിനുശേഷം ഭൂമി കൈമാറ്റം സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിൽ പുതുതായി സമർപ്പിക്കാനും കൊല്ലം ജില്ലാ കളക്ടറെ യോഗം ചുമതലപ്പെടുത്തുകയുണ്ടായി. അതനുസരിച്ചുള്ള നടപടികൾ ജില്ലാ കളക്ടർ ആരംഭിച്ചിട്ടുണ്ട്.

**ഭൂരഹിതർക്ക് ഭൂമി വിതരണം**

287 (3330) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ടെത്തിയ ഭൂമി എത്ര ഏക്കറാണെന്നും അത് എവിടെയെല്ലാമാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഭൂരഹിതർക്ക് എത്ര ഭൂമി വീതം നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പട്ടയമില്ലാത്ത ഭൂമി ഏറ്റെടുക്കുന്നതിന് നടപടി**

288 (3331) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള പട്ടയമില്ലാത്ത ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ ഭൂമി നിലനിർത്തിക്കൊണ്ട് അധികമായുള്ള ഭൂമി ഏറ്റെടുക്കുന്നതിനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഏറ്റെടുക്കുന്ന ഭൂമി ലൈഫ് പോലുള്ള പദ്ധതികൾക്കായി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) സംഘടനകൾ/സ്ഥാപനങ്ങൾ കാലങ്ങളായി കൈവശം വച്ചുപോരുന്ന ഭൂമിയിൽ ടി സംഘടനകൾ/സ്ഥാപനങ്ങളുടെ ആവശ്യം നിറവേറ്റുന്നതിന് വേണ്ടുന്ന ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമി ടി ഭൂമിയുടെ കമ്പോള വില ഈടാക്കിയോ കമ്പോള വിലയുടെ നിശ്ചിത ശതമാനം തുക പാട്ടമായി സ്വീകരിച്ചോ പ്രസ്തുത സ്ഥാപനങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പതിച്ചു നൽകിക്കൊണ്ട് ബാക്കി ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**കുമാരനെല്ലൂർ വില്ലേജിലെ മിച്ചഭൂമി**

289 (3332) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ കുമാരനെല്ലൂർ വില്ലേജിൽ മിച്ചഭൂമിയായി കണ്ടെത്തിയ സ്ഥലങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ ഭൂമി അർഹതപ്പെട്ട ആളുകൾക്ക് വിതരണം ചെയ്യാൻ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ഏറ്റെടുത്ത ഭൂമി സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് കൈമാറുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1. ശ്രീ. വി. എം. മൈക്കിളിൽനിന്നും 2.50 ഏക്കർ

2. ശ്രീ. വിഷ്ണു നാരായണൻ നമ്പൂതിരിയിൽനിന്നും 2.96 ഏക്കർ

3. ശ്രീ. കീലത്ത് മുഹമ്മദ് ഹാജിയിൽനിന്നും 3.60 ഏക്കർ

4. ശ്രീ. വി. എൻ. ഉണ്ണിമോയിൻ ഹാജിയിൽനിന്നും 0.55½ ഏക്കർ

5. ശ്രീ. വല്ലിൽ മമ്മത് ഹാജിയിൽനിന്നും 4.90 ½ ഏക്കർ

6. ശ്രീ. കെ. പി. വിനോദിൽനിന്നും 24.29 ½ ഏക്കർ

7. ശ്രീ. വയലിൽ മരയ്ക്കാർ ഹാജിയിൽനിന്നും 0.48 ഏക്കർ

8. ശ്രീമതി തങ്കമണി അമ്മയിൽനിന്നും 0.25 ഏക്കർ

(ബി) ശ്രീ. വിഷ്ണു നാരായണൻ നമ്പൂതിരിയിൽനിന്നും ഏറ്റെടുത്ത മിച്ചഭൂമി കേരള ഭൂപരിഷ്കരണ നിയമം 2005-ലെ 7 ഇ ഭേദഗതി പ്രകാരം കേസ് തീരുമാനമാകാത്തതിനാൽ പ്രസ്തുത സ്ഥലം പതിച്ചുനൽകാൻ സാധിച്ചിട്ടില്ല. ശ്രീ. കെ. പി. വിനോദിൽ നിന്നും ഏറ്റെടുത്ത 24.29½ ഏക്കറിൽ പതിച്ചു കൊടുക്കാൻ ശേഷിച്ച 1.40 ഏക്കർ സ്ഥലം പതിച്ചു കൊടുക്കാൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി ഫോറം 18 നൽകിയിട്ടുള്ളതാണ്. എന്നാൽ ഗുണഭോക്താക്കളെ കണ്ടെത്തിയതിൽ ആക്ഷേപം ഉന്നയിച്ച് ജനങ്ങൾ തുടർനടപടി തടസ്സപ്പെടുത്തിയതിനാൽ മിച്ചഭൂമി പതിച്ചുകൊടുക്കുന്ന നടപടി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

(സി) കുമാരനെല്ലൂർ വില്ലേജിൽ സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് കൈമാറുന്നതിനായി ഏറ്റെടുത്ത മിച്ചഭൂമി ലഭ്യമല്ല.

**ഹാരിസൺ കമ്പനിക്ക് മരങ്ങൾ മുറിക്കാനുള്ള അനുമതി**

290 (3333) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശ ഭൂമിയിൽ ഉടമസ്ഥതയില്ലാത്ത ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിക്ക് കോടികൾ വിലമതിക്കുന്ന മരങ്ങൾ സൗജന്യമായി മുറിക്കാനായി പൊതുഭരണ വകുപ്പ് അനുമതി നൽകിയത് റവന്യൂ വകുപ്പിന്റെ കൂടി അറിവോടെയാണോ എന്നറിയിക്കുമോ;

(ബി) പൊതുഭരണ വകുപ്പിന്റെ പ്രസ്തുത നടപടിയെ റവന്യൂ വകുപ്പ് എതിർത്തിരുന്നോ;

(സി) ഈ നടപടി തോട്ടം മേഖലയിൽ വ്യാപകമായി മരം മുറിക്കാൻ വഴിവയ്ക്കും എന്ന് റവന്യൂ വകുപ്പ് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിക്ക് മരങ്ങൾ സൗജന്യമായി മുറിക്കാനായി പൊതുഭരണ വകുപ്പ് അനുമതി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പാട്ടത്തുക**

291 (3334) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഭൂമി പാട്ടത്തിനുനൽകിയ വകയിൽ സർക്കാരിന് ഓരോ വർഷവും ലഭിക്കേണ്ട പാട്ടത്തുക എത്രയെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) കഴിഞ്ഞ രണ്ട് സാമ്പത്തികവർഷങ്ങളിൽ ഈ ഇനത്തിൽ ലഭ്യമായ പാട്ടതുക എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 11,53,29,951 |
| കൊല്ലം | 2,00,34,857 |
| പത്തനംതിട്ട | 16,21,400 |
| ആലപ്പുഴ | 20,21,308 |
| കോട്ടയം | 4,41,326 |

| 1 | 2 |
|---|---|
| ഇടുക്കി | 1,88,392 |
| എറണാകുളം | 88,36,30,244 (ഇതിൽ 85,64,97,118 രൂപ സ്റ്റേയിൽ ഉൾപ്പെട്ടതാണ്) |
| തൃശ്ശൂർ | 1,92,406 |
| പാലക്കാട് | 6,01,707 |
| മലപ്പുറം | 1,11,02,081 |
| കോഴിക്കോട് | 4,57,08,996 |
| വയനാട് | 66,736/- |
| കണ്ണൂർ | 41,06,377 |
| കാസർഗോഡ് | 10,85,118 |
| ആകെ | 1,08,61,30,899 |

(ബി) ജില്ലാടിസ്ഥാനത്തിൽ വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 1,74,61,299 |
| കൊല്ലം | 1,13,91,228 |
| പത്തനംതിട്ട | 18,60,913 |
| ആലപ്പുഴ | 44,11,938 |
| കോട്ടയം | 7,05,279 |
| ഇടുക്കി | 2,38,015 |
| എറണാകുളം | 11,40,41,524 |
| തൃശ്ശൂർ | 2,26,71,142 |

| 1 | 2 |
|---|---|
| പാലക്കാട് | 11,78,000 |
| മലപ്പുറം | 21,14,009 |
| കോഴിക്കോട് | 20,55,949 |
| വയനാട് | 1,38,106 |
| കണ്ണൂർ | 67,88,520 |
| കാസർഗോഡ് | 6,87,529 |
| ആകെ | 18,57,43,451 |

(സി) പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിയമാനുസൃത ഡിമാൻഡ് നോട്ടീസ് നൽകുകയും യഥാസമയം പാട്ടത്തുക ഒടുക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**പാമ്പാക്കുട പബ്ലിക് ലൈബ്രറിക്ക് ലഭിച്ച കുത്തകപാട്ട വസ്തു**

292 (3335) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാക്കുട പബ്ലിക് ലൈബ്രറിക്ക് ലഭിച്ച കുത്തകപാട്ട വസ്തു പതിച്ചു കിട്ടുന്നതിനായി സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് റവന്യൂ വകുപ്പിലെ A3/174/2018/റവ. നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 11-11-2018-ലെ 174/എ 3/2018 നമ്പർ കത്ത് പ്രകാരം നിലവിലുള്ള നിയമ പ്രകാരം ടി ഭൂമി പാട്ടത്തിന് എടുക്കാൻ പാമ്പാക്കുട പബ്ലിക് ലൈബ്രറി തയ്യാറാണെങ്കിൽ റോഡ് വികസനത്തിനുൾപ്പെടെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യം വരുന്ന മുറയ്ക്ക് പാട്ടം റദ്ദ് ചെയ്തു ഭൂമി തിരിച്ചെടുക്കുന്നതായിരിക്കും എന്ന അധിക വ്യവസ്ഥകൂടി ഉൾപ്പെടുത്തി ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

293 (3336) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയസമയത്ത് നടന്ന രക്ഷാ ദൗത്യത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിനും ദുരന്ത ബാധിതരുടെ പുനരധിവാസത്തിനും നടത്തിയ ശ്രമങ്ങൾ വിശദമാക്കുമോ ;

(സി) ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ദുരന്തമുഖത്ത് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനും ഒരുക്കിയിരുന്ന സംവിധാനങ്ങളുടെ വിവരങ്ങൾ ലഭ്യമാകുമോ;

(ഡി) പ്രളയ ദുരന്തത്തിൽനിന്ന് കേരളത്തെ കൈപിടിച്ചുയർത്തുന്നതിൽ റവന്യൂ സംവിധാനങ്ങളും റവന്യൂ വകുപ്പ് ജീവനക്കാരും വഹിച്ച പങ്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) സമാനതകളില്ലാത്ത രക്ഷാപ്രവർത്തനമാണ് ദുരന്തത്തിന്റെ തീക്ഷ്ണത വലിയൊരളവിൽ കുറച്ചത്. മത്സ്യത്തൊഴിലാളികളും വിവിധ സേനാംഗങ്ങളും ഉദ്യോഗസ്ഥരും യുവജനങ്ങളും പങ്കാളികളായ പുനരധിവാസ പ്രവർത്തനങ്ങൾക്ക് നാട് ഒരുമിച്ചുനിന്നു. സംസ്ഥാനത്താകെ 5645 ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിച്ചത്.

നാടിന്റെ പൊതുജീവിതം വീണ്ടെടുക്കുന്ന പ്രവർത്തനങ്ങളിൽ സർക്കാരിനോടൊപ്പം വിവിധ ജനവിഭാഗങ്ങൾ ഒരുമിച്ചുനിന്നു. ഇക്കാരണത്താൽ തന്നെ വെള്ളമിറങ്ങിയ പൊതു വഴികളിലും വീടുകളിലും വിദ്യാഭ്യാസ-ആരോഗ്യ കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞു. വൈദ്യുതി, ശുദ്ധജല വിതരണം എന്നിവ പുനഃസ്ഥാപിക്കുന്നതിനും പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാനുമുള്ള മുൻകരുതലുകൾ കൈക്കൊള്ളുന്നതിലും നമുക്ക് വിജയിക്കാനായി.

(ബി&സി) ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണന ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ വീതം അനുവദിച്ചു. 6,80,000 (ആറുലക്ഷത്തി എൺപതിനായിരം) പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. 500 രൂപ വില വരുന്ന ഭക്ഷ്യവസ്തുക്കളുടെ കിറ്റ് ദുരിതാശ്വാസ ക്യാമ്പിൽനിന്ന് മടങ്ങുമ്പോൾ ലഭ്യമാക്കിയിരുന്നു. ഇതിനുപുറമേ, ഡിസംബർ 31 വരെ ദുരന്തബാധിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ കിറ്റ് നൽകിവരുന്നു. 23-11-2018 വരെ 3,26,048 കുടുംബങ്ങൾക്കായി 16.30 കോടി രൂപ വിലവരുന്ന കിറ്റുകൾ വിതരണം ചെയ്തു. സമ്പൂർണ്ണ ഡിജിറ്റൽ സംവിധാനം വഴിയുള്ള വിവര ശേഖരണമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടത്തിയത്. ദുരന്തത്തിൽ തകർന്ന വീടുകൾക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടത്തിന്റെ തോത് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%-ന് മേലെ എന്നിങ്ങനെ തരം തിരിച്ചാണ് ധനസഹായം അനുവദിക്കുന്നത്. ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയായി Minimum Relief Code നിർണ്ണയിച്ചിട്ടുണ്ട്. പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക്, സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാലുലക്ഷം രൂപ വീതം നൽകാനാണ് വ്യവസ്ഥ ചെയ്തത്. അതിൽ 4635 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകിക്കഴിഞ്ഞു. ഇതിന് പുറമേ ഭാഗികമായി വീട് തകർന്ന 1956 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി. ആകെ 39 കോടി രൂപയാണ് രണ്ടും ചേർത്ത് നൽകിയത്. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ഭൂമി കണ്ടെത്തുന്നതിന് ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ മറ്റ് വകുപ്പുകളുടെ കൈയിൽ നിൽക്കുന്ന ഉപയോഗിക്കാതെയുള്ള ഭൂമിയോ സന്നദ്ധസംഘടനകളോ വ്യക്തികളോ സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന ഭൂമിയോ ഏറ്റെടുക്കുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാർഗ്ഗമായി കഴിഞ്ഞ നിരവധിപേരെ സഹായിക്കുന്നതിന് സന്നദ്ധ സംഘടനകൾ മുന്നോട്ടുവന്നു. ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ഇതിനകം 49 കോടി രൂപ സഹായം നൽകി. ജീവനോപാധി നഷ്ടപ്പെട്ടവർക്ക് RKLS (Resurgent Kerala Loans Scheme) സഹായപദ്ധതി, കുടുംബശ്രീ എന്നിവ മുഖേന ഒരുലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകും. ഇതുവരെ 38,441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു. പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സമയബന്ധിതമായി, സൗജന്യമായി രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. ശുചീകരണ പ്രവർത്തനത്തിൽ സമാനതകളില്ലാത്ത

പങ്കാളിത്തമാണ് ബഹുജനങ്ങളിൽനിന്നും സംഘടനകളിൽനിന്നും ഉണ്ടായത്. സർക്കാർ സംവിധാനങ്ങളുടെ സഹായത്തോടെ ഇവ പൂർത്തിയാക്കാൻ കഴിഞ്ഞു. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് വാർഡൊന്നിന് 25,000 രൂപയും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡൊന്നിന് 50,000 രൂപയും അനുവദിച്ചു. മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തി ഉചിതമായ തുക അനുവദിച്ചു. പ്ലാന്റേഷൻ മേഖലയിൽ തൊഴിലുകളിൽ കുറവുണ്ടായത് കണക്കിലെടുത്ത് മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. മുൻഗണനേതര വിഭാഗങ്ങൾക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ച് കിലോ അരി നൽകുവാൻ തീരുമാനിച്ചു.

(ഡി) സമാനതകളില്ലാത്ത രക്ഷാപ്രവർത്തനമാണ് ദുരന്തത്തിന്റെ തീക്ഷ്ണത വലിയൊരളവിൽ കുറച്ചത്. മത്സ്യത്തൊഴിലാളികളും വിവിധ സേനാംഗങ്ങളും റവന്യൂ ഉദ്യോഗസ്ഥരടക്കമുള്ള സർക്കാർ ഉദ്യോഗസ്ഥരും യുവജനങ്ങളും പങ്കാളികളായ രക്ഷാപ്രവർത്തനങ്ങൾക്കാണ് നാട് സാക്ഷ്യം വഹിച്ചത്. സർക്കാരും റവന്യൂ വകുപ്പ് അടക്കമുള്ള സർക്കാരിന്റെ എല്ലാ സംവിധാനങ്ങളും എണ്ണയിട്ട യന്ത്രം പോലെ അക്ഷീണം പ്രയത്നിക്കുകയുണ്ടായി. ഇക്കാരണത്താൽ തന്നെ വെള്ളമിറങ്ങിയ പൊതു വഴികളിലും വീടുകളിലും വിദ്യാഭ്യാസ-ആരോഗ്യ കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞു.

**പിറവം മണ്ഡലത്തിലെ വീടുകളുടെ പുനർനിർമ്മാണം**

294 (3337) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽപ്പെട്ട്, വീട് വാസയോഗ്യമല്ലാത്തവിധം തകർന്നതിനാൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ പിറവം മണ്ഡലത്തിൽ നിന്ന് സമർപ്പിക്കപ്പെട്ടു; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് വീട് പുനർനിർമ്മിക്കുന്നതിനായി സർക്കാർ വാഗ്ദാനം ചെയ്ത നാല് ലക്ഷം രൂപ വീതം നൽകിയെന്ന വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പിറവം മണ്ഡലത്തിൽ ഒരു അപേക്ഷ ലഭിച്ചിട്ടുള്ളതാണ്. പിറവം മുനിസിപ്പാലിറ്റിയിൽനിന്നാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്.

(ബി) ലഭിച്ച അപേക്ഷയിൽ പരിശോധന നടത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആദ്യ ഗഡുവായ 95,100 രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുകയിൽ 50% വീട് നിർമ്മാണം 25% പൂർത്തീകരിക്കുമ്പോഴും ശേഷിക്കുന്ന 50% വീട് നിർമ്മാണം 75% പൂർത്തിയാക്കുമ്പോഴും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതാണ്.

**ആറന്മുള മണ്ഡലത്തിൽ പ്രളയ ദുരിതാശ്വാസ സഹായം**

295 (3338) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള മണ്ഡലത്തിൽ പ്രളയ ദുരിതാശ്വാസ സഹായം (പതിനായിരം രൂപ) എത്ര കുടുംബങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്; താലൂക്ക് തിരിച്ചും വില്ലേജ് തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) നിലവിൽ ദുരിതാശ്വാസ സഹായമായി പതിനായിരം രൂപ കിട്ടാത്തവരുടെ അപേക്ഷകൾ പരിഹരിക്കാനുണ്ടോ; ഉണ്ടെങ്കിൽ എത്ര അപേക്ഷകൾ; പ്രളയ ദുരിതാശ്വാസ സഹായം നൽകുന്നത് വൈകുവാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറന്മുള മണ്ഡലത്തിൽ പ്രളയദുരിതാശ്വാസ ധനസഹായം (10,000 രൂപ) 13870 കുടുംബങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

തിരുവല്ല താലൂക്ക്

1. കോയിപ്രം വില്ലേജ് - 2096

2. ഇരവിപേരൂർ - 2462

3. തോട്ടപ്പുഴശ്ശേരി - 1141

കോഴഞ്ചേരി താലൂക്ക്

4. ആറന്മുള - 2061

5. ചെന്നീർക്കര - 350

6. ഇലന്തൂർ - 76

7. കിടങ്ങന്നൂർ - 1323

| | |
|---|---|
| 8. കോഴഞ്ചേരി | - 857 |
| 9. കുളനട | - 789 |
| 10. മല്ലപ്പുഴശ്ശേരി | - 1352 |
| 11. മെഴുവേലി | - 273 |
| 12. ഓമല്ലൂർ | - 531 |
| 13. പത്തനംതിട്ട | - 559 |
| ആകെ | - 13870 |

(ബി) 54 അപേക്ഷകൾ പരിഗണിച്ചുവരികയാണ്. പ്രളയ ബാധിതർ സ്ഥലത്തില്ലാതിരുന്നതിനാലും ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി. കോഡ് എന്നിവ ലഭ്യമല്ലാതിരുന്നതിനാലും അർഹതാ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ കഴിയാത്തതിനാലാണ് ധനസഹായം അനുവദിക്കാൻ കാലതാമസം ഉണ്ടായത്.

**പ്രളയധനസഹായത്തിനായി വ്യാജ അപേക്ഷകൾ**

296 (3339) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയുടെ പേരിൽ ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളുടെ പരിശോധനയിൽ എത്ര വ്യാജ അപേക്ഷകൾ കണ്ടെത്തി; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) വ്യാജ അപേക്ഷകർക്ക് കൊടുത്ത ധനസഹായം സർക്കാർ തിരിച്ചു പിടിച്ചോ; പ്രസ്തുത അപേക്ഷകർക്ക് ധനസഹായം നൽകാൻ അനുമതി നൽകിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) നിലവിൽ ഏത് ഗവൺമെന്റ് ഉത്തരവിന്റെ അല്ലെങ്കിൽ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പ്രളയക്കെടുതിയിൽപ്പെടുന്നവർക്ക് ധനസഹായം ലഭ്യമാക്കുന്നത് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ശേഖരിച്ചുവരുന്നു.

(ബി) അനർഹരിൽനിന്ന് തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഉത്തരവാദികളായ ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളതും തുടർനടപടി എടുത്തുവരുന്നതുമാണ്.

(സി) 16-8-2018-ലെ സ.ഉ.(കൈ) നമ്പർ 13/2018/ഡി.എം.ഡി. പ്രകാരമാണ് ധനസഹായം വിതരണം ചെയ്യുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

## 10,000 രൂപയുടെ അടിയന്തര സഹായം

297 (3340) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്താൽ ദുരിതമനുഭവിക്കപ്പെട്ട പിറവം നിയോജകമണ്ഡലത്തിലെ എത്ര പേർ 10,000 രൂപയുടെ അടിയന്തര സഹായത്തിനായി അപേക്ഷിച്ചു; വിവരം പഞ്ചായത്ത്തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകരിൽ എത്രപേർക്ക് അടിയന്തര സഹായമായ 10,000 രൂപ ലഭ്യമാക്കിയെന്നും എത്ര പേർക്ക് ഇനി നല്കാനുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പിറവം നിയോജക മണ്ഡലത്തിൽ 10,000 രൂപയുടെ അടിയന്തര സഹായത്തിനായി അപേക്ഷിച്ചവരുടെയും സഹായം അനുവദിച്ചവരുടെയും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

## വില്ലേജ് ഓഫീസറുടെ ചുമതലകൾ

298 (3341) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ റെലിസ് സോഫ്റ്റ് വെയർ നിലവിൽ വന്നത് എന്നുമുതലാണെന്നും എത്ര ശതമാനം ഓഫീസുകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 10/05/2018-ലെ 180/2018/റവ. നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ വിവരിക്കുമോ;

(സി) ഇ-ട്രഷറി, റെലിസ് സോഫ്റ്റ് വെയർ എന്നിവ നിലവിൽ വന്നതിന് ശേഷം അക്കൗണ്ട് തുടങ്ങുന്നതിനും പേയ്മെന്റ് അപ്രൂവ് ചെയ്യുന്നതിനും ചെലാൻ ജനറേറ്റ് ചെയ്യുന്നതിനുമുള്ള ചുമതല വില്ലേജ് ഓഫീസറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ;

(ഡി) കേരള വില്ലേജ് മാന്വൽ ഖണ്ഡിക 102-ൽ തുക ഒടുക്ക് വരുത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം വില്ലേജ് ഓഫീസറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 17-8-2015 മുതലാണ് റെലിസ് സോഫ്റ്റ്‌വെയർ നിലവിൽവന്നത്. നാളിതുവരെ 97% ഓഫീസുകളിൽ ഈ സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. റവന്യൂ ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കുമ്പോൾ നിലവിൽ വില്ലേജോഫീസുകളിൽ ഉപയോഗിച്ചുവരുന്നതും മാനുവൽ ആയി തയ്യാറാക്കി സൂക്ഷിക്കുന്നതുമായ ബന്ധപ്പെട്ട രജിസ്റ്ററുകളും അക്കൗണ്ടുകളും സിസ്റ്റത്തിൽ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

2. ഇ-പേമെന്റ് സംവിധാനം വഴി നികുതി ഒടുക്കുന്ന പൊതുജനങ്ങൾക്ക് നിലവിൽ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ നൽകിവരുന്ന മാതൃകയിലുള്ള രസീതുകൾ നൽകേണ്ടതാണ്.

3. വില്ലേജ് ഓഫീസിൽ നടത്താറുള്ള ജമാബന്ദി മുതലായ പരിശോധനകൾക്കുവേണ്ടി ഓൺലൈൻ സംവിധാനത്തിലൂടെ തയ്യാറാക്കുന്ന രസീതുകൾക്കും അക്കൗണ്ടുകൾക്കും രജിസ്റ്ററുകൾക്കും നിയമസാധുത ഉണ്ടായിരിക്കുന്നതാണ്.

(സി) ഇ-ട്രഷറി, റെലിസ് സോഫ്റ്റ്‌വെയറുകൾ ഇന്റഗ്രേറ്റ് ചെയ്താണ് നിലവിൽ ചെലാൻ ജനറേറ്റ് ചെയ്യുന്നത്. ആയതിന്റെ ചുമതല വില്ലേജോഫീസറിൽ നിക്ഷിപ്തമാണ്.

(ഡി) ഉണ്ട്.

**റവന്യൂ വകുപ്പിന്റെ ആധുനികവത്കരണം**

299 (3342) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിന്റെ ആധുനികവത്കരണ പദ്ധതികൾ ഏതൊക്കെ സോഫ്റ്റ് വെയറുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ?

<u>ഉത്തരം</u>

റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണ പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്ന സോഫ്റ്റ്‌വെയർ മുഖേന ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു.

(1) ഇ-ഡിസ്ലിക്ട്

വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ലിക്ട്. ഇതുവഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെതന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.

(2) ആർ. ആർ. ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജുതലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

(3) സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാദ്ധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

(4) ഇ-പേമെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേമെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(5) ഇ-ഓഫീസ്

ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കി വരുന്ന ഒരു കടലാസ് രഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണിത്. പൊതുജനങ്ങൾക്ക് ഫയലുകളുടെ തൽസ്ഥിതി ഈ സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

സമയബന്ധിതവും സുതാര്യവുമായ സേവനം റവന്യൂ ഓഫീസുകളിൽനിന്ന് പൊതുസമൂഹത്തിന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നത്.

വിവിധ വിഭാഗത്തിലുള്ള സേവനങ്ങളും അതുമായി ബന്ധപ്പെട്ട ഫയലുകളുടെ തൽസ്ഥിതിയും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഇ-ഓഫീസ് സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

## ഡിജിറ്റലൈസേഷൻ, ഡിജിറ്റൽ മാപ്പിംഗ്

300 (3343) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അനുമതിയില്ലാതെ ഏതെങ്കിലും ജില്ലയിൽ സർവ്വേ, ഡിജിറ്റലൈസേഷൻ, ഡിജിറ്റൽ മാപ്പിംഗ് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിൽ വിശദമാക്കുമോ?

ഉത്തരം

എ) ഇല്ല.

(ബി) ബാധകമല്ല.

## ഇ-ഡിസ്ട്രിക് പദ്ധതി

301 (3344) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഡിസ്ട്രിക് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്;

(സി) 2016 ന് ശേഷം ഈ പദ്ധതിയിലേക്ക് കൂടുതൽ സർട്ടിഫിക്കറ്റുകളുടെ വിതരണം ചേർത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 3-12-2018 വരെ 3,67,93,896 സർട്ടിഫിക്കറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്.

(സി) ഇല്ല. എന്നാൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തുന്നതിന് 21-11-2018-ലെ സ.ഉ.(കൈ)നമ്പർ 30/2018/വി.സാ.വ. പ്രകാരം ഗവൺമെന്റ് ഉത്തരവായിട്ടുള്ളതാണ്. ടി സർട്ടിഫിക്കറ്റ് ഓൺലൈനായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതിയ പദ്ധതികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ**

302 (3345) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി സിവിൽ സപ്ലൈസ് ഹൈപ്പർ മാർക്കറ്റ്, പെട്രോൾഗ്യാസ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനും, ഫയർഫോഴ്സിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമാമോ ?

ഉത്തരം

ചാലക്കുടിയിൽ സിവിൽ സപ്ലൈസ് ഹൈപ്പർ മാർക്കറ്റ്, പെട്രോൾ/ഗ്യാസ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ചാലക്കുടി ട്രഷറിക്ക് എതിർവശമുള്ളതും വിദ്യാഭ്യാസ വകുപ്പിന്റെ കൈവശത്തിലുള്ളതുമായ 'ആപ്റ്റിൻ നഗരം പുറമ്പോക്കിന്റെ' സ്കെച്ച് തയ്യാറാക്കി സമർപ്പിക്കുന്നതിന് താലൂക്ക് സർവ്വേയർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

ചാലക്കുടിയിൽ ഫയർ ഫോഴ്സ് ഓഫീസ് നിർമ്മാണത്തിനായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് മെക്കാനിക്കൽ സബ് ഡിവിഷന്റെ കൈവശത്തിലുള്ള 20 സെന്റ് സ്ഥലം അനുവദിക്കുന്നതിലേയ്ക്കായി സ്കെച്ച് തയ്യാറാക്കുന്നതിന് ജില്ലാ കളക്ടർ താലൂക്ക് സർവ്വേയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും സർവ്വേ നടത്തിയിട്ടുള്ളതുമാണ്.

**തിരുമല വില്ലേജ് ഓഫീസിന്റെ നവീകരണ പ്രവൃത്തികൾ**

303 (3346) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുവാൻ അനുമതി ലഭിച്ചിരുന്ന തിരുമല വില്ലേജ് ഓഫീസിന്റെ നവീകരണ പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; പ്രവൃത്തികൾ എപ്പോൾ തുടങ്ങാൻ സാധിക്കും; വിശദമാക്കുമോ ?

ഉത്തരം

തിരുമല വില്ലേജ് ഓഫീസ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി പഴയ വില്ലേജ് ഓഫീസ് കെട്ടിടം പൊളിച്ച് മാറ്റിയിട്ടുണ്ട്. ശേഷിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്.

**റവന്യൂ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

304 (3347) ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ;

(ബി) സ്മാർട്ട് വില്ലേജ് പദ്ധതി നിലവിലുണ്ടോ;

(സി) സ്മാർട്ട് വില്ലേജ് പദ്ധതി പ്രകാരം പുനരുദ്ധാരണം നടത്തിയ വില്ലേജ് ആഫീസുകൾ എത്ര;

(ഡി) സ്മാർട്ട് വില്ലേജ് പദ്ധതി പ്രകാരം പുതിയതായി പണികഴിപ്പിച്ച വില്ലേജ് ആഫീസുകൾ എത്ര; വിശദമാക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്.

(സി) 14 വില്ലേജാഫീസുകൾ നവീകരിച്ചിട്ടുണ്ട്.

(ഡി) 116 വില്ലേജോഫീസുകൾക്ക് കെട്ടിടം പുതുതായി പണികഴിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വില്ലേജ് ആഫീസുകളുടെ നവീകരണം**

305 (3348) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വില്ലേജ് ആഫീസുകളുടെ നവീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇപ്രകാരം ഭരണാനുമതി നൽകിയ വില്ലേജ് ഓഫീസുകളുടെ നവീകരണ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്മാർട്ട് റവന്യൂ പദ്ധതി പ്രകാരം 96 വില്ലേജോഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും വില്ലേജോഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതി പ്രകാരം 1202 പണികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഭരണാനുമതി നൽകിയ പ്രവർത്തനങ്ങളിൽ 2016-17 സാമ്പത്തിക വർഷത്തെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. 2018-19 വർഷത്തെ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആയതിനാൽ നിർവ്വഹണ ഏജൻസിയുമായുള്ള നടപടി ക്രമങ്ങൾ നിയമപ്രകാരം പൂർത്തീകരിച്ച് പ്രവർത്തനം നിർവ്വഹിക്കുന്നതിന് കാലതാമസം നേരിടുന്നതിനാലാണ് പ്രവർത്തനം പൂർത്തീകരിക്കാൻ സാധിക്കാത്തത്.

**വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം**

306 (3349) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കയച്ച 23-3-2018-ലെ എൽ.ആർ.എൻ. 4-13036/17 നമ്പർ കത്തിലെ ശിപാർശ പ്രകാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരിൽ 50% പേരെ എൽ.ഡി./വി.എ./ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് തസ്തികകളിലേക്ക് മാറ്റി നിയമിക്കുന്നത് സംബന്ധിച്ച നിർദ്ദേശം നടപ്പിലാക്കുമോ;

(ബി) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനം എടുക്കുമോ; എങ്കിൽ നിലവിലുള്ള ജീവനക്കാരെ ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റുമാരായി നിയമിക്കുമോ; ഏത് കാറ്റഗറിയിലുള്ള ജീവനക്കാരെയാണ് അതിനായി നിയോഗിക്കുന്നത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) വാട്ട്സ് ആപ്പ് വഴി നോട്ടീസ് നടത്തുകയും അത് കക്ഷി കാണുകയും ചെയ്താൽ നോട്ടീസ് നടത്തിയതായി കണക്കാക്കണമെന്ന് കോടതി പോലും അംഗീകരിച്ച സാഹചര്യത്തിൽ വില്ലേജ് ഓഫീസുകളിലെ ആർ.ആർ നോട്ടീസുകളും ഉത്തരവുകളും നടത്തുന്നതിന് ഇത്തരം മാർഗ്ഗങ്ങൾ ഉപയോഗിക്കാമോ?

ഉത്തരം

(എ&ബി) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ 23-3-2018-ലെ എൽ.ആർ.എൻ.4/13036/17-ാം നമ്പർ കത്തുപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കിയാൽ വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഈ വിഷയം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

**സ്മാർട്ട് വില്ലേജ് ഓഫീസ്**

307 (3350) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസ് ആയി പ്രഖ്യാപിച്ചിട്ടുള്ളത്; ഇവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

ഷൊർണ്ണൂർ മണ്ഡലത്തിലെ വെള്ളിനേഴി വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജായി തെരഞ്ഞെടുത്തിട്ടുള്ളതും പ്രസ്തുത വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി നിർമ്മിതി കേന്ദ്രവുമായി എഗ്രിമെന്റ് വച്ച് ആദ്യ ഗഡു പാലക്കാട് നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുള്ളതുമാണ്.

**വില്ലേജാഫീസുകളിലെ സ്റ്റാഫ് പാറ്റേൺ**

308 (3351) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജാഫീസുകളിലെ ജോലിഭാരം പഠിക്കുന്നതിന് സർക്കാർ അടുത്തകാലത്ത് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഏറ്റവും ഒടുവിലായി ഇത്തരത്തിൽ പഠനം നടത്തിയത്;

(ബി) ഇത്തരം പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജോലിഭാരം ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വില്ലേജാഫീസുകളിലെ സ്റ്റാഫ് പാറ്റേൺ ഏറ്റവും ഒടുവിലായി എന്നാണ് നിശ്ചയിച്ച് നൽകിയിട്ടുള്ളത്; ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേണിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സ്റ്റാഫ് പാറ്റേൺ ഏറ്റവും ഒടുവിലായി നിർണ്ണയിച്ച നൽകിയതിനുശേഷം ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള പുതിയ ജോലികളുടെയും ജനസംഖ്യാനുപാതികമായി വർദ്ധിച്ച ജോലി ഭാരത്തിന്റെയും അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ അനുവദിച്ച് നൽകുന്നതിനും സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പി.&എ.ആർ.ഡി. വില്ലേജുകളിലെ ജോലിഭാരം സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ട്. 7139/AR-5/2011/P&ARD നമ്പരായി സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2014-ലായിരുന്നു അവസാന പഠനം നടത്തിയത്.

(ബി) സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ആഫീസുകളിലെ സ്റ്റാഫ് പാറ്റേൺ അപര്യാപ്തമാണെന്ന് കണ്ട് ജോലിഭാരം കൂടുതലുള്ള 140 വില്ലേജുകളിൽ അധികമായി ഒരു വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) 1972-ലാണ് സ്റ്റാഫ് പാറ്റേൺ ഏറ്റവും ഒടുവിലായി നിശ്ചയിച്ചിട്ടുള്ളത്. ആയതുപ്രകാരം നിലവിൽ വില്ലേജിലുള്ള സ്റ്റാഫ് പാറ്റേൺ താഴെ പറയും പ്രകാരമാണ്.

| | തസ്തിക | എണ്ണം |
|---|---|---|
| 1 | വില്ലേജ് ആഫീസർ | 1 |
| 2 | സ്പെഷ്യൽ വില്ലേജ് ആഫീസർ | 1 |
| 3 | വില്ലേജ് അസിസ്റ്റന്റ് | 1 |
| 4 | വില്ലേജ്മാൻ (വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്ന് നിലവിൽ നാമകരണം ചെയ്തു.) | 2 |
| 5 | കണ്ടിജന്റ് എംപ്ലോയി/പി.റ്റി.എസ്. | 1 |

(ഡി&ഇ) സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ആഫീസുകളിലെ സ്റ്റാഫ് പാറ്റേൺ അപര്യാപ്തമാണെന്ന് കണ്ട് ജോലിഭാരം കൂടുതലുള്ള 140 വില്ലേജുകളിൽ അധികമായി ഒരു വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**കേരള വില്ലേജ് മാന്വൽ പ്രകാരമുള്ള അച്ചടക്കനടപടി**

309 (3352) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വില്ലേജ് മാന്വൽ സർവ്വീസ് ചട്ടപ്രകാരം ഒരു ജീവനക്കാരി പ്രസവകാല അവധിയിൽ നിൽക്കെ അച്ചടക്കനടപടി എടുക്കുന്നതിന് നിയമം അനുശാസിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിശദീകരണം ചോദിക്കാതെ അച്ചടക്കനടപടി എടുക്കുന്നതു സംബന്ധിച്ച് സുപ്രീം കോടതിയുടെ ഉത്തരവ് വിശദമാക്കുമോ;

(സി) പ്രസവകാലത്ത് ജീവനക്കാരിയുടെ മേൽ അച്ചടക്കനടപടി സ്വീകരിക്കുന്നത് മനുഷ്യത്വ രഹിതവും അനീതിയുമാണെന്ന് കരുതുന്നുണ്ടോ;

(ഡി) പ്രസവകാല അവധിയിലായിരിക്കെ ജീവനക്കാരിയുടെ മേൽ അച്ചടക്കനടപടിയും അതുസംബന്ധിച്ച അന്വേഷണവും നടത്തുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) കേരള വില്ലേജ് മാന്വലിൽ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച പരാമർശങ്ങളൊന്നുംതന്നെയില്ല. സർക്കാർ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് KCS (CC&A), Rules 1960-ലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ്. പ്രസവാവധിയിലിരിക്കെ ഒരു ജീവനക്കാരിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ പാടില്ലായെന്ന പരാമർശം പ്രസ്തുത ചട്ടങ്ങളിൽ ഇല്ല.

(ബി) ഇത്തരത്തിലുള്ള സുപ്രീംകോടതി വിധി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചെയ്ത കുറ്റത്തിന്റെ തീവ്രത അനുസരിച്ച് ഒഴിവാക്കാനാകാത്ത സാഹചര്യമാണെങ്കിൽ അച്ചടക്ക അധികാരിയുടെ വിവേചനാധികാരം ഉപയോഗിച്ചാണ് ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത്. ഇത് എല്ലാ ജീവനക്കാർക്കും എല്ലാ കാലത്തും ബാധകമാണ്.

(ഡി) ഇല്ല.

## റവന്യൂ ഉദ്യോഗസ്ഥരുടെ പുനർവിന്യാസം

310 (3353) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര നവകേരള നിർമ്മാണത്തിൽ ഏറ്റവും കൂടുതൽ ജോലിയെടുത്ത റവന്യൂ ഉദ്യോഗസ്ഥർക്ക് ജോലി ഭാരം കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏറ്റവും സീനിയറായ 300 ഡെപ്യൂട്ടി തഹസീൽദാർമാരെ ഗസറ്റഡ് തസ്തികയിലേക്ക് മാറ്റി 4 വില്ലേജ് ഓഫീസുകൾക്ക് ഒരാൾ എന്ന നിലയിൽ സൂപ്പർവൈസറി ജോലി നൽകി റവന്യൂ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും അർഹമായ പ്രമോഷൻ നൽകുവാനും ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നത്തേക്ക് ഈ പുനർവിന്യാസ പ്രമോഷൻ നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത വിന്യാസത്തിനുള്ള തടസ്സമെന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(സി&ഡി) ബാധകമല്ല.

## റവന്യൂ വകുപ്പിൽ ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവർ

311 (3354) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ റവന്യൂ വകുപ്പിൽ ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ നിലവിൽ എത്ര ഒഴിവുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ റവന്യൂ വകുപ്പിൽ ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ ഒഴിവ് നിലവിലില്ല.

(ബി&സി) ബാധകമല്ല.

## വില്ലേജ് ഓഫീസുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനവും റവന്യൂ വകുപ്പിലെ തസ്തികകളുടെ പരിഷ്കരണവും

312 (3355) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജന സമ്പർക്കമുള്ള എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തണമെന്ന ശമ്പള കമ്മീഷൻ ശിപാർശ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത സംവിധാനം നിലവിൽ എത്ര വില്ലേജ് ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയും മൊബൈൽ അപ്ലിക്കേഷനുകൾ വഴിയും നോട്ടീസ് നൽകുകയും അത് കക്ഷി കാണുകയും ചെയ്താൽ നോട്ടീസ് കൈപ്പറ്റിയതായി പരിഗണിക്കുന്നതിന് നിലവിലെ ചട്ടങ്ങളും നിയമങ്ങളും ഭേദഗതി വരുത്തുവാൻ ആലോചിക്കുന്നുണ്ടോ;

(സി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരിൽ 50 ശതമാസം പേരെ എൽ.ഡി. ക്ലർക്ക്/വി.എ./ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കണമെന്ന റവന്യൂ വകുപ്പിന്റെ നിർദ്ദേശം എല്ലാ വില്ലേജ് ഓഫീസുകളിലും നടപ്പിലാക്കുമോ;

(ഡി) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത ലോവർ ഡിവിഷൻ ക്ലർക്കിന് തുല്യമായതിനാലും വില്ലേജ് ഓഫീസിലെ എല്ലാവിധ നികുതികളും പിരിച്ചെടുക്കുന്നതിനുള്ള അധികാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് നൽകിയതിനാലും പ്രസ്തുത തസ്തികയുടെ ശമ്പളത്തിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ;

(ഇ) വില്ലേജ് ഓഫീസ് അസിസ്റ്റന്റ് തസ്തിക കാലോചിതമായി പരിഷ്കരിച്ച് അപ്ഗ്രേഡ് ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത ജീവനക്കാർക്ക് സർവ്വേ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ 23-3-2018-ലെ എൽ.ആർ.എൻ.4/13036/17-ാം നമ്പർ കത്തുപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കിയാൽ വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കേരളത്തിലെ ഒരു വില്ലേജ് ഓഫീസിലും നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തതാണ്.

(ബി) ഇക്കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ 23-3-2018-ലെ എൽ.ആർ.എൻ. 4/13036/17-ാം നമ്പർ കത്തുപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കിയാൽ വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) ഒരു തസ്തികയുടെ ശമ്പള സ്കെയിൽ നിശ്ചയിക്കുന്നത് ആ തസ്തികയിൽ നിക്ഷിപ്തമായിരിക്കുന്ന ജോലിയുടെ സ്വഭാവം, അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, അതാത് തസ്തികയുടെ അധികാര പരിധി എന്നിവയെല്ലാമാണെന്നതിനാൽ വിദ്യാഭ്യാസ യോഗ്യത മാത്രം സമാനമായതുകൊണ്ട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് വില്ലേജ് അസിസ്റ്റന്റുമാരുടെ ശമ്പള സ്കെയിൽ അനുവദിക്കാൻ സാധിക്കുകയില്ലെന്ന് റവന്യൂ(റ്റി)1-204/2017/റവ. നമ്പർ ഫയലിൽ തീരുമാനമെടുത്തിട്ടുള്ളതാണ്.

(ഇ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## വില്ലേജ് ഓഫീസുകളിലെ ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് സംവിധാനം

313 (3356) ശ്രീ. കെ. എൻ. എ ഖാദർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനസമ്പർക്കമുള്ള എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുവാനുള്ള ശമ്പള കമ്മീഷൻ ശിപാർശ വില്ലേജ് ഓഫീസുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ആയത് നടപ്പിലാക്കുന്നതിനെക്കുറിച്ചും ഏത് കാറ്റഗറിയിലെ ജീവനക്കാരെയാണ് ഫ്രണ്ട് ഓഫീസ് മാനേജ്മെന്റിനായി നിയമിക്കുന്നതെന്നും വിശദമാക്കുമോ ;

(ബി) എസ്.എസ്.എൽ.സി യോഗ്യതയുള്ള വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ ശമ്പളം പുനർനിശ്ചയിച്ച് തുല്യയോഗ്യതയുള്ള മറ്റു തസ്തികകളുടേതിനു സമാനമായ ശമ്പളം നൽകുന്നതിനും ഈ തസ്തിക കാലോചിതമായി പരിഷ്കരിച്ച് അപ്ഗ്രേഡ് ചെയ്യാനും ഇവർക്ക് സർവ്വെ പരിശീലനം നൽകാനും നടപടി സ്വീകരിക്കുമോ ;

(സി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരിൽ 50% പേരെ എൽ.ഡി/വി.എ/ ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേക്ക് മാറ്റി നിയമിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; റവന്യൂ വകുപ്പിൽ എൽ.ഡി ക്ലാർക്കായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് മതിയായ പ്രമോഷൻ അവസരങ്ങൾ ഉണ്ടെങ്കിലും വില്ലേജ് ഫീൽഡ് അസിസ്റ്റന്റായി പ്രവേശിക്കുന്നവർക്ക് ഈ അവസരങ്ങൾ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് പരിഹാരം കാണുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ 23-3-2018-ലെ എൽ.ആർ.എൻ. 4/13036/17-ാം നമ്പർ കത്തുപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കിയാൽ വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഒരു തസ്തികയുടെ ശമ്പള സ്കെയിൽ നിശ്ചയിക്കുന്നത് ആ തസ്തികയിൽ നിക്ഷിപ്തമായിരിക്കുന്ന ജോലിയുടെ സ്വഭാവം, അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത,

പ്രവൃത്തി പരിചയം, അതാത് തസ്തികയുടെ അധികാര പരിധി എന്നിവയെല്ലാമാണെന്നതിനാൽ വിദ്യാഭ്യാസ യോഗ്യത മാത്രം സമാനമായതു കൊണ്ട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് വില്ലേജ് അസിസ്റ്റന്റുമാരുടെ ശമ്പള സ്കെയിൽ അനുവദിക്കാൻ സാധിക്കുകയില്ലെന്ന് റവന്യൂ (റ്റി)1-204/2017/റവ. നമ്പർ ഫയലിൽ തീരുമാനമെടുത്തിട്ടുള്ളതാണ്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് ചെയിൻ സർവ്വേ ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനിയിലില്ല.

(സി) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ 23-3-2018-ലെ എൽ.ആർ.എൻ. 4/13036/17-ാം നമ്പർ കത്തുപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കിയാൽ വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് പ്രൊമോഷൻ സാദ്ധ്യത വളരെ കുറവാണ്. ശരാശരി 15 വർഷമെങ്കിലും പ്രൊമോഷനുവേണ്ടി കാത്തിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## റിട്ടയർ ചെയ്തവരുടെ കരാർ നിയമനം

314 (3357) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാഷണൽ ഹൈവേ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളിൽ;

(സി) ഇപ്രകാരം നിയമിക്കുന്നവർക്ക് നിശ്ചയിച്ചിട്ടുള്ള വേതനം എത്രയാണ്?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ നാഷണൽ ഹൈവേ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് റവന്യൂ വകുപ്പിൽ നിന്നും വിരമിച്ച

ഉദ്യോഗസ്ഥരെ ഒരു വർഷത്തേയ്ക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 8-2-2018-ലെ ബി1/74/18/റവ. നമ്പർ കത്തുപ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിരമിച്ച ഉദ്യോഗസ്ഥരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ നിന്നും താഴെപ്പറയുന്ന തസ്തികകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിലെ CALA ഓഫീസുകളിൽ ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ നേരിട്ട് നിയമനം നടത്തിയ വിരമിച്ച റവന്യൂ ഉദ്യോഗസ്ഥർ സേവനം ചെയ്തുവരുന്നുമുണ്ട്.

<u>തിരുവനന്തപുരം</u>

1. ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ്
2. റവന്യൂ ഇൻസ്പെക്ടർ
3. വാല്യൂവേഷൻ അസിസ്റ്റന്റ്
4. ചെയിൻമാൻ

<u>കൊല്ലം</u>

1. ജൂനിയർ സൂപ്രണ്ട്
2. സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർ
3. സീനിയർ ക്ലാർക്ക്
4. ക്ലാർക്ക്
5. ടൈപ്പിസ്റ്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ
6. ഓഫീസ് അറ്റൻഡന്റ്

<u>ആലപ്പുഴ</u>

1. വാല്യൂവേഷൻ അസിസ്റ്റന്റ്
2. റവന്യൂ ഇൻസ്പെക്ടർ
3. സ്പെഷ്യൽ വില്ലേജ് ഓഫീസർ
4. വില്ലേജ് അസിസ്റ്റന്റ്
5. ഓഫീസ് അറ്റൻഡന്റ്

മലപ്പുറം

1. റവന്യൂ ഇൻസ്പെക്ടർ

കാസർഗോഡ്

1. ക്ലറിക്കൽ സ്റ്റാഫ്

2. കമ്പ്യൂട്ടർ ഓപ്പറേറ്റർ

3. ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ്

(സി) 21-7-2018-ലെ സ.ഉ.(അച്ചടി) 112/18/ധനകാര്യ വകുപ്പ് നമ്പർ ഉത്തരവുപ്രകാരം അനുവദിച്ച മാസവേതന ക്രമത്തിലാണ് വേതനം നൽകിവരുന്നത്.

**ഡെപ്യൂട്ടി തഹസീൽദാറുടെ പ്രൊബേഷൻ ഫയൽ**

315 (3358) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ ഡെപ്യൂട്ടി തഹസീൽദാർ തസ്തികയിൽ ജോലി ചെയ്യുന്ന 50 വയസ് പൂർത്തിയായ ലേഖ എൽ.എന്നവരുടെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോ;

(ബി) ഇവരുടെ ജൂനിയറായ 50 വയസ് പൂർത്തിയായ കാറ്റഗറിയിൽപ്പെട്ട ഏതെങ്കിലും ജീവനക്കാരുടെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(സി) ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഇവരുടെ പ്രൊബേഷൻ പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട എൽ.ആർ.ഇ.5-37704/17-ാം നമ്പർ ഫയൽ പ്രകാരം പ്രൊബേഷൻ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ ഡെപ്യൂട്ടി തഹസീൽദാർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി ലേഖ.എൻ എന്നവരുടെ ടി തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഈ വിഷയം പരിശോധിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) പ്രസ്തുത വിഷയം ലാൻഡ് റവന്യൂ കമ്മീഷണർ പരിശോധിച്ചുവരുന്നു.

## ഉദ്യോഗസ്ഥർക്കെതിരെ നടപടി

316 (3359) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കാവിലുംപാറ ,മരുതോങ്കര , നരിപ്പറ്റ തിനൂർ , കായക്കൊടി, വളയം വിലങ്ങാട്, വാണിമേൽ, നാദാപുരം, ചെക്കിയാട്, തൂണേരി, എടച്ചേരി തുടങ്ങിയ വില്ലേജുകളിൽ തുടർച്ചയായി മൂന്ന് വർഷത്തിൽ കൂടുതൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ പേര് വിവരങ്ങളും വർഷവും ലഭ്യമാക്കാമോ;

(ബി) ഇവയിൽ ഏതൊക്കെ വില്ലേജ് ജീവനക്കാരുടെ പേരിൽ പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അവരുടെ പേര് വിവരങ്ങളും വെളിപ്പെടുത്തുമോ;

(സി) പരാതികൾ ഉയർന്നിട്ടും അവരെ അവിടെ നിലനിർത്തുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ)

| ക്രമ നമ്പർ | പേര് | തസ്തിക | നിലവിലെ തസ്തികയിൽ ടി ഓഫീസിൽ ഏതു തീയതി മുതൽ ജോലി ചെയ്തുവരുന്നു. |
|---|---|---|---|
| 1 | നിർമ്മൽ ടി. പി. | വില്ലേജ് അസിസ്റ്റന്റ്, കായക്കൊടി | 26-2-2014 |
| 2 | ബിജു സി. കെ. | വില്ലേജ് അസിസ്റ്റന്റ്, നരിപ്പറ്റ | 2-5-2011 |
| 3 | വത്സൻ പി. എം. | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, മരുതോങ്കര | 3-8-2011 |
| 4 | രമേഷ് കെ. | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, മരുതോങ്കര | 29-1-2015 |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | സുനിഷ് ടി. | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, ചെക്യാട് | 1-7-2014 |
| 6 | പ്രജി പി. | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, തിനൂർ | 18-9-2014 |
| 7 | അനിൽകുമാർ പി. കെ. | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, എടച്ചേരി | 18-2-2014 |

(ബി) എടച്ചേരി, മരുതോങ്കര വില്ലേജ് ഓഫീസ് ജീവനക്കാർക്കെതിരെയും വിലങ്ങാട് വില്ലേജ് അസിസ്റ്റന്റിനെതിരെയും പരാതി ലഭിച്ചിട്ടുണ്ട്. ജീവനക്കാരുടെ പേര് വ്യക്തമാക്കാത്ത പരാതികളാണ് ലഭിച്ചിട്ടുള്ളത്. ഇവ അന്വേഷണ ഘട്ടത്തിലാണ്.

(സി) പരാതികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ അന്വേഷണ ഘട്ടത്തിലാണ്. റിപ്പോർട്ട് ലഭിച്ചാലുടൻ നടപടിയെടുക്കുന്നതാണ്.

## കല്ലട ഇറിഗേഷൻ പ്രോജക്ടിന് വേണ്ടി സർക്കാർ ഏറ്റെടുത്ത സ്ഥലം

317 (3360) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 21-ൽ മുൻ സർവ്വേ നമ്പർ 220/2-15-ലും പഴയ തണ്ടപ്പേർ നമ്പർ 7694-ലും ഉൾപ്പെട്ട ഭൂമിയുടെ ഒറിജിനൽ വിസ്തീർണ്ണം വില്ലേജ് രേഖകൾ പ്രകാരം എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഭൂമിയിൽനിന്നും കല്ലട ഇറിഗേഷൻ പ്രോജക്ടിന് വേണ്ടി ലാന്റ് അക്വിസിഷൻ നിയമ പ്രകാരം സർക്കാർ ഏറ്റെടുത്ത സ്ഥലം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ ഏറ്റെടുത്ത സ്ഥലം കഴിച്ച് നിലവിൽ ഈ വസ്തുവിലെ തണ്ടപ്പേർ ഉടമകളുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 21-ൽ മുൻ സർവ്വേ നമ്പർ 220/2-15-ലും പഴയ തണ്ടപ്പേർ നമ്പർ 7694-ലും ഉൾപ്പെട്ട ഭൂമിയുടെ ഒറിജിനൽ വിസ്തീർണ്ണം 45.25 സെന്റ് ആണ്.

(ബി) പ്രസ്തുത ഭൂമിയിൽനിന്നും എൽ.എ. റെക്കോർഡുകൾ പ്രകാരം 6 ആർസ് സ്ഥലം ഏറ്റെടുത്തിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സർക്കാർ ഏറ്റെടുത്തശേഷം മുൻ സർവ്വേ നമ്പർ 220/2/15-ൽ ബാക്കി സ്ഥലം ഉള്ളതായി റീസർവ്വേ രേഖകളിൽ കാണുന്നില്ല.

**ഞീഴൂർ ഐ.എച്ച്.ആർ.ഡി. കോളേജിന് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി**

318 (3361) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഞീഴൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. കോളേജിന് ഞീഴൂർ പഞ്ചായത്ത് വക സ്ഥലം അനുവദിക്കുന്നതു സംബന്ധിച്ച് നിലവിൽ റവന്യൂ വകുപ്പിലുള്ള Rev4/116/2018 (ഇ-ഫയൽ നമ്പർ 844592/2018) നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത ഫയലിന് ധനകാര്യ വകുപ്പിൽ നിന്നും ലഭിക്കേണ്ടതായ അനുമതി ലഭിച്ചിട്ടുണ്ടോ; ഫയൽ തീർപ്പാക്കുവാൻ ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ; ആയത് എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഞീഴൂർ പഞ്ചായത്തിൽ ഐ.എച്ച്.ആർ.ഡി.ക്ക് കോളേജ് സ്ഥാപിക്കുവാൻ 6-7-2009-ലെ G.O.(Rt) No.1660/2009/LSGD ഉത്തരവുപ്രകാരം 3 ഏക്കർ ഭൂമി അനുവദിച്ചു. കേരള പഞ്ചായത്ത് രാജ് ആക്ട് 279(1) വകുപ്പുപ്രകാരം ഞീഴൂർ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ഞീഴൂർ വില്ലേജിൽ block 27-ൽ Resurvey-419/1-ൽപ്പെട്ട 2.0236 ഹെക്ടർ (5 ഏക്കർ) ഭൂമി പ്രസ്തുത ആക്ടിലെ 279(2) വകുപ്പുപ്രകാരം പഞ്ചായത്ത് രാജ് ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി 31-5-2017-ലെ SRO 310/17 ഗസറ്റ് വിജ്ഞാപന പ്രകാരം റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

ടി ഭൂമി 6-2-2016-ലെ ജി.ഒ.(എംഎസ്.)നമ്പർ 96/2016/റവ. ഉത്തരവുപ്രകാരം അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന നിരക്കായ വിലയുടെ 5% വാർഷിക പാട്ടം നിശ്ചയിച്ച് അനുവദിക്കുന്നത് സംബന്ധിച്ച അംഗീകാരത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരിക്കുകയാണ്. പ്രസ്തുത ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**ഫോർട്ട് കൊച്ചിയിലെ കൊച്ചിൻ ക്ലബ്ബ് കൈവശം വച്ചിരിക്കുന്ന ഭൂമി**

319 (3362) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി 31-3-2006-ൽ അവസാനിച്ചതും പാട്ടവ്യവസ്ഥകൾ ലംഘിച്ച കൊണ്ട് ഫോർട്ട് കൊച്ചിയിലെ കൊച്ചിൻ ക്ലബിന്റെ കൈവശം വച്ചിരിക്കുന്നതുമായ 4.44.220 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിൽ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് മുന്നോടിയായി പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുന്നതിനായി ടി വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്.

**പട്ടിമറ്റം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് നിർമ്മാണത്തിനായി റവന്യൂ ഭൂമി**

320(3363) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിൽ പട്ടിമറ്റം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനായി പട്ടിമറ്റം വില്ലേജ് പരിധിയിൽ കണ്ടെത്തിയിട്ടുള്ള റവന്യൂ പുറമ്പോക്ക് ഭൂമി കൈമാറുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

കുന്നത്തുനാട് താലൂക്കിൽ ബ്ലോക്ക് 34, റീസർവ്വേ 81/3-ൽപ്പെട്ട 10.12 ആർ ഭൂമി കൈമാറ്റ വ്യവസ്ഥയിൽ പട്ടിമറ്റം KSEBL-ന് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിക്വിസിഷൻ സമർപ്പിച്ചിരുന്നതാണ്. എന്നാൽ KSEBL-ന് സേവന വകുപ്പല്ലാത്തതിനാൽ പാട്ടവ്യവസ്ഥയിൽ മാത്രമേ ഭൂമി അനുവദിക്കാൻ കഴിയുകയുള്ളുവെന്നും ആവശ്യമെങ്കിൽ പാട്ടത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് KSEBL-ന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും KSEBL-ന് അപേക്ഷ സമർപ്പിച്ചിട്ടില്ല.

**ദലിത് ക്രൈസ്തവർക്ക് ജാതി സർട്ടിഫിക്കറ്റ്**

321 (3364) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദലിത് ക്രൈസ്തവർക്ക് വില്ലേജ് ആഫീസർമാർ ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ദലിത് ക്രൈസ്തവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുമ്പോൾ നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം ജാതിയുടെ സ്ഥാനത്ത് 'പട്ടികജാതിയിൽ നിന്നും മതപരിവർത്തനം ചെയ്തവർ' എന്ന് രേഖപ്പെടുത്തുന്നതിന് പകരം മുൻകാലത്ത് രേഖപ്പെടുത്തിയിരുന്നതു പോലെ അവരുടെ പരിവർത്തനത്തിന് മുമ്പുള്ള ജാതി രേഖപ്പെടുത്താൻ നിർദ്ദേശം നൽകണമെന്നുള്ള ആവശ്യം പരിഗണിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കേന്ദ്ര സർക്കാരിന്റെ കേരളത്തിനായുള്ള ഒ.ബി.സി. പട്ടികയിലെ ക്രമ നമ്പർ 45, കേരള സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഒ.ബി.സി. പട്ടികയിലെ ക്രമ നമ്പർ 47, കേരള സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള നോൺ ക്രിമിലെയർ (ഒ.ബി.സി.) പട്ടികയിലെ ക്രമ നമ്പർ 47, സംസ്ഥാന സർക്കാരിന്റെ ഒ.ഇ.സി. (1) പട്ടികയിലെ ക്രമ നമ്പർ 6, സംസ്ഥാന സർക്കാരിന്റെ എസ്.ഇ.ബി.സി. പട്ടികയിലെ ക്രമ നമ്പർ VII b എന്നിവയിലെ ഒരിനമായി രേഖപ്പെടുത്തിയിട്ടുള്ളത് " Scheduled Caste Converted to Christianity" എന്നാണ്. ഇത്തരത്തിൽ മാത്രമാണ് പ്രസ്തുത സർട്ടിഫിക്കറ്റുകൾ അനുവദിക്കാനാകുക. മതപരിവർത്തനം നടത്തി ക്രിസ്തുമതം സ്വീകരിക്കുന്നതോടുകൂടി ഇത്തരക്കാർക്ക്

ജാതി രേഖപ്പെടുത്തി സർട്ടിഫിക്കറ്റുകൾ അനുവദിക്കാൻ നിയമവ്യവസ്ഥ യില്ലാത്തതിനാൽ പരിവർത്തനത്തിന് മുമ്പുള്ള ജാതികൂടി രേഖപ്പെടുത്തി സർട്ടിഫിക്കറ്റുകൾ അനുവദിക്കാനാകാത്തതാണ്.

**പ്രളയംമൂലം വില്ലേജാഫീസുകളിലെ രേഖകൾക്കുണ്ടായ നഷ്ടം**

322(3365) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം ഏതെങ്കിലും വില്ലേജാഫീസുകളിലെ രേഖകൾ നഷ്ടമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വില്ലേജാഫീസുകളിൽ ഏതെല്ലാം രേഖകളാണെന്ന് വിശദമാക്കാമോ;

(സി) സംയോജിത ഓൺലൈൻ പദ്ധതി നടപ്പിലാക്കിയ വില്ലേജുകളിലെ വിടെയെങ്കിലും രേഖകൾ നഷ്ടമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം രേഖകൾ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ വില്ലേജ് ഓഫീസുകളിലെ രേഖകൾ നഷ്ടപ്പെട്ടിട്ടുണ്ട്. വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) റെക്കോർഡുകൾ നഷ്ടപ്പെട്ടുപോയിട്ടുള്ള പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ താലൂക്കുകളിലെ ടി വില്ലേജുകളിലെല്ലാം തന്നെ സംയോജിത ഓൺലൈൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്.

**ലാൻഡ് ഗവേണൻസ് സൊസൈറ്റി**

323 (3366) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ എൻ.എൽ.ആർ.എം.പി./ ഡി.എൽ.ആർ.എം.പി. പദ്ധതി പ്രകാരം ലാൻഡ് ഗവേണൻസ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പദ്ധതികളുടെ റിപ്പോർട്ടുകൾ പ്രസ്തുത സൊസൈറ്റി മുഖേന തയ്യാറാക്കിയിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ 25-6-2018-ലെ സ.ഉ. (എംഎസ്.)236/18/റവന്യൂ പ്രകാരം പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തനം നിർത്തലാക്കുകയും പകരം കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ (KLIM), കേരള ലാൻഡ് ബാങ്ക് എന്നിവ സംയോജിപ്പിച്ചുകൊണ്ട് കേരള ലാൻഡ് റെക്കോർഡ് മോഡണൈസേഷൻ മിഷൻ (KLRMM) എന്ന പേരിൽ ഒരു പുതിയ സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

(ബി&സി) പുതിയ സൊസൈറ്റി രൂപീകരിച്ചുവെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടില്ല.

**അസ്സൽ ആധാരങ്ങൾ നൽകുന്നതിനുള്ള നടപടികൾ**

324 (3367) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ചാലക്കുടി അക്കോമഡേഷൻ സ്കീമിൽ വീടും സ്ഥലവും വാങ്ങിയവർക്കുള്ള ഒറിജിനൽ ആധാരം ഇനിയും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുപ്പത്തിയഞ്ച് വർഷം മുൻപ് വിലയ്ക്ക് വാങ്ങിയ പ്രസ്തുത സ്ഥലത്തിന്റെ എൽ.എ.ആർ.കേസുകൾ ഉണ്ടായിരുന്നത് തീർപ്പുകല്പിച്ചിട്ട് വർഷങ്ങൾ പിന്നിട്ടിട്ടും ഒറിജിനൽ ആധാരം നൽകാത്തതുമൂലം അലോട്ടികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് അസ്സൽ ആധാരങ്ങൾ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) 18 സെന്റ് പുറമ്പോക്ക് സ്ഥലം ഹൗസിംഗ് ബോർഡിന് പതിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

ചാലക്കുടി ഭവന പദ്ധതിയുടെ അന്തിമ വില തീർപ്പാക്കുവാൻ സാധിക്കാത്തതുകൊണ്ടാണ് അലോട്ടികൾക്ക് അസ്സൽ ആധാരം നൽകുവാൻ കഴിയാത്തത്. ടി പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന 18 സെന്റ് പുറമ്പോക്ക് സ്ഥലംകൂടി ബോർഡിന്റെ പേരിൽ ലഭ്യമാക്കിയശേഷം അന്തിമവില തീർപ്പാക്കി അസ്സൽ ആധാരങ്ങൾ നൽകുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട നടപടികൾ തൃശ്ശൂർ കളക്ടറേറ്റിൽ പുരോഗമിച്ചുവരുന്നു.

(സി) നഗരസഭാ കൗൺസിലിന്റെ 7-10-2016-ലെ അഞ്ചാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കിഴക്കേ ചാലക്കുടി വില്ലേജ് സർവ്വേ 479/1, 480/2, 481/1-ൽപ്പെട്ട 18 സെന്റ് പുറമ്പോക്ക് ഭൂമി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നൽകുന്നതിനായി റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തം ചെയ്ത് സർക്കാർ വിജ്ഞാപനം ലഭ്യമായാൽ മാത്രമേ ടി ഭൂമിക്ക് പട്ടയ നടപടി സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ. പ്രസ്തുത ഭൂമി ഡീവെസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വില്ലേജ് ഓഫീസുകളിലെ ഓപ്പറേഷൻ മൺസൂൺ പരിശോധന**

325 (3368) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>:

<u>ശ്രീ. സി. മമ്മൂട്ടി</u> :

<u>ശ്രീ. ടി. വി. ഇബ്രാഹിം</u> :

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ മൺസൂൺ എന്ന പേരിൽ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ വിജിലൻസ് പരിശോധന നടത്തിയിരുന്നോ;

(ബി) പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) പരിശോധനയിൽ സേവനാവകാശ നിയമം ലംഘിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനം പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കുമെന്നത് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച 42 റിപ്പോർട്ടുകൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സേവനാവകാശ നിയമ പ്രകാരം പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനും വില്ലേജ് ഓഫീസുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും 23287/D3/2016/റവന്യൂ നമ്പരായി 2016 ആഗസ്റ്റ് 17-ന് സർക്കാർ തലത്തിൽ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് എല്ലാ വില്ലേജുകളിലും നടപ്പിൽ വരുത്തുന്നത് ഉറപ്പാക്കുന്നതിന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകുന്നതോടൊപ്പം കളക്ടറേറ്റിലെ ഇൻസ്പെക്ഷൻ ടീം, കമ്മീഷണറേറ്റിലെ ഇൻസ്പെക്ഷൻ ടീം എന്നിവർക്കൊപ്പം സർക്കാർ തലത്തിലും മിന്നൽ പരിശോധനകൾ നടത്തി ആയത് ഉറപ്പുവരുത്തുന്നുണ്ട്.

**മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ**

326 (3369) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി കയ്യേറ്റ കേസുകൾക്കായുള്ള മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ നിർത്തലാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) പ്രസ്തുത ട്രൈബ്യൂണൽ മുമ്പാകെ എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്;അതിൽ എത്ര കേസ്സുകളിൽ തീരുമാനമെടുത്തു;വ്യക്തമാക്കുമോ;

(സി) പ്രസ്തുത ട്രൈബ്യൂണലിന്റെ പ്രവർത്തനത്തിന് ഇതിനകം എത്ര ലക്ഷം രൂപ ചെലവഴിച്ചു?

ഉത്തരം

(എ) 30-7-2018-ലെ സർക്കാർ ഉത്തരവ് GO(MS)124/2018/Home പ്രകാരം മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്.

(ബി) മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ മുൻപാകെ വിവിധ കോടതികളിൽ നിന്നും അയച്ചുകിട്ടിയ 1170 കേസുകളും വിവിധ റവന്യൂ അധികാരികളിൽ നിന്നും അയച്ചുകിട്ടിയ 25 കേസുകളും ഉൾപ്പെടെ രജിസ്റ്റർ ചെയ്ത ആകെ 1195 കേസുകളിൽ 568 എണ്ണം തീർപ്പുകൽപ്പിച്ചിട്ടുള്ളതും 414 എണ്ണം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതും 26 എണ്ണം തിരിച്ചയച്ചിട്ടുള്ളതും ബാക്കി 187 എണ്ണം വിചാരണയിൽ ഇരിക്കുന്നതുമാകുന്നു.

(സി) 2017-18 സാമ്പത്തിക വർഷം വരെ ആകെ ചെലവഴിച്ചത് 730.92572 ലക്ഷം രൂപയാണ്.

## ചാലക്കുടിയിൽ വാണിജ്യ കേന്ദ്രം

327 (3370) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡുവക സ്ഥലത്ത് വാണിജ്യ കേന്ദ്രം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) ചാലക്കുടി ടൗണിന്റെ ഹൃദയഭാഗത്തായി ഹൗസിംഗ് ബോർഡുവക സ്ഥലത്ത് ഗാർഹിക-വാണിജ്യ സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ-സി) 24-9-2016-ലെ സ.ഉ.(കൈ) നമ്പർ 31/2016/ഭവനം സർക്കാർ ഉത്തരവുപ്രകാരം ഉപഭോക്താക്കളിൽനിന്ന് മുൻകൂർ പണം വാങ്ങി പാരസ്പര്യം മാതൃകയിൽ വാണിജ്യ സമുച്ചയ പദ്ധതി ചാലക്കുടിയിൽ ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിന് ഡ്രോയിംഗ് തയ്യാറാക്കി നഗരസഭയുടെ അംഗീകാരത്തിനായി നൽകിയപ്പോൾ പ്രസ്തുത സ്ഥലം നിലം ആയാണ് രേഖകളിൽ കാണുന്നത് എന്നതിനാൽ കെട്ടിട നിർമ്മാണ അനുമതി ലഭ്യമായിട്ടില്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല.

## സർവ്വേ

328 (3371) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പട്ടം വില്ലേജിന്റെ പരിധിയിലുള്ള പഴയ സർവ്വേ നമ്പർ 1778/6-1/BT 18529 ഭൂമി റീസർവ്വേ നടത്തി വിസ്തീർണ്ണം, കൈവശം ആയവ ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് കാലയളവിലാണ് പ്രസ്തുത നടപടി നടത്തിയത് എന്ന് അറിയിക്കാമോ;

(സി) അനുബന്ധ ഭൂമി റീ സർവ്വേ നടത്തിയതിൽ (VOP:314/14) കൈവശ വിസ്തീർണ്ണത്തിൽ ആധാര സൂചനയിലേതിനേക്കാൾ അധിക വിസ്തീർണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത വിസ്തീർണ്ണ വ്യത്യാസ പ്രകാരം റീസർവ്വേ രേഖകളിൽ നിയമാനുസൃതം മാറ്റം വരുത്തുന്നതിനായി ബന്ധപ്പെട്ട ഭൂവുടമ അപേക്ഷ നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാമോ ;

(എഫ്) ബന്ധപ്പെട്ട ഫയൽ നടപടിക്ക് തടസ്സമായി എന്തെല്ലാം ഘടകങ്ങൾ നിലവിൽ നിലനിൽക്കുന്നു എന്നറിയിക്കാമോ ;

(ജി) സമയബന്ധിതമായി അനുബന്ധ ഫയൽ തീർപ്പ് സാദ്ധ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം താലൂക്ക് പട്ടം വില്ലേജിന്റെ റീസർവ്വേ റെക്കാർഡുകൾ സർവ്വേ അതിരടയാള നിയമം 13 വിജ്ഞാപനപ്രകാരം 8-5-2007-ൽ പ്രസിദ്ധീകരിച്ച് 20-3-2014-ന് റെക്കോർഡുകൾ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്.

(ഇ) ഭൂവുടമയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം (ഭൂരേഖ) തഹസീൽദാരുടെ 12-8-2014-ലെ VOP-314/14 നമ്പർ നടപടിക്രമം പ്രകാരം വിസ്തീർണ്ണ വ്യത്യാസം നടത്തി ഉത്തരവായിട്ടുണ്ട്.

(എഫ്&ജി) ബന്ധപ്പെട്ട ഫയലിൽ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

**സർവ്വേ പദ്ധതികളുടെ സ്വകാര്യവൽക്കരണം**

329 (3372) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർവ്വേ വകുപ്പിൽ ഏതെങ്കിലും ലാന്റ് സർവ്വേ പദ്ധതികൾ പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കുമോ;

<u>ഉത്തരം</u>

സർവ്വേ വകുപ്പിൽ ലാൻഡ് സർവ്വേ പദ്ധതികൾ നിലവിൽ പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല. റീസർവ്വേ നടപടികൾ സമയബന്ധിതമായി

പൂർത്തിയാക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളെക്കൊണ്ട് സർവ്വേ നടപടികൾ നടത്തുന്നതിനും അതിന്റെ വാലിഡേഷൻ നടപടികൾ നിലവിൽ സർവ്വേ വകുപ്പിലുള്ള ജീവനക്കാരെക്കൊണ്ട് ചെയ്യിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

**സർവേയും ഭൂരേഖയും വകുപ്പിലെ വിജിലൻസ് വിഭാഗം**

330 (3373) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവേയും ഭൂരേഖയും വകുപ്പിൽ സർവ്വേ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇവരുടെ പ്രവർത്തന മേഖല, അധികാരങ്ങൾ ഇവ എന്തെന്ന് വെളിപ്പെടുത്തുമോ;

(ബി) വകുപ്പിലെ ജീവനക്കാർക്കെതിരെ നിസ്സാരമായ കാരണങ്ങളുടെ പേരിൽ ഗുരുതരമായ ശിക്ഷാ നടപടികൾക്ക് പല അവസരങ്ങളിലും സർവെ വിജിലൻസ് ശിപാർശ ചെയ്യുന്ന എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ ടി വിഭാഗത്തിന്റെ പ്രവർത്തന രീതിയിൽ എന്തെങ്കിലും അപാകത ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ടി വിഭാഗത്തിന്റെ പ്രവർത്തന മേഖല സംസ്ഥാനമൊട്ടാകെയാണ്. സർവ്വേ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളുടെയും ജീവനക്കാർക്കെതിരെയുമുള്ള പരാതിയിന്മേലുള്ള അന്വേഷണം നടത്തി റിപ്പോർട്ട് നൽകുക എന്ന കർത്തവ്യമാണ് ടി വിഭാഗം നിർവ്വഹിച്ചുവരുന്നത്.

(ബി) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

331 (3374) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ലെ പ്ലാൻ ഫണ്ടിൽനിന്നും നാട്ടിക നിയോജക മണ്ഡലത്തിൽ ചാവക്കാട് താലൂക്കിലെ തളിക്കുളം വില്ലേജിനെ സ്മാർട്ട് വില്ലേജ് ഓഫീസാക്കി

ഉയർത്തുന്നതിന് 44 ലക്ഷം രൂപ അനുവദിച്ചിരുന്നത് സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേയർ, ഡ്രാഫ്റ്റ്മാൻ തസ്തികയിൽ ബി.ടെക്, പോളിടെക്നിക് എന്നീ സാങ്കേതിക യോഗ്യതയുടെ മാത്രം അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ടോ എന്ന കാര്യം വ്യക്തമാക്കാമോ;

(സി) ആധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള സർവ്വേ ജോലികളിൽ ഡ്രാഫ്റ്റ്സ്മാൻ വിഭാഗം വകുപ്പിൽ എന്തൊക്കെ ജോലികളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സർവ്വേ ഫീൽഡ് ജോലിയും ഇതിന്റെ ഓഫീസ് സാങ്കേതിക പരിശോധനയും ഒരു വിഭാഗം ജീവനക്കാർതന്നെ നടത്തിയാൽ സർവ്വേ റിക്കാർഡുകളുടെ കൃത്യത നഷ്ടപ്പെടുന്നതിനും അഴിമതി കടന്നുകൂടുന്നതിനും ഇടയാകുമെന്ന സാഹചര്യം ഗൗരവമായി കാണുമോ?

<u>ഉത്തരം</u>

(എ) 2018-19-ലെ പ്ലാൻ ഫണ്ടിൽനിന്നും തൃശ്ശൂർ ജില്ല, ചാവക്കാട് താലൂക്ക്, തളിക്കുളം വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസാക്കി ഉയർത്തുന്നതിന് 44 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും വില്ലേജ് ഓഫീസിന്റെ നിർമ്മാണ നടപടികൾക്കായി സംസ്ഥാന നിർമ്മിതി കേന്ദ്രയുമായി എഗ്രിമെന്റ് ഒപ്പ് വെച്ചിട്ടുള്ളതും ഇ-ടെണ്ടർ നടപടികളിലിരിക്കുന്നതുമാണ്.

(ബി) സർവ്വേയും ഭൂരേഖയും വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ ബി.ടെക്, പോളിടെക്നിക് എന്നീ സാങ്കേതിക യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്.

(സി) ആധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള സർവ്വേ ജോലികളിൽ ഡ്രാഫ്റ്റ്സ്മാൻ വിഭാഗം വകുപ്പിൽ ചെയ്യുന്ന ജോലികൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ഡി) സർവ്വേ ഫീൽഡ് ജോലിയും ഇതിന്റെ ഓഫീസ് സാങ്കേതിക പരിശോധനയും ഒരു തസ്തികയിലെ ജീവനക്കാർതന്നെ നടത്തുന്ന സാഹചര്യം നിലവലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പ്രകൃതിക്ഷോഭംമൂലം വീടുകൾ നഷ്ടപ്പെട്ടവർക്കുള്ള സാമ്പത്തിക സഹായം

332 (3375) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തികവർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ പ്രകൃതിക്ഷോഭംമൂലം വീടുകൾ നഷ്ടപ്പെട്ടവർ എത്രയെന്ന് താലൂക്ക് അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) വീട് നഷ്ടപ്പെട്ടവർക്ക് എത്ര തുക അനുവദിച്ചു ; എത്ര തുക വിതരണം ചെയ്തു; വിശദമാക്കാമോ ;

(സി) ഇനി എത്ര പേർക്ക് എത്ര തുക വിതരണം ചെയ്യാനുണ്ടെന്ന് താലൂക്ക് അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം ജില്ലയിൽ പ്രകൃതിക്ഷോഭംമൂലം വീടുകൾ നഷ്ടപ്പെട്ടവരുടെ കണക്ക് താലൂക്ക് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| താലൂക്ക് | 2016-17 | 2017-18 |
|---|---|---|
| തിരുവനന്തപുരം | 21 | 26 |
| ചിറയിൻകീഴ് | 3 | 3 |
| നെയ്യാറ്റിൻകര | 26 | 31 |
| നെടുമങ്ങാട് | 0 | 1 |
| വർക്കല | 3 | 5 |
| കാട്ടാക്കട | 0 | 2 |
| ആകെ | 53 | 68 |

(ബി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം ജില്ലയിൽ പ്രകൃതിക്ഷോഭംമൂലം വീടുകൾ നഷ്ടപ്പെട്ടവർക്ക് വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| താലൂക്ക് | വിതരണം ചെയ്ത തുക |
|---|---|
| തിരുവനന്തപുരം | 26,10,000 |
| ചിറയിൻകീഴ് | 4,20,000 |
| നെയ്യാറ്റിൻകര | 29,00,000 |
| നെടുമങ്ങാട് | 95,100 |
| വർക്കല | 4,80,100 |
| കാട്ടാക്കട | 1,97,000 |
| ആകെ | 67,02,200 |

(സി) തുക വിതരണം ചെയ്യുന്നതിന് അവശേഷിക്കുന്നവരുടെ എണ്ണം

| താലൂക്ക് | തുക വിതരണം ചെയ്യുന്നതിന് അവശേഷിക്കുന്നവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 0 |
| ചിറയിൻകീഴ് | 0 |
| നെയ്യാറ്റിൻകര | 0 |
| നെടുമങ്ങാട് | 0 |
| വർക്കല | 1 |
| കാട്ടാക്കട | 0 |

**റീസർവ്വേയിൽ തോട്ടം എന്ന് തെറ്റായി രേഖപ്പെടുത്തിയ ഭൂമി**

333 (3376) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ല മീനച്ചിൽ താലൂക്കിലെ പൂഞ്ഞാർ തെക്കേക്കര വില്ലേജ്, പാറത്തോട്, എരുമേലി, കൊണ്ടൂർ വില്ലേജുകളിൽ നടന്ന റീസർവ്വേയിൽ വസ്തുവിന്റെ ഇനം രേഖപ്പെടുത്തുന്ന ഭാഗത്ത് തോട്ടം എന്ന് തെറ്റായി രേഖപ്പെടുത്തിയത് കൊണ്ട് ജനങ്ങൾക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;വിശദമാക്കുമോ;

(ബി) പ്രസ്തുത ഭൂമികൾ ക്രയവിക്രയം ചെയ്യുവാനോ ബാങ്ക് ലോണുകൾ എടുക്കുന്നതിനോ ഭൂവുടമകൾക്ക് സാധിക്കാത്തത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജില്ലയിലെ റീസർവ്വേ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുവാൻ രാഷ്ട്രീയകക്ഷികളുടെ ഒരു യോഗം വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കോട്ടയം ജില്ലയിലെ കൊണ്ടൂർ വില്ലേജിൽ 12-7-2018, 13-7-2018 തീയതികളിൽ അദാലത്ത് നടത്തുവാൻ അപേക്ഷകൾ സ്വീകരിക്കുകയും 26-8-2017-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.)നമ്പർ 303/2017 പ്രകാരം നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. വസ്തു കേരള ഭൂപരിഷ്കരണ നിയമം, 1963 സെക്ഷൻ 81(1)ഇ പ്രകാരം ഇളവ് അനുവദിച്ച തോട്ടഭൂമിയാണോയെന്ന് പരിശോധിക്കുന്നതിന് മറ്റ് താലൂക്ക് ബോർഡുകളിൽ നിന്നും മീനച്ചിൽ താലൂക്കിലെ വസ്തുക്കൾക്ക് ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തത വരുത്തുന്നതിന് എല്ലാ താലൂക്ക് ലാൻഡ് ബോർഡുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ചുരുക്കം ലാൻഡ് ബോർഡുകളിൽനിന്നും മാത്രമേ ലിസ്റ്റ് ലഭിച്ചിട്ടുള്ളൂ. കൂടാതെ ബി.റ്റി.ആർ. ഉൾപ്പെടെയുള്ള റവന്യൂ റെക്കോർഡുകളിൽ Relis Data-യിൽ തിരുത്തൽ വരുത്തുന്നതിനും സർവ്വേ വകുപ്പിൽ നിന്നും റീ സർവ്വേ റെക്കോർഡുകൾ തയ്യാറാക്കിയ വേളയിൽ 'തോട്ടം' എന്ന രേഖപ്പെടുത്തൽ ചേർക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി പരിശോധിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇപ്പോൾ അങ്ങനെയൊരു തീരുമാനം എടുത്തിട്ടില്ല.

**എടച്ചേരി വില്ലേജിലെ റീ സർവ്വേ പ്രശ്നങ്ങൾ**

334 (3377) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടച്ചേരി വില്ലേജിലെ എടച്ചേരി, വേങ്ങോളി പ്രദേശങ്ങളിൽ റീ സർവേ പൂർത്തികരിച്ചിട്ടും പൊതുജനങ്ങൾക്ക് അവരുടെ ഭൂനികുതി അടയ്ക്കാനും കൈവശാവകാശ രേഖ ലഭിക്കാനും ഭൂമികൈമാറ്റത്തിനും പ്രയാസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ പ്രദേശങ്ങളിലെ ഭൂനികുതി അടയ്ക്കാനും കൈവശാവകാശ രേഖ ലഭിക്കാനും തണ്ടപ്പേർ ലഭിക്കാനും എത്ര അപേക്ഷകൾ നിലവിലുണ്ട്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിന്മേൽ തീരുമാനം ഉണ്ടായിട്ടുണ്ട്; വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എടച്ചേരി, വേങ്ങോളി പ്രദേശങ്ങളിലെ റീസർവ്വേ 26-6-2018-ന് പൂർത്തീകരിച്ചെങ്കിലും ഡാറ്റ റിലീസ് വെബ്സൈറ്റിൽ എന്റർ ചെയ്ത് ലഭ്യമാക്കാത്തതിനാൽ പ്രയാസം നേരിട്ടുണ്ട്. എല്ലാ കക്ഷികൾക്കും 11-7-2018 മുതൽ ഓൺലൈൻ അല്ലാതെ തന്നെ നികുതി രസീത് നൽകിയിട്ടുണ്ട്. ഇപ്പോൾ ഓൺലൈൻ ആയി നികുതി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) എടച്ചേരി വില്ലേജിൽ റീസർവ്വേ പൂർത്തിയാക്കിയ എടച്ചേരി, വേങ്ങോളി പ്രദേശങ്ങളിലെ റീസർവ്വേ ഡാറ്റ 30-10-2018-ന് ഓൺലൈൻ സംവിധാനത്തിൽ പൂർണ്ണമായി ഉൾപ്പെടുത്തി പ്രശ്നം പരിഹരിച്ചിട്ടുണ്ട്. 30-10-2018 മുതൽ ഓൺലൈൻ നികുതിയും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തണ്ടപ്പേർ സർട്ടിഫിക്കറ്റും അനുവദിക്കുന്നുണ്ട്.

(സി) ഓൺലൈൻ ആയി ഭൂനികുതി അടയ്ക്കുന്നതിനും കൈവശ രേഖ ലഭിക്കുന്നതിനും തണ്ടപ്പേർ ലഭിക്കുന്നതിനും ഇപ്പോൾ തടസ്സങ്ങൾ ഒന്നും നിലവിലില്ല. എന്നാൽ ഭൂനികുതി അടയ്ക്കുന്നതിന് സർവ്വേ അദാലത്തുമായി ബന്ധപ്പെട്ട 799 അപേക്ഷ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സർവ്വേ അദാലത്തുമായി ബന്ധപ്പെട്ട 32 അപേക്ഷകളിൽ തീർപ്പായിട്ടുണ്ട്.

**റീസർവ്വേ പൂർത്തീകരണം - വിജ്ഞാപനം പുറപ്പെടുവിക്കാൻ നടപടി**

335 (3378) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വഞ്ചിയൂർ വില്ലേജിലെ മുപ്പതിനായിരത്തോളം സ്ഥലഉടമകൾക്ക്, റീസർവ്വേ പൂർത്തിയായിട്ടും അത് വിജ്ഞാപനം ചെയ്യാത്തതുമൂലം നികുതി അടയ്ക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിജ്ഞാപനം ചെയ്യാൻ വൈകുന്നതിലെ കാരണങ്ങൾ വ്യക്തമാക്കുമോ; എന്തെങ്കിലും പരാതികൾ നിലവിലുള്ള സാഹചര്യത്തിലാണോ വിജ്ഞാപനം ചെയ്യുന്നത് വൈകുന്നത് ;

(സി) എങ്കിൽ പരാതികൾ എത്രയും വേഗം പരിഹരിച്ച് റീസർവ്വേ പൂർത്തിയായ വിവരം വിജ്ഞാപനം ചെയ്യുന്നതിനും സ്ഥല ഉടമകൾക്ക് നികുതി അടയ്ക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ മുൻ സർവ്വേ പ്രകാരം വഞ്ചിയൂർ വില്ലേജിൽ നികുതി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വഞ്ചിയൂർ വില്ലേജിന്റെ റീസർവ്വേ പ്രവർത്തനങ്ങളുടെ അന്തിമഘട്ടത്തിൽ ശ്രദ്ധയിൽപ്പെട്ട ചില പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാലാണ് വിജ്ഞാപനം വൈകുന്നത്.

(സി) വഞ്ചിയൂർ വില്ലേജിൽ ശേഷിക്കുന്ന പരാതികൾ വേഗത്തിൽ പരിഹരിച്ച് സർവ്വേ അതിരടയാള നിയമ പ്രകാരം വിജ്ഞാപനം ചെയ്ത് റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റീസർവ്വേ പൂർത്തീകരിക്കാൻ നടപടി**

336 (3379) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജുകളിൽ റീസർവ്വേ പൂർത്തീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2018-19 ൽ എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിന്റെ ആവശ്യത്തിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായിട്ടുണ്ട്. 10-5-2018-ലെ സ.ഉ.(എം.എസ്) നമ്പർ 181/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വേ സ്കൂളിൽനിന്ന് സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തി വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ

നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിപ്പിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. സർവ്വേ പ്രവർത്തനങ്ങളുടെ ആധുനീകരണവുമായി ബന്ധപ്പെട്ടുള്ള നടപടികൾക്കായി 25-6-2018-ലെ സ.ഉ. (എംഎസ്.) നമ്പർ 236/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ടി ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ നടന്നുവരികയാണ്.

(ബി) 2018-19-ൽ 31 വില്ലേജുകളിലെ റീസർവ്വേ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇന്റഗ്രേഷൻ ഓഫ് ലാൻഡ് റെക്കോർഡ്സ് സർവീസ് ഡെലിവറി പ്രോജക്റ്റിനുവേണ്ടി നടപ്പ് സാമ്പത്തികവർഷം 50 കോടി രൂപ വകയിരുത്തിയിട്ടുള്ളതും ഇതിന്റെ ഭാഗമായി 31 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനങ്ങൾക്ക് 7.28 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്.

**വില്ലേജുകളിലെ റീസർവ്വേ നടപടികൾ**

337 (3380) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വിവിധ ജില്ലകളിലായി എത്ര വില്ലേജുകളിലാണ് റീസർവ്വേ നടപടികൾ പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ എത്ര വില്ലേജുകളിൽ റീസർവ്വേ ആരംഭിച്ചിട്ടുണ്ടെന്നും ഇത് എപ്പോൾ ആരംഭിച്ചുവെന്നും ഇനിയും പൂർത്തീകരിക്കാനുള്ള എത്ര വില്ലേജുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 28 വില്ലേജുകളുടെയും 3 ബ്ലോക്കുകളുടെയും റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ 2-7-2002-ലാണ് ആദ്യമായി സർവ്വേ അതിരടയാള നിയമപ്രകാരം സെക്ഷൻ 6(1) പരസ്യപ്പെടുത്തി റീസർവ്വേ ആരംഭിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ 11 വില്ലേജുകളുടെ റീസർവ്വേ നടപടികൾ പൂർത്തിയായിരുന്നു. 24-1-2017-ലെ ഉത്തരവ് പ്രകാരം 12 വില്ലേജുകളുടെ

റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിരുന്നു. അപ്രകാരം ആകെയുള്ള 128 വില്ലേജുകളിൽ 23 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായിട്ടുള്ളതും 3 വില്ലേജുകളുടെ റീസർവ്വേ പുരോഗതിയിലുമാണ്. പുരോഗതിയിലുള്ള 3 വില്ലേജുകളിൽ സർവ്വേ അതിരടയാള നിയമപ്രകാരം 6-11-2008-ൽ സെക്ഷൻ 6(1) പരസ്യപ്പെടുത്തിയിട്ടുള്ളതും 2017-18 സാമ്പത്തിക വർഷത്തിൽ ഫീൽഡ് വർക്ക് ആരംഭിച്ചിട്ടുള്ളതുമാണ്. നിലവിൽ 102 വില്ലേജുകളുടെ റീസർവ്വേ ശേഷിക്കുന്നു.

**സർവ്വേ സ്കൂളുകൾ**

338 (3381) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർവ്വേ സ്കൂളുകൾ നിലവിലുണ്ട്;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം പുതുതായി സ്വകാര്യ മേഖലയിൽ സർവ്വേ സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ഡ്രാഫ്റ്റ്സ്മാൻ, സർവ്വേ എന്നീ വിഷയങ്ങളെ സംയോജിപ്പിക്കുന്ന നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ഡി) ഓരോ വില്ലേജിലും സർവ്വേയർ /ഡ്രാഫ്റ്റ്സ്മാൻ എന്നിവരെ നിയമിക്കുവാൻ ഇനി എത്ര പേരുടെ ആവശ്യം ഉണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 5 സർക്കാർ ചെയിൻ സർവ്വേ സ്കൂളുകളും സർക്കാർ നിയന്ത്രണത്തിൽ 14 സ്വകാര്യ ചെയിൻ സർവ്വേ സ്കൂളുകളും നിലവിലുണ്ട്.

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം പുതുതായി സ്വകാര്യ മേഖലയിൽ സർവ്വേ സ്കൂളുകൾ അനുവദിച്ചിട്ടില്ല.

(സി) സർവ്വേ വകുപ്പിലെ സമാന തസ്തികകൾ സംയോജിപ്പിക്കുന്ന വിഷയം പരിശോധിക്കുന്നതിനായി സർവ്വേ വകുപ്പിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) റീസർവ്വേ ഓഫീസുകൾ കൂടാതെ എൽ.ആർ.എം., സ്പെഷ്യൽ എന്നീ സർവ്വേ പ്രവർത്തനങ്ങൾക്ക് വേണ്ടി ജില്ലാ എസ്റ്റാബ്ലിഷ്മെന്റിന് കീഴിൽ കളക്ടറേറ്റ്, താലൂക്ക് എന്നീ ഓഫീസുകളിലാണ് സർവ്വേയർ/ഡ്രാഫ്റ്റ്സ്മാൻ എന്നിവരെ നിയമിച്ചുവരുന്നത്.

എൽ.ആർ.എം., സ്പെഷ്യൽ സർവ്വേ എന്നിവയ്ക്കുവേണ്ടി നിലവിലെ സ്ഥിരം തസ്തികകൾ കൂടാതെ അപേക്ഷകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യപ്പെടുന്ന ജീവനക്കാരെ റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും നൽകിവരുന്നു. ഓരോ വില്ലേജിലും സർവ്വേയർ/ഡ്രാഫ്റ്റ്സ്മാൻ എന്നിവരെ നിയമിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

## വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി

339 (T 3382) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രണ്ടോ മൂന്നോ സെന്റ് ഭൂമിയുള്ള പാവപ്പെട്ടവർക്ക് സന്നദ്ധ സംഘടനകളുടെയോ വ്യക്തികളുടെയോ സഹകരണത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര കുടുംബങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

രണ്ടോ മൂന്നോ സെന്റ് ഭൂമിയുള്ള പാവപ്പെട്ടവർക്ക് സന്നദ്ധ സംഘടനകളുടെയോ വ്യക്തികളുടെയോ സഹകരണത്തോടെ വീട് നിർമ്മിച്ച് നൽകുന്ന ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം സർക്കാർ സബ്സിഡിയോടുകൂടി കാസർഗോഡ് ജില്ലയിൽ ഇതുവരെയായി 73 കുടുംബങ്ങൾക്ക് സഹായം അനുവദിച്ചിട്ടുള്ളതും 60 വീടുകൾ ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. അവശേഷിക്കുന്ന വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയുമാണ്.

## ലക്ഷംവീട് കോളനികളുടെ ശോചനീയാവസ്ഥ

340 (T3383) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷംവീട് കോളനി പദ്ധതിയിൽ വീടുകൾ അനുവദിക്കുന്നത് രണ്ട് കുടുംബങ്ങൾക്ക് ഒരു വീട് എന്ന രീതിയിലായതിനാൽ പ്രസ്തുത വീടുകളുടെ അറ്റകുറ്റപണികൾ മുടങ്ങി വാസയോഗ്യമല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കോളനികളുടെ ശോചനീയാവസ്ഥ പരിഹരിച്ച് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ&ബി) എം.എൻ ലക്ഷംവീട് പദ്ധതിക്കുവേണ്ടി സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6,16,63,260 രൂപ വിനിയോഗിച്ച് എം.എൻ. ലക്ഷംവീട് പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ പുനർനിർമ്മാണത്തിനും ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും 26-10-2018-ലെ സ.ഉ. (കൈ.) നമ്പർ 11/2018/ഭവനം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് തരുന്ന 154 ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപ വീതം വിനിയോഗിച്ച് വീടുകൾ പുതുക്കിപ്പണിയുന്നതിന് ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. ആദ്യഘട്ടമായി ഒരു കോടി 50 ലക്ഷം രൂപ 30-11-2018-ലെ ജി.ഒ.(എം.എസ്)നം. 12/2018/ഭവനം പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

## നിർമ്മിതി കേന്ദ്രത്തിന് ഭവന നിർമ്മാണ പദ്ധതിയിൽ തുക

341 (3384) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം നിർമ്മിതി കേന്ദ്രത്തിന് ഭവന നിർമ്മാണ പദ്ധതിയിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) 25-11-2018 വരെ ഈ പദ്ധതിയുടെ ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) തുക ചെലവഴിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് 2216-80-01-99 എന്ന ശീർഷകത്തിൽ സ്വയംപര്യാപ്ത ഗ്രാമ വികസന (Developing Self Sustainable Villages) പദ്ധതി പ്രകാരം 30 വീടുകളുടെയും അനുബന്ധ ഘടകങ്ങളുടേയും നിർമ്മാണത്തിനായി 344 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി&സി) സംസ്ഥാനം നേരിട്ട പ്രളയ ദുരന്തത്തിന്റെ ഫലമായി 2018-19 ബജറ്റ് വിഹിതത്തിൽ നിന്നും 20% കുറഞ്ഞ തുകയ്ക്ക് പുതുക്കിയ പ്രൊപ്പോസൽ സംസ്ഥാന നിർമ്മിതി കേന്ദ്രം ലഭ്യമാക്കിയിട്ടുണ്ട്. പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് ബജറ്റ് വിഹിതം അനുവദിക്കാത്തതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## പ്രളയത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ പൂർണ്ണമായും തകർന്ന വീടുകളുടെ നിർമ്മാണം

342 (3385) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നഗരസഭ, തെക്കുംകര, മുളങ്കുന്നത്തുകാവ്, കോലഴി, അവണൂർ, കൈപ്പറമ്പ്, തോളൂർ, അടാട്ട് എന്നീ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പൂർണ്ണമായും വീടുകൾ തകർന്ന കുടുംബങ്ങളുടെ പേരു വിവരം വ്യക്തമാക്കുമോ;

(ബി) പൂർണ്ണമായും വീടുകൾ തകർന്ന കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് നാളിതുവരെയായി നൽകിയ തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയത്തിൽ തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി നഗരസഭ, തെക്കുംകര, മുളംകുന്നത്തുകാവ്, കോലഴി, അവണൂർ, കൈപറമ്പ്, തോളൂർ, അടാട്ട് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പൂർണമായും വീടുകൾ തകർന്ന കുടുംബങ്ങളുടെ പേരുവിവരങ്ങളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) പൂർണ്ണമായും വീടുകൾ തകർന്നതിന് നാളിതുവരെ 140 പേർക്ക് 560 ലക്ഷം രൂപ അനുവദിച്ചു.

## പ്രധാനമന്ത്രി ആവാസ് യോജനയിൽ ഇരുപതിനായിരം വീടുകൾ നഷ്ടമായ കാര്യം

343 (3386) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഭവന പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജനയിൽ കേരളത്തിന് ലഭിക്കുമായിരുന്ന ഇരുപതിനായിരം വീടുകൾ ഇത്തവണ നഷ്ടമായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച വീടുകൾ പൂർത്തിയാക്കിയിട്ടില്ലെന്ന പരാതി പരിശോധിക്കുമോ; ഇതിനുത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കേന്ദ്രസർക്കാരിന്റെ ഫണ്ട് ഉപയോഗിക്കാതെ വരുന്നത് സംസ്ഥാനത്തിന്റെ തുടർന്നുള്ള പദ്ധതികളെ ബാധിക്കുമെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രാമ പ്രദേശങ്ങളിൽ നടപ്പാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിക്കായി വീടുകൾ നഷ്ടമായിട്ടില്ല.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**ഹൗസിംഗ് ബോർഡ്**

344 (3387) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ഹൗസിംഗ് ബോർഡ് മുഖേന എത്ര ഭവനനിർമ്മാണ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകാമോ;

(ബി) വ്യാപകമായ ഭവനനിർമ്മാണ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഹൗസിംഗ് ബോർഡിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; വിശദവിവരം നൽകുമോ;

(സി) ഹൗസിംഗ് ബോർഡിനെ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡ് സംസ്ഥാന സർക്കാരിന്റെ 2017-18 വർഷത്തെ ബജറ്റ് വിഹിതം ഉപയോഗിച്ച് സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് 12 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന വായ്പാ പദ്ധതികൾ ഒന്നുംതന്നെ ബോർഡിനെ ഏൽപ്പിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലഘട്ടത്തിൽ ആവിഷ്കരിച്ച ഗൃഹശ്രീ പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17-ൽ 28.88 കോടി രൂപയും 2017-18-ൽ 7.27 കോടി രൂപയും സർക്കാർ സബ്സിഡിയായി ലഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെയായി 876 ഗുണഭോക്താക്കൾക്ക് ഗൃഹശ്രീ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ 711 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 165 പേരുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

<u>ഗൃഹശ്രീ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ്</u>

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ഭവനം പൂർത്തിയാക്കിവരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 171 | 166 |
| കൊല്ലം | 35 | 33 |
| ആലപ്പുഴ | 73 | 54 |
| പത്തനംതിട്ട | 12 | 11 |
| കോട്ടയം | 110 | 92 |
| ഇടുക്കി | 80 | 71 |
| എറണാകുളം | 32 | 30 |
| തൃശ്ശൂർ | 3 | 3 |
| പാലക്കാട് | 186 | 118 |
| മലപ്പുറം | 55 | 39 |
| കോഴിക്കോട് | 13 | 13 |
| വയനാട് | 20 | 17 |
| കണ്ണൂർ | 35 | 26 |
| കാസർഗോഡ് | 51 | 38 |
| ആകെ | 876 | 711 |

(ബി) ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികളെല്ലാം സർക്കാർ അംഗീകാരത്തോടുകൂടിയുള്ളവയാണ്. ദുർബല വിഭാഗങ്ങൾക്കായിട്ടുള്ള ഭവന പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ (ലൈഫ് പദ്ധതി) മുഖാന്തരമാണ് നടപ്പിലാക്കുന്നത്. ഭവന നിർമ്മാണ ബോർഡ് നൂതനമായ പുതിയ ഭവന പദ്ധതികൾ സമർപ്പിക്കുകയാണെങ്കിൽ അക്കാര്യം സർക്കാർ പരിശോധിക്കുന്നതായിരിക്കും.

(സി) ഹൗസിംഗ് ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. നിലവിൽ കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാർ ധനസഹായത്തോടുകൂടി വിവിധ ജില്ലകളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിച്ചുവരുന്നു. 2013-14 കാലഘട്ടം മുതൽ ഗൃഹശ്രീ ഭവന പദ്ധതിയും ബോർഡ് മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ സർക്കാർ ഏൽപ്പിക്കുന്ന വിവിധ വകുപ്പുകളുടെ കീഴിലുള്ള വർക്കുകളും ചെയ്തുവരുന്നുണ്ട്. ഭാവിയിൽ കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഡീസൽ വില വർദ്ധനവ് മത്സ്യബന്ധന മേഖലയിൽ സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി

345 (3388) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില വർദ്ധനവ് മത്സ്യബന്ധന മേഖലയിൽ സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ;

(ബി) ഡീസൽ വില വർദ്ധനവ് കാരണം ഒരു ബോട്ടിന് സാമ്പത്തിക ബാധ്യത വർഷത്തിൽ പന്ത്രണ്ടു ലക്ഷം മുതൽ പതിനെട്ടു ലക്ഷം രൂപ വരെയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇരുന്നൂറ്റമ്പത് മുതൽ അഞ്ഞൂറ് ലിറ്റർ ഡീസൽ വരെ നിറച്ച് മത്സ്യബന്ധനത്തിന് പോകുന്ന പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങൾക്ക് പ്രതിദിന അധിക ചെലവ് 3250 മുതൽ 6500 രൂപ വരെ ആണെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ബോട്ടിന്റെ പ്രവർത്തനവും വലിപ്പവും അനുസരിച്ച് ഡീസലിന്റെ ഉപഭോഗം വ്യത്യാസപ്പെടും. പതിനഞ്ച് ദിവസത്തിൽ കൂടുതൽ കടലിൽ തങ്ങി മത്സ്യബന്ധനം നടത്തുന്ന ബോട്ടുകളിൽ ഏകദേശം 3000 മുതൽ 4000 ലിറ്റർ വരെ ഡീസൽ ഒരു തവണ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നു. ഇങ്ങനെ ശരാശരി 20 തവണയെങ്കിലും ഇത്തരം ബോട്ടുകൾ ഒരു വർഷത്തിൽ മൾട്ടി ഡേ ഫിഷിംഗ് നടത്താറുണ്ട്. അതുപ്രകാരം ചെലവിൽ കാര്യമായ വർദ്ധനവ് മത്സ്യബന്ധന ബോട്ടുകൾക്ക് ഉണ്ടാകുന്നുണ്ട്. മത്സ്യത്തിന് മെച്ചപ്പെട്ട വില ലഭിക്കുന്നത് കുറെയേറെ ആശ്വാസകരമാണ്.

(സി&ഡി) ഡീസൽ വില വർദ്ധനവുമൂലം മത്സ്യബന്ധന ചെലവ് വർദ്ധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി ഡീസലിന് സബ്സിഡി നൽകുന്നുണ്ടെങ്കിലും അത് ബി.പി.എൽ.കാർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ അത് ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യമുണ്ട്. ഈ ആനുകൂല്യം എ.പി.എൽ.കാർക്കുകൂടി അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുവരികയാണ്. കൂടാതെ, ഒരു ലിറ്റർ ഡീസലിന് ഏകദേശം 8 രൂപ റോഡ് ടാക്സ് ഇനത്തിൽ ചുമത്തപ്പെടുന്നുണ്ട്. മത്സ്യബന്ധന യാനങ്ങളിൽ ഉപയോഗിക്കുന്ന ഡീസലിൽ ചുമത്തുന്ന റോഡ് ടാക്സ് ഒഴിവാക്കുവാനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ശുചിത്വ സാഗരം പദ്ധതി

346 (3389) <u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> :
<u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ശുചിത്വ സാഗരം പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമമാക്കി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ലോകത്തിനുതന്നെ മാതൃകയായി മാറിയ പ്രസ്തുത പദ്ധതിക്ക് ഐക്യരാഷ്ട്ര സഭയുടെയും ലോക സാമ്പത്തിക ഫോറത്തിന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. കടലിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ശുചിത്വ സാഗരം പദ്ധതി നീണ്ടകര ഹാർബറിൽ 20-11-2017 മുതൽ നടപ്പാക്കിവരുന്നു.

നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് ശുചിത്വ സാഗരം പദ്ധതി നടപ്പിലാക്കുന്നതിന് ശുചിത്വ മിഷന്റെ ധനസഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 14.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ജനകീയ പങ്കാളിത്തത്തോടുകൂടി ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കൊല്ലം ജില്ലാ ശുചിത്വ മിഷൻ, നെറ്റ് ഫിഷ് എം.പി.ഇ.ഡി.എ., സാഫ്, കോസ്റ്റൽ പോലീസ്, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെയും ബോട്ട് ഓണേഴ്സ് അസോസിയേഷന്റെയും മറ്റ് മത്സ്യത്തൊഴിലാളി സംഘടനകളുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. മത്സ്യബന്ധന സമയത്ത് ലഭിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ബോട്ട് ഓണേഴ്സ് അസോസിയേഷന്റെയും മത്സ്യത്തൊഴിലാളികളുടെയും സഹകരണത്തോടെ സംഭരിച്ച് കരയിലെത്തിച്ച് നീണ്ടകര ഹാർബറിൽ സ്ഥാപിച്ചിട്ടുള്ള ഷ്രെഡ്ഡിംഗ് യൂണിറ്റിൽ സംസ്കരിച്ച് റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചുവരുന്നു. സാഫിൽ നിന്നും തെരഞ്ഞെടുത്ത 15 വനിതകൾ വീതമുള്ള രണ്ട് ഷിഫ്റ്റ് വഴി പ്ലാസ്റ്റിക് മാലിന്യങ്ങൾ കഴുകി ഉണക്കി ഷ്രെഡ്ഡിംഗ് യൂണിറ്റിൽ പൊടിച്ച് ശേഖരിക്കുന്നു. ഇതുവരെ 3987 വേസ്റ്റ് ചാക്കുകൾ ശേഖരിച്ച് സംസ്കരിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ഒരു ദിവസം ഒരു ഷിഫ്റ്റിൽ 200 കിലോഗ്രാമോളം മാലിന്യങ്ങൾ സംസ്കരിക്കാൻ കഴിയും. ഇതുവഴി 30 വനിതകൾക്ക് തൊഴിലും ലഭ്യമായിട്ടുണ്ട്.

(ബി) ശുചിത്വ സാഗരം പദ്ധതി സംസ്ഥാനത്തെ മറ്റ് ഹാർബറുകളിൽ തദ്ദേശഭരണ സ്ഥാപന സഹകരണത്തോടുകൂടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഹാർബറുകളേയും തീരദേശത്തേയും മാലിന്യ വിമുക്തമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ലോകത്തിനു മാതൃകയായ പദ്ധതി എന്ന രീതിയിൽ ഇത് സംബന്ധിച്ച റിപ്പോർട്ട് ലോക സാമ്പത്തിക ഫോറത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഐക്യരാഷ്ട്ര സഭയും പദ്ധതിയെ ശ്ലാഘിച്ചിട്ടുണ്ട്.

## ചെറുമത്സ്യങ്ങളെ പിടികൂടുന്നത് തടയുവാൻ നടപടി

347 (3390) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും മത്സ്യസമ്പത്തിനെ ബാധിക്കുന്ന വിധം ചെറുമത്സ്യങ്ങളെ പിടികൂടുന്നത് തടയുന്നതിന് എന്തെല്ലാം പരിശോധനകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കടലിലെ ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന എന്ന വിഷയത്തെക്കുറിച്ച് മത്സ്യത്തൊഴിലാളികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എല്ലാ മറൈൻ ജില്ലകളിലും റെസ്ക്യൂ ബോട്ടുകൾ ലഭ്യമാക്കുകയും ഇംപൗണ്ടിംഗ് ഓഫീസർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ഫിഷറീസ് സ്റ്റേഷനുകളിലും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ സഹായത്തോടുകൂടി എല്ലാ ദിവസവും കടൽ പട്രോളിംഗ് നടത്തുകയും മത്സ്യബന്ധന യാനങ്ങളിൽ പരിശോധന നടത്തുകയും ചെറു മത്സ്യങ്ങളെ പിടിക്കുന്ന യാനങ്ങൾക്കെതിരെ KMFR ആക്ട് അനുസരിച്ച് നടപടികളെടുക്കുകയും ചെയ്തുവരുന്നു.

(ബി) 2017-ലെ കെ.എം.എഫ്.ആർ. ആക്ട് ഭേദഗതിയിലൂടെ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകൃതമായിട്ടുണ്ട്. ജുവനൈൽ ഫിഷിംഗ് ഉൾപ്പെടെയുള്ള അശാസ്ത്രീയ മത്സ്യബന്ധനം മത്സ്യത്തൊഴിലാളികളുടെകൂടെ സഹായത്തോടെ ബോധവൽക്കരണം നടത്തി പിൻതിരിപ്പിക്കുക എന്നത് എഫ്.എം.സി.കളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. CMFRI-യുടെ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (MLS) നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി 58 മത്സ്യങ്ങളുടെ ലിസ്റ്റ് മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചുകൊടുക്കുകയും തീരദേശത്തെ ഓഫീസുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചെറു മത്സ്യങ്ങളെ പിടിക്കുന്നതിനെതിരെ മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്.

## നിരോധിച്ചിട്ടുള്ള മത്സ്യബന്ധനരീതികൾ

348 (3391) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരയിൽനിന്നും അഞ്ചു നോട്ടിക്കൽ മൈൽ അപ്പുറത്തേയ്ക്ക് അനുവദിച്ചിട്ടുള്ള റിംഗ് വല മത്സ്യബന്ധനരീതി, കരയിൽ നിന്ന് അഞ്ചു നോട്ടിക്കൽ മൈലിന് അകത്തും നടക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ലൈറ്റ്, ക്ലാഞ്ഞിൽ, പ്ലാസ്റ്റിക് കുപ്പി എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനരീതി നിരോധിച്ചിട്ടും തിരുവനന്തപുരം ജില്ലയിൽ അവ വ്യാപകമായി ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് തടയുന്നതിന് ഫലപ്രദമായ നപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) കേരള തീരത്ത് കൊല്ലങ്കോട് മുതൽ പരവൂർ-പൊഴിക്കര വരെ 30 മീറ്റർ ആഴത്തിൽ വരെയും പരവൂർ പൊഴിക്കര മുതൽ ബെംഗാര മഞ്ചേശ്വരം വരെ 20 മീറ്റർ ആഴംവരെയും മെക്കനൈസ്ഡ് ഫിഷിംഗ് വെസ്സലുകൾക്ക് മത്സ്യബന്ധനം നടത്താൻ പാടില്ല എന്ന് കെ.എം.എഫ്.ആർ. റൂളിൽ വ്യക്തമാക്കിയിട്ടുണ്ട്. അത് കൃത്യമായി പാലിക്കുന്നതിന് മറൈൻ എൻഫോഴ്സ്മെന്റിന്റെ സഹായത്തോടുകൂടി നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് ലംഘിക്കുന്ന മെക്കനൈസ്ഡ് മത്സ്യബന്ധന യാനങ്ങൾ ഇംപൗണ്ട് ചെയ്ത് കെ.എം.എഫ്.ആർ. ആക്ട് അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ലൈറ്റ്, ക്ലാഞ്ഞിൽ, കൂട്ടിക്കെട്ടിയ പ്ലാസ്റ്റിക് കുപ്പികൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനരീതി നിയന്ത്രിക്കുന്നതിനുവേണ്ടി കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമത്തിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. 12 വോൾട്ടിന് മുകളിലുള്ള കൃത്രിമ ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനരീതിയാണ് നിരോധിച്ചിട്ടുള്ളത്. മറൈൻ എൻഫോഴ്സ്മെന്റിന്റെ സഹായത്തോടെ ഇത്തരം തെറ്റായ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ ഇതിന്റെ ഭവിഷ്യത്തുകളെ സംബന്ധിച്ച് ബോധവൽക്കരണവും നടത്തിവരുന്നുണ്ട്.

## പീലിംഗ് തൊഴിലാളികളുടെ മിനിമം വേതനം

349 (3392) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ ഫിഷറീസ് വകുപ്പ് മന്ത്രി ചെയർപേഴ്സനായി 2009-2010 കാലയളവിൽ പ്രവർത്തിച്ചിരുന്ന മിനിമം വേജസ് കമ്മിറ്റി പീലിംഗ് തൊഴിലാളികൾക്ക് നിശ്ചയിച്ചിരുന്ന മിനിമം വേതനം എപ്രകാരമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ആയത് നടപ്പിലാക്കാൻ പീലിംഗ് ഷെഡ് ഉടമകൾക്ക് നിവൃത്തിയില്ലാത്തതുകൊണ്ട് കയർമേഖലയിൽ ചെയ്യുന്നതുപോലെ ഇൻകം സപ്പോർട്ട് സ്കീം മത്സ്യ സംസ്കരണ മേഖലയിൽ നടപ്പിലാക്കാനാകുമോ; ആയതിന്റെ സാധ്യത പരിശോധിക്കുമോ;

(സി) മത്സ്യസംസ്കരണ മേഖലയിൽ നാട്ടുകാരായ തൊഴിലാളികളുടെ എണ്ണത്തിൽ വന്ന ഗണ്യമായ കുറവ് പരിശോധിച്ചിട്ടുണ്ടോ;

(ഡി) മത്സ്യസംസ്കരണ മേഖലയിൽ ജോലിചെയ്യുന്ന പീലിംഗ് തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; ആയത് തീരെ അപര്യാപ്തമാകയാൽ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിവരിക്കുമോ?

### ഉത്തരം

(എ) നിലവിലെ ഫിഷറീസ് വകുപ്പുമന്ത്രി മിനിമം വേജസ് അഡ്വൈസറി കമ്മിറ്റി ചെയർമാനായിട്ടില്ല. പക്ഷേ അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. 2010 മാർച്ച് 15-ലെ സർക്കാർ ഉത്തരവ് (കൈ)39/2010/തൊഴിൽ പ്രകാരം പീലിംഗ് തൊഴിലാളികൾക്ക് നിശ്ചയിച്ച മിനിമം വേതനം, 2018 ആഗസ്റ്റ് 2-ലെ സർക്കാർ ഉത്തരവ് (അച്ചടി)നമ്പർ62/2018/തൊഴിൽ പ്രകാരമുള്ള മിനിമം വേതനം എന്നിവ അനുബന്ധമായി +ചേർക്കുന്നു.

(ബി) മത്സ്യസംസ്കരണ മേഖലയിൽ ജോലി ചെയ്യുന്നവരും അനുബന്ധത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായവരുമായ അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും ഇൻകം സപ്പോർട്ടിംഗ് പദ്ധതി (തണൽ പദ്ധതി) പ്രകാരം ധനസഹായം 2011-12 മുതൽ നൽകി വരുന്നു. പ്രതിവർഷം 1350 രൂപയാണ് നൽകുന്നത്.

(സി) ഇത്തരം പരിശോധന നടത്തിയിട്ടില്ല.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) 1990-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭേദഗതി ആക്ട് പ്രകാരം മത്സ്യ അനുബന്ധ മേഖലയിൽ ജോലി ചെയ്തുവരുന്ന പീലിംഗ് തൊഴിലാളികൾ ഉൾപ്പെടെ എല്ലാ തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്. ഇങ്ങനെ അംഗമാകുന്ന അനുബന്ധ ത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന 11 പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. പദ്ധതി വിശദാംശം താഴെ രേഖപ്പെടുത്തുന്നു.

അനുബന്ധത്തൊഴിലാളി ക്ഷേമ പദ്ധതി

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

അപകടംമൂലം മരണമടയുന്ന അനുബന്ധത്തൊഴിലാളികളുടെ ആശ്രിതർക്ക് 10,00,000 രൂപയും അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത അനുഭവിക്കുന്നവർക്ക് 10,00,000 രൂപയും സ്ഥിരവും ഭാഗികവുമായ അവശത അനുഭവിക്കുന്നവർക്ക് 5,00,000 രൂപയും ആശുപത്രി ചികിത്സാ ചെലവിനായി പരമാവധി 25,000 രൂപയും നൽകുന്നു. കുട്ടികളുടെ വിദ്യാഭ്യാസ ചെലവിനായി 10,000 രൂപയും. ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ അനുബന്ധ ത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇവരിൽ നിന്ന് പ്രത്യേകമായി പ്രീമിയം ഈടാക്കുന്നില്ല.

2. വാർദ്ധക്യകാല പെൻഷൻ

60 വയസ്സ് പൂർത്തിയാകുന്ന അനുബന്ധത്തൊഴിലാളികൾക്ക് നൽകി വന്നിരുന്ന പ്രതിമാസ പെൻഷൻ 600 രൂപയിൽനിന്ന് 1,000 രൂപയാക്കി. പിന്നീട് 1,100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

3. അനുബന്ധത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് കുടിശ്ശികയില്ലാതെ വിഹിതമടച്ചുവരുന്ന മത്സ്യബന്ധന അനുബന്ധത്തൊഴിലാളി ഏത് സാഹചര്യത്തിൽ മരിച്ചാലും മറ്റ് പദ്ധതികൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലെങ്കിൽ അവരുടെ ആശ്രിതർക്ക് 5,000 രൂപ ധനസഹായമായി നൽകിവന്നിരുന്നത് 15,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

4. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി

മത്സ്യബന്ധന അനുബന്ധത്തൊഴിലാളിയായി അംഗത്വമെടുത്തിട്ടുള്ള സ്ത്രീ തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷയ്ക്ക് 750 രൂപ ധനസഹായം നൽകുന്ന പദ്ധതിയും നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്.

5. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്

അനുബന്ധമത്സ്യത്തൊഴിലാളികളുടെ മക്കളിൽ സംസ്ഥാനതലത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് എല്ലാ വിഷയത്തിലും എ+ നേടിയ വിദ്യാർത്ഥിക്ക് 5000 രൂപയും 9 എ+ നേടിയ വിദ്യാർത്ഥിക്ക് 4000 രൂപയും 8 എ+ നേടിയ വിദ്യാർത്ഥിക്ക് 3000 രൂപയും നൽകുന്നു. കൂടാതെ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പഠിക്കുന്ന ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി പാസ്സാകുന്ന വിദ്യാർത്ഥിക്ക് 3000 രൂപയും നൽകുന്നു.

6. രോഗ ചികിത്സാ പദ്ധതി

അനുബന്ധത്തൊഴിലാളികളുടെ രോഗ ചികിത്സയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി 21-5-2002 മുതൽ പ്രാബല്യത്തിൽ വരികയുണ്ടായി. താഴെ പറയുന്ന രോഗങ്ങൾക്കാണ് സാമ്പത്തിക ധനസഹായം അനുവദിക്കുന്നത്. ഹൃദ്രോഗം, വൃക്കരോഗം, ക്യാൻസർ (പരമാവധി 25,000 രൂപ), തളർവാതം, സ്വബോധം നഷ്ടപ്പെട്ട മാനസികരോഗി (പരമാവധി 10,000 രൂപ), വനിതാ അനുബന്ധത്തൊഴിലാളികൾക്ക് ഗർഭാശയ സംബന്ധമായ രോഗങ്ങൾക്ക് (പരമാവധി 5000 രൂപ).

7. അനുബന്ധത്തൊഴിലാളികളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി

അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് സൗജന്യ ധനസഹായമായി 1,500 രൂപ നൽകിവന്നിരുന്നത് 10,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിവാഹത്തിനുശേഷം 60 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട രേഖകൾ (മാര്യേജ് സർട്ടിഫിക്കറ്റ്) സഹിതം ഫിഷറീസ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

8. കുടുംബ സംവിധാന പദ്ധതി

അനുബന്ധത്തൊഴിലാളി കുടുംബത്തിലെ ഭർത്താവോ ഭാര്യയോ കുടുംബാസൂത്രണ ശസ്ത്രക്രിയക്ക് വിധേയമായാൽ അതിനെ തുടർന്നുള്ള ശുശ്രൂഷയ്ക്ക് 500 രൂപ ധനസഹായമായി ഈ പദ്ധതി പ്രകാരം നൽകുന്നു.

9. ബോർഡിന്റെ പ്രത്യേക ധനസഹായം

ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ബോർഡിന്റെ തീരുമാനത്തിന് വിധേയമായി നിശ്ചിത തുക ധനസഹായമായി ബോർഡിൽനിന്നും അനുവദിക്കുന്നു.

10. <u>ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി</u>

ബോർഡ് ഓഫ് ഹയർ സെക്കണ്ടറി (+2) പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ഗ്രേഡ് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് 5,000 രൂപ, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് 5,000 രൂപ എന്നിങ്ങനെ ക്യാഷ് അവാർഡും മെറിറ്റ് സർട്ടിഫിക്കറ്റും നൽകുന്നു.

11. <u>പ്രത്യേക പദ്ധതി</u>

<u>തണൽ പദ്ധതി</u> - സംസ്ഥാന സർക്കാർ കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ് തണൽ. ടി പദ്ധതി തൊഴിൽ വകുപ്പ് മുഖേന ബോർഡിലൂടെ നടപ്പിലാക്കുന്നതാണ്. കേന്ദ്രസർക്കാരിന്റെ പൂർണ്ണ സാമ്പത്തിക സഹായത്തോടെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന വിവര ശേഖരണം നടത്തി ബയോമെട്രിക് തിരിച്ചറിയൽ കാർഡിന് എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും പ്രതിവർഷം 1,350 രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

## കടൽ രക്ഷാ സ്ക്വാഡ്

350 (3393) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യ തൊഴിലാളികളെ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ എത്ര കടൽ രക്ഷ സ്ക്വാഡുകളാണ് രൂപീകരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിൽ ആദ്യഘട്ടത്തിൽ 8 മത്സ്യഗ്രാമങ്ങളിലായി 8 കടൽരക്ഷാ സ്ക്വാഡ് യൂണിറ്റുകളാണ് രൂപീകരിക്കുന്നത്. ചെറുവത്തൂർ, കാസർഗോഡ്, പള്ളിക്കര, തൈകടപ്പുറം, ഹോസ്ദുർഗ്, മഞ്ചേശ്വരം, കോയിപ്പാടി, കോട്ടിക്കുളം എന്നിങ്ങനെ 8 മത്സ്യഗ്രാമങ്ങളിലായി 8 കടൽരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഒരു യൂണിറ്റിൽ 5 യാനങ്ങളും ഒരു യാനത്തിൽ 3 വീതം ആകെ 15 മത്സ്യത്തൊഴിലാളികളും അടങ്ങുന്നതാണ് ഒരു കടൽസുരക്ഷാ സ്ക്വാഡ്. 8 കടൽ രക്ഷാ സ്ക്വാഡുകളിലുമായി 40 യാനങ്ങളും 120 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നു. തെരഞ്ഞെടുക്കപ്പെടുന്നവരെ ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് കടൽരക്ഷ, ദുരന്ത നിവാരണം, പവർ ബോട്ട് പ്രവർത്തിപ്പിക്കൽ എന്നിവയിൽ പരിശീലനം നൽകാനാണുദ്ദേശിക്കുന്നത്.

**കടലിൽ രക്ഷാപ്രവർത്തനത്തിന് പരിശീലനം**

351 (3394) ശ്രീ. പി. കെ. അബ്ദു റബ്ബ് :

ഡോ. എം. കെ. മുനീർ :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ അപകടങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ ഫലപ്രദമായ രക്ഷാപ്രവർത്തനം നടത്തുന്നതിന് മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതിനായി മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകാൻ ആലോചിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കടലിൽ ഓഖി പോലുള്ള ദുരന്തങ്ങളുണ്ടാകുന്ന അവസരങ്ങളിൽ ഫലപ്രദമായ രക്ഷാപ്രവർത്തനം നടത്തുന്നതിന് മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി കടൽ സുരക്ഷാ സ്ക്വാഡ് രൂപീകരിക്കുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ 9 കടലോര ജില്ലകളിലെ തെരഞ്ഞെടുത്ത 60 മത്സ്യ ഗ്രാമങ്ങളിലാണ് പദ്ധതി നടപ്പാക്കിവരുന്നത്. ഓരോ മത്സ്യഗ്രാമങ്ങളിലും അവിടങ്ങളിൽ ലഭ്യമായ 5 യാനങ്ങളും ഓരോ യാനത്തിലും 3 മത്സ്യത്തൊഴിലാളികൾ വീതം 15 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നതാണ് ഒരു കടൽ സുരക്ഷാ സ്ക്വാഡ്. ഇങ്ങനെ 60 മത്സ്യഗ്രാമങ്ങളിലായി 300 യാനങ്ങളും 900 മത്സ്യത്തൊഴിലാളികളും അടങ്ങുന്നതായിരിക്കും ആദ്യഘട്ട കടൽ സുരക്ഷാ സ്ക്വാഡ്. കടൽരക്ഷാ സ്ക്വാഡുകളിലേയ്ക്ക് തെരഞ്ഞെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് കടൽരക്ഷാ പ്രവർത്തനങ്ങളിലും പവർ ബോട്ട് പ്രവർത്തിപ്പിക്കുന്നതിലും ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും ഗോവയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പരിശീലനം നൽകുന്നതാണ്. രക്ഷാ പ്രവർത്തനങ്ങൾക്ക് ഇവരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടി വരുമ്പോൾ ടി സേവനത്തിന് സർക്കാർ നിശ്ചയിക്കുന്ന വേതനം ഇവർക്ക് നൽകും. സ്ക്വാഡിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന യാനങ്ങളിൽ അത്യാവശ്യം വേണ്ട കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളും ജീവൻ രക്ഷാ ഉപകരണങ്ങളും നൽകുന്നതാണ്.

(ബി) ഇതിനായി തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളികളെ ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ആദ്യപടിയായി തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങളുടെ ഭാഗമായുള്ള നീന്തൽ ടെസ്റ്റ്, ഫിറ്റ്നസ് ടെസ്റ്റ് എന്നിവ നടന്നുവരുന്നു.

**മുറ്റത്തൊരു മീൻ തോട്ടം പദ്ധതി**

352 (3395) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി മാതൃകയിൽ മത്സ്യ വ്യാപനം ജനകീയമാക്കുന്നതിന് ആരംഭം കുറിച്ച ഫിഷറീസ് വകുപ്പിന്റെ 'മുറ്റത്തൊരു മീൻ തോട്ടം' പദ്ധതി പ്രളയ ബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ടോ;

(ബി) പ്രളയത്തിൽ കൂടുതൽ ദുരിതം അനുഭവിച്ച ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ വിശദവിവരങ്ങളും അടങ്കൽ തുകയും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുജനങ്ങൾക്കിടയിൽ മത്സ്യകൃഷിയുടെ സാദ്ധ്യതകളെ പരിചയപ്പെടുത്തുന്നതിനും മത്സ്യകൃഷിയുടെ വ്യാപനം ജനകീയമാക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള മുറ്റത്തൊരു മീൻതോട്ടം പദ്ധതിയുടെ ആദ്യഘട്ടം പ്രളയബാധിത ജില്ലകളിലാണ് (തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ചെങ്ങന്നൂർ മണ്ഡലം ഉൾപ്പെടെ ആലപ്പുഴ ജില്ലയെയും പദ്ധതി നടപ്പിലാക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിയോജക മണ്ഡലം തിരിച്ച് തുക വിഭജിച്ചിട്ടില്ല.

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

353 (3396) <u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്തുനിന്നും മത്സ്യബന്ധനത്തിനായി പോകുന്ന ബോട്ടുകൾ കപ്പലിടിച്ച് അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ചരക്ക കപ്പലുകൾ നിയമം തെറ്റിച്ച് തീരത്തേക്ക് കടന്നുവരുന്നതാണ് അപകട കാരണമെന്ന മത്സ്യത്തൊഴിലാളികളുടെ പരാതി പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ അതിനനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;

(സി) ഇത്തരം അപകടങ്ങൾ തടയാനും മത്സ്യമേഖലയിലെ ഭീതി അകറ്റാനും എന്തെല്ലാം നടപടികളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് കേരളത്തിൽ ഇത്തരം 7 അപകടങ്ങൾ നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ചരക്കുകപ്പലുകൾ നിയമം തെറ്റിച്ച് തീരത്തേയ്ക്ക് വരാറില്ല. അവ കപ്പൽ ചാലിലൂടെ മാത്രമേ പോകാറുള്ളൂ. അന്താരാഷ്ട്ര കപ്പൽചാൽ നമ്മുടെ രാജ്യത്തിന്റെ തെക്ക് പടിഞ്ഞാറ് വിഴിഞ്ഞം മുതൽ ബേപ്പൂർ വരെ 12 നോട്ടിക്കൽ മൈലിന് അടുത്ത് കൂടിയാണ് കടന്നുപോകുന്നത്. മാത്രമല്ല, സൗത്ത് ഈസ്റ്റ് ഏഷ്യയേയും സൂയസ് കനാലിനേയും ബന്ധിപ്പിക്കുന്ന നേരിട്ടുള്ള കടൽപാത കൂടിയാണ് ഈ മേഖല. അതുപോലെ ഇന്ത്യൻ മഹാസമുദ്രത്തിലെ ഏറ്റവും കൂടുതൽ മത്സ്യസമ്പത്ത് ലഭ്യമാകുന്ന മേഖലകൂടിയാണിത്. അതുകൊണ്ടുതന്നെ അപകട സാദ്ധ്യത കൂടിയ മേഖലയാണിത്. സംസ്ഥാനത്തിന്റെ അധികാര പരിധിക്ക് പുറത്ത് 12 നോട്ടിക്കൽ മൈലിന് വെളിയിലാണ് ഇത്തരം കപ്പൽ അപകടങ്ങൾ നടക്കുന്നത്. ഇക്കാര്യത്തിൽ കോസ്റ്റ്ഗാർഡ്, നേവി, ഷിപ്പിംഗ് മന്ത്രാലയം എന്നിവരോട് കൂടുതൽ നിരീക്ഷണം ആവശ്യമാണെന്ന് പല ഘട്ടങ്ങളിലും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കപ്പലിടിച്ചുള്ള അപകടങ്ങൾ തടയുന്നതിനായി കേന്ദ്ര സർക്കാർ 1-2-2018-ലെ 21001/02/2017-Fly(Ind) പ്രകാരം കരട് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ പുറപ്പെടുവിക്കുകയും 10-8-2018-ന് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ്, മുംബെയുടെ നേതൃത്വത്തിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തീരുമാനിക്കുന്നതിനായി രണ്ടാംഘട്ട ചർച്ച നട<u>ത്തു</u>കയുമുണ്ടായി. ടി മീറ്റിംഗുകളിൽ കപ്പൽ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നമ്മുടെ സംസ്ഥാനം അവതരിപ്പിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നാവിഗേഷൻ നിയമമനുസരിച്ചുള്ള ലൈറ്റുകൾ, കൊടികൾ, റിഫ്ലക്ടറുകൾ, സെൻസറുകൾ എന്നിവ നിർബന്ധമാക്കണമെന്നും 12 നോട്ടിക്കൽ മൈലിന് പുറത്ത് മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളിൽ AIS നിർബന്ധമാക്കണമെന്നും കേരള തീരത്ത് സജീവ മത്സ്യബന്ധന

മേഖലയ്ക്കുപ്പുറത്തുകൂടി യാത്ര ചെയ്യാൻ കപ്പലുകൾക്ക് Director General, ഷിപ്പിംഗ് നിർദ്ദേശം നൽകണമെന്നും ഇതിനപ്പുറം 3 നോട്ടിക്കൽ മൈൽ വീതിയിൽ ഷിപ്പിംഗ് കോറിഡോർ നിശ്ചയിക്കണമെന്നും അന്താരാഷ്ട്ര മാരിടൈം ഓർഗനൈസേഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ കപ്പലുകൾക്ക് നിർദ്ദേശം നൽകണമെന്നുമുള്ള ആവശ്യങ്ങൾ സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് 23-10-2018-ന് സംസ്ഥാന ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവയെ പങ്കെടുപ്പിച്ച് നടത്തിയ മീറ്റിംഗിൽ ഇക്കാര്യങ്ങൾ വിലയിരുത്തുകയും മത്സ്യബന്ധന ബോട്ടിലെ സ്രാങ്ക്, ഡ്രൈവർ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് നാവിഗേഷൻ നിയമങ്ങളെ സംബന്ധിച്ചും കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ചും പരിശീലനം നൽകുന്നതിന് തീരുമാനിക്കുകയും അതിനനുസരിച്ച് നടപടികൾ സ്വീകരിച്ചുവരികയുമാണ്. കൂടാതെ, മത്സ്യത്തൊഴിലാളികൾക്ക് ഈ വിഷയം സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഇതിന് പുറമേ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി 22-11-2018-ന് കപ്പൽ ചാനലുകൾ സജീവ മത്സ്യബന്ധന പ്രദേശത്തിനപ്പുറത്തായി നിശ്ചയിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര ഷിപ്പിംഗ് വകുപ്പുമന്ത്രിക്കും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനും കത്തയച്ചിട്ടുണ്ട്.

2018 സെപ്റ്റംബർ മാസം 1 മുതൽ നിലവിൽ വന്ന കെ.എം.എഫ്.ആർ. റൂളിലൂടെ കേരള തീരത്തുനിന്നും മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യബന്ധന യാനങ്ങൾക്ക് വെസ്സൽ ട്രാക്കിംഗ് ഡിവൈസ് അല്ലെങ്കിൽ AIS (ആട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം) നിർബന്ധമാക്കിയിട്ടുണ്ട്. അതുപോലെ നാവിഗേഷൻ ലൈറ്റുകളും മറ്റ് ഉപകരണങ്ങളും കമ്മ്യൂണിക്കേഷൻ, ജീവൻ രക്ഷാ ഉപകരണങ്ങൾ എന്നിവയും നിർബന്ധമാക്കിയിട്ടുണ്ട്.

**തീരദേശ സ്കൂളുകളുടെ നവീകരണം**

354 (3397) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരിതാശ്വാസ നടപടികളുടെ ഭാഗമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ തീരദേശ മേഖലയിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതി രൂപീകരണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കൊല്ലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഓഖി ദുരിതാശ്വാസ നടപടികളുടെ ഭാഗമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി തീരദേശ മേഖലയിലെ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല.

എന്നാൽ തീരദേശ മേഖലയിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ മികവുറ്റതാക്കുകയെന്ന ലക്ഷ്യത്തോടെ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 294.72 കോടി രൂപയുടെ 71 സ്കൂൾ നവീകരണം അടങ്ങുന്ന കൺസ്പെറ്റ് നോട്ടിനും റഫ് കോസ്റ്റ് എസ്റ്റിമേറ്റിനും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഓരോ പദ്ധതി പ്രദേശവും സന്ദർശിച്ച് വിശദമായ എസ്റ്റിമേറ്റ്, പ്ലാനുകൾ, ഡ്രോയിംഗുകൾ എന്നിവ അടങ്ങിയ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി തയ്യാറാക്കിവരുന്നു. സ്കൂൾ നവീകരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആയത് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ വേണമെന്നറിയിച്ചതിനാൽ പ്രസ്തുത സ്കൂളുകളുടെ ലിസ്റ്റ് അംഗീകാരത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്.

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി കൊല്ലം നിയോജക മണ്ഡലത്തിലെ ഗവൺമെന്റ് ഠൗൺ അപ്പർ പ്രൈമറി സ്കൂൾ, കച്ചേരിമുക്ക് നവീകരണത്തിനായി 499 ലക്ഷം രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

**ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് തൊഴിൽ**

355 (3398) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇതുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവരെ എത്ര പേർക്ക് തൊഴിൽ നൽകിയെന്നറിയിക്കാമോ;

(സി) ഓഖി ദുരന്തത്തിൽ മരണപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളികളുടെയും ആശ്രിതർക്ക് സർക്കാർ പ്രഖ്യാപിച്ച പ്രകാരമുള്ള തൊഴിൽ സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഓഖി ദുരന്തത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു.

ഓഖിയിൽ മരണപ്പെട്ടവരും കാണാതായവരുമായ 143 മത്സ്യത്തൊഴിലാളികളുടെ വിധവകളിൽ 40-ഉം അതിൽ താഴെയും വയസ്സുള്ളവരും 10-ാം തരത്തിൽ താഴെ വിദ്യാഭ്യാസ യോഗ്യത ഉള്ളവരുമായ 41 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറയിലുള്ള നെറ്റ് ഫാക്ടറിയിലും ഒരാൾക്ക് കണ്ണൂർ നെറ്റ് ഫാക്ടറിയിലും ജോലി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അപ്രകാരം രേഖകളുമായി ഹാജരായ 37 പേർക്ക് നിയമന ഉത്തരവ് നൽകിയിരുന്നതിൽ 35 പേർ ജോലിക്ക് ഹാജരാകുകയും നിലവിൽ 34 പേർ ജോലിയിൽ തുടരുകയും ചെയ്യുന്നു.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായവർക്ക് സമാശ്വാസമേകണമെന്ന ലക്ഷ്യത്തോടെ തീരദേശത്ത് വസിക്കുന്ന മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്ന് 200 പേരെ 14 തീരദേശ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡർമാരായി നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

തീരദേശ പോലീസ് സ്റ്റേഷനുകളിൽ മത്സ്യത്തൊഴിലാളികളെ കോസ്റ്റൽ വാർഡൻമാരായി നിമയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

(സി) ആശ്രിതരിൽ കൂടുതൽ വിദ്യാഭ്യാസമുള്ളവർക്ക് തൊഴിൽ പരിശീലനവും മത്സര പരീക്ഷാ പരിശീലനവും നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തീരദേശത്തുള്ള സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിനുള്ള ready to cook പദ്ധതിയും സർക്കാർ പരിഗണനയിലാണ്.

**ഓഖി ദുരന്തബാധിതർക്ക് സ്പെഷ്യൽ പാക്കേജ്**

356 (3399) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തബാധിതർക്കായി 2000 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനരേഖ തയ്യാറാക്കാൻ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്മിറ്റി അംഗങ്ങൾ ആരെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനത്തിനായി 2000 കോടി രൂപയുടെ ഒരു സമഗ്ര തീരദേശ വികസന പാക്കേജ് നടപ്പിലാക്കുന്നതിനായി സി.എം.ഡി. ചെയർമാനായ ശ്രീ. എസ്. എം. വിജയാനന്ദ്, ഐ.എ.എസ് (റിട്ട) ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

വിദഗ്ദ്ധ സമിതി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിശദമായ പഠനങ്ങൾ നടത്തേണ്ടതും ഫീൽഡുതല വിവരങ്ങൾ ശേഖരിക്കേണ്ടതുമുണ്ട്. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. ഇതിനായി ജീവനോപാധി സംബന്ധിച്ചുള്ള പഠനങ്ങൾ IRMA (Institute of Rural Management Anand) മുഖാന്തരവും Basic Human Needs, Coastal Infrastructure, Human Development, Social Security, Quality of Public Services, Self Help Groups and Co-operatives, Safety, Disaster Management എന്നിവ സംബന്ധിച്ചുള്ള പഠനങ്ങൾ TISS (Tata Institute of Social Sciences) മുഖാന്തരം നടത്തുന്നതിന് തീരുമാനിക്കുകയും DPR തയ്യാറാക്കി സമർപ്പിക്കുന്നതിന് KPMG (Klynbveld Peat Marwick Goerdeler)-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്നതിനായി ശ്രീ. എസ്. എം. വിജയാനന്ദ്, ഐ.എ.എസ്. (റിട്ട.) ചെയർമാൻ, സി.എം.ഡി., ചെയർമാനായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി 15-3-2018-ലെ സ.ഉ. (സാധാ.) നമ്പർ 170/2018/മതുവ. പ്രകാരം ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | Shri S. M. Vijayanand IAS (Rtd.) Chairman, CMD) | Chairman |
| 2 | Shri B. Srinivas IAS, Principal Secretary (Fisheries & Harbour Engineering) | Co-Chairman |

| | | |
|---|---|---|
| 3 | Shri S. Venkatesapathi IAS Director of Fisheries, Thiruvananthapuram | Convenor |
| 4 | Shri P. Sahadevan Additional Director of Fisheries (Head Quarters) | Co-Convenor |
| 5 | Shri Anil Kumar Chief Engineer, Harbour Engineering Department | Member |
| 6 | Dr. Joy Elamon, Directror KILA, Thrissur | Member |
| 7 | Dr. N. K. Sasidharan Pillai Director, IRTC, Mundoor, Palakkad | Member |
| 8 | Shri V. N. Jithendran, IAS (Rtd)<br>Former Director of Fisheries) Bodhi,<br>Mundakkal West P.O., Kollam-691 001. | Member |
| 9 | Shri S. Sajith, Chief Executive,<br>National Resource Organisation, NRLM, Kudumbasree Mission | Member |
| 10 | Shri K. Sivakumar<br>(former Additional Development Commissioner), Madathil, SLRA-39, Swagath Lane, Vattiyoorkavu.P.O,<br>Thiruvananthapuram-695 013. | Member |
| 11 | Shri Shekhar Kuriakose Member Secretary, State Disaster Management Authority, Thiruvananthapuram. | Member |

(സി) സമർപ്പിച്ചിട്ടില്ല.

(ഡി) കമ്മിറ്റി നിരവധി സിറ്റിംഗുകൾ നടത്തുകയുണ്ടായി. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിശദമായ പഠനങ്ങൾ നടത്തേണ്ടതും ഫീൽഡുതല വിവരങ്ങൾ ശേഖരിക്കേണ്ടതുമുണ്ട്. ജീവനോപാധി സംബന്ധിച്ചുള്ള പഠനങ്ങൾ IRMA (Institute of Rural Management Anand) മുഖാന്തരവും Basic

Human Needs, Coastal Infrastructure, Human Development, Social Security, Quality of Public Services, Self Help Groups and Co-operatives, Safety, Disaster Management എന്നിവ സംബന്ധിച്ചുള്ള പഠനങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് TISS (Tata Institute of Social Sciences) നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ DPR തയ്യാറാക്കി സമർപ്പിക്കുന്നതിന് KPMG (Klynveld Peat Marwick Goerdeler)-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. IRMA, TISS എന്നീ സ്ഥാപനങ്ങളുടെ പഠന റിപ്പോർട്ടും KPMG-യിൽ നിന്ന് DPR-ഉം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഓഖി ദുരന്തബാധിതർക്ക് ആനുകൂല്യങ്ങൾ**

357 (3400) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തബാധിതരായ എല്ലാ മൽസ്യതൊഴിലാളികൾക്കും ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടില്ലെന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ നിജസ്ഥിതി എന്താണ്; വിശദവിവരം നൽകുമോ;

(ബി) മാനദണ്ഡമനുസരിച്ചുള്ള ആനുകൂല്യങ്ങൾ മുഴുവൻ ഈ വിഭാഗത്തിന് വിതരണം ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) അടിയന്തരമായി നൽകേണ്ടതായ എല്ലാ ആനുകൂല്യങ്ങളും ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തുവരികയാണ്.

ഓഖി ദുരന്തത്തിൽ മരണപ്പെട്ടതോ കാണാതായതുമായതോ ആയ മത്സ്യത്തൊഴിലാളികളുടെ എണ്ണം 143 ആണ്. ടി മത്സ്യത്താഴിലാളികളുടെ കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി സർക്കാർ പ്രഖ്യാപിച്ച 20 ലക്ഷം രൂപ ജില്ലാ കളക്ടർമാർ മുഖേന വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ഫിഷറീസ് വകുപ്പിന് അനുവദിച്ച തുക വിനിയോഗിച്ച് 114032 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000 രൂപ വീതം മൊത്തം 22.80 കോടി രൂപ വിതരണം ചെയ്തു.

ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ട 380 മത്സ്യത്തൊഴിലാളികൾക്ക് 6.76 കോടി രൂപ അനുവദിച്ചുനൽകി.

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് വളരെ വേഗം കരയിലെത്തിച്ച് ചികിത്സ ഉറപ്പുവരുത്തുന്നതിന് സഹായകരമായ 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിനുള്ള ധാരണാപത്രം കൊച്ചിൻ ഷിപ്പ്യാർഡുമായി 31-5-2018-ൽ ഒപ്പുവച്ചു. 3 മറൈൻ ആംബുലൻസിനുവേണ്ടി വരുന്ന മൊത്തം തുകയായ 18.24 കോടി രൂപയിൽ 7.36 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ഓഖി ഫണ്ട്) നിന്നാണ് കണ്ടെത്തിയിട്ടുള്ളത്. ധാരണാപത്രം പ്രകാരമുള്ള ആദ്യ ഇൻസ്റ്റാൾമെന്റായി 3.36 കോടി രൂപ കൊച്ചിൻ ഷിപ്പ്യാർഡിന് അനുവദിച്ചു. നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ആദ്യ ഇൻസ്റ്റാൾമെന്റായ 3.36 കോടി രൂപ നൽകിയതിൽ 1.36 കോടി രൂപ ഓഖി ഫണ്ടും 2 കോടി രൂപ ഫിഷറീസിന്റെ പ്ലാൻ ഫണ്ടുമാണ്. നിർമ്മാണത്തിന്റെ പുരോഗതിക്കനുസരിച്ച് ധാരണാപത്ര പ്രകാരം ഘട്ടങ്ങളായി ബാക്കി തുക ചെലവഴിക്കുന്നതാണ്.

ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യ ത്തൊഴിലാളികൾക്ക് സ്ഥലവും വീടും കണ്ടെത്തുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കാൻ 7.41 കോടി രൂപ ഓഖി ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. സ്ഥലം കണ്ടെത്തി വീട് വയ്ക്കുന്നതിനുള്ള നടപടികൾ ജില്ലകളിൽ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പൂർണ്ണമായും വീട് നഷ്ടപ്പെട്ട മത്സ്യ ത്തൊഴിലാളികൾക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖേന പ്രതിമാസം 3,000 രൂപ വീതം വാടക നൽകി വരുന്നു. ഇതിനായി 26.64 ലക്ഷം രൂപ അനുവദിച്ചു. ഭാഗികമായി കേടുപറ്റിയ 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ റിപ്പയർ ചെയ്യുന്നതിനായി 2.042 കോടി രൂപ അനുവദിച്ചു. റവന്യൂ വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുടെയും മക്കളായി 309 പേരുണ്ട്. ഇവരിൽ 185 പേർക്ക് first level graduation വരെ വിദ്യാഭ്യാസ ധനസഹായവും ബിരുദം പൂർത്തിയാക്കിയ 124 പേർക്ക് തൊഴിൽ പരിശീലനവും നൽകുന്നതിന് 13.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2037 വർഷം വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയിൽ ആദ്യ വർഷം ആവശ്യമായ 56.95 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക ഓരോ വർഷവും ആവശ്യകതയ്ക്കനുസരിച്ച് അനുവദിക്കുന്നതാണ്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽ സുരക്ഷാ സംവിധാനങ്ങളും കടൽ രക്ഷാ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ ഒരു ഗ്രാമത്തിൽ 5 യാനങ്ങളും ഓരോ യാനത്തിലും 3 മത്സ്യത്തൊഴിലാളികളും എന്ന കണക്കിൽ ആകെ 300 യാനങ്ങളും 900

മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്ന കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് 7.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലകളിൽനിന്ന് കടൽ സുരക്ഷാ സ്ക്വാഡുകളെ തെരഞ്ഞെടുത്ത് ആദ്യ ബാച്ച് ട്രെയിനിംഗിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ്, ഗോവയിലേയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യ ബാച്ച് പരിശീലനം ഉടൻ ആരംഭിക്കുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് അപകട ഘട്ടങ്ങളിൽ ജീവൻ രക്ഷയ്ക്കായി 40,000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്നതിന് 6.10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. അവ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 12-12-2018-നാണ് ടെണ്ടറിന്റെ അവസാന തീയതി.

ഉപഗ്രഹ സഹായത്തോടെ കാലാവസ്ഥാ വ്യതിയാനങ്ങളും അപകട മുന്നറിയിപ്പുകളും 1500 കിലോ മീറ്റർ വരെ അകലത്തിലുള്ള മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ സഹായിക്കുന്ന നാവിക് ഉപകരണം ISRO വികസിപ്പിച്ചെടുക്കുകയും സാങ്കേതികവിദ്യ കെൽട്രോണിന് കൈമാറുകയും അവർ വ്യാവസായികാടിസ്ഥാനത്തിലുള്ള നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 15000 നാവിക് ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നതിന് 15.93 കോടി രൂപ അനുവദിച്ചു. ആദ്യ ഘട്ടത്തിൽ 5000 നാവിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോണുമായി ഫിഷറീസ് വകുപ്പ് ധാരാണാപത്രം ഒപ്പുവച്ചു. കെൽട്രോൺ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ISRO സൗജന്യമായി 500 നാവിക് ഉപകരണങ്ങൾ നൽകുന്നുണ്ട്. നാവിക് ഉപകരണങ്ങൾ നവംബർ 30-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി വിതരണോദ്ഘാടനം ചെയ്തു. സൗജന്യമായി ലഭ്യമായ നാവിക് ഉപകരണങ്ങൾ ജില്ലകളിൽ ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്.

ആഴക്കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ദുരന്ത സമയങ്ങളിൽ ദൂരപരിധിയില്ലാതെ കരയുമായി ബന്ധപ്പെടാൻ സഹായിക്കുന്ന സാറ്റലൈറ്റ് ഫോൺ ആദ്യഘട്ടത്തിൽ 1000 എണ്ണം ബി.എസ്.എൻ.എൽ. മുഖാന്തരം വാങ്ങുന്നതിന് 9.42 കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ.-മായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഓഖിയിൽ മരണപ്പെട്ടവരും കാണാതായവരുമായ 143 മത്സ്യത്തൊഴിലാളികളുടെ വിധവകളിൽ 40-ൽ താഴെ വയസ്സുള്ളവരും 10-ാം തരത്തിൽ താഴെ വിദ്യാഭ്യാസ യോഗ്യത ഉള്ളവരുമായ 42 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നൽകുന്നതിന് ഉത്തരവ് ആകുകയും 37 പേർ പ്രവേശിച്ചതിൽ

നിലവിൽ 34 പേർ ജോലി ചെയ്തുവരികയും ചെയ്യുന്നു. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായ വിഭാഗത്തിന് സമാശ്വാസമേകണമെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി മത്സ്യത്തൊഴിലാളി യുവാക്കളിൽനിന്നും 200 പേരെ കോസ്റ്റൽ വാർഡൻമാരായി നിയമിക്കുന്നതിന് ഉത്തരവാകുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനത്തിനായി 2000 കോടി രൂപയുടെ ഒരു സമഗ്ര തീരദേശ വികസന പാക്കേജ് നടപ്പിലാക്കുന്നതിനായി ശ്രീ. എസ്. എം. വിജയാനന്ദ്, ഐ.എ.എസ്. (റിട്ട.), ചെയർമാൻ സി.എം.ഡി. ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

വിദഗ്ദ്ധ സമിതി നിരവധി സിറ്റിംഗുകൾ നടത്തുകയുണ്ടായി. വിദഗ്ദ്ധമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിശദമായ പഠനങ്ങൾ നടത്തേണ്ടതും ഫീൽഡുതല വിവരങ്ങൾ ശേഖരിക്കേണ്ടതുമുണ്ട്. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്.

ഇതിനായി ജീവനോപാധി സംബന്ധിച്ചുള്ള പഠനങ്ങൾ IRMA (Institute of Rural Management Anand) മുഖാന്തരവും Basic Human Needs, Coastal Infrastructure, Human Development, Social Security, Quality of Public Services, Self Help Groups and Co-operatives, Safety, Disaster Management എന്നിവ സംബന്ധിച്ചുള്ള പഠനങ്ങൾ TISS (Tata Institute of Social Science) മുഖാന്തരം നടത്തുന്നതിന് തീരുമാനിക്കുകയും DPR തയ്യാറാക്കി സമർപ്പിക്കുന്നതിന് KPMG (Klynveld Peat Marwick Goerdeler)-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**ഓഖി ദുരന്തത്തിൽ പരിക്കേറ്റവർക്കുള്ള സഹായം**

358 (3401) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ പരിക്കേറ്റവരുടെയും ജീവനോപാധികൾ നഷ്ടപ്പെട്ട് മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്തവരുടെയും വ്യക്തമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ദുരന്തത്തിനിരകളായവരിൽ പരിക്കേറ്റവരുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കാനും മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകി മത്സ്യബന്ധന ഉപകരണങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഓഖി ദുരന്തത്തിൽ പരിക്കേറ്റ എല്ലാ മത്സ്യത്തൊഴിലാളികളുടെയും ജീവനോപാധികൾ നഷ്ടപ്പെട്ട് മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്തവരുടെയും പൂർണ്ണ വിവരം ശേഖരിച്ചിട്ടുണ്ട്. പ്രസ്തുത ദുരന്തത്തിൽ പരിക്കുപറ്റി ആശുപത്രി ചികിത്സയിൽ കഴിഞ്ഞിരുന്ന 219 മത്സ്യത്തൊഴിലാളികൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കുകയും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും മൊത്തം 10,60,000 രൂപയുടെ അടിയന്തര ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഓഖി ദുരന്തത്തിൽ പരിക്കുപറ്റി ചികിത്സ വേണ്ടിവന്ന അർഹരായ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുകയും മത്സ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി അനുസരിച്ചുള്ള ചികിത്സാ ധനസഹായം മത്സ്യബോർഡ് മുഖേന നൽകിയും വരുന്നു. കൂടാതെ അപകടംമൂലം പൂർണ്ണമായോ ഭാഗികമായോ അവശത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും അർഹതയുടെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് ധനസഹായം ലഭ്യമാക്കുന്നുണ്ട്.

ഓഖി ദുരന്തത്തിൽ പൂർണ്ണമായും ഭാഗികമായും മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട 380 മത്സ്യത്തൊഴിലാളികൾക്കായി നഷ്ടപരിഹാരമായി ഒന്നുമുതൽ അഞ്ച് വരെ ഘട്ടങ്ങളിലായി ആകെ 6,76,85,739 (ആറ് കോടി എഴുപത്തി ആറ് ലക്ഷത്തി എൺപത്തി അയ്യായിരത്തി എഴുന്നൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം) രൂപ വിതരണം ചെയ്തുകഴിഞ്ഞു.

**കൊല്ലം ജില്ലയിലെ ഓഖി ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾ**

359 (3402) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരിതാശ്വാസ/പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി നാളിതുവരെ കൊല്ലം ജില്ലയിൽ ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതൊക്കെ മേഖലയിൽ, എന്തെല്ലാം പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത ഫണ്ട് ചെലവഴിച്ചത് എന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാണോ; ലഭ്യമാണെങ്കിൽ ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(സി) ഇരവിപുരം അസംബ്ലി നിയോജക മണ്ഡലത്തിലുൾപ്പെട്ട തീരദേശ മേഖലയിൽ ഓഖി സൃഷ്ടിച്ച നാശനഷ്ടങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഇരവിപുരം നിയോജകമണ്ഡലത്തിലെ തീരമേഖലയിൽ ഓഖി ദുരിതാശ്വാസ/പുനരധിവാസ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക ഇനം തിരിച്ച് വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) ഓഖി ചുഴലിക്കാറ്റുമൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് 2,000 രൂപ അടിയന്തര ധനസഹായമായി 14,699 മത്സ്യത്തൊഴിലാളികൾക്ക് 2,93,98,000 രൂപ നൽകി. മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട 39 മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി 61,48,800 രൂപ നൽകി. രജിസ്ട്രേഷനും ലൈസൻസും ഇല്ലാത്ത ഭാഗികമായി നഷ്ടപ്പെട്ട ഒരു മത്സ്യബന്ധന യാനത്തിന് നഷ്ടപരിഹാരമായി 22,000 രൂപ അനുവദിച്ചു. മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ധനസഹായവും മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടതിനുള്ള നഷ്ടപരിഹാരത്തിനുമായി പ്രസ്തുത ഫണ്ട് ചെലവഴിച്ചു.

(സി) ഇരവിപുരം മണ്ഡലത്തിൽ ഓഖി ദുരന്തംമൂലം 3 വീടുകൾക്ക് പൂർണ്ണമായും നാശനഷ്ടം സംഭവിച്ചു.

(ഡി) ഇരവിപുരം നിയോജക മണ്ഡലത്തിൽ അടിയന്തര ധനസഹായമായി 696 മത്സ്യത്തൊഴിലാളികൾക്ക് 2,000 രൂപ വീതം നൽകി. വീട് നഷ്ടപ്പെട്ടവർക്ക് മാസം 3,000 രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്കുള്ള വാടകയും അനുവദിച്ചിട്ടുണ്ട്. ഇവർക്ക് വീട് നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ മണ്ഡലത്തിലെ കൊണ്ടേത്ത് പാലം ഇരവിപുരം ബ്രിഡ്ജ് റോഡിന് 2.14 കോടി രൂപ ചെലവുള്ള പദ്ധതി സർക്കാർ പരിഗണനയിലാണ്.

## കമ്പവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർക്കുള്ള ഓഖി നഷ്ടപരിഹാരം

360 (3403) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഠിനംകുളം, പുത്തൻതോപ്പ് തുടങ്ങിയ മേഖലകളിൽ കമ്പവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് ഓഖി ദുരിതാശ്വാസത്തിന്റെ ഭാഗമായുള്ള നഷ്ടപരിഹാരം ലഭ്യമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവർക്ക് നഷ്ടപരിഹാരം നൽകാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) കമ്പവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർക്ക് ഓഖി ദുരന്തത്തിൽ ഉണ്ടായ നഷ്ടങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനർഹർ കടന്നുകൂടാതിരിക്കുന്നതിനുള്ള മുൻകരുതൽ എന്ന നിലയിൽ ഓഖി ദുരന്തത്തിനുശേഷം ഏകദേശം രണ്ടാഴ്ചയ്ക്കകംതന്നെ ദുരന്തബാധിതരുടെ വിശദവിവരങ്ങൾ ഫിഷറീസ് വകുപ്പ് ശേഖരിച്ചിരുന്നു. എന്നാൽ കഠിനംകുളം, പുത്തൻതോപ്പ് ഭാഗത്തുള്ള ദുരന്തബാധിതരുടെ അപേക്ഷ 2018 ഫെബ്രുവരി മാസത്തിലാണ് ഫിഷറീസ് വകുപ്പിൽ ലഭിച്ചത്. വൈകി ലഭിച്ച അപേക്ഷകളായതുകൊണ്ടും ഓഖി ദുരന്തം ഗുരുതരമായി ബാധിച്ച വിഴിഞ്ഞം, അടിമലത്തുറ, പൂവാർ പ്രദേശത്തൊന്നും കമ്പവലയ്ക്ക് നാശനഷ്ടം സംഭവിച്ചിട്ടില്ലാത്തതുകൊണ്ടും ടി അപേക്ഷകളിൽ വിശദമായ പരിശോധന ആവശ്യമായി വന്നിരുന്നു. നിലവിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ടുള്ള ലിസ്റ്റ് ലഭ്യമായിട്ടുണ്ട്. ലിസ്റ്റ് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഓഖി ദുരന്തത്തിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ടുള്ള കമ്പവല തൊഴിലാളികളുടെ ലിസ്റ്റ് നിലവിൽ ലഭ്യമായിട്ടുണ്ട്. കാലതാമസം വന്നിട്ടുള്ളതാകയാൽ വിശദമായി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## കടലാക്രമണത്തിന് ഇരയായ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ധനസഹായം

361 (3404) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അടുത്തകാലത്തായി രൂക്ഷമായ കടലാക്രമണത്തിൽ മത്സ്യത്തൊഴിലാളികളുടെ വീടുകൾ, മത്സ്യബന്ധനോപകരണങ്ങൾ എന്നിവ തകരുകയും കേടുപാടുകൾ സംഭവിക്കുകയും ചെയ്തതിനെത്തുടർന്ന് മത്സ്യത്തൊഴിലാളികൾ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ കടൽക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് അടിയന്തരമായി ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 24,451 കുടുംബങ്ങളുണ്ടെന്ന് ഫിഷറീസ് വകുപ്പ് 2016-ൽ നടത്തിയ പ്രാഥമിക സർവ്വേ കണക്കാക്കിയിട്ടുണ്ട്. ഇതിൽ 10,000-ത്തോളം മത്സ്യത്തൊഴിലാളികൾ കടൽക്ഷോഭം ഏറ്റവും രൂക്ഷമായ പ്രദേശങ്ങളിലാണ് താമസിക്കുന്നത്. വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ 2017-18 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു.

1. 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 400 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയിൽ വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട 171 പേരിൽ 144 പേർ ഭവന നിർമ്മാണം ആരംഭിച്ചു. ഇതിൽ 98 പേർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

2. 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയിൽ 314 പേർ സ്ഥലം വാങ്ങുകയും ഇതിൽ 197 പേരുടെ ഭവന നിർമ്മാണം പുരോഗമിച്ചുവരികയും ചെയ്യുന്നു.

3. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം കാരോട് വില്ലേജിൽ 1.05 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. മറ്റ് ജില്ലകളിലും ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതാണ്.

4. തിരുവനന്തപുരം ജില്ലയിലെ വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ് മത്സ്യഗ്രാമത്തിൽപ്പെട്ടവരും 50 മീറ്ററിനുള്ളിൽ താമസിച്ചിരുന്നവരും കടലാക്രമണത്തെത്തുടർന്ന് ക്യാമ്പുകളിൽ കഴിഞ്ഞിരുന്നവരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് മുട്ടത്തറ വില്ലേജിൽ ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച് 187 പേർക്ക് കൈമാറിയിട്ടുണ്ട്.

കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 2016-17 വർഷത്തിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് ധനസഹായം. പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 120 പേർ ഇതുവരെ സ്ഥലം വാങ്ങുകയും 78 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ടി പദ്ധതിയിൽ 3 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

അതോടൊപ്പം 2018 മൺസൂൺ കാലയളവിനുശേഷം സംസ്ഥാനത്ത് വിവിധ ജില്ലകളിലുണ്ടായ കടൽക്ഷോഭത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് സി.എം.ഡി.ആർ.എഫ്.ൽ നിന്നും നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(സി) 13-07-2018-ന് മലപ്പുറം പൊന്നാനിയിൽ അപ്രതീക്ഷിതമായുണ്ടായ കടൽക്ഷോഭത്തിൽ തകർന്ന മത്സ്യബന്ധനയാനങ്ങൾക്കും മറ്റ് മത്സ്യബന്ധന ഉപകരണങ്ങൾക്കും സംഭവിച്ച നാശനഷ്ടത്തിന് ഏകദേശം തത്തുല്യമായ തുക നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.

## മത്സ്യ ലഭ്യതയിലെ ഇടിവ്

362 (3405) ശ്രീ. കെ .ജെ . മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യലഭ്യതയിൽ വൻഇടിവ് വന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 2016-17, 2017-18 എന്നീ വർഷങ്ങളിലും നടപ്പുവർഷമായ 2018-19 ഒക്ടോബർ 31 വരെയും സംസ്ഥാനത്ത് നിന്നും ആകെ ലഭിച്ച മത്സ്യം എത്ര ടൺ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ മത്സ്യലഭ്യത വർദ്ധനവില്ലാതെ തുടരുകയോ കുറയുകയോ ചെയ്യുന്ന പ്രവണതയുടെയും സംസ്ഥാനതീരത്ത് സമൃദ്ധമായി ലഭിച്ചിരുന്ന മത്തി പോലുള്ള മത്സ്യങ്ങളുടെ ലഭ്യതയിൽ വലിയ ശോഷണം സംഭവിച്ചതിന്റെയും പഞ്ചാത്തലത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനാവകാശം സംരക്ഷിക്കാനായി സമഗ്ര ജലപരിഷ്കരണ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള മത്സ്യബന്ധന ബോട്ടുകൾ കേരള തീരത്തെ ചെറുമീനുകളെയടക്കം പിടിച്ച് മത്സ്യസമ്പത്തിന് ശോഷണം വരുത്തുന്നത് തടയാൻ ഈ സർക്കാർ എന്തൊക്കെ സത്വരനടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2012-13 മുതൽ 2015-16 വരെ മത്സ്യലഭ്യതയിൽ കുറവുണ്ടായിട്ടുണ്ട്.

(ബി)

| വർഷം | ഉൾനാടൻ ഉൽപ്പാദനം (മെട്രിക് ടൺ) | സമുദ്ര ഉൽപ്പാദനം (മെട്രിക് ടൺ) | ആകെ (മെട്രിക് ടൺ) |
|---|---|---|---|
| 2016-17 | 188130 | 488336 | 676466 |
| 2017-18 | 189081 | 483686 | 672767 |
| 2018-19 മാർച്ച് വരെ | 55606 | 139066 | 194672 |
| ആകെ | 432817 | 1111088 | 1543905 |

2016-17 വർഷത്തിൽ 676466 മെട്രിക് ടൺ മത്സ്യവും 2017-18 വർഷത്തിൽ 672767 മെട്രിക് ടൺ മത്സ്യവും 2018-19 (മാർച്ച് വരെ) 194672 മെട്രിക് ടൺ മത്സ്യവും ഉൾപ്പെടെ 1543905 മെട്രിക് ടൺ മത്സ്യമാണ് സംസ്ഥാനത്തുനിന്നും ആകെ ലഭിച്ചത്.

(സി) കേരള അക്വേറിയൻ റീഫോംസ് ബിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്നത് മനസ്സിലാക്കി CMFRI-യുടെ പഠന റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന

വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും അത് കർശനമായി നടപ്പിലാക്കി അത്തരം അശാസ്ത്രീയ മത്സ്യബന്ധന രീതി ഒരു പരിധി വരെ സംസ്ഥാനത്ത് നിയന്ത്രിക്കാനും സാധിച്ചിട്ടുണ്ട്. CMFRI ഒരു കേന്ദ്ര സ്ഥാപനമാകയാൽ അവർ തയ്യാറാക്കുന്ന പഠന റിപ്പോർട്ടുകളും ശിപാർശകളും പരിഗണിക്കുവാനും നടപ്പിലാക്കുവാനും ഇതര സംസ്ഥാനങ്ങൾക്കും ബാധ്യതയുണ്ട്. 10-11-2018, 11-11-2018 എന്നീ തീയതികളിൽ എറണാകുളം CMFRI-യിൽ വച്ച് കൂടിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ ഈ വിഷയം ഗൗരവതരമായി ചർച്ച ചെയ്യുകയും CMFRI-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരള സർക്കാർ നടപ്പിൽ വരുത്തിയ മാതൃകയിൽ തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര, ഗോവ, പോണ്ടിച്ചേരി, ആന്ധ്രാപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ MLS നടപ്പിലാക്കുന്നതിന് അതാത് സംസ്ഥാനത്തെ ഫിഷറീസ് വകുപ്പുമന്ത്രിമാർ സന്നദ്ധമാണെന്ന് അറിയിക്കുകയും ധാരണയാകുകയും ചെയ്തിട്ടുണ്ട്.

**കുമ്പഴ മാർക്കറ്റ് നവീകരണം**

363 (3406) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ കുമ്പഴയിൽ മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിന് ഫിഷറീസ് വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നോ;

(ബി) ഏത് പദ്ധതിയിലാണ് കുമ്പഴ മാർക്കറ്റ് നവീകരണം ഉൾപ്പെടുത്തിയിരിക്കുന്നത്; നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 2017-18 ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ കുമ്പഴയിൽ മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനായി 341 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കി എൻ.എഫ്.ഡി.ബി.യുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമായിട്ടില്ല. ഇതുസംബന്ധിച്ച രണ്ടാംഘട്ട ചർച്ച തദ്ദേശ സ്വയംഭരണ വകുപ്പുമായി ഡിസംബർ 11-ന് നടത്തുന്നതാണ്.

**മത്സ്യമേഖലയിലെ പുതിയ നിയമനിർമ്മാണം**

364 (3407) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യലേലവും കച്ചവടവും നിയന്ത്രിക്കുവാനും മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായുള്ള നിയമനിർമ്മാണത്തിൽ മത്സ്യ കച്ചവടത്തിൽ മത്സ്യത്തൊഴിലാളിക്ക് ന്യായവില ഉറപ്പാക്കുന്ന സംവിധാനം കൊണ്ടുവരുമോ; വ്യക്തമാക്കുമോ;

(ബി) ഫിഷ് ലാൻഡിംഗ് സെന്റർ, ഫിഷിംഗ് ഹാർബർ, ഫിഷ് മാർക്കറ്റ് എന്നിവിടങ്ങളിൽ നടക്കുന്ന പ്രവൃത്തികളെ നിയന്ത്രിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥകൾ ഉണ്ടാകുമോ; വിശദമാക്കുമോ;

(സി) മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി പ്രസ്തുത നിയമത്തിൽ ഏതെല്ലാം തരത്തിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അതെ. മത്സ്യലേലം, മത്സ്യവിപണനം, ഗുണനിലവാര പരിപാലനം നിയമം പ്രാബല്യത്തിൽ വരുന്നതോടെ ലേലക്കാരുടെ ചൂഷണം ഒഴിവാക്കുവാനും ലേല പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും കഴിയും. ഇതിലൂടെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തിന് ന്യായവില ലഭ്യമാകുന്നതാണ്.

(ബി) ഉണ്ട്. മത്സ്യലേലം, മത്സ്യവിപണനം, ഗുണനിലവാര പരിപാലനം നിയമം പ്രാബല്യത്തിൽ വരുന്നതോടെ ഫിഷിംഗ് ഹാർബർ, ഫിഷ് ലാൻഡിംഗ് സെന്റർ, ഫിഷ് മാർക്കറ്റ് എന്നിവിടങ്ങളിൽ തദ്ദേശഭരണ സ്ഥാപനത്തിന്റേയും മത്സ്യഫെഡ്, ഫിഷറീസ് വകുപ്പ്, ട്രേഡ് യൂണിയൻ നേതാക്കൾ തുടങ്ങിയവയുടെ പ്രതിനിധികൾ ഉൾപ്പെട്ട ജനകീയ മാനേജ്മെന്റ് സൊസൈറ്റികൾ പ്രവർത്തനം ആരംഭിക്കുന്നതാണ്. മാനേജ്മെന്റ് സൊസൈറ്റികൾ പ്രവർത്തനക്ഷമമാകുന്നതോടെ ഇടനിലക്കാരുടെയും കമ്മീഷൻ ഏജന്റുമാരുടെയും അനാവശ്യ ഇടപെടലുകളും ചൂഷണവും ഒഴിവാക്കി ഇവിടങ്ങളിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ശുചിത്വപൂർണ്ണമായ അന്തരീക്ഷം ഉറപ്പാക്കുന്നതിനും കഴിയും.

(സി) മത്സ്യം കൈകാര്യം ചെയ്യുന്ന കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പാക്കുന്നതിനും മത്സ്യം ശീതീകരണത്തിന് ഉപയോഗിക്കുന്ന ഐസിന് ഗുണനിലവാരം ഉറപ്പാക്കുന്നതിനും കരട് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മത്സ്യോൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കി സാക്ഷ്യപത്രം നൽകുന്നതിനും കരട് നിയമം വ്യവസ്ഥ ചെയ്യുന്നു. കരട് നിയമത്തിൽ മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റികൾ രൂപീകരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനുപുറമേ മത്സ്യത്തിൽ മാരക വിഷവസ്തുക്കൾ ചേർത്ത് ഭക്ഷ്യയോഗ്യമല്ലാതാകുകയോ നിലവാര താഴ്ചയുണ്ടാക്കുകയോ ചെയ്താൽ അവർക്കെതിരെ ശിക്ഷാ നടപടിക്കും വ്യവസ്ഥയുണ്ട്.

## വയനാട് ജില്ലയിലെ മത്സ്യവിത്ത് ഉല്പാദനകേന്ദ്രം

365 (3408) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയ്ക്ക് അനുവദിച്ച മത്സ്യവിത്ത് ഉല്പാദനകേന്ദ്രത്തിന്റെ പുരോഗതി വിശദീകരിക്കാമോ ;

(ബി) ഈ കേന്ദ്രത്തിൽ നിന്നും എത്ര കർഷകർക്ക് മത്സ്യ വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജില്ലയിൽ എത്ര ഹെക്ടറിൽ മത്സ്യകൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞു എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തളിപ്പുഴ മത്സ്യവിത്ത് ഉൽപ്പാദനകേന്ദ്രം, കാരാപ്പുഴ മത്സ്യവിത്ത് ഉൽപ്പാദനകേന്ദ്രം എന്നീ 2 കേന്ദ്രങ്ങൾ വയനാട് ജില്ലയിൽ അനുവദിച്ചിട്ടുണ്ട്.

(1) തളിപ്പുഴ മത്സ്യവിത്തുൽപ്പാദന കേന്ദ്രം: തളിപ്പുഴ മത്സ്യവിത്തുല്പാദന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 160 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. നിലവിൽ 12x6m-ന്റെ 12 വെർട്ടിക്കിൾ ടാങ്കുകളും 4mx2m-ന്റെ 16 വെർട്ടിക്കിൾ ടാങ്കുകളും 2m ഡയാമീറ്ററിലുള്ള 16 സർക്കുലർ ടാങ്കുകളും ഉൾപ്പെടെ 44 ടാങ്കുകളാണ് ടി പദ്ധതിയിലുള്ളത്. മേൽപ്പറഞ്ഞ 44 ടാങ്കുകളുടെയും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ വെർട്ടിക്കൽ ടാങ്കുകളിൽ മത്സ്യക്കുഞ്ഞ് ഉൽപ്പാദനവും പരിപാലനവും നടത്തിക്കൊണ്ടിരിക്കുന്നു. കൂടാതെ ഡ്രെയിനേജ്, കിണർ, ചുറ്റുമതിൽ ഓവർഹെഡ് ടാങ്ക് എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(2) <u>കാരാപ്പുഴ മത്സ്യ വിത്തുൽപ്പാദന കേന്ദ്രം</u>:- കാരാപ്പുഴ മത്സ്യവിത്തുൽപ്പാദന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 170 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ടാങ്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) തളിപ്പുഴ മത്സ്യവിത്തുൽപ്പാദന കേന്ദ്രത്തിൽ നാളിതുവരെയായി 3,57,540 ഇന്ത്യൻ മേജർ കാർപ്പ് മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. കൂടാതെ, 2,00,000 സൈപ്രിനസ് സ്പോൺ ഈ ഹാച്ചറിയിൽ പ്രേരിത പ്രജനനം വഴി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കുന്ന റാഞ്ചിംഗ് പദ്ധതിയിൽ 3,50,000 കാർപ്പ് മത്സ്യങ്ങളെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ കക്കടവ്, പൂതാടി ഗ്രാമപഞ്ചായത്തിലെ വരദൂർ പുഴയിലും നിക്ഷേപിച്ചു. ജനകീയ മത്സ്യകൃഷി രണ്ടാംഘട്ട പദ്ധതി 2018-19 കാർപ്പ് കൃഷി പദ്ധതിയിലെ കണിയാമ്പറ്റ, പനമരം പഞ്ചായത്തുകളിലെ 17 മത്സ്യകർഷകർക്ക് 7540 മത്സ്യകുഞ്ഞുങ്ങളെ ഈ ഹാച്ചറിയിൽ നിന്നും വിതരണം ചെയ്തു. തളിപ്പുഴ ഹാച്ചറിയിൽ ഉൽപ്പാദിപ്പിച്ച 2,00,000 സൈപ്രിനസ് സ്പോൺ ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം 2018-19-ലെ പദ്ധതി പ്രകാരം മത്സ്യ വിത്ത് പരിപാലന യൂണിറ്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വൈത്തിരി, പൊഴുതന, കോട്ടത്തറ, വെങ്ങപ്പള്ളി പഞ്ചായത്തുകളിലെ 6 കർഷകർക്കും വിതരണം ചെയ്തു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യസമൃദ്ധി പദ്ധതിയുടെ അവസാനഘട്ടത്തിൽ ജില്ലയിൽ 255 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷി നടപ്പിലാക്കി. 2016-17 വർഷത്തിൽ നൂതന മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ 5 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി (ആർ.എ.എസ്.), 5 യൂണിറ്റ് കുളങ്ങളിലെ ഗിഫ്റ്റ് മത്സ്യകൃഷി, ഒരു യൂണിറ്റ് ആസാംവാള കൃഷി എന്നിവ വിജയകരമായി നടപ്പിലാക്കി. 2017-18 വർഷത്തിൽ ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടത്തിന്റെ ഭാഗമായി 155 ഹെക്ടർ ചെറിയ കുളങ്ങളിലെ മത്സ്യകൃഷി, 50 ഹെക്ടർ വലിയ കുളങ്ങളിലെ മത്സ്യകൃഷി, 29.36 ഹെക്ടർ മോഡൽ ഫിഷ് ഫാം എന്നിവ നടപ്പിലാക്കി. 2017-18 വർഷത്തിൽ ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി ജില്ലയിൽ 10 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 3 ഹെക്ടറിൽ ആസാംവാള കൃഷി, 3.1 ഹെക്ടർ കുളങ്ങളിലെ ഗിഫ്റ്റ് കൃഷി എന്നിവ നടപ്പിലാക്കി വരുന്നു. 2018-19 വർഷത്തിൽ ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടത്തിന്റെ ഭാഗമായി കാർപ്പ് കൃഷി - 25 ഹെക്ടർ, ആസാംവാള കൃഷി - 1 ഹെക്ടർ, ഫിഷ് സീഡ് റിയറിംഗ് യൂണിറ്റ്- 1 ഹെക്ടർ, പടുതാക്കുളങ്ങളിലെ കരിമീൻ കൃഷി - 10 യൂണിറ്റ്, പുനഃചംക്രമണ മത്സ്യകൃഷി (ആർ.എ.എസ്) - 1 യൂണിറ്റ്, ലൈവ് ഫിഷ് മാർക്കറ്റ് - 2 യൂണിറ്റ്, കുളങ്ങളിലെ ഗിഫ്റ്റ് കൃഷി - 1 ഹെക്ടർ , ഓർണമെന്റൽ ഫിഷ് റിയറിംഗ് ഇൻ കേജ് -1 യൂണിറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ബ്ലൂ റെവല്യൂഷൻ 2018-19 പദ്ധതിയിൽ 4 യൂണിറ്റ് ആർ.എ.എസ്. പദ്ധതി പുരോഗമിച്ചുവരുന്നു.

## ഫിഷറീസ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

366 (3409) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഫിഷറീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സ്ഥാപനം എന്ന് യാഥാർത്ഥ്യമാക്കാനാവും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ഫിഷറീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയും വയറിംഗ് പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ, കുടിവെള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ, ആവശ്യമുള്ള ജീവനക്കാരുടെ തസ്തികകൾ എന്നിവ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു.

(ബി) മേൽപ്പറഞ്ഞ നടപടികൾ പൂർത്തിയായാലുടൻ ഫിഷറീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## കായംകുളം ഫിഷിംഗ് ഹാർബറിലെ ബ്രേക്ക് വാട്ടർ സംവിധാനം

367 (3410) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഫിഷിംഗ് ഹാർബറിലെ ബ്രേക്ക് വാട്ടർ സംവിധാനം തകർന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇവിടെയുണ്ടാകുന്ന അപകടങ്ങൾ നിയന്ത്രിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ;

(ബി) 2017 ജനുവരി 1 മുതൽ 2018 ജൂലൈ 31 വരെ കായംകുളം ഫിഷിംഗ് ഹാർബറിലും അഴിമുഖത്തുമായി എത്ര അപകടങ്ങൾ നടന്നിട്ടുണ്ടെന്നും എത്ര മത്സ്യതൊഴിലാളികൾ ഇവിടെ അപകടത്തിൽ മരിച്ചിട്ടുണ്ടെന്നും വിശദീകരിക്കുമോ;

(സി) ഫിഷിംഗ് ഹാർബറിലും അഴിമുഖത്തും പ്രകാശം ലഭിക്കുന്നതിനാവശ്യമായ ഇലക്ട്രിക് ലൈറ്റുകൾ സ്ഥാപിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബ്രേക്ക് വാട്ടറിന്റെ ടിപ്പ് തകർന്നിട്ടുള്ളതിനാൽ അറ്റകുറ്റപ്പണികൾ നടത്തി പുലിമുട്ട് പുനഃസ്ഥാപിക്കുന്നതിനായി 8.44 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി നബാർഡ് RIDF XXIV-ൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, കായംകുളം ഫിഷിംഗ് ഹാർബറിനോടനുബന്ധിച്ച് ഗ്രോയിനുകൾ നിർമ്മിക്കുന്നതിന് KIIFB-യിലുൾപ്പെടുത്തി 272 ലക്ഷം രൂപയുടെ ഭരണാനുമതി തത്വത്തിൽ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ.-ന് കിഫ്ബി അംഗീകാരവും ലഭിച്ചുകഴിഞ്ഞു. അപകടങ്ങൾ ഒഴിവാക്കുന്നതിന് തകർന്ന പുലിമുട്ടിന് മുന്നിലായി ബോയ് (BUOY) സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മറൈൻ എൻഫോഴ്സിന്റെ നിരീക്ഷണവുമുണ്ട്.

(ബി) കായംകുളം പൊഴിയുടെ അഴിമുഖത്ത് 3-7-2017-ൽ അപകടം ഉണ്ടായിട്ടുണ്ട്. എന്നാൽ അഴിമുഖത്തിന്റെ ആഴക്കുറവുകൊണ്ടോ ഹാർബറിലെ മറ്റ് കാരണങ്ങൾ കൊണ്ടോ അപകടം ഉണ്ടായിട്ടില്ല. 16-8-2017-ൽ വള്ളത്തിൽ നിന്നും വാർഫിലേയ്ക്ക് കയറിയ മത്സ്യത്തൊഴിലാളി കാൽ വഴുതി വെള്ളത്തിൽ വീണ് മരണമടഞ്ഞിരുന്നു.

(സി) ഫിഷിംഗ് ഹാർബറിൽ പ്രകാശം ലഭിക്കുന്നതിനാവശ്യമായ ഇലക്ട്രിക് ലൈറ്റുകൾ നിലവിൽ സ്ഥാപിച്ചിട്ടുണ്ട്. തകരാറിലായിട്ടുള്ള ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അഴിമുഖത്ത് പ്രകാശം ലഭിക്കുന്നതിനായി വലിയഴീക്കൽ പുലിമുട്ടിൽ സിഗ്നൽ ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്.

അഴീക്കൽ പൊഴിമുഖത്ത് സിഗ്നൽ ലൈറ്റ് തകർന്ന് വീണതിനാൽ ബോട്ടുകൾക്കും വള്ളങ്ങൾക്കും ഹാർബറിനുള്ളിൽ പ്രവേശിക്കുന്നതിനായി നിലവിൽ പുലിമുട്ടിന്റെ അഗ്രഭാഗത്ത് ബോയ് (BUOY) സ്ഥാപിച്ചിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്കായി നഷ്ടപരിഹാര പാക്കേജ്**

368 (3411) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തോടനുബന്ധിച്ച് മലപ്പുറം ജില്ലയിലെ കൂട്ടായി അഴിമുഖം ഭാഗത്തുണ്ടായ അപ്രതീക്ഷിത കുത്തൊഴുക്കിൽ വള്ളിക്കുന്ന് മുതൽ പൊന്നാനി വരെയുള്ള ഭാഗങ്ങളിലെ നിരവധി മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങളും

അനുബന്ധ മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ടതുമൂലം അവർ ദുരിതം അനുഭവിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരൂർ പുഴയിലും ഭാരതപ്പുഴയിലും അപ്രതീക്ഷിതമായി ഉണ്ടായ പ്രളയത്തിൽ അവിടത്തെ നിർദ്ധനരായ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗങ്ങളെല്ലാം നഷ്ടപ്പെട്ട സാഹചര്യത്തിൽ അവർക്ക് മതിയായ നഷ്ടപരിഹാര പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 13-7-2018-ന് മലപ്പുറം ജില്ലയിൽ പൊന്നാനി, കൂട്ടായി ഭാഗങ്ങളിലുണ്ടായ അപ്രതീക്ഷിത കടൽക്ഷോഭത്തിൽ തകർന്ന മത്സ്യബന്ധന യാനങ്ങൾക്കും മത്സ്യബന്ധന ഉകരണങ്ങൾക്കും ഏകദേശം തത്തുല്യമായ നഷ്ടപരിഹാരത്തുക നൽകുന്നതിന് 7-9-2018-ൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അന്നത്തെ കടൽക്ഷോഭത്തിൽ തകർന്ന 39 യാനങ്ങൾക്ക് 2,30,74,585 രൂപ (രണ്ട് കോടി മുപ്പത് ലക്ഷത്തി എഴുപത്തി നാലായിരത്തി അഞ്ഞൂറ്റി എൺപത്തിയഞ്ച് രൂപ) നഷ്ടമുണ്ടായതായി ഫിഷറീസ് വകുപ്പിന്റെ ജില്ലാതല ഇവാല്യുവേഷൻ സമിതി ശിപാർശ ചെയ്തത് പരിശോധിച്ചുവരുന്നു. തുടർനടപടി അടിയന്തരമായി സ്വീകരിക്കുന്നതാണ്.

**കായലുകളിലെ പോളശല്യം**

369 (3412) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായലുകളിൽ വ്യാപകമായി കാണുന്ന പോളശല്യം പരിഹരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പോളശല്യം ഉൾനാടൻ മത്സ്യബന്ധനത്തിന് ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) അരൂർ മണ്ഡലത്തിലെ കായലുകളിലുള്ള പോളശല്യം പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) പോളശല്യം ഉൾനാടൻ മത്സ്യബന്ധനത്തിന് ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തുകയും ആയതനുസരിച്ച് കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഏജൻസിയായ ഫിർമ മുഖാന്തരം കുട്ടനാട് പ്രദേശങ്ങളിലെ പോളപ്പായൽ ശല്യം ഒഴിവാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. എന്നാൽ 2014-നുശേഷം കുളവാഴ നിർമ്മാർജ്ജനം സംബന്ധിച്ചുള്ള പദ്ധതികളൊന്നും ഫിഷറീസ് വകുപ്പ് മുഖാന്തരം നടപ്പാക്കുന്നില്ല. കായലുകളിൽ വ്യാപകമായി കാണുന്ന പോളശല്യം പരിഹരിക്കുന്നതിനായി നിലവിൽ പദ്ധതികളൊന്നും തന്നെ ഫിഷറീസ് വകുപ്പിൽ ആവിഷ്കരിച്ചിട്ടില്ല.

ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഇറിഗേഷൻ വകുപ്പുമായി ചേർന്ന് പ്രശ്നപരിഹാരത്തിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

**മാവേലിക്കര പാലമേൽ മത്സ്യമാർക്കറ്റ് ആധുനികവത്കരിക്കാൻ നടപടി**

370 (3413) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര പാലമേൽ മത്സ്യമാർക്കറ്റ് ആധുനികവത്കരണ നടപടികളുടെ ഭാഗമായി ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പ്രവൃത്തി എത്ര കാലയളവിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയും; ഇതിനായി ആകെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) തഴക്കര, മാവേലിക്കര നഗരസഭ മാർക്കറ്റുകൾ നവീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പാലമേൽ മത്സ്യമാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഇ.ടി.പി.യുടെ പ്രവൃത്തി ഒഴികെ ബാക്കിയുള്ളവ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി പ്രവൃത്തിക്കുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പാലമേൽ മത്സ്യമാർക്കറ്റിന്റെ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും ഫൈനൽ ബിൽ തയ്യാറാക്കി വരുന്നതേയുള്ളൂ. നാളിതുവരെ കെട്ടിട നിർമ്മാണത്തിനും ഇലക്ട്രിഫിക്കേഷനുമായി 1,01,92,919 രൂപ ചെലവായിട്ടുണ്ട്.

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 63 മത്സ്യമാർക്കറ്റ് വികസനം അടങ്ങുന്ന 193.4696 കോടി രൂപയുടെ കൺസെപ്റ്റ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം അംഗീകാരം ലഭ്യമായ ലിസ്റ്റിൽ ക്രമനമ്പർ 40 ആയി 282.31 ലക്ഷം രൂപയുടെ തഴക്കര ഗ്രാമപഞ്ചായത്തിലെ മാങ്ങാംകുഴി മത്സ്യമാർക്കറ്റ് നവീകരണവും ക്രമനമ്പർ 42 ആയി 300 ലക്ഷം രൂപയുടെ മാവേലിക്കര നഗരസഭയിലെ പുതിയകാവ് മത്സ്യമാർക്കറ്റ് നവീകരണവും ഉൾപ്പെട്ടിട്ടുണ്ട്. ഓരോ മത്സ്യമാർക്കറ്റുകളും സന്ദർശിച്ച് വിശദമായ എസ്റ്റിമേറ്റ്, പ്ലാനുകൾ, ഡ്രോയിംഗുകൾ എന്നിവ അടങ്ങിയ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതി ലഭ്യമായാലുടൻതന്നെ പദ്ധതികളുടെ ഡി.പി.ആർ കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

**മാനന്തവാടി മണ്ഡലത്തിൽ മത്സ്യ കൃഷി നാശം**

371 (3414) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ പ്രളയത്തിന്റെ ഭാഗമായി മത്സ്യ കൃഷിക്ക് നാശം സംഭവിച്ചിട്ടുണ്ടോ;

(ബി) മാനന്തവാടി മണ്ഡലത്തിലെ പ്രളയകാലത്തെ മത്സ്യ കൃഷിക്ക് നേരിട്ട നാശനഷ്ടം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന്റെ സഹായത്താൽ മത്സ്യ കൃഷി നടത്തിയ കർഷകർക്ക് പ്രളയത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) മാനന്തവാടി നിയോജകമണ്ഡലത്തിൽ പ്രളയക്കെടുതിയിൽ 762 മത്സ്യകർഷകരുടെ 41.92 ഹെക്ടർ (നാൽപ്പത്തിയൊന്ന് ഹെക്ടർ 9.2 ആർ) പ്രദേശത്തെ കൃഷിക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രളയംമൂലമുണ്ടായ കൃഷിനാശം ജില്ലാ ഓഫീസ് മുഖാന്തരം വിലയിരുത്തുകയും നാശത്തിന്റെ കണക്കുകൾ കർഷകർക്ക് ധനസഹായം ലഭ്യമാക്കുന്നതിലേയ്ക്കായി വയനാട് ജില്ലാ ഭരണകൂടത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് മഹാത്മാഗാന്ധി ദേശീയ

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കർഷകരുടെ കൃഷിയിടം നന്നാക്കുവാനുള്ള ശിപാർശയും നൽകിയിട്ടുണ്ട്. പ്രളയാനന്തരം മത്സ്യകൃഷി പുനരാരംഭിക്കുന്നതിന് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം, ബ്ലൂ റെവല്യൂഷൻ എന്നീ പദ്ധതിയിലെ വിവിധ ഘടകപദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 762 മത്സ്യകർഷകർക്ക് മത്സ്യവിത്ത് വിതരണവും ചെയ്തിട്ടുണ്ട്.

## കാട്ടാക്കടയിൽ തീരദേശവികസന കോർപ്പറേഷൻ മുഖേന മാർക്കറ്റ് നവീകരണം

372 (3415) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ പള്ളിച്ചൽ പഞ്ചായത്തിലെ നടുക്കാട്, വിളവൂർക്കൽ പഞ്ചായത്തിലെ മലയം എന്നീ മാർക്കറ്റുകൾ നവീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) തീരദേശവികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത മാർക്കറ്റുകളുടെ നവീകരണത്തിന്റെ നിലവിലെ സ്ഥിതിയും തുടർനടപടി എന്താണെന്നും വിശദമാക്കാമോ?

### ഉത്തരം

(എ&ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 63 മത്സ്യമാർക്കറ്റ് വികസനം അടങ്ങുന്ന 193.4696 കോടി രൂപയുടെ കൺസെപ്റ്റ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം അംഗീകാരം നൽകിയ ലിസ്റ്റിൽ ക്രമനമ്പർ 7 ആയി 300 ലക്ഷം രൂപയുടെ വിളവൂർക്കൽ മത്സ്യമാർക്കറ്റ് നവീകരണവും ക്രമനമ്പർ 8 ആയി 300 ലക്ഷം രൂപയുടെ പള്ളിച്ചൽ മത്സ്യമാർക്കറ്റ് നവീകരണവും ഉൾപ്പെട്ടിട്ടുണ്ട്. ഓരോ മത്സ്യമാർക്കറ്റുകളും സന്ദർശിച്ച് വിശദമായ എസ്റ്റിമേറ്റ്, പ്ലാനുകൾ, ഡ്രോയിംഗുകൾ എന്നിവ അടങ്ങിയ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതി ലഭ്യമായാലുടൻതന്നെ പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

## പിറവം മണ്ഡലത്തിൽ തീരദേശറോഡുകളുടെ നവീകരണം

373 (3416) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിറവം മണ്ഡലത്തിൽ തീരദേശറോഡുകളുടെ നവീകരണം പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുമതി നൽകിയതും, നിർമ്മാണത്തിലിരിക്കുന്നതും നിർമ്മാണം പൂർത്തിയാക്കിയതും ആയ റോഡുകളുടെ വിശദവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

ഉത്തരം

തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയിലുൾപ്പെടുത്തി സർക്കാരിൽ നിന്നും രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. രണ്ട് പ്രവൃത്തികളും നിർമ്മാണത്തിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | പഞ്ചായത്ത് | നിലവിലുള്ള അവസ്ഥ |
|---|---|---|---|
| 1. ആമ്പല്ലൂർ മുതൽ ഒരു കിലോമീറ്റർ തെക്കോട്ട് റോഡ് നിർമ്മാണം | 80.60 | ആമ്പല്ലൂർ | കരാർ വച്ച് പ്രവൃത്തി 10% പൂർത്തീകരിച്ചിട്ടുണ്ട്. |
| 2. എ. കെ. ബണ്ട് റോഡ് | 69.60 | ആമ്പല്ലൂർ | കരാർ വച്ച് പ്രവൃത്തി 10% പൂർത്തീകരിച്ചിട്ടുണ്ട്. |

## തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തികൾ

374 (3417) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ തലശ്ശേരി നിയോജക മണ്ഡലങ്ങളിൽ ഏതെല്ലാം തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതാണെന്നും ആയത് പൂർത്തീകരിക്കാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ 2016-17-ൽ 3 പദ്ധതികളിലായി 217.81 ലക്ഷം രൂപയും 2017-18-ൽ രണ്ട് പദ്ധതികളിലായി 315.10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയിട്ടുള്ള തീരദേശ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റോഡിന്റെ പേര് | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 2016-17 | | |
| 1 | ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ പരിമഠം എഫ്.എൽ.സി. റോഡിന്റെ പുനരുദ്ധാരണം. | പൂർത്തീകരിച്ചു. |
| 2 | ചൊക്ലി ഗ്രാമപഞ്ചായത്തിലെ ഒളവിലം പാത്തിക്കൽ മോന്താൽകടവ് റോഡിന്റെ പുനരുദ്ധാരണം-ഫേസ്-1 | പൂർത്തീകരിച്ചു. |
| 3 | ചൊക്ലി ഗ്രാമപഞ്ചായത്തിലെ ഒളവിലം പാത്തിക്കൽ മോന്താൽ കടവ് റോഡിന്റെ പുനരുദ്ധാരണം-ഫേസ്-2 | പൂർത്തീകരിച്ചു |
| 2017-18 | | |
| 4 | കണ്ണൂർ ജില്ലയിലെ തലായ് മത്സ്യബന്ധന തുറമുഖത്തെയും ചാലിൽ ഗോപാലപേട്ട മത്സ്യബന്ധന കേന്ദ്രത്തെയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡിന്റെ നിർമ്മാണ പ്രവൃത്തി. | 60% പൂർത്തീകരിച്ചു. |
| 5 | ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ പരിമഠം സിക്കന്തർ ക്ലബ് പ്രസ്സ് വളപ്പ് റോഡിന്റെ പുനരുദ്ധാരണം | 20% പൂർത്തീകരിച്ചു. |

(ബി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റോഡിന്റെ പേര് | പൂർത്തീകരണ കാലാവധി |
|---|---|---|
| 1 | കണ്ണൂർ ജില്ലയിലെ തലായ് മത്സ്യബന്ധന തുറമുഖത്തെയും ചാലിൽ ഗോപാലപേട്ട മത്സ്യബന്ധന കേന്ദ്രത്തെയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡിന്റെ നിർമ്മാണ പ്രവൃത്തി. | 12/18-ൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 2 | ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ പരിമഠം സിക്കന്തർ ക്ലബ് പ്രസ്സ് വളപ്പ് റോഡിന്റെ പുനരുദ്ധാരണം | 04/19-ൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

## കൊയിലാണ്ടി മണ്ഡലത്തിലെ തീരദേശ വികസന കോർപ്പറേഷൻ പ്രവൃത്തികൾ

375 (3418) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് തീരദേശ വികസന കോർപ്പറേഷൻ മുഖേന കഴിഞ്ഞ മൂന്ന് വർഷമായി കൊയിലാണ്ടി മണ്ഡലത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ, പ്രവൃത്തിയുടെ പേര്, അനുവദിച്ച തുക എന്നീ ക്രമത്തിൽ വിശദമാക്കുമോ ;

(ബി) തീരദേശ വികസന കോർപ്പറേഷന് കീഴിൽ കൊയിലാണ്ടി മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ, പ്രവൃത്തിയുടെ പേര്, അനുവദിച്ച തുക എന്നീ ക്രമത്തിൽ വിശദമാക്കാമോ;

(സി) തീരദേശ വികസന കോർപ്പറേഷൻ കൊയിലാണ്ടി മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റാണ് നിലവിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്; എസ്റ്റിമേറ്റ് തുക സഹിതം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി മണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഫിഷറീസ് വകുപ്പ് തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ പൂർത്തീകരിച്ചുവരുന്നതേയുള്ളൂ.

(ബി) തീരദേശ വികസന കോർപ്പറേഷന് കീഴിൽ കൊയിലാണ്ടി മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | അനുവദിച്ച തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2015-16 സാമ്പത്തിക വർഷം | | | | |
| 1 | ഗവൺമെന്റ് മാപ്പിള ഹയർ സെക്കണ്ടറി സ്കൂൾ, കൊയിലാണ്ടി- അക്കാദമിക് ബ്ലോക്ക് നിർമ്മാണം | 375.00 | 138.875 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 2016-17 സാമ്പത്തിക വർഷം | | | | |
| 2 | ജി.ആർ.എഫ്.ടി.എച്ച്. എസ്. കൊയിലാണ്ടി സ്മാർട്ട് ക്ലാസ്സ് റൂം നവീകരണം | 7.00 | 7.00 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 3 | ജി.എം.വി.എച്ച്.എസ്. എസ്. കൊയിലാണ്ടി ഗ്രൗണ്ട് നവീകരണം, സ്പോർട്സ് കിറ്റ് വിതരണം | 3.00 | 3.00 | പദ്ധതി പ്രാരംഭ ഘട്ടത്തിൽ |
| 2017-18 സാമ്പത്തിക വർഷം | | | | |
| 4 | പി.എച്ച്.സി. പയ്യോളി, പുതിയ കെട്ടിട നിർമ്മാണം | 141.00 | 70.5 | പദ്ധതി പുരോഗമിച്ചു വരുന്നു. |

(സി) തീരദേശ വികസന കോർപ്പറേഷൻ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 294.72 കോടി രൂപയുടെ 71 സ്കൂൾ നവീകരണം

193.4696 കോടി രൂപയുടെ 63 മത്സ്യമാർക്കറ്റ് വികസനം എന്നിവ അടങ്ങുന്ന കൺസെപ്റ്റ് നോട്ട് റഫ് കോസ്റ്റ് എസ്റ്റിമേറ്റിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ കൊയിലാണ്ടി മണ്ഡലത്തിലെ താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | സർക്കാർ ഉത്തരവിലെ ക്രമ നമ്പർ | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|---|
| സ്കൂൾ നവീകരണം | | | |
| 1 | ജി.എഫ്.എൽ.എസ്., കോരപ്പുഴ | 42 | 321.00 |
| 2 | ജി.എഫ്.യു.പി.എസ്., കൊയിലാണ്ടി | 43 | 180.00 |
| മത്സ്യമാർക്കറ്റ് വികസനം | | | |
| 3 | കൊയിലാണ്ടി, മത്സ്യമാർക്കറ്റ് | 55 | 499.56 |

**തലായ് മത്സ്യബന്ധന തുറമുഖത്ത് അഡീഷണൽ വാർഫ് നിർമ്മാണം**

376 (3419) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ തലായ് മത്സ്യബന്ധന തുറമുഖം - ഗോപാൽ പേട്ട ഭാഗത്ത് അഡീഷണൽ വാർഫ് നിർമ്മിക്കുന്നത് സംബന്ധിച്ച് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ഉള്ളത് എന്നും ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2018-19 വർഷത്തെ പദ്ധതി നിർദ്ദേശപ്രകാരം ഫിഷറീസ് വകുപ്പിന് ഹാർബർ, ലാൻഡിംഗ് സെന്റർ എന്നിവ നിർമ്മിക്കുന്നതിന് തുകയൊന്നും

വകയിരുത്തിയിട്ടില്ല. എന്നിരുന്നാലും തലശ്ശേരി നിയോജക മണ്ഡലത്തിലെ തലായ് മത്സ്യബന്ധന തുറമുഖത്തിൽ അഡീഷണൽ വാർഫ് നിർമ്മിക്കുന്നതിനുള്ള ചീഫ് എഞ്ചിനീയറുടെ പ്രോജക്ട് പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

## പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ

377 (3420) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള സി.ഡബ്ല്യൂ.പി.ആർ.എസ്.-ന്റെ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) അപ്രകാരം അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സി.ഡബ്ല്യൂ.പി.ആർ എസ്.-ന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് എപ്പോൾ ലഭിക്കുമെന്നും സമയബന്ധിതമായി റിപ്പോർട്ട് ലഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊല്ലം പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായി താഴെപ്പറയുന്ന പഠനങ്ങൾ നടത്തുന്നതിനാണ് സി.ഡബ്ല്യൂ.പി.ആർ.എസ്.നെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

1. Mathematical model study for hydrodynamics and sedimentation
2. Mathematical model studies for shore line changes
3. Mathematical model studies for wave tranquility
4. Geotechnical stability studies for breakwaters
5. Desk and wave flume studies for the design of breakwaters.

മേൽ പരാമർശിച്ച അഞ്ച് പഠനങ്ങളിൽ 1 മുതൽ 3 വരെയുള്ള പഠന റിപ്പോർട്ട് സി.ഡബ്ല്യൂ.പി.ആർ.എസ്.-ൽ നിന്നും ലഭിച്ചിട്ടുണ്ട്. മറ്റ് രണ്ട് പഠനങ്ങളുടെ റിപ്പോർട്ട് ലഭിക്കുവാനുണ്ട്.

(ബി) സി.ഡബ്ല്യൂ.പി.ആർ.എസ്.-ൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) സി.ഡബ്ല്യൂ.പി.ആർ.എസ്.-ൽനിന്നും ലഭിച്ച പഠന റിപ്പോർട്ടിന്മേൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അഭിപ്രായം അറിയിച്ചിട്ടുണ്ട്. വകുപ്പിൽ നിന്നും നൽകിയിട്ടുള്ള അഭിപ്രായക്കുറിപ്പുകൾക്കൂടി പഠന ഏജൻസി അവലോകനം ചെയ്ത് തുടർ പഠനം നടത്തിയശേഷം മാത്രമേ സി.ഡബ്ല്യൂ.പി.ആർ.എസ്.ൽ നിന്നും അന്തിമ റിപ്പോർട്ടുകൾ ലഭിക്കുകയുള്ളൂ. സി.ഡബ്ല്യൂ.പി.ആർ.എസ്. അധികൃതരുമായി ബന്ധപ്പെട്ട് അന്തിമ റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചെല്ലാനം മിനി ഫിഷിംഗ് ഹാർബർ**

378 (3421) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. 2015-ൽ ഉൾപ്പെടുത്തിയ ചെല്ലാനം മിനി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എത്ര തുകയുടെ ഭരണാനുമതി ലഭിച്ചു എന്നും പുലിമുട്ട് നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്നും എത്ര തുക ചെലവായി എന്നും വ്യക്തമാക്കുമോ;

(സി) പദ്ധതിയിലെ മറ്റു ഘടകങ്ങളായ ലേലപ്പുര, അപ്രോച്ച് റോഡ്, ലോക്കർ റൂം എന്നിവയുടെ നിർമ്മാണങ്ങളുടെ എസ്റ്റിമേറ്റ് തുക എത്ര എന്നും ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പ് സംബന്ധിച്ച 4-9-2013-ലെ ജി.ഒ(ആർ.റ്റി)537/2013/ആർ.സി, 11-9-2015-ലെ ജി.ഒ(ആർ.റ്റി) 750/2015/മുവ ഉത്തരവുകൾ പ്രകാരം നാളിതുവരെ സ്വീകരിച്ച നടപടികൾ എന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. XV പ്രകാരം രണ്ടാംഘട്ട വികസന പ്രവൃത്തികൾക്ക് 2990 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

നബാർഡ് XV-ന്റെ കാലാവധി അവസാനിക്കുന്നതിനുമുൻപ് സ്ഥലം ലഭ്യമാകാത്തതിനാൽ ഹാർബറിന്റെ ബാക്കി നിർമ്മാണ പ്രവൃത്തികൾ ചെയ്യാൻ സാധിച്ചില്ല. 2017-18 സാമ്പത്തിക വർഷത്തിൽ നബാർഡ് പദ്ധതിയിൽ

(RIDF XXIII) ഉൾപ്പെടുത്തി ചെല്ലാനം ഫിഷറി ഹാർബറിന്റെ ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിന് 1037.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയായി സ്ഥലം ലഭ്യമായാൽ ഒന്നര വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

(ബി) എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 5 കോടി രൂപയുടെയും രണ്ടാംഘട്ട വികസന പ്രവൃത്തികൾക്ക് നബാർഡ് RIDF XV-ൽ ഉൾപ്പെടുത്തി 29.90 കോടി രൂപയുടെയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ഒന്നും രണ്ടും ഘട്ടങ്ങളിലായി ആകെ 2548.29 ലക്ഷം രൂപ ചെലവിൽ വടക്കേ പുലിമുട്ട് 150 മീറ്ററും തെക്കേ പുലിമുട്ട് 570 മീറ്ററും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പദ്ധതിയിലെ മറ്റു ഘടകങ്ങളായ ലേലപ്പുര, വാർഫ് എന്നിവയുടെ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക 600 ലക്ഷം രൂപയാണ്. ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡ്, കൾവർട്ട് എന്നിവയുടെ എസ്റ്റിമേറ്റ് തുക 120 ലക്ഷം രൂപയാണ്. പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയായി സ്ഥലം ലഭ്യമായാൽ ഒന്നര വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

(ഡി) 4-9-2013-ലെ സ.ഉ. (സാധാ.)5371/13/റവ. നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയിലെ അനുബന്ധ ഘടകങ്ങളുടെ നിർമ്മാണത്തിനായി നെഗോഷ്യബിൾ പർച്ചേസ് പ്രകാരം 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് ഉത്തരവായിരുന്നു.

11-9-2015-ലെ സ.ഉ. (സാധാ.)750/15/മ. തു.വ. ഉത്തരവ് പ്രകാരം ടി പദ്ധതിക്ക് 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി 10 കോടി രൂപയുടെ ഭരണാനുമതി നൽകി. എന്നാൽ പ്രദേശവാസികളുടെ സമ്മതപത്രം ലഭിക്കാത്തതിനാൽ നെഗോഷ്യബിൾ പർച്ചേസിലൂടെ സ്ഥലമെടുപ്പ് നടത്തുവാൻ സാധിച്ചില്ല.

ഹാർബറിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ പുതിയ അലൈൻമെന്റ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് 13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുക 16-3-2018-ൽ എറണാകുളം സ്പെഷ്യൽ തഹസീൽദാരുടെ (ലാൻഡ് അക്വിസിഷൻ) അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് ആർ.ആർ. പാക്കേജിൽ (Rehabilitation and Resettlement Package) ഉൾപ്പെടുത്തി ജില്ലാ കളക്ടർ സമർപ്പിച്ച അപേക്ഷയ്ക്ക് ലാൻഡ് റവന്യൂ കമ്മീഷണർ അനുമതി നൽകി. വില്ലേജ് ആഫീസർ ഡ്രാഫ്റ്റ് ഡിക്ലറേഷൻ തയ്യാറാക്കി തഹസീൽദാർ, കളക്ടർ വഴി ലാൻഡ് റവന്യൂ കമ്മീഷണറുടെ അനുമതി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കണ്ണൂർ പാലക്കോട് പുഴയുടെ അഴിമുഖത്ത് പുലിമുട്ട്**

379 (3422) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാലക്കോട് പുഴയുടെ അഴിമുഖത്ത് മണൽ അടിയുന്നത് കാരണം മണൽതിട്ടയിൽ തട്ടി അപകടങ്ങൾ ഇടയ്ക്കിടെ ഉണ്ടാവുന്നതും മത്സ്യബന്ധനയാനങ്ങൾ കരയ്ക്ക് അടുപ്പിക്കാൻ കഴിയാത്തതും കണക്കിലെടുത്ത് ഇത് ഒഴിവാക്കുന്നതിന് പുലിമുട്ട് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച് പഠനം നടത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിൽ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) പാലക്കോട് കടപ്പുറത്തിനും ചൂട്ടാട് കടപ്പുറത്തിനും ഇടയിൽ ഏകദേശം 500 മീറ്റർ നീളത്തിലും 150 മീറ്റർ വീതിയിലും മണൽതിട്ട രൂപപ്പെട്ടിട്ടുണ്ട്. ഈ മണൽതിട്ട നീക്കം ചെയ്യേണ്ടതും പുലിമുട്ട് നിർമ്മിച്ച് നദിയുടെ ഒഴുക്ക് നേരെയാക്കി ബോട്ടുകൾക്കും വള്ളങ്ങൾക്കും കടലിലേയ്ക്ക് സുഗമമായി പോകുന്നതിനും എഫ്.എൽ.സി.യിലേക്ക് പ്രവേശിക്കേണ്ടതും അനിവാര്യമാണ്. ടി പ്രദേശത്തുനിന്നും ഏകദേശം 2 കിലോ മീറ്റർ മാറി എതിർഭാഗത്ത് തെക്ക് കിഴക്കായിട്ടാണ് പുതിയങ്ങാടി എഫ്.എൽ.സി. സ്ഥിതി ചെയ്യുന്നത്. ടി. എഫ്.എൽ.സി. ഹാർബർ ആക്കി ഉയർത്തണമെന്ന ആവശ്യത്തിന്റെ ഭാഗമായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്.

(ബി) സാദ്ധ്യതാപഠനം നടത്തണമെന്നാവശ്യപ്പെട്ട് ബഹു. എം.എൽ.എ., ഫിഷറീസ് വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനം പരിശോധിച്ചുവരുന്നു.

**കായംകുളം മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ**

380 (3423) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന 17 റോഡ് പ്രവൃത്തികൾക്കായി 761.62 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം

381 (3424) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-6-2018-ന് ഫിഷറീസ് വകുപ്പ് മന്ത്രി വിളിച്ച ചേർത്ത യോഗ തീരുമാന പ്രകാരം കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമാണത്തിനായുള്ള വിശദമായ എസ്റ്റിമേറ്റ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) 20-6-2018-ന് ഫിഷറീസ് വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗ തീരുമാന പ്രകാരം കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചൂട്ടാട് മഞ്ച ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നവീകരണ പ്രവൃത്തിക്കായി സമർപ്പിച്ച 92.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

## വൈപ്പിൻ ഫിഷിംഗ് ഹാർബറിലേക്കുള്ള അപ്രോച്ച് റോഡിനായി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി

382 (3425) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഫിഷിംഗ് ഹാർബറിലേയ്ക്കുള്ള അപ്രോച്ച് റോഡിനായി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ഏതുവരെയായെന്ന് വിശദമാക്കാമോ; സ്ഥലമേറ്റെടുക്കുന്നതിനായി ലാൻഡ് അക്വിസിഷൻ വിഭാഗത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തികരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിലേയ്ക്കുള്ള അപ്രോച്ച് റോഡിനും പാർക്കിംഗ് ഏരിയയ്ക്കുംവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് 251.04 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്കായി ഫണ്ട് ലഭ്യമാക്കണമെന്ന് ജില്ലാ കളക്ടറും സ്പെഷ്യൽ തഹസീൽദാരും ആവശ്യപ്പെട്ടതനുസരിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തീരദേശ വികസനം**

383 (3426) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുന്ന ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഈ പാക്കേജിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) കായംകുളം ഫിഷിംഗ് ഹാർബറിലെ അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 17 റോഡുകൾക്കായി 710.4 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നത്. റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2018 ആഗസ്റ്റിലെ പ്രളയക്കെടുതിയെത്തുടർന്ന് ഹാർബറിൽ അടിഞ്ഞു കൂടിയ മണ്ണ് നീക്കുന്നതിനും സ്ലൂക്ച്ചേഴ്സിനുണ്ടായ അറ്റകുറ്റപ്പണികൾക്കും തീരദേശ റോഡുകളുടെ പുനർനിർമ്മാണത്തിനുമായി 252.65 കോടി രൂപ കണക്കാക്കിയിട്ടുണ്ട്. തുടർന്ന് വിവിധ ഫിഷിംഗ് ഹാർബറുകളിലും ഫിഷ് ലാൻഡിംഗ് സെന്ററിലുമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും പുനർ നിർമ്മിക്കുന്നതിനുമായി ബ്ലൂ റെവല്യൂഷനിൽ ഉൾപ്പെടുത്തി കേന്ദ്ര ധനസഹായം ലഭ്യമാകുന്നതിനായി 188.55 കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്:

| | |
|---|---|
| 1 | മൂന്നാംമൂട്-മരുളൂർകുളങ്ങര മുസ്ലീം പള്ളി റോഡ് (കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി) |
| 2 | കായിക്കാട്ട് മുക്ക്-ചൂളൂരേത്തുമുക്ക് റോഡ് (കരുനാഗപ്പള്ളി നഗരസഭയിൽ 35-ാം ഡിവിഷൻ) |
| 3 | മാങ്ങാട്ടേത്ത് ജംഗ്ഷൻ -മാവിലശ്ശേരി റോഡ് (കരുനാഗപ്പള്ളി നഗരസഭയിലെ 22-ാം ഡിവിഷൻ) |
| 4 | പടന്നയിൽ മുക്ക് -കൊന്നത്തേരിൽമുക്ക് റോഡ് (ക്ലാപ്പന പഞ്ചായത്ത്) |
| 5 | പിണറുംമൂട്ടിൽ -ഇളാശ്ശേരി റോഡ് (ക്ലാപ്പന പഞ്ചായത്ത്) |

(ഡി) കായംകുളം ഫിഷിംഗ് ഹാർബറിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ 30 ടൺ ബ്ലോക്ക് ഐസ് പ്ലാന്റ്, 10 ടൺ ഐസ് സ്റ്റോർ റൂം, 10 ടൺ ചിൽഡ് റൂം എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി- 269.50 ലക്ഷം.

2. കായംകുളം അഴീക്കൽ 40 ടൺ ഐസ് പ്ലാന്റിന്റെ ജനറേറ്റർ, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ടെമ്പററി ഷെഡിന്റെ നിർമ്മാണം - 269.50 ലക്ഷം.

3. കായംകുളം ഫിഷിംഗ് ഹാർബർ മെയിന്റനൻസ് ഡ്രഡ്ജിംഗ് -130 ലക്ഷം.

4. വലിയഴീക്കൽ ഫിഷ് ലാൻഡിംഗ് സെന്ററിലെ അഡീഷണൽ ഡ്രഡ്ജിംഗ് -50 ലക്ഷം.

കൂടാതെ ഹാർബറിലെ മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായിട്ടുള്ള റോഡ്, യാർഡിന്റെ മെയിന്റനൻസ്, ബിൽഡിംഗ് മെയിന്റനൻസ് പ്രവൃത്തികൾക്കായി 50.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ കായംകുളം ഫിഷിംഗ് ഹാർബറിന്റെ പുലിമുട്ട് നിർമ്മാണത്തിന് 272 ലക്ഷം രൂപയുടെ പദ്ധതിക്ക് KIIFB യിലുൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്.

**ചെങ്ങന്നൂർ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി മേഖലയിലെ പ്രവൃത്തികൾ**

384 (3427) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന ചെന്നിത്തലയിൽ ഹാർബർ എൻജിനിയറിംഗ് നിർവ്വഹണം നടത്തുന്ന മത്സ്യത്തൊഴിലാളി മേഖലയിലെ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രളയാനന്തര നിർമ്മിതിയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിവരിക്കാമോ ?

ഉത്തരം

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട ചെന്നിത്തലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിലുൾപ്പെടുത്തി രണ്ട് റോഡ് പ്രവൃത്തികൾക്കായി 111.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

- ചെന്നിത്തല ഗ്രാമപഞ്ചായത്തിലെ കോയിപ്പുറത്തുപടി മുതൽ പെരുമ്പുഴ കടവുഭാഗംവരെയുള്ള റോഡ് നിർമ്മാണത്തിനായി 47 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ടാറിംഗ് ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

- ചെന്നിത്തല ഗ്രാമ പഞ്ചായത്തിലെ ഫിഷർമെൻ കോളനി റോഡിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണത്തിനായി 64 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇതിൽ 30% പ്രവൃത്തി പൂർത്തീകരിച്ചിട്ടുമുണ്ട്.

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പ്രളയത്തിൽ നാശം സംഭവിച്ച മത്സ്യബന്ധനോപകരണങ്ങളുടെ നഷ്ടം കണക്കാക്കി കേന്ദ്ര സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മത്സ്യകൃഷി മേഖലയിലുണ്ടായിട്ടുള്ള നഷ്ടം നികത്തി വീണ്ടും കൃഷി ആരംഭിക്കുന്നതിന് തയ്യാറാക്കിയ പാക്കേജിൽ കൂട് മത്സ്യകൃഷി, കല്ലുമ്മേക്കായ് കൃഷി എന്നിവയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഗുണഭോക്താക്കളാകാൻ കഴിയും. ഇതിനുപുറമേ സർക്കാർ നടപ്പാക്കുന്ന 'മുറ്റത്തൊരു മീന്തോട്ടം' പദ്ധതിയിലൂടെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കും. ഉൾനാടൻ മത്സ്യബന്ധനം വർദ്ധിപ്പിക്കുന്നതിന് കേജ് ഫാമിംഗ് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## കടലുണ്ടിക്കടവ് ഫിഷ് ലാൻറിംഗ് സെന്റർ പുനരുദ്ധാരണം

385 (3428) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനിയറിംഗ് മുഖേന പുനരുദ്ധാരണത്തിനായി തെരഞ്ഞെടുത്ത റോഡുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ആരെല്ലാം അപേക്ഷകൾ നൽകിയിട്ടുണ്ട്; അവരുടെ പേരു വിവരങ്ങൾ നൽകാമോ;

(ബി) വള്ളിക്കുന്ന് തീരദേശമേഖലയിലെ കടലുണ്ടിക്കടവ് ഫിഷ് ലാൻറിംഗ് സെന്റർ പുനരുദ്ധരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) തീരദേശ മേഖലയിലെ കുടിവെള്ള പ്രശ്ന പരിഹാരത്തിനായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ; ഏതൊക്കെ ഏജൻസി മുഖേനയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് മുഖേന പുനരുദ്ധാരണത്തിനായി തെരഞ്ഞെടുത്ത റോഡുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വള്ളിക്കുന്ന് റിവർ മൗത്ത് എഫ്.എൽ.സി. (കടലുണ്ടി കടവ് എഫ്.എൽ.സി.) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 46 ലക്ഷം രൂപയ്ക്ക് പൂർത്തീകരിച്ചു.

(സി) തീരദേശ മേഖലയിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായി 2007-08 മുതൽ 2015-16 വരെ വിവിധ പദ്ധതികളിലുൾപ്പെടുത്തി 100.05 കോടി രൂപ അടങ്കൽ വരുന്ന 118 പദ്ധതികൾ നടപ്പാക്കിവരുന്നു. ഇതിൽ 95 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ കോഴിക്കോട് ജില്ലയിലെ അഴിയൂർ ഗ്രാമപഞ്ചായത്തിലെ ചോമ്പാല മുതൽ പൂഴിത്തല വരെയുള്ള (വാർഡ് 13, 14, 15, 16) വാർഡുകളിൽ കുടിവെള്ള പ്രശ്ന പരിഹാരത്തിനായി 15 ലക്ഷം രൂപയുടെയും കണ്ണൂർ, മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ മാട്ടൂൽ – മടക്കര മുനമ്പ് കുടിവെള്ള പദ്ധതിക്ക് 17.7 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതികൾ കേരള സംസ്ഥാന വാട്ടർ അതോറിറ്റി മുഖേനയാണ് നടപ്പാക്കുന്നത്.

## പുതിയങ്ങാടിയിൽ ആധുനിക രീതിയിലുള്ള ഐസ് പ്ലാന്റ്

386 (3429) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ നിലവിലുള്ള ഉപയോഗ ശൂന്യമായ ഐസ് പ്ലാന്റിനു പകരം ആധുനിക രീതിയിലുള്ള ഐസ് പ്ലാന്റ് നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ ഉപയോഗശൂന്യമായ ഐസ് പ്ലാന്റ് പൊളിച്ച് നീക്കി പുതിയ ഐസ് പ്ലാന്റ് നിർമ്മിക്കുന്നതിന് 190 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിരുന്നു. എന്നാൽ ഓരോ പ്രദേശത്തെയും മത്സ്യലഭ്യതയും ആവശ്യമായ ശീതികരണ സംവിധാനങ്ങളുടെയും ഐസ് പ്ലാന്റിന്റെയും സാദ്ധ്യതയും ഉൾപ്പെടുത്തി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയതനുസരിച്ച് മത്സ്യഫെഡ് പ്രൊപ്പോസൽ തയ്യാറാക്കിവരികയാണ്.

## വയനാട് ജില്ലയിലെ കശുമാവ് കൃഷി

387 (3430) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വിശദീകരിക്കാമോ;

(ബി) ഇല്ലെങ്കിൽ ജില്ലയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മുൻവർഷങ്ങളിൽ കെ.എസ്.എ.സി.സി. പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ് എന്നീ പദ്ധതികൾ വഴി കർഷകർക്ക് സൗജന്യമായി ഗ്രാഫ്റ്റ് തൈകൾ നൽകിയിരുന്നു. കൂടാതെ കശുമാവ് കൃഷിയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികളും നടത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ജില്ലയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി പരസ്യങ്ങൾ കൊടുത്തിരുന്നു. കൂടാതെ 9-1-2018-ന് മാനന്തവാടിയിൽവച്ച് കർഷകർക്കായി പരിശീലന പരിപാടി സംഘടിപ്പിക്കുകയും പ്രസ്തുത പരിപാടിയിൽ 60-ൽപരം കർഷകർ പങ്കെടുക്കുകയും ചെയ്തു. ഈ വർഷം കെ.എസ്.എ.സി.സി. 38,850 കശുമാവ് ഗ്രാഫ്റ്റ് തൈകൾ വയനാട് ജില്ലയിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

## കശുവണ്ടി ഫാക്ടറികളിലെ തൊഴിൽ ദിനങ്ങൾ

388 (3431) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കാപ്പക്സ് നിയന്ത്രണത്തിലുള്ള കശുവണ്ടി ഫാക്ടറികളിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രതിവർഷം ശരാശരി എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്; കഴിഞ്ഞ സർക്കാരിന്റെ കാലത്തെ തൊഴിൽ ദിനങ്ങളുടെ പ്രതിവർഷ ശരാശരി എത്രയായിരുന്നു; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ വർഷം കാപ്പെക്സിൽ 2018 ജനവരി മുതൽ 2018 നവംബർ 30 വരെ 156 തൊഴിൽദിനങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ ഭരണ കാലത്ത് കാപെക്സിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞ തൊഴിൽ ദിനങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തൊഴിൽ ദിനങ്ങൾ |
|---|---|
| 2016 | 165 |
| 2017 | 178 |
| 2018 നവംബർ 30 വരെ | 156 |
| | |

കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് നൽകിയ പ്രതിവർഷ ശരാശരി തൊഴിൽ ദിനങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തൊഴിൽ ദിനങ്ങൾ |
|---|---|
| 2011 | 136 |
| 2012 | 274 |
| 2013 | 211 |
| 2014 | 246 |
| 2015 | 192 |

**നാടൻ മത്സ്യങ്ങളുടെ വംശനാശം**

389 (3432) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലാശയങ്ങളിലെ നാടൻ മത്സ്യങ്ങൾക്ക് വംശനാശം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ഫിഷറീസ് സർവ്വകലാശാലയുമായി ചേർന്ന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് 2010-ൽ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും നിയമം ഏകീകൃത രൂപത്തിൽ സംസ്ഥാനത്തൊട്ടാകെയായി നടപ്പിൽ വരുത്തിയിട്ടുണ്ട്. മാത്രവുമല്ല തദ്ദേശ മത്സ്യങ്ങളുടെ പ്രജനന, നഴ്സറി കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് അവയുടെ സംരക്ഷണം സാദ്ധ്യമാക്കുന്നതിനായി അത്തരം പ്രദേശങ്ങൾ സംരക്ഷിത മത്സ്യ സങ്കേതങ്ങളായി പ്രഖ്യാപിച്ച് പരിപാലനം നടത്തുന്നതിനായി വ്യവസ്ഥകൾ 2010-ലെ പുതിയ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ മത്സ്യങ്ങളുടെ വംശനാശം തടയുന്നത് ലക്ഷ്യമിട്ടുകൊണ്ട് ഉൾനാടൻ ജലാശയങ്ങളിൽ കൃത്രിമ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനായി മത്സ്യ സങ്കേതം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം കൊല്ലം, കോട്ടയം എന്നീ ജില്ലകളിലേയ്ക്കായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മത്സ്യശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന തനത് മത്സ്യയിനങ്ങളുടെ സമ്പത്ത് ഉൾനാടൻ ജലാശയങ്ങളിൽ പുനഃസ്ഥാപിക്കുന്നതിനായി അത്തരം മത്സ്യയിനങ്ങളുടെ കുഞ്ഞുങ്ങളെ പൊതു ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന റാഞ്ചിംഗ് പദ്ധതി ഫിഷറീസ് വകുപ്പ് കഴിഞ്ഞ കുറേ വർഷങ്ങളായി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. നടപ്പ് സാമ്പത്തിക വർഷം (2018-19) ഈ ആവശ്യത്തിനായി 296 ലക്ഷം രൂപ അനുവദിക്കുകയും ആയത് നടപ്പിലാക്കുന്നതിനായി വിവിധ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുമുണ്ട്.

(സി) കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ ധനസഹായത്തോടെ പ്രളയാനന്തരം കേരളത്തിലെ നദികളിലെ മത്സ്യസമ്പത്തിനെക്കുറിച്ച് കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല പഠനം നടത്തിവരുന്നുണ്ട്. കേരള

ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല ATREE (അശോകാ ട്രസ്റ്റ് ഫോർ റിസർച്ച് ഇൻ ഇക്കോളജി & എൻവയോൺമെന്റ്) എന്ന സംഘടനയുമായി ചേർന്ന് വേമ്പനാട്ട് കായലിലെ മത്സ്യ സമ്പത്തിനെക്കുറിച്ചും കേരള കാർഷിക സർവ്വകലാശാലയുമായി സഹകരിച്ച് കോൾ പാടങ്ങളിലെ മത്സ്യ സമ്പത്തിനെക്കുറിച്ചും പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നാടൻ വരാൽ, നാടൻ മുഷി, തൊണ്ണൻവാള, പൂവാലിപ്പരൽ എന്നീ മത്സ്യങ്ങളുടെ കൃത്രിമ പ്രജനനത്തിലൂടെ ഉൽപ്പാദിപ്പിച്ച കുഞ്ഞുങ്ങളെ വരും വർഷങ്ങളിൽ കൂടുതൽ എണ്ണം ഉൽപ്പാദിപ്പിക്കുന്നതിനായി സർവ്വകലാശാലയുടെ പൊരുന്ന മത്സ്യക്കുളങ്ങളിൽ (Brood Banks) നിക്ഷേപിച്ച് പരിപാലിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2018 ഡിസംബർ 10, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 174 - നമ്പർ 10

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2018 ഡിസംബർ 10, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

732/2020.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1.വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

**II റിപ്പോർട്ട് സമർപ്പണം** .. 10

പ്രിവിലേജസ്,എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ..

**III ധനകാര്യം** .. 11

2018-2019 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും ..

(അവതരണാനുമതി നിഷേധിച്ചു)

**IV അനുബന്ധം I, II, III,**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

*2018 ഡിസംബർ 10, തിങ്കൾ*

വാല്യം 174] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2018 ഡിസംബർ മാസം 10-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

( ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ ശബരിമലയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനാജ്ഞ പിൻവലിക്കണമെന്നാവശ്യപ്പെട്ടും സഭാകവാടത്തിനുമുന്നിൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്ന എം.എൽ.എ. മാർക്ക് അഭിവാദ്യം അർപ്പിച്ചും യു.ഡി.എഫ്. അംഗങ്ങൾ പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുന്നിൽവന്ന് മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: ഓർഡർ..... ഓർഡർ.....

*241-ാം നമ്പർ ചോദ്യവുമായി *244, *259, *261 എന്നി നമ്പർ ചോദ്യങ്ങൾ ക്ലബ് ചെയ്യുന്നതിനായി സർവ്വശ്രീ പി. കെ. അബ്ദു റബ്ബ്, വി. ജോയി, രാജു എബ്രഹാം എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്. നാല് ചോദ്യങ്ങൾക്കും ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്ക് ഒന്നിച്ച് മറുപടി നൽകാവുന്നതാണ്

**തീരദേശപാതയുടെയും മലയോര ഹൈവേയുടെയും നിർമ്മാണം**

1(*241) <u>ശ്രീ. ജോർജ് എം. തോമസ് :</u>
<u>ശ്രീ. റ്റി. വി. രാജേഷ് :</u>
<u>ശ്രീ. കെ. ദാസൻ :</u>
<u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയ്ക്ക് സമാന്തരമായി കിഫ്ബി ഫണ്ടുപയോഗിച്ച് തീരദേശപാതയും മലയോര ഹൈവേയും നിർമ്മിക്കാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) നന്ദാരപ്പടവ് മുതൽ പാറശ്ശാല വരെയുള്ള 1200 കിലോമീറ്റർ മലയോര ഹൈവേയുടെ അലൈൻമെന്റിന് അംഗീകാരമായോ; എത്ര കിലോമീറ്റർ റോഡിനാണ് കിഫ്ബി അംഗീകാരം ലഭിച്ചത്; റോഡ് വികസനത്തിനുള്ള ഭൂമി ലഭ്യമായിട്ടുണ്ടോ;

(സി) അറുനൂറ്റി അമ്പത്തിയാറ് കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശപാതയ്ക്ക് സ്ഥലലഭ്യതയുടെ പ്രശ്നം പരിഹരിക്കാൻ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ; തീരദേശപാതാ വികസനവുമായി ബന്ധപ്പെട്ട് നാറ്റ്പാക് തയ്യാറാക്കിയ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ അറിയിക്കാമോ;

(ഡി) കിഫ്ബി പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ; ഇതിനായി വകുപ്പിന് കീഴിലുള്ള എസ്.പി.വി.കളെ ശക്തിപ്പെടുത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഇ) ദേശീയപാത നാലുവരിയാക്കുന്നതിനുള്ള പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, നാല് ചോദ്യങ്ങളാണ് പതിനാറ് പേർ ചോദിച്ചിട്ടുള്ളത്. വിശദമായി സംസാരിക്കാൻ സമയമില്ലാത്തതിനാൽ മറുപടികൾ മൊത്തം മേശപ്പുറത്തുവച്ചുകൊണ്ട് * പ്രധാനപ്പെട്ട രണ്ടുമൂന്ന് വാചകങ്ങൾ മാത്രം പറയുകയാണ്.

ദേശീയപാതയ്ക്ക് സമാന്തരമായി 1261 കി.മീ. ദൈർഘ്യത്തിൽ മലയോര ഹൈവേയും 660 കി.മീറ്റർ ദൈർഘ്യത്തിൽ തീരദേശ ഹൈവേയും നിർമ്മിക്കാനായി രണ്ടര വർഷമായി സർക്കാർ സത്വരനടപടികൾ സ്വീകരിച്ചുവരികയാണ്. രണ്ടിനുംകൂടി പതിനായിരം കോടി രൂപയാണ് കിഫ്ബി വഴി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ മലയോര ഹൈവേയുടെ നാല് റീച്ചുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 17 റീച്ചുകളുടെ ടെണ്ടറിലേയ്ക്ക് ഈ മാസം കടക്കാനുള്ള സാദ്ധ്യതയുണ്ട്. വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ 8 റീച്ചുകൾക്ക് ഡി. പി. ആർ. തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. ഏതായാലും എല്ലാ സാദ്ധ്യതകളും ഉപയോഗിച്ച് 12 മീറ്റർ വീതിയിൽ നിർമ്മിക്കാൻ കിഫ്ബിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ സാദ്ധ്യതകളും ഉപയോഗിച്ച് തീരദേശപാതയും മലയോര ഹൈവേയും നിർമ്മിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.....(ബഹളം).....

---

* അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്

മി. സ്പീക്കർ: എല്ലാ ദിവസവും ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്നത് ശരിയാണോയെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ആലോചിക്കണം. നിയമസഭാ നടപടികളുമായി സഹകരിക്കുമെന്നും പുറത്ത് സമരം തുടരുമെന്നുമാണ് സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നൽകിയ ഉറപ്പ്. അദ്ദേഹം ഈ സഭയിൽ നൽകിയ ഉറപ്പ് പാലിക്കുകയാണ് ചെയ്യേണ്ടത്. ഈ നാട്ടിൽ ഉയർന്നുവരുന്ന നിരവധിയായ പ്രശ്നങ്ങൾ ഉന്നയിക്കേണ്ട സന്ദർഭമാണ് ചോദ്യോത്തരവേള. ചോദ്യോത്തരവേള തന്നെ തടസ്സപ്പെടുത്തി നിരന്തരമായി സഭാനടപടികൾ തടസ്സപ്പെടുത്തുന്നത് ശരിയാണോയെന്ന് നിങ്ങൾ ആലോചിക്കണം. ദയവായി സീറ്റുകളിലേയ്ക്ക് പോകണം. ഇത് ശരിയല്ല. ....(ബഹളം).....

ശ്രീ. ജോർജ് എം. തോമസ്: സർ, തീരദേശപാത, ജലപാത, നാഷണൽ ഹൈവേ, മലയോരപാത എന്നിങ്ങനെ നാല് പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ഒറ്റയടിക്ക് ഏറ്റെടുക്കാൻ മുന്നോട്ട് വന്നിട്ടുള്ള സർക്കാരിനെയും അതിന് നേതൃത്വം നൽകുന്ന ബഹുമാന്യരായ മുഖ്യമന്ത്രിയെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയെയും ഈ നാടാകെ അഭിനന്ദിച്ചുകൊണ്ടിരിക്കുകയാണ്. ഈ പരിപാടിയോടൊപ്പം പൊതുമരാമത്ത് വകുപ്പിൽ റോഡിന്റെ ശൃംഖല ശക്തിപ്പെടുത്തുന്നതിനും അതിന് അന്തർദേശീയ നിലവാരം കൈവരുത്തുന്നതിനും അതോടൊപ്പം സുരക്ഷിതത്വവും അഴിമതിരഹിതമായ നിർമ്മാണ പ്രക്രിയയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനും എഞ്ചിനീയർമാർക്ക് പുതിയ പരിശീലനം നൽകാനുമെല്ലാം തയ്യാറാകുന്ന ബഹുമാനപ്പെട്ട മന്ത്രി തീർച്ചയായും പുതിയ സമീപനമാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. തീരദേശ ഹൈവേ നിർമ്മാണത്തിൽ ന്യൂജെൻ സാങ്കേതികവിദ്യയും ജർമ്മൻ യന്ത്രസാമഗ്രികളും പ്രയോജനപ്പെടുത്തുമോ എന്നതാണ് ഒരു പ്രധാന ചോദ്യം. കോഴിക്കോട് ജില്ലയിലെ ദേശീയപാതയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി ഇപ്പോൾ മന്ദഗതിയിലാണ്. സർവ്വേയർമാരും റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരും അക്കാര്യത്തിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ലെന്ന പൊതു തോന്നലാണ് സമൂഹത്തിലുള്ളത്. ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, നൂതന സാങ്കേതികവിദ്യ നല്ല നിലയിൽ തീരദേശപാതയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നത് അങ്ങനെയാണെന്നാണ് നമ്മൾ കാണേണ്ടത്. തീരദേശപാതയ്ക്ക് 14 മീറ്റർ വീതി വേണമെന്നാണ് കിഫ്ബി തീരുമാനിച്ചത്. രണ്ട് മീറ്റർ സൈക്കിൾ ട്രാക്കിനുവേണ്ടിയുള്ളതാണ്. തീരദേശ പാതയിൽ മത്സ്യത്തൊഴിലാളികളാണ് കൂടുതലുള്ളത് എന്നതുകൊണ്ട് അവിടെ കുറച്ച് കോമ്പൻസേഷൻ കൊടുക്കേണ്ടിവരും. അക്കാര്യം കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ഇവിടെ മാത്രമല്ല, പല മേഖലകളിലായി

ഭൂമി ഏറ്റെടുക്കേണ്ടിവരും. നാഷണൽ ഹൈവേയ്ക്കായും പൈപ്പ് ലൈനിനായും ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സാധാരണ പാലങ്ങൾക്കും അപ്രോച്ച് റോഡുകൾക്കും ഭൂമി വേണ്ടിവരും. അതിന് റവന്യൂ വകുപ്പ് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്. ജീവനക്കാർ കുറവുള്ള സ്ഥലങ്ങൾ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, 50-60 വർഷമായി ജനങ്ങൾ മനസ്സിൽ താലോലിച്ച് നടക്കുന്ന സ്വപ്നമാണ് മലയോര ഹൈവേ. അത് ഏറ്റെടുക്കാൻ കാണിച്ചിട്ടുള്ള ധീരതയെ മലയോരത്തെ കുടിയേറ്റക്കാരായ ജനങ്ങളാകെ അംഗീകരിക്കുകയാണ്. മലയോര ഹൈവേയ്ക്ക് 12 മീറ്റർ വീതിയിൽ സൗജന്യമായി സ്ഥലം വിട്ടുതരുന്ന കൃഷിക്കാരുടെ തെങ്ങ്, കമുക്, ജാതി ഉൾപ്പെടെയുള്ള നാണ്യ വിളകൾക്കും അതുപോലെ പൊളിച്ചുപോകുന്ന മതിലുകൾക്കും ഭാഗികമായി പൊളിച്ചുപോകുന്ന വീടുകൾക്കും ചെറുതായെങ്കിലും നഷ്ടപരിഹാരം നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുമോ? ചെറിയ അങ്ങാടികൾ മലയോര മേഖലയിലാകമാനമുണ്ട്. ചെറിയ അങ്ങാടികൾ സ്ഥിതി ചെയ്യുന്ന മേഖലകളിൽ 12 മീറ്റർ എന്നുള്ളത് stick on ചെയ്യാതെ അൽപ്പം വിട്ടുവീഴ്ച ചെയ്യാൻ സാധിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, മലയോര മേഖലയിലാണ് സ്ഥലം ലഭിക്കാൻ കൂടുതൽ സാദ്ധ്യതയുള്ളത്. മലയോര ഹൈവേയുടെ കാര്യം ചർച്ച ചെയ്ത കാലം മുതൽ തന്നെ സൗജന്യമായി സ്ഥലം നൽകാമെന്ന് അവിടെയുണ്ടായിരുന്ന എം.എൽ.എ.മാരും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഗവൺമെന്റിന് വാഗ്ദാനം നൽകിയിട്ടുള്ളതാണ്. ആ നിലയിൽ കിട്ടികൊണ്ടിരിക്കുന്നുമുണ്ട്. ചില സ്ഥലങ്ങളിൽ മാത്രമാണ് പ്രശ്നങ്ങളുള്ളത്. മതിലുകൾ പൊളിച്ചുകളയുക, ഫലവൃക്ഷങ്ങൾ നശിപ്പിക്കുക തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷം തീരദേശ ഹൈവേയും മലയോര ഹൈവേയുമായി ബന്ധപ്പെട്ട് എല്ലാ എം.എൽ.എ.മാരുമായും യോഗം ചേർന്ന് വിശദമായ റിവ്യൂ നടത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ അങ്ങും പങ്കെടുത്തിരുന്നു. അവിടെ ഉയർന്നുവന്ന പ്രശ്നമാണിത്. സാധാരണ ഭൂമി തരുന്നതിന് പുറമേ അവർക്കുണ്ടാകുന്ന നിർമ്മാണപരവും കാർഷികപരവുമായ ചില നാശനഷ്ടങ്ങളെപ്പറ്റിയാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതിൽ അനുകൂലമായ നിലപാട് സ്വീകരിക്കുവാൻ കഴിയുമോയെന്നുള്ളത് കിഫ്ബിയുമായി ചർച്ച ചെയ്ത് തീരുമാനം എടുക്കേണ്ടതാണ്. .....(ബഹളം).....

<u>മി. സ്പീക്കർ</u>: ദയവായി നിങ്ങൾ സഹകരിക്കണം. വ്യവസ്ഥാപിതമായ രീതിയിൽ സഭയിൽ ഉന്നയിക്കാൻ നിങ്ങൾക്ക് അവസരമുണ്ട്. ചോദ്യങ്ങൾ ക്ലബ്ബ്

ചെയ്യാൻ എഴുതി നൽകുകയും അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകുകയും ചെയ്തതിനുശേഷം ഇങ്ങനെ ചെയ്യുന്നത് മര്യാദയല്ല. സഭയിൽ ഉന്നയിക്കാൻ വ്യവസ്ഥാപിതമായ മാർഗ്ഗമുണ്ട്. അങ്ങനെ ഉന്നയിക്കാം. .....(ബഹളം)..... ഇവിടെ സമരം ചെയ്യാനും പ്രതിഷേധിക്കാനും അവകാശമുള്ളതുപോലെ മറ്റ് സാമാജികർക്ക് അവരുടെ ചോദ്യങ്ങൾ ഉന്നയിക്കാനുള്ള അവകാശവുമുണ്ട്. അതുകൂടി ദയവായി സംരക്ഷിക്കപ്പെടണം.

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിന്റെ വികസന രംഗത്ത് വലിയ കുതിപ്പാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദൃശ്യമാകുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കണ്ണൂർ വിമാനത്താവളത്തിന്റെ കോമ്പൗണ്ട് വാളാണ് ഉദ്ഘാടനം ചെയ്തതെങ്കിൽ കണ്ണൂർ വിമാനത്താവളം അതിന്റെ പൂർണ്ണമായ തോതിൽ പൂർത്തീകരിച്ച് ഇന്നലെ ഉദ്ഘാടനം ചെയ്തു കഴിഞ്ഞിരിക്കുകയാണ്. വിമാനത്താവളം ഉദ്ഘാടനം ചെയ്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും സംസ്ഥാന സർക്കാരിനെയും ഞാൻ അഭിനന്ദിക്കുന്നു. വികസന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയണം. തീരദേശ ഹൈവേയുടെ കാര്യത്തിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ ആവശ്യമായ നടപടിയുണ്ടാകണം. ഏറ്റവും കൂടുതൽ ട്രാഫിക്കുള്ള, തിരക്കുള്ള ജില്ലയാണ് കണ്ണൂർ. ഹൈവേയ്ക്ക് ജീവൻ വച്ചത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ്. അതിനാൽ ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. കേന്ദ്ര സർക്കാരിന്മേൽ സമ്മർദ്ദം ചെലുത്തിയിട്ടാണ് പൊന്നുംവില നൽകി ഭൂമി ഏറ്റെടുത്തത്. കീഴാറ്റൂരിൽ രണ്ട് വർഷമായി ഹൈവേയുടെ പദ്ധതികൾക്ക് തുരങ്കം വയ്ക്കാൻ ബി.ജെ.പി.യും കോൺഗ്രസ്സും കൈകോർത്തിരിക്കുന്നു. എവിടെ വികസന പദ്ധതികളുണ്ടോ അതിനെ തുരങ്കംവയ്ക്കാൻ യു.ഡി.എഫ്.-ഉം അതിന് പിന്നാലെ ബി.ജെ.പി.-യുമുണ്ട്. ബി.ജെ.പി.-യുടെ സംസ്ഥാന നേതാക്കളും കോൺഗ്രസ് നേതാക്കളും ഒന്നിക്കുന്ന ലജ്ജാകരമായ കാഴ്ച നമ്മൾ ഇവിടെ കണ്ടു. ഇനിയെങ്കിലും സംസ്ഥാനത്തെ പുറകോട്ട് നയിക്കുന്ന ഇത്തരം നിഷേധാത്മകമായ നിലപാട് തിരുത്താൻ പ്രതിപക്ഷത്തിന് നല്ല ബുദ്ധി ഉപദേശിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, പടച്ചതമ്പുരാൻ വിചാരിച്ചിട്ട് അവർക്ക് ബുദ്ധി ഉണ്ടാകുന്നില്ല. പാവപ്പെട്ട ഞാൻ എന്ത് ചെയ്യാനാണ്? തീരദേശ ഹൈവേ, മലയോര ഹൈവേ, ദേശീയപാത തുടങ്ങിയവയ്ക്കെല്ലാം സംസ്ഥാന ഗവൺമെന്റ് ഊർജ്ജിതമായി നടപടിയെടുക്കുകയാണ്. സ്ഥലത്തിന്റെ പ്രശ്നമാണ് തീരദേശത്തും മലയോര മേഖലയിലുമുള്ളത്. ദേശീയപാതയിൽ നമ്മുടെ ഗവൺമെന്റ് രണ്ടരവർഷക്കാലംകൊണ്ട് എല്ലാ കാര്യങ്ങളും ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രി മുന്നിൽനിന്നാണ് ഡൽഹിയിൽ പോയി ഇക്കാര്യങ്ങളെല്ലാം ചെയ്തത്. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എന്തോ ഒരു കാലതാമസംപോലെ കാണുന്നുണ്ട്. അതൊഴികെ നാലുവരിപ്പാതയാക്കാൻ ദേശീയപാതയ്ക്ക് യാതൊരു തടസ്സവും സംസ്ഥാനത്തില്ല. വളരെ സമാധാനപരമായ അന്തരീക്ഷമാണുള്ളത്. കീഴാറ്റൂർകാർ അവരുടെ നേരത്തെയുള്ള നിലപാടിൽ ഉറച്ചുനിൽക്കുന്നുവെന്നും മറ്റ് കോലാഹലങ്ങളോട് യോജിക്കുന്നില്ലെന്നും ശ്രീ. അൽഫോൺസ് കണ്ണന്താനത്തിന്റെ പരാതി പരിഗണിക്കുന്നില്ലെന്നും രേഖാമൂലം ഗവൺമെന്റിന് മറുപടി ലഭിച്ചിട്ടുണ്ട്.

(യു.ഡി.എഫ്. അംഗങ്ങൾ ഡയസിന് മുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. കെ. ദാസൻ: സർ, തീരദേശ ഹൈവേയ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ ഏറ്റവും ജനസാന്ദ്രതയുള്ള കടലോര മേഖലയിൽ വാസസ്ഥലം നഷ്ടപ്പെടുന്നവർക്കാവശ്യമായ ഭൂമി സർക്കാരിന്റെ നേതൃത്വത്തിൽ ഏറ്റെടുക്കാൻ തയ്യാറാകുമോ; അതോടൊപ്പം ഹാർബർ പോലെയുള്ള പ്രദേശങ്ങളിലൂടെ ഹൈവേ കടന്നുപോകുമ്പോൾ അവിടെ എലിവേറ്റഡ് റോഡ് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, തീരദേശത്ത് മത്സ്യത്തൊഴിലാളികളാണ് തിങ്ങിപ്പാർക്കുന്നത്. അവിടെ ഭൂമി കുറവായതിനാൽ അവർക്ക് വളരെ പ്രയാസമാണ്. അതിനാൽ അവർക്ക് ന്യായമായ കോമ്പൻസേഷൻ നൽകാൻ കിഫ്ബി തീരുമാനിച്ചിട്ടുണ്ട്. രണ്ട് മീറ്റർ സൈക്കിൾ ട്രാക്കുംകൂടി ചേർത്തതോടെ കുറച്ചുകൂടി സ്ഥലം വേണം. അതിനെല്ലാം തീരുമാനമെടുത്ത് നടപടികൾ സ്വീകരിച്ചുവരികയാണ്. സാധാരണ റോഡ് അല്ലാത്ത എലിവേറ്റഡ് റോഡ് നിർമ്മാണത്തിന്റെ കാര്യം പരിഗണനയിലുണ്ട്. ധാരാളം ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ബദലായി എന്തെല്ലാം വേണമെന്നുള്ളത് സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തുവരികയാണ്. അങ്ങ് അടക്കമുള്ള എം.എൽ.എ.-മാരെ വിളിച്ചുകൂട്ടി അടുത്ത കാലത്തും അക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ഗവൺമെന്റ് സാദ്ധ്യമായ എല്ലാ നിലപാടുകളും സ്വീകരിച്ച് ജനങ്ങൾക്ക് പ്രയാസമുണ്ടാകാത്ത തരത്തിൽ അവരുടെ ഭാവിയെ കരുതിയാണ് ഈ വികസനങ്ങളെല്ലാം നടത്തിക്കൊണ്ടുപോകുന്നത്.

ശ്രീ. ഡി. കെ. മുരളി: സർ, മലയോര ഹൈവേയും തീരദേശ ഹൈവേയും യാഥാർത്ഥ്യമാകുന്നതോടെ കേരളത്തിൽ സങ്കൽപ്പാതീതമായ വികസന മുന്നേറ്റമാണുണ്ടാകാൻ പോകുന്നത്. ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് അറിയേണ്ടുന്ന പ്രധാനപ്പെട്ട സംശയങ്ങളാണ് ഇവിടെ ചോദിക്കുന്നത്. അതുപോലും

തടസ്സപ്പെടുത്തുന്ന പ്രതിപക്ഷത്തിന് കേരള ജനത മാപ്പുകൊടുക്കുകയില്ലെന്ന കാര്യം ഞങ്ങൾ ഓർമ്മിപ്പിക്കുകയാണ്. ..(ബഹളം).... മലയോര ഹൈവേ നിർമ്മാണത്തിന് വനം വകുപ്പിന്റെ സഹകരണം ആവശ്യമാണ്. എന്നാൽ ഇക്കാര്യത്തിൽ വനം വകുപ്പുദ്യോഗസ്ഥർ നിസ്സഹകരിക്കുന്ന പ്രവണതയാണ് കാണുന്നത്. അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനാകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, മലയോര ഹൈവേയുടെ എട്ട് റീച്ചുകൾ വനപ്രദേശങ്ങളിലൂടെയാണ് കടന്നുപോകേണ്ടത്. അതിൽ ഡീപ് ഫോറസ്റ്റ് വളരെ കുറവാണ്. സാധാരണഗതിയിലുള്ള ഫോറസ്റ്റും പ്ലാന്റേഷനുമൊക്കെയാണ് അതിൽ വരുന്നത്. അതിന് വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല. കഴിഞ്ഞ ദിവസം മലയോര ഹൈവേ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ എല്ലാ എം.എൽ.എ.മാരുടെയും യോഗം വിളിച്ചുചേർത്തിരുന്നു. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും ആ യോഗത്തിലുണ്ടായിരുന്നു. അക്കാര്യം പ്രത്യേകമായി പരിഗണിക്കാമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ ജനുവരി മാസത്തിൽ കേന്ദ്ര വനം വകുപ്പ് സെക്രട്ടറിയെക്കണ്ട് ഇക്കാര്യം സംസാരിച്ചിട്ടുള്ളതാണ്. സംസ്ഥാനത്ത് ചെയ്യാവുന്നതൊക്കെ ചെയ്താൽ മതിയെന്നാണ് അദ്ദേഹം പറഞ്ഞതെങ്കിലും മൊത്തത്തിൽ അനുവാദം ലഭിക്കുന്നില്ല. മേൽ സൂചിപ്പിച്ച വനപ്രദേശത്തുകൂടി ഇപ്പോൾ നമുക്ക് സഞ്ചാര യോഗ്യമായ റോഡുണ്ട്. അത് പതിനഞ്ച് മീറ്ററാണെങ്കിൽ 5 മീറ്റർ മാത്രമേ ക്യാരേജ് വേ കാണുകയുള്ളൂ. നമ്മുടെ കൈവശമുള്ള ബാക്കി പത്ത് മീറ്ററിൽ റോഡ് നിർമ്മിക്കാൻ അനുവദിക്കുന്നില്ല. അവിടെ റോഡ് നിർമ്മിക്കാൻ ശ്രമിച്ച എഞ്ചിനീയർമാരുടെ പേരിൽ കേസെടുത്തതുകൊണ്ട് അവർക്കതിന് ബുദ്ധിമുട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും സംസ്ഥാന വനം വകുപ്പിന് ചെയ്യാൻ കഴിയുന്ന കാര്യം പരിഗണിക്കാമെന്ന് വനം വകുപ്പുമന്ത്രി സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന് പരിഹരിക്കാൻ കഴിയുന്ന നടപടി തുടരുകയാണ്. ....(ബഹളം).....

<u>മി. സ്പീക്കർ</u>: പ്രതിപക്ഷത്തിന് ഉന്നയിക്കാനുള്ള വിഷയം ശൂന്യവേളയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അവതരിപ്പിക്കാവുന്നതാണ്. അതിന് സർക്കാർ സർക്കാരിന്റെ നിലപാട് അറിയിക്കും. സഭാനടപടികൾ തുടരാൻ നിങ്ങൾ അനുവദിക്കണം. ....(ബഹളം)..... വളരെ സുപ്രധാനമായ വികസനകാര്യങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. വ്യവസ്ഥാപിതമായ രീതിയിൽ ശൂന്യവേളയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഈ വിഷയം ഉന്നയിക്കാം. ഗവൺമെന്റ് ഗവൺമെന്റിന്റെ അഭിപ്രായം പറയും. ....(ബഹളം)..... അതിന് അവസരമൊരുക്കുക മാത്രമാണ് ചെയറിന് ചെയ്യാൻ കഴിയുക. ദയവായി നിങ്ങൾ സീറ്റുകളിലേയ്ക്ക്

പോകണം. ....(ബഹളം)..... ഈയൊരു കാര്യം മാത്രമല്ല ഇവിടെ ചർച്ച ചെയ്യേണ്ടത്. ....(ബഹളം).....

(നക്ഷത്രചിഹ്നമിട്ട 244-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യാൻ നോട്ടീസ് നൽകിയ ശ്രീ. പി. കെ. അബ്ദു റബ്ബ്, ശ്രീ. എൻ. ഷംസുദ്ദീൻ, ഡോ. എം. കെ. മുനീർ, ശ്രീ. മഞ്ഞളാംകുഴി അലി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഉപചോദ്യങ്ങൾ ചോദിച്ചില്ല.)

ശ്രീ. എ. എം. ആരിഫ്: സർ, തീരദേശപാതയിൽ നിലവിലുള്ള പാതയ്ക്കുപുറമേ രണ്ടും നാലും മീറ്റർ സ്ഥലംകൂടി ഏറ്റെടുത്ത് 14 മീറ്ററാക്കി സൈക്കിൾ ട്രാക്ക് ഉൾപ്പെടെ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് എല്ലായിടത്തും പ്രായോഗികമാകുകയില്ല. നിർബന്ധമുള്ള സ്ഥലങ്ങളിൽ മാത്രം സൈക്കിൾ ട്രാക്ക് നിർമ്മിക്കുകയും അല്ലാത്തിടത്ത് അതൊഴിവാക്കുകയും വേണം. എല്ലായിടത്തും 14 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുത്തതിനുശേഷം വർക്ക് ആരംഭിച്ചാൽ മതിയെന്ന് തീരുമാനിച്ചാൽ വളരെ കാലതാമസമുണ്ടാകും. അതുകൊണ്ട് സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം ഇപ്പോൾത്തന്നെ നിർമ്മാണ നടപടികൾ ആരംഭിക്കേണ്ടതായിട്ടുണ്ട്. ഇതിനുവേണ്ടി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരും ഏജൻസികളും എറണാകുളത്തുനിന്ന് തെക്കോട്ടുള്ള പോർഷനിൽ വേണ്ടത്ര നിലയിലുള്ള പഠനം നടത്തി അതിന്റെ ഡി.പി.ആർ. പ്രിപ്പറേഷനിലേയ്ക്ക് പോയിട്ടില്ല. അതുകൊണ്ട് സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം എത്രയുംവേഗം നിർമ്മാണം ആരംഭിക്കുകയും ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് നിർമ്മാണം നടത്തുകയും ചെയ്യുന്ന നടപടി സ്വീകരിക്കാനാകുമോ? ....(ബഹളം).....

ശ്രീ. ജി. സുധാകരൻ: സർ, കിഫ്ബി നിർദ്ദേശിച്ചിട്ടുള്ള സ്ഥലം എവിടെയാണോ ലഭ്യമാകുന്നത് അവിടെ ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുക എന്നുള്ളതാണ് ഇപ്പോഴത്തെ തീരുമാനം. മലയോര ഹൈവേയിൽ നാല് റീച്ചുകളിലായി പ്രവൃത്തി ആരംഭിച്ചുകഴിഞ്ഞു. ബാക്കി 18 എണ്ണത്തിന്റെ ടെണ്ടർ നടപടികളിലേയ്ക്ക് നീങ്ങുകയാണ്. 12 മീറ്റർ വീതിയിൽ സ്ഥലലഭ്യത ഉറപ്പുവരുത്തിയ പ്രവൃത്തികളുടെ കാര്യമാണ് പറയുന്നത്. അവിടെ സൈക്കിൾ ട്രാക്ക് വരുന്നതുകൊണ്ട് രണ്ട് മീറ്റർ അധികം വേണം. അങ്ങനെ 14 മീറ്ററായി. മലപ്പുറം പടിഞ്ഞാറ് പൊന്നാനി ഭാഗത്തുള്ള ഒരു റീച്ചിൽ മാത്രമേ 14 മീറ്റർ വീതിയിൽ സ്ഥലമുള്ളൂ. ബാക്കി ഒരിടത്തും അത്രയും സ്ഥലമില്ല. സൈക്കിൾ ട്രാക്ക് ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. കാരണം അങ്ങനെയാണെങ്കിൽ തുടർച്ച കിട്ടുകയില്ല. തുടർച്ചയായി പോകണമെന്നുള്ളതാണ് കിഫ്ബിയുടെ തീരുമാനം. അതുകൊണ്ട് അത് ഒഴിവാക്കുന്ന പ്രശ്നമില്ല. അതേസമയം 14 മീറ്ററിന് പ്രയാസമുള്ള സ്ഥലങ്ങളിൽ നൂതന

സാങ്കേതികവിദ്യകളുപയോഗിച്ച് അതിനെ മറികടക്കാനുള്ള തീരുമാനങ്ങളും എടുത്തുവരുന്നുണ്ട്. എം.എൽ.എ.-മാരുമായി ഇക്കാര്യം വിശദമായി ചർച്ച ചെയ്യും. ടീം അംഗങ്ങളുടെ കുറവുമൂലമാണ് സ്ഥലം ഏറ്റെടുക്കുന്നതിന് കാലതാമസം വരുന്നത്. സംസ്ഥാനത്ത് 4 ടീമുകളെ നിശ്ചയിച്ചെങ്കിലും ഇപ്പോൾ ഒരു ടീം മാത്രമേയുള്ളൂ. അതുകൊണ്ട് 4 ടീമുകളെ വച്ച് സ്ഥലം ഏറ്റെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെതന്നെ കേരളത്തിന്റെ അതിർത്തിവരെയുള്ള തീരദേശ ഹൈവേയുടെ ആദ്യത്തെ വർക്ക് NATPAC-ന്റെ അലൈൻമെന്റിലില്ല. അതുകൊണ്ട് പൂവാറിൽനിന്നും കന്യാകുമാരി ജില്ലയിലെ കൊല്ലങ്കോടുവരെ നീട്ടിയാൽ മാത്രമേ അത് തീരദേശ ഹൈവേയാകുകയുള്ളൂ. അതിന് തീരുമാനമെടുത്തിട്ടുണ്ട്. സ്ഥലലഭ്യതയാണ് കേരളത്തിന്റെ പ്രശ്നം. എല്ലാ എംഎൽ.എ.-മാരും അവരവരുടെ മണ്ഡലങ്ങളിൽ സ്ഥലം ഏറ്റെടുത്ത് നൽകാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതിന് അവിടെവന്ന് എം.എൽ.എ.-മാരുമായി ചർച്ച ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ....(ബഹളം).....

<u>ശ്രീ. വി. ജോയി</u>: സർ, ലോകത്തിലെ ഏറ്റവും വലിയ കലാമത്സരമായ സ്കൂൾ കലോത്സവത്തിൽ കേരള കൗമുദിക്കുവേണ്ടി റിപ്പോർട്ടറായി ഈടുറ്റ റിപ്പോർട്ടിംഗ് നടത്തി, റിപ്പോർട്ടിംഗ് രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച അങ്ങയെ ഈ അവസരത്തിൽ അനുമോദിക്കുകയാണ്. കിഫ്ബിയിൽ നാല് ടീമുകൾ രൂപീകരിച്ച് 150 കി.മീ. ഭാഗം വീതം ഓരോ ടീമുകൾക്കായി വീതിച്ചു നൽകി പ്രവർത്തനങ്ങൾ നടത്തിവരുന്നതായി അങ്ങയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ ഇതിന് ഓരോ ടീമിനെ നിയോഗിച്ചാൽ ആ ടീമിൽ പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറെയും റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെയുംകൂടി ചേർത്താൽ തീരദേശ ഹൈവേയുടെ പ്രവർത്തനങ്ങൾ വേഗത്തിൽ നടത്താൻ സാധിക്കില്ലേ? മറ്റൊരു കാര്യം, ഇപ്പോൾ 10 മീറ്റർ വീതിയിൽ സ്ഥലമുള്ളത് ഏറ്റെടുത്ത് വർക്ക് ആരംഭിച്ചിട്ട് പിന്നീട് 2 മീറ്ററോ 4 മീറ്ററോ ആയി വർദ്ധിപ്പിച്ചാൽ പോരേ; അങ്ങനെ 10 മീറ്റർ സ്ഥലമുള്ളിടത്ത് വർക്ക് ആരംഭിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ആദ്യം അങ്ങ് ഉന്നയിച്ചത് വളരെ ക്രിയാത്മകവും പ്രായോഗികവുമായ നിർദ്ദേശമാണ്. എഞ്ചിനീയർമാർ അടക്കമുള്ള റവന്യൂ ഉദ്യോഗസ്ഥരാണ് ഒരു ജില്ലയിലെ സ്ഥലം ഏറ്റെടുക്കേണ്ടത്. അക്കാര്യം സത്വരമായി പരിഗണിക്കാം. അങ്ങ് പറഞ്ഞതുപോലെ 10 മീറ്റർ വീതിയിൽ സ്ഥലമുള്ളിടത്ത് വർക്ക് തുടങ്ങാൻ നിർദ്ദേശമില്ല. 14 മീറ്റർ വീതിയിൽ സ്ഥലം വേണമെന്നുള്ള തീരുമാനം കിഫ്ബിയുടേതാണ്. അവരുടെ തീരുമാനത്തിൽ എന്തെങ്കിലും മാറ്റം വരുന്നെങ്കിലേയുള്ളൂ. പിന്നീട് 2 മീറ്റർ വീതിയിൽ സ്ഥലമെടുക്കുന്ന കാര്യം കിഫ്ബിയുടെ പരിഗണനയിൽ വന്നിട്ടുണ്ട്. ഇവിടെ നടക്കുന്ന ചർച്ച അതിന്റെ ഭാഗഭാക്കാകുന്നവരും കേൾക്കുന്നുണ്ട്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിർദ്ദിഷ്ട തീരദേശ ഹൈവേയും മലയോര ഹൈവേയും കേരളത്തിന്റെ ടൂറിസം ഭൂപടത്തിൽ ഏറ്റവും സുന്ദരമായ ഒരദ്ധ്യായം കുറിക്കാൻ പോകുകയാണ്. നിലവിൽ ആകാശക്കാഴ്ചകൾ മാത്രം കണ്ടിരുന്ന കേരളത്തിന്റെ തീരദേശവും മലയോര പ്രദേശവും നേരിട്ട് ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ നിരവധി വെല്ലുവിളികളാണ് സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്നത്. മലപ്പുറം ജില്ലയിലെ കനോലി കനാലിന് സമീപത്തുകൂടി കടന്നുപോകുന്ന ടിപ്പുസുൽത്താൻ റോഡിന് ഏകദേശം 100 മീറ്ററോളം വീതി മുമ്പുണ്ടായിരുന്നു. റവന്യൂ അധികൃതരുടെ ഒത്താശയോടെ നിരവധിയിടങ്ങളിൽ സ്ഥലം കയ്യേറിയിരിക്കുകയാണ്. ഈ സർവ്വേയോടുകൂടി കയ്യേറ്റപ്രദേശങ്ങൾ പൂർണ്ണമായും വീണ്ടെടുക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. ജി. സുധാകരൻ: സർ, 12 മീറ്റർ മലയോരത്തും 14 മീറ്റർ തീരദേശത്തും സ്ഥലമില്ലാതിരിക്കെ തീരദേശത്ത് മത്സ്യത്തൊഴിലാളികൾക്ക് കുറച്ച് പൈസ കോമ്പൻസേഷൻ കൊടുക്കുകയും മലയോരത്ത് ഫലവൃക്ഷങ്ങളും മറ്റും നഷ്ടപ്പെടുന്നതിനുള്ള കോമ്പൻസേഷൻ ഇപ്പോൾ ആവശ്യപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ഗവൺമെന്റ് സ്ഥലം ആരെങ്കിലും കയ്യേറിയിട്ടുണ്ടെങ്കിൽ ഒരു ദാക്ഷണ്യവുമില്ലാതെ അത് തിരിച്ചു പിടിക്കും. ....(ബഹളം)...... സർവ്വേ ചെയ്ത് അതൊക്കെ ഏറ്റെടുക്കുന്ന കാര്യത്തിൽ സത്വരനടപടികൾ സ്വീകരിക്കേണ്ടത് സ്വാഭാവിക നീതിക്ക് അനുയോജ്യമാണ്. അതുണ്ടാകുക തന്നെ ചെയ്യും. ....(ബഹളം).....

മി. സ്പീക്കർ: പ്രതിഷേധം തുടങ്ങുമ്പോൾ കഥകളിയിലെ തിരനോട്ടം പോലെ തിരശ്ശീലയുമായി ചേർന്ന് നിന്നുവരികയാണ്. കഥകളിയിൽ തിരശ്ശീല മാറ്റിയാൽ പിന്നെ കളി ആരംഭിക്കും. ഇതൊന്നും ശരിയല്ല. ഈ രീതി തുടർന്നാൽ ഇന്നും സഭ നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യമുണ്ടാകും. ചോദ്യോത്തരവേളയുടെ ശേഷിക്കുന്ന ഭാഗവും ശ്രദ്ധ ക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുകയാണ്. ശേഷിക്കുന്ന ചോദ്യോത്തരങ്ങളുടെയും ശ്രദ്ധ ക്ഷണിക്കലിന്റെയും സബ്മിഷനുകളുടെയും മറുപടികൾ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്*.

## II. റിപ്പോർട്ട് സമർപ്പണം

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. എ. പ്രദീപ്കുമാർ: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

---

* അനുബന്ധം 2, 3 ആയി ചേർത്തിട്ടുണ്ട്.

## III. ധനകാര്യം

### 2018-2019 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 23,04,26,000 രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,77,00,000 രൂപയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,00,01,000 രൂപയുടെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 600,00,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 99,54,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,02,78,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,00,05,000 രൂപയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,00,02,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,04,30,000 രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 85,00,01,000 രൂപയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,61,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 17,06,57,000 രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 155,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,57,33,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 73,69,14,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 531,11,33,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

(ഉപധനാഭ്യർത്ഥനകൾ ചർച്ച ചെയ്യപ്പെട്ടില്ല.)

മി. സ്പീക്കർ: നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 23,04,26,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,77,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു. തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 600,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 99,54,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,02,78,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,00,05,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,00,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,04,30,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 85,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,61,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 17,06,57,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 155,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,57,33,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 73,69,14,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 531,11,33,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ

മി. സ്പീക്കർ: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1528,27,98,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 209,87,22,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ............ഓർഡർ......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ഡിസംബർ മാസം 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.32-ന് പിരിഞ്ഞു.)

## അനുബന്ധം-I

(ക്ലബ്ബ് ചെയ്ത *241, *244, *259, *261 എന്നീ നമ്പർ ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി)

### തീരദേശപാതയുടെയും മലയോര ഹൈവേയുടെയും നിർമ്മാണം

1(*241) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ദാസൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയ്ക്ക് സമാന്തരമായി കിഫ്ബി ഫണ്ടുപയോഗിച്ച് തീരദേശപാതയും മലയോര ഹൈവേയും നിർമ്മിക്കാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) നന്ദാരപ്പടവ് മുതൽ പാറശ്ശാല വരെയുള്ള 1200 കിലോമീറ്റർ മലയോര ഹൈവേയുടെ അലൈൻമെന്റിന് അംഗീകാരമായോ; എത്ര കിലോമീറ്റർ റോഡിനാണ് കിഫ്ബി അംഗീകാരം ലഭിച്ചത്; റോഡ് വികസനത്തിനുള്ള ഭൂമി ലഭ്യമായിട്ടുണ്ടോ;

(സി) അറുന്നൂറ്റി അമ്പത്തിയാറ് കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശപാതയ്ക്ക് സ്ഥലലഭ്യതയുടെ പ്രശ്നം പരിഹരിക്കാൻ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ; തീരദേശപാതാ വികസനവുമായി ബന്ധപ്പെട്ട് നാറ്റ്പാക് തയ്യാറാക്കിയ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ അറിയിക്കാമോ;

(ഡി) കിഫ്ബി പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ; ഇതിനായി വകുപ്പിന് കീഴിലുള്ള എസ്.പി.വി.കളെ ശക്തിപ്പെടുത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഇ) ദേശീയപാത നാലുവരിയാക്കുന്നതിനുള്ള പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,
(എ) തീരദേശ ഹൈവേ

നാറ്റ്പാക്ക് തയ്യാറാക്കി സമർപ്പിച്ച തീരദേശ ഹൈവേയുടെ അലൈൻമെന്റിന് 21-5-2017-ലെ സ.ഉ. (സാധാ.) നമ്പർ 679/2017/പൊ.മ.വ.

പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. 656 കി.മീ. നീളമുള്ള നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ നിർമ്മാണച്ചെലവ് 6040 കോടി രൂപയാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 10-7-2017-ലെ സ.ഉ. (സാധാ.) നമ്പർ 942/2017/പൊ.മ.വ. പ്രകാരം തീരദേശ ഹൈവേയ്ക്ക് 6500 കോടി രൂപ അനുവദിച്ച് തത്വത്തിൽ അംഗീകാരം നൽകുകയും കിഫ്ബി വഴി നടപ്പിലാക്കുന്നതിനായി KRFB-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15 കി.മീറ്റർ റോഡിന് 52.78 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്ന് ലഭ്യമായിട്ടുണ്ട്. മറ്റ് റീച്ചുകളുടെ വിശദമായ പദ്ധതി രൂപരേഖ സൈക്കിൾ ട്രാക്ക് ഉൾപ്പെടെ 14 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിനായി തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

<u>മലയോര ഹൈവേ</u>

മലയോരഹൈവേയുടെ നിർമ്മാണം 43 റീച്ചുകളായാണ് ഏറ്റെടുക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 24 പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. 460 കി.മീറ്റർ നീളം വരുന്ന 17 പദ്ധതികൾക്ക് 1,506 കോടി രൂപയുടെ അംഗീകാരം കിഫ്ബിയിൽനിന്ന് ലഭിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം (1), കൊല്ലം (1), കാസർഗോഡ് (2) എന്നിങ്ങനെ 4 പ്രവൃത്തികൾ ഇതിനകം കരാർ ഉറപ്പിച്ച് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മറ്റൊരു പ്രവൃത്തിയുടെ ടെണ്ടർ 23-11-2018-ന് ക്ഷണിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമായ മറ്റു പ്രവൃത്തികൾക്ക് 12 മീറ്റർ വീതിയിൽ സൗജന്യമായി സ്ഥലലഭ്യത ഉറപ്പുവരുത്തി സാങ്കേതികാനുമതി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മലയോര ഹൈവേയുടെ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്തെ സ്ഥലം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടന്ന മീറ്റിംഗിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ വനഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പും വനം വകുപ്പും ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തി വനഭൂമി ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) NATPAC തയ്യാറാക്കി സമർപ്പിച്ച മലയോര ഹൈവേയുടെ അലൈൻമെന്റിന് 6-7-2009-ലെ സ.ഉ. (എംഎസ്.) നമ്പർ 44/2009/പൊ.മ.വ. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. 460 കി.മീ. നീളം വരുന്ന 17 പദ്ധതികൾക്ക് 1,506 കോടി രൂപയുടെ അംഗീകാരം ഇതിനകം കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. കരാർ ഉറപ്പിച്ച് 4 പ്രവൃത്തികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. മറ്റൊരു പ്രവൃത്തി ഇപ്പോൾ ടെണ്ടർ ചെയ്തിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ പുരോഗമിക്കുന്നു.

മലയോര ഹൈവേയുടെ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്ത് സ്ഥലം ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പും വനം വകുപ്പും ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തി വനഭൂമി ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) 2 മീറ്റർ വീതിയിൽ സൈക്കിൾ ട്രാക്ക് ഉൾപ്പെടെ 14 മീറ്റർ വീതിയിൽ തീരദേശപാത നിർമ്മിക്കുന്നതിനും വീതി കുറഞ്ഞ ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. അതുപോലെ പദ്ധതിക്കായുള്ള ഒഴിപ്പിക്കൽ നടപടികളിൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കുന്നതിനായി കിഫ്ബിയിൽ നാല് ടീമുകൾ രൂപീകരിച്ച് ഓരോ 150 കി.മീ. ഭാഗവും ഇതിൽ ഓരോ ടീമുകൾക്കായി വീതിച്ചുനൽകി തീരദേശപാത കടന്നുപോകുന്ന മണ്ഡലങ്ങളിലെ ഉപഭോക്താക്കളുമായി ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ മീറ്റിംഗുകൾ നടത്താനും അലൈൻമെന്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും കിഫ്ബിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നാറ്റ്പാക്ക് തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം തീരദേശപാതയുടെ നീളം 656 കി.മീറ്ററാണ്. ഇതിൽ വിവിധ ഭാഗങ്ങളിലായി ഏകദേശം 28 കി.മീ. നീളത്തിൽ പുതിയ റോഡുകളോ പാലങ്ങളോ അല്ലെങ്കിൽ ഫ്ലൈ ഓവറുകളോ പുതുതായി നിർമ്മിച്ചെങ്കിൽ മാത്രമെ കണക്ടിവിറ്റി ലഭിക്കുകയുള്ളൂ.

(ഡി) ഡി.പി.ആർ. സമർപ്പിക്കുവാൻ അനുമതി ലഭ്യമായ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് കരാറുറപ്പിക്കൽ, പ്രവൃത്തികളുടെ പുരോഗതി ഉറപ്പുവരുത്തൽ എന്നിവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി വിവിധ എസ്.പി.വി.കളെ ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.പി.വി. ആയി തീരുമാനിച്ചിട്ടുള്ള കെ.ആർ.എഫ്.ബി.യെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി കിഫ്ബി പ്രവൃത്തികൾക്ക് മാത്രമായി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്.

(ഇ) ദേശീയപാതകൾ നാലുവരിയാക്കുന്നതിന്റെ ജില്ലാതല റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

കാസർഗോഡ് ജില്ല

- നീലേശ്വരം റെയിൽവേ ഓവർബ്രിഡ്ജിന്റെ (ROB) പ്രവൃത്തികൾ 13-5-2018-ൽ ആരംഭിച്ചിട്ടുണ്ട്.

- 76 കി.മീ. നീളം വരുന്ന രണ്ട് പ്രവൃത്തികൾ ടെണ്ടർ നടപടി ക്രമത്തിലാണ്. പൊന്നും വിലയ്ക്ക് ഏറ്റെടുക്കാനുള്ള 4 ഹെക്ടർ ഭൂമിയിൽ നിന്ന് 3.27 ഹെക്ടർ ഭൂമി നോട്ടിഫിക്കേഷനുവേണ്ടി ഭൂമി ഏറ്റെടുക്കൽ പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്തിട്ടുണ്ട്. നാളിതുവരെ 95 ശതമാനം ഭൂമി ഏറ്റെടുക്കൽ ജോലികൾ എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരം പൂർത്തീകരിച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ളവ 31-12-2018-ന് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- എൽ. എ. ആക്ട് വകുപ്പ് 3G പ്രകാരമുള്ള നടപടികൾ പൊന്നുംവില തഹസിൽദാർ ഓഫീസിൽ പൂർത്തീകരിക്കേണ്ടതുണ്ട്.

- മേൽ വിവരിച്ച നടപടികൾ പുരോഗമിച്ചുവരുന്നു.

- തടസ്സങ്ങൾ - എൽ.എ. ആക്ട് 1956 വകുപ്പ് 3G പ്രകാരമുള്ള നടപടികൾ മന്ദഗതിയിലാണ്.

കണ്ണൂർ ജില്ല

- തലശ്ശേരി-മാഹി ബൈപ്പാസ് റോഡിന്റെ പ്രവൃത്തികൾ 4-12-2017-ൽ ആരംഭിച്ചിട്ടുള്ളതാണ്.

- കണ്ണൂർ ജില്ലയെ സംബന്ധിച്ചിടത്തോളം ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്ന നടപടികളിൽ എൽ.എ. ആക്ട് 1956 വകുപ്പ് 3D പ്രകാരം 100 ശതമാനം നടപടികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി എൽ.എ. ആക്ട് 1956 വകുപ്പ് 3G-യുടെ 60 ശതമാനം നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട് (നാളിതുവരെ 25.29 ശതമാനം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്).

- എൽ. എ. ആക്ട് വകുപ്പ് 3G പ്രകാരമുള്ള നടപടികൾ പൊന്നും വില തഹസിൽദാർ ഓഫീസിൽ പൂർത്തീകരിക്കേണ്ടതുണ്ട്.

- പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

കോഴിക്കോട് ജില്ല

- എൽ.ഒ.എ. (LOA) നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ 8.36 ഹെക്ടറിന് ഒഴികെ പൂർത്തീകരിച്ചിട്ടുണ്ട്.

• എൽ.എ. ആക്ട് വകുപ്പ് 3D നടപടികൾ 69 ഹെക്ടറിന് ബാക്കിയുണ്ട് (ഇതിൽ 44.34 ഹെക്ടറിന്റെ ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും ആയതിന് കേന്ദ്ര മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കേണ്ടതായിട്ടുമുണ്ട്).

• എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരമുള്ള 100 ശതമാനം നടപടികളും 15-3-2019-ന് മുമ്പ് തീരുമെന്ന് പ്രതീക്ഷിക്കുന്നു.

• പൊന്നുംവില നടപടികൾ CALA (പൊന്നുംവില തഹസിൽദാർ) ദ്രുതഗതിയിൽ നടത്തേണ്ടതുണ്ട്.

• പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

• തടസ്സങ്ങൾ - പൊന്നുംവില നടപടികൾ മന്ദഗതിയിലാണ്.

<u>മലപ്പുറം ജില്ല</u>

• പൊന്നുംവില നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ നടത്തിയെങ്കിലും ആയതിൽ ചില തെറ്റുകൾ സംഭവിച്ചതിനാൽ അധികമായി 63 ഹെക്ടർ ഭൂമിക്കുള്ള നടപടികളിൽ ഇനിയും ബാക്കിയുള്ളത് കേന്ദ്ര സർക്കാരിന്റെ എൽ.എ. പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതായിട്ടുണ്ട്.

• കൂടാതെ പൊന്നുംവില നോട്ടിഫിക്കേഷന് ചില വില്ലേജുകൾ തെറ്റായി ഒഴിവായി പോയതിനാൽ എൽ.എ. ആക്ട് 3A ശിപാർശകൾ കേന്ദ്ര മന്ത്രാലയത്തിന് 4-11-2018-ൽ സമർപ്പിച്ചിട്ടുള്ളതും മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കേണ്ടതായിട്ടുമുണ്ട്.

• അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ എൽ.എ. ആക്ട് 3D വകുപ്പ് പ്രകാരം 62 ഹെക്ടർ ഭൂമിയുടെ നടപടികൾ ബാക്കിയുണ്ട്.

• എൽ.എ. ആക്ട് 3D പ്രകാരമുള്ള 100 ശതമാനം നടപടിക്രമങ്ങളും 31-3-2019-ന് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

• പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

<u>തൃശ്ശൂർ ജില്ല</u>

• എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

• അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതും എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരമുള്ള നടപടികൾ വെള്ളക്കെട്ട് ഇല്ലാത്ത സ്ഥലങ്ങളിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

• പൊന്നുംവില നടപടികൾ സെക്ഷൻ 3D പ്രകാരമുള്ളത് CALA ദ്രുതഗതിയിൽ സ്വീകരിക്കേണ്ടതുണ്ട്.

• പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചില ബൈപ്പാസ് ലൊക്കേഷനുകളിൽ വെള്ളക്കെട്ടുള്ള സ്ഥലത്ത് സർവ്വേ നടപടികൾ പൂർത്തീകരിക്കാനായിട്ടില്ല.

<u>എറണാകുളം ജില്ല</u>

• എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ ഭൂമി രാശി പോർട്ടലിൽ അപ്‌ലോഡ് ചെയ്തെങ്കിലും വെള്ളപ്പൊക്കത്തെ സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരസ്യം തടഞ്ഞുവച്ചിരുന്നതുമാണ്. എന്നാൽ ഇത് സംബന്ധിച്ച് ഹെഡ്ക്വാർട്ടേഴ്സിലേയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതും എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ ഭൂമി രാശി പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളതും കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ പ്രതീക്ഷിച്ചിരിക്കുകയുമാണ്.

• അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള കരാറുകാരനും സർവ്വേ ടീമും പൊന്നുംവില നടപടികൾ ആരംഭിക്കാൻ തയ്യാറായിരിക്കുകയാണ്.

• കേന്ദ്ര മന്ത്രാലയത്തിന്റെ എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രതീക്ഷിച്ചിരുന്നു.

<u>ആലപ്പുഴ ജില്ല</u>

• എൽ.എ.ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.

• നാഷണൽ ഹൈവേ അതോറിറ്റിയും ഡി.പി.ആർ. കൺസൾട്ടന്റും ചില സാങ്കേതികമായ തകരാറുകൾമൂലം വീണ്ടും സർവ്വേ നടപടികൾ (ഇനിയും തെറ്റുകൾ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒഴിവാക്കുവാൻ) നടത്തിവരുന്നു.

• ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് മേൽപ്പറഞ്ഞ കാരണങ്ങളാൽ കാലതാമസം നേരിട്ടിട്ടുള്ളതാണ്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. 15-12-2018-ൽ ആയത് പൂർത്തീകരിക്കുന്നതാണ്.

കൊല്ലം ജില്ല

- എൽ.എ. വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.

- ചില സാങ്കേതിക തകരാറുകൾമൂലം അതിർത്തിക്കല്ലുകൾ സ്ഥാപിച്ചത് മാറ്റേണ്ടതായിട്ടുള്ളതും ഇത് സംബന്ധിച്ച് ഉന്നതതല യോഗം വിളിച്ചുചേർത്ത് അതിർത്തിക്കല്ലുകൾ പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് ക്രമസമാധാനനില വഷളാകുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുമുണ്ട്. 15-12-2018-ന് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നത് പൂർത്തീകരിക്കുന്നതാണ്.

തിരുവനന്തപുരം ജില്ല

- കഴക്കൂട്ടം മേൽപ്പാലത്തിന്റെ പൊന്നുംവില അവാർഡ് നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും 9-10-2018-ൽ ഒരു കരാർ ഒപ്പിട്ടിട്ടുള്ളതുമാണ്. എൽ.എ. ആക്റ്റ് വകുപ്പ് 3D പ്രകാരമുള്ള മേൽനടപടികൾ പൊന്നുംവില തഹസിൽദാർ അടിയന്തരമായി സ്വീകരിക്കേണ്ടതായിട്ടുണ്ട്.

- എൽ.എ. ആക്റ്റ് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ 100 ശതമാനവും പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.

- നാഷണൽ ഹൈവേ അതോറിറ്റിയും ഡി.പി.ആർ. കൺസൾട്ടന്റും ചില സാങ്കേതികമായ തകരാറുകൾമൂലം വീണ്ടും സർവ്വേ നടപടികൾ (ഇനിയും തെറ്റുകൾ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒഴിവാക്കുവാൻ) നടത്തി വരുന്നു.

- ഭൂമി ഏറ്റെടുക്കൽ നടപടികൾ മേൽപറഞ്ഞ കാരണങ്ങളാൽ താമസം നേരിട്ടിട്ടുള്ളതാണ്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

- തിരുവനന്തപുരം ബൈപ്പാസ് ജോലികൾ കഴക്കൂട്ടം മുതൽ കാരോട് വരെയുള്ളത് പുരോഗമിച്ചുവരുന്നു.

2(*244) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള നാലുവരി ദേശീയപാത നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) സ്ഥലമെടുപ്പും ടെണ്ടർ നടപടികളും പൂർത്തിയാക്കിയ മേഖലകളിൽ റോഡ് നിർമ്മാണത്തിന് ആവശ്യമായ തുക കേന്ദ്രം അനുവദിച്ച് നൽകിയിട്ടുണ്ടോ;

(സി) ഈ പാതയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) ദേശീയപാതകൾ നാലുവരിയാക്കുന്നതിന്റെ ജില്ലാതലത്തിലെ പുരോഗതി ചുവടെ ചേർക്കുന്നു.

കാസർഗോഡ് ജില്ല

- നീലേശ്വരം റെയിൽവേ ഓവർബ്രിഡ്ജിന്റെ (ROB) പ്രവൃത്തികൾ 13-5-2018-ൽ ആരംഭിച്ചിട്ടുണ്ട്.

- 76 കി.മീ. നീളം വരുന്ന രണ്ട് പ്രവൃത്തികൾ ടെണ്ടർ നടപടി ക്രമത്തിലാണ്. പൊന്നുംവിലയ്ക്ക് എടുക്കാനുള്ള 4 ഹെക്ടർ ഭൂമിയിൽ നിന്ന് 3.27 ഹെക്ടർ നോട്ടിഫിക്കേഷനുവേണ്ടി ഭൂമി ഏറ്റെടുക്കൽ പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്തിട്ടുണ്ട്. നാളിതുവരെ 95 ശതമാനം ഭൂമി ഏറ്റെടുക്കൽ ജോലികൾ എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരം പൂർത്തീകരിച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ളവ 31-12-2018-ന് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- എൽ.എ. ആക്ട് വകുപ്പ് 3G പ്രകാരമുള്ള നടപടികൾ പൊന്നുംവില തഹസിൽദാർ ഓഫീസിൽ പൂർത്തീകരിക്കേണ്ടതുണ്ട്.

കണ്ണൂർ ജില്ല

- തലശ്ശേരി-മാഹി ബൈപ്പാസ് റോഡിന്റെ പ്രവൃത്തികൾ 4-12-2017-ൽ ആരംഭിച്ചിട്ടുള്ളതാണ്.

- കണ്ണൂർ ജില്ലയെ സംബന്ധിച്ചിടത്തോളം ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്ന നടപടികളിൽ എൽ.എ. ആക്ട് 1956 വകുപ്പ് 3D പ്രകാരം 100 ശതമാനം നടപടികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി എൽ.എ. ആക്ട് 1956 വകുപ്പ് 3G-യുടെ 60 ശതമാനം നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട് (നാളിതുവരെ 25.29 ശതമാനം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്).

- എൽ.എ. ആക്ട് വകുപ്പ് 3G പ്രകാരമുള്ള നടപടികൾ പൊന്നുംവില തഹസിൽദാർ ഓഫീസിൽ പൂർത്തീകരിക്കേണ്ടതുണ്ട്.

<u>കോഴിക്കോട് ജില്ല</u>

- എൽ.ഒ.എ. (LOA) നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ 8.36 ഹെക്ടറിന് ഒഴികെ പൂർത്തീകരിച്ചിട്ടുണ്ട്.

- എൽ.എ. ആക്ട് വകുപ്പ് 3D നടപടികൾ 69 ഹെക്ടറിന് ബാക്കിയുണ്ട്. (ഇതിൽ 44.34 ഹെക്ടറിന്റെ ശിപാർശ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതും ആയതിന് കേന്ദ്ര മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കേണ്ടതായിട്ടുമുണ്ട്.)

- എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരമുള്ള 100 ശതമാനം നടപടികളും 15-3-2019-ന് മുമ്പ് തീരുമെന്ന് പ്രതീക്ഷിക്കുന്നു.

<u>മലപ്പുറം ജില്ല</u>

- പൊന്നുംവില നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ നടത്തിയെങ്കിലും ആയതിൽ ചില തെറ്റുകൾ സംഭവിച്ചതിനാൽ അധികമായി 63 ഹെക്ടർ ഭൂമിക്കുള്ള നടപടികൾ ഇനിയും ബാക്കിയുള്ളതും ആയത് കേന്ദ്ര സർക്കാരിന്റെ എൽ.എ. പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതായിട്ടുമുണ്ട്.

- കൂടാതെ പൊന്നുംവില നോട്ടിഫിക്കേഷന് ചില വില്ലേജുകൾ തെറ്റായി ഒഴിവായി പോയതിനാൽ പുതുക്കിയ എൽ.എ. ആക്ട് 3A ശിപാർശകൾ കേന്ദ്ര മന്ത്രാലയത്തിന് 4-11-2018-ൽ സമർപ്പിച്ചിട്ടുള്ളതും മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കേണ്ടതായിട്ടുമുണ്ട്.

- അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ എൽ.എ. ആക്ട് 3D വകുപ്പ് പ്രകാരം 62 ഹെക്ടർ ഭൂമിയുടെ നടപടികൾ ബാക്കിയുണ്ട്.

- എൽ.എ. ആക്ട് 3D വകുപ്പുപ്രകാരമുള്ള 100 ശതമാനം നടപടിക്രമങ്ങളും 31-3-2019-ന് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>തൃശ്ശൂർ ജില്ല</u>

- എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

- അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതും എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരമുള്ള നടപടികൾ വെള്ളക്കെട്ട് ഇല്ലാത്ത സ്ഥലങ്ങളിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

- പൊന്നംവില നടപടികൾ സെക്ഷൻ 3D പ്രകാരമുള്ളത് CALA സ്വീകരിക്കേണ്ടതുണ്ട്.

- പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചില ബൈപ്പാസ് ലൊക്കേഷനുകളിൽ വെള്ളക്കെട്ടുള്ള സ്ഥലത്ത് സർവ്വേ നടപടികൾ പൂർത്തീകരിക്കാനായിട്ടില്ല.

<u>എറണാകുളം ജില്ല</u>

- എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ ഭൂമി രാശി പോർട്ടലിൽ അപ്‌ലോഡ് ചെയ്തെങ്കിലും വെള്ളപ്പൊക്കത്തെ സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരസ്യം തടഞ്ഞ് വച്ചിരുന്നതുമാണ്. എന്നാൽ ഇത് സംബന്ധിച്ച് ഹെഡ്ക്വാർട്ടേഴ്സിലേയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ നോട്ടിഫിക്കേഷൻ ലഭിക്കേണ്ടതുണ്ട്.

<u>ആലപ്പുഴ ജില്ല</u>

- എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.

- നാഷണൽ ഹൈവേ അതോറിറ്റിയും ഡി.പി.ആർ. കൺസൾട്ടന്റും ചില സാങ്കേതികമായ തകരാറുകൾമൂലം വീണ്ടും സർവ്വേ നടപടികൾ നടത്തിവരുന്നു.

- ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് മേൽപ്പറഞ്ഞ കാരണങ്ങളാൽ കാലതാമസം നേരിട്ടിട്ടുള്ളതാണ്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. 15-12-2018-ൽ ആയത് പൂർത്തീകരിക്കുന്നതാണ്.

<u>കൊല്ലം ജില്ല</u>

- എൽ.എ. വകുപ്പ് 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.

- ചില സാങ്കേതികമായ തകരാറുകൾമൂലം അതിർത്തിക്കല്ലുകൾ സ്ഥാപിച്ചത് മാറ്റേണ്ടതായിട്ടുണ്ട്. ഇത് സംബന്ധിച്ച് ഉന്നതതല യോഗം വിളിച്ചുചേർത്ത് അതിർത്തിക്കല്ലുകൾ പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച തർക്കം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. 15-12-2018-ന് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നത് പൂർത്തീകരിക്കുന്നതാണ്.

<u>തിരുവനന്തപുരം ജില്ല</u>

- കഴക്കൂട്ടം മേൽപ്പാലത്തിന്റെ പൊന്നംവില അവാർഡ് നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും, 9-10-2018-ൽ ഒരു കരാർ ഒപ്പിട്ടിട്ടുള്ളതുമാണ്. എൽ.എ. ആക്ട് വകുപ്പ് 3D പ്രകാരമുള്ള മേൽനടപടികൾ പൊന്നംവില തഹസിൽദാർ അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്.

• എൽ.എ. ആക്ട് വകുപ്പ് 3A പ്രകാരമുള്ള നടപടികൾ 100 ശതമാനവും പരസ്യപ്പെടുത്തിയിട്ടുണ്ട്.

• നാഷണൽ ഹൈവേ അതോറിറ്റിയും ഡി.പി.ആർ. കൺസൾട്ടന്റും ചില സാങ്കേതികമായ തകരാറുകൾമൂലം വീണ്ടും സർവ്വേ നടപടികൾ നടത്തിവരുന്നു.

• ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് മേൽപ്പറഞ്ഞ കാരണങ്ങളാൽ താമസം നേരിട്ടിട്ടുള്ളതാണ്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

• തിരുവനന്തപുരം ബൈപ്പാസ് ജോലികൾ കഴക്കൂട്ടം മുതൽ കാരോട് വരെയുള്ളത് പുരോഗമിച്ചുവരുന്നു.

(ബി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കരാർ ഏജൻസിയെ നിയമിച്ചതിനുശേഷം 29-30 മാസങ്ങൾക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

3(*259) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. വി. ജോയി:
ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പൂവാർ മുതൽ കാസർഗോഡ് തലപ്പാടി വരെയുള്ള നിർദ്ദിഷ്ട തീരദേശ ഹൈവേ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി പുതുതായി എന്തെല്ലാം നിർദ്ദേശങ്ങളും നടപടികളുമാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തീരദേശ പാതയ്ക്കായുള്ള സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ സ്ഥലമേറ്റെടുപ്പ് ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) പദ്ധതിക്കായുള്ള ഒഴിപ്പിക്കൽ നടപടികളിൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) 2 മീറ്റർ വീതിയിൽ സൈക്കിൾ ട്രാക്ക് കൂടി ഉൾപ്പെടുത്തി 14 മീറ്റർ വീതിയിൽ തീരദേശ പാത നിർമ്മിക്കുന്നതിനും വീതി കുറഞ്ഞ ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. നിർദ്ദിഷ്ട അലൈൻമെന്റിൽ ഏതെങ്കിലും തരത്തിൽ മാറ്റം വരുത്തണമെന്നുണ്ടെങ്കിൽ എം.എൽ.എ.മാരുമായുള്ള ചർച്ചകൾക്കുശേഷം മാത്രമേ ആകാവൂ എന്നും മാസ്റ്റർപ്ലാൻ തയ്യാറാക്കുമ്പോൾ നിർദ്ദിഷ്ട തീരദേശ ഹൈവേ തിരുവനന്തപുരം ജില്ലയിലെ പൂവാറിൽനിന്നും കന്യാകുമാരി ജില്ലയിലെ കൊല്ലങ്കോട് വരെ നീട്ടണമെന്നും കിഫ്ബിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തീരദേശ ഹൈവേ കടന്നുപോകുന്ന വിവിധ മണ്ഡലങ്ങളിലെ ഉപഭോക്താക്കളുമായി യോഗങ്ങൾ ചേരുന്നതിനായി കിഫ്ബിയിൽ നാല് ടീമുകൾ രൂപീകരിച്ച് ഓരോ 150 കി.മീ. ഭാഗവും ഇതിൽ ഓരോ ടീമുകൾക്കായി വീതിച്ചു നൽകി മീറ്റിംഗുകൾ പൂർത്തീകരിച്ച് ഉടൻതന്നെ മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15 കിലോ മീറ്റർ നീളം വരുന്ന റോഡിന് 52.78 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. മറ്റുള്ള റോഡുകളുടെ വിശദമായ പദ്ധതി രൂപരേഖ സൈക്കിൾ ട്രാക്ക് ഉൾപ്പെടെ 14 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിനായി ഉടൻതന്നെ സമർപ്പിക്കുന്നതാണ്.

(ബി-ഡി) വീതി കുറഞ്ഞ ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. പദ്ധതിക്കായുള്ള ഒഴിപ്പിക്കൽ നടപടികളിൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കുന്നതിനായി കിഫ്ബിയിൽ നാല് ടീമുകൾ രൂപീകരിച്ച് ഓരോ 150 കി.മീ. ഭാഗവും ഇതിൽ ഓരോ ടീമുകൾക്കായി വീതിച്ചു നൽകി തീരദേശ പാത കടന്നുപോകുന്ന മണ്ഡലങ്ങളിലെ ഉപഭോക്താക്കളുമായി ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ മീറ്റിംഗുകൾ നടത്താനും അലൈൻമെന്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തി മാസ്റ്റർപ്ലാൻ തയ്യാറാക്കാനും കിഫ്ബിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

4(*261) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് മുതൽക്കൂട്ടാകുന്ന കാസർഗോഡ് മുതൽ പാറശ്ശാല വരെ നീളുന്ന മലയോര ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെല്ലാം പദ്ധതികളാണ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മലയോര ഹൈവേയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ഹൈവേ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാനാണ ദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ&ബി) മലയോര ഹൈവേയുടെ നിർമ്മാണം 43 റീച്ചുകളായാണ് ഏറ്റെടുക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതുവരെ 24 പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ 460 കി.മീ. നീളം വരുന്ന 17 പദ്ധതികൾക്ക് 1506 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം (1), കൊല്ലം (1), കാസർഗോഡ് (2) ജില്ലകളിലായി 4 പ്രവൃത്തികൾ ഇതിനകം കരാർ ഉറപ്പിച്ച് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മറ്റൊരു പ്രവൃത്തിയുടെ ടെണ്ടർ 23-11-2018-ന് ക്ഷണിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമായ മറ്റ് പ്രവൃത്തികൾക്ക് 12 മീറ്റർ വീതിയിൽ സ്ഥലലഭ്യത ഉറപ്പുവരുത്തി സാങ്കേതികാനുമതി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കിഫ്ബിയിൽ സമർപ്പിച്ച പദ്ധതികളും അംഗീകാരം ലഭിച്ച വിവരങ്ങളും ഉൾപ്പെടുത്തിയ ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) മലയോര ഹൈവേയ്ക്കുവേണ്ടി ഭൂമി സൗജന്യമായി ലഭ്യമാക്കുന്നതിനായി എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ മറ്റ് ജനപ്രതിനിധികളെയും പൊതുജനങ്ങളെയും ഉൾക്കൊള്ളിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഭൂഉടമകൾക്ക് ലാൻഡ് റിലിൻക്വിഷ്മെന്റ് ഫോമുകൾ നൽകി സമ്മതപത്രം വാങ്ങുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മലയോര ഹൈവേയുടെ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്തെ സ്ഥലം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടന്ന മീറ്റിംഗിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ വനഭൂമി ലഭ്യമാക്കാനുള്ള സ്ഥലത്ത് പൊതുമരാമത്ത് വകുപ്പും വനം വകുപ്പും ചേർന്ന് സംയുക്ത പരിശോധന നടത്തുകയും വനഭൂമി ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന നടപടികളും നടന്നുവരുന്നു.

(ഡി) 2021 മാർച്ച് മാസത്തോടുകൂടി മലയോര ഹൈവേയുടെ നിർമ്മാണം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അനുബന്ധം - II

(മേശപ്പുറത്ത് വച്ച രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ
## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മത്സ്യത്തൊഴിലാളികളുടെ ഉന്നമനം

5 (*242) ശ്രീ. ബി. സത്യൻ :
ശ്രീമതി യു. പ്രതിഭ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; തിരുവനന്തപുരം മുട്ടത്തറയിൽ ചെയ്തതുപോലെ ഫ്ലാറ്റ് നിർമ്മിച്ച് എല്ലാ ആധുനിക സൗകര്യങ്ങളോടെയും ഉള്ള അധിവാസ പരിപാടി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരെയും നാമമാത്ര സൗകര്യമുള്ള വീടുകളിൽ താമസിക്കുന്നവരെയും പുനരധിവസിപ്പിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കുന്ന വിവിധ ക്ഷേമ പദ്ധതികളും വികസന പദ്ധതികളും എന്തൊക്കെയെന്ന് അറിയിക്കാമോ;

(ഡി) തീരദേശവാസികളുടെ ഉന്നമനത്തിനായി വനിതാ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ നൽകിവരുന്ന സഹായം എന്തെല്ലാമാണ്; വിശദമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഭൂരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി 2016-17 സാമ്പത്തിക വർഷം ആരംഭിച്ചു. ഇതിനുപുറമേ, കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെയും തീരത്തുനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരെയും പുനഃരധിവസിപ്പിക്കുന്ന തിന് സ്ഥലവും വീടും നൽകുന്നതിന് 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്ന

പദ്ധതിയും നിലവിലുണ്ട്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ ആധുനിക സൗകര്യങ്ങളോടുകൂടി 192 ഫ്ലാറ്റുകൾ നിർമ്മിക്കുകയും 187 പേർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി തിരുവനന്തപുരം കാരോട് വില്ലേജിൽ 1.05 ഹെക്ടർ സ്ഥലം വകുപ്പ് വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. മറ്റ് ജില്ലകളിലും ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതാണ്.

(ബി) സ്വന്തമായി ഭൂമിയുള്ള അർഹതപ്പെട്ട എല്ലാവർക്കും ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിനാണ് ലൈഫ് മിഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. ലൈഫ് മിഷൻ സർവ്വേ പ്രകാരം 1220 മത്സ്യത്തൊഴിലാളികൾ ഭവന നിർമ്മാണത്തിനുള്ള അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 528 പേർ ഭവന നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു.

തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ വസിക്കുന്ന 24,451 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന പദ്ധതികളാണ് ഫിഷറീസ് വകുപ്പ് ഇപ്പോൾ നടപ്പിലാക്കുന്നത്.

(സി) മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണ പദ്ധതി, ശൗചാലയ നിർമ്മാണ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളി സമ്പാദ്യസമാശ്വാസ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി, മത്സ്യത്തൊഴിലാളി കോളനി ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതി, ജി.ആർ.എഫ്.റ്റി.എച്ച്.എസ്. മെസ്സ് അലവൻസ്, ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി, സൗജന്യ റേഷൻ, മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസന പദ്ധതി, മത്സ്യത്തൊഴിലാളി കടാശ്വാസം, മത്സ്യത്തൊഴിലാളികൾക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സഹായം - മെഡിക്കൽ, ബാങ്ക്, സിവിൽ സർവ്വീസ് കോച്ചിംഗ്, പ്രകൃതിക്ഷോഭത്തിൽ വള്ളവും വലയും നഷ്ടപ്പെട്ടതിനുള്ള നഷ്ടപരിഹാരം എന്നീ പദ്ധതികൾ ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ കീഴിലെ ഏജൻസികളായ മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തീരദേശ വികസന കോർപ്പറേഷൻ എന്നിവ വഴി മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ഡി) തീരദേശ വാസികളുടെ ഉന്നമനത്തിനായി വനിതാ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ ഏജൻസികളായ മത്സ്യഫെഡ്, സാഫ്, തീരദേശ വികസന കോർപ്പറേഷൻ എന്നിവ മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ നളപാകം എന്ന പേരിലുള്ള കോമൺ പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും 'ഡ്രിഷ് കേരള' എന്ന പേരിൽ ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് ഉണക്കമത്സ്യവും 'ഫിഷ് മെയ്ഡ്' എന്ന പേരിൽ മൂല്യവർദ്ധിത മത്സ്യ വിഭവങ്ങളും ഉൽപ്പാദിപ്പിച്ചുവരുന്നു. മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് സംഭരിക്കുന്ന മത്സ്യം ഒട്ടും മൂല്യശോഷണം സംഭവിക്കാതെ പ്ലാന്റിൽ എത്തിച്ച് പ്രത്യേകം പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളി വനിതകൾ വഴി പ്രീപ്രോസസിംഗ് നടത്തിയശേഷമാണ് സോളാർ ഡ്രൈയറിലേയ്ക്ക് ലോഡ് ചെയ്യുന്നത്.

മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽപ്പെടുന്ന മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് മത്സ്യഫെഡ് മുഖേന പലിശരഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തുവരുന്നു. ആദ്യവായ്പ 5,000 രൂപ ഒരു വർഷക്കാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് യഥാക്രമം 10,000 രൂപ 15,000 രൂപ, 20,000 രൂപ എന്നിങ്ങനെ വിതരണംചെയ്യുന്നു. പലിശരഹിതവായ്പ വിതരണത്തിനാവശ്യമായ വായ്പാ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാകുന്നു. വായ്പയുടെ പലിശ തുക, പദ്ധതി നടത്തിപ്പിനാവശ്യമായ തുക എന്നിവ സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ച് പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ 3359 ഗുണഭോക്താക്കൾക്ക് 619.10 ലക്ഷം രൂപ പലിശരഹിത വായ്പയായി വിതരണം ചെയ്തു.

മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനും വേണ്ടി ഫിഷറീസ് വകുപ്പിന് കീഴിൽ രൂപീകരിച്ച ഏജൻസിയാണ് സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർ വിമൻ (സാഫ്). സാഫിന്റെ പദ്ധതികൾക്കായി 2018-19 വർഷത്തിൽ 17.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2018-19 വർഷത്തിൽ സംസ്ഥാനത്തെ 1000 മത്സ്യത്തൊഴിലാളി വനിതകൾക്ക് സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സാഫ് ധനസഹായം നൽകുന്നു.

ഇതിനായി 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2 മുതൽ 4 പേർ വരെയുള്ള ഒരു ഗ്രൂപ്പിന് പരമാവധി 3,00,000 രൂപ വരെ (75,000 രൂപ/മത്സ്യത്തൊഴിലാളി വനിത) തിരിച്ചടയ്ക്കാത്ത ഗ്രാന്റായി നൽകുന്നു. കൂടാതെ സാഫ് മുഖേന തീരമൈത്രി പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി സംരംഭങ്ങൾ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ പരിശീലന പരിപാടികൾ (അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയിനിംഗ്, മാനേജ്മെന്റ് ട്രെയിനിംഗ്, സ്കിൽ ട്രെയിനിംഗ്, ബുക്ക് കീപ്പിംഗ് & അക്കൗണ്ടിംഗ് ട്രെയിനിംഗ്), സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് പലിശരഹിത വായ്പാ പദ്ധതി, ഉചിതമായ പ്രവർത്തനത്തിലേയ്ക്ക് മാറുന്നതിനുള്ള ധനസഹായം, സൗജന്യ മെഡിക്കൽ ക്യാമ്പ്, സാങ്കേതിക വിദ്യാനവീകരണം തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനായി തീരമൈത്രി സംരംഭങ്ങളിലെ 145 ഗ്രൂപ്പുകളിൽ ഉൽപ്പാദിപ്പിക്കുന്ന 6 തരം ഉണക്കമത്സ്യങ്ങൾ കേരളത്തിലെമ്പാടുമുള്ള മാർക്കറ്റുകളിൽ തീരമൈത്രി ബ്രാൻഡിൽ ലഭ്യമാക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. കൂടാതെ തീരനൈപുണ്യ, തീരമാവേലി എന്നീ പദ്ധതികളും മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിനായി സാഫ് മുഖേന നടപ്പിലാക്കുന്നു.

**കാലവർഷക്കെടുതി**

6(*243) ശ്രീ. വി. ആർ. സുനിൽ കുമാർ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. കെ. രാജൻ :

ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിമൂലം സംസ്ഥാനത്തിനുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർണ്ണമായോ; വിശദമാക്കുമോ;

(ബി) ഈ കാലയളവിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലും മരങ്ങൾ കടപുഴകിയതും ഏറെ ജീവനപഹരിച്ചുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വെള്ളം കയറാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിലെ ആളുകളെ ഡാമുകൾ തുറന്നുവിടുന്നതിനുമുമ്പ് മാറ്റിപ്പാർപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിരുന്നോ;

(ഡി) മണ്ണിടിച്ചിലും ഉരുൾപൊട്ടലും കാരണം വീടുകൾ തകർന്നവരെ മാറ്റി പുനരധിവസിപ്പിക്കുമോ;

(ഇ) ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മറ്റ് വകുപ്പുകളുടെ സഹകരണവും സഹായവും മുതൽക്കൂട്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്ത് മഹാപ്രളയത്തിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുത്തിട്ടുണ്ട്. പല തരത്തിലുമുള്ള കണക്കെടുപ്പുകൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സർക്കാർ നടത്തിയ കണക്കെടുപ്പിൽ 26,720 കോടി രൂപയുടെ നഷ്ടം ഉണ്ടായതായാണ് കണക്കാക്കിയിരിക്കുന്നത്. ഇതിന് പുറമേ ഐക്യരാഷ്ട്ര സഭയുടേതുൾപ്പെടെയുള്ള ഏജൻസികൾ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ അനുസരിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ട്.

ഐക്യരാഷ്ട്ര സഭയുടെ PDNA (Post Disaster Need Assessment) റിപ്പോർട്ട് പ്രകാരം 26,718 കോടി രൂപയുടെ നഷ്ടമാണ് 2018-ലെ വെള്ളപ്പൊക്കത്തിൽ സംസ്ഥാനത്ത് ഉണ്ടായതായി കണക്കാക്കിയിരിക്കുന്നത്. നാശനഷ്ടത്തിന്റെ സെക്ടർ തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു. കേരളത്തിന്റെ പുനർ നിർമ്മാണത്തിനായി 31,000 കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ് PDNA റിപ്പോർട്ട് കണക്കാക്കുന്നത്. ലോകബാങ്കും ADB-യും തങ്ങളുടേതായ മാനദണ്ഡങ്ങൾ അനുസരിച്ച് നഷ്ടം കണക്കാക്കി 24,893 കോടി രൂപ പുനർനിർമ്മാണത്തിന് ആവശ്യമായി വരുമെന്നാണ് കണ്ടെത്തിയത്.

സംസ്ഥാനത്ത് പ്രളയ ദുരന്തത്തിൽ താറുമാറായ പശ്ചാത്തല സൗകര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനും ജീവനോപാധികൾ കണ്ടെത്തുന്നതിനുമായി രണ്ട് ഘട്ടങ്ങളിലായി ആകെ 5616.7 കോടി രൂപയാണ് ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡമനുസരിച്ച് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്.

(ബി) ഉണ്ട്. 2018-ലെ കാലവർഷത്തെ തുടർന്ന് കേരളത്തിൽ വ്യാപകമായി ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായിട്ടുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം 152 പേർക്കാണ് ജീവഹാനി സംഭവിച്ചത്.

മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ നേരിട്ട എല്ലാ സ്ഥലങ്ങളും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫ്ലഡ് പ്ലെയിൻ മാപ്പിംഗ് നടത്താൻ CWRDM (Centre for Water Resources Development and Management), KFRI (Kerala Forest Research Institute), M.G. University, KSRSEC (Kerala State Remote Sensing and Environment Centre) എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. വെള്ളം കയറുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിലെ ആളുകൾക്ക് ആവശ്യമായ മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. ഡാമുകൾ തുറന്ന് വിടുന്നത് സംബന്ധിച്ച Orange Alert, Red Alert തുടങ്ങിയവ ദൃശ്യമാധ്യമങ്ങൾ വഴി ജനങ്ങൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത മുന്നറിയിപ്പുകൾ എല്ലാം തന്നെ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ, ജില്ലാ കളക്ടർമാർ, ഗ്രാമപഞ്ചായത്തുകൾ, പോലീസ് വകുപ്പ്, മാധ്യമങ്ങൾ, ദക്ഷിണ റെയിൽവേ, ജില്ലാ ഇൻഫർമേഷൻ സെന്ററുകൾ തുടങ്ങിയവരെയെല്ലാം അറിയിക്കുകയും ചെയ്തു. ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ചിരുന്നു. ജില്ലാ തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗ് വിളിച്ചുകൂട്ടി വെള്ളം ഉയർന്നാൽ ബാധിക്കപ്പെടാൻ സാദ്ധ്യതയുള്ള പഞ്ചായത്തുകൾക്ക് തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. വെള്ളം കയറുവാൻ സാദ്ധ്യതയുള്ള താഴ്ന്ന പ്രദേശങ്ങളിൽ നിന്നും ആളുകളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവ ബാധിക്കുമെന്ന് വ്യക്തമായ സ്ഥലങ്ങളിൽ വീടുകൾ പുനർ നിർമ്മിക്കാൻ കഴിയില്ല. പുനരധിവാസ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി ഇത്തരം ആൾക്കാരെ കണ്ടെത്തുന്നതിനുള്ള വിശദമായ സർവ്വേ വാളണ്ടിയർമാരുടെ സഹായത്തോടെ പൂർത്തിയാക്കിയിരുന്നു. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ നേരിട്ട എല്ലാ സ്ഥലങ്ങളും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വീട് നഷ്ടപ്പെട്ടവരെയും പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ താമസിച്ചിരുന്നവരെയും പുനരധിവസിപ്പിക്കാൻ സമഗ്രവും ശാസ്ത്രീയവും ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കിയുള്ള സമീപനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്.

(ഇ) ഉണ്ട്. കേരളം കണ്ട ഏറ്റവും വലിയ ദുരന്തത്തിന്റെ ദുരിതാശ്വാസ പ്രവർത്തനത്തിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളുടെയും സഹകരണവും സഹായവും ഉണ്ടായിട്ടുണ്ട്.

**കുട്ടികളുടെ ത്രിഭാഷാ ശേഷി മെച്ചപ്പെടുത്തുന്നതിന് പദ്ധതി**

7 (*245) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ ത്രിഭാഷാ ശേഷി മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിപാടിയുടെ വിശദാംശം അറിയിക്കാമോ;

(ബി) ഒന്നു മുതൽ ഏഴുവരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായുള്ള 'ഹലോ ഇംഗ്ലീഷ്' പദ്ധതിയുടെ വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതി എല്ലാ പൊതു വിദ്യാലയങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ലോകഭാഷയായ ഇംഗ്ലീഷിന് ലഭിക്കുന്നത്ര പ്രാധാന്യം മാതൃഭാഷയ്ക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ഹയർ സെക്കന്ററി തലത്തിൽ എല്ലാ വിഷയങ്ങൾക്കുമുള്ള പാഠപുസ്തകം മാതൃഭാഷയിൽക്കൂടി ലഭ്യമാക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ;

(ഇ) മാതൃഭാഷ പഠിക്കാതെ ബിരുദമെടുക്കാൻ കഴിയുന്ന സ്ഥിതി മാറ്റാനായി നടത്തുന്ന പ്രവർത്തനം എന്തൊക്കെയെന്ന് അറിയിക്കാമോ; സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളും മാതൃഭാഷ പഠിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(എഫ്) നിലവിലെ അക്കാദമിക വർഷം അക്കാദമിക മികവിന്റെ വർഷമായി പ്രഖ്യാപിച്ചുകൊണ്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സുവരെ ത്രിഭാഷാ പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഒന്നാം ഭാഷയായി മാതൃഭാഷയും രണ്ടും മൂന്നും ഭാഷകളായി ഇംഗ്ലീഷ്, ഹിന്ദി എന്നിവയും പഠിപ്പിച്ചുവരുന്നു. സെക്കണ്ടറി തലത്തിൽ ഭാഷകളുടെ പഠനം മെച്ചപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ "ശ്രദ്ധ" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. മലയാള ഭാഷാ പഠനം പ്രോൽസാഹിപ്പിക്കുന്നതിന് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.) ഗവേഷണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച "എന്റെ മലയാളം", ഇംഗ്ലീഷ് പഠനം പ്രോൽസാഹിപ്പിക്കുന്നതിന് ആരംഭിച്ച പ്രത്യേക പദ്ധതി എന്നിവയിലെ ആശയങ്ങൾ പ്രയോജനപ്പെടുത്തിയാണ് ഈ പരിപാടികൾ നടപ്പിലാക്കി വരുന്നത്. ദൈനംദിന ക്ലാസ്സ് റൂം പഠനത്തിന് പുറമേ ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തുന്നതിനായി 'ഹലോ ഇംഗ്ലീഷ്' പദ്ധതിയും ഹിന്ദി ഭാഷാ വികസനത്തിനായി പ്രത്യേക പദ്ധതിയായി 'സുരീലി ഹിന്ദിയും' നടപ്പാക്കിവരുന്നു.

(ബി) ഒന്നു മുതൽ ഏഴുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി സമഗ്രശിക്ഷാ കേരള മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് 'ഹലോ ഇംഗ്ലീഷ്'. കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ ഉണർത്തുന്ന

തരത്തിലുള്ള വൈവിധ്യമാർന്ന ഒട്ടേറെ പ്രവർത്തനങ്ങളിലൂടെയാണ് 'ഹലോ ഇംഗ്ലീഷ് ' പഠനം നടപ്പിലാക്കുന്നത്. വേനൽ അവധിക്കാലത്ത് പരിശീലനം നൽകുകയും 'ടീച്ചേഴ്സ് ജേർണൽ' എന്ന പേരിൽ ഒരു പ്രവർത്തന പുസ്തകവും ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികളും ഔദ്യോഗിക ഭാഷയായ മലയാളം നിപുണ നിലവാരത്തിൽ പ്രയോഗിക്കാൻ പ്രാപ്തരാവണമെന്ന കാഴ്ചപ്പാടും ലക്ഷ്യവും മുൻനിർത്തി മലയാള ഭാഷാ പഠന ആക്ട് -2017 നടപ്പിലാക്കിയിട്ടുണ്ട്. മലയാളത്തിൽ അടിസ്ഥാന ഭാഷാശേഷി ഇല്ലാത്ത കുട്ടികൾക്കായുള്ള പഠന പിന്തുണാ പദ്ധതിയായി "മലയാളത്തിളക്കം" എല്ലാ വിദ്യാലയങ്ങളിലും നടത്തിവരുന്നു. കൂടാതെ ഭാഷാ വികാസത്തിനായി കുട്ടിയുടെ വായന പരിപോഷിപ്പിക്കാനായുള്ള പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ പരിഭാഷ നിർവ്വഹിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തി. സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് വിഷയങ്ങളുടെ പാഠപുസ്തകങ്ങൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിവരുന്നു. നിലവിൽ പരിഭാഷ പൂർത്തിയായ പാഠപുസ്തകങ്ങളുടെ അച്ചടിക്കുള്ള അനുമതി സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്.

(ഇ) സംസ്ഥാനത്ത് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ കേന്ദ്ര ബോർഡുകളുടെ സിലബസ് പിൻതുടരുന്ന സ്കൂളുകൾ ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകളിലും മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് 2017-ലെ മലയാള ഭാഷാപഠന നിയമത്തിലും 2018-ലെ മലയാള ഭാഷാപഠന ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(എഫ്) 2018-19 അക്കാദമിക വർഷം അക്കാദമിക മികവിന്റെ വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനുകൾ സ്കൂൾതല പ്രവർത്തന പദ്ധതികളാക്കി മാറ്റുന്ന പ്രവർത്തനം പൂർത്തിയായിവരുന്നു. ഈ പ്രവർത്തന പദ്ധതികളിൽ നിന്നും അഞ്ച് പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിച്ച് പ്രവർത്തനങ്ങൾ നടത്താൻ സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അടിസ്ഥാന ഭാഷാ ശേഷികൾ മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നതിന് 22 പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിൽ മെച്ചപ്പെട്ട പഠനാനുഭവങ്ങൾക്കുള്ള പദ്ധതികളും നടപ്പാക്കിവരുന്നു.

**റോഡുകളുടെ ദയനീയാവസ്ഥയിന്മേൽ കോടതി വിമർശനം**

8 (*246.) ശ്രീ. എം. വിൻസെന്റ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ ദയനീയാവസ്ഥയെ കേരള ഹൈക്കോടതി വിമർശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകളുടെ ദയനീയാവസ്ഥയിന്മേൽ ഹൈക്കോടതി സ്വമേധയാ കേസ് എടുത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) പ്രസ്തുത വിമർശനത്തിന്റെ പശ്ചാത്തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) കാക്കനാട്-പാലാരിവട്ടം സിവിൽ ലൈൻ റോഡിന്റെ അവസ്ഥ സംബന്ധിച്ച് ബഹു. ഹൈക്കോടതി 26-10-2018-ലെ WP(C) No.34941/2018 ഉത്തരവിൽ പരാമർശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) കാക്കനാട് - പാലാരിവട്ടം സിവിൽ ലൈൻ റോഡിന്റെ അവസ്ഥ സംബന്ധിച്ച് ഹൈക്കോടതി പരാമർശം ഗൗരവത്തോടെ കാണുന്നു. ബഹു. ഹൈക്കോടതി പരാമർശം ഉണ്ടാകുന്നതിനു മുമ്പുതന്നെ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി 26-10-2018-ന് ഈ റോഡിന്റെ അവസ്ഥ നേരിൽ കാണുന്നതിനും ഉദ്യോഗസ്ഥരുടെ അവലോകനയോഗം സ്ഥലം എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ ചേരുന്നതിനും തീരുമാനിച്ചിരുന്നു. പ്രസ്തുത യോഗത്തിൽ ഈ വിഷയം വിശദമായി വിലയിരുത്തുകയും ചെയ്തു. ബഹു. ഹൈക്കോടതിയിൽ നിന്നുള്ള പരാമർശം സംബന്ധിച്ച വിഷയത്തിന്റെ വിശദീകരണം ഉദ്യോഗസ്ഥരോട് ആരായുകയും ചെയ്തു. ബി.സി. ചെയ്ത് നല്ല നിലയിൽ പണി 2015 ജൂൺ 29-ന് പൂർത്തീകരിച്ചിരുന്നതാണെന്നും തുടർന്ന് അദാനി ഗ്രൂപ്പ് ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടിയും വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടിയും കെ.എസ്.ഇ.ബി. 220 K ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന് വേണ്ടിയും ചെയ്ത പ്രവൃത്തികളാണ് നല്ല നിലയിൽ ഉണ്ടായിരുന്ന റോഡ് പൊട്ടിപ്പൊളിയേണ്ട സാഹചര്യം ഉണ്ടാക്കിയതെന്ന് വിലയിരുത്തിയിട്ടുണ്ട്. കൂടാതെ 2018 ജൂലൈ - ആഗസ്റ്റ് മാസങ്ങളിലുണ്ടായ അതിവർഷവും പ്രളയവുംമൂലം റോഡുകൾക്ക് സാരമായ കേടുപാടുകൾ സംഭവിച്ചു.

ഹൈക്കോടതി പരാമർശിച്ച പ്രസ്തുത റോഡിന്റെ ഉപരിതലം പുതുക്കുന്നതിനായി ബഹു. തൃക്കാക്കര എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ജില്ലാകളക്ടറുടെ 5-3-2018-ലെ ആർ.ഡി.3-1431/2017 ഉത്തരവ് പ്രകാരം 4 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ 26-6-2018-ലെ എം.എൽ.എ.യുടെ കത്ത് പ്രകാരം പ്രസ്തുത ഭരണാനുമതി റദ്ദ് ചെയ്യുകയുണ്ടായി. ഭരണാനുമതി റദ്ദ് ചെയ്ത ഈ നടപടിയും റോഡിന്റെ പുനരുദ്ധാരണത്തിന് കാലതാമസം നേരിടുന്നതിന് കാരണമായിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ ടി വിഷയത്തിലെ നിജസ്ഥിതി ബഹു. കോടതിയെ ബോദ്ധ്യപ്പെടുത്തുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കൂടാതെ എറണാകുളം തൃക്കാക്കര മണ്ഡലത്തിൽ മൊത്തത്തിലുള്ള 104 കി.മീ. പൊതുമരാമത്ത് റോഡിൽ 60 കി.മീ. സഞ്ചാരയോഗ്യമാണെന്നും ബഡ്ജറ്റ് വർക്കിലുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്ന 17 കി.മീ. റോഡും റിപ്പയർ വർക്ക് നടന്നുകൊണ്ടിരിക്കുന്ന 23 കി. മീ. റോഡും എത്രയുംവേഗം പൂർത്തീകരിച്ച് സഞ്ചാരയോഗ്യമാക്കേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശവും നൽകിയിരുന്നു. പ്രസ്തുത കേസിൽ 24-11-2018-ൽ Statement of Facts കോടതിയിൽ സമർപ്പിക്കുകയും മഴമൂലവും പകൽ സമയം പ്രവൃത്തി നടത്തുന്നതിൽ പോലീസ് വകുപ്പിൽ നിന്നുള്ള എതിർപ്പും കാരണം പണി പൂർത്തീകരിക്കാൻ 6 ദിവസം കൂടി സമയം ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് 2-12-2018-ന് പണി പൂർത്തീകരിക്കുകയും 3-12-2018-ന് ഈ വിവരം ഹൈക്കോടതിയെ ധരിപ്പിച്ച് പ്രസ്തുത കേസ് നടപടികൾ അവസാനിപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർ കോടതിയോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുള്ളതാണ്. ദേശീയപാതാ വിഭാഗത്തിന്റെ കീഴിലുള്ള എല്ലാ റോഡുകളും കുഴികൾ അടച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. പ്രളയത്തെ തുടർന്ന് സംസ്ഥാനത്തെ ഭൂരിഭാഗം റോഡുകൾക്കും തകർച്ച സംഭവിച്ചിരുന്നു. അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ അവലോകനം**

9 (*247) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിനുശേഷം ദുരന്തനിവാരണ സംവിധാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിന് സംസ്ഥാനം എത്രത്തോളം സജ്ജമാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ ദുരന്തപ്രതികരണശേഷിയും ദുരന്തനിവാരണ സംവിധാനങ്ങളും പുനരവലോകനം നടത്തി കൂടുതൽ പ്രതികരണ ശേഷിയുള്ളതാക്കി മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) ഫ്ലാറ്റുകളിലും മറ്റുയർന്ന കെട്ടിടങ്ങളിലും ഉണ്ടാകാൻ സാദ്ധ്യതയുള്ള അഗ്നിബാധ തടയുന്നതിനും ആളപായം കുറയ്ക്കുന്നതിനുമുള്ള ദുരന്തനിവാരണ സംവിധാനങ്ങളുടെ പ്രതികരണശേഷി പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ-സി) ഉണ്ട്. സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിനുശേഷം ദുരന്തനിവാരണ സംവിധാനങ്ങളുടെ പ്രവർത്തനം ഐക്യരാഷ്ട്രസഭാ സംഘം അവലോകനം ചെയ്തിരുന്നു.

കേന്ദ്ര ആഭ്യന്തര മന്ത്രാലയം അയച്ചുതന്ന സംസ്ഥാനങ്ങളുടെ താരതമ്യ പഠനത്തിൽ (Disaster Score Card) രാജ്യത്ത് ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ അഞ്ചാം സ്ഥാനമാണ് സംസ്ഥാനത്തിനുള്ളത്.

ലോക ബാങ്ക് തയ്യാറാക്കിയ പ്രളയാനന്തര പുനർ നിർമ്മാണ അവലോകന റിപ്പോർട്ടിൽ സംസ്ഥാന അതോറിറ്റി കാര്യക്ഷമമായിട്ടാണ് കേരളത്തിൽ പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഐക്യരാഷ്ട്രസഭാ സംഘം തയ്യാറാക്കിയ പ്രളയാനന്തര പുനർനിർമ്മാണ അവലോകന റിപ്പോർട്ടിലും സംസ്ഥാന അതോറിറ്റി നടത്തുന്ന വിവിധ പദ്ധതികളെ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. അതോറിറ്റി പുതുതായി ഏറ്റെടുക്കേണ്ടതായ ഐക്യരാഷ്ട്രസഭാ സംഘത്തിന്റെ പ്രധാന ശിപാർശകളിൽ എല്ലാംതന്നെ ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) ഫ്ലാറ്റുകളിലും മറ്റുയർന്ന കെട്ടിടങ്ങളിലും ഉണ്ടാകാൻ സാദ്ധ്യതയുള്ള അഗ്നിബാധ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം അംഗീകൃത ദുരന്തം (disaster) അല്ല. ഇത് ഒരു സുരക്ഷാ (Safety) വിഷയമാണ്. അഗ്നിസുരക്ഷാ മാനദണ്ഡം നടപ്പാക്കേണ്ടത് കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിക്ഷിപ്തമായ കടമയാണ്. ഇത് സ്ഥിരമായി പരിശോധിച്ച് ഇത്തരം കെട്ടിടങ്ങളിൽ സുരക്ഷ ഉറപ്പ് വരുത്തുവാനുള്ള ചുമതല അഗ്നി സുരക്ഷാ വകുപ്പിനാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭൂപരിഷ്കരണ നിയമ പ്രകാരം ഇളവ് ലഭിച്ച തോട്ടങ്ങൾ

10 (*248) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമപ്രകാരം ഇളവ് ലഭിച്ച തോട്ടങ്ങളിൽ ക്വാറികൾ പ്രവർത്തിക്കുന്നത് നിയമ വിരുദ്ധമാണെന്നും ഇത്തരം ഭൂമി സർക്കാർ ഏറ്റെടുക്കണമെന്നും ഹൈക്കോടതി വിധി പ്രസ്താവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തോട്ടങ്ങൾ കണ്ടെത്തി മിച്ച ഭൂമിയായി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാംശം വ്യക്തമാക്കുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ 16-11-2018-ലെ WP(C) 17384/17, 18246/17 എന്നിവയിലെ ഫുൾബെഞ്ചിന്റെ ഉത്തരവ് പ്രകാരം ഒഴിവ് ലഭിച്ച ഭൂമിയിൽ ഏതെങ്കിലും ഭാഗത്ത് ധാതു ഖനനം, പാറ ഖനനം എന്നിവ നടത്തുന്നത് കേരള ഭൂപരിഷ്കരണ നിയമപ്രകാരമുള്ള ഒഴിവിന് ആസ്പദമായ ഒരു വാണിജ്യ ഇടമായി കണക്കാക്കാനാകില്ലെന്നും ഭൂപരിധിയിൽ നിന്ന് ലഭിച്ച ഒഴിവാക്കലിനുള്ള അർഹത നഷ്ടപ്പെടുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അതായത് തോട്ടഭൂമിയായി ഒഴിവ് കിട്ടിയ ഭൂമി ക്വാറി പ്രവർത്തിക്കുന്നതിന്/ധാതു ഖനനത്തിന് തരം മാറ്റാൻ പാടില്ലാത്തതും അപ്രകാരമുള്ള ഏതെങ്കിലും ഭൂമി തരം മാറ്റിയിട്ടുണ്ടെങ്കിൽ അതിന് നേരത്തെ കിട്ടിയ ഒഴിവിനുള്ള അർഹത നഷ്ടപ്പെടുന്നതുമാണ് എന്നതാണ് ബഹു. ഹൈക്കോടതി വിധി.

(ബി) തോട്ടഭൂമിയായി ഒഴിവ് കിട്ടിയ ഭൂമി ക്വാറി പ്രവർത്തിക്കുന്നതിന് തരം മാറ്റാൻ പാടില്ലാത്തതും അപ്രകാരം ഏതെങ്കിലും തോട്ടഭൂമികൾ തരം മാറ്റിയിട്ടുണ്ടെങ്കിൽ അതിന് നേരത്തെ കിട്ടിയ ഒഴിവിനുള്ള അർഹത നഷ്ടപ്പെടുന്നതുമാണ്. ഇപ്രകാരം ഒഴിവ് കിട്ടിയ ഭൂമിയിൽ ക്വാറീയിംഗ് പ്രവർത്തനം നടത്തുന്നുണ്ടോയെന്ന് പരിശോധിച്ച് കേരള ഭൂപരിഷ്കരണ നിയമപ്രകാരം അടിയന്തര തുടർ നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 87(1) വിശദീകരണം II അനുസരിച്ച് ഒഴിവ് അനുവദിച്ച ഭൂമി തരം മാറ്റിയതായി ബോദ്ധ്യപ്പെടുന്ന നിമിഷം ഒഴിവ് നൽകിയ വ്യവസ്ഥയുടെ ലംഘനമായി കണ്ട് ആർക്കാണോ ഒഴിവ് അനുവദിച്ചത് അവരുടെ പേരിൽ 1-1-1970-നുശേഷം ആർജ്ജിക്കപ്പെട്ട ഭൂമിയായി പരിഗണിച്ച് പുതിയ ഭൂപരിധി കേസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സ്വകാര്യ മേഖലയിലെ സ്കൂളുകളുടെ വാണിജ്യ താല്പര്യം

11(*249) ശ്രീ. കെ. ബാബു :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. കാരാട്ട് റസാഖ് :

ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിലെ അൺഎയ്ഡഡ് സ്കൂളുകളിൽ കേരള ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഘടന നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത്തരം സ്കൂളുകളിലെ അധ്യാപകർക്ക് ന്യായ വേതനം ഉറപ്പാക്കാനായി നടപടി സ്വീകരിക്കാൻ കഴിയുമോ;

(ബി) നൂറുശതമാനം വിജയം ഉറപ്പാക്കാനുള്ള കുറുക്കുവഴിയായും അന്യായ നടപടികൾ ചോദ്യം ചെയ്യുന്നവരെ നിശബ്ദരാക്കാനും അൺഎയ്ഡഡ് സ്കൂളുകൾ വിദ്യാർത്ഥികളെ നിയമ വിരുദ്ധമായി നിർബന്ധിത വിടുതൽ സർട്ടിഫിക്കറ്റ് നൽകി പുറത്താക്കുന്നതും വിവിധ ക്ലാസുകളിൽ തോൽപ്പിക്കുന്നതും അവസാനിപ്പിക്കാൻ നടപടിയെടുക്കാൻ കഴിയുമോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടാൻ നടപടി സ്വീകരിക്കുമോ;

(ഡി) സ്വകാര്യ വിദ്യാഭ്യാസ മേഖലയിലെ വാണിജ്യ താൽപര്യം ദുർബലപ്പെടുത്താൻ പൊതുവിദ്യാഭ്യാസ മേഖലയുടെ നവീകരണം വഴി സാദ്ധ്യമായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ബഹു. ഹൈക്കോടതിയിലെ WPC Nos.15900, 18044, 22249/2018 എന്നീ കേസുകളിലെ 2-8-2018-ലെ വിധിയിൽ സ്കൂളുകളിലെ ഭൗതിക സൗകര്യത്തിനും കുട്ടികൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾക്കും ആനുപാതികമായ ഫീസ് ഘടന നിശ്ചയിക്കാൻ സർക്കാരിന് അധികാരമുണ്ടെന്ന് നിരീക്ഷിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകൾക്ക് സംസ്ഥാനത്തിന്റെ അംഗീകാരം ലഭിക്കുന്നതിന് 10-6-2013-ൽ പുറപ്പെടുവിച്ച ജി. ഒ. (എംഎസ്.) നമ്പർ 184/2013/പൊ.വി.വ. പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശത്തിലും

സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്നതിന് 7-10-2011-ൽ പുറപ്പെടുവിച്ച ജി.ഒ.(എംഎസ്.) നമ്പർ 202/11/പൊ.വി.വ. ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിലും സ്കൂളുകളിലെ ഭൗതിക സൗകര്യത്തിനും കുട്ടികൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾക്കും ആനുപാതികമായ ട്യൂഷൻ ഫീസ് മാത്രമേ വാങ്ങാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനമെങ്കിലും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കിയ "കേരള പെയ്മെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺ എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ" എന്ന പേരിലുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ ഭരണപരമായ വിഷയങ്ങളിൽ ഇടപെടാൻ സർക്കാരിന് പരിമിതികളുണ്ടെങ്കിലും കുട്ടികളുടെ ഭാവിയെക്കരുതി ഇത്തരത്തിലുള്ള പരാതികൾ ലഭിക്കുമ്പോൾ കർശനമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) അതാത് കാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് സംസ്ഥാനത്ത് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി. നൽകുന്നത്. 7-10-2011-ലെ ജി.ഒ.(എംഎസ്.) നമ്പർ 202/11/പൊ.വി.വ. ഉത്തരവ് പ്രകാരമാണ് ഏറ്റവും ഒടുവിലായി എൻ.ഒ.സി. നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

സംസ്ഥാനത്ത് അംഗീകാരമില്ലാതെ സ്കൂളുകൾ പ്രവർത്തിക്കാൻ പാടില്ലെന്ന് വിദ്യാഭ്യാസ അവകാശ നിയമത്തിലുള്ളതിനാൽ സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സർക്കാർ 19-7-2017-ലെ എഫ്1/27/2017/പൊ.വി.വ. നമ്പർ കത്തുപ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇത്തരത്തിൽ നോട്ടീസ് ലഭിച്ച പല സ്കൂളുകളും ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ബഹു. കോടതി ഇടക്കാല സ്റ്റേ അനുവദിക്കുകയും 2018-19 അദ്ധ്യയന വർഷം അടച്ചു പൂട്ടൽ നടപടി ഉണ്ടാവുകയില്ലെന്ന് ബഹുമാനപ്പെട്ട കോടതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിലേയ്ക്കായി ഹൈടെക് ക്ലാസ്സ് മുറികളുൾപ്പെടെ വലിയ സംവിധാനങ്ങൾ സർക്കാർ/എയ്ഡഡ് മേഖലയിൽ നടപ്പിലാക്കിവരുന്നു. പൊതു വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതിന്റെയും സർക്കാർ വിദ്യാലയങ്ങളിൽ പ്രീ-സ്കൂൾ സംവിധാനം ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്റെയും അടിസ്ഥാനത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നു.

**ഓഖി ദുരന്തബാധിതരുടെ സംരക്ഷണം**

12(*250) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. എം. നൗഷാദ്</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ മരിക്കുകയോ കാണാതെ പോവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഓഖി പുനരധിവാസം സംസ്ഥാനത്തിന്റെ ചുമതലയാണെന്ന് കേന്ദ്രസർക്കാർ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആവർത്തിക്കുന്ന ഇത്തരം ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കടൽത്തീരത്തു നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കെല്ലാം സ്വന്തമായി ജീവനോപാധി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>):

(എ) ഓഖി ദുരന്തത്തിൽ 143 മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയോ കാണാതാവുകയോ ചെയ്തിട്ടുണ്ട്. ടി മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി സർക്കാർ പ്രഖ്യാപിച്ച 20 ലക്ഷം രൂപ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമേ മരണപ്പെട്ട 51 മത്സ്യത്തൊഴിലാളികൾക്ക് 2,00,000 രൂപ കേന്ദ്ര സഹായവും നൽകിയിട്ടുണ്ട്.

ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുടെയും മക്കളായി 309 പേരുണ്ട്. ഇവരിൽ 185 പേർക്ക് first level graduation വരെ വിദ്യാഭ്യാസ ധനസഹായവും ബിരുദം പൂർത്തിയാക്കിയ 124 പേർക്ക് തൊഴിൽ പരിശീലനവും നൽകുന്നതിന് 13.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2037 വരെയുള്ള 20 വർഷം വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയിൽ ആദ്യ വർഷം ആവശ്യമായ 56.95 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഓഖി ദുരന്തത്തിൽ മരണപ്പെട്ട വലിയതുറ പ്രദേശത്തുള്ള 5 പേരുടെ കുടുംബങ്ങൾക്ക് തിരുവനന്തപുരം മുട്ടത്തറയിൽ നിർമ്മിച്ച ഫ്ലാറ്റ് സമുച്ചയത്തിൽ വീട് അനുവദിച്ചിട്ടുണ്ട്.

ഓഖിയിൽ മരണപ്പെട്ടവരും കാണാതായവരും ആയ 143 മത്സ്യത്തൊഴിലാളികളുടെ വിധവകളിൽ 40-ൽ താഴെ വയസ്സുള്ളതും 10-ാം തരത്തിൽ താഴെ വിദ്യാഭ്യാസ യോഗ്യത ഉള്ളവരുമായ 42 പേർക്ക് മത്സ്യ ഫെഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നൽകുകയും നിലവിൽ 34 പേർ ജോലി ചെയ്തു വരികയും ചെയ്യുന്നു. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായ വിഭാഗത്തിന് സമാശ്വാസമേകണമെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്നും 200 പേരെ കോസ്റ്റൽ വാർഡൻമാരായി നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഫിഷറീസ് വകുപ്പിന് അനുവദിച്ച തുക വിനിയോഗിച്ച് 1,14,032 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000 രൂപ വീതം മൊത്തം 22.80 കോടി രൂപ വിതരണം ചെയ്തു.

ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും കണ്ടെത്തുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കാൻ 7.41 കോടി രൂപ ഓഖി ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. സ്ഥലം കണ്ടെത്തി വീട് വയ്ക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ലകളിൽ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പൂർണ്ണമായും വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖേന പ്രതിമാസം 3,000 രൂപ വീതം വാടക നൽകിവരുന്നു. ഇതിനായി 26.64 ലക്ഷം രൂപ അനുവദിച്ചു. ഭാഗികമായി കേടുപറ്റിയ 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ റിപ്പയർ ചെയ്യുന്നതിനായി 2.042 കോടി രൂപ അനുവദിച്ചു. റവന്യൂ വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 7340 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചെങ്കിലും കേന്ദ്ര സർക്കാരിൽ നിന്ന് അനുകൂല മറുപടിയോ ഫണ്ടോ ലഭ്യമായിട്ടില്ല.

ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 76.22 കോടി രൂപയുടെ പദ്ധതികൾക്കുള്ള ഭരണാനുമതിയും ഫണ്ടും ഫിഷറീസ് വകുപ്പിന് നൽകിയിട്ടുണ്ട്. ഇതിനുപുറമേ റവന്യൂ വകുപ്പ് മുഖേനയും ഓഖിയുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനത്തിനായി 2,000 കോടി രൂപയുടെ ഒരു സമഗ്ര തീരദേശ പാക്കേജ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) 2018-19 സാമ്പത്തിക വർഷം സാഫ് മുഖേന നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള ജീവനോപാധി പദ്ധതികൾക്കായി 17.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2018-19 വർഷത്തിൽ സംസ്ഥാനത്തെ 100 മത്സ്യത്തൊഴിലാളി വനിതകൾക്ക് സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സാഫ് മുഖാന്തരം ധനസഹായം നൽകുന്നുണ്ട്. ഇതിനായി 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2 മുതൽ 4 വരെ പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് പരമാവധി 3,00,000 രൂപ വരെ ഒരു മത്സ്യത്തൊഴിലാളി വനിതയ്ക്ക് 75,000 രൂപ നിരക്കിൽ തിരിച്ചടയ്ക്കാത്ത ഗ്രാന്റായി നൽകുന്നു. കൂടാതെ അഭ്യസ്തവിദ്യരായ യുവതികൾക്ക് വ്യക്തിത്വ വികസനം, നേതൃത്വ പാടവം, ആശയ വിനിമയശേഷി തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകി അവരെ ജോലിക്ക് പ്രാപ്തരാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് തീരനൈപുണ്യ പദ്ധതി. ഇതിനുപുറമേ, മത്സ്യത്തൊഴിലാളി സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് സാഫ് മുഖേന തീരമൈത്രി പദ്ധതിയിലൂടെ പലിശരഹിത വായ്പാ പദ്ധതി, ഉചിതമായ പ്രവർത്തനത്തിലേയ്ക്ക് മാറുന്നതിനുള്ള ധനസഹായം (shifting to appropriate technology of activity), സാങ്കേതിക വിദ്യാ നവീകരണം തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന സംയോജിത മത്സ്യ വികസന പദ്ധതി വഴി പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ പദ്ധതി മാനദണ്ഡങ്ങൾ അനുസരിച്ച് വായ്പയായി നൽകിവരുന്നു. ഇപ്പോൾ നടപ്പിലാക്കുന്ന ഐ.എഫ്.ഡി.പി. 2017-18 പലിശരഹിത വായ്പാ പദ്ധതിയായി നടപ്പിലാക്കുന്നു. എൻ.സി.ഡി.സി.-ക്ക് നൽകേണ്ട പലിശ ബജറ്റിൽ പലിശ സബ്സിഡിയായി വകയിരുത്തിയിട്ടുണ്ട്.

ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടി മത്സ്യബന്ധന ഉപകരണങ്ങൾ ഒരു വ്യക്തിക്ക് പരമാവധി 3 ലക്ഷം രൂപ വരെ 6% പലിശക്ക് വായ്പയായി നൽകിവരുന്നു.

NCDC/NABARD/NBCFDC/NMDFC വായ്പയ്ക്കായി 2018-19 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 6.75 കോടി രൂപ പലിശ സബ്സിഡി ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപാധികൾ പൂർണ്ണമായും/ ഭാഗികമായും നഷ്ടപ്പെട്ട 380 മത്സ്യത്തൊഴിലാളികൾക്ക് 6.76 കോടി രൂപയുടെ നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധിയായ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് 99.91 കോടി രൂപയുടെയും മത്സ്യത്തൊഴിലാളി വനിതകൾക്ക് ജീവനോപാധി പദ്ധതികൾക്കും ശാക്തീകരണത്തിനുമായി 102.8 കോടി രൂപയുടെയും പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളികൾക്കായി 120 ഫൈബർ ഗ്ലാസ്സ് വള്ളങ്ങൾ നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

**കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രധാന പദ്ധതികൾ**

13 (*251) ശ്രീ. എം. സ്വരാജ് :
ശ്രീ. വി. ജോയി :
ശ്രീ. സജി ചെറിയാൻ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിലെ അമിത വാഹന സാന്ദ്രതമൂലം റോഡ് യാത്ര ദുഷ്കരമായിത്തീരുകയും ഇതരസംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ട്രെയിനുകളുടെ വേഗത വളരെക്കുറവും ആയ സാഹചര്യത്തിൽ സുഗമവും വേഗതയുള്ളതുമായ സഞ്ചാരം ഒരുക്കുന്നതിനായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയ തിരുവനന്തപുരം - ചെങ്ങന്നൂർ സബർബൻ റെയിൽ പ്രോജക്ടിന് റെയിൽവേയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) സംസ്ഥാനങ്ങളുടെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകുകയുണ്ടായി. സംയുക്ത സംരംഭക കമ്പനിയുടെ ആരംഭ മൂലധനം 100 കോടി രൂപയാണ്. സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേന്ദ്രവുമായി ചേർന്ന് കേരള റെയിൽ വികസന കോർപ്പറേഷൻ എന്ന സംയുക്ത സംരംഭക കമ്പനി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് താഴെപ്പറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു:

1. തലശ്ശേരി-മൈസൂർ റെയിൽവേ പാത.

2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ടപ്പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ.

3. റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)

4. എരുമേലി-പുനലൂർ (നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽ നിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത)

5. ഏറ്റുമാനൂർ-പാല-ശബരി ലിങ്ക് ലൈൻ (നിർദ്ദിഷ്ട അങ്കമാലി-ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത)

6. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുനഃപ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

7. നിലമ്പൂർ - നഞ്ചൻഗഡ് റെയിൽവേ ലൈൻ

മുകളിൽ പ്രസ്താവിച്ച ഏഴ് പദ്ധതികളിൽ താഴെപ്പറയുന്ന മൂന്ന് പദ്ധതികളുടെ സാദ്ധ്യതാ പഠനം നടത്തുകയും വിശദ പദ്ധതി രൂപരേഖ തയ്യാറാക്കൽ പ്രവർത്തനം പുരോഗമിച്ചുവരികയും ചെയ്യുന്നു.

1. തലശ്ശേരി-മൈസൂർ ബ്രോഡ്ഗേജ് പാത.

2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ടപ്പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ.

3. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

(ബി) സംസ്ഥാനത്ത് തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ 125.56 കിലോമീറ്റർ ദൂരം ഓട്ടോമാറ്റിക് സിഗ്നലിംഗ് ഏർപ്പെടുത്തി റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്) ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും അംഗീകാരം ലഭ്യമായില്ല. ബോർഡിന്റെ നിർദ്ദേശത്തെ തുടർന്ന് ട്രാഫിക് ഇംപാക്ട് അസസ്മെന്റ് സംബന്ധിച്ച് ട്രാഫിക് കൺസൾട്ടന്റ് സമർപ്പിച്ച റിപ്പോർട്ടും അനുകൂലമല്ല. ഈ സാഹചര്യത്തിൽ പദ്ധതി പ്രായോഗികമല്ല എന്ന് റെയിൽവേ ബോർഡ് അറിയിക്കുകയുണ്ടായി.

**മത്സ്യബന്ധന മേഖലയിലെ പുരോഗതി**

14 (*252) <u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്കായി മത്സ്യഫെഡ് നടത്തിവരുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ബി) രാസവസ്തുക്കൾ ചേർക്കാത്ത മത്സ്യം കേടുകൂടാതെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ 'തീരത്തു നിന്ന് വിപണിയിലേക്ക്' പദ്ധതി ഫലപ്രദമായി പ്രാവർത്തികമായിട്ടുണ്ടോ;

(സി) കേന്ദ്രസർക്കാരിന്റെ കടൽ മത്സ്യ നയവും അതിന്റെ തുടർച്ചയായി വന്ന കടൽ മത്സ്യ വളർത്തൽ (മാരികൾച്ചർ) നയത്തിന്റെ കരടും പരിശോധനാ വിധേയമാക്കിയിരുന്നോ; സംസ്ഥാനം മത്സ്യ നയത്തിന് രൂപം നൽകിയിട്ടുണ്ടോ;

(ഡി) മത്സ്യബന്ധന മേഖലയിലെ പുരോഗതിക്കായി, ദക്ഷിണേന്ത്യൻ ഫിഷറീസ് മന്ത്രിമാരുടെ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞു വന്ന പ്രധാന നിർദ്ദേശങ്ങൾ അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>):

(എ) മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക പുരോഗതിക്കായി മത്സ്യഫെഡ് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി

പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യഫെഡ് 1985 മുതൽ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യ വിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകിവരുന്നു. നടപ്പു സാമ്പത്തിക വർഷം പലിശരഹിത വായ്പാ പദ്ധതിയായിട്ടാണ് ഇത് നടപ്പിലാക്കി വരുന്നത്. പലിശയിനത്തിൽ നൽകുന്നതിലേയ്ക്ക് 300 ലക്ഷം രൂപ സർക്കാർ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഏകദേശം 50,000 മത്സ്യത്തൊഴിലാളികൾക്ക് 1761.47 ലക്ഷം രൂപ വിതരണം ചെയ്തു.

2. എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ

(എ) ടേം വായ്പകൾ

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ 6 ശതമാനം പലിശ നിരക്കിൽ 3 വർഷം വരെ കാലാവധിയിൽ വിതരണം ചെയ്തു വരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 94 ഗുണഭോക്താക്കൾക്ക് 179.43 കോടി രൂപ ടേം വായ്പയായി വിതരണം ചെയ്തു കഴിഞ്ഞു.

(ബി) മൈക്രോഫിനാൻസ് വായ്പ

മത്സ്യഫെഡുമായി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയംസഹായ ഗ്രൂപ്പുകൾ വഴി മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തുവരുന്നു. വ്യക്തികൾക്ക് ആദ്യ വായ്പയായി 10,000 രൂപയും ലഘു സംരംഭങ്ങൾ നടത്തുന്നതിന് തുടർ വായ്പയായി 50,000 രൂപ വരെ പരമാവധി 6 ശതമാനം പലിശ നിരക്കിൽ സ്വയംസഹായ ഗ്രൂപ്പുകൾ വഴി വിതരണം ചെയ്തുവരുന്നു. നടപ്പു സാമ്പത്തിക വർഷം 12260 ഗുണഭോക്താക്കൾക്ക് 5130.29 ലക്ഷം രൂപ മൈക്രോഫിനാൻസ് വായ്പയായി വിതരണം ചെയ്തു.

3. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി

മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽപ്പെടുന്ന മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശരഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തുവരുന്നു. ആദ്യവായ്പ 5,000 രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് യഥാക്രമം 10,000 രൂപ, 20,000 രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പാ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി. എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്നു. വായ്പയുടെ പലിശ തുക, പദ്ധതി നടത്തിപ്പിനാവശ്യമായ തുക എന്നിവ മത്സ്യഫെഡിന് അനുവദിച്ച് പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ 3359 ഗുണഭോക്താക്കൾക്ക് 619.10 ലക്ഷം രൂപ പലിശരഹിത വായ്പയായി വിതരണം ചെയ്തു.

4. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം

മത്സ്യഫെഡ് മൈക്രോഫിനാൻസ്, പലിശരഹിത വായ്പ എന്നീ പദ്ധതികൾ വഴി മത്സ്യഫെഡിൽ നിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ മരണമടയുകയോ, മാരകമായ രോഗത്തിന് അടിമപ്പെടുകയോ ചെയ്യുന്നവരുടെ വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പാത്തുക പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ വഴി വായ്പയെടുക്കുന്ന ഗുണഭോക്താക്കൾ വായ്പാ തുകയുടെ 0.35% തുക (മിനിമം 100 രൂപ) വായ്പയെടുക്കുമ്പോൾ ഈ സ്കീമിലേയ്ക്ക് വിഹിതമായി അടയ്ക്കേണ്ടതാണ്. മരണമടയുകയോ മാരകമായ രോഗത്തിന് അടിമപ്പെടുകയോ ചെയ്യുന്ന ഗുണഭോക്താക്കളുടെ ബാക്കി നിൽക്കുന്ന വായ്പാ തുക പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്ന ഈ സ്കീം അവരുടെ കുടുംബങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാണ്. മരണമടഞ്ഞ 223 ഗുണഭോക്താക്കളുടെ 22 ലക്ഷം രൂപ ഇളവ് ചെയ്തുകൊടുത്തു.

5. വലകൾക്കുള്ള സബ്സിഡി പദ്ധതി

10 എച്ച്.പി.യിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിക്ക് പരമാവധി 10,000 രൂപ വരെ സബ്സിഡി നൽകിവരുന്നു. നടപ്പു സാമ്പത്തിക വർഷം 40 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

6. ബാങ്കുകളിൽനിന്നുള്ള വായ്പയ്ക്കുള്ള സബ്സിഡി പദ്ധതി

എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി./നബാർഡ് എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങൾ/ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ വഴി വായ്പയെടുത്ത് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് പലിശ സബ്സിഡി നൽകുന്നതിന് ബജറ്റിൽ തുക വകയിരുത്തുന്നതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി വിതരണം ചെയ്തുവരുന്നു. 2018-19 സാമ്പത്തിക വർഷം 45 ഗുണഭോക്താക്കൾക്ക് 4.81 ലക്ഷം രൂപ വിതരണം ചെയ്തു.

7. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

മത്സ്യഫെഡ് വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം എന്നിവമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനുവേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷാ പദ്ധതിയാണിത്. 2018-19 വർഷം 34 ക്ലെയിമുകളിലായി 22.73 ലക്ഷം രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തു.

8. നാടൻ വള്ളങ്ങളുടെ നവീകരണം

നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം പരമാവധി 30,000 രൂപ വരെ സബ്സിഡി നൽകിവരുന്നു. 2018-19 വർഷം ഇതിലേയ്ക്കായി 60 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) രാസവസ്തുക്കൾ ചേർക്കാത്ത ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന്, ലാൻഡിംഗ് സെന്ററുകളിൽ നിന്നും നേരിട്ട് പച്ച മത്സ്യം സഹകരണ സംഘങ്ങൾ മുഖേന സംഭരിച്ച് "അന്തിപച്ച" മൊബൈൽ ഫിഷ്മാർട്ട് വഴി വിപണനം നടന്നുവരുന്നു. ഇതിനുപുറമേ മത്സ്യഫെഡ് നടത്തുന്ന 31 ഫിഷ്മാർട്ടുകളിലൂടെ ഗുണനിലവാരമുള്ള മത്സ്യം മാത്രം വിപണനം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 28-4-2017-ൽ കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച ദേശീയ മത്സ്യബന്ധന നയം സംബന്ധിച്ച് വിശദമായ പരിശോധന നടത്തുകയുണ്ടായി. മത്സ്യത്തൊഴിലാളി പ്രതിനിധികൾ, ബോട്ടുടമകൾ, ശാസ്ത്രജ്ഞർ, മറ്റ് സാങ്കേതിക വിദഗ്ദ്ധർ എന്നിവരുടെ ശിൽപ്പശാല സംഘടിപ്പിച്ച് കരട് നയം ചർച്ച ചെയ്യുകയുണ്ടായി. ചർച്ചയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ യഥാസമയം കേന്ദ്രസർക്കാരിനെ അറിയിക്കുകയുമുണ്ടായി. കേരളത്തിന്റെ പല നിർദ്ദേശങ്ങളും കേന്ദ്രസർക്കാർ അംഗീകരിക്കുകയുണ്ടായി എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

കേന്ദ്രം പ്രസിദ്ധീകരിച്ച മാരികൾച്ചർ കരട് നയം വിശദമായി പരിശോധിക്കുകയും 21-11-2018-ന് ഇതുസംബന്ധിച്ച് മത്സ്യത്തൊഴിലാളി പ്രതിനിധികൾ, ബോട്ടുടമകൾ, ശാസ്ത്രജ്ഞർ എന്നിവരുടെ ഒരു പ്രാഥമിക യോഗം ചേരുകയുമുണ്ടായി. കരട് നയം വിശദമായി ചർച്ച ചെയ്യുന്നതിന് മത്സ്യത്തൊഴിലാളി പ്രതിനിധികൾ മത്സ്യ കർഷക പ്രതിനിധികൾ, ശാസ്ത്രജ്ഞർ, മറ്റ് തൽപ്പര കക്ഷികൾ എന്നിവരുടെ ഒരു ശിൽപ്പശാല 7-12-2018-ന് തിരുവനന്തപുരത്ത് വിളിച്ചു ചേർത്തിരുന്നു. ചർച്ചയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.

(ഡി) മത്സ്യമേഖലയുടെ സുസ്ഥിര വികസനം, വിഭവ സംരക്ഷണം എന്നിവ മുൻനിർത്തി കേരളം സ്വീകരിച്ച വിവിധ നടപടികൾക്ക് ഉദ്ദേശിച്ച ഫലപ്രാപ്തി ഉണ്ടാകണമെങ്കിൽ മറ്റ് അയൽ സംസ്ഥാനങ്ങളും സമാനമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ ലക്ഷ്യത്തോടെ കേരളം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പുമന്ത്രിമാരുടെ ഒരു ദ്വിദിന യോഗം വിളിച്ചു ചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ മഹാരാഷ്ട്ര, പോണ്ടിച്ചേരി സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പുമന്ത്രിമാർ, കേന്ദ്ര ഫിഷറീസ് ഡെവലപ്മെന്റ് കമ്മീഷണർ ഡോ. പോൾ പാണ്ഡ്യൻ, ICAR ഡെപ്യൂട്ടി ഡയറക്ടർ ജനറൽ (ഫിഷറീസ്) ഡോ. ജെന, അസിസ്റ്റന്റ് ഡയറക്ടർ ജനറൽ (മറൈൻ ഫിഷറീസ്) ഡോ. പ്രവീൺ പുത്ര, എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേയും ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ കേന്ദ്ര ഭരണ പ്രദേശങ്ങളിലെ ഉന്നതോദ്യോഗസ്ഥർ, ഐ.സി.എ.ആർ.-ന്റെ കീഴിലുള്ള വിവിധ ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളുടെ ഡയറക്ടർമാർ തുടങ്ങിയവർ പങ്കെടുക്കുകയുണ്ടായി. യോഗത്തിൽ താഴെ പറയുന്ന കാര്യങ്ങൾ തീരുമാനിക്കുകയുണ്ടായി.

1. കേന്ദ്രത്തിൽ ഒരു പ്രത്യേക ഫിഷറീസ് മിനിസ്ട്രി വേണമെന്ന് ശക്തമായി ശിപാർശ ചെയ്തു.

2. Central Marine Fisheries Research Institute (CMFRI)-ന്റെ ശിപാർശ അനുസരിച്ച് കേരള സർക്കാർ നടപ്പിൽ വരുത്തിയ രീതിയിൽ എല്ലാ സംസ്ഥാനങ്ങളും പിടിച്ചെടുക്കാവുന്ന മത്സ്യങ്ങളുടെ നിയമപരമായ കുറഞ്ഞ വലിപ്പം നടപ്പിൽ വരുത്താൻ തീരുമാനിച്ചു.

3. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിനും അവയെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുംവിധം സജ്ജമാക്കാനും സംസ്ഥാനങ്ങൾ കേന്ദ്രത്തോടാവശ്യപ്പെടാൻ തീരുമാനിച്ചു. അതിനായി കേന്ദ്ര ഫണ്ട് ഉപയോഗിച്ച് സഹകരണ സംഘങ്ങൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിൽ

പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. നിലവിലെ ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ നിർമ്മാണച്ചെലവ് പരിഗണിച്ച് ഒരു ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ യൂണിറ്റ് ചെലവ് നിലവിലെ 80 ലക്ഷം രൂപയിൽ നിന്ന് ഒന്നരക്കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. കേന്ദ്രം ഈ തുകയുടെ കുറഞ്ഞത് 50% എങ്കിലും സബ്സിഡിയായി നൽകേണ്ടതാണ്.

4. ബുൾട്രോളിംഗ്, പെയർ ട്രോളിംഗ്, വിഷപദാർത്ഥങ്ങൾ, രാസപദാർത്ഥങ്ങൾ എന്നിവ ഉപയോഗിച്ചുള്ള വിനാശകരമായ മത്സ്യബന്ധന രീതികൾ നിരോധിക്കുന്നതിന് എല്ലാ സംസ്ഥാനങ്ങളും സമ്മതിച്ചു. FAD ഉപയോഗിച്ചുള്ള മത്സ്യബന്ധനവും കൂന്തൽ മത്സ്യബന്ധനത്തിനൊഴികെ LED ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനവും നിരോധിക്കാൻ എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചു.

5. മത്സ്യബന്ധനശേഷി കുറയ്ക്കുന്നതിന്റെ ഭാഗമായി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) ശിപാർശ ചെയ്തിട്ടുള്ള പ്രധാന വലകളുടെ കൂടിയ വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും എല്ലാ സംസ്ഥാനങ്ങളും നടപ്പിൽ വരുത്താൻ തീരുമാനിച്ചു. ട്രോൾ വലകളുടെ കോഡ് എൻഡിൽ ചതുര കണ്ണികൾ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ എല്ലാ സംസ്ഥാനങ്ങളും സ്വീകരിക്കുന്നതാണ്.

6. എല്ലാ സംസ്ഥാനങ്ങളിലെയും മത്സ്യബന്ധനയാന നിർമ്മാണശാലകളും വല നിർമ്മാണ യൂണിറ്റുകളും നിർബന്ധിത രജിസ്ട്രേഷൻ ലൈസൻസിംഗ് പ്രക്രിയയിലൂടെ നിയന്ത്രണത്തിൻകീഴിൽ കൊണ്ടുവരും. നിർമ്മാണ യൂണിറ്റുകൾ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) ആവിഷ്കരിക്കുന്ന നിശ്ചിത ഗുണനിലവാരത്തിലും രൂപരേഖയിലും ഉറച്ചു നിൽക്കുന്നതിനുവേണ്ടി പ്രോത്സാഹനങ്ങൾ നൽകുന്നതാണ്.

7. എല്ലാ സംസ്ഥാനങ്ങളും IUU (Illegal Unregulated and Unreported) മത്സ്യബന്ധനം നിരോധിക്കുന്നതിനും മേഖലാ നിയന്ത്രണങ്ങൾ നടപ്പിൽ വരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

8. സമുദ്ര-ഉൾനാടൻ ജലാശയങ്ങളിലെ ഗോസ്റ്റ് മത്സ്യബന്ധനവും പ്ലാസ്റ്റിക് മലിനീകരണവും നിയന്ത്രിക്കുന്നതിനായി കർശന നടപടികൾ സ്വീകരിക്കുന്നതാണ്. സമുദ്ര മാലിന്യം നിയന്ത്രിക്കുന്നതിനായി കേരള സർക്കാർ നടപ്പിലാക്കുന്ന ശുചിത്വ സാഗരത്തിന് സമാനമായ പദ്ധതികൾ മറ്റ് സംസ്ഥാനങ്ങൾ നടപ്പാക്കുന്നതാണ്.

9. തീരദേശ സംസ്ഥാനങ്ങൾ അതാത് സർക്കാരുകളുമായും സ്റ്റേക്ക് ഹോൾഡേഴ്സുമായും ചർച്ച ചെയ്ത് വിവിധ മത്സ്യങ്ങളുടെ പ്രജനനകാലംകൂടി കണക്കിലെടുത്ത് നിലവിലെ ട്രോൾ ബാൻ പിരീഡിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ തീരുമാനിച്ച് കേന്ദ്രത്തോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

10. മത്സ്യബന്ധന ആവശ്യങ്ങൾക്കായി നൽകുന്ന മണ്ണെണ്ണയുടെ വില കുറയ്ക്കുന്നതിനും പെട്രോൾ, ഡീസൽ എന്നിവ നിർത്തലാക്കുന്നതിനും ഇതുവരെ ഈടാക്കിയ റോഡ് സെസ്സ് സംസ്ഥാനങ്ങൾക്ക് തിരികെ നൽകുന്നതിനും കേന്ദ്രത്തോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. മത്സ്യബന്ധനത്തിന് അനുവദിക്കുന്ന ഇന്ധനത്തിന് സബ്സിഡി അനുവദിക്കുന്നതിനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചു.

11. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി എല്ലാ മത്സ്യബന്ധന യാനങ്ങളിലും സ്വയം പ്രവർത്തിത തിരിച്ചറിയൽ സംവിധാനവും (എ.ഐ.എസ്), യാന നിരീക്ഷണ സംവിധാനങ്ങളും (വി.എം.എസ്) നിർബന്ധമാക്കാൻ എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചു.

12. കടലിൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള ഫിഷിംഗ് ലൈസൻസ് നൽകുന്നതിന് സംസ്ഥാന സർക്കാരുകളുടെ അധികാര പരിധി 12 നോട്ടിക്കൽ മൈലിൽ നിന്ന് 200 നോട്ടിക്കൽ മൈലായി വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് അപേക്ഷിക്കാൻ എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചു.

13. മത്സ്യകൃഷിക്കായി ഉപയോഗിക്കുന്ന മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് മത്സ്യ ഹാച്ചറികൾക്ക് അംഗീകാരം നിർബന്ധമാക്കാൻ എല്ലാ സംസ്ഥാനങ്ങളും തീരുമാനിച്ചു. മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

14. രാജ്യത്ത് സമുദ്ര മത്സ്യകൃഷി വികസിപ്പിക്കുന്നതിനായി കരട് സമുദ്ര മത്സ്യകൃഷി നയത്തിന്മേലുള്ള സംസ്ഥാനങ്ങളുടെ അഭിപ്രായം കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

15. മത്സ്യ വിഭവ മാനേജ്മെന്റിനായി കേരളം നടപ്പാക്കിയതുപോലെ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടുന്ന പങ്കാളിത്ത മാനേജ്മെന്റ് പ്രോത്സാഹിപ്പിക്കുന്നതാണ്. ഇതിനായി മത്സ്യബന്ധന ഗ്രാമം, ജില്ല, സംസ്ഥാനതലത്തിൽ കൗൺസിലുകൾ രൂപീകരിക്കുന്നതാണ്. മത്സ്യബന്ധന തുറമുഖങ്ങളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളും (എച്ച്.എം.എസ്) രൂപീകരിക്കും.

16. മത്സ്യ വിഭവ സംരക്ഷണത്തിന് 'ട്രോൾ ബാൻ' നൽകുന്ന സംഭാവന കണക്കിലെടുത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് റിലീഫ് പാക്കേജ് ലഭ്യമാക്കി അവരുടെ സാമ്പത്തിക നഷ്ടം നികത്തുന്നതിന് സാമ്പത്തിക സഹായം സ്റ്റേറ്റ് ഗവൺമെന്റുകൾക്ക് ലഭ്യമാക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

**നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം**

15(*253) ശ്രീമതി യു. പ്രതിഭ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) തണ്ണീർത്തട അതോറിറ്റി തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള അവബോധ പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി താലൂക്ക് തലത്തിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡുകളുടെ പ്രവർത്തനം വ്യക്തമാക്കാമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2018-ലെ ഭേദഗതി നിയമം എന്നിവ പ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. നിയമലംഘനങ്ങൾ തടയുന്നതിനായി ജില്ലാതലത്തിലും താലൂക്കുതലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. റവന്യൂ വകുപ്പുമുഖേന നെൽവയൽ തണ്ണീർത്തട സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നില്ല. നെൽവയൽ നികത്തുന്നതുൾപ്പെടെ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന കുറ്റത്തിനുള്ള ശിക്ഷ 3 വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) കേരള റാംസർ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും വേണ്ടി 5 വർഷത്തെ ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട് എന്നീ തണ്ണീർത്തടങ്ങളുടെ കർമ്മ പരിപ്രേഷ്യം കേന്ദ്ര സർക്കാർ അംഗീകരിക്കുകയും സാമ്പത്തിക സഹായത്തിന്റെ ആദ്യ വർഷ ഗഡു അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മൺറോ തുരുത്തിന്റെ പുനരുജ്ജീവനത്തിനായി പ്രത്യേക സാമ്പത്തിക

സഹായം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള അവബോധ പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകൾ ക്ഷണിച്ചിട്ടുണ്ട്.

(സി) തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള അവബോധ പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകൾ ക്ഷണിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി നിയമലംഘനങ്ങൾ തടയുന്നതിനായി റവന്യൂ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ താലൂക്കുതല സ്ക്വാഡുകൾ രൂപീകരിച്ച് അവധി ദിനങ്ങൾ ഉൾപ്പെടെ എല്ലാ ദിവസങ്ങളും പ്രവർത്തിച്ചുവരുന്നു.

**ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം**

16(*254) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) വീട് നഷ്ടപ്പെട്ടവരിൽ വലിയതുറ പ്രദേശത്തിന് പുറമെയുള്ളവർക്ക് വീട് നൽകുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലെത്തിയെന്നറിയിക്കുമോ;

(സി) വീട് നഷ്ടപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും പകരം വീട് ഉറപ്പുവരുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഓഖി ദുരന്തത്തിൽ വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനായി 741.60 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 741.60 ലക്ഷം രൂപ ഫിഷറീസ് ഡയറക്ടർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് വിവിധ ജില്ലകളിൽ പുരോഗമിച്ചു വരുന്നു. ഓഖിയിൽ വീട് നഷ്ടപ്പെട്ട 5 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് തിരുവനന്തപുരം ജില്ലയിൽ ഇതിനകം ഫ്ലാറ്റ് കൈമാറിക്കഴിഞ്ഞു.

(ബി) സംസ്ഥാനത്തൊട്ടാകെ ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട 72 പേർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിച്ച് പുനരധിവസിപ്പിക്കാൻ നടപടി എടുത്തുവരുന്നു.

(സി) ഓഖിയിൽ ഭവനം നഷ്ടപ്പെട്ട 72 കുടുംബങ്ങൾക്കും അവരുടെ പങ്കാളിത്തം ഉറപ്പാക്കി ഭൂമി വാങ്ങി ഭവനം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു.

## സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി

17(*255) ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ അഴിമതി രഹിതവും കാര്യക്ഷമവുമാക്കുന്നതിനായി ആവിഷ്കരിച്ച സ്മാർട്ട്റവന്യൂ ഓഫീസ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഡിജിറ്റൽ ഇന്ത്യ മോഡേണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി ഭൂമി സംബന്ധമായ എല്ലാ രേഖകളുടെയും ഡിജിറ്റൈസേഷനിലൂടെയുള്ള കമ്പ്യൂട്ടർവൽക്കരണത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) അർഹരായ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനും സർക്കാർ ഭൂമിയുടെ സംരക്ഷണവും ഭൂവിനിയോഗവും കാര്യക്ഷമമാക്കുന്നതിനുമുള്ള ലാൻഡ് ബാങ്ക് പദ്ധതി ഫലപ്രദമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾകൂടി ഉൾപ്പെടുത്തി ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്.

സംസ്ഥാനത്ത് ആകെ 1536 വില്ലേജ് ഓഫീസുകളിൽ സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി പ്രകാരം ഇതുവരെ 130 വില്ലേജ് ഓഫീസുകൾക്ക് നവീകരണം/കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 49 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കി കെട്ടിടങ്ങളുടെ പണി പുരോഗമിക്കുന്നു.

സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയുടെ നടത്തിപ്പിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോർഡ്സ് മൊഡണൈസേഷൻ പ്രോഗ്രാം അനുസരിച്ച് ഭൂരേഖകൾ ഡിജിറ്റലൈസേഷനുമായി ബന്ധപ്പെട്ട് റവന്യൂ റെക്കോർഡുകളിൽ ടെക്സ്ച്വൽ ഡാറ്റായുടെ (Textual Data) ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ റവന്യൂ വകുപ്പ് മുഖാന്തരവും സ്പാഷ്യൽ ഡാറ്റയുടെ (Spatial Data) ഡിജിറ്റൈസേഷൻ സർവ്വേ വകുപ്പ് മുഖാന്തരവുമാണ് നടത്തുന്നത്.

സർവ്വേയും ഭൂരേഖയും വകുപ്പ് മുഖേന സ്വീകരിച്ച നടപടികൾ

സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളിലാണ് റീസർവ്വേ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളത്. ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോർഡ്സ് മൊഡണൈസേഷൻ പ്രോഗ്രാമനുസരിച്ച് ഡിജിറ്റൈസേഷൻ (സ്കാനിംഗ്) പൂർത്തിയാക്കിയ വില്ലേജുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റെക്കോർഡുകളുടെ ഇനം | സ്കാനിംഗ് പൂർത്തിയായ വില്ലേജുകൾ |
|---|---|---|
| 1 | എഫ്.എം.ബി. | 802 |
| 2 | ബ്ലോക്ക് മാപ്പുകൾ | 558 |
| 3 | ലാൻഡ് രജിസ്റ്റർ | 103 |
| 4 | ബി.ടി.ആർ. | 114 |
| 5 | ഏരിയ രജിസ്റ്റർ | 184 |
| 6 | സപ്ലിമെന്ററി എഫ്.എം.ബി. | 272 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ ഡിജിറ്റൈസേഷൻ പദ്ധതികളുടെ ഭാഗമായി 802 വില്ലേജുകളുടെ FMB മാപ്പുകൾ ഇ-രേഖ വെബ് പോർട്ടലിൽ പൊതുജനങ്ങൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. ടി റെക്കോർഡുകൾ www.erekha.kerala.gov.in എന്ന വെബ് പോർട്ടലിൽ നിന്നും ഓൺലൈനായി തെരയുന്നതിനും പണമടയ്ക്കാതെ തന്നെ കാണുന്നതിനും ഓൺലൈനായി പണമടച്ച് ഡൗൺലോഡ് ചെയ്യുന്നതിനും ഉള്ള സൗകര്യം ഒരുക്കിയിട്ടുള്ളതുമാണ്.

റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ച നടപടികൾ

സംസ്ഥാനത്ത് 1615 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡാറ്റാ എൻട്രി നടത്തി ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ ആക്കിയിട്ടുണ്ട്. ടി വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സ്വീകരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ശേഷിക്കുന്ന വില്ലേജുകൾ ഓൺലൈൻ ആക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(സി) സർക്കാർ ഭൂമിയുടെ സംരക്ഷണവും അവയുടെ പരിപാലനവും ഒപ്പം എല്ലാ സർക്കാർ ഭൂമിയുടെ വിവരങ്ങളും കേന്ദ്രീകൃത രീതിയിൽ സംരക്ഷിച്ച് അവ വിവേകപൂർവ്വം വിനിയോഗിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന പദ്ധതി 2008-ൽ രൂപീകരിച്ചത്. പദ്ധതിയുടെ ഒന്നാം ഘട്ടമായി സർക്കാർ ഭൂമി സംബന്ധിച്ച വിവരം ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ച് www.ksib.kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

നിലവിൽ ഇടുക്കി ജില്ലയിൽ നിയമിച്ചിട്ടുള്ള പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സിലെ ഉദ്യോഗസ്ഥരുടെ ശമ്പളം നൽകുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനുംവേണ്ടി ടി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ഇടുക്കി ജില്ലയിൽ നിലവിലുള്ള ടി ഉദ്യോഗസ്ഥരുടെ എണ്ണം അപര്യാപ്തമാകയാൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ലാൻഡ് ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയ ഭൂമി ഒഴിവാക്കിക്കൊടുക്കുന്നതുമായുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ വിലപിടിപ്പുള്ള സർക്കാർ പുറമ്പോക്ക് ഭൂമി ചുറ്റുമതിൽ/കമ്പിവേലി കെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ ഫണ്ടും നൽകിവരുന്നു.

റവന്യൂ ഭൂമി മുഴുവൻ റീസർവ്വേ നടത്തി ഉടമസ്ഥരുടെ അവകാശം സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സർക്കാർ ഭൂമിയുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി നിലവിൽ ഇടുക്കി ജില്ലയിലെ ദേവികുളം, ഉടുമ്പൻചോല, പീരുമേട് താലൂക്കുകളിലായി 9 അംഗങ്ങളെ ഉൾക്കൊള്ളിച്ച് പബ്ലിക് ലാൻഡ് പേഴ്സണൽസ് പ്രവർത്തിക്കുന്നുണ്ട്.

കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ (KLIM), കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് (KSLB) എന്നിവ സംയോജിപ്പിച്ചുകൊണ്ട് കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) എന്ന പേരിൽ ഒരു പുതിയ പി.എം.യു. രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. KLRMM രൂപീകരിക്കുന്ന മുറയ്ക്ക് കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് ഇതിൽ സംയോജിപ്പിക്കുന്നതുമാണ്.

**തീരദേശത്തിന്റെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ**

18(*256) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഇതിനായി കിഫ്ബി വഴി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനം അറിയിക്കാമോ;

(ബി) തീരദേശത്തെ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചെയ്തുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) പരപ്പനങ്ങാടി, പൊഴിയൂർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പുതുതായി മത്സ്യബന്ധനതുറമുഖം നിർമ്മിക്കുന്നതിനും മറ്റു സ്ഥലങ്ങളിൽ നിലവിലുള്ളവ നവീകരിക്കുന്നതിനുമുള്ള പ്രവർത്തനം അറിയിക്കാമോ;

(ഡി) വികസന പദ്ധതികൾ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കാതിരിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന രീതികൾ വ്യാപകമാക്കുന്നതിനും നടത്തി വരുന്ന പ്രവർത്തനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ, സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന

സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി, ആധുനിക മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് സ്ഥാപിക്കൽ, മൂല്യവർദ്ധിത മത്സ്യഉൽപ്പന്ന നിർമ്മാണം തുടങ്ങിയ വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പും അനുബന്ധ സ്ഥാപനങ്ങളും നടത്തിവരുന്നു.

തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതും തത്വത്തിൽ അംഗീകാരം നൽകിയതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| പദ്ധതി/അവസ്ഥ | പദ്ധതി തുക (കോടി) |
|---|---|
| പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ മാതൃകാ പഠനം പൂർത്തീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ എസ്.പി.വി. മുഖാന്തരം സ്വീകരിച്ചുവരുന്നു | 133.10 |
| ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ മാതൃകാ പഠനം പൂർത്തീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ എസ്.പി.വി. മുഖാന്തരം സ്വീകരിച്ചുവരുന്നു | 111.00 |
| മുതലപ്പൊഴി, കായംകുളം, തോട്ടപ്പള്ളി, ചേറ്റുവ, തലായ്, മഞ്ചേശ്വരം എന്നിവിടങ്ങളിലെ തീര സംരക്ഷണ പ്രവൃത്തികളുടെ പദ്ധതി രൂപരേഖയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. | 51.715 |
| കേരളത്തിലെ തീരപ്രദേശങ്ങളിലുള്ള തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളുടെ നവീകരണ പദ്ധതി | 294.72 |
| സംസ്ഥാനത്തെ മത്സ്യ മാർക്കറ്റുകളുടെ നവീകരണ പദ്ധതി | 193.46 |

ഇതിനുപുറമേ കൊല്ലം-താന്നി ഷോർ പ്രൊട്ടക്ഷൻ വർക്ക്, പൂന്തുറ-വലിയതുറ ഷോർ പ്രൊട്ടക്ഷൻ വർക്ക്, ഗ്രോയ്ൻസ് ആൻഡ് ബ്രേക്ക് വാട്ടർ നിർമ്മാണം, (6 പദ്ധതികൾ), ചെത്തി ഫിഷിംഗ് ഹാർബർ എന്നിവയും കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് രൂപീകരിച്ച തീരദേശ വികസന കോർപ്പറേഷൻ തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിയുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ബ്ലൂ റവല്യൂഷനിലും എൻ.എഫ്.ഡി.ബി. ധനസഹായത്തോടെയും മാർക്കറ്റുകളുടെ നവീകരണം, സംസ്ഥാന പദ്ധതി വിഹിതം പ്രയോജനപ്പെടുത്തി തീരദേശത്തെ സ്കൂൾ, ആശുപത്രി എന്നിവയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ, മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള മത്സ്യസങ്കേതങ്ങളും കൃത്രിമപ്പാരും സ്ഥാപിക്കൽ പദ്ധതി, മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പദ്ധതികൾ, ഉൾനാടൻ മേഖലയിൽ ഹാച്ചറികളുടെയും ഫാമുകളുടെയും നവീകരണ പ്രവർത്തനങ്ങൾ എന്നിവയും നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികളും നടപ്പാക്കിവരുന്നു. കിഫ്ബി വഴി പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയും തീരദേശ വികസന കോർപ്പറേഷനെ അംഗീകരിച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമേ വിവിധ വകുപ്പുകളുടെയും ഏജൻസികളുടേയും നിർമ്മാണ പ്രവർത്തനങ്ങളുടെ പി.എം.സി.യായും തീരദേശ വികസന കോർപ്പറേഷൻ പ്രവർത്തിച്ചുവരുന്നു.

(ബി) തീരദേശത്തെ റോഡുകൾ, ഉൾനാടൻ മത്സ്യബന്ധന കേന്ദ്രങ്ങളിലേയ്ക്കും വിപണന കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകൾ എന്നിവയുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നു.

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ എസ്.പി.വി. ആയി തീരുമാനിച്ച് പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ കൺസപ്റ്റ് റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. ഫിഷിംഗ് ഹാർബറിന് സ്ഥാനം നിർണ്ണയിച്ചും ഉത്തരവായിട്ടുണ്ട്. സി.ആർ.ഇസഡ്. ക്ലിയറൻസിനായി എൻ.സി.ഇ.എസ്.എസ്.-ന് ജി.എസ്.ടി. ഉൾപ്പെടെ 1,18,000 രൂപ നൽകിയിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സി. ലഭിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്.പി.വി. ആയ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനും കിഫ്ബിയും ഗവൺമെന്റുമായുള്ള Tripartite agreement കിഫ്ബിയിൽ നൽകിയിട്ടുണ്ട്. അനുവദനീയമായ 20% സെന്റേജ് ചാർജ് ആയ 66,25,700 രൂപ അനുവദിച്ചിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബി സൈറ്റിൽ അപ്ലോഡ് ചെയ്തിരുന്നു. 14-11-2018-ലെ പദ്ധതിയുടെ അപ്രൈസൽ റിപ്പോർട്ട് പ്രകാരം ആവശ്യപ്പെട്ട അധിക വിവരങ്ങൾ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

പൊഴിയൂരിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് 63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൻപ്രകാരം ഒരു വർഷമായി നീണ്ടുനിൽക്കുന്ന പഠന ഗവേഷണ പ്രവർത്തനങ്ങളായ ബീച്ച് ക്രോസ് സെക്ഷൻ, ഷോർലൈൻ സർവ്വേ, പ്രീമൺസൂൺ, മൺസൂൺ, പോസ്റ്റ് മൺസൂൺ വേവ് ഡാറ്റാ എന്നിവ എടുത്തിട്ടുണ്ട്. ടോപ്പോഗ്രാഫിക് സർവ്വേയും പൂർത്തീകരിച്ചിട്ടുണ്ട്. പൊഴിയൂരിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി തുറമുഖ എഞ്ചിനീയറിംഗ് വകുപ്പുതന്നെ പ്രാഥമിക മോഡൽ സ്റ്റഡി നടത്തുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന ടെൻഡേറ്റീവ് ലേഔട്ട് തുടർ പരിശോധനയ്ക്കും വിദഗ്ദ്ധ ഉപദേശത്തിനുമായി പൂനെയിലെ CWPRS-ന് നൽകുന്നതാണ്. മാതൃകാപഠനം പൂർത്തിയാക്കിയശേഷം EIA സ്റ്റഡികൂടി നടത്തേണ്ടതുണ്ട്. EIA ക്ലിയറൻസ് ലഭിച്ചശേഷം പദ്ധതി രൂപരേഖ തയ്യാറാക്കുന്നതാണ്.

(ഡി) മത്സ്യബന്ധന കേന്ദ്രങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ വിശദമായ ഇ.ഐ.എ. സ്റ്റഡി നടത്തി സുസ്ഥിര മത്സ്യബന്ധനത്തിനും തീരത്തിനും ഏറ്റവും അനുയോജ്യമായ മാതൃകയാണ് അംഗീകരിക്കുന്നത്. സുസ്ഥിര മത്സ്യബന്ധന രീതികൾ വ്യാപകമാക്കുന്നതിനും അവ വ്യാപിപ്പിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണം നടത്തുകയും നിലവിലുള്ള കെ.എം.എഫ്.ആർ. (KMFR) നിയമത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി മത്സ്യത്തൊഴിലാളി പങ്കാളിത്തം ഉറപ്പാക്കാൻ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ വില്ലേജ്, ജില്ലാ, സംസ്ഥാന തലങ്ങളിൽ രൂപീകരിക്കുന്നതിന് നടപടി എടുത്തുകഴിഞ്ഞു.

## പ്രളയ ദുരിതത്തിലകപ്പെട്ട വിദ്യാർത്ഥികൾ

19(*257) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എസ്.രാജേന്ദ്രൻ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ഹൈടെക് സംവിധാനങ്ങളിൽ പ്രളയം വരുത്തി വച്ച കേടുപാടുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രളയ ദുരിതത്തിൽ അകപ്പെട്ട വിദ്യാർത്ഥികളുടെ പുനരധിവാസത്തിനും സംരക്ഷണത്തിനുമായി വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട കുട്ടികൾക്ക് പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും യൂണിഫോമും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രളയംമൂലം സ്കൂളുകളിൽ നഷ്ടപ്പട്ട പ്രവൃത്തി ദിനങ്ങൾ എപ്രകാരം പുനഃക്രമീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) വിദ്യാർത്ഥികൾക്കായി സ്കൂളുകളിൽ കൗൺസിലിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) പ്രളയബാധിത സ്കൂളുകളിൽ നടത്തിയ സർവ്വേ പ്രകാരം 488 ലാപ് ടോപ്പുകൾക്കും 697 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്കും 145 പ്രൊജക്ടറുകൾക്കും കേടുപാടുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രളയ ദുരിതത്തിലകപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും പാഠപുസ്തകങ്ങൾ, നോട്ട് ബുക്കുകൾ, മറ്റ് പഠന സാമഗ്രികൾ, യൂണിഫോം എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ UNICEF-ന്റെയും ചൈൽഡ് ലൈനിന്റെയും നേതൃത്വത്തിൽ കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ, മാനസികോല്ലാസ പരിപാടികൾ എന്നിവ നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) പ്രളയ ദുരന്തത്തിൽ പാഠപുസ്തകങ്ങളും നോട്ട് ബുക്കുകളും നഷ്ടപ്പെട്ട എല്ലാ കുട്ടികൾക്കും അവ വിതരണം ചെയ്തു. യൂണിഫോം നഷ്ടപ്പെട്ട 421 സ്കൂളുകളിലെ 11158 കുട്ടികൾക്ക് അവ വിതരണം നടത്തിവരുന്നു.

(ഡി) പ്രളയംമൂലം സ്കൂളുകളിൽ നഷ്ടപ്പെട്ട പ്രവൃത്തി ദിനങ്ങൾ പുനഃക്രമീകരിക്കുന്നതിന് ജില്ലകളിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ നേതൃത്വത്തിൽ ക്യൂ.ഐ.പി. (Quality Improvement Programme) യോഗം വിളിച്ചുചേർത്ത് നഷ്ടപ്പെട്ട പ്രവൃത്തിദിനങ്ങൾ എത്രയെന്ന് കണ്ടെത്തി ശനിയാഴ്ച ഉൾപ്പെടെയുള്ള അവധിദിനങ്ങൾ പ്രവൃത്തിദിനങ്ങളായി മാറ്റി കലണ്ടർ തയ്യാറാക്കി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ഇതിനകം ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) പ്രളയം ബാധിച്ച എല്ലാ ജില്ലകളിലും UNICEF-NIMHANS, ബാംഗ്ലൂർ എന്നിവയുമായി ചേർന്ന് Recreational Counseling പരിപാടി എസ്.സി.ഇ.ആർ.ടി. സംഘടിപ്പിച്ചു. അതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ആലപ്പുഴ, എറണാകുളം, പത്തനംതിട്ട ജില്ലകളിലെയും രണ്ടാം ഘട്ടത്തിൽ വയനാട്, ഇടുക്കി, പാലക്കാട്, കോട്ടയം, തൃശ്ശൂർ ജില്ലകളിലെയും അദ്ധ്യാപകർക്ക് പരിശീലനം നൽകി. ഏകദേശം

ആറായിരത്തോളം അദ്ധ്യാപകർക്ക് പരിശീലനം നൽകി. പ്രസ്തുത അദ്ധ്യാപകർ സ്കൂളിലെ വിദ്യാർത്ഥികൾക്ക് നേരിട്ട് പരിശീലനം നടത്തിവരുന്നു. മൂന്നാം ഘട്ടമായി മറ്റു നാലു ജില്ലകളിലും പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. തുടർ കൗൺസിലിംഗ് സേവനങ്ങളും NIMHANS-മായി ചേർന്ന് നടപ്പാക്കിവരുന്നു.

**റോഡ് നിർമ്മാണത്തിനായുള്ള അസംസ്കൃത വസ്തുക്കളുടെ ക്ഷാമം**

20(*258) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിനായുള്ള അസംസ്കൃത വസ്തുക്കളുടെ രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്നുണ്ടോ;

(ബി) ഇതുമൂലം സംസ്ഥാനത്തെ റോഡ് പണികൾ സ്തംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) ടാറിന്റെ ലഭ്യതക്കുറവും അമിതമായ വിലയും കാരണം റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണോ;

(ഡി) പ്രസ്തുത സാഹചര്യത്തിൽ ടെണ്ടറുകളിൽ നിന്നും കരാറുകാർ വിട്ടുനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിന് പ്രസ്തുത കാരണങ്ങൾ വിഘാതം സൃഷ്ടിക്കുന്നുണ്ടോ; വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ജി. സുധാകരൻ): (എ) റോഡ് നിർമ്മാണത്തിനായുള്ള അസംസ്കൃത വസ്തുക്കളുടെ ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

(ബി) റോഡ് നിർമ്മാണത്തിനായുള്ള അസംസ്കൃത വസ്തുക്കളുടെ ക്ഷാമംമൂലം റോഡ് പണികൾ സ്തംഭിച്ചിട്ടില്ലെങ്കിലും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിൽ ഇതുമൂലം കാലതാമസം നേരിടുന്നുണ്ട്. പല പ്രവൃത്തികളും റീ ടെണ്ടർ ചെയ്യേണ്ട സാഹചര്യവും ഉണ്ടാകുന്നുണ്ട്. റോഡ് നിർമ്മാണത്തിന് ആവശ്യമായ ഗ്രാവൽ, മെറ്റൽ, മണൽ എന്നിവയുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൂടുതൽ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുവാനായി തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും റോഡ് നിർമ്മാണത്തിനാവശ്യമായ മെറ്റീരിയൽസ് നികുതി ഇളവ് വരുത്തി

കൊണ്ടുവരുന്നതിന് അനുമതി നൽകാമെന്നും തീരുമാനമായിട്ടുണ്ട്. കൂടാതെ മറ്റ് രാജ്യങ്ങളിൽ നിന്നും അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് പരിശോധിച്ചുവരികയാണ്.

(സി) ടാറിന്റെ ലഭ്യതക്കുറവും അമിതമായ വിലയുംകാരണം റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചിട്ടില്ല. ബിറ്റുമിൻ നിരക്ക് അധികരിച്ചതിനുശേഷം അതിന് മുമ്പെയുള്ള പ്രവൃത്തികൾ ഏറ്റെടുത്ത ചില കരാറുകാർക്ക് പ്രയാസം നേരിട്ടിരുന്നതായി അറിയിച്ചിരുന്നു. 13-11-2018-ലെ സ.ഉ.(സാധാ)നമ്പർ 9386/2018/ഫിൻ. പ്രകാരം ടെണ്ടർ ക്ലോസ് ചെയ്യുന്ന തീയതിയിലെയും ഇൻവോയിസ് തീയതിയിലെയും ബിറ്റുമിന്റെ വിലയിലുള്ള വ്യത്യാസം നൽകാമെന്ന ഉത്തരവ് നൽകിയിട്ടുള്ളതിനാൽ പ്രസ്തുത വിഷയം പരിഹരിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യംമൂലം കരാറുകാർ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിട്ടില്ല. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയെ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം ബാധിച്ചിട്ടുണ്ട്.

(ഡി) ചില മേഖലകളിലെ ടെണ്ടറുകളിൽനിന്നും കരാറുകാർ വിട്ടു നിന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിന് പ്രസ്തുത കാരണങ്ങൾ മൊത്തത്തിൽ തടസ്സം സൃഷ്ടിച്ചിട്ടില്ല. എന്നാൽ ഇടുക്കി, എറണാകുളം, വയനാട് എന്നീ ജില്ലകളിലെ പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ ക്ഷാമം പ്രവർത്തന പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

**സാഗര മൊബൈൽ ആപ്ലിക്കേഷൻ**

21(*260) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പാക്കിയ സാഗര മൊബൈൽ ആപ്ലിക്കേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) സാഗര മൊബൈൽ ആപ്ലിക്കേഷൻ നടപ്പാക്കിയത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സ്മാർട്ട്ഫോൺ ഉപയോഗിക്കാൻ അറിയാത്ത നിരക്ഷരരായ മത്സ്യത്തൊഴിലാളികൾ സാഗര മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കാത്ത സാഹചര്യം നിലവിലുണ്ടോ;

(ഡി) മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളുടെ വിവരങ്ങൾ ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് ശേഖരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി മത്സ്യബന്ധന വകുപ്പ് നാഷണൽ ഇൻഫർമാറ്റിക് സെന്ററുമായി ചേർന്ന് രൂപം കൊടുത്ത ഒരു മൊബൈൽ ആപ്ലിക്കേഷനാണ് 'സാഗര'. ഈ മൊബൈൽ ആപ്ലിക്കേഷനിൽ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി 50 സാഗര ഫെസിലിറ്റേറ്റർമാരെ 9 ജില്ലകളിലായി തെരഞ്ഞെടുത്ത് പരിശീലനം നൽകി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവർ മത്സ്യത്തൊഴിലാളികളുടെ ആൻഡ്രോയിഡ് ഫോണുകളിലേക്ക് പ്രസ്തുത ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് നൽകുകയും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ 'സാഗര'യിൽ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. കടലിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ പേരുവിവരങ്ങൾ ഏതുസമയവും അറിയുന്നതിനും അടിയന്തര സന്ദർഭങ്ങളിൽ തീരക്കടലിൽ മുന്നറിയിപ്പുകൾ നൽകുന്നതിനും സാഗര മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്താൻ കഴിയും.

(ബി) സാഗര മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കുന്നത് പ്രാരംഭ ഘട്ടത്തിലാണ്. ഇതിനകം 7578 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കടലിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ ഏതുസമയവും അറിയാൻ സാധിക്കുമെന്നതിനാൽ ഓഖി പോലുള്ള ദുരന്തങ്ങളുണ്ടാകുമ്പോൾ എത്രപേർ കടലിൽ അകപ്പെട്ടു എന്നും അവർ സ്ഥിരമായി മത്സ്യബന്ധനം നടത്തുന്ന ഏകദേശ സ്ഥാനവും മനസ്സിലാക്കി രക്ഷാപ്രവർത്തനം വേഗത്തിലാക്കാൻ സാധിക്കുമെന്നതുമാണ് സാഗരയുടെ പ്രത്യേകത. ഇത് ഏറെ ഉപയോഗപ്രദമാണെന്ന് മത്സ്യത്തൊഴിലാളികൾക്കിടയിൽ അഭിപ്രായമുണ്ട്. ഇതുകൂടാതെ മത്സ്യത്തൊഴിലാളികളുടെയും യാനങ്ങളുടെയും വിവരങ്ങൾ ശേഖരിക്കാനും സാഗര വഴി സാദ്ധ്യമാകും.

(സി) മത്സ്യത്തൊഴിലാളി മത്സ്യബന്ധനത്തിനായി കടലിൽ പോകുമ്പോഴും തിരിച്ചെത്തുമ്പോഴും യാനം ഉടമസ്ഥനോ അതിലെ പ്രധാന തൊഴിലാളിയോ അവരുടെ കുടുംബാംഗങ്ങൾക്കോ ആൻഡ്രോയിഡ് ഫോണിലൂടെ വിവരം രേഖപ്പെടുത്താൻ സാധിക്കും. ഇതിന് പുറമേ ആദ്യ വർഷത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ സഹായം നൽകുന്നതിനായി 50 സാഗര ഫെസിലിറ്റേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. എന്നാൽ ചില മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് ആൻഡ്രോയിഡ് ഫോൺ ഇല്ലാത്തതിനാൽ സാഗര രജിസ്ട്രേഷൻ വേഗത്തിലാക്കാൻ കഴിയുന്നില്ല എന്ന പ്രശ്നമുണ്ട്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതിയാണിതെന്നതിനാൽ ഓരോ മത്സ്യബന്ധനയാനങ്ങളിലും ഒരാൾക്കെങ്കിലും ആൻഡ്രോയിഡ് ഫോൺ ഉണ്ടാകണമെന്ന് നിഷ്കർഷിക്കുന്നതാണ്.

(ഡി) 7578 യാനങ്ങളുടെ വിവരങ്ങൾ ഇതിനകം ശേഖരിച്ചിട്ടുണ്ട്. യാനത്തിന്റെ പേര്, ഉടമയുടെ പേര്, ഉടമയുടെ ഫോൺ നമ്പർ, കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ പേരുവിവരങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ, യാനത്തിലെ തൊഴിലാളികളുടെ എണ്ണം, അവരെ സംബന്ധിക്കുന്ന മൊബൈൽ ഫോൺ നമ്പരുകൾപ്പെടെയുള്ള വിവരങ്ങൾ എന്നിവ ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് ശേഖരിക്കാൻ കഴിയുന്നുണ്ട്.

**കഞ്ചിക്കോട് കോച്ച് ഫാക്ടറി**

22(*T262) <u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കഞ്ചിക്കോട് കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിൽനിന്നും കേന്ദ്ര സർക്കാർ പിൻമാറിയതായി അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള എന്ത് കാരണമാണ് സൂചിപ്പിച്ചിട്ടുള്ളത്;

(ബി) റെയിൽവേയ്ക്ക് കോച്ച് ഫാക്ടറിയുടെ കാര്യത്തിൽ താൽപ്പര്യം ഇല്ലെങ്കിൽ സംസ്ഥാന സർക്കാർ പദ്ധതി ഏറ്റെടുക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിക്കായി എത്ര ഏക്കർ സ്ഥലമാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയത്;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) മെട്രോ കോച്ചുകൾ നിർമ്മിക്കുന്ന കമ്പനികളുമായി സംയുക്ത സംരംഭത്തിന് ഈ സ്ഥലം പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ-ഡി) പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ പദ്ധതി റെയിൽവേ 2008-09-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഏകദേശം 1215 കോടി രൂപ ചെലവിൽ 430.59 ഏക്കർ സ്ഥലത്ത് മൂന്ന് വർഷംകൊണ്ട് പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 239 ഏക്കർ ഭൂമി റെയിൽവേയ്ക്ക് കൈമാറാൻ 28-1-2012-ലെ സ.ഉ.(കൈ) നമ്പർ 35/2012/റവ പ്രകാരം ഉത്തരവായിരുന്നു. ഇതുകൂടാതെ ആദ്യഘട്ടത്തിൽ 94.85 ഏക്കർകൂടി പദ്ധതിക്ക് ആവശ്യമാണെന്ന് റെയിൽവേ അറിയിച്ചിരുന്നു. പ്രസ്തുത ഭൂമികൂടി കൈമാറാനുള്ള നടപടികൾ സ്വീകരിച്ചുവരുമ്പോൾ 230.10 ഏക്കർ മാത്രമേ ഒന്നാം ഘട്ടത്തിൽ ആവശ്യമുള്ളൂവെന്ന് സതേൺ റെയിൽവേ ചീഫ് ജനറൽ എഞ്ചിനീയർ അറിയിക്കുകയും ആയതിൻപ്രകാരം തുടർന്നുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തിവയ്ക്കുകയുമുണ്ടായി. പ്രതിവർഷം 400 കോച്ചുകൾ എന്ന ക്രമത്തിൽ പകുതി റെയിൽവേ കോച്ചുകളും പകുതി മെട്രോ കോച്ചുകളും ഉൾപ്പെടെ 4000-ത്തോളം അലുമിനിയം കോച്ചുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയാണ് ഉണ്ടായിരുന്നത്. എന്നാൽ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് (സെയിൽ) അലുമിനിയം കോച്ചുകൾ നിർമ്മിക്കുന്നതിനോട് താൽപ്പര്യം പ്രകടിപ്പിച്ചില്ല. സ്റ്റീൽ കോച്ചുകൾ നിർമ്മിക്കുന്ന പ്രൊപ്പോസലിനാണ് സെയിൽ താൽപ്പര്യപ്പെടുന്നതെന്ന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി നടന്ന മെഗാ പ്രോജക്ടുകളുടെ റിവ്യൂ മീറ്റിംഗിൽ റെയിൽവേ അധികാരികൾ അറിയിക്കുകയുണ്ടായി. നാഷണൽ അലുമിനിയം കമ്പനി (NALCO)യോട് ചേർന്ന് 23% ഓഹരി പങ്കാളിത്ത പദ്ധതിക്കുവേണ്ടിയുള്ള സാദ്ധ്യതകൾ പരിശോധിച്ച് വരികയാണെന്നും പ്രസ്തുത സംരംഭത്തിൽ കേരള ഗവൺമെന്റിന്റെ ഓഹരി പങ്കാളിത്തം ഉണ്ടാകണമെന്നും PPP മോഡൽ വഴിയായി 26% ഓഹരി പങ്കാളിത്തത്തോടെയുള്ള പദ്ധതിക്ക് ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ടെന്നും റെയിൽവേ അറിയിച്ചിരുന്നു. എന്നാൽ കഞ്ചിക്കോടിലെ റെയിൽ കോച്ച് ഫാക്ടറി ആരംഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി എത്രയും പെട്ടെന്ന് ആരംഭിക്കുവാനായി ബഹു. പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ മന്ത്രിക്കും 19-6-2018, 24-6-2018 തീയതികളിൽ കത്തുകൾ അയയ്ക്കുകയും എം.പി.മാർ വഴിയും ഉദ്യോഗസ്ഥ തലത്തിലും സമ്മർദ്ദം ചെലുത്തുകയും ചെയ്തിരുന്നു. എന്നാൽ 550 കോടി രൂപയ്ക്ക് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന ഒന്നാം ഘട്ട പദ്ധതി നടപ്പിലാക്കുവാൻ നിലവിൽ

കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നില്ലെന്നും നിലവിലുള്ള റെയിൽവേയുടെ സൗകര്യങ്ങൾ ഭാവിയിൽ ഉണ്ടാകാവുന്ന കോച്ചുകളുടെ ആവശ്യം പരിഹരിക്കാനുതകുന്നതാണെന്നും ആയതിനാൽ പദ്ധതി നടപ്പിലാക്കുവാൻ നിർവ്വാഹമില്ല എന്നുമാണ് 19-11-2018-ൽ കേന്ദ്ര റെയിൽവേ മന്ത്രി അറിയിച്ചിട്ടുള്ളത്.

**രാസവസ്തുക്കൾ ചേർത്ത മത്സ്യം**

23(*263) ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. ദാസൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കും മാരക രോഗങ്ങൾക്കും കാരണമാകുന്ന ഫോർമാലിൻ, അമോണിയ പോലുള്ള രാസവസ്തുക്കൾ ചേർത്ത മത്സ്യം സംസ്ഥാനത്ത് വില്പനയ്ക്ക് എത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കച്ചവടക്കാരുടെയും ഇടനിലക്കാരുടെയും അമിത ലാഭേച്ഛയോടുകൂടിയ ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് ഫിഷറീസ് വകുപ്പ് എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യ ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് മത്സ്യത്തൊഴിലാളികളെയും മത്സ്യക്കച്ചവടക്കാരെയും ബോധവൽക്കരിക്കുന്നതിന് കടലോര ജാഗ്രത സമിതികളെക്കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടോ;

(ഡി) ഇത്തരത്തിലുള്ള രാസവസ്തുക്കളുടെ ഉപയോഗം തടയുന്നതിന് മത്സ്യത്തിന്റെ സംഭരണം, വിതരണം, വിപണനം തുടങ്ങിയ വേളകളിൽ ശീതീകരണ സംവിധാനത്തിന്റെ കാര്യക്ഷമമായ ഉപയോഗം ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ & ബി) ഉണ്ട്.

ഫുഡ്സേഫ്റ്റി വിഭാഗവുമായി ചേർന്ന് ഇത്തരം മത്സ്യങ്ങൾ പരിശോധിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

• ഫിഷറീസ് വകുപ്പും ഭക്ഷ്യ സുരക്ഷാ വകുപ്പും സംയുക്തമായി ജില്ലകൾ തോറും ഭക്ഷ്യസുരക്ഷാ സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

• സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത പരിശോധനാ കിറ്റ് ഉപയോഗിച്ച് മത്സ്യത്തിലെ അമോണിയ/ഫോർമാലിൻ സാന്നിദ്ധ്യം പരിശോധിച്ചുവരുന്നു.

• മത്സ്യ മാർക്കറ്റുകളിലും ചില്ലറ വിൽപ്പന കേന്ദ്രങ്ങളിലും രാസവസ്തുക്കൾ കലർത്തിയ മത്സ്യ വിൽപ്പന തടയുന്നതിനായി പരിശോധനകൾ നടത്തിവരുന്നു.

• സ്ക്വാഡിന്റെ നേതൃത്വത്തിൽ ഫിഷിംഗ് ഹാർബറുകൾ, ലാൻഡിംഗ് സെന്ററുകൾ, ഹോൾ സെയിൽ & റീട്ടെയിൽ ഫിഷ് മാർക്കറ്റുകൾ, ഫിഷ് മാളുകൾ എന്നിവ സംബന്ധിച്ച വിവരശേഖരണം നടത്തുകയും മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ചും ലാൻഡിംഗ് സെന്ററുകൾ കേന്ദ്രീകരിച്ചും ഭക്ഷ്യ സുരക്ഷ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. കൂടാതെ മത്സ്യത്തിൽ രാസവസ്തുക്കൾ ചേർത്ത് വിൽപ്പന നടത്തുന്നതുമൂലം മനുഷ്യരുടെ ആരോഗ്യത്തിന് സംഭവിക്കുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

• രാസവസ്തുക്കൾ കലർത്തിയിട്ടുള്ള മത്സ്യവിൽപ്പനയ്ക്കെതിരെ 2006-ലെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്ട് അനുസരിച്ച് നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാൻഡിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്തവ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ചേർക്കുന്നതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലം മനുഷ്യന് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ മാനന്തവാടിയിലും കൽപ്പറ്റയിലും രണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിരുന്നു. ആലപ്പുഴ ജില്ലയിൽ 12 ഇടങ്ങളിലായി ഒക്ടോബർ, നവംബർ മാസങ്ങളിലായി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചിരുന്നു. വിവിധ പദ്ധതികളുടെ വിവരങ്ങൾ മത്സ്യത്തൊഴിലാളികളിൽ എത്തിക്കുന്നതിനായി വകുപ്പ് നടപ്പാക്കിയ 100 ബോധവൽക്കരണ പരിപാടിയിലും ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്.

(ഡി) ഉപഭോക്താക്കൾക്ക് ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ലഭിക്കുന്നതിനും സംസ്ഥാനത്തെ മത്സ്യ വിപണനം നിയന്ത്രിക്കുന്നതിനും ശുചിത്വം ഉറപ്പാക്കുന്നതിനുമായുള്ള നിയമ നിർമ്മാണം പരിഗണനയിലാണ്.

**പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ആസ്തികളുടെ പരിപാലനം**

24(*264) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലങ്ങൾ, കലുങ്കുകൾ, റോഡുകൾ, റസ്റ്റ് ഹൗസുകൾ തുടങ്ങി പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ആസ്തികളുടെ പരിപാലനത്തിനായി രൂപപ്പെടുത്തിയിട്ടുള്ള നയം വിശദമാക്കാമോ;

(ബി) ഈ കാലവർഷക്കാലത്തെ അതിവർഷത്തിനു മുമ്പായിത്തന്നെ 162 പാലങ്ങൾ പുനർനിർമ്മിക്കണമെന്നും 208 പാലങ്ങൾക്ക് ഹെവി മെയിന്റനൻസ് ആവശ്യമാണെന്നും കണ്ടെത്തിയിരുന്നതിനാൽ അവ പുനർനിർമ്മിക്കുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) കുറ്റാലം വിശ്രമമന്ദിരം കയ്യേറിയത് ഒഴിപ്പിക്കാനും ആലുവ, മൂന്നാർ, വൈക്കം വിശ്രമമന്ദിരങ്ങൾ ലീസിനു നൽകിയതിന്റെ അവകാശം വീണ്ടെടുക്കാനും ഈ സർക്കാർ നടത്തിയ ഇടപെടൽ അറിയിക്കാമോ;

(ഡി) നിലവിലുള്ള വിശ്രമമന്ദിരങ്ങൾ നവീകരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): (എ) റോഡുകളുടെയും പാലങ്ങളുടെയും പരിപാലനത്തിനായി രൂപീകരിച്ചിട്ടുള്ള നയം നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള റോഡുകളുടെ ശരിയായ സംരക്ഷണമാണ് ലക്ഷ്യമിടുന്നത്. പാലങ്ങളുടെയും കലുങ്കുകളുടെയും സമയബന്ധിതമായ പരിപാലനം നടത്തുന്നതിനും ഈ നയം ലക്ഷ്യമിടുന്നു. ഇതിൻപ്രകാരം റോഡുകളുടെ പരിപാലനത്തിനായി ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

ഈ നയത്തിന്റെ പ്രധാന സവിശേഷതകൾ താഴെപ്പറയുന്നു.

1. ഇന്ത്യൻ റോഡ്സ് കോൺഗ്രസ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം റോഡുകളുടെ നിലവാരം നിലനിർത്തുക.

2. വിവിധതരം റോഡുകളുടെ പ്രാധാന്യവും വാഹനസാന്ദ്രതയും കണക്കിലെടുത്ത് കേരളത്തിന്റെ അവസ്ഥയ്ക്ക് അനുയോജ്യമായ പരിപാലനരീതികൾ അവലംബിക്കുക.

3. റോഡുകളുടെ പരിപാലനത്തിന് നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുകയും റോഡ് സുരക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

4. ആവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ നോഡൽ ഏജൻസി ആക്കുക.

5. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സമയബന്ധിത നിർവ്വഹണത്തിനും കരാറുകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായ നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ കർശനമായി നടപ്പാക്കും.

പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള പാലങ്ങളുടെ പരിപാലനത്തിനായി രൂപപ്പെടുത്തിയിട്ടുള്ള നയങ്ങൾ താഴെപ്പറയുന്നു.

കേരളത്തിൽ പാലങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ചുള്ള പഠനം നടന്നിരുന്നില്ല. 100 വർഷത്തിലധികം പഴക്കമുള്ള 10 പാലങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. 18 വർഷം മാത്രം പഴക്കമുള്ള ഏനാത്ത് പാലത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ മുഴുവൻ പാലങ്ങളെ സംബന്ധിച്ചും പ്രാഥമിക വിവരശേഖരണം നടത്തിക്കഴിഞ്ഞു. കേരളത്തിൽ മൊത്തം 2349 പാലങ്ങളാണുള്ളത്. അതിൽ സാധാരണ അറ്റകുറ്റപ്പണികൾ ആവശ്യമുള്ളത് 1281-ഉം പുനരുദ്ധാരണം ആവശ്യമുള്ളത് 208-ഉം പുതുക്കിപണിയേണ്ടത് 162-മാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പാലങ്ങൾക്കുമാത്രമായി പ്രത്യേക വിഭാഗം രൂപീകരിച്ച് ഒരു ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. വിശദമായ പഠനം നടത്തുന്നതിന് വിദഗ്ദ്ധരടങ്ങുന്ന സ്ഥിരം ടീമിനെ നിയോഗിക്കും. വിശദ പഠനത്തിൽ കണ്ടെത്തുന്ന സുരക്ഷിതമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ പാലങ്ങളുടെ പുനരുദ്ധാരണ/നവീകരണ/അറ്റകുറ്റപ്രവൃത്തികൾ ഏറ്റെടുക്കും. പാലങ്ങളുടെ കാര്യത്തിൽ ഫലപ്രദമായ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കും. പാലങ്ങളുടെ ശരിയായ പരിപാലനത്തിനും സമയബന്ധിതമായ അറ്റകുറ്റപ്പണികൾ, ബലപ്പെടുത്തൽ എന്നിവ നടത്തുന്നതിനും ബ്രിഡ്ജ്സ് ഇൻസ്പെക്ഷൻ ആൻഡ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കും.

16-11-2018-ലെ സ.ഉ.(കൈ) നമ്പർ 41/2018/പൊ.മ.വ. എന്ന സർക്കാർ ഉത്തരവുപ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന പൊതുമരാമത്ത് നയം 2018 അനുസരിച്ച് നിലവിൽ ക്ലാസ്-1 വിഭാഗത്തിൽ 31-ഉം ക്ലാസ്-2 വിഭാഗത്തിൽ 122-ഉം ആയി ആകെ 153 റസ്റ്റ് ഹൗസുകളാണ് കെട്ടിട വിഭാഗത്തിന് കീഴിലുള്ളത്.

ലീസിന് നൽകിയ വൈക്കം റസ്റ്റ് ഹൗസ് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. അത് പ്രവർത്തിച്ചുവരുന്നു. മൂന്നാർ, ആലുവ റസ്റ്റ് ഹൗസുകൾകൂടി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മൂന്നാർ റസ്റ്റ് ഹൗസ് ഉടൻതന്നെ പൂർണ്ണമായും സർക്കാരിന്റെ അധീനതയിലാവുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ആയതിന്റെ കോടതി നടപടികൾ അവസാന ഘട്ടത്തിലാണ്. കുറ്റാലം പാലസ് നിലവാരമുയർത്തി മെച്ചപ്പെടുത്തും.

ഇനിയും ക്യാന്റീൻ സൗകര്യം ഇല്ലാത്ത റസ്റ്റ് ഹൗസുകളിൽ ആയതിനുള്ള സൗകര്യം കൊണ്ടുവരും.

റസ്റ്റ് ഹൗസ് ബുക്കിംഗിന് കേന്ദ്രീകൃത ഓൺലൈൻ സംവിധാനമൊരുക്കുന്നത് പരിഗണനയിലാണ്.

(ബി) സംസ്ഥാനത്തെ പാലങ്ങളുടെ പരിശോധന നടത്തുകയും അതിൻപ്രകാരം 162 പാലങ്ങൾക്ക് പുനർനിർമ്മാണം ആവശ്യമാണെന്നും 208 പാലങ്ങൾക്ക് പുനരുദ്ധാരണം ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. ഇതിൻപ്രകാരം എല്ലാ പാലങ്ങളുടെയും ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും ഡിസൈൻ തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുംവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. നിലവിൽ 37 പാലങ്ങൾക്ക് അതായത് ബജറ്റിൽ 17-ഉം കിഫ്ബിയിൽ 20 പ്രവൃത്തികൾക്കുമാണ് ഭരണാനുമതി നൽകിയത്. ഇതിൽ ബഡ്ജറ്റിലെ 3 പ്രവൃത്തികളും കിഫ്ബിയിലെ 12 പ്രവൃത്തികളും ടെണ്ടർ ചെയ്തിട്ടുണ്ട്. പാലങ്ങളുടെയും കലുങ്കുകളുടെയും പുനർനിർമ്മാണത്തിനായി 2018-19-ലെ ബജറ്റിൽ 5054-04-101-85(P) എന്ന പുതിയ ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചിട്ടുണ്ട്. 12 പാലങ്ങളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കുള്ള പ്രൊപ്പോസലിൽ നടപടി സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ സ്റ്റേജിൽ 80-ഉം ഡിസൈൻ പുരോഗതിയിൽ 19-ഉം ഡി.പി.ആർ. പ്രിപ്പറേഷനിൽ 6-ഉം പാലങ്ങളാണുള്ളത്. ഭരണാനുമതി ലഭിച്ചതിൽ ബജറ്റിൽ 5 പാലങ്ങളുടെയും കിഫ്ബിയിൽ 3 പാലങ്ങളുടെയും പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അവ പുരോഗതിയിലാണ്. ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ പൂർത്തിയാക്കി ബാക്കിയുള്ള പാലങ്ങളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കുന്നതിനും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

(സി) കുറ്റാലം കേരള പാലസും അതുൾപ്പെടുന്ന 56 ഏക്കർ സ്ഥലവും അനധികൃതമായി കൈവശപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നിരുന്നു. സർക്കാരിന്റെ സമയോചിതവും ഫലപ്രദവുമായ ഇടപെടൽമൂലം അതിന് തടയിട്ട് സ്ഥലവും

കെട്ടിടവും വകുപ്പിന്റെ പരിപൂർണ്ണ നിയന്ത്രണത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്ഥലത്തിന് ചുറ്റുമുള്ള സംരക്ഷണ ഭിത്തികളുമുകളിൽ കമ്പിവേലി പണിത് കൂടുതൽ സുരക്ഷിതമാക്കിയിട്ടുണ്ട്. സുരക്ഷയ്ക്കായി കേരള പോലീസിനേയും നിയമിച്ചിട്ടുണ്ട്. ആലുവ, മൂന്നാർ റസ്റ്റ് ഹൗസുകൾ വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ട കേസുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. മൂന്നാർ റസ്റ്റ് ഹൗസ് ഉടനെ തന്നെ പൂർണ്ണമായി തിരികെ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആയതിന്റെ കോടതി നടപടികൾ അവസാന ഘട്ടത്തിലാണ്. വൈക്കം റസ്റ്റ് ഹൗസ് സർക്കാരിന്റെ കീഴിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

(ഡി) ഉണ്ട്. വിശ്രമ മന്ദിരങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 872.18 ലക്ഷം രൂപയുടെയും 2017-18 സാമ്പത്തിക വർഷത്തിൽ 4219.61 ലക്ഷം രൂപയുടെയും 2018-19 സാമ്പത്തിക വർഷത്തിൽ ഇതുവരെയായി 1061.90 ലക്ഷം രൂപയുടെയും അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ ഇപ്പോൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൂടാതെ റസ്റ്റ് ഹൗസിലെ ജീവനക്കാർക്ക് യൂണിഫോം ഏർപ്പാടാക്കുകയും 80-ഓളം ജീവനക്കാർക്ക് 'ഹോസ്പിറ്റാലിറ്റി' ട്രെയിനിംഗ് നൽകുകയും ബാക്കി ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു. അതിന്റെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## സ്കൂൾപഠനം ഉപേക്ഷിക്കുന്ന വിദ്യാർത്ഥികൾ

25(*265) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങളാൽ സ്കൂൾപഠനം ഉപേക്ഷിക്കുന്നവരെ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) പഠനം പൂർത്തിയാക്കാതെ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നതിന്റെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;

(സി) വരും വർഷങ്ങളിൽ ഇത്തരം കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) വിവിധ കാരണങ്ങളാൽ സ്കൂൾപഠനം ഉപേക്ഷിക്കുന്നവരെ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് 2017-18-ൽ സംസ്ഥാന വ്യാപകമായി ഒരു പഠനം നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനായി നിരവധി പരിപാടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## മത്സ്യത്തൊഴിലാളികളുടെ കണക്കുകൾ ശേഖരിക്കാൻ മൊബൈൽ ആപ്ലിക്കേഷൻ

26(*266) ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികളുടെ കൃത്യമായ കണക്കുകൾ ശേഖരിക്കാൻ കഴിയുന്ന വിധത്തിൽ വകുപ്പ് എന്തെങ്കിലും ആപ്ലിക്കേഷനുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ട പരിചയ ക്ലാസ്സുകൾ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ; ഇതിൽ എല്ലാ തൊഴിലാളികൾക്കും രജിസ്റ്റർ ചെയ്യാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് അവബോധമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) കടൽ മത്സ്യബന്ധനത്തിന് പോകുന്നതും തിരികെ വരുന്നവരുമായ മത്സ്യത്തൊഴിലാളികളുടെയും യാനങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന വിധം 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷൻ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ടി മൊബൈൽ ആപ്ലിക്കേഷൻ മത്സ്യത്തൊഴിലാളികൾക്ക് ഡൗൺലോഡ് ചെയ്ത് നൽകുന്നതിനും ആയത് മത്സ്യത്തൊഴിലാളികൾക്ക് പരിചയപ്പെടുത്തുന്നതിനുമായി 9 കടലോര ജില്ലകളിലായി 50 'സാഗര' ഫെസിലിറ്റേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. പ്രത്യേക പരിശീലനം നേടിയിട്ടുള്ള ഇവരുടെ നേതൃത്വത്തിൽ ടി മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നത് സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണം നൽകി വരുന്നു. മത്സ്യത്തൊഴിലാളികളുടെ ആൻഡ്രോയിഡ് ഫോണുകളിലേയ്ക്കാണ് ടി ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് നൽകുന്നത്.

(ബി & സി) ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യാൻ വേണ്ട പരിശീലന ക്ലാസ്സുകൾ ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്കും ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. കൂടാതെ സാഗര പദ്ധതി നടപ്പിലാക്കുന്നതിനായി 9 മറൈൻ ജില്ലകളിലായി നിയോഗിക്കപ്പെട്ട 50 സാഗര ഫെസിലിറ്റേറ്റർമാർ ഹാർബറുകളും ലാൻഡിംഗ് സെന്ററുകളും കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളികളുടെ ആൻഡ്രോയിഡ് ഫോണിലേയ്ക്ക് ടി ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് നൽകുകയും ടി ആപ്ലിക്കേഷൻ ഉപയോഗിക്കുന്നത് സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുകയും അവബോധം ഉണ്ടാക്കുകയും ചെയ്തുവരുന്നു. 4-12-2018 വരെ 9 തീരദേശ ജില്ലകളിലായി 7578 യാനങ്ങൾ 'സാഗര'യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ മലയാള പരിഭാഷ**

27(*267) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എം. സ്വരാജ് :
ശ്രീ. പി. കെ. ശശി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പാഠപുസ്തകങ്ങളാണ് മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളതെന്നും വിദ്യാർത്ഥികൾക്ക് ഇത് എപ്രകാരമെല്ലാം പ്രയോജനപ്രദമാകുമെന്നും വ്യക്തമാക്കാമോ;

(സി) പാഠപുസ്തകങ്ങൾ പരിഭാഷപ്പെടുത്തുന്നതോടൊപ്പം മലയാളത്തിൽ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട സാങ്കേതിക ശബ്ദാവലി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് സി.ബി.എസ്.ഇ. അടക്കമുള്ള എല്ലാ സ്കൂളുകളും മലയാള ഭാഷാ പഠനം നിർബന്ധമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) ഉണ്ട്.

(ബി) ശാസ്ത്രവിഷയങ്ങളിലെയും മാനവിക വിഷയങ്ങളിലെയും വാണിജ്യ ശാസ്ത്രവിഷയങ്ങളിലെയും പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. പരിഭാഷ പൂർത്തിയായ ടി 20 പാഠപുസ്തകങ്ങളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു. ടി പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. വിഷയങ്ങളിലെ അടിസ്ഥാന ആശയങ്ങൾ വളരെ നന്നായി ഗ്രഹിക്കുവാൻ മാതൃഭാഷയിലുള്ള പാഠപുസ്തകങ്ങൾ സഹായിക്കും. എളുപ്പത്തിൽ ആശയം ഗ്രഹിക്കാൻ കഴിയുന്ന വിധത്തിലാണ് പരിഭാഷകൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. സാങ്കേതിക പദങ്ങളും അവയുടെ മലയാള രൂപങ്ങളും ഗ്ലോസറിയായി എല്ലാ പാഠപുസ്തകങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) മലയാള ഭാഷാപഠന ചട്ടങ്ങൾ - 2018, ചട്ടം 3(1) പ്രകാരം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നാംതരം മുതൽ പത്താംതരം വരെ മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിൽ മലയാള ഭാഷാ പഠനം നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് വിവിധ തലങ്ങളിൽ വിശദമായ പരിശോധനാ സംവിധാനം ചട്ടങ്ങളിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മലയാള ഭാഷാ പഠനത്തിനായി എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ പഠിപ്പിക്കുന്നുണ്ടെന്നും സമയക്രമം അനുസരിച്ച് പഠന നിലവാരം മൂല്യനിർണ്ണയം നടത്തുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിന് പരിശോധക സംഘത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2017-ലെ മലയാള ഭാഷാ പഠന ആക്ടിന്റെ 3-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൽ സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്താൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വ്യവസ്ഥകളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃതം പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സി.ബി.എസ്.ഇ., സി.ഐ.എസ്.സി.ഇ. തുടങ്ങിയ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബോർഡുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്കൂളുകളും അൺ-എയ്ഡഡ് സ്കൂളുകളും മേൽപ്പറഞ്ഞ നിയമലംഘനം 3 തവണ നടത്തിയാൽ സ്കൂളിന്റെ അംഗീകാരം അല്ലെങ്കിൽ നിരാക്ഷേപപത്രം റദ്ദാക്കുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പരിശോധനാ സംവിധാനം കുറ്റമറ്റതാക്കി നടത്തുവാൻ വിശദമായ അറിയിപ്പുകൾ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുമുണ്ട്.

**കശുവണ്ടി സംഭരണം**

28(*268) ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. മുകേഷ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി ഫാക്ടറികളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ കശുവണ്ടി സംഭരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി ശേഖരിക്കുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നിവ ഈ വർഷം കൂടുതൽ കശുവണ്ടി സംഭരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഇടനിലക്കാരെ ഒഴിവാക്കി വിദേശ രാജ്യങ്ങളിൽ നിന്നും കശുവണ്ടി സംഭരിക്കുന്നതിന് കാഷ്യൂ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ):

(എ) കൃഷി വകുപ്പിന്റെയും പട്ടിക ജാതി-പട്ടിക വർഗ്ഗ വികസന വകുപ്പിന്റെയും വനംവകുപ്പിന്റെയും കീഴിലുള്ള പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, ആറളം ഫാം, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ, ജയിൽവകുപ്പ്, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ, കൊട്ടാരക്കര എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി കാഷ്യൂ കോർപ്പറേഷനും കാപെക്സും സംഭരിച്ചുവരുന്നു. 2017-ൽ ആരംഭിച്ച നാടൻ തോട്ടണ്ടി സംഭരണം 2019-ലും തുടരുന്നതിന് നടപടികളെടുത്തുവരുന്നു.

കശുവണ്ടി ഉൽപ്പാദകരാജ്യങ്ങളിൽ നിന്ന് നേരിട്ട് തോട്ടണ്ടി സംഭരിച്ച് ന്യായമായ വിലയ്ക്ക് സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് 2017 ഒക്ടോബർ 9-ന് പ്രവർത്തനം ആരംഭിച്ചു. കേരള കാഷ്യൂ ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനിയ-ബിസ്സാവുവിൽ നിന്ന് 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടാൻസാനിയ, മൊസാംബിക് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനാവശ്യമായ നടപടികളും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി പൊതു/സ്വകാര്യ മേഖലകളിലെ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

കശുവണ്ടി വികസന കോർപ്പറേഷൻ വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ നിന്നും 2018-ൽ സംഭരിച്ച തോട്ടണ്ടിയുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| വിവിധ ഗവൺമെന്റ് ഫാമുകളിൽ നിന്ന് | - 29389.7 kgs |
| ആറളം ഫാമിൽ നിന്ന് | - 173886.5 kgs |
| പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്ന് | |
| NM ഏജൻസി മുഖാന്തരം | - 215985 kgs |
| ചീമേനിയിൽനിന്ന് | - 105644.5 kgs |
| ആകെ | - 524.905 MT |
| ടെണ്ടർ മുഖാന്തരം | - 3150.383 MT |
| ആകെ | - 3675.288 MT |

കാപ്പെക്സ് 2018-ൽ ഇതുവരെയായി വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ നിന്നും സംഭരിച്ച തോട്ടണ്ടിയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഇ-ടെണ്ടർ മുഖാന്തരം | - | 1690 |
| MT ആറളം ഫാമിൽനിന്ന് | - | 60 MT |
| കർഷകരിൽനിന്ന് | - | 60 MT |
| ആകെ | - | 1810 MT |

(സി) കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്ന് നേരിട്ട് തോട്ടണ്ടി സംഭരിച്ച് ന്യായമായ വിലയ്ക്ക് സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് 2017 ഒക്ടോബർ 9-ന് പ്രവർത്തനം ആരംഭിച്ചു. കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്ന് അസംസ്കൃത കശുവണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു. ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനിയ-ബിസ്സാവുവിൽ നിന്ന് 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കിക്കഴിഞ്ഞു. വരുംമാസങ്ങളിൽ ടാൻസാനിയ, മൊസാംബിക് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനാവശ്യമായ നടപടികളും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി പൊതു/സ്വകാര്യ മേഖലകളിലെ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

**മത്സ്യ ലേലത്തിൽ ഇടനിലക്കാർ ഈടാക്കി വരുന്ന കമ്മീഷൻ**

29(*269) ശ്രീ. മഞ്ഞളാംകുഴി അലി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷ്‌ലാൻഡിംഗ് സെന്ററുകളിലും ഫിഷിംഗ് ഹാർബറിലും മത്സ്യ ലേലം നടക്കുമ്പോൾ ഇടനിലക്കാർ മത്സ്യത്തൊഴിലാളികളിൽ നിന്നും ഭീമമായ കമ്മീഷൻ ഈടാക്കി വരുന്നതായ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കുന്നതിനും മത്സ്യത്തൊഴിലാളികളെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനും നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) ഉണ്ട്.

കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് അർഹമായ വില അവർക്ക് ലഭിക്കുന്നില്ല. മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ട് വരുന്ന മത്സ്യത്തിന്റെ ആദ്യവിൽപ്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമായാൽ മാത്രമേ ഇത് സാധിക്കുകയുള്ളൂ. നിലവിൽ

മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ട് വരുന്ന മത്സ്യം ഹാർബറുകളിലും കരയ്ക്കടിപ്പിക്കൽ കേന്ദ്രങ്ങളിലും ലേലം ചെയ്യുന്നതിനുള്ള അവകാശം ലേലക്കാരനാണ്. ലേലക്കാർ ഒരു മാനദണ്ഡവും കൂടാതെയാണ് ലേല കമ്മീഷൻ ഈടാക്കുന്നത്. ഇത് വിൽപ്പന വിലയുടെ 5 മുതൽ 12% വരെ വരും. ഇതിന് പുറമേ അളവിലും/തൂക്കത്തിലും പലപ്പോഴും കൃത്യത പാലിക്കാറില്ല. ഇത്തരത്തിൽ പിടിച്ചെടുത്ത് കൊണ്ടുവരുന്ന മത്സ്യത്തിന് അർഹമായ വില ലഭിക്കാത്തതുകാരണം മത്സ്യത്തൊഴിലാളികൾ ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയമാകുന്നു. എന്നാൽ മത്സ്യക്കച്ചവടത്തിൽ ഏർപ്പെടാത്ത ലേലക്കാരും കച്ചവടക്കാരും മത്സ്യം ഉയർന്ന വില നിശ്ചയിച്ചാണ് ഉപഭോക്താക്കൾക്ക് എത്തിക്കുന്നത്.

(ബി) ഉണ്ട്. മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോൽസാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് മത്സ്യലേലം, മത്സ്യവിപണനം, ഗുണനിലവാര പരിപാലനം ബിൽ 2018 എന്ന പേരിൽ സംസ്ഥാന സർക്കാർ നിയമ നിർമ്മാണത്തിന് ശ്രമിക്കുന്നു. നിലവിൽ തയ്യാറാക്കിയിട്ടുള്ള കരട് ബില്ലിൽ പ്രതിപാദിക്കുന്ന പ്രധാന കാര്യങ്ങൾ:-

1. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ലാൻഡിംഗ് സെന്റർ/ഹാർബർ/മാർക്കറ്റ് എന്നിവിടങ്ങളിൽ മാത്രമേ മത്സ്യലേലം നടത്തുവാൻ പാടുള്ളൂ. ഇതുവഴി മത്സ്യം കൈകാര്യം ചെയ്യുന്ന സ്ഥലങ്ങളിലെ ശുചിത്വം ഉറപ്പാക്കുന്നതിന് കഴിയും.

2. ലേലക്കാർക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നുള്ള അനുമതിപത്രം പ്രകാരം മാത്രമേ ലേലത്തിൽ പങ്കെടുപ്പിക്കാൻ കഴിയൂ.

3. മത്സ്യലേലം ഏർപ്പെടുത്തേണ്ട രീതി, ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ സർക്കാർ വിജ്ഞാപനംമൂലം ക്രമപ്പെടുത്തുന്നതാണ്.

4. ലേലം ക്രമപ്പെടുത്തുന്നതിനും ലേല കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പാക്കുന്നതിനും ഫലപ്രദമായ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനും ഗുണഭോക്താക്കളുടേയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ഫിഷറീസ് വകുപ്പിന്റെയും പങ്കാളിത്തത്തോടെ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതായിരിക്കും.

5. ഇത്തരത്തിൽ രൂപീകൃതമാകുന്ന ലാൻഡിംഗ് സെന്റർ/ഹാർബർ/മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റികൾക്ക് ലേലത്തുകയുടെ 5%-ൽ അധികരിക്കാത്ത തുക മാത്രം ലേല കമ്മീഷനായി നിശ്ചയിക്കാവുന്നതാണ്.

6. ലേല കമ്മീഷൻ തുക ലേലക്കാരൻ, തദ്ദേശഭരണ സ്ഥാപനം മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം, മാനേജ്മെന്റ് സൊസൈറ്റി എന്നിവർക്ക് സർക്കാർ വിജ്ഞാപനം ചെയ്യുന്ന അനുപാതത്തിൽ വിഭജിക്കുന്നതായിരിക്കും.

7. ലേലത്തിന് കൃത്യമായ അളവ് പാലിക്കുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട് (എണ്ണം/തൂക്കം).

8. ലേലത്തിനുള്ള അനുമതിപത്രം ലഭിക്കണമെങ്കിൽ ആ പ്രദേശത്തെ നിലവിലുള്ള മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിന്റെ ശിപാർശയും നിർണ്ണയിക്കപ്പെടുന്ന ഫീസും അപേക്ഷയും സമർപ്പിക്കേണ്ടതാണ്.

9. ലേലക്കാരന് ലേലം നടത്തുന്നതിനുള്ള അവകാശത്തിനുപുറമേ ലേല കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന അപ്രതീക്ഷിത സംഭവങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കാനും നിർണ്ണയിക്കുന്ന രീതിയിൽ രജിസ്റ്ററുകളും കണക്കുകളും എഴുതി സൂക്ഷിക്കുന്നതിനും ബാദ്ധ്യസ്ഥരായിരിക്കും.

കൂടാതെ മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട മത്സ്യത്തൊഴിലാളി ക്ഷേമസഹകരണ സംഘങ്ങൾ വഴി ലേലം ചെയ്ത് ഏറ്റെടുത്ത് ഇടനിലക്കാരെ ഒഴിവാക്കി വിൽപ്പന നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോൽസാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുമാണ് നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നത്.

**റോഡുകളുടെ പുനർനിർമ്മാണത്തിനായി നൂതനമായ സാങ്കേതിക വിദ്യകൾ**

30 (*270) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ ചെരിവുകളിൽ മണ്ണിടിച്ചിൽ തടയാൻ എന്തൊക്കെ സോയിൽ സ്റ്റെബിലൈസേഷൻ ടെക്നോളജികളാണ് സംസ്ഥാനത്ത് നിലവിൽ ഉപയോഗിക്കുന്നത്; പ്രളയത്തിന്റെ പശ്ചാത്തലത്തിൽ വിദേശരാജ്യങ്ങളിൽ ഈ രംഗത്ത് ഉപയോഗിക്കുന്ന നൂതനമായ ടെക്നോളജികൾ കേരളത്തിൽ പരീക്ഷിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി നാഷണൽ ഹൈവേ അതോറിറ്റിയുടെ ഉപദേശങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെയും ജമ്മു കാശ്മീരിലെയും റോഡുകളുടെ നിർമ്മാണത്തിൽ മികവു തെളിയിച്ച നാഷണൽ ഹൈവേ അതോറിറ്റിയുടെ സേവനങ്ങൾ സംസ്ഥാനത്തിന് ഗുണകരമാവുമെന്ന് കരുതുന്നുണ്ടോ; ഈ സേവനം ഉപയോഗപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) മണ്ണിടിച്ചിൽ വ്യാപകമായ ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ റോഡുകളുടെ നവീകരണത്തിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): (എ) വിവിധ തരത്തിലുള്ള സംരക്ഷണ ഭിത്തികൾ നിലവിൽ ചെരിവുകൾ സംരക്ഷിക്കുന്നതിന് ഉപയോഗിച്ചുവരുന്നു. റോഡുകളുടെ ചെരിവുകളിൽ മണ്ണിടിച്ചിൽ തടയാൻ സോയിൽ നെയിലിംഗ്, ജിയോ ടെക്സ്റ്റയിൽസ്, ജിയോ മെഷ്, സിമന്റ് സ്ലറി ഗ്രൗട്ടിംഗ്, കയർ ഭൂവസ്ത്രം എന്നീ ആധുനിക സോയിൽ സ്റ്റെബിലൈസേഷൻ ടെക്നോളജി സംസ്ഥാനത്ത് പരീക്ഷിക്കാവുന്നതാണ്. പിച്ചിംഗ്, ടർഫിംഗ് എന്നീ സാങ്കേതിക വിദ്യകളും ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വിദേശ രാജ്യങ്ങളിൽ ഉപയോഗിക്കുന്ന നൂതന ടെക്നോളജികൾ കേരളത്തിൽ പരീക്ഷിക്കുന്ന കാര്യത്തിൽ ചർച്ചകൾ നടക്കുന്നുണ്ട്.

(ബി) നാഷണൽ ഹൈവേ അതോറിറ്റി ഉപദേശമൊന്നും നൽകിയിട്ടില്ല. നാഷണൽ ഹൈവേ അതോറിറ്റിയുടെ സേവനങ്ങൾ സംസ്ഥാനത്തിന് ഗുണകരമാകുമെന്ന് കരുതുന്നു. ദേശീയപാതാ വിഭാഗത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അതാത് സമയത്തുള്ള സർക്കുലറുകളും ടെക്നോളജികളും പിൻതുടരാനാണ് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം അനുശാസിക്കുന്നത്.

(സി) പ്രകൃതിദുരന്ത ബാധിത ജില്ലകളിലെല്ലാം റോഡുകളുടെ നവീകരണത്തിനായി Rebuild Kerala എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകളുടെ നവീകരണത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മണ്ണിടിച്ചിൽ രൂക്ഷമായ പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിലെ പദ്ധതികളിൽ മണ്ണിടിച്ചിൽ തടയുന്നതിനായുള്ള Provisions ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മണ്ണിടിച്ചിൽ തടയുന്നതിനായി സോയിൽ സ്റ്റെബിലൈസേഷൻ രീതികളായ സോയിൽ നെയിലിംഗ്, ജിയോ മെഷ്, സിമന്റ് സ്ലറി ഗ്രൗട്ടിംഗ് എന്നിവ ഉപയോഗിക്കുന്നതാണ്.

ദേശീയപാതാ വിഭാഗത്തിൻകീഴിൽ പ്രളയംമൂലം ഉണ്ടായിട്ടുള്ള കുഴികൾ അടച്ച് ഗതാഗതം പുനഃസ്ഥാപിക്കുന്നത് അന്തിമ ഘട്ടത്തിലാണ്. മേൽ പ്രവൃത്തികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം 21.4 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പയർ (FDR) 2018-19-ൽപ്പെടുത്തി അനുവദിച്ച് തന്നിട്ടുള്ളതാണ്.

വയനാട് ചുരത്തിൽ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ സംരക്ഷണ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി നടന്നുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റോഡ് പുനർനിർമ്മാണ മേഖലയിലെ പരിഷ്കാരങ്ങൾ

1 (3044) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകട സാദ്ധ്യത മുൻനിർത്തി നിലവിലെ പാലങ്ങൾ പുതുക്കി പണിയാനോ നവീകരിക്കാനോ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വെള്ളക്കെട്ട് നിലനിൽക്കുന്ന പ്രദേശങ്ങളിലെ റോഡുകളിൽ ഡ്രെയിനേജ് സംവിധാനം കൊണ്ടുവരാൻ എന്തൊക്കെ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്ത് നിർമ്മിക്കുന്ന പുതിയ റോഡുകൾ ഭൂമിശാസ്ത്രം, പരിസ്ഥിതി എന്നിവയെ സംബന്ധിച്ച പഠനങ്ങളുടെ അടിസ്ഥാനത്തിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സാമ്പത്തികമായ പരിമിതി നിലനിൽക്കെ ഏറ്റവും കുറഞ്ഞ ചെലവിൽ റോഡുകളുടെ പുനർനിർമ്മാണത്തിനായി എന്തൊക്കെ നടപടികളാണ് നടത്തിയിരിക്കുന്നത്;

(ഇ) പ്രളയത്തിൽ തകർന്ന റോഡുകളിലെ അവശിഷ്ടങ്ങൾ റീസൈക്കിൾ ചെയ്ത് ഉപയോഗപ്പെടുത്താനുള്ള നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താൻ ആലോചനയുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അപകടസാദ്ധ്യതയുള്ള പാലങ്ങൾ പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) മഴക്കാലത്ത് റോഡ് തകരുന്നതിന് പ്രധാന കാരണമായിട്ടുള്ളത് ഡ്രെയിനേജുകളുടെ അഭാവമാണ്. റോഡുകളുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റുകളിൽ ഓടകൾക്ക് ആവശ്യമായ പ്രൊവിഷൻസ് കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള ഓടകൾ ശുചിയായി സൂക്ഷിക്കുന്നതിന് മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

ഡ്രെയിനേജ് സംവിധാനം സുഗമമാക്കുന്നതിനായി കോൺക്രീറ്റ് ഡ്രെയിൻ, ഐറിഷ് ഡ്രെയിൻ എന്നിവ നിർമ്മിച്ച് വെള്ളക്കെട്ട് ഒഴിവാക്കാറുണ്ട്. കൂടാതെ വെള്ളക്കെട്ട് നിലനിൽക്കുന്ന പ്രദേശങ്ങളിൽ ഇന്റർലോക്കിംഗ് ടൈലുകൾ ഉപയോഗിച്ച് റോഡിന്റെ ഉപരിതലം ഗതാഗതയോഗ്യമാക്കാറുണ്ട്.

(സി) റോഡുകളുടെ നിർമ്മാണം പരിസ്ഥിതി സൗഹൃദമാക്കുന്നതിനായി പ്രാദേശിക അസംസ്കൃത വസ്തുക്കളായ കയർ ഭൂവസ്ത്രം, Waste Plastic, NRMB (നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ) എന്നിവയുടെ ഉപയോഗം വ്യാപകമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് ഡ്രെയിനേജ് സംവിധാനങ്ങൾ ഏർപ്പെടുത്തിവരുന്നു.

(ഡി) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം റോഡുകളെ അടിയന്തര അറ്റകുറ്റപ്പണി ആവശ്യമായത്, ഉപരിതലം പുതുക്കൽ ആവശ്യമായത്, ഡിസൈൻ ചെയ്ത് പുനർ നിർമ്മിക്കേണ്ടത് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി തിരിച്ച് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഏറ്റവും ചെലവ് കുറച്ച് പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(ഇ) റോഡുകളുടെ ഉപരിതലം റീസൈക്കിൾ ചെയ്ത് ഉപയോഗപ്പെടുത്തുന്ന സാങ്കേതികവിദ്യ പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴയിൽ എൻ.എച്ച്.-ലും പത്തനംതിട്ട ജില്ലയിലെ ആനയടി-പഴകുളം-കൂടൽ റോഡിലും നടപ്പിലാക്കിയിട്ടുണ്ട്. ഈ സാങ്കേതികവിദ്യ കൂടുതൽ റോഡുകളിൽ ഉപയോഗിക്കുന്നത് പരിഗണനയിലാണ്.

**ചീഫ് ടെക്നിക്കൽ എക്സാമിനർമാരുടെ പരിശോധനകാരണമുണ്ടാകുന്ന കാലതാമസം**

2 (3045) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്കും മറ്റും സാങ്കേതിക അനുമതിക്കായി ചീഫ് ടെക്നിക്കൽ എക്സാമിനർമാരുടെ പരിശോധനയ്ക്കായി സമർപ്പിക്കുന്നതുകാരണം പ്രവൃത്തികളുടെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം ഒഴിവാക്കുന്നതിന് ചീഫ് എഞ്ചിനീയർ തലത്തിൽ സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ;

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ സാങ്കേതിക അനുമതിക്കായി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിഗണനയിലുണ്ടെന്ന് വിശദീകരിക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് എന്ന് അനുമതി ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാങ്കേതിക അനുമതി ചീഫ് എഞ്ചിനീയർ തലത്തിൽ തന്നെയാണ് നൽകുന്നത്. 16-1-2016- ലെ ജി.ഒ. (പി) നമ്പർ 6/2016/ധന. പ്രകാരം എഞ്ചിനീയറിംഗ് വകുപ്പുകളിലെ ചീഫ് എഞ്ചിനീയർമാർക്ക് പ്രവൃത്തികൾക്കുള്ള സാങ്കേതിക അനുമതി എസ്റ്റിമേറ്റ് തുകയുടെ പരിധി ബാധകമല്ലാതെ നൽകുന്നതിനുള്ള അധികാരം സർക്കാർ നല്കിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുമുമ്പുള്ള ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധന സംബന്ധിച്ച് ധനകാര്യ വകുപ്പാണ് തീരുമാനമെടുക്കേണ്ടത്.

(സി&ഡി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ ഒന്നുംതന്നെ നിലവിൽ സാങ്കേതിക അനുമതിക്കായി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിഗണനയിലില്ല.

ബജറ്റ് വർക്ക് 2018-19-കോട്ടുകുളഞ്ഞി-തയ്യിൽപ്പടി-അത്തലക്കടവ് റോഡ് ചെയിനേജ് 0/000 മുതൽ 5/000 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തിക്ക് 24-9-2018-ലെ ജി.ഒ.(ആർടി)1509/2018/പൊ.മ.വ. പ്രകാരം 720 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ ബജറ്റ് വർക്ക് 2018-19 പെണ്ണക്കര-കക്കട റോഡ് ചെയിനേജ് 0/000 മുതൽ 6/685

ബി.എം. & ബി.സി. പ്രവൃത്തിക്ക് CTE-യുടെ പരിശോധനാ റിപ്പോർട്ട് സഹിതം സാങ്കേതികാനുമതിക്കായി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്.

**പുതിയ നിർമ്മാണ രീതികൾ**

3 (3046) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങളിൽ യഥാസ്ഥിത സാങ്കേതികവിദ്യയ്ക്കും നവീന സാങ്കേതിക വിദ്യയ്ക്കും തുല്യപ്രാധാന്യം നൽകി പുതു നിർമ്മാണരീതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി വകുപ്പിലെ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിന് പരിശീലനം നൽകാൻ പരിപാടിയുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സംഘടിപ്പിച്ചു വരുന്ന എഞ്ചിനീയേഴ്സ് കോൺഗ്രസ് ദേശീയ സാങ്കേതിക കൂട്ടായ്മയെന്ന നിലയിലേക്ക് വളർത്തിയെടുക്കാൻ പദ്ധതിയുണ്ടോ;

(സി) പ്രളയം, അതിവർഷം എന്നിവയെ അതിജീവിക്കുന്നതും ചെലവു കുറഞ്ഞതുമായ കെട്ടിട നിർമ്മാണ രീതി ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി പൊതു കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഇത്തരം സാങ്കേതിക വിദ്യയും നിർമ്മാണ രീതിയും പ്രയോഗിക്കുന്നതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ഡി) കരിങ്കൽ, മണൽ തുടങ്ങിയ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യവും അവയുടെ ഖനനം പ്രകൃതിയിൽ ഏൽപ്പിക്കുന്ന ആഘാതവും പരിഗണിച്ച് താരതമ്യേന പ്രകൃതി സൗഹൃദപരമായ നിർമ്മാണ രീതി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങളിൽ യാഥാസ്ഥിത സാങ്കേതികവിദ്യയ്ക്കും നവീന സാങ്കേതികവിദ്യയ്ക്കും തുല്യ പ്രാധാന്യം നൽകികൊണ്ടുള്ള പുതിയ നിർമ്മാണരീതി നടപ്പിലാക്കിവരുന്നു. ജർമ്മൻ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം ഇതിനുദാഹരണമാണ്.

പൊതുമരാമത്ത് വകുപ്പിൽ ഡിസൈൻ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ബിൽഡിംഗ് ഡിസൈൻ, ബ്രിഡ്ജസ് ഡിസൈൻ, ഹൈവേ ഡിസൈൻ എന്നിവയുടെ റീജിയണൽ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്.

പുതിയ സാങ്കേതികവിദ്യകൾ പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിനായി ഉദ്യോഗസ്ഥർക്ക് ഇന്ത്യയിലെ തെരഞ്ഞെടുത്ത പ്രമുഖ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഓരോ വർഷവും 10% ജീവനക്കാർക്കെങ്കിലും പരിശീലനം നൽകിവരുന്നു. കൂടാതെ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. സാങ്കേതിക മേഖലയിലെ പുത്തൻ അറിവുകൾ ലഭ്യമാക്കാൻ എല്ലാ വർഷവും എഞ്ചിനീയേഴ്സ് കോൺഗ്രസ് നടത്തി വരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ഉടനെ വകുപ്പിലെ മുഴുവൻ എഞ്ചിനീയർമാരെയും ഉൾപ്പെടുത്തി ഒന്നാം എഞ്ചിനീയേഴ്സ് കോൺഗ്രസ് 2016 ജൂലൈ മാസം 9-നും രണ്ടാം എഞ്ചിനീയേഴ്സ് കോൺഗ്രസ് 2017 സെപ്റ്റംബർ 30-നും മൂന്നാം എഞ്ചിനീയേഴ്സ് കോൺഗ്രസ് 28-7-2018-നും നടത്തുകയുണ്ടായി. സാങ്കേതിക രംഗത്തെ മാറ്റങ്ങളും മാനേജ്മെന്റ് സംവിധാനങ്ങളും ഇവിടെ ചർച്ച ചെയ്തു. ഇത് ഒരു ശ്രദ്ധേയമായ വാർഷിക ദേശീയ സാങ്കേതിക കൂട്ടായ്മയായി വളർത്തിയെടുക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്.

(സി) പൊതു കെട്ടിടങ്ങളുടെ പ്രത്യേകിച്ചും ഓഫീസ് കെട്ടിടങ്ങൾ ഇപ്പോൾ നിർമ്മിച്ചുവരുന്നത് ഭൂകമ്പത്തെപ്പോലും പ്രതിരോധിക്കുന്ന വിധത്തിലാണ്. മണ്ണിടിച്ചിലുണ്ടാവാത്ത പക്ഷം ഇവ പ്രളയം, അതിവർഷം എന്നിവയെ അതിജീവിക്കുന്നതുമാണ്. ചെലവ് കുറഞ്ഞ നിർമ്മാണരീതി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഇപ്പോൾ ചെയ്തു വരുന്നില്ല.

(ഡി) പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികൾ പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിവരുന്നു. ആയതിലേയ്ക്കായി പരിസ്ഥിതി സൗഹൃദ നിർമ്മാണ വസ്തുക്കളായ കയർ, ജിയോടെക്സ്റ്റയിൽ, NRMB, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ നിർമ്മാണ മേഖലയിൽ ഉപയോഗിച്ചുവരുന്നു.

**മലയോര ഹൈവേ**

4 (3047) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മലയോര ഹൈവേ എവിടെ തുടങ്ങി എവിടെ അവസാനിപ്പിക്കുമെന്നും എത്ര കിലോമീറ്റർ ദൂരമാണെന്നും വ്യക്തമാക്കാമോ;

(ബി) അതിൽ എത്ര കിലോമീറ്റർ ദൂരം വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുമെന്നും എവിടെ തുടങ്ങി എവിടെ അവസാനിക്കുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ മലയോര ഹൈവേ പാറശ്ശാലയിൽ നിന്നാരംഭിച്ച് കൊല്ലായിൽ അവസാനിക്കുന്നു. 61.705 കി.മീ.ദൂരം നവീകരിക്കുന്നുണ്ട്.

(ബി) മലയോര ഹൈവേയുടെ അലൈൻമെന്റ് 18 കി.മീ.ദൂരം വാമനപുരം മണ്ഡലത്തിൽ കൂടി കടന്നുപോകുന്നുണ്ട്. വാമനപുരം മണ്ഡലത്തിൽ മലയോര ഹൈവേ ചല്ലിമുക്ക് എന്ന സ്ഥലത്ത് നിന്ന് ആരംഭിച്ച് ചായം-പെരിങ്ങമ്മല റോഡിൽ തോട്ടുമുക്ക് എന്ന സ്ഥലത്ത് അവസാനിക്കുന്നു. ഇതിൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി 14.5 കി.മീ. ദൂരം നവീകരിക്കുന്നുണ്ട്. ബാക്കി 3.50 കി.മീ.ദൂരം പാലോട്-ബ്രൈമൂർ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്. ആയതിന്റെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | കിഫ്ബി മലയോര ഹൈവേ- കള്ളിക്കാട്-പാറശ്ശാല (ഫസ്റ്റ് ഫേസ്) കുടപ്പനമൂട് -പാറശ്ശാല കി.മീ.15 /715-28/760 & കി.മീ. 31/410-33/860 | ഒന്നാംഘട്ടം പാറശ്ശാല മുതൽ കുടപ്പനമൂട് വരെ 15.495 കി. മീ. ദൂരം ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണിയാരംഭിച്ചു. |
| 2 | കിഫ്ബി മലയോര ഹൈവേ- കള്ളിക്കാട്-പാറശ്ശാല (സെക്കന്റ് ഫേസ്) കള്ളിക്കാട്-കുടപ്പനമൂട് - കി.മീ.0 /000-15/715 | രണ്ടാംഘട്ടം കള്ളിക്കാട് മുതൽ കുടപ്പനമൂട് വരെ 15.715 കി. മീ. ദൂരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്ന തിലേയ്ക്കായി റോഡ് പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുന്ന നടപടികൾ കാട്ടാക്കട തഹസീൽദാരുടെ മേൽനോട്ടത്തിൽ നടന്നു വരികയാണ്. ആവശ്യമായ സ്ഥലം സൗജന്യ മായി ലഭിക്കേണ്ടതുണ്ട്. |

| | | |
|---|---|---|
| 3 | കിഫ്ബി - ഇംപ്രൂവ്മെന്റ്സ് ടു കൊല്ലയിൽ കള്ളിക്കാട് (ചല്ലിമുക്ക്, പാലോട്, വിതുര-ഇരുത്തലമൂല, ആര്യനാട്, കള്ളിക്കാട്)-തിരുവനന്തപുരം ജില്ല | ഡി.പി.ആർ. സമർപ്പിച്ചു. കിഫ്ബി അംഗീകരിച്ചു. പദ്ധതിക്കാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കേണ്ടതുണ്ട്. |
| 4 | കിഫ്ബി -ഇംപ്രൂവ്മെന്റ്സ് ടു ഹിൽ ഹൈവേ പെരിങ്ങമ്മല-വിതുര (കൊപ്പം)-(9.45 കി.മീ) | ഡി.പി.ആർ. സമർപ്പിച്ചു. കിഫ്ബി അംഗീകരിച്ചു. പദ്ധതിക്കാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കേണ്ടതുണ്ട്. |
| 5 | കിഫ്ബി മലയോര ഹൈവേ-പാലങ്ങൾ, കള്ളിക്കാട് (2 എണ്ണം) & പാറശ്ശാല ആർ.ഒ.ബി. | ഡിസൈൻ തയ്യാറാക്കി വരുന്നു. |

**തീരദേശ ഹൈവേ**

5 (3048) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ ഡി.പി.ആർ.അംഗീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഈ പദ്ധതി എന്നുമുതൽ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) നിർദ്ദിഷ്ട തീരദേശ ഹൈവേയിലുൾപ്പെടുന്ന മലപ്പുറം ജില്ലയിലെ പാടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15 കി.മീറ്റർ നീളം വരുന്ന റീച്ചിന് 52.78 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. മറ്റുള്ള റീച്ചുകളുടെ വിശദമായ പദ്ധതി രൂപരേഖ സൈക്കിൾ ട്രാക്ക് ഉൾപ്പെടെ 14 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിനായി ഉടൻതന്നെ സമർപ്പിക്കുന്നതും ആയതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതുമാണ്.

**ടെണ്ടർ നൽകുന്നതിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കുള്ള മുൻഗണന**

6 (3049) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തികളുടെ ടെണ്ടർ നൽകുന്നതിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് എന്തെങ്കിലും മുൻഗണന നൽകാറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത്തരം സൊസൈറ്റികളുടെ ആധികാരികത സംബന്ധിച്ച് പരിശോധിക്കാൻ പൊതുമരാമത്ത് വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

(സി) രജിസ്ട്രേഷൻ മാത്രം നടത്തി കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ആനുകൂല്യങ്ങൾ ടെണ്ടർ നടപടികൾക്കായി മാത്രം ഉപയോഗപ്പെടുത്തുന്ന വ്യക്തികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഏതെല്ലാം മാനദണ്ഡങ്ങൾ പാലിക്കുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കാണ് ഇത്തരം ടെണ്ടർ നടപടികളിൽ സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നത് എന്നറിയിക്കാമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പെതുമരാമത്ത് നിരത്ത് വിഭാഗം പ്രവൃത്തികളുടെ ടെണ്ടർ നൽകുന്നതിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് മുൻഗണന നൽകിവരുന്നുണ്ട്. ടെണ്ടറിൽ പങ്കെടുക്കുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് സ്വകാര്യ കോൺട്രാക്ടർമാർ ക്വാട്ട് ചെയ്യുന്ന ഏറ്റവും കുറഞ്ഞ നിരക്കിനേക്കാൾ 10 ശതമാനം വരെ അധിക നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകുന്നതാണ്.

(ബി) 13-11-1997-ലെ G.O.(Ms)No.135/97/Co-op നമ്പർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന സൊസൈറ്റികളുടെ ടെണ്ടർ മാത്രമേ പരിഗണിക്കുകയുള്ളൂ. കൂടാതെ ഓരോ ടെണ്ടറിലും ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ സഹകരണ സംഘത്തിന്റെ വാർഷിക പ്രവൃത്തികളെ സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

(സി) സഹകരണ വകുപ്പ് തലത്തിലാണ് നടപടി സ്വീകരിക്കേണ്ടത്.

(ഡി) 13-11-1997-ലെ G.O.(Ms)No.135/97/Co-op-ലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ടെണ്ടർ നടപടികളിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

**ഓൺലൈൻ പ്രോഗ്രസ്സ് റിപ്പോർട്ടിൽ പിന്നിലായ സാഹചര്യം**

7 (3050) <u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റ് വഴി നടപ്പിലാക്കിയ ഓൺലൈൻ പ്രോഗ്രസ്സ് റിപ്പോർട്ടിൽ പൊതുമരാമത്ത് വകുപ്പിന് നൂറിൽ അൻപതിൽ താഴെ മാത്രം മാർക്ക് ലഭിച്ചത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉദ്യോഗസ്ഥരുടെ സമീപനം, സേവന ലഭ്യത, പരാതി പരിഹരിച്ച സമയം, പദ്ധതി വിനിയോഗം എന്നിവ അടിസ്ഥാനമാക്കി നിർണയിച്ച മാർക്കിൽ പൊതുമരാമത്തു വകുപ്പ് പിന്നിൽ പോകാനുണ്ടായ കാരണങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രോഗ്രസ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-സി) നിലവിൽ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി നടപ്പിലാക്കുന്ന ഓൺലൈൻ പ്രോഗ്രസ്സ് റിപ്പോർട്ട് പൊതു അഭിപ്രായത്തിന്റെ പരിച്ഛേദമല്ല. പൊതുജനങ്ങൾ ഭൂരിഭാഗവും വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നത് ഇതിന്റെ അടിസ്ഥാനത്തിലല്ല. ടി വെബ്സൈറ്റിൽ വെറും 22 പേരുടെ പ്രതികരണം മാത്രമാണുള്ളത് എന്നത് ഇതിന് തെളിവാണ്.

2018 ആഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ നേരിട്ടത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിരത്തുകളും പാലങ്ങളും വിഭാഗത്തിനായിരുന്നിട്ടുപോലും വകുപ്പ് മെച്ചപ്പെട്ട പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയാണ്. പ്രളയത്തിൽ സംഭവിച്ച കേടുപാടുകൾ തീർക്കുന്നത് ത്വരിതപ്പെടുത്തുവാനും വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പരാതികൾ എത്രയും വേഗം പരിഹരിക്കുന്നതിനും വകുപ്പിൽ ഇപ്പോൾ നിലവിലുള്ള പരാതി പരിഹാരസെൽ കൂടുതൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ലഭ്യമായ ഫണ്ട് ഉപയോഗിച്ച് സന്തുലിതവും സമഗ്രവുമായ വികസനരീതിയാണ് വകുപ്പ് നടപ്പാക്കുന്നത്.

**പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം**

8 (3051) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള ക്വാളിറ്റി കൺട്രോൾ ലാബുകളുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;വിശദമാക്കാമോ;

(ബി) സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്ന കാര്യത്തിൽ ഈ സർക്കാരിന്റെ നയപരിപാടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ക്വാളിറ്റി കൺട്രോൾ, സോഷ്യൽ ഓഡിറ്റിംഗ്, ടെക്നിക്കൽ ഓഡിറ്റിംഗ് ഇവ സംയോജിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 28-3-2013-ലെ ജി.ഒ.(എം.എസ്) നമ്പർ 79/2013/പി.ഡബ്ല്യു.ഡി. സർക്കാർ ഉത്തരവ് പ്രകാരം എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളും അനുബന്ധ കാര്യാലയങ്ങളും സ്ഥാപിതമായി. വിവിധതരം ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനായി ആധുനിക ഉപകരണങ്ങളും സജ്ജമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന നിർമ്മാണ വസ്തുക്കളുടെ സാമ്പിളുകൾ മേൽപ്പറഞ്ഞ ജില്ലാ ലബോറട്ടറികളിലും പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കോൺക്രീറ്റിംഗ്, ടാറിംഗ് തുടങ്ങിയ സൈറ്റുകളിൽ, " ക്വാളിറ്റികൺട്രോൾ" പരിശോധനാ വിഭാഗം നേരിട്ട് എത്തി പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തുകയും ചെയ്തുവരുന്നു.

(ബി) 5-1-2018-ലെ G.O.(Ms)No.01/2018/PWD പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായി ജില്ലാതലത്തിൽ സോഷ്യൽ ഓഡിറ്റ് സമിതികൾ രൂപീകരിക്കുകയും സോഷ്യൽ ഓഡിറ്റ് സമിതികളുടെ കടമകളും ചുമതലകളും സ്പഷ്ടീകരിച്ചും ഉത്തരവായിട്ടുണ്ട്.

ജില്ലാ സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ., ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പു വരുത്തുകയും ചെയ്യുന്നു.

റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്.

പരാതി ലഭിച്ച് ഒരു മാസത്തിനകം ജില്ലാ സാമൂഹിക ഓഡിറ്റ് സമിതി പരാതിയിൽ സർക്കാരിന് താഴെ പറയുന്ന ശിപാർശകൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

(i) പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ.

(ii) പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന് ശിപാർശ ചെയ്യുക.

(iii) പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക.

(iv) സി.റ്റി.ഇ. അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക.

(സി) പൊതുമരാമത്ത് വകുപ്പിൽ നിലവിൽ നടന്നുവരുന്ന ത്രിതല ഗുണനിലവാര പരിശോധനയുടെ ഭാഗമായി ഒരു പ്രവൃത്തിയിൽ ക്വാളിറ്റി കൺട്രോൾ ആവശ്യമെങ്കിൽ ടെക്നിക്കൽ ഓഡിറ്റിംഗ് തുടങ്ങിയവ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലായിവരുന്നതേയുള്ളൂ എന്നതിനാൽ പൂർണ്ണമായും നടപ്പിലാകുമ്പോൾ അതും ത്രിതല ഗുണനിലവാര പരിശോധനയുടെ ഭാഗമാകുന്നു.

**പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം**

9 (3052) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലെ അശാസ്ത്രീയതമൂലം തകർച്ചയിലാകുന്ന സംസ്ഥാനത്തെ PWD റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) പൊതുമരാമത്ത് മാന്വലിൽ പറഞ്ഞിരിക്കുന്ന ക്വാളിറ്റി ഓഡിറ്റിംഗ് പൊതുമരാമത്ത് പ്രവൃത്തികളിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകളുടെ നിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു. ഈ ലബോറട്ടറികളിൽ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കേണ്ട നിർമ്മാണ വസ്തുക്കൾ മുൻകൂറായി തന്നെ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കാൻ കഴിയുന്ന സംവിധാനമൊരുക്കിയിട്ടുണ്ട്. റോഡുകൾ ദീർഘകാലം കേടുപാടുകളില്ലാതെ നിലനിർത്തുക എന്ന ആശയത്തിലൂന്നി കയർ ഭൂവസ്ത്ര നിർമ്മാണ രീതി, ഫുൾ ഡെപ്ത് റിപ്പയറിംഗ്, റീ സൈക്ലിംഗ് നിർമ്മാണങ്ങൾ

തുടങ്ങിയ നവീന നിർമ്മാണ രീതികൾ പൊതുമരാമത്ത് വകുപ്പിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരികയാണ്. റോഡിലുണ്ടാകുന്ന കുഴികൾ വേഗത്തിൽ മൂടുന്നതിന് ഉപയോഗിക്കാവുന്ന ഒരു ടാർ മിശ്രിതം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ തയ്യാറാക്കിവരുന്നു. മഴക്കാലം പോലുള്ള അനുകൂലമല്ലാത്ത സാഹചര്യങ്ങളിലും കുഴികൾ മൂടുന്നതിന് ടി മിശ്രിതം കൂടുതൽ ഫലപ്രദമാണെന്ന് വിലയിരുത്തുന്നു. 'ഖണ്ഡാൽ മിശ്രിതം' എന്നാണ് ഇത് അറിയപ്പെടുന്നത്.

(ബി) പൊതുമരാമത്ത് പ്രവൃത്തികളിൽ ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും മറ്റു ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുകയും ആയതിന്റെ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നുണ്ട്. പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ പേയ്മെന്റ് നൽകുന്നതിന് നിർബന്ധമാക്കിയിട്ടുണ്ട്.

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഓഡിറ്റിംഗ്**

10 (3053) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. ബാബു :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പൊതുമരാമത്ത് മാന്വൽ പ്രകാരം ക്വാളിറ്റി ഓഡിറ്റിംഗ് നടത്തുന്നതിന് എവിടെയെല്ലാമാണ് ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി നടത്തിവരുന്ന സോഷ്യൽ ഓഡിറ്റിംഗ്, ടെക്നിക്കൽ ഓഡിറ്റിംഗ് എന്നിവയുടെ വിശദാംശം നൽകുമോ:

(സി) ഗുണനിലവാര പരിശോധനകളിൽ ന്യൂനത കണ്ടെത്തുന്ന കേസ്സുകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി നിലവിലെ പൊതുമരാമത്ത് മാന്വൽ പ്രകാരം ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കുന്നുണ്ട്. പ്രവൃത്തികളുടെ ബില്ലിനൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നതിന് നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി 5-1-2018-ലെ സ.ഉ.(കൈ) നമ്പർ 1/2018/പൊ.മ.വ. സർക്കാർ ഉത്തരവ് പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിന് e-tender വഴി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

ജില്ലാ സോഷ്യൽ ഓഡിറ്റ് സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ,. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പു വരുത്തുകയും ചെയ്യുന്നു. റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്.

(സി) ഗുണനിലവാര പരിശോധനയിൽ കണ്ടെത്തുന്ന ന്യൂനതകൾ കരാറുകാരൻ സ്വന്തം ചെലവിൽ തന്നെ പരിഹരിക്കേണ്ടതാണ്. പ്രവൃത്തികളുടെ ബില്ലിനൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ച സർട്ടിഫിക്കറ്റ് പ്രവൃത്തികളുടെ പേയ്മെന്റ് നടത്തുന്നതിന് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ, ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

**മലയോര ഹൈവേ**

11 (3054) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;എങ്കിൽ വിശദവിവരം നൽകുമോ;

(ബി) എന്നുമുതൽ പ്രസ്തുത പദ്ധതി ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഏതെല്ലാം ജില്ലകളിൽക്കൂടിയാണ് പ്രസ്തുത ഹൈവേ കടന്ന് പോകുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ മലയോര പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ മലയോര ഹൈവേ നിർമ്മിക്കുവാൻ തീരുമാനിക്കുകയും അതിന്റെ അലൈൻമെന്റ് തയ്യാറാക്കാൻ NATPAC-നെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. NATPAC പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അലൈൻമെന്റ് 6-7-2009-ലെ സ.ഉ (കൈ)നമ്പർ 44/2009/പൊ.മ.വ. പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ കോഴിക്കോട് ജില്ലയിൽ 16-10-2018-ലെ സ.ഉ.(സാധാ.) നമ്പർ 39/2018/പൊ.മ.വ. പ്രകാരം അലൈൻമെന്റിൽ മാറ്റം വരുത്തിയിരുന്നു.

(ബി) തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് ജില്ലകളിലെ ഓരോ റീച്ചുകളിലായി പദ്ധതി ആരംഭിച്ചു കഴിഞ്ഞു. മലയോര ഹൈവേ നിർമ്മിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത് 12 മീറ്റർ വീതിയിലാണ്. Free surrender ആയി സ്ഥലം ലഭ്യമാക്കി പദ്ധതി നടത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് റീച്ചുകളിലെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(സി) ആലപ്പുഴ ഒഴികെയുള്ള 13 ജില്ലകളിൽ കൂടി മലയോര ഹൈവേ കടന്നു പോകുന്നുണ്ട്.

**ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഒറ്റത്തവണ ഫണ്ട്**

12 (3055) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഒറ്റത്തവണ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലില്ല.

**ജലവിതരണ പൈപ്പിടാനായി റോഡുകൾ കുത്തിപ്പൊളിക്കുന്ന സാഹചര്യം**

13 (3056) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണ പൈപ്പിടാനായി പുതിയ റോഡുകൾ ജല അതോറിറ്റി കുത്തിപ്പൊളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ് നിർമ്മാണത്തിന് മുൻപുതന്നെ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ ബന്ധപ്പെട്ട കക്ഷികൾ തമ്മിൽ പദ്ധതിയുണ്ടാക്കണമെന്നും ഇല്ലെങ്കിൽ അത് പൊതുഖജനാവിന് ഭീമമായ നഷ്ടം സൃഷ്ടിക്കുമെന്നുമുള്ള കേരള ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹൈക്കോടതി ചുമതലപ്പെടുത്തിയ പ്രകാരം ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറി കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ, ഈ ദുരവസ്ഥയുടെ ഉത്തരവാദിത്വം പൊതുമരാമത്ത് വകുപ്പിനാണെന്ന് ജല അതോറിറ്റി അധികൃതർ അറിയിച്ചുവെന്ന പരാമർശം ഗൗരവമുള്ളതല്ലേ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.ഡബ്ല്യൂ.എ., ബി.എസ്.എൻ.എൽ., കെ.എസ്.ഇ.ബി.എൽ തുടങ്ങിയ വിവിധ ഏജൻസികൾ റോഡ് കുഴിക്കുന്നത് സംബന്ധിച്ച് വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി 5-1-2018-ലെ സ. ഉ. (സാധാ.) നമ്പർ 30/2018/ പൊ.മ.വ., 24-8-2018-ലെ സ.ഉ.(സാധാ) നമ്പർ 1321/2018/പൊ.മ.വ. എന്നിവ പ്രകാരം മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം കെ.ഡബ്ല്യൂ.എ, ബി.എസ്.എൻ.എൽ, കെ.എസ്.ഇ.ബി.എൽ. മുതലായവയുടെ പ്രവൃത്തികൾക്കായി റോഡ് കുഴിക്കേണ്ടി വരുന്ന അവസരങ്ങളിൽ പ്രസ്തുത വിവരം 6 മാസം മുമ്പെങ്കിലും പൊതുമരാമത്ത് വകുപ്പിനെ അറിയിക്കേണ്ടതാണ്.

(സി) ലീഗൽ സർവ്വീസസ് അതോറിറ്റി പൊതുമരാമത്ത് വകുപ്പുമായി ആലോചിക്കാതെയാണ് കോടതിയെ അറിയിച്ചിട്ടുള്ളത്.

## ടാറിന്റെ വില വർദ്ധനവ്

14 (3057) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാറിന്റെ വില വർദ്ധനവുമൂലം സംസ്ഥാനത്തെ കരാർ പണികൾ ആകമാനം സ്തംഭനത്തിലാകുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് 13-11-2018 -ൽ സർക്കാർ ഉത്തരവ് ഇറക്കിയെങ്കിലും ഈ ഉത്തരവിന്റെ ഫലം ഭൂരിഭാഗം കരാറുകാർക്കും ലഭിക്കാത്ത അവസ്ഥയാണ് നിലനിൽക്കുന്നത് എന്ന കാര്യം പരിശോധിക്കുമോ; ഈ സാമ്പത്തിക വർഷം വില 30 ശതമാനം വർദ്ധിച്ചുവെന്ന് സർക്കാർ പറയുമ്പോഴും കരാറുകാർക്ക് 1-11-2018 മുതൽ വാങ്ങിയ ബില്ലുകൾക്കേ ഫലത്തിൽ പ്രയോജനം ലഭിക്കുകയുള്ളൂ എന്നതിന് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ;

(സി) ധനകാര്യ വകുപ്പിന്റെ ഉത്തരവുണ്ടായിട്ടും പൊതുമരാമത്ത് വകുപ്പ് ഇതുവരെ ജി.എസ്.ടി. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ നടപടിയാകാത്തത് പരിശോധിച്ച് പരിഹാരം കാണുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ടാറിന്റെ വില വർദ്ധനവുമൂലം കരാർ പണികൾ ആകമാനം സ്തംഭനത്തിലാകുന്ന അവസ്ഥ ഉണ്ടായിട്ടില്ല. ബിറ്റുമിന്റെ ഉയർന്ന തോതിലുള്ള വില വർദ്ധനവ് ദേശീയപാതാ വിഭാഗത്തിലെ അറ്റകുറ്റപ്പണികൾ അടക്കമുള്ള ടാറിംഗ് പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

(ബി) 13-11-2018-ലെ G.O. (Rt.) No.9386/2018/Fin പ്രകാരം ടെണ്ടർ അവസാനിക്കുന്ന തീയതിയിലെ ബിറ്റുമിൻ വിലയും 1-11-2018-നുശേഷം വാങ്ങിയ ബിറ്റുമിന്റെ ഇൻവോയിസിലെ വിലയും തമ്മിലുള്ള വ്യത്യാസം കരാറുകാർക്ക് ലഭ്യമാക്കും എന്നുള്ളതിനാൽ കരാറുകാർക്ക് പ്രയോജനം ലഭിക്കാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല.

(സി) പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റും CPWD & MORTH Specification ഉപയോഗിച്ചുമാണ്. നിലവിൽ CPWD ജി.എസ്.ടി. നിയമം കണക്കിലെടുത്തുകൊണ്ടുള്ള അടിസ്ഥാന വിലകൾ പ്രസിദ്ധീകരിച്ചിട്ടില്ല. ആയതിനാൽ എസ്റ്റിമേറ്റിൽ നിലവിലുള്ള DSR റേറ്റിന് പുറമേ ജി.എസ്.ടി. നിരക്കുകൂടി ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം ആയിട്ടില്ല.

ഇതിനുള്ള നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിൽ സമർപ്പിക്കുകയും അതിന്മേൽ നിരവധി ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 6-8-2018-ൽ ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പുതുക്കിയ DSR വരുന്നതുവരെ ജി.എസ്.ടി.മൂലം കോൺട്രാക്ടർക്കുണ്ടാകുന്ന അധിക ബാദ്ധ്യത സംബന്ധിച്ച കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ട്.

## റോഡുകളുടെയും പാലങ്ങളുടെയും ശാസ്ത്രീയമായ പുനർനിർമ്മാണം

15 (3058) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കത്തിനും ഉരുൾപൊട്ടലിനും സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ഭൂമിയുടെ ചെരിവ് കൃത്യമായി പഠിച്ച് ശാസ്ത്രീയമായ രീതിയിൽ റോഡുകളും പാലങ്ങളും പുനർ നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് പണിത ഭൂരിഭാഗം ഹൈവേകളും പാലങ്ങളും പ്രളയത്തെ അതിജീവിച്ചപ്പോൾ അതിനുശേഷമുള്ള കാലഘട്ടത്തിൽ പണിത പാലങ്ങളും ഹൈവേകളും പ്രളയത്തിൽ തകരാനുണ്ടായ സാഹചര്യം പഠന വിധേയമാക്കിയിട്ടുണ്ടോ;

(സി) പ്രളയത്തിൽ പാലങ്ങളുടെ മുകളിൽ വെള്ളം കയറിയതിനാലാണ് ഭൂരിഭാഗം പാലങ്ങൾക്കും കേടുപാടുകൾ സംഭവിച്ചതെന്നത് വസ്തുതയല്ലേ; ഈ സാഹചര്യത്തിൽ കേടുപാടുകൾ സംഭവിച്ച പാലങ്ങൾ കൂടുതൽ ഉയരത്തിൽ പണിയാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതിക്ക് അനുസൃതമായി ചരിവുകൾ നിലനിർത്തി റോഡുകൾ നിർമ്മിക്കുന്നതിനായി കയർ ഭൂവസ്ത്രം, soil stabilization, പീച്ചിംഗ്, ടർഫിംഗ് എന്നീ വിവിധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ബ്രിട്ടീഷുകാരുടെ ഭരണകാലത്തിനുശേഷം പണിത ഹൈവേകളും പാലങ്ങളും പ്രളയത്തിനുശേഷം നിലനിൽക്കുന്നുണ്ട്. പ്രളയത്തിനുശേഷം പൊതുമരാമത്ത് വകുപ്പ് പാലങ്ങളും ഹൈവേകളും ഡിസൈൻ വിംഗിന്റെ

സഹകരണത്തോടെ പരിശോധന നടത്തുകയും ഓരോ സ്ഥലത്തെയും പ്രത്യേകമായ സാഹചര്യം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രളയാനന്തര പുനർ നിർമ്മാണ പ്രവൃത്തികളിൽ ഇതുപോലെയുള്ള പ്രളയത്തെ അതിജീവിക്കാനുള്ള സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ചുകൊണ്ടിരിക്കുകയാണ്.

(സി) പാലങ്ങൾ ഡിസൈൻ ചെയ്യുമ്പോൾ ഓരോ ജലസ്രോതസ്സിന്റെയും ഉയർന്ന ജലനിരപ്പ് (MFL) കണക്കാക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുമാണ് നിർമ്മാണം നടത്തുന്നത്. 2018-ലെ പ്രളയത്തെ തുടർന്ന് എല്ലാ നദികളുടേയും ജലസ്രോതസ്സുകളുടേയും ജലവിതാനത്തിൽ മാറ്റം വന്നിട്ടുള്ളതിനാൽ പുതുക്കിയ MFL രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും തുടർന്നുവരുന്ന നിർമ്മാണ പ്രവൃത്തികളിൽ പ്രളയത്തിനുശേഷമുള്ള MFL ഉപയോഗിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**സെൻട്രൽ റോഡ് ഫണ്ടിൽനിന്നും അധിക തുക**

16 (3059) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ടിൽനിന്നും ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര തുകയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർഷം പ്രളയ സാഹചര്യം കൂടി പരിഗണിച്ച് സെൻട്രൽ റോഡുഫണ്ടിൽ നിന്നും അധിക തുക അനുവദിക്കാമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ തുകയെത്രയാണ്;

(സി) അധിക നിർദ്ദേശത്തിൽ ഉൾപ്പെടുത്തി അഗസ്ത്യർമൂഴി-കുന്ദമംഗലം റോഡ് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ 312.1 കി.മീ. നീളത്തിലുള്ള 27 റോഡുകൾക്കും ചാലിയാർ പുഴയ്ക്ക് കുറുകെ എളമരക്കടവിൽ നിർമ്മിക്കുന്ന പാലത്തിനുമായി 351 കോടി രൂപയുടെ ഭരണാനുമതി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) ഈ വർഷം പ്രളയ സാഹചര്യംകൂടി പരിഗണിച്ച് സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും അധിക അനുമതി ലഭിക്കുന്നതിനുവേണ്ടി 390.60 കി.മീ. ദൈർഘ്യമുള്ള 27 റോഡുകൾക്കും ഒരു പാലത്തിനുമായി 450 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിലേയ്ക്ക് അയച്ചിട്ടുണ്ട്.

(സി) 14 കി.മീ. ദൈർഘ്യം വരുന്ന അഗസ്ത്യാർമൂഴി-കുന്ദമംഗലം റോഡ് അധിക പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കേന്ദ്രപദ്ധതികളിലൂടെ റോഡ് നിർമ്മാണം**

17 (3060) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും കേന്ദ്ര പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ച നൽകുവാൻ തയ്യാറാണെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ നാശനഷ്ടം കണക്കാക്കി കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ദേശീയപാതാ വിഭാഗത്തിൽ കേരളത്തിലെ വിവിധ ദേശീയപാതകളിലായി പ്രളയവുമായി ബന്ധപ്പെട്ട് 911.75 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പരിഹാരത്തിനായി വാർഷിക പദ്ധതി (Annual Plan) 2018-19-ലുൾപ്പെടുത്തി 206.85 കോടി രൂപയുടെ വിഹിതം നീക്കിവച്ചിട്ടുള്ളതും ആന്വൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19-ലുൾപ്പെടുത്തി 74.50 കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കി വച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള 630.40 കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20-ൽ കേരളത്തിന്റെ വിഹിതമായി 178 കോടി രൂപ നീക്കി വച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽ നിന്നും 178 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നിന്നും നാശനഷ്ടം കണക്കാക്കി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി 2828 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കി വിശദാംശം ദുരന്ത നിവാരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

**പുനർനിർമ്മിക്കേണ്ട പാലങ്ങളുടെ പട്ടിക**

18 (3061) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തരമായി പുനർനിർമ്മിക്കേണ്ടതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പാലങ്ങളുടെ പട്ടികയിൽ എത്ര പാലങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ ഏതെല്ലാം പാലങ്ങളാണ് പ്രസ്തുത ലിസ്റ്റിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പട്ടികയിലുള്ള പാലങ്ങൾ പുനർനിർമ്മിക്കാൻ പ്രത്യേകം ഫണ്ട് നീക്കിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) അടിയന്തരമായി പുനർനിർമ്മിക്കേണ്ടതിനായി 2017-ൽ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പാലങ്ങളുടെ പട്ടികയിൽ 162 പാലങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ പ്രളയക്കെടുതിയിൽ രണ്ട് പാലങ്ങൾ തകർന്നു. 54 പാലങ്ങൾക്ക് തകരാറും സംഭവിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിലെ പാലങ്ങൾ താഴെ വിവരിക്കുന്നു.

1. അരവഞ്ചാൽ ബ്രിഡ്ജ്
2. ഒളവറ ബ്രിഡ്ജ്
3. കവ്വായി ബ്രിഡ്ജ്
4. കുഞ്ഞിത്തോട്ടം ബ്രിഡ്ജ്
5. കാഞ്ഞിരോട് ബ്രിഡ്ജ്
6. കുറുവ ബ്രിഡ്ജ്
7. ആനപന്തി ബ്രിഡ്ജ്
8. അഞ്ചരക്കണ്ടി ബ്രിഡ്ജ്
9. മൂന്നാംപാലം ബ്രിഡ്ജ് (2 എണ്ണം)
10. കോളാട് ബ്രിഡ്ജ്
11. കയ്യാലി ബ്രിഡ്ജ്
12. മരുതായി ബ്രിഡ്ജ്
13. അയ്യപ്പൻതോട് ബ്രിഡ്ജ്

14. കൊല്ലക്കൽ ബ്രിഡ്ജ്

15. പത്തായക്കല്ല് ബ്രിഡ്ജ്

16. ചിറ്റാരിത്തോട് ബ്രിഡ്ജ്

17. പഴയങ്ങാടി ബ്രിഡ്ജ്

(സി) പാലങ്ങളുടെ പുനർനിർമ്മാണത്തിനായി 2018-19 ബജറ്റിൽ 5054-04-101-85-16 (പി) എന്ന ശീർഷകത്തിൽ 82,000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണത്തിനായി 21-8-2018-ലെ സ.ഉ. (സാധാ.) നമ്പർ 1309/2018/പൊ.മ.വ. പ്രകാരം 1000 കോടി രൂപയും ഫ്ലഡ് ഡാമേജിലെ അറ്റകുറ്റപ്പണികൾക്കായി 400 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

**നാഷണൽ ഹൈവേ വികസനം**

19 (3062) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാഷണൽ ഹൈവേ വികസനത്തിനായി എത്രകോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

2016-17 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ 1262 കോടി രൂപയുടെ ദേശീയപാതാ വികസന പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നു. അതിൽ പ്ലാൻ ഫണ്ടിൽ 743 കോടി രൂപയ്ക്ക് അനുമതി നൽകി. ഇതിൽ എൻ.എച്ച് 213 (എൻ.എച്ച്.966), എൻ.എച്ച്.49 (എൻ.എച്ച്.85)-ലെ 2 ഇ.പി.സി. പ്രവൃത്തികളും ഉൾപ്പെടുന്നു. ഇവയുടെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ എൻ.എച്ച്. 47, 17 & 213 (എൻ.എച്ച്. 66 & എൻ.എച്ച്. 966) എന്നീ ദേശീയ പാതകളുടെ 94.43 കി.മീ. ഉപരിതലം പുതുക്കുന്നതിനായി 100 കോടി രൂപയുടെ 6 പദ്ധികൾക്കും നോൺ പ്ലാനിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചു. ഇവയിൽ 5 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 1 പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു. നോൺ പ്ലാനിൽ ഓർഡിനറി റിപ്പയേഴ്സിനായി 8.53 കോടി രൂപയും ഫ്ലഡ് ഡാമേജ് റിപ്പയേഴ്സിനായി 2.088 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ 478 കോടി രൂപയുടെ ദേശീയപാതാ വികസന പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ പ്ലാൻ ഫണ്ടിൽ 473 കോടി രൂപയ്ക്ക് അനുമതി ലഭിച്ചു. പുതിയ ദേശീയപാതയുടെ ഡി.പി.ആർ. തയ്യാറാക്കാനും എൻ.എച്ച് 220 (പുതിയ എൻ.എച്ച്-183) രണ്ടുവരിപ്പാതയായി വികസിപ്പിക്കാനും എൻ.എച്ച് 183 എ, എൻ.എച്ച് 213, എൻ.എച്ച് 185, എൻ.എച്ച് 49, എൻ.എച്ച് 212, എൻ.എച്ച് 47 എ, എൻ.എച്ച് 220 എന്നിവയുടെ പുനരുദ്ധാരണം നടത്തുന്നതിനായും എൻ.എച്ച് 49-ലെ പെരുമറ്റം പാലം നന്നാക്കുന്നതിനുമാണ് തുക ലഭിച്ചത്. നോൺ പ്ലാനിൽ ഓർഡിനറി റിപ്പയേഴ്സിനായി 11.75 കോടി രൂപയും ഫ്ലഡ് ഡാമേജ് റിപ്പയേഴ്സിനായി 2.96 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ 206.85 കോടി രൂപയുടെ ദേശീയപാതാ വികസന പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ നോൺ പ്ലാനിൽ ഉൾപ്പെടുത്തി പീരിയോഡിക്കൽ റിന്യൂവലിനായി 74.5 കോടി രൂപയുടെ പദ്ധതികളുടെ പട്ടികയ്ക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ചുവരികയാണ്. കേന്ദ്ര മന്ത്രാലയത്തിന്റെ സാങ്കേതികാനുമതി ലഭിച്ചാലുടൻ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. നോൺ പ്ലാനിൽ ഓർഡിനറി റിപ്പയേഴ്സിനായി 12.56 കോടി രൂപ 2018-19 സാമ്പത്തിക വർഷത്തിൽ ഇതുവരെ ലഭിച്ചിട്ടുണ്ട്. കൂടാതെ ഫ്ലഡ് ഡാമേജിന്റെ അടിയന്തര റിപ്പയറിംഗിനായി 21.4 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

**കേരളത്തിലെ ദേശീയ പാതകൾ**

20 (3063) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വികസനത്തിന്റെ ഭാഗമായി കേരളത്തിലെ ദേശീയ പാതകൾ നാലുവരി ആക്കുന്നതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ടെണ്ടർ നടപടികൾ നടന്ന റീച്ചുകളുടെ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയും എന്നറിയിക്കാമോ?

ഉത്തരം

(എ) ദേശീയപാതകൾ നാലുവരിയാക്കുന്നതിന്റെ ജില്ല തിരിച്ചുള്ള പുരോഗതി അനുബന്ധമായി *ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായതിനുശേഷം മാത്രമേ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**സംസ്ഥാനത്തെ ദേശീയപാത വികസനം**

21 (3064) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകൾ നാലുവരിപാതയായി വികസിപ്പിക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) അധികച്ചെലവിന്റെ പേരിൽ പദ്ധതിക്ക് കേന്ദ്രത്തിൽ നിന്നും അംഗീകാരം ലഭിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ദേശീയപാത വികസനം യാഥാർത്ഥ്യമാക്കുവാനുള്ള സാങ്കേതിക തടസ്സങ്ങൾ നീക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ദേശീയപാതകൾ നാലുവരിയാക്കുന്നതിന്റെ ജില്ല തിരിച്ചുള്ള പുരോഗതി അനുബന്ധമായി *ചേർക്കുന്നു.

(ബി&സി) കേരളത്തിൽ ഭൂമിയുടെ വില കൂടുതലാണെന്നതിന്റെ പേരിൽ പദ്ധതിക്ക് കേന്ദ്രത്തിൽ നിന്നും ചില തടസ്സവാദങ്ങൾ ഉന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ബഹു. മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും കൊണ്ടുവന്നിട്ടുണ്ട്.

തലശ്ശേരി മാഹി ബൈപ്പാസ് ഉദ്ഘാടനവേളയിൽ ഈ വിഷയത്തിൽ പരിഹാരമുണ്ടാക്കാമെന്ന് കേന്ദ്രമന്ത്രി പൊതുവേദിയിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

**ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ**

22 (3065) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് റോഡുകളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിർമ്മിച്ച് നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

പൊതുമരാമത്ത് വകുപ്പിന് കീഴിൽ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2013-ൽ രൂപീകരിച്ചിട്ടുള്ള ഒരു 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' ആണ് "പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്" എന്ന സ്ഥാപനം. കേരളത്തിലങ്ങോളമിങ്ങോളം ആധുനിക രീതിയിൽ പി.പി.പി. വ്യവസ്ഥയിൽ ബസ് ഷെൽട്ടറുകൾ നിർമ്മിച്ച് അവയിലെ പരസ്യങ്ങളിലൂടെ കിട്ടുന്ന വരുമാനംകൊണ്ട് സ്വയം പര്യാപ്തതയിൽ എത്താനാണ് കമ്പനി ഉദ്ദേശിച്ചിട്ടുള്ളത്. ഈ കമ്പനിക്ക് സർക്കാരിൽനിന്നും ബജറ്റ് മുഖേന യാതൊരു വിധത്തിലുള്ള സാമ്പത്തിക സഹായങ്ങളും ലഭിക്കുന്നില്ല. അത്തരത്തിൽ തിരുവനന്തപുരം, എറണാകുളം തുടങ്ങിയ പ്രധാന നഗരങ്ങളിൽ പി.പി.പി. വ്യവസ്ഥയിൽ കമ്പനി ഏറ്റെടുത്ത് നിർമ്മിച്ച 84 ഷെൽട്ടറുകളാണ് ഇപ്പോൾ കമ്പനിയുടെ പ്രധാന വരുമാന സ്രോതസ്സ്. കൂടാതെ എം.എൽ.എ., എം.പി. ഫണ്ടുകൾ ഉപയോഗിച്ചും ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നുണ്ട്. ഇതിന്റെ തുടർച്ചയെന്നോണം കമ്പനിയുടെ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ എല്ലാ ജില്ലകളെയും ഉൾപ്പെടുത്തി ആദ്യഘട്ടമെന്ന നിലയിൽ 500 ബസ് ഷെൽട്ടറുകൾ പി.പി.പി. വ്യവസ്ഥയിൽ പുതുതായി നിർമ്മിക്കാൻ കമ്പനി ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇത് കൂടാതെ KIIFB പോലുള്ള പദ്ധതികളിലൂടെ എസ്റ്റിമേറ്റിൽ ബസ് ഷെൽട്ടർ ഉൾപ്പെടുത്തിവരുന്നുണ്ട്.

**കെട്ടിട നിർമ്മാണങ്ങൾക്ക്കോമ്പോസിറ്റ് ടെണ്ടർ**

23 (3066) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഫണ്ട് ഉപയോഗിക്കുന്ന കെട്ടിട നിർമ്മാണങ്ങൾക്ക് നിലവിൽ കോമ്പോസിറ്റ് ടെണ്ടർ രീതി അവലംബിച്ച് വരുന്നുണ്ടോ;

(ബി) ഇല്ല എങ്കിൽ ആയതിന് തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കോമ്പോസിറ്റ് ടെണ്ടർ രീതിയുടെ അഭാവംകൊണ്ട് പല സർക്കാർ കെട്ടിടങ്ങളുടെയും നിർമ്മാണവും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) കെട്ടിട നിർമ്മാണവും ഇലക്ട്രിഫിക്കേഷനും ഒരേ സമയം നടന്നു വരാത്തതിനാൽ ഉണ്ടാവുന്ന കാലതാമസം ഒഴിവാക്കാനായി മറ്റേതെങ്കിലും തരത്തിലുള്ള പരിഷ്കാരങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഏറ്റെടുത്ത് വരുന്ന ചെറിയ പ്രവൃത്തികളിൽ നിലവിൽ കോമ്പോസിറ്റ് ടെണ്ടർ രീതി അവലംബിക്കുന്നില്ല. പക്ഷേ, നിലവിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ എല്ലാംതന്നെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതിനായി കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

(ബി) സിവിൽ, ഇലക്ട്രിക്കൽ ജോലികൾ ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പിൽ പ്രത്യേക ലൈസൻസ് സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. വൈദ്യുത ജോലികൾക്ക് രജിസ്ട്രേഷൻ ലൈസൻസ് നൽകുന്നത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് നൽകുന്ന ലൈസൻസ് ആധാരമാക്കിയാണ്. കോമ്പോസിറ്റ് രീതി അവലംബിച്ചാൽ ജോലിക്ക് നിരക്ക് വില പറയുന്ന കരാറുകാരന് സിവിൽ, ഇലക്ട്രിക്കൽ ലൈസൻസുകൾ ആവശ്യമായി വരും. ആയത് ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാരുടെ എണ്ണം പരിമിതപ്പെടുത്തും. കൂടാതെ മിക്ക ഇലക്ട്രിക്കൽ പ്രവൃത്തികളും 2-3 മാസത്തിനകംതന്നെ പൂർത്തിയാക്കാൻ കഴിയുന്നവയാണ്. സിവിൽ പ്രവൃത്തികൾ പലപ്പോഴും 2-3 വർഷമെടുത്താണ് പൂർത്തീകരിച്ചുവരുന്നത്. ആയതിനാൽ 3 മാസംകൊണ്ട് തീർക്കാവുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾ 2-3 വർഷം മുമ്പേ സിവിൽ പ്രവൃത്തികൾക്കൊപ്പം ടെണ്ടർ ചെയ്യുന്നത് അഭികാമ്യമല്ല.

(സി) കോമ്പോസിറ്റ് ടെണ്ടർ രീതിയുടെ അഭാവംകൊണ്ട് കെട്ടിടങ്ങളുടെ നിർമ്മാണവും ഇലക്ട്രിക്കൽ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സിവിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്കുതന്നെ ഇലക്ട്രിക്കൽ ജോലികളും പൂർത്തീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ വിഭാഗത്തിൽ എഞ്ചിനീയർമാരുടെ അഭാവം പ്രവൃത്തികളെ ബാധിക്കുന്നതിനാൽ ജോലിഭാരം അനുസരിച്ച് എഞ്ചിനീയർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നത് പരിഗണനയിലാണ്.

**ശബരിമല സന്നിധാനത്തെ പി.ഡബ്ള്യൂ.ഡി. ഗസ്റ്റ് ഹൗസ്**

24 (3067) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്തെ പി.ഡബ്ല്യൂ.ഡി. ഗസ്റ്റ് ഹൗസിന്റെ ഉടമസ്ഥത സംബന്ധിച്ച ഹൈക്കോടതി കേസിൽ റിസീവറെ ചുമതലപ്പെടുത്താൻ താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; കേസിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത കേസ് നടത്തുവാൻ ആരെയാണ് പി.ഡബ്ല്യൂ.ഡി ചുമതലപ്പെടുത്തിയിരുന്നത്; കോടതിയിൽ ഹാജരായത് ആരാണ്; റിസീവറെ ചുമതലപ്പെടുത്തിയ വിധിക്കെതിരെ ഹൈക്കോടതിയിൽ കേസ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; നടപടി വൈകിയതിന്റെ ഉത്തരവാദി ആരാണ് എന്നറിയിക്കാമോ;

(സി) ഗസ്റ്റ്ഹൗസ് ഏറ്റെടുക്കുന്നതിനുള്ള പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ശബരിമലയിൽ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം കയ്യേറി നിർമ്മിച്ച എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ പൊളിച്ചുമാറ്റാൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും നോട്ടീസ് നൽകിയിരുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ സെക്രട്ടറിക്ക് നോട്ടീസ് നൽകുകയും രേഖകളുമായി അവർ ഹാജരാകാത്തതുകാരണം ടി കെട്ടിടം പൊതുമരാമത്ത് വകുപ്പ് ലോക്ക് ചെയ്യുകയും പിൽഗ്രിം ഷെൽട്ടർ കമ്മിറ്റിയുടെ ആളുകൾ ലോക്ക് തല്ലിപ്പൊളിക്കുകയും അതുമായി ബന്ധപ്പെട്ട് പമ്പാ പോലീസ് സ്റ്റേഷനിൽ കേസ് നൽകുകയും ചെയ്തു. ഇതിനെ തുടർന്ന് പിൽഗ്രിം ഷെൽട്ടർ കമ്മിറ്റിയുടെ സെക്രട്ടറി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 30-11-2016-ലെ ഇടക്കാല ഉത്തരവിൽ ശ്രീ. എ. കെ. അരവിന്ദാക്ഷനെ റിസീവർ ആയി നിയമിക്കുകയും ചെയ്തു. പ്രസ്തുത കേസിൽ പൊതുമരാമത്ത് വകുപ്പിനെ പ്രതിനിധീകരിച്ച് ഹാജരായത് മുൻ സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറായ ശ്രീ. പി. കെ. ബാബുവാണ്. 14-8-2017-ലാണ് ഈ കേസ് അവസാനമായി കോടതി പരിഗണിച്ചത്.

(ബി) സൂപ്രണ്ടിംഗ് എഞ്ചിനീയർ, സൗത്ത് സർക്കിൾ, തിരുവനന്തപുരത്തിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ശ്രീ. കെ. വി. മനോജ് കുമാർ, സീനിയർ ഗവൺമെന്റ് പ്ലീഡറാണ് കോടതിയിൽ ഹാജരാകുന്നത്. റിസീവറെ ചുമതലപ്പെടുത്തിയ വിധിക്കെതിരെ ഹൈക്കോടതിയിൽ കേസ് നൽകിയിട്ടില്ല. ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നും എതിർ സത്യവാങ്മൂലം സമർപ്പിക്കാത്തത് കൊണ്ടാണ് നടപടി വൈകുന്നത്. നിരവധി ഓർമ്മക്കുറിപ്പുകൾ ഇതിനകം ദേവസ്വം ബോർഡിന് നൽകിയിട്ടുണ്ട്.

(സി) നിയമപരമായ നടപടികളുമായി മുമ്പോട്ടു പോകുന്നതോടൊപ്പം കേസ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഗവൺമെന്റ് പ്ലീഡറുമായി നിരന്തരം ബന്ധപ്പെട്ടുവരികയാണ്.

## റസ്റ്റ് ഹൗസുകൾ

25 (3068) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര റസ്റ്റ് ഹൗസുകളും ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റസ്റ്റ്ഹൗസുകളുടെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥരുടെ പേരും തസ്തികയും ഔദ്യോഗിക മൊബൈൽ നമ്പറും ടെലഫോൺ നമ്പറും ഇമെയിൽ ഐഡിയും ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് പുതിയതായി റസ്റ്റ് ഹൗസുകൾ നിർമ്മിക്കുന്നുണ്ടോ; എങ്കിൽ ഏത് ജില്ലയിൽ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 153 റസ്റ്റ് ഹൗസുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) റസ്റ്റ് ഹൗസുകളുടെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥരുടെ പേരും തസ്തികയും ഔദ്യോഗിക മൊബൈൽ നമ്പറും ടെലഫോൺ നമ്പറും ഇമെയിൽ ഐഡിയും അനുബന്ധമായി* ചേർക്കുന്നു (ചില റസ്റ്റ് ഹൗസുകളിൽ ചാർജ് വഹിക്കുന്നവരുടെ ഇ -മെയിൽ ഐ.ഡി. ലഭ്യമല്ല).

(സി) കൊല്ലം ജില്ലയിൽ പുനലൂർ, ആലപ്പുഴ ജില്ലയിൽ കരുമാടി, എറണാകുളം ജില്ലയിൽ നേര്യമംഗലം, കോഴിക്കോട് ജില്ലയിൽ കൊടുവള്ളി എന്നിവിടങ്ങളിൽ പുതുതായി റസ്റ്റ് ഹൗസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

## കുളത്തോട്ട് മലയിൽ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ്

26 (3069) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുളത്തോട്ട് മലയിൽ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികളും തുടർനടപടികളും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

കാട്ടാക്കട നിയോജക മണ്ഡലത്തിലെ കുളത്തോട്ട് മലയിൽ സെല്ലാർ, ഗ്രൗണ്ട്, ഫസ്റ്റ് ഫ്ലോർ എന്നിങ്ങനെ 3 നിലകളിലായി 753.27 ച.മീ. വിസ്തീർണ്ണത്തിൽ റസ്റ്റ് ഹൗസ് പണിയുന്നതിന് ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ വിശദമായി പരിശോധിച്ചിരുന്നു. എന്നാൽ ടി പ്രവൃത്തിക്ക് ബജറ്റ് വിഹിതം ഇല്ലാത്തതുകൊണ്ടും നിർമ്മാണത്തിന് അനുയോജ്യമല്ലാത്ത സ്ഥലത്തായതുകൊണ്ടും പരിഗണിക്കുവാൻ നിർവ്വാഹമില്ല.

## കോട്ടയ്ക്കൽ ,കുറ്റിപ്പുറം റസ്റ്റ് ഹൗസിന്റെ നിർമ്മാണം

27 (3070) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ (ചങ്കുവെട്ടി) റസ്റ്റ് ഹൗസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) കുറ്റിപ്പുറം റസ്റ്റ് ഹൗസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് ഒരു മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് പൊതുമരാമത്ത് (കെട്ടിട) വിഭാഗം ഏതെങ്കിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിലുള്ള ഫയലിന്റെ അവസ്ഥ എന്തെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ റസ്റ്റ് ഹൗസിന്റെ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ആർക്കിടെക്ചറൽ ഡ്രോയിംഗിനായി ചീഫ് ആർക്കിടെക്റ്റിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി-ഇ) നിലവിൽ പരിഗണനയിലില്ല.

## പി.യു.കെ.സി. റോഡിന്റെ നവീകരണം

28 (3071) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലത്തൂർ, ബാലുശ്ശേരി, പേരാമ്പ്ര എന്നീ നിയോജക മണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന പ്രധാന പാതയായ പി.യു.കെ.സി റോഡിന്റെ നവീകരണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡിനായി ഏത് രീതിയിലുള്ള നവീകരണം നടത്തുവാനാണ് നിലവിൽ ഉദ്ദേശിക്കുന്നതെന്നും ഒന്നാം ഘട്ടത്തിൽ എത്ര കിലോമീറ്റർ റോഡിന്റെ നവീകരണത്തിനായാണ് നിർദ്ദേശിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റോഡിന്റെ നവീകരണത്തിനായി 2017-2018 , 2018-19 എന്നീ വർഷങ്ങളിലെ ബജറ്റിലൂടെ എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി പി.യു.കെ.സി. റോഡ് നവീകരിക്കുന്നതിനായി 1-11-2016-ലെ സ.ഉ. (സാധാ.) നമ്പർ 1502/2016/ പൊ.മ.വ. പ്രകാരം 15 കോടി രൂപയ്ക്ക് ഭരണാനുമതിയും 10-7-2017-ലെ സ.ഉ. (സാധാ.)നമ്പർ 942/2017/പൊ.മ.വ ക്രമ നമ്പർ 26, 27 പ്രകാരം യഥാക്രമം 50 കോടി, 20 കോടി രൂപയ്ക്ക് തത്വത്തിലുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ 15 കോടി രൂപയുടെ അനുമതി അനുസരിച്ച് പുറക്കാട്ടിരി മുതൽ ഉള്ള്യേരി വരെയുള്ള (കി.മീ.0/000 മുതൽ 17/400 വരെ) വികസനത്തിനായി ഡി.പി.ആർ. തയ്യാറാക്കി വരുന്നു. 50 കോടി രൂപയുടെ അനുമതി അനുസരിച്ച് ഉള്ള്യേരി മുതൽ കറ്റ്യാടി വരെയുള്ള (കി.മീ.17/600 മുതൽ 43/160 വരെ) വികസനത്തിനായി ഡി.പി.ആർ. തയ്യാറാക്കാനുള്ള ഇൻവെസ്റ്റിഗേഷൻ നടത്തിവരുന്നു. സ്ഥലം ഏറ്റെടുത്ത് ഉന്നതനിലവാരത്തിലുള്ള ബി.എം.&ബി.സി. റോഡാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിൽ കി.മീ. 0/000 മുതൽ 17/400 വരെ നവീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## ആലുവ-മൂന്നാർ റോഡ് നവീകരണം

29 (3072) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 2017-18 കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പൊതുമരാമത്ത് (നിരത്ത്) വിഭാഗം പ്രവൃത്തിയായ

ആലുവ-മൂന്നാർ റോഡ് ch:28/000 മുതൽ 38/281 വരെ നവീകരണത്തിന് 10 കോടി രൂപ അനുവദിച്ച പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ; ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയുടെ ഡി.പി.ആർ ആണ് തയ്യാറാക്കിയിട്ടുള്ളതെന്നും, ഡി.പി.ആർ.-ൽ എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിക്ക് വേഗത്തിൽ കിഫ്ബി അംഗീകാരം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ആലുവ-മൂന്നാർ റോഡിന്റെ കോതമംഗലം മണ്ഡലത്തിൽ ഉൾപ്പെടുന്ന ഭാഗത്ത് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

(ബി) ശ്രീ. ജീൻ ജോർജ്ജ്, M/s ജി.എസ്. ഇൻഫ്രാസ്ട്രക്ചർ, 12/212 ആശുപത്രി കവല, മുളന്തുരുത്തി എന്ന ഏജൻസിയാണ് ഇൻവെസ്റ്റിഗേഷൻ ചെയ്തത്. ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചു.

(സി-ഇ) ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**പേട്ട-പുത്തൻറോഡ്-കാഞ്ഞിരവിളാകം-പടിഞ്ഞാറെക്കോട്ട റോഡ് നവീകരണം**

30 (3073) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ പേട്ട-പുത്തൻറോഡ്-കാഞ്ഞിരവിളാകം-പടിഞ്ഞാറെക്കോട്ട വരെയുള്ള പൊതുമരാമത്ത് റോഡ് എത്രയും വേഗം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത് ;ആയതിനുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ പേട്ട-പുത്തൻറോഡ്-കാഞ്ഞിരവിളാകം-പടിഞ്ഞാറേക്കോട്ട വരെയുള്ള റോഡിൽ ഉൾപ്പെട്ട വെസ്റ്റ് ഫോർട്ട് മുതൽ കാഞ്ഞിരവിളാകം റോഡ് (കി.മീ.0/000 മുതൽ 1/850) നവീകരിക്കുന്നതിന് 15-9-2017-ലെ സ.ഉ. (സാധാ.) നമ്പർ 1386/17/പൊ.മ.വ. പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വെസ്റ്റ് ഫോർട്ട് മുതൽ കാഞ്ഞിരവിളാകം വരെയുള്ള റോഡിന്റെ പ്രവൃത്തി 6 തവണ ടെണ്ടർ ക്ഷണിച്ചുവെങ്കിലും കരാറുകാർ ആരുംതന്നെ ടെണ്ടറിൽ പങ്കെടുത്തില്ല. ആയതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**കേണൽ നിരഞ്ജൻ സ്മാരക റോഡ്**

31 (3074) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ എടായിക്കൽ-കുട്ടിലക്കടവ്-കേണൽ നിരഞ്ജൻ സ്മാരക റോഡ് നിർമ്മിക്കുന്നതിനായി ഈ സർക്കാർ എത്ര തുക അനുവദിച്ചു;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയത്; വിശദാംശം നൽകാമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ-സി) 21-3-2018-ലെ സ.ഉ. (സാധാ.)നമ്പർ 493/2018/പൊ.മ.വ പ്രകാരം എടായിക്കൽ-കുട്ടിലക്കടവ് റോഡ് കി.മീ.0/000 മുതൽ 12/700 വരെയും കരിയോട്-എലുമ്പുളശ്ശേരി റോഡ് കി.മീ. 0/000 മുതൽ 1/850 വരെയും അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് 1220 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

## ശബരിമല റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ

32 (3075) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മണ്ഡലവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് നിരത്തുകളിൽ പൊതുമരാമത്ത് വകുപ്പ് നടത്തിയ പ്രവൃത്തികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ചെലവഴിച്ച തുക വ്യക്തമാക്കാമോ;

(സി) ഏരുമേലി ക്ഷേത്രത്തിലേയ്ക്കുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി ചെയ്ത പ്രവൃത്തികൾ വിശദമാക്കുമോ?

ഉത്തരം

(എ) 2018-19 വർഷത്തെ ശബരിമല ഉത്സവവുമായി ബന്ധപ്പെട്ട് കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലെ റോഡുകളുടെ പുനരുദ്ധാരണം/അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 21-8-2018 -ലെ സ.ഉ. (സാധാ.) നമ്പർ 1302/2018/പൊ.മ.വ. പ്രകാരം 200 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾ/പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവ നടത്തി റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പൂർത്തിയായ പ്രവൃത്തികളുടെ ചെലവ് കണക്കാക്കി വരുന്നു. 200 കോടി രൂപയ്ക്കുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(സി) 2018-19 ശബരിമല ഉത്സവവുമായി ബന്ധപ്പെട്ട് അനുവദിച്ച പ്രവൃത്തികളിൽ എരുമേലി ക്ഷേത്രത്തിലേയ്ക്ക് മാത്രമായി റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ അനുവദിച്ചിട്ടില്ല.

## കോന്നി മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ

33 (3076) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽപ്പെട്ട കല്ലേലി, ഊട്ടുപാറ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയോ; എങ്കിൽ എന്നാണ് നൽകിയതെന്നും ഇല്ലെങ്കിൽ നൽകാത്തത് എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ചുള്ള ഫയൽ നിലവിൽ ഏതെല്ലാം ഓഫീസുകളിൽ പെൻഡിംഗിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) എന്തെങ്കിലും തടസ്സം നിലവിലുണ്ടെങ്കിൽ ആയത് പരിഹരിച്ച് ഭരണാനുമതി നൽകുന്നതിന് നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കോന്നി മണ്ഡലത്തിൽപ്പെട്ട കല്ലേലി ഊട്ടുപാറ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 27-11-2018-ലെ G.O.(Rt) No.1842/2018/PWD ഉത്തരവ് പ്രകാരം 3 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**തിരുമല-തൃക്കണ്ണാപുരം റോഡ്**

34 (3077) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏറെ നാളായി പൂർത്തിയാകാതെ കിടക്കുന്ന തിരുമല-തൃക്കണ്ണാപുരം റോഡിന്റെ പണി എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കുമോ; പണി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

തിരുമല-തൃക്കണ്ണാപുരം റോഡ് 15 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുത്ത് നവീകരിക്കുന്നതിനായുള്ള പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു. ആവശ്യമായ ഭൂമിയുടെ ഏകദേശം 75 ശതമാനം റവന്യൂ വകുപ്പ് ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 25 ശതമാനം ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. പാത വികസനത്തിനാവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന മുറയ്ക്കേ പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

35 (3078) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിക്കാത്തതുകാരണം വർഷങ്ങളായി പാലം ഗതാഗത യോഗ്യമാവാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി എത്ര പേരാണ് ഇപ്പോൾ സ്ഥലം വിട്ടുതരാൻ തയ്യാറായിട്ടുള്ളതെന്നും ഇവർക്ക് എത്ര ഭൂമി നഷ്ടപ്പെടുന്നുണ്ടെന്നും അറിയിക്കാമോ;

(ഡി) കോവിലകം താഴെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം നഷ്ടപരിഹാരം കൊടുത്ത് ഏറ്റെടുക്കാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടി താലൂക്കിൽ അവിടനല്ലൂർ വില്ലേജിലും ബാലുശ്ശേരി വില്ലേജിലുമായി 0.0902 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭൂമി വില അംഗീകരിച്ചുകൊണ്ട് റവന്യൂ വകുപ്പിന്റെ 26-4-2018-ലെ സ.ഉ.(ആർ.ടി.)നമ്പർ 1506/2018/ആർ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കുന്നതിനായി പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് സ്ഥലമേറ്റെടുക്കുവാനുള്ള തുക കൂടി ഉൾപ്പെടുത്തി ലഭിച്ചിട്ടുണ്ട്.

(സി) 5 പേരുടെ കൈവശമുള്ള 0.0902 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്.

(ഡി) പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഇടുക്കി നിയോജക മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണ പുരോഗതി**

36 (3079) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ഇടുക്കി നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ മെയിന്റനൻസിനും നിർമ്മാണത്തിനുമായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; അതിൽ ഏതെല്ലാം റോഡുകൾക്ക് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം ഭരണാനുമതി ലഭിച്ച ഏതെങ്കിലും റോഡിന്റെ പണി നിലവിൽ ആരംഭിച്ചിട്ടുണ്ടോ; ഓരോ റോഡിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 1341.2 ലക്ഷം രൂപ. (ബജറ്റ് പ്രവൃത്തികൾ -842 ലക്ഷം രൂപ, SLTF പ്രവൃത്തികൾ-499.20 ലക്ഷം രൂപ)

ഭരണാനുമതി നൽകിയ റോഡുകളുടെ ലിസ്റ്റ്, നിർമ്മാണ പുരോഗതി ഉത്തരവുകളുടെ പകർപ്പ് എന്നിവ അനുബന്ധമായി*ചേർക്കുന്നു.

**ആറന്മുള നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

37 (3080) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജക മണ്ഡലത്തിൽ ഈ സർക്കാരിന്റെ ഭരണകാലത്ത് എസ്.എൽ.റ്റി.എഫ്., ശബരിമല ഫെസ്റ്റിവൽ എന്നീ ഇനങ്ങളിൽപ്പെടുത്തി എത്ര രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; വർഷം തിരിച്ചും ഈ രണ്ട് ഇനങ്ങൾ തിരിച്ചും കണക്ക് ലഭ്യമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഇനങ്ങളിൽ ഈ വർഷത്തെ വർക്കുകളുടെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിശദാംശം അനുബന്ധമായി*ചേർക്കുന്നു.

**കോന്നി ബൈപ്പാസ്സ് നിർമ്മാണം**

38 (3081) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ബൈപ്പാസ്സ് നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത ബൈപാസ് നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ആയതിലേയ്ക്ക് ഏതെല്ലാം ഓഫീസുകളിൽ എന്തെല്ലാം തുടർനടപടികൾ കൈക്കൊള്ളുവാനുണ്ടെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പ്രവർത്തനത്തിന് തടസ്സം നിലവിലുണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ;

(ഇ) തടസ്സം പരിഹരിക്കുന്നതിന് എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ-ഇ) കോന്നി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ടി ബൈപ്പാസ് നിർമ്മാണത്തിനായി തണ്ണീർത്തടം നികത്തുന്നതിന് അനുമതിയ്ക്കായി നെൽവയൽ സംരക്ഷണ നിയമ പ്രകാരം പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രാദേശിക നിരീക്ഷണ സമിതി (കൃഷി ഓഫീസർ, വള്ളിക്കോട്/പ്രമാടം/കോന്നി) മുമ്പാകെ ഫോറം നമ്പർ 2-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ പരിഗണിക്കുന്നതാണ്.

**വകയാർ- വള്ളിക്കോട്- കൈപ്പട്ടൂർ റോഡ് പുനരുദ്ധാരണം**

39 (3082) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിൽ വകയാർ- വള്ളിക്കോട്- കൈപ്പട്ടൂർ റോഡ് പുനരുദ്ധാരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേയ്ക്ക് നിലവിലുള്ള ഫയലുകൾ ഏതെല്ലാം ഓഫീസുകളിൽ പെൻഡിംഗിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) സാങ്കേതിക അനുമതി നൽകുന്നതിന് നിലവിൽ എവിടെയാണ് തടസ്സമെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള തടസ്സങ്ങൾ പരിഹരിച്ച് അടിയന്തരമായി നിർമ്മാണം പൂർത്തിയാക്കാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കോന്നി നിയോജകമണ്ഡലത്തിലെ വകയാർ-വള്ളിക്കോട്-കൈപ്പട്ടൂർ റോഡ് പുനരുദ്ധാരണത്തിനായി 28-3-2018-ലെ സ.ഉ. (എംഎസ്.) നമ്പർ 9/2018/പി.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം 7 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി-ഡി) ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കടുമേനി-പാവൽ-കമ്പല്ലൂർ, ഒടയംചാൽ-ചെറുപുഴ റോഡുകൾ**

40 (3083) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ടതും തുക അനുവദിച്ചതുമായ കാസർഗോഡ് ജില്ലയിലെ കടുമേനി-പാവൽ-കമ്പല്ലൂർ, ഒടയംചാൽ-ചെറുപുഴ എന്നീ റോഡുകൾക്ക് ഭരണാനുമതി ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഈ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

കടുമേനി-പാവൽ-കമ്പല്ലൂർ റോഡ് പ്രവൃത്തിക്കുള്ള സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലലഭ്യത പൂർണ്ണമായും ഉറപ്പുവരുത്തിയതിനുശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഒടയംചാൽ-ചെറുപുഴ റോഡ് പ്രവൃത്തിക്ക് എൻവയോൺമെന്റ് സെല്ലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഉടൻതന്നെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**അടയമൺ-തൊളിക്കുഴി-ആനന്ദൻമുക്ക് റോഡ് നവീകരണം**

41 (3084) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ അടയമൺ-തൊളിക്കുഴി-ആനന്ദൻമുക്ക് റോഡ് നവീകരണത്തിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ അടയമൺ-തൊളിക്കുഴി-ആനന്ദൻമുക്ക്-മൊട്ടക്കുഴി റോഡ് കി.മീ. 0/000 മുതൽ 5/000 വരെ നവീകരിക്കുന്നതിന് 28-3-2018-ലെ സ.ഉ.(കൈ) നമ്പർ 9/2018/പൊ.മ.വ. നമ്പർ പ്രകാരം 650 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**അങ്കമാലി -മഞ്ഞപ്ര-മലയാറ്റൂർ റോഡിന്റെ ശോചനീയാവസ്ഥ**

42 (3085) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അങ്കമാലി -മഞ്ഞപ്ര-മലയാറ്റൂർ റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത റോഡിന്റെ കുഴികളും ടാർ പ്രതലം ഇളകി മാറിയ ഭാഗവും പുനരുദ്ധരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കോടിക്കണക്കിന് തീർത്ഥാടകർ എത്തുന്ന മലയാറ്റൂരിലേക്കുള്ള പ്രസ്തുത റോഡിന്റെ തകർന്ന ഭാഗം പുനരുദ്ധരിക്കുന്നതിനോ റോഡ് പുതുക്കി പണിയുന്നതിനോ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥരുടെ നടപടി പരിശോധിക്കാമോ ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത റോഡുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതി ഉത്തരവ് ലഭ്യമായിട്ടുണ്ടോ; എന്നാണ് ഉത്തരവ് ലഭിച്ചത്; ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ എന്നും കോടതി ഉത്തരവ് നടപ്പിലാക്കുന്നതിലെ കാലതാമസത്തിന്റെ ഉത്തരവാദിത്വം ആർക്കാണെന്നും വിശദമാക്കാമോ ;

(ഇ) പ്രസ്തുത റോഡുകളുടെ പ്രാധാന്യവും കോടതി ഉത്തരവും പരിഗണിച്ച് പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുവാൻ ചീഫ് എഞ്ചിനീയർ നേരിട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശം നൽകാമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രളയത്തോടനുബന്ധിച്ച് ടി റോഡിന്റെ ഉപരിതലം പൊളിഞ്ഞുപോയിട്ടുണ്ട്.

(ബി&സി) മുൻകാലങ്ങളിലെ പൂർത്തീകരിച്ച ബില്ല് സമർപ്പിക്കാത്തതിനാലാണ് പുതിയ പ്രവൃത്തികൾ നടപ്പിലാക്കാത്തത്.

(ഡി&ഇ) ശ്രീ. എ. പി. ജോസഫ് ഫയൽ ചെയ്ത 12-1-2018-ലെ WP(C) നമ്പർ 30006/2017-ലെ വിധിന്യായ പ്രകാരം ടി കേസിലെ 2, 3 എതിർകക്ഷികൾക്കാണ് കോടതി നിർദ്ദേശം നൽകിയിരിക്കുന്നത്. ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും അങ്കമാലി അസിസ്റ്റന്റ് എഞ്ചിനീയർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ 7-11-2018-ലെ മറ്റൊരു ഉത്തരവ് 30-11-2018-ന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## വർക്കല തീരദേശ ഹൈവേ പദ്ധതി

43 (3086) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന തീരദേശ ഹൈവേ പദ്ധതിയ്ക്ക് എത്ര കിലോമീറ്റർ ദൂരമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) വർക്കല നിയോജക മണ്ഡലത്തിൽ തീരദേശ ഹൈവേ കടന്നു പോകുന്നതിനായി കണ്ടെത്തിയ സ്ഥലങ്ങളിൽ വീടുകളോ ആരാധനാലയങ്ങളോ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വീടുകൾ ഉണ്ടെങ്കിൽ പുനരധിവാസത്തിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 15.60 കി.മീ. ഒന്നാം പാലം മുതൽ കാപ്പിൽ വരെ.

(ബി) പ്രസ്തുത അലൈൻമെന്റ് കടന്നുപോകുന്ന ഭാഗത്ത് ധാരാളം വീടുകളും ആരാധനാലയങ്ങളുമുണ്ട്.

(സി) പരിശോധിച്ചുവരുന്നു.

## കായംകുളം മണ്ഡലത്തിലെ റോഡുകളും പാലങ്ങളും

44 (3087) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കൂടി കടന്നുപോകുന്ന പൊതുമരാമത്ത് റോഡുകൾ ഏതെല്ലാമാണെന്നും അവയുടെ നീളം എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവൃത്തികൾക്കായാണ് പ്രസ്തുത തുക വിനിയോഗിച്ചതെന്നും വ്യക്തമാക്കുമോ;

(സി) അതിൽ പൂർണ്ണമായും പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർക്കുന്നു.*

**തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച റോഡുകളും പാലങ്ങളും**

45 (3088) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച റോഡുകളും പാലങ്ങളും ഏതാണെന്നും അവയിൽ പൂർത്തിയായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും പൂർത്തിയാവാത്തവ ഏതെല്ലാമാണെന്നും തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) പൂർത്തിയാവാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്നും ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) I. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ തലശ്ശേരി മണ്ഡലത്തിൽ സി.ആർ.എഫ്. പദ്ധതിയിൽപ്പെടുത്തി കുയ്യാലി-കൊളശ്ശേരി-എരിഞ്ഞോളി-തോട്ടുമ്മൽ-കതിരൂർ റോഡ് കി.മീ. 0/000 മുതൽ 10/000 വരെ അഭിവൃദ്ധിപ്പെടുത്തുന്നതിന് അനുമതി ലഭിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

തലശ്ശേരി മണ്ഡലത്തിൽ തലശ്ശേരി മുതൽ കളറോഡ് വരെയുള്ള റോഡിന്റെ പുനരുദ്ധാരണ (പാക്കേജ് 3 എ) പ്രവൃത്തികളാണ് KSTP നടത്തുന്നത്. 50 ശതമാനത്തിനുമേൽ പ്രവൃത്തി പുരോഗതി കൈവരിച്ച ഈ പദ്ധതി 2019 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

റോഡ് വിഭാഗത്തിനുകീഴിൽ തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബജറ്റ് വർക്ക് 2016-17

പാറാൽ-പുന്നോൽ റോഡ് കി.മീ. 0/000 മുതൽ 2/530 വരെ പുനരുദ്ധാരണം-പണി പൂർത്തീകരിച്ചു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പണി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ (ബജറ്റ് വർക്ക് 2016-17)

1. ചോനാടം-കുണ്ടുചിറ റോഡ് കി.മീ. 0/000 മുതൽ 2/000 വരെ പുനരുദ്ധാരണം-മെക്കാഡം ടാറിംഗ് പണി പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

2. കതിരൂർ-നാദാപുരം റോഡ് കി.മീ. 0/000 മുതൽ 3/800 വരെ മെക്കാഡം ടാറിംഗ് നടത്തി പുനരുദ്ധാരണം-റോഡ് സേഫ്റ്റി പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. 90% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ബഡ്ജറ്റ് വർക്ക് 2017-18

1. പെരിങ്ങാടി പള്ളിക്കുനി റോഡ് കി.മീ. 3/000 മുതൽ 3/875 വരെ വീതി കൂട്ടി പുനരുദ്ധാരണം-പ്രവൃത്തി റീടെണ്ടർ ചെയ്തിട്ടുണ്ട്.

2. പൂക്കോം-മാടപ്പീടിക റോഡ് കി.മീ.2/000 മുതൽ 5/645 വരെ - സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ഉടനെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

3. പൂക്കോം-ചൊക്ലി റോഡ് കി.മീ.0/000 മുതൽ 2/740 വരെ -പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

4. തലശ്ശേരി-കോടിയേരി റോഡ് കി.മീ.0/000 മുതൽ 3/445 വരെ പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. വീതി കൂട്ടി പുനരുദ്ധാരണം-സാങ്കേതിക അനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

കിഫ്ബി 2017-18

തിരുവങ്ങാട്-ചമ്പാട് റോഡ് കി.മീ.1/807 മുതൽ 5/208 വരെയും കി.മീ 6/126 മുതൽ 7/120 വരെയും പുനരുദ്ധാരണ പ്രവൃത്തി-ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച പാലങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കിഫ്ബി 2016-17

I. അഞ്ചരക്കണ്ടി പുഴയ്ക്ക് കുറുകെ പുളിഞ്ഞോളിക്കടവ് പാലം നിർമ്മാണം-ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ഡീറ്റെയിൽസും അലൈൻമെന്റും ഡിസൈൻ ലഭ്യമാക്കുന്നതിനായി ചീഫ് എഞ്ചിനീയർ, ഡിസൈനിലേയ്ക്ക് നൽകിയിട്ടുണ്ട്.

എന്നാൽ സംസ്ഥാന ജലപാത വരുന്നതിനാൽ ഡിസൈനിൽ മാറ്റം വരുത്തി ലഭിക്കേണ്ടതുണ്ട്. എന്നാൽ ടി ക്ലിയറൻസ് സംസ്ഥാന ജലപാതാ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല.

2. തലശ്ശേരി മുനിസിപ്പാലിറ്റിയെയും കതിരൂർ ഗ്രാമ പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കുണ്ടുചിറ പാലം നിർമ്മാണം-ടി പ്രവൃത്തിക്ക് KRFB-യിൽ നിന്നും 19-9-2017-ലെ ഉത്തരവ് നമ്പർ എ.പി.ആർ. 1/174/2017/കിഫ്ബി പ്രകാരം 1017 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ടി പാലവും സംസ്ഥാന ജലപാതയിൽ വരുന്നതിനാൽ ഡിസൈൻ മാറ്റം വരുത്തി ലഭ്യമാക്കേണ്ടതുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി KRFB-യിലേയ്ക്ക് സമർപ്പിക്കുന്നതാണ്.

പൂർത്തിയാകാത്ത പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. മറ്റു പ്രവൃത്തികളും എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**പുനലൂർ- മൂവാറ്റുപുഴ സംസ്ഥാനപാത**

46 (3089) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ- മൂവാറ്റുപുഴ സംസ്ഥാനപാതയുടെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്തെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികൾ പൂർത്തിയായി; ഇതിനായി എത്ര രൂപയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിനായി ഇനി എന്തെല്ലാം നടപടികളാണ് പൂർത്തിയാകാനുള്ളത്;പ്രസ്തുത നടപടികൾ പൂർത്തിയാക്കി പുനരുദ്ധാരണ പ്രവൃത്തികൾ എന്ന് ആരംഭിക്കുമെന്ന് പറയാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പുനരുദ്ധാരണ നടപടികൾ എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയുടെ പുനരുദ്ധാരണത്തിനായി വിശദമായ രൂപരേഖ M/s. L&T Infra Engineering, Chennai എന്ന കൺസൾട്ടന്റ് നിലവിലെ റോഡിന്റെ സ്ഥിതി അനുസരിച്ച് പരിഷ്കരിച്ചിട്ടുണ്ട്.

പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ പുനരുദ്ധാരണത്തിനായി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് തുക 695.57 കോടി രൂപയാണ്.

(ബി) പുതുക്കിയ രൂപരേഖ അനുസരിച്ചുള്ള പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള കരാറുകാരനെ തെരഞ്ഞെടുക്കാനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്. ഇവ പൂർത്തീകരിച്ച് ഏപ്രിൽ മാസത്തോടുകൂടി പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ (ഇപിസി) മാതൃകയിൽ 3 പാക്കേജുകളിലായിട്ടാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്.

1. പുനലൂർ (00+000) മുതൽ കോന്നി (29+840) വരെ - 29.84 കി.മീ.

2. കോന്നി (29+840) മുതൽ പ്ലാച്ചേരി (60+000)വരെ- 30.16 കി.മീ.

3. പ്ലാച്ചേരി (60+000) മുതൽ പൊൻകുന്നം (82+173) വരെ- 22.17 കി.മീ.

**കോങ്ങാട്-മംഗലംകുന്ന് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ**

47 (3090) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട്-മംഗലംകുന്ന് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയുടെ കാലിക സ്ഥിതി വിശദമാക്കാമോ;

(ബി) ഇതിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയത്; സാങ്കേതികാനുമതി എന്ന് നൽകുകയുണ്ടായി; എന്നാണ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചത്; എന്നാണ് പ്രവൃത്തി ആരംഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(സി) കോങ്ങാട്-മംഗലംകുന്ന് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ മന്ദഗതിയിൽ ആകുവാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 19-10-2016-ലെ കത്ത് നമ്പർ RW/NH-28014/03/2016/KL/P7 പ്രകാരം 2016-17 സാമ്പത്തിക വർഷത്തെ സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി കോങ്ങാട്-മംഗലംകുന്ന് റോഡിന് 15 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും

21-12-2016-ലെ സ.ഉ. (സാധാ)നമ്പർ 1738/2016/പൊ.മ.വ. പ്രകാരം 15 കോടി രൂപയ്ക്ക് സംസ്ഥാന സർക്കാർ സാമ്പത്തികാനുമതിയും 8-2-2017-ൽ നമ്പർ 4/2016-17 പ്രകാരം സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ 14-2-2017-ൽ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/s. Kudroli Builders-മായി 14-7-2017-ലെ എഗ്രിമെന്റ് നമ്പർ 12/2017-18/SE/NH/KKD പ്രകാരം കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. പൊതുമരാമത്ത് വകുപ്പ് പാലക്കാട് നിരത്തുകളും പാലങ്ങളും വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ടി റോഡ് 18-9-2017-ൽ കൈമാറ്റം ചെയ്ത് നൽകുകയും പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്.

(സി) തുടർച്ചയായ മഴയും കാലവർഷക്കെടുതിയും കാരണം ടി പ്രവൃത്തിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് തുടക്കത്തിൽ കാലതാമസം ഉണ്ടായെങ്കിലും കരാർ കാലാവധിയായ 17-3-2019-ഓടുകൂടി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**മോറക്കാല-താളിക്കല്ല് അപ്രോച്ച് റോഡ്**

48 (3091) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർമ്മാണം പൂർത്തിയായിവരുന്ന മഞ്ചേരിക്കുഴി പാലത്തിന് അപ്രോച്ച് റോഡായി വരുന്ന കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മോറക്കാല-താളിക്കല്ല് റോഡ്, പാലം ഗതാഗതത്തിനായി വിട്ടുനൽകുമ്പോൾ ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി അപ്രോച്ച് റോഡായി പരിഗണിച്ച് പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

കുന്നത്തുനാട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മോറക്കാല-താളിക്കല്ല് റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനാവശ്യമായ സ്കെച്ചും വിശദാംശങ്ങളും പഞ്ചായത്തിൽനിന്നും മൂവാറ്റുപുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്.

എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡുകളൊന്നുംതന്നെ പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ ഏറ്റെടുക്കേണ്ടതില്ലായെന്നാണ് നിലവിലുള്ള സർക്കാർ തീരുമാനം.

## തൃശ്ശൂർ -കാഞ്ഞാണി - വാടാനപ്പിള്ളി സംസ്ഥാന പാത

49 (3092) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ -കാഞ്ഞാണി- വാടാനപ്പിള്ളി സംസ്ഥാന പാതയുടെ 9 കി.മീറ്റർ നീളം വരുന്ന തൃശ്ശൂർ - എറവ് വരെയുള്ള ഒന്നാം റീച്ചിന്റെ നിർമ്മാണപുരോഗതി വ്യക്തമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കൽ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) റോഡ് നവീകരണത്തിന് തടസ്സമായി നിൽക്കുന്ന വൈദ്യുതി പോസ്റ്റുകൾ നീക്കിസ്ഥാപിക്കുന്നതിനും മരങ്ങൾ മുറിച്ചുമാറ്റുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ട്രാഫിക് തീവ്രത ഉയർന്ന് നിൽക്കുന്ന പ്രസ്തുത പാതയിൽ പ്രളയം സൃഷ്ടിച്ച കേടുപാടുകൾ തീർത്ത് പാത ഗതാഗതയോഗ്യമാക്കാൻ നടപടി എടുത്തിട്ടുണ്ടോ;

(ഇ) ആദ്യ റീച്ചിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കാനയുടെ പ്രവൃത്തിയും റോഡ് വീതി കൂട്ടുന്ന പ്രവൃത്തിയും നടന്നുവരുന്നു.

(ബി) സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ കണ്ടിജൻസി ചാർജ് ആയ 50 ലക്ഷം രൂപ തൃശ്ശൂർ എൽ.എ. ജനറൽ, സ്പെഷ്യൽ തഹസീൽദാർക്ക് ഒടുക്കിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്.

(ഇ) 31-5-2019-ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പാലക്കാട് ജില്ലയിൽ പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ

50 (3093) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിലും മണ്ണിടിച്ചിലിലും റോഡുകളും പാലങ്ങളും തകർന്ന് പാലക്കാട് ജില്ലയിൽ ഉണ്ടായ നാശനഷ്ടങ്ങളെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) എത്ര രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) നാശം നേരിട്ട റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഈ വർഷം ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിലും മണ്ണിടിച്ചിലിലും ദേശീയപാത 966-ലെ വേലിക്കാട് പാലത്തിന് ഏകദേശം നാല് ലക്ഷം രൂപയുടെ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ നാട്ടുകൽ മുതൽ താണാവ് വരെയുള്ള ദേശീയപാത 966 പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി ഇ.പി.സി. മോഡിൽ വികസിപ്പിക്കുന്ന പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന കരാർ കമ്പനിയാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. പ്രസ്തുത കമ്പനി അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിരത്തുവിഭാഗത്തിനുകീഴിൽ പ്രളയത്തിലും മണ്ണിടിച്ചിലിലും നെല്ലിയാമ്പതി റോഡിലെ ഒരു കലുങ്ക് തകർന്നിട്ടുണ്ട്. മാത്രമല്ല, പാലക്കാട് ജില്ലയിൽ ആകെ 51 പാലങ്ങൾക്ക് അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നിട്ടുണ്ട്. നിരത്തുവിഭാഗത്തിൽ ആകെ 22081.50 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. 51 പാലങ്ങളിൽ 49 പാലങ്ങൾക്ക് അറ്റകുറ്റപ്പണികൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്.

റോഡുകളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

**വൈപ്പിൻ മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ**

51 (3094) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളത്താംകുളങ്ങര ബീച്ച് റോഡ്, ചെറായി ബീച്ച് റോഡ്, ഞാറക്കൽ ജയ് ഹിന്ദ് റോഡ്, വെളിയത്താംപറമ്പ് ബീച്ച് റോഡ്, കോൺവെന്റ് ബീച്ച് റോഡ്, വളപ്പ്-പുതു വൈപ്പ് റോഡ്, പുതുവൈപ്പ്-വൈപ്പിൻ റോഡ്, വല്ലാർപാടം-പനമ്പുകാട് റിംഗ് റൗണ്ട് റോഡ്, കടമക്കുടി-ചെറിയ കടമക്കുടി പാലം, പുതുശ്ശേരി പാലം എന്നിവയുടെ നിർമ്മാണത്തിനുള്ള കാലതാമസം ഒഴിവാക്കി എന്നത്തേക്ക് പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) കോതാട്-ചേന്നൂർ കുട്ടി സാഹിബ് റോഡ് നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉത്തരം അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. 31-12-2018-ൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വൈപ്പിൻ മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ**

52 (3095) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണ്;

(ബി) ഏതെല്ലാം റോഡുകളുടെ നിർമ്മാണ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പണി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ;

(സി) പിഴല-കടമക്കുടി പാലത്തിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) കോതാട്-ചേന്നൂർ കുട്ടി സാഹിബ് റോഡ്, എടവനക്കാട് ഇക് ബാൽ റോഡ്, അണിയൽ-നെടുങ്ങാട് റോഡ് എന്നീ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ദേശീയപാതാ വിഭാഗത്തിനു കീഴിൽ വൈപ്പിൻ മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ട് ബോർഡിൽ നിന്നും 11 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പേര് ചുവടെ ചേർക്കുന്നു:

CRF 2017-18 Improvements to Beach Road connecting Vypin Munambam State Highway (Velliyatham Prambu, Manjanakad road Arattuvazhi, Hospital Junction road connecting Manjanakad Jetty road, Elenjikal Lane, Perumbili church Elamkurapuzha-Pukkad jetty) in Ernakulam District.

പ്രസ്തുത പ്രവൃത്തി 30-4-2018-ൽ ആരംഭിച്ചിട്ടുള്ളതാണ്. എഗ്രിമെന്റ് പ്രകാരം 9 മാസമാണ് നിർമ്മാണ കാലാവധി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ഡി) കോതാട്-ചേന്നൂർ കുട്ടി സാഹിബ് റോഡ്-ഡിസംബർ 31. എടവനക്കാട്-ഇക്ബാൽ റോഡിന്റെ തുടക്കത്തിലുള്ള കുറച്ച് ഭാഗം വളരെ വീതി കുറവാണ്. ഈ ഭാഗത്ത് വീതി കൂട്ടുന്നതിനായി ഇരു വശങ്ങളിൽ നിന്നും സ്ഥലം ഫ്രീയായി ഏറ്റെടുത്ത് നൽകാമെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. ഈ സ്ഥലംകൂടി ലഭ്യമാക്കി വീതി കൂട്ടി നിർമ്മിക്കണമെന്നാണ് പഞ്ചായത്തിന്റെയും പ്രദേശവാസികളുടെയും ആവശ്യം. ആയതിനാൽ ടി സ്ഥലം ലഭ്യമായാൽ മാത്രമേ പണി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. പ്രളയത്തിനുശേഷം അണിയിൽ നെടുങ്ങാട് റോഡിന്റെ പല ഭാഗങ്ങളിലും ഇരുത്തം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സൈറ്റ് സന്ദർശിക്കുകയും ടി ഭാഗങ്ങൾ കൂടുതൽ ബലപ്പെടുത്തുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. ഇപ്രകാരം എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി അംഗീകാരം ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**വാഴക്കോട്- ചെറുതുരുത്തി റോഡ് പുനരുദ്ധാരണം**

53 (3096) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ൽ ഭരണാനുമതി നൽകിയ കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ റോഡിലെ വാഴക്കോട് മുതൽ ചെറുതുരുത്തി വരെയുള്ള ഭാഗം പുനരുദ്ധാരണം ചെയ്യുന്നതിനായി സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്ത് പ്രവൃത്തി തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(ബി) പ്രസ്തുത റോഡ് പൂർണമായും തകർന്ന കിടക്കുന്നതിനാൽ എത്രയും വേഗത്തിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്വീകരിക്കുമെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി&സി) സാങ്കേതികാനുമതി ലഭ്യമാക്കി എത്രയും വേഗം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**വാഴക്കോട്-പ്ലാഴി റോഡ് പുനരുദ്ധാരണത്തിന് നടപടി**

54 (3097) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചേലക്കര മണ്ഡലത്തിലെ വാഴക്കോട്-പ്ലാഴി റോഡ് പുനരുദ്ധാരണത്തിന് നിലവിൽ തുക അനുവദിച്ചിട്ടുണ്ടോ;

(ബി) തൃശ്ശൂർ-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്നതും 22 കിലോമീറ്റർ ദൈർഘ്യമുള്ളതും ഗതാഗത പ്രാധാന്യമുള്ളതുമായ പ്രസ്തുത റോഡ് പുനരുദ്ധാരണം നടത്തുന്നതിന് പരിഗണന നല്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല

(ബി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്.

**മംഗലാപുരം-വിഴിഞ്ഞം ആറുവരി പാത**

55 (3098) <u>ശ്രീ. ഐ. ബി. സതീഷ് :</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മംഗലാപുരം-വിഴിഞ്ഞം ആറുവരി പാത നിർമ്മിക്കുന്നത് സംബന്ധിച്ച പദ്ധതി പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുണ്ടോ;ഉണ്ടെങ്കിൽ തുടർനടപടികൾ എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ഇപ്പോൾ പരിഗണനയിലില്ല.

**വൈപ്പിൻ-പള്ളിപ്പുറം സമാന്തര റോഡ്**

56 (3099) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-പള്ളിപ്പുറം സമാന്തര റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ ഭരണാനുമതി നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) നിലവിലുള്ള വൈപ്പിൻ-പള്ളിപ്പുറം റോഡിന്റെ (സംസ്ഥാനപാത) കേടുപാടുകൾ തീർക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്ക് തീർക്കാനാണ് ഉദ്ദേശിക്കുന്നത്എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) സർക്കാർ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(സി & ഡി) വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാതയുടെ കേടുപാടുകൾ തീർക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിലെ നിലവിലെ മാനദണ്ഡമനുസരിച്ച് 36 എം.എം. മെറ്റലിട്ട് കുഴികളടച്ചതിനുശേഷം ക്ലോസ് ഗ്രേഡഡ് ചിപ്പിംഗ് കാർപ്പറ്റ് ഉപയോഗിച്ച് ടാർ ചെയ്യുന്നതിനുള്ള പ്രവൃത്തി രണ്ട് തവണ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തികൾ ഏറ്റെടുക്കാൻ തയ്യാറായില്ല. തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഓപ്പൺ ഗ്രേഡഡ് ചിപ്പിംഗ് കാർപ്പറ്റ് ഉപയോഗിച്ച് ടാർ ചെയ്യുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരും ഏറ്റെടുക്കാത്തതിനാൽ റീടെണ്ടർ ചെയ്തിരിക്കുകയാണ്.

**കൽപ്പറ്റ ടൗൺ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ**

57 (3100) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയുടെ കേന്ദ്രമായ കൽപ്പറ്റ ടൗൺ നവീകരണവുമായി ബന്ധപ്പെട്ട് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നു തുടങ്ങാനാകും; എത്ര തുക ഇതിനായി മാറ്റിവയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) ഇതിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും, എന്നേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുമെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ദേശീയപാത 766-ൽ വരുന്ന വയനാട് ജില്ലയുടെ കേന്ദ്രമായ കൽപ്പറ്റ ടൗണിന്റെ നവീകരണത്തിന് കൽപ്പറ്റ മുനിസിപ്പാലിറ്റി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പണം പൊതുമരാമത്ത് ദേശീയപാതാ വകുപ്പിന് ലഭ്യമായാൽ ഉടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കൽപ്പറ്റ മുനിസിപ്പാലിറ്റിയാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത്.

**കാസർകോട് നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ**

58 (3101) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിക്കപ്പെടുന്ന പാലത്തിന്റെയോ റോഡിന്റെയോ നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ എത്ര സമയമെടുക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) കാസർകോട് നിയോജക മണ്ഡലത്തിലെ ബദിയഡുക്ക-കിന്നിംഗാർ - ഏത്തടുക്ക-സുള്ള്യപദവ് റോഡ്, പുണ്ടൂർ-നെക്രംപാറ-അർളടക്ക റോഡ്, ഓടങ്കല്ല് പാലം എന്നീ പ്രവൃത്തികൾ ഏത് വർഷത്തിലെ ബഡ്ജറ്റിലാണ് പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഓരോ പ്രവൃത്തിയ്ക്കുമായി വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ബഡ്ജറ്റ് പ്രസംഗത്തിലൂടെ ഒരു പ്രവൃത്തി പ്രഖ്യാപിച്ചാൽ പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുന്നതുവരെയുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഇ) മേൽപ്പറഞ്ഞ മൂന്ന് പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാക്കിയതെന്നും ശേഷിക്കുന്ന നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ എത്ര സമയം വേണ്ടിവരുമെന്നും വ്യക്തമാക്കുമോ; പ്രസ്തുത മൂന്ന് പ്രവൃത്തികൾ ഏത് വർഷത്തിൽ യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിക്കുന്ന പാലത്തിന്റെ പ്രവൃത്തികൾ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിനയച്ച് ഡിസൈൻ അംഗീകരിച്ച് ഡി.പി.ആർ. തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച് ഭരണാനുമതി ലഭിച്ചതിനുശേഷം, സ്ഥലമെടുപ്പ് പൂർത്തീകരിച്ചശേഷം സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ചതിനുശേഷം കരാർ ഉടമ്പടി വച്ച് കാലതാമസമില്ലാതെ പാലത്തിന്റെ പ്രവൃത്തി ആരംഭിക്കും.

റോഡുകളുടെ പ്രവൃത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിക്കുകയും ആവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയാക്കിയതിനുശേഷം സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് കരാർ ഉടമ്പടി വച്ചാണ് പ്രവൃത്തി ആരംഭിക്കുന്നത്. ടി നടപടിക്രമങ്ങൾ പൂർത്തിയായാലുടൻ നിർമ്മാണ പ്രവൃത്തി ആരംഭിക്കും.

(ബി&സി) അനുബന്ധമായി * ചേർക്കുന്നു.

(ഡി) ബജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിക്കുന്ന പാലത്തിന്റെ പ്രവൃത്തികൾ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിനയച്ച് ഡിസൈൻ അംഗീകരിച്ച് ഡി.പി.ആർ. തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച് ഭരണാനുമതി ലഭിച്ചതിനുശേഷം സ്ഥലമെടുപ്പ് ആവശ്യമെങ്കിൽ പൂർത്തിയാക്കി സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ചതിനുശേഷമാണ് കരാർ ഉടമ്പടി വച്ച് പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നത്.

റോഡുകളുടെ പ്രവൃത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിക്കുകയും ആവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയാക്കിയതിനുശേഷം സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് കരാർ ഉടമ്പടി വച്ചാണ് പ്രവൃത്തി ആരംഭിക്കുന്നത്. ഇതിനുള്ള സമയം ഓരോ പ്രവൃത്തിക്കും വ്യത്യസ്തമായിരിക്കും.

(ഇ) അനുബന്ധത്തിൽ റിമാർക്സ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. *

**കോഴിക്കോട് ജില്ലയിലെ റോഡ് നിർമ്മാണത്തിന് ഭരണാനുമതി**

59 (3102) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്തുന്നതിന് അനുമതി നൽകിയ കോഴിക്കോട് ജില്ലയിലെ മാത്ര-പാലാഴി-കുറ്റിക്കാട്ടൂർ റോഡ്, മാവൂർ-എൻ.ഐ.ടി -കൊടുവള്ളി റോഡ് എന്നിവയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വരാൻ ഇടയായ കാരണങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപടികൾ പൂർത്തീകരിച്ച് എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) പ്രസ്തുത റോഡുകൾക്ക് 10-7-2017-ലെ സ.ഉ. (സാധാ.)നമ്പർ 942/2017/പൊ.മ.വ. പ്രകാരം തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രവൃത്തികൾക്കായുള്ള ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞിട്ടുള്ളതും സാമ്പത്തികാനുമതിക്കായി ഉടൻതന്നെ സമർപ്പിക്കുന്നതുമാണ്. സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കാട്ടാക്കട മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

60 (3103) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളായ പൊട്ടൻകാവ്-നെല്ലിക്കാട് റോഡിന്റെയും, പുളിയറക്കോണം-കുഴക്കാട് ക്ഷേത്രറോഡിന്റെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ടോ; തുടർനടപടികൾ വേഗത്തിലാക്കി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) പൊട്ടൻകാവ്-നെല്ലിക്കാട് റോഡിന്റെ ഡി.പി.ആർ. (DPR) തയ്യാറാക്കി കിഫ്ബിയിൽ സാമ്പത്തികാനുമതിക്ക് നൽകിയിട്ടുണ്ട്. പുളിയറക്കോണം-കുഴക്കാട് ക്ഷേത്ര റോഡിന്റെ ഡി.പി.ആർ തയ്യാറാക്കി വരുന്നു.

(ബി) സാമ്പത്തികാനുമതി ലഭ്യമായിട്ടില്ല. കിഫ്ബിയിൽനിന്ന് സാമ്പത്തികാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**മാനന്തവാടി മണ്ഡലത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ**

61 (3104) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2017, 2017-2018, 2018-2019 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോന്നിലും മാനന്തവാടി മണ്ഡലത്തിൽ എത്ര രൂപയാണ് പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ അറ്റകുറ്റപ്പണിക്കായി അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2016-17-ൽ 437 ലക്ഷം രൂപയും 2017-18-ൽ 444.5 ലക്ഷം രൂപയും 2018-19 ഇതുവരെ 1499.32 ലക്ഷം രൂപയും അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുണ്ട്.

**നാട്ടുകൽ-കടമ്പഴിപ്പുറം റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ**

62 (3105) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടുകൽ-പാലോട്-ചെത്തല്ലൂർ-മുറിയങ്കണ്ണി-പാനാംകുന്ന്-ഇരക്കിങ്ങൽ-കരിപ്പമണ്ണ-കുട്ടിലക്കടവ്-പേഴുമട്ട-ചുള്ളിയോട്-വാക്കടപ്പുറം-ഉമ്പക്കണ്ണി-കടമ്പഴിപ്പുറം റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ ചെലവഴിച്ച തുക വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രശതമാനം പൂർത്തീകരിച്ചു; വിശദാംശം നൽകാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ 67,35,141 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി&സി) പ്രസ്തുത പ്രവൃത്തി 24-5-2018-ന് 100% പൂർത്തീകരിച്ചിട്ടുണ്ട്.

**പള്ളിപ്പുറം മുതൽ ഞാണ്ടൂർക്കോണം വരെ ഔട്ടർ റിംഗ് റോഡ്**

63 (3106) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് കണ്ടയ്നർ ഗതാഗതം സുഗമമാക്കാനായി പള്ളിപ്പുറം മുതൽ ഞാണ്ടൂർക്കോണം വരെ ഔട്ടർ റിംഗ് റോഡ് നിർമ്മാണം പരിഗണനയിലുണ്ടോ;

(ബി) എത്ര മീറ്റർ വീതിയാണ് റോഡിനായി ഉദ്ദേശിക്കുന്നത്; നിർവ്വഹണ ചുമതല ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്;

(സി) ചുമതയേറ്റ ഏജൻസി ഏതെങ്കിലും ജോലികൾക്കായി പദ്ധതി പ്രദേശത്ത് ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇവർ പൊതുജനങ്ങൾക്ക് ആശങ്ക സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) പള്ളിപ്പുറം-ഞാണ്ടൂർക്കോണം എന്നീ പ്രദേശങ്ങളെ ബന്ധപ്പെടുത്തി വിഴിഞ്ഞം മുതൽ പാരിപ്പള്ളി വരെയുള്ള ഔട്ടർ റിംഗ് റോഡ് നിർമ്മാണം പരിഗണനയിലുണ്ട്.

(ബി) 70 മീറ്റർവരെയാണ് വീതി ഉദ്ദേശിക്കുന്നത്. നിർവ്വഹണച്ചുമതല CRDP-ക്കാണ്. റോഡിന്റെ സർവ്വേ നടത്തുന്നതിനായി IL&FS Township & Urban Assets Ltd-നെയും Social Impact Study (SIA), Economic Impact Study (EIA) എന്നിവ നടത്തുന്നതിനായി L&T Infrastructure Eng. Ltd.-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ചുമതലയേറ്റ ഏജൻസികൾ അവരെ ഏൽപ്പിച്ച സർവ്വേകൾ നടത്തി വരികയാണ്. ഇവർ പൊതുജനങ്ങൾക്ക് ആശങ്ക സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കിള്ളിപ്പാലം - അട്ടക്കുളങ്ങര റോഡ് നവീകരണം**

64 (3107) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ഗതാഗത യോഗ്യമല്ലാത്ത കിള്ളിപ്പാലം - അട്ടക്കുളങ്ങര റോഡ് എത്രയും വേഗം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്; വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) ആയതിനുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ദേശീയ പാതയുമായി ബന്ധിപ്പിക്കുകയും ശക്തമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുകയും ചെയ്യുന്ന നഗരത്തിലെ പ്രധാന റോഡുകളിലൊന്നായ കിള്ളിപ്പാലം - അട്ടക്കുളങ്ങര റോഡിന്റെ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ കിള്ളിപ്പാലം-അട്ടക്കുളങ്ങര റോഡ് ഡിസൈൻ റോഡായി നവീകരിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

(ബി&സി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിനായി 115 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) റോഡ് അടിയന്തരമായി ഗതാഗതയോഗ്യമാക്കുന്നതിനുള്ള 15 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ നടന്നുവരുന്നു.

**വടക്കാഞ്ചേരി മണ്ഡലത്തിലെ പ്രളയംമൂലം തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണം**

65 (3108) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിൽ പ്രളയംമൂലം തകർന്ന പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം റോഡുകളും പാലങ്ങളുമാണ് പുനർനിർമ്മിക്കുന്നതിന് പദ്ധതിയിലുള്ളത്; ആയതിന്റെ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

പരിഗണനയിലുള്ള പദ്ധതികൾ താഴെപ്പറയുന്നു.

1. തൃശ്ശൂർ-കുറ്റിപ്പുറം റോഡ് കി.മീ.6/950 മുതൽ 10/900 വരെ -പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തി.

തുക -400 ലക്ഷം രൂപ.

2. കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ റോഡ് കി.മീ.58/200 മുതൽ 61/200 വരെ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തി.

തുക -300 ലക്ഷം രൂപ.

**നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് ചാലക്കുടി മണ്ഡലത്തിലെ പ്രവൃത്തികൾ**

66 (3109) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് ചാലക്കുടി നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ ഡ്രെയിനേജുകൾ, അണ്ടർ പാസ്സേജ്, സ്ട്രീറ്റ് ലൈറ്റുകൾ, ബസ്സ് ബേകൾ, ബസ്സ് ഷെൽട്ടറുകൾ തുടങ്ങിയവ നാളിതു വരെയും നിർമ്മിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടി കോടതി ജംഗ്ഷനിലെ അണ്ടർ പാസ്സേജ് നിർമ്മാണം, ചാലക്കുടി സൗത്ത്, കൊടകര, കൊരട്ടി എന്നീ ജംഗ്ഷനുകളിലെ ഡ്രെയിനേജ് നിർമ്മാണം, മുരിങ്ങൂർ ബി.ആർ.ഡി.-ക്ക് എതിർഭാഗത്തുള്ള തകർന്ന റോഡിന്റെ വശങ്ങളുടെ സംരക്ഷണം, പേരാമ്പ്ര ഫുട് ഓവർ ബ്രിഡ്ജ് നിർമ്മാണം എന്നിവയ്ക്കായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ചെയ്യുന്ന പ്രവൃത്തിയാണ്.

(ബി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നടപടികൾ സ്വീകരിച്ചുവരുന്നു. നാലുവരിപ്പാതയുടെ നിർമ്മാണം ഏറ്റെടുത്തിട്ടുള്ള ഗുരുവായൂർ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് ബാക്കിയുള്ള ഡ്രെയിനേജ് കണക്ഷൻ, കവർ സ്ലാബ് എന്നിവ ചെയ്തുതീർക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ കരാർ ഉടമ്പടി പ്രകാരം വെഹിക്കുലർ അണ്ടർ പാസ്സിന്റെ നിർമ്മാണം 2019 മേയ് മാസത്തിലാണ് പൂർത്തിയാക്കേണ്ടത്. ആയതുപോലെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

2018 ആഗസ്റ്റ് മാസത്തിലുണ്ടായ വെള്ളപ്പൊക്കം കാരണമാണ് മുരിങ്ങൂർ ബി.ആർ.ഡി.-ക്ക് എതിർഭാഗത്തുള്ള റോഡിന്റെ വശങ്ങളിൽ തകർച്ചകൾ ഉണ്ടായിട്ടുള്ളത്. പ്രസ്തുത പ്രോജക്ട് കരാർ കമ്പനി ഇൻഷ്വർ ചെയ്തിട്ടുള്ളതാണ്. മെയിന്റനൻസ് വർക്കുകൾ എത്രയും പെട്ടെന്ന് തുടങ്ങുന്നതുമാണ്. പേരാമ്പ്ര ഫൂട്ട് ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

**വഴുതയ്ക്കാട്-തൈയ്ക്കാട് നാലുവരിപ്പാത**

67 (3110) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ വഴുതയ്ക്കാട് - തൈയ്ക്കാട് റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവൃത്തിയുടെ അവസാനഘട്ടം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് വികസിപ്പിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം നഗരത്തിലെ വഴുതയ്ക്കാട്-തൈക്കാട് റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ടിഡിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

(സി) ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കുകയും കച്ചവടക്കാർക്കുള്ള നഷ്ടപരിഹാര പാക്കേജ് അനുവദിക്കുകയും ചെയ്ത് ആവശ്യമായ ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറിയാൽ വിശദമായ പദ്ധതി രേഖ തയ്യാറാക്കി നാലുവരിപ്പാതയായി വികസിപ്പിക്കുന്ന നടപടികൾ സാദ്ധ്യമാകുന്നതാണ്.

**പെരുമ്പാവൂർ - ആലുവ റോഡ് നിർമ്മാണം**

68 (T*3111) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ - ആലുവ റോഡ് നിർമ്മാണത്തിനായി 2017-18 ൽ കിഫ്ബി വഴി തുക അനുവദിച്ച് ഭരണാനുമതി ലഭിച്ച ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) പ്രസ്തുത റോഡ് പ്രവൃത്തി തുടങ്ങുന്നതിന് കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ പ്രവൃത്തി എന്ന് തുടങ്ങിയെന്നും എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 2017-18 കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പെരുമ്പാവൂർ-ആലുവ റോഡ് എന്ന പ്രവൃത്തിക്ക് 15 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിരുന്നു. ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട്, അലൈൻമെന്റ്, ഡ്രോയിംഗ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ടെണ്ടർ, റീ-ടെണ്ടർ എന്നിവ നടത്തിയെങ്കിലും കരാറുകാർ ഏറ്റെടുക്കാത്തതിനാൽ കാലതാമസം നേരിട്ടിട്ടുണ്ട്. പിന്നീട് ക്വട്ടേഷൻ വഴിയാണ് എസ്സൻസ് കൺസൾട്ടൻസ്, കൊച്ചി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പ്രവൃത്തി ഏറ്റെടുത്തത്. നിലവിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഡി. പി. ആർ. തയ്യാറാക്കി കിഫ്ബിക്ക് ഉടൻ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണം**

69 (3112) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കിറ്റ്കോ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത ബൈപ്പാസ് രൂപീകരണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മങ്കട നിയോജക മണ്ഡലത്തിലെ മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി പുരോഗതിയിലാണ്.

(ബി) ഇൻസ്പെക്ഷൻ റിപ്പോർട്ട്, ഫീസിബിലിറ്റി റിപ്പോർട്ട്, അലൈൻമെന്റ് ഓപ്ഷൻ എന്നിവ കിറ്റ്കോ ലിമിറ്റഡ് സമർപ്പിച്ചിട്ടുണ്ട്. അലൈൻമെന്റ് അപ്രൂവലിനുവേണ്ടിയുള്ള നടപടികൾ പുരോഗതിയിലാണ്.

(സി) അലൈൻമെന്റിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന് സമർപ്പിക്കുന്നതും ആയതിന് അനുമതി ലഭിച്ചാൽ ഉടൻ പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്.

**തിരുവനന്തപുരം ജില്ലയിലെ റോഡുകൾ**

70 (3113) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് ഉന്നത നിലവാരത്തിൽ നിർമ്മിച്ച തിരുവനന്തപുരം ജില്ലയിലെ റോഡുകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഈ റോഡുകളിൽ കാലാവധി പൂർത്തിയാകും മുൻപ് അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നതും നശിച്ചു പോയതുമായ റോഡുകളുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ദേശീയപാതാ വിഭാഗത്തിൽ സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് കരമന-കളിയിക്കാവിള നാലുവരിപ്പാത വികസനം ഫേസ് I - റീച്ച് I കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ സി.ആർ.എഫ്., റീസർഫസിംഗ് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികൾ അനുബന്ധമായി* ചേർക്കുന്നു.

KRFB-യുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നിർമ്മിച്ച റോഡുകൾ:

വി.ജെ.റ്റി.- കിഴക്കേക്കോട്ട (2.10 കി.മീ.), മ്യൂസിയം - ബേക്കറി ജംഗ്ഷൻ-തമ്പാനൂർ-ഓവർബ്രിഡ്ജ് ജംഗ്ഷൻ (2.50 കി.മീ.), ചാക്ക-ശംഖുമുഖം റോഡ് (1.30 കി.മീ.), പ്രസ്സ് ക്ലബ്ബ്- സെക്രട്ടേറിയറ്റ് നോർത്ത് ഗേറ്റ് (0.50 കി.മീ.), പട്ടം-കവടിയാർ (2.23 കി.മീ.), കവടിയാർ-പേരൂർക്കട (2.035 കി.മീ.), എൽ.എം.എസ്.-സ്റ്റുഡന്റ്സ് സെന്റർ (0.250 കി.മീ.), വെള്ളയമ്പലം-ശാസ്തമംഗലം (1.266 കി.മീ.), പേരൂർക്കട-വഴയില (0.650 കി.മീ.), അട്ടക്കുളങ്ങര-ശ്രീവരാഹം-ഈഞ്ചക്കൽ (1.500 കി.മീ.), ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം-വെൺപാലവട്ടം-എൻ.എച്ച്. ബൈപ്പാസ് (3.71 കി.മീ.), പാറ്റൂർ-വഞ്ചിയൂർ (0.510 കി.മീ.), ഉപ്പിടാമൂട്-കൈതമുക്ക്-ശ്രീകണ്ഠേശ്വരം (0.900 കി.മീ.), നാലുമുക്ക്- പഴയകളക്ടറേറ്റ് (1.095 കി.മീ.), തകരപ്പറമ്പ്-ചൂരക്കാട്ട് പാളയം (0.533 കി.മീ.), പട്ടം-മെഡിക്കൽ കോളേജ്-ഉള്ളൂർ-കൊച്ചുള്ളൂർ (3.03 കി.മീ.)

നിരത്ത് വിഭാഗത്തിൻ കീഴിൽ നിർമ്മിച്ച റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി&സി) കാലാവധി പൂർത്തിയാകുംമുമ്പ് പൂർണ്ണമായും നശിച്ച റോഡുകൾ ഒന്നുംതന്നെയില്ല. എന്നാൽ ചില റോഡുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നിട്ടുണ്ട്. അപ്രകാരമുള്ള പ്രവൃത്തികൾ അതാതു കരാറുകാരെക്കൊണ്ടു തന്നെ സ്വന്തം ചെലവിൽ അറ്റകുറ്റപ്പണികൾ നടത്തി പുനഃസ്ഥാപിച്ചതിനുശേഷം മാത്രമാണ് അവരുടെ സെക്യൂരിറ്റി തുക മടക്കി നൽകിവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികളുടെ പൂർത്തീകരണം

71 (3114) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി-പുതിയങ്ങാടി-മാട്ടൂർ റോഡും (തേഡ് റീച്ച് ) കീച്ചേരി അഞ്ചാംപീടിക റോഡും നിർമ്മാണം പാതിവഴിയിലായത് കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നിർമ്മാണം അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് കണക്കിലെടുത്ത് കരാറുകാരനെതിരെ എന്തെങ്കിലും വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിലവിൽ അനുവദിച്ചുകൊടുത്തിട്ടുള്ള പൂർത്തീകരണ കാലാവധിയായ 31-12-2018-നുള്ളിൽ പ്രവൃത്തി മുഴുവനായും പൂർത്തീകരിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ലൈസൻസ് റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കരാറുകാരെ അറിയിച്ചിട്ടുണ്ട്. നിലവിൽ പഴയങ്ങാടി-പുതിയങ്ങാടി-മാട്ടൂൽ റോഡ് (തേഡ് റീച്ച്) പ്രവൃത്തിയുടെ കോൺക്രീറ്റ് പ്രവൃത്തികൾ മുഴുവനായും ബി.എം. പ്രവൃത്തി 90 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി ബി.എം. പ്രവൃത്തികൾ നടന്നുവരുന്നു. കീച്ചേരി അഞ്ചാംപീടിക റോഡ് പ്രവൃത്തിയുടെ കോൺക്രീറ്റ് പ്രവൃത്തികൾ മുഴുവനായും ബി.എം. പ്രവൃത്തി 25 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയാതിരുന്നതുകൊണ്ട് പിഴയോടുകൂടിയാണ് കരാർ കാലാവധി ദീർഘിപ്പിച്ച് കരാറുകാർക്ക് നൽകിയിട്ടുള്ളത്.

## ഒറ്റപ്പാലത്തെ കടമ്പഴിപ്പുറം -ചിരട്ടിമല- വേങ്ങശ്ശേരി റോഡ്

72 (3115) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കടമ്പഴിപ്പുറം -ചിരട്ടിമല- വേങ്ങശ്ശേരി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

ഉത്തരം

(എ) കടമ്പഴിപ്പുറം-ചിരട്ടിമല-വേങ്ങശ്ശേരി റോഡ് കി.മീ.0/000 മുതൽ 5/000 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് 16-3-2017-ലെ സ.ഉ. (കൈ) നമ്പർ 18/2017/പൊ.മ.വ. പ്രകാരം 480 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(ബി) പ്രസ്തുത റോഡിന്റെ പ്രവൃത്തി അവസാന ഘട്ടത്തിലാണ്. ബി.എം.& ബി.സി. ഒഴികെയുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ**

73 (3116) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ടെണ്ടർ നടപടി പൂർത്തിയായ വട്ടവിള-പിരായുംമൂട്, ഉദിയൻകുളങ്ങര-വ്ലാത്താങ്കര, മാവിളക്കടവ്-പഴയകട, പ്ലാമൂട്ടുകട-മാവിളകടവ് പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനം 2019 മാർച്ച് 31-നുമുൻപ് പൂർത്തീകരിക്കാൻ കഴിയുമോ എന്ന് വിശദീകരിക്കാമോ;

(സി) അറക്കുന്ന്-പൂവൻകാല റോഡിന്റെ ടാറിംഗ് പണികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഡി) നെയ്യാറ്റിൻകര-കാട്ടാക്കട റോഡിന്റെ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത റോഡ് പ്രവൃത്തികളുടെ വെറ്റ് മിക്സ് ഇടുന്ന പണി പൂർത്തിയായി. 70 ശതമാനം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ബി) കാലാവസ്ഥ അനുകൂലമാണെങ്കിൽ 2019 മാർച്ച് 31-നകം പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത റോഡിൽ 270 മീറ്റർ ദൂരം ഓട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള ദൂരം ഓട നിർമ്മിക്കണമെങ്കിൽ ബി.എസ്.എൻ.എൽ.ന്റെ ഒരു പില്ലർ മാറ്റേണ്ടതുണ്ട്. ആയത് മാറ്റുന്നതിന് ബി.എസ്.എൻ.എൽ.ന്റെ നെയ്യാറ്റിൻകര

സബ് ഡിവിഷണൽ എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. 2019 മാർച്ച് 31-നകം പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) നെയ്യാറ്റിൻകര കാട്ടാക്കട റോഡിൽ 5.65 കി.മീ. ദൂരം ടെണ്ടർ ചെയ്ത് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി. എഗ്രിമെന്റ് ആകുന്ന മുറയ്ക്ക് ടി റോഡിന്റെ പ്രവൃത്തികൾ ആരംഭിക്കും.

**പൂവത്തൂർ മുതൽ കാഞ്ഞാണി വരെയുള്ള റോഡ് നിർമ്മാണം**

74 (3117) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പൂവത്തൂർ മുതൽ കാഞ്ഞാണി വരെയുള്ള പി.ഡബ്ല്യു.ഡി റോഡ് ബി.എം ആന്റ് ബി.സി മാതൃകയിൽ ടാർ ചെയ്യുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിനുള്ള ടെണ്ടർ അംഗീകരിച്ച തീയതിയും എഗ്രിമെന്റ് ഒപ്പിട്ട തീയതിയും വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തൃശ്ശൂർ - ചാവക്കാട്- ഗുരുവായൂർ റോഡിന്റെ ഭാഗമായ പ്രസ്തുത റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തരമായി നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) എസ്റ്റിമേറ്റ് തുക 398.10 ലക്ഷം രൂപയാണ്.

(ബി) ടെണ്ടർ അംഗീകരിച്ച തീയതി 8-6-2017. എഗ്രിമെന്റ് ഒപ്പിട്ട തീയതി 26-7-2017.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ അമൃത് പദ്ധതിയുടെ ഭാഗമായി റോഡ് പൊളിക്കേണ്ടി വരുന്നതിനാൽ ഇതിൽ ബി.എം.& ബി.സി. പ്രവൃത്തി തുടങ്ങാൻ സാധിക്കില്ല. ടി റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി 20 ലക്ഷം രൂപയുടെ പ്രവൃത്തി SLTF-ൽ urgent Flood Rectification works 2018-19 തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡ് (കി.മീ.6/200 മുതൽ 8/500 വരെയും 11/000 മുതൽ 14/000 വരെയും) അംഗീകാരം ലഭിച്ച് ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

## നേമം നിയോജക മണ്ഡലത്തിലെ വിവിധ പാലങ്ങളുടെ നിർമ്മാണം

75 (3118) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിലെ മുടവൻമുഗൾ പാലം, പള്ളത്തുകടവ് പാലം, മധുപാലം, കല്ലടിമുഖം പാലം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി ആയിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ?

ഉത്തരം

1. മുടവൻമുഗൾ പാലം

മുടവൻമുഗൾ പാലം നിർമ്മാണത്തിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിലേയ്ക്കായി 2017-18 ബജറ്റിൽ 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലത്തിനും അപ്രോച്ച് റോഡ് നിർമ്മാണത്തിനും ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 350 ലക്ഷം രൂപയുടെ ഭരണാനുമതിക്കു വേണ്ടിയുള്ള അപേക്ഷ 25-11-2017-ന് ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ്, സ്ഥലം ഏറ്റെടുക്കൽ കൂടി ഉൾപ്പെടുത്തി ഭരണാനുമതിക്ക് സമർപ്പിക്കുവാൻ 19-12-2017-ലെ സർക്കാർ കത്ത് നമ്പർ PWD-D1/19/2017-PWD പ്രകാരം നിർദ്ദേശം നൽകുകയും അതിൻപ്രകാരം 1350 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 13-3-2018-ലെ CE/R&B/2017/Tvpm/PRICE പ്രകാരം സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും ചെയ്തു. വിശദമായ പരിശോധനയ്ക്കുശേഷം ടി വിഷയം പിന്നീട് പരിഗണിക്കാവുന്നതാണെന്ന് ഉത്തരവായിട്ടുള്ളതാണ് (ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം).

2. പള്ളത്തുകടവ് പാലം

കരമനയാറിനു കുറുകെ പള്ളത്തുകടവിൽ 22.32 മീറ്ററിന്റെ 3 സ്പാനോടുകൂടിയ പാലം പദ്ധതിക്ക് 14-8-2010-ലെ G.O. (Rt.) No.1185/2009/PWD പ്രകാരം 850 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 1894-ലെ എൽ.എ. ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള റിക്വസിഷൻ 12-8-2011-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഡി.എൽ.പി. മുഖേന തീരുമാനിച്ച സ്ഥലത്തിന്റെ വില 4-2-2016-ൽ നടന്ന എസ്.എൽ.ഇ.സി. അംഗീകരിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ ഫണ്ട് ലഭ്യമാക്കുവാൻ കാലതാമസം ഉണ്ടായതിനാൽ അത് ഡിനോവ ആയി. 2013-ൽ പുതിയ എൽ.എ. ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി പുതുക്കിയ റിക്വിസിഷൻ ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കിവരുന്നു.

3. മധുപാലം

കരുമവും തിരുവല്ലവും തമ്മിൽ ബന്ധിപ്പിക്കുന്ന മധുപാലം പദ്ധതിക്ക് 30-5-2013-ൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും G.O. (Rt.) No.773/2013/PWD പ്രകാരം 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തിരുവല്ലം, നേമം വില്ലേജുകളിലായി 50.28 സെന്റ് സ്വകാര്യ ഭൂമി ടി പ്രവൃത്തിക്കായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. 1894-ലെ എൽ.എ. ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള റിക്വസിഷൻ 13-8-2015-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ ലഭിച്ചിട്ടുണ്ട്. എന്നാൽ മുൻ എം.എൽ.എ.യുടെ അപേക്ഷ പ്രകാരം 30-10-2016-ലെ G.O. (Rt.) No.1495/ 2016/ PWD നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായുള്ള ഭരണാനുമതി റദ്ദ് ചെയ്തിട്ടുള്ളതാണ്.

4. കല്ലടിമുഖം പാലം

കിള്ളിയാറിന് കുറുകെ തിരുവല്ലം-കൊഞ്ചിറവിള റോഡും കാലടി റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ പാലം പദ്ധതിക്ക് 14-7-2009-ലെ G.O. (Rt.) No. 1044/2009/PWD പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 1894-ലെ എൽ.എ. ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള റിക്വസിഷൻ 5-6-2010-ൽ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും 22-12-2014-ൽ നടന്ന ഡി.എൽ.പി.സി. മുഖേന തീരുമാനിച്ച സ്ഥലത്തിന്റെ വില 28-5-2015-ൽ നടന്ന എസ്.എൽ.ഇ.സി. അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സമയബന്ധിതമായി ഫണ്ട് ലഭ്യമാകാത്തതിനാൽ അത് ഡിനോവ ആയ സാഹചര്യത്തിൽ 2013-ലെ പുതിയ എൽ.എ. ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി പുതുക്കിയ റിക്വിസിഷൻ 15-12-2017-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പാലത്തിന്റെ നവീകരിച്ച ഡിസൈൻ പ്രകാരം ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**പിറവം മണ്ഡലത്തിലെ പാലങ്ങൾ**

76 (3119) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പാലങ്ങളുടെ വിശദവിവരം നല്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വിവിധ കാരണങ്ങളാൽ നിർമ്മാണം ആരംഭിയ്ക്കാൻ കഴിയാത്ത പാലങ്ങളുടെ വിവരവും നിർമ്മാണം ആരംഭിയ്ക്കാൻ കഴിയാത്തതിന്റെ കാരണവും വ്യക്തമാക്കുമോ?

ഉത്തരം

(എ) മറ്റത്താൻകടവ് പാലം

പിറവം, തൃപ്പൂണിത്തുറ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മറ്റത്താൻടവ് പാലത്തിന്റെ wearing coat ഒഴികെയുള്ള നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം നിലച്ചിരിക്കുകയാണ്. പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി പുനരാരംഭിക്കണമെങ്കിൽ കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കേണ്ടതുണ്ട്. കൂടാതെ പാലത്തിനു വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കണമെങ്കിൽ മുളന്തുരുത്തി വില്ലേജിലെ രണ്ട് സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂമിക്ക് പരിവർത്തനാനുമതി ലഭിക്കേണ്ടതുണ്ട്.

കോരങ്കടവ് പാലം

കോരങ്കടവ് പാലത്തിന്റെ നിർമ്മാണം 3-12-2010-ൽ ആരംഭിക്കുകയും പുഴയിലെ തൂണുകളുടെ നിർമ്മാണവും ഐക്കരനാട് ഭാഗത്തെ അബ്‌ട്മെന്റ് ഫൗണ്ടേഷൻ പ്രവൃത്തികളും പൂർത്തിയാകുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകാത്തതുമൂലം 2012 മുതൽ ഈ പ്രവൃത്തി നിശ്ചലാവസ്ഥയിലാണ്. ഇപ്പോൾ ഈ പാലത്തിന്റെ രാമമംഗലം ഭാഗത്തെയും ഐക്കരനാട് ഭാഗത്തെയും 12 ഭൂവുടമകളിൽ 10 ഭൂവുടമകളുടെയും സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കരാറുകാരൻ WP(C)26659/2013 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിരക്ക് പുതുക്കി ലഭിക്കുന്നതിനുവേണ്ടി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ നിരക്ക് 2016 ഡി.എസ്.ആർ. പ്രകാരം പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുകയും ആയത് വിശദമായ പരിശോധനകൾക്കുശേഷം ധനകാര്യ വകുപ്പിന്റെ നിർദ്ദേശാനുസരണമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ റീ വർക്ക് ചെയ്ത് പുനഃസമർപ്പിക്കുവാൻ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് 7-7-2018, 16-8-2018, 18-8-2018 എന്നീ തീയതികളിലെ കത്തുകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ചീഫ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കി പരിശോധിച്ച് ഉത്തരവാകുന്ന മുറയ്ക്കും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസിന്റെ വിധിക്കും വിധേയമായി മാത്രമേ പ്രവൃത്തി പുനരാരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

കീഴ്മുറിക്കടവ് പാലം

കീഴ്മുറിക്കടവ് പാലം നിർമ്മാണം 5-5-2017-ൽ ആരംഭിച്ചു. ഈ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മണീട് ഭാഗത്തെ അബ്‌ട്മെന്റിന്റേയും പുഴയിലെ തൂണുകളുടേയും ഫൗണ്ടേഷൻ പ്രവൃത്തികൾ

പൂർത്തിയായി. രാമമംഗലം ഭാഗത്തെ അബ്ട്മെന്റിന്റെ പൈലിംഗ് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഈ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് ബന്ധപ്പെട്ട സ്ഥലമുടമകളിൽ നിന്നും മുൻകൂർ സമ്മതപ്രത്രം ലഭ്യമാക്കിയാണ്. ഈ പാലത്തിന് ആവശ്യമായ സ്ഥലത്തിന്റെ ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പിൽ നടന്നുവരുന്നു. രാമമംഗലം ഭാഗത്തെ തണ്ണീർത്തടത്തിൽ ഉൾപ്പെട്ടുവരുന്ന സ്ഥലത്തിന്റെ പരിവർത്തനാനുമതിക്കുള്ള അപേക്ഷ കൃഷി വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം ലഭിക്കാനുണ്ട്.

(ബി) ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്ത പാലങ്ങൾ ഒന്നും ഈ മണ്ഡലത്തിലില്ല.

## കൊല്ലം ജില്ലയിലെ സ്ത്രീ സൗഹൃദ വിശ്രമമുറികളും ടോയ്‌ലെറ്റുകളും

77 (3120) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊല്ലം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും തുക അനുവദിച്ച് എത്ര സ്ത്രീ സൗഹൃദ വിശ്രമ മുറികളും ടോയ്‌ലെറ്റുകളും സ്ഥാപിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം കേന്ദ്രങ്ങളിലാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഏതെല്ലാം കേന്ദ്രങ്ങളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് എസ്റ്റിമേറ്റുകൾ നൽകിയിരുന്നു; ആയതിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാരിന്റെ ഭരണകാലയളവിൽ കൊല്ലം ജില്ലയിൽ 19 സ്ത്രീ സൗഹൃദ വിശ്രമ മുറികളും ടോയ്‌ലെറ്റുകളും സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുകയും ആയവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

(ബി)

1. വില്ലേജ് ഓഫീസ്, തേവലക്കര
2. വില്ലേജ് ഓഫീസ്, തഴവ
3. മിനി സിവിൽ സ്റ്റേഷൻ, ശാസ്താംകോട്ട
4. മിനി സിവിൽ സ്റ്റേഷൻ, കരുനാഗപ്പള്ളി

5. പോലീസ് സ്റ്റേഷൻ, കരുനാഗപ്പള്ളി

6. പോലീസ് സ്റ്റേഷൻ, ചവറ

7. പോലീസ് സ്റ്റേഷൻ, ഓച്ചിറ

8. താലൂക്ക് ഹോസ്പിറ്റൽ, കരുനാഗപ്പള്ളി

9. പി. ഡബ്ല്യൂ. ഡി. കോംപ്ലക്സ്, കരുനാഗപ്പള്ളി

10. താലൂക്ക് ഹോസ്പിറ്റൽ, നീണ്ടകര

11. എം. ആർ. ഐ. റ്റി. സി., ഓച്ചിറ

12. ചെസ്റ്റ് ഡിസീസ് ഹോസ്പിറ്റൽ, കരുനാഗപ്പള്ളി

13. സബ് രജിസ്ട്രാർ ഓഫീസ്, തേവലക്കര

14. അഴീക്കൽ പി.എച്ച്.സി., കരുനാഗപ്പള്ളി

15. സബ് രജിസ്ട്രാർ ഓഫീസ്, ഓച്ചിറ

16. വില്ലേജ് ഓഫീസ്, വെറ്ററിനറി ഹോസ്പിറ്റൽ കോമ്പൗണ്ട്, മൈനാഗപ്പള്ളി

17. പി. എച്ച്. സി., പോരുവഴി

18. അമിനിറ്റി സെന്റർ ഫോർ വിമൻ, കടയ്ക്കൽ

19. ആലപ്പാട് പി. എച്ച്. സി., കരുനാഗപ്പള്ളി

(സി) കൊല്ലം ജില്ലയിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കടയ്ക്കലിൽ ഒരു സ്ത്രീ സൗഹൃദ വിശ്രമ മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**മുക്കാട് പാലം നിർമ്മാണം**

78 (3121) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് മുക്കാട് പാലം നിർമ്മിക്കുന്നതിന് എം.എൽ.എ യുടെ മണ്ഡലം ആസ്തി വികസന പദ്ധതിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണ-സാങ്കേതിക അനുമതികൾക്കും നിർമ്മാണം ആരംഭിക്കുന്നതിനുമായി പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനായി (ഫയൽ നമ്പർ-454/PWD/D) അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് മുക്കാട് പാലം നിർമ്മാണത്തിന് എം.എൽ.എ.യുടെ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 6-12-2018-ലെ G.O(Rt)No. 1889/2018/PWD പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ചൂണ്ടൽ പാറയ്ക്ക് സമീപം പുതിയ പാലം**

79 (3122) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കുറ്റിപ്പുറം ഹൈവേയിൽ ചൂണ്ടൽ പാറയ്ക്ക് സമീപമുള്ള പുതിയ പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് എത്ര രൂപയുടേതാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണോദ്ഘാടനം കഴിഞ്ഞിട്ടും നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടിയന്തരമായി നിർമ്മാണം തുടങ്ങുന്നതിനും പണിപൂർത്തികരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എസ്റ്റിമേറ്റ് തുക 3,39,00,000 (മൂന്ന് കോടി മുപ്പത്തി ഒൻപത് ലക്ഷം) രൂപ.

(ബി) നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(സി) നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തൃശ്ശൂർ - കുറ്റിപ്പുറം പാതയിൽ പുതിയ പാലം**

80 (3123) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ - കുറ്റിപുറം പാതയിൽ ചൂണ്ടൽ പഞ്ചായത്തിൽ കേച്ചേരിയിൽ പുതിയ പാലത്തിന്റെ നിർമ്മാണത്തിന് അനുവദിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ തീയതിയും എഗ്രിമെന്റ് തീയതിയും എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തി എന്ന് തുടങ്ങുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) എസ്റ്റിമേറ്റ് തുക 3,50,00,000 (മൂന്നു കോടി അമ്പത് ലക്ഷം) രൂപ.

(ബി) ടെണ്ടർ തീയതി 5-5-2018. എഗ്രിമെന്റ് നമ്പർ 83/SECCA/18-19 തീയതി 29-11-2018.

(സി) മൂന്ന് മാസമാണ് ഈ പദ്ധതിയുടെ പൂർത്തീകരണ കാലാവധി. നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അഴീക്കോട് മുനമ്പം പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടി**

81 (3124) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ -എറണാകുളം തീരദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന അഴീക്കോട് മുനമ്പം പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടി ദ്രുതഗതിയിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത് സംബന്ധിച്ചുള്ള സാമൂഹ്യ പ്രത്യാഘാത പഠനം ആരംഭിച്ചിട്ട് എത്ര നാളായി; പ്രസ്തുത പഠനം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എത്രസമയമെടുക്കും എന്നറിയിക്കാമോ?

ഉത്തരം

(എ) ലാൻഡ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടർ തൃശ്ശൂർ, എറണാകുളം എന്നിവരുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള അലൈൻമെന്റ് സ്റ്റോൺസ് സ്ഥാപിച്ചുകഴിഞ്ഞു. അഴീക്കോട് ഭാഗത്തെ ലാൻഡ് അക്വിസിഷനു വേണ്ടി തൃശ്ശൂർ ലാൻഡ് അക്വിസിഷൻ ഓഫീസർ സ്കെച്ച് തയ്യാറാക്കി പരിശോധിക്കുകയും ഭൂമി എറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 56 സെന്റ് സ്ഥലം വിട്ടുതരുന്നതിന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തൃശ്ശൂരും ലാൻഡ് അക്വിസിഷൻ (ജനറൽ) വകുപ്പും കൊടുങ്ങല്ലൂർ താലൂക്ക് സർവ്വേയർമാരും പൊതുമരാമത്ത് വകുപ്പും ചേർന്ന് 24-7-2018-ന് സംയുക്ത പരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തൃശ്ശൂരിൽ നിന്നും ഡയറക്ടർ ഫിഷറീസ്

തിരുവനന്തപുരത്തിന് സമർപ്പിച്ചിട്ടുണ്ട്. മുനമ്പം ഭാഗത്തെ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്തു വിഭാഗത്തിൽ നിന്നും 28-9-2018-ലെ കത്ത് നമ്പർ എ 2-1991/2005 മുഖാന്തരം തിരുവനന്തപുരം കേരള റോഡ്സ് ഫണ്ട് ബോർഡ് പ്രേജക്ട് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ജില്ലാ കളക്ടർ നേരിട്ട് നിയമിച്ചിരിക്കുന്ന പ്രത്യേക സംഘമാണ് സാമൂഹ്യാഘാത പഠനം നടത്തുന്നത്. അത് പൊതുമരാമത്ത് വകുപ്പുമായി നേരിട്ട് ബന്ധമുള്ളതല്ല. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, കളമശ്ശേരിയാണ് ഇരുഭാഗത്തും സാമൂഹ്യാഘാത പഠനം നടത്തുന്നത്.

**ചാലക്കുടി തിരുപറമ്പ് പാലം**

82 (3125) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലെ ചാലക്കുടി പുഴയ്ക്ക് കുറുകെയുള്ള തിരുപറമ്പ് പാലത്തിന്റെ പ്രോജക്റ്റും എസ്റ്റിമേറ്റും വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ പ്രളയത്തിൽ ഇവിടെ ഒറ്റപ്പെട്ടവരെ രക്ഷിക്കാനും ക്യാമ്പിലെത്തിക്കാനും ഹെലികോപ്റ്റർ കൊണ്ടുവരേണ്ടി വന്ന സാഹചര്യം കണക്കിലെടുത്ത് വർഷങ്ങളായി പഞ്ചായത്ത് ആവശ്യം ഉന്നയിക്കുന്ന പാലം യാഥാർത്ഥ്യമാക്കുന്നതിന് പ്രോജക്റ്റും എസ്റ്റിമേറ്റും തയ്യാറാക്കി സർക്കാരിൽ എത്തിക്കുന്നതിനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർക്ക് നൽകാമോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പ്രദേശത്തിന്റെ ആവശ്യകത കണക്കിലെടുത്ത് ഏറ്റവും ചുരുങ്ങിയ എട്ട് മീറ്റർ വീതിയുള്ള (വിത്തൗട്ട് ഫുട്ട് പാത്ത്) ഒരു പാലമെങ്കിലും നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുമെന്ന് ഉറപ്പ് നൽകുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) തയ്യാറാക്കിയിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ ലിസ്റ്റിൽ 1141-ാം നമ്പരായി പുവത്തുശ്ശേരിയേയും എളവൂരിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന തിരുപ്പറമ്പ് പാലം നിർമ്മാണം എന്ന പ്രസ്തുത പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

## വഴിക്കടവ്, കുപ്പായക്കോട് പാലങ്ങൾ

83 (3126) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടാവസ്ഥയിലായ തിരുവമ്പാടി മണ്ഡലത്തിലെ വഴിക്കടവ്, കുപ്പായക്കോട് പാലങ്ങൾ പുനർനിർമ്മിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(സി) പദ്ധതികൾക്ക് എന്ന് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവമ്പാടി മണ്ഡലത്തിലെ വഴിക്കടവ്, കുപ്പായക്കോട് എന്നീ പാലങ്ങൾ പുനർ നിർമ്മിക്കുന്ന പാലങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പാലങ്ങൾ പുനർനിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു.

(സി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി റിപ്പോർട്ട് ലഭിച്ചാൽ പാലം ഡിസൈൻ ചെയ്യേണ്ടതുണ്ട്. ഡിസൈൻ ലഭ്യമായാൽ മാത്രമേ അതനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

## റാന്നിയിലെ പാലങ്ങളുടെ നിർമ്മാണം

84 (3127) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച റാന്നി വലിയപാലം, വടശ്ശേരിക്കര പാലം എന്നിവയ്ക്ക് എത്ര രൂപ വീതമാണ് അനുവദിച്ചത്; ഇവയുടെ നിർമ്മാണത്തിനായുള്ള നടപടികൾ ഏത് ഘട്ടം വരെയായി; വിശദീകരിക്കാമോ;

(ബി) നിർമ്മാണ പദ്ധതി ടെൻഡർ ചെയ്തിട്ടുണ്ടോ; ഏതൊക്കെ കമ്പനികളാണ് നിർമ്മാണം ഏറ്റെടുത്തിരിക്കുന്നത്; ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; നടപടികൾ പൂർത്തീകരിച്ച് പാലങ്ങളുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി 2016-17 പദ്ധതിയിൽ റാന്നി വലിയ പാലത്തിന് 26.76 കോടി രൂപയും വടശ്ശേരിക്കര പാലത്തിന് 13.863 കോടി രൂപയും അനുവദിച്ചു. റാന്നി വലിയ പാലം റീ-ടെണ്ടർ ചെയ്യുകയും 5 പേർ ടെണ്ടർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വടശ്ശേരിക്കര പാലത്തിന്റെ എഗ്രിമെന്റ് വയ്ക്കുന്ന നടപടികൾ നടന്നുവരുന്നു.

(ബി) റാന്നി വലിയ പാലത്തിന്റെ നിർമ്മാണക്കമ്പനി ഏതെന്ന് തീരുമാനിച്ചിട്ടില്ല. വടശ്ശേരിക്കര പാലത്തിന്റെ നിർമ്മാണത്തിനായി ശ്രീ. ഇബ്രാഹിംകുട്ടി എ., വലിയത്ത്, കൊല്ലം എന്നയാളെയാണ് തെരഞ്ഞെടുത്തത്.

**വെണ്ടുരുത്തി പാലം**

85 (3128) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തെയും പശ്ചിമ കൊച്ചിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന വെണ്ടുരുത്തി പാലം ഗതാഗതത്തിന് തുറന്നു കൊടുക്കുന്നതിനായി സ്ട്രക്ചറൽ സ്റ്റെബിലിറ്റി സംബന്ധിച്ച് വിദഗ്ദ്ധവും വിശദവുമായ പഠനം നടത്താൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) ഈ പാലം പൈതൃക സംരക്ഷണ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ആയതുസംബന്ധിച്ച് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) എറണാകുളം വെണ്ടുരുത്തി പഴയപാലത്തിൽ കൂടി വാഹനഗതാഗതം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ഈ പാലത്തിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി സംബന്ധിച്ച് വിശദമായ പഠനവും പരിശോധനയും നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചീഫ് എഞ്ചിനീയർ, ഡിസൈനിനു കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികമായി കൂടുതൽ വൈദഗ്ദ്ധ്യമുള്ളതും ഈ വിഷയങ്ങളിൽ ഗവേഷണ പരീക്ഷണങ്ങൾ നടത്തുന്നതുമായ ചെന്നൈയിലെ SERC (Structural Engineering Research Centre) എന്ന സ്ഥാപനത്തിന് കൂടുതൽ

വിശദാംശങ്ങൾക്കും ഉപദേശങ്ങൾക്കുമായി ചീഫ് എഞ്ചിനീയർ, ഡിസൈൻ കത്ത് നൽകിയിട്ടുണ്ട്. 1936-ൽ നിർമ്മിച്ച പാലത്തിന്റെ കാലപ്പഴക്കംമൂലവും സ്റ്റീൽ കൊണ്ട് നിർമ്മിച്ചതാകയാലും ഈ പാലത്തിൽകൂടി ഗതാഗതം പുനഃസ്ഥാപിക്കുന്നതിന് മുമ്പ് വിശദമായ പഠനം ആവശ്യമാണ്. SERC (Structural Engineering Research Centre)-ന്റെ മറുപടി ലഭിച്ചതിനുശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയൂ.

**ചെട്ടിക്കടവ് പാലം പുനർനിർമ്മാണം**

86 (3129) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചെട്ടിക്കടവ് പാലം പുനർ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് ഭരണാനുമതി ലഭ്യമാക്കുമോ;

(സി) ഇരുഭാഗത്തും വീതിയുള്ള റോഡ് നിലവിലുണ്ടെങ്കിലും സൗകര്യപ്രദമായ പാലമില്ലാത്തതു കാരണം ജനങ്ങൾ ബുദ്ധിമുട്ടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചെട്ടിക്കടവ് പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പാലം വീതി കുറവായതിനാൽ തൻമൂലമുണ്ടാകുന്ന ഗതാഗത തടസ്സവും ജനങ്ങളുടെ ബുദ്ധിമുട്ടും കണക്കിലെടുത്താണ് പുതിയ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

**പള്ളിക്കമണ്ണടി പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം**

87 (3130) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലമെടുപ്പ് നടപടികളിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി പുതിയ അർത്ഥനാപത്രവും അലൈമെന്റ് സ്കെച്ചും തയ്യാറാക്കിയിട്ടുണ്ടോ എന്നും അനന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കുന്നതിനും പാലം പണി ആരംഭിക്കുന്നതിനും അവശേഷിക്കുന്ന തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സ്ഥലം ഏറ്റെടുപ്പിനായി പുതിയ അർത്ഥനാപത്രം കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള അലൈൻമെന്റിൽ മാറ്റമൊന്നുമില്ല.

(സി) സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കുന്നതിനും പാലം പണി ആരംഭിക്കുന്നതിനും ഫണ്ടിന്റെ അപര്യാപ്തതയാണ് തടസ്സം.

**ചേർപ്പുങ്കൽ പാലം നിർമ്മാണം**

88 (3131) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ചേർപ്പുങ്കൽ പാലം നിർമ്മാണം സംബന്ധിച്ച അനുബന്ധപ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കും; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ടി പ്രവൃത്തി 24-11-2018-ൽ ടെണ്ടർ ചെയ്തിട്ടുണ്ട്. ദർഘാസ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 11-12-2018 ആണ്.

(ബി) 18 മാസമാണ് ടി പ്രവൃത്തിയുടെ നിർമ്മാണ കാലാവധി.

## കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം

89 (3132) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശിയ പാതകളിൽ മിക്കപ്പോഴും ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത് നിത്യകാഴ്ചയായി മാറിയ സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ബി) എങ്കിൽ ഇതിനുള്ള പരിഹാരമായി എത്ര ബൈപ്പാസുകളും റിങ്ങ് റോഡുകളുമാണ് ഇപ്പോൾ നിർമ്മാണത്തിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇവ ഓരോന്നിന്റെയും നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നാണ് കരുതുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിൽ ഗതാഗതക്കുരുക്കിന് പരിഹാരമായി നിർമ്മിക്കുന്ന കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഇ) ഏത് ഏജൻസിയെയാണ് ഇതിന്റെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ-സി) നിലവിൽ ദേശീയപാതയിലെ ഗതാഗത സാന്ദ്രത അധികമായാൽ പലയിടങ്ങളിലും ഗതാഗതക്കുരുക്ക് അനുഭവപ്പെടാറുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയപാതകളായ എൻ.എച്ച്.66, എൻ.എച്ച്.544 എന്നിവ 4/6 വരിപ്പാതയായും മറ്റ് ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായും വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 4/6 ദേശീയപാതയായി വികസിപ്പിക്കുന്ന പ്രവൃത്തികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരമാണ് നടപടി എടുക്കേണ്ടത്.

നിലവിലെ ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ആലപ്പുഴ, കൊല്ലം പട്ടണങ്ങളിൽ കേന്ദ്ര പങ്കാളിത്തത്തിൽ ബൈപ്പാസ് നിർമ്മിച്ചുവരുന്നു. ഇതിൽ ആലപ്പുഴ ബൈപ്പാസ് 2019 ഏപ്രിൽ മാസം പകുതിയോടെയും കൊല്ലം ബൈപ്പാസ് 2019 ഡിസംബർ മാസം അവസാനത്തോടെയും പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര, തൊണ്ടയാട് എന്നിവിടങ്ങളിൽ സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് മേൽപ്പാലങ്ങൾ സെപ്റ്റംബർ മാസത്തിൽ നിർമ്മാണം പൂർത്തീകരിച്ചു. കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി സംസ്ഥാന സർക്കാർ ദേശീയപാതാ വിഭാഗം വഴി വൈറ്റില കുണ്ടന്നൂർ എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിച്ചുവരുന്നു. ഇവ യഥാക്രമം 26-5-2019-ലും 25-3-2020-ലും പൂർത്തിയാക്കുന്നതാണ്.

(ഡി&ഇ) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം 27-9-2016-ലെ G.O. (Rt.) No.1324/2016/PWD പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആർ.ബി.ഡി. സി. കെ. പ്രസ്തുത ബൈപ്പാസിനായി തയ്യാറാക്കിയ വിശദമായ പദ്ധതിരേഖയ്ക്ക് 37.96 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ നാലുവരിപ്പാത**

90 (3133) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര കിലോമീറ്റർ ദൈർഘ്യത്തിലാണ് നാലുവരിപ്പാത കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ദൈർഘ്യത്തിൽ നാലുവരിപ്പാത നിർമ്മാണത്തിനായി പൊളിച്ച് നീക്കേണ്ട എത്ര കെട്ടിടങ്ങൾ ഉണ്ടെന്നും പ്രസ്തുത കെട്ടിടങ്ങൾ ഏത് ഗണത്തിൽ പെടുന്നതാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിട ഉടമകൾക്ക് ഇത് സംബന്ധിച്ച അറിയിപ്പുകൾ നൽകിയിട്ടുണ്ടോ എന്നും ഇവർക്ക് നൽകാനുള്ള നഷ്ടപരിഹാരത്തുക എത്ര പേർക്ക് നൽകിയെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും നഷ്ട പരിഹാരത്തുക ആകെ എത്രയാണെന്നും എത്ര കെട്ടിടങ്ങൾ ഇതിനകം പൊളിച്ചു മാറ്റിയെന്നും വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ നാലുവരിപ്പാത നിർമ്മാണത്തിന് തടസ്സങ്ങൾ ഉണ്ടോയെന്നും ഇതുമായി ബന്ധപ്പെട്ട് കോടതിയിലോ മറ്റോ കേസ്സുകൾ നിലവിലുണ്ടോ എന്നും എങ്കിൽ ആരാണ് കേസ്സ് ഫയൽ ചെയ്തതെന്നും വ്യക്തമാക്കാമോ; നാലുവരിപ്പാത നിർമ്മാണം എപ്പോൾ തുടങ്ങുമെന്നും പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്താകെ നാലുവരിപ്പാത നിർമ്മാണത്തിന് എത്ര തുകയാണ് ചെലവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഈ തുക കേന്ദ്രമാണോ നൽകുന്നതെന്നും ഇതിനകം എത്ര തുക കേന്ദ്രം നൽകിയെന്നും എത്ര തുക സംസ്ഥാന സർക്കാർ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ 86.8 കിലോമീറ്റർ ദൈർഘ്യത്തിലാണ് നാലുവരിപ്പാത കടന്നുപോകുന്നത്.

(ബി) നാലുവരിപ്പാത നിർമ്മാണത്തിനായി പൊളിച്ചുനീക്കേണ്ട 2492 കെട്ടിടങ്ങളുണ്ട്. പ്രസ്തുത കെട്ടിടങ്ങൾ താമസസ്ഥലങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവയാണ്.

(സി) പ്രസ്തുത കെട്ടിട ഉടമകൾക്ക് ഇത് സംബന്ധിച്ച അറിയിപ്പുകൾ നൽകിയിട്ടുണ്ട്. നാളിതുവരെ 108,48,90,397 രൂപ 534 ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുകയായി നൽകുകയും 32 വീടുകൾ/കടകൾ പൊളിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കാസർഗോഡ് ജില്ലയിൽ നാലുവരിപ്പാത നിർമ്മാണത്തിന് തടസ്സങ്ങളില്ല. എന്നാൽ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. രാജഗോപാൽ ശർമ്മയുടെ ഒരു കേസും ശ്രീ. സി. എ. മഹ്ദൂദ്, ശ്രീ. ബി. അബ്ബാസ് എന്നിവരുടെ രണ്ട് പരാതികളും നിലവിലുണ്ട്. കി. മീ. 17/200 മുതൽ 57/200 വരെയും 57/200 മുതൽ 95/650 വരെയുമുള്ള ഭാഗങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി ഉടൻതന്നെ ആരംഭിക്കുന്നതാണ്. ഈ മേഖലയിലെ നീലേശ്വരം ROB-യുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു.

• (ഇ) ദേശീയപാത 66 നാലുവരിപ്പാതയായി നിർമ്മിക്കുന്നതിന് ആവശ്യമായ തുക ജില്ല തിരിച്ചുള്ളത് അനുബന്ധമായി* ചേർക്കുന്നു.

ദേശീയപാത അതോറിറ്റി വഴിയാണ് ഇതിനുള്ള തുക നൽകുന്നത്.

**ബാലരാമപുരം-കളിയിക്കാവിള ഹൈവേ വീതികൂട്ടുന്ന നടപടി**

91 (3134) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരം-കളിയിക്കാവിള ഹൈവേ വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(ബി) എത്ര മീറ്റർ വീതിയിലാണ് ഹൈവേ പണിയുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പാതയിൽ എത്ര ജംഗ്ഷൻ ഹെഡുകൾ കാണുമെന്ന് വ്യക്തമാക്കാമോ ;

(സി) 2019-20 സാമ്പത്തിക വർഷത്തിൽ പ്രസ്തുത റോഡിന്റെ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമോയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കരമന-കളിയിക്കാവിള നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് കൊടിനട-വഴിമുക്ക് ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബാലരാമപുരം ജംഗ്ഷനിൽ അടിപ്പാത/മേൽപ്പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതുണ്ട്. വഴിമുക്ക്-കളിയിക്കാവിള ഭാഗത്തെ കരട് അലൈൻമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 30.2 മീറ്റർ വീതിയിൽ പ്രസ്തുത അലൈൻമെന്റിന് അംഗീകാരം ലഭിച്ചാൽ മാത്രമേ എത്ര ജംഗ്ഷൻ ഹെഡുകൾ ഉണ്ടെന്ന് പറയാൻ സാധിക്കൂ.

(സി) കൊടിനട-വഴിമുക്ക് ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ 2019-20-ൽ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വഴിമുക്ക്-കളിയിക്കാവിള ഭാഗത്തെ അലൈൻമെന്റും അംഗീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## തിരുവനന്തപുരം ജില്ലയിലെ ദേശിയ പാത വികസനം

92 (3135) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ദേശിയ പാത സ്ഥലമെടുപ്പ് പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) കരമന-കളിയിക്കാവിള റോഡ് വികസന പദ്ധതി ഏത് ഘട്ടത്തിലാണ്;

(സി) ഈ പദ്ധതി എന്നേക്ക് പൂർത്തിയാകും;

(ഡി) ഈ പദ്ധതിയ്ക്ക് അനുവദിച്ച തുകയും പദ്ധതിയുടെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടും വർഷം തിരിച്ച് വിശദമാക്കാമോ;

(ഇ) കഴക്കൂട്ടം-കാരോട് പദ്ധതിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

### ഉത്തരം

(എ) ദേശീയപാത എൻ.എച്ച്.66-ലെ കടമ്പാട്ടുകോണം മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരമാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ നോട്ടിഫിക്കേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. കരമന-കളിയിക്കാവിള നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളാണ് നിലവിൽ ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ നടന്നുവരുന്നത്. ഇതിൽ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം-കൊടിനട വരെയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളിൽ കോടതി വ്യവഹാര നിലനിൽക്കുന്ന എൽ.എ.സി. 637/15 എന്ന കെട്ടിടം ഒഴികെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ ഭാഗത്തെ പദ്ധതി

നടത്തിപ്പിനാവശ്യമായ സർക്കാർ വക ഭൂമിയും കൈമാറിക്കിട്ടാനുണ്ട്. ഇതിനുള്ള നടപടികൾ റവന്യൂ വിഭാഗം വഴി പുരോഗമിക്കുന്നു. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ 2013-ലെ പുതിയ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരമാണ് നടത്തേണ്ടത്. Social Impact Assesment Study നടത്തിയാൽ മാത്രമേ സ്ഥലം ഏറ്റെടുക്കൽ സാധിക്കുകയുള്ളൂ. ഈ ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് മുഖാന്തരം ഉടൻതന്നെ ആരംഭിക്കുന്നതാണ്. ടി ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി 98.1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള നാലുവരിപ്പാത വികസനത്തിനുള്ള അലൈൻമെന്റ് പ്ലാൻ അംഗീകാരത്തിനായി പരിഗണനയിലാണ്. പ്രസ്തുത അലൈൻമെന്റ് പ്ലാൻ അംഗീകരിച്ചാൽ മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

(ബി) കരമന-കളിയിക്കാവിള ദേശീയപാതയുടെ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള പണി പൂർത്തിയായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം-കൊടിനട വരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവൃത്തിക്കായുള്ള ടെണ്ടർ നടപടികൾ പി.എം.യു., കെ.ആർ.എഫ്.ബി. മുഖാന്തരം പൂർത്തീകരിച്ചിട്ടുണ്ട്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ 2013-ലെ പുതിയ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം നടത്തുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് മുഖാന്തരം സ്വീകരിച്ചുവരുന്നു.

(സി) കരമന-കളിയിക്കാവിള ദേശീയപാത നാലുവരിപ്പാത വികസനത്തിന്റെ ഭാഗമായുള്ള കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 20-1-2016-ൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം-കൊടിനട വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. 2 വർഷമാണ് നിർമ്മാണ പൂർത്തീകരണ കാലാവധി നിശ്ചയിച്ചിട്ടുള്ളത്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയും വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുമുള്ള നിർമ്മാണ പൂർത്തീകരണ കാലാവധിയെ സംബന്ധിച്ച വിശദാംശം ഈ ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ ലഭ്യമാകുകയുള്ളൂ.

(ഡി) ഈ പദ്ധതിക്കായി അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

2013-14-ൽ 74 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. 2016-ൽ ഈ തുക ചെലവാക്കിയിട്ടുണ്ട്. 21-1-2016-ൽ 50 കോടി രൂപയും 06/16, 10/17 മാസങ്ങളിലായി 216.87 കോടി രൂപയും

ചേർത്ത് ആകെ 266.87 കോടി രൂപ (ഇരുന്നൂറ്റി അറുപ്പത്തിയാറ് കോടി എൺപത്തിയേഴ് ലക്ഷം രൂപ) ഭൂമി ഏറ്റെടുക്കൽ നടപടിക്കായി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. കൂടാതെ ബാലരാമപുരം - കൊടിനട മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ സ്ഥലം ഏറ്റെടുക്കുന്നതിനായി 98.1 കോടി രൂപ 20-7-2017-ലെ ജി.ഒ (ആർ.റ്റി) നമ്പർ 1048/17/പൊ.മ.വ. പ്രകാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്ഥലം ഏറ്റെടുക്കുന്നതിനായി 274.1716 കോടി രൂപ റവന്യൂ വകുപ്പിനും 9.03 കോടി രൂപ പൊതുമരാമത്ത് വകുപ്പിനുമായി ആകെ 283.2016 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞതുകൂടാതെ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

18-3-2015-ലെ ജി.ഒ. (ആർറ്റി.) നമ്പർ 420/2015/പൊ.മ.വ. പ്രകാരം 1.46 കോടി രൂപ ഒന്നാംഘട്ടത്തിന്റെ രണ്ടാം റീച്ചിന്റെ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് 18-11-2016-ലെ ഉത്തരവ് നമ്പർ 31/കിഫ്ബി/2016 പ്രകാരം 162.46 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) കഴക്കൂട്ടം-കാരോട് ബൈപ്പാസിന്റെ നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് നടപ്പാക്കുന്നത്. ഈ പ്രവൃത്തി 2019 മാർച്ച് അവസാനത്തോടെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.ന്റെ കെട്ടിട നിർമ്മാണം

93 (3136) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) 3 കോടി രൂപ കിഫ്ബിയിൽ വകയിരുത്തിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിലേയ്ക്ക് ബന്ധപ്പെട്ട ഫയലുകൾ ഏതെല്ലാം ഓഫീസുകളിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയും കിഫ്ബി വഴിയുള്ള പ്രവൃത്തിയും അടിയന്തരമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കോന്നി മണ്ഡലത്തിലെ കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.ന്റെ കെട്ടിട നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. സ്ട്രക്ചറൽ പ്രവൃത്തിയുടെ 20 ശതമാനം പൂർത്തിയായിട്ടുണ്ട്.

(ബി&സി) കിഫ്ബിയിൽ വകയിരുത്തിയ കെട്ടിടത്തെപ്പറ്റി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് ഇതുവരെ അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) നിലവിലെ നിർമ്മാണം ത്വരിതഗതിയിൽ നടന്നുവരികയാണ്. പൂർത്തീകരണ കാലാവധി 4-12-2019 വരെയാണ്.

**ഉദുമ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം**

94 (3137) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(സി) തടസ്സങ്ങൾ നീക്കി ഈ പ്രവൃത്തി എന്ന് ടെണ്ടർ ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) രജിസ്ട്രേഷൻ വകുപ്പിന് ദാനമായി ലഭിച്ച ഉദുമ വില്ലേജിലെ 238/11, 238/12 എന്നീ റീസർവ്വേയിൽപ്പെട്ട വസ്തു 2018-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ടിന്റെ പരിധിയിൽപ്പെടുന്നതിനാൽ, കെട്ടിട നിർമ്മാണത്തിന് അനുമതിക്കായുള്ള അപേക്ഷ ആർ.ഡി.ഒ.യുടെ പരിഗണനയിലാണ്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**വൈത്തിരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ**

95 (3138) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച വൈത്തിരി മിനി സിവിൽസ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈത്തിരി മിനി സിവിൽ സ്റ്റേഷൻ ബി-ബ്ലോക്ക് (സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ്) നിർമ്മിക്കുന്നതിന് 27-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 246/2017/പൊ.മ.വ. പ്രകാരം 300.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. രജിസ്ട്രേഷൻ വകുപ്പിന്റെ കയ്യിലുള്ള ഭൂമിയുടെ പരിമിതിമൂലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമല്ലാത്തതിനാൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ കെട്ടിടം നിർമ്മിക്കുവാൻ തീരുമാനിക്കുകയും കെട്ടിടത്തിന്റെ പ്രാഥമിക പ്ലാൻ തയ്യാറാക്കി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുള്ള നടപടി പൂർത്തിയാക്കിയ ശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. കെട്ടിടം നിർമ്മിക്കുന്നതിന് ആദ്യം നിശ്ചയിച്ച സ്ഥലത്തിന് മാറ്റം സംഭവിച്ചിട്ടുള്ളതിനാലാണ് പ്രവൃത്തിയുടെ നടത്തിപ്പിന് കാലതാമസം സംഭവിച്ചിട്ടുള്ളത്.

## കായംകുളം കോടതി സമുച്ചയത്തിന്റെ നിർമ്മാണം

96 (3139) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കോടതി സമുച്ചയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

ഉത്തരം

കായംകുളം കോടതി സമുച്ചയത്തിന്റെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിലേയ്ക്കായി സൂക്ഷ്മപരിശോധനയിലാണ്. ആയത് കഴിഞ്ഞാലുടനെ തന്നെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

## ആലംകോട് ഗവൺമെന്റ് ഹൈസ്കൂൾ മന്ദിര നിർമ്മാണം

97 (3140) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ആലംകോട് ഗവ. ഹൈസ്കൂൾ മന്ദിര നിർമ്മാണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആലംകോട് ഗവ. ഹൈസ്കൂൾ മന്ദിര നിർമ്മാണത്തിനായി എം.എ. ഹക്കീം എന്ന കരാറുകാരനുമായി എഗ്രിമെന്റ് വയ്ക്കുകയും നിർമ്മാണ പ്രവൃത്തികൾ 90 ശതമാനത്തോളം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2018 ഡിസംബർ 25-നകം കെട്ടിടം സ്കൂളിന് കൈമാറാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പഴയങ്ങാടി താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണം**

98 (3141) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിട നിർമ്മാണത്തിനായി 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്.

**ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

99 (3142) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി സർക്കാർ ഭൂമി ലഭ്യമായിട്ടും നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മണ്ഡലത്തിന് ഏറെ പ്രയോജനകരമായ ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ബാലുശ്ശേരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാനുള്ള നടപടികൾ ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല.

(സി) ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കോഴിക്കോട് മേഖലാതല കെട്ടിട ഡിസൈൻ വിഭാഗം**

100 (3143) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് ആരംഭിച്ച മേഖലാതല കെട്ടിട ഡിസൈൻ വിഭാഗത്തിന്റെ യൂണിറ്റിനൊപ്പം ഒരു ആർക്കിടെക്ട് വിഭാഗം യൂണിറ്റ് കൂടി ആരംഭിക്കേണ്ടുന്നതിലെ ആവശ്യകത ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ആർക്കിടെക്ട് വിഭാഗം യൂണിറ്റിന്റെ അഭാവം മൂലം ഉദ്ദേശിച്ച ഫലം മേഖലാതല ഡിസൈൻ വിഭാഗം യൂണിറ്റിന്റെ പ്രവർത്തനം കൊണ്ട് ലഭ്യമാകുന്നില്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) ആർക്കിടെക്ട് വിഭാഗം യൂണിറ്റ് കൂടി കോഴിക്കോട് സ്ഥാപിക്കുന്നതിനായുള്ള ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനം നടന്നു വരുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കോഴിക്കോട് മേഖലാ ഓഫീസിന്റെ അഭാവംമൂലം പ്രവൃത്തികളെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വാസ്തുശിൽപ്പ വിഭാഗത്തിൽ നിലവിൽ കൈകാര്യം ചെയ്യുന്ന പ്രവൃത്തികളുടെ എണ്ണം വളരെയേറെ വർദ്ധിച്ചിട്ടുള്ളതിനാൽ കൂടുതൽ ആർക്കിടെക്ടുമാരെ പുതിയ തസ്തിക രൂപീകരിച്ച് നിയമിക്കുവാനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

**കന്യാകുളങ്ങര സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

101 (3144) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എസ്.പി.വി.ആയി നടപ്പിലാക്കുന്ന കന്യാകുളങ്ങര സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) എന്നത്തേയ്ക്ക് നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ടി പ്രവൃത്തിക്കുവേണ്ടിയുള്ള ദർഘാസ് അനുമതിക്കുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ഒരു മാസത്തിനുള്ളിൽ ഈ പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുവാൻ കഴിയും.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

102 (3145) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗം നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പൊഴിയൂർ യു.പി.സ്കൂൾ, നെയ്യാറ്റിൻകര പൊതുമരാമത്ത് റെസ്റ്റ് ഹൗസ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ടെണ്ടർ നടപടി സ്വീകരിച്ചോ എന്ന് വ്യക്തമാക്കാമോ;

(ബി) പൊഴിയൂർ യു.പി.എസ്.,നെയ്യാറ്റിൻകര റെസ്റ്റ് ഹൗസ് എന്നിവയുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഏതെല്ലാം നടപടികൾ ആണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിൽ ഉള്ള തടസ്സങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പൊഴിയൂർ യു.പി. സ്കൂളിനെ സംബന്ധിച്ച് നിലവിൽ പ്രൊപ്പോസൽസ് ഒന്നും തന്നെയില്ല. പൊഴിയൂർ എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടത്തിനുള്ള സോയിൽ ഇൻവെസ്റ്റിഗേഷൻ വർക്കുകൾ പൂർത്തീകരിച്ചു. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യാനുള്ള നടപടികൾ ഉടൻതന്നെ സ്വീകരിക്കുന്നതാണ്. നെയ്യാറ്റിൻകര പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസിന്റെ രണ്ടാം നില നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

**കരുനാഗപ്പള്ളിയിൽ മിനി സിവിൽ സ്റ്റേഷൻ അനക്സ്**

103 (3146) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ദേശീയപാത വികസനത്തിന്റെ ഭാഗമായി കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷന്റെ ഏതെല്ലാം ഭാഗങ്ങൾ നീക്കം ചെയ്യേണ്ടിവരുമെന്ന് വിശദമാക്കുമോ;

(സി) അവിടെ ലഭ്യമായ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു മിനി സിവിൽ സ്റ്റേഷൻ അനക്സ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) അതിനായി കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ കരുനാഗപ്പള്ളി ഓഫീസ് സമുച്ചയം നിന്നിരുന്ന സ്ഥലം പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 12 സർക്കാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

(ബി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരം ദേശീയപാതാ വികസനത്തിനായിട്ടുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. ഇതിന്റെ ഭാഗമായ 3 D സർവ്വേ ഇതുവരെ പൂർത്തിയായിട്ടില്ല. ഇത് പൂർത്തീകരിച്ചാൽ മാത്രമേ ദേശീയപാതാ വികസനം കരുനാഗപ്പള്ളി സിവിൽ സ്റ്റേഷനെ എത്രമാത്രം ബാധിക്കുമെന്ന് പറയുവാൻ സാധിക്കുകയുള്ളൂ.

(സി&ഡി) ഇത് സംബന്ധിച്ച പ്രൊപ്പോസലൊന്നും നിലവിലില്ല.

**പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാർക്കുള്ള പരിശീലന കേന്ദ്രം**

104 (3147) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലത്ത് പണി കഴിപ്പിച്ചിട്ടുള്ള പി.ഡബ്ല്യൂ..ഡി. എൻജിനീയർമാർക്കുള്ള പരിശീലന കേന്ദ്രത്തിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ട്രെയിനിങ് സെന്ററിന്റെ പൂർത്തീകരിക്കുവാനുള്ള വർക്കിന്റെ മൂന്നാം ഘട്ടത്തിന്റെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(സി) ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്ത് പണികഴിപ്പിച്ചിരിക്കുന്ന പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാർക്കുള്ള പരിശീലന കേന്ദ്രത്തിന്റെ സിവിൽ വർക്ക് പ്രവൃത്തികൾ പൂർത്തിയായി. ഇലക്ട്രിക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. ലിഫ്റ്റിന്റെ പണികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മൂന്നാം ഘട്ടത്തിലെ റെസ്റ്റ് ഹൗസിന്റെ നിർമ്മാണം ഭാഗികമായി നടന്നുവരുന്നു.

(സി) ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

(ഡി) റെസ്റ്റ് ഹൗസിന്റെ നിർമ്മാണം പൂർണ്ണമായി പൂർത്തീകരിച്ചാൽ മാത്രമേ ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

## കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാർ

105 (3148) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ എത്ര ജീവനക്കാരാണുള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ കോർപ്പറേഷനിലെ ജീവനക്കാരുടെ നിയമന രീതി എന്താണെന്ന് വിശദമാക്കാമോ;

(സി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ ഈ കോർപ്പറേഷനിൽ എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും ഏതൊക്കെ തസ്തികകളിലാണെന്നും വിശദമാക്കാമോ; ഇവരെ നിയമിച്ചത് ഏത് വ്യവസ്ഥയിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ എത്ര ജീവനക്കാരാണുള്ളതെന്ന് തസ്തിക തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) കേരള റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ സമയബന്ധിതമായ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് നിലവിലുള്ള ഒഴിവുകളിൽ ഡെപ്യൂട്ടേഷനിലും സർക്കാരിൽനിന്നും വിരമിച്ചവർ ഉൾപ്പെടെ ഹ്രസ്വകാല കരാറടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നേരിട്ടും ദിവസവേതനാടിസ്ഥാനത്തിലും നിയമനം നടത്തുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള നിമയനങ്ങളുടെ തസ്തിക തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർക്കുന്നു.

## കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ നിയമനങ്ങൾ

106 (3149) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ എത്ര ജീവനക്കാരാണുള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവരുടെ നിയമനരീതി വിശദീകരിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഈ കോർപ്പറേഷനിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമെന്നും ഏതൊക്കെ തസ്തികയിലേക്കാണെന്നും വിശദമാക്കാമോ; ഇവരെ നിയമിച്ചത് ഏത് വ്യവസ്ഥയിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ എത്ര ജീവനക്കാരാണുള്ളതെന്ന് തസ്തിക തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) കേരള റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ സമയബന്ധിതമായ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് നിലവിലുള്ള ഒഴിവുകളിൽ ഡെപ്യൂട്ടേഷനിലും സർക്കാരിൽ നിന്നും വിരമിച്ചവർ ഉൾപ്പെടെ ഹ്രസ്വകാല കരാറടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നേരിട്ടും ദിവസവേതനാടിസ്ഥാനത്തിലും നിയമനം നടത്തുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള നിമയനങ്ങളുടെ തസ്തിക തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർക്കുന്നു.

**ബ്രിഡ്ജസിനും മെയിന്റനൻസിനും വേണ്ടി സൃഷ്ടിച്ച തസ്തികകൾ**

107 (3150) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ബ്രിഡ്ജസിനും മെയിന്റനൻസിനും വേണ്ടി ചീഫ് എഞ്ചിനിയർ ഉൾപ്പെടെ 221 സാങ്കേതിക വിഭാഗം തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പുതിയ വിഭാഗമായി രൂപീകരിക്കപ്പെട്ടത് നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) മേൽ സൂചിപ്പിച്ച വിഭാഗങ്ങളുടെ സാങ്കേതിക തസ്തികകളോടൊപ്പം ആനുപാതികമായ മിനിസ്റ്റീരിയൽ തസ്തികകളും സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ ബ്രിഡ്ജസിനും മെയിന്റനൻസിനും വേണ്ടി ചീഫ് എഞ്ചിനീയർ ഉൾപ്പെടെ രൂപീകരിച്ചിട്ടുള്ള വിഭാഗങ്ങൾ നിലവിൽ വന്നിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകുപ്പിൽ പുതുതായി സൃഷ്ടിച്ച 221 സാങ്കേതിക വിഭാഗം തസ്തികകളിൽ ബ്രിഡ്ജസ് വിഭാഗത്തിന് ഒരു ചീഫ് എഞ്ചിനീയർ, 3 സൂപ്രണ്ടിംഗ് എഞ്ചിനീയർ, 10 എക്സിക്യൂട്ടീവ് എഞ്ചിനീയർ, 12 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 15 അസിസ്റ്റന്റ് എഞ്ചിനീയർ എന്നിങ്ങനെയും നിരത്തുപരിപാലന വിഭാഗത്തിന് 8 എക്സിക്യൂട്ടീവ് എഞ്ചിനീയർ, 16 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 58 അസിസ്റ്റന്റ് എഞ്ചിനീയർ എന്നിങ്ങനെയും ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്.

(ബി) മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

**വൈക്കം നിയോജകമണ്ഡലത്തിലെ പ്രവർത്തനങ്ങൾ**

108 (3151) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിലെ മുറിഞ്ഞപുഴ പാലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ടോൾ പിരിവ് നിർത്തലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) വൈക്കത്ത് പുതിയൊരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ബജറ്റ് നിർദ്ദേശം നടപ്പിലാക്കുന്നത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ബജറ്റിൽ പത്ത് കോടി രൂപ നീക്കിവച്ച ടോൾ-ചെമ്മനാകരി റോഡിന്റെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈക്കം നിയോജക മണ്ഡലത്തിലെ മുറിഞ്ഞപുഴ പാലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ടോൾ പിരിവ് 3-12-2018-ലെ സർക്കാർ ഉത്തരവ് നമ്പർ (കൈ) നമ്പർ 44/2018/പൊ.മ.വ. പ്രകാരം അവസാനിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) വൈക്കത്ത് പുതിയ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി മണ്ണ് പരിശോധനയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ടോൾ ചെമ്മനംകരി റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പണികൾ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള ഫണ്ട് അനുവദിക്കുന്നതിനുവേണ്ടി ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

### കൊല്ലം മണ്ഡലത്തിലെ എസ്.എൽ.റ്റി.എഫ്. പ്രവൃത്തികൾ

109 (3152) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18, 2018-19 വർഷങ്ങളിൽ കൊല്ലം നിയോജകമണ്ഡല പരിധിയിൽ എസ്.എൽ.റ്റി.എഫ് പദ്ധതിയിൻ കീഴിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

2017-18, 2018-19 വർഷങ്ങളിൽ കൊല്ലം നിയോജക മണ്ഡല പരിധിയിൽ എസ്.എൽ.റ്റി.എഫ്. പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി* ചേർക്കുന്നു.

### ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ

110 (3153) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17,2017-18 വർഷങ്ങളിലെ ബജറ്റിൽ ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ദേശീയപാത വിഭാഗത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ Central Road Fund Scheme-ൽ ഉൾപ്പെടുത്തി കുഴൽമന്ദം-കൊട്ടുവായൂർ റോഡിന് 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി പുരോഗതിയിലാണ്.

2016-17, 2017-18 വർഷങ്ങളിൽ കെട്ടിട വിഭാഗത്തിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ്/മുൻസിഫ് ക്വാർട്ടേഴ്സ് കെട്ടിട നിർമ്മാണം മാത്രമാണ് ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ചിരുന്നത്. ഈ പ്രവൃത്തിക്ക് സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിരത്തുവിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു:*

**പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

111 (3154) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടും പ്രാദേശിക വികസന ഫണ്ടും ഒഴികെ പട്ടാമ്പി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പട്ടാമ്പി മണ്ഡലത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള എല്ലാ പദ്ധതികളുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇനിയും പ്രാരംഭ പ്രവർത്തനങ്ങൾ പോലും ആരംഭിക്കാത്ത പദ്ധതികൾ ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) നിരത്തു വിഭാഗത്തിന് കീഴിൽ ബജറ്റ്, SLTF, നബാർഡ്, കിഫ്ബി, Flood Relief പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. കെട്ടിട വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികൾ അനുബന്ധമായി* ചേർക്കുന്നു.

(ബി)

1. ബജറ്റ് 2016-17

ഓങ്ങല്ലൂർ - കാരേക്കാട് റോഡ് - കി.മീ. 0/000-7/450 (പ്രവൃത്തി അവസാന ഘട്ടത്തിലാണ്) 31-01-2019-ൽ പൂർത്തീകരിക്കുന്നതാണ്.

2. ബജറ്റ് 2016-17

വല്ലപ്പുഴ-മുളയംകാവ് റോഡ് - കി.മീ. 0/000-4/000 (BM&BC പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.) 31-12-2018-ൽ പൂർത്തീകരിക്കുന്നതാണ്.

3. ബജറ്റ് 2017-18

വണ്ടുംതറ-നാട്യമംഗലം റോഡ് - കി.മീ. 0/000 – 5/000 (പ്രവൃത്തി പൂർത്തീകരിച്ചു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. പട്ടാമ്പി-പുലാമന്തോൾ റോഡ് - ഭരണാനുമതി ലഭിച്ചു. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു. ഡിസൈൻ റെക്കമെന്റേഷൻ ലഭിച്ചാൽ ടെക്നിക്കൽ സാങ്ഷന് എസ്റ്റിമേറ്റ് ഉടൻ സമർപ്പിക്കുന്നതാണ്.

5. പട്ടാമ്പി മൃഗാശുപത്രി - ശങ്കരമംഗലം - മുതുതല റോഡ് - 7 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചുവെങ്കിലും നിലവിലെ പാച്ച് വർക്കിന്റെ ഗ്യാരന്റി പിരീഡ് 31-3-2019 ആയതിനാൽ 4/2019-ൽ ടെക്നിക്കൽ സാങ്ഷന് എസ്റ്റിമേറ്റ് ഉടൻ സമർപ്പിക്കുന്നതാണ്.

കെട്ടിട വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികൾ അനുബന്ധമായി* ചേർക്കുന്നു.

(സി)

1. പട്ടാമ്പി -ഷൊർണ്ണൂർ തീരദേശപാത – 10 മീറ്ററായി സ്ഥലം ലഭ്യമായാൽ ഡി.പി.ആർ. തയ്യാറാക്കാവുന്നതാണ്.

2. നിള ഹോസ്പിറ്റൽ - കുളപ്പുള്ളി റോഡ് - പട്ടാമ്പി - ഓങ്ങല്ലൂർ ഹോസ്പിറ്റൽ- നാലുവരി ആയാണ് റോഡ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ആയതിനാൽ സാദ്ധ്യതാപഠനം നടത്തേണ്ടതുണ്ട്.

3. പട്ടാമ്പി - ആമയൂർ റോഡ് -ഡി.പി.ആർ. തയ്യാറാക്കി-6/2018-ന് സമർപ്പിച്ചിട്ടുണ്ട്.

കെട്ടിട വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികൾ അനുബന്ധമായി* ചേർക്കുന്നു.

**കൊയിലാണ്ടി പൊതുമരാമത്ത് സബ്ഡിവിഷൻ ഓഫീസുകൾക്ക് വാഹനം**

112 (3155) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി പൊതുമരാമത്ത് കെട്ടിടവിഭാഗം, റോഡ് വിഭാഗം എന്നീ സബ്ഡിവിഷൻ ഓഫീസുകളുടെ ഉപയോഗത്തിനായി വാഹനം ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു താലൂക്കിലെ മുഴുവൻ റോഡ്, കെട്ടിടം പണികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കൽ, നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കൽ എന്നീ ആവശ്യങ്ങൾക്കായി വാഹനം അത്യാവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒരു ഡ്രൈവർ തസ്തിക ഉണ്ടായിട്ടും ഈ രണ്ട് ഓഫീസുകൾക്കുമായി ഒരു വാഹനം അനുവദിച്ചു നൽകുന്നതിൽ മറ്റെന്തെങ്കിലും തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ഓഫീസുകൾക്കായി ഒരു വാഹനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; ഇല്ലെങ്കിൽ പകരം സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 17-4-2018-ലെ ജി.ഒ. (അ) നമ്പർ 66/2018/ധന. പ്രകാരം സർക്കാർ വകുപ്പുകളിൽ പുതിയ വാഹനം വാങ്ങുന്നതിനുപകരം വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിനാണ് ഉത്തരവായിരിക്കുന്നത്.

(ഡി) നിരത്തുകൾ, കെട്ടിട വിഭാഗങ്ങളുടെ കൊയിലാണ്ടിയിലെ സബ്ഡിവിഷൻ ഓഫീസുകൾക്ക് 2019 മാർച്ച് വരെ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് 16-10-2018-ലെ ഉത്തരവ് നമ്പർ സി.ഇ./ഭരണം/പി.എൽ. എ. / 1003/2018 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവർത്തനങ്ങൾ**

113 (3156) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന വാണിയംകുളം-വല്ലപ്പുഴ റോഡിന്റെ പുനരുദ്ധാരണത്തിന് 2018-19 CRF സ്കീമിൽ 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

നിരത്ത്, കെട്ടിട വിഭാഗങ്ങളിലെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## രജിസ്ട്രേഷൻ വകുപ്പിനുണ്ടാക്കിയ പ്രളയനഷ്ടം

114 (3157) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയംമൂലം രജിസ്ട്രേഷൻ വകുപ്പിനുണ്ടാക്കിയ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള ആധാരങ്ങൾ അടക്കമുള്ള രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടുവോ; വിശദമാക്കുമോ;

(സി) ഇത്തരത്തിൽ നഷ്ടപ്പെട്ട രേഖകൾ വീണ്ടെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എറണാകുളം ജില്ലയിലെ ആലങ്ങാട്, ചേന്ദമംഗലം, പത്തനംതിട്ട ജില്ലയിലെ പെരുനാട്, കടപ്ര, ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന്, ഭരണിക്കാവ്, തിരുവനന്തപുരം ജില്ലയിലെ ചാല എന്നീ സബ് രജിസ്ട്രാർ ഓഫീസുകളെയാണ് പ്രളയം ബാധിച്ചത്. കെട്ടിടങ്ങൾ, ഫർണിച്ചറുകൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ഓഫീസ് രേഖകൾ എന്നിവയ്ക്ക് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ആകെ 25.881 കോടി രൂപയുടെ നാശനഷ്ടം വന്നതായി കണക്കാക്കിയിട്ടുണ്ട്.

(ബി) എറണാകുളം ജില്ലയിലെ ആലങ്ങാട്, പത്തനംതിട്ട ജില്ലയിലെ പെരുനാട് എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരുന്ന ആധാരങ്ങൾ, രജിസ്റ്റർ വാല്യങ്ങൾ, സൂചക പുസ്തകങ്ങൾ, സർവ്വീസ് ബുക്കുകൾ, ഫയലുകൾ, മറ്റ് ഓഫീസ് രേഖകൾ എന്നിവയെല്ലാം പ്രളയജലം കയറി നശിച്ചുപോയിട്ടുണ്ട്.

(സി) ഭാഗികമായി നഷ്ടപ്പെട്ട രേഖകൾ ഡിജിറ്റൈസേഷൻ പദ്ധതിയിലൂടെ ശാസ്ത്രീയമായി വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നേമം സബ് രജിസ്ട്രാർ ഓഫീസ്

115 (3158) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവൃത്തികൾ എപ്പോൾ തുടങ്ങും; ഇത് സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ?

ഉത്തരം

കിഫ്ബി പദ്ധതി പ്രകാരം നേമം സബ് രജിസ്ട്രാർ ഓഫീസ് ഉൾപ്പെടുന്ന രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ എസ്.പി.വി. ആയ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയ പ്ലാനിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടില്ല. കിഫ്ബിയുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് പ്ലാനിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പുതുക്കിയ പ്ലാനിന് അംഗീകാരം കിട്ടുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങാൻ സാധിക്കും.

**കൊട്ടാരക്കര സബ് രജിസ്ട്രാർ ആഫീസ്**

116 (3159) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ സബ് രജിസ്ട്രാർ ആഫീസ് സ്ഥിതി ചെയ്യുന്നത് ആരുടെ അധീനതയിലുള്ള സ്ഥലത്താണെന്നും പ്രസ്തുത സ്ഥലത്തിന് എത്ര വിസ്തീർണ്ണമാണ് ഉള്ളതെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഓഫിസ് സ്ഥിതി ചെയ്യുന്ന കെട്ടിടം അപകടാവസ്ഥയിൽ ആയതിനാൽ ആഫീസ് മറ്റൊരിടത്തേക്ക് മാറ്റണമെന്ന് പൊതുമരാമത്ത് കെട്ടിടവിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയതിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര വില്ലേജിൽ റീസർവ്വേ ബ്ലോക്ക് നമ്പർ 23-ൽ സർവ്വേ 96/2-ൽപ്പെട്ട 89.80 ആർ സർക്കാർ പുറമ്പോക്കിൽ ഉൾപ്പെട്ട 2.83 ആർ സ്ഥലത്ത് 1983-ൽ രജിസ്ട്രേഷൻ വകുപ്പ് നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

(ബി) ഉണ്ട്. പ്രസ്തുത ഓഫീസ് മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സമീപ പ്രദേശത്ത് അനുയോജ്യമായ കെട്ടിടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

**ചെറുവത്തൂർ കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ്**

117 (3160) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ സബ് രജിസ്ട്രാർ ഓഫീസ് വിഭജിച്ച് ചെറുവത്തൂർ കേന്ദ്രീകരിച്ച് ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനാവശ്യമായ കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകാൻ തദ്ദേശഭരണസ്ഥാപനവും ജനങ്ങളും തയ്യാറായതിനാൽ ഇത് എപ്പോൾ പ്രഖ്യാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ചെറുവത്തൂരിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നത് സർക്കാർ പരിശോധിച്ച് വരികയാണ്. കാസർഗോഡ് ജില്ലയിലെ സബ് രജിസ്ട്രാർ ഓഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമായ ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**വ്യാജ ഭാഗപത്രാധാരം ചമച്ചതായ പരാതി**

118 (3161) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ ഭാഗപത്രാധാരം ചമച്ചത് സംബന്ധിച്ച് ഓമനയമ്മ, എള്ളുവിള പുത്തൻ വീട്, കാര്യവട്ടം, തിരുവനന്തപുരം രജിസ്ട്രേഷൻ വകുപ്പുമന്ത്രിക്ക് നൽകിയ 27/10/2018-ലെ E.2960506 നമ്പർ പരാതിയിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരാതിയിൽ ഐ.ജി. രജിസ്ട്രേഷൻ നമ്പർ 7535/2018-GRC3 പ്രകാരം സ്വീകരിച്ചുവരുന്ന നടപടികൾ വിവരിക്കാമോ; ഇത് സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ പരാതിക്ക് ആധാരമായിട്ടുള്ള കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിലെ ഓമനയമ്മയുടെ വിരലടയാളത്തിന്റെയും ഒപ്പിന്റെയും പകർപ്പും സാക്ഷികളുടെ പേരുവിവരവും ലഭ്യമാക്കാമോ;

(ഡി) ഈ ഭാഗപത്രാധാരത്തിന് സ്റ്റാമ്പ് വാങ്ങിയത് ക്രമപ്രകാരമാണോ; ഈ ആധാരത്തിൽ ഒരു കക്ഷി ഒപ്പിടാതിരിക്കുകയും മേജർ ഷെയറുള്ള കക്ഷിയുടെ ഫോട്ടോ പതിക്കാതിരുന്നതും ചട്ടപ്രകാരമാണോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ശ്രീമതി ഓമനയമ്മയുടെ പ്രസ്തുത പരാതിയിൽ വകുപ്പുതല അന്വേഷണം നടത്തുന്നതിനായി തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ജനറൽ)-നെ 14-11-2018-ലെ G.R.C (3) -7535/2018 നമ്പർ കത്ത് പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് രജിസ്ട്രേഷൻ ഐ.ജി. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വസ്തുനിഷ്ഠമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതു പ്രകാരം ജില്ലാ രജിസ്ട്രാർ പരാതികക്ഷിയെ നേരിൽ കേൾക്കുന്നതിനായി 12-12-2018-ന് രാവിലെ 11.30-ന് ജില്ലാ രജിസ്ട്രാർ ഓഫീസിൽ ഹാജരാകുവാൻ കത്ത് നൽകിയിട്ടുള്ളതാണ്. അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) പരാതിക്കാധാരമായിട്ടുള്ള കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിലെ ഓമനയമ്മയുടെ വിരലടയാളത്തിന്റെയും ഒപ്പിന്റെയും പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. ടി ആധാരത്തിന്റെ ഒന്നാം സാക്ഷിയായി കുളത്തൂർ ശ്രീനികേതനിൽ സുരേന്ദ്രൻ മകൻ ഷാഫിലാലും രണ്ടാം സാക്ഷിയായി അംബികാ വിലാസത്തിൽ ഗോപാലൻ മകൾ ജലജാംബികയും ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

(ഡി) ടി ഭാഗപത്രാധാരത്തിന് ക്രമപ്രകാരം തന്നെയാണ് സ്റ്റാമ്പ് ഈടാക്കിയിരിക്കുന്നത്. രജിസ്ട്രേഷൻ ആക്ട് വകുപ്പ് 24, 32 എ എന്നിവ പ്രകാരം ഹാജരാക്കുന്ന ആളുടെ ഫോട്ടോയും വിരൽപ്പതിപ്പുമാണ് രേഖപ്പെടുത്തിവരുന്നത്. കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും 3785/10-ാം നമ്പർ ആധാരപ്പകർപ്പ് പരിശോധിച്ചതിൽ അമ്മയായ ഓമനയമ്മ ഒന്നാം കക്ഷിയായും മകനായ മധുസൂദനൻ രണ്ടാം കക്ഷിയായും മകളായ അജിതകുമാരിയെ മൂന്നാം കക്ഷിയായും ചേർത്താണ് ആധാരം രജിസ്റ്റർ ചെയ്തിരിക്കുന്നത്. ആധാരം ഹാജരാക്കിയ കക്ഷി അജിതകുമാരിയാകയാൽ ടിയാളുടെ ഫോട്ടോ പതിച്ചാണ് ആധാരം തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം കക്ഷിയായ ഓമനയമ്മയ്ക്ക് വസ്തുവകകൾ വേർതിരിച്ച് കൊടുത്തിട്ടില്ലായെന്നും പട്ടിക വസ്തുവിലും വീട്ടിലും അനുഭവ അവകാശവും ജീവിതകാലം വരെയുള്ള താമസ അവകാശവുമാണ് പറഞ്ഞിരിക്കുന്നത്. രണ്ടാം കക്ഷി മധുസൂദനന് പാങ്ങപ്പാറ വില്ലേജിൽ 0.70 ആർ വസ്തുവും മൂന്നാം കക്ഷി അജിതകുമാരിക്ക് 3.35 ആർ വസ്തുവുമാണ് പട്ടിക തിരിച്ചിട്ടുള്ളത്. ആയതിൽ മേജർ ഷെയറുള്ള അജിതകുമാരിയുടെ ഓഹരി കഴിച്ച് മധുസൂദനന്റെ ഓഹരിക്ക് മാത്രമാണ് സ്റ്റാമ്പും ഫീസും ഈടാക്കിയിട്ടുള്ളത്. ആയത് ചട്ടപ്രകാരമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ചിട്ടി ആർബിട്രേഷൻ**

119 (3162) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിട്ടി ആർബിട്രേഷൻ സോണുകളാക്കി തിരിച്ചിട്ടും കേസുകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചിട്ടി ആർബിട്രേഷനുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് നിലവിൽ തീർപ്പാകാതെ കിടക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ചിട്ടി ആർബിട്രേറ്റർ എന്നത് സ്വതന്ത്ര ചുമതല ആക്കുന്നത് പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 4,916 കേസുകൾ ചിട്ടി ആർബിട്രേഷനുമായി ബന്ധപ്പെട്ട് തീർപ്പാക്കുവാൻ നിലവിലുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

**റെയിൽ പദ്ധതികൾ**

120 (3163) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറ്റിപ്പത്ത് വർഷത്തിലേറെയായി ആവശ്യമായി നിലനിൽക്കുന്നതും, കേരളത്തിന് പൊതുവെയും മലബാർ പ്രദേശത്തിന് പ്രത്യേകിച്ചും വലിയ ഗുണം ചെയ്യാവുന്നതുമായ തലശ്ശേരി-മൈസൂർ റെയിൽ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) കാഞ്ഞങ്ങാട്-പാണത്തൂർ റെയിൽപാത,നഞ്ചൻകോട് റെയിൽപാത എന്നീ പദ്ധതികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(സി) ഈ മൂന്ന് പദ്ധതികളും എപ്പോൾ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 24-11-2016-ലെ സ.ഉ. (കൈ.) നമ്പർ 71/2016/ഗതാ. ഉത്തരവ് പ്രകാരം തലശ്ശേരി-മൈസൂർ റെയിൽ പാതയുടെ സാദ്ധ്യതാ പഠനം നടത്തുന്നതിലേയ്ക്കായി ഡൽഹി മെട്രൊ റെയിൽ കോർപ്പറേഷനെ നിയമിച്ച് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തലശ്ശേരിയിൽ നിന്നും മാനന്തവാടി വഴി

മൈസൂരിലേയ്ക്കുള്ള പാതയുടെ പ്രാരംഭ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ ഭീമമായ പദ്ധതി ചെലവിന് പുറമെ 192 കിലോമീറ്റർ ദൈർഘ്യമുള്ള പാതയുടെ 68.50 കിലോമീറ്റർ ദൈർഘ്യം വനത്തിലൂടെ കടന്നുപോകുന്നതിനാലും (ഇതിൽ 11.05 കിലോമീറ്റർ നാഗർഹോള കടുവാ സങ്കേതത്തിലൂടെയാണ് കടന്നുപോകുന്നത്) ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് പ്രകാരം പദ്ധതി നടപ്പിലാക്കുവാൻ സാദ്ധ്യമായിരുന്നില്ല. ഈ സാഹചര്യത്തിൽ പദ്ധതിയുടെ തുടർ നടപടികൾ സംസ്ഥാന റെയിൽവേ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ലിമിറ്റഡിനെ ഏൽപ്പിക്കുകയുണ്ടായി. ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൊങ്കൺ റെയിൽവേ കോർപ്പറേഷനെയാണ് നിയോഗിച്ചിരിക്കുന്നത്. സംസ്ഥാനത്തിലൂടെയുള്ള പഠനം നടന്നുവരുന്നു. എന്നാൽ കർണ്ണാടക സംസ്ഥാനത്തെ കൂർഗ് ജില്ലയിൽ ജനങ്ങളുടെ എതിർപ്പുകാരണം പഠനം നടത്തുവാൻ കർണ്ണാടക സർക്കാർ അനുമതി നൽകിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് ഇരു സർക്കാരുകളും സംയുക്തമായ തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്കായി ചീഫ് സെക്രട്ടറിതല മീറ്റിംഗ് നടത്തുവാൻ സംസ്ഥാന സർക്കാർ കർണ്ണാടക സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) നിലമ്പൂർ-നഞ്ചൻകോട് റെയിൽപാത പദ്ധതിയുടെ ഡി.പി.ആർ. സംസ്ഥാന സർക്കാരിന്റെ ചെലവിൽ തയ്യാറാക്കുന്നതിലേയ്ക്കായി ഡി.എം.ആർ.സി.ക്ക് അനുമതി നൽകിയിരുന്നുവെങ്കിലും ഡി.പി.ആർ. സമർപ്പിച്ചില്ല. ഈ സാഹചര്യത്തിൽ പ്രാഥമിക പഠനം നടത്തുന്നതിലേയ്ക്കായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതി കേരള-കർണ്ണാടക സർക്കാരുകളുടെ തീരുമാനത്തിന് വിധേയമായി തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

കാഞ്ഞങ്ങാട്-പാണത്തൂർ റെയിൽപാതയുടെ കേരള സംസ്ഥാനത്തിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുത്ത് നൽകുന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ഇതിന്മേലുള്ള അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്. റെയിൽവേയുടെ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഈ പദ്ധതികൾക്കാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി അനുമതികൾ ലഭ്യമാകുന്നമുറയ്ക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കാലപ്പഴക്കം ചെന്ന ട്രെയിൻ കോച്ചുകൾ

121 (3164) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളുടെ കോച്ചുകൾ പലതും കാലപ്പഴക്കം ചെന്നതും ആധുനിക സൗകര്യങ്ങൾ ഇല്ലാത്തതുമാണെന്ന കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആധുനിക കോച്ചുകൾ അനുവദിച്ചു നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്തെ റയിൽവേ പദ്ധതികളുടെ പുരോഗതിയ്ക്കും വികസനത്തിനും സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ള ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ?

### ഉത്തരം

(എ) പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തുമായ കോച്ചുകൾ മാറ്റി ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകളുള്ള ട്രെയിൻ ഓടിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്. വിവിധ ട്രെയിനുകളിൽ ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ എൽ.എച്ച്.ബി. (LHB) കോച്ചുകൾ ഘടിപ്പിക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിലൂടെ ഓടുന്ന മുഴുവൻ ട്രെയിനുകളിലും ബയോ ടോയ്ലെറ്റുകൾ ഉള്ള കോച്ചുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ പുരോഗതിക്കും വികസനത്തിനും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്. ഇതിലേയ്ക്കായി കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കം വന്ന റെയിൽ പാളങ്ങൾ പുനഃസ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്കരണം, റെയിൽവേ സോൺ, റെയിൽ കോച്ച് ഫാക്ടറി, സംസ്ഥാനത്തിലൂടെ ഓടുന്ന ട്രെയിനുകളിൽ ബയോ ടോയ്ലെറ്റുകൾ ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും സംസ്ഥാനത്തിന്റെ റെയിൽവേ വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. എം.പി.മാരുടെ തലത്തിലും ഉദ്യോഗസ്ഥതലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു.

**തിരുവനന്തപുരം-കന്യാകുമാരി റെയിൽ പാത ഇരട്ടിപ്പിക്കൽ നടപടികൾ**

122 (3165) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കന്യാകുമാരി റെയിൽ പാത രണ്ട് വരി ആക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം മുതൽ പാറശ്ശാല വരെ രണ്ട് വരി പാത ആക്കുന്നതിന് സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചോ;

(സി) ബാലരാമപുരം മുതൽ അമരവിള വരെ ഉള്ള പാത ഇരട്ടിപ്പിക്കലിന് ഏത് വശത്തുനിന്നുമാണ് സ്ഥലം ഏറ്റെടുക്കുന്നത്;ഏറ്റെടുക്കുന്ന സ്ഥലം എത്ര മീറ്റർ വീതിയിൽ ആണ് എന്ന് വ്യക്തമാക്കാമോ;

(ഡി) ബാലരാമപുരം മുതൽ അമരവിള വരെ സ്ഥലം ഏറ്റെടുക്കുമ്പോൾ ഇരു വശങ്ങളിലുമായി ഏതൊക്കെ സ്ഥലത്ത് ആണ് പുതിയ പാലങ്ങൾ നിർമ്മിക്കുന്നത്; അതിന്റെ പേരുവിവരം വ്യക്തമാക്കാമോ;

(ഇ) പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര റെയിൽവേ സ്റ്റേഷൻ പരിസരത്ത് ഏതൊക്കെ തരത്തിൽ ഉള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആണ് നടത്തുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം മുതൽ നേമം വരെയുള്ള റെയിൽവേ പാത ഇരട്ടിപ്പിക്കലിനുവേണ്ടിയുള്ള സ്ഥലമെടുപ്പിന്റെ ഭാഗമായി തിരുമല, നേമം, തൈക്കാട്, പള്ളിച്ചൽ വില്ലേജുകളിൽപ്പെട്ട 15 ഹെക്ടർ ഭൂമി ഏറ്റെടുത്ത് നൽകുന്നതിനായി റെയിൽവേ അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 7-11-2018-ലെ സ.ഉ.(സാധാ)495/18/ഗതാ. നമ്പർ പ്രകാരം LAAR Act, 2013-ലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലമേറ്റെടുക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 15-11-2018-ലെ ബി1/787/2018/റവ. നമ്പർ കത്ത് പ്രകാരം എസ്.ഐ.എ. യൂണിറ്റുകളിൽ നിന്നും സ്ഥലം ഏറ്റെടുക്കലിനുവേണ്ട എസ്.ഐ.എ. പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രസ്തുത

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് 4(1) വിജ്ഞാപനം പുറപ്പെടുവിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതുമാണ്. നേമം മുതൽ നെയ്യാറ്റിൻകര വരെയുള്ള റെയിൽവേ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട പള്ളിച്ചൽ, അതിയന്നൂർ, നെയ്യാറ്റിൻകര വില്ലേജുകളിലായി 3.2000 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന റെയിൽവേ സമർപ്പിച്ചെങ്കിലും പഴയ സർവ്വേ നമ്പറിന്റെ അടിസ്ഥാനത്തിലുള്ള അർത്ഥനയായതിനാൽ റീ സർവ്വേ നമ്പറുകളുടെ അടിസ്ഥാനത്തിലുള്ള പുതുക്കിയ അർത്ഥന ലഭ്യമാക്കുന്നതിന് റെയിൽവേയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ അർത്ഥന ലഭ്യമാകുന്ന മുറയ്ക്ക് LAAR Act, 2013-ലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

(സി-ഇ) ബാലരാമപുരം മുതൽ അമരവിള വരെയുള്ള പാതയിരട്ടിപ്പിക്കലിനും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളും സംബന്ധിച്ച അർത്ഥന റെയിൽവയിൽ നിന്നും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലം**

123 (3166) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ അറ്റ് ലാന്റിസ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ;

(ഡി) അംഗീകാരം എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ;

(ഇ) വിശദമായ പദ്ധതി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) എറണാകുളം ജില്ലയിലെ അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ ചുമതല 27-9-2016-ലെ ജി.ഒ. (ആർടി.) നമ്പർ 1324/2016/പി.ഡബ്ല്യു.ഡി. പ്രകാരം ആർ.ബി.ഡി.സി.കെ.യ്ക്ക് നൽകുകയും നിർമ്മാണ പദ്ധതിയുടെ ഭാഗമായി ഡി.പി.ആർ. കിഫ്ബിയിൽ അപ്ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽനിന്ന് 9-11-2018-ലെ ഓർഡർ നമ്പർ പി.ഡബ്ല്യു.ഡി. 005-21-PA-01 പ്രകാരം പദ്ധതിക്കായി 89.774 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്.

(ഇ) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### വടുതല റെയിൽവേ മേൽപ്പാലം നിർമ്മാണം

124 (3167) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-9-2016-ന് മുപ്പത്തി അഞ്ചു കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച വടുതല റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ;

(സി) ഈ പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചോ;

(ഡി) എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്;

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്ഥലമെടുപ്പിനായി ജില്ലാ കളക്ടർക്ക് അർത്ഥനാ പത്രം സമർപ്പിക്കുകയും എസ്.ഐ.എ. സ്റ്റഡിക്ക് ഏജൻസിയെ ഏൽപ്പിക്കുകയും ചെയ്തു. ഏജൻസി 28-11-2018-ൽ പബ്ലിക് ഹിയറിംഗ് നടത്തി.

(ബി) 27-7-2017-ലെ APR-2/136/2017/KIIFB നമ്പർ ഓർഡർ പ്രകാരം പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) 107.11 സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്.

(ഇ) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

### കോട്ടിക്കുളം റെയിൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം

125 (3168) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളം റെയിൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണത്തിന് കിഫ്ബിയിൽ നിന്ന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) റോഡ്സ് &ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നിലവിൽ ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കോട്ടിക്കുളം റെയിൽവേ മേൽപ്പാല നിർമ്മാണ പ്രവൃത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ വിശദമായ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ 19.60 കോടി രൂപയുടെ അംഗീകാരം കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്.

(ബി) ഇല്ല. പ്രസ്തുത പദ്ധതി ആർ.ബി.ഡി.സി.കെ.യെ ഏൽപ്പിക്കുമ്പോൾ ബെൽ മൗത്ത് ഒഴികെയുള്ള ഭൂമി ഏറ്റെടുക്കൽ റെയിൽവേ പൂർത്തിയാക്കിയിരുന്നു. റെയിൽവേ ഏറ്റെടുത്ത ഭൂമിയിൽ നിർമ്മാണാനുമതി ലഭിക്കുന്നതിനുവേണ്ടി നിരവധി തവണ ആർ.ബി.ഡി.സി.കെ. റെയിൽവേയെ സമീപിച്ചെങ്കിലും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല.

(സി) ഉണ്ട്. കോട്ടിക്കുളം റെയിൽവേ മേൽപ്പാലത്തിനായി റെയിൽവേ ഏറ്റെടുത്ത ഭൂമിയിൽ നിർമ്മാണാനുമതി ലഭിച്ചാൽ മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**അങ്ങാടിപ്പുറം - മാനത്തുമംഗലം ബൈപാസ് നിർമ്മാണം**

126 (3169) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം - മാനത്തുമംഗലം ബൈപാസ് നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ബി) അങ്ങാടിപ്പുറം റയിൽവേ ഓവർബ്രിഡ്ജിന്റെ അലൈൻമെന്റ് മാറ്റുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ വകുപ്പ് തലത്തിൽ നടന്നിട്ടുണ്ട്;

(സി) റെയിൽവേയുടെ ലൈൻ ക്രോസ് ചെയ്യുന്ന ഭാഗം പുനർ നിശ്ചയിക്കുന്നതിന് റെയിൽവേയുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) മങ്കട മണ്ഡലത്തിലെ നിർദ്ദിഷ്ട ഓരാടംപാലം മാനത്തുമംഗലം ബൈപ്പാസ് റോഡിന്റെ അലൈൻമെന്റ് പ്രകാരം അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിരുന്നെങ്കിലും ധാരാളം ഭാഗത്ത് അതിർത്തിക്കല്ലുകൾ നഷ്ടപ്പെട്ടിരുന്നു. ആയവ പുനഃസ്ഥാപിച്ചിട്ടുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിച്ച ഭാഗങ്ങളിലെ സ്ഥലം

ഏറ്റെടുക്കുന്ന പ്രവൃത്തി റവന്യൂ വകുപ്പാണ് കൈകാര്യം ചെയ്യേണ്ടത്. ഓരാടംപാലം മാനത്തുമംഗലം ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് പ്രത്യേക പരിഗണന നൽകി സമയബന്ധിതമായി തീർക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി&സി) റെയിൽവേ ഓവർ ബ്രിഡ്ജിന്റെ അലൈൻമെന്റ് മാറ്റുന്നതുമായി ബന്ധപ്പെട്ട് അലൈൻമെന്റ് കടന്നുപോകുന്ന റെയിൽവേ ലൈൻ ക്രോസ് ചെയ്യുന്ന ഏഴുകണ്ണി പാലം ഭാഗത്ത് ഏഴുകണ്ണി പാലം ഒഴിവാക്കി ചെയ്യണമെന്ന് റെയിൽവേയുടെ നിർദ്ദേശം ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അതിർത്തക്കല്ലുകൾ പുനഃസ്ഥാപിക്കുന്നതിന് റെയിൽവേ ലൈൻ ക്രോസിംഗ് വരുന്ന ഭാഗത്ത് അലൈൻമെന്റ് മാറ്റം വരുത്തുന്നതിനും പുനർ നിശ്ചയിക്കുന്നതിനും ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുകയും മാറ്റം വരുത്തിയ അലൈൻമെന്റ് റെയിൽവേ ക്രോസിംഗ് വരുന്ന ഭാഗത്തെ മേൽപ്പാലത്തിന്റെ വിവരങ്ങളും റിപ്പോർട്ടും റെയിൽവേയ്ക്ക് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ റെയിൽവേ അധികൃതർ 26-09-2018-ൽ സൈറ്റ് സന്ദർശിക്കുകയും നേരത്തേ സമർപ്പിച്ച ഡ്രോയിംഗിൽ റെയിൽവേ സ്പെസിഫിക്കേഷൻ അനുസരിച്ച് ചില മാറ്റങ്ങൾ വരുത്തിയ സ്കെച്ച് ചീഫ് എഞ്ചിനീയർ സതേൺ റെയിൽവേ ചെന്നൈക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

### ഏറനാട് മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം

127 (3170) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എം.എൽ.എ ആസ്തി വികസന ഫണ്ട്,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ജനകീയ കൂട്ടായ്മ, സ്പോൺസർമാർ, ഇവ ചേർത്ത് ഏറനാട് മണ്ഡലത്തിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ ഏഴുവരെയുടെള്ള എല്ലാ ക്ലാസ് മുറികളും വരാന്തയും ടൈൽ വിരിച്ച് മനോഹരമാക്കുന്നതിന് പ്രത്യേക പദ്ധതിയായി ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിനായി ഏറനാട് മണ്ഡലത്തിലെ സർക്കാർ എയിഡഡ് സ്കൂളുകളിലെ സ്പെഷ്യൽ ഫീസ് മേൽ പ്രവൃത്തിക്കായി ഉപയോഗിക്കുന്നതിനായി ഇതിനായി പ്രത്യേകം രൂപീകരിച്ച ടി.എസ്.ബി അക്കൗണ്ടിലേക്ക് മാറ്റുന്നതിനായി അനുമതിക്കായി അപേക്ഷ ലഭിച്ചിരുന്നോ;എങ്കിൽ ഇക്കാര്യത്തിൽ അനുമതി നൽകിയോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ചെയ്യുന്ന പ്രസ്തുത പ്രവൃത്തിയുടെ പ്രാധാന്യം പരിഗണിച്ച് ഏറനാട് മണ്ഡലത്തിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ സ്പെഷ്യൽ ഫീസ് മേൽ പ്രവൃത്തിക്കായി ഉപയോഗിക്കുന്നതിനായി ഇതിനായി പ്രത്യേകം റ്റി.എസ്.ബി. അക്കൗണ്ട് രൂപീകരിച്ച് തുക ടി.എസ്.ബി. അക്കൗണ്ടിലേക്ക് മാറ്റുന്നതിന് അടിയന്തരമായി അനുമതി നൽകാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ലഭിച്ചിരുന്നു. പ്രസ്തു വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**വടവുകോട് എൽ.പി.സ്കൂൾ**

128 (3171) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എൽ.പി /യു.പി സ്കൂൾ വിഭാഗങ്ങൾക്കായി അനുവദിച്ച ഒരു കോടി രൂപയുടെ ഫണ്ട് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി വടവുകോട് എൽ.പി. സ്കൂളിന് അനുവദിച്ചെങ്കിലും നാളിതുവരെയായി യാതൊരു പ്രവൃത്തിയും തുടങ്ങാത്തതിനും നിർമ്മാണ പ്രവൃത്തികൾക്ക് കാലതാമസം നേരിട്ടതിനും മതിയായ കാരണമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കാലതാമസത്തിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വടവുകോട് സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ സത്വരമായി ആരംഭിക്കുവാൻ നിർവ്വഹണ ഏജൻസിയായ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ സർക്കാർ ഉത്തരവിൽ വളവുകോട് എൽ.പി. സ്കൂൾ എന്നതിന് പകരം വളവുകോട് യു.പി. സ്കൂൾ എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ഈ പിശക് തിരുത്തി 11-10-2018-ൽ ജി.ഒ. (ആർ.ടി) നമ്പർ 4133/18/പൊ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രവൃത്തി അടിയന്തരമായി ആരംഭിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ കാരണത്താലാണ് പ്രവൃത്തി ആരംഭിക്കാൻ കാലതാമസം ഉണ്ടായത്.

## ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക

129 (3172) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചു ഡിവിഷനിൽ താഴെയുള്ള സ്കൂളുകളിൽ എച്ച്. എസ്. എ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക വേണ്ട എന്ന നയം തുടരുന്നത് അത്തരം സ്കൂളുകളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനത്തെ സാരമായി ബാധിക്കില്ലേ എന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ അന്താരാഷ്ട്ര വിലവാരത്തിലേക്ക് ഉയർത്തപ്പെടുന്ന ഈ അവസരത്തിൽ ഒരു ഇംഗ്ലീഷ് അദ്ധ്യാപകൻ പോലുമില്ലാത്ത 350-ഓളം സ്കൂളുകളിൽ ഒരു ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയെങ്കിലും അനുവദിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഇംഗ്ലീഷ് മീഡിയം ഡിവിഷനുകളുള്ള സർക്കാർ ഹൈസ്കൂളുകളിൽ പോലും ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക ഇല്ലാത്ത അവസ്ഥ നിലനിൽക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) 2001-02 അദ്ധ്യയന വർഷം വരെ സംസ്ഥാനത്തെ സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ചിരുന്നത് മറ്റ് കോർ സബ്ജക്ടുകളിലെ അദ്ധ്യാപകരായിരുന്നു. കോർ സബ്ജക്ട് അദ്ധ്യാപക തസ്തിക അനുവദിക്കുന്ന വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയാണ് നിലവിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിച്ചുവരുന്നത്. ഇപ്രകാരം അഞ്ചാമത്തെ തസ്തികയായാണ് 1:1:1:1 എന്ന കോർ സബ്ജക്ട് റേഷ്യോ പ്രകാരം ഇംഗ്ലീഷ് തസ്തിക ലഭ്യമാകുന്നത്. ബിരുദ ബിരുദാനന്തര ട്രെയിനിംഗ് തലങ്ങളിൽ ഇംഗ്ലീഷ് പഠിച്ചവരാണ് പ്രസ്തുത കോർ സബ്ജക്ട് അദ്ധ്യാപകർ എന്ന യാഥാർത്ഥ്യം പരിഗണിക്കുമ്പോൾ അവർ പഠിപ്പിച്ചാൽ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനത്തെ അത് സാരമായി ബാധിക്കാനിടയില്ല.

(ബി&സി) ഹൈസ്കൂൾ വിഭാഗത്തിൽ അഞ്ച് ഡിവിഷനുകളിൽ കുറവുള്ള വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് കെ.ഇ.ആർ.ലെ തസ്തിക നിർണ്ണയ വ്യവസ്ഥകൾ പ്രകാരം സാധിക്കുകയില്ല. എന്നാൽ എല്ലാ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാലയങ്ങളിലെ മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്രമായ പദ്ധതികൾ പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്ര ശിക്ഷയും ചേർന്ന് നടപ്പിലാക്കി വരുന്നുണ്ട്.

## കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ

130 (3173) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സർക്കാർ/എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;വർദ്ധിച്ച സ്കൂളുകളുടെ വിവരം ലഭ്യമാക്കുമോ;

(ബി) സർക്കാർ/എയ്ഡഡ് മേഖലയിൽ കുട്ടികൾ വർദ്ധിക്കുന്ന സക്കൂളുകളിലെ അധ്യായനം മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ സംബന്ധിച്ച് അതാത് ഡി.ഇ.ഒ./എ.ഇ.ഒ മാരുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(സി) കുട്ടികൾ വർദ്ധിക്കുന്ന സ്കൂളുകളിലെ സൗകര്യങ്ങൾ വർധിപ്പിക്കുവാൻ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) കുട്ടികളുടെ എണ്ണം വർദ്ധിക്കുന്ന സ്കൂളുകൾക്കെതിരെ അനാവശ്യമായ പരാതികളുടെ വെളിച്ചത്തിൽ ഡെപ്യൂട്ടി ഡയറക്ടർമാർ നടപടികൾ എടുക്കുന്നതായ പരാതി പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി തലത്തിൽ പരിശോധിക്കുമോ;

(ഇ) ട്രാഫിക് പ്രശ്നം ഉണ്ടാക്കുമെന്ന കാര്യം പരിഗണിച്ച് അധ്യായന സമയവും അധ്യായനവും നഷ്ടപ്പെടാതെ സ്കൂളുകളിൽ ക്ലാസ്സ് തുടങ്ങുന്ന സമയവും അവസാനിക്കുന്ന സമയവും ക്രമീകരിക്കുവാൻ അതാത് സ്കൂളുകളെ അധികാരപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(എഫ്) സ്കൂളിന്റെ സൗകര്യാർത്ഥം അധ്യായനം നഷ്ടമാകാതെ ക്ലാസുകളുടെ സമയം ക്രമീകരിക്കുവാൻ സ്കൂൾ അധികൃതർക്ക് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ച സ്കൂളുകളുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സർക്കാർ/എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ 2017-18, 2018-19 വർഷങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് യഥാക്രമം 1,57,406, 1,85,971 എന്നിങ്ങനെ വർദ്ധനവുണ്ടായിട്ടുണ്ട്. വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായ സ്കൂളുകളുടെ വിവരം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്.

(ബി) ബന്ധപ്പെട്ട ഉദ്യോഗസ്ഥതലങ്ങളിൽ പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(സി) നിലവിലുണ്ടാകുന്ന കുട്ടികളുടെ വർദ്ധനവിനെ ഉൾക്കൊള്ളാൻ പര്യാപ്തമായ സൗകര്യങ്ങൾ ഉണ്ടെങ്കിലും പൊതുവെ എല്ലാ വിദ്യാലയങ്ങളുടെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇത്തരം പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പരിഗണനയിലില്ല.

(എഫ്) സ്കൂളിന്റെ സൗകര്യാർത്ഥം ഓരോ സ്കൂളിനും വ്യത്യസ്തമായ സ്കൂൾ സമയം ക്രമീകരിക്കുവാൻ സ്കൂളുകൾക്ക് അനുമതി നൽകുന്ന പൊതു ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ച സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

## ആലത്തൂർ മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം മുഖേനയുള്ള പ്രവൃത്തികൾ

131 (3174) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങളിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ & ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആലത്തൂർ നിയോജക മണ്ഡലത്തിലെ കിഴക്കാഞ്ചേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമായി മാറ്റുന്നതിനായി തെരഞ്ഞെടുക്കുകയും 5 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി പ്രകാരം 3 കോടി കിഫ്ബി ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണ പ്രവർത്തനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള ആലത്തൂർ നിയോജക മണ്ഡലത്തിലെ എരുമയൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ DPR തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട്

132 (3175) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ടുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പൊതു വിദ്യാഭ്യാസ വകുപ്പ് പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖാന്തിരം ഫണ്ടുകൾ അനുവദിക്കുന്നതിന് ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എന്നത് വിശദമാക്കാമോ?

ഉത്തരം

(എ & ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ടുകളനുവദിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങളാണ് പാലിക്കുന്നത്.

1. എം. എൽ. എ. മാർ അതത് നിയോജക മണ്ഡലത്തിൽ നിന്നും ഒരു സ്കൂളിനെ തെരഞ്ഞെടുക്കുന്നു. പ്രസ്തുത സ്കൂളിനെ മികവിന്റെ കേന്ദ്രം ആക്കുന്നതിനായി 5 കോടി രൂപ കിഫ്ബി സഹായം അനുവദിക്കുന്നു.

2. 1000 കുട്ടികളിൽ കൂടുതലുള്ള സർക്കാർ വിദ്യാലയങ്ങൾക്ക് കിഫ്ബി സഹായമായി 3 കോടി രൂപ അനുവദിക്കുന്നു.

## സർക്കാർ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക

133 (3176) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് ഡിവിഷനുകളിൽ താഴെയുള്ള സ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക വേണ്ടെന്ന നയം കുട്ടികളുടെ ഇംഗ്ലീഷ് ഭാഷ പരിജ്ഞാനത്തെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തപ്പെടുന്ന ഈ അവസരത്തിൽ ഒരു ഇംഗ്ലീഷ് അദ്ധ്യാപകൻ പോലുമില്ലാത്ത 350-ഓളം സർക്കാർ ഹൈസ്കൂളുകളിൽ ഒരു ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയെങ്കിലും അനുവദിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഇംഗ്ലീഷ് മീഡിയം ഡിവിഷനുകളുള്ള സർക്കാർ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക ഇല്ലാത്ത അവസ്ഥ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇംഗ്ലീഷ് അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2001-02 അദ്ധ്യയന വർഷം വരെ സംസ്ഥാനത്തെ സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ചിരുന്നത് മറ്റ് കോർസബ്ജക്ടുകളിലെ ഹൈസ്കൂൾ അദ്ധ്യാപകരായിരുന്നു. കോർസബ്ജക്ട് അദ്ധ്യാപക തസ്തിക അനുവദിക്കുന്ന വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയാണ് നിലവിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിച്ചുവരുന്നത്. ഇപ്രകാരം അഞ്ചാമത്തെ തസ്തികയാണ് 1:1:1:1 എന്ന കോർസബ്ജക്ട് റേഷ്യോ പ്രകാരം ഇംഗ്ലീഷ് തസ്തികയായി ലഭ്യമാകുന്നത്. ബിരുദ ബിരുദാനന്തര ട്രെയിനിംഗ് തലങ്ങളിൽ ഇംഗ്ലീഷ് പഠിച്ചവരാണ് മറ്റ് കോർസബ്ജക്ട് അദ്ധ്യാപകർ എന്നതിനാൽ അത്തരം അദ്ധ്യാപകർ പഠിപ്പിച്ചാൽ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാപരിജ്ഞാനത്തെ അത് സാരമായി ബാധിക്കാനിടയില്ല.

(ബി & സി) ഹൈസ്കൂൾ വിഭാഗത്തിൽ അഞ്ച് ഡിവിഷനുകളിൽ കുറവുള്ള വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് കെ.ഇ.ആർ.ലെ തസ്തിക നിർണ്ണയ വ്യവസ്ഥകൾ പ്രകാരം സാധിക്കുകയില്ല. എന്നാൽ എല്ലാ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ പൊതു വിദ്യാലയങ്ങളിലെ മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്രമായ പദ്ധതികൾ പൊതു വിദ്യാഭ്യാസ വകുപ്പും സമഗ്ര ശിക്ഷയും ചേർന്ന് നടപ്പിലാക്കി വരുന്നുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി

134 (3177) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് നവീകരണ/നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ സ്കൂളിനും അനുവദിക്കപ്പെട്ട തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി ഗവൺമെന്റ് വി.എച്ച്.എസ്.എസ്.ൽ 5 കോടി കിഫ്ബി ധനസഹായത്തോടെ നവീകരണ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിക്കുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

135 (3178) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചതിനുശേഷം പൊതു വിദ്യാലയങ്ങളിൽ ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്; 2017-18, 2018-19 എന്നീ അദ്ധ്യയന വർഷങ്ങളിൽ പൊതുവിദ്യാലയങ്ങളിൽ ചേരുന്ന കുട്ടികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി ആരംഭിച്ചതിനുശേഷം പ്രസ്തുത അദ്ധ്യയന വർഷങ്ങളിൽ പൊതുവിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് നിരക്കിലുണ്ടായ വ്യത്യാസം എപ്രകാരമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളെ പൊതു വിദ്യാലയങ്ങളിലേയ്ക്ക് തിരികെ എത്തിക്കുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ;

(ഡി) ഈ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക് രംഗത്ത് നടപ്പിലാക്കിയ മാറ്റങ്ങൾ എന്തൊക്കെയാണ്; അദ്ധ്യാപകർക്ക് ഏതൊക്കെ തരത്തിലുള്ള പരിശീലനമാണ് ഇതിന്റെ ഭാഗമായി നൽകിയത്; വിശദാംശം വ്യക്തമാക്കുമോ;

ഉത്തരം

(എ) വർദ്ധനവുണ്ടായിട്ടുണ്ട്. മുൻ വർഷത്തിൽ 1 മുതൽ 9 വരെ ക്ലാസ്സുകളിൽ ഉണ്ടായിരുന്നവർക്കു പുറമേ 2 മുതൽ 9 വരെ ക്ലാസ്സുകളിൽ പുതുതായി വന്നു ചേർന്നവരും മുൻ വർഷത്തെക്കാൾ ഒന്നാം ക്ലാസ്സിൽ കൂടുതൽ വന്നുചേർന്നവരും ഉൾപ്പെടെ 2016-17-നെ അപേക്ഷിച്ച് 2017-18-ൽ 4.82%-ഉം 2017-18-നെ അപേക്ഷിച്ച് 2018-19-ൽ 5.64%-ഉം വർദ്ധനവുണ്ടായിട്ടുണ്ട്.

2017-18, 2018-19 അദ്ധ്യയന വർഷങ്ങളിൽ പൊതു വിദ്യാലയങ്ങളിൽ കുട്ടികളിലുണ്ടായ വർദ്ധനവ്

| ജില്ല | 2017-18 | 2018-19 |
|---|---|---|
| തിരുവനന്തപുരം | 13678 | 15516 |
| കൊല്ലം | 14454 | 16516 |
| പത്തനംതിട്ട | 6062 | 5584 |
| ആലപ്പുഴ | 10034 | 11128 |
| കോട്ടയം | 6760 | 7841 |
| ഇടുക്കി | 3706 | 3680 |
| എറണാകുളം | 11027 | 14226 |
| തൃശ്ശൂർ | 17537 | 14394 |
| പാലക്കാട് | 14052 | 17547 |
| മലപ്പുറം | 19561 | 32353 |
| കോഴിക്കോട് | 13132 | 20046 |
| വയനാട് | 2878 | 4125 |
| കണ്ണൂർ | 16693 | 17131 |
| കാസർഗോഡ് | 7832 | 5884 |
| ആകെ | 157406 | 185971 |

(ബി) ഈ പദ്ധതി ആരംഭിച്ചതിനുശേഷം പ്രസ്തുത അദ്ധ്യയന വർഷങ്ങളിൽ പൊതു വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് നിരക്കിലുണ്ടായ വ്യത്യാസം പരിശോധിച്ചിട്ടുണ്ട്. 2016-17, 2017-18 വർഷങ്ങളിലുണ്ടായ വ്യത്യാസം ചുവടെ ചേർക്കുന്നു. 2018-19 അദ്ധ്യയന വർഷത്തെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച വിവരങ്ങൾ ഈ അദ്ധ്യയന വർഷം അവസാനിക്കുമ്പോൾ മാത്രമേ ലഭ്യമാകുകയുള്ളൂ.

2016-17, 2017-18 വർഷങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

| ജില്ല | 2016-17 | | 2017-18 | |
|---|---|---|---|---|
| | % | ആകെ | % | ആകെ |
| തിരുവനന്തപുരം | 0.2 | 585 | 0.16 | 479 |
| കൊല്ലം | 0.03 | 81 | 0.08 | 201 |
| പത്തനംതിട്ട | 0.06 | 49 | 0.07 | 58 |
| ആലപ്പുഴ | 0.07 | 122 | 0.04 | 67 |
| കോട്ടയം | 0.26 | 439 | 0.14 | 232 |
| ഇടുക്കി | 0.68 | 710 | 0.51 | 530 |
| എറണാകുളം | 0.25 | 678 | 0.21 | 546 |
| തൃശ്ശൂർ | 0.11 | 348 | 0.09 | 286 |
| പാലക്കാട് | 0.25 | 888 | 0.25 | 878 |
| മലപ്പുറം | 0.07 | 506 | 0.09 | 628 |
| കോഴിക്കോട് | 0.11 | 430 | 0.07 | 278 |
| വയനാട് | 1.17 | 1298 | 0.84 | 924 |
| കണ്ണൂർ | 0.17 | 498 | 0.15 | 428 |
| കാസർഗോഡ് | 0.36 | 631 | 0.23 | 407 |
| ആകെ | 0.27 | | 0.20 | |

(സി) കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളെ പൊതു വിദ്യാലയങ്ങളിലേയ്ക്ക് തിരികെ എത്തിക്കുന്നതിന് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

1. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എങ്ങനെ കൂടുതൽ മെച്ചപ്പെടുത്താം എന്നത് കൂട്ടായി ചർച്ച ചെയ്യാൻ സ്കൂൾതല വികസന സെമിനാർ നടത്തി.

2. സ്കൂൾതല മാസ്റ്റർ പ്ലാൻ സമൂഹ പങ്കാളിത്തത്തോടെ തയ്യാറാക്കി.

3. സ്കൂളുകളിൽ നടക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ ജനങ്ങളുടെ മുന്നിൽ പഠന തെളിവുകളായി അവതരിപ്പിക്കുന്നതിന് മികവുത്സവങ്ങൾ നടത്തി.

4. പല വിദ്യാലയങ്ങളും രക്ഷാകർതൃ സമിതിയുടെ നേതൃത്വത്തിൽ ഗൃഹ സമ്പർക്ക പരിപാടി നടത്തി. അങ്ങനെ വിദ്യാലയ പരിപാടികൾ ജനകീയവൽക്കരിക്കുക വഴി കൊഴിഞ്ഞുപോക്ക് അടക്കമുള്ള പ്രവണതകളെ തടയാൻ കഴിയുന്നുണ്ട്.

(ഡി) അക്കാദമിക മാസ്റ്റർപ്ലാനിന്റെ നിർവ്വഹണ പദ്ധതി രൂപീകരിച്ച്, ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്കൂളും അഞ്ച് പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിച്ച് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. പഠന പിന്തുണ ആവശ്യമായ കുട്ടികൾക്ക് 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോം തയ്യാറാക്കി. ക്ലാസ്സ് മുറികൾ IT അധിഷ്ഠിത പഠനത്തിനു സഹായമാകുന്ന വിധത്തിൽ ഹൈടെക് ആക്കി മാറ്റി. 'സമഗ്ര' പോർട്ടൽ വഴി ഡിജിറ്റൽ റിസോഴ്സ് സ്കൂളുകൾക്ക് ലഭ്യമാക്കി. ശാസ്ത്രപാർക്ക്, ജൈവവൈവിധ്യ പാർക്ക്, ഓട്ടിസം പാർക്ക് എന്നീ പദ്ധതികളും നടപ്പിലാക്കി. കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി 'സുരീലിഹിന്ദി', 'ഗണിത വിജയം', 'മലയാളത്തിളക്കം', 'ടാലന്റ് ലാബ്', 'കുഞ്ഞുവായന-കത്തെഴുത്ത്', സാമൂഹ്യ ശാസ്ത്ര പ്രതിഭാ പോഷണ പരിപാടി, സാങ്കേതിക പാഠാവലി തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. യൂണിസെഫുമായി ചേർന്ന് പ്രളയബാധിത പ്രദേശത്തെ കുട്ടികൾക്കുള്ള മാനസിക സാമൂഹിക പിന്തുണ, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള ഉൾച്ചേർക്കുന്ന വിദ്യാഭ്യാസം (Inclusive Education) എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരത്തിൽ പിന്നാക്കം നിൽക്കുന്ന 14 സ്കൂളുകളെ ദത്തെടുത്ത് വിജയശതമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രത്യേക പ്രോഗ്രാം ഹയർ സെക്കണ്ടറി തലത്തിലും നടത്തിവരുന്നു. ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസം, ക്വാളിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (QEP), ഹാപ്പി ലേർണിംഗ്, ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ റീഡിംഗ് കോർണർ എന്നീ പദ്ധതികൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പാക്കിവരുന്നു.

ഹൈസ്കൂൾ/ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് വിഷയാധിഷ്ഠിത ഹൈടെക് ക്ലാസ്സ് റൂം വിനിമയത്തിനുള്ള പരിശീലനം നൽകി. സമഗ്ര പോർട്ടലിലെ ഉള്ളടക്കം പരിചയപ്പെടുത്തുന്നതിനും ഇതിന്റെ അടിസ്ഥാനത്തിൽ ഫലപ്രദമായി ക്ലാസ്സ് മോണിറ്ററിംഗ് നടത്തുന്നതിനും ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർക്കും ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്കും

പരിശീലനം നടത്തി. പ്രൈമറി വിദ്യാലയങ്ങളിലെ ഐ.സി.റ്റി. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഒരു വിദ്യാലയത്തിൽ നിന്ന് ഒരു അദ്ധ്യാപകന് വീതം പരിശീലനം നൽകി.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

136 (3179) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഒന്നാം ക്ലാസ്സിലേക്കുള്ള പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; 2017, 2018 അദ്ധ്യയന വർഷങ്ങളിലെ കണക്കുകൾ വ്യക്തമാക്കാമോ ?

ഉത്തരം

ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഒന്നാം ക്ലാസ്സിലേയ്ക്ക് പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഒന്നാം ക്ലാസ്സിലേയ്ക്ക് 2017-18 അദ്ധ്യയനവർഷം 6000 കുട്ടികളുടെ വർദ്ധനവും 2018-19 അദ്ധ്യയനവർഷം 5784 കുട്ടികളുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

137 (3180) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതിയുടെ ഭാഗമായുള്ള സ്കൂളുകളിലെ നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ചു മാറ്റുവാൻ സർക്കാർ നൽകിയ ഉത്തരവിൽ ഒരു കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളെ കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) മലപ്പുറം ജില്ലയിൽ എത്ര സ്കൂളുകളിലെ നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റുവാൻ ഡി.ഡി.ഇ മലപ്പുറം അനുവാദം നൽകിയിട്ടുണ്ട്;എത്ര അപേക്ഷകൾ ഡി.ഡി.ഇ മലപ്പുറം ഡി.പി.ഐ. യ്ക്ക് നൽകിയിട്ടുണ്ട്;ഏതെല്ലാം അപേക്ഷകൾ എന്നും ഈ വിഷയത്തിൽ ഡി.പി.ഐ. സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(സി) എം.എൽ.എ. /എം.പി. ഫണ്ട് ഉപയോഗിച്ച് ഇത്തരത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ഡി.ഡി.ഇ. മലപ്പുറത്തിന് നൽകിയ അപേക്ഷകളിൽ നാളിതുവരെയായി നടപടി സ്വീകരിച്ചിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ;

(ഡി) അഞ്ച് കോടി രൂപ മൂന്ന് കോടി രൂപ പദ്ധതിയിൽ ഒരു കോടി രൂപയുടെ പദ്ധതികളിൽ ഉൾപ്പെട്ട സ്കൂളുകളെ കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തി സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്ന ഉത്തരവിൽ യുക്തമായി ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി & സി) മലപ്പുറം ജില്ലയിൽ 16 സ്കൂളുകൾ ഒരു കോടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 3 സ്കൂളുകളാണ് കെട്ടിടം പൊളിക്കാനുള്ള അപേക്ഷ നൽകിയിട്ടുള്ളത്. ആയതിൽ പൈങ്കണ്ണൂർ ജി.യു.പി.എസ്-ന്റെ കെട്ടിടം പൊളിക്കുന്നതിനുള്ള അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു. ജി.യു.പി.എസ്. പാങ്ങിന് കെട്ടിടം പൊളിക്കുവാനുള്ള അനുമതി മലപ്പുറം ഡി.ഡി.ഇ. അനുവദിച്ചു നൽകിയിട്ടുണ്ട്. ഒഴുക്കൂർ ജി.എം.യു.പി. സ്കൂൾ കെട്ടിടം പൊളിക്കുന്നതിനുള്ള അപേക്ഷ വിദ്യാഭ്യാസ ഉപഡയറക്ടറുടെ പരിഗണനയിലാണ്.

(ഡി) 2018-19 വർഷത്തെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടികൾ**

138 (3181) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ മികവിൻെറ കേന്ദ്രങ്ങളായി മാറ്റുന്നതിനും അവയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ അക്കാദമിക് മികവ് ലക്ഷ്യമാക്കി ജനകീയ പങ്കാളിത്തത്തോടെ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(സി) പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാ അദ്ധ്യാപകർക്കും രണ്ടാഴ്ചത്തെ പരിശീലനം നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ആധുനിക വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം വിദ്യാഭ്യാസ മേഖലയിലും പ്രാവർത്തികമാക്കുന്നതിന് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)

1. പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഒരു നിയോജക മണ്ഡലത്തിൽ നിന്നും ഒരു സ്കൂളിനെ തെരഞ്ഞെടുത്ത് 140 സ്കൂളുകൾക്ക് 5 കോടി രൂപയുടെ കിഫ്ബി ധനസഹായം വീതം ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

2. അക്കാദമിക മാസ്റ്റർ പ്ലാനിന്റെ നിർവ്വഹണ പദ്ധതി രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്കൂളും അഞ്ച് പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

3. പഠനപിന്തുണ ആവശ്യമായ കുട്ടികൾക്ക് 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോം തയ്യാറാക്കി.

4. ക്ലാസ്സ് മുറികൾ IT അധിഷ്ഠിത പഠനത്തിനു സഹായമാകുന്ന വിധത്തിൽ ഹൈടെക് ആക്കി മാറ്റിവരുന്നു.

5. 'സമഗ്ര' പോർട്ടൽ വഴി ഡിജിറ്റൽ റിസോഴ്സ് സ്കൂളുകൾക്ക് ലഭ്യമാക്കി.

6. ശാസ്ത്രപാർക്ക്, ജൈവവൈവിധ്യ പാർക്ക്, ഓട്ടിസം പാർക്ക് എന്നീ പദ്ധതികളും നടപ്പിലാക്കി.

7. കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി 'സുരീലിഹിന്ദി', 'ഗണിത വിജയം', 'മലയാളത്തിളക്കം', 'ടാലന്റ് ലാബ്', 'കുഞ്ഞുവായന-കത്തെഴുത്ത്', 'സാമൂഹ്യ ശാസ്ത്ര പ്രതിഭാ പോഷണ പരിപാടി', 'സാങ്കേതിക പാഠാവലി' എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

8. യൂണിസെഫുമായി ചേർന്ന് പ്രളയബാധിത പ്രദേശത്തെ കുട്ടികൾക്കുള്ള മാനസിക സാമൂഹിക പിന്തുണ, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ളവ ഉൾച്ചേർക്കുന്ന വിദ്യാഭ്യാസം (Inclusive Education) എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

9. വിദ്യാഭ്യാസ നിലവാരത്തിൽ പിന്നാക്കം നിൽക്കുന്ന 14 സ്കൂളുകളെ ദത്തെടുത്തുകൊണ്ട് വിജയശതമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രത്യേക പ്രോഗ്രാം ഹയർ സെക്കണ്ടറി തലത്തിലും നടത്തിവരുന്നു.

10. ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസം, ക്വാളിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (QEP), ഹാപ്പി ലേർണിംഗ്, ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ, റീഡിംഗ് കോർണർ എന്നീ പദ്ധതികൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളും അക്കാദമിക് മാസ്റ്റർ പ്ലാൻ തദ്ദേശഭരണ പ്രതിനിധികൾ, ജനപ്രതിനിധികൾ, രക്ഷകർത്താക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, പി.ടി.എ. തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി സ്കൂൾതല റിസോഴ്സ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ 2018 ജനവരി മാസത്തോടെ തയ്യാറാക്കുകയും ഫെബ്രുവരിയിൽ പൊതുസമൂഹത്തിനു മുൻപിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്കൂളും അഞ്ച് പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്.

(സി) പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്ക് ഇൻഡക്ഷൻ കോഴ്സ് നിർബന്ധമാക്കണമെന്നത് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേക വിഷയാധിഷ്ഠിത പരിശീലനവും തെരഞ്ഞെടുത്ത പ്രൈമറി അദ്ധ്യാപകർക്കും എല്ലാ പ്രഥമാദ്ധ്യാപകർക്കും 'കൈറ്റി'ന്റെ നേതൃത്വത്തിൽ പരിശീലനവും നൽകിയിട്ടുണ്ട്. കുട്ടികൾക്ക് ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് സ്കൂളുകളിൽ 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ് യൂണിറ്റ് ആരംഭിക്കുകയും എല്ലാ ബുധനാഴ്ചകളിലും പ്രത്യേക പരിശീലനം ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

## അടിസ്ഥാന സൗകര്യ വികസനത്തിനായി തുക അനുവദിച്ച സ്കൂളുകൾ

139 (3182) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിനായി മൂന്ന് കോടി വീതം അനുവദിച്ച സ്കൂളുകളിലെ പട്ടികയിൽ നിലവിൽ എത്ര സ്കൂളുകൾക്ക് തുക അനുവദിച്ചു; വിശദാംശങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട മങ്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കടുങ്ങപുരം സർക്കാർ ഹൈസ്കൂളിന് ഫണ്ട് അനുവദിച്ച് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) കടുങ്ങപുരം സർക്കാർ ഹൈസ്കൂളിന് ഫണ്ട് അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി 229 സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. അതിൽ 186 സ്കൂളുകൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി & സി) മങ്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കടുങ്ങപുരം സർക്കാർ ഹൈസ്കൂളിന് ഭരണാനുമതി നൽകുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

## ചലഞ്ച് ഫണ്ട്

140 (3183) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി അനുവദിക്കുന്ന ചലഞ്ച് ഫണ്ട് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങൾ ആണ് സ്വീകരിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ; ആയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്ത് ഇതുവരെ ചലഞ്ച് ഫണ്ട് അനുവദിച്ച സ്കൂളുകൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ചലഞ്ച് ഫണ്ട് ലഭ്യമാക്കുന്നതിനായി 1-3-2018-ലെ സ.ഉ. (പി) നമ്പർ 30/2018/ധന. സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രൊപ്പോസൽ തയ്യാറാക്കി അതാത് ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ശിപാർശ സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതി നൽകുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ പദ്ധതി

141 (3184) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാനങ്ങളിൽ നിന്നും കുടുംബത്തോടൊപ്പം വന്ന് കേരളത്തിൽ താമസിക്കുന്ന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവിഷ്കരിക്കുമോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

നിലവിലുണ്ട്. എറണാകുളം ജില്ലയിൽ 'റോഷ്നി' എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കുട്ടികൾക്കായി രാവിലെ 8.30 മുതൽ 9.30 വരെ എഡ്യൂക്കേഷണൽ വോളന്റിയർ ക്ലാസ്സ് നടത്തിവരുന്നു. കൂടാതെ പ്രഭാത ഭക്ഷണവും നൽകിവരുന്നു.

## നേമം നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സംരക്ഷണത്തിനായി നടക്കുന്ന പ്രവൃത്തികൾ

142 (3185) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സംരക്ഷണത്തിനായി നടക്കുന്ന പ്രവൃത്തികളിൽ മൂന്ന് കോടിയുടെയും ഒരു കോടിയുടെയും പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;ഇത് എപ്പോൾ നടപ്പാക്കാൻ സാധിക്കും; വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

നേമം നിയോജക മണ്ഡലത്തിലെ കമലേശ്വരം ജി.എച്ച്.എസ്.എസ്.-നെ യാണ് മൂന്ന് കോടി പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ പ്രസ്തുത സ്കൂളിൽ നിർമ്മാണ പ്രവർത്തനം നടത്താൻ മതിയായ സ്ഥലസൗകര്യം സംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ജി.യു.പി.എസ്. കരുമം സ്കൂളിനെ തെരഞ്ഞെടുത്ത് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

**പൊതു വിദ്യാഭ്യസ മേഖലയ്ക്ക് അനുവദിച്ച തുക**

143 (3186) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ പൊതുവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി എത്ര കോടി രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;ഓരോ വർഷവും എത്ര തുക വീതമാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴിഞ്ഞ 3 വർഷത്തിനിടയിൽ പൊതുവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി എത്ര കോടി രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;ഓരോ വർഷത്തെയും കണക്ക് പ്രത്യേകം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി മുൻ സർക്കാർ വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | വിനിയോഗിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 1 | 2 |
| 2011-12 | 35702.97 |

| | |
|---|---|
| 2012-13 | 66411.47 |
| 1 | 2 |
| 2013-14 | 65101.06 |
| 2014-15 | 60711.72 |
| 2015-16 | 56594.05 |
| ആകെ | 284521.27 |

(ബി) പൊതുവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | വിനിയോഗിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2016-17 | 70601.80 |
| 2017-18 | 73265.50 |
| 2018-19 (30-11-2018 വരെ) | 50529.58 |
| ആകെ | 194396.88 |

**പ്രീ-സ്കൂൾ മേഖലയിലെ പ്രശ്നങ്ങൾ**

144 (3187) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-സ്കൂൾ മേഖലയിലെ പ്രശ്നങ്ങൾ കണ്ടെത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് എസ്.സി.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തിയിരുന്നോ ; റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(ബി) പ്രീ-സ്കൂൾ സംവിധാനത്തെ ശിശു സംരക്ഷണ കേന്ദ്രങ്ങളുമായി ഏകോപിപ്പിച്ച് എല്ലാ കുട്ടികൾക്കും ശാസ്ത്രീയമായ പ്രീ സ്കൂൾ സേവനം ഉറപ്പാക്കാൻ

പദ്ധതിയുണ്ടോ ;

(സി) പ്രീ.കെ.ജി., എൽ.കെ.ജി., യു. കെ. ജി. തുടങ്ങി സ്വകാര്യമേഖല വാണിജ്യതാൽപ്പര്യത്തോടെ കയ്യടക്കിയിരിക്കുന്ന രംഗം ശാസ്ത്രീയമായി നവീകരിച്ച് പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ചുമതലപ്പെടുത്തിയിരുന്നു. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഓരോ ജില്ലയിലെയും 30 വീതം പ്രീ-സ്കൂളുകളെ കേന്ദ്രീകരിച്ച് ചുറ്റുമുള്ള അങ്കണവാടികളെ ജൈവികമായി ബന്ധിപ്പിച്ച് ശാസ്ത്രീയമായ പരിചരണവും വിദ്യാഭ്യാസവും ഉറപ്പുവരുത്തുന്നതിനുള്ള ഒരു പൈലറ്റ് പ്രോജക്ട് ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) പ്രീ-സ്കൂൾ മേഖലയിലെ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന്;

(1) പ്രീ-സ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

(2) പ്രീ-സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രവർത്തന പുസ്തകം 'കളിപ്പാട്ടം' എന്ന പേരിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(3) 3+, 4+ കുട്ടികൾക്കുള്ള പ്രവർത്തന കാർഡുകളും അദ്ധ്യാപക വിനിമയ സഹായിയും 'കളിത്തോണി' ഭാഗം ഒന്നും പ്രസിദ്ധീകരിച്ചു. രണ്ടും മൂന്നും ഭാഗങ്ങൾ തയ്യാറാക്കിവരുന്നു.

(4) വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ അംഗീകൃത പ്രീ-സ്കൂളുകളിലെ മുഴുവൻ അദ്ധ്യാപകർക്കും ഈ വർഷം പരിശീലനം നൽകും.

(5) ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി പൈലറ്റ് പ്രോജക്ടായി ആസൂത്രണം ചെയ്തിട്ടുണ്ട്.

**സമഗ്ര പഠന സഹായ പദ്ധതി**

145 (3188) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :

<u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു സ്കൂളുകളുടെ ഭൗതിക പരിസരം നവീകരിച്ച് ഗുണമേന്മയുള്ള സൗജന്യ വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനുവേണ്ട അടിസ്ഥാനം സൃഷ്ടിച്ചു കഴിഞ്ഞതിന്റെ തുടർച്ചയായി ഓരോ കുട്ടിയുടെയും വ്യത്യസ്ത കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് വേണ്ട പഠനപ്രവർത്തനം ഒരുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; തദനുസൃതമായ മാറ്റം മൂല്യനിർണയ സമ്പ്രദായത്തിൽ വരുത്താൻ സാധ്യമായിട്ടുണ്ടോ;

(ബി) ഓരോ വിദ്യാർത്ഥിയുടെയും സവിശേഷ കഴിവുകളും സർഗ്ഗാത്മകതയും പരിപോഷിപ്പിക്കുന്നതിന് സാങ്കേതിക വിദ്യാധിഷ്ഠിതമായ സമഗ്ര പഠന സഹായ പദ്ധതിയെക്കുറിച്ച് അറിയിക്കാമോ;

(സി) വൈജ്ഞാനിക മികവ് നേടുന്നതിനോടൊപ്പം തന്നെ സാമൂഹ്യ പുരോഗതി കൂടി സാധ്യമാക്കുന്ന തരത്തിൽ ഭരണഘടന മൂല്യങ്ങൾ, പരിസ്ഥിതി സംരക്ഷണാവബോധം, നവോത്ഥാന മൂല്യങ്ങൾ എന്നിവ വിദ്യാർത്ഥികളിൽ സൃഷ്ടിക്കാൻ പരിപാടിയുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഓരോ കുട്ടിയേയും പരിഗണിച്ചുകൊണ്ട് എങ്ങനെയാണ് പാഠാസൂത്രണം നടത്തേണ്ടത് എന്നതിന്റെ മാതൃക പാഠാസൂത്രണങ്ങൾ സമഗ്ര പോർട്ടൽ വഴി എല്ലാ അദ്ധ്യാപകർക്കും ലഭ്യമാക്കി. ഇതെങ്ങനെ ഉപയോഗിക്കണം എന്നതിനെക്കുറിച്ച് അവധിക്കാലത്തുതന്നെ അദ്ധ്യാപകർക്ക് പരിശീലനം നൽകി. ഇതോടൊപ്പം നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയ സമ്പ്രദായത്തെക്കുറിച്ചും ആ മേഖലയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചും അദ്ധ്യാപകർക്ക് പരിശീലനം നൽകി. ക്ലാസ്സ് മുറികളിൽ നടക്കുന്ന അക്കാദമിക പ്രവർത്തനങ്ങളെ നേരിൽ കണ്ട് മനസ്സിലാക്കാനും പിന്തുണ നൽകാനും ജില്ലാ/സബ് ജില്ലാ തലങ്ങളിൽ അക്കാദമിക മോണിറ്ററിംഗ് സംവിധാനം ശക്തമാക്കി.

(ബി) അദ്ധ്യാപകർക്ക് ആവശ്യമായ പാഠാസൂത്രങ്ങൾ ക്ലാസ്സ് മുറിയിൽ ഉപയോഗപ്പെടുത്താവുന്ന ഡിജിറ്റൽ പഠന വിഭവങ്ങൾ, വൈവിധ്യമാർന്ന ചോദ്യമാതൃകകൾ, മൂല്യനിർണ്ണയത്തിന് ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുത്തി വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ഡിജിറ്റൽ അക്കാദമിക പ്ലാറ്റ്ഫോമാണ് സമഗ്ര. ഇതിൽനിന്നും അദ്ധ്യാപകർക്ക് പാഠാസൂത്രങ്ങൾ ഡൗൺലോഡ് ചെയ്യാനും ആവശ്യമായ മാറ്റങ്ങൾ വരുത്തി ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് ക്ലാസ്സ് മുറികളിൽ ഉപയോഗിക്കാനും അവസരമുണ്ട്.

(സി) ഉണ്ട്. പാഠപുസ്തകം മുഖ്യഉപാധിയായി ഉപയോഗിച്ചുകൊണ്ട് ഈ ആശയങ്ങൾ കുട്ടികൾക്ക് നേരിട്ട് പകർന്ന് നൽകുംവിധം ഭാഷാവിഷയങ്ങളുടെ ഉള്ളടക്കം ക്രമീകരിക്കും. അദ്ധ്യാപക സഹായത്തോടുകൂടി മൂല്യാവബോധം കുട്ടികളിൽ സൃഷ്ടിക്കുന്നതിന് പരിശീലനവും അധികവായനാ സാമഗ്രികളും എസ്.സി.ഇ.ആർ.ടി. വികസിപ്പിക്കുന്നുണ്ട്.

## എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം

146 (3189) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയാള ഭാഷാ പഠന ചട്ടം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം പത്താംതരം വരെ പഠിപ്പിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കാത്തതിന്റെ പേരിൽ ഏതെങ്കിലും സ്കൂൾ അധികൃതർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പിഴ ചുമത്തിയിട്ടുള്ള റിപ്പോർട്ടുകളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ പ്രളയക്കെടുതികൾമൂലം ഈ വർഷം ഡിസംബർ 31 വരെ സ്കൂൾ പരിശോധനകൾ പൂർത്തിയാക്കുന്നതിന് സാവകാശം നൽകിയിട്ടുണ്ട്.

## എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് ജൂനിയർ തസ്തിക

147 (3190) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിഭാഗത്തിൽ എച്ച്. എസ്. എസ്. ടി. ഇംഗ്ലീഷ് ജൂനിയർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) എച്ച്. എസ്. എസ്. ടി. ഇംഗ്ലീഷ് ജൂനിയർ തസ്തികയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എത്ര ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി മാറ്റി വച്ചിട്ടുണ്ട്;

(സി) എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് ജൂനിയർ തസ്തികയിൽ എത്ര ഒഴിവുകൾ ഇതിനോടകം പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) 151 ഒഴിവുകൾ നിലവിലുണ്ട്.

(ബി) 89 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് മാറ്റി വച്ചിട്ടുണ്ട്.

(സി) 113 ഒഴിവുകൾ ഇതിനോടകം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വൈക്കം നിയോജക മണ്ഡലത്തിലെ സ്കൂളുകൾക്ക് ബസ്**

148 (3191) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ പത്ത് സ്കൂളുകൾക്ക് ബസ് വാങ്ങി നൽകുന്നതിനുവേണ്ടി മുൻ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിക്കപ്പെടാതെപോയ സംഭവത്തിലെ ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരേ അന്വേഷണമോ അച്ചടക്ക നടപടിയോ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) സ്കൂൾ ബസ് വാങ്ങിനൽകുന്ന കാര്യത്തിൽ കോട്ടയം ഡി. ഡി. ഓഫീസിലുണ്ടായ അലംഭാവത്തെകുറിച്ച് അന്വേഷണം ആവശ്യപ്പെട്ട് എം. എൽ. എ. നൽകിയ കത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ &ബി) വൈക്കം നിയോജക മണ്ഡലത്തിലെ പത്ത് സ്കൂളുകൾക്ക് ബസ് വാങ്ങി നൽകുന്നതിനുവേണ്ടി മുൻ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ഉപയോഗിക്കപ്പെടാതെപോയ സംഭവത്തിലെ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇതോടൊപ്പം ബസ് വാങ്ങുന്ന കാര്യത്തിൽ ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് നടപടി പൂർത്തീകരിക്കുന്നതാണ്. സ്കൂൾ ബസ് വാങ്ങി നൽകുന്ന കാര്യത്തിൽ കോട്ടയം ഡി.ഡി. ഓഫീസിലുണ്ടായ അലംഭാവത്തെക്കുറിച്ച് അന്വേഷണം ആവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**സ്കൂൾ വിദ്യാർത്ഥികളുടെ ബാഗിന്റെ അമിതഭാരം**

149 (3192) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ വിദ്യാർത്ഥികളുടെ ബാഗിന്റെ അമിതഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതു ലഘൂകരിയ്ക്കുന്നതിന് 200 പേജ് നോട്ട് പുസ്തകത്തിനു പകരം 100 പേജ് നോട്ട് പുസ്തകം നിർദ്ദേശിക്കുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ; അപ്രകാരം 100 പേജിന്റെ നോട്ടുപുസ്തകം കുട്ടികൾ ഉപയോഗിച്ചാൽ അവരുടെ ബാഗിന്റെ ഭാരം നല്ല രീതിയിൽ കുറയുമെന്നതിനാൽ അത്തരത്തിലുള്ള നിർദ്ദേശങ്ങൾ നൽകുമോ; വിശദമാക്കുമോ?

ഉത്തരം

സ്കൂൾ ബാഗിന്റെ അമിതഭാരം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നേരത്തെ രണ്ട് വാല്യമായി വിതരണം ചെയ്തിരുന്ന പാഠപുസ്തകങ്ങൾ മൂന്ന് വാല്യമായി അച്ചടിച്ച് ഭാരം കുറച്ചിട്ടുണ്ട്. നോട്ട് ബുക്കുകൾ രക്ഷിതാക്കളാണ് കുട്ടികൾക്ക് വാങ്ങി നൽകുന്നത്.

**ആറന്മുള നിയോജകമണ്ഡലത്തിൽ മികവിന്റെ കേന്ദ്രമാക്കുന്ന സ്കൂളുകൾ**

150 (3193) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിൽ മികവിന്റെ കേന്ദ്രമാക്കാൻ തിരഞ്ഞെടുത്തിരിക്കുന്ന സ്കൂളുകൾ ഏതെല്ലാമാണ്;

(ബി) ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ നിർമ്മാണപ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) ആറന്മുള നിയോജക മണ്ഡലത്തിലെ കോഴഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിനെ കിഫ്ബിയുടെ 5 കോടി ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**സ്കൂൾ പാചകത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ**

151 (3194) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചകത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ പരമാവധി എത്ര തൊഴിലാളികളെയാണ് ഒരു സ്കൂളിൽ നിയമിച്ചിട്ടുള്ളത്;

(സി) കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽപേരെ നിയമിക്കുന്നതിന് അനുമതി നൽകുമോ;

(ഡി) പാചകത്തൊഴിലാളികൾക്ക് നിലവിൽ നൽകുന്ന വേതനം വളരെ കുറവാണെന്നത് വസ്തുതയാണോ; എങ്കിൽ പ്രതിമാസം 11,000 രൂപയെങ്കിലും വേതനമായി നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ &ബി) ഉണ്ട്. 500 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെങ്ത്ഉള്ള സ്കൂളുകളിൽ ഒരു പാചകത്തൊഴിലാളിയെയും 500-ന് മുകളിലുള്ള സ്കൂളുകളിൽ പരമാവധി രണ്ട് പാചകത്തൊഴിലാളികളെയും നിയമിക്കാവുന്നതാണ്.

(സി) ഈ കാര്യം പരിശോധിച്ചുവരുന്നു.

(ഡി) സ്കൂൾ പാചകത്തൊഴിലാളികൾക്ക് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള പ്രതിമാസ ഓണറേറിയം നിലവിൽ 1,000 (ആയിരം) രൂപയാണ് (60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും). ഇന്ത്യയിലെ ഭൂരിഭാഗം സംസ്ഥാനങ്ങളിലും ഈ നിരക്കിലാണ് ഓണറേറിയം നൽകിവരുന്നത്. എന്നാൽ കേരളത്തിൽ സ്കൂൾ പാചകത്തൊഴിലാളികൾക്ക് കേന്ദ്ര നിരക്കിനെക്കാൾ വളരെ ഉയർന്ന ഓണറേറിയമാണ് നൽകുന്നത്. നിലവിൽ 150 കുട്ടികൾക്ക് ഭക്ഷണം പാചകം ചെയ്യുന്നതിന് പ്രതിദിനം 400 രൂപ മിനിമം ഓണറേറിയമായി നൽകുന്നു. 150-ൽ കൂടുതലുള്ള ഓരോ കുട്ടിക്കും 25 പൈസവീതം എന്ന തോതിൽ കണക്കാക്കി പരമാവധി ഓണറേറിയം പ്രതിദിനം 475 രൂപയാണ് നൽകിവരുന്നത്.

## വെള്ളിനേഴി സർക്കാർ ഹൈസ്കൂളിൽ കഥകളി പഠനത്തിനുള്ള അനുമതി

152 (3195) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലുൾപ്പെടുന്ന വെള്ളിനേഴി സർക്കാർ ഹൈസ്കൂളിൽ കേരള കലാമണ്ഡലത്തിന്റെ സഹകരണത്തോടെ കഥകളി പഠനത്തിനുള്ള അനുമതി നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനകം അനുമതി നൽകിയിട്ടില്ലെങ്കിൽ വെള്ളിനേഴിയുടെ കലാപാരമ്പര്യം കൂടി കണക്കിലെടുത്ത് ഉടൻതന്നെ അനുമതി നൽകുവാനും, കഥകളി പഠനം ഉടൻ ആരംഭിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

## ഉത്തരം

(എ &ബി) കേരള കലാമണ്ഡലം കൽപിത സർവ്വകലാശാലയുടെയും സാംസ്കാരിക വകുപ്പിന്റെയും സഹകരണത്തോടുകൂടി വെള്ളിനേഴി സർക്കാർ ഹൈസ്കൂളിൽ കഥകളി പഠനത്തിന് അനുമതിക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. അതോടൊപ്പം 'സമഗ്ര ശിക്ഷ'യുടെ ആഭിമുഖ്യത്തിൽ സർഗ്ഗ വിദ്യാലയമായി ഈ സ്കൂളിനെ ഏറ്റെടുത്തിട്ടുമുണ്ട്.

## സ്കൂളുകളുടെ ലയനം

153 (3196) ശ്രീ. പി. കെ. ബഷീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്കണ്ടറി, ഹയർ സെക്കണ്ടറി വിഭാഗങ്ങൾ ഒരു ഡയറക്ടറേറ്റിന് കീഴിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിനായി നാളിതുവരെയായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഏതെങ്കിലും പഠനത്തിന്റെയോ,റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലാണോ ഈ രീതി കൊണ്ടു വരുന്നതെന്ന് വ്യക്തമാക്കാമോ, പഠന റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്;എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ സംവിധാനം നിലവിൽ വന്നാൽ സെക്കണ്ടറി, ഹയർ സെക്കണ്ടറി മേഖലയിൽ ജോലി ചെയ്ത് വരുന്ന അദ്ധ്യാപകരുടെ ജോലി ഘടനയിൽ ഉണ്ടാകാൻ പോകുന്ന മാറ്റങ്ങൾ വിശദമാക്കാമോ;

(ഡി) ലയനം എപ്പോൾ ഏത് രീതിയിൽ നടപ്പിലാക്കാനാണ് .ഉദ്ദേശിക്കുന്നത്; തന്മൂലം ഹൈസ്കൂൾ, ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികകൾ നഷ്ടപ്പെടുന്നതിനോ കാലക്രമേണ കുറവ് വരുന്നതിനോ സാദ്ധ്യതയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ലയനം നടപ്പിലാക്കുമ്പോൾ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സീനിയർ ജൂനിയർ അദ്ധ്യാപക തസ്തികകൾ, പൊതുവിദ്യാഭ്യാസ-ഹയർ സെക്കണ്ടറി വകുപ്പുകളിലെ സ്റ്റാഫുകളുടെ സീനിയോറിറ്റി, പുനർവിന്യാസം ഇവ എങ്ങനെയാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത് വ്യക്തമാക്കുമോ?

ഉത്തരം

(എ -ഇ) 2009-ലെ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനാവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഡോ. എം. എ. ഖാദർ ചെയർമാനായ ഒരു മൂന്നംഗ വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. മറ്റു പല നിർദ്ദേശങ്ങളോടൊപ്പം 12-ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാനുതകുംവിധം ഘടനാപരമായ മാറ്റം ഉൾപ്പെടെ എല്ലാ വശങ്ങളും പഠിച്ച് നിർദ്ദേശിക്കുന്നതിനായി ടി സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

**സ്കൂളുകളിലെ പാചക തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ**

154 (3197) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ പാചക തൊഴിലാളികൾ അനുഭവിക്കുന്ന ജോലി പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിക്കുന്ന നടപടികൾ ഏതെല്ലാം;

(ബി) എത്ര കുട്ടികൾക്ക് ഒരു പാചക തൊഴിലാളി എന്ന കണക്ക് ഈ മേഖലയിൽ മാനദണ്ഡമാക്കിയിട്ടുണ്ടോ;

(സി) ഇത്തരം തൊഴിലാളികൾക്ക് പെൻഷൻ പോലുള്ള സാമൂഹ്യ സുരക്ഷ സംവിധാനമോ ക്ഷേമ നിധിയോ മറ്റുമോ ഏർപ്പെടുത്തുന്നത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശവും വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സ്കൂൾ പാചകത്തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ, തൊഴിലാളികളുടെ എണ്ണം പുനഃക്രമീകരിക്കുക എന്നീ വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) 500 കുട്ടികൾ വരെ ഫീഡിംഗ് സ്റ്റ്രെംഗ്തുള്ള സ്കൂളുകളിൽ ഒരു പാചകത്തൊഴിലാളിയും 500-നുമുകളിൽ കുട്ടികളുള്ള സ്കൂളുകളിൽ പരമാവധി രണ്ട് പാചകത്തൊഴിലാളികളെയും നിയമിക്കാവുന്നതാണ്.

(സി) പാചകത്തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് വിവിധ തലങ്ങളിൽ ഉയർന്ന് വന്നിട്ടുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

**യൂണിഫോമിന്റെ വില**

155 (3198) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് വിതരണം ചെയ്ത യൂണിഫോമിന്റെ വിലയുടെ 70% മാത്രമേ നൽകിയിട്ടുള്ളൂയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബാക്കി 30% തുക സ്കൂൾ അധികാരികൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി തുക വിതരണം ചെയ്യുന്നതാണ്.

**സ്കൂളുകളിൽ നീന്തൽ പഠനം**

156 (3199) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നീന്തൽ പഠനം നിർബന്ധമാക്കി സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന മുങ്ങിമരണങ്ങളുടെ എണ്ണം കണക്കിലെടുത്തും പഠനത്തോടൊപ്പം കായികക്ഷമത ഉറപ്പുവരുത്തുന്നതിനുമായി ഇത്തരം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിദ്യാർത്ഥികളിൽ നീന്തൽ പരിശീലനത്തിന്റെ ആവശ്യകത സംബന്ധിച്ചും കായികക്ഷമത ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ബോധവത്ക്കരണവും, കൂടുതൽ വിദ്യാർത്ഥികളെ സ്കൂളുകളിൽ നേരിട്ടോ അല്ലാതെയോ പരിശീലനം നൽകുന്ന തരത്തിലുള്ള പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി & സി) ജലാശയങ്ങൾ ഏറെയുള്ള കേരളത്തിൽ ജലാശയ അപകടങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നത് കൂടുതലായും കുട്ടികൾക്കാണ്. ഇതിന് പരിഹാരമായി കുട്ടികൾ അബദ്ധവശാൽ ഏതെങ്കിലും ജലാശയത്തിൽ വീണുപോയാൽ അവർക്ക്

സ്വയം രക്ഷപ്പെടുന്നതിന് ആവശ്യമായ നീന്തൽ പരിശീലനം ഉറപ്പുവരുത്തുന്നതിനായി കായിക യുവജനകാര്യാലയം 'സ് പ്ലാഷ്' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 12 വയസ്സുമുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പരിശീലന സമയത്ത് നീന്തലിൽ പ്രതിഭ തെളിയിക്കുന്ന കുട്ടികൾക്ക് ദേശീയ/അന്തർദേശീയ തലത്തിലുള്ള നീന്തൽ താരങ്ങളാകുന്നതിനുള്ള അവസരംകൂടി സൃഷ്ടിക്കുക എന്നതും ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിലൊന്നാണ്. ആദ്യ ഘട്ടമെന്ന നിലയിൽ ഇടുക്കി, തൃശ്ശൂർ, വയനാട്, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ക്രമേണ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

## വിദ്യാലയങ്ങളിൽ ജൈവ വൈവിധ്യ ഉദ്യാനം

157 (3200) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജക മണ്ഡലത്തിൽ ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിന് വേണ്ടി അനുമതി നൽകിയ വിദ്യാലയങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത സ്കൂളുകളിൽ എല്ലാം ഉദ്യാനങ്ങൾ നിർമ്മിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ?

### ഉത്തരം

കായംകുളം നിയോജക മണ്ഡലത്തിൽ ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്ത 10,000 (പതിനായിരം) രൂപ വീതം അനുവദിച്ച സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

2017-18

1. എം.ജി.എം.എൽ.പി.എസ്, കരുവറ്റംകുഴി (എയ്ഡഡ്)
2. എൽ.പി.എസ്, ആറാട്ടുകുളങ്ങര (എയ്ഡഡ്)
3. ഗവ. യു.പി. സ്കൂൾ, പുതുപ്പള്ളി നോർത്ത്
4. ഗവ. യു.പി.എസ്, മാടമ്പിൽ
5. ഗവ. യു.പി.എസ്, കായംകുളം
6. എൻ.എൻ.എം.യു.പി. സ്കൂൾ, കാപ്പിൽ ഈസ്റ്റ് (എയ്ഡഡ്)
7. യു.പി. സ്കൂൾ, ഇലിപ്പക്കുളം (എയ്ഡഡ്)

2018-19

1. ഗവ. എൽ.പി. സ്കൂൾ, പുതുപ്പള്ളി
2. എൽ.പി. സ്കൂൾ, ഞാവക്കാട് (എയ്ഡഡ്)
3. മുഹമ്മദൻസ് എൽ.പി. സ്കൂൾ, ഏരുവ ഈസ്റ്റ് (എയ്ഡഡ്)
4. ഗവ. എൽ.പി. സ്കൂൾ, കായംകുളം
5. ഗവ. എൽ.പി.ജി. സ്കൂൾ, ഏരുവ
6. ഗവ. എൽ.പി.ബി. സ്കൂൾ, ഏരുവ
7. എം.വി.യു.പി. സ്കൂൾ, കറ്റാനം (എയ്ഡഡ്)
8. യു.പി. സ്കൂൾ, ഇരേഴ (എയ്ഡഡ്)
9. ഗവ. യു.പി. സ്കൂൾ, തെക്കേക്കര
10. ഗവ. യു.പി. സ്കൂൾ, മാടമ്പിൽ
11. ഗവ. യു.പി. സ്കൂൾ, കൃഷ്ണപുരം
12. എച്ച്.എച്ച്.വൈ.എസ്.എം.യു.പി. സ്കൂൾ, കുറ്റിത്തെരുവ് (എയ്ഡഡ്)
13. ആർ.വി.എസ്.എം.എച്ച്.എസ്.എസ്., പ്രയാർ (എയ്ഡഡ്)
14. ഗവ. ഗേൾസ് എച്ച്.എസ്.എസ്, കായംകുളം
15. ഗവ. എച്ച്.എസ്.എസ്, രാമപുരം.

കൂടാതെ SSA മുഖാന്തരം 2017-18 വർഷത്തിൽ കായംകുളം ടൗൺ യു.പി.എസ്.നും കട്ടച്ചിറ സി.എൻ.പി.പി.എം.വി.എച്ച്.എസ്.നും 2018-19 വർഷത്തിൽ കായംകുളം ജി.യു.പി.എസ്.നും പള്ളിക്കൽ ജി.എം.യു.പി.എസ്.നും 20,000 രൂപ വീതം ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുകയും എല്ലാ സ്കൂളുകളിലും പണി പൂർത്തിയായിട്ടുമുണ്ട്.

**ഗവൺമെന്റ് സ്കൂൾ ബസ്സുകളുടെ ഇന്ധനച്ചെലവ്**

158 (3201) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ ഗവൺമെന്റ് സ്കൂളുകൾക്ക് അനുവദിച്ച സ്കൂൾ ബസ്സുകളുടെ ഇന്ധനച്ചെലവ് തദ്ദേശസ്വയം ഭരണവകുപ്പ്

മുൻവർഷങ്ങളിൽ അനുവദിച്ചിരുന്നത് ഇപ്പോൾ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബസ്സുകൾ തുടർന്നും ഓടിക്കുന്നതിന് പി.ടി.എ കൾക്ക് മാത്രം കഴിയാത്ത സാഹചര്യത്തിൽ ഇന്ധനച്ചെലവ് അടക്കമുള്ള ചെലവുകൾ അനുവദിച്ച് നൽകുന്നതിന് വിദ്യാഭ്യാസവകുപ്പ് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**വിദ്യാലയങ്ങളിലേയ്ക്ക് വിതരണം ചെയ്യുന്ന സ്റ്റേഷനറി സാധനങ്ങൾ**

159 (3202)<u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷനറി വകുപ്പിൽനിന്നും ലഭിക്കുന്ന സ്റ്റേഷനറി സാധനങ്ങൾ വിദ്യാഭ്യാസവകുപ്പ് വിദ്യാലയങ്ങളിലേക്ക് വിതരണം ചെയ്യാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിദ്യാലയങ്ങളിലാണ് വിതരണം ചെയ്തതെന്ന് വിദ്യാലയങ്ങളുടെ പേരുസഹിതം ജില്ല അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) വിദ്യാലയങ്ങളിലേയ്ക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ വിദ്യാഭ്യാസ വകുപ്പിലെ ഓഫീസുകളിൽ നിന്നും വിതരണം ചെയ്യുന്നില്ലെങ്കിൽ എന്തുകാരണത്താലാണ് വിതരണം ചെയ്യാത്തതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ വഴിയാണ് സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്യുന്നത്.

പൊതുവിദ്യാഭ്യാസ വകുപ്പിൽ എല്ലാ ജില്ലകളിൽനിന്നും സ്കൂളുകളുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അവ കിട്ടുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്. തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ എല്ലാ സർക്കാർ വിദ്യാലയങ്ങൾക്കും അതാത് മേഖലാ ഓഫീസുകൾ സ്റ്റേഷനറി വകുപ്പിൽനിന്നും കിട്ടുന്ന സ്റ്റേഷനറികൾ വിതരണം ചെയ്യുന്നുണ്ട്.

(സി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ സ്റ്റേഷനറി സാധനങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സ്കൂളുകളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടില്ല.

ആയതിനാലാണ് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നിന്ന് വിദ്യാലയങ്ങൾക്ക് സ്റ്റേഷനറി സാധനങ്ങൾ വിതരണം നടത്താത്തത്. ഗവൺമെന്റ് സ്കൂളുകൾക്ക് സ്റ്റേഷനറി വകുപ്പുമായി ബന്ധപ്പെട്ട് നേരിട്ട് സാധനങ്ങൾ വാങ്ങാവുന്നതാണ്.

**പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാ നിലവാരം**

160 (3203) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ .ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിലുള്ള വിദ്യാർത്ഥികളെ ഇംഗ്ലീഷ് ഭാഷാ പഠിപ്പിക്കാൻ സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ടോ;

(സി) സോഫ്റ്റ്‌വെയറിന്റെ ഉള്ളടക്കം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ഡി) ഇംഗ്ലീഷ് വാക്കുകളുടെ ഉച്ചാരണം പഠിപ്പിക്കുന്നതിന് പ്രസ്തുത സോഫ്റ്റ്‌വെയറിൽ സംവിധാനമുണ്ടോ ?

<u>ഉത്തരം</u>

(എ) ഒന്നുമുതൽ ഏഴുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാശേഷി വർദ്ധിപ്പിക്കുന്നതു ലക്ഷ്യമിട്ട് 'സമഗ്ര ശിക്ഷ' ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'ഹലോ ഇംഗ്ലീഷ്'. 2017-18 വർഷം മുതൽ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വേനലവധിക്കാലത്ത് 8 ദിവസത്തെ പരിശീലനമാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് നൽകിയത്. കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ ഉണർത്തുന്ന തരത്തിലുള്ള തിയേറ്റർ ഗെയിംസ്, ചിത്രരചന, മോഡലിംഗ്, ഒറിഗാമി, ഭാഷാശേഷികൾ, നാടകവൽക്കരണം തുടങ്ങി വൈവിധ്യമാർന്ന ഒട്ടേറെ പ്രവർത്തനങ്ങളിലൂടെയാണ് 'ഹലോ ഇംഗ്ലീഷ്' പഠനം ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന് അദ്ധ്യാപകരെ സഹായിക്കാൻ 'ടീച്ചേഴ്സ് ജേർണൽ' എന്ന പേരിൽ പ്രവർത്തന പുസ്തകം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്.

(ബി - ഡി) സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ ഏജൻസികളുടെ സഹായത്തോടെ ഇംഗ്ലീഷ് ഭാഷാ നൈപുണ്യം ഉണ്ടാക്കാനാവശ്യമായ സോഫ്റ്റ്‌വെയർ തയ്യാറാക്കിവരുന്നു.

## സ്കൂൾ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം

161 (3204) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 നവംബർ ഒന്നുമുതൽ ജി.പി.എസ് സംവിധാനം ഇല്ലാത്ത സ്കൂൾ വാഹനങ്ങൾ ഓടാൻ അനുവദിക്കില്ലെന്ന ഉത്തരവ് മോട്ടോർ വാഹന വകുപ്പ് ഇറക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ ബസുകൾ വഴിയിൽ പ്രവർത്തനരഹിതമായി കിടന്നാലും അപകടത്തിൽപ്പെട്ടാലും അതുപോലെ ബസ്സുകളുടെ വേഗത,വാഹനത്തിനകത്ത് നടക്കുന്ന കാര്യങ്ങൾ എന്നിവയൊക്കെ ജി.പി.എസ് ഘടിപ്പിക്കുന്നതോടെ യഥാസമയം കൺട്രോൾ റൂമുകളിൽ അറിയാനാകുമോ എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ സ്കൂൾ ബസ്സുകളിലും ജി.പി.എസ് ഘടിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്

(ബി) പ്രവർത്തനക്ഷമത പരിശോധിച്ചുവരുന്നു.

(സി) മോട്ടോർ വാഹന വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ഹൈടെക് ലാബുകളുടെ സ്ഥാപനം

162 (3205) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസം പൂർണ്ണമായും ഡിജിറ്റലാകുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുന്നതിന്റെ ഭാഗമായി ഏതൊക്കെ ക്ലാസ്സുകളിലാണ് ഹൈടെക് ലാബുകൾ സ്ഥാപിക്കുന്നത്; ആയത് ഏത് ഏജൻസി വഴിയാണ്; ഇവ എത്ര മാസത്തിനകം പൂർത്തിയാകും;വിവരിക്കുമോ;

(ബി) ഈ പദ്ധതിക്കുവേണ്ടി കമ്പ്യൂട്ടറുകൾ പർച്ചേസ് ചെയ്യുന്നത് ഏത് ഏജൻസി വഴിയാണ്; ഇവ ഓപ്പൺ ടെണ്ടർ വഴിയാണോ വാങ്ങുന്നത്; പർച്ചേസിൽ ജെം നിബന്ധന പാലിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിക്ക് കമ്പ്യൂട്ടറുകളുടെ ഇൻസ്റ്റലേഷൻ ചുമതല അതത് കമ്പനികൾ തന്നെയാണോ നടപ്പാക്കുന്നത്; ഇവയുടെ ഗുണനിലവാരം പരിശോധിക്കാൻ അവസരമുണ്ടോ; കമ്പ്യൂട്ടറുകളുടെ ഓപ്പറേഷൻ മെയിന്റനൻസ് ആർക്കാണ്; പ്രസ്തുത സാധനങ്ങൾക്ക് ഗ്യാരന്റിയും വാറന്റിയും നിലവിലുണ്ടോ; ആയതിനുവേണ്ടി ആരെയാണ് സമീപിക്കേണ്ടത്; എത്ര വർഷത്തേക്കാണ് മെയിന്റനൻസ് ചുമതല നൽകിയിരിക്കുന്നത്?

ഉത്തരം

(എ) സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകൾ ഹൈടെക്കായിക്കഴിഞ്ഞു. 1 മുതൽ 7 വരെ ക്ലാസ്സുകളിൽ ഹൈടെക് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കിഫ്ബിയുടെ പരിഗണനയിലാണ്. കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. ഹൈടെക് ലാബുകൾ 2019 മേയ് 31-ഓടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന സർക്കാർ കമ്പനിക്കാണ് ഈ പ്രോജക്ടിന്റെ നിർവ്വഹണച്ചുമതല. കേരള സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടലിലൂടെ ഓപ്പൺ ടെണ്ടർ വഴിയാണ് ഐ.ടി ഉപകരണങ്ങൾ വാങ്ങുന്നത്. കേരള സർക്കാരിന്റെ സ്റ്റോർസ് പർച്ചേസ് നിബന്ധനകളാണ് നിലവിൽ പാലിച്ചുവരുന്നത്. ഈ പ്രക്രിയയിൽ ജെമ്മിന് പ്രത്യേക നിബന്ധനകളില്ല.

(സി) അതെ, ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. കമ്പ്യൂട്ടറുകളുടെ ഓപ്പറേഷൻ ചുമതല സ്കൂളുകൾക്കും മെയിന്റനൻസ് ചുമതല സപ്ലൈ ചെയ്യുന്ന കമ്പനിക്കുമാണ്. ഗുണനിലവാര പരിശോധന ഉൾപ്പെടെയുള്ള സാങ്കേതിക കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ഒരു സാങ്കേതിക സമിതിയെ നിയമിച്ചിട്ടുണ്ട്. 5 വർഷത്തെ വാറണ്ടിയോടെയാണ് കമ്പ്യൂട്ടറുകൾ വാങ്ങുന്നത്. കൈറ്റ് സജ്ജമാക്കിയ സർവീസ് പോർട്ടൽവഴിയാണ് കമ്പ്യൂട്ടറുകളുടെ പ്രശ്നപരിഹാരം നടത്തുന്നത്.

**ഹൈടെക് ക്ലാസ്മുറികൾ**

163 (3206) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ആറന്മുള നിയോജക മണ്ഡലത്തിലെ എത്ര ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകൾ ആയി ഉയർത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത സ്കൂളിൽ വിദ്യാഭ്യാസ വകുപ്പ് നേരിട്ട് എത്ര ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റിയിട്ടുണ്ട്; ക്ലാസ് മുറികൾ ഹൈടെക് ആക്കിമാറ്റുന്ന പദ്ധതി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ആറന്മുള നിയോജക മണ്ഡലത്തിലെ ആകെ 57 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ 343 ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസ്സുകളായി ഉയർത്തിയിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൻകീഴിലെ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന സർക്കാർ കമ്പനി മുഖാന്തിരം 343 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കി മാറ്റിയിട്ടുണ്ട്. ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. വിശദാംശം അനുബന്ധമായി *ചേർക്കുന്നു.

**സ്വകാര്യ സ്കൂൾ അദ്ധ്യാപകരുടെ വേതനം**

164 (3207) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സ്കൂളുകളിലെ വിദ്യാർത്ഥികളിൽനിന്നും അമിത ഫീസ് ഇടാക്കുന്നത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകാമോ;

(ബി) സ്വകാര്യ സ്കൂളിലെ അദ്ധ്യാപകർക്ക് നൽകേണ്ട വേതനം എത്രയാണെന്ന് സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംസ്ഥാന പാഠ്യ പദ്ധതി പിന്തുടരുന്ന സ്കൂളുകൾക്ക് സംസ്ഥാനത്തിന്റെ അംഗീകാരം ലഭിക്കുന്നതിന് 10-6-2013-ൽ പുറപ്പെടുവിച്ച ജി.ഒ. (എംഎസ്.)നമ്പർ 184/2013/പൊ.വി.വ. പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിലും സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്നതിന് 7-10-2011-ൽ പുറപ്പെടുവിച്ച ജി.ഒ. (എംഎസ്) നമ്പർ 202/11/ പൊ.വി.വ. ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിലും സ്കൂളുകളിലെ ഭൗതിക സൗകര്യത്തിനും കുട്ടികൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾക്കും ആനുപാതികമായ ട്യൂഷൻ ഫീസ് മാത്രമേ വാങ്ങാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു. ആയതിന്റെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്തെ അൺ-എയ്ഡഡ് സ്കൂളുകളിലെ പ്ലസ് വൺ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസ് സംബന്ധിച്ചും വ്യക്തമായ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. അൺ-എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് പ്രതിമാസം 500 (അഞ്ഞൂറ്) രൂപയും മറ്റു ഫീസുകൾ പ്രതിവർഷം 1000 (ആയിരം) രൂപയും കോഷൻ ഡെപ്പോസിറ്റ് 1000 (ആയിരം) രൂപയും നൽകേണ്ടതാണ്. ഇതിൽ കൂടുതൽ തുക വാങ്ങിയതായി പരാതി ലഭിച്ചാൽ ടി സ്കൂളിലെ ഹയർ സെക്കണ്ടറി കോഴ്സ് റദ്ദാക്കുവാൻ സർക്കാരിന് അധികാരമുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് നാളിതുവരെ പരാതിയൊന്നും ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്. 14-2-2011-ലെ ജി.ഒ.(എം.എസ്) നമ്പർ 36/11/പൊ.വി.വ. പ്രകാരം അൺ-എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകരുടെ ശമ്പളം നിർണ്ണയിച്ചിരുന്നു. ഇത് പുതുക്കി ഉത്തരവൊന്നും ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംസ്ഥാന പാഠ്യ പദ്ധതി പിന്തുടരുന്ന സ്കൂളുകൾക്ക് സംസ്ഥാനത്തിന്റെ അംഗീകാരം ലഭിക്കുന്നതിന് 10-6-2013-ൽ പുറപ്പെടുവിച്ച ജി.ഒ.(എം.എസ്) നമ്പർ 184/2013/പൊ.വി.വ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിലും സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്നതിന് 7-10-2011-ൽ പുറപ്പെടുവിച്ച ജി.ഒ.(എം.എസ്) നമ്പർ 202/11/പൊ.വി.വ. ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിലും സർക്കാർ മേഖലയിലെ അദ്ധ്യാപകർ വാങ്ങുന്ന ശമ്പളംതന്നെയാണ് അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും നൽകേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ അംഗീകാരമുള്ള അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനമെങ്കിലും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കിയ "കേരള പെയ്മെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺ-എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ" എന്ന പേരിലുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചു വരികയാണ്.

**ഹൈ-ടെക് ക്ലാസ് മുറികൾ**

165 (3208) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകളെയാണ് ഹൈ-ടെക് ക്ലാസ് മുറികൾ സ്ഥാപിക്കുന്നതിനായി പരിഗണിച്ചിരുന്നത്;

(ബി) ഏതെല്ലാം സ്കൂളുകളിൽ ഇത് സ്ഥാപിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഇനി സ്ഥാപിക്കാനുള്ള സ്കൂളുകളിൽ അവ എന്നത്തേക്ക് സ്ഥാപിക്കും എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) 58 സ്കൂളുകളിലായി 445 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കി മാറ്റിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) സ്കൂളുകൾ സജ്ജമാക്കുന്ന ക്ലാസ്സ് മുറികളിലേയ്ക്ക് ഉപകരണങ്ങളും സൗകര്യങ്ങളും ലഭ്യമാക്കി ഹൈടെക് ആക്കുകയാണ് ചെയ്യുന്നത്. മണ്ഡലത്തിൽ നിലവിൽ സജ്ജമായ എല്ലാ ക്ലാസ്സ് മുറികളിലേയ്ക്കും ഉപകരണങ്ങളും സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

**മങ്കട നിയോജക മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായുള്ള പ്രവൃത്തികൾ**

166 (3209) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിലെ പാങ്ങ് ഗവൺമെന്റ് ജി.യു.പി.ക്ക് അനുവദിച്ച ഒരു കോടി രൂപയുടെ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിലെ മറ്റ് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ ) മങ്കട നിയോജക മണ്ഡലത്തിലെ പാങ്ങ് ഗവ. യു.പി. സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകി അടിയന്തരമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നിർവ്വഹണ ഏജൻസിയായ തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മങ്കട നിയോജക മണ്ഡലത്തിൽ മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട മക്കരപ്പറമ്പ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിന് കിഫ്ബി പദ്ധതി പ്രകാരം 5 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകി കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റാന്നി നിയോജകമണ്ഡലത്തിലെ നാല് സർക്കാർ സ്കൂളുകൾ

167 (3210) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ നാല് സർക്കാർ സ്കൂളുകളുടെ പഴയ കെട്ടിടങ്ങൾക്ക് പകരം പുതിയവ നിർമ്മിക്കുന്നതിന് പ്ലാൻ ഫണ്ട് ലഭ്യമാക്കുന്നതിനായി നൽകിയ പ്രൊപ്പോസലിന് സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഭരണാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) റാന്നി നിയോജക മണ്ഡലത്തിലെ സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ലഭിച്ച പ്രൊപ്പോസലുകളിൽ 2018-19 സാമ്പത്തിക വർഷത്തിലെ തുക വിനിയോഗിച്ച് ഗവ. യു.പി. സ്കൂൾ, പുതുശ്ശേരിമല, റാന്നി (42.50 ലക്ഷം രൂപ), ഗവ. എൽ.പി.ജി സ്കൂൾ, റാന്നി (60 ലക്ഷം രൂപ) എന്നീ സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

## വൈക്കം ഗവ. യു.പി. സ്കൂൾ കെട്ടിട നിർമ്മാണം

168 (3211) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി വൈക്കം ഗവ. യു.പി. സ്കൂൾ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് പ്ലാൻ ഫണ്ട് ലഭ്യമാക്കുന്നതിനായി നൽകിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്; ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിക്ക് എന്നത്തേയ്ക്ക് തുക അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 2018-19 സാമ്പത്തിക വർഷത്തിലെ തുക വിനിയോഗിച്ച് ഗവ. യു.പി. സ്കൂൾ, പുതുശ്ശേരിമല, റാന്നി (42.50 ലക്ഷം രൂപ), ഗവ. എൽ.പി.ജി. സ്കൂൾ, റാന്നി (60 ലക്ഷം രൂപ) എന്നീ സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി നൽകിയതിനാൽ റാന്നി നിയോജക മണ്ഡലത്തിലെ റാന്നി വൈക്കം യു.പി. സ്കൂളിന് നടപ്പുവർഷം കെട്ടിട നിർമ്മാണത്തിനായി തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

**കൊല്ലം ജില്ലയിലെ ഹെറിറ്റേജ് സ്കൂളുകൾ**

169 (3212) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നൂറ്റിഅമ്പത് വർഷത്തിലധികം പഴക്കമുള്ള എത്ര ഹെറിട്ടേജ് സ്കൂളുകളാണ് കൊല്ലം ജില്ലയിലുള്ളത്; അവ ഏതെല്ലാമാണ്; ഹെറിട്ടേജ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രത്യേകം പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

മൂന്ന് സ്കൂളുകൾ.

1. ജി.വി.എച്ച്.എസ്. & എച്ച്.എസ്. ഫോർ ഗേൾസ് കൊട്ടാരക്കര.
2. ജി.റ്റി.യു.പി.എസ്. കൊട്ടാരക്കര
3. ജി.എം.എച്ച്.എസ്. ഫോർ ബോയ്സ്, കൊല്ലം.

2018-19 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 150-ലധികം വർഷം പഴക്കമുള്ള എല്ലാ ഹെറിറ്റേജ് സ്കൂളുകൾക്കും പ്രത്യേക ധനസഹായം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു.

**മാതമംഗലം ഗവ. എൽ.പി. സ്കൂൾ നവീകരണം**

170 (3213) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ മാതമംഗലം ഗവ. എൽ.പി. സ്കൂൾ നവീകരണ പ്രവൃത്തി തുടങ്ങാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ഉത്തരം

മാതമംഗലം ഗവ. എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണ നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രവുമായി എഗ്രിമെന്റിൽ ഏർപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുകയും കെട്ടിട നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നിർവ്വഹണ ഏജൻസിക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

## കോതമംഗലം മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ

171 (3214) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതികൾക്കായി (അഞ്ച് കോടി രൂപ, മൂന്ന കോടി രൂപ, ഒരു കോടി രൂപ) കോതമംഗലം നിയോജക മണ്ഡലത്തിലെ താഴെ പറയുന്ന സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

1. 5 കോടി രൂപ - ഗവ. മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ, ചെറുവട്ടൂർ

2. 3 കോടി രൂപ - ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പല്ലാരിമംഗലം

3. 1 കോടി രൂപ - ഗവ. എൽ.പി.എസ്, ഇളങ്ങവം

കൂടാതെ, 2018-19 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ കോതമംഗലം മാതിരപ്പള്ളി ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 150 ലക്ഷം രൂപ അനുവദിച്ച് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി & സി) അഞ്ച് കോടി രൂപ പദ്ധതിയിലെ ചെറുവട്ടൂർ ഗവ. മോഡൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. മൂന്ന് കോടി രൂപ പദ്ധതിയിലെ പല്ലാരിമംഗലം ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ ടെണ്ടർ നടപടികൾ സത്വരമായി നടന്നുവരുന്നു. 1 കോടി രൂപ പദ്ധതിയിലെ ഇളങ്ങവം ഗവ. എൽ.പി. സ്കൂളിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

**കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണം**

172 (3215) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിലുള്ള കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബി വഴി അനുവദിച്ച തുകയുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളിൽ നിലവിൽ നടക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; കിഫ്ബി വഴി ഏതെല്ലാം പ്രവൃത്തികളാണ് ചെയ്യുന്നതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോന്നി നിയോജക മണ്ഡലത്തിലെ കലഞ്ഞൂർ ജി.എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണത്തിനായി 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ ഗ്രൗണ്ട് ഫ്ലോറിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. ഒന്നാം നിലയുടെ 40% സ്ട്രക്ച്ചറൽ നിർമ്മാണം പൂർത്തിയായി.

(ബി & സി) കിഫ്ബി വഴി അനുവദിച്ച തുകയ്ക്കുള്ള ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്കൂളുകൾ അന്തർദേശീയ നിലവാരത്തിലേക്കുയർത്താൻ നടപടി**

173 (3216) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി, കണ്ടശ്ശാംകടവ് ഹയർ സെക്കണ്ടറി സ്കൂളുകൾ അന്തർദേശീയ നിലവാരത്തിലേക്കുയർത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമായി മാറ്റുന്നതിന് കിഫ്ബി അംഗീകാരത്തോടെ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2017-18 വർഷം തെരഞ്ഞെടുത്ത സ്കൂളുകളിൽ കണ്ടശ്ശാംകടവ് ഹയർ സെക്കണ്ടറി സ്കൂൾ ഉൾപ്പെട്ടിട്ടില്ല.

(ബി) മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി മണ്ണ് മാറ്റുന്ന പ്രക്രിയ നടന്നുവരുന്നു.

(സി) 2019 ജൂൺ മാസത്തോടെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കൊട്ടാരക്കര എയ്ഡഡ് സ്കൂളുകൾക്കുള്ള ചലഞ്ച് ഫണ്ട്**

174 (3217) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽനിന്നും എത്ര എയ്ഡഡ് സ്കൂളുകൾ ചലഞ്ച് ഫണ്ട് ലഭിക്കുന്നതിനായി മാസ്റ്റർ പ്ലാൻ സമർപ്പിച്ചിരുന്നു എന്നും അവ ഏതെല്ലാം സ്കൂളുകൾ ആണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഓരോ സ്കൂളിലും അനുവദിക്കുന്ന തുകയുടെ വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ ആയത് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകളിൽ ഏതെങ്കിലും സ്കൂളുകൾ സർക്കാർ വിഹിതത്തിന് തുല്യമായ തുക ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എസ്.കെ. വി. വി. എച്ച്. എസ്. എസ്, തൃക്കണ്ണമംഗൽ സ്കൂളാണ് ചലഞ്ച് ഫണ്ടിനായി പ്രൊപ്പോസൽ നൽകിയിട്ടുള്ളത്.

(ബി) ഉണ്ട്. ഓരോ സ്കൂളും സമർപ്പിക്കുന്ന എസ്റ്റിമേറ്റിന് ആനുപാതികമായി 50% തുക (പരമാവധി ഒരു കോടി രൂപ വരെ) സർക്കാർ നൽകുന്നതാണ്. ഭരണാനുമതി പുറപ്പെടുവിച്ചശേഷം നിബന്ധനകൾ പാലിക്കുന്ന സ്കൂളുകൾക്ക് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ട്രഷറിയിൽ തുക നിക്ഷേപിച്ചിട്ടില്ല.

**ചലഞ്ച് ഫണ്ട്**

175 (3218) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് വിദ്യാലയങ്ങളെ സഹായിക്കുന്നതിനു വേണ്ടി സർക്കാർ പ്രഖ്യാപിച്ച ചലഞ്ച് ഫണ്ട് വഴി എത്ര വിദ്യാലയങ്ങൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം സ്കൂളുകളെയാണ് ഇതിനായി തെരഞ്ഞെടുത്തതെന്നും വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് പ്രസ്തുത ഫണ്ട് നൽകിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചലഞ്ച് ഫണ്ടിനായി സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) കാസർഗോഡ് ജില്ലയിൽനിന്നും താഴെ പറയുന്ന മൂന്ന് സ്കൂളുകൾ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

1. ഉദിനൂർ സെൻട്രൽ എ.യു.പി. സ്കൂൾ
2. സെന്റ് മേരീസ് എ.യു.പി. സ്കൂൾ, മാലക്കല്ല്
3. ഹോളി ഫാമിലി എച്ച്.എസ്.എസ്, രാജപുരം

**കായംകുളം മണ്ഡലത്തിലെ സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള തുക**

176 (3219) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ഹൈസ്കൂൾ-ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2017-18, 2018-19 നാളിതുവരെയുള്ള അദ്ധ്യയന വർഷം സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പദ്ധതികൾ ഏതൊക്കെയെന്നും അനുവദിച്ചിട്ടുള്ള തുകയിൽ എത്രമാത്രം വിനിയോഗിച്ചിട്ടുണ്ട് എന്നുള്ളതിന്റെ വിശദാംശങ്ങൾ സ്കൂളുകൾ തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

കായംകുളം നിയോജക മണ്ഡലത്തിൽ മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട കായംകുളം ജി.ബി.എച്ച്.എസ്.എസ്-ന് 5 കോടി രൂപയുടെ പദ്ധതിയും, രാമപുരം ഗവ. എച്ച്.എസ്.എസ്-ന് 3 കോടി രൂപയുടെ പദ്ധതയും കിഫ്ബി മുഖാന്തരം അനുവദിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ നിന്നും കായംകുളം നിയോജക മണ്ഡലത്തിലെ 4 സ്കൂളുകൾക്ക് 'ശ്രദ്ധ' പദ്ധതിയിൽ ഉൾപ്പെടുത്തി 29015 (ഇരുപത്തിയൊൻപതിനായിരത്തി പതിനഞ്ച്) രൂപയും, ജൈവ വൈവിധ്യ ഉദ്യാനം പദ്ധതിയുടെ ഭാഗമായി 7 സ്കൂളുകൾക്കായി 70,000 (എഴുപതിനായിരം) രൂപയും (10,000 രൂപ വീതം), യൂണിഫോം വിതരണത്തിനായി 4,14,000 (നാലു ലക്ഷത്തി പതിനാലായിരം) രൂപയും നൽകിയിട്ടുണ്ട്. സ്കൂൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-1*-ൽ ചേർത്തിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ ജൈവ വൈവിധ്യ ഉദ്യാനം പദ്ധതിക്കായി 15 സ്കൂളുകൾക്ക് 10,000 രൂപ വീതം അനുവദിച്ചു. യൂണിഫോം വിതരണത്തിനായി 5,96,400 (അഞ്ചുലക്ഷത്തി തൊണ്ണൂറ്റാറായിരത്തി നാനൂറ്) രൂപയും കായംകുളം മണ്ഡലത്തിലെ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. സ്കൂൾ തിരിച്ചിട്ടുള്ള വിശദാംശങ്ങൾ അനുബന്ധം -2-*ൽ ചേർത്തിട്ടുണ്ട്. ഹയർ സെക്കണ്ടറി മേഖലയിൽ നിന്നും കായംകുളം ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ ആധുനിക രീതിയിലുള്ള ലബോറട്ടറികൾ സജ്ജീകരിക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

**മാനന്തവാടി മണ്ഡലത്തിലെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം**

177 (3220) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിൽനിന്നും 3 കോടി രൂപ അനുവദിച്ച മാനന്തവാടി മണ്ഡലത്തിലെ സ്കൂളുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത സ്കൂളുകളിൽ ഇതുമായി ബന്ധപ്പെട്ട പ്രവൃത്തി ഏത് ഘട്ടത്തിലാണ് ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി എത്ര വർഷം വേണമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എച്ച്.എസ്.എസ് വെള്ളമുണ്ട, ജി.എച്ച്.എസ്.എസ് കാട്ടിക്കുളം, ജി.എച്ച്.എസ്.എസ്. പനമരം

(ബി & സി) പ്രസ്തുത സ്കൂളുകൾക്ക് ഭരണാനുമതിയും കിഫ്ബിയുടെ അനുമതിയും ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ 'കൈറ്റ്' മുഖേന സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മലയിൻകീഴ് ഹൈസ്കൂളിൽ കലാ-കായിക സാംസ്കാരിക പാർക്ക്

178 (3221) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കാട്ടാക്കട മണ്ഡലത്തിലെ മലയിൻകീഴിൽ ഹൈസ്കൂളുകൾ കേന്ദ്രീകരിച്ച് കലാ-കായിക സാംസ്കാരിക പാർക്ക് സ്ഥാപിക്കുമെന്ന ബഹു. മുഖ്യമന്ത്രിയുടെ പ്രഖ്യാപനം സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഉണ്ട്, സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## വിദ്യാലയങ്ങളെ മാലിന്യ മുക്തമാക്കുന്നതിനുള്ള പദ്ധതി

179 (3222) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളെ മാലിന്യ മുക്തമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതു വിദ്യാഭ്യാസ രംഗത്ത് ഏറെ ദൂരം മുന്നോട്ട് പോയ ഈ സർക്കാരിന് അടുത്ത ഘട്ടത്തിൽ സ്കൂളുകൾ പൂർണമായും മാലിന്യ വിമുക്ത മാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹരിത ചട്ടം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ/ഹരിത കേരളം മിഷൻ നിർദ്ദേശങ്ങൾ യഥാസമയം പാലിക്കുന്നതിന് പൊതുവിദ്യാലയങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരള സ്ക്രാപ് മെർച്ചന്റ് അസോസിയേഷനുമായി ചേർന്നുകൊണ്ട് സ്കൂളുകളിൽ പ്ലാസ്റ്റിക് കുപ്പികൾ ശേഖരിച്ച് കൈമാറുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന പൊതുപരിപാടികൾ ഹരിത ചട്ടം പാലിച്ചുകൊണ്ടുമാത്രമേ നടത്താവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റുക എന്ന സർക്കാർ ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് കുട്ടികൾക്ക് വലിയ പങ്ക് വഹിക്കുവാൻ കഴിയും. അത് തിരിച്ചറിഞ്ഞുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

## പറങ്കിമൂച്ചിക്കൽ, കരേക്കാട്,ചുന്നൂർ(പൊൻമള)എന്നീ ഗവ. എൽ.പി. സ്കൂളുകളുടെ അപേക്ഷ

180 (3223) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകൾക്കായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കണമെന്ന അപേക്ഷയുമായി കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പറങ്കിമൂച്ചിക്കൽ, കരേക്കാട്,ചുന്നൂർ(പൊൻമള) എന്നീ ഗവഃ എൽ.പി. സ്കൂളുകളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;പ്രസ്തുത വിഷയത്തിൽ ഡി.പി.ഐ സ്വീകരിച്ച നടപടികൾ എന്തെന്ന്അറിയിക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;ഇതുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത കെട്ടിടം നിർമ്മിക്കുവാനുള്ള അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പറങ്കിമൂച്ചിക്കൽ ഗവ. എൽ.പി. സ്കൂളിന് 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽനിന്നും 100 ലക്ഷം രൂപ (നൂറ് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മറ്റ് സ്കൂളുകളുടെ കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

## ദുരന്ത നിവാരണം, ട്രാഫിക് നിയമങ്ങൾ, പ്രഥമ ശുശ്രൂഷ എന്നിവ പാഠ്യപദ്ധതിയിൽ

181 (3224) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരത്തുകളിൽ ഉണ്ടാകുന്ന അപകടങ്ങളിൽ ഭൂരിഭാഗവും ട്രാഫിക് നിയമങ്ങൾ പാലിക്കാത്തത് കൊണ്ടുള്ളതാണെന്നതിനാൽ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിൽ ദുരന്ത നിവാരണം, ട്രാഫിക് നിയമങ്ങൾ, പ്രഥമ ശുശ്രൂഷ എന്നിവ സംബന്ധിച്ച പാഠഭാഗങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ദുരന്തനിവാരണത്തെക്കുറിച്ചും ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിനെക്കുറിച്ചും പ്രഥമശുശ്രൂഷ നൽകുന്നതിനെക്കുറിച്ചും വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്താതരം വരെയുള്ള വിവിധ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ദുരന്ത നിവാരണം, ട്രാഫിക് നിയമങ്ങൾ, പ്രഥമ ശുശ്രൂഷ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രഥമ ശുശ്രൂഷാ മാർഗ്ഗങ്ങളെയും രീതികളെയും സംബന്ധിച്ച് വളരെ വിശദമായ ഉള്ളടക്ക ഭാഗങ്ങൾ വിവിധ ക്ലാസ്സുകളിലെ ആരോഗ്യ കായിക വിദ്യാഭ്യാസം ആക്ടിവിറ്റി ബുക്കിലും ബയോളജി പാഠപുസ്തകങ്ങളിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിനെ സംബന്ധിച്ച് വിവിധ ക്ലാസ്സുകളിലെ സാമൂഹ്യ പാഠപുസ്തകങ്ങളിലും ആരോഗ്യ കായിക വിദ്യാഭ്യാസ പുസ്തകങ്ങളിലും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ കുട്ടികൾക്ക് അധിക വായനയ്ക്കായി എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ ദുരന്ത നിവാരണ മാർഗ്ഗങ്ങളെ സംബന്ധിച്ച് ഒരു റഫറൻസ് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.

**പ്രീ സ്കൂൾ വിദ്യാഭ്യാസം ഒരു കുടക്കീഴിൽ**

182 (3225) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ സ്കൂൾ വിദ്യാഭ്യാസം ഇനി ഒരു കുടക്കീഴിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) അങ്കണവാടികളെ പ്രീ സ്കൂളുമായി ബന്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം ഉറപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടോ;വ്യക്തമാക്കാമോ

(സി) ഭൗതിക സാഹചര്യങ്ങളുള്ള എത്ര സ്കൂളുകളെയാണ് ആദ്യ ഘട്ടത്തിൽ പദ്ധതിക്കായി തിരഞ്ഞെടുക്കുക എന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ കാര്യം പരിശോധിച്ചുവരികയാണ്.

(ബി) സമഗ്ര ശിക്ഷ-കേരളം പദ്ധതിയുടെ സാദ്ധ്യത കണക്കിലെടുത്ത് സർക്കാർ ഓണറേറിയം നൽകുന്ന ഒരു പ്രീ-സ്കൂളിനെ മുഖ്യ കേന്ദ്രവും തൊട്ടടുത്ത

3 - 4 അങ്കണവാടികളെ ഉപകേന്ദ്രങ്ങളായും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഒരു പ്രീ-സ്കൂളിംഗ് സംവിധാനം വികസിപ്പിക്കാനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

(സി) പൈലറ്റ് പദ്ധതി എന്ന നിലയിൽ സംസ്ഥാനത്തെ ജില്ലയിൽ 30 സ്കൂളുകൾ എന്ന കണക്കിൽ ആകെ 420 പ്രീ-പ്രൈമറി സ്കൂളുകളെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. സമഗ്ര ശിക്ഷയുടെ നേതൃത്വത്തിലാണ് സ്കൂൾതല പദ്ധതി നിർവ്വഹിക്കുന്നത്.

**പ്രീ സ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം**

183 (3226) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ സ്കൂൾ അദ്ധ്യാപകരായി വിവിധ വിദ്യാലയങ്ങളിൽ നിയമിതരായ അദ്ധ്യാപകർക്ക് പരിശീലനം നൽകാൻ പൊതുവിദ്യാഭ്യാസവകുപ്പ് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ സ്കൂൾ പി.ടി.എ. കൾ നടത്തുന്നതും സർക്കാർ അംഗീകാരമില്ലാത്തതുമായ പ്രീ സ്കൂൾ ടീച്ചർമാരെ പരിശീലനത്തിന് പരിഗണിക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ജനശിക്ഷൻ സംസ്ഥാനിൽ നിന്നും പ്രീ പ്രൈമറി ആന്റ് ഏർളി ചൈൽഡ് ഹുഡ് എഡ്യൂക്കേഷൻ സർട്ടിഫിക്കറ്റ് കോഴ്സ് പാസായവരെ ഔദ്യോഗിക പരിശീലന പരിപാടികളിൽ നിന്നും മാറ്റിനിർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇവരെയും പരിശീലനപരിപാടികളിൽ പങ്കെടുപ്പിക്കുന്നതിനും അംഗീകാരം നൽകുന്നതിനും നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്. അദ്ധ്യാപകർക്കും ആയമാർക്കും പരിശീലനം നൽകുന്നതിന് എസ്.സി.ഇ.ആർ.ടി. പരിശീലന മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ജില്ലയിലെ പരിശീലനം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റും ക്ലസ്റ്റർതല പരിശീലനം എസ്.എസ്.എ.യുമാണ് നടത്തുന്നത്. ക്ലസ്റ്റർതല പരിശീലനത്തിൽ പി.ടി.എ.യുടെ നിയന്ത്രണത്തിലുള്ള സർക്കാർ അംഗീകാരമില്ലാത്ത പ്രീ-സ്കൂൾ ടീച്ചർമാരെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഈ കാര്യം പരിശോധിക്കുന്നതാണ്.

## ഹയർസെക്കണ്ടറിയായി ഉയർത്തിയ ഹൈസ്കൂളുകൾ

184 (3227) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 അദ്ധ്യയന വർഷത്തിൽ എത്ര ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറിയായി ഉയർത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 3172014ലെ 143/2014 നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരമാണോ 2016-2017 ആദ്ധ്യയന വർഷം മലപ്പുറം ജില്ലയിലെ വളാഞ്ചേരി ഗേൾസ് ഹൈസ്കൂളിന് ഹയർ സെക്കണ്ടറി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2016-17 അദ്ധ്യയന വർഷത്തിൽ ഹൈസ്കൂളുകൾ ഒന്നും ഹയർ സെക്കണ്ടറിയായി ഉയർത്തിയിട്ടില്ല.

(ബി) 24-11-2014-ലെ സ.ഉ. (കൈ.) നമ്പർ 247/2014/പൊ.വി. നമ്പർ ഉത്തരവുകൊണ്ട് പരിഷ്കരിച്ച 31-7-2014-ലെ സ.ഉ. (കൈ.) നമ്പർ 143/2014/ പൊ.വി. ഉത്തരവ് പ്രകാരമാണ് വളാഞ്ചേരി ഗേൾസ് ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ചിട്ടുള്ളത്. 2016-17 അദ്ധ്യയന വർഷം ടി സ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ചിട്ടില്ല. 2014-ൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതിരുന്നതിനാൽ പ്രവർത്തനം ആരംഭിക്കാതിരുന്ന ടി സ്കൂളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 2016-17 അദ്ധ്യയന വർഷം മുതൽ പ്രവർത്തനാനുമതി നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

## എച്ച്.എസ്.എ ഫിസിക്കൽ സയൻസ് പരീക്ഷയുടെ യോഗ്യത

185 (3228) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി നടത്തിയ എച്ച്.എസ്.എ ഫിസിക്കൽ സയൻസ്-2018 പരീക്ഷയുടെ യോഗ്യത സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഫിസിക്സിൽ ബിരുദം നേടിയവർക്ക് ഈ തസ്തികയ്ക്ക് കെമിസ്ട്രി ഉപവിഷയം ആയി പഠിച്ചിരിക്കണമെന്ന് വിജ്ഞാപനത്തിൽ വ്യക്തമാക്കിയിരുന്നോ;

(സി) പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പി.എസ്.സി. നടത്തിയ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ്-2018 പരീക്ഷയുടെ വിജ്ഞാപന പ്രകാരമുള്ള യോഗ്യത ചുവടെ ചേർക്കുന്നു. (വിശദമായി അനുബന്ധം (A)* യിൽ വായിക്കാവുന്നതാണ്).

A Degree in the concerned subject and B.Ed/BT in the concerned subject conferred or recognised by the Universities in Kerala. The applicant should have taken Physics/Chemistry as main subject for graduation. Degree in Geology (Main) with Physics and Chemistry as subsidiary subject with B.Ed Degree (Physical Science) can also be considered as an alternative qualification and the candidates who have acquired B.Sc.Ed in Physics, Chemistry, Mathematics stream conducted by the Regional Institute of Education, Mysore of NCERT are also eligible to apply for the post.

(ബി & സി) ഇല്ല. എന്നാൽ KAT-യുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി പിന്നീട് നിലപാട് സ്വീകരിച്ചിട്ടുണ്ട്. എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിൽ സബ്സിഡിയറി വിഷയങ്ങളുടെ പേരിൽ നിയമനം ലഭിക്കാത്തതിനെ തുടർന്ന് നിരവധി ഉദ്യോഗാർത്ഥികൾ സർക്കാരിൽ പരാതിപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ബിരുദതലത്തിൽ സബ്സിഡിയറി വിഷയങ്ങൾ പരിഗണിക്കണോ അതോ ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾ ബിരുദതലത്തിൽ മുഖ്യവിഷയമായോ സബ്സിഡിയറി വിഷയമായോ പഠനം പൂർത്തിയാക്കിയവരെ മാത്രം എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിലേയ്ക്ക് പരിഗണിച്ചാൽ മതിയോ എന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**പ്രധാന അദ്ധ്യാപകരായി ഉദ്യോഗക്കയറ്റം**

186 (3229) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഏത് കാലയളവിൽ എച്ച്.എസ്.എ.-യായി ജോലിയിൽ പ്രവേശിച്ച അദ്ധ്യാപകരെയാണ് പ്രധാന അദ്ധ്യാപകരായി ഉദ്യോഗക്കയറ്റം നല്കി നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അവസാനമായി ഉദ്യോഗക്കയറ്റം നല്കി പ്രധാന അദ്ധ്യാപകരായി നിയമിച്ചിട്ടുള്ളവർ എച്ച്.എസ്.എ. മുൻഗണന ലിസ്റ്റിലെ എത്രാമതുള്ളയാളാണ് എന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിലവിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ തസ്തികയിൽ എത്ര ഒഴിവ് നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-1-1997 മുതൽ 31-12-2000 വരെയുള്ള കാലഘട്ടത്തിൽ എച്ച്.എസ്.എ. ആയി നിയമനം ലഭിച്ച് സർവ്വീസിൽ തുടർന്ന് വരുന്നവർക്കാണ് ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തത്തുല്യ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചുവരുന്നത്.

(ബി) 1-1-1997 മുതൽ 31-12-2000 വരെയുള്ള എച്ച്.എസ്.എ. മാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 889 വരെയുള്ളവർക്ക് ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

(സി) നിലവിൽ ഹൈസ്കൂൾ പ്രധാന അദ്ധ്യാപകർ/തത്തുല്യ തസ്തികയിൽ 16 ഒഴിവുകൾ നിലവിലുണ്ട്.

## എച്ച്.എസ്.എസ്.ടി. കോമേഴ്സ് (ജൂനിയർ) തസ്തിക

187 (3230) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 -ൽ അധിക ബാച്ച് അനുവദിച്ചതും മതിയായ വിദ്യാർത്ഥികൾ ഉള്ളതുമായ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 259 എച്ച്.എസ്.എസ്.ടി തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഓരോ വിഷയത്തിനും എത്ര തസ്തിക വീതമാണ് സൃഷ്ടിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(സി) എച്ച്.എസ്.എസ്.ടി. കോമേഴ്സ് (ജൂനിയർ) വിഷയത്തിന് തസ്തിക അനുവദിച്ചിട്ടുണ്ടോ; ഈ തസ്തികയിലേക്ക് 538/2014 SSVII എന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 17-10-2018-ലെ സ.ഉ. (കൈ.)നമ്പർ 153/2018/പൊ.വി.വ. പ്രകാരം 2015-16 അദ്ധ്യയന വർഷം അനുവദിച്ച ബാച്ചുകളിൽ മതിയായ വിദ്യാർത്ഥികളുള്ള സർക്കാർ സ്കൂളുകളിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി * ചേർക്കുന്നു.

(സി) ഉണ്ട്. റാങ്ക് ലിസ്റ്റ് നിലവിലുണ്ടെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നൽകുന്നതാണ്.

**എച്ച്.എസ്.എസ്.ടി. കോമേഴ്സ് (ജൂനിയർ) അദ്ധ്യാപകരുടെ ഒഴിവുകൾ**

188 (3231) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-6-2017 ൽ നിലവിലുണ്ടായിരുന്ന എച്ച്.എസ്.എസ്.ടി കോമേഴ്സ് (ജൂനിയർ) അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്നും ഈ പ്രക്രിയകൾ രണ്ട് മാസത്തിനുള്ളിൽ പൂർത്തീയാക്കണമെന്നും എറണാകുളം ട്രിബ്യൂണൽ കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാറ്റഗറി നമ്പർ 459/2010 റാങ്ക് ലിസ്റ്റിലുള്ളവരെ ഹിയറിംഗിന് വിളിച്ചിരുന്നുവോ; ഹിയറിംഗ് നടത്തിയതിൻ മേൽ എന്ത് നടപടി സ്വീകരിച്ചു; ഇതിൻമേൽ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാറ്റഗറി 459/10 (ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ കോമേഴ്സ്, ജൂനിയർ) റാങ്ക് ലിസ്റ്റിലുള്ളവരെ ഹിയറിംഗ് നടത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് ജൂനിയർ തസ്തിക**

189 (3232) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിഭാഗത്തിൽ എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് ജൂനിയർ തസ്തികയിൽ എത്ര ഒഴിവുകൾ ഇതിനോടകം പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് ജൂനിയർ തസ്തികയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എത്ര ഒഴിവുകൾ നേരിട്ടുള്ള നിയമത്തിനായി മാറ്റി വച്ചിട്ടുണ്ട്;

(സി) മറ്റ് നിയമനങ്ങൾക്കായി മാറ്റി വച്ച ഒഴിവുകൾ എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 113 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 89 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് മാറ്റിവച്ചിട്ടുണ്ട്.

(സി) ബൈട്രാൻസ്ഫർ നിയമനത്തിനായി 24 ഒഴിവുകൾ മാറ്റിവച്ചിട്ടുണ്ട്.

**സർവീസ് ബുക്ക് വെരിഫിക്കേഷൻ**

190 (3233) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ശ്രീനാരായണ ഹയർ സെക്കണ്ടറി സ്കൂളിലെ ഇംഗ്ലീഷ് അദ്ധ്യാപികയായ ശ്രീമതി.മഞ്ജു.എം.മദനന്റെ സർവീസ് ബുക്ക് വെരിഫിക്കേഷനായി തിരുവനന്തപുരം റീജിയണൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റിൽ എന്ന് ലഭിച്ചുവെന്നും വെരിഫിക്കേഷൻ കഴിഞ്ഞ് ആയത് എന്ന് മടക്കി നൽകി എന്നും വ്യക്തമാക്കുമോ;

(ബി) വെരിഫിക്കേഷന് കാലതാമസം നേരിട്ടിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; ഇതിന്മേൽ സ്വീകരിച്ച ദൈനംദിന നടപടിക്രമം (കോഴ്സ് ഓഫ് ആക്ഷൻ) സംബന്ധിച്ച രേഖകൾ ലഭ്യമാക്കുമോ;

(സി) സർവ്വീസ് ബുക്കിലെ എൻട്രികളുടെ കൃത്യത ഉറപ്പുവരുത്താതെയാണ് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഒപ്പ് രേഖപ്പെടുത്തി മടക്കിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മേൽവിഷയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; തിരുവനന്തപുരം റീജിയണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ ഫയലുകൾ, അദ്ധ്യാപകരുടെ സർവ്വീസ് ബുക്ക്, ലീവ് അപേക്ഷകൾ എന്നിവ കൈകാര്യം ചെയ്യുന്നതിൽ അനാവശ്യമായ കാലതാമസം നേരിടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) തിരുവനന്തപുരം റീജിയണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ; ഇക്കാര്യത്തിൽ അപര്യാപ്തത ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാത്തന്നൂർ ശ്രീനാരായണ ഹയർ സെക്കണ്ടറി സ്കൂളിലെ ഇംഗ്ലീഷ് അദ്ധ്യാപികയായ ശ്രീമതി മഞ്ജു എം. മദനന്റെ സേവന പുസ്തകം 2-8-2018-ൽ തിരുവനന്തപുരം മേഖലാ ഉപമേധാവിയുടെ കാര്യാലയത്തിൽ ലഭിക്കുകയും 25-10-2018-ന് ബന്ധപ്പെട്ട പ്രിൻസിപ്പാളിന് മടക്കി അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബന്ധപ്പെട്ട രേഖകൾ അനുബന്ധമായി * ചേർത്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല, രണ്ട് ജില്ലകളിലെ ഹയർ സെക്കണ്ടറി സ്കൂളുകളുടെ ഭരണപരമായ മുഴുവൻ ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുമ്പോളുണ്ടാകുന്ന ജോലിഭാരംമൂലമുള്ള കാലതാമസമാണെന്നാണ് അനുമാനിക്കുന്നത്. ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ക്ലർക്ക് -10, ഓഫീസ് അറ്റൻഡന്റ് -2, ടൈപ്പിസ്റ്റ് -2, ജൂനിയർ സൂപ്രണ്ട് -1, അക്കൗണ്ട്സ് ഓഫീസർ -1, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ-1. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കോന്നി മാങ്കോട് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം**

191 (3234) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലുള്ള മാങ്കോട് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണത്തിന് അഞ്ച്കോടി രൂപ അനുവദിക്കുന്നതിലേയ്ക്കായി എം.എൽ.എ. ബഹു. മന്ത്രിക്ക് നൽകിയ കത്തു പ്രകാരം പൊതുമരാമത്ത് വകുപ്പ് 365 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ആയത് ഡി.പി.ഐ -ലും തുടർന്ന് ഹയർ സെക്കന്ററി ഡയറക്ടർക്കും നൽകിയിരുന്നു.ആയതിന്മേൽ എന്തെങ്കിലും തുടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്തല്ലാമാണ്; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ബജറ്റ് വിഹിതം പരിമിതമായതു കൊണ്ട് ഉൾപ്പെടുത്താതിരുന്ന പ്രസ്തുത പ്രവൃത്തി ഈ വർഷം ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) കോന്നി നിയോജക മണ്ഡലത്തിലുള്ള മാങ്കോട് എച്ച്.എസ്.എസ്.ന്റെ കെട്ടിട നിർമ്മാണത്തിനായി 365 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിരുന്നു. ഈ വർഷത്തെ കെട്ടിട നിർമ്മാണം സംബന്ധിച്ച് ഭരണാനുമതി നൽകിയ സ്കൂളുകളുടെ ലിസ്റ്റിൽ ടി സ്കൂൾ ഉൾപ്പെട്ടിട്ടില്ല. അടുത്ത വർഷത്തെ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വേങ്ങര വലിയോറ സർക്കാർ യു. പി. സ്കൂളിൽ ഓട്ടിസം സെന്റർ**

192 (3235) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സാമ്പത്തിക സഹായത്താൽ വേങ്ങര വലിയോറ സർക്കാർ യു.പി.സ്കൂളിൽ ഓട്ടിസം സെന്ററിനായി പുതിയ ഒരു കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ടോ;ആയത് എന്ന് മുതൽ പ്രവർത്തനമാരംഭിച്ചുവെന്നും ആയതിലേക്ക് ആവശ്യമായ ജീവനക്കാരുടെ നിയമനം പൂർത്തിയായിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ഓട്ടിസം സെന്ററിന് ആവശ്യമായ ഫർണ്ണീച്ചറുകളും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;ഇത് എന്നത്തേയ്ക്ക് ലഭ്യമാകുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഓട്ടിസം സെന്റർ അടിയന്തരമായി പ്രവർത്തനമാരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ഓട്ടിസം സെന്ററിനായി മലപ്പുറം ജില്ലയിലെ വേങ്ങര വലിയോറ സർക്കാർ യു.പി. സ്കൂളിൽ നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ 90% നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

ഇലക്ട്രിഫിക്കേഷൻ ജോലികൾ ബാക്കിയുണ്ട്. പ്രസ്തുത ഓട്ടിസം സെന്റർ പൂർണ്ണമായി പ്രവർത്തന സജ്ജമായിക്കഴിഞ്ഞാൽ സമഗ്ര ശിക്ഷാ അഭിയാന്റെ കീഴിലുള്ള ബ്ലോക്ക് റിസോഴ്സ് സെന്ററിലെ ജീവനക്കാരുടെ സേവനം വിനിയോഗിക്കുവാൻ കഴിയുന്നതാണ്.

## സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

193 (3236) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയശേഷം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സ്കൂൾ കെട്ടിടങ്ങളുടെയും സുരക്ഷ സമഗ്രമായി അവലോകനം ചെയ്യുന്നതിനും സുരക്ഷ ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) താമരശ്ശേരി പരപ്പൻ പൊയിലിൽ രാരോത്ത് സർക്കാർ ഹയർ സെക്കന്ററി സ്കൂൾകെട്ടിടം മഴയിൽ തകർന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയോ;

(സി) ഈ സ്കൂൾ കെട്ടിടത്തിന് ഫിറ്റനസ് സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നോ; ഇല്ലെങ്കിൽ ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത കെട്ടിടത്തിൽ ക്ലാസ്സുകൾ നടത്തുന്നതിനുള്ള തീരുമാനം എപ്രകാരമാണ് കൈകൊണ്ടത് എന്ന് അറിയിക്കുമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) താമരശ്ശേരി പരപ്പൻ പൊയിലിൽ രാരോത്ത് സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിന് 2018-19 അദ്ധ്യയന വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

## മൊറയൂർ അരിമ്പ്ര ജി.എം.യു.പി.സ്കൂൾ

194 (3237) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ മൊറയൂർ അരിമ്പ്ര ജി.എം.യു.പി.സ്കൂൾ കളിസ്ഥലത്തിനുവേണ്ടി സ്ഥലം അക്വയർ ചെയ്യുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടർ ഓഫീസിലെ W1-41844/2018, സർക്കാരിലുള്ള M1-198/18 എന്നീ നമ്പർ ഫയലുകളിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) മൊറയൂർ അരിമ്പ്ര ജി.എം.യു.പി.സ്കൂൾ കളിസ്ഥലത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) മലപ്പുറം മണ്ഡലത്തിലെ മൊറയൂർ അരിമ്പ്ര ജി.എം.യു.പി സ്കൂൾ കളിസ്ഥലത്തിനുവേണ്ടി സ്ഥലം അക്വയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**തടഞ്ഞുവെച്ച ശമ്പളം നൽകുവാൻ നടപടി**

195 (3238) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ യഥാക്രമം ലിറ്റിൽ ഫ്ളവർ എൽ.പി.എസ്. അയ്യമ്പാറ, സെന്റ് തോമസ് എൽ.പി.എസ് മംഗളഗിരി എന്നിവിടങ്ങളിൽ എൽ.പി.എസ്.എ ആയി നിയമനം ലഭിച്ച് ശമ്പളം വാങ്ങി വന്നവരുമായ ലിന്റാ തോമസ്, ലിനീറ്റാ തോമസ് എന്നിവരുടെ ശമ്പളം തടഞ്ഞുകൊണ്ടുള്ള ഉത്തരവിനെതിരെ സമർപ്പിച്ച പരാതിയിൽ ഡി.പി.ഐ. ഹീയറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഡി.പി.ഐ. ഓഫീസിലെ നമ്പർ 17392/എഫ്5/2015 ഫയലിൽ ഉത്തരവ് പുറപ്പെടുവിക്കാനുണ്ടാകുന്ന കാരണം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഇവർക്ക് 2011 ഓഗസ്റ്റ് മുതൽ 2015 ജനുവരി വരെയുള്ള പൂർണ്ണ ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; 2006 മുതലുള്ള ഇൻക്രിമെന്റും ഗ്രേഡും പേ-റിവിഷനും പൂർണ്ണമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീമതി ലിന്റാ തോമസ്, ശ്രീമതി ലിനീറ്റാ തോമസ് എന്നിവർ ഫയൽ ചെയ്ത 4696/15-ാം നമ്പർ റിട്ട് ഹർജിയിൽ 16-8-2018-ലെ വിധിന്യായത്തിൽ പരാതിക്കാരെ നേരിൽ കേട്ട് തീർപ്പാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ 31-10-2018-ന് പരാതിക്കാരെ നേരിൽ കേൾക്കുകയുണ്ടായി. വസ്തുതകൾ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ പുരോഗമിക്കുകയാണ്.

(സി) ശ്രീമതി ലിന്റാ തോമസ്, ശ്രീമതി ലിനീറ്റാ തോമസ് എന്നിവരുടെ നിയമനാംഗീകാരം നൽകിയത് ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണെന്ന് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയും ഇവർക്ക് നൽകിയ ശമ്പളം

വിദ്യാഭ്യാസ ഓഫീസർമാരുടെ ബാദ്ധ്യതയായി കണക്കാക്കുകയും ചെയ്തിരുന്നു. ഓഡിറ്റ് തടസ്സവാദം ഒഴിവാക്കുന്നതിനുള്ള കത്തിടപാടുകൾ നടത്തിവരുന്നു. തടസ്സവാദം പരിഹരിക്കപ്പെടുന്ന മുറയ്ക്ക് ഇവരുടെ ശമ്പളം, ഇൻക്രിമെന്റ്, ഗ്രേഡ്, പേ-റിവിഷൻ തുടങ്ങിയ വിഷയങ്ങളിൽ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**യു.പി. സ്കൂൾ അദ്ധ്യാപക നിയമനം**

196 (3239) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും യു.പി. സ്കൂൾ അദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടി ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗത്തിന് നിയമനം ലഭിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; വിജ്ഞാപനത്തിൽ കെ.ടെറ്റ് യോഗ്യതയായി പ്രഖ്യാപിച്ചിരുന്നുവോ; വിശദീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും കോടതിയിൽ വ്യവഹാരം നിലനിൽക്കുന്നുണ്ടോ;എങ്കിൽ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദീകരിക്കുമോ;

(ഡി) എത്രയുംവേഗം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയുടെ 14 ജില്ലകളിലെയും ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) A pass in SSLC Examination conducted by the Commissioner for Government Examinations, Kerala or its equivalent.

OR

A pass in Pre-degree examination conducted by any of the Universities in Kerala or any examinations, recognized by any such Universities in Kerala as equivalent to Pre-degree examination.

OR

A pass in Higher Secondary Examination conducted by the Board of Higher Secondary Examinations, Kerala or any other examinations, recognized by Government as equivalent thereto.

AND

2. A pass in TTC Examination conducted by the Commissioner for Government Examination, Kerala.

OR

3. A degree in any subject and B.Ed/B.T/LT conferred or recognized by the Universities of Kerala.

4. Special Note:-(1) Candidates who have not studied the Regional Language " Malayalam" either under Part I or Part II or as medium of instruction of SSLC will not be eligible for appointment to the post. [G.O. (Rt.) No.534/02/G.Edn. Dated 19-3-2002, G.O. (Ms.) No.44/75/ G.Edn. Dated 29-1-1975].

ടി വിജ്ഞാപനത്തിൽ KTET യോഗ്യതയായി ചേർത്തിരുന്നില്ല.

(സി) ഇതുസംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ട്. അന്തിമവിധി ആയിട്ടില്ല.

(ഡി) യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റ് എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കേരള പി.എസ്.സി. സ്വീകരിച്ചുവരുന്നു. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വി.എച്ച്.എസ്.ഇ. യിൽ ലാബ് അസിസ്റ്റന്റ് നിയമനം**

197 (T3240) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 147/2014 പ്രകാരം പി.എസ്.സി. 2017 ജൂണിൽ പ്രസിദ്ധപ്പെടുത്തിയ വി.എച്ച്.എസ്.ഇ. ലാബ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ ഒരാൾക്കുപോലും നിയമനം നടത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) സർക്കാർ ആരംഭിക്കാൻ പോകുന്ന പുതിയ നൈപുണ്യ വികസന കോഴ്സുകളിൽ ആവശ്യമായ ലാബ് അസിസ്റ്റന്റുമാരെ ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഒരാൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല. ദേശീയ തൊഴിൽ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് (NSQF) നടപ്പ് അദ്ധ്യയന വർഷം മുതൽ തുടങ്ങുന്നതിന് 9-5-2018-ലെ സ.ഉ. (കൈ) നമ്പർ 56/2018/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളുടെ പുനർ വിന്യാസം ആവശ്യമായേക്കാവുന്നത് മുന്നിൽ കണ്ടുകൊണ്ട് പുതിയ നിയമന ശിപാർശ/ നിയമനങ്ങൾ തൽക്കാലത്തേയ്ക്ക് നടത്തേണ്ടതില്ലെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെയും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറെയും അറിയിച്ചിട്ടുണ്ട്.

**ഹയർ സെക്കന്ററി അദ്ധ്യാപകരുടെ സ്ഥലം മാറ്റം**

198 (3241) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിയമനം സ്റ്റേറ്റ് അടിസ്ഥാനത്തിലും സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡത്തിൽ പ്രയോറിറ്റി, കംപാഷണേറ്റ് എന്നീ വിഭാഗത്തിൽ ജില്ലാതലത്തിൽ നിശ്ചിത ശതമാനത്തിലാക്കിയ തെറ്റായ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് തിരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ന്യൂനത പരിഹരിക്കുന്നതിനായി സുപ്രീം കോടതിയിൽ ഏതെങ്കിലും കേസ് നിലവിൽ നൽകിയിട്ടുണ്ടോ;

(സി) മലബാർ മേഖലകളിൽ മതിയായ സർവീസ് ചെയ്തിട്ടുള്ള തെക്കൻ ജില്ലകളിലെ അദ്ധ്യാപകരെ മലബാർ മേഖലകളിൽ തന്നെ തിരികെ നിയമിച്ചിട്ടുണ്ടോ;

(ഡി) പ്രയോറിറ്റി, കംപാഷണേറ്റ് എന്നീ വിഭാഗങ്ങളിൽപ്പെട്ട അദ്ധ്യാപകർക്ക് ജില്ലാടിസ്ഥാനത്തിൽ തീരുമാനിക്കുന്നതിന് പകരം സംസ്ഥാന അടിസ്ഥാനത്തിൽ ഒഴിവ് കണക്കാക്കുമോ;

(ഇ) അദ്ധ്യാപകരുടെ സ്ഥലംമാറ്റം നിശ്ചിത സമയത്തിന് നടത്തുമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് മാസം നടത്തുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ചുകൊണ്ട് അനുകമ്പാർഹ/മുൻഗണനാ സ്ഥലംമാറ്റം നടത്തുന്നതിന് ഒരു ജില്ലയിൽ ഒരു വിഷയത്തിൽ സ്ഥലംമാറ്റ മാനദണ്ഡപ്രകാരം ഉണ്ടാകുന്ന എല്ലാ ഒഴിവുകളും ഒരു യൂണിറ്റായി കണക്കാക്കി അനുകമ്പാർഹ/മുൻഗണനാ ട്രാൻസ്ഫർ നടത്തേണ്ടതാണെന്ന് 3-10-2018-ലെ സ.ഉ.(പി) 138/2018/പൊ.വി.വ. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) 2018-ലെ പൊതു സ്ഥലംമാറ്റത്തിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 3-10-2018-ലെ സ.ഉ. (പി) നമ്പർ 138/2018/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ജില്ലയിലുണ്ടാകുന്ന എല്ലാ ഒഴിവുകളും ഒരു യൂണിറ്റായി കണക്കാക്കിയാണ് കംപാഷനേറ്റ്/പ്രയോറിറ്റി സ്ഥലംമാറ്റം നടത്തിയിട്ടുള്ളത്.

(ഇ) അടുത്ത അദ്ധ്യയന വർഷത്തെ പൊതുസ്ഥലം മാറ്റം അദ്ധ്യയന വർഷാരംഭം തന്നെ നടപ്പാക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

**എയ്ഡഡ് സ്കൂളിലെ ടീച്ചർമാരുടെ എണ്ണം**

199 (3242) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എയ്ഡഡ് വിദ്യാഭ്യാസ രംഗത്ത് എത്ര ടീച്ചർമാർ ജോലിനോക്കി വരുന്നുണ്ട്; ഇതിൽ എൽ. പി., യു. പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നീ സ്കൂളുകളിലെ ടീച്ചർമാരുടെ എണ്ണം പ്രത്യേകം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

സംസ്ഥാനത്ത് എയ്ഡഡ് വിദ്യാഭ്യാസ രംഗത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ നിലവിൽ 94,109 അദ്ധ്യാപകർ ജോലി ചെയ്യുന്നു. ഇതിൽ എൽ.പി. വിഭാഗത്തിൽ 27,311 പേരും യു.പി. വിഭാഗത്തിൽ 27,859 പേരും ഹൈസ്കൂൾ വിഭാഗത്തിൽ 38,939 പേരുമാണുള്ളത്.

സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ ടീച്ചർമാരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പ്രിൻസിപ്പാൾ | - | 679 |
| എച്ച്.എസ്.എസ്.ടി. | - | 8782 |
| എച്ച്.എസ്.എസ്.ടി.(ജൂനിയർ) | - | 3077 |

വി.എച്ച്.എസ്.ഇ. എയ്ഡഡ് സ്കൂളുകളിലെ ടീച്ചർമാരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| വൊക്കേഷണൽ ടീച്ചർ | - | 381 |
| നോൺ വൊക്കേഷണൽ ടീച്ചർ (സീനിയർ) | - | 787 |
| നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ) | - | 95 |
| ആകെ | - | 1263 |

**കിടങ്ങയം എ.എം.എൽ.പി. സ്കൂളിലെ റിട്ടയർമെന്റ് വേക്കൻസി**

200 (3243) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി ഉപജില്ല പരിധിയിൽപെട്ട കിടങ്ങയം എ.എം.എൽ.പി. സ്കൂളിൽ റിട്ടയർമെന്റ് വേക്കൻസിയിൽ 2016 ജൂൺ 1 മുതൽ നിയമിക്കപ്പെട്ട മുഅ്മിന.സി.എച്ച്. എന്ന സഹാധ്യാപികയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് B1/227/17 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപികയുടെ അപ്പീൽ ഹർജിയിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത അദ്ധ്യാപികക്ക് നിയമനാംഗീകാരം നൽകുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ മുഅ്മിനയുടെ നിയമനം അംഗീകരിക്കുവാൻ ബന്ധപ്പെട്ട ഓഫീസർക്ക് നിർദ്ദേശം നല്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി ഉപജില്ലാ പരിധിയിൽപ്പെട്ട കിടങ്ങയം എ.എം.എൽ.പി. സ്കൂളിൽ നിയമിക്കപ്പെട്ട ശ്രീമതി മുഅ്മിന സി.എച്ച്. എന്ന അദ്ധ്യാപികയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട റിവിഷൻ ഹർജി ബി1/227/17/പൊ.വി.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്. റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി മാനേജരുടെയും ശ്രീമതി മുഅ്മിന. സി.എച്ച്.-ന്റെയും പ്രതിനിധികളെ 4-4-2018-ൽ ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ സമർപ്പിച്ച വാദങ്ങൾ പരിശോധിച്ചുവരികയാണ്. റിവിഷൻ ഹർജി തീർപ്പാക്കിയിട്ടില്ല.

(ബി-ഡി) ശ്രീമതി മുഅ്മിന. സി.എച്ച്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 30403/18-ന്റെ 5-10-2018-ലെ വിധിന്യായം നടപ്പിലാക്കുന്ന വിഷയം മേൽ പരാമർശിച്ച നമ്പർ ഫയലിൽ തന്നെ പരിശോധിച്ചുവരികയാണ്. അദ്ധ്യാപിക സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി കോടതി വിധി നടപ്പിലാക്കിയിട്ടില്ല. റിവിഷൻ ഹർജി തീർപ്പുകൽപ്പിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുന്നതാണ്.

**റിസോഴ്സ് ടീച്ചർമാരുടെ നിയമന രീതി**

201 (3244) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനപരിശീലനങ്ങൾ നൽകുന്നതിനായി നിയോഗിച്ചിരിക്കുന്ന റിസോഴ്സ് ടീച്ചർമാരുടെ നിയമന രീതിയും മാനദണ്ഡങ്ങളും വിശദമാക്കാമോ;

(ബി) ടി അദ്ധ്യാപകർക്ക് ഡ്യൂട്ടി വിന്യസിക്കുന്നത് ഏത് മാനദണ്ഡം പ്രകാരമാണെന്ന് വിശദമാക്കാമോ;

(സി) ടി അദ്ധ്യാപകരുടെ പരിശീലനം ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് തുടർച്ചയായി ലഭിക്കാത്ത രീതിയിലാണ് ഡ്യൂട്ടി വിന്യസിച്ചിരിക്കുന്നതെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അഭിമുഖം നടത്തി കരാർ വ്യവസ്ഥയിലാണ് റിസോഴ്സ് ടീച്ചർമാരെ എസ്.എസ്.എ., ആർ.എം.എസ്.എ. പദ്ധതികൾ പ്രകാരം സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിയോഗിച്ചിരിക്കുന്നത്.

(ബി) 5-ൽ കൂടുതൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ഒരു അദ്ധ്യാപകന്റെ സേവനം ലഭിക്കത്തക്കവിധം ഡ്യൂട്ടി ക്രമീകരിച്ചിട്ടുണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അദ്ധ്യാപകരുടെ അപര്യാപ്തത പരിഹരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**അൺഎക്കണോമിക് എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം**

202 (3245) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിൽ ഏത് തീയതിക്കുമുമ്പ് നിയമനം നേടിയ അദ്ധ്യാപകർക്കാണ് അദ്ധ്യാപക പാക്കേജ് പ്രകാരം സംരക്ഷണം നൽകുന്നതെന്ന് അറിയിക്കുമോ;

(ബി) അദ്ധ്യാപക പാക്കേജ് നിലവിൽ വന്നതിനുശേഷം തസ്തികയില്ലാതെ പുറത്തു പോയവർക്ക് പുനർ നിയമനം നൽകുന്നതെങ്ങനെയെന്ന് വ്യക്തമാക്കുമോ;

(സി) 100 വർഷത്തിലേറെ പഴക്കമുള്ളതും 3 കിലോമീറ്റർ ചുറ്റളവിൽ വേറെ പ്രൈമറി, ഹൈസ്കൂൾ ഇല്ലാതത്തുമായ പ്രദേശത്ത് പ്രവർത്തിക്കുന്നതും പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്ന നിർദ്ധന കുട്ടികൾ പഠനം നടത്തുന്നതുമായ എയ്ഡഡ് സ്കൂളുകളിൽ ഒന്നിൽ കൂടുതൽ അദ്ധ്യാപക തസ്തികകളിൽ റിട്ടയർമെന്റ് ഒഴിവുണ്ടായിട്ടും സ്കൂൾ അൺഎക്കോമിക് ആണെന്ന കാരണത്താൽ ഒരു തസ്തികയ്ക്ക് പോലും അംഗീകാരം നൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര സ്കൂളുകളുടെ അംഗീകാരത്തിനുള്ള അപേക്ഷ നിരസിച്ചിട്ടുണ്ട്; പ്രസ്തുത സ്കൂളുകളിൽ ഒന്നിൽ കൂടുതൽ അദ്ധ്യാപക തസ്തികകൾ ഒഴിവ് വരുമ്പോൾ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി തസ്തികയ്ക്ക് അംഗീകാരം നൽകുന്നതിന് ആവശ്യമായ ഉത്തരവുകൾ നൽകുന്നകാര്യം പരിഗണിക്കുമോ;

(ഡി) കേന്ദ്ര-വിദ്യാഭ്യാസ അവകാശ നിയമപ്രകാരം കുട്ടികൾക്ക് പഠനത്തിനായി എന്തെല്ലാം സൗകര്യങ്ങളാണ് ചെയ്തുകൊടുക്കേണ്ടത്; പ്രസ്തുത നിയമപ്രകാരം ഏറ്റവും കുറഞ്ഞത് എത്ര വിദ്യാർത്ഥികൾ ഉള്ള സ്കൂളുകൾക്കാണ് അദ്ധ്യാപക തസ്തികയ്ക്ക് അംഗീകാരം നൽകേണ്ടത് വ്യക്തമാക്കുമോ;

(ഇ) 65 ഓളം കുട്ടികൾ പഠിക്കുന്ന അൺ എകണോമിക് സ്കൂളിൽ എത്ര അദ്ധ്യാപക തസ്തികകളാണ് പരമാവധി അനുവദിക്കാവുന്നത്; എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക നിയമനം നൽകുന്നതിനായി 2015-ൽ നിശ്ചയിച്ചിരുന്ന അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എത്രയാണെന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) അദ്ധ്യാപക പാക്കേജ് ഇപ്പോൾ നിലവിലില്ല. 2011-12 മുതൽ 2014-15 വരെ അധിക തസ്തികയിൽ നിയമിതരായവരൊഴികെ 2014-15 അദ്ധ്യയന വർഷം വരെ റെഗുലർ സർവ്വീസിൽ പ്രവേശിച്ച് നിയമനാംഗീകാരം നേടിയവർക്കാണ് ഇപ്പോൾ സംരക്ഷണത്തിന് അർഹത നൽകിയിട്ടുള്ളത്. സംരക്ഷണത്തിന് അർഹതയുള്ള എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് തസ്തിക നഷ്ടമായാൽ അവരെ അദ്ധ്യാപക ബാങ്കിൽപ്പെടുത്തി മറ്റ് എയ്ഡഡ് സ്കൂളുകളിലേയ്ക്ക് ജി.ഒ. (പി) നമ്പർ 199/2016/പൊവിവ. ഉത്തരവ് പ്രകാരം പുനർവിന്യസിക്കുകയാണ് ചെയ്യേണ്ടത്.

(സി) മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളിൽ നിയമനം നടത്തുമ്പോൾ അത് ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ ആകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 12-6-2018-ലെ സ.ഉ. (എംഎസ്.) നമ്പർ 83/2018/പൊ.വി.വ. പ്രകാരം ഒരു ക്ലാസ്സിലെ കുട്ടികളുടെ ശരാശരി എണ്ണം 15-ൽ കുറവല്ലെങ്കിൽ അത്തരം സ്കൂളുകളെ മതിയായ എണ്ണം കുട്ടികളുണ്ടെന്നും കണക്കാക്കാമെന്ന് ഉത്തരവായിട്ടുണ്ട്. ഇത്തരം സ്കൂളുകളിൽ ശമ്പള സ്കെയിലിൽ നിയമനം അംഗീകരിച്ചുവരുന്നുണ്ട്.

(ഡി) 6 മുതൽ 14 വയസ്സ് വരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഒരു അയൽപക്ക സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതുവരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകണമെന്ന് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്നു. 60 കുട്ടികൾവരെ 2 അദ്ധ്യാപകർ വേണമെന്നതാണ് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിൽ അദ്ധ്യാപക തസ്തികയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും പ്രതിപാദിക്കുന്നില്ല.

(ഇ) സ്കൂളുകളിലെ തസ്തിക നിർണ്ണയത്തിന് ആധാരമായി സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം താഴെ പറയുന്നു (2012-13 മുതലുള്ളത്).

I മുതൽ V വരെ ക്ലാസ്സുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 30 വരെ | 1 |
| 31 മുതൽ 60 വരെ | 2 |
| 61 മുതൽ 90 വരെ | 3 |
| 91 മുതൽ 120 വരെ | 4 |
| 121 മുതൽ 150 വരെ | 5 |
| 151 മുതൽ 200 വരെ | 5+ഒരു ഹെഡ് ടീച്ചർ |
| 201 മുതൽ 240 വരെ | 6 |
| 241 മുതൽ 280 വരെ | 7 |
| 281 മുതൽ 320 വരെ | 8 എന്ന ക്രമത്തിൽ |

121 മുതൽ 200 വരെ 5 ഡിവിഷനുകളാണുള്ളത്.

2. VI മുതൽ VIII വരെ ക്ലാസ്സുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 35 വരെ | 1 |
| 36 മുതൽ 70 വരെ | 2 |
| 71 മുതൽ 105 | 3 |
| 106 മുതൽ 140 | 4 |
| 141 മുതൽ 175 | 5 എന്ന ക്രമത്തിൽ |

3. IX, X ക്ലാസ്സുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 50 വരെ | 1 |
| 51 മുതൽ 95 വരെ | 2 |
| 96 മുതൽ 140 വരെ | 3 |
| 141 മുതൽ 185 വരെ | 4 എന്ന ക്രമത്തിൽ |

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

203 (3246) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കായുള്ള മിഷൻ മോഡ് പ്രോജക്ട് ആയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതിയുടെ ഭാഗമായി നാളിതുവരെ ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരുടെയും , താത്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെയും എണ്ണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്കൂളെന്ന കണക്കിൽ സ്കൂളുകളുടെ പുനരുദ്ധാരണത്തിനായി 141 സ്കൂളുകളെയും കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകളെ തെരഞ്ഞെടുത്ത് അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികളും നടന്നുവരുന്നു. 200 അദ്ധ്യയന

ദിനങ്ങൾ ഉറപ്പുവരുത്തുന്നതിനായി നഷ്ടപ്പെട്ട പഠനദിനങ്ങൾ പരിഹരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു. അക്കാദമിക മികവ് കൈവരിക്കുന്നതിനായി 'വിഷൻ 100' എന്ന ആശയം മുന്നോട്ട് വച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അതിന്റെ ഭാഗമായി അക്കാദമിക മാസ്റ്റർ പ്ലാൻ എല്ലാ സ്കൂളുകളിലും നടപ്പാക്കി. പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ നിർവ്വഹണ പദ്ധതി രൂപീകരണത്തിന്റെ സ്കൂൾതല പൂർത്തീകരണം പൂർണ്ണമായിവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്കൂളും അഞ്ച് പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പഠന പിന്തുണ ആവശ്യമായ കുട്ടികൾക്ക് 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോമിൽ ഭാഷാശേഷി വികസനത്തിനുള്ള പ്രവർത്തനങ്ങളും ശാസ്ത്രം, ഗണിതം തുടങ്ങിയ വിഷയങ്ങളിൽ മുഴുവൻ കുട്ടികൾക്കും ഉയർന്നശേഷി കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. ഇപ്രകാരം ഹയർ സെക്കണ്ടറിയിലും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലും പ്രത്യേകം പ്രത്യേകം പദ്ധതികൾ നടപ്പാക്കി വരുന്നു. കൂടാതെ 'ശാസ്ത്രപാർക്ക്', 'സുരീലിഹിന്ദി', 'ഗണിതവിജയം', 'മലയാളത്തിളക്കം', 'ടാലന്റ് ലാബ്, 'കുഞ്ഞുവായന'-'കത്തെഴുത്ത്', കൂടാതെ ജൈവ വൈവിധ്യ പാർക്ക്, ഓട്ടിസം പാർക്ക് എന്നിവയും നടപ്പാക്കി വരുന്നു. ഹൈസ്കൂൾ - ഹയർ സെക്കണ്ടറി തലങ്ങളിൽ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങളും ലൈബ്രറി, ലബോറട്ടറി തുടങ്ങിയ സൗകര്യങ്ങളും യജ്ഞത്തിന്റെ ഭാഗമായി നടപ്പാക്കിവരുന്നു.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സുഗമമായ നടത്തിപ്പിനായി രൂപീകൃതമായ കേരള എഡ്യൂക്കേഷൻ മിഷനിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 18 ആണ്. (ജില്ലാ കോ-ഓർഡിനേറ്റർമാർ-14, മിഷൻ അണ്ടർ സെക്രട്ടറി-1, അക്കൗണ്ട്സ് ഓഫീസർ-1, പ്രോജക്ട് ഓഫീസർ-1, വിദ്യാഭ്യാസ വിചക്ഷണൻ-1).

താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ -3 (ടൈപ്പിസ്റ്റ് -1, ഓഫീസ് അറ്റൻഡന്റ് -1, ക്ലാർക്ക്-കം-ടൈപ്പിസ്റ്റ്-1).

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സുഗമമായ നടത്തിപ്പിനായി രൂപീകൃതമായ കേരള എഡ്യൂക്കേഷൻ മിഷനിൽ 31 തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്.

**എൽ. പി., യു. പി.സ്കൂൾ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകൾ**

204 (3247) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി., യു.പി.സ്കൂൾ അസിസ്റ്റന്റ് പരീക്ഷകളുടെ നോട്ടിഫിക്കേഷൻ സമയത്ത് രണ്ട് തസ്തികകളിലും എത്ര വേക്കൻസികൾ വീതമാണ് കോഴിക്കോട്, മലപ്പുറം,പത്തനംതിട്ട ജില്ലകളിൽ റിപ്പോർട്ട് ചെയ്തിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജില്ലകളിൽ നിലവിലുള്ള മേൽപ്പറഞ്ഞ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എൽ.പി., യു.പി. സ്കൂൾ അസിസ്റ്റന്റ് പരീക്ഷകളുടെ നോട്ടിഫിക്കേഷൻ കോഴിക്കോട് ജില്ലയിൽ നിലവിൽ വന്ന തീയതി 10-9-2014-നാണ്. ആ സമയത്ത് എൽ.പി.എസ്.റ്റി.ക്ക് 22 ഒഴിവും യു.പി.എസ്.റ്റി.ക്ക് 11 ഒഴിവുമാണ് നിലവിലുണ്ടായിരുന്നത്. ഇവ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ എൽ.പി./യു.പി. തസ്തികകളുടെ നോട്ടിഫിക്കേഷൻ സമയത്ത് പ്രസ്തുത തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടായിരുന്നില്ല.

(ബി) കോഴിക്കോട് ജില്ലയിൽ 10-9-2014 കാലയളവിൽ ഉണ്ടായിരുന്ന ലിസ്റ്റിൽ നിന്നും നിയമനം നൽകിയിട്ടുണ്ട്. മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ നപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പ്രിൻസിപ്പാൾ നിയമനത്തിന്റെ മാനദണ്ഡങ്ങൾ**

205 (3248) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൈനോരിറ്റി സ്റ്റാറ്റസ് ഇല്ലാത്ത എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പാൾ നിയമനത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പ്രിൻസിപ്പാൾ നിയമനത്തിനായി അദ്ധ്യാപക നിയമന തീയതിയും അദ്ധ്യാപക പരിചയ കാലാവധിയും സീനിയോരിറ്റിയ്ക്ക് തുല്യ കാലയളവായി പരിഗണിക്കുമോ; എങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) എയ്ഡഡ് ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾമാരുടെ പ്രൊമോഷൻ താഴെപ്പറയും പ്രകാരമാണ്.

(1) ബന്ധപ്പെട്ട വിദ്യാഭ്യാസ ഏജൻസിയിലെ HSST-മാരിൽ നിന്നും പ്രൊമോഷൻ വഴി.

(2) ബന്ധപ്പെട്ട വിദ്യാഭ്യാസ ഏജൻസിയിലെ യോഗ്യരായ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരിൽ നിന്നും ബൈടാൻസ്ഫർ വഴി.

2:1 എന്ന അനുപാതത്തിലാണ് മേൽ നിയമനം നടത്തേണ്ടത്. ഇത്തരത്തിലുള്ള നിയമനത്തിന് ഏതെങ്കിലും വിഭാഗത്തിൽനിന്നും യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെങ്കിൽ അത്തരം ഒഴിവുകൾ അടുത്ത മാർഗ്ഗത്തിലൂടെ നികത്താം.

പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള നിയമനത്തിലുള്ള വിദ്യാഭ്യാസ യോഗ്യതകൾ ചുവടെ ചേർക്കുന്നു.

50 ശതമാനത്തിൽ കുറയാത്ത മാർക്കോടെയുള്ള അംഗീകൃത ബിരുദാനന്തര ബിരുദവും ബി.എഡ്.ഉം ഹയർ സെക്കണ്ടറി മേഖലയിൽ അതേ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ കുറഞ്ഞത് 12 വർഷത്തെ അംഗീകരിക്കപ്പെട്ട അദ്ധ്യാപന പരിചയവും.

ഹയർ സെക്കണ്ടറി അദ്ധ്യാപകരിൽനിന്നും പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് പ്രൊമോഷൻ വഴിയുള്ള നിയമനത്തിന് 12 വർഷത്തെ സ്കൂൾ അദ്ധ്യാപന പരിചയം ഇല്ലാത്ത പക്ഷം അതേ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലെ ഹൈസ്കൂൾ, അപ്പർ പ്രൈമറി, ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക പരിചയം പരിഗണിക്കാം. എന്നാൽ ഈ അദ്ധ്യാപക പരിചയം യോഗ്യതയ്ക്കല്ലാതെ സീനിയോറിറ്റി കണക്കാക്കുന്നതിന് ബാധകമല്ല. അപ്രകാരമുള്ള ഉദ്യോഗാർത്ഥികൾക്ക് ഏറ്റവും കുറഞ്ഞത് 6 വർഷത്തെ ഹയർ സെക്കണ്ടറി അദ്ധ്യാപന പരിചയം ഉണ്ടാകണം.

**ഹയർ സെക്കന്ററി അദ്ധ്യാപക തസ്തിക**

206 (3249) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് വർഷം മുമ്പ് സർക്കാർ അനുവദിച്ച ഹയർ സെക്കന്ററി ബാച്ചുകളിലെ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എത്ര വീതം തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശമാണ് പരിഗണനയിലുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ വിഷയം സർക്കാർ പരിഗണനയിലാണ്.

(ബി) സർക്കാർ സ്കൂളുകളിൽ 259 തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ വിഷയം സർക്കാർ പരിഗണനയിലാണ്.

## യു.പി. സ്കൂൾ അസിസ്റ്റന്റ് /എൽ.പി. സ്കൂൾ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

207 (3250) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യു.പി. സ്കൂൾ അസിസ്റ്റന്റ് (കാറ്റഗറി നം .386/14), എൽ.പി. സ്കൂൾ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 387/14) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ സാങ്കേതിക തടസ്സങ്ങൾ നീക്കാൻ വിദ്യാഭ്യാസ വകുപ്പ് അടിയന്തിരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

എൽ.പി./യു.പി. സ്കൂൾ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ സാങ്കേതിക തടസ്സങ്ങൾ നീക്കുന്നത് സംബന്ധിച്ച് നടപടികൾ കൈക്കൊള്ളുന്നത് പബ്ലിക് സർവ്വീസ് കമ്മീഷനാണ്. പല ജില്ലകളിലും ഈ വിഷയം സംബന്ധിച്ച് കോടതി കേസുകൾ നിലനിൽക്കുന്നുണ്ട്. വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി കക്ഷിയായ കോടതി കേസിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കണമെന്നഭ്യർത്ഥിച്ച് അഫിഡവിറ്റ് ഫയൽ ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ നികത്താൻ നടപടി

208 (3251) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളിൽ അദ്ധ്യാപക തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്നുള്ള വിവരം സ്കൂൾതിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപക തസ്തികയുടെ ഒഴിവുകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

ആലത്തൂർ നിയോജക മണ്ഡലത്തിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി/എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികകൾ ഒഴിവുള്ള വിദ്യാലയങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ജി.എച്ച്.എസ്.എസ്. കിഴക്കൻചേരി, പാലക്കാട് (9004)

ഹിസ്റ്ററി (ജൂനിയർ)-1, പൊളിറ്റിക്കൽ സയൻസ് (ജൂനിയർ)-1

- ജി.ജി. എച്ച്.എസ്. ആലത്തൂർ, പാലക്കാട് (9091)

ഹിസ്റ്ററി (ജൂനിയർ)-1, മാത്തമാറ്റിക്സ് (ജൂനിയർ)-1, മലയാളം (ജൂനിയർ)-1

- ജി.എച്ച്.എസ്.എസ്. തെൻകുറിശ്ശി, പാലക്കാട് (9106)

മാത്തമാറ്റിക്സ് (ജൂനിയർ)-1

- ജി.എച്ച്.എസ്.എസ്. എരുമയൂർ, പാലക്കാട് (9080)

സുവോളജി -1, ഇംഗ്ലീഷ് (ജൂനിയർ)-1

- ജി.എച്ച്.എസ്.എസ്. കുന്നിശ്ശേരി, പാലക്കാട് (9104) ഒഴിവുകളില്ല.

ആലത്തൂർ നിയോജക മണ്ഡലത്തിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിയുടെ പരിധിയിലുള്ള സ്കൂളുകൾ നിലവിലില്ല.

(ബി) ഹൈസ്കൂൾ തലം വരെയുള്ള ഒഴിവുകൾ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്നതനുസരിച്ച് നിയമനം നൽകുന്നതാണ്.

ഹയർ സെക്കണ്ടറി വിഭാഗത്തിലും പി.എസ്.സി.യിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

**സി.ബി.എസ്.ഇ. സ്കൂളുകൾക്ക് സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി.**

209 (3252) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരം ലഭിക്കാത്ത സി.ബി.എസ്.ഇ. സ്കൂളുകൾക്കും പുതുതായി പ്രവർത്തനം ആരംഭിച്ച സ്കൂളുകൾക്കും സി.ബി.എസ്.ഇ. അംഗീകാരം ലഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി. നിർബന്ധമുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഇനി മുതൽ എൻ.ഒ.സി. ആവശ്യമില്ല എന്ന ഉത്തരവ് കേന്ദ്ര മാനവശേഷി വികസന വകുപ്പിൽ നിന്നോ സി.ബി.എസ്.ഇ. അധികൃതരിൽ നിന്നോ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടില്ല.

## എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്

210 (3253) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ സ്കീം പ്രകാരം 2005 മാർച്ചിൽ ഇരിങ്ങല്ലൂർ ഗവൺമെന്റ് ഹൈസ്കൂളിൽ നിന്നും പ്രൈവറ്റായി 781224 രജിസ്റ്റർ നമ്പർ - ൽ പരീക്ഷ എഴുതിയ റഷീദ് എം. സി. എന്നയാൾക്ക് ഇതുവരെയും എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടിയാന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിൻ കാലതാമസം വരാൻ കാരണമെന്താണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സർട്ടിഫിക്കറ്റ് എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) റഷീദ് എം.സി. എന്നയാൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കാത്തത് സംബന്ധിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നോ ഇരിങ്ങല്ലൂർ ഗവൺമെന്റ് ഹൈസ്കൂളിൽ നിന്നോ രേഖാമൂലം പരാതികളൊന്നുംതന്നെ ലഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച് രേഖാമൂലം അപേക്ഷ ലഭിക്കുന്ന പക്ഷം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

## എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ വിവരങ്ങൾ മാഞ്ഞുപോകുന്നുവെന്ന പരാതി

211 (3254) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവാരമില്ലാത്ത അച്ചടി കാരണം 2018-ലെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ വിവരങ്ങൾ മാഞ്ഞുപോകുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രിന്റ് തെളിയാത്തതോ ഒപ്പോ സീലോ ഇല്ലാത്തതോ ആയ സർട്ടിഫിക്കറ്റുകൾ വിദ്യാഭ്യാസ വകുപ്പ് ശേഖരിച്ച് അപാകതകൾ പരിഹരിക്കുവാൻ പ്രത്യേക സർക്കുലർ ഇറക്കിയിരുന്നോ; ഭൂരിഭാഗം വിദ്യാലയങ്ങളിലും ഇത്തരം ഒരു സർക്കുലർ ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർട്ടിഫിക്കറ്റ് അച്ചടിച്ച കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുവാനും വിവരങ്ങൾ മാഞ്ഞുപോയ സർട്ടിഫിക്കറ്റുകൾക്ക് പകരം പുതിയത് നൽകുവാനും സത്വര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രിന്റ് തെളിയാത്തതോ ഒപ്പോ സീലോ ഇല്ലാത്തതോ ആയ സർട്ടിഫിക്കറ്റുകൾ വിദ്യാഭ്യാസ വകുപ്പ് ശേഖരിച്ച് അപാകതകൾ പരിഹരിക്കുവാൻ പ്രത്യേക സർക്കുലർ ഇറക്കിയിരുന്നു. 30-5-2018-ലും 20-7-2018-ലും 23-10-2018-ലും സർക്കുലറുകൾ ഇറക്കിയിട്ടുണ്ട്.

എസ്.എസ്.എൽ.സി. പരീക്ഷാഫലം പ്രസിദ്ധീകരിച്ച് സർട്ടിഫിക്കറ്റ് വിതരണം ചെയ്യതിനോടൊപ്പമിറക്കിയിട്ടുള്ള ആദ്യത്തെ സർക്കുലറിൽ തന്നെ സർട്ടിഫിക്കറ്റുകളിൽ അപാകത വരികയാണെങ്കിൽ സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കിയിട്ടുണ്ട്. എല്ലാ പ്രഥമാദ്ധ്യാപകരെയും വിവരം അറിയിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ ചുമതലപ്പെടുത്തുകയും വിവരം അറിയിക്കുന്നതിനും നിർദ്ദേശം നൽകുന്നതിനുമായി ചീഫ് സൂപ്രണ്ടുമാരുടെ മീറ്റിംഗ് വിളിച്ച് പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

സർട്ടിഫിക്കറ്റിലെ പ്രിന്റ് മാഞ്ഞ് ഉപയോഗശൂന്യമാകുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ പ്രിന്റ് തെളിയാത്തതോ ഒപ്പോ സീലോ ഇല്ലാത്തതോ ആയ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ പാടില്ല; അങ്ങനെയുള്ളവ അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ വഴി പരീക്ഷാഭവനിൽ എത്തിച്ച് പുതിയ പ്രിന്റ് സ്കൂളുകൾക്ക് വിതരണം ചെയ്യണമെന്നും വിതരണം ചെയ്ത സർട്ടിഫിക്കറ്റുകൾ സ്കൂളധികൃതർ ശേഖരിച്ച് അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം പരീക്ഷാഭവനിൽ എത്തിക്കുകയും പുതിയ പ്രിന്റുകൾ ശേഖരിച്ച് വിദ്യാർത്ഥികൾക്ക് നൽകുന്നതിനും രണ്ടാമത്തെ സർക്കുലർ പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

23-10-2018-ലെ സർക്കുലർ പ്രകാരം പ്രിന്റ് തെളിയാത്തതോ ഒപ്പോ സീലോ ഇല്ലാത്തതോ ആയ സർട്ടിഫിക്കറ്റുകൾ ഏതെങ്കിലും സ്കൂളുകളിൽ ഉണ്ടെങ്കിൽ ആയവ

അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം ശേഖരിച്ച് പ്രത്യേക ദൂതൻ വഴി പരീക്ഷാഭവനിൽ എത്തിച്ച് പുതിയ സർട്ടിഫിക്കറ്റ് വിദ്യാലയങ്ങളിൽ എത്തിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും ഇത്തരത്തിൽ കേടുപാടുകൾ സംഭവിച്ച സർട്ടിഫിക്കറ്റുകൾക്ക് പകരം പുതിയ പ്രിന്റ് നൽകുന്നതിന് യാതൊരു വിധത്തിലുള്ള ഫീസും ഈടാക്കേണ്ടതില്ലെന്നും ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾക്ക് ഫീസ് ഈടാക്കാൻ പാടില്ല എന്നുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേരള പരീക്ഷാഭവനാണ് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകൾ അച്ചടിച്ച് നൽകിയത്. മൈക്രോ ലിംഗ്സ്, മുളവന, കുന്നുകുഴി.പി.ഒ., തിരുവനന്തപുരം എന്ന സ്ഥാപനം വിതരണം ചെയ്ത ടോണറുകൾ ഗുണനിലവാരം കുറഞ്ഞവയായിരുന്നതാണ് വിവരങ്ങൾ മാഞ്ഞു പോകാൻ കാരണം എന്നു കണ്ടെത്തിയതിനാൽ ടി സ്ഥാപനത്തിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

2018-ൽ വിതരണം ചെയ്ത അപാകതയുള്ള എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകൾ ഫീസ് ഈടാക്കാതെയും ഡ്യൂപ്ലിക്കേറ്റ് സീൽ പതിക്കാതെയും റീപ്രിന്റ് ചെയ്ത് നൽകുന്നതിനും 2018-ലെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ ഡിജി ലോക്കർ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനും ആവശ്യമെങ്കിൽ ഡിജിറ്റൽ സർട്ടിഫിക്കറ്റ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനും 5-12-2018-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 5141/18/ പൊവിവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

## എല്ലാ വിഷയങ്ങളിലും എ പ്ലസ്

212 (3255) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് സ്കൂളുകളിലായി പത്താം ക്ലാസ്സ്, പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷയിൽ എത്ര കുട്ടികൾക്ക് കഴിഞ്ഞ വർഷം എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ചവരിൽ എത്ര ആൺകുട്ടികളും എത്ര പെൺകുട്ടികളും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2017-ലെ കണക്ക് അനുസരിച്ച്എത്രയധികം കുട്ടികൾക്ക് 2018 -ൽ എ പ്ലസ്സ് ലഭ്യമായിട്ടുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) സർക്കാർ എയ്ഡഡ് സ്കൂളുകളിലായി 2018 മാർച്ചിൽ നടന്ന പത്താം ക്ലാസ്സ് പരീക്ഷയിൽ 31,100 കുട്ടികൾക്കും ഹയർ സെക്കണ്ടറി പരീക്ഷയിൽ 14,735 കുട്ടികൾക്കും വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ 73 കുട്ടികൾക്കും മുഴുവൻ വിഷയങ്ങളിലും എ-പ്ലസ് ലഭിച്ചിട്ടുണ്ട്.

(ബി) എസ്.എസ്.എൽ.സി. പരീക്ഷയിൽ 9,724 ആൺകുട്ടികൾക്കും 21,376 പെൺകുട്ടികൾക്കും ഹയർ സെക്കണ്ടറി പരീക്ഷയിൽ 3,836 ആൺകുട്ടികൾക്കും 10,899 പെൺകുട്ടികൾക്കും വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ 11 ആൺകുട്ടികൾക്കും 62 പെൺകുട്ടികൾക്കുമാണ് എല്ലാ വിഷയങ്ങളിലും എ-പ്ലസ് ലഭിച്ചിട്ടുള്ളത്.

(സി) എസ്.എസ്.എൽ.സി. പരീക്ഷയിൽ 12,642 പേർക്കും ഹയർ സെക്കണ്ടറി പരീക്ഷയിൽ 2,967 പേർക്കും വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ 33 പേർക്കും 2017 വർഷത്തേക്കാൾ 2018-ൽ എല്ലാ വിഷയങ്ങൾക്കും എ-പ്ലസ് ലഭ്യമായിട്ടുണ്ട്.

## വെളിമണ്ണ ഗവൺമെന്റ് സ്കൂൾ അപ്ഗ്രേഡേഷൻ

213 (3256) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി എ.ഇ.ഒ.-യുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന വെളിമണ്ണ ഗവൺമെന്റ് എൽ.പി. സ്കൂൾ യു.പി സ്കൂളായി അപ്ഗ്രേഡ് ചെയ്തത് ഏതെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ്;

(ബി) ഈ വിദ്യാലയം ഹൈസ്കൂൾ ആക്കണമെന്ന് ഹൈക്കോടതി വിധിയുണ്ടോ;എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്കൂളിന് ഉള്ള സ്ഥലത്തിന് ആകെ എത്ര വിസ്തൃതിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്കൂളിൽ പഠിച്ചിരുന്ന മുഹമ്മദ് ആസിം എന്ന കുട്ടിക്ക് തുടർ പഠനത്തിന് പ്രത്യേക അദ്ധ്യാപകനെ നിയമിച്ച് പഠനം തുടരാൻ എസ്.എസ്.എ. മുഖേന പദ്ധതി തയ്യാറാക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) അധിക സാമ്പത്തിക ബാദ്ധ്യതയും അധിക തസ്തിക സൃഷ്ടിക്കലും ഉണ്ടാകില്ലെന്നും അപ്ഗ്രേഡ് ചെയ്യുന്നതുമൂലമുള്ള തസ്തികകളിൽ കോഴിക്കോട് ജില്ലയിൽ തസ്തിക നഷ്ടം സംഭവിച്ച് പുറത്താകുന്ന അദ്ധ്യാപകരെ നിയമിക്കണമെന്നുമുള്ള വ്യവസ്ഥയിൽ കേരള വിദ്യാഭ്യാസ ചട്ടം അധ്യായം V ചട്ടം 2, 2 എ-യിൽ ഇളവ് വരുത്തി ഒരു പ്രത്യേക കേസായി പരിഗണിച്ചാണ് ടി സ്കൂൾ 2015-16 അദ്ധ്യയന വർഷം മുതൽ 4-8-2015-ലെ സ.ഉ.(കൈ) 208/2015/പൊ.വി.വ. ഉത്തരവ് പ്രകാരം യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്ത് ഉത്തരവായത്.

(ബി) ഉണ്ട്. വിധിപ്പകർപ്പ് അനുബന്ധമായി* വച്ചിട്ടുണ്ട്.

(സി) 53 സെന്റ്

(ഡി) ശ്രീ. മുഹമ്മദ് ആസിം പി.യും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത 10663/2018 എന്ന റിട്ട് ഹർജിയിൽ 11-6-2018-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ സംസ്ഥാന സർക്കാർ 1408/2018-ാം നമ്പർ അപ്പീൽ ഹർജി ഫയൽ ചെയ്യുകയും ടി വിദ്യാർത്ഥിക്ക് തൊട്ടടുത്ത സ്കൂളിൽ പഠനം തുടരുന്നതിന് എല്ലാ സൗകര്യങ്ങളും നൽകുന്നതാണെന്ന ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ മേൽ വിധിന്യായം 18-7-2018-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയുമുണ്ടായി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട കോടതിയിൽ നിന്നുള്ള അന്തിമ ഉത്തരവിനായി കാത്തിരിക്കുകയാണ്. സമഗ്ര ശിക്ഷ മുഖേന വിദ്യാർത്ഥികക്ക് തുടർ പഠന സൗകര്യം ഏർപ്പെടുത്തുന്നതാണ്.

**ചേർപ്പ് സി.എൻ.എൽ. ഹൈസ്കൂളിലെ ഗുരുവന്ദനം പരിപാടി**

214 (3257) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ചേർപ്പ് സി.എൻ.എൽ. ഹൈസ്കൂളിലെ ഗുരുവന്ദനം പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികളെ കൊണ്ട് അദ്ധ്യാപകരുടെ പാദപൂജ ചെയ്യിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുരുവന്ദനം സംബന്ധിച്ച് 26-6-2018 ൽ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത സർക്കുലറിലെ നിർദ്ദേശമെന്തായിരുന്നു;

(സി) സർക്കാർ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ മതചടങ്ങുകൾ പാടില്ല എന്ന നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി ചടങ്ങ് സംഘടിപ്പിച്ച സ്കൂൾ അധികൃതർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 'ഗുരുപൂർണ്ണിമ' എന്ന പരിപാടിയാണ് സ്കൂളിൽ നടത്തിയത്.

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26-6-2018-ലെ ക്യൂ.ഐ.പി.(1)/41218/2018/ഡി.പി.ഐ. നമ്പർ സർക്കുലറിൽ "മാതാപിതാക്കളെ പാഴ്‌വസ്തുക്കളപ്പോലെ വലിച്ചെറിയരുത്" എന്ന സന്ദേശം വിദ്യാർത്ഥികളിലേയ്ക്ക് പകർന്നു നൽകുക എന്ന ലക്ഷ്യത്തോടെ അനന്തപുരി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ പത്തനാപുരം ഗാന്ധിഭവന്റെയും വിവിധ സാംസ്കാരിക സംഘടനകളുടെയും സഹകരണത്തോടെ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന 'ഗുരുവന്ദനം' എന്ന പരിപാടി സംസ്ഥാനത്തെ സ്കൂളുകളിൽ പി.ടി.എ.യുടെ അനുമതിയോടെ സ്കൂൾ പ്രവൃത്തി സമയത്തെ ബാധിക്കാത്ത രീതിയിൽ സംഘടിപ്പിക്കാൻ അനുവാദം നൽകുന്നതായാണ് പറഞ്ഞിരിക്കുന്നത്.

(സി) ഒ.പി. നമ്പർ 35376/2000(ജെ) ആൻഡ് 4010/2002(ബി) എന്നിവയിൽ 5-4-2002-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളുകൾ വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ എന്ന് വ്യക്തമാക്കി 7-6-2002-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർ.ടി) 1503/2002/പൊവിവ. പ്രകാരം വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ 26-6-2018-ലെ ക്യൂ.ഐ.പി./41218/2018/ഡി.പി.ഐ. നമ്പർ സർക്കുലറിലെ നിർദ്ദേശത്തിന് വിരുദ്ധമായി പി.ടി.എ. തീരുമാനത്തിന്റെ മറവിൽ ചേർപ്പ് സി.എൻ.എൽ. സ്കൂളിൽ 'ഗുരുപൂർണ്ണിമ' എന്ന പേരിൽ നടത്തിയ സംഭവത്തിൽ പ്രഥമാദ്ധ്യാപികയ്ക്ക് 09-08-2018-ലെ വി.എ.1/46422/2018/ഡിപിഐ. നമ്പർ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മെമ്മോ നൽകുകയും വിശദീകരണം ലഭ്യമാക്കുകയും ചെയ്തു. മേൽ വിശദീകരണത്തിന്റെയും തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും ബഹുമാനപ്പെട്ട കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും യഥാക്രമം 22-9-2018-ലും 29-10-2018-ലും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി ഫയലിൽ ഇപ്പോൾ തുടർനടപടി സ്വീകരിച്ചുവരുന്നു.

**ആറ്റിങ്ങൽ ഗവ.ടൗൺ യു.പി.എസ്.**

215 (3258) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

200 വർഷത്തോളം പഴക്കമുള്ള ആറ്റിങ്ങൽ ഗവ.ടൗൺ യു.പി.എസ് വിദ്യാലയത്തിനെ ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ആറ്റിങ്ങൽ ഗവൺമെന്റ് ടൗൺ യു.പി.എസ്.നെ 200 വർഷം പഴക്കമുള്ള സ്കൂളുകൾക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്റ്റുഡന്റ് പോലീസ് കേഡറ്റ്**

216 (3259) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകലിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പദ്ധതിയിൽ സ്കൂളുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1. ഗവൺമെന്റ് ബോയ്സ് എച്ച്.എസ്., കന്യാകുളങ്ങര

2. ഗവൺമെന്റ് ഗേൾസ് എച്ച്.എസ്., കന്യാകുളങ്ങര

3. ലക്ഷ്മിവിലാസം എച്ച്.എസ്., പോത്തൻകോട്

4. ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്., നെടുമങ്ങാട്

5. ഗവൺമെന്റ് എച്ച്.എസ്.എസ്., നെടുവേലി, വെമ്പായം

6. ഗവൺമെന്റ് എച്ച്.എസ്.എസ്. അയിരൂപ്പാറ

(ബി) പുതുതായി എസ്.പി.സി. യൂണിറ്റ് അനുവദിക്കണമെന്ന അപേക്ഷകൾ അനന്തര നടപടികൾക്കായി എസ്.പി.സി. ഡയറക്ടറേറ്റിലേയ്ക്ക് അയയ്ക്കുകയും തുടർന്ന് ടി അപേക്ഷയുടെ സ്വീകാര്യത ഡയറക്ടറേറ്റ് മുഖേന പരിശോധിച്ച് റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി മുമ്പാകെ സമർപ്പിക്കുകയും ഇത്തരത്തിൽ എസ്.പി.സി. ഡയറക്ടറേറ്റിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ സർക്കാരിലേയ്ക്ക് അനന്തരനടപടികൾക്കായി സമർപ്പിക്കുകയും പുതിയ സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുകയും ചെയ്തുവരുന്നു.

(സി) പദ്ധതിയിൽ കൂടുതൽ സ്കൂളുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം ഇതോടൊപ്പം അനുബന്ധമായി* ചേർത്തിരിക്കുന്നു.

**സർക്കാർ സ്കൂളുകളുടെ ഭൂമി**

217 (3260) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളുടെ ഭൂമി സ്വകാര്യ വ്യക്തികൾ കൈയ്യേറുന്നത് സംബന്ധിച്ച് പരാതികൾ നിലവിലുണ്ടോ; ഇതിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസ വകുപ്പും റവന്യൂ വകുപ്പും ഭൂമി സംരക്ഷിക്കുന്നതിൽ വീഴ്ചവരുത്തുന്ന കാര്യം പരിശോധിക്കുമോ;

(സി) ലക്ഷകണക്കിന് വിലയുള്ള ഭൂമി സംരക്ഷിക്കുന്നതിൽ സ്കൂൾ അധികാരികളും വിദ്യാഭ്യാസ വകുപ്പ് ഓഫീസർമാരും വേണ്ട ജാഗ്രത കാണിക്കുന്നില്ലെന്ന കാര്യം പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ;

(ഡി) ഓരോ ജില്ലയിലെയും കയ്യേറ്റങ്ങൾ സംബന്ധിച്ച വ്യക്തമായ വിവരം ശേഖരിച്ച് ലഭ്യമാക്കുമോ;

(ഇ) സ്കൂളുകളുടെ കൈവശഭൂമിയുടെ ആധാരങ്ങൾ സൂക്ഷിക്കുന്നത് ആരാണ്; ആധാരങ്ങൾ ഉള്ളതും ഇല്ലാത്തതുമായ എത്ര സ്കൂളുകൾ വീതം ഉണ്ടെന്നറിയിക്കാമോ;

(എഫ്) സർക്കാർ സ്കൂളുകളുടെ കെട്ടിടങ്ങളും ഭൂമിയും മറ്റ് വകുപ്പുകൾക്ക് നൽകുമ്പോൾ മന്ത്രിസഭ തീരുമാനം എടുക്കാറുണ്ടോ;

(ജി) സന്നദ്ധസംഘടനകൾ, നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകൾ എന്നിവക്കു സർക്കാർ സ്കൂൾ ഭൂമിയും കെട്ടിടങ്ങളും നൽകാറുണ്ടോ എന്നും പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റു സർക്കാർ ഏജൻസികൾക്കും സർക്കാർ സ്കൂൾ ഭൂമി നൽകാറുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ സ്കൂളുകളുടെ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള എല്ലാ കേസുകളിലും പ്രസ്തുത കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ കൈക്കൊള്ളുവാൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. കൂടാതെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കയ്യേറ്റം ഒഴിപ്പിക്കുന്ന മുറയ്ക്ക് ടി സ്കൂളുകളുടെ വസ്തുവകകൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുവാനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി&സി) പരിശോധിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഇ) പ്രധാനാദ്ധ്യാപകർ/പ്രിൻസിപ്പാൾമാർ അതാത് സ്കൂളുകളുടെ കൈവശ ഭൂമിയുടെ ആധാരങ്ങൾ സൂക്ഷിച്ചുവരുന്നു. ആധാരങ്ങൾ ഉള്ളതും ഇല്ലാത്തതുമായ സ്കൂളുകളുടെ വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(എഫ്) സർക്കാർ സ്കൂളുകളുടെ കെട്ടിടങ്ങളും ഭൂമിയും മറ്റ് വകുപ്പുകൾക്ക് നൽകേണ്ടിവരുന്ന സാഹചര്യമുണ്ടായാൽ ഭൂരിഭാഗം കേസുകളിലും ആയതിന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അംഗീകാരം മാത്രം മതിയാകുന്നതാണ്.

(ജി) വിദ്യാഭ്യാസ/വിദ്യാഭ്യാസേതര ആവശ്യങ്ങൾക്കായി സർക്കാർ സ്കൂൾ ഭൂമി വിട്ടുനൽകുന്നതിൽ നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്.

## മലയാളത്തിളക്കം പദ്ധതി

218 (3261) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷരം അറിഞ്ഞുകൂടാത്ത കുട്ടികളെ പഠിപ്പിക്കുന്ന മലയാളത്തിളക്കം പദ്ധതി സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ബി) ഈ പദ്ധതിക്കായി അധിക സമയം കണ്ടെത്തണമെന്ന് നിർദ്ദേശമെങ്കിലും ഫലത്തിൽ സാധാരണ പഠന സമയത്താണ് പദ്ധതി നടക്കുന്നതെന്നും തന്മൂലം മറ്റ് കുട്ടികളുടെ അദ്ധ്യയന മണിക്കൂറുകൾ നഷ്ടപ്പെടുന്ന സ്ഥിതി വിശേഷം ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒരു സബ് ജില്ലയിലെ അക്ഷരം അറിയാത്ത കുട്ടികളെ ഒരുമിച്ചാക്കി ബി.ആർ.സി.കളിൽ നിന്നുള്ള അധ്യാപകരെ വച്ച് പഠിപ്പിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(ഡി) മലയാളത്തിളക്കം പോലെ ഇംഗ്ലീഷ് വായന/എഴുത്ത് എന്നിവ പരിപോഷിക്കുന്നതിനായി ചെറിയ വാക്കുകളിൽ തുടങ്ങി ആവർത്തിച്ചുറപ്പിച്ച് സ്പെല്ലിംഗ്, റീഡിംഗ് എന്നിവ മെച്ചപ്പെടുത്തുന്നതിന് വീഡിയോ മൊഡ്യൂളുകൾ ഉൾപ്പെടുത്തി ഒരു പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 10-ാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും മാതൃഭാഷയിൽ ആശയവിനിമയശേഷി വർദ്ധിപ്പിക്കുന്നതിന് 'സമഗ്രശിക്ഷ കേരള'യുടെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് 'ശ്രദ്ധ' പരിപാടിയുടെ ഭാഗമായി 'മലയാളത്തിളക്കം' എന്ന പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു. ഈ പരിപാടിയിലൂടെ കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നതിന് വായനക്കാർഡുകൾ, ക്ലാസ്സ് ലൈബ്രറി എന്നിവ ഒരുക്കി തുടർ പ്രവർത്തനങ്ങളും സ്കൂളുകളിൽ നടന്നുവരുന്നു. ഒന്നും രണ്ടും ക്ലാസ്സിലെ കുട്ടികൾക്ക് മാതൃഭാഷയിലുള്ള വായനക്കാർഡുകൾ പ്രത്യേകം തയ്യാറാക്കി നൽകുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അതത് സ്കൂളുകളിൽ വച്ച് അവരെ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ സേവനം ഉപയോഗിച്ചാണ് നിലവിൽ കുട്ടികൾക്ക് പരിശീലനം നൽകി വരുന്നത്. ഒരു സബ് ജില്ലയിലെ കുട്ടികളെ ഒരുമിച്ചാക്കി ബി.ആർ.സി.കളിൽ നിന്നുള്ള അദ്ധ്യാപകരെ പരിഗണിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ഡി) ഇത്തരം പരിപാടികൾ നടപ്പാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ഭൂമി ലഭ്യത സംബന്ധിച്ച ലാൻഡ് ബോർഡിന്റെ റിപ്പോർട്ട്**

219 (3262) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾ ഭൂമി ഏറ്റെടുക്കുന്നതിനായി ഭൂമി ലഭ്യത സംബന്ധിച്ച് ലാൻഡ് ബോർഡിന്റെ റിപ്പോർട്ട് ആരാഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി എങ്കിൽ ഏതൊക്കെ വകുപ്പുകൾ, ഏതൊക്കെ പദ്ധതികൾക്കായാണ് ലാൻഡ് ബോർഡിന്റെ റിപ്പോർട്ട് ആരാഞ്ഞിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) വാസയോഗ്യമല്ലാത്ത ഭൂമി/കൃഷിയോഗ്യമല്ലാത്ത ഭൂമി എന്നിവ ലാൻഡ് ബോർഡിന്റെ അനുമതിയോടെ പൊതു ആവശ്യത്തിലേയ്ക്ക് നീക്കി വയ്ക്കുന്നു. അത്തരം ഭൂമികൾ ഏതെങ്കിലും വകുപ്പിന്റെ പദ്ധതികളുടെ ആവശ്യാർത്ഥം വേണ്ടിവരുന്ന സാഹചര്യത്തിൽ ടി ഭൂമി ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം മുഖാന്തരം വകുപ്പുതല കൈമാറ്റം നടത്തുന്നതിനായി സർക്കാരിന് ശിപാർശ നൽകുകയാണ് ചെയ്യുന്നത്. ഇത്തരം സാഹചര്യങ്ങളിൽ പൊതു ആവശ്യത്തിലേയ്ക്ക്

നീക്കിവയ്ക്കുവാനുള്ള അനുമതിയ്ക്കായാണ് ജില്ലാ കളക്ടർമാരിൽ നിന്നും റിപ്പോർട്ട് വരുന്നത്. വകുപ്പുകൾ നേരിട്ട് ലാൻഡ് ബോർഡിൽ ഭൂമിയുടെ ലഭ്യത സംബന്ധിച്ച് ആവശ്യം ഉന്നയിക്കാറില്ല.

(ബി) അങ്കണവാടി, വിദ്യാഭ്യാസ സ്ഥാപനം, ശ്മശാന നിർമ്മാണം, കളിസ്ഥലം, മറ്റ് പൊതു ആവശ്യങ്ങൾ തുടങ്ങിയ പൊതുതാൽപ്പര്യമുള്ള കാര്യങ്ങൾക്കുവേണ്ടിയാണ് മുഖ്യമായും പൊതു ആവശ്യത്തിലേയ്ക്ക് നീക്കി വയ്ക്കുന്നതിന് അനുമതി ആവശ്യപ്പെടുന്നത്. വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം സംബന്ധിച്ചുള്ള നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരമാണ് സ്വീകരിക്കുന്നത്.

**പുതിയതായി അനുവദിച്ച റവന്യൂ ഡിവിഷനുകൾ**

220 (3263) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി എത്ര റവന്യൂ ഡിവിഷനുകൾ അനുവദിച്ചിട്ടുണ്ട് ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പുതുതായി ആരംഭിച്ച റവന്യൂ ഡിവിഷനുകളോട് താലൂക്കുകൾ കൂട്ടിച്ചേർത്തത് തികച്ചും അശാസ്ത്രീയമായിട്ടാണെന്ന തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; റവന്യൂ ഡിവിഷനുകളിൽ ഉൾപ്പെടുന്ന താലൂക്കുകളിലെ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സൗകര്യപ്രദവും ശാസ്ത്രീയവുമായ രീതിയിൽ താലൂക്കുകളെ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) പുതുതായി ആരംഭിച്ച റവന്യൂ ഡിവിഷനുകളിൽ ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇനി എത്ര തസ്തികകൾകൂടി സൃഷ്ടിക്കാനുണ്ട് ; ആവശ്യമായ തസ്തികകൾ അടിയന്തരമായി സൃഷ്ടിച്ച് ഉത്തരവ് നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പുതിയതായി 6 റവന്യൂ ഡിവിഷനുകൾ അനുവദിച്ചിട്ടുണ്ട്. ആയവ - തിരുവനന്തപുരം-നെടുമങ്ങാട്, തൃശ്ശൂർ-ഇരിങ്ങാലക്കുട, കോഴിക്കോട്-വടകര, കണ്ണൂർ-തളിപ്പറമ്പ്, കാസർഗോഡ്-കാസർഗോഡ്, കൊല്ലം-പുനലൂർ.

(ബി) നെടുമങ്ങാട് റവന്യൂ ഡിവിഷൻ ഒഴികെ ബാക്കിയുള്ള കേസുകളിൽ പരാതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുതിയതായി റവന്യൂ ഡിവിഷനുകൾ രൂപീകരിക്കുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിക്കുന്ന വിധത്തിലാണ് താലൂക്കുകൾ ഉൾപ്പെടുത്തുന്നത്. എന്നിരുന്നാലും നെയ്യാറ്റിൻകര താലൂക്കിനെ നെടുമങ്ങാട് റവന്യൂ ഡിവിഷനിൽ ഉൾപ്പെടുത്തിയതിനെതിരെ പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി താലൂക്കിനെ തിരുവനന്തപുരം റവന്യൂ ഡിവിഷനിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പുതുതായി ആരംഭിച്ച 6 റവന്യൂ ഡിവിഷനുകളിലും ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഓരോ റവന്യൂ ഡിവിഷനിലും 24 തസ്തിക വീതം ആകെ 144 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

## പോക്കുവരവ് ചെയ്യുന്നതിനുള്ള അപേക്ഷകൾ

221 (3264) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വില്ലേജ് ഓഫീസിലും കെട്ടിക്കിടക്കുന്ന പോക്കുവരവ് ചെയ്യുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ;

(ബി) തീർപ്പാക്കാനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷം നാളിതുവരെ എത്ര അപേക്ഷകൾ തീർപ്പുകൽപിച്ചു എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

### ഉത്തരം

(എ) വില്ലേജ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന പോക്കുവരവ് അപേക്ഷകളിൽ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിന് വില്ലേജാഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിന് വില്ലേജിന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി തഹസീൽദാർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്.

(ബി&സി) തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം, ഈ സാമ്പത്തിക വർഷം തീർപ്പ് കൽപ്പിച്ച അപേക്ഷകളുടെ എണ്ണം എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റവന്യൂ രേഖകളിൽ ചെറുകിട കർഷകരുടെ തോട്ടം

222 (3265) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ രേഖകളിൽ ചെറുകിട കർഷകരുടെ വസ്തു തെറ്റായി തോട്ടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് മൂലം വീട് വയ്ക്കുന്നതിനും സ്ഥലം പോക്ക് വരവ് ചെയ്ത് ലഭിക്കുന്നതിനും തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കുവാൻ രാഷ്ട്രീയ കക്ഷികളുടെ സർവ്വകക്ഷിയോഗം വിളിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത ഭൂമി ക്രയവിക്രയം ചെയ്യുവാനോ ബാങ്ക് ലോൺ എടുക്കുന്നതിനോ ഭൂവുടമകൾക്ക് സാധിക്കാത്തത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. അത്തരം പ്രശ്നങ്ങൾ പ്രധാനമായും കോട്ടയം ജില്ലയിലാണ് കണ്ടുവരുന്നത്. കോട്ടയം ജില്ലയിലെ കൊണ്ടൂർ വില്ലേജിൽ 12-7-2018, 13-7-2018 തീയതികളിൽ അദാലത്ത് നടത്തുവാൻ അപേക്ഷകൾ സ്വീകരിക്കുകയും 26-8-2017-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എംഎസ്.) നമ്പർ 303/2017 പ്രകാരം നടപടി സ്വീകരിച്ചും വരുന്നു. എന്നാൽ അപേക്ഷ വസ്തു കേരള ഭൂപരിഷ്കരണ നിയമം, 1963 സെക്ഷൻ 81(1)ഇ പ്രകാരം ഇളവ് അനുവദിച്ച തോട്ട ഭൂമിയാണോ എന്ന് പരിശോധിക്കുന്നതിന് മറ്റ് താലൂക്ക് ബോർഡുകളിൽ നിന്നും മീനച്ചിൽ താലൂക്കിലെ വസ്തുക്കൾക്ക് ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തത വരുത്തുന്നതിന് എല്ലാ താലൂക്ക് ലാൻഡ് ബോർഡുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ചുരുക്കം ലാൻഡ് ബോർഡുകളിൽ നിന്നും മാത്രമേ ലിസ്റ്റ് ലഭിച്ചിട്ടുള്ളൂ. കൂടാതെ ബി.റ്റി.ആർ. ഉൾപ്പെടെയുള്ള റവന്യൂ റിക്കാർഡുകളിൽ Relis Data-യിലും തിരുത്തൽ വരുത്തുന്നതിനും സർവ്വേ വകുപ്പിൽ നിന്നും റീസർവ്വേ റെക്കാർഡുകൾ തയ്യാറാക്കിയ വേളയിൽ 'തോട്ടം' എന്ന രേഖപ്പെടുത്തൽ ചേർക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി പരിശോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(സി) അത്തരം പ്രശ്നങ്ങൾ പ്രധാനമായും കോട്ടയം ജില്ലയിലാണ് കണ്ടുവരുന്നത്. കോട്ടയം ജില്ലയിലെ കൊണ്ടൂർ വില്ലേജിൽ 12-7-2018, 13-7-2018 തീയതികളിൽ അദാലത്ത് നടത്തുവാൻ അപേക്ഷകൾ സ്വീകരിക്കുകയും 26-8-2018-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്) നമ്പർ 303/2017 പ്രകാരം നടപടി സ്വീകരിച്ചുംവരുന്നു. എന്നാൽ അപേക്ഷ വസ്തു കേരള ഭൂപരിഷ്കരണ നിയമം, 1963 സെക്ഷൻ 81(1)ഇ പ്രകാരം ഇളവ് അനുവദിച്ച തോട്ട ഭൂമിയാണോ എന്ന് പരിശോധിക്കുന്നതിനും മറ്റ് താലൂക്ക് ബോർഡുകളിൽ നിന്നും മീനച്ചിൽ താലൂക്കിലെ വസ്തുക്കൾക്ക് ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തത വരുത്തുന്നതിനും എല്ലാ താലൂക്ക് ലാൻഡ് ബോർഡുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ചുരുക്കം ലാൻഡ് ബോർഡുകളിൽ നിന്നും മാത്രമേ ലിസ്റ്റ് ലഭിച്ചിട്ടുള്ളൂ. കൂടാതെ ബി.റ്റി.ആർ. ഉൾപ്പെടെയുള്ള റവന്യൂ റിക്കാർഡുകളിൽ Relis Data-യിലും തിരുത്തൽ വരുത്തുന്നതിനും സർവ്വേ വകുപ്പിൽ നിന്നും റീസർവ്വേ റെക്കാർഡുകൾ തയ്യാറാക്കിയ വേളയിൽ 'തോട്ടം' എന്ന രേഖപ്പെടുത്തൽ ചേർക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി പരിശോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**താനൂർ താലൂക്ക് രൂപീകരണം**

223 (T*3266) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസംഖ്യയും മറ്റ് മാനദണ്ഡങ്ങളും പരിഗണിച്ച് താനൂർ താലൂക്ക് രൂപീകരണം ഇത്തവണത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ പുതിയ താലൂക്കുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ താലൂക്കുകൾ അനുവദിക്കുമ്പോൾ താനൂരിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രത്യേക പരിഗണന ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. കൂടാതെ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്.

---

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ കുന്നംകുളം താലൂക്കും കണ്ണൂർ ജില്ലയിൽ പയ്യന്നൂർ താലൂക്കും അനുവദിച്ചിട്ടുണ്ട്.

(സി) നിലവിൽ പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. കൂടാതെ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്.

## ഫോറസ്റ്റ് റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന

224 (3267) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗതീരുമാനപ്രകാരം കൂരാച്ചുണ്ട്, കാന്തലാട്,കായണ്ണ തുടങ്ങിയ വില്ലേജുകളിൽ ഫോറസ്റ്റ് റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ടോ;

(ബി) എത്ര പേരുടെ ഭൂമിയിൽ സംയുക്ത പരിശോധന നടത്തിയെന്നും ഇനി പരിശോധന നടത്താൻ ബാക്കിയുണ്ടെങ്കിൽ അത് എപ്പോൾ പൂർത്തിയാക്കുമെന്നും അറിയിക്കാമോ ;

(സി) ഫോറസ്റ്റ്, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിലൂടെ എത്ര പേർക്കാണ് നികുതി അടയ്ക്കാൻ സാധിക്കുക; അവരുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പൂർത്തിയായിട്ടുണ്ട്.

(ബി) 35 പേർ കൈവശം വച്ചുവരുന്ന ഭൂമിയിൽ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. 3-8-2016-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗതീരുമാനപ്രകാരം ഇനി സംയുക്ത പരിശോധന നടത്താൻ ബാക്കിയില്ല.

(സി) മേൽ സംയുക്ത പരിശോധനയിലൂടെ 25 പേർ 1-1-1977-ന് മുമ്പ് കയ്യേറിയതാണെന്ന് കണ്ടെത്തിയതിനാൽ ടി 25 പേർക്ക് നികുതി അടയ്ക്കാവുന്നതാണ്. വിശദ വിവരം അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മാനന്തവാടി മണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന വീടുകൾ**

225 (3268) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ പ്രളയത്തിൽ പൂർണമായും നശിച്ച വീടുകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭാഗികമായി തകർന്ന വീടുകളുടെ എണ്ണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പ്രളയത്തെത്തുടർന്ന് സ്ഥലവും വീടും വാസയോഗ്യമല്ലാതായവരുടെ എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

(എ) മാനന്തവാടി മണ്ഡലത്തിൽ പ്രളയം, ഉരുൾപൊട്ടൽ എന്നിവയെത്തുടർന്ന് 285 വീടുകൾ പൂർണ്ണമായി നശിച്ചിട്ടുണ്ട്.

(ബി) 3215 വീടുകൾ ഭാഗികമായി തകർന്നിട്ടുണ്ട്.

(സി) 170 കുടുംബങ്ങൾക്ക് സ്ഥലവും വീടും നഷ്ടമായിട്ടുണ്ട്.

**സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം**

226 (3269) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിൽ നിലവിലുള്ള നിയമങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ;

(ബി) വിവിധ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഭൂമി കൈമാറ്റത്തിന്റെ കാലതാമസം മൂലം വിവിധ പദ്ധതികളുടെ പൂർത്തീകരണത്തിന് നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സേവന വകുപ്പുകൾക്ക് ഭൂമി കൈമാറുന്നത് 1968-ലെ സർക്കാർ ഭൂമിയും കെട്ടിടങ്ങളും കൈമാറ്റ ചട്ടങ്ങൾ പ്രകാരമാണ്. ഭൂമി കൈമാറ്റം സൗജന്യമായിരിക്കും. ഭൂമിയുടെ ഉടമസ്ഥത റവന്യൂ വകുപ്പിൽ നിലനിർത്തി ഭൂമിയുടെ ഉപയോഗാനുമതി മാത്രം സേവന വകുപ്പുകൾക്ക് കൈമാറുന്നു. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ 27-7-2011-ലെ ജി.ഒ. (എംഎസ്.) നമ്പർ 280/2011/ആർ.ഡി. സർക്കാർ

ഉത്തരവിലും കേരള ഫിനാൻഷ്യൽ കോഡ്, വാല്യം-1 അദ്ധ്യായം-XIII അനുച്ഛേദം 326-ലും വിവരിച്ചിട്ടുണ്ട്. 8-5-2013-ലെ LRK2-18287/12 നമ്പർ സർക്കുലർ പ്രകാരം മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വർദ്ധിച്ചുവരുന്ന വികസന ആവശ്യങ്ങൾ, ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം എന്നിവ പരിഗണിച്ച് നഗരപ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് തമ്മിൽ കൈമാറുന്നതിന് 5-6-2018-ലെ ജി.ഒ. (പി) നമ്പർ 31/18/റവന്യൂ നമ്പർ സർക്കാർ ഉത്തരവുപ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിരിക്കുന്നു. ടി ഉത്തരവിന്റെയും വിശദമായ വില നിർണ്ണയം ഒഴിവാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കുന്നതിന് 1-11-2018-ലെ LRK2-27511/17 നമ്പർ സർക്കുലർ പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വെള്ളാരപ്പിള്ളി തെക്കേ കോവിലകം ഏറ്റെടുക്കുവാനുള്ള നടപടി**

227 (3270) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലുവ താലൂക്കിലെ വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിത സ്മാരകം ആക്കി ഏറ്റെടുക്കുവാനുള്ള നടപടികൾ എറണാകുളം ജില്ലാ കളക്ടർ ഏത് ഘട്ടം വരെ പൂർത്തിയാക്കി എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

19-1-2017-ലെ സ.ഉ. (സാധാ.) നമ്പർ 19/2017/സി.എ.ഡി. പ്രകാരം എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലെ കിഴക്കുംഭാഗം വില്ലേജിലെ ബ്ലോക്ക്-29 റീ സർവ്വേ 59-ലെ 5 ഏക്കർ സ്ഥലം 57 സെന്റ് സ്ഥലത്തിൽപ്പെട്ട വെള്ളാരപ്പിള്ളി തെക്കേ കോവിലകം, 1968-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം (5 ഏക്കർ 57 സെന്റ്) അളന്ന് തിരിച്ച്, സംരക്ഷിത സ്മാരകമായി സംരക്ഷിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട കെട്ടിടങ്ങളും ചമയങ്ങളും ഉൾപ്പെടുന്ന ഭാഗം 0.7984 ഹെക്ടർ ആയും സംരക്ഷിത സ്മാരകമായി സംരക്ഷിക്കപ്പെടുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള പുതിയ കെട്ടിടങ്ങൾ ഉൾപ്പെടുന്ന ഭാഗം 1.4356

ഹെക്ടറായും പ്രത്യേകം വിസ്തീർണ്ണം രേഖപ്പെടുത്തി സ്കെച്ച് തയ്യാറാക്കി 14-11-2018-ലെ എറണാകുളം ജില്ലാ കളക്ടറുടെ DCEKM/11495/2018-L3 കത്ത് പ്രകാരം പുരാവസ്തു ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുരാവസ്തു വകുപ്പ് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്റ്റുഡന്റ്സ് റാപിഡ് റെസ്പോൺസ് ഫോഴ്സ്

228 (3271) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഇന്ത്യയിൽ തന്നെ ആദ്യത്തേത് എന്ന നിലയിൽ കോഴിക്കോട് ജില്ലയിൽ തുടക്കം കുറിക്കുകയും അത് കേരളത്തിൽ എല്ലാ കോളേജുകളിലും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വ്യാപിപ്പിക്കുമെന്ന് ഉദ്ഘാടന ദിവസം ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുകയും ചെയ്ത വിദ്യാർത്ഥികൾക്കിടയിലെ ദുരന്ത നിവാരണ സേന വിഭാഗം എസ്.എസ്.ആർ.എഫ്. (സ്റ്റുഡന്റ്സ് റാപിഡ് റെസ്പോൺസ് ഫോഴ്സ്) ഇപ്പോൾ സജീവമാണോ എന്നും ഇല്ലെങ്കിൽ അത് സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) കുറെ പരിശീലനം ലഭിച്ച എസ്.എസ്.ആർ,എഫ്.-ലെ കുട്ടികളെ ആവശ്യ ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്താൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എസ്.എസ്.ആർ.എഫ്. എന്ത് കൊണ്ട് മറ്റു സ്ഥാപനങ്ങളിൽ വ്യാപിപ്പിക്കാത്തതെന്നും തുടങ്ങിയ കോളേജിൽ തന്നെ രണ്ടാം ബാച്ച് പോലും ആരംഭിക്കാതിരുന്നതെന്നും വിശദമാക്കാമോ;

(ഡി) ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ പ്രളയ ഘട്ടങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ബോധവൽക്കരണം ഉൾപ്പടെയുള്ള പ്രതിരോധ പ്രവർത്തനങ്ങളിലും എസ്.എസ്.ആർ.എഫ്.-നെ ഉപയോഗപ്പെടുത്തുന്നതിൽ ജില്ല ഭരണകൂടം പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ അതേക്കുറിച്ച് അന്വേഷണം നടത്തുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സജീവമാണ്. സ്റ്റുഡന്റ്സ് റാപിഡ് റെസ്പോൺസ് ഫോഴ്സ് (എസ്.ആർ.ആർ.എഫ്.) സർക്കാർ നിർത്തലാക്കിയിട്ടില്ല.

(ബി-ഡി) കുട്ടികളെ അപകടകരമായ ദുരന്ത പ്രതികരണ മേഖലയിൽ നിയോഗിക്കുന്നതിന് തടസ്സങ്ങളുണ്ട്. എസ്.ആർ.ആർ.എഫ്. ഒരു നിയമപരമായ പ്രതികരണസേനയല്ല. കോടഞ്ചേരി ഗവൺമെന്റ് കോളേജിലെ ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥികളെയാണ് എസ്.ആർ.ആർ.എഫ്.ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ എസ്.ആർ.ആർ.എഫ്.നെ ഉൾപ്പെടുത്തി പ്രളയത്തിൽപ്പെട്ട ആളുകളെ രക്ഷിക്കുന്നതിന് കുട്ടികളുടെ സുരക്ഷയെ മുൻനിർത്തി ഉപയോഗപ്പെടുത്തിയിരുന്നില്ലെങ്കിലും വാളണ്ടിയർമാരായി ഉപയോഗിക്കുന്നതിന് നിയോഗിച്ചിരുന്നതാണ്. സന്നദ്ധ പ്രവർത്തന ഏകോപനം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടപ്പാക്കുന്നത് സിവിൽ ഡിഫെൻസ് നിയമം 1968 പ്രകാരമുള്ള ആപ്ത മിത്ര എന്ന സംവിധാനത്തിലൂടെ അഗ്നി സുരക്ഷാ വകുപ്പുമായി ചേർന്നാണ്. ഓരോ ജില്ലയിലും ഉണ്ടാകുന്ന എസ്.ആർ.ആർ.എഫ്. പോലുള്ള പ്രത്യേക സേനകൾ തുടർന്നും നടത്തുന്നത് സാമ്പത്തികമായി സാദ്ധ്യമാകില്ല. സിവിൽ ഡിഫെൻസ് നടപ്പിൽ വരുത്തുവാനാണ് സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിച്ചിരിക്കുന്നത്.

**നാശനഷ്ടങ്ങൾക്ക് ധനസഹായം ലഭിക്കാൻ അർഹതപ്പെട്ട കുടുംബങ്ങൾ**

229 (3272) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വീടുകൾക്കും മറ്റും സംഭവിച്ച നാശനഷ്ടങ്ങൾക്ക് ധനസഹായം ലഭിക്കാൻ അർഹതപ്പെട്ട അനേകം കുടുംബങ്ങൾ സർക്കാർ തയ്യാറാക്കിയ അർഹരുടെ പട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ടതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വേങ്ങര മണ്ഡലത്തിലെ പറപ്പൂർ, ഒതുക്കുങ്ങൽ തുടങ്ങിയ പഞ്ചായത്തുകളിൽ അർഹതയുണ്ടായിട്ടും നിരവധി കുടുംബങ്ങൾ ഒഴിവാക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ;ഇവരെ ഉൾപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ.

(സി) ഇത്തരം സംഭവങ്ങൾ സംസ്ഥാനത്തെ വിവിധയിടങ്ങളിൽ ഉണ്ടായിട്ടുണ്ടെങ്കിൽ വീണ്ടും ഒരു പരിശോധന കൂടി നടത്തി അർഹതപ്പെട്ട വരെ മുഴുവൻ ഉൾപ്പെടുത്തുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചുവരുന്നു. ദുരിതാശ്വാസം സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ

(ഡെപ്യൂട്ടി കളക്ടർ, ഡിസാസ്റ്റർ മാനേജ്മെന്റ്/അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്) ചുമതലപ്പെടുത്തിയിട്ടുണ്ട്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ തീരുമാനത്തിൽ പരാതിയുള്ളവരുടെ പരാതി പരിഗണിക്കുന്നതിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ ജില്ലാ കളക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**റവന്യൂ വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗം**

230 (3273) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗം 28-11-2018 വരെ 13 ശതമാനം മാത്രം ആയതിന്റെ സാഹചര്യം വ്യക്തമാക്കുമോ;

(ബി) പ്ലാൻ ഫണ്ട് വിനിയോഗത്തിൽ പുരോഗതി കൈവരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്ലാൻ ഫണ്ട് വിനിയോഗത്തിൽ പുരോഗതി കൈവരിക്കാൻ സാധിക്കാത്തതു വകുപ്പിന്റെ വീഴ്ചയായി കരുതുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനം നേരിട്ട സമാനതകളില്ലാത്ത പ്രളയവും പദ്ധതി വിഹിതം ചെലവഴിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ നിയമപ്രകാരമുള്ള പൂർത്തീകരണത്തിന് വേണ്ടി വന്ന അധിക സമയവുമാണ് പദ്ധതി വിഹിത വിനിയോഗത്തിൽ കുറവുണ്ടായ സാഹചര്യം.

(ബി) നടപ്പു സാമ്പത്തിക വർഷം അനുവദിച്ച പദ്ധതി തുകയുടെ 90 ശതമാനം എങ്കിലും ശേഷിക്കുന്ന കാലപരിധിക്കുള്ളിൽ ചെലവിടാൻ ഉതകുന്ന തരത്തിൽ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി അതനുസരിച്ച് നടപടികൾ നടത്തുന്നതിന് പ്രത്യേകമായ സംവിധാനം ഏർപ്പെടുത്തി ഓരോ മാസത്തെയും പുരോഗതി വിലയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനം നേരിട്ട സമാനകളില്ലാത്ത പ്രളയവും പദ്ധതി വിഹിതം ചെലവഴിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ നിയമപ്രകാരമുള്ള പൂർത്തീകരണത്തിന് വേണ്ടി അധിക സമയവും കാരണമാണ് പദ്ധതി വിഹിത വിനിയോഗത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിയാതെ പോയത്. ആയത് റവന്യൂ വകുപ്പിന്റെ വീഴ്ചയായി കരുതുന്നില്ല.

## ചുരം കേബിൾ കാർ പദ്ധതി

231 (3274) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും സഹകരണവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10-5-2018- ന് കോഴിക്കോട് ജില്ലാ കളക്ടറുടെ അധ്യക്ഷതിൽ ചേർന്ന ചുരം കേബിൾ കാർ പദ്ധതി സംബന്ധിച്ച യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത തീരുമാനങ്ങൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) പ്രസ്തുത പദ്ധതി എന്ന് നിലവിൽ വരും;

(ഡി) പ്രസ്തുത പദ്ധതി എപ്രകാരം നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) 10-5-2018-ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചുരം കേബിൾ കാർ പദ്ധതി നടപ്പിലാക്കുമ്പോൾ ടവർ നിർമ്മിക്കേണ്ട സ്ഥലങ്ങളിൽ മുറിക്കേണ്ട മരങ്ങളുടെ എണ്ണം, ഫോറസ്റ്റ് ഏര്യ സംബന്ധിച്ച വിവരം, ടവർ ലൊക്കേഷൻ എന്നിവ അടയാളപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വനം വകുപ്പ് അധികൃതരോട് നിർദ്ദേശിക്കുകയും കൂടാതെ വയനാട് ചേംബർ ഓഫ് കോമേഴ്സ് പ്രതിനിധികൾ പദ്ധതിയുമായി ബന്ധപ്പെട്ട് ടെക്നിക്കൽ ടീമുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് ജില്ലാ കളക്ടർ മുഖേന സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു.

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട ടെക്നിക്കൽ ടീമുമായി സംയുക്ത പരിശോധന നടത്തി പദ്ധതി റിപ്പോർട്ട് കോഴിക്കോട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുവാൻ വയനാട് ചേംബർ ഓഫ് കോമേഴ്സ് പ്രതിനിധികൾക്ക് യോഗത്തിൽ നിർദ്ദേശം നൽകിയിരുന്നു. ടി റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല.

(സി&ഡി) പദ്ധതി സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

## റവന്യൂ, സർവ്വേ , ലാൻഡ് ബാങ്ക്, ലാൻഡ് ബോർഡ്, ഐ.എൽ.ഡി.എം. പദ്ധതി തുക

232 (3275) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ, സർവ്വേ, ലാൻഡ് ബാങ്ക്, ലാൻഡ് ബോർഡ്, ഐ.എൽ.ഡി.എം. എന്നീ വകുപ്പുകൾക്ക് അനുവദിച്ച പദ്ധതി തുക പദ്ധതി തിരിച്ച് വിശദമാക്കാമോ;

(ബി) അനുവദിച്ച പദ്ധതി തുകയിൽ ചെലവഴിച്ച തുക ഇനം തിരിച്ച് വിശദമാക്കുമോ;

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**മോഡൽ വില്ലേജ് പദ്ധതി**

233 (3276) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡൽ വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി ഒതുക്കുങ്ങൽ വില്ലേജ് ഓഫീസിനായി കെട്ടിടവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുവാനുള്ള പ്രവൃത്തിയുടെ നിലവിലെ അവസ്ഥയെന്താണ് ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ് ; വിശദമാക്കുമോ;

(സി) ഒതുക്കുങ്ങൽ വില്ലേജ് ഓഫീസിനെ മോഡൽ വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി പരിഷ്കരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ-സി) മോഡൽ വില്ലേജ് പദ്ധതി എന്ന പേരിൽ പദ്ധതികളൊന്നും തന്നെ നിലവിലില്ല. എന്നാൽ വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി സ്മാർട്ട് വില്ലേജ് പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം പുതിയ കെട്ടിടം നിർമ്മിക്കേണ്ട ജില്ലാ കളക്ടർ ലഭ്യമാക്കിയ മുൻഗണനാ ലിസ്റ്റിൽ ഒതുക്കുങ്ങൽ വില്ലേജ് ഉൾപ്പെട്ടിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിക്കായുള്ള ബജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്.

**റവന്യൂ/സർവ്വേ വകുപ്പുകളിലുള്ള ഐ.ടി./കമ്പ്യൂട്ടർ സെൽ**

234 (3277) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ/സർവ്വേ വകുപ്പുകളിലുള്ള ഐ.ടി./കമ്പ്യൂട്ടർ സെൽ എന്നിവയുടെ പ്രവർത്തന രീതി വിശദമാക്കുമോ;

(ബി) ഈ വകുപ്പിനുകീഴിൽ ആരംഭിച്ച പുതിയ പദ്ധതികൾ ഏതെല്ലാം; അനുവാദം ഇല്ലാതെ എത്ര പദ്ധതികൾ അനധികൃതമായി തുടങ്ങി; വിശദമാക്കുമോ?

ഉത്തരം

(എ) റവന്യൂ/സർവ്വേ വകുപ്പുകളിലുള്ള ഐ.ടി./കമ്പ്യൂട്ടർ സെൽ എന്നിവയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

റവന്യൂ വകുപ്പിലെ ഐ.ടി./കമ്പ്യൂട്ടർ സെൽ എന്നിവയുടെ പ്രവർത്തനരീതി

റവന്യൂ വകുപ്പിൽ നടപ്പിലാക്കി വരുന്ന ഇ-ഗവേണൻസ് പ്രോജക്ടുകളുടെ സംസ്ഥാനതലത്തിലുള്ള മേൽനോട്ടവും ഏകോപനവും നടത്തിവരുന്നത് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഐ.ടി. സെല്ലാണ്. റവന്യൂ വകുപ്പിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന ഇ-ഗവേണൻസ് പദ്ധതികളായ ഇ-ഡിസ്ട്രിക്ട്, ഇന്റർഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം, റവന്യൂ ഇ-പേയ്മെന്റ്, ഭൂനികുതി ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം, റവന്യൂ റിക്കവറി ഓൺലൈൻ, ഇ-ട്രഷറി, ഇ-പ്രൊക്വയർമെന്റ്, ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോർഡ് മോഡണൈസേഷൻ പ്രോഗ്രാം (DILRMP) തുടങ്ങിയ പ്രോജക്ടുകളുടെ നിർവ്വഹണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കൂടാതെ കേരളത്തിലെ എല്ലാ റവന്യൂ ഓഫീസുകളെയും ഓൺലൈനായി ബന്ധിപ്പിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള സമഗ്ര ഇ-പേയ്മെന്റ് സംവിധാനം, കേരള ബിൽഡിംഗ് ടാക്സ്, ലാൻഡ് റെക്കോർഡ് മെയിന്റനൻസ്, ലാൻഡ് റിലിംക്വിഷ്മെന്റ്, ജില്ലാ പരാതിപരിഹാര സംവിധാനം, സമഗ്ര അസെറ്റ് മാനേജ്മെന്റ് സംവിധാനം, വിവരാവകാശ നിയമപ്രകാരമുള്ള രേഖകളുടെ വിഖ്യാപനം, മാനവശേഷിപരിപാലന സംവിധാനം, റവന്യൂ വകുപ്പ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, റവന്യൂ വകുപ്പ് മുഖേന നൽകിവരുന്ന എല്ലാ സേവനങ്ങൾക്കുമായുള്ള സിംഗിൾ-സൈൻ-ഓൺ സൗകര്യത്തോടെയുള്ള ഏകജാലക സംവിധാനമായ സമഗ്ര റവന്യൂ പോർട്ടലും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റവും ജി.ഐ.എസ്. അധിഷ്ഠിത സംയോജിത ലാൻഡ് ഇൻഫർമേഷൻ സിസ്റ്റവും ലാൻഡ് റെക്കോർഡ്സ് പോർട്ടലും സമഗ്ര സിറ്റിസൺ ഇൻഫർമേഷൻ സിസ്റ്റം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഐ.ടി. സെൽ മുഖാന്തരം ദ്രുതഗതിയിൽ നടന്നുവരുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേയ്ക്ക് സമർപ്പിക്കുന്നതിനായുള്ള വകുപ്പ് നവീകരണവും കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട പദ്ധതി രേഖകൾ തയ്യാറാക്കുക, വകുപ്പിലെ വിവിധ സേവനങ്ങൾക്കും നടപടികൾക്കുമായി വ്യവസ്ഥ

ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ, അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ എന്നിവയുടെ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പ്രോസ്സസ് റി-എഞ്ചിനീയറിംഗ് തുടങ്ങിയ പ്രവർത്തനങ്ങളും സ്റ്റേറ്റ് ഐ.ടി. സെല്ലിന്റെ മേൽനോട്ടത്തിൽ നടന്നുവരികയാണ്. സ്കെച്ചുകളുടെ വെക്ടറൈസേഷൻ, അവയെ വില്ലേജ് റെക്കോർഡുകളുമായുള്ള ബന്ധിപ്പിക്കൽ, മോഡേൺ റെക്കോർഡ് റൂം, ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റത്തിലൂടെ രേഖകളുടെ പരിപാലനം എന്നിങ്ങനെ സമയബന്ധിതമായി വകുപ്പിലെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ഭൂരേഖ കമ്പ്യൂട്ടർവൽക്കരണം റവന്യൂ വകുപ്പിന്റെ വിവിധ വിഭാഗങ്ങളും രജിസ്ട്രേഷൻ വകുപ്പും മുഖേനയാണ് നടപ്പിലാക്കി വരുന്നത്. നിലവിൽ വ്യത്യസ്ത ഡാറ്റാബേസുകൾ കൈകാര്യം ചെയ്തുവരുന്നത് രൂപാന്തരം വരുത്തി ഒരൊറ്റ പോർട്ടലിനു കീഴിൽ സംയോജിത ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ഭൂരേഖ പോർട്ടൽ) ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. എല്ലാ റവന്യൂ വിഷയങ്ങളും ജനങ്ങൾക്ക് നേരിട്ട് നൽകുന്നതും മറ്റ് വകുപ്പുകൾക്ക് നൽകുന്നതുമായ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി റവന്യൂ പോർട്ടൽ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

<u>സർവ്വേ വകുപ്പിലെ ഐ.ടി./കമ്പ്യൂട്ടർ സെൽ എന്നിവയുടെ പ്രവർത്തനരീതി</u>

സർവ്വേയും ഭൂരേഖയും വകുപ്പിൽ വെർച്വൽ ഐ.ടി. കേഡർ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഐ.ടി. അനുബന്ധ യോഗ്യതയുള്ള വകുപ്പിലെ വിവിധ ജില്ലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും 18 പേരെ തെരഞ്ഞെടുത്തിട്ടുള്ളതും അവർക്ക് ഐ.ടി. സംബന്ധിച്ചുള്ള ട്രെയിനിംഗ് ടെക്നോപാർക്കിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റിൽ വച്ച് നടത്തുകയും ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടുള്ള ജീവനക്കാർ നിലവിൽ അവർ ജോലി ചെയ്തുവരുന്ന ജില്ലയിലെ ഐ.ടി. സംബന്ധമായ ജോലികൾ നിർവ്വഹിച്ചുവരുന്നു. കൂടാതെ വകുപ്പിൽ നിന്നും പി.ജി. ഡിപ്ലോമാ ഇൻ ഇ-ഗവേണൻസ് (PGDeG) എന്ന കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളവരെയും ഐ.ടി. അനുബന്ധ ജോലികൾ നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്താറുണ്ട്.

(ബി) റവന്യൂ വകുപ്പിന്റെ കീഴിൽ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് സംയോജിത ഓൺലൈൻ പോക്കുവരവ് (Online mutation), ഇ-പേമെന്റ്, ഇ-ഓഫീസ് എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അനുവാദമില്ലാതെ യാതൊരു പദ്ധതിയും തുടങ്ങിയിട്ടില്ല.

സർവ്വേ വകുപ്പിന്റെ കീഴിൽ ഐ.ടി. സംബന്ധമായി പുതിയ പദ്ധതികളൊന്നും തന്നെ ആരംഭിച്ചിട്ടില്ല.

**സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി**

235 (3278) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ പ്രവർത്തനം വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ പ്രസ്തുത പദ്ധതിക്കായി എന്ത് തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) ഇനി എത്ര വില്ലേജുകളിൽ ഈ പദ്ധതി നടപ്പിലാക്കാനുണ്ട്;

(ഡി) ഇത് നടപ്പിലാക്കുന്നതിൽ പിന്നോക്കം നിൽക്കുന്ന ജില്ല എതാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. റവന്യൂ വകുപ്പിന്റെ റെലിസ് എന്ന സോഫ്റ്റ്‌വെയറും രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ എന്ന സോഫ്റ്റ്‌വെയറും സംയോജിപ്പിച്ചാണ് സംസ്ഥാനത്ത് ഓൺലൈൻ പോക്കുവരവ് നടത്തിവരുന്നത്. ഒരു ആധാരം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ഡോക്യുമെന്റ് അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക് അത് ബന്ധപ്പെട്ട വില്ലേജാഫീസുകളിൽ എത്തുകയും ഡാറ്റയും ആധാരവും പരിശോധിച്ച് വില്ലേജാഫീസർക്ക് സ്വീകരിക്കാൻ സാധിക്കുന്നതാണ്. ഡാറ്റയിൽ തെറ്റുണ്ടെങ്കിൽ സബ് രജിസ്ട്രാർക്ക് പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യുന്നതിനും തിരുത്തി നൽകുന്നതിന് അപേക്ഷ തിരികെ അയയ്ക്കുവാനും കഴിയുന്നതാണ്. ഇത്തരത്തിൽ കൃത്യതയോടെ ലഭ്യമാകുന്ന അപേക്ഷകളിന്മേൽ സബ്ഡിവിഷൻ ഇല്ലാത്ത കേസുകളിൽ വില്ലേജ് ഓഫീസർക്ക് തീരുമാനമെടുക്കാവുന്നതും പോക്കുവരവ് അംഗീകരിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട കക്ഷിയുടെ മൊബൈൽ നമ്പരിലേയ്ക്ക് തണ്ടപ്പേർ നമ്പർ, സർവ്വേ നമ്പർ എന്നിവ രേഖപ്പെടുത്തി സിസ്റ്റം ഒരു മെസ്സേജ് നൽകുകയും ചെയ്യുന്നു. സബ്ഡിവിഷൻ ഉള്ള കേസുകളിൽ വില്ലേജാഫീസർ റിപ്പോർട്ട് രേഖപ്പെടുത്തി ഓൺലൈൻ ആയിത്തന്നെ പ്രസ്തുത ഡോക്യുമെന്റ് തഹസീൽദാർക്ക് അയയ്ക്കുകയും തഹസീൽദാർ

അപ്രൂവ് ചെയ്യുന്നതനുസരിച്ച് വില്ലേജാഫീസിൽ തിരികെയെത്തുകയും വില്ലേജാഫീസർ ഫൈനൽ അപ്രൂവൽ ചെയ്യുന്ന മുറയ്ക്ക് കക്ഷിക്ക് തണ്ടപ്പേരും സർവ്വേ നമ്പരും രേഖപ്പെടുത്തി മെസ്സേജ് ലഭിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ പ്രോസസ് ചെയ്യപ്പെട്ട പോക്കുവരവിന്റെ ഫീസും പ്രസ്തുത ഭൂമിയുടെ കരവും കക്ഷിക്ക് ഓൺലൈനായിത്തന്നെ ഒടുക്കാവുന്നതുമാണ്.

(ബി) 2016-17, 2017-18, 2018-19 എന്നീ മൂന്ന് വർഷങ്ങളിലായി നാളിതുവരെ 13.79 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ആകെയുള്ള 1664 വില്ലേജുകളിൽ 1615 വില്ലേജുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള 49 വില്ലേജുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുണ്ട്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കൂടുതൽ വില്ലേജുകൾ അവശേഷിക്കുന്നത് കണ്ണൂർ ജില്ലയിലാണ്.

**പുനരുദ്ധാരണ പ്രവൃത്തികൾ**

236 (3279) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ (എ) വകുപ്പിന്റെ 5-2-2018-ലെ സ.ഉ (സാധാ.)നമ്പർ 65/2018/ഡി. എം. ഡി, 16-6-18-ലെ സ.ഉ (സാധാ.) നമ്പർ 348/2018/ഡി. എം. ഡി. എന്നീ ഉത്തരവുകൾ പ്രകാരം 2017-18 ലെ കാലവർഷക്കെടുതികൾ പുനരുദ്ധാരണ പ്രവൃത്തികളിൽ ഉൾപ്പെടുത്തി അനുവദിച്ചവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിയെന്ന് അറിയിക്കാമോ;

(ബി) പൂർത്തിയാകാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നും കാലതാമസത്തിന് കാരണമെന്തെന്നും അറിയിക്കാമോ?

ഉത്തരം

(എ) പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

(ബി) പൂർത്തിയാകാത്ത പ്രവൃത്തികളും അവയുടെ കാലതാമസത്തിനുള്ള കാരണവും അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ഭൂരഹിതരില്ലാത്ത കേരളം**

237 (3280) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പ്രവർത്തനം വിശദീകരിക്കാമോ;

(ബി) ഈ പദ്ധതിക്ക് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) എത്ര പേരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇതിൽ എത്ര പേർക്ക് ഭൂമി കൈമാറിയെന്നും അവശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കൾ എത്രയെന്നും വിശദമാക്കാമോ;

(ഇ) അവശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ ആണ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഭൂരഹിതരായ കുടുംബങ്ങളിൽ നിന്നും വിവിധ പതിവ് ചട്ടങ്ങളുടെ കീഴിൽ 3 സെന്റ് ഭൂമി വീതം പതിച്ചു നൽകുന്നതിന് അപേക്ഷ സ്വീകരിക്കുകയും ആയതിൽ പരിശോധന നടത്തി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാതലത്തിൽ ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു സ്റ്റേറ്റ് ലെവൽ സ്പെഷ്യൽ സെൽ രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. നിലവിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയിലേയ്ക്ക് മാറ്റി ഉത്തരവായിട്ടുണ്ട്.

(ബി) ഈ പദ്ധതിക്ക് 3,82,155 അപേക്ഷകളാണ് ലഭിച്ചത്.

(സി&ഡി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | അപേക്ഷകരുടെ എണ്ണം | ഗുണഭോക്താക്കളായി തെരഞ്ഞെടുത്തവരുടെ എണ്ണം | ഭൂമി കൈമാറിയത് | അവശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കൾ |
|---|---|---|---|---|
| തിരുവനന്തപുരം | 56028 | 54545 | 595 | 53950 |
| കൊല്ലം | 36020 | 28612 | 345 | 28267 |
| പത്തനംതിട്ട | 7584 | 7584 | 669 | 6915 |
| ആലപ്പുഴ | 18134 | 15164 | 183 | 14981 |
| കോട്ടയം | 16320 | 10388 | 477 | 9911 |
| ഇടുക്കി | 16676 | 5422 | 3615 | 1807 |
| എറണാകുളം | 45644 | 33775 | 110 | 32665 |
| തൃശ്ശൂർ | 32000 | 26982 | 522 | 26460 |
| പാലക്കാട് | 28524 | 23476 | 4112 | 19364 |
| മലപ്പുറം | 42985 | 25998 | 1145 | 24853 |
| കോഴിക്കോട് | 15316 | 2212 | 1034 | 1178 |
| വയനാട് | 7259 | 4034 | 765 | 3269 |
| കണ്ണൂർ | 24778 | 18839 | 1598 | 2854 |
| കാസർഗോഡ് | 34887 | 16144 | 16144 | - |

(ഇ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് പുതുതായി ആരംഭിച്ച ലൈഫ് മിഷൻ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാക്കുന്നതിന് അതാത് തദ്ദേശഭരണ സ്ഥാപനവുമായി ബന്ധപ്പെടുവാൻ ജില്ലാ കളക്ടർമാർ അപേക്ഷ സമർപ്പിച്ച കക്ഷികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

238 (3281) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) അടുത്ത സാമ്പത്തിക വർഷം ഈ ഇനത്തിൽ എന്തെങ്കിലും തുക നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. 2011-ൽ കേന്ദ്ര സർക്കാർ നടത്തിയ സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസിൽ നിന്നും ലഭിച്ചിട്ടുള്ള ഭൂരഹിതർ, ഭൂമിയുള്ള ഭവനരഹിതർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വിവരങ്ങളും പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവ വിവിധ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഭൂരഹിത, ഭവനരഹിതരുടെ പട്ടികയും അടിസ്ഥാനമാക്കിയാണ് കേരളത്തിലെ മുഴുവൻ ഭൂരഹിത-ഭവനരഹിതർക്ക് മാന്യവും സുരക്ഷിതത്വത്തോടെയുമുള്ള ഭവന സംവിധാനത്തിനായി ആവിഷ്കരിച്ചിരിക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (LIFE) നടപ്പിലാക്കുന്നത്. ആയതിനാലാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തത്.

(ബി) പരിഗണനയിലില്ല.

**ഭൂമി കയ്യേറ്റ കേസുകൾ**

239 (3282) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷത്തിനിടെ റിപ്പോർട്ടുചെയ്ത ഭൂമി കയ്യേറ്റ കേസുകളിൽ ഒഴിപ്പിക്കൽ നടപടികൾ എത്രമാത്രം പൂർത്തിയായിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇപ്രകാരം കഴിഞ്ഞ രണ്ട് വർഷത്തിനിടെ സർക്കാർ തിരിച്ചുപിടിച്ച ഭൂമി എത്രയെന്ന് ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ നൽകാമോ;

(സി) ഭൂമി കയ്യേറ്റം ബോദ്ധ്യപ്പെട്ടാൽ സ്വീകരിക്കുന്ന നിയമ നടപടികൾ വ്യക്തമാക്കാമോ; ഏതെങ്കിലും കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; ആയതിന്റെ വിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഭൂമിയിലെ റിപ്പോർട്ട് ചെയ്യപ്പെട്ട കയ്യേറ്റ കേസുകളിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനിടെ 2537 കയ്യേറ്റ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ 665 കേസുകൾ ഒഴിപ്പിച്ചെടുത്തിട്ടുള്ളതാണ്. ബാക്കി വരുന്ന കയ്യേറ്റങ്ങൾ പൂർണ്ണമായി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി)

| ജില്ല | ഒഴിപ്പിച്ചെടുത്ത വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| തിരുവനന്തപുരം | 4.7167 |
| കൊല്ലം | 1.1584 |
| പത്തനംതിട്ട | 1.5436 |
| ആലപ്പുഴ | 2.2204 |
| കോട്ടയം | 0.1235 |
| ഇടുക്കി | 179.6952 |
| എറണാകുളം | 6.1594 |
| തൃശ്ശൂർ | 5.44 |
| പാലക്കാട് | 3.8947 |
| മലപ്പുറം | 2.3090 |
| കോഴിക്കോട് | 0.3208 |
| വയനാട് | 1.3882 |
| കണ്ണൂർ | 0.3028 |
| കാസർഗോഡ് | 0.0879 |
| ആകെ | 213.6762 |

(സി) അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന കേസുളിൽ ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച്. വില്ലേജിൽ 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമപ്രകാരവും മറ്റ് ജില്ലകളിലെല്ലാം കേരള ഭൂ സംരക്ഷണ നിയമം 1957, ഭൂസംരക്ഷണ ചട്ടം 1958, കേരള ഭൂസംരക്ഷണ ഭേദഗതി നിയമം 2009 പ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടെന്ന് സർക്കാർ തീരുമാനം എടുത്തിട്ടില്ല.

**ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുന്നതിനായി പഠനം**

240 (3283) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതടിസ്ഥാനത്തിലാണ് ന്യായവില പുതുക്കി നിശ്ചയിക്കുന്നത്;

(സി) ഇതിനായി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 14-8-2018-ലെ സ.ഉ. (കൈ.) 302/2018/റവ. നമ്പർ സർക്കാർ ഉത്തരവിൽ വിശദമാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുന്നത്.

(സി) പഠനം നടത്തിയിട്ടുണ്ട്. 9-4-2015-ലെ ജി.ഒ.(ആർ.ടി.) 3598/15/ ആർഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ന്യായവില പുനർനിർണ്ണയം ചെയ്യുന്നതിനായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ലാൻഡ് റവന്യൂ കമ്മീഷണർ കൺവീനറും ഐ.ജി. ഓഫ് രജിസ്ട്രേഷൻ, കൊല്ലം, പത്തനംതിട്ട, എറണാകുളം, പാലക്കാട് ജില്ലാ കളക്ടർമാർ, തിരുവനന്തപുരം, ദേവികുളം, തൃശ്ശൂർ, പെരിന്തൽമണ്ണ സബ് കളക്ടർമാർ അംഗങ്ങളായി ഒരു സബ് കമ്മിറ്റി രൂപീകരിച്ചു. 1-10-2016-ൽ മറ്റ് ജില്ലാ കളക്ടർമാരെക്കൂടി ഉൾപ്പെടുത്തി പ്രസ്തുത കമ്മിറ്റി യോഗം ചേരുകയും ടി യോഗത്തിൽ ഓരോ ജില്ലയിലെയും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്ന് വില്ലേജുകളെ തെരഞ്ഞെടുത്ത് പഠനം നടത്തി ഒരു പഠന റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രയോജനപ്രദമായ റിപ്പോർട്ടുകൾ ലഭ്യമാകാത്തതിനെത്തുടർന്ന് റവന്യൂ വകുപ്പിലെയും രജിസ്ട്രേഷൻ വകുപ്പിലെയും

ഉദ്യോഗസ്ഥരുമായി ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ യോഗങ്ങൾ ചേരുകയും ഇക്കാര്യം സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തുകയുമുണ്ടായി. പ്രസ്തുത ചർച്ചകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നൽകിയ ശിപാശകൾ പരിഗണിച്ചുമാണ് ന്യായവില പുനർ നിർണ്ണയിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

**മൂന്നാർ ഭൂമി കയ്യേറ്റങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട്**

241 (3284) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങളെക്കുറിച്ച് ഇടുക്കി ജില്ല കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നോ;

(ബി) ഉണ്ടെങ്കിൽ ഏത് തീയതിയിലാണ് സർക്കാരിന് കളക്ടർ റിപ്പോർട്ട് സമർപ്പിച്ചത്;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്;വിശദമാക്കാമോ;റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 5-5-2017-ലാണ് ടി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്.

(സി) ഇടുക്കി ജില്ലയിലെ സർക്കാർ ഭൂമിയിന്മേലുള്ള അനധികൃത കയ്യേറ്റങ്ങളും അനധികൃത നിർമ്മാണങ്ങളും ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ കെ.ഡി.എച്ച്. വില്ലേജിൽ 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുത്ത്) നിയമം, മറ്റ് വില്ലേജുകളിൽ 1957-ലെ ഭൂസംരക്ഷണ നിയമം എന്നിവ പ്രകാരമുള്ള നടപടികളും ഭൂസംരക്ഷണ നിയമം ഭേദഗതി 2009 പ്രകാരമുള്ള ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നു. ഭൂമി കയ്യേറ്റം ഉണ്ടാകാതെ സംരക്ഷിക്കുന്നതിലേയ്ക്ക് ഭൂസംരക്ഷണ സേനകളുടെ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരുന്നതാണ്. 27-5-2016-നുശേഷം പുതിയ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ ഒഴിപ്പിക്കുവാൻ വില്ലേജ് ആഫീസർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. സർക്കാർ ഭൂമിയിന്മേലുള്ള കയ്യേറ്റവും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും യഥാസമയം കണ്ടെത്തി സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനാവശ്യമായ നിയമനടപടി സ്വീകരിക്കുന്നതിലേയ്ക്കായി

പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച ഒരു സർക്കുലർ തയ്യാറാക്കി എല്ലാ ഉപകാര്യാലയങ്ങൾക്കും നൽകിയിട്ടുള്ളതും ഓരോ താലൂക്കിന്റെ പരിധിയിലുള്ള സർക്കാർ ഭൂമി കയ്യേറ്റങ്ങളിൽ ഭൂസംരക്ഷണ നിയമം പ്രകാരം സ്വീകരിച്ച നടപടികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിലേയ്ക്കായി അവലോകന യോഗവും നടത്തി വരുന്നതാണ്. കൂടാതെ പൊതു അവധി ദിവസങ്ങളിൽ സർക്കാർ ഭൂമിയിലുള്ള അനധികൃത പ്രവേശനങ്ങൾ തടയുന്നതിനായി സബ്ഡിവിഷൻ അധികാരികളുടെ മേൽനോട്ടത്തിൽ എല്ലാ താലൂക്കുകളിലും താലൂക്കുതലത്തിൽ പ്രത്യേക സംഘം രൂപീകരിച്ച് ഭൂസംരക്ഷണ പ്രവർത്തനങ്ങൾ നിയന്ത്രിച്ചും ഏകോപിച്ചും വരുന്നതാണ്.

**പുറമ്പോക്ക് ഭൂമി താലൂക്ക് സർവ്വേ വിഭാഗം കണ്ടെത്തിയത്**

242 (3285) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ, കാരോട് എന്നീ വില്ലേജ് പ്രദേശത്തുള്ള സർക്കാർ പുറമ്പോക്ക് ഭൂമി താലൂക്ക് സർവ്വേ വിഭാഗം കണ്ടത്തിയിട്ടും കൈയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിക്കുവാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; കൈയ്യേറ്റകാരുടെ പേരുവിവരവും, ഭൂമിയുടെ അളവും സ്ഥലവും വ്യക്തമാക്കാമോ;

(ബി) കാരോട് വില്ലേജിലെ ചാരോട്ടുകോണത്തു സർവ്വേ നമ്പർ-153/5, 158/20 ഉടതലകുളം പുറമ്പോക്ക്, തോടിന്റെ പുറമ്പോക്ക് എന്നിവ സ്വകാര്യ വ്യക്തികൾ കൈയ്യേറി വച്ചതുമായി ബന്ധപ്പെട്ട് സ്വകാര്യ വ്യക്തി വകുപ്പുമന്ത്രിക്ക് 21-2-2018-ൽ 2277346/2018/MIN (REV) നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാകളക്ടർ എന്ത്നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) നെയ്യാറ്റിൻകര താലൂക്കിൽ കുളത്തൂർ, കാരോട് വില്ലേജുകളിൽ വ്യാപകമായ ഭൂമികൈയ്യേറ്റം കണ്ടെത്തിയിട്ടും യഥാസമയം നടപടികൾ സ്വീകരിക്കാതെ വൈകിപ്പിക്കുന്ന ലാന്റ്റിക്കാർഡ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര താലൂക്കിലെ കുളത്തൂർ വില്ലേജിന്റെ പരിധിയിൽപ്പെട്ട നെയ്യാർ പുറമ്പോക്ക്, എ.വി.എം. കനാൽ പുറമ്പോക്ക് എന്നിവിടങ്ങളിലെയും കാരോട് വില്ലേജിന്റെ പരിധിയിൽപ്പെട്ട ഉടതലക്കുളം പുറമ്പോക്കും സംബന്ധിച്ച

അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി താലൂക്ക് സർവ്വേയർ മുഖേന സ്ഥലം അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതാണ്. കയ്യേറ്റ കക്ഷികളുടെ പേരു വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ശ്രീ. ബി. സെബാസ്റ്റ്യൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് 2277346/18-ാം നമ്പരായി സമർപ്പിച്ച പരാതി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കാരോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുള്ളതാണ്.

(സി) പരാമർശിച്ച കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായതിനാൽ കുളത്തൂർ, കാരോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാൻഡ് റിക്കാർഡ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയാൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

**നദീതീരങ്ങളിലെ കൈയേറ്റങ്ങൾ**

243 (3286) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സജി ചെറിയാൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീതീരങ്ങളിലെ കയ്യേറ്റങ്ങൾ തടയുന്നതിനും ഒഴിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തുണ്ടായ പ്രളയം പ്രധാന നദികളുടെ തീരങ്ങളിൽ വൻനാശനഷ്ടമുണ്ടാക്കിയ പശ്ചാത്തലത്തിൽ പെരിയാർ, ഭാരതപ്പുഴ, പമ്പ, ചാലിയാർ, കരമന, മീനച്ചിൽ തുടങ്ങിയ നദികളുടെ തീരങ്ങളിലെ കയ്യേറ്റങ്ങൾ സംബന്ധിച്ച് പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ നദികളുടെ സ്വാഭാവിക അവസ്ഥ പഠിക്കുന്നതിനു വേണ്ടി പ്രധാന നദീതടങ്ങളിൽ റിവർ ഗേജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് ഡേറ്റ തയ്യാറാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) നദീതീരങ്ങളിലെ കയ്യേറ്റങ്ങൾ തടയുന്നതിനും ഒഴിപ്പിക്കുന്നതിനും കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം -2001, കേരള ഭൂസംരക്ഷണ നിയമം - 1957 എന്നിവ പ്രകാരമുള്ള നടപടികൾ താലൂക്ക്, ജില്ലാ തലങ്ങളിൽ സ്വീകരിച്ചുവരുന്നു.

(ബി) നദീതീരത്തിന്റെ അതിർത്തി സർവ്വേ ചെയ്ത് പുറമ്പോക്കും സ്വകാര്യഭൂമിയും വേർതിരിച്ച് സ്ഥലനിർണ്ണയം നടത്തുന്നതിനും ഈ അതിർത്തി സാധാരണക്കാർക്ക് വേഗത്തിൽ മനസ്സിലാക്കാവുന്ന വിധത്തിൽ ഫോറസ്റ്റ് ജണ്ടകൾ പോലുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് അവ GCP (Ground Control Point) ആയി നിർണ്ണയിച്ച് ഭാവിയിലുണ്ടാകാവുന്ന കയ്യേറ്റങ്ങൾ തടയുന്നതിന് സഹായകമാവുന്ന സർവ്വേ നടപ്പിലാക്കുന്നത് സംബന്ധിച്ച 2017-ലെ "നദീ-നദീതീരം: സംരക്ഷണവും പരിപാലവും" മേഖലാ ശിൽപ്പശാലയുടെ കരട് ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുള്ളതും തുടർ നടപടികൾക്കായി ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(സി) നദികളുടെ സ്വാഭാവിക അവസ്ഥ പഠിക്കുന്നതിനുവേണ്ടി റിവർ ബാങ്ക് മാപ്പിംഗും സാൻഡ് ആഡിറ്റിംഗും ഐ.എൽ.ഡി.എം.ലെ റിവർ മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ സർക്കാർ നടപ്പിലാക്കിവരുന്നു. നിലവിൽ 17 നദികളുടെ റിവർ ബാങ്ക് മാപ്പിംഗും 19 നദികളുടെ സാൻഡ് ആഡിറ്റിംഗും പൂർത്തിയായിട്ടുണ്ട്. 14 നദികളിൽ ഈ പഠനം പുരോഗമിക്കുന്നു. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ നദികളിൽ ഉയർന്ന പ്രളയ ജലത്തിന്റെ ഉയരം ശാസ്ത്രീയമായി സർവ്വേ ചെയ്ത് രേഖപ്പെടുത്തുന്നതിനും Flood Markers നദീ തീരങ്ങളിൽ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനം ഐ.എൽ.ഡി.എം. സർവ്വേ ഓഫ് ഇന്ത്യ, കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, പെരിയാർ, ചാലക്കുടി, ഭാരതപ്പുഴ തുടങ്ങിയ നദികളിൽ ആരംഭിച്ചിട്ടുണ്ട്.

**അന്യാധീനപ്പെട്ട സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടി**

244 (3287) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ബി) തോട്ടം മേഖലയിൽ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട ഏതെല്ലാം കേസുകളിലാണ് എതിർകക്ഷികൾക്ക് അനുകൂലമായി കോടതി വിധി ഉണ്ടായിട്ടുള്ളത്; ഇത്തരം കേസുകളിൽ ഉണ്ടായിട്ടുള്ള തുടർ നടപടികൾ എന്തൊക്കെയാണ്;

(സി) ഈ കേസുകൾ നടത്തുന്നതിന് നിയോഗിക്കപ്പെട്ട വക്കീലന്മാർ ആരൊക്കെയാണ്; കേസുകൾ നടത്തുന്നതിന് നാളിതുവരെ എത്ര രൂപ ചെലവായിട്ടുണ്ട്?

<u>ഉത്തരം</u>

(എ) കയ്യേറ്റംമൂലം അന്യാധീനപ്പെട്ട സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിന് എല്ലാ ജില്ലകളിലും കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സർക്കാർ ഭൂമി കയ്യേറ്റം കണ്ടെത്തുന്നതിനും തടയുന്നതിനും ഒഴിപ്പിക്കുന്നതിനും വേണ്ടി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചുകൊണ്ട് 10-9-2018-ലെ സ.ഉ. (സാധാ.) 3778/2018/റവന്യൂ നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതും അപ്രകാരം സെല്ലിന്റെ പ്രവർത്തനം തുടർന്നുവരുന്നതുമാണ്.

(ബി) തോട്ടം മേഖലയിൽ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതുമായി ബന്ധപ്പെട്ട് നിയുക്തനായ സ്പെഷ്യൽ ഓഫീസർ കേരള ഭൂസംരക്ഷണ നിയമപ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ ഹാരിസൺസ് മലയാളം ലിമിറ്റഡ്, റ്റി.ആർ.&റ്റി, ബോയ്സ് എസ്റ്റേറ്റ്, റീയ റിസോർട്ട്സ് & പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ്, ചെറുവള്ളി എസ്റ്റേറ്റ് എന്നിവരിൽ നിന്നും ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവ് ടി കമ്പനികളുടെ ഹർജികൾ പരിഗണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്തിരുന്നു. എച്ച്.എം.എൽ. മുതലായ കമ്പനികൾ വിവിധ അധികാര കേന്ദ്രങ്ങളിൽ നിന്നും ഭൂമി അവരുടേതാണെന്ന് സ്ഥാപിക്കുന്നതിന് അനുകൂലമായി സർട്ടിഫിക്കറ്റുകളും ഉത്തരവുകളും മറ്റും സമ്പാദിച്ചിരുന്നു. ടി ഉത്തരവുകളും/സർട്ടിഫിക്കറ്റുകളും/ഉടമസ്ഥത അവകാശപ്പെട്ടുകൊണ്ടുള്ള രേഖകളും മറ്റും അസാധുവാണെന്ന് പ്രഖ്യാപിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ നിയുക്തനായിട്ടുള്ള സ്പെഷ്യൽ ഓഫീസർക്ക് അധികാരമില്ല എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഏറ്റെടുക്കൽ ഉത്തരവുകൾ റദ്ദാക്കിയിട്ടുള്ളത്. ഇവയ്ക്ക് പുറമേ ഇടുക്കി ജില്ലയിലെ ശാന്തൻപാറ വില്ലേജിലെ 3 തോട്ടങ്ങൾക്കും ടി വിധി നൽകിയിട്ടുണ്ട്. ടി കേസുകളിലെല്ലാം തന്നെ സ്പെഷ്യൽ ഓഫീസർക്ക് കേരള ഭൂസംരക്ഷണ നിയമപ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുക്കാനാകില്ല എന്ന കാരണത്താലാണ് കോടതി ഏറ്റെടുക്കൽ ഉത്തരവ് റദ്ദ് ചെയ്തിരിക്കുന്നത്. എന്നാൽ സർക്കാരിന്

വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ പ്രസ്തുത ഭൂമി ഏറ്റെടുക്കാമെന്ന് ബഹുമാനപ്പെട്ട കോടതിയുടെ ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ഒഴിവ് കിട്ടിയ തോട്ടഭൂമി കരം മാറ്റുകയോ മുറിച്ച് വിൽക്കുകയോ ചെയ്യപ്പെടുന്ന കേസുകളിൽ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ബന്ധപ്പെട്ട താലൂക്ക്, ലാൻഡ് ബോർഡുകൾ മുഖാന്തരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റ് കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ആയിരക്കണക്കിന് ഏക്കർ തോട്ടഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ നടത്തുന്നതിനായി സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായി ശ്രീ. എസ്. ബി. പ്രേമചന്ദ്ര പ്രഭുവിനെ നിയമിച്ചിരുന്നു. ടി കേസുകളുടെ അന്തിമഘട്ട വാദത്തിൽ സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ. ജയദീപ് ഗുപ്തയും സർക്കാരിനുവേണ്ടി ഹാജരായിരുന്നു. വക്കാലത്ത് ഇനത്തിൽ ആദ്യ ഗഡുവായി 4,25,000 രൂപ ശ്രീ. പ്രേമചന്ദ്ര പ്രഭുവിന് അനുവദിച്ചിട്ടുണ്ട്.

**നദീതീരങ്ങളുടേയും നദീ പ്രദേശങ്ങളുടേയും കയ്യേറ്റം**

245 (3288) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീതീരങ്ങളും നദീ പ്രദേശങ്ങളും കയ്യേറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ ഉത്തരപ്പള്ളിയാറിന്റെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉത്തരപ്പള്ളിയാറിന്റെ ഒഴുക്ക് നിലയ്ക്കുന്ന തരത്തിലുള്ള കയ്യേറ്റം ഒഴിവാക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉത്തരപ്പള്ളിയാറിന്റെ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനെതിരെ കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉത്തരപ്പള്ളിയാറിന്റെ കയ്യേറ്റം തിട്ടപ്പെടുത്തി അതിർത്തി പുനർനിർണ്ണയിക്കുന്നതിനും അതുവഴി ആറിനെ പുനരുദ്ധരിക്കുന്നതിനുമായുള്ള നടപടികളുടെ ഔപചാരിക ഉദ്ഘാടനം 17-4-2017-ന് നടത്തിയിട്ടുള്ളതും രണ്ട് വില്ലേജുകളിൽ ഒഴികെ രണ്ട് ഘട്ടങ്ങളായി ഏകദേശം പൂർണ്ണമായിട്ടുള്ളതുമാണ്. വെൺമണി വില്ലേജിൽ-33 കയ്യേറ്റങ്ങൾ, ആലാ വില്ലേജിൽ-14 കയ്യേറ്റങ്ങൾ,

ചെറിയനാട് വില്ലേജിൽ-2 കയ്യേറ്റങ്ങൾ എന്നിങ്ങനെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചുവരുന്നതുമാണ്. ആറിലെ ഒഴുക്ക് നിലച്ച് പോയ ഭാഗങ്ങൾ ഡ്രെഡ്ജ് ചെയ്ത് മണൽ നീക്കുന്നതിനായി മൈനർ ഇറിഗേഷൻ വിഭാഗത്തേയും ആറ്റിലെ മാലിന്യങ്ങൾ നിക്കം ചെയ്യുന്നതിനും കാട് വെട്ടി തെളിക്കുന്നതിനും ആറ് കടന്നുപോകുന്ന വെൺമണി, ആല, ചെറിയനാട്, പുലിയൂർ, എണ്ണക്കാട് തുടങ്ങിയ പഞ്ചായത്തുകളെയും ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

**പയ്യന്നൂർ മണ്ഡലത്തിലെ മിച്ചഭൂമി പ്രശ്നങ്ങൾ**

246 (3289) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പയ്യന്നൂർ മണ്ഡലത്തിലെ മിച്ചഭൂമിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമം, ആലപ്പടമ്പ, വെള്ളൂർ, പെരിങ്ങോം, കുറ്റൂർ, പെരിന്തട്ട, വെള്ളോറ എന്നീ വില്ലേജുകളിലെ ഭൂമി സംബന്ധമായ വിഷയങ്ങളിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. എരമം വില്ലേജ്

എരമം വില്ലേജിൽ താമസിക്കുന്ന ധാരാളം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാതെയും കൈവശക്കാരിൽ നിന്നും ഭൂനികുതി സ്വീകരിക്കാത്തതുമായ പ്രശ്നങ്ങൾ നിലനിൽക്കുകയും 25 വർഷത്തിലധികമായി മിച്ചഭൂമിയിൽ കയ്യേറി താമസിച്ചുവരുന്നവരുമാണ്. പ്രസ്തുത താമസക്കാർക്ക് പട്ടയം നൽകുന്നതിനും അവരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നതുമായ പ്രശ്നമാണ് നിലനിന്നിരുന്നത്. എരമം വില്ലേജിലെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഒരു സർവ്വേ ടീമിനെ നിയമിക്കുകയും എരമം വില്ലേജിലെ 70/1 എ, 70/1 എ 3, 70/1 എ 5 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട കൈവശക്കാർക്ക് നിലവിൽ ലഭ്യമായ മിച്ചഭൂമി സ്കെച്ചിന്റെ അടിസ്ഥാനത്തിൽ സർവ്വേ ചെയ്തതനുസരിച്ച് മിച്ചഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ കൈവശരേഖ പരിശോധിച്ചതിൽ അർഹരായവരിൽ നിന്നും ഭൂനികുതി സ്വീകരിച്ചിട്ടുള്ളതും കൈവശാവകാശ സർട്ടിഫിക്കറ്റ് ഉൾപ്പെടെ അനുവദിച്ചിട്ടുള്ളതുമാണ്. എരമം വില്ലേജിലെ ഭൂനികുതി സ്വീകരിക്കാത്തതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ സാധൂകരണത്തിനുള്ള തുടർ നടപടി സ്വീകരിച്ചുവരുന്നു.

2. ആലപ്പടമ്പ വില്ലേജ്

കൈവശ ഭൂമിയിൽ വീട് വച്ച് അനുഭവങ്ങൾ ഉണ്ടാക്കി കൈവശം വച്ചിരുന്ന ഭൂരിഭാഗം പേരും പട്ടയങ്ങളും ആധാരങ്ങളും ഉള്ളവരാണ്. 1995 വരെ ഭൂനികുതി സ്വീകരിക്കുകയും റീ സർവ്വേ റെക്കോർഡുകൾ നിലവിൽ വന്നതിനുശേഷം മിച്ചഭൂമിയിൽ ഉൾപ്പെട്ടുവരുന്നതിനാൽ ഭൂനികുതി സ്വീകരിക്കാത്ത കേസുകളാണ് നിലനിന്നിരുന്നത്. ആലപ്പടമ്പ വില്ലേജിലെ റീ സർവ്വേ 46/1, 2/1, 17 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെടുന്ന വെളിച്ചംതോട് കോളനിയിലെ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 96 പ്രകാരം യോഗ്യരായ 62 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. ആലപ്പടമ്പ വില്ലേജിൽ പതിച്ചു നൽകാതെ നിർത്തിയിരിക്കുന്ന 5 പ്ലോട്ടുകളുടെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. വെള്ളൂർ വില്ലേജ്

വെള്ളൂർ വില്ലേജിൽ ഭൂമി കൈവശം വച്ച് താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് കൈവശ രേഖയോ പട്ടയമോ ലഭിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ വെള്ളൂർ വില്ലേജിലെ റീ സർവ്വേ 109-ൽപ്പെട്ട ഭൂമി സർവ്വേ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ റീ സർവ്വേ 109-ൽപ്പെട്ട 50 സെന്റ് മിച്ചഭൂമിയിൽ 2 കൈവശക്കാർക്ക് പട്ടയം അനുവദിച്ചിട്ടുമുണ്ട്. 3 കൈവശക്കാർക്ക് ഡീഡ് അനുവദിക്കുന്നത് സംബന്ധിച്ച നടപടി സ്വീകരിച്ചുവരുന്നു.

4. പെരിങ്ങോം വില്ലേജ്

പെരിങ്ങോം വില്ലേജിലെ കൈവശക്കാരിൽ നിന്നും 1996 മുതൽ നികുതി സ്വീകരിക്കുന്നില്ലായെന്നും കൈവശരേഖകൾ അനുവദിക്കുന്നില്ലായെന്നുമുള്ള ഭൂപ്രശ്നമാണ് നിലനിന്നിരുന്നത്. ചിറ്റടി കോളനിയിൽ കാരയിൽ ചിരുകണ്ടൻ എന്നവരിൽ നിന്നും ഏറ്റെടുത്ത മിച്ചഭൂമിയിൽ അനധികൃതമായി താമസിക്കുന്ന കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നതിന് തുടർനടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പെരിങ്ങോം വില്ലേജിലെ ചിറ്റടി കോളനിയിൽപ്പെട്ട 8 പേർക്ക് ഭൂപരിഷ്കരണ നിയമം സെക്ഷൻ 96-ന് വിധേയമായി പട്ടയം അനുവദിച്ചിട്ടുണ്ട്.

5. കുറ്റൂർ വില്ലേജ്

കുറ്റൂർ വില്ലേജിലെ നിരവധി കൈവശക്കാരിൽ നിന്നും 1998-നുശേഷം ഭൂനികുതി സ്വീകരിക്കുന്നില്ല എന്ന പ്രശ്നമാണ് നിലനിന്നിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു സർവ്വേ ടീമിനെ നിയമിക്കുകയും സർവ്വേ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മിച്ചഭൂമി അല്ല എന്ന് കണ്ടെത്തിയ 6 കേസുകളിൽ നികുതി

സ്വീകരിച്ചിട്ടുള്ളതാണ്. 77/1 എ, 77/1 എ 3 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ടതും നേരത്തേ ഓഫർ ഓഫ് അസൈൻമെന്റ് അനുവദിച്ചിട്ടുള്ള 11 പേർക്ക് ഡീഡ് ഓഫ് അസൈൻമെന്റ് അനുവദിച്ചിട്ടുള്ളതാണ്.

6. പെരിന്തട്ട വില്ലേജ്

പെരിന്തട്ട വില്ലേജിൽ ധാരാളം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്ത പ്രശ്നമാണ് നിലനിന്നിരുന്നത്. റീ സർവ്വേ 14/3-ൽ മിച്ചഭൂമി പതിച്ചു നൽകിയവർക്ക് അളന്ന് നൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾ സർവ്വേ ടീമിനെ ഉപയോഗപ്പെടുത്തി ആരംഭിച്ചിരുന്നതാണ്. എന്നാൽ ടി സ്ഥലത്ത് ശ്രീ. പ്രസാദ് തുണോളി എന്നവർ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 15729/17 നമ്പർ കേസിൽ സ്റ്റേ നിലവിലുള്ളതിനാൽ തുടർ നടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതി നിർത്തിവച്ച് ഉത്തരവായിട്ടുള്ളതും ഇക്കാര്യത്തിൽ കാര്യവിവരപത്രിക ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇതിനോടകം തന്നെ സമർപ്പിച്ചിട്ടുള്ളതുമാണ്.

7. വെള്ളോറ വില്ലേജ്

വെള്ളോറ വില്ലേജിൽ കൈവശഭൂമിക്ക് രേഖയും പട്ടയവുമുള്ള കുടുംബങ്ങളിൽ നിന്നും 1984-നുശേഷം നികുതി സ്വീകരിക്കുന്നില്ലായെന്നും കൈവശരേഖയും പട്ടയവും ലഭിച്ചിട്ടില്ലായെന്ന പ്രശ്നവുമാണ് നിലനിന്നിരുന്നത്. വെള്ളോറ വില്ലേജിലെ ഭൂമി സർവ്വേ ചെയ്യുന്നതിനായി സർവ്വേയർമാരെ നിയമിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭൂപരിഷ്കരണ നിയമം സെക്ഷൻ 96-ന് വിധേയമായി ഓഫർ ഓഫ് അസൈൻമെന്റ് അനുവദിച്ചിട്ടുള്ളതും കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലുമാണ്. 53 പേർക്ക് 24-12-2018-ന് നടക്കുന്ന പട്ടയമേളയിൽ ഡീഡ് ഓഫ് അസൈൻമെന്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഭൂപരിഷ്കരണ നിയമം സെക്ഷൻ 7 ഇ, സെക്ഷൻ 85(8) ബാധകമാക്കേണ്ട കേസുകളിൽ ലാൻഡ് ട്രിബ്യൂണൽ/ലാൻഡ് ബോർഡിനെ സമീപിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിൽ പട്ടയം നൽകുന്നതിലെ കാലതാമസം**

247 (3290) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ കീരംപാറ, നേര്യമംഗലം, കുട്ടമംഗലം പ്രദേശങ്ങളിലായി 1977-ന് മുൻപ് വനഭൂമിയും റവന്യൂ ഭൂമിയും കൈവശം വച്ച് കൃഷി ചെയ്തുവരുന്ന കർഷകർ പട്ടയത്തിനായി അപേക്ഷ നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം പട്ടയം ലഭിക്കുവാൻ അർഹതയുള്ള ഇവർക്ക് പട്ടയം നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എറണാകുളം ജില്ലയിലൊഴികെ ഇത്തരം കൈവശക്കാർക്ക് വനഭൂമിക്ക് നാലേക്കർ വരെയും, റവന്യൂ ഭൂമി ഒരേക്കർ വരെയും പട്ടയം നൽകി വരുന്നുണ്ടെങ്കിലും എറണാകുളം ജില്ലയിൽ 15 സെന്റിൽ താഴെ മാത്രമാണ് ഭൂമിക്ക് പട്ടയം നൽകുന്നുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മറ്റ് ജില്ലകളിലേതുപോലെയും ഇടുക്കി പാക്കേജിന് സമാനമായതുമായ പട്ടയ നടപടി ഇവിടെയും സ്വീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് 2005 വരെ കോതമംഗലത്തുണ്ടായിരുന്ന സ്പെഷ്യൽ തഹസീൽദാർ ഓഫീസ് പുനരാരംഭിക്കുന്നതിനുവേണ്ട നടപടിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ഇ) കോതമംഗലം മണ്ഡലത്തിൽ നിന്നുള്ള പട്ടയ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ലാൻഡ് അസൈൻമെന്റ് ആക്ടിലെയും വനഭൂമി പതിച്ചുകൊടുക്കൽ ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം പട്ടയം ലഭിക്കാൻ അർഹതയുള്ള ഇവർക്ക് പട്ടയം നൽകുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 പ്രകാരം വീടുവയ്ക്കുന്ന ആവശ്യത്തിലേയ്ക്ക് ഈ ജില്ലയിൽ 15 സെന്റ് വീതം പതിച്ചു കൊടുത്തുവരുന്നു.

(ഡി) കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964 പ്രകാരം കൈവശവസ്തു പതിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കോതമംഗലം സ്പെഷ്യൽ തഹസീൽദാർ ഓഫീസ് പുനരാരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) സ്വീകരിച്ചുവരുന്നു.

**കാണം ഭൂമിക്ക് പട്ടയം**

248 (3291) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാണം ഭൂമിക്ക് കൈവശക്കാരന് പൂർണ്ണ ഉടമസ്ഥാവകാശം ഉണ്ടെങ്കിലും ലാന്റ് ട്രൈബൂണലിൽ പോയി പട്ടയം വാങ്ങി വരുവാൻ വില്ലേജ് ഉദ്യോഗസ്ഥർ ഭൂഉടമകളോട് ആവശ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാണം ഭൂമി പോക്കുവരവ് ചെയ്ത് നികുതി അടച്ച് നൽകുന്നതിന് ആവശ്യമായ നിർദ്ദേശം വില്ലേജ് ഉദ്യോഗസ്ഥർക്ക് നൽകുമോ?

<u>ഉത്തരം</u>

(എ) പഴയ കൊച്ചി ഏര്യയിൽ ഉൾപ്പെട്ട പ്രദേശങ്ങൾക്ക് ബാധകമായിട്ടുള്ള 1976-ലെ കാണം ടെനൻസി അബോളിഷൻ ആക്ട് പ്രകാരം പ്രസ്തുത പ്രദേശങ്ങളിലെ കാണം ഭൂമിയുടെ കൈവശക്കാരന് ഭൂമിക്കുമേൽ പൂർണ്ണമായ ഉടമസ്ഥാവകാശം (full proprietary right) ഉണ്ട്. അവർക്ക് ലാൻഡ് ട്രിബ്യൂണലിൽ നിന്ന് പട്ടയം വാങ്ങേണ്ട ആവശ്യമില്ല. മേൽപ്പറഞ്ഞ പ്രദേശങ്ങൾ ഒഴിച്ചുള്ള പ്രദേശങ്ങളിലെ കാണം കുടിയാന്മാർ ലാൻഡ് ട്രിബ്യൂണലിൽ നിന്ന് ക്രയസർട്ടിഫിക്കറ്റ് വാങ്ങേണ്ടതുണ്ട്. എന്നാൽ നികുതി അടയ്ക്കുന്നതിനും മറ്റും ഇവർക്ക് തടസ്സങ്ങളില്ല.

(ബി) 1976-ലെ കാണം ടെനൻസി അബോളിഷൻ ആക്ട് പ്രകാരം പ്രസ്തുത നിയമം ബാധകമായ പ്രദേശങ്ങളിൽ കാണം ഭൂമി പോക്കുവരവ് ചെയ്ത് നികുതി അയ്ക്കുന്നതിന് തടസങ്ങളില്ല. ഇക്കാര്യത്തിൽ 5-3-2018-ലെ സ.ഉ. (സാധാ) നമ്പർ 756/2018/റവ. പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

**പട്ടയ വിതരണ മേളകൾ**

249 (3292) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയ വിതരണ മേളകൾ സംഘടിപ്പിക്കുന്നത് ഏതു ഘട്ടത്തിലാണ്;

(ബി) സംസ്ഥാനത്തൊട്ടാകെ 50,000 പട്ടയങ്ങൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പട്ടയ വിതരണ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്;

(സി) ഭൂമിയുടെ ന്യായവില നിർണയ നടപടികൾ പട്ടയവിതരണശേഷമാണോ പുനരാരംഭിക്കുക; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) വിതരണത്തിനായി പട്ടയങ്ങൾ തയ്യാറാകുന്ന മുറയ്ക്കാണ് പട്ടയമേളകൾ സംഘടിപ്പിക്കുന്നത്.

(ബി) എല്ലാ ജില്ലകളിലും പട്ടയമേളകൾ സംഘടിപ്പിച്ച് പരാമവധി പട്ടയങ്ങൾ 15-1-2019-ന് മുമ്പ് നൽകാനാണ് തീരുമാനം.

(സി) 2018 ഡിസംബർ 31 വരെ എല്ലാ ജില്ലകളിലും പട്ടയവിതരണത്തിനുള്ള നടപടികളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിനാൽ ഫെയർ വാല്യൂ പരിഷ്കരിക്കുന്നത് സംബന്ധിച്ച നടപടികൾ നടത്തുന്നതിന് 2019 ജനുവരി മുതലുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

**സുനാമി പുനരധിവാസ പദ്ധതിയിൽ പട്ടയ വിതരണം**

250 (3293) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസ പദ്ധതിയിൽ താമസ സൗകര്യമൊരുക്കുന്നതിനായി നൽകിയ വസ്തുവിന്റെ പട്ടയവിതരണം ഇനിയും പൂർത്തിയാക്കിയിട്ടില്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടയത്തിനായി അപേക്ഷ നൽകിയിട്ടുള്ള കാർത്തികപ്പള്ളി താലൂക്കിൽ ആറാട്ടുപുഴ പഞ്ചായത്തിൽപ്പെട്ട സുനാമി ബാധിതരായവർക്ക് പട്ടയവിതരണം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ എവിടെവരെയായെന്ന് അറിയിക്കുമോ;

(സി) അർഹരായ മുഴുവൻ പേർക്കും പട്ടയ വിതരണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ആറാട്ടുപുഴ വില്ലേജിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം വീട് ലഭിച്ച 317 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 41 അപേക്ഷകൾ താലൂക്ക് പതിവ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതും പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നതുമാണ്.

### അനധികൃത കയ്യേറ്റം നടത്തിയവർക്ക് പട്ടയം

251 (3294) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1971-ന് ശേഷം അനധികൃത കയ്യേറ്റം നടത്തിയ ആർക്കെങ്കിലും പട്ടയം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) 1971- ന് മുമ്പ് കുടിയേറ്റക്കാരായവരിൽ എത്ര പേർക്ക് ഇനിയും പട്ടയം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

### കോന്നി താലൂക്കിൽ പട്ടയങ്ങൾ റദ്ദ് ചെയ്ത നടപടി

252 (3295) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോന്നി താലൂക്കിൽ പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) നാളിതുവരെ റദ്ദ് ചെയ്ത പട്ടയങ്ങൾ ആരുടേതെല്ലാമെന്ന് പേരും മേൽവിലാസവും ഭൂമിയുടെ വിസ്തീർണ്ണവും സഹിതം അറിയിക്കുമോ; പ്രസ്തുത പട്ടയങ്ങൾ ഓരോന്നും റദ്ദ് ചെയ്യുവാൻ ഇടയാക്കിയ സാഹചര്യങ്ങൾ ഇനം തിരിച്ച് വിശദമാക്കുമോ;

(സി) ഈ പട്ടയങ്ങൾ റദ്ദ് ചെയ്യുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സർക്കാർ അനുമതി തേടാതെ ജീവനക്കാർ സ്വന്തം ഇഷ്ടപ്രകാരം പട്ടയങ്ങൾ റദ്ദുചെയ്തതാണോ; എങ്കിൽ പ്രസ്തുത നടപടി സ്വീകരിച്ച ജീവനക്കാരുടെ പേരിൽ നടപടി കൈക്കൊള്ളുമോ;

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോന്നി താലൂക്കിൽ 1843 പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുണ്ട് (ചിറ്റാർ-465, സീതത്തോട്-451, കലഞ്ഞൂർ-90, തണ്ണിത്തോട്-731, കോന്നിത്താഴം-78, അരുവാപ്പലം-28).

(ബി) പട്ടയം റദ്ദ് ചെയ്തിട്ടുള്ള 1843 പേരുടെ വിവരങ്ങൾ 178 പേജുകളിലായി കോന്നി താലൂക്കാഫീസിലെ രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ട്.

27-2-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 174/2016 പ്രകാരം പട്ടയം നൽകുന്നതിനായി ഉത്തരവായിരുന്നു. ടി ഉത്തരവിൽ വനം വകുപ്പ്/ബന്ധപ്പെട്ട തദ്ദേശഭരണ വകുപ്പ് എന്നിവയുമായി തർക്കങ്ങൾ നിലവിലില്ലെന്ന് ജില്ലാ കളക്ടർ ഉറപ്പുവരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി വ്യവസ്ഥ പാലിക്കാതെ പട്ടയം തയ്യാറാക്കി വിതരണം ചെയ്തതിനാലാണ് റദ്ദ് ചെയ്തിട്ടുള്ളത്.

(സി) ഇല്ല.

(ഡി) 27-2-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 174/2016/റവ. പ്രകാരം പട്ടയം നൽകുന്നതിനായി ഉത്തരവായിരുന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിച്ചിട്ടില്ലാത്തതിനാലാണ് റദ്ദ് ചെയ്തിട്ടുള്ളത്.

**പട്ടയമേള നടത്തി പുതുതായി പട്ടയങ്ങൾ നൽകുന്നത്**

253 (3296) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടയമേള നടത്തി എത്ര പേർക്ക് പുതുതായി പട്ടയം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇനി ഏതൊക്കെ ജില്ലകളിലാണ് പട്ടയമേള സംഘടിപ്പിക്കുന്നത് ; എത്ര പട്ടയങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 70,000 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | പട്ടയമേളയിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 332 |
| 2 | കൊല്ലം | പട്ടയമേള നടത്തിയിട്ടില്ല |

| 1 | 2 | 3 |
|---|---|---|
| 3 | പത്തനംതിട്ട | പട്ടയമേള നടത്തിയിട്ടില്ല |
| 4 | ആലപ്പുഴ | 142 |
| 5 | കോട്ടയം | പട്ടയമേള നടത്തിയിട്ടില്ല |
| 6 | ഇടുക്കി | 14354 |
| 7 | എറണാകുളം | 2001 |
| 8 | തൃശ്ശൂർ | 7259 |
| 9 | പാലക്കാട് | 4708 |
| 10 | മലപ്പുറം | പട്ടയമേള നടത്തിയിട്ടില്ല |
| 11 | കോഴിക്കോട് | 1821 |
| 12 | വയനാട് | 812 |
| 13 | കണ്ണൂർ | 1417 |
| 14 | കാസർഗോഡ് | 2247 |

(ബി) എല്ലാ ജില്ലകളിലും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്ന പട്ടയങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | പട്ടയം വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളത് |
|---|---|---|
| 1 | തിരുവനന്തപുരം | 729 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 2 | കൊല്ലം | 887 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട് |
| 3 | പത്തനംതിട്ട | 217 പട്ടയങ്ങൾ വിതരണത്തിന് തയ്യാറായിട്ടുണ്ട് |
| 4 | ആലപ്പുഴ | 80 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| 1 | 2 | 3 |
|---|---|---|
| 5 | കോട്ടയം | 250 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 6 | ഇടുക്കി | 6000 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 7 | എറണാകുളം | 547 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 8 | തൃശ്ശൂർ | 8097 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 9 | പാലക്കാട് | 1717 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 10 | മലപ്പുറം | 4000 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 11 | കോഴിക്കോട് | 735 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 12 | വയനാട് | 400 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 13 | കണ്ണൂർ | 1352 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 14 | കാസർഗോഡ് | 2000 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**ആനവിലാസം വില്ലേജിലെ വിവാദ പട്ടയങ്ങൾ**

254 (3297) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പഞ്ചോലയിലെ ആനവിലാസം വില്ലേജിൽ വിവാദ പട്ടയങ്ങൾ റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വേ വിഭാഗം റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ വിവാദ പട്ടയങ്ങൾ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ടോ;

(സി) ഈ റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല

**കോതമംഗലം മണ്ഡലത്തിലെ പട്ടയ വിതരണം**

255 (3298) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ കോതമംഗലം മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് സർക്കാർ തീരുമാന പ്രകാരം പട്ടയം നല്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) കോതമംഗലം മണ്ഡലത്തിൽനിന്നും പട്ടയത്തിനായുള്ള അപേക്ഷകളിൽ ഇനി എത്ര പേർക്ക് കൂടി പട്ടയം വിതരണം ചെയ്യാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പട്ടയം ലഭിക്കാനുള്ള അപേക്ഷകരുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇവരിൽ അർഹരായവർക്ക് എന്നത്തേക്ക് പട്ടയം നല്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ;

(ഡി) പട്ടയം നല്കുന്നതിനുവേണ്ട നടപടി ത്വരിതപ്പെടുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ കാലയളവിൽ കോതമംഗലം താലൂക്കിൽ 94 കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട്.

പഞ്ചായത്ത് തിരിച്ചുള്ള പട്ടയങ്ങളുടെ എണ്ണം

| ക്രമ നമ്പർ | പഞ്ചായത്ത് | എണ്ണം |
|---|---|---|
| 1 | കവളങ്ങാട് | 29 |
| 2 | വാരപ്പെട്ടി | 2 |
| 3 | പല്ലാരിമംഗലം | 3 |

| | | |
|---|---|---|
| 4 | നെല്ലിക്കുഴി | 13 |
| 5 | കീരമ്പാറ | 34 |
| 6 | പിണ്ടിമന | 3 |
| 7 | കുട്ടമ്പുഴ | 8 |
| 8 | കോട്ടപ്പടി | 2 |
| ആകെ | | 94 |

(ബി) 267 പേർക്കുകൂടി പട്ടയം വിതരണം ചെയ്യാനുണ്ട്.

(സി) ലഭിച്ച അപേക്ഷകളിൽ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഏകദേശം 100 പേർക്ക് 2019 ജനുവരി മാസത്തിൽ പട്ടയം നൽകുവാൻ കഴിയും. ബാക്കി നിൽക്കുന്ന അപേക്ഷകളിൽ 2019 ഏപ്രിൽ മാസത്തോടെ തീർപ്പ് കൽപ്പിക്കുവാൻ സാധിക്കും.

(ഡി) പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നുണ്ട്.

**കാസർഗോഡ് ജില്ലയിൽ നൽകിയ പട്ടയങ്ങൾ**

256 (3299) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ലാന്റ് ട്രിബ്യൂണലുകളിൽ നിലവിലുള്ള കേസ്സുകൾ തീർപ്പാക്കി എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്നും ഇനി എത്രപേർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-10-2018 വരെ കാസർഗോഡ് ജില്ലയിലെ ലാൻഡ് ട്രിബ്യൂണലുകളിൽ 1776 കേസുകൾ തീർപ്പാക്കുകയും ആയതിൽ 1187 ആളുകൾക്ക് ക്രയസർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 1704 കേസുകൾ തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിലെ പട്ടയം വിതരണം

257 (3300) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) മിച്ചഭൂമിക്ക് പട്ടയം ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര അപേക്ഷകൾ ഈ സർക്കാർ തീർപ്പുകല്പിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ ; അവശേഷിക്കുന്ന അപേക്ഷകളുടെ വിശദാംശം താലൂക്കടിസ്ഥാനത്തിൽ പറയാമോ?

### ഉത്തരം

(എ) 152 പേർക്ക് (ലക്ഷം വീട്) പട്ടയം വിതരണം ചെയ്തിട്ടുള്ളതാണ്.

(ബി) 20 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| താലൂക്ക് | ലഭിച്ച അപേക്ഷകൾ | തീർപ്പ് കൽപ്പിച്ച അപേക്ഷകൾ | തീർപ്പാക്കുവാൻ അവശേഷിക്കുന്ന അപേക്ഷകൾ | റിമാർക്സ് |
|---|---|---|---|---|
| ആലത്തൂർ | 4 | 4 | 0 | |
| ചിറ്റൂർ | 1173 | 0 | 1173 | ലഭിച്ച അപേക്ഷകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തിവരുന്നു. |
| മണ്ണാർക്കാട് | 0 | 0 | 0 | |
| പട്ടാമ്പി | 300 | 0 | 300 | ലഭിച്ച അപേക്ഷകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തിവരുന്നു. |
| പാലക്കാട് | 16 | 16 | 0 | |
| ഒറ്റപ്പാലം | 0 | 0 | 0 | |
| ആകെ | 1493 | 20 | 1473 | |

**മാനന്തവാടി മണ്ഡലത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ**

258 (3301) ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ പട്ടയം ലഭിക്കാത്ത കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയവരുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(സി) നിലവിൽ പട്ടയം നൽകാൻ തീരുമാനിച്ചിരിക്കുന്നവർക്ക് കാലതാമസം ഇല്ലാതെ പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) മാനന്തവാടി താലൂക്കിൽ ആകെ 164 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നല്ലൂർനാട് | 8 |
| തൊണ്ടർനാട് | 2 |
| വെള്ളമുണ്ട | 8 |
| തവിഞ്ഞാൽ | 63 |
| പൊരുന്നന്നൂർ | 4 |
| വാളോട് | 1 |
| എടവക | 38 |
| തിരുനെല്ലി | 36 |
| പനമരം | 1 |
| കാഞ്ഞിരങ്ങാട് | 3 |
| ആകെ | 164 |

(സി) കാലതാമസം ഒഴിവാക്കി പട്ടയം വിതരണം ചെയ്യുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

**ഫ്രാൻസിസിന് പട്ടയം നൽകുന്നതിനുള്ള നടപടി**

259 (3302) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർകാട് താലൂക്കിൽ മണ്ണാർകാട്II വില്ലേജിൽ പഴയ സർവ്വേ 180/25 ഡി-യിൽ താമസിക്കുന്ന സി.എ. ഫ്രാൻസിസ് പട്ടയം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇവർ താമസിക്കുന്ന സ്ഥലത്തിന്റെ യഥാർത്ഥ ഉടമകൾ ആരാണെന്ന് വിശദീകരിക്കുമോ;

(സി) സി.എ. ഫ്രാൻസിസിന് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൈവശാവകാശ രേഖപ്രകാരം ലഭിച്ച മണ്ണാർകാട് II വില്ലേജ് സർവ്വേ നമ്പർ 180/25 ഡി (പി.ഡബ്ല്യു.ഡി. റോഡ് പുറമ്പോക്ക്) സ്ഥലത്തിന് പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു.

(ബി) 28-11-1998-ൽ കൈവശാവകാശ രേഖപ്രകാരം കൈവശം വച്ചിരുന്ന മണ്ണാർകാട് II വില്ലേജ് സർവ്വേ നമ്പർ 180/25 ഡി പി.ഡബ്ല്യു.ഡി. റോഡ് പുറമ്പോക്കാണ്.

(സി) സ്ഥലം പി.ഡബ്ല്യു.ഡി. റോഡ് പുറമ്പോക്കായതിനാൽ വകുപ്പിൽ നിന്നും നിരാക്ഷേപപത്രം ലഭ്യമാക്കുന്നപക്ഷം മാത്രമേ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**കൈവശഭൂമിക്ക് പട്ടയം**

260 (3303) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ എത്ര പേർക്ക് അവരുടെ കൈവശ ഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ട്;

(ബി) ഇതിൽ റവന്യൂ പുറമ്പോക്ക്, പഞ്ചായത്ത് പുറമ്പോക്ക്, വനഭൂമി എന്നിവ എത്രയുണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 44909 പേർക്ക്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ജില്ല | കൈവശഭൂമിക്ക് പട്ടയം നൽകിയിട്ടുള്ള ജില്ല തിരിച്ചുള്ള കണക്ക് |
|---|---|---|
| 1 | തിരുവനന്തപുരം | 263 |
| 2 | കൊല്ലം | 73 |
| 3 | പത്തനംതിട്ട | 26 |
| 4 | ആലപ്പുഴ | 182 |
| 5 | കോട്ടയം | 318 |
| 6 | ഇടുക്കി | 14354 |
| 7 | എറണാകുളം | 2001 |
| 8 | തൃശ്ശൂർ | 18960 |
| 9 | പാലക്കാട് | 6858 |
| 10 | മലപ്പുറം | 66 |
| 11 | കോഴിക്കോട് | 80 |
| 12 | വയനാട് | 812 |
| 13 | കണ്ണൂർ | 241 |
| 14 | കാസർഗോഡ് | 675 |
| ആകെ | | 44909 |

(ബി)

| ക്രമ നമ്പർ | ജില്ല | റവന്യൂ പുറമ്പോക്ക് | പഞ്ചായത്ത് പുറമ്പോക്ക് | വനഭൂമി |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 108 | 155 | 0 |
| 2 | കൊല്ലം | 51 | 22 | 0 |
| 3 | പത്തനംതിട്ട<br>പാലക്കാട്<br>മലപ്പുറം | വിവരം ശേഖരിച്ചു വരുന്നു. | | |
| 4 | ആലപ്പുഴ | 26 | 155 | |
| 5 | കോട്ടയം | 53 | 6 | 0 |
| 6 | ഇടുക്കി | 7866 | 0 | 6432 |
| 7 | എറണാകുളം | 2001 | 0 | 0 |
| 8 | തൃശ്ശൂർ | 160 | 0 | 127 |
| 9 | കോഴിക്കോട് | 2 | 71 | 0 |
| 10 | വയനാട് | 695 | 0 | 117 |
| 11 | കണ്ണൂർ | 76 | 0 | 0 |
| 12 | കാസർഗോഡ് | 660 | 15 | 0 |

**പട്ടയഭൂമിയിൽനിന്നും മരങ്ങൾ മുറിക്കുന്നതിന് നിരോധനം**

261 (3304) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിൽ പട്ടയഭൂമിയിൽനിന്നും മരങ്ങൾ മുറിക്കുന്നതിന് നിരോധനം നിലവിലുണ്ടോ; പ്രസ്തുത നിരോധനം പിൻവലിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിലെ ഏതൊക്കെ മേഖലകളിൽ നിന്നും മരം മുറിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇടുക്കി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ പട്ടയ ഭൂമിയിൽനിന്നും മരം മുറിക്കുന്നതിനുണ്ടായിരുന്ന നിരോധനം നീക്കിക്കൊണ്ട് SRO No.621/2017 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻപ്രകാരം 1986-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിൻ പ്രകാരം മുറിക്കുന്നത് നിരോധിച്ചിട്ടുള്ള 10 മരങ്ങൾ ഒഴികെയുള്ള മറ്റുമരങ്ങൾ പ്രത്യേക മേഖലയായി വിജ്ഞാപനം ചെയ്തിട്ടില്ലാത്ത പ്രദേശങ്ങളിൽ നിന്നും മുറിക്കാവുന്നതാണ്.

**ഭൂരഹിതർക്ക് വാസസ്ഥലം നൽകുന്ന പദ്ധതി**

262 (3305) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായിട്ടുള്ളവർ എത്ര ; അവരുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; കണക്കെടുത്ത രീതി എങ്ങനെയാണ്; വിശദീകരിക്കുമോ;

(ബി) ഭൂരഹിതർക്ക് വാസസ്ഥലം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ എത്ര പേർക്ക് നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. 2,64,804 പേർ സംസ്ഥാനത്ത് ഭൂരഹിതരായിട്ടുള്ളവരാണ്.

ജില്ലകളിലെ ഐ.ടി. സെല്ലുകളുടെ സഹായത്തോടെ റവന്യൂ വകുപ്പ് തയ്യാറാക്കിയ സ്വതന്ത്ര സോഫ്റ്റ്‌വെയർ സംവിധാനം മുഖാന്തരമാണ് കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

(ബി) ഉണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 46102 കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്. നിലവിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരമാണ് ഭൂരഹിതർക്ക് വാസസ്ഥലം നൽകുന്നത്. ആയത് തദ്ദേശ സ്വയംഭരണ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്.

**ഓഖി ദുരന്തബാധിതർക്ക് സർക്കാർ നൽകിയ സഹായം**

263 (3306) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തബാധിതർക്കായി നാളിതുവരെ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക എത്ര; കേന്ദ്ര സർക്കാർ അനുവദിച്ച തുകയുടെ അവശേഷിക്കുന്ന ഭാഗം ലഭ്യമാക്കാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഓഖി ദുരന്തത്തെത്തുടർന്ന് നാളിതുവരെ മരണപ്പെട്ടവർ, തിരിച്ചു വരാത്തവർ എത്രയാണെന്നും എത്ര വീടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നുവെന്നും എത്ര ബോട്ടുകൾ ഉപയോഗശൂന്യമായി എന്നും എത്ര ഹെക്ടർ സ്ഥലത്ത് കൃഷി നശിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ദുരന്തം സംഭവിച്ചവർക്ക് സർക്കാർ എന്തൊക്കെ സഹായങ്ങൾ നൽകി ; തരംതിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഓഖി ദുരന്തത്തിൽ അപകടം സംഭവിച്ചവർ എത്ര; ഇവർക്ക് സർക്കാർ എന്തൊക്കെ സഹായങ്ങൾ നൽകി; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഓഖിയുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 133 കോടി രൂപയുടെ അടിയന്തരസഹായം അനുവദിക്കുകയും ഓഖിക്കായി അനുവദിച്ച സഹായത്തിൽ 21.30 കോടി രൂപ അധികമായി അനുവദിച്ചതായി 26-2-2018-ൽ ചേർന്ന നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സബ്കമ്മിറ്റി പരിശോധിച്ച് കണ്ടെത്തുകയും അധികമായി അനുവദിച്ച തുക ഇനി വരുന്ന ദുരന്തങ്ങൾ നേരിടുവാൻ ഉപയോഗിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഓഖി ദുരന്തത്തിൽ 58 പേർ മരണമടയുകയും 92 പേരെ കാണാതാവുകയും ചെയ്തു. വീടുകൾക്ക് നാശനഷ്ടമുണ്ടായതിന്റെയും ബോട്ടുകൾ ഉപയോഗശൂന്യമായതിന്റെയും കൃഷി നശിച്ചതിന്റേയും വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും കാണാതായ മത്സ്യത്തൊഴിലാളികളുടെയും ആശ്രിതർക്ക് സംസ്ഥാന സർക്കാർ 20 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഓഖിയിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളല്ലാത്തവരുടെ ആശ്രിതർക്ക് 6 ലക്ഷം രൂപ വീതവും അനുവദിച്ച് നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഒറ്റത്തവണ ആശ്വാസ സഹായമായി 2,000 രൂപ വീതം അനുവദിച്ചുനൽകി. വീടിന് പൂർണ്ണമായും ഭാഗികമായും നാശനഷ്ടം നേരിട്ടവർക്കും കൃഷിനാശം നേരിട്ടവർക്കും ആശ്വാസ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ 239 പേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. ഇവർക്ക് 20,000 രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫിഷറീസ് വകുപ്പിന് മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 308.62 ലക്ഷം രൂപയും രണ്ടാം ഘട്ടമായി മത്സ്യബന്ധനോപാധികൾ പൂർണ്ണമായി/ഭാഗികമായി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 165.67 ലക്ഷം രൂപയും മൂന്നാം ഘട്ടമായി മത്സ്യബന്ധനോപാധികൾ പൂർണ്ണമായി/ഭാഗികമായി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 180.03 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. രജിസ്ട്രേഷനോ ലൈസൻസോ ഇല്ലാത്ത മത്സ്യബന്ധനോപകരണങ്ങൾക്ക് 22.52 ലക്ഷം രൂപയും കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിന് 736 ലക്ഷം രൂപയും അനുവദിച്ചു. ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും കണ്ടെത്തുന്നതിന് 741.60 ലക്ഷം രൂപയും ഭാഗികമായി കേടുപറ്റിയ 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ റിപ്പെയർ ചെയ്യുന്നതിനായി 204 ലക്ഷം രൂപയും ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുടെയും മക്കൾക്ക് വിദ്യാഭ്യാസ ധനസഹായവും തൊഴിൽ പരിശീലനവും നൽകുന്നതിന് 1392 ലക്ഷം രൂപയും കടൽ സുരക്ഷാ സംവിധാനങ്ങളും കടൽ രക്ഷാ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് 715 ലക്ഷം രൂപയും അനുവദിച്ചു. മത്സ്യത്തൊഴിലാളികൾക്ക് അപകട ഘട്ടങ്ങളിൽ ജീവൻ രക്ഷയ്ക്കായി ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്നതിന് 610 ലക്ഷം രൂപയും അപകട മുന്നറിയിപ്പുകൾ 1500 കിലോ മീറ്റർ വരെ അകലത്തിലുള്ള മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ സഹായിക്കുന്ന നാവിക് ഉപകരണങ്ങൾ അനുവദിക്കുന്നതിന് 1593 ലക്ഷം രൂപയും ആഴക്കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സാറ്റ്ലൈറ്റ് ഫോൺ വാങ്ങുന്നതിന് 942.61 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) ഓഖി ദുരന്തത്തിൽ 241 പേർക്ക് പരിക്കേറ്റിട്ടുണ്ട്. ഇവർക്ക് 20,000 രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.

**പ്രളയ ദുരിതബാധിതർക്കായുള്ള ആശ്വാസ ധനം**

264 (3307) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരിതബാധിതർക്കായി പ്രഖ്യാപിച്ച ആശ്വാസധനം അർഹതയില്ലാത്ത ആരെങ്കിലും കൈപ്പറ്റിയിട്ടുണ്ടോ; എങ്കിൽ എത്രപേർ അനധികൃതമായി തുക കൈപ്പറ്റി; അവർക്കെതിരെ റവന്യൂ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രളയ ദുരന്തത്തിൽ വീട് പൂർണ്ണമായി നഷ്ടപ്പെട്ടവരുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പ്രളയദുരന്തത്തിൽ സംസ്ഥാനത്തിനുണ്ടായ ആകെ നഷ്ടം എത്രയെന്ന് റവന്യൂവകുപ്പ് കണക്കാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്തിമ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) പ്രളയദുരന്തത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലുണ്ടായ നഷ്ടം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അനർഹമായി ധനസഹായം കൈപ്പറ്റിയവരുടെ കണക്കുകൾ ശേഖരിച്ചുവരുന്നു. അങ്ങനെയുള്ളവരിൽ നിന്ന് തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) വീട് പൂർണ്ണമായി നഷ്ടപ്പെട്ടവരുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(സി&ഡി) റവന്യൂ വകുപ്പിന് മാത്രമല്ല ഇത്തരം കണക്കെടുപ്പ് നടത്തുവാൻ ചുമതലയുള്ളത്. വിവിധ സെക്ടറുകളിലെ നഷ്ടം കേന്ദ്ര മാനദണ്ഡം അനുസരിച്ച് അതാത് ചുമതലയുള്ള വകുപ്പുകൾ കണക്കാക്കിയിട്ടുണ്ട്. ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് കേരളം ആവശ്യപ്പെട്ടത് 5,616.7 കോടി രൂപയുടെ പുനരധിവാസ ധനസഹായമാണ്.

## ദുരന്ത നിവാരണ അതോറിറ്റിയുടെ നടത്തിപ്പിനായി ഫണ്ട്

265 (3308) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ അതോറിറ്റിയിൽ സ്ഥിരം സെക്രട്ടറിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ ആരെയാണ് നിയമിച്ചിരിക്കുന്നതെന്നും എന്നുമുതലാണ് പ്രസ്തുത വ്യക്തി സെക്രട്ടറിയുടെ ചുമതല നിർവഹിച്ചുവരുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ദുരന്ത നിവാരണ അതോറിറ്റിയുടെ നടത്തിപ്പിനായി ദേശീയ/ അന്തർദേശീയ ഫണ്ട് ലഭിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മുൻകാലങ്ങളിൽ ലഭിച്ച ദേശീയ / അന്തർദേശീയ ഫണ്ട് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ദുരന്ത നിവാരണ അതോറിറ്റിക്ക് സ്ഥിരം സെക്രട്ടറി എന്ന പദവി ദേശീയ ദുരന്ത നിവാരണ നിയമത്തിൽ ഇല്ല. സെക്രട്ടറി എന്ന പദവിയും ഇല്ല. അതോറിറ്റിയിലെ ഒരു അംഗം എക്സ് ഒഫീഷ്യോ പദവിയിൽ മെമ്പർ സെക്രട്ടറി ആയി കേരള സംസ്ഥാന ദുരന്ത നിവാരണ ചട്ടപ്രകാരം നിയോഗിക്കപ്പെട്ടിട്ടുണ്ട്. ഡോ. ശേഖർ എൽ. കുര്യാക്കോസ് ആണ് നിലവിൽ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ആയി 28-3-2016 മുതൽ ചുമതല വഹിച്ചുവരുന്നത്.

(ബി) ഉണ്ട്.

(സി)

| കേന്ദ്ര ഫണ്ട് | ലഭിച്ചത് | ഉപയോഗിച്ചത് |
|---|---|---|
| 2010-11 | 2,43,91,000 | 2,43,89,719 |
| 2011-12 | 30,00,000 | 30,00,000 |
| 2012-13 | 1,28,00,000 | 1,28,00,000 |
| 2013-14 | 2,00,00,000 | 1,93,45,774 |
| 2016-17 | 64,12,000 | 62,30,245 |
| 2017-18 | 22,70,000 | 22,70,000 |

| അന്തർദ്ദേശീയ ഫണ്ട് (യു.എൻ.ഡി.പി.) | ലഭിച്ചത് | ഉപയോഗിച്ചത് |
|---|---|---|
| 2015 | 13,51,721 | 13,51,721 |
| 2016 | 1,50,000 | 1,50,000 |
| 2017 | 8,81,000 | 8,81,000 |

**പ്രളയത്തെ തുടർന്ന് തകർന്ന തൂക്കുപാലങ്ങൾ**

266 (3309) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തെ തുടർന്ന് നദികൾക്ക് കുറുകെയുള്ള തൂക്കുപാലങ്ങൾ ഭൂരിഭാഗവും തകർന്നിരിക്കുന്ന സാഹചര്യത്തിൽ പൂർണ്ണമായി തകർന്ന മൂവാറ്റുപുഴയാറിന് കുറുകെയുള്ള തമ്മാനിമറ്റം തൂക്ക് പാലം പുനർനിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എന്ന് പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

തമ്മാനിമറ്റം പാലത്തിന്റെ നിർമ്മാണം മൂവാറ്റുപുഴ പി.ഡബ്ല്യൂ.ഡി (റോഡ്സ് & ബ്രിഡ്ജസ്)-ന്റെ കീഴിൽ Kerala Electrical and Allied Engineering Co.Ltd. (KEL), മാമലയാണ് നടത്തിയിട്ടുള്ളത്. പ്രളയത്തിൽ തകർന്ന തൂക്കുപാലത്തിന്റെ immediate restoration മാത്രമേ ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം സാദ്ധ്യമാകുകയുള്ളൂ. പ്രളയാനന്തരം പ്രസ്തുത പാലം തകർന്നത് പുനരുദ്ധരിക്കുന്നതിലേയ്ക്കായി സർക്കാരിൽ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം**

267 (3310) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ ഭാഗികമായും പൂർണ്ണമായും തകർന്ന വീടുകൾ പ്രധാനമന്ത്രി ആവാസ് യോജനയിൽ ഉൾപ്പെടുത്തി പുനർനിർമ്മിച്ചു നൽകുവാൻ തയ്യാറാണെന്ന കേന്ദ്രസർക്കാർ പ്രഖ്യാപന പ്രകാരം വീടുകളുടെ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ബി) ആയത് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ലഭിച്ച സഹായത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രളയത്തിൽ പൂർണ്ണമായി 16,662 വീടുകൾ തകർന്നതായാണ് ഗ്രാമവികസന വകുപ്പ് ബ്ലോക്ക് പഞ്ചായത്തുകൾ വഴി ശേഖരിച്ച കണക്കുകളിലുള്ളത്. ഇതിൽ 12477 വീടുകൾ PMAY(G) സ്കീം വഴി പുനർനിർമ്മിക്കുന്നതിനുള്ള സ്പെഷ്യൽ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് നൽകിയിട്ടുള്ളതാണ്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | വീടിന്റെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 274 |
| 2 | കൊല്ലം | 194 |
| 3 | പത്തനംതിട്ട | 725 |
| 4 | ആലപ്പുഴ | 224 |
| 5 | കോട്ടയം | 531 |
| 6 | ഇടുക്കി | 1384 |
| 7 | എറണാകുളം | 1546 |
| 8 | തൃശ്ശൂർ | 3461 |
| 9 | പാലക്കാട് | 1838 |
| 10 | മലപ്പുറം | 808 |
| 11 | കോഴിക്കോട് | 285 |
| 12 | വയനാട് | 973 |
| 13 | കണ്ണൂർ | 159 |
| 14 | കാസർഗോഡ് | 75 |
| ആകെ | | 12477 |

(ബി) ഉണ്ട്. അംഗീകാരം ലഭിച്ചാൽ ഉടൻതന്നെ തുടർനടപടികൾ ആരംഭിക്കുന്നതാണ്. കേന്ദ്ര സർക്കാരിൽ നിന്നും പ്രളയവുമായി ബന്ധപ്പെട്ട് ടി ഇനത്തിൽ ഇതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കുടുംബശ്രീ സമർപ്പിച്ച വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പ്രളയത്തിൽ മരണപ്പെട്ടവരുടെ വിവരങ്ങൾ**

268 (3311) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലുമായി എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രളയത്തിലും ഉരുൾപ്പൊട്ടലുമായി മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലുമായി ജീവഹാനി സംഭവിച്ചിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 4 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

**തിരുവനന്തപുരം മണ്ഡലത്തിലെ പ്രളയബാധിതർ**

269 (3312) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയമസഭാ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന എത്ര കുടുംബങ്ങളെയാണ് കഴിഞ്ഞ ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം ബാധിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പേർക്ക് അടിയന്തര ധനസഹായമായ 10,000 രൂപ ഇതിനകം കൈമാറിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) തിരുവനന്തപുരം നിയമസഭാ നിയോജക മണ്ഡലത്തിലെ ജഗതി, വഴുതക്കാട്, ചാല, മണക്കാട് നഗരസഭാ വാർഡുകളിൽ നിന്നും എത്രപേരാണ് നഷ്ടപരിഹാരം അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്; വാർഡ് തിരിച്ച് വിശദമാക്കുമോ;

(ഡി) ഇതിൽ എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ആകെ 1561 കുടുംബങ്ങളെ ബാധിച്ചിട്ടുണ്ട്.

(ബി) ബാധിക്കപ്പെട്ട 1561 പേർക്കും 10,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്.

(സി &ഡി) വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്കാണ് ലഭ്യമായിട്ടുള്ളത്. ആയത് താഴെപ്പറയും പ്രകാരമാണ്.

മണക്കാട് വില്ലേജ് - 202

തൈക്കാട് വില്ലേജ് - 230

432 പേർക്കും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

**പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ**

270 (3313) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുവാൻ കേന്ദ്രസംഘം സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ; അവർ ഏതെല്ലാം ജില്ലകളാണ് സന്ദർശിച്ചത്;

(ബി) ഓരോജില്ലകളിലും എത്ര കോടി രൂപയുടെ നാശനഷ്ടം വീതം ഉണ്ടായി എന്ന് റവന്യൂവകുപ്പ് വിലയിരുത്തി കേന്ദ്രസംഘത്തിന് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) കേന്ദ്രസംഘത്തിന്റെ പ്രാഥമിക വിലയിരുത്തലെന്തെന്നും എത്ര തുകയാണ് കേന്ദ്രസഹായമായി ശുപാർശ നൽകിയതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ആലപ്പുഴ, ഇടുക്കി, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ കേന്ദ്ര സംഘം പ്രളയക്കെടുതിയും നാശനഷ്ടങ്ങളും വിലയിരുത്താനായി രണ്ടുഘട്ടങ്ങളിലായിട്ടാണ് എത്തിയത്. ആദ്യത്തെ സന്ദർശനം ആഗസ്റ്റ് 7 മുതൽ 11 വരെയും രണ്ടാമത്തേത് സെപ്റ്റംബർ 20 മുതൽ 24 വരെയും ആണ്.

(ബി) വിവിധ മേഖലയിലെ നഷ്ടം, കേന്ദ്ര മാനദണ്ഡം അനുസരിച്ച് അതാത് ചുമതലയുള്ള വകുപ്പുകൾ കണക്കാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിന് മാത്രമല്ല ഇത്തരം

കണക്കെടുപ്പ് നടത്തുവാൻ ചുമതലയുള്ളത്. ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് കേരളം ആവശ്യപ്പെട്ടത് 5616 കോടി രൂപയുടെ ദുരിതാശ്വാസ സഹായമാണ്. ആദ്യഘട്ടത്തിലുണ്ടായ പ്രളയത്തിന് 820 കോടിയും രണ്ടാംഘട്ടത്തിലെ മഹാപ്രളയത്തിന് 4796 കോടി രൂപയും ഉൾപ്പെടെയാണിത്.

(സി) കേന്ദ്ര സംഘം സംസ്ഥാന സർക്കാരിന് ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ഒന്നും നൽകാറില്ല.

**പ്രളയക്കെടുതിയിൽ മലയോര മേഖലയിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ**

271 (3314) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് 15-8-18 മുതൽ 15-11-18 വരെയുള്ള കാലയളവിൽ എത്ര വീടുകളുടെ പുനർ നിർമ്മാണത്തിനായി റവന്യൂ വകുപ്പ് മുഖേന ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) 2018-ലെ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് ഇതുവരെ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് മലയോര മേഖലയിൽ ഉണ്ടായിട്ടുള്ള ഉരുൾപ്പൊട്ടലുകൾമൂലം ഉണ്ടായ നാശനഷ്ടങ്ങൾ പ്രത്യേകം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 27-11-2018 വരെയുള്ള കണക്കുകൾ പ്രകാരം 75%-ത്തിലധികം തകർച്ച നേരിട്ട 4635 വീടുകൾക്ക് ഒന്നാംഘട്ട ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രളയക്കെടുതികളെത്തുടർന്ന് റവന്യൂ ദുരന്ത നിവാരണ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ ഇ-മെയിൽ മുഖാന്തരം ലഭ്യമാക്കുന്നതാണ്.

(സി) മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലുമായി 152 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. പ്രളയക്കെടുതികളെത്തുടർന്നുണ്ടായ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവമൂലമുള്ള ആകെ നഷ്ടമാണ് വിവിധ ഏജൻസികൾ കണക്കാക്കിയിട്ടുള്ളത്. ഉരുൾപൊട്ടൽമൂലമുണ്ടായ നാശനഷ്ടമെന്നത് പ്രത്യേകം കണക്കാക്കിയിട്ടില്ല.

## കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ഉണ്ടായ നാശനഷ്ടങ്ങൾ

272 (3315) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലുമായി ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് നാശനഷ്ടങ്ങൾ ഉണ്ടായത്; ആയതിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒൻപതോളം കുട്ടികൾ തോണിമറിഞ്ഞ് മരിച്ചതിനെ തുടർന്ന് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് മുൻപ് പൂർത്തിയാക്കിയതായ മൂർക്കനാട് നടപ്പാലം കാലവർഷത്തെ തുടർന്നുണ്ടായ മലവെള്ളപ്പാച്ചിലിൽ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ,അടിയന്തര സാഹചര്യം പരിഗണിച്ച് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് മൂർക്കനാട് നടപ്പാലം പുനർ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പുനർനിർമ്മാണ പ്രവർത്തനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ചല്ല മൂർക്കനാട് പാലം നിർമ്മിച്ചിട്ടുള്ളത്. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി "2245-60-800-80-Other items" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നാണ് പാലം നിർമ്മാണത്തിനുള്ള തുക അനുവദിച്ചത്.

(സി&ഡി) " കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം, 2001" പ്രകാരമുള്ള നദീതീര വികസന പ്രവർത്തനങ്ങൾക്കാണ് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുവരുന്നത്. പാലം നിർമ്മാണം ഇതിന്റെ പരിധിയിൽ വരുന്ന വിഷയമല്ല.

## കോന്നി നിയോജക മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട്

273 (3316) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് കോന്നി നിയോജക മണ്ഡലത്തിൽ ഏതെല്ലാം പാലങ്ങളാണ് നിർമ്മിക്കുന്നത്;

(ബി) ഇവ ഓരോന്നിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പത്തനംതിട്ട ജില്ലയ്ക്ക് റിവർ മാനേജ്മെന്റ്ഫണ്ട് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ജില്ലാ കളക്ടറുടെ അംഗീകാരമില്ലാതെ കരാറിൽ ഏർപ്പെട്ടതിനെ സംബന്ധിച്ച് നിയമവകുപ്പ് നൽകിയ ഉപദേശം എന്താണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) സാങ്കേതിക തടസ്സവാദങ്ങൾ ഒഴിവാക്കി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) കൈപ്പട്ടൂർ, തുപ്പാറ, ചിറ്റൂർകടവ്

(ബി) ചിറ്റൂർകടവ് - 29.75% പൂർത്തീകരിച്ചു

കൈപ്പട്ടൂർ - 66% പൂർത്തീകരിച്ചു

തുപ്പാറ - 63% പൂർത്തീകരിച്ചു

(സി) പത്തനംതിട്ട ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ തനത് ഫണ്ട് ഒന്നും തന്നെയില്ലാതിരുന്നതിനാൽ മറ്റ് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഫണ്ട് കണ്ടെത്തി പത്തനംതിട്ട ജില്ലയ്ക്ക് നൽകുന്നതിനുള്ള ശിപാർശ സർക്കാരിന് നൽകാൻ 4-10-2018-ലെ സംസ്ഥാന ഉന്നതതല സമിതി യോഗം ലാൻഡ് റവന്യൂ കമ്മീഷണറോട് നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം മലപ്പുറം ജില്ലയിൽ നിന്നും 50 ലക്ഷം രൂപയും തൃശ്ശൂർ ജില്ലയിൽനിന്നും 50 ലക്ഷം രൂപയും, പാലക്കാട് ജില്ലയിൽ നിന്നും 43,52,062 ലക്ഷം രൂപയും പത്തനംതിട്ട ജില്ലയ്ക്ക് കൈമാറി നൽകുവാൻ ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധനയിലാണ്.

(ഡി) നിയമ വകുപ്പ് നൽകിയ ഉപദേശത്തിന്റെ പകർപ്പ് അനുബന്ധമായി* ഉള്ളടക്കം ചെയ്തിരിക്കുന്നു.

(ഇ) നിർമ്മിതി കേന്ദ്ര ഉന്നയിച്ചിട്ടുള്ള Rate revision, design change എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ചീഫ് ടെക്നിക്കൽ ഓഫീസറുടെ ശിപാർശ ലഭ്യമായശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**വൻകിട പദ്ധതികൾക്കായി നെൽവയൽ നികത്താൻ അനുമതി**

274 (3317) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട പദ്ധതികൾക്കായി നെൽവയൽ നികത്താൻ ഈ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) വൻകിട സ്വകാര്യ ഷോപ്പിംഗ് കോംപ്ലക്സുകളോ മാളുകളോ പണിയാൻ സംസ്ഥാനത്ത് എവിടെയെങ്കിലും നെൽവയൽ നികത്താൻ ഈ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) വൻകിട പദ്ധതികൾക്കായി സംസ്ഥാനത്ത് നെൽവയൽ നികത്താൻ സർക്കാർ അനുമതി നൽകിയിട്ടില്ല. എന്നാൽ കേന്ദ്ര സംസ്ഥാന പദ്ധതിയായ ഗെയിൽ വാതക വിതരണ പദ്ധതി, കൊച്ചി സേലം പൈപ്പ് ലൈൻ പദ്ധതി (ബി.പി.സി.എൽ) എന്നിവയ്ക്കുവേണ്ടി നിലം നികത്താൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ടെക്നോപാർക്ക് 3-ാം ഘട്ട വികസനത്തിനും ബ്രഹ്മപുരം വേസ്റ്റ് ടു എനർജി പ്രോജക്ട്, കൊച്ചി എന്നിവയ്ക്കും വേണ്ടി നെൽവയൽ നികത്താൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) വൻകിട സ്വകാര്യ ഷോപ്പിംഗ് കോംപ്ലക്സിനോ, മാളുകളോ പണിയുന്നതിനോ നെൽവയൽ നികത്താൻ ഈ സർക്കാർ അനുമതി നൽകിയിട്ടില്ല.

**നെൽവയൽ സംരക്ഷണ നിയമം**

275 (3318) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ സംരക്ഷണ നിയമത്തിന്റെ ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) നികത്തിയ ഭൂമിയിൽ വീട് വയ്ക്കുന്നതിനുള്ള നിബന്ധനകൾ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ചട്ടത്തിൽ എത്ര സെന്റ് വരെ വയൽ നികത്താനാണ് അനുവാദം നൽകിയിരിക്കുന്നത്?

<u>ഉത്തരം</u>

(എ) ഇല്ല. നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 27 (എ)-യിലെ വ്യവസ്ഥകൾക്ക് വിധേയമായി വീട് നിർമ്മിക്കുന്നതിനുള്ള നിബന്ധനകൾ ഭേദഗതി ചട്ടത്തിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി വിസ്തൃതിക്കനുസൃതമായി നിശ്ചിത ഫീസടച്ച് ക്രമപ്പെടുത്തുന്നതിനുള്ള വ്യവസ്ഥയാണ് ഭേദഗതി ചട്ടത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നത്.

**നെൽവയൽ തണ്ണീർത്തട നിയമം നടപ്പാക്കുന്നതിൽ**
**വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർ**

276 (3319) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട നിയമം നടപ്പാക്കുന്നതിൽ വീഴ്ചവരുത്തിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ നടപടിയെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എറണാകുളം ജില്ലയിൽ നെൽവയൽ നികത്തലുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ നടപടിയെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) നെൽവയൽ തണ്ണീർത്തട നിയമം നടപ്പാക്കുന്നതിൽ വീഴ്ചവരുത്തിയ തിരുവനന്തപുരം ജില്ലയിലെ രണ്ട് ഉദ്യോഗസ്ഥർക്കെതിരെയും തൃശ്ശൂർ ജില്ലയിലെ ഒരു ഉദ്യോഗസ്ഥനെതിരെയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നടപ്പാക്കുന്നതിൽ വീഴ്ചവരുത്തി എന്ന കാരണത്താൽ എറണാകുളം ജില്ലയിൽ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടില്ല.

**നെൽവയൽ തണ്ണീർത്തട ഭേദഗതി**

277 (3320) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ നെൽവയൽ തണ്ണീർത്തട ഭേദഗതി നിയമസഭ പാസാക്കിയതിന് ശേഷം സംസ്ഥാനത്ത് എത്ര ഏക്കർ ഭൂമി നികത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2018-ലെ നെൽവയൽ തണ്ണീർത്തട (ഭേദഗതി) നിയമം പാസ്സാക്കിയ ശേഷം ജില്ലകളിലാകെ 57.00 ഏക്കർ ഭൂമി നികത്തിയിട്ടുണ്ട്.

| (ബി) | ജില്ല | വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|
| | തിരുവനന്തപുരം | .... |
| | കൊല്ലം | 0.25 |
| | പത്തനംതിട്ട | 2.84 |
| | ആലപ്പുഴ | 0.53 |
| | കോട്ടയം | 0.65 |
| | ഇടുക്കി | .... |
| | എറണാകുളം | 36.38 |
| | തൃശ്ശൂർ | 5.22 |
| | പാലക്കാട് | .... |
| | മലപ്പുറം | 4.27 |
| | കോഴിക്കോട് | .... |
| | വയനാട് | 6.86 |
| | കണ്ണൂർ | .... |
| | കാസർഗോഡ് | .... |
| | ആകെ | 57.00 ഏക്കർ |

**നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ ദുരുപയോഗം**

278 (3321) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മിക്കാൻ സ്വന്തമായി ഭൂമിയില്ലാത്തവർക്ക് സ്വന്തമായി പത്ത് സെന്റ് ഭൂമി നികത്താം എന്ന നെൽവയൽ തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥ വ്യാപകമായി ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അനുമതിയുടെ മറവിൽ ഭൂമാഫിയ തഴച്ച് വളരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2018 ലെ നെൽവയൽ തണ്ണീർത്തട നിയമത്തിലെ ഭേദഗതി നടപ്പിലാക്കിയശേഷം വീടുവയ്ക്കാനായി നെൽവയൽ നികത്താൻ എത്ര അപേക്ഷകളാണ് ലഭിച്ചത്;ഇതിൽ എത്ര അപേക്ഷകൾ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2018-ലെ നെൽവയൽ തണ്ണീർത്തട നിയമത്തിലെ ഭേദഗതി നടപ്പിലാക്കിയശേഷം വീടുവയ്ക്കാനായി നെൽവയൽ നികത്താൻ 14 ജില്ലകളിൽ നിന്നായി ആകെ 4424 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 877 അപേക്ഷകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

**പാടശേഖരങ്ങൾ വ്യാപകമായി നികത്തുന്നത്**

279 (3322) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്മനം, തിരുവാർപ്പ്, ആർപ്പൂക്കര പ്രദേശങ്ങളിൽ പാടശേഖരങ്ങൾ വ്യാപകമായി നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച പരാതി ലഭിച്ചതിനെ തുടർന്ന് പ്രസ്തുത പ്രദേശങ്ങളിൽ റവന്യൂ ഉദ്യോഗസ്ഥർ പരിശോധന നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്താൻ സാധിച്ചിരുന്നോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല. അനധികൃതമായി നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് നടപടി**

280 (3323) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> :
<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) തരിശിട്ടിരിക്കുന്ന നെൽവയലുകളുടെ ഉടമസ്ഥരെ കൃഷി ചെയ്യുന്നതിന് നിർബന്ധിതരാക്കുന്നതിനും തരിശുഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും റവന്യൂ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ലക്ഷക്കണക്കിന് ഭൂരഹിതരും ഭവനരഹിതരുമായവർക്ക് വീടുവയ്ക്കുന്നതിന് സാങ്കേതികത്വത്തിന്റെ പേരിൽ നീതി നിഷേധിക്കപ്പെടരുതെന്ന ജനകീയ ആവശ്യവും ഒരു തുണ്ട് വയൽ പോലും നികത്തപ്പെടരുതെന്ന ജനാഭിലാഷവും ഏതു തരത്തിലാണ് സമന്വയിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഡാറ്റാബാങ്ക് സംബന്ധിച്ച ആക്ഷേപങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പുകൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. നെൽവയലുകളും തണ്ണീർത്തടങ്ങളും അനധികൃതമായി പരിവർത്തനപ്പെടുത്തുന്നത് നിരീക്ഷിക്കുന്നതിനും തടയുന്നതിനും താലൂക്കുതലത്തിൽ ഭൂരേഖാ തഹസീൽദാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. അനധികൃത പരിവർത്തനം സംബന്ധിച്ച് വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ,

റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവരിൽ നിന്നുള്ള റിപ്പോർട്ടുകൾ, പൊതുജന പരാതികൾ എന്നിവ ലഭിക്കുന്നതിനെത്തുടർന്ന് നിലം പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള നടപടികളും ഭൂവുടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. നെൽവയൽ നികത്തുന്നതുൾപ്പെടെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന കുറ്റം ചെയ്യുന്നവർക്കുള്ള ശിക്ഷ 3 വർഷമായി ഉയർത്തിയിട്ടുണ്ട്. പരിവർത്തനാനുമതി നൽകുന്ന കേസുകളിൽ നീരൊഴുക്കിനെയും സമീപ ഭൂമികളിലെ കൃഷിയെയും പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും ആയത് നടപ്പിലാക്കുന്നുണ്ടോ എന്നുള്ളത് നിരീക്ഷിച്ചുവരികയും ചെയ്തുവരുന്നുണ്ട്. 2018-ലെ നെൽവയൽ തണ്ണീർത്തട (ഭേദഗതി) നിയമപ്രകാരം ബാധകമായ കേസുകളിൽ ജലസംരക്ഷണ മാർഗ്ഗങ്ങൾ പ്രദാനം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് പരിവർത്തനം അനുവദിച്ചുവരുന്നത്.

(ബി) തരിശിട്ടിരിക്കുന്ന നെൽവയലുകളിൽ കൃഷി നടത്തുവാൻ നിർദ്ദേശിക്കുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 15, 16 വകുപ്പുകൾ പ്രകാരം പ്രാദേശികതല നിരീക്ഷണ സമിതിക്ക് അധികാരമുണ്ട്. ആവശ്യമായ കേസുകളിൽ അപ്രകാരമുള്ള നടപടികൾ പ്രാദേശികതല നിരീക്ഷണ സമിതികൾ സ്വീകരിച്ചുവരുന്നുണ്ട്. തരിശുഭൂമിയിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് റവന്യൂ വകുപ്പിന് പ്രത്യേകം പദ്ധതികളില്ല. എന്നാൽ തരിശു ഭൂമിയിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വകുപ്പ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. സമഗ്ര നെൽകൃഷി വികസന പദ്ധതി
2. നെൽകൃഷി ഉൽപ്പാദന ബോണസ്
3. തരിശ് നെൽകൃഷിക്ക് ആനുകൂല്യം
4. കേദാരം നെൽകൃഷി വികസന പദ്ധതി
5. പാടശേഖര സമിതിക്ക് നൽകിവരുന്ന ഓപ്പറേഷൻ സപ്പോർട്ട്

(സി) ഭൂരഹിതരും വീട് വയ്ക്കുന്നതിന് പുരയിടം തരമായിട്ടുള്ള ഭൂമി ലഭ്യമല്ലാത്തവരും പുരയിടം തരമായിട്ടുള്ള ഭൂമി സ്വന്തമാക്കുവാൻ സാമ്പത്തിക സ്ഥിതി ഇല്ലാത്ത ദരിദ്ര വിഭാഗങ്ങൾക്കും നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടും പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിലും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരം പരിവർത്തനാനുമതി അനുവദിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. സ്ഥല പരിശോധന നടത്തി

ഭൂമിയുടെ തൽസ്ഥിതിയും അപേക്ഷകരുടെ സാമ്പത്തിക-സാമൂഹ്യ പരിസ്ഥിതിയും വിലയിരുത്തിയതിനുശേഷമാണ് പരിവർത്തനത്തിനുള്ള അപേക്ഷകൾ പരിഗണിച്ചു വരുന്നത്. എന്നാൽ കച്ചവട താൽപ്പര്യത്തോടെയുള്ളതും സ്വകാര്യലാഭം ലക്ഷ്യമിടുന്നതുമായ കേസുകളിൽ ടി നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് ടി കേസുകൾ നിരുത്സാഹപ്പെടുത്തുന്നതിനുള്ള ശക്തമായ നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ പൊതുജനതാൽപ്പര്യത്തിന് മുൻഗണന നൽകുന്ന കേസുകൾ പരിസ്ഥിതിക്ക് കോട്ടം വരാത്തവിധം അനുഭാവപൂർവ്വം പരിഗണിച്ചും വരുന്നുണ്ട്.

(ഡി) ഡാറ്റാ ബാങ്ക് സംബന്ധിച്ച ആക്ഷേപങ്ങൾ വിവിധ പ്രാദേശിക നിരീക്ഷണ സമിതികൾ പരിഗണിച്ചുവരുന്നുണ്ട്. സംശയമുള്ള കേസുകളിൽ കെ.എസ്.ആർ.ഇ.സി.യിൽനിന്നും ഉപഗ്രഹ ചിത്രങ്ങൾ ലഭ്യമാക്കി പരിശോധിച്ചതിനുശേഷമാണ് തീരുമാനമെടുത്തുവരുന്നത്. ആക്ഷേപങ്ങളിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രാദേശിക നിരീക്ഷണ സമിതികൾക്ക് ജില്ലാ തലത്തിൽ നൽകിവരുന്നുണ്ട്.

**വൻകിട കമ്പനികളുടെ ഭൂമി കയ്യേറ്റവും നിയമ ലംഘനവും**

281 (T3324) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ഐ.ടി. കമ്പനികൾ, ഷോപ്പിംഗ് മാൾ, ഫ്ലാറ്റ് എന്നിവയുടെ നിർമ്മാണത്തിനായി വ്യാപകമായി തണ്ണീർത്തടങ്ങളും കായലോരങ്ങളും മണ്ണിട്ട് നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) കോസ്റ്റൽ റെഗുലേഷൻ സോണിൽ ഉൾപ്പെടുത്തി ആക്കുളം കായൽ, പാർവ്വതീ പുത്തനാർ എന്നിവിടങ്ങളിലെ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കേരള നെൽവയൽ-തണ്ണീർതട സംരക്ഷണ നിയമം ലംഘിച്ച് തിരുവനന്തപുരം ജില്ലയിൽ എത്ര ഭൂമി കയ്യേറ്റം നടത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) വൻകിട ഐ.ടി. കമ്പനികൾ, ഷോപ്പിംഗ് മാൾ, ഫ്ലാറ്റ് എന്നിവയുടെ നിർമ്മാണത്തിനായി വ്യാപകമായി തണ്ണീർത്തടങ്ങളും കായലോരങ്ങളും മണ്ണിട്ട് നികത്തുന്നത് ജില്ലകളിലൊന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സംരക്ഷണ നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. അനധികൃത നിലം നികത്തൽ തടയുന്നതിനായി ജില്ലാ തലത്തിലും താലൂക്ക് തലത്തിലും റവന്യൂ ഉദ്യോഗസ്ഥരുടെ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരികയും നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ നിർത്തിവയ്പിക്കാനും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഭൂവുടമയ്ക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ആക്കുളം, പാർവതീപുത്തനാർ എന്നിവിടങ്ങളിലെ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോസ്റ്റൽ റഗുലേഷൻ സോൺ നിയമങ്ങളും കെട്ടിട നിർമ്മാണ ചട്ടങ്ങളും ലംഘിച്ചുള്ള നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ച് തിരുവനന്തപുരം ജില്ലയിൽ സർക്കാർ ഭൂമി കയ്യേറ്റം നടത്തിയിട്ടില്ലാത്തതാണ്.

**മഞ്ചേരി ജസില ജംഗ്ഷനിൽ ഫ്ലൈഓവർ**

282 (3325) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജസില ജംഗ്ഷനിൽ ഫ്ലൈഓവർ നിർമ്മിക്കുന്നതിനായി മഞ്ചേരി വില്ലേജിലെ 520.8 ചതുരശ്ര മീറ്റർ സ്ഥലം ഏറ്റെടുക്കുന്നതിനായി മലപ്പുറം കളക്ടറേറ്റിലുള്ള ഫയലിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് ; വിശദമാക്കാമോ ;

(സി) സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പിന് എന്നത്തേക്ക് കൈമാറാൻ കഴിയും എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) മഞ്ചേരി ജസില ജംഗ്ഷനിൽ ഫ്ലൈഓവർ നിർമ്മിക്കുന്നതിനായി മഞ്ചേരി, നറുകര വില്ലേജുകളിൽ നിന്നും 1249.80 ചതുരശ്ര മീറ്റർ (12.498 ആർ) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള എൽ.എ. നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി-ഡി) മഞ്ചേരി പൊതുമരാമത്ത് റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും റിക്വിസിഷൻ ലഭ്യമായതുപ്രകാരം 9-8-2017-ൽ സംയുക്ത സ്ഥലപരിശോധന നടത്തുകയും പ്രസ്തുത സ്ഥല പരിശോധനയിൽ കയ്യേറ്റം ഒഴിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏറനാട് തഹസിൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. തുടർന്ന് 13-4-2018-ൽ കളക്ടറുടെ അദ്ധ്യക്ഷതയിൽ വച്ച് നടത്തപ്പെട്ട റവന്യൂ സർവ്വേ, പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥരുടെ യോഗത്തിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട സ്ഥലത്ത് ഒരു റിവിഷൻ സർവ്വേ നടത്തുന്നതിന് മലപ്പുറം സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്കും സർവ്വേ പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏറനാട് തഹസിൽദാർക്കും നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റീസർവ്വേ റിക്കാർഡിൽ വന്നിട്ടുള്ള വ്യത്യാസം നാളിതുപ്രകാരം മാറ്റം വരുത്തി റെക്കോർഡിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് മലപ്പുറം സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പിന് ഭൂമി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### ദേശീയ/സംസ്ഥാന പാതകളിലെ അനധികൃത കയ്യേറ്റങ്ങൾ

283 (3326) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയ/സംസ്ഥാന പാതകളിലെ അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയവയുടെ ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) സർക്കാർ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

#### ഉത്തരം

(എ) ഉണ്ട്.

(ബി) ദേശീയ/സംസ്ഥാന പാതകളിലെ അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നവ നിയമാനുസൃത നടപടികൾക്കായി പൊതുമരാമത്ത് വകുപ്പിനും (റോഡുകളും പാലങ്ങളും) കെ.എസ്.ടി.പി. അധികൃതർക്കുമാണ് നൽകിവരുന്നത്. ലഭ്യമായ കണക്കുകൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | കയ്യേറ്റങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 134 |
| കൊല്ലം | ലഭ്യമായിട്ടില്ല |
| ആലപ്പുഴ | 229 |
| പത്തനംതിട്ട | 2 |
| കോട്ടയം | 5 |
| ഇടുക്കി | 132 |
| എറണാകുളം | 2 |
| തൃശ്ശൂർ | ലഭ്യമായിട്ടില്ല |
| മലപ്പുറം | 6 |
| പാലക്കാട് | 25 |
| കോഴിക്കോട് | 47 |
| വയനാട് | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| കണ്ണൂർ | 44 |
| കാസർഗോഡ് | റിപ്പോർട്ട് ചെയ്തിട്ടില്ല |

(സി) സർക്കാർ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള എല്ലാ ഒഴിപ്പിക്കൽ നടപടികളും സ്വീകരിക്കുന്നുണ്ട്. മറ്റ് വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ താലൂക്ക് സർവ്വേയർ മുഖാന്തരം കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പുകൾക്ക് ഒഴിപ്പിക്കൽ നടപടിക്കായി അയച്ചുനൽകുന്നുണ്ട്.

**ഭൂവിനിയോഗ നയം**

284 (3327) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ പദ്ധതികൾക്കായി എത്ര ഏക്കർ ഭൂമിയാണ് സർക്കാർ ഏറ്റെടുത്തിരിക്കുന്നത്;

(ബി) ഏറ്റെടുത്ത എത്ര ഏക്കർ ഭൂമിയാണ് സർക്കാർ ഇതുവരെ വിവിധ പദ്ധതികൾക്കായി ഉപയോഗിച്ചിരിക്കുന്നത്;

(സി) സർക്കാരിന്റെ ഭൂവിനിയോഗ നയത്തിന്റെ അടിസ്ഥാനത്തിലാണോ വിവിധ വകുപ്പുകൾ ഭൂമി ഏറ്റെടുക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികൾക്കായി 502.6936 ഏക്കറോളം ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഏറ്റെടുത്ത സ്ഥലം അതാത് പദ്ധതികൾക്കായി അർത്ഥനാധികാരികൾക്ക് കൈമാറിയിട്ടുണ്ട്. പല പദ്ധതികളും നിർമ്മാണ പ്രവർത്തനങ്ങളിലുമാണ്.

(സി) അതെ. വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നത് RFCTLARR നിയമം, 2013 പ്രകാരവും നെഗോഷ്യബിൾ/ഡയറക്ട് പർച്ചേസ് പ്രകാരവുമാണ്. എന്നാൽ ദേശീയപാതയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നത് 1956-ലെ ദേശീയപാതാ നിയമപ്രകാരമാണ്.

**ഭൂരഹിതർക്ക് ഭൂമി വിതരണം**

285 (3328) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്ക് ഭൂമിവിതരണം ചെയ്യുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ടെത്തിയ ഭൂമി എത്ര ഏക്കറാണെന്നും അത് എവിടെയെല്ലാമാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഭൂരഹിതർക്ക് എത്ര ഭൂമി വിതം നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**കൊല്ലം കോടതി സമുച്ചയ നിർമ്മാണം**

286 (3329) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിനായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽനിന്നും ഉത്തരവുകളോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സമുച്ചയ നിർമ്മാണത്തിനായി എൻ.ജി.ഒ കോർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന റവന്യൂ ഭൂമിയിൽനിന്നും ആവശ്യമായ ഭൂമി വിട്ട്നൽകുമ്പോൾ ജീവനക്കാർക്ക് താമസിക്കുന്നതിനായി ഫ്ളാറ്റ് നിർമ്മിച്ച് നൽകണമെന്നുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കോടതി സമുച്ചയ നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ബാർ അസോസിയേഷനും ശ്രീ. ജോർജ്ജ് വർഗ്ഗീസ്, ശ്രീ. ഡയസ് എന്നിവരും ഫയൽ ചെയ്ത ഡബ്ല്യൂ.പി. (സി) 29723/2015, 7574/2011, സി.സി 14/11 നമ്പർ കേസുകളിൽ സംയുക്തമായി 7-3-2018-ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത് സംബന്ധിച്ച് ജില്ലാ ജഡ്ജി 21-8-2017-ൽ സമർപ്പിച്ച ഭൂമി കൈമാറ്റ അർത്ഥനാപത്രത്തിന്മേൽ ഉത്തരവ് തീയതിയായ 7-3-2018-നുശേഷം 6 ആഴ്ചയ്ക്കകം ജില്ലാ കളക്ടർ തീരുമാനമെടുത്ത് ബഹുമാനപ്പെട്ട കോടതിയെ അറിയിക്കാൻ പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്.

(ബി) കൊല്ലം കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിനായി നിർദ്ദേശിച്ചിട്ടുള്ള ഭൂമിയിൽ NGO Quarters സ്ഥിതി ചെയ്യുന്ന ഭൂമിയും ഉൾപ്പെട്ടുവരുന്നു. കോടതി സമുച്ചയത്തിന് ആവശ്യമുള്ളത്ര ഭൂമി ലഭ്യമാക്കണമെങ്കിൽ, NGO Quarters ഒഴിപ്പിച്ച് പുതിയ 80 ഫ്ലാറ്റ് ടൈപ്പ് കെട്ടിടം നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇക്കാരണങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിനായി 9-10-2018-ൽ ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ഈ സ്ഥലത്ത് നിലവിലുള്ള ക്വാർട്ടേഴ്സുകൾ പൊളിച്ചു മാറ്റി പുതിയ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ സർക്കാരിൽ സമർപ്പിച്ച് ഭരണാനുമതി തേടുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാനും ആയതിനുശേഷം ഭൂമി കൈമാറ്റം സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിൽ പുതുതായി സമർപ്പിക്കാനും കൊല്ലം ജില്ലാ കളക്ടറെ യോഗം ചുമതലപ്പെടുത്തുകയുണ്ടായി. അതനുസരിച്ചുള്ള നടപടികൾ ജില്ലാ കളക്ടർ ആരംഭിച്ചിട്ടുണ്ട്.

**ഭൂരഹിതർക്ക് ഭൂമി വിതരണം**

287 (3330) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ടെത്തിയ ഭൂമി എത്ര ഏക്കറാണെന്നും അത് എവിടെയെല്ലാമാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഭൂരഹിതർക്ക് എത്ര ഭൂമി വീതം നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## പട്ടയമില്ലാത്ത ഭൂമി ഏറ്റെടുക്കുന്നതിന് നടപടി

288 (3331) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള പട്ടയമില്ലാത്ത ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ ഭൂമി നിലനിർത്തിക്കൊണ്ട് അധികമായുള്ള ഭൂമി ഏറ്റെടുക്കുന്നതിനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഏറ്റെടുക്കുന്ന ഭൂമി ലൈഫ് പോലുള്ള പദ്ധതികൾക്കായി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) സംഘടനകൾ/സ്ഥാപനങ്ങൾ കാലങ്ങളായി കൈവശം വച്ചുപോരുന്ന ഭൂമിയിൽ ടി സംഘടനകൾ/സ്ഥാപനങ്ങളുടെ ആവശ്യം നിറവേറ്റുന്നതിന് വേണ്ടുന്ന ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമി ടി ഭൂമിയുടെ കമ്പോള വില ഈടാക്കിയോ കമ്പോള വിലയുടെ നിശ്ചിത ശതമാനം തുക പാട്ടമായി സ്വീകരിച്ചോ പ്രസ്തുത സ്ഥാപനങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പതിച്ചു നൽകിക്കൊണ്ട് ബാക്കി ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## കുമാരനെല്ലൂർ വില്ലേജിലെ മിച്ചഭൂമി

289 (3332) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ കുമാരനെല്ലൂർ വില്ലേജിൽ മിച്ചഭൂമിയായി കണ്ടെത്തിയ സ്ഥലങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ ഭൂമി അർഹതപ്പെട്ട ആളുകൾക്ക് വിതരണം ചെയ്യാൻ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ഏറ്റെടുത്ത ഭൂമി സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് കൈമാറുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1. ശ്രീ. വി. എം. മൈക്കിളിൽനിന്നും 2.50 ഏക്കർ

2. ശ്രീ. വിഷ്ണു നാരായണൻ നമ്പൂതിരിയിൽനിന്നും 2.96 ഏക്കർ

3. ശ്രീ. കീലത്ത് മുഹമ്മദ് ഹാജിയിൽനിന്നും 3.60 ഏക്കർ

4. ശ്രീ. വി. എൻ. ഉണ്ണിമോയിൻ ഹാജിയിൽനിന്നും 0.55½ ഏക്കർ

5. ശ്രീ. വല്ലിൽ മമ്മത് ഹാജിയിൽനിന്നും 4.90 ½ ഏക്കർ

6. ശ്രീ. കെ. പി. വിനോദിൽനിന്നും 24.29 ½ ഏക്കർ

7. ശ്രീ. വയലിൽ മരയ്ക്കാർ ഹാജിയിൽനിന്നും 0.48 ഏക്കർ

8. ശ്രീമതി തങ്കമണി അമ്മയിൽനിന്നും 0.25 ഏക്കർ

(ബി) ശ്രീ. വിഷ്ണു നാരായണൻ നമ്പൂതിരിയിൽനിന്നും ഏറ്റെടുത്ത മിച്ചഭൂമി കേരള ഭൂപരിഷ്കരണ നിയമം 2005-ലെ 7 ഇ ഭേദഗതി പ്രകാരം കേസ് തീരുമാനമാകാത്തതിനാൽ പ്രസ്തുത സ്ഥലം പതിച്ചുനൽകാൻ സാധിച്ചിട്ടില്ല. ശ്രീ. കെ. പി. വിനോദിൽ നിന്നും ഏറ്റെടുത്ത 24.29½ ഏക്കറിൽ പതിച്ചു കൊടുക്കാൻ ശേഷിച്ച 1.40 ഏക്കർ സ്ഥലം പതിച്ചു കൊടുക്കാൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി ഫോറം 18 നൽകിയിട്ടുള്ളതാണ്. എന്നാൽ ഗുണഭോക്താക്കളെ കണ്ടെത്തിയതിൽ ആക്ഷേപം ഉന്നയിച്ച് ജനങ്ങൾ തുടർനടപടി തടസ്സപ്പെടുത്തിയതിനാൽ മിച്ചഭൂമി പതിച്ചുകൊടുക്കുന്ന നടപടി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

(സി) കുമാരനെല്ലൂർ വില്ലേജിൽ സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് കൈമാറുന്നതിനായി ഏറ്റെടുത്ത മിച്ചഭൂമി ലഭ്യമല്ല.

**ഹാരിസൺ കമ്പനിക്ക് മരങ്ങൾ മുറിക്കാനുള്ള അനുമതി**

290 (3333) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശ ഭൂമിയിൽ ഉടമസ്ഥതയില്ലാത്ത ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിക്ക് കോടികൾ വിലമതിക്കുന്ന മരങ്ങൾ സൗജന്യമായി മുറിക്കാനായി പൊതുഭരണ വകുപ്പ് അനുമതി നൽകിയത് റവന്യൂ വകുപ്പിന്റെ കൂടി അറിവോടെയാണോ എന്നറിയിക്കുമോ;

(ബി) പൊതുഭരണ വകുപ്പിന്റെ പ്രസ്തുത നടപടിയെ റവന്യൂ വകുപ്പ് എതിർത്തിരുന്നോ;

(സി) ഈ നടപടി തോട്ടം മേഖലയിൽ വ്യാപകമായി മരം മുറിക്കാൻ വഴിവയ്ക്കും എന്ന് റവന്യൂ വകുപ്പ് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിക്ക് മരങ്ങൾ സൗജന്യമായി മുറിക്കാനായി പൊതുഭരണ വകുപ്പ് അനുമതി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പാട്ടത്തുക**

291 (3334) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഭൂമി പാട്ടത്തിനുനൽകിയ വകയിൽ സർക്കാരിന് ഓരോ വർഷവും ലഭിക്കേണ്ട പാട്ടത്തുക എത്രയെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) കഴിഞ്ഞ രണ്ട് സാമ്പത്തികവർഷങ്ങളിൽ ഈ ഇനത്തിൽ ലഭ്യമായ പാട്ടതുക എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 11,53,29,951 |
| കൊല്ലം | 2,00,34,857 |
| പത്തനംതിട്ട | 16,21,400 |
| ആലപ്പുഴ | 20,21,308 |
| കോട്ടയം | 4,41,326 |

| 1 | 2 |
|---|---|
| ഇടുക്കി | 1,88,392 |
| എറണാകുളം | 88,36,30,244 (ഇതിൽ 85,64,97,118 രൂപ സ്റ്റേയിൽ ഉൾപ്പെട്ടതാണ്) |
| തൃശ്ശൂർ | 1,92,406 |
| പാലക്കാട് | 6,01,707 |
| മലപ്പുറം | 1,11,02,081 |
| കോഴിക്കോട് | 4,57,08,996 |
| വയനാട് | 66,736/- |
| കണ്ണൂർ | 41,06,377 |
| കാസർഗോഡ് | 10,85,118 |
| ആകെ | 1,08,61,30,899 |

(ബി) ജില്ലാടിസ്ഥാനത്തിൽ വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 1,74,61,299 |
| കൊല്ലം | 1,13,91,228 |
| പത്തനംതിട്ട | 18,60,913 |
| ആലപ്പുഴ | 44,11,938 |
| കോട്ടയം | 7,05,279 |
| ഇടുക്കി | 2,38,015 |
| എറണാകുളം | 11,40,41,524 |
| തൃശ്ശൂർ | 2,26,71,142 |

| 1 | 2 |
|---|---|
| പാലക്കാട് | 11,78,000 |
| മലപ്പുറം | 21,14,009 |
| കോഴിക്കോട് | 20,55,949 |
| വയനാട് | 1,38,106 |
| കണ്ണൂർ | 67,88,520 |
| കാസർഗോഡ് | 6,87,529 |
| ആകെ | 18,57,43,451 |

(സി) പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിയമാനുസൃത ഡിമാൻഡ് നോട്ടീസ് നൽകുകയും യഥാസമയം പാട്ടത്തുക ഒടുക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**പാമ്പാക്കുട പബ്ലിക് ലൈബ്രറിക്ക് ലഭിച്ച കുത്തകപാട്ട വസ്തു**

292 (3335) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാക്കുട പബ്ലിക് ലൈബ്രറിക്ക് ലഭിച്ച കുത്തകപാട്ട വസ്തു പതിച്ചു കിട്ടുന്നതിനായി സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് റവന്യൂ വകുപ്പിലെ A3/174/2018/റവ. നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 11-11-2018-ലെ 174/എ 3/2018 നമ്പർ കത്ത് പ്രകാരം നിലവിലുള്ള നിയമ പ്രകാരം ടി ഭൂമി പാട്ടത്തിന് എടുക്കാൻ പാമ്പാക്കുട പബ്ലിക് ലൈബ്രറി തയ്യാറാണെങ്കിൽ റോഡ് വികസനത്തിനുൾപ്പെടെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യം വരുന്ന മുറയ്ക്ക് പാട്ടം റദ്ദ് ചെയ്തു ഭൂമി തിരിച്ചെടുക്കുന്നതായിരിക്കും എന്ന അധിക വ്യവസ്ഥകൂടി ഉൾപ്പെടുത്തി ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

293 (3336) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയസമയത്ത് നടന്ന രക്ഷാ ദൗത്യത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിനും ദുരന്ത ബാധിതരുടെ പുനരധിവാസത്തിനും നടത്തിയ ശ്രമങ്ങൾ വിശദമാക്കുമോ ;

(സി) ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ദുരന്തമുഖത്ത് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനും ഒരുക്കിയിരുന്ന സംവിധാനങ്ങളുടെ വിവരങ്ങൾ ലഭ്യമാകുമോ;

(ഡി) പ്രളയ ദുരന്തത്തിൽനിന്ന് കേരളത്തെ കൈപിടിച്ചുയർത്തുന്നതിൽ റവന്യൂ സംവിധാനങ്ങളും റവന്യൂ വകുപ്പ് ജീവനക്കാരും വഹിച്ച പങ്ക് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സമാനതകളില്ലാത്ത രക്ഷാപ്രവർത്തനമാണ് ദുരന്തത്തിന്റെ തീക്ഷ്ണത വലിയൊരളവിൽ കുറച്ചത്. മത്സ്യത്തൊഴിലാളികളും വിവിധ സേനാംഗങ്ങളും ഉദ്യോഗസ്ഥരും യുവജനങ്ങളും പങ്കാളികളായ പുനരധിവാസ പ്രവർത്തനങ്ങൾക്ക് നാട് ഒരുമിച്ചുനിന്നു. സംസ്ഥാനത്താകെ 5645 ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിച്ചത്.

നാടിന്റെ പൊതുജീവിതം വീണ്ടെടുക്കുന്ന പ്രവർത്തനങ്ങളിൽ സർക്കാരിനോടൊപ്പം വിവിധ ജനവിഭാഗങ്ങൾ ഒരുമിച്ചുനിന്നു. ഇക്കാരണത്താൽ തന്നെ വെള്ളമിറങ്ങിയ പൊതു വഴികളിലും വീടുകളിലും വിദ്യാഭ്യാസ-ആരോഗ്യ കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞു. വൈദ്യുതി, ശുദ്ധജല വിതരണം എന്നിവ പുനഃസ്ഥാപിക്കുന്നതിനും പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാനുമുള്ള മുൻകരുതലുകൾ കൈക്കൊള്ളുന്നതിലും നമുക്ക് വിജയിക്കാനായി.

(ബി&സി) ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണന ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ വീതം അനുവദിച്ചു. 6,80,000 (ആറുലക്ഷത്തി എൺപതിനായിരം) പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. 500 രൂപ വില വരുന്ന ഭക്ഷ്യവസ്തുക്കളുടെ കിറ്റ് ദുരിതാശ്വാസ ക്യാമ്പിൽനിന്ന് മടങ്ങുമ്പോൾ ലഭ്യമാക്കിയിരുന്നു. ഇതിനുപുറമേ, ഡിസംബർ 31 വരെ ദുരന്തബാധിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ കിറ്റ് നൽകിവരുന്നു. 23-11-2018 വരെ 3,26,048 കുടുംബങ്ങൾക്കായി 16.30 കോടി രൂപ വിലവരുന്ന കിറ്റുകൾ വിതരണം ചെയ്തു. സമ്പൂർണ്ണ ഡിജിറ്റൽ സംവിധാനം വഴിയുള്ള വിവര ശേഖരണമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടത്തിയത്. ദുരന്തത്തിൽ തകർന്ന വീടുകൾക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടത്തിന്റെ തോത് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%-ന് മേലെ എന്നിങ്ങനെ തരം തിരിച്ചാണ് ധനസഹായം അനുവദിക്കുന്നത്. ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയായി Minimum Relief Code നിർണ്ണയിച്ചിട്ടുണ്ട്. പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക്, സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാലുലക്ഷം രൂപ വീതം നൽകാനാണ് വ്യവസ്ഥ ചെയ്തത്. അതിൽ 4635 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകിക്കഴിഞ്ഞു. ഇതിന് പുറമേ ഭാഗികമായി വീട് തകർന്ന 1956 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി. ആകെ 39 കോടി രൂപയാണ് രണ്ടും ചേർത്ത് നൽകിയത്. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ഭൂമി കണ്ടെത്തുന്നതിന് ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ മറ്റ് വകുപ്പുകളുടെ കൈയിൽ നിൽക്കുന്ന ഉപയോഗിക്കാതെയുള്ള ഭൂമിയോ സന്നദ്ധസംഘടനകളോ വ്യക്തികളോ സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന ഭൂമിയോ ഏറ്റെടുക്കുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാർഗ്ഗമായി കഴിഞ്ഞ നിരവധിപേരെ സഹായിക്കുന്നതിന് സന്നദ്ധ സംഘടനകൾ മുന്നോട്ടുവന്നു. ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ഇതിനകം 49 കോടി രൂപ സഹായം നൽകി. ജീവനോപാധി നഷ്ടപ്പെട്ടവർക്ക് RKLS (Resurgent Kerala Loans Scheme) സഹായപദ്ധതി, കുടുംബശ്രീ എന്നിവ മുഖേന ഒരുലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകും. ഇതുവരെ 38,441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു. പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സമയബന്ധിതമായി, സൗജന്യമായി രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. ശുചീകരണ പ്രവർത്തനത്തിൽ സമാനതകളില്ലാത്ത

പങ്കാളിത്തമാണ് ബഹുജനങ്ങളിൽനിന്നും സംഘടനകളിൽനിന്നും ഉണ്ടായത്. സർക്കാർ സംവിധാനങ്ങളുടെ സഹായത്തോടെ ഇവ പൂർത്തിയാക്കാൻ കഴിഞ്ഞു. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് വാർഡൊന്നിന് 25,000 രൂപയും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡൊന്നിന് 50,000 രൂപയും അനുവദിച്ചു. മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തി ഉചിതമായ തുക അനുവദിച്ചു. പ്ലാന്റേഷൻ മേഖലയിൽ തൊഴിലുകളിൽ കുറവുണ്ടായത് കണക്കിലെടുത്ത് മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. മുൻഗണനേതര വിഭാഗങ്ങൾക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ച് കിലോ അരി നൽകുവാൻ തീരുമാനിച്ചു.

(ഡി) സമാനതകളില്ലാത്ത രക്ഷാപ്രവർത്തനമാണ് ദുരന്തത്തിന്റെ തീക്ഷ്ണത വലിയൊരളവിൽ കുറച്ചത്. മത്സ്യത്തൊഴിലാളികളും വിവിധ സേനാംഗങ്ങളും റവന്യൂ ഉദ്യോഗസ്ഥരടക്കമുള്ള സർക്കാർ ഉദ്യോഗസ്ഥരും യുവജനങ്ങളും പങ്കാളികളായ രക്ഷാപ്രവർത്തനങ്ങൾക്കാണ് നാട് സാക്ഷ്യം വഹിച്ചത്. സർക്കാരും റവന്യൂ വകുപ്പ് അടക്കമുള്ള സർക്കാരിന്റെ എല്ലാ സംവിധാനങ്ങളും എണ്ണയിട്ട യന്ത്രം പോലെ അക്ഷീണം പ്രയത്നിക്കുകയുണ്ടായി. ഇക്കാരണത്താൽ തന്നെ വെള്ളമിറങ്ങിയ പൊതു വഴികളിലും വീടുകളിലും വിദ്യാഭ്യാസ-ആരോഗ്യ കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞു.

## പിറവം മണ്ഡലത്തിലെ വീടുകളുടെ പുനർനിർമ്മാണം

294 (3337) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽപ്പെട്ട്, വീട് വാസയോഗ്യമല്ലാത്തവിധം തകർന്നതിനാൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ പിറവം മണ്ഡലത്തിൽ നിന്ന് സമർപ്പിക്കപ്പെട്ടു; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് വീട് പുനർനിർമ്മിക്കുന്നതിനായി സർക്കാർ വാഗ്ദാനം ചെയ്ത നാല് ലക്ഷം രൂപ വീതം നൽകിയെന്ന വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) പിറവം മണ്ഡലത്തിൽ ഒരു അപേക്ഷ ലഭിച്ചിട്ടുള്ളതാണ്. പിറവം മുനിസിപ്പാലിറ്റിയിൽനിന്നാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്.

(ബി) ലഭിച്ച അപേക്ഷയിൽ പരിശോധന നടത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആദ്യ ഗഡുവായ 95,100 രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുകയിൽ 50% വീട് നിർമ്മാണം 25% പൂർത്തീകരിക്കുമ്പോഴും ശേഷിക്കുന്ന 50% വീട് നിർമ്മാണം 75% പൂർത്തിയാക്കുമ്പോഴും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതാണ്.

### ആറന്മുള മണ്ഡലത്തിൽ പ്രളയ ദുരിതാശ്വാസ സഹായം

295 (3338) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള മണ്ഡലത്തിൽ പ്രളയ ദുരിതാശ്വാസ സഹായം (പതിനായിരം രൂപ) എത്ര കുടുംബങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്; താലൂക്ക് തിരിച്ചും വില്ലേജ് തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) നിലവിൽ ദുരിതാശ്വാസ സഹായമായി പതിനായിരം രൂപ കിട്ടാത്തവരുടെ അപേക്ഷകൾ പരിഹരിക്കാനുണ്ടോ; ഉണ്ടെങ്കിൽ എത്ര അപേക്ഷകൾ; പ്രളയ ദുരിതാശ്വാസ സഹായം നൽകുന്നത് വൈകുവാനുള്ള കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആറന്മുള മണ്ഡലത്തിൽ പ്രളയദുരിതാശ്വാസ ധനസഹായം (10,000 രൂപ) 13870 കുടുംബങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

<u>തിരുവല്ല താലൂക്ക്</u>

1. കോയിപ്രം വില്ലേജ് - 2096
2. ഇരവിപേരൂർ - 2462
3. തോട്ടപ്പുഴശ്ശേരി - 1141

<u>കോഴഞ്ചേരി താലൂക്ക്</u>

4. ആറന്മുള - 2061
5. ചെന്നീർക്കര - 350
6. ഇലന്തൂർ - 76
7. കിടങ്ങന്നൂർ - 1323

| | |
|---|---|
| 8. കോഴഞ്ചേരി | - 857 |
| 9. കുളനട | - 789 |
| 10. മല്ലപ്പുഴശ്ശേരി | - 1352 |
| 11. മെഴുവേലി | - 273 |
| 12. ഓമല്ലൂർ | - 531 |
| 13. പത്തനംതിട്ട | - 559 |
| ആകെ | - 13870 |

(ബി) 54 അപേക്ഷകൾ പരിഗണിച്ചുവരികയാണ്. പ്രളയ ബാധിതർ സ്ഥലത്തില്ലാതിരുന്നതിനാലും ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി. കോഡ് എന്നിവ ലഭ്യമല്ലാതിരുന്നതിനാലും അർഹതാ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ കഴിയാത്തതിനാലാണ് ധനസഹായം അനുവദിക്കാൻ കാലതാമസം ഉണ്ടായത്.

**പ്രളയധനസഹായത്തിനായി വ്യാജ അപേക്ഷകൾ**

296 (3339) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയുടെ പേരിൽ ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളുടെ പരിശോധനയിൽ എത്ര വ്യാജ അപേക്ഷകൾ കണ്ടെത്തി; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) വ്യാജ അപേക്ഷകർക്ക് കൊടുത്ത ധനസഹായം സർക്കാർ തിരിച്ചു പിടിച്ചോ; പ്രസ്തുത അപേക്ഷകർക്ക് ധനസഹായം നൽകാൻ അനുമതി നൽകിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) നിലവിൽ ഏത് ഗവൺമെന്റ് ഉത്തരവിന്റെ അല്ലെങ്കിൽ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പ്രളയക്കെടുതിയിൽപ്പെടുന്നവർക്ക് ധനസഹായം ലഭ്യമാക്കുന്നത് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ശേഖരിച്ചുവരുന്നു.

(ബി) അനർഹരിൽനിന്ന് തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഉത്തരവാദികളായ ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളതും തുടർനടപടി എടുത്തുവരുന്നതുമാണ്.

(സി) 16-8-2018-ലെ സ.ഉ.(കൈ) നമ്പർ 13/2018/ഡി.എം.ഡി. പ്രകാരമാണ് ധനസഹായം വിതരണം ചെയ്യുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

## 10,000 രൂപയുടെ അടിയന്തര സഹായം

297 (3340) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്താൽ ദുരിതമനുഭവിക്കപ്പെട്ട പിറവം നിയോജകമണ്ഡലത്തിലെ എത്ര പേർ 10,000 രൂപയുടെ അടിയന്തര സഹായത്തിനായി അപേക്ഷിച്ചു; വിവരം പഞ്ചായത്ത്തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകരിൽ എത്രപേർക്ക് അടിയന്തര സഹായമായ 10,000 രൂപ ലഭ്യമാക്കിയെന്നും എത്ര പേർക്ക് ഇനി നല്കാനുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പിറവം നിയോജക മണ്ഡലത്തിൽ 10,000 രൂപയുടെ അടിയന്തര സഹായത്തിനായി അപേക്ഷിച്ചവരുടെയും സഹായം അനുവദിച്ചവരുടെയും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

## വില്ലേജ് ഓഫീസറുടെ ചുമതലകൾ

298 (3341) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ റെലിസ് സോഫ്റ്റ് വെയർ നിലവിൽ വന്നത് എന്നുമുതലാണെന്നും എത്ര ശതമാനം ഓഫീസുകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 10/05/2018-ലെ 180/2018/റവ. നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ വിവരിക്കുമോ;

(സി) ഇ-ട്രഷറി, റെലിസ് സോഫ്റ്റ് വെയർ എന്നിവ നിലവിൽ വന്നതിന് ശേഷം അക്കൗണ്ട് തുടങ്ങുന്നതിനും പേയ്മെന്റ് അപ്രൂവ് ചെയ്യുന്നതിനും ചെലാൻ ജനറേറ്റ് ചെയ്യുന്നതിനുമുള്ള ചുമതല വില്ലേജ് ഓഫീസറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ;

(ഡി) കേരള വില്ലേജ് മാന്വൽ ഖണ്ഡിക 102-ൽ തുക ഒടുക്ക് വരുത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം വില്ലേജ് ഓഫീസറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 17-8-2015 മുതലാണ് റെലിസ് സോഫ്റ്റ്‌വെയർ നിലവിൽവന്നത്. നാളിതുവരെ 97% ഓഫീസുകളിൽ ഈ സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. റവന്യൂ ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കുമ്പോൾ നിലവിൽ വില്ലേജോഫീസുകളിൽ ഉപയോഗിച്ചുവരുന്നതും മാന്വൽ ആയി തയ്യാറാക്കി സൂക്ഷിക്കുന്നതുമായ ബന്ധപ്പെട്ട രജിസ്റ്ററുകളും അക്കൗണ്ടുകളും സിസ്റ്റത്തിൽ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

2. ഇ-പേമെന്റ് സംവിധാനം വഴി നികുതി ഒടുക്കുന്ന പൊതുജനങ്ങൾക്ക് നിലവിൽ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ നൽകിവരുന്ന മാതൃകയിലുള്ള രസീതുകൾ നൽകേണ്ടതാണ്.

3. വില്ലേജ് ഓഫീസിൽ നടത്താറുള്ള ജമാബന്ദി മുതലായ പരിശോധനകൾക്കുവേണ്ടി ഓൺലൈൻ സംവിധാനത്തിലൂടെ തയ്യാറാക്കുന്ന രസീതുകൾക്കും അക്കൗണ്ടുകൾക്കും രജിസ്റ്ററുകൾക്കും നിയമസാധുത ഉണ്ടായിരിക്കുന്നതാണ്.

(സി) ഇ-ട്രഷറി, റെലിസ് സോഫ്റ്റ്‌വെയറുകൾ ഇന്റഗ്രേറ്റ് ചെയ്താണ് നിലവിൽ ചെലാൻ ജനറേറ്റ് ചെയ്യുന്നത്. ആയതിന്റെ ചുമതല വില്ലേജോഫീസറിൽ നിക്ഷിപ്തമാണ്.

(ഡി) ഉണ്ട്.

**റവന്യൂ വകുപ്പിന്റെ ആധുനികവത്കരണം**

299 (3342) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിന്റെ ആധുനികവത്കരണ പദ്ധതികൾ ഏതൊക്കെ സോഫ്റ്റ് വെയറുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ?

<u>ഉത്തരം</u>

റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണ പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്ന സോഫ്റ്റ്‌വെയർ മുഖേന ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു.

(1) ഇ-ഡിസ്ട്രിക്ട്

വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതുവഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെതന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.

(2) ആർ. ആർ. ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജുതലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

(3) സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാദ്ധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

(4) ഇ-പേമെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേമെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(5) ഇ-ഓഫീസ്

ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കി വരുന്ന ഒരു കടലാസ് രഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണിത്. പൊതുജനങ്ങൾക്ക് ഫയലുകളുടെ തൽസ്ഥിതി ഈ സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

സമയബന്ധിതവും സുതാര്യവുമായ സേവനം റവന്യൂ ഓഫീസുകളിൽനിന്ന് പൊതുസമൂഹത്തിന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നത്.

വിവിധ വിഭാഗത്തിലുള്ള സേവനങ്ങളും അതുമായി ബന്ധപ്പെട്ട ഫയലുകളുടെ തൽസ്ഥിതിയും പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഇ-ഓഫീസ് സംവിധാനം മുഖേന മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

**ഡിജിറ്റലൈസേഷൻ, ഡിജിറ്റൽ മാപ്പിംഗ്**

300 (3343) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അനുമതിയില്ലാതെ ഏതെങ്കിലും ജില്ലയിൽ സർവ്വേ, ഡിജിറ്റലൈസേഷൻ, ഡിജിറ്റൽ മാപ്പിംഗ് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിൽ വിശദമാക്കുമോ?

ഉത്തരം

എ) ഇല്ല.

(ബി) ബാധകമല്ല.

**ഇ-ഡിസ്ട്രിക് പദ്ധതി**

301 (3344) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഡിസ്ട്രിക് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്;

(സി) 2016 ന് ശേഷം ഈ പദ്ധതിയിലേക്ക് കൂടുതൽ സർട്ടിഫിക്കറ്റുകളുടെ വിതരണം ചേർത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 3-12-2018 വരെ 3,67,93,896 സർട്ടിഫിക്കറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്.

(സി) ഇല്ല. എന്നാൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തുന്നതിന് 21-11-2018-ലെ സ.ഉ.(കൈ)നമ്പർ 30/2018/വി.സാ.വ. പ്രകാരം ഗവൺമെന്റ് ഉത്തരവായിട്ടുള്ളതാണ്. ടി സർട്ടിഫിക്കറ്റ് ഓൺലൈനായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതിയ പദ്ധതികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ**

302 (3345) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി സിവിൽ സപ്ലൈസ് ഹൈപ്പർ മാർക്കറ്റ്, പെട്രോൾഗ്യാസ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനും, ഫയർഫോഴ്സിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമാമോ ?

ഉത്തരം

ചാലക്കുടിയിൽ സിവിൽ സപ്ലൈസ് ഹൈപ്പർ മാർക്കറ്റ്, പെട്രോൾ/ഗ്യാസ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ചാലക്കുടി ട്രഷറിക്ക് എതിർവശമുള്ളതും വിദ്യാഭ്യാസ വകുപ്പിന്റെ കൈവശത്തിലുള്ളതുമായ 'ആപ്റ്റിൻ നഗരം പുറമ്പോക്കിന്റെ' സ്കെച്ച് തയ്യാറാക്കി സമർപ്പിക്കുന്നതിന് താലൂക്ക് സർവ്വേയർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

ചാലക്കുടിയിൽ ഫയർ ഫോഴ്സ് ഓഫീസ് നിർമ്മാണത്തിനായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് മെക്കാനിക്കൽ സബ് ഡിവിഷന്റെ കൈവശത്തിലുള്ള 20 സെന്റ് സ്ഥലം അനുവദിക്കുന്നതിലേയ്ക്കായി സ്കെച്ച് തയ്യാറാക്കുന്നതിന് ജില്ലാ കളക്ടർ താലൂക്ക് സർവ്വേയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും സർവ്വേ നടത്തിയിട്ടുള്ളതുമാണ്.

**തിരുമല വില്ലേജ് ഓഫീസിന്റെ നവീകരണ പ്രവൃത്തികൾ**

303 (3346) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുവാൻ അനുമതി ലഭിച്ചിരുന്ന തിരുമല വില്ലേജ് ഓഫീസിന്റെ നവീകരണ പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; പ്രവൃത്തികൾ എപ്പോൾ തുടങ്ങാൻ സാധിക്കും; വിശദമാക്കുമോ ?

ഉത്തരം

തിരുമല വില്ലേജ് ഓഫീസ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി പഴയ വില്ലേജ് ഓഫീസ് കെട്ടിടം പൊളിച്ച് മാറ്റിയിട്ടുണ്ട്. ശേഷിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്.

**റവന്യൂ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

304 (3347) ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ;

(ബി) സ്മാർട്ട് വില്ലേജ് പദ്ധതി നിലവിലുണ്ടോ;

(സി) സ്മാർട്ട് വില്ലേജ് പദ്ധതി പ്രകാരം പുനരുദ്ധാരണം നടത്തിയ വില്ലേജ് ആഫീസുകൾ എത്ര;

(ഡി) സ്മാർട്ട് വില്ലേജ് പദ്ധതി പ്രകാരം പുതിയതായി പണികഴിപ്പിച്ച വില്ലേജ് ആഫീസുകൾ എത്ര; വിശദമാക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്.

(സി) 14 വില്ലേജാഫീസുകൾ നവീകരിച്ചിട്ടുണ്ട്.

(ഡി) 116 വില്ലേജോഫീസുകൾക്ക് കെട്ടിടം പുതുതായി പണികഴിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വില്ലേജ് ആഫീസുകളുടെ നവീകരണം**

305 (3348) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വില്ലേജ് ആഫീസുകളുടെ നവീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇപ്രകാരം ഭരണാനുമതി നൽകിയ വില്ലേജ് ഓഫീസുകളുടെ നവീകരണ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്മാർട്ട് റവന്യൂ പദ്ധതി പ്രകാരം 96 വില്ലേജോഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും വില്ലേജോഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതി പ്രകാരം 1202 പണികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഭരണാനുമതി നൽകിയ പ്രവർത്തനങ്ങളിൽ 2016-17 സാമ്പത്തിക വർഷത്തെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. 2018-19 വർഷത്തെ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആയതിനാൽ നിർവ്വഹണ ഏജൻസിയുമായുള്ള നടപടി ക്രമങ്ങൾ നിയമപ്രകാരം പൂർത്തീകരിച്ച് പ്രവർത്തനം നിർവ്വഹിക്കുന്നതിന് കാലതാമസം നേരിടുന്നതിനാലാണ് പ്രവർത്തനം പൂർത്തീകരിക്കാൻ സാധിക്കാത്തത്.

**വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം**

306 (3349) <u>ശ്രീ. എ. എം. ആരിഫ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കയച്ച 23-3-2018-ലെ എൽ.ആർ.എൻ. 4-13036/17 നമ്പർ കത്തിലെ ശിപാർശ പ്രകാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരിൽ 50% പേരെ എൽ.ഡി./വി.എ./ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് തസ്തികകളിലേക്ക് മാറ്റി നിയമിക്കുന്നത് സംബന്ധിച്ച നിർദ്ദേശം നടപ്പിലാക്കുമോ;

(ബി) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനം എടുക്കുമോ; എങ്കിൽ നിലവിലുള്ള ജീവനക്കാരെ ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റുമാരായി നിയമിക്കുമോ; ഏത് കാറ്റഗറിയിലുള്ള ജീവനക്കാരെയാണ് അതിനായി നിയോഗിക്കുന്നത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) വാട്ട്സ് ആപ്പ് വഴി നോട്ടീസ് നടത്തുകയും അത് കക്ഷി കാണുകയും ചെയ്താൽ നോട്ടീസ് നടത്തിയതായി കണക്കാക്കണമെന്ന് കോടതി പോലും അംഗീകരിച്ച സാഹചര്യത്തിൽ വില്ലേജ് ഓഫീസുകളിലെ ആർ.ആർ നോട്ടീസുകളും ഉത്തരവുകളും നടത്തുന്നതിന് ഇത്തരം മാർഗ്ഗങ്ങൾ ഉപയോഗിക്കാമോ?

ഉത്തരം

(എ&ബി) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ 23-3-2018-ലെ എൽ.ആർ.എൻ.4/13036/17-ാം നമ്പർ കത്തുപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കിയാൽ വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഈ വിഷയം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

**സ്മാർട്ട് വില്ലേജ് ഓഫീസ്**

307 (3350) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസ് ആയി പ്രഖ്യാപിച്ചിട്ടുള്ളത്; ഇവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

ഷൊർണ്ണൂർ മണ്ഡലത്തിലെ വെള്ളിനേഴി വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജായി തെരഞ്ഞെടുത്തിട്ടുള്ളതും പ്രസ്തുത വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി നിർമ്മിതി കേന്ദ്രവുമായി എഗ്രിമെന്റ് വച്ച് ആദ്യ ഗഡു പാലക്കാട് നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുള്ളതുമാണ്.

**വില്ലേജാഫീസുകളിലെ സ്റ്റാഫ് പാറ്റേൺ**

308 (3351) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജാഫീസുകളിലെ ജോലിഭാരം പഠിക്കുന്നതിന് സർക്കാർ അടുത്തകാലത്ത് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഏറ്റവും ഒടുവിലായി ഇത്തരത്തിൽ പഠനം നടത്തിയത്;

(ബി) ഇത്തരം പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജോലിഭാരം ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വില്ലേജാഫീസുകളിലെ സ്റ്റാഫ് പാറ്റേൺ ഏറ്റവും ഒടുവിലായി എന്നാണ് നിശ്ചയിച്ച് നൽകിയിട്ടുള്ളത്; ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേണിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സ്റ്റാഫ് പാറ്റേൺ ഏറ്റവും ഒടുവിലായി നിർണ്ണയിച്ച നൽകിയതിനുശേഷം ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള പുതിയ ജോലികളുടെയും ജനസംഖ്യാനുപാതികമായി വർദ്ധിച്ച ജോലി ഭാരത്തിന്റെയും അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ അനുവദിച്ച് നൽകുന്നതിനും സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പി.&എ.ആർ.ഡി. വില്ലേജുകളിലെ ജോലിഭാരം സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ട്. 7139/AR-5/2011/P&ARD നമ്പരായി സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2014-ലായിരുന്നു അവസാന പഠനം നടത്തിയത്.

(ബി) സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ആഫീസുകളിലെ സ്റ്റാഫ് പാറ്റേൺ അപര്യാപ്തമാണെന്ന് കണ്ട് ജോലിഭാരം കൂടുതലുള്ള 140 വില്ലേജുകളിൽ അധികമായി ഒരു വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) 1972-ലാണ് സ്റ്റാഫ് പാറ്റേൺ ഏറ്റവും ഒടുവിലായി നിശ്ചയിച്ചിട്ടുള്ളത്. ആയതുപ്രകാരം നിലവിൽ വില്ലേജിലുള്ള സ്റ്റാഫ് പാറ്റേൺ താഴെ പറയും പ്രകാരമാണ്.

| | തസ്തിക | എണ്ണം |
|---|---|---|
| 1 | വില്ലേജ് ആഫീസർ | 1 |
| 2 | സ്പെഷ്യൽ വില്ലേജ് ആഫീസർ | 1 |
| 3 | വില്ലേജ് അസിസ്റ്റന്റ് | 1 |
| 4 | വില്ലേജ്മാൻ (വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്ന് നിലവിൽ നാമകരണം ചെയ്തു.) | 2 |
| 5 | കണ്ടിജന്റ് എംപ്ലോയി/പി.റ്റി.എസ്. | 1 |

(ഡി&ഇ) സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ആഫീസുകളിലെ സ്റ്റാഫ് പാറ്റേൺ അപര്യാപ്തമാണെന്ന് കണ്ട് ജോലിഭാരം കൂടുതലുള്ള 140 വില്ലേജുകളിൽ അധികമായി ഒരു വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**കേരള വില്ലേജ് മാന്വൽ പ്രകാരമുള്ള അച്ചടക്കനടപടി**

309 (3352) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വില്ലേജ് മാന്വൽ സർവ്വീസ് ചട്ടപ്രകാരം ഒരു ജീവനക്കാരി പ്രസവകാല അവധിയിൽ നിൽക്കെ അച്ചടക്കനടപടി എടുക്കുന്നതിന് നിയമം അനുശാസിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിശദീകരണം ചോദിക്കാതെ അച്ചടക്കനടപടി എടുക്കുന്നതു സംബന്ധിച്ച് സുപ്രീം കോടതിയുടെ ഉത്തരവ് വിശദമാക്കുമോ;

(സി) പ്രസവകാലത്ത് ജീവനക്കാരിയുടെ മേൽ അച്ചടക്കനടപടി സ്വീകരിക്കുന്നത് മനുഷ്യത്വ രഹിതവും അനീതിയുമാണെന്ന് കരുതുന്നുണ്ടോ;

(ഡി) പ്രസവകാല അവധിയിലായിരിക്കെ ജീവനക്കാരിയുടെ മേൽ അച്ചടക്കനടപടിയും അതുസംബന്ധിച്ച അന്വേഷണവും നടത്തുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) കേരള വില്ലേജ് മാന്വലിൽ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച പരാമർശങ്ങളൊന്നുംതന്നെയില്ല. സർക്കാർ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് KCS (CC&A), Rules 1960-ലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ്. പ്രസവാവധിയിലിരിക്കെ ഒരു ജീവനക്കാരിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ പാടില്ലായെന്ന പരാമർശം പ്രസ്തുത ചട്ടങ്ങളിൽ ഇല്ല.

(ബി) ഇത്തരത്തിലുള്ള സുപ്രീംകോടതി വിധി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചെയ്ത കുറ്റത്തിന്റെ തീവ്രത അനുസരിച്ച് ഒഴിവാക്കാനാകാത്ത സാഹചര്യമാണെങ്കിൽ അച്ചടക്ക അധികാരിയുടെ വിവേചനാധികാരം ഉപയോഗിച്ചാണ് ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത്. ഇത് എല്ലാ ജീവനക്കാർക്കും എല്ലാ കാലത്തും ബാധകമാണ്.

(ഡി) ഇല്ല.

## റവന്യൂ ഉദ്യോഗസ്ഥരുടെ പുനർവിന്യാസം

310 (3353) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര നവകേരള നിർമ്മാണത്തിൽ ഏറ്റവും കൂടുതൽ ജോലിയെടുത്ത റവന്യൂ ഉദ്യോഗസ്ഥർക്ക് ജോലി ഭാരം കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏറ്റവും സീനിയറായ 300 ഡെപ്യൂട്ടി തഹസീൽദാർമാരെ ഗസറ്റഡ് തസ്തികയിലേക്ക് മാറ്റി 4 വില്ലേജ് ഓഫീസുകൾക്ക് ഒരാൾ എന്ന നിലയിൽ സൂപ്പർവൈസറി ജോലി നൽകി റവന്യൂ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും അർഹമായ പ്രമോഷൻ നൽകുവാനും ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നത്തേക്ക് ഈ പുനർവിന്യാസ പ്രമോഷൻ നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത വിന്യാസത്തിനുള്ള തടസ്സമെന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(സി&ഡി) ബാധകമല്ല.

## റവന്യൂ വകുപ്പിൽ ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവർ

311 (3354) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ റവന്യൂ വകുപ്പിൽ ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ നിലവിൽ എത്ര ഒഴിവുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ റവന്യൂ വകുപ്പിൽ ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ ഒഴിവ് നിലവിലില്ല.

(ബി&സി) ബാധകമല്ല.

## വില്ലേജ് ഓഫീസുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനവും റവന്യൂ വകുപ്പിലെ തസ്തികകളുടെ പരിഷ്കരണവും

312 (3355) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജന സമ്പർക്കമുള്ള എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തണമെന്ന ശമ്പള കമ്മീഷൻ ശിപാർശ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത സംവിധാനം നിലവിൽ എത്ര വില്ലേജ് ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയും മൊബൈൽ അപ്ലിക്കേഷനുകൾ വഴിയും നോട്ടീസ് നൽകുകയും അത് കക്ഷി കാണുകയും ചെയ്താൽ നോട്ടീസ് കൈപ്പറ്റിയതായി പരിഗണിക്കുന്നതിന് നിലവിലെ ചട്ടങ്ങളും നിയമങ്ങളും ഭേദഗതി വരുത്തുവാൻ ആലോചിക്കുന്നുണ്ടോ;

(സി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരിൽ 50 ശതമാനം പേരെ എൽ.ഡി. ക്ലർക്ക്/വി.എ./ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കണമെന്ന റവന്യൂ വകുപ്പിന്റെ നിർദ്ദേശം എല്ലാ വില്ലേജ് ഓഫീസുകളിലും നടപ്പിലാക്കുമോ;

(ഡി) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത ലോവർ ഡിവിഷൻ ക്ലർക്കിന് തുല്യമായതിനാലും വില്ലേജ് ഓഫീസിലെ എല്ലാവിധ നികുതികളും പിരിച്ചെടുക്കുന്നതിനുള്ള അധികാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് നൽകിയതിനാലും പ്രസ്തുത തസ്തികയുടെ ശമ്പളത്തിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ;

(ഇ) വില്ലേജ് ഓഫീസ് അസിസ്റ്റന്റ് തസ്തിക കാലോചിതമായി പരിഷ്കരിച്ച് അപ്ഗ്രേഡ് ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത ജീവനക്കാർക്ക് സർവ്വേ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കണ മെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ 23-3-2018-ലെ എൽ.ആർ.എൻ.4/13036/17-ാം നമ്പർ കത്തുപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കിയാൽ വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കേരളത്തിലെ ഒരു വില്ലേജ് ഓഫീസിലും നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തതാണ്.

(ബി) ഇക്കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കണ മെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ 23-3-2018-ലെ എൽ.ആർ.എൻ. 4/13036/17-ാം നമ്പർ കത്തുപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കിയാൽ വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) ഒരു തസ്തികയുടെ ശമ്പള സ്കെയിൽ നിശ്ചയിക്കുന്നത് ആ തസ്തികയിൽ നിക്ഷിപ്തമായിരിക്കുന്ന ജോലിയുടെ സ്വഭാവം, അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, അതാത് തസ്തികയുടെ അധികാര പരിധി എന്നിവയെല്ലാമാണെന്നതിനാൽ വിദ്യാഭ്യാസ യോഗ്യത മാത്രം സമാനമായതുകൊണ്ട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് വില്ലേജ് അസിസ്റ്റന്റുമാരുടെ ശമ്പള സ്കെയിൽ അനുവദിക്കാൻ സാധിക്കുകയില്ലെന്ന് റവന്യൂ(റ്റി)1-204/2017/റവ. നമ്പർ ഫയലിൽ തീരുമാനമെടുത്തിട്ടുള്ളതാണ്.

(ഇ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## വില്ലേജ് ഓഫീസുകളിലെ ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് സംവിധാനം

313 (3356) ശ്രീ. കെ. എൻ. എ ഖാദർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനസമ്പർക്കമുള്ള എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുവാനുള്ള ശമ്പള കമ്മീഷൻ ശിപാർശ വില്ലേജ് ഓഫീസുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ആയത് നടപ്പിലാക്കുന്നതിനെക്കുറിച്ചും ഏത് കാറ്റഗറിയിലെ ജീവനക്കാരെയാണ് ഫ്രണ്ട് ഓഫീസ് മാനേജ്മെന്റിനായി നിയമിക്കുന്നതെന്നും വിശദമാക്കുമോ ;

(ബി) എസ്.എസ്.എൽ.സി യോഗ്യതയുള്ള വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ ശമ്പളം പുനർനിശ്ചയിച്ച് തുല്യയോഗ്യതയുള്ള മറ്റു തസ്തികകളുടേതിനു സമാനമായ ശമ്പളം നൽകുന്നതിനും ഈ തസ്തിക കാലോചിതമായി പരിഷ്കരിച്ച് അപ്ഗ്രേഡ് ചെയ്യാനും ഇവർക്ക് സർവ്വെ പരിശീലനം നൽകാനും നടപടി സ്വീകരിക്കുമോ ;

(സി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരിൽ 50% പേരെ എൽ.ഡി/വി.എ/ ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേക്ക് മാറ്റി നിയമിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; റവന്യൂ വകുപ്പിൽ എൽ.ഡി ക്ലാർക്കായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് മതിയായ പ്രമോഷൻ അവസരങ്ങൾ ഉണ്ടെങ്കിലും വില്ലേജ് ഫീൽഡ് അസിസ്റ്റന്റായി പ്രവേശിക്കുന്നവർക്ക് ഈ അവസരങ്ങൾ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് പരിഹാരം കാണുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ 23-3-2018-ലെ എൽ.ആർ.എൻ. 4/13036/17-ാം നമ്പർ കത്തുപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കിയാൽ വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഒരു തസ്തികയുടെ ശമ്പള സ്കെയിൽ നിശ്ചയിക്കുന്നത് ആ തസ്തികയിൽ നിക്ഷിപ്തമായിരിക്കുന്ന ജോലിയുടെ സ്വഭാവം, അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത,

പ്രവൃത്തി പരിചയം, അതാത് തസ്തികയുടെ അധികാര പരിധി എന്നിവയെല്ലാമാണെന്നതിനാൽ വിദ്യാഭ്യാസ യോഗ്യത മാത്രം സമാനമായതു കൊണ്ട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് വില്ലേജ് അസിസ്റ്റന്റുമാരുടെ ശമ്പള സ്കെയിൽ അനുവദിക്കാൻ സാധിക്കുകയില്ലെന്ന് റവന്യൂ (റ്റി)1-204/2017/റവ. നമ്പർ ഫയലിൽ തീരുമാനമെടുത്തിട്ടുള്ളതാണ്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് ചെയിൻ സർവ്വേ ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കണ മെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ 23-3-2018-ലെ എൽ.ആർ.എൻ. 4/13036/17-ാം നമ്പർ കത്തുപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കിയാൽ വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് പ്രൊമോഷൻ സാദ്ധ്യത വളരെ കുറവാണ്. ശരാശരി 15 വർഷമെങ്കിലും പ്രൊമോഷനുവേണ്ടി കാത്തിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## റിട്ടയർ ചെയ്തവരുടെ കരാർ നിയമനം

314 (3357) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാഷണൽ ഹൈവേ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളിൽ;

(സി) ഇപ്രകാരം നിയമിക്കുന്നവർക്ക് നിശ്ചയിച്ചിട്ടുള്ള വേതനം എത്രയാണ്?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ നാഷണൽ ഹൈവേ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് റവന്യൂ വകുപ്പിൽ നിന്നും വിരമിച്ച

ഉദ്യോഗസ്ഥരെ ഒരു വർഷത്തേയ്ക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 8-2-2018-ലെ ബി1/74/18/റവ. നമ്പർ കത്തുപ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിരമിച്ച ഉദ്യോഗസ്ഥരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ നിന്നും താഴെപ്പറയുന്ന തസ്തികകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിലെ CALA ഓഫീസുകളിൽ ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ നേരിട്ട് നിയമനം നടത്തിയ വിരമിച്ച റവന്യൂ ഉദ്യോഗസ്ഥർ സേവനം ചെയ്തുവരുന്നുമുണ്ട്.

<u>തിരുവനന്തപുരം</u>

1. ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ്
2. റവന്യൂ ഇൻസ്പെക്ടർ
3. വാല്യുവേഷൻ അസിസ്റ്റന്റ്
4. ചെയിൻമാൻ

<u>കൊല്ലം</u>

1. ജൂനിയർ സൂപ്രണ്ട്
2. സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർ
3. സീനിയർ ക്ലാർക്ക്
4. ക്ലാർക്ക്
5. ടൈപ്പിസ്റ്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ
6. ഓഫീസ് അറ്റൻഡന്റ്

<u>ആലപ്പുഴ</u>

1. വാല്യുവേഷൻ അസിസ്റ്റന്റ്
2. റവന്യൂ ഇൻസ്പെക്ടർ
3. സ്പെഷ്യൽ വില്ലേജ് ഓഫീസർ
4. വില്ലേജ് അസിസ്റ്റന്റ്
5. ഓഫീസ് അറ്റൻഡന്റ്

<u>മലപ്പുറം</u>

1. റവന്യൂ ഇൻസ്പെക്ടർ

<u>കാസർഗോഡ്</u>

1. ക്ലറിക്കൽ സ്റ്റാഫ്

2. കമ്പ്യൂട്ടർ ഓപ്പറേറ്റർ

3. ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ്

(സി) 21-7-2018-ലെ സ.ഉ.(അച്ചടി) 112/18/ധനകാര്യ വകുപ്പ് നമ്പർ ഉത്തരവുപ്രകാരം അനുവദിച്ച മാസവേതന ക്രമത്തിലാണ് വേതനം നൽകിവരുന്നത്.

**ഡെപ്യൂട്ടി തഹസീൽദാറുടെ പ്രൊബേഷൻ ഫയൽ**

315 (3358) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ ഡെപ്യൂട്ടി തഹസീൽദാർ തസ്തികയിൽ ജോലി ചെയ്യുന്ന 50 വയസ് പൂർത്തിയായ ലേഖ എൽ.എന്നവരുടെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോ;

(ബി) ഇവരുടെ ജൂനിയറായ 50 വയസ് പൂർത്തിയായ കാറ്റഗറിയിൽപ്പെട്ട ഏതെങ്കിലും ജീവനക്കാരുടെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(സി) ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഇവരുടെ പ്രൊബേഷൻ പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട എൽ.ആർ.ഇ.5-37704/17-ാം നമ്പർ ഫയൽ പ്രകാരം പ്രൊബേഷൻ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ ഡെപ്യൂട്ടി തഹസീൽദാർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി ലേഖ.എൻ എന്നവരുടെ ടി തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഈ വിഷയം പരിശോധിയ്ക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) പ്രസ്തുത വിഷയം ലാൻഡ് റവന്യൂ കമ്മീഷണർ പരിശോധിച്ചുവരുന്നു.

## ഉദ്യോഗസ്ഥർക്കെതിരെ നടപടി

316 (3359) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കാവിലുംപാറ ,മരുതോങ്കര , നരിപ്പറ്റ തിനൂർ , കായക്കൊടി, വളയം വിലങ്ങാട്, വാണിമേൽ, നാദാപുരം, ചെക്കിയാട്, തൂണേരി, എടച്ചേരി തുടങ്ങിയ വില്ലേജുകളിൽ തുടർച്ചയായി മൂന്ന് വർഷത്തിൽ കൂടുതൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ പേര് വിവരങ്ങളും വർഷവും ലഭ്യമാക്കാമോ;

(ബി) ഇവയിൽ ഏതൊക്കെ വില്ലേജ് ജീവനക്കാരുടെ പേരിൽ പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അവരുടെ പേര് വിവരങ്ങളും വെളിപ്പെടുത്തുമോ;

(സി) പരാതികൾ ഉയർന്നിട്ടും അവരെ അവിടെ നിലനിർത്തുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ)

| ക്രമ നമ്പർ | പേര് | തസ്തിക | നിലവിലെ തസ്തികയിൽ ടി ഓഫീസിൽ ഏതു തീയതി മുതൽ ജോലി ചെയ്തുവരുന്നു. |
|---|---|---|---|
| 1 | നിർമ്മൽ ടി. പി. | വില്ലേജ് അസിസ്റ്റന്റ്, കായക്കൊടി | 26-2-2014 |
| 2 | ബിജു സി. കെ. | വില്ലേജ് അസിസ്റ്റന്റ്, നരിപ്പറ്റ | 2-5-2011 |
| 3 | വത്സൻ പി. എം. | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, മരുതോങ്കര | 3-8-2011 |
| 4 | രമേഷ് കെ. | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, മരുതോങ്കര | 29-1-2015 |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | സുനിഷ് ടി. | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, ചെക്യാട് | 1-7-2014 |
| 6 | പ്രജി പി. | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, തിനൂർ | 18-9-2014 |
| 7 | അനിൽകുമാർ പി. കെ. | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, എടച്ചേരി | 18-2-2014 |

(ബി) എടച്ചേരി, മരുതോങ്കര വില്ലേജ് ഓഫീസ് ജീവനക്കാർക്കെതിരെയും വിലങ്ങാട് വില്ലേജ് അസിസ്റ്റന്റിനെതിരെയും പരാതി ലഭിച്ചിട്ടുണ്ട്. ജീവനക്കാരുടെ പേര് വ്യക്തമാക്കാത്ത പരാതികളാണ് ലഭിച്ചിട്ടുള്ളത്. ഇവ അന്വേഷണ ഘട്ടത്തിലാണ്.

(സി) പരാതികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ അന്വേഷണ ഘട്ടത്തിലാണ്. റിപ്പോർട്ട് ലഭിച്ചാലുടൻ നടപടിയെടുക്കുന്നതാണ്.

**കല്ലട ഇറിഗേഷൻ പ്രോജക്ടിന് വേണ്ടി സർക്കാർ ഏറ്റെടുത്ത സ്ഥലം**

317 (3360) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 21-ൽ മുൻ സർവ്വേ നമ്പർ 220/2-15-ലും പഴയ തണ്ടപ്പേർ നമ്പർ 7694-ലും ഉൾപ്പെട്ട ഭൂമിയുടെ ഒറിജിനൽ വിസ്തീർണ്ണം വില്ലേജ് രേഖകൾ പ്രകാരം എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഭൂമിയിൽനിന്നും കല്ലട ഇറിഗേഷൻ പ്രോജക്ടിന് വേണ്ടി ലാന്റ് അക്വിസിഷൻ നിയമ പ്രകാരം സർക്കാർ ഏറ്റെടുത്ത സ്ഥലം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ ഏറ്റെടുത്ത സ്ഥലം കഴിച്ച് നിലവിൽ ഈ വസ്തുവിലെ തണ്ടപ്പേർ ഉടമകളുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 21-ൽ മുൻ സർവ്വേ നമ്പർ 220/2-15-ലും പഴയ തണ്ടപ്പേർ നമ്പർ 7694-ലും ഉൾപ്പെട്ട ഭൂമിയുടെ ഒറിജിനൽ വിസ്തീർണ്ണം 45.25 സെന്റ് ആണ്.

(ബി) പ്രസ്തുത ഭൂമിയിൽനിന്നും എൽ.എ. റെക്കോർഡുകൾ പ്രകാരം 6 ആർസ് സ്ഥലം ഏറ്റെടുത്തിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സർക്കാർ ഏറ്റെടുത്തശേഷം മുൻ സർവ്വേ നമ്പർ 220/2/15-ൽ ബാക്കി സ്ഥലം ഉള്ളതായി റീസർവ്വേ രേഖകളിൽ കാണുന്നില്ല.

**ഞീഴൂർ ഐ.എച്ച്.ആർ.ഡി. കോളേജിന് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി**

318 (3361) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഞീഴൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. കോളേജിന് ഞീഴൂർ പഞ്ചായത്ത് വക സ്ഥലം അനുവദിക്കുന്നതു സംബന്ധിച്ച് നിലവിൽ റവന്യൂ വകുപ്പിലുള്ള Rev4/116/2018 (ഇ-ഫയൽ നമ്പർ 844592/2018) നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത ഫയലിന് ധനകാര്യ വകുപ്പിൽ നിന്നും ലഭിക്കേണ്ടതായ അനുമതി ലഭിച്ചിട്ടുണ്ടോ; ഫയൽ തീർപ്പാക്കുവാൻ ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ; ആയത് എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഞീഴൂർ പഞ്ചായത്തിൽ ഐ.എച്ച്.ആർ.ഡി.ക്ക് കോളേജ് സ്ഥാപിക്കുവാൻ 6-7-2009-ലെ G.O.(Rt) No.1660/2009/LSGD ഉത്തരവുപ്രകാരം 3 ഏക്കർ ഭൂമി അനുവദിച്ചു. കേരള പഞ്ചായത്ത് രാജ് ആക്ട് 279(1) വകുപ്പുപ്രകാരം ഞീഴൂർ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ഞീഴൂർ വില്ലേജിൽ block 27-ൽ Resurvey-419/1-ൽപ്പെട്ട 2.0236 ഹെക്ടർ (5 ഏക്കർ) ഭൂമി പ്രസ്തുത ആക്ടിലെ 279(2) വകുപ്പുപ്രകാരം പഞ്ചായത്ത് രാജ് ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി 31-5-2017-ലെ SRO 310/17 ഗസറ്റ് വിജ്ഞാപന പ്രകാരം റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

ടി ഭൂമി 6-2-2016-ലെ ജി.ഒ.(എംഎസ്.)നമ്പർ 96/2016/റവ. ഉത്തരവുപ്രകാരം അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന നിരക്കായ വിലയുടെ 5% വാർഷിക പാട്ടം നിശ്ചയിച്ച് അനുവദിക്കുന്നത് സംബന്ധിച്ച അംഗീകാരത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരിക്കുകയാണ്. പ്രസ്തുത ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**ഫോർട്ട് കൊച്ചിയിലെ കൊച്ചിൻ ക്ലബ്ബ് കൈവശം വച്ചിരിക്കുന്ന ഭൂമി**

319 (3362) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി 31-3-2006-ൽ അവസാനിച്ചതും പാട്ടവ്യവസ്ഥകൾ ലംഘിച്ച കൊണ്ട് ഫോർട്ട് കൊച്ചിയിലെ കൊച്ചിൻ ക്ലബിന്റെ കൈവശം വച്ചിരിക്കുന്നതുമായ 4.44.220 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിൽ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് മുന്നോടിയായി പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുന്നതിനായി ടി വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്.

**പട്ടിമറ്റം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് നിർമ്മാണത്തിനായി റവന്യൂ ഭൂമി**

320(3363) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിൽ പട്ടിമറ്റം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനായി പട്ടിമറ്റം വില്ലേജ് പരിധിയിൽ കണ്ടെത്തിയിട്ടുള്ള റവന്യൂ പുറമ്പോക്ക് ഭൂമി കൈമാറുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കുന്നത്തുനാട് താലൂക്കിൽ ബ്ലോക്ക് 34, റീസർവ്വേ 81/3-ൽപ്പെട്ട 10.12 ആർ ഭൂമി കൈമാറ്റ വ്യവസ്ഥയിൽ പട്ടിമറ്റം KSEBL-ന് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിക്വിസിഷൻ സമർപ്പിച്ചിരുന്നതാണ്. എന്നാൽ KSEBL-ന് സേവന വകുപ്പല്ലാത്തതിനാൽ പാട്ടവ്യവസ്ഥയിൽ മാത്രമേ ഭൂമി അനുവദിക്കാൻ കഴിയുകയുള്ളൂവെന്നും ആവശ്യമെങ്കിൽ പാട്ടത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് KSEBL-ന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും KSEBL-ന് അപേക്ഷ സമർപ്പിച്ചിട്ടില്ല.

**ദലിത് ക്രൈസ്തവർക്ക് ജാതി സർട്ടിഫിക്കറ്റ്**

321 (3364) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദലിത് ക്രൈസ്തവർക്ക് വില്ലേജ് ആഫീസർമാർ ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ദലിത് ക്രൈസ്തവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുമ്പോൾ നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം ജാതിയുടെ സ്ഥാനത്ത് 'പട്ടികജാതിയിൽ നിന്നും മതപരിവർത്തനം ചെയ്തവർ' എന്ന് രേഖപ്പെടുത്തുന്നതിന് പകരം മുൻകാലത്ത് രേഖപ്പെടുത്തിയിരുന്നതു പോലെ അവരുടെ പരിവർത്തനത്തിന് മുമ്പുള്ള ജാതി രേഖപ്പെടുത്താൻ നിർദ്ദേശം നൽകണമെന്നുള്ള ആവശ്യം പരിഗണിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കേന്ദ്ര സർക്കാരിന്റെ കേരളത്തിനായുള്ള ഒ.ബി.സി. പട്ടികയിലെ ക്രമ നമ്പർ 45, കേരള സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഒ.ബി.സി. പട്ടികയിലെ ക്രമ നമ്പർ 47, കേരള സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള നോൺ ക്രീമിലെയർ (ഒ.ബി.സി.) പട്ടികയിലെ ക്രമ നമ്പർ 47, സംസ്ഥാന സർക്കാരിന്റെ ഒ.ഇ.സി. (1) പട്ടികയിലെ ക്രമ നമ്പർ 6, സംസ്ഥാന സർക്കാരിന്റെ എസ്.ഇ.ബി.സി. പട്ടികയിലെ ക്രമ നമ്പർ VII b എന്നിവയിലെ ഒരിനമായി രേഖപ്പെടുത്തിയിട്ടുള്ളത് " Scheduled Caste Converted to Christianity" എന്നാണ്. ഇത്തരത്തിൽ മാത്രമാണ് പ്രസ്തുത സർട്ടിഫിക്കറ്റുകൾ അനുവദിക്കാനാകുക. മതപരിവർത്തനം നടത്തി ക്രിസ്തുമതം സ്വീകരിക്കുന്നതോടുകൂടി ഇത്തരക്കാർക്ക്

ജാതി രേഖപ്പെടുത്തി സർട്ടിഫിക്കറ്റുകൾ അനുവദിക്കാൻ നിയമവ്യവസ്ഥയില്ലാത്തതിനാൽ പരിവർത്തനത്തിന് മുമ്പുള്ള ജാതികൂടി രേഖപ്പെടുത്തി സർട്ടിഫിക്കറ്റുകൾ അനുവദിക്കാനാകാത്തതാണ്.

**പ്രളയംമൂലം വില്ലേജാഫീസുകളിലെ രേഖകൾക്കുണ്ടായ നഷ്ടം**

322(3365) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം ഏതെങ്കിലും വില്ലേജാഫീസുകളിലെ രേഖകൾ നഷ്ടമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വില്ലേജാഫീസുകളിൽ ഏതെല്ലാം രേഖകളാണെന്ന് വിശദമാക്കാമോ;

(സി) സംയോജിത ഓൺലൈൻ പദ്ധതി നടപ്പിലാക്കിയ വില്ലേജുകളിലെ വിടെയെങ്കിലും രേഖകൾ നഷ്ടമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം രേഖകൾ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ വില്ലേജ് ഓഫീസുകളിലെ രേഖകൾ നഷ്ടപ്പെട്ടിട്ടുണ്ട്. വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) റെക്കോർഡുകൾ നഷ്ടപ്പെട്ടുപോയിട്ടുള്ള പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ താലൂക്കുകളിലെ ടി വില്ലേജുകളിലെല്ലാം തന്നെ സംയോജിത ഓൺലൈൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്.

**ലാൻഡ് ഗവേണൻസ് സൊസൈറ്റി**

323 (3366) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ എൻ.എൽ.ആർ.എം.പി./ ഡി.എൽ.ആർ.എം.പി. പദ്ധതി പ്രകാരം ലാൻഡ് ഗവേണൻസ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പദ്ധതികളുടെ റിപ്പോർട്ടുകൾ പ്രസ്തുത സൊസൈറ്റി മുഖേന തയ്യാറാക്കിയിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്. എന്നാൽ 25-6-2018-ലെ സ.ഉ. (എംഎസ്.)236/18/റവന്യൂ പ്രകാരം പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തനം നിർത്തലാക്കുകയും പകരം കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ (KLIM), കേരള ലാൻഡ് ബാങ്ക് എന്നിവ സംയോജിപ്പിച്ചുകൊണ്ട് കേരള ലാൻഡ് റെക്കോർഡ് മോഡണൈസേഷൻ മിഷൻ (KLRMM) എന്ന പേരിൽ ഒരു പുതിയ സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

(ബി&സി) പുതിയ സൊസൈറ്റി രൂപീകരിച്ചുവെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടില്ല.

**അസ്സൽ ആധാരങ്ങൾ നൽകുന്നതിനുള്ള നടപടികൾ**

324 (3367) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ചാലക്കുടി അക്കോമഡേഷൻ സ്കീമിൽ വീടും സ്ഥലവും വാങ്ങിയവർക്കുള്ള ഒറിജിനൽ ആധാരം ഇനിയും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുപ്പത്തിയഞ്ച് വർഷം മുൻപ് വിലയ്ക്ക് വാങ്ങിയ പ്രസ്തുത സ്ഥലത്തിന്റെ എൽ.എ.ആർ.കേസുകൾ ഉണ്ടായിരുന്നത് തീർപ്പുകല്പിച്ചിട്ട് വർഷങ്ങൾ പിന്നിട്ടിട്ടും ഒറിജിനൽ ആധാരം നൽകാത്തതുമൂലം അലോട്ടികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് അസ്സൽ ആധാരങ്ങൾ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) 18 സെന്റ് പുറമ്പോക്ക് സ്ഥലം ഹൗസിംഗ് ബോർഡിന് പതിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

ചാലക്കുടി ഭവന പദ്ധതിയുടെ അന്തിമ വില തീർപ്പാക്കുവാൻ സാധിക്കാത്തതുകൊണ്ടാണ് അലോട്ടികൾക്ക് അസ്സൽ ആധാരം നൽകുവാൻ കഴിയാത്തത്. ടി പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന 18 സെന്റ് പുറമ്പോക്ക് സ്ഥലംകൂടി ബോർഡിന്റെ പേരിൽ ലഭ്യമാക്കിയശേഷം അന്തിമവില തീർപ്പാക്കി അസ്സൽ ആധാരങ്ങൾ നൽകുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട നടപടികൾ തൃശ്ശൂർ കളക്ടറേറ്റിൽ പുരോഗമിച്ചുവരുന്നു.

(സി) നഗരസഭാ കൗൺസിലിന്റെ 7-10-2016-ലെ അഞ്ചാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കിഴക്കേ ചാലക്കുടി വില്ലേജ് സർവ്വേ 479/1, 480/2, 481/1-ൽപ്പെട്ട 18 സെന്റ് പുറമ്പോക്ക് ഭൂമി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നൽകുന്നതിനായി റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തം ചെയ്ത് സർക്കാർ വിജ്ഞാപനം ലഭ്യമായാൽ മാത്രമേ ടി ഭൂമിക്ക് പട്ടയ നടപടി സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ. പ്രസ്തുത ഭൂമി ഡീവെസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വില്ലേജ് ഓഫീസുകളിലെ ഓപ്പറേഷൻ മൺസൂൺ പരിശോധന**

325 (3368) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ മൺസൂൺ എന്ന പേരിൽ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ വിജിലൻസ് പരിശോധന നടത്തിയിരുന്നോ;

(ബി) പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) പരിശോധനയിൽ സേവനാവകാശ നിയമം ലംഘിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനം പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കുമെന്നത് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച 42 റിപ്പോർട്ടുകൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സേവനാവകാശ നിയമ പ്രകാരം പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനും വില്ലേജ് ഓഫീസുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും 23287/D3/2016/റവന്യൂ നമ്പരായി 2016 ആഗസ്റ്റ് 17-ന് സർക്കാർ തലത്തിൽ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് എല്ലാ വില്ലേജുകളിലും നടപ്പിൽ വരുത്തുന്നത് ഉറപ്പാക്കുന്നതിന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകുന്നതോടൊപ്പം കളക്ടറേറ്റിലെ ഇൻസ്പെക്ഷൻ ടീം, കമ്മീഷണറേറ്റിലെ ഇൻസ്പെക്ഷൻ ടീം എന്നിവർക്കൊപ്പം സർക്കാർ തലത്തിലും മിന്നൽ പരിശോധനകൾ നടത്തി ആയത് ഉറപ്പുവരുത്തുന്നുണ്ട്.

**മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ**

326 (3369) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി കയ്യേറ്റ കേസുകൾക്കായുള്ള മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ നിർത്തലാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) പ്രസ്തുത ട്രൈബ്യൂണൽ മുമ്പാകെ എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്;അതിൽ എത്ര കേസ്സുകളിൽ തീരുമാനമെടുത്തു;വ്യക്തമാക്കുമോ;

(സി) പ്രസ്തുത ട്രൈബ്യൂണലിന്റെ പ്രവർത്തനത്തിന് ഇതിനകം എത്ര ലക്ഷം രൂപ ചെലവഴിച്ചു?

ഉത്തരം

(എ) 30-7-2018-ലെ സർക്കാർ ഉത്തരവ് GO(MS)124/2018/Home പ്രകാരം മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്.

(ബി) മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ മുൻപാകെ വിവിധ കോടതികളിൽ നിന്നും അയച്ചുകിട്ടിയ 1170 കേസുകളും വിവിധ റവന്യൂ അധികാരികളിൽ നിന്നും അയച്ചുകിട്ടിയ 25 കേസുകളും ഉൾപ്പെടെ രജിസ്റ്റർ ചെയ്ത ആകെ 1195 കേസുകളിൽ 568 എണ്ണം തീർപ്പുകൽപ്പിച്ചിട്ടുള്ളതും 414 എണ്ണം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതും 26 എണ്ണം തിരിച്ചയച്ചിട്ടുള്ളതും ബാക്കി 187 എണ്ണം വിചാരണയിൽ ഇരിക്കുന്നതുമാകുന്നു.

(സി) 2017-18 സാമ്പത്തിക വർഷം വരെ ആകെ ചെലവഴിച്ചത് 730.92572 ലക്ഷം രൂപയാണ്.

## ചാലക്കുടിയിൽ വാണിജ്യ കേന്ദ്രം

327 (3370) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡുവക സ്ഥലത്ത് വാണിജ്യ കേന്ദ്രം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) ചാലക്കുടി ടൗണിന്റെ ഹൃദയഭാഗത്തായി ഹൗസിംഗ് ബോർഡുവക സ്ഥലത്ത് ഗാർഹിക-വാണിജ്യ സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) 24-9-2016-ലെ സ.ഉ.(കൈ) നമ്പർ 31/2016/ഭവനം സർക്കാർ ഉത്തരവുപ്രകാരം ഉപഭോക്താക്കളിൽനിന്ന് മുൻകൂർ പണം വാങ്ങി പാരസ്പര്യം മാതൃകയിൽ വാണിജ്യ സമുച്ചയ പദ്ധതി ചാലക്കുടിയിൽ ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിന് ഡ്രോയിംഗ് തയ്യാറാക്കി നഗരസഭയുടെ അംഗീകാരത്തിനായി നൽകിയപ്പോൾ പ്രസ്തുത സ്ഥലം നിലം ആയാണ് രേഖകളിൽ കാണുന്നത് എന്നതിനാൽ കെട്ടിട നിർമ്മാണ അനുമതി ലഭ്യമായിട്ടില്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല.

## സർവ്വേ

328 (3371) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പട്ടം വില്ലേജിന്റെ പരിധിയിലുള്ള പഴയ സർവ്വേ നമ്പർ 1778/6-1/BT 18529 ഭൂമി റീസർവ്വേ നടത്തി വിസ്തീർണ്ണം, കൈവശം ആയവ ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് കാലയളവിലാണ് പ്രസ്തുത നടപടി നടത്തിയത് എന്ന് അറിയിക്കാമോ;

(സി) അനുബന്ധ ഭൂമി റീ സർവ്വേ നടത്തിയതിൽ (VOP:314/14) കൈവശ വിസ്തീർണ്ണത്തിൽ ആധാര സൂചനയിലേതിനേക്കാൾ അധിക വിസ്തീർണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത വിസ്തീർണ്ണ വ്യത്യാസ പ്രകാരം റീസർവ്വേ രേഖകളിൽ നിയമാനുസൃതം മാറ്റം വരുത്തുന്നതിനായി ബന്ധപ്പെട്ട ഭൂവുടമ അപേക്ഷ നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാമോ ;

(എഫ്) ബന്ധപ്പെട്ട ഫയൽ നടപടിക്ക് തടസ്സമായി എന്തെല്ലാം ഘടകങ്ങൾ നിലവിൽ നിലനിൽക്കുന്നു എന്നറിയിക്കാമോ ;

(ജി) സമയബന്ധിതമായി അനുബന്ധ ഫയൽ തീർപ്പ് സാദ്ധ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം താലൂക്ക് പട്ടം വില്ലേജിന്റെ റീസർവ്വേ റെക്കാർഡുകൾ സർവ്വേ അതിരടയാള നിയമം 13 വിജ്ഞാപനപ്രകാരം 8-5-2007-ൽ പ്രസിദ്ധീകരിച്ച് 20-3-2014-ന് റെക്കോർഡുകൾ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്.

(ഇ) ഭൂവുടമയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം (ഭൂരേഖ) തഹസീൽദാരുടെ 12-8-2014-ലെ VOP-314/14 നമ്പർ നടപടിക്രമം പ്രകാരം വിസ്തീർണ്ണ വ്യത്യാസം നടത്തി ഉത്തരവായിട്ടുണ്ട്.

(എഫ്&ജി) ബന്ധപ്പെട്ട ഫയലിൽ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

**സർവ്വേ പദ്ധതികളുടെ സ്വകാര്യവൽക്കരണം**

329 (3372) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർവ്വേ വകുപ്പിൽ ഏതെങ്കിലും ലാന്റ് സർവ്വേ പദ്ധതികൾ പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കുമോ;

<u>ഉത്തരം</u>

സർവ്വേ വകുപ്പിൽ ലാൻഡ് സർവ്വേ പദ്ധതികൾ നിലവിൽ പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല. റീസർവ്വേ നടപടികൾ സമയബന്ധിതമായി

പൂർത്തിയാക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളെക്കൊണ്ട് സർവ്വേ നടപടികൾ നടത്തുന്നതിനും അതിന്റെ വാലിഡേഷൻ നടപടികൾ നിലവിൽ സർവ്വേ വകുപ്പിലുള്ള ജീവനക്കാരെക്കൊണ്ട് ചെയ്യിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

## സർവേയും ഭൂരേഖയും വകുപ്പിലെ വിജിലൻസ് വിഭാഗം

330 (3373) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവേയും ഭൂരേഖയും വകുപ്പിൽ സർവ്വേ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇവരുടെ പ്രവർത്തന മേഖല, അധികാരങ്ങൾ ഇവ എന്തെന്ന് വെളിപ്പെടുത്തുമോ;

(ബി) വകുപ്പിലെ ജീവനക്കാർക്കെതിരെ നിസ്സാരമായ കാരണങ്ങളുടെ പേരിൽ ഗുരുതരമായ ശിക്ഷാ നടപടികൾക്ക് പല അവസരങ്ങളിലും സർവെ വിജിലൻസ് ശിപാർശ ചെയ്യുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ ടി വിഭാഗത്തിന്റെ പ്രവർത്തന രീതിയിൽ എന്തെങ്കിലും അപാകത ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ടി വിഭാഗത്തിന്റെ പ്രവർത്തന മേഖല സംസ്ഥാനമൊട്ടാകെയാണ്. സർവ്വേ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളുടെയും ജീവനക്കാർക്കെതിരെയുമുള്ള പരാതിയിന്മേലുള്ള അന്വേഷണം നടത്തി റിപ്പോർട്ട് നൽകുക എന്ന കർത്തവ്യമാണ് ടി വിഭാഗം നിർവ്വഹിച്ചുവരുന്നത്.

(ബി) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

331 (3374) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ലെ പ്ലാൻ ഫണ്ടിൽനിന്നും നാട്ടിക നിയോജക മണ്ഡലത്തിൽ ചാവക്കാട് താലൂക്കിലെ തളിക്കുളം വില്ലേജിനെ സ്മാർട്ട് വില്ലേജ് ഓഫീസാക്കി

ഉയർത്തുന്നതിന് 44 ലക്ഷം രൂപ അനുവദിച്ചിരുന്നത് സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേയർ, ഡ്രാഫ്റ്റ്മാൻ തസ്തികയിൽ ബി.ടെക്, പോളിടെക്നിക് എന്നീ സാങ്കേതിക യോഗ്യതയുടെ മാത്രം അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ടോ എന്ന കാര്യം വ്യക്തമാക്കാമോ;

(സി) ആധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള സർവ്വേ ജോലികളിൽ ഡ്രാഫ്റ്റ്സ്മാൻ വിഭാഗം വകുപ്പിൽ എന്തൊക്കെ ജോലികളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സർവ്വേ ഫീൽഡ് ജോലിയും ഇതിന്റെ ഓഫീസ് സാങ്കേതിക പരിശോധനയും ഒരു വിഭാഗം ജീവനക്കാർതന്നെ നടത്തിയാൽ സർവ്വേ റിക്കാർഡുകളുടെ കൃത്യത നഷ്ടപ്പെടുന്നതിനും അഴിമതി കടന്നുകൂടുന്നതിനും ഇടയാകുമെന്ന സാഹചര്യം ഗൗരവമായി കാണുമോ?

<u>ഉത്തരം</u>

(എ) 2018-19-ലെ പ്ലാൻ ഫണ്ടിൽനിന്നും തൃശ്ശൂർ ജില്ല, ചാവക്കാട് താലൂക്ക്, തളിക്കുളം വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസാക്കി ഉയർത്തുന്നതിന് 44 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും വില്ലേജ് ഓഫീസിന്റെ നിർമ്മാണ നടപടികൾക്കായി സംസ്ഥാന നിർമ്മിതി കേന്ദ്രയുമായി എഗ്രിമെന്റ് ഒപ്പ് വെച്ചിട്ടുള്ളതും ഇ-ടെണ്ടർ നടപടികളിലിരിക്കുന്നതുമാണ്.

(ബി) സർവ്വേയും ഭൂരേഖയും വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ ബി.ടെക്, പോളിടെക്നിക് എന്നീ സാങ്കേതിക യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്.

(സി) ആധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള സർവ്വേ ജോലികളിൽ ഡ്രാഫ്റ്റ്സ്മാൻ വിഭാഗം വകുപ്പിൽ ചെയ്യുന്ന ജോലികൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ഡി) സർവ്വേ ഫീൽഡ് ജോലിയും ഇതിന്റെ ഓഫീസ് സാങ്കേതിക പരിശോധനയും ഒരു തസ്തികയിലെ ജീവനക്കാർതന്നെ നടത്തുന്ന സാഹചര്യം നിലവലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പ്രകൃതിക്ഷോഭംമൂലം വീടുകൾ നഷ്ടപ്പെട്ടവർക്കുള്ള സാമ്പത്തിക സഹായം

332 (3375) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തികവർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ പ്രകൃതിക്ഷോഭംമൂലം വീടുകൾ നഷ്ടപ്പെട്ടവർ എത്രയെന്ന് താലൂക്ക് അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) വീട് നഷ്ടപ്പെട്ടവർക്ക് എത്ര തുക അനുവദിച്ചു ; എത്ര തുക വിതരണം ചെയ്തു; വിശദമാക്കാമോ ;

(സി) ഇനി എത്ര പേർക്ക് എത്ര തുക വിതരണം ചെയ്യാനുണ്ടെന്ന് താലൂക്ക് അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം ജില്ലയിൽ പ്രകൃതിക്ഷോഭംമൂലം വീടുകൾ നഷ്ടപ്പെട്ടവരുടെ കണക്ക് താലൂക്ക് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| താലൂക്ക് | 2016-17 | 2017-18 |
|---|---|---|
| തിരുവനന്തപുരം | 21 | 26 |
| ചിറയിൻകീഴ് | 3 | 3 |
| നെയ്യാറ്റിൻകര | 26 | 31 |
| നെടുമങ്ങാട് | 0 | 1 |
| വർക്കല | 3 | 5 |
| കാട്ടാക്കട | 0 | 2 |
| ആകെ | 53 | 68 |

(ബി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം ജില്ലയിൽ പ്രകൃതിക്ഷോഭംമൂലം വീടുകൾ നഷ്ടപ്പെട്ടവർക്ക് വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| താലൂക്ക് | വിതരണം ചെയ്ത തുക |
|---|---|
| തിരുവനന്തപുരം | 26,10,000 |
| ചിറയിൻകീഴ് | 4,20,000 |
| നെയ്യാറ്റിൻകര | 29,00,000 |
| നെടുമങ്ങാട് | 95,100 |
| വർക്കല | 4,80,100 |
| കാട്ടാക്കട | 1,97,000 |
| ആകെ | 67,02,200 |

(സി) തുക വിതരണം ചെയ്യുന്നതിന് അവശേഷിക്കുന്നവരുടെ എണ്ണം

| താലൂക്ക് | തുക വിതരണം ചെയ്യുന്നതിന് അവശേഷിക്കുന്നവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 0 |
| ചിറയിൻകീഴ് | 0 |
| നെയ്യാറ്റിൻകര | 0 |
| നെടുമങ്ങാട് | 0 |
| വർക്കല | 1 |
| കാട്ടാക്കട | 0 |

**റീസർവ്വേയിൽ തോട്ടം എന്ന് തെറ്റായി രേഖപ്പെടുത്തിയ ഭൂമി**

333 (3376) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ല മീനച്ചിൽ താലൂക്കിലെ പൂഞ്ഞാർ തെക്കേക്കര വില്ലേജ്, പാറത്തോട്, എരുമേലി, കൊണ്ടൂർ വില്ലേജുകളിൽ നടന്ന റീസർവ്വേയിൽ വസ്തുവിന്റെ ഇനം രേഖപ്പെടുത്തുന്ന ഭാഗത്ത് തോട്ടം എന്ന് തെറ്റായി രേഖപ്പെടുത്തിയത് കൊണ്ട് ജനങ്ങൾക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;വിശദമാക്കുമോ;

(ബി) പ്രസ്തുത ഭൂമികൾ ക്രയവിക്രയം ചെയ്യുവാനോ ബാങ്ക് ലോണുകൾ എടുക്കുന്നതിനോ ഭൂവുടമകൾക്ക് സാധിക്കാത്തത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജില്ലയിലെ റീസർവ്വേ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുവാൻ രാഷ്ട്രീയകക്ഷികളുടെ ഒരു യോഗം വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കോട്ടയം ജില്ലയിലെ കൊണ്ടൂർ വില്ലേജിൽ 12-7-2018, 13-7-2018 തീയതികളിൽ അദാലത്ത് നടത്തുവാൻ അപേക്ഷകൾ സ്വീകരിക്കുകയും 26-8-2017-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.)നമ്പർ 303/2017 പ്രകാരം നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. വസ്തു കേരള ഭൂപരിഷ്കരണ നിയമം, 1963 സെക്ഷൻ 81(1)ഇ പ്രകാരം ഇളവ് അനുവദിച്ച തോട്ടഭൂമിയാണോയെന്ന് പരിശോധിക്കുന്നതിന് മറ്റ് താലൂക്ക് ബോർഡുകളിൽ നിന്നും മീനച്ചിൽ താലൂക്കിലെ വസ്തുക്കൾക്ക് ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തത വരുത്തുന്നതിന് എല്ലാ താലൂക്ക് ലാൻഡ് ബോർഡുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ചുരുക്കം ലാൻഡ് ബോർഡുകളിൽനിന്നും മാത്രമേ ലിസ്റ്റ് ലഭിച്ചിട്ടുള്ളൂ. കൂടാതെ ബി.റ്റി.ആർ. ഉൾപ്പെടെയുള്ള റവന്യൂ റെക്കോർഡുകളിൽ Relis Data-യിൽ തിരുത്തൽ വരുത്തുന്നതിനും സർവ്വേ വകുപ്പിൽ നിന്നും റീ സർവ്വേ റെക്കോർഡുകൾ തയ്യാറാക്കിയ വേളയിൽ 'തോട്ടം' എന്ന രേഖപ്പെടുത്തൽ ചേർക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി പരിശോധിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇപ്പോൾ അങ്ങനെയൊരു തീരുമാനം എടുത്തിട്ടില്ല.

**എടച്ചേരി വില്ലേജിലെ റീ സർവ്വേ പ്രശ്നങ്ങൾ**

334 (3377) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടച്ചേരി വില്ലേജിലെ എടച്ചേരി, വേങ്ങോളി പ്രദേശങ്ങളിൽ റീ സർവേ പൂർത്തികരിച്ചിട്ടും പൊതുജനങ്ങൾക്ക് അവരുടെ ഭൂനികുതി അടയ്ക്കാനും കൈവശാവകാശ രേഖ ലഭിക്കാനും ഭൂമികൈമാറ്റത്തിനും പ്രയാസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ പ്രദേശങ്ങളിലെ ഭൂനികുതി അടയ്ക്കാനും കൈവശാവകാശ രേഖ ലഭിക്കാനും തണ്ടപ്പേർ ലഭിക്കാനും എത്ര അപേക്ഷകൾ നിലവിലുണ്ട്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിന്മേൽ തീരുമാനം ഉണ്ടായിട്ടുണ്ട്; വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) എടച്ചേരി, വേങ്ങോളി പ്രദേശങ്ങളിലെ റീസർവ്വേ 26-6-2018-ന് പൂർത്തീകരിച്ചെങ്കിലും ഡാറ്റ റിലീസ് വെബ്സൈറ്റിൽ എന്റർ ചെയ്ത് ലഭ്യമാക്കാത്തതിനാൽ പ്രയാസം നേരിട്ടുണ്ട്. എല്ലാ കക്ഷികൾക്കും 11-7-2018 മുതൽ ഓൺലൈൻ അല്ലാതെ തന്നെ നികുതി രസീത് നൽകിയിട്ടുണ്ട്. ഇപ്പോൾ ഓൺലൈൻ ആയി നികുതി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) എടച്ചേരി വില്ലേജിൽ റീസർവ്വേ പൂർത്തിയാക്കിയ എടച്ചേരി, വേങ്ങോളി പ്രദേശങ്ങളിലെ റീസർവ്വേ ഡാറ്റ 30-10-2018-ന് ഓൺലൈൻ സംവിധാനത്തിൽ പൂർണ്ണമായി ഉൾപ്പെടുത്തി പ്രശ്നം പരിഹരിച്ചിട്ടുണ്ട്. 30-10-2018 മുതൽ ഓൺലൈൻ നികുതിയും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തണ്ടപ്പേർ സർട്ടിഫിക്കറ്റും അനുവദിക്കുന്നുണ്ട്.

(സി) ഓൺലൈൻ ആയി ഭൂനികുതി അടയ്ക്കുന്നതിനും കൈവശ രേഖ ലഭിക്കുന്നതിനും തണ്ടപ്പേർ ലഭിക്കുന്നതിനും ഇപ്പോൾ തടസ്സങ്ങൾ ഒന്നും നിലവിലില്ല. എന്നാൽ ഭൂനികുതി അടയ്ക്കുന്നതിന് സർവ്വേ അദാലത്തുമായി ബന്ധപ്പെട്ട 799 അപേക്ഷ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സർവ്വേ അദാലത്തുമായി ബന്ധപ്പെട്ട 32 അപേക്ഷകളിൽ തീർപ്പായിട്ടുണ്ട്.

**റീസർവ്വേ പൂർത്തീകരണം - വിജ്ഞാപനം പുറപ്പെടുവിക്കാൻ നടപടി**

335 (3378) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വഞ്ചിയൂർ വില്ലേജിലെ മുപ്പതിനായിരത്തോളം സ്ഥലഉടമകൾക്ക്, റീസർവ്വേ പൂർത്തിയായിട്ടും അത് വിജ്ഞാപനം ചെയ്യാത്തതുമൂലം നികുതി അടയ്ക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിജ്ഞാപനം ചെയ്യാൻ വൈകുന്നതിലെ കാരണങ്ങൾ വ്യക്തമാക്കുമോ; എന്തെങ്കിലും പരാതികൾ നിലവിലുള്ള സാഹചര്യത്തിലാണോ വിജ്ഞാപനം ചെയ്യുന്നത് വൈകുന്നത് ;

(സി) എങ്കിൽ പരാതികൾ എത്രയും വേഗം പരിഹരിച്ച് റീസർവ്വേ പൂർത്തിയായ വിവരം വിജ്ഞാപനം ചെയ്യുന്നതിനും സ്ഥല ഉടമകൾക്ക് നികുതി അടയ്ക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ മുൻ സർവ്വേ പ്രകാരം വഞ്ചിയൂർ വില്ലേജിൽ നികുതി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വഞ്ചിയൂർ വില്ലേജിന്റെ റീസർവ്വേ പ്രവർത്തനങ്ങളുടെ അന്തിമഘട്ടത്തിൽ ശ്രദ്ധയിൽപ്പെട്ട ചില പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാലാണ് വിജ്ഞാപനം വൈകുന്നത്.

(സി) വഞ്ചിയൂർ വില്ലേജിൽ ശേഷിക്കുന്ന പരാതികൾ വേഗത്തിൽ പരിഹരിച്ച് സർവ്വേ അതിരടയാള നിയമ പ്രകാരം വിജ്ഞാപനം ചെയ്ത് റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റീസർവ്വേ പൂർത്തീകരിക്കാൻ നടപടി**

336 (3379) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജുകളിൽ റീസർവ്വേ പൂർത്തീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2018-19 ൽ എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിന്റെ ആവശ്യത്തിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായിട്ടുണ്ട്. 10-5-2018-ലെ സ.ഉ.(എം.എസ്) നമ്പർ 181/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വേ സ്കൂളിൽനിന്ന് സർവ്വേ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തി വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ

നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിപ്പിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. സർവ്വേ പ്രവർത്തനങ്ങളുടെ ആധുനീകരണവുമായി ബന്ധപ്പെട്ടുള്ള നടപടികൾക്കായി 25-6-2018-ലെ സ.ഉ. (എംഎസ്.) നമ്പർ 236/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ടി ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ നടന്നുവരികയാണ്.

(ബി) 2018-19-ൽ 31 വില്ലേജുകളിലെ റീസർവ്വേ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇന്റഗ്രേഷൻ ഓഫ് ലാൻഡ് റെക്കോർഡ്സ് സർവീസ് ഡെലിവറി പ്രോജക്ടിനുവേണ്ടി നടപ്പ് സാമ്പത്തികവർഷം 50 കോടി രൂപ വകയിരുത്തിയിട്ടുള്ളതും ഇതിന്റെ ഭാഗമായി 31 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനങ്ങൾക്ക് 7.28 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്.

**വില്ലേജുകളിലെ റീസർവ്വേ നടപടികൾ**

337 (3380) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വിവിധ ജില്ലകളിലായി എത്ര വില്ലേജുകളിലാണ് റീസർവ്വേ നടപടികൾ പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ എത്ര വില്ലേജുകളിൽ റീസർവ്വേ ആരംഭിച്ചിട്ടുണ്ടെന്നും ഇത് എപ്പോൾ ആരംഭിച്ചുവെന്നും ഇനിയും പൂർത്തീകരിക്കാനുള്ള എത്ര വില്ലേജുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 28 വില്ലേജുകളുടെയും 3 ബ്ലോക്കുകളുടെയും റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ 2-7-2002-ലാണ് ആദ്യമായി സർവ്വേ അതിരടയാള നിയമപ്രകാരം സെക്ഷൻ 6(1) പരസ്യപ്പെടുത്തി റീസർവ്വേ ആരംഭിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ 11 വില്ലേജുകളുടെ റീസർവ്വേ നടപടികൾ പൂർത്തിയായിരുന്നു. 24-1-2017-ലെ ഉത്തരവ് പ്രകാരം 12 വില്ലേജുകളുടെ

റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിരുന്നു. അപ്രകാരം ആകെയുള്ള 128 വില്ലേജുകളിൽ 23 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായിട്ടുള്ളതും 3 വില്ലേജുകളുടെ റീസർവ്വേ പുരോഗതിയിലുമാണ്. പുരോഗതിയിലുള്ള 3 വില്ലേജുകളിൽ സർവ്വേ അതിരടയാള നിയമപ്രകാരം 6-11-2008-ൽ സെക്ഷൻ 6(1) പരസ്യപ്പെടുത്തിയിട്ടുള്ളതും 2017-18 സാമ്പത്തിക വർഷത്തിൽ ഫീൽഡ് വർക്ക് ആരംഭിച്ചിട്ടുള്ളതുമാണ്. നിലവിൽ 102 വില്ലേജുകളുടെ റീസർവ്വേ ശേഷിക്കുന്നു.

**സർവ്വേ സ്കൂളുകൾ**

338 (3381) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർവ്വേ സ്കൂളുകൾ നിലവിലുണ്ട്;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം പുതുതായി സ്വകാര്യ മേഖലയിൽ സർവ്വേ സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ഡ്രാഫ്റ്റ്സ്മാൻ, സർവ്വേ എന്നീ വിഷയങ്ങളെ സംയോജിപ്പിക്കുന്ന നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ഡി) ഓരോ വില്ലേജിലും സർവ്വേയർ /ഡ്രാഫ്റ്റ്സ്മാൻ എന്നിവരെ നിയമിക്കുവാൻ ഇനി എത്ര പേരുടെ ആവശ്യം ഉണ്ട്?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 5 സർക്കാർ ചെയിൻ സർവ്വേ സ്കൂളുകളും സർക്കാർ നിയന്ത്രണത്തിൽ 14 സ്വകാര്യ ചെയിൻ സർവ്വേ സ്കൂളുകളും നിലവിലുണ്ട്.

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം പുതുതായി സ്വകാര്യ മേഖലയിൽ സർവ്വേ സ്കൂളുകൾ അനുവദിച്ചിട്ടില്ല.

(സി) സർവ്വേ വകുപ്പിലെ സമാന തസ്തികകൾ സംയോജിപ്പിക്കുന്ന വിഷയം പരിശോധിക്കുന്നതിനായി സർവ്വേ വകുപ്പിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) റീസർവ്വേ ഓഫീസുകൾ കൂടാതെ എൽ.ആർ.എം., സ്പെഷ്യൽ എന്നീ സർവ്വേ പ്രവർത്തനങ്ങൾക്ക് വേണ്ടി ജില്ലാ എസ്റ്റാബ്ലിഷ്മെന്റിന് കീഴിൽ കളക്ടറേറ്റ്, താലൂക്ക് എന്നീ ഓഫീസുകളിലാണ് സർവ്വേയർ/ഡ്രാഫ്റ്റ്സ്മാൻ എന്നിവരെ നിയമിച്ചുവരുന്നത്.

എൽ.ആർ.എം., സ്പെഷ്യൽ സർവ്വേ എന്നിവയ്ക്കുവേണ്ടി നിലവിലെ സ്ഥിരം തസ്തികകൾ കൂടാതെ അപേക്ഷകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യപ്പെടുന്ന ജീവനക്കാരെ റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും നൽകിവരുന്നു. ഓരോ വില്ലേജിലും സർവ്വേയർ/ഡ്രാഫ്റ്റ്സ്മാൻ എന്നിവരെ നിയമിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

**വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി**

339 (T 3382) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രണ്ടോ മൂന്നോ സെന്റ് ഭൂമിയുള്ള പാവപ്പെട്ടവർക്ക് സന്നദ്ധ സംഘടനകളുടെയോ വ്യക്തികളുടെയോ സഹകരണത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര കുടുംബങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

രണ്ടോ മൂന്നോ സെന്റ് ഭൂമിയുള്ള പാവപ്പെട്ടവർക്ക് സന്നദ്ധ സംഘടനകളുടെയോ വ്യക്തികളുടെയോ സഹകരണത്തോടെ വീട് നിർമ്മിച്ച് നൽകുന്ന ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം സർക്കാർ സബ്സിഡിയോടുകൂടി കാസർഗോഡ് ജില്ലയിൽ ഇതുവരെയായി 73 കുടുംബങ്ങൾക്ക് സഹായം അനുവദിച്ചിട്ടുള്ളതും 60 വീടുകൾ ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. അവശേഷിക്കുന്ന വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയുമാണ്.

**ലക്ഷംവീട് കോളനികളുടെ ശോചനീയാവസ്ഥ**

340 (T3383) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷംവീട് കോളനി പദ്ധതിയിൽ വീടുകൾ അനുവദിക്കുന്നത് രണ്ട് കുടുംബങ്ങൾക്ക് ഒരു വീട് എന്ന രീതിയിലായതിനാൽ പ്രസ്തുത വീടുകളുടെ അറ്റകുറ്റപണികൾ മുടങ്ങി വാസയോഗ്യമല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കോളനികളുടെ ശോചനീയാവസ്ഥ പരിഹരിച്ച് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ&ബി) എം.എൻ ലക്ഷംവീട് പദ്ധതിക്കുവേണ്ടി സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6,16,63,260 രൂപ വിനിയോഗിച്ച് എം.എൻ. ലക്ഷംവീട് പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ പുനർനിർമ്മാണത്തിനും ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും 26-10-2018-ലെ സ.ഉ. (കൈ.) നമ്പർ 11/2018/ഭവനം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് തരുന്ന 154 ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപ വീതം വിനിയോഗിച്ച് വീടുകൾ പുതുക്കിപ്പണിയുന്നതിന് ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. ആദ്യഘട്ടമായി ഒരു കോടി 50 ലക്ഷം രൂപ 30-11-2018-ലെ ജി.ഒ.(എം.എസ്)നം. 12/2018/ഭവനം പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**നിർമ്മിതി കേന്ദ്രത്തിന് ഭവന നിർമ്മാണ പദ്ധതിയിൽ തുക**

341 (3384) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം നിർമ്മിതി കേന്ദ്രത്തിന് ഭവന നിർമ്മാണ പദ്ധതിയിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) 25-11-2018 വരെ ഈ പദ്ധതിയുടെ ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) തുക ചെലവഴിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് 2216-80-01-99 എന്ന ശീർഷകത്തിൽ സ്വയംപര്യാപ്ത ഗ്രാമ വികസന (Developing Self Sustainable Villages) പദ്ധതി പ്രകാരം 30 വീടുകളുടെയും അനുബന്ധ ഘടകങ്ങളുടേയും നിർമ്മാണത്തിനായി 344 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി&സി) സംസ്ഥാനം നേരിട്ട പ്രളയ ദുരന്തത്തിന്റെ ഫലമായി 2018-19 ബജറ്റ് വിഹിതത്തിൽ നിന്നും 20% കുറഞ്ഞ തുകയ്ക്ക് പുതുക്കിയ പ്രൊപ്പോസൽ സംസ്ഥാന നിർമ്മിതി കേന്ദ്രം ലഭ്യമാക്കിയിട്ടുണ്ട്. പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് ബജറ്റ് വിഹിതം അനുവദിക്കാത്തതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## പ്രളയത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ പൂർണ്ണമായും തകർന്ന വീടുകളുടെ നിർമ്മാണം

342 (3385) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നഗരസഭ, തെക്കുംകര, മുളങ്കുന്നത്തുകാവ്, കോലഴി, അവണൂർ, കൈപ്പറമ്പ്, തോളൂർ, അടാട്ട് എന്നീ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പൂർണ്ണമായും വീടുകൾ തകർന്ന കുടുംബങ്ങളുടെ പേരു വിവരം വ്യക്തമാക്കുമോ;

(ബി) പൂർണ്ണമായും വീടുകൾ തകർന്ന കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് നാളിതുവരെയായി നൽകിയ തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയത്തിൽ തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി നഗരസഭ, തെക്കുംകര, മുളംകുന്നത്തുകാവ്, കോലഴി, അവണൂർ, കൈപറമ്പ്, തോളൂർ, അടാട്ട് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പൂർണമായും വീടുകൾ തകർന്ന കുടുംബങ്ങളുടെ പേരുവിവരങ്ങളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) പൂർണ്ണമായും വീടുകൾ തകർന്നതിന് നാളിതുവരെ 140 പേർക്ക് 560 ലക്ഷം രൂപ അനുവദിച്ചു.

## പ്രധാനമന്ത്രി ആവാസ് യോജനയിൽ ഇരുപതിനായിരം വീടുകൾ നഷ്ടമായ കാര്യം

343 (3386) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഭവന പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജനയിൽ കേരളത്തിന് ലഭിക്കുമായിരുന്ന ഇരുപതിനായിരം വീടുകൾ ഇത്തവണ നഷ്ടമായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച വീടുകൾ പൂർത്തിയാക്കിയിട്ടില്ലെന്ന പരാതി പരിശോധിക്കുമോ; ഇതിനുത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കേന്ദ്രസർക്കാരിന്റെ ഫണ്ട് ഉപയോഗിക്കാതെ വരുന്നത് സംസ്ഥാനത്തിന്റെ തുടർന്നുള്ള പദ്ധതികളെ ബാധിക്കുമെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രാമ പ്രദേശങ്ങളിൽ നടപ്പാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിക്കായി വീടുകൾ നഷ്ടമായിട്ടില്ല.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**ഹൗസിംഗ് ബോർഡ്**

344 (3387) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ഹൗസിംഗ് ബോർഡ് മുഖേന എത്ര ഭവനനിർമ്മാണ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകാമോ;

(ബി) വ്യാപകമായ ഭവനനിർമ്മാണ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഹൗസിംഗ് ബോർഡിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; വിശദവിവരം നൽകുമോ;

(സി) ഹൗസിംഗ് ബോർഡിനെ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡ് സംസ്ഥാന സർക്കാരിന്റെ 2017-18 വർഷത്തെ ബജറ്റ് വിഹിതം ഉപയോഗിച്ച് സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് 12 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന വായ്പാ പദ്ധതികൾ ഒന്നുംതന്നെ ബോർഡിനെ ഏൽപ്പിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലഘട്ടത്തിൽ ആവിഷ്കരിച്ച ഗൃഹശ്രീ പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17-ൽ 28.88 കോടി രൂപയും 2017-18-ൽ 7.27 കോടി രൂപയും സർക്കാർ സബ്സിഡിയായി ലഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെയായി 876 ഗുണഭോക്താക്കൾക്ക് ഗൃഹശ്രീ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ 711 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 165 പേരുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

<u>ഗൃഹശ്രീ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ്</u>

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ഭവനം പൂർത്തിയാക്കിവരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 171 | 166 |
| കൊല്ലം | 35 | 33 |
| ആലപ്പുഴ | 73 | 54 |
| പത്തനംതിട്ട | 12 | 11 |
| കോട്ടയം | 110 | 92 |
| ഇടുക്കി | 80 | 71 |
| എറണാകുളം | 32 | 30 |
| തൃശ്ശൂർ | 3 | 3 |
| പാലക്കാട് | 186 | 118 |
| മലപ്പുറം | 55 | 39 |
| കോഴിക്കോട് | 13 | 13 |
| വയനാട് | 20 | 17 |
| കണ്ണൂർ | 35 | 26 |
| കാസർഗോഡ് | 51 | 38 |
| ആകെ | 876 | 711 |

(ബി) ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികളെല്ലാം സർക്കാർ അംഗീകാരത്തോടുകൂടിയുള്ളവയാണ്. ദുർബല വിഭാഗങ്ങൾക്കായിട്ടുള്ള ഭവന പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ (ലൈഫ് പദ്ധതി) മുഖാന്തരമാണ് നടപ്പിലാക്കുന്നത്. ഭവന നിർമ്മാണ ബോർഡ് നൂതനമായ പുതിയ ഭവന പദ്ധതികൾ സമർപ്പിക്കുകയാണെങ്കിൽ അക്കാര്യം സർക്കാർ പരിശോധിക്കുന്നതായിരിക്കും.

(സി) ഹൗസിംഗ് ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. നിലവിൽ കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാർ ധനസഹായത്തോടുകൂടി വിവിധ ജില്ലകളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിച്ചുവരുന്നു. 2013-14 കാലഘട്ടം മുതൽ ഗൃഹശ്രീ ഭവന പദ്ധതിയും ബോർഡ് മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ സർക്കാർ ഏൽപ്പിക്കുന്ന വിവിധ വകുപ്പുകളുടെ കീഴിലുള്ള വർക്കുകളും ചെയ്തുവരുന്നുണ്ട്. ഭാവിയിൽ കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഡീസൽ വില വർദ്ധനവ് മത്സ്യബന്ധന മേഖലയിൽ സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി

345 (3388) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില വർദ്ധനവ് മത്സ്യബന്ധന മേഖലയിൽ സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ;

(ബി) ഡീസൽ വില വർദ്ധനവ് കാരണം ഒരു ബോട്ടിന് സാമ്പത്തിക ബാധ്യത വർഷത്തിൽ പന്ത്രണ്ട് ലക്ഷം മുതൽ പതിനെട്ട് ലക്ഷം രൂപ വരെയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇരുന്നൂറ്റമ്പത് മുതൽ അഞ്ഞൂറ് ലിറ്റർ ഡീസൽ വരെ നിറച്ച് മത്സ്യബന്ധനത്തിന് പോകുന്ന പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങൾക്ക് പ്രതിദിന അധിക ചെലവ് 3250 മുതൽ 6500 രൂപ വരെ ആണെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ബോട്ടിന്റെ പ്രവർത്തനവും വലിപ്പവും അനുസരിച്ച് ഡീസലിന്റെ ഉപഭോഗം വ്യത്യാസപ്പെടും. പതിനഞ്ച് ദിവസത്തിൽ കൂടുതൽ കടലിൽ തങ്ങി മത്സ്യബന്ധനം നടത്തുന്ന ബോട്ടുകളിൽ ഏകദേശം 3000 മുതൽ 4000 ലിറ്റർ വരെ ഡീസൽ ഒരു തവണ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നു. ഇങ്ങനെ ശരാശരി 20 തവണയെങ്കിലും ഇത്തരം ബോട്ടുകൾ ഒരു വർഷത്തിൽ മൾട്ടി ഡേ ഫിഷിംഗ് നടത്താറുണ്ട്. അതുപ്രകാരം ചെലവിൽ കാര്യമായ വർദ്ധനവ് മത്സ്യബന്ധന ബോട്ടുകൾക്ക് ഉണ്ടാകുന്നുണ്ട്. മത്സ്യത്തിന് മെച്ചപ്പെട്ട വില ലഭിക്കുന്നത് കുറെയേറെ ആശ്വാസകരമാണ്.

(സി&ഡി) ഡീസൽ വില വർദ്ധനവുമൂലം മത്സ്യബന്ധന ചെലവ് വർദ്ധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി ഡീസലിന് സബ്സിഡി നൽകുന്നുണ്ടെങ്കിലും അത് ബി.പി.എൽ.കാർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ അത് ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യമുണ്ട്. ഈ ആനുകൂല്യം എ.പി.എൽ.കാർക്കുകൂടി അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുവരികയാണ്. കൂടാതെ, ഒരു ലിറ്റർ ഡീസലിന് ഏകദേശം 8 രൂപ റോഡ് ടാക്സ് ഇനത്തിൽ ചുമത്തപ്പെടുന്നുണ്ട്. മത്സ്യബന്ധന യാനങ്ങളിൽ ഉപയോഗിക്കുന്ന ഡീസലിൽ ചുമത്തുന്ന റോഡ് ടാക്സ് ഒഴിവാക്കുവാനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ശുചിത്വ സാഗരം പദ്ധതി**

346 (3389) <u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> :
<u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ശുചിത്വ സാഗരം പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമമാക്കി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ലോകത്തിനുതന്നെ മാതൃകയായി മാറിയ പ്രസ്തുത പദ്ധതിക്ക് ഐക്യരാഷ്ട്ര സഭയുടെയും ലോക സാമ്പത്തിക ഫോറത്തിന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. കടലിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ശുചിത്വ സാഗരം പദ്ധതി നീണ്ടകര ഹാർബറിൽ 20-11-2017 മുതൽ നടപ്പാക്കിവരുന്നു.

നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് ശുചിത്വ സാഗരം പദ്ധതി നടപ്പിലാക്കുന്നതിന് ശുചിത്വ മിഷന്റെ ധനസഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 14.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ജനകീയ പങ്കാളിത്തത്തോടുകൂടി ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കൊല്ലം ജില്ലാ ശുചിത്വ മിഷൻ, നെറ്റ് ഫിഷ് എം.പി.ഇ.ഡി.എ., സാഫ്, കോസ്റ്റൽ പോലീസ്, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെയും ബോട്ട് ഓണേഴ്സ് അസോസിയേഷന്റെയും മറ്റ് മത്സ്യത്തൊഴിലാളി സംഘടനകളുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. മത്സ്യബന്ധന സമയത്ത് ലഭിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ബോട്ട് ഓണേഴ്സ് അസോസിയേഷന്റെയും മത്സ്യത്തൊഴിലാളികളുടെയും സഹകരണത്തോടെ സംഭരിച്ച് കരയിലെത്തിച്ച് നീണ്ടകര ഹാർബറിൽ സ്ഥാപിച്ചിട്ടുള്ള ഷ്രെഡ്ഡിംഗ് യൂണിറ്റിൽ സംസ്കരിച്ച് റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചുവരുന്നു. സാഫിൽ നിന്നും തെരഞ്ഞെടുത്ത 15 വനിതകൾ വീതമുള്ള രണ്ട് ഷിഫ്റ്റ് വഴി പ്ലാസ്റ്റിക് മാലിന്യങ്ങൾ കഴുകി ഉണക്കി ഷ്രെഡ്ഡിംഗ് യൂണിറ്റിൽ പൊടിച്ച് ശേഖരിക്കുന്നു. ഇതുവരെ 3987 വേസ്റ്റ് ചാക്കുകൾ ശേഖരിച്ച് സംസ്കരിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ഒരു ദിവസം ഒരു ഷിഫ്റ്റിൽ 200 കിലോഗ്രാമോളം മാലിന്യങ്ങൾ സംസ്കരിക്കാൻ കഴിയും. ഇതുവഴി 30 വനിതകൾക്ക് തൊഴിലും ലഭ്യമായിട്ടുണ്ട്.

(ബി) ശുചിത്വ സാഗരം പദ്ധതി സംസ്ഥാനത്തെ മറ്റ് ഹാർബറുകളിൽ തദ്ദേശഭരണ സ്ഥാപന സഹകരണത്തോടുകൂടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഹാർബറുകളേയും തീരദേശത്തേയും മാലിന്യ വിമുക്തമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ലോകത്തിനു മാതൃകയായ പദ്ധതി എന്ന രീതിയിൽ ഇത് സംബന്ധിച്ച റിപ്പോർട്ട് ലോക സാമ്പത്തിക ഫോറത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഐക്യരാഷ്ട്ര സഭയും പദ്ധതിയെ ശ്ലാഘിച്ചിട്ടുണ്ട്.

## ചെറുമത്സ്യങ്ങളെ പിടികൂടുന്നത് തടയുവാൻ നടപടി

347 (3390) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും മത്സ്യസമ്പത്തിനെ ബാധിക്കുന്ന വിധം ചെറുമത്സ്യങ്ങളെ പിടികൂടുന്നത് തടയുന്നതിന് എന്തെല്ലാം പരിശോധനകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കടലിലെ ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന എന്ന വിഷയത്തെക്കുറിച്ച് മത്സ്യത്തൊഴിലാളികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എല്ലാ മറൈൻ ജില്ലകളിലും റെസ്ക്യൂ ബോട്ടുകൾ ലഭ്യമാക്കുകയും ഇംപൗണ്ടിംഗ് ഓഫീസർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ഫിഷറീസ് സ്റ്റേഷനുകളിലും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ സഹായത്തോടുകൂടി എല്ലാ ദിവസവും കടൽ പട്രോളിംഗ് നടത്തുകയും മത്സ്യബന്ധന യാനങ്ങളിൽ പരിശോധന നടത്തുകയും ചെറു മത്സ്യങ്ങളെ പിടിക്കുന്ന യാനങ്ങൾക്കെതിരെ KMFR ആക്ട് അനുസരിച്ച് നടപടികളെടുക്കുകയും ചെയ്തുവരുന്നു.

(ബി) 2017-ലെ കെ.എം.എഫ്.ആർ. ആക്ട് ഭേദഗതിയിലൂടെ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകൃതമായിട്ടുണ്ട്. ജൂവനൈൽ ഫിഷിംഗ് ഉൾപ്പെടെയുള്ള അശാസ്ത്രീയ മത്സ്യബന്ധനം മത്സ്യത്തൊഴിലാളികളുടെകൂടെ സഹായത്തോടെ ബോധവൽക്കരണം നടത്തി പിൻതിരിപ്പിക്കുക എന്നത് എഫ്.എം.സി.കളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. CMFRI-യുടെ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (MLS) നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി 58 മത്സ്യങ്ങളുടെ ലിസ്റ്റ് മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചുകൊടുക്കുകയും തീരദേശത്തെ ഓഫീസുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചെറു മത്സ്യങ്ങളെ പിടിക്കുന്നതിനെതിരെ മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്.

## നിരോധിച്ചിട്ടുള്ള മത്സ്യബന്ധനരീതികൾ

348 (3391) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരയിൽനിന്നും അഞ്ചു നോട്ടിക്കൽ മൈൽ അപ്പുറത്തേയ്ക്ക് അനുവദിച്ചിട്ടുള്ള റിംഗ് വല മത്സ്യബന്ധനരീതി, കരയിൽ നിന്ന് അഞ്ചു നോട്ടിക്കൽ മൈലിന് അകത്തും നടക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ലൈറ്റ്, ക്ലാഞ്ഞിൽ, പ്ലാസ്റ്റിക് കുപ്പി എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനരീതി നിരോധിച്ചിട്ടും തിരുവനന്തപുരം ജില്ലയിൽ അവ വ്യാപകമായി ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് തടയുന്നതിന് ഫലപ്രദമായ നപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേരള തീരത്ത് കൊല്ലങ്കോട് മുതൽ പരവൂർ-പൊഴിക്കര വരെ 30 മീറ്റർ ആഴത്തിൽ വരെയും പരവൂർ പൊഴിക്കര മുതൽ ബെംഗാര മഞ്ചേശ്വരം വരെ 20 മീറ്റർ ആഴംവരെയും മെക്കനൈസ്ഡ് ഫിഷിംഗ് വെസ്സലുകൾക്ക് മത്സ്യബന്ധനം നടത്താൻ പാടില്ല എന്ന് കെ.എം.എഫ്.ആർ. റൂളിൽ വ്യക്തമാക്കിയിട്ടുണ്ട്. അത് കൃത്യമായി പാലിക്കുന്നതിന് മറൈൻ എൻഫോഴ്സ്മെന്റിന്റെ സഹായത്തോടുകൂടി നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് ലംഘിക്കുന്ന മെക്കനൈസ്ഡ് മത്സ്യബന്ധന യാനങ്ങൾ ഇംപൗണ്ട് ചെയ്ത് കെ.എം.എഫ്.ആർ. ആക്ട് അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ലൈറ്റ്, ക്ലാഞ്ഞിൽ, കൂട്ടിക്കെട്ടിയ പ്ലാസ്റ്റിക് കുപ്പികൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനരീതി നിയന്ത്രിക്കുന്നതിനുവേണ്ടി കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമത്തിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. 12 വോൾട്ടിന് മുകളിലുള്ള കൃത്രിമ ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനരീതിയാണ് നിരോധിച്ചിട്ടുള്ളത്. മറൈൻ എൻഫോഴ്സ്മെന്റിന്റെ സഹായത്തോടെ ഇത്തരം തെറ്റായ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ ഇതിന്റെ ഭവിഷ്യത്തുകളെ സംബന്ധിച്ച് ബോധവൽക്കരണവും നടത്തിവരുന്നുണ്ട്.

## പീലിംഗ് തൊഴിലാളികളുടെ മിനിമം വേതനം

349 (3392) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ ഫിഷറീസ് വകുപ്പ് മന്ത്രി ചെയർപേഴ്സനായി 2009-2010 കാലയളവിൽ പ്രവർത്തിച്ചിരുന്ന മിനിമം വേജസ് കമ്മിറ്റി പീലിംഗ് തൊഴിലാളികൾക്ക് നിശ്ചയിച്ചിരുന്ന മിനിമം വേതനം എപ്രകാരമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ആയത് നടപ്പിലാക്കാൻ പീലിംഗ് ഷെഡ് ഉടമകൾക്ക് നിവൃത്തിയില്ലാത്തതുകൊണ്ട് കയർമേഖലയിൽ ചെയ്യുന്നതുപോലെ ഇൻകം സപ്പോർട്ട് സ്കീം മത്സ്യ സംസ്കരണ മേഖലയിൽ നടപ്പിലാക്കാനാകുമോ; ആയതിന്റെ സാധ്യത പരിശോധിക്കുമോ;

(സി) മത്സ്യസംസ്കരണ മേഖലയിൽ നാട്ടുകാരായ തൊഴിലാളികളുടെ എണ്ണത്തിൽ വന്ന ഗണ്യമായ കുറവ് പരിശോധിച്ചിട്ടുണ്ടോ;

(ഡി) മത്സ്യസംസ്കരണ മേഖലയിൽ ജോലിചെയ്യുന്ന പീലിംഗ് തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; ആയത് തീരെ അപര്യാപ്തമാകയാൽ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിവരിക്കുമോ?

### ഉത്തരം

(എ) നിലവിലെ ഫിഷറീസ് വകുപ്പുമന്ത്രി മിനിമം വേജസ് അഡ്വൈസറി കമ്മിറ്റി ചെയർമാനായിട്ടില്ല. പക്ഷേ അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. 2010 മാർച്ച് 15-ലെ സർക്കാർ ഉത്തരവ് (കൈ)39/2010/തൊഴിൽ പ്രകാരം പീലിംഗ് തൊഴിലാളികൾക്ക് നിശ്ചയിച്ച മിനിമം വേതനം, 2018 ആഗസ്റ്റ് 2-ലെ സർക്കാർ ഉത്തരവ് (അച്ചടി)നമ്പർ62/2018/തൊഴിൽ പ്രകാരമുള്ള മിനിമം വേതനം എന്നിവ അനുബന്ധമായി +ചേർക്കുന്നു.

(ബി) മത്സ്യസംസ്കരണ മേഖലയിൽ ജോലി ചെയ്യുന്നവരും അനുബന്ധത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായവരുമായ അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും ഇൻകം സപ്പോർട്ടിംഗ് പദ്ധതി (തണൽ പദ്ധതി) പ്രകാരം ധനസഹായം 2011-12 മുതൽ നൽകി വരുന്നു. പ്രതിവർഷം 1350 രൂപയാണ് നൽകുന്നത്.

(സി) ഇത്തരം പരിശോധന നടത്തിയിട്ടില്ല.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) 1990-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭേദഗതി ആക്ട് പ്രകാരം മത്സ്യ അനുബന്ധ മേഖലയിൽ ജോലി ചെയ്തുവരുന്ന പീലിംഗ് തൊഴിലാളികൾ ഉൾപ്പെടെ എല്ലാ തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്. ഇങ്ങനെ അംഗമാകുന്ന അനുബന്ധ ത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന 11 പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. പദ്ധതി വിശദാംശം താഴെ രേഖപ്പെടുത്തുന്നു.

അനുബന്ധത്തൊഴിലാളി ക്ഷേമ പദ്ധതി

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

അപകടംമൂലം മരണമടയുന്ന അനുബന്ധത്തൊഴിലാളികളുടെ ആശ്രിതർക്ക് 10,00,000 രൂപയും അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത അനുഭവിക്കുന്നവർക്ക് 10,00,000 രൂപയും സ്ഥിരവും ഭാഗികവുമായ അവശത അനുഭവിക്കുന്നവർക്ക് 5,00,000 രൂപയും ആശുപത്രി ചികിത്സാ ചെലവിനായി പരമാവധി 25,000 രൂപയും നൽകുന്നു. കുട്ടികളുടെ വിദ്യാഭ്യാസ ചെലവിനായി 10,000 രൂപയും. ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ അനുബന്ധ ത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇവരിൽ നിന്ന് പ്രത്യേകമായി പ്രീമിയം ഈടാക്കുന്നില്ല.

2. വാർദ്ധക്യകാല പെൻഷൻ

60 വയസ്സ് പൂർത്തിയാകുന്ന അനുബന്ധത്തൊഴിലാളികൾക്ക് നൽകി വന്നിരുന്ന പ്രതിമാസ പെൻഷൻ 600 രൂപയിൽനിന്ന് 1,000 രൂപയാക്കി. പിന്നീട് 1,100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

3.അനുബന്ധത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് കുടിശ്ശികയില്ലാതെ വിഹിതമടച്ചുവരുന്ന മത്സ്യബന്ധന അനുബന്ധത്തൊഴിലാളി ഏത് സാഹചര്യത്തിൽ മരിച്ചാലും മറ്റ് പദ്ധതികൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലെങ്കിൽ അവരുടെ ആശ്രിതർക്ക് 5,000 രൂപ ധനസഹായമായി നൽകിവന്നിരുന്നത് 15,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

4. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി

മത്സ്യബന്ധന അനുബന്ധത്തൊഴിലാളിയായി അംഗത്വമെടുത്തിട്ടുള്ള സ്ത്രീ തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷയ്ക്ക് 750 രൂപ ധനസഹായം നൽകുന്ന പദ്ധതിയും നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്.

5. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്

അനുബന്ധമത്സ്യത്തൊഴിലാളികളുടെ മക്കളിൽ സംസ്ഥാനതലത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് എല്ലാ വിഷയത്തിലും എ+ നേടിയ വിദ്യാർത്ഥിക്ക് 5000 രൂപയും 9 എ+ നേടിയ വിദ്യാർത്ഥിക്ക് 4000 രൂപയും 8 എ+ നേടിയ വിദ്യാർത്ഥിക്ക് 3000 രൂപയും നൽകുന്നു. കൂടാതെ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പഠിക്കുന്ന ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി പാസ്സാകുന്ന വിദ്യാർത്ഥിക്ക് 3000 രൂപയും നൽകുന്നു.

6. രോഗ ചികിത്സാ പദ്ധതി

അനുബന്ധത്തൊഴിലാളികളുടെ രോഗ ചികിത്സയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി 21-5-2002 മുതൽ പ്രാബല്യത്തിൽ വരികയുണ്ടായി. താഴെ പറയുന്ന രോഗങ്ങൾക്കാണ് സാമ്പത്തിക ധനസഹായം അനുവദിക്കുന്നത്. ഹൃദ്രോഗം, വൃക്കരോഗം, ക്യാൻസർ (പരമാവധി 25,000 രൂപ), തളർവാതം, സ്വബോധം നഷ്ടപ്പെട്ട മാനസികരോഗി (പരമാവധി 10,000 രൂപ), വനിതാ അനുബന്ധത്തൊഴിലാളികൾക്ക് ഗർഭാശയ സംബന്ധമായ രോഗങ്ങൾക്ക് (പരമാവധി 5000 രൂപ).

7. അനുബന്ധത്തൊഴിലാളികളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി

അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് സൗജന്യ ധനസഹായമായി 1,500 രൂപ നൽകിവന്നിരുന്നത് 10,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിവാഹത്തിനുശേഷം 60 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട രേഖകൾ (മാര്യേജ് സർട്ടിഫിക്കറ്റ്) സഹിതം ഫിഷറീസ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

8. കുടുംബ സംവിധാന പദ്ധതി

അനുബന്ധത്തൊഴിലാളി കുടുംബത്തിലെ ഭർത്താവോ ഭാര്യയോ കുടുംബാസൂത്രണ ശസ്ത്രക്രിയക്ക് വിധേയമായാൽ അതിനെ തുടർന്നുള്ള ശുശ്രൂഷയ്ക്ക് 500 രൂപ ധനസഹായമായി ഈ പദ്ധതി പ്രകാരം നൽകുന്നു.

9. ബോർഡിന്റെ പ്രത്യേക ധനസഹായം

ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ബോർഡിന്റെ തീരുമാനത്തിന് വിധേയമായി നിശ്ചിത തുക ധനസഹായമായി ബോർഡിൽനിന്നും അനുവദിക്കുന്നു.

10. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

ബോർഡ് ഓഫ് ഹയർ സെക്കണ്ടറി (+2) പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ഗ്രേഡ് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് 5,000 രൂപ, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് 5,000 രൂപ എന്നിങ്ങനെ ക്യാഷ് അവാർഡും മെറിറ്റ് സർട്ടിഫിക്കറ്റും നൽകുന്നു.

11. പ്രത്യേക പദ്ധതി

തണൽ പദ്ധതി - സംസ്ഥാന സർക്കാർ കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ് തണൽ. ടി പദ്ധതി തൊഴിൽ വകുപ്പ് മുഖേന ബോർഡിലൂടെ നടപ്പിലാക്കുന്നതാണ്. കേന്ദ്രസർക്കാരിന്റെ പൂർണ്ണ സാമ്പത്തിക സഹായത്തോടെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന വിവര ശേഖരണം നടത്തി ബയോമെട്രിക് തിരിച്ചറിയൽ കാർഡിന് എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും പ്രതിവർഷം 1,350 രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

**കടൽ രക്ഷാ സ്ക്വാഡ്**

350 (3393) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യ തൊഴിലാളികളെ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ എത്ര കടൽ രക്ഷ സ്ക്വാഡുകളാണ് രൂപീകരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

ഉത്തരം

കാസർഗോഡ് ജില്ലയിൽ ആദ്യഘട്ടത്തിൽ 8 മത്സ്യഗ്രാമങ്ങളിലായി 8 കടൽരക്ഷാ സ്ക്വാഡ് യൂണിറ്റുകളാണ് രൂപീകരിക്കുന്നത്. ചെറുവത്തൂർ, കാസർഗോഡ്, പള്ളിക്കര, തൈകടപ്പുറം, ഹോസ്ദുർഗ്, മഞ്ചേശ്വരം, കോയിപ്പാടി, കോട്ടിക്കുളം എന്നിങ്ങനെ 8 മത്സ്യഗ്രാമങ്ങളിലായി 8 കടൽരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഒരു യൂണിറ്റിൽ 5 യാനങ്ങളും ഒരു യാനത്തിൽ 3 വീതം ആകെ 15 മത്സ്യത്തൊഴിലാളികളും അടങ്ങുന്നതാണ് ഒരു കടൽസുരക്ഷാ സ്ക്വാഡ്. 8 കടൽ രക്ഷാ സ്ക്വാഡുകളിലുമായി 40 യാനങ്ങളും 120 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നു. തെരഞ്ഞെടുക്കപ്പെടുന്നവരെ ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് കടൽരക്ഷ, ദുരന്ത നിവാരണം, പവർ ബോട്ട് പ്രവർത്തിപ്പിക്കൽ എന്നിവയിൽ പരിശീലനം നൽകാനാണുദ്ദേശിക്കുന്നത്.

## കടലിൽ രക്ഷാപ്രവർത്തനത്തിന് പരിശീലനം

351 (3394) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ അപകടങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ ഫലപ്രദമായ രക്ഷാപ്രവർത്തനം നടത്തുന്നതിന് മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതിനായി മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകാൻ ആലോചിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കടലിൽ ഓഖി പോലുള്ള ദുരന്തങ്ങളുണ്ടാകുന്ന അവസരങ്ങളിൽ ഫലപ്രദമായ രക്ഷാപ്രവർത്തനം നടത്തുന്നതിന് മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി കടൽ സുരക്ഷാ സ്ക്വാഡ് രൂപീകരിക്കുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ 9 കടലോര ജില്ലകളിലെ തെരഞ്ഞെടുത്ത 60 മത്സ്യ ഗ്രാമങ്ങളിലാണ് പദ്ധതി നടപ്പാക്കിവരുന്നത്. ഓരോ മത്സ്യഗ്രാമങ്ങളിലും അവിടങ്ങളിൽ ലഭ്യമായ 5 യാനങ്ങളും ഓരോ യാനത്തിലും 3 മത്സ്യത്തൊഴിലാളികൾ വീതം 15 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നതാണ് ഒരു കടൽ സുരക്ഷാ സ്ക്വാഡ്. ഇങ്ങനെ 60 മത്സ്യഗ്രാമങ്ങളിലായി 300 യാനങ്ങളും 900 മത്സ്യത്തൊഴിലാളികളും അടങ്ങുന്നതായിരിക്കും ആദ്യഘട്ട കടൽ സുരക്ഷാ സ്ക്വാഡ്. കടൽരക്ഷാ സ്ക്വാഡുകളിലേയ്ക്ക് തെരഞ്ഞെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് കടൽരക്ഷാ പ്രവർത്തനങ്ങളിലും പവർ ബോട്ട് പ്രവർത്തിപ്പിക്കുന്നതിലും ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും ഗോവയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പരിശീലനം നൽകുന്നതാണ്. രക്ഷാ പ്രവർത്തനങ്ങൾക്ക് ഇവരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടി വരുമ്പോൾ ടി സേവനത്തിന് സർക്കാർ നിശ്ചയിക്കുന്ന വേതനം ഇവർക്ക് നൽകും. സ്ക്വാഡിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന യാനങ്ങളിൽ അത്യാവശ്യം വേണ്ട കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളും ജീവൻ രക്ഷാ ഉപകരണങ്ങളും നൽകുന്നതാണ്.

(ബി) ഇതിനായി തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളികളെ ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ആദ്യപടിയായി തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങളുടെ ഭാഗമായുള്ള നീന്തൽ ടെസ്റ്റ്, ഫിറ്റ്നസ് ടെസ്റ്റ് എന്നിവ നടന്നുവരുന്നു.

**മുറ്റത്തൊരു മീൻ തോട്ടം പദ്ധതി**

352 (3395) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി മാതൃകയിൽ മത്സ്യ വ്യാപനം ജനകീയമാക്കുന്നതിന് ആരംഭം കുറിച്ച ഫിഷറീസ് വകുപ്പിന്റെ 'മുറ്റത്തൊരു മീൻ തോട്ടം' പദ്ധതി പ്രളയ ബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ടോ;

(ബി) പ്രളയത്തിൽ കൂടുതൽ ദുരിതം അനുഭവിച്ച ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ വിശദവിവരങ്ങളും അടങ്കൽ തുകയും വിശദമാക്കാമോ?

ഉത്തരം

(എ) പൊതുജനങ്ങൾക്കിടയിൽ മത്സ്യകൃഷിയുടെ സാദ്ധ്യതകളെ പരിചയപ്പെടുത്തുന്നതിനും മത്സ്യകൃഷിയുടെ വ്യാപനം ജനകീയമാക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള മുറ്റത്തൊരു മീൻതോട്ടം പദ്ധതിയുടെ ആദ്യഘട്ടം പ്രളയബാധിത ജില്ലകളിലാണ് (തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ചെങ്ങന്നൂർ മണ്ഡലം ഉൾപ്പെടെ ആലപ്പുഴ ജില്ലയെയും പദ്ധതി നടപ്പിലാക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിയോജക മണ്ഡലം തിരിച്ച് തുക വിഭജിച്ചിട്ടില്ല.

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

353 (3396) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്തുനിന്നും മത്സ്യബന്ധനത്തിനായി പോകുന്ന ബോട്ടുകൾ കപ്പലിടിച്ച് അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ചരക്ക കപ്പലുകൾ നിയമം തെറ്റിച്ച് തീരത്തേക്ക് കടന്നുവരുന്നതാണ് അപകട കാരണമെന്ന മത്സ്യത്തൊഴിലാളികളുടെ പരാതി പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ അതിനനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;

(സി) ഇത്തരം അപകടങ്ങൾ തടയാനും മത്സ്യമേഖലയിലെ ഭീതി അകറ്റാനും എന്തെല്ലാം നടപടികളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് കേരളത്തിൽ ഇത്തരം 7 അപകടങ്ങൾ നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ചരക്കുകപ്പലുകൾ നിയമം തെറ്റിച്ച് തീരത്തേയ്ക്ക് വരാറില്ല. അവ കപ്പൽ ചാലിലൂടെ മാത്രമേ പോകാറുള്ളൂ. അന്താരാഷ്ട്ര കപ്പൽചാൽ നമ്മുടെ രാജ്യത്തിന്റെ തെക്ക് പടിഞ്ഞാറ് വിഴിഞ്ഞം മുതൽ ബേപ്പൂർ വരെ 12 നോട്ടിക്കൽ മൈലിന് അടുത്ത് കൂടിയാണ് കടന്നുപോകുന്നത്. മാത്രമല്ല, സൗത്ത് ഈസ്റ്റ് ഏഷ്യയേയും സൂയസ് കനാലിനേയും ബന്ധിപ്പിക്കുന്ന നേരിട്ടുള്ള കടൽപാത കൂടിയാണ് ഈ മേഖല. അതുപോലെ ഇന്ത്യൻ മഹാസമുദ്രത്തിലെ ഏറ്റവും കൂടുതൽ മത്സ്യസമ്പത്ത് ലഭ്യമാകുന്ന മേഖലകൂടിയാണിത്. അതുകൊണ്ടുതന്നെ അപകട സാദ്ധ്യത കൂടിയ മേഖലയാണിത്. സംസ്ഥാനത്തിന്റെ അധികാര പരിധിക്ക് പുറത്ത് 12 നോട്ടിക്കൽ മൈലിന് വെളിയിലാണ് ഇത്തരം കപ്പൽ അപകടങ്ങൾ നടക്കുന്നത്. ഇക്കാര്യത്തിൽ കോസ്റ്റ്ഗാർഡ്, നേവി, ഷിപ്പിംഗ് മന്ത്രാലയം എന്നിവരോട് കൂടുതൽ നിരീക്ഷണം ആവശ്യമാണെന്ന് പല ഘട്ടങ്ങളിലും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കപ്പലിടിച്ചുള്ള അപകടങ്ങൾ തടയുന്നതിനായി കേന്ദ്ര സർക്കാർ 1-2-2018-ലെ 21001/02/2017-Fly(Ind) പ്രകാരം കരട് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ പുറപ്പെടുവിക്കുകയും 10-8-2018-ന് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ്, മുംബെയുടെ നേതൃത്വത്തിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തീരുമാനിക്കുന്നതിനായി രണ്ടാംഘട്ട ചർച്ച നടത്തുകയുമുണ്ടായി. ടി മീറ്റിംഗുകളിൽ കപ്പൽ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നമ്മുടെ സംസ്ഥാനം അവതരിപ്പിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നാവിഗേഷൻ നിയമമനുസരിച്ചുള്ള ലൈറ്റുകൾ, കൊടികൾ, റിഫ്ലക്ടറുകൾ, സെൻസറുകൾ എന്നിവ നിർബന്ധമാക്കണമെന്നും 12 നോട്ടിക്കൽ മൈലിന് പുറത്ത് മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളിൽ AIS നിർബന്ധമാക്കണമെന്നും കേരള തീരത്ത് സജീവ മത്സ്യബന്ധന

മേഖലയ്ക്കപ്പുറത്തുകൂടി യാത്ര ചെയ്യാൻ കപ്പലുകൾക്ക് Director General, ഷിപ്പിംഗ് നിർദ്ദേശം നൽകണമെന്നും ഇതിനപ്പുറം 3 നോട്ടിക്കൽ മൈൽ വീതിയിൽ ഷിപ്പിംഗ് കോറിഡോർ നിശ്ചയിക്കണമെന്നും അന്താരാഷ്ട്ര മാരിടൈം ഓർഗനൈസേഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ കപ്പലുകൾക്ക് നിർദ്ദേശം നൽകണമെന്നുമുള്ള ആവശ്യങ്ങൾ സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് 23-10-2018-ന് സംസ്ഥാന ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവയെ പങ്കെടുപ്പിച്ച് നടത്തിയ മീറ്റിംഗിൽ ഇക്കാര്യങ്ങൾ വിലയിരുത്തുകയും മത്സ്യബന്ധന ബോട്ടിലെ സ്രാങ്ക്, ഡ്രൈവർ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് നാവിഗേഷൻ നിയമങ്ങളെ സംബന്ധിച്ചും കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ചും പരിശീലനം നൽകുന്നതിന് തീരുമാനിക്കുകയും അതിനനുസരിച്ച് നടപടികൾ സ്വീകരിച്ചുവരികയുമാണ്. കൂടാതെ, മത്സ്യത്തൊഴിലാളികൾക്ക് ഈ വിഷയം സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഇതിന് പുറമേ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി 22-11-2018-ന് കപ്പൽ ചാനലുകൾ സജീവ മത്സ്യബന്ധന പ്രദേശത്തിനപ്പുറത്തായി നിശ്ചയിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര ഷിപ്പിംഗ് വകുപ്പുമന്ത്രിക്കും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനും കത്തയച്ചിട്ടുണ്ട്.

2018 സെപ്റ്റംബർ മാസം 1 മുതൽ നിലവിൽ വന്ന കെ.എം.എഫ്.ആർ. റൂളിലൂടെ കേരള തീരത്തുനിന്നും മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യബന്ധന യാനങ്ങൾക്ക് വെസ്സൽ ട്രാക്കിംഗ് ഡിവൈസ് അല്ലെങ്കിൽ AIS (ആട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം) നിർബന്ധമാക്കിയിട്ടുണ്ട്. അതുപോലെ നാവിഗേഷൻ ലൈറ്റുകളും മറ്റ് ഉപകരണങ്ങളും കമ്മ്യൂണിക്കേഷൻ, ജീവൻ രക്ഷാ ഉപകരണങ്ങൾ എന്നിവയും നിർബന്ധമാക്കിയിട്ടുണ്ട്.

**തീരദേശ സ്കൂളുകളുടെ നവീകരണം**

354 (3397) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരിതാശ്വാസ നടപടികളുടെ ഭാഗമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ തീരദേശ മേഖലയിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതി രൂപീകരണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കൊല്ലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഓഖി ദുരിതാശ്വാസ നടപടികളുടെ ഭാഗമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി തീരദേശ മേഖലയിലെ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല.

എന്നാൽ തീരദേശ മേഖലയിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ മികവുറ്റതാക്കുകയെന്ന ലക്ഷ്യത്തോടെ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 294.72 കോടി രൂപയുടെ 71 സ്കൂൾ നവീകരണം അടങ്ങുന്ന കൺസ്സെപ്റ്റ് നോട്ടിനും റഫ് കോസ്റ്റ് എസ്റ്റിമേറ്റിനും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഓരോ പദ്ധതി പ്രദേശവും സന്ദർശിച്ച് വിശദമായ എസ്റ്റിമേറ്റ്, പ്ലാനുകൾ, ഡ്രോയിംഗുകൾ എന്നിവ അടങ്ങിയ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി തയ്യാറാക്കിവരുന്നു. സ്കൂൾ നവീകരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആയത് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ വേണമെന്നറിയിച്ചതിനാൽ പ്രസ്തുത സ്കൂളുകളുടെ ലിസ്റ്റ് അംഗീകാരത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്.

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി കൊല്ലം നിയോജക മണ്ഡലത്തിലെ ഗവൺമെന്റ് ൗൺ അപ്പർ പ്രൈമറി സ്കൂൾ, കച്ചേരിമുക്ക് നവീകരണത്തിനായി 499 ലക്ഷം രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

**ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് തൊഴിൽ**

355 (3398) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇതുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവരെ എത്ര പേർക്ക് തൊഴിൽ നൽകിയെന്നറിയിക്കാമോ;

(സി) ഓഖി ദുരന്തത്തിൽ മരണപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളികളുടെയും ആശ്രിതർക്ക് സർക്കാർ പ്രഖ്യാപിച്ച പ്രകാരമുള്ള തൊഴിൽ സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

## ഉത്തരം

(എ&ബി) ഓഖി ദുരന്തത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു.

ഓഖിയിൽ മരണപ്പെട്ടവരും കാണാതായവരുമായ 143 മത്സ്യത്തൊഴിലാളികളുടെ വിധവകളിൽ 40-ഉം അതിൽ താഴെയും വയസ്സുള്ളവരും 10-ാം തരത്തിൽ താഴെ വിദ്യാഭ്യാസ യോഗ്യത ഉള്ളവരുമായ 41 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറയിലുള്ള നെറ്റ് ഫാക്ടറിയിലും ഒരാൾക്ക് കണ്ണൂർ നെറ്റ് ഫാക്ടറിയിലും ജോലി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അപ്രകാരം രേഖകളുമായി ഹാജരായ 37 പേർക്ക് നിയമന ഉത്തരവ് നൽകിയിരുന്നതിൽ 35 പേർ ജോലിക്ക് ഹാജരാകുകയും നിലവിൽ 34 പേർ ജോലിയിൽ തുടരുകയും ചെയ്യുന്നു.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായവർക്ക് സമാശ്വാസമേകണമെന്ന ലക്ഷ്യത്തോടെ തീരദേശത്ത് വസിക്കുന്ന മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്ന് 200 പേരെ 14 തീരദേശ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡർമാരായി നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

തീരദേശ പോലീസ് സ്റ്റേഷനുകളിൽ മത്സ്യത്തൊഴിലാളികളെ കോസ്റ്റൽ വാർഡൻമാരായി നിമയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

(സി) ആശ്രിതരിൽ കൂടുതൽ വിദ്യാഭ്യാസമുള്ളവർക്ക് തൊഴിൽ പരിശീലനവും മത്സര പരീക്ഷാ പരിശീലനവും നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തീരദേശത്തുള്ള സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിനുള്ള ready to cook പദ്ധതിയും സർക്കാർ പരിഗണനയിലാണ്.

**ഓഖി ദുരന്തബാധിതർക്ക് സ്പെഷ്യൽ പാക്കേജ്**

356 (3399) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തബാധിതർക്കായി 2000 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനരേഖ തയ്യാറാക്കാൻ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്മിറ്റി അംഗങ്ങൾ ആരെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനത്തിനായി 2000 കോടി രൂപയുടെ ഒരു സമഗ്ര തീരദേശ വികസന പാക്കേജ് നടപ്പിലാക്കുന്നതിനായി സി.എം.ഡി. ചെയർമാനായ ശ്രീ. എസ്. എം. വിജയാനന്ദ്, ഐ.എ.എസ് (റിട്ട) ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

വിദഗ്ദ്ധ സമിതി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിശദമായ പഠനങ്ങൾ നടത്തേണ്ടതും ഫീൽഡുതല വിവരങ്ങൾ ശേഖരിക്കേണ്ടതുമുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. ഇതിനായി ജീവനോപാധി സംബന്ധിച്ചുള്ള പഠനങ്ങൾ IRMA (Institute of Rural Management Anand) മുഖാന്തരവും Basic Human Needs, Coastal Infrastructure, Human Development, Social Security, Quality of Public Services, Self Help Groups and Co-operatives, Safety, Disaster Management എന്നിവ സംബന്ധിച്ചുള്ള പഠനങ്ങൾ TISS (Tata Institute of Social Sciences) മുഖാന്തരം നടത്തുന്നതിന് തീരുമാനിക്കുകയും DPR തയ്യാറാക്കി സമർപ്പിക്കുന്നതിന് KPMG (Klynbveld Peat Marwick Goerdeler)-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്നതിനായി ശ്രീ. എസ്. എം. വിജയാനന്ദ്, ഐ.എ.എസ്. (റിട്ട.) ചെയർമാൻ, സി.എം.ഡി., ചെയർമാനായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി 15-3-2018-ലെ സ.ഉ. (സാധാ.) നമ്പർ 170/2018/മഭവ. പ്രകാരം ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | Shri S. M. Vijayanand IAS (Rtd.) Chairman, CMD) | Chairman |
| 2 | Shri B. Srinivas IAS, Principal Secretary (Fisheries & Harbour Engineering) | Co-Chairman |

| | | |
|---|---|---|
| 3 | Shri S. Venkatesapathi IAS Director of Fisheries, Thiruvananthapuram | Convenor |
| 4 | Shri P. Sahadevan Additional Director of Fisheries (Head Quarters) | Co-Convenor |
| 5 | Shri Anil Kumar Chief Engineer, Harbour Engineering Department | Member |
| 6 | Dr. Joy Elamon, Directror KILA, Thrissur | Member |
| 7 | Dr. N. K. Sasidharan Pillai Director, IRTC, Mundoor, Palakkad | Member |
| 8 | Shri V. N. Jithendran, IAS (Rtd)<br>Former Director of Fisheries) Bodhi,<br>Mundakkal West P.O., Kollam-691 001. | Member |
| 9 | Shri S. Sajith, Chief Executive,<br>National Resource Organisation, NRLM, Kudumbasree Mission | Member |
| 10 | Shri K. Sivakumar<br>(former Additional Development Commissioner), Madathil, SLRA-39, Swagath Lane, Vattiyoorkavu.P.O,<br>Thiruvananthapuram-695 013. | Member |
| 11 | Shri Shekhar Kuriakose Member Secretary, State Disaster Management Authority, Thiruvananthapuram. | Member |

(സി) സമർപ്പിച്ചിട്ടില്ല.

(ഡി) കമ്മിറ്റി നിരവധി സിറ്റിംഗുകൾ നടത്തുകയുണ്ടായി. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിശദമായ പഠനങ്ങൾ നടത്തേണ്ടതും ഫീൽഡുതല വിവരങ്ങൾ ശേഖരിക്കേണ്ടതുമുണ്ട്. ജീവനോപാധി സംബന്ധിച്ചുള്ള പഠനങ്ങൾ IRMA (Institute of Rural Management Anand) മുഖാന്തരവും Basic

Human Needs, Coastal Infrastructure, Human Development, Social Security, Quality of Public Services, Self Help Groups and Co-operatives, Safety, Disaster Management എന്നിവ സംബന്ധിച്ചുള്ള പഠനങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് TISS (Tata Institute of Social Sciences) നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ DPR തയ്യാറാക്കി സമർപ്പിക്കുന്നതിന് KPMG (Klynveld Peat Marwick Goerdeler)-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. IRMA, TISS എന്നീ സ്ഥാപനങ്ങളുടെ പഠന റിപ്പോർട്ടും KPMG-യിൽ നിന്ന് DPR-ഉം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഓഖി ദുരന്തബാധിതർക്ക് ആനുകൂല്യങ്ങൾ**

357 (3400) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തബാധിതരായ എല്ലാ മൽസ്യതൊഴിലാളികൾക്കും ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടില്ലെന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ നിജസ്ഥിതി എന്താണ്; വിശദവിവരം നൽകുമോ;

(ബി) മാനദണ്ഡമനുസരിച്ചുള്ള ആനുകൂല്യങ്ങൾ മുഴുവൻ ഈ വിഭാഗത്തിന് വിതരണം ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) അടിയന്തരമായി നൽകേണ്ടതായ എല്ലാ ആനുകൂല്യങ്ങളും ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തുവരികയാണ്.

ഓഖി ദുരന്തത്തിൽ മരണപ്പെട്ടതോ കാണാതായതുമായതോ ആയ മത്സ്യത്തൊഴിലാളികളുടെ എണ്ണം 143 ആണ്. ടി മത്സ്യത്താഴിലാളികളുടെ കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി സർക്കാർ പ്രഖ്യാപിച്ച 20 ലക്ഷം രൂപ ജില്ലാ കളക്ടർമാർ മുഖേന വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ഫിഷറീസ് വകുപ്പിന് അനുവദിച്ച തുക വിനിയോഗിച്ച് 114032 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000 രൂപ വീതം മൊത്തം 22.80 കോടി രൂപ വിതരണം ചെയ്തു.

ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ട 380 മത്സ്യത്തൊഴിലാളികൾക്ക് 6.76 കോടി രൂപ അനുവദിച്ചുനൽകി.

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് വളരെ വേഗം കരയിലെത്തിച്ച് ചികിത്സ ഉറപ്പുവരുത്തുന്നതിന് സഹായകരമായ 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിനുള്ള ധാരണാപത്രം കൊച്ചിൻ ഷിപ്പ്യാർഡുമായി 31-5-2018-ൽ ഒപ്പുവച്ചു. 3 മറൈൻ ആംബുലൻസിനുവേണ്ടി വരുന്ന മൊത്തം തുകയായ 18.24 കോടി രൂപയിൽ 7.36 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ഓഖി ഫണ്ട്) നിന്നാണ് കണ്ടെത്തിയിട്ടുള്ളത്. ധാരണാപത്രം പ്രകാരമുള്ള ആദ്യ ഇൻസ്റ്റാൾമെന്റായി 3.36 കോടി രൂപ കൊച്ചിൻ ഷിപ്പ്യാർഡിന് അനുവദിച്ചു. നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ആദ്യ ഇൻസ്റ്റാൾമെന്റായ 3.36 കോടി രൂപ നൽകിയതിൽ 1.36 കോടി രൂപ ഓഖി ഫണ്ടും 2 കോടി രൂപ ഫിഷറീസിന്റെ പ്ലാൻ ഫണ്ടുമാണ്. നിർമ്മാണത്തിന്റെ പുരോഗതിക്കനുസരിച്ച് ധാരണാപത്ര പ്രകാരം ഘട്ടങ്ങളായി ബാക്കി തുക ചെലവഴിക്കുന്നതാണ്.

ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യ ത്തൊഴിലാളികൾക്ക് സ്ഥലവും വീടും കണ്ടെത്തുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കാൻ 7.41 കോടി രൂപ ഓഖി ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. സ്ഥലം കണ്ടെത്തി വീട് വയ്ക്കുന്നതിനുള്ള നടപടികൾ ജില്ലകളിൽ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പൂർണ്ണമായും വീട് നഷ്ടപ്പെട്ട മത്സ്യ ത്തൊഴിലാളികൾക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖേന പ്രതിമാസം 3,000 രൂപ വീതം വാടക നൽകി വരുന്നു. ഇതിനായി 26.64 ലക്ഷം രൂപ അനുവദിച്ചു. ഭാഗികമായി കേടുപറ്റിയ 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ റിപ്പയർ ചെയ്യുന്നതിനായി 2.042 കോടി രൂപ അനുവദിച്ചു. റവന്യൂ വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുടെയും മക്കളായി 309 പേരുണ്ട്. ഇവരിൽ 185 പേർക്ക് first level graduation വരെ വിദ്യാഭ്യാസ ധനസഹായവും ബിരുദം പൂർത്തിയാക്കിയ 124 പേർക്ക് തൊഴിൽ പരിശീലനവും നൽകുന്നതിന് 13.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2037 വർഷം വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയിൽ ആദ്യ വർഷം ആവശ്യമായ 56.95 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക ഓരോ വർഷവും ആവശ്യകതയ്ക്കനുസരിച്ച് അനുവദിക്കുന്നതാണ്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽ സുരക്ഷാ സംവിധാനങ്ങളും കടൽ രക്ഷാ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ ഒരു ഗ്രാമത്തിൽ 5 യാനങ്ങളും ഓരോ യാനത്തിലും 3 മത്സ്യത്തൊഴിലാളികളും എന്ന കണക്കിൽ ആകെ 300 യാനങ്ങളും 900

മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്ന കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് 7.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലകളിൽനിന്ന് കടൽ സുരക്ഷാ സ്ക്വാഡുകളെ തെരഞ്ഞെടുത്ത് ആദ്യ ബാച്ച് ട്രെയിനിംഗിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ്, ഗോവയിലേയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യ ബാച്ച് പരിശീലനം ഉടൻ ആരംഭിക്കുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് അപകട ഘട്ടങ്ങളിൽ ജീവൻ രക്ഷയ്ക്കായി 40,000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്നതിന് 6.10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. അവ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 12-12-2018-നാണ് ടെണ്ടറിന്റെ അവസാന തീയതി.

ഉപഗ്രഹ സഹായത്തോടെ കാലാവസ്ഥാ വ്യതിയാനങ്ങളും അപകട മുന്നറിയിപ്പുകളും 1500 കിലോ മീറ്റർ വരെ അകലത്തിലുള്ള മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ സഹായിക്കുന്ന നാവിക് ഉപകരണം ISRO വികസിപ്പിച്ചെടുക്കുകയും സാങ്കേതികവിദ്യ കെൽട്രോണിന് കൈമാറുകയും അവർ വ്യാവസായികാടിസ്ഥാനത്തിലുള്ള നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 15000 നാവിക് ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നതിന് 15.93 കോടി രൂപ അനുവദിച്ചു. ആദ്യ ഘട്ടത്തിൽ 5000 നാവിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോണുമായി ഫിഷറീസ് വകുപ്പ് ധാരാണാപത്രം ഒപ്പുവച്ചു. കെൽട്രോൺ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ISRO സൗജന്യമായി 500 നാവിക് ഉപകരണങ്ങൾ നൽകുന്നുണ്ട്. നാവിക് ഉപകരണങ്ങൾ നവംബർ 30-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി വിതരണോദ്ഘാടനം ചെയ്തു. സൗജന്യമായി ലഭ്യമായ നാവിക് ഉപകരണങ്ങൾ ജില്ലകളിൽ ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്.

ആഴക്കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ദുരന്ത സമയങ്ങളിൽ ദൂരപരിധിയില്ലാതെ കരയുമായി ബന്ധപ്പെടാൻ സഹായിക്കുന്ന സാറ്റലൈറ്റ് ഫോൺ ആദ്യഘട്ടത്തിൽ 1000 എണ്ണം ബി.എസ്.എൻ.എൽ. മുഖാന്തരം വാങ്ങുന്നതിന് 9.42 കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ.-മായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഓഖിയിൽ മരണപ്പെട്ടവരും കാണാതായവരുമായ 143 മത്സ്യത്തൊഴിലാളികളുടെ വിധവകളിൽ 40-ൽ താഴെ വയസ്സുള്ളവരും 10-ാം തരത്തിൽ താഴെ വിദ്യാഭ്യാസ യോഗ്യത ഉള്ളവരുമായ 42 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നൽകുന്നതിന് ഉത്തരവ് ആകുകയും 37 പേർ പ്രവേശിച്ചതിൽ

നിലവിൽ 34 പേർ ജോലി ചെയ്തുവരികയും ചെയ്യുന്നു. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായ വിഭാഗത്തിന് സമാശ്വാസമേകണമെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി മത്സ്യത്തൊഴിലാളി യുവാക്കളിൽനിന്നും 200 പേരെ കോസ്റ്റൽ വാർഡൻമാരായി നിയമിക്കുന്നതിന് ഉത്തരവാകുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനത്തിനായി 2000 കോടി രൂപയുടെ ഒരു സമഗ്ര തീരദേശ വികസന പാക്കേജ് നടപ്പിലാക്കുന്നതിനായി ശ്രീ. എസ്. എം. വിജയാനന്ദ്, ഐ.എ.എസ്. (റിട്ട.), ചെയർമാൻ സി.എം.ഡി. ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

വിദഗ്ദ്ധ സമിതി നിരവധി സിറ്റിംഗുകൾ നടത്തുകയുണ്ടായി. വിദഗ്ദ്ധമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിശദമായ പഠനങ്ങൾ നടത്തേണ്ടതും ഫീൽഡുതല വിവരങ്ങൾ ശേഖരിക്കേണ്ടതുമുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്.

ഇതിനായി ജീവനോപാധി സംബന്ധിച്ചുള്ള പഠനങ്ങൾ IRMA (Institute of Rural Management Anand) മുഖാന്തരവും Basic Human Needs, Coastal Infrastructure, Human Development, Social Security, Quality of Public Services, Self Help Groups and Co-operatives, Safety, Disaster Management എന്നിവ സംബന്ധിച്ചുള്ള പഠനങ്ങൾ TISS (Tata Institute of Social Science) മുഖാന്തരം നടത്തുന്നതിന് തീരുമാനിക്കുകയും DPR തയ്യാറാക്കി സമർപ്പിക്കുന്നതിന് KPMG (Klynveld Peat Marwick Goerdeler)-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**ഓഖി ദുരന്തത്തിൽ പരിക്കേറ്റവർക്കുള്ള സഹായം**

358 (3401) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ പരിക്കേറ്റവരുടെയും ജീവനോപാധികൾ നഷ്ടപ്പെട്ട് മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്തവരുടെയും വ്യക്തമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ദുരന്തത്തിനിരകളായവരിൽ പരിക്കേറ്റവരുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കാനും മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകി മത്സ്യബന്ധന ഉപകരണങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഓഖി ദുരന്തത്തിൽ പരിക്കേറ്റ എല്ലാ മത്സ്യത്തൊഴിലാളികളുടെയും ജീവനോപാധികൾ നഷ്ടപ്പെട്ട് മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്തവരുടെയും പൂർണ്ണ വിവരം ശേഖരിച്ചിട്ടുണ്ട്. പ്രസ്തുത ദുരന്തത്തിൽ പരിക്കുപറ്റി ആശുപത്രി ചികിത്സയിൽ കഴിഞ്ഞിരുന്ന 219 മത്സ്യത്തൊഴിലാളികൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കുകയും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും മൊത്തം 10,60,000 രൂപയുടെ അടിയന്തര ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഓഖി ദുരന്തത്തിൽ പരിക്കുപറ്റി ചികിത്സ വേണ്ടിവന്ന അർഹരായ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുകയും മത്സ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി അനുസരിച്ചുള്ള ചികിത്സാ ധനസഹായം മത്സ്യബോർഡ് മുഖേന നൽകിയും വരുന്നു. കൂടാതെ അപകടംമൂലം പൂർണ്ണമായോ ഭാഗികമായോ അവശത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും അർഹതയുടെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് ധനസഹായം ലഭ്യമാക്കുന്നുണ്ട്.

ഓഖി ദുരന്തത്തിൽ പൂർണ്ണമായും ഭാഗികമായും മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട 380 മത്സ്യത്തൊഴിലാളികൾക്കായി നഷ്ടപരിഹാരമായി ഒന്നുമുതൽ അഞ്ച് വരെ ഘട്ടങ്ങളിലായി ആകെ 6,76,85,739 (ആറ് കോടി എഴുപത്തി ആറ് ലക്ഷത്തി എൺപത്തി അയ്യായിരത്തി എഴുന്നൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം) രൂപ വിതരണം ചെയ്തുകഴിഞ്ഞു.

**കൊല്ലം ജില്ലയിലെ ഓഖി ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾ**

359 (3402) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരിതാശ്വാസ/പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി നാളിതുവരെ കൊല്ലം ജില്ലയിൽ ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതൊക്കെ മേഖലയിൽ, എന്തെല്ലാം പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത ഫണ്ട് ചെലവഴിച്ചത് എന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാണോ; ലഭ്യമാണെങ്കിൽ ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(സി) ഇരവിപുരം അസംബ്ലി നിയോജക മണ്ഡലത്തിലുൾപ്പെട്ട തീരദേശ മേഖലയിൽ ഓഖി സൃഷ്ടിച്ച നാശനഷ്ടങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഇരവിപുരം നിയോജകമണ്ഡലത്തിലെ തീരമേഖലയിൽ ഓഖി ദുരിതാശ്വാസ/പുനരധിവാസ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക ഇനം തിരിച്ച് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ & ബി) ഓഖി ചുഴലിക്കാറ്റുമൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് 2,000 രൂപ അടിയന്തര ധനസഹായമായി 14,699 മത്സ്യത്തൊഴിലാളികൾക്ക് 2,93,98,000 രൂപ നൽകി. മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട 39 മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി 61,48,800 രൂപ നൽകി. രജിസ്ട്രേഷനും ലൈസൻസും ഇല്ലാത്ത ഭാഗികമായി നഷ്ടപ്പെട്ട ഒരു മത്സ്യബന്ധന യാനത്തിന് നഷ്ടപരിഹാരമായി 22,000 രൂപ അനുവദിച്ചു. മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ധനസഹായവും മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടതിനുള്ള നഷ്ടപരിഹാരത്തിനുമായി പ്രസ്തുത ഫണ്ട് ചെലവഴിച്ചു.

(സി) ഇരവിപുരം മണ്ഡലത്തിൽ ഓഖി ദുരന്തംമൂലം 3 വീടുകൾക്ക് പൂർണ്ണമായും നാശനഷ്ടം സംഭവിച്ചു.

(ഡി) ഇരവിപുരം നിയോജക മണ്ഡലത്തിൽ അടിയന്തര ധനസഹായമായി 696 മത്സ്യത്തൊഴിലാളികൾക്ക് 2,000 രൂപ വീതം നൽകി. വീട് നഷ്ടപ്പെട്ടവർക്ക് മാസം 3,000 രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്കുള്ള വാടകയും അനുവദിച്ചിട്ടുണ്ട്. ഇവർക്ക് വീട് നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ മണ്ഡലത്തിലെ കൊണ്ടേത്ത് പാലം ഇരവിപുരം ബ്രിഡ്ജ് റോഡിന് 2.14 കോടി രൂപ ചെലവുള്ള പദ്ധതി സർക്കാർ പരിഗണനയിലാണ്.

## കമ്പവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർക്കുള്ള ഓഖി നഷ്ടപരിഹാരം

360 (3403) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഠിനംകുളം, പുത്തൻതോപ്പ് തുടങ്ങിയ മേഖലകളിൽ കമ്പവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് ഓഖി ദുരിതാശ്വാസത്തിന്റെ ഭാഗമായുള്ള നഷ്ടപരിഹാരം ലഭ്യമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവർക്ക് നഷ്ടപരിഹാരം നൽകാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) കമ്പവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർക്ക് ഓഖി ദുരന്തത്തിൽ ഉണ്ടായ നഷ്ടങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനർഹർ കടന്നുകൂടാതിരിക്കുന്നതിനുള്ള മുൻകരുതൽ എന്ന നിലയിൽ ഓഖി ദുരന്തത്തിനുശേഷം ഏകദേശം രണ്ടാഴ്ചയ്ക്കകംതന്നെ ദുരന്തബാധിതരുടെ വിശദവിവരങ്ങൾ ഫിഷറീസ് വകുപ്പ് ശേഖരിച്ചിരുന്നു. എന്നാൽ കഠിനംകുളം, പുത്തൻതോപ്പ് ഭാഗത്തുള്ള ദുരന്തബാധിതരുടെ അപേക്ഷ 2018 ഫെബ്രുവരി മാസത്തിലാണ് ഫിഷറീസ് വകുപ്പിൽ ലഭിച്ചത്. വൈകി ലഭിച്ച അപേക്ഷകളായതുകൊണ്ടും ഓഖി ദുരന്തം ഗുരുതരമായി ബാധിച്ച വിഴിഞ്ഞം, അടിമലത്തുറ, പൂവാർ പ്രദേശത്തൊന്നും കമ്പവലയ്ക്ക് നാശനഷ്ടം സംഭവിച്ചിട്ടില്ലാത്തതുകൊണ്ടും ടി അപേക്ഷകളിൽ വിശദമായ പരിശോധന ആവശ്യമായി വന്നിരുന്നു. നിലവിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ടുള്ള ലിസ്റ്റ് ലഭ്യമായിട്ടുണ്ട്. ലിസ്റ്റ് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഓഖി ദുരന്തത്തിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ടുള്ള കമ്പവല തൊഴിലാളികളുടെ ലിസ്റ്റ് നിലവിൽ ലഭ്യമായിട്ടുണ്ട്. കാലതാമസം വന്നിട്ടുള്ളതാകയാൽ വിശദമായി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**കടലാക്രമണത്തിന് ഇരയായ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ധനസഹായം**

361 (3404) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അടുത്തകാലത്തായി രൂക്ഷമായ കടലാക്രമണത്തിൽ മത്സ്യത്തൊഴിലാളികളുടെ വീടുകൾ, മത്സ്യബന്ധനോപകരണങ്ങൾ എന്നിവ തകരുകയും കേടുപാടുകൾ സംഭവിക്കുകയും ചെയ്തതിനെത്തുടർന്ന് മത്സ്യത്തൊഴിലാളികൾ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ കടൽക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് അടിയന്തരമായി ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 24,451 കുടുംബങ്ങളുണ്ടെന്ന് ഫിഷറീസ് വകുപ്പ് 2016-ൽ നടത്തിയ പ്രാഥമിക സർവ്വേ കണക്കാക്കിയിട്ടുണ്ട്. ഇതിൽ 10,000-ത്തോളം മത്സ്യത്തൊഴിലാളികൾ കടൽക്ഷോഭം ഏറ്റവും രൂക്ഷമായ പ്രദേശങ്ങളിലാണ് താമസിക്കുന്നത്. വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ 2017-18 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു.

1. 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 400 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയിൽ വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട 171 പേരിൽ 144 പേർ ഭവന നിർമ്മാണം ആരംഭിച്ചു. ഇതിൽ 98 പേർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

2. 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയിൽ 314 പേർ സ്ഥലം വാങ്ങുകയും ഇതിൽ 197 പേരുടെ ഭവന നിർമ്മാണം പുരോഗമിച്ചുവരികയും ചെയ്യുന്നു.

3. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം കാരോട് വില്ലേജിൽ 1.05 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. മറ്റ് ജില്ലകളിലും ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതാണ്.

4. തിരുവനന്തപുരം ജില്ലയിലെ വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ് മത്സ്യഗ്രാമത്തിൽപ്പെട്ടവരും 50 മീറ്ററിനുള്ളിൽ താമസിച്ചിരുന്നവരും കടലാക്രമണത്തെത്തുടർന്ന് ക്യാമ്പുകളിൽ കഴിഞ്ഞിരുന്നവരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് മുട്ടത്തറ വില്ലേജിൽ ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച് 187 പേർക്ക് കൈമാറിയിട്ടുണ്ട്.

കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 2016-17 വർഷത്തിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് ധനസഹായം. പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 120 പേർ ഇതുവരെ സ്ഥലം വാങ്ങുകയും 78 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ടി പദ്ധതിയിൽ 3 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

അതോടൊപ്പം 2018 മൺസൂൺ കാലയളവിനുശേഷം സംസ്ഥാനത്ത് വിവിധ ജില്ലകളിലുണ്ടായ കടൽക്ഷോഭത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് സി.എം.ഡി.ആർ.എഫ്.ൽ നിന്നും നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(സി) 13-07-2018-ന് മലപ്പുറം പൊന്നാനിയിൽ അപ്രതീക്ഷിതമായുണ്ടായ കടൽക്ഷോഭത്തിൽ തകർന്ന മത്സ്യബന്ധനയാനങ്ങൾക്കും മറ്റ് മത്സ്യബന്ധന ഉപകരണങ്ങൾക്കും സംഭവിച്ച നാശനഷ്ടത്തിന് ഏകദേശം തത്തുല്യമായ തുക നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.

## മത്സ്യ ലഭ്യതയിലെ ഇടിവ്

362 (3405) <u>ശ്രീ. കെ .ജെ . മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യലഭ്യതയിൽ വൻഇടിവ് വന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 2016-17, 2017-18 എന്നീ വർഷങ്ങളിലും നടപ്പുവർഷമായ 2018-19 ഒക്ടോബർ 31 വരെയും സംസ്ഥാനത്ത് നിന്നും ആകെ ലഭിച്ച മത്സ്യം എത്ര ടൺ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ മത്സ്യലഭ്യത വർദ്ധനവില്ലാതെ തുടരുകയോ കുറയുകയോ ചെയ്യുന്ന പ്രവണതയുടെയും സംസ്ഥാനതീരത്ത് സമൃദ്ധമായി ലഭിച്ചിരുന്ന മത്തി പോലുള്ള മത്സ്യങ്ങളുടെ ലഭ്യതയിൽ വലിയ ശോഷണം സംഭവിച്ചതിന്റെയും പശ്ചാത്തലത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനാവകാശം സംരക്ഷിക്കാനായി സമഗ്ര ജലപരിഷ്കരണ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള മത്സ്യബന്ധന ബോട്ടുകൾ കേരള തീരത്തെ ചെറുമീനുകളെയടക്കം പിടിച്ച് മത്സ്യസമ്പത്തിന് ശോഷണം വരുത്തുന്നത് തടയാൻ ഈ സർക്കാർ എന്തൊക്കെ സത്വരനടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2012-13 മുതൽ 2015-16 വരെ മത്സ്യലഭ്യതയിൽ കുറവുണ്ടായിട്ടുണ്ട്.

(ബി)

| വർഷം | ഉൾനാടൻ ഉൽപ്പാദനം (മെട്രിക് ടൺ) | സമുദ്ര ഉൽപ്പാദനം (മെട്രിക് ടൺ) | ആകെ (മെട്രിക് ടൺ) |
|---|---|---|---|
| 2016-17 | 188130 | 488336 | 676466 |
| 2017-18 | 189081 | 483686 | 672767 |
| 2018-19 മാർച്ച് വരെ | 55606 | 139066 | 194672 |
| ആകെ | 432817 | 1111088 | 1543905 |

2016-17 വർഷത്തിൽ 676466 മെട്രിക് ടൺ മത്സ്യവും 2017-18 വർഷത്തിൽ 672767 മെട്രിക് ടൺ മത്സ്യവും 2018-19 (മാർച്ച് വരെ) 194672 മെട്രിക് ടൺ മത്സ്യവും ഉൾപ്പെടെ 1543905 മെട്രിക് ടൺ മത്സ്യമാണ് സംസ്ഥാനത്തുനിന്നും ആകെ ലഭിച്ചത്.

(സി) കേരള അക്വേറിയൻ റീഫോംസ് ബിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്നത് മനസ്സിലാക്കി CMFRI-യുടെ പഠന റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന

വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും അത് കർശനമായി നടപ്പിലാക്കി അത്തരം അശാസ്ത്രീയ മത്സ്യബന്ധന രീതി ഒരു പരിധി വരെ സംസ്ഥാനത്ത് നിയന്ത്രിക്കാനും സാധിച്ചിട്ടുണ്ട്. CMFRI ഒരു കേന്ദ്ര സ്ഥാപനമാകയാൽ അവർ തയ്യാറാക്കുന്ന പഠന റിപ്പോർട്ടുകളും ശിപാർശകളും പരിഗണിക്കുവാനും നടപ്പിലാക്കുവാനും ഇതര സംസ്ഥാനങ്ങൾക്കും ബാധ്യതയുണ്ട്. 10-11-2018, 11-11-2018 എന്നീ തീയതികളിൽ എറണാകുളം CMFRI-യിൽ വച്ച് കൂടിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ ഈ വിഷയം ഗൗരവതരമായി ചർച്ച ചെയ്യുകയും CMFRI-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരള സർക്കാർ നടപ്പിൽ വരുത്തിയ മാതൃകയിൽ തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര, ഗോവ, പോണ്ടിച്ചേരി, ആന്ധ്രാപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ MLS നടപ്പിലാക്കുന്നതിന് അതാത് സംസ്ഥാനത്തെ ഫിഷറീസ് വകുപ്പുമന്ത്രിമാർ സന്നദ്ധമാണെന്ന് അറിയിക്കുകയും ധാരണയാകുകയും ചെയ്തിട്ടുണ്ട്.

**കുമ്പഴ മാർക്കറ്റ് നവീകരണം**

363 (3406) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ കുമ്പഴയിൽ മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിന് ഫിഷറീസ് വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നോ;

(ബി) ഏത് പദ്ധതിയിലാണ് കുമ്പഴ മാർക്കറ്റ് നവീകരണം ഉൾപ്പെടുത്തിയിരിക്കുന്നത്; നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) 2017-18 ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ കുമ്പഴയിൽ മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനായി 341 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കി എൻ.എഫ്.ഡി.ബി.യുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമായിട്ടില്ല. ഇതുസംബന്ധിച്ച രണ്ടാംഘട്ട ചർച്ച തദ്ദേശ സ്വയംഭരണ വകുപ്പുമായി ഡിസംബർ 11-ന് നടത്തുന്നതാണ്.

## മത്സ്യമേഖലയിലെ പുതിയ നിയമനിർമ്മാണം

364 (3407) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യലേലവും കച്ചവടവും നിയന്ത്രിക്കുവാനും മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായുള്ള നിയമനിർമ്മാണത്തിൽ മത്സ്യ കച്ചവടത്തിൽ മത്സ്യത്തൊഴിലാളിക്ക് ന്യായവില ഉറപ്പാക്കുന്ന സംവിധാനം കൊണ്ടുവരുമോ; വ്യക്തമാക്കുമോ;

(ബി) ഫിഷ് ലാൻഡിംഗ് സെന്റർ, ഫിഷിംഗ് ഹാർബർ, ഫിഷ് മാർക്കറ്റ് എന്നിവിടങ്ങളിൽ നടക്കുന്ന പ്രവൃത്തികളെ നിയന്ത്രിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥകൾ ഉണ്ടാകുമോ; വിശദമാക്കുമോ;

(സി) മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി പ്രസ്തുത നിയമത്തിൽ ഏതെല്ലാം തരത്തിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുമെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) അതെ. മത്സ്യലേലം, മത്സ്യവിപണനം, ഗുണനിലവാര പരിപാലനം നിയമം പ്രാബല്യത്തിൽ വരുന്നതോടെ ലേലക്കാരുടെ ചൂഷണം ഒഴിവാക്കുവാനും ലേല പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും കഴിയും. ഇതിലൂടെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തിന് ന്യായവില ലഭ്യമാകുന്നതാണ്.

(ബി) ഉണ്ട്. മത്സ്യലേലം, മത്സ്യവിപണനം, ഗുണനിലവാര പരിപാലനം നിയമം പ്രാബല്യത്തിൽ വരുന്നതോടെ ഫിഷിംഗ് ഹാർബർ, ഫിഷ് ലാൻഡിംഗ് സെന്റർ, ഫിഷ് മാർക്കറ്റ് എന്നിവിടങ്ങളിൽ തദ്ദേശഭരണ സ്ഥാപനത്തിന്റേയും മത്സ്യഫെഡ്, ഫിഷറീസ് വകുപ്പ്, ട്രേഡ് യൂണിയൻ നേതാക്കൾ തുടങ്ങിയവയുടെ പ്രതിനിധികൾ ഉൾപ്പെട്ട ജനകീയ മാനേജ്മെന്റ് സൊസൈറ്റികൾ പ്രവർത്തനം ആരംഭിക്കുന്നതാണ്. മാനേജ്മെന്റ് സൊസൈറ്റികൾ പ്രവർത്തനക്ഷമമാകുന്നതോടെ ഇടനിലക്കാരുടെയും കമ്മീഷൻ ഏജന്റുമാരുടെയും അനാവശ്യ ഇടപെടലുകളും ചൂഷണവും ഒഴിവാക്കി ഇവിടങ്ങളിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ശുചിത്വപൂർണ്ണമായ അന്തരീക്ഷം ഉറപ്പാക്കുന്നതിനും കഴിയും.

(സി) മത്സ്യം കൈകാര്യം ചെയ്യുന്ന കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പാക്കുന്നതിനും മത്സ്യം ശീതീകരണത്തിന് ഉപയോഗിക്കുന്ന ഐസിന് ഗുണനിലവാരം ഉറപ്പാക്കുന്നതിനും കരട് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മത്സ്യോൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കി സാക്ഷ്യപത്രം നൽകുന്നതിനും കരട് നിയമം വ്യവസ്ഥ ചെയ്യുന്നു. കരട് നിയമത്തിൽ മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റികൾ രൂപീകരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനുപുറമേ മത്സ്യത്തിൽ മാരക വിഷവസ്തുക്കൾ ചേർത്ത് ഭക്ഷ്യയോഗ്യമല്ലാതാകുകയോ നിലവാര താഴ്ചയുണ്ടാക്കുകയോ ചെയ്താൽ അവർക്കെതിരെ ശിക്ഷാ നടപടിക്കും വ്യവസ്ഥയുണ്ട്.

## വയനാട് ജില്ലയിലെ മത്സ്യവിത്ത് ഉല്പാദനകേന്ദ്രം

365 (3408) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയ്ക്ക് അനുവദിച്ച മത്സ്യവിത്ത് ഉല്പാദനകേന്ദ്രത്തിന്റെ പുരോഗതി വിശദീകരിക്കാമോ ;

(ബി) ഈ കേന്ദ്രത്തിൽ നിന്നും എത്ര കർഷകർക്ക് മത്സ്യ വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജില്ലയിൽ എത്ര ഹെക്ടറിൽ മത്സ്യകൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞു എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തളിപ്പുഴ മത്സ്യവിത്ത് ഉൽപ്പാദനകേന്ദ്രം, കാരാപ്പുഴ മത്സ്യവിത്ത് ഉൽപ്പാദനകേന്ദ്രം എന്നീ 2 കേന്ദ്രങ്ങൾ വയനാട് ജില്ലയിൽ അനുവദിച്ചിട്ടുണ്ട്.

(1) തളിപ്പുഴ മത്സ്യവിത്തുൽപ്പാദന കേന്ദ്രം: തളിപ്പുഴ മത്സ്യവിത്തുല്പാദന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 160 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. നിലവിൽ 12x6m-ന്റെ 12 വെർട്ടിക്കിൾ ടാങ്കുകളും 4mx2m-ന്റെ 16 വെർട്ടിക്കിൾ ടാങ്കുകളും 2m ഡയാമീറ്ററിലുള്ള 16 സർക്കുലർ ടാങ്കുകളും ഉൾപ്പെടെ 44 ടാങ്കുകളാണ് ടി പദ്ധതിയിലുള്ളത്. മേൽപ്പറഞ്ഞ 44 ടാങ്കുകളുടെയും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ വെർട്ടിക്കൽ ടാങ്കുകളിൽ മത്സ്യക്കുഞ്ഞ് ഉൽപ്പാദനവും പരിപാലനവും നടത്തിക്കൊണ്ടിരിക്കുന്നു. കൂടാതെ ഡ്രെയിനേജ്, കിണർ, ചുറ്റുമതിൽ ഓവർഹെഡ് ടാങ്ക് എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(2) കാരാപ്പുഴ മത്സ്യ വിത്തുൽപ്പാദന കേന്ദ്രം:- കാരാപ്പുഴ മത്സ്യവിത്തുൽപ്പാദന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 170 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ടാങ്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) തളിപ്പുഴ മത്സ്യവിത്തുൽപ്പാദന കേന്ദ്രത്തിൽ നാളിതുവരെയായി 3,57,540 ഇന്ത്യൻ മേജർ കാർപ്പ് മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. കൂടാതെ, 2,00,000 സൈപ്രിനസ് സ്പോൺ ഈ ഹാച്ചറിയിൽ പ്രേരിത പ്രജനനം വഴി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കുന്ന റാഞ്ചിംഗ് പദ്ധതിയിൽ 3,50,000 കാർപ്പ് മത്സ്യങ്ങളെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ കക്കടവ്, പൂതാടി ഗ്രാമപഞ്ചായത്തിലെ വരദൂർ പുഴയിലും നിക്ഷേപിച്ചു. ജനകീയ മത്സ്യകൃഷി രണ്ടാംഘട്ട പദ്ധതി 2018-19 കാർപ്പ് കൃഷി പദ്ധതിയിലെ കണിയാമ്പറ്റ, പനമരം പഞ്ചായത്തുകളിലെ 17 മത്സ്യകർഷകർക്ക് 7540 മത്സ്യകുഞ്ഞുങ്ങളെ ഈ ഹാച്ചറിയിൽ നിന്നും വിതരണം ചെയ്തു. തളിപ്പുഴ ഹാച്ചറിയിൽ ഉൽപ്പാദിപ്പിച്ച 2,00,000 സൈപ്രിനസ് സ്പോൺ ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം 2018-19-ലെ പദ്ധതി പ്രകാരം മത്സ്യ വിത്ത് പരിപാലന യൂണിറ്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വൈത്തിരി, പൊഴുതന, കോട്ടത്തറ, വെങ്ങപ്പള്ളി പഞ്ചായത്തുകളിലെ 6 കർഷകർക്കും വിതരണം ചെയ്തു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യസമൃദ്ധി പദ്ധതിയുടെ അവസാനഘട്ടത്തിൽ ജില്ലയിൽ 255 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷി നടപ്പിലാക്കി. 2016-17 വർഷത്തിൽ നൂതന മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ 5 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി (ആർ.എ.എസ്.), 5 യൂണിറ്റ് കുളങ്ങളിലെ ഗിഫ്റ്റ് മത്സ്യകൃഷി, ഒരു യൂണിറ്റ് ആസാംവാള കൃഷി എന്നിവ വിജയകരമായി നടപ്പിലാക്കി. 2017-18 വർഷത്തിൽ ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടത്തിന്റെ ഭാഗമായി 155 ഹെക്ടർ ചെറിയ കുളങ്ങളിലെ മത്സ്യകൃഷി, 50 ഹെക്ടർ വലിയ കുളങ്ങളിലെ മത്സ്യകൃഷി, 29.36 ഹെക്ടർ മോഡൽ ഫിഷ് ഫാം എന്നിവ നടപ്പിലാക്കി. 2017-18 വർഷത്തിൽ ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി ജില്ലയിൽ 10 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി, 3 ഹെക്ടറിൽ ആസാംവാള കൃഷി, 3.1 ഹെക്ടർ കുളങ്ങളിലെ ഗിഫ്റ്റ് കൃഷി എന്നിവ നടപ്പിലാക്കി വരുന്നു. 2018-19 വർഷത്തിൽ ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടത്തിന്റെ ഭാഗമായി കാർപ്പ് കൃഷി - 25 ഹെക്ടർ, ആസാംവാള കൃഷി - 1 ഹെക്ടർ, ഫിഷ് സീഡ് റിയറിംഗ് യൂണിറ്റ്- 1 ഹെക്ടർ, പടുതാക്കുളങ്ങളിലെ കരിമീൻ കൃഷി - 10 യൂണിറ്റ്, പുനഃചംക്രമണ മത്സ്യകൃഷി (ആർ.എ.എസ്) - 1 യൂണിറ്റ്, ലൈവ് ഫിഷ് മാർക്കറ്റ് - 2 യൂണിറ്റ്, കുളങ്ങളിലെ ഗിഫ്റ്റ് കൃഷി - 1 ഹെക്ടർ , ഓർണമെന്റൽ ഫിഷ് റിയറിംഗ് ഇൻ കേജ് -1 യൂണിറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ബ്ലൂ റെവല്യൂഷൻ 2018-19 പദ്ധതിയിൽ 4 യൂണിറ്റ് ആർ.എ.എസ്. പദ്ധതി പുരോഗമിച്ചുവരുന്നു.

**ഫിഷറീസ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി**

366 (3409) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഫിഷറീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സ്ഥാപനം എന്ന് യാഥാർത്ഥ്യമാക്കാനാവും എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ഫിഷറീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയും വയറിംഗ് പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ, കുടിവെള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ, ആവശ്യമുള്ള ജീവനക്കാരുടെ തസ്തികകൾ എന്നിവ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു.

(ബി) മേൽപ്പറഞ്ഞ നടപടികൾ പൂർത്തിയായാലുടൻ ഫിഷറീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**കായംകുളം ഫിഷിംഗ് ഹാർബറിലെ ബ്രേക്ക് വാട്ടർ സംവിധാനം**

367 (3410) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഫിഷിംഗ് ഹാർബറിലെ ബ്രേക്ക് വാട്ടർ സംവിധാനം തകർന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇവിടെയുണ്ടാകുന്ന അപകടങ്ങൾ നിയന്ത്രിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ;

(ബി) 2017 ജനുവരി 1 മുതൽ 2018 ജൂലൈ 31 വരെ കായംകുളം ഫിഷിംഗ് ഹാർബറിലും അഴിമുഖത്തുമായി എത്ര അപകടങ്ങൾ നടന്നിട്ടുണ്ടെന്നും എത്ര മത്സ്യതൊഴിലാളികൾ ഇവിടെ അപകടത്തിൽ മരിച്ചിട്ടുണ്ടെന്നും വിശദീകരിക്കുമോ;

(സി) ഫിഷിംഗ് ഹാർബറിലും അഴിമുഖത്തും പ്രകാശം ലഭിക്കുന്നതിനാവശ്യമായ ഇലക്ട്രിക് ലൈറ്റുകൾ സ്ഥാപിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബ്രേക്ക് വാട്ടറിന്റെ ടിപ്പ് തകർന്നിട്ടുള്ളതിനാൽ അറ്റകുറ്റപ്പണികൾ നടത്തി പുലിമുട്ട് പുനഃസ്ഥാപിക്കുന്നതിനായി 8.44 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി നബാർഡ് RIDF XXIV-ൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, കായംകുളം ഫിഷിംഗ് ഹാർബറിനോടനുബന്ധിച്ച് ഗ്രോയിനുകൾ നിർമ്മിക്കുന്നതിന് KIIFB-യിലുൾപ്പെടുത്തി 272 ലക്ഷം രൂപയുടെ ഭരണാനുമതി തത്വത്തിൽ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ.-ന് കിഫ്ബി അംഗീകാരവും ലഭിച്ചുകഴിഞ്ഞു. അപകടങ്ങൾ ഒഴിവാക്കുന്നതിന് തകർന്ന പുലിമുട്ടിന് മുന്നിലായി ബോയ് (BUOY) സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മറൈൻ എൻഫോഴ്സിന്റെ നിരീക്ഷണവുമുണ്ട്.

(ബി) കായംകുളം പൊഴിയുടെ അഴിമുഖത്ത് 3-7-2017-ൽ അപകടം ഉണ്ടായിട്ടുണ്ട്. എന്നാൽ അഴിമുഖത്തിന്റെ ആഴക്കുറവുകൊണ്ടോ ഹാർബറിലെ മറ്റ് കാരണങ്ങൾ കൊണ്ടോ അപകടം ഉണ്ടായിട്ടില്ല. 16-8-2017-ൽ വള്ളത്തിൽ നിന്നും വാർഫിലേയ്ക്ക് കയറിയ മത്സ്യത്തൊഴിലാളി കാൽ വഴുതി വെള്ളത്തിൽ വീണ് മരണമടഞ്ഞിരുന്നു.

(സി) ഫിഷിംഗ് ഹാർബറിൽ പ്രകാശം ലഭിക്കുന്നതിനാവശ്യമായ ഇലക്ട്രിക് ലൈറ്റുകൾ നിലവിൽ സ്ഥാപിച്ചിട്ടുണ്ട്. തകരാറിലായിട്ടുള്ള ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അഴിമുഖത്ത് പ്രകാശം ലഭിക്കുന്നതിനായി വലിയഴീക്കൽ പുലിമുട്ടിൽ സിഗ്നൽ ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്.

അഴീക്കൽ പൊഴിമുഖത്ത് സിഗ്നൽ ലൈറ്റ് തകർന്ന് വീണതിനാൽ ബോട്ടുകൾക്കും വള്ളങ്ങൾക്കും ഹാർബറിനുള്ളിൽ പ്രവേശിക്കുന്നതിനായി നിലവിൽ പുലിമുട്ടിന്റെ അഗ്രഭാഗത്ത് ബോയ് (BUOY) സ്ഥാപിച്ചിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്കായി നഷ്ടപരിഹാര പാക്കേജ്**

368 (3411) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തോടനുബന്ധിച്ച് മലപ്പുറം ജില്ലയിലെ കൂട്ടായി അഴിമുഖം ഭാഗത്തുണ്ടായ അപ്രതീക്ഷിത കുത്തൊഴുക്കിൽ വള്ളിക്കുന്ന് മുതൽ പൊന്നാനി വരെയുള്ള ഭാഗങ്ങളിലെ നിരവധി മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങളും

അനുബന്ധ മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ടതുമൂലം അവർ ദുരിതം അനുഭവിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരൂർ പുഴയിലും ഭാരതപ്പുഴയിലും അപ്രതീക്ഷിതമായി ഉണ്ടായ പ്രളയത്തിൽ അവിടത്തെ നിർദ്ധനരായ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗങ്ങളെല്ലാം നഷ്ടപ്പെട്ട സാഹചര്യത്തിൽ അവർക്ക് മതിയായ നഷ്ടപരിഹാര പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 13-7-2018-ന് മലപ്പുറം ജില്ലയിൽ പൊന്നാനി, കൂട്ടായി ഭാഗങ്ങളിലുണ്ടായ അപ്രതീക്ഷിത കടൽക്ഷോഭത്തിൽ തകർന്ന മത്സ്യബന്ധന യാനങ്ങൾക്കും മത്സ്യബന്ധന ഉകരണങ്ങൾക്കും ഏകദേശം തത്തുല്യമായ നഷ്ടപരിഹാരത്തുക നൽകുന്നതിന് 7-9-2018-ൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അന്നത്തെ കടൽക്ഷോഭത്തിൽ തകർന്ന 39 യാനങ്ങൾക്ക് 2,30,74,585 രൂപ (രണ്ട് കോടി മുപ്പത് ലക്ഷത്തി എഴുപത്തി നാലായിരത്തി അഞ്ഞൂറ്റി എൺപത്തിയഞ്ച് രൂപ) നഷ്ടമുണ്ടായതായി ഫിഷറീസ് വകുപ്പിന്റെ ജില്ലാതല ഇവാല്യുവേഷൻ സമിതി ശിപാർശ ചെയ്തത് പരിശോധിച്ചുവരുന്നു. തുടർനടപടി അടിയന്തരമായി സ്വീകരിക്കുന്നതാണ്.

**കായലുകളിലെ പോളശല്യം**

369 (3412) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായലുകളിൽ വ്യാപകമായി കാണുന്ന പോളശല്യം പരിഹരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പോളശല്യം ഉൾനാടൻ മത്സ്യബന്ധനത്തിന് ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) അരൂർ മണ്ഡലത്തിലെ കായലുകളിലുള്ള പോളശല്യം പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) പോളശല്യം ഉൾനാടൻ മത്സ്യബന്ധനത്തിന് ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തുകയും ആയതനുസരിച്ച് കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഏജൻസിയായ ഫിർമ മുഖാന്തരം കുട്ടനാട് പ്രദേശങ്ങളിലെ പോളപ്പായൽ ശല്യം ഒഴിവാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. എന്നാൽ 2014-നുശേഷം കുളവാഴ നിർമ്മാർജ്ജനം സംബന്ധിച്ചുള്ള പദ്ധതികളൊന്നും ഫിഷറീസ് വകുപ്പ് മുഖാന്തരം നടപ്പാക്കുന്നില്ല. കായലുകളിൽ വ്യാപകമായി കാണുന്ന പോളശല്യം പരിഹരിക്കുന്നതിനായി നിലവിൽ പദ്ധതികളൊന്നും തന്നെ ഫിഷറീസ് വകുപ്പിൽ ആവിഷ്കരിച്ചിട്ടില്ല.

ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഇറിഗേഷൻ വകുപ്പുമായി ചേർന്ന് പ്രശ്നപരിഹാരത്തിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

**മാവേലിക്കര പാലമേൽ മത്സ്യമാർക്കറ്റ് ആധുനികവത്കരിക്കാൻ നടപടി**

370 (3413) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര പാലമേൽ മത്സ്യമാർക്കറ്റ് ആധുനികവത്കരണ നടപടികളുടെ ഭാഗമായി ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പ്രവൃത്തി എത്ര കാലയളനുള്ളിൽ പൂർത്തീകരിക്കാൻ കഴിയും; ഇതിനായി ആകെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) തഴക്കര, മാവേലിക്കര നഗരസഭ മാർക്കറ്റുകൾ നവീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പാലമേൽ മത്സ്യമാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഇ.ടി.പി.യുടെ പ്രവൃത്തി ഒഴികെ ബാക്കിയുള്ളവ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി പ്രവൃത്തിക്കുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പാലമേൽ മത്സ്യമാർക്കറ്റിന്റെ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും ഫൈനൽ ബിൽ തയ്യാറാക്കി വരുന്നതേയുള്ളൂ. നാളിതുവരെ കെട്ടിട നിർമ്മാണത്തിനും ഇലക്ട്രിഫിക്കേഷനുമായി 1,01,92,919 രൂപ ചെലവായിട്ടുണ്ട്.

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 63 മത്സ്യമാർക്കറ്റ് വികസനം അടങ്ങുന്ന 193.4696 കോടി രൂപയുടെ കൺസെപ്റ്റ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം അംഗീകാരം ലഭ്യമായ ലിസ്റ്റിൽ ക്രമനമ്പർ 40 ആയി 282.31 ലക്ഷം രൂപയുടെ തഴക്കര ഗ്രാമപഞ്ചായത്തിലെ മാങ്ങാംകുഴി മത്സ്യമാർക്കറ്റ് നവീകരണവും ക്രമനമ്പർ 42 ആയി 300 ലക്ഷം രൂപയുടെ മാവേലിക്കര നഗരസഭയിലെ പുതിയകാവ് മത്സ്യമാർക്കറ്റ് നവീകരണവും ഉൾപ്പെട്ടിട്ടുണ്ട്. ഓരോ മത്സ്യമാർക്കറ്റുകളും സന്ദർശിച്ച് വിശദമായ എസ്റ്റിമേറ്റ്, പ്ലാനുകൾ, ഡ്രോയിംഗുകൾ എന്നിവ അടങ്ങിയ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതി ലഭ്യമായാലുടൻതന്നെ പദ്ധതികളുടെ ഡി.പി.ആർ കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

**മാനന്തവാടി മണ്ഡലത്തിൽ മത്സ്യ കൃഷി നാശം**

371 (3414) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ പ്രളയത്തിന്റെ ഭാഗമായി മത്സ്യ കൃഷിക്ക് നാശം സംഭവിച്ചിട്ടുണ്ടോ;

(ബി) മാനന്തവാടി മണ്ഡലത്തിലെ പ്രളയകാലത്തെ മത്സ്യ കൃഷിക്ക് നേരിട്ട നാശനഷ്ടം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന്റെ സഹായത്താൽ മത്സ്യ കൃഷി നടത്തിയ കർഷകർക്ക് പ്രളയത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) മാനന്തവാടി നിയോജകമണ്ഡലത്തിൽ പ്രളയക്കെടുതിയിൽ 762 മത്സ്യകർഷകരുടെ 41.92 ഹെക്ടർ (നാൽപ്പത്തിയൊന്ന് ഹെക്ടർ 9.2 ആർ) പ്രദേശത്തെ കൃഷിക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രളയംമൂലമുണ്ടായ കൃഷിനാശം ജില്ലാ ഓഫീസ് മുഖാന്തരം വിലയിരുത്തുകയും നാശത്തിന്റെ കണക്കുകൾ കർഷകർക്ക് ധനസഹായം ലഭ്യമാക്കുന്നതിലേയ്ക്കായി വയനാട് ജില്ലാ ഭരണകൂടത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് മഹാത്മാഗാന്ധി ദേശീയ

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കർഷകരുടെ കൃഷിയിടം നന്നാക്കുവാനുള്ള ശിപാർശയും നൽകിയിട്ടുണ്ട്. പ്രളയാനന്തരം മത്സ്യകൃഷി പുനരാരംഭിക്കുന്നതിന് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം, ബ്ലൂ റെവല്യൂഷൻ എന്നീ പദ്ധതിയിലെ വിവിധ ഘടകപദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 762 മത്സ്യകർഷകർക്ക് മത്സ്യവിത്ത് വിതരണവും ചെയ്തിട്ടുണ്ട്.

## കാട്ടാക്കടയിൽ തീരദേശവികസന കോർപ്പറേഷൻ മുഖേന മാർക്കറ്റ് നവീകരണം

372 (3415) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ പള്ളിച്ചൽ പഞ്ചായത്തിലെ നടുക്കാട്, വിളവൂർക്കൽ പഞ്ചായത്തിലെ മലയം എന്നീ മാർക്കറ്റുകൾ നവീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) തീരദേശവികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത മാർക്കറ്റുകളുടെ നവീകരണത്തിന്റെ നിലവിലെ സ്ഥിതിയും തുടർനടപടി എന്താണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 63 മത്സ്യമാർക്കറ്റ് വികസനം അടങ്ങുന്ന 193.4696 കോടി രൂപയുടെ കൺസെപ്റ്റ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം അംഗീകാരം നൽകിയ ലിസ്റ്റിൽ ക്രമനമ്പർ 7 ആയി 300 ലക്ഷം രൂപയുടെ വിളവൂർക്കൽ മത്സ്യമാർക്കറ്റ് നവീകരണവും ക്രമനമ്പർ 8 ആയി 300 ലക്ഷം രൂപയുടെ പള്ളിച്ചൽ മത്സ്യമാർക്കറ്റ് നവീകരണവും ഉൾപ്പെട്ടിട്ടുണ്ട്. ഓരോ മത്സ്യമാർക്കറ്റുകളും സന്ദർശിച്ച് വിശദമായ എസ്റ്റിമേറ്റ്, പ്ലാനുകൾ, ഡ്രോയിംഗുകൾ എന്നിവ അടങ്ങിയ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതി ലഭ്യമായാലുടൻതന്നെ പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

**പിറവം മണ്ഡലത്തിൽ തീരദേശറോഡുകളുടെ നവീകരണം**

373 (3416) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിറവം മണ്ഡലത്തിൽ തീരദേശറോഡുകളുടെ നവീകരണം പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുമതി നൽകിയതും, നിർമ്മാണത്തിലിരിക്കുന്നതും നിർമ്മാണം പൂർത്തിയാക്കിയതും ആയ റോഡുകളുടെ വിശദവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

ഉത്തരം

തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയിലുൾപ്പെടുത്തി സർക്കാരിൽ നിന്നും രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. രണ്ട് പ്രവൃത്തികളും നിർമ്മാണത്തിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | പഞ്ചായത്ത് | നിലവിലുള്ള അവസ്ഥ |
|---|---|---|---|
| 1. ആമ്പല്ലൂർ മുതൽ ഒരു കിലോമീറ്റർ തെക്കോട്ട് റോഡ് നിർമ്മാണം | 80.60 | ആമ്പല്ലൂർ | കരാർ വച്ച് പ്രവൃത്തി 10% പൂർത്തീകരിച്ചിട്ടുണ്ട്. |
| 2. എ. കെ. ബണ്ട് റോഡ് | 69.60 | ആമ്പല്ലൂർ | കരാർ വച്ച് പ്രവൃത്തി 10% പൂർത്തീകരിച്ചിട്ടുണ്ട്. |

**തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തികൾ**

374 (3417) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ തലശ്ശേരി നിയോജക മണ്ഡലങ്ങളിൽ ഏതെല്ലാം തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതാണെന്നും ആയത് പൂർത്തീകരിക്കാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ 2016-17-ൽ 3 പദ്ധതികളിലായി 217.81 ലക്ഷം രൂപയും 2017-18-ൽ രണ്ട് പദ്ധതികളിലായി 315.10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയിട്ടുള്ള തീരദേശ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റോഡിന്റെ പേര് | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 2016-17 | | |
| 1 | ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ പരിമഠം എഫ്.എൽ.സി. റോഡിന്റെ പുനരുദ്ധാരണം. | പൂർത്തീകരിച്ചു. |
| 2 | ചൊക്ലി ഗ്രാമപഞ്ചായത്തിലെ ഒളവിലം പാത്തിക്കൽ മോന്താൽകടവ് റോഡിന്റെ പുനരുദ്ധാരണം-ഫേസ്-1 | പൂർത്തീകരിച്ചു. |
| 3 | ചൊക്ലി ഗ്രാമപഞ്ചായത്തിലെ ഒളവിലം പാത്തിക്കൽ മോന്താൽ കടവ് റോഡിന്റെ പുനരുദ്ധാരണം-ഫേസ്-2 | പൂർത്തീകരിച്ചു |
| 2017-18 | | |
| 4 | കണ്ണൂർ ജില്ലയിലെ തലായ് മത്സ്യബന്ധന തുറമുഖത്തെയും ചാലിൽ ഗോപാലപേട്ട മത്സ്യബന്ധന കേന്ദ്രത്തെയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡിന്റെ നിർമ്മാണ പ്രവൃത്തി. | 60% പൂർത്തീകരിച്ചു. |
| 5 | ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ പരിമഠം സിക്കന്തർ ക്ലബ് പ്രസ്സ് വളപ്പ് റോഡിന്റെ പുനരുദ്ധാരണം | 20% പൂർത്തീകരിച്ചു. |

(ബി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റോഡിന്റെ പേര് | പൂർത്തീകരണ കാലാവധി |
|---|---|---|
| 1 | കണ്ണൂർ ജില്ലയിലെ തലായ് മത്സ്യബന്ധന തുറമുഖത്തെയും ചാലിൽ ഗോപാലപേട്ട മത്സ്യബന്ധന കേന്ദ്രത്തെയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡിന്റെ നിർമ്മാണ പ്രവൃത്തി. | 12/18-ൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 2 | ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ പരിമഠം സിക്കന്തർ ക്ലബ് പ്രസ്സ് വളപ്പ് റോഡിന്റെ പുനരുദ്ധാരണം | 04/19-ൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

## കൊയിലാണ്ടി മണ്ഡലത്തിലെ തീരദേശ വികസന കോർപ്പറേഷൻ പ്രവൃത്തികൾ

375 (3418) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് തീരദേശ വികസന കോർപ്പറേഷൻ മുഖേന കഴിഞ്ഞ മൂന്ന് വർഷമായി കൊയിലാണ്ടി മണ്ഡലത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ, പ്രവൃത്തിയുടെ പേര്, അനുവദിച്ച തുക എന്നീ ക്രമത്തിൽ വിശദമാക്കുമോ ;

(ബി) തീരദേശ വികസന കോർപ്പറേഷന് കീഴിൽ കൊയിലാണ്ടി മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ, പ്രവൃത്തിയുടെ പേര്, അനുവദിച്ച തുക എന്നീ ക്രമത്തിൽ വിശദമാക്കാമോ;

(സി) തീരദേശ വികസന കോർപ്പറേഷൻ കൊയിലാണ്ടി മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റാണ് നിലവിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്; എസ്റ്റിമേറ്റ് തുക സഹിതം വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഫിഷറീസ് വകുപ്പ് തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ പൂർത്തീകരിച്ചുവരുന്നതേയുള്ളൂ.

(ബി) തീരദേശ വികസന കോർപ്പറേഷന് കീഴിൽ കൊയിലാണ്ടി മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | അനുവദിച്ച തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2015-16 സാമ്പത്തിക വർഷം | | | | |
| 1 | ഗവൺമെന്റ് മാപ്പിള ഹയർ സെക്കണ്ടറി സ്കൂൾ, കൊയിലാണ്ടി- അക്കാദമിക് ബ്ലോക്ക് നിർമ്മാണം | 375.00 | 138.875 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 2016-17 സാമ്പത്തിക വർഷം | | | | |
| 2 | ജി.ആർ.എഫ്.ടി.എച്ച്.എസ്. കൊയിലാണ്ടി സ്മാർട്ട് ക്ലാസ്സ് റൂം നവീകരണം | 7.00 | 7.00 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 3 | ജി.എം.വി.എച്ച്.എസ്.എസ്. കൊയിലാണ്ടി ഗ്രൗണ്ട് നവീകരണം, സ്പോർട്സ് കിറ്റ് വിതരണം | 3.00 | 3.00 | പദ്ധതി പ്രാരംഭ ഘട്ടത്തിൽ |
| 2017-18 സാമ്പത്തിക വർഷം | | | | |
| 4 | പി.എച്ച്.സി. പയ്യോളി, പുതിയ കെട്ടിട നിർമ്മാണം | 141.00 | 70.5 | പദ്ധതി പുരോഗമിച്ചു വരുന്നു. |

(സി) തീരദേശ വികസന കോർപ്പറേഷൻ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 294.72 കോടി രൂപയുടെ 71 സ്കൂൾ നവീകരണം

193.4696 കോടി രൂപയുടെ 63 മത്സ്യമാർക്കറ്റ് വികസനം എന്നിവ അടങ്ങുന്ന കൺസെപ്റ്റ് നോട്ട് റഫ് കോസ്റ്റ് എസ്റ്റിമേറ്റിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ കൊയിലാണ്ടി മണ്ഡലത്തിലെ താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | സർക്കാർ ഉത്തരവിലെ ക്രമ നമ്പർ | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|---|
| സ്കൂൾ നവീകരണം | | | |
| 1 | ജി.എഫ്.എൽ.എസ്., കോരപ്പുഴ | 42 | 321.00 |
| 2 | ജി.എഫ്.യു.പി.എസ്., കൊയിലാണ്ടി | 43 | 180.00 |
| മത്സ്യമാർക്കറ്റ് വികസനം | | | |
| 3 | കൊയിലാണ്ടി, മത്സ്യമാർക്കറ്റ് | 55 | 499.56 |

**തലായ് മത്സ്യബന്ധന തുറമുഖത്ത് അഡീഷണൽ വാർഫ് നിർമ്മാണം**

376 (3419) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ തലായ് മത്സ്യബന്ധന തുറമുഖം - ഗോപാൽ പേട്ട ഭാഗത്ത് അഡീഷണൽ വാർഫ് നിർമ്മിക്കുന്നത് സംബന്ധിച്ച് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ഉള്ളത് എന്നും ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2018-19 വർഷത്തെ പദ്ധതി നിർദ്ദേശപ്രകാരം ഫിഷറീസ് വകുപ്പിന് ഹാർബർ, ലാൻഡിംഗ് സെന്റർ എന്നിവ നിർമ്മിക്കുന്നതിന് തുകയൊന്നും

വകയിരുത്തിയിട്ടില്ല. എന്നിരുന്നാലും തലശ്ശേരി നിയോജക മണ്ഡലത്തിലെ തലായ് മത്സ്യബന്ധന തുറമുഖത്തിൽ അഡീഷണൽ വാർഫ് നിർമ്മിക്കുന്നതിനുള്ള ചീഫ് എഞ്ചിനീയറുടെ പ്രോജക്ട് പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

**പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ**

377 (3420) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള സി.ഡബ്ല്യൂ.പി.ആർ.എസ്.-ന്റെ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) അപ്രകാരം അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സി.ഡബ്ല്യൂ.പി.ആർ എസ്.-ന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് എപ്പോൾ ലഭിക്കുമെന്നും സമയബന്ധിതമായി റിപ്പോർട്ട് ലഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊല്ലം പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായി താഴെപ്പറയുന്ന പഠനങ്ങൾ നടത്തുന്നതിനാണ് സി.ഡബ്ല്യൂ.പി.ആർ.എസ്.നെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

1. Mathematical model study for hydrodynamics and sedimentation
2. Mathematical model studies for shore line changes
3. Mathematical model studies for wave tranquility
4. Geotechnical stability studies for breakwaters
5. Desk and wave flume studies for the design of breakwaters.

മേൽ പരാമർശിച്ച അഞ്ച് പഠനങ്ങളിൽ 1 മുതൽ 3 വരെയുള്ള പഠന റിപ്പോർട്ട് സി.ഡബ്ല്യൂ.പി.ആർ.എസ്.-ൽ നിന്നും ലഭിച്ചിട്ടുണ്ട്. മറ്റ് രണ്ട് പഠനങ്ങളുടെ റിപ്പോർട്ട് ലഭിക്കുവാനുണ്ട്.

(ബി) സി.ഡബ്ല്യൂ.പി.ആർ.എസ്.-ൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) സി.ഡബ്ല്യൂ.പി.ആർ.എസ്.-ൽനിന്നും ലഭിച്ച പഠന റിപ്പോർട്ടിന്മേൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അഭിപ്രായം അറിയിച്ചിട്ടുണ്ട്. വകുപ്പിൽ നിന്നും നൽകിയിട്ടുള്ള അഭിപ്രായക്കുറിപ്പുകൾകൂടി പഠന ഏജൻസി അവലോകനം ചെയ്ത് തുടർ പഠനം നടത്തിയശേഷം മാത്രമേ സി.ഡബ്ല്യൂ.പി.ആർ.എസ്.ൽ നിന്നും അന്തിമ റിപ്പോർട്ടുകൾ ലഭിക്കുകയുള്ളൂ. സി.ഡബ്ല്യൂ.പി.ആർ.എസ്. അധികൃതരുമായി ബന്ധപ്പെട്ട് അന്തിമ റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചെല്ലാനം മിനി ഫിഷിംഗ് ഹാർബർ**

378 (3421) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. 2015-ൽ ഉൾപ്പെടുത്തിയ ചെല്ലാനം മിനി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എത്ര തുകയുടെ ഭരണാനുമതി ലഭിച്ചു എന്നും പുലിമുട്ട് നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്നും എത്ര തുക ചെലവായി എന്നും വ്യക്തമാക്കുമോ;

(സി) പദ്ധതിയിലെ മറ്റു ഘടകങ്ങളായ ലേലപ്പുര, അപ്രോച്ച് റോഡ്, ലോക്കർ റൂം എന്നിവയുടെ നിർമ്മാണങ്ങളുടെ എസ്റ്റിമേറ്റ് തുക എത്ര എന്നും ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പ് സംബന്ധിച്ച 4-9-2013-ലെ ജി.ഒ(ആർ.റ്റി)537/2013/ആർ.സി, 11-9-2015-ലെ ജി.ഒ(ആർ.റ്റി) 750/2015/മതുവ ഉത്തരവുകൾ പ്രകാരം നാളിതുവരെ സ്വീകരിച്ച നടപടികൾ എന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. XV പ്രകാരം രണ്ടാംഘട്ട വികസന പ്രവൃത്തികൾക്ക് 2990 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

നബാർഡ് XV-ന്റെ കാലാവധി അവസാനിക്കുന്നതിനുമുൻപ് സ്ഥലം ലഭ്യമാകാത്തതിനാൽ ഹാർബറിന്റെ ബാക്കി നിർമ്മാണ പ്രവൃത്തികൾ ചെയ്യാൻ സാധിച്ചില്ല. 2017-18 സാമ്പത്തിക വർഷത്തിൽ നബാർഡ് പദ്ധതിയിൽ

(RIDF XXIII) ഉൾപ്പെടുത്തി ചെല്ലാനം ഫിഷറി ഹാർബറിന്റെ ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിന് 1037.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയായി സ്ഥലം ലഭ്യമായാൽ ഒന്നര വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

(ബി) എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 5 കോടി രൂപയുടെയും രണ്ടാംഘട്ട വികസന പ്രവൃത്തികൾക്ക് നബാർഡ് RIDF XV-ൽ ഉൾപ്പെടുത്തി 29.90 കോടി രൂപയുടെയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ഒന്നും രണ്ടും ഘട്ടങ്ങളിലായി ആകെ 2548.29 ലക്ഷം രൂപ ചെലവിൽ വടക്കേ പുലിമുട്ട് 150 മീറ്ററും തെക്കേ പുലിമുട്ട് 570 മീറ്ററും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പദ്ധതിയിലെ മറ്റ് ഘടകങ്ങളായ ലേലപ്പുര, വാർഫ് എന്നിവയുടെ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക 600 ലക്ഷം രൂപയാണ്. ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡ്, കൾവർട്ട് എന്നിവയുടെ എസ്റ്റിമേറ്റ് തുക 120 ലക്ഷം രൂപയാണ്. പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയായി സ്ഥലം ലഭ്യമായാൽ ഒന്നര വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

(ഡി) 4-9-2013-ലെ സ.ഉ. (സാധാ.)5371/13/റവ. നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയിലെ അനുബന്ധ ഘടകങ്ങളുടെ നിർമ്മാണത്തിനായി നെഗോഷ്യബിൾ പർച്ചേസ് പ്രകാരം 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് ഉത്തരവായിരുന്നു.

11-9-2015-ലെ സ.ഉ. (സാധാ.)750/15/മ. തു.വ. ഉത്തരവ് പ്രകാരം ടി പദ്ധതിക്ക് 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി 10 കോടി രൂപയുടെ ഭരണാനുമതി നൽകി. എന്നാൽ പ്രദേശവാസികളുടെ സമ്മതപത്രം ലഭിക്കാത്തതിനാൽ നെഗോഷ്യബിൾ പർച്ചേസിലൂടെ സ്ഥലമെടുപ്പ് നടത്തുവാൻ സാധിച്ചില്ല.

ഹാർബറിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ പുതിയ അലൈൻമെന്റ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് 13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുക 16-3-2018-ൽ എറണാകുളം സ്പെഷ്യൽ തഹസീൽദാരുടെ (ലാൻഡ് അക്വിസിഷൻ) അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് ആർ.ആർ. പാക്കേജിൽ (Rehabilitation and Resettlement Package) ഉൾപ്പെടുത്തി ജില്ലാ കളക്ടർ സമർപ്പിച്ച അപേക്ഷയ്ക്ക് ലാൻഡ് റവന്യൂ കമ്മീഷണർ അനുമതി നൽകി. വില്ലേജ് ആഫീസർ ഡ്രാഫ്റ്റ് ഡിക്ലറേഷൻ തയ്യാറാക്കി തഹസീൽദാർ, കളക്ടർ വഴി ലാൻഡ് റവന്യൂ കമ്മീഷണറുടെ അനുമതി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കണ്ണൂർ പാലക്കോട് പുഴയുടെ അഴിമുഖത്ത് പുലിമുട്ട്**

379 (3422) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാലക്കോട് പുഴയുടെ അഴിമുഖത്ത് മണൽ അടിയുന്നത് കാരണം മണൽതിട്ടയിൽ തട്ടി അപകടങ്ങൾ ഇടയ്ക്കിടെ ഉണ്ടാവുന്നതും മത്സ്യബന്ധനയാനങ്ങൾ കരയ്ക്ക് അടുപ്പിക്കാൻ കഴിയാത്തതും കണക്കിലെടുത്ത് ഇത് ഒഴിവാക്കുന്നതിന് പുലിമുട്ട് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച് പഠനം നടത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിൽ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) പാലക്കോട് കടപ്പുറത്തിനും ചൂട്ടാട് കടപ്പുറത്തിനും ഇടയിൽ ഏകദേശം 500 മീറ്റർ നീളത്തിലും 150 മീറ്റർ വീതിയിലും മണൽതിട്ട രൂപപ്പെട്ടിട്ടുണ്ട്. ഈ മണൽതിട്ട നീക്കം ചെയ്യേണ്ടതും പുലിമുട്ട് നിർമ്മിച്ച് നദിയുടെ ഒഴുക്ക് നേരെയാക്കി ബോട്ടുകൾക്കും വള്ളങ്ങൾക്കും കടലിലേയ്ക്ക് സുഗമമായി പോകുന്നതിനും എഫ്.എൽ.സി.യിലേക്ക് പ്രവേശിക്കേണ്ടതും അനിവാര്യമാണ്. ടി പ്രദേശത്തുനിന്നും ഏകദേശം 2 കിലോ മീറ്റർ മാറി എതിർഭാഗത്ത് തെക്ക് കിഴക്കായിട്ടാണ് പുതിയങ്ങാടി എഫ്.എൽ.സി. സ്ഥിതി ചെയ്യുന്നത്. ടി. എഫ്.എൽ.സി. ഹാർബർ ആക്കി ഉയർത്തണമെന്ന ആവശ്യത്തിന്റെ ഭാഗമായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്.

(ബി) സാദ്ധ്യതാപഠനം നടത്തണമെന്നാവശ്യപ്പെട്ട് ബഹു. എം.എൽ.എ., ഫിഷറീസ് വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനം പരിശോധിച്ചുവരുന്നു.

**കായംകുളം മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ**

380 (3423) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന 17 റോഡ് പ്രവൃത്തികൾക്കായി 761.62 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം**

381 (3424) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-6-2018-ന് ഫിഷറീസ് വകുപ്പ് മന്ത്രി വിളിച്ച ചേർത്ത യോഗ തീരുമാന പ്രകാരം കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമാണത്തിനായുള്ള വിശദമായ എസ്റ്റിമേറ്റ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 20-6-2018-ന് ഫിഷറീസ് വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗ തീരുമാന പ്രകാരം കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചൂട്ടാട് മഞ്ച ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നവീകരണ പ്രവൃത്തിക്കായി സമർപ്പിച്ച 92.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

**വൈപ്പിൻ ഫിഷിംഗ് ഹാർബറിലേക്കുള്ള അപ്രോച്ച് റോഡിനായി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി**

382 (3425) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഫിഷിംഗ് ഹാർബറിലേയ്ക്കുള്ള അപ്രോച്ച് റോഡിനായി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ഏതുവരെയായെന്ന് വിശദമാക്കാമോ; സ്ഥലമേറ്റെടുക്കുന്നതിനായി ലാൻഡ് അക്വിസിഷൻ വിഭാഗത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിലേയ്ക്കുള്ള അപ്രോച്ച് റോഡിനും പാർക്കിംഗ് ഏരിയയ്ക്കുംവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് 251.04 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്കായി ഫണ്ട് ലഭ്യമാക്കണമെന്ന് ജില്ലാ കളക്ടറും സ്പെഷ്യൽ തഹസീൽദാരും ആവശ്യപ്പെട്ടതനുസരിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തീരദേശ വികസനം**

383 (3426) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുന്ന ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഈ പാക്കേജിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) കായംകുളം ഫിഷിംഗ് ഹാർബറിലെ അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 17 റോഡുകൾക്കായി 710.4 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നത്. റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2018 ആഗസ്റ്റിലെ പ്രളയക്കെടുതിയെത്തുടർന്ന് ഹാർബറിൽ അടിഞ്ഞു കൂടിയ മണ്ണ് നീക്കുന്നതിനും സ്ലൂക്ച്ചേഴ്സിനുണ്ടായ അറ്റകുറ്റപ്പണികൾക്കും തീരദേശ റോഡുകളുടെ പുനർനിർമ്മാണത്തിനുമായി 252.65 കോടി രൂപ കണക്കാക്കിയിട്ടുണ്ട്. തുടർന്ന് വിവിധ ഫിഷിംഗ് ഹാർബറുകളിലും ഫിഷ് ലാൻഡിംഗ് സെന്ററിലുമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും പുനർ നിർമ്മിക്കുന്നതിനുമായി ബ്ലൂ റെവല്യൂഷനിൽ ഉൾപ്പെടുത്തി കേന്ദ്ര ധനസഹായം ലഭ്യമാകുന്നതിനായി 188.55 കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്:

| | |
|---|---|
| 1 | മൂന്നാംമൂട്-മരുളർകുളങ്ങര മുസ്ലീം പള്ളി റോഡ് (കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി) |
| 2 | കായിക്കാട്ട് മുക്ക്-ചൂളൂരേത്തുമുക്ക് റോഡ് (കരുനാഗപ്പള്ളി നഗരസഭയിൽ 35-ാം ഡിവിഷൻ) |
| 3 | മാങ്ങാട്ടേത്ത് ജംഗ്ഷൻ -മാവിലശ്ശേരി റോഡ് (കരുനാഗപ്പള്ളി നഗരസഭയിലെ 22-ാം ഡിവിഷൻ) |
| 4 | പടന്നയിൽ മുക്ക് -കൊന്നത്തേരിൽമുക്ക് റോഡ് (ക്ലാപ്പന പഞ്ചായത്ത്) |
| 5 | പിണറുംമൂട്ടിൽ -ഇളാശ്ശേരി റോഡ് (ക്ലാപ്പന പഞ്ചായത്ത്) |

(ഡി) കായംകുളം ഫിഷിംഗ് ഹാർബറിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ 30 ടൺ ബ്ലോക്ക് ഐസ് പ്ലാന്റ്, 10 ടൺ ഐസ് സ്റ്റോർ റൂം, 10 ടൺ ചിൽഡ് റൂം എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി- 269.50 ലക്ഷം.

2. കായംകുളം അഴീക്കൽ 40 ടൺ ഐസ് പ്ലാന്റിന്റെ ജനറേറ്റർ, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ടെമ്പററി ഷെഡിന്റെ നിർമ്മാണം - 269.50 ലക്ഷം.

3. കായംകുളം ഫിഷിംഗ് ഹാർബർ മെയിന്റനൻസ് ഡ്രഡ്ജിംഗ് -130 ലക്ഷം.

4. വലിയഴീക്കൽ ഫിഷ് ലാൻഡിംഗ് സെന്ററിലെ അഡീഷണൽ ഡ്രഡ്ജിംഗ് -50 ലക്ഷം.

കൂടാതെ ഹാർബറിലെ മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായിട്ടുള്ള റോഡ്, യാർഡിന്റെ മെയിന്റനൻസ്, ബിൽഡിംഗ് മെയിന്റനൻസ് പ്രവൃത്തികൾക്കായി 50.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ കായംകുളം ഫിഷിംഗ് ഹാർബറിന്റെ പുലിമുട്ട് നിർമ്മാണത്തിന് 272 ലക്ഷം രൂപയുടെ പദ്ധതിക്ക് KIIFB യിലുൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്.

**ചെങ്ങന്നൂർ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി മേഖലയിലെ പ്രവൃത്തികൾ**

384 (3427) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന ചെന്നിത്തലയിൽ ഹാർബർ എൻജിനിയറിംഗ് നിർവ്വഹണം നടത്തുന്ന മത്സ്യത്തൊഴിലാളി മേഖലയിലെ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രളയാനന്തര നിർമ്മിതിയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിവരിക്കാമോ ?

<u>ഉത്തരം</u>

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട ചെന്നിത്തലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിലുൾപ്പെടുത്തി രണ്ട് റോഡ് പ്രവൃത്തികൾക്കായി 111.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

- ചെന്നിത്തല ഗ്രാമപഞ്ചായത്തിലെ കോയിപ്പുറത്തുപടി മുതൽ പെരുമ്പുഴ കടവുഭാഗംവരെയുള്ള റോഡ് നിർമ്മാണത്തിനായി 47 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ടാറിംഗ് ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

- ചെന്നിത്തല ഗ്രാമ പഞ്ചായത്തിലെ ഫിഷർമെൻ കോളനി റോഡിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണത്തിനായി 64 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇതിൽ 30% പ്രവൃത്തി പൂർത്തീകരിച്ചിട്ടുമുണ്ട്.

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പ്രളയത്തിൽ നാശം സംഭവിച്ച മത്സ്യബന്ധനോപകരണങ്ങളുടെ നഷ്ടം കണക്കാക്കി കേന്ദ്ര സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മത്സ്യകൃഷി മേഖലയിലുണ്ടായിട്ടുള്ള നഷ്ടം നികത്തി വീണ്ടും കൃഷി ആരംഭിക്കുന്നതിന് തയ്യാറാക്കിയ പാക്കേജിൽ കൂട് മത്സ്യകൃഷി, കല്ലുമ്മേക്കായ് കൃഷി എന്നിവയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഗുണഭോക്താക്കളാകാൻ കഴിയും. ഇതിനുപുറമേ സർക്കാർ നടപ്പാക്കുന്ന 'മുറ്റത്തൊരു മീന്തോട്ടം' പദ്ധതിയിലൂടെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കും. ഉൾനാടൻ മത്സ്യബന്ധനം വർദ്ധിപ്പിക്കുന്നതിന് കേജ് ഫാമിംഗ് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**കടലുണ്ടിക്കടവ് ഫിഷ് ലാൻറിംഗ് സെന്റർ പുനരുദ്ധാരണം**

385 (3428) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനിയറിംഗ് മുഖേന പുനരുദ്ധാരണത്തിനായി തെരഞ്ഞെടുത്ത റോഡുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ആരെല്ലാം അപേക്ഷകൾ നൽകിയിട്ടുണ്ട്; അവരുടെ പേരു വിവരങ്ങൾ നൽകാമോ;

(ബി) വള്ളിക്കുന്ന് തീരദേശമേഖലയിലെ കടലുണ്ടിക്കടവ് ഫിഷ് ലാൻറിംഗ് സെന്റർ പുനരുദ്ധരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) തീരദേശ മേഖലയിലെ കുടിവെള്ള പ്രശ്ന പരിഹാരത്തിനായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ; ഏതൊക്കെ ഏജൻസി മുഖേനയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് മുഖേന പുനരുദ്ധാരണത്തിനായി തെരഞ്ഞെടുത്ത റോഡുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വള്ളിക്കുന്ന് റിവർ മൗത്ത് എഫ്.എൽ.സി. (കടലുണ്ടി കടവ് എഫ്.എൽ.സി.) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 46 ലക്ഷം രൂപയ്ക്ക് പൂർത്തീകരിച്ചു.

(സി) തീരദേശ മേഖലയിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായി 2007-08 മുതൽ 2015-16 വരെ വിവിധ പദ്ധതികളിലുൾപ്പെടുത്തി 100.05 കോടി രൂപ അടങ്കൽ വരുന്ന 118 പദ്ധതികൾ നടപ്പാക്കിവരുന്നു. ഇതിൽ 95 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ കോഴിക്കോട് ജില്ലയിലെ അഴിയൂർ ഗ്രാമപഞ്ചായത്തിലെ ചോമ്പാല മുതൽ പൂഴിത്തല വരെയുള്ള (വാർഡ് 13, 14, 15, 16) വാർഡുകളിൽ കുടിവെള്ള പ്രശ്ന പരിഹാരത്തിനായി 15 ലക്ഷം രൂപയുടെയും കണ്ണൂർ, മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ മാട്ടൂൽ – മടക്കര മുനമ്പ് കുടിവെള്ള പദ്ധതിക്ക് 17.7 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതികൾ കേരള സംസ്ഥാന വാട്ടർ അതോറിറ്റി മുഖേനയാണ് നടപ്പാക്കുന്നത്.

**പുതിയങ്ങാടിയിൽ ആധുനിക രീതിയിലുള്ള ഐസ് പ്ലാന്റ്**

386 (3429) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ നിലവിലുള്ള ഉപയോഗ ശൂന്യമായ ഐസ് പ്ലാന്റിനു പകരം ആധുനിക രീതിയിലുള്ള ഐസ് പ്ലാന്റ് നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ ഉപയോഗശൂന്യമായ ഐസ് പ്ലാന്റ് പൊളിച്ച് നീക്കി പുതിയ ഐസ് പ്ലാന്റ് നിർമ്മിക്കുന്നതിന് 190 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിരുന്നു. എന്നാൽ ഓരോ പ്രദേശത്തെയും മത്സ്യലഭ്യതയും ആവശ്യമായ ശീതികരണ സംവിധാനങ്ങളുടെയും ഐസ് പ്ലാന്റിന്റെയും സാദ്ധ്യതയും ഉൾപ്പെടുത്തി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയതനുസരിച്ച് മത്സ്യഫെഡ് പ്രൊപ്പോസൽ തയ്യാറാക്കിവരികയാണ്.

## വയനാട് ജില്ലയിലെ കശുമാവ് കൃഷി

387 (3430) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വിശദീകരിക്കാമോ;

(ബി) ഇല്ലെങ്കിൽ ജില്ലയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മുൻവർഷങ്ങളിൽ കെ.എസ്.എ.സി.സി. പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ് എന്നീ പദ്ധതികൾ വഴി കർഷകർക്ക് സൗജന്യമായി ഗ്രാഫ്റ്റ് തൈകൾ നൽകിയിരുന്നു. കൂടാതെ കശുമാവ് കൃഷിയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികളും നടത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ജില്ലയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി പരസ്യങ്ങൾ കൊടുത്തിരുന്നു. കൂടാതെ 9-1-2018-ന് മാനന്തവാടിയിൽവച്ച് കർഷകർക്കായി പരിശീലന പരിപാടി സംഘടിപ്പിക്കുകയും പ്രസ്തുത പരിപാടിയിൽ 60-ൽപരം കർഷകർ പങ്കെടുക്കുകയും ചെയ്തു. ഈ വർഷം കെ.എസ്.എ.സി.സി. 38,850 കശുമാവ് ഗ്രാഫ്റ്റ് തൈകൾ വയനാട് ജില്ലയിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

## കശുവണ്ടി ഫാക്ടറികളിലെ തൊഴിൽ ദിനങ്ങൾ

388 (3431) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കാപ്പക്സ് നിയന്ത്രണത്തിലുള്ള കശുവണ്ടി ഫാക്ടറികളിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രതിവർഷം ശരാശരി എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്; കഴിഞ്ഞ സർക്കാരിന്റെ കാലത്തെ തൊഴിൽ ദിനങ്ങളുടെ പ്രതിവർഷ ശരാശരി എത്രയായിരുന്നു; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ വർഷം കാപ്പെക്സിൽ 2018 ജനവരി മുതൽ 2018 നവംബർ 30 വരെ 156 തൊഴിൽദിനങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ ഭരണ കാലത്ത് കാപെക്സിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞ തൊഴിൽ ദിനങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തൊഴിൽ ദിനങ്ങൾ |
|---|---|
| 2016 | 165 |
| 2017 | 178 |
| 2018 നവംബർ 30 വരെ | 156 |
| | |

കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് നൽകിയ പ്രതിവർഷ ശരാശരി തൊഴിൽ ദിനങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തൊഴിൽ ദിനങ്ങൾ |
|---|---|
| 2011 | 136 |
| 2012 | 274 |
| 2013 | 211 |
| 2014 | 246 |
| 2015 | 192 |

**നാടൻ മത്സ്യങ്ങളുടെ വംശനാശം**

389 (3432) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലാശയങ്ങളിലെ നാടൻ മത്സ്യങ്ങൾക്ക് വംശനാശം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ഫിഷറീസ് സർവ്വകലാശാലയുമായി ചേർന്ന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് 2010-ൽ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും നിയമം ഏകീകൃത രൂപത്തിൽ സംസ്ഥാനത്തൊട്ടാകെയായി നടപ്പിൽ വരുത്തിയിട്ടുണ്ട്. മാത്രവുമല്ല തദ്ദേശ മത്സ്യങ്ങളുടെ പ്രജനന, നഴ്സറി കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് അവയുടെ സംരക്ഷണം സാദ്ധ്യമാക്കുന്നതിനായി അത്തരം പ്രദേശങ്ങൾ സംരക്ഷിത മത്സ്യ സങ്കേതങ്ങളായി പ്രഖ്യാപിച്ച് പരിപാലനം നടത്തുന്നതിനായി വ്യവസ്ഥകൾ 2010-ലെ പുതിയ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ മത്സ്യങ്ങളുടെ വംശനാശം തടയുന്നത് ലക്ഷ്യമിട്ടുകൊണ്ട് ഉൾനാടൻ ജലാശയങ്ങളിൽ കൃത്രിമ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനായി മത്സ്യ സങ്കേതം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം കൊല്ലം, കോട്ടയം എന്നീ ജില്ലകളിലേയ്ക്കായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മത്സ്യശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന തനത് മത്സ്യയിനങ്ങളുടെ സമ്പത്ത് ഉൾനാടൻ ജലാശയങ്ങളിൽ പുനഃസ്ഥാപിക്കുന്നതിനായി അത്തരം മത്സ്യയിനങ്ങളുടെ കുഞ്ഞുങ്ങളെ പൊതു ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന റാഞ്ചിംഗ് പദ്ധതി ഫിഷറീസ് വകുപ്പ് കഴിഞ്ഞ കുറേ വർഷങ്ങളായി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. നടപ്പ് സാമ്പത്തിക വർഷം (2018-19) ഈ ആവശ്യത്തിനായി 296 ലക്ഷം രൂപ അനുവദിക്കുകയും ആയത് നടപ്പിലാക്കുന്നതിനായി വിവിധ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുമുണ്ട്.

(സി) കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ ധനസഹായത്തോടെ പ്രളയാനന്തരം കേരളത്തിലെ നദികളിലെ മത്സ്യസമ്പത്തിനെക്കുറിച്ച് കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല പഠനം നടത്തിവരുന്നുണ്ട്. കേരള

ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല ATREE (അശോകാ ട്രസ്റ്റ് ഫോർ റിസർച്ച് ഇൻ ഇക്കോളജി & എൻവയോൺമെന്റ്) എന്ന സംഘടനയുമായി ചേർന്ന് വേമ്പനാട്ട് കായലിലെ മത്സ്യ സമ്പത്തിനെക്കുറിച്ചും കേരള കാർഷിക സർവ്വകലാശാലയുമായി സഹകരിച്ച് കോൾ പാടങ്ങളിലെ മത്സ്യ സമ്പത്തിനെക്കുറിച്ചും പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നാടൻ വരാൽ, നാടൻ മുഷി, തൊണ്ണൻവാള, പൂവാലിപ്പരൽ എന്നീ മത്സ്യങ്ങളുടെ കൃത്രിമ പ്രജനനത്തിലൂടെ ഉൽപ്പാദിപ്പിച്ച കുഞ്ഞുങ്ങളെ വരും വർഷങ്ങളിൽ കൂടുതൽ എണ്ണം ഉൽപ്പാദിപ്പിക്കുന്നതിനായി സർവ്വകലാശാലയുടെ പൊതുന്ന മത്സ്യക്കുളങ്ങളിൽ (Brood Banks) നിക്ഷേപിച്ച് പരിപാലിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

# അനുബന്ധം - III

(ശ്രദ്ധ ക്ഷണിക്കലുകൾക്കും സബ്മിഷനുകൾക്കും ബന്ധപ്പെട്ട

വകുപ്പുമന്ത്രിമാർ നൽകിയ മറുപടി)

(1) വന്യമൃഗ പ്രതിരോധം സംബന്ധിച്ച ശ്രീ. മുരളി പെരുനെല്ലിയുടെ ശ്രദ്ധക്ഷണിക്കലിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടി

സർക്കാർ നടപ്പിലാക്കിവരുന്ന മികച്ച രീതിയിലുള്ള വനം-വന്യജീവി, പരിപാലന-സംരക്ഷണ പ്രവർത്തനങ്ങൾമൂലം വന്യജീവികളുടെ എണ്ണത്തിൽ സമീപകാലത്ത് ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. കാട്ടുപന്നികൾ, കുരങ്ങ് എന്നിവയുടെ കാര്യത്തിലും ഇത് ബാധകമാണ്. എന്നാൽ അംഗസംഖ്യയിലുണ്ടായ വർദ്ധനവുകൊണ്ടോ കാട്ടിനുള്ളിൽ തീറ്റയുടെ ലഭ്യത കുറയുന്നതുകൊണ്ടോ മാത്രമാണ് വന്യജീവി ആക്രമണം വ്യാപകമാകുന്നതെന്ന് പറയുവാൻ സാധിക്കുകയില്ല.

വന്യമൃഗങ്ങൾ ജനവാസ മേഖലകളിലിറങ്ങി കൃഷി നശിപ്പിക്കുന്നതും നാട്ടിലുള്ള മൃഗങ്ങൾക്കും മനുഷ്യർക്കും ഭീഷണിയാകുന്നതും തടയുന്നതിന് വനം വകുപ്പ് നിരവധി പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 2017-18 വരെ ഉദ്ദേശം 2100 കി. മീറ്റർ സോളാർ പവർ ഫെൻസിംഗ്, 618 കി.മീറ്റർ ആന പ്രതിരോധ കിടങ്ങുകൾ, 177 കി.മീറ്റർ ആന പ്രതിരോധ മതിൽ, 6 കി. മീറ്റർ കല്ല് കെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി. മീറ്റർ ജൈവവേലി, 248 കി. മീറ്റർ കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്. മികച്ച രീതിയിൽ പരിപാലിക്കുകയാണെങ്കിൽ ഏറ്റവും ചെലവ് കുറഞ്ഞതും കാര്യക്ഷമവുമായ വന്യജീവി പ്രതിരോധ മാർഗ്ഗമാണ് സൗരോർജ്ജ വേലി. നിലവിലുള്ള സൗരോർജ വേലികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും താൽക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ളവരെ നിയോഗിച്ചിട്ടുണ്ട്. അതേസമയം റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നത് വളരെയേറെ ചെലവേറിയ പദ്ധതിയാണ്. ഒരു കിലോമീറ്റർ നീളത്തിൽ റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിന് ഏകദേശം ഒരു കോടി എൺപത് ലക്ഷം രൂപ ചെലവ് വരും. നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, വയനാട് പോലെയുള്ള സ്ഥലങ്ങളിൽ കല്ലിന്റെ ദൗർലഭ്യം എന്നിവ റെയിൽ ഫെൻസിംഗ്, ആന പ്രതിരോധ മതിൽ

തുടങ്ങിയവ നിർമ്മിക്കുന്നതിന് പ്രായോഗിക തടസ്സങ്ങളാണ്. മഴ കൂടുതലുള്ള പ്രദേശങ്ങളിലും വനത്തിലേയ്ക്ക് പ്രവേശിക്കാൻ പൊതുജനങ്ങൾ വഴി തുറക്കുന്നതും കിടങ്ങുകളുടെ ഫലപ്രാപ്തി കുറയ്ക്കാറുണ്ട്. വൻതുക ഈ മാർഗ്ഗങ്ങൾക്ക് അവലംബിച്ചാൽ വന്യജീവി ആക്രമണം രൂക്ഷമായ മറ്റു പ്രദേശങ്ങളിൽ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ സാധിക്കാതെയും വരും.

താരതമ്യേന ചെലവ് കുറഞ്ഞതും പുതുതായി രൂപകൽപ്പന ചെയ്തതുമായ ക്രാഷ് ഗാർഡ് ഫെൻസിംഗ്, സോളാർ പവർ ഫെൻസിംഗ്, സ്വയം സന്നദ്ധ പുനരധിവാസം എന്നീ മാർഗ്ഗങ്ങളും വനം വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

കേരളത്തിൽ വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം നൽകുന്ന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിലേയ്ക്കും സുതാര്യത ഉറപ്പാക്കുന്നതിലേയ്ക്കുമായി ഇ-ഡിസ്ട്രിക്ട് (e-District) മുഖാന്തരമുള്ള ഓൺലൈൻ സംവിധാനമാണ് നിലവിലുള്ളത്. വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന ജീവഹാനിക്കും മറ്റു നാശനഷ്ടങ്ങൾക്കും അനുവദിക്കുന്ന നഷ്ടപരിഹാരത്തുക അപര്യാപ്തമാണെന്ന നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക ഇരട്ടിയാക്കി 5-4-2018-ൽ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഇതനുസരിച്ച് വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്നുന്നവർക്ക് പരമാവധി 1 ലക്ഷം രൂപയും വനത്തിനുപുറത്ത് പാമ്പ് കടിയേറ്റ് ജീവഹാനി സംഭവിച്ചാൽ നഷ്ടപരിഹാരം 2 ലക്ഷം രൂപയുമായി ഉയർത്തിയിട്ടുണ്ട്. വീടുകൾ/കുടിലുകൾ, കൃഷി, കന്നുകാലികൾ എന്നിവയ്ക്ക് വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കണക്കാക്കപ്പെടുന്ന തുകയുടെ 100%, പരമാവധി 1 ലക്ഷം രൂപ, എന്ന നിരക്കിൽ നൽകുന്നുണ്ട്. കൃഷി നാശത്തിനുള്ള നഷ്ടപരിഹാരത്തുകകൾ നൽകുന്നത് 2015-ൽ നിശ്ചയിച്ച നിരക്കുകൾ പ്രകാരമാണ്.

(2) നാഷണൽ ഹൈവേ 766-ന്റെ വികസനം സംബന്ധിച്ച ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ ശ്രദ്ധക്ഷണിക്കലിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടി

മുത്തങ്ങ വനമേഖല ദേശീയപാത 766 വയനാട് ജില്ലയിലെ കല്ലൂരിൽ നിന്നാരംഭിച്ച് കർണ്ണാടക അതിർത്തിവരെ 10 കി.മീ ഭാഗമാണ്. ഈ പ്രദേശത്ത് കേന്ദ്ര സർക്കാരിന്റെ 55 കോടി രൂപയുടെ റോഡ് ശക്തിപ്പെടുത്തൽ, എൽ. & ടി. കമ്പനി മുഖാന്തരം ഹൈവേയുടെ സമഗ്ര വികസനത്തിനായി സാങ്കേതിക പഠനം

എന്നിവ നടക്കുന്നുണ്ട്. സംസ്ഥാന സർക്കാർ റീസർവ്വേ പ്രകാരം ലഭ്യമാക്കിയ സ്ഥലത്ത് കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനത്താൽ രൂപം കൊണ്ടതാണ് ഈ വനമേഖല. കോഴിക്കോട്-കൊല്ലഗൽ ദേശീയപാത 766 റീസർവ്വേയ്ക്കുശേഷം ദേശീയപാതയായുള്ള വിജ്ഞാപനം ബാധകമായ പ്രദേശത്ത് റീസർവ്വേ സ്കെച്ചിൽ വനഭൂമി, റോഡ് എന്നിവ പ്രത്യേകം വേർതിരിച്ച് അടയാളപ്പെടുത്തിയിട്ടുണ്ട്. റോഡിനായി അടയാളപ്പെടുത്തിയ ഭാഗത്ത് സാങ്കേതിക പഠനവും റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തികളും ദേശീയപാതാ വിഭാഗം നടത്തുന്നുണ്ട്. ഈ പാതയിൽ കി. മീ. 76/000 മുതൽ 117/600 കേരളാതിർത്തി വരെയുള്ള ഭാഗത്താണ് ഇപ്പോൾ ആനുവൽ പ്ലാൻ പ്രകാരം റോഡ് ശക്തിപ്പെടുത്തൽ പ്രവൃത്തികൾ നടക്കുന്നത്. വനവുമായി അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ പ്രവൃത്തി പുരോഗമിക്കുമ്പോൾ വനം മേഖലയിലാണ് പ്രവൃത്തികൾ നടക്കുന്നതെന്ന അറിയിപ്പ് പലപ്പോഴും വനം വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. റോഡും വനഭൂമിയും തമ്മിലുള്ള അതിരുകളിൽ ചില അവ്യക്തതകൾ പല സ്ഥലങ്ങളിലും ഇപ്പോഴും നിലനിൽക്കുന്ന സാഹചര്യമുള്ളതുകൊണ്ടാണ് ഈ പ്രശ്നം ഉദിക്കുന്നത്. 5-10-2018-ൽ സുൽത്താൻബത്തേരി റെയ്ഞ്ച് വൈൽഡ് ലൈഫ് വാർഡൻ വനഭൂമി കയ്യേറിയതായി സംശയം പ്രകടിപ്പിച്ച് താൽക്കാലികമായി പ്രവൃത്തി നിർത്തിവയ്ക്കാൻ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. സ്കെച്ചുകൾ പരിശോധിച്ച് സർവ്വേയറുടെ സാന്നിദ്ധ്യത്തിൽ കയ്യേറ്റമില്ലെന്ന് ബോദ്ധ്യപ്പെട്ടാൽ മാത്രമേ പ്രവൃത്തി തുടരാൻ സാദ്ധ്യമാവുകയുള്ളൂ. വനം-റവന്യൂ-ദേശീയ പാതാ വിഭാഗങ്ങൾ സംയുക്തമായി തീരുമാനത്തിലെത്തേണ്ടുന്നതിനാൽ വയനാട് ജില്ലാ കളക്ടറെ വിവരം അറിയിക്കുകയും 13-11-2018-ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുമുണ്ടായി.

കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനപ്രകാരമുള്ള വന്യജീവി സങ്കേതമാണ് ഈ പ്രദേശമെന്ന വനം വകുപ്പിന്റെ അറിയിപ്പും കേരള സർക്കാരിന്റെ റീസർവ്വേയ്ക്കുശേഷം മേൽ വിജ്ഞാപനത്തിൽ ആവശ്യമായ മാറ്റം സംസ്ഥാന സർക്കാർ കൈക്കൊള്ളാത്തതിനാലും ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, വന്യജീവി സംരക്ഷണ നിയമം എന്നിവ നിലനിൽക്കുന്ന സാഹചര്യത്തിനാലും വനാതിർത്തി പുനർനിർണ്ണയിച്ച റീസർവ്വേ സ്വീകാര്യമല്ലെന്ന നിലപാടാണ് വനം വകുപ്പിനുള്ളത്. സുപ്രീംകോടതി വിധിന്യായ പ്രകാരം റീസർവ്വേ നടപടികൾക്ക് പ്രസക്തിയില്ലെന്നും ദേശീയപാത അടക്കമുള്ള ഭൂമി വനമേഖലയായി തന്നെ നിലകൊള്ളുന്നതിനാൽ റോഡിൽ വികസന പ്രവൃത്തികൾ സാദ്ധ്യമല്ലെന്ന നിലപാടിലാണ് വനം വകുപ്പ്.

കേരള-കർണ്ണാടക സംസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പ്രധാന ദേശീയപാതയാണിത്. കേന്ദ്ര സഹായപ്രകാരമുള്ള 55 കോടി രൂപയുടെ പ്രവൃത്തിയാണ് ഇപ്പോൾ നടക്കുന്നത്. റോഡ് നവീകരണം, ബലപ്പെടുത്തൽ, യാത്രക്കാരുടെ സുരക്ഷിതത്വം എന്നിവ മുൻനിർത്തിയാണ് പ്രവൃത്തി. വനം വകുപ്പിന്റെ വാദം മുൻനിർത്തി പ്രവൃത്തി തുടരുകയാണെങ്കിൽ വനാതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ യാതൊരു വികസനവും നടപ്പിലാക്കുവാൻ സാധിക്കുകയില്ല. അങ്ങനെ ഒരു സാഹചര്യം വന്നാൽ ഈ റോഡിന്റെ ദേശീയപാതാ നിലവാരത്തെ അത് സാരമായി ബാധിക്കും. ദേശീയപാതയ്ക്ക് ആവശ്യമായ വീതി നിലനിർത്തേണ്ടത് അത്യാവശ്യമാണ്. ദേശീയപാതാ നിലവാരത്തെ ബാധിക്കുകയും വികസന പ്രക്രിയകൾ നിലയ്ക്കുകയും ചെയ്താൽ കേരളത്തെ സംബന്ധിച്ചിടത്തോളം നഷ്ടങ്ങളാകും ഫലം. ഭാവിയിൽ ഈ പാതയുടെ നവീകരണത്തിന് കേന്ദ്ര സഹായങ്ങൾ ലഭിക്കാതെയാകും. രാത്രി യാത്രാനിരോധനം ഉള്ളതുകൊണ്ട് ഇപ്പോൾത്തന്നെ ഈ പാതയിലൂടെ സഞ്ചരിക്കുന്നവർ വളരെയേറെ ക്രമീകരണങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. ദേശീയപാതാ നിലവാരമില്ലാത്ത ശോച്യാവസ്ഥയിലുള്ള റോഡാണെങ്കിൽ യാത്ര കൂടുതൽ ദുഷ്കരമാകും. ആയതിനാൽ നിലവിലുള്ള റീസർവ്വേ പ്രകാരം ലഭ്യമായ ഭൂമിയിൽ ദേശീയപാത നിലനിർത്താനുള്ള നടപടികൾക്കായി സംയുക്ത പരിശോധനകൾ നടത്തി, വനഭാഗത്ത് സർവ്വേ നടത്തി റോഡ് പ്രവൃത്തികൾ സുഗമമായി നടത്താനുള്ള സൗകര്യം ഉണ്ടാകേണ്ടതും അത്യാവശ്യമാണ്. ഇതിനായി ആവശ്യമെങ്കിൽ കേരള സർക്കാർ മുഖാന്തിരം കേന്ദ്രാനുമതി ലഭ്യമാക്കി പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രശ്നപരിഹാരങ്ങൾക്കായി വയനാട് ജില്ലാ കളക്ടറുടെ യോഗതീരുമാന പ്രകാരം ഫോറസ്റ്റ് മിനി സർവ്വേ, ജില്ലാ റവന്യൂ, ദേശീയപാതാ വിഭാഗം എന്നിവരുടെ സംയുക്ത സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(3) കെ.എസ്.യു. പ്രവർത്തകരെ മർദ്ദിച്ചത് സംബന്ധിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ സബ്മിഷന് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടി

നിയമസഭയിൽ സത്യാഗ്രഹം നടത്തിവരുന്ന സാമാജികർക്ക് അഭിവാദ്യമർപ്പിച്ചുകൊണ്ട് 8-12-2018-ന് KSU നേതാക്കളും പ്രവർത്തകരുമുൾപ്പെടെയുള്ള 75-ഓളം പേരടങ്ങിയ സംഘം ജാഥയായി സെക്രട്ടറിയേറ്റ് മെയിൻ ഗേറ്റിന് മുൻവശം എത്തി. അവിടെ എത്തിയശേഷം വാഹന ഗതാഗതം തടസ്സപ്പെടുത്തുകയും അക്രമാസക്തരായി ബാരിക്കേഡുകൾ തള്ളിനീക്കി സെക്രട്ടറിയേറ്റിനുള്ളിൽ

പ്രവേശിക്കാൻ ശ്രമിക്കുകയും ചെയ്തു. ഇവരോട് പല പ്രാവശ്യം പിരിഞ്ഞുപോകാൻ നിയമാനുസരണം പോലീസ് ആവശ്യപ്പെട്ടിട്ടും അക്രമാസക്തമായി പെരുമാറുന്ന സ്ഥിതിയാണുണ്ടായത്. തുടർന്ന് സ്ഥലത്തുണ്ടായിരുന്ന എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നിർദ്ദേശാനുസരണം സമരക്കാരെ ജലപീരങ്കി ഉപയോഗിച്ച് പിരിച്ചുവിടുകയാണുണ്ടായത്. ജലപീരങ്കി പ്രയോഗിച്ചതോടെ ഇവർ പിന്തിരിഞ്ഞോടി. ഓട്ടത്തിനിടയിൽ ചിലർ വീഴുന്ന സ്ഥിതിയുണ്ടായി. 3 കെ.എസ്.യു. പ്രവർത്തകർക്കും ഒരു പത്രപ്രവർത്തകനും പരിക്കേൽക്കുകയും ചെയ്തു. ഇവരെ പോലീസ് വാഹനങ്ങളിൽത്തന്നെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ എത്തിച്ചു. പ്രാഥമിക ചികിത്സയ്ക്കുശേഷം ഇവരെല്ലാം സ്വമേധയാ ആശുപത്രിയിൽ നിന്നും പോകുകയും ചെയ്തു.

ഈ സംഭവത്തിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ IPC 143, 147, 149, 283, KP Act 121 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 1535/18 ആയി 75 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അതിലുൾപ്പെട്ട 7 പ്രതികളെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുമുണ്ട്.

(4) <u>പി.എസ്.സി. പരീക്ഷകൾ മലയാളത്തിലാക്കുന്നത് സംബന്ധിച്ച ശ്രീ. സി. കെ. ഹരീന്ദ്രന്റെ സബ്മിഷന് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടി</u>

മലയാള ഭാഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ മത്സരപ്പരീക്ഷകൾ നടത്തിവരുന്നത്.

എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് തുടങ്ങിയ തസ്തികകളിൽ മലയാളത്തിലാണ് ചോദ്യപ്പേപ്പർ തയ്യാറാക്കുന്നത്. ബിരുദം യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിൽ ഇംഗ്ലീഷിലാണ് ചോദ്യങ്ങൾ തയ്യാറാക്കിവരുന്നത്. ഭരണഭാഷ മലയാളമാക്കിയിട്ടുള്ള സാഹചര്യത്തിൽ നിശ്ചിത ശതമാനം മാർക്കിന് മലയാളഭാഷാ പരിജ്ഞാനത്തിന് ചോദ്യങ്ങൾ ഉൾപ്പെടുത്തി പരീക്ഷയിൽ മാറ്റം വരുത്തിയിട്ടുണ്ട്. ചോദ്യപ്പേപ്പർ മലയാളത്തിൽ തയ്യാറാക്കുന്ന കാര്യത്തിൽ പി.എസ്.സി.യുമായി പല പ്രാവശ്യം ചർച്ചകൾ നടത്തിയിട്ടുണ്ട്.

സാങ്കേതിക വിഷയങ്ങളിലധിഷ്ഠിതമായ തസ്തികകളിലെ നിയമനത്തിനുള്ള പരീക്ഷകൾക്ക് മലയാളത്തിൽ ചോദ്യങ്ങൾ തയ്യാറാക്കുന്നത് ഉദ്യോഗാർത്ഥികൾക്ക് പ്രായോഗികമായ ബുദ്ധിമുട്ടുണ്ടാക്കും. അത്തരം പരീക്ഷകളുൾപ്പെടെ എല്ലാ തൊഴിൽ പരീക്ഷകളുടെയും ചോദ്യപ്പേപ്പറുകൾ പൂർണ്ണമായും മലയാളത്തിലോ അല്ലാത്തപക്ഷം മലയാളംകൂടി ഉൾപ്പെടുത്തിയോ തയ്യാറാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(5) ദമ്പതികളുടെ ആത്മഹത്യ സംബന്ധിച്ച ശ്രീ. ബി. ഡി. ദേവസ്സിയുടെ സബ്മിഷന് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടി

തൃശ്ശൂർ ചാലക്കുടി പരിയാരം ദേശത്ത് ബാബുവും ഭാര്യ സിനി ബാബുവും 29-11-2018-ൽ സ്വവസതിയിൽ ആത്മഹത്യ ചെയ്തു. ഇതുസംബന്ധിച്ച് ചാലക്കുടി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. കടബാദ്ധ്യതമൂലമുള്ള സാമ്പത്തിക പരാധീനതയാണ് ആത്മഹത്യക്ക് കാരണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സിനി ബാബു രാജസ്ഥാനിൽ രജിസ്റ്റേർഡ് ഓഫീസും ഡൽഹിയിൽ ഹെഡ് ഓഫീസുമുള്ള പേൾ ആഗ്രോടെക് കോർപ്പറേഷൻ ലിമിറ്റഡ് (PACL) എന്ന ധനകാര്യ സ്ഥാപനത്തിന്റെ ഫീൽഡ് വർക്കറായി പ്രവർത്തിച്ചിരുന്നു. സാമ്പത്തിക ഇടപാട് നടത്തിയിരുന്ന ഈ സ്ഥാപനത്തിനുവേണ്ടി സിനി ബാബു നിരവധി നിക്ഷേപകരെ ക്യാൻവാസ് ചെയ്ത് പ്രസ്തുത കമ്പനിയിൽ തുക നിക്ഷേപിച്ചിരുന്നു. കമ്പനി സാമ്പത്തിക നിയമത്തിലെ ചില സാങ്കേതിക കാര്യങ്ങൾ പാലിച്ചിട്ടില്ലെന്ന് ചൂണ്ടിക്കാട്ടി സെക്യൂരിറ്റീസ് & എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (SEBI) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം 2016-ൽ മരവിപ്പിക്കുകയുണ്ടായി.

SEBI പ്രസ്തുത സ്ഥാപനത്തിന്റെ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുത്ത് ആറ് മാസത്തിനുള്ളിൽ എല്ലാ ഇടപാടുകാരുടെയും ബാദ്ധ്യത തീർക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നിക്ഷേപിച്ച തുക തിരികെ ലഭിക്കാത്തതിനെത്തുടർന്ന് നിക്ഷേപകർ സിനി ബാബുവിനെ സമീപിക്കുകയും തുടർന്ന് ബാങ്കിൽനിന്നും ലോണെടുത്തും മറ്റും കുറച്ച് പണം നിക്ഷേപകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 35 ലക്ഷത്തോളം രൂപ ഇനിയും നിക്ഷേപകർക്ക് കൊടുത്തുതീർക്കാനുള്ളതായി അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

പ്രസ്തുത സ്ഥാപനത്തിനെതിരെ സംസ്ഥാനത്ത് 14 കേസുകൾ പണാപഹരണവും വഞ്ചനയുമുൾപ്പെടെയുള്ള കുറ്റത്തിനുള്ള വകുപ്പുകൾ ചേർത്ത് അന്വേഷിച്ചുവരുന്നു. ഈ കേസുകളുടെ അന്വേഷണം ഇപ്പോൾ ക്രൈംബ്രാഞ്ചാണ് നടത്തിവരുന്നത്. കൂടാതെ പ്രസ്തുത സ്ഥാപനത്തിനെതിരെ സി.ബി.ഐ. കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്.

ബാബുവിനും സിനി ബാബുവിനും മൂന്ന് മക്കളാണുള്ളത്. മൂത്ത മകൻ ഐ.ടി.ഐ. കോഴ്സിനും രണ്ടാമത്തെ മകൻ പ്ലസ് ടുവിനും മൂന്നാമത്തെ മകൾ പത്താം ക്ലാസ്സിലും പഠിക്കുന്നു. ഇവർ താമസിച്ചുവരുന്ന വീടുൾപ്പെടുന്ന സ്ഥലം ബാങ്കിൽ പണയപ്പെടുത്തിയിട്ടുണ്ട്.

മാതാപിതാക്കളുടെ ആത്മഹത്യയെത്തുടർന്ന് അനാഥരായ കുട്ടികളുടെ വിദ്യാഭ്യാസ കാര്യം വനിതാ ശിശുവികസന വകുപ്പുമായി ബന്ധപ്പെട്ട് സ്പോൺസർഷിപ്പ് സ്കീമിൽ ഉൾപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

(6) <u>പട്ടയം നൽകൽ സംബന്ധിച്ച ശ്രീ. കെ. ഡി. പ്രസേനന്റെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടി</u>

ബഹു. ഹൈക്കോടതിയുടെ WP(C) 6318/2016 നമ്പർ ഹർജിയിലെ 8-12-2016-ലെ വിധിയുടെ അടിസ്ഥാനത്തിൽ പുനരാരംഭിച്ച സർവ്വേയിൽ 120 കൈവശക്കാരുടെ സ്ഥലം പരിശോധിച്ച് റിപ്പോർട്ട് ഒറ്റപ്പാലം ഭൂപരിഷ്കരണ വിഭാഗം തഹസിൽദാർക്ക് കൈമാറുകയും ആയതിന്മേൽ കേരള ഭൂപരിഷ്കരണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

അവശേഷിക്കുന്ന 360036 ഹെക്ടർ സർവ്വേ പൂർത്തീകരിക്കുന്നതിന് നിർത്തിവച്ച സർവ്വേ ടീമിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതാണ്.

എല്ലാ തർക്കവും അവസാനിച്ചതിനുശേഷം മാത്രമേ കൈവശക്കാർക്ക് പട്ടയം നൽകൂ എന്ന പിടിവാശിയില്ല. മറിച്ച് സർവ്വേ പൂർത്തീകരിച്ച് കൈവശക്കാരുടെ ഭൂമി മിച്ചഭൂമിയിലോ പുറമ്പോക്ക് ഭൂമിയിലോ നിർദ്ദിഷ്ട വനം മേഖലയിലോ ഉൾപ്പെടുന്നതാണോയെന്ന് വ്യക്തത വരുത്തി നാമമാത്ര കൈവശക്കാർക്ക് കേരള ഭൂപരിഷ്കരണ നിയമപ്രകാരം പട്ടയം നൽകുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

(7) <u>ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം സംബന്ധിച്ച ശ്രീ. പി. ഉബൈദുള്ളയുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടി</u>

5-11-2007-ലെ സ.ഉ. (കൈ.) നമ്പർ 46/2007/ഗതാഗതം പ്രകാരം മലപ്പുറത്ത് ഒരു ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് തീരുമാനമെടുക്കുകയും അതിനുശേഷം 18-5-2011-ലെ സ.ഉ. (കൈ.) നമ്പർ 27/11/ഗതാഗതം പ്രകാരം പ്രസ്തുത പ്രോജക്ട് കെ.ടി.ഡി.എഫ്.സി.-യെ ഏൽപ്പിക്കുകയും ചെയ്തു. പ്രസ്തുത പ്രോജക്ടിന്റെ തുക 31.61 കോടി രൂപയാണെന്ന് കെ.ടി.ഡി.എഫ്.സി. അറിയിച്ചതിനെത്തുടർന്ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആദ്യം തയ്യാറാക്കിയ പ്രൊപ്പോസലിൽ നിന്നും 3 നിലകളായി ചുരുക്കി ആകെ എസ്റ്റിമേറ്റ് 11.89 കോടി രൂപയിലേയ്ക്ക് കുറവുചെയ്തുകൊണ്ട് പലിശരഹിത നിക്ഷേപത്തിലൂടെ മൂലധനം ശേഖരിച്ച് റിവൈസ്ഡ് പ്രൊപ്പോസൽ നടപ്പിലാക്കുന്നതിലേയ്ക്കായി കെ.ടി.ഡി.എഫ്.സി.യെ ഏൽപ്പിക്കുവാൻ തീരുമാനിക്കുകയുണ്ടായി. കെ.ടി.ഡി.എഫ്.സി. റിവൈസ്ഡ്

പ്രൊപ്പോസലിനെ ആസ്പദമാക്കി പ്രസ്തുത വർക്കിന്റെ ആർക്കിടെക്ട് കൺസൾട്ടൻസി സേവനം കെ.എസ്.ആർ.ടി.സി. മുമ്പ് മലപ്പുറം പ്രോജക്ടിനായി തെരഞ്ഞെടുത്ത ആർക്കിടെക്ട് ആയ M/s. രമേശ് ആർക്കിടെക്ടിനെ ഏൽപ്പിക്കുകയും റിവൈസ്ഡ് ഡ്രോയിംഗ് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ കെ.ടി.ഡി.എഫ്.സി.യുടെ ഭാഗത്തുനിന്നും പദ്ധതി നടത്തിപ്പിൽ കാലതാമസമുണ്ടായതിനെത്തുടർന്ന് പ്രോജക്ട് കെ.എസ്.ആർ.ടി.സി.യെ ഏൽപ്പിക്കുന്നതിലേയ്ക്കായി കെ.ടി.ഡി.എഫ്.സി. സർക്കാരിനോട് അനുമതി തേടുകയുണ്ടായി. നിലവിലെ എസ്റ്റിമേറ്റ് SOR2012-നെ അടിസ്ഥാനമാക്കി യുള്ളതാകയാൽ ഇതുവരെയുള്ള കാലതാമസം പ്രോജക്ട് തുകയിലാകമാനം വ്യതിയാനം സംഭവിക്കുന്നതിന് കാരണമായിത്തീർന്നു.

27-8-2014-ലെ സർക്കാർ കത്ത് നമ്പർ 752/A2/2015/Trans പ്രകാരം പ്രസ്തുത പ്രോജക്ട് കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത് നടപ്പാക്കാൻ തയ്യാറാണോ എന്ന് ആരാഞ്ഞതിനെത്തുടർന്ന് മലപ്പുറം പ്രോജക്ടിനെ സംബന്ധിക്കുന്ന ഭരണാനുമതി ഉത്തരവ് റിവൈസ് ചെയ്യുകയാണെങ്കിൽ പുതിയൊരു പദ്ധതിയായി കെ.എസ്.ആർ.ടി.സി. പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുവാൻ തയ്യാറാണെന്ന് സർക്കാരിനെ അറിയിക്കുകയുണ്ടായി. തദനുസരണം 19-5-2015-ലെ സ.ഉ. (കൈ.) നമ്പർ 31/2015/Trans. പ്രകാരം സർക്കാർ പ്രസ്തുത പ്രോജക്ടിൽ നിന്നും കെ.ടി.ഡി.എഫ്.സി.യെ സ്വതന്ത്രമാക്കുകയും കെ.എസ്.ആർ.ടി.സി.യെ പ്രോജക്ട് ഏൽപ്പിക്കുകയും ചെയ്തു. ആകെ നിർമ്മാണച്ചെലവ് 11.89 കോടി രൂപയായി നിജപ്പെടുത്തി M/s. രമേശ് ആർക്കിടെക്ട് സമർപ്പിച്ച പുതിയ ഡിസൈൻ സ്വീകരിക്കപ്പെട്ടു. ഈ പ്രോജക്ടിലേയ്ക്ക് G.O. No. 106/2013/Trans പ്രകാരം സർക്കാർ ഒരു കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. സാമ്പത്തിക സാദ്ധ്യത വിലയിരുത്തി മുന്നോട്ട് പോകുന്നതിനായി പ്രോജക്ട് രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെട്ടു. ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയാക്കി ആയതിന്റെ സാമ്പത്തിക സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ രണ്ടാംഘട്ട നിർമ്മാണം നടത്താനാണ് ഇപ്പോൾ ഉദ്ദേശിച്ചിട്ടുള്ളത്. പ്രോജക്ടിന്റെ structural design College of Engineering-ന് സൂക്ഷ്മ പരിശോധനയ്ക്കായി അയയ്ക്കുകയുണ്ടായി. ആകെ 19 ഗ്രിഡ്ഡുകളായാണ് പ്രോജക്ട് ഡിസൈൻ ചെയ്തിട്ടുള്ളത്. അതിൽ നിന്നും 9 മുതൽ 19 വരെയുള്ള ഗ്രിഡ്ഡുകൾ ഉൾപ്പെടുത്തിയാണ് ഒന്നാം ഘട്ടം നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. അങ്ങനെ DSR 2014-നെ അടിസ്ഥാനമാക്കി 7,90,00,000 രൂപയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികമായി അംഗീകരിക്കപ്പെടുകയും ചെയ്തു. 9 മുതൽ 19 വരെയുള്ള ഗ്രിഡ്ഡുകളാൽ Lower level II, Ground level I, Ground floor, First Floor എന്നിവയാണ് ആദ്യഘട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ഇതുകൂടാതെ യാത്രക്കാർക്കുള്ള സൗകര്യങ്ങൾ, അതായത് സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ടോയ്‌ലെറ്റ് സൗകര്യങ്ങളും കെ.എസ്.ആർ.ടി.സി. സർവ്വീസ് ഓപ്പറേഷനുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കുള്ള സ്ഥലവും ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു കോടി രൂപയുടെ സർക്കാർ ഫണ്ടിന് പുറമേ ബാക്കി വേണ്ടിവരുന്ന തുക പലിശരഹിത നിക്ഷേപം വഴി ശേഖരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

പ്രവൃത്തിക്കുവേണ്ടിയുള്ള ടെണ്ടറിൽ M/s. മലബാർ അസോസിയേറ്റ്സ് സമർപ്പിച്ച ഓഫറായ എസ്റ്റിമേറ്റ് തുകയിൽ നിന്നും 5.7 ശതമാനം കുറവായ നിരക്ക് അനുയോജ്യമാണെന്ന് കണ്ട് പ്രസ്തുത സ്ഥാപനത്തെ ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമായ പ്രവൃത്തിക്കായി തെരഞ്ഞെടുത്ത് 8-9-2015-ന് സെലക്ഷൻ നോട്ടീസ് നൽകുകയും 8-4-2016-ൽ കോൺട്രാക്ടർ എഗ്രിമെന്റ് വച്ച് പ്രവൃത്തി തുടങ്ങുകയും ചെയ്തു.

കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികളിലുൾപ്പെട്ട സിവിൽ സ്ട്രക്ചറൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണത്തിന് ആവശ്യമായ തുക അതിലുൾപ്പെട്ട കടമുറികൾ ലേലം ചെയ്ത് പൊതുജനത്തിന് നൽകി സ്വരൂപിക്കാനാണ് കെ.എസ്.ആർ.ടി.സി. വിഭാവനം ചെയ്തത്. എന്നാൽ രണ്ട് തവണ ലേല നടപടികൾ നടത്തിയിട്ടും അതിനാവശ്യമായ തുക സ്വരൂപിക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ തൽക്കാലം മലപ്പുറം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയാണ്. കരാറുകാരന് ഒന്നാമത്തെ പാർട്ട് ബില്ലിൽ മുഴുവൻ തുകയും രണ്ടാമത്തെ പാർട്ട് ബില്ലിൽ 70 ശതമാനം തുകയും നൽകിയിട്ടുണ്ട്. ഇനിയും രണ്ട് പാർട്ട് ബില്ലുകളിലായി 2 കോടിയിലധികം രൂപ നൽകാനുണ്ട്. കൂടാതെ ഫയർ ഫൈറ്റിംഗിനുവേണ്ടി 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് ടെണ്ടർ വിളിച്ച് ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ വച്ചിരിക്കുകയാണ്. ഇതുകൂടാതെ വൈദ്യുതീകരണ പ്രവൃത്തികൾകൂടി ടെണ്ടർ ചെയ്ത് പൂർത്തിയാക്കേണ്ടതുണ്ട്.

വാണിജ്യ സാദ്ധ്യതയുള്ള കടകൾ ലേലം ചെയ്ത് പലിശരഹിത നിക്ഷേപം സമാഹരിച്ച് കരാറുകാരന് നൽകാനുള്ള തുക നൽകി പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുവേണ്ടി 2018 ഡിസംബർ 15-ാം തീയതി വീണ്ടും ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽനിന്നും വരുമാനം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണ ചെലവുകൾ പുനരാരംഭിക്കുന്നതാണ്.

(8) ജില്ലാ പൈതൃക മ്യൂസിയം സംബന്ധിച്ച ശ്രീ. അടൂർ പ്രകാശിന്റെ സബ്മിഷന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) നൽകിയ മറുപടി

പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനായി 19-10-2013-ലെ ജി.ഒ. (ആർറ്റി.)നമ്പർ 476/13/സാം.കാ.വ. നമ്പർ ഉത്തരവ് പ്രകാരം 2,05,39,860 (രണ്ടു കോടി അഞ്ചു ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി എണ്ണൂറ്റി അറുപത്) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കോന്നിയിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിച്ചുവരുന്നത്. മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾക്കായി 1,02,69,930 (ഒരു കോടി രണ്ടു ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി തൊള്ളായിരത്തിമുപ്പത്) രൂപ കേരള ചരിത്ര പൈതൃക മ്യൂസിയത്തിന് നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ രാസപരവും ഘടനാപരവുമായ സംരക്ഷണ ജോലികൾ വകുപ്പ് പൂർത്തിയാക്കിവരുന്നു. കൂടാതെ മൂസിയത്തിൽ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായി സജ്ജീകരിച്ചിട്ടുണ്ട്. മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ട വസ്തുക്കളുടെ ശേഖരണം നടത്തുന്നതിന്റെ ഭാഗമായി 2018 ഡിസംബർ 7, 8, 9, 10 തീയതികളിൽ പത്തനംതിട്ട ജില്ലയിൽ ബൃഹത്തായ ഒരു വില്ലേജ് ടു വില്ലേജ് സർവ്വേ പന്തളം എൻ.എസ്.എസ്. കോളേജിലെ ചരിത്ര വിഭാഗവുമായി സഹകരിച്ചുകൊണ്ട് പുരാവസ്തു വകുപ്പ് നടത്തിവരികയാണ്. മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി എത്രയുംവേഗം പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(9 എസ്.ബി.ഐ. ഇടപാടുകാരുടെ പ്രയാസങ്ങൾ സംബന്ധിച്ച് ശ്രീ. മുല്ലക്കര രത്നാകരന്റെ സബ്മിഷന് ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടി

കേരളത്തിലെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും പ്രവർത്തിക്കുന്നത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ്. പ്രസ്തുത ബാങ്കുകളിലെ ഇടപാടുകൾ സംസ്ഥാന ഗവൺമെന്റിന്റെ അധികാര പരിധിയിൽപ്പെടുന്ന വിഷയമല്ല. ബാങ്കുകൾ നൽകുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ച് പൊതുവായ പരാതികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് റിസർവ് ബാങ്കിന്റെയും കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ, ബാങ്കുകൾ നൽകുന്ന സേവനങ്ങളും വായ്പകളും സംബന്ധിച്ച് വ്യക്തിഗത പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അവ എസ്.എൽ.ബി.സി. മുഖേന ബന്ധപ്പെട്ട ബാങ്കുകൾക്ക് ലഭ്യമാക്കി പരിഹാരനടപടി കൈക്കൊള്ളുന്നതിന് ആവശ്യമായ ഇടപെടൽ സർക്കാർ നടത്തുന്നുണ്ട്.

SBT-SBI ലയനത്തിനുശേഷം ചെറുകിട വായ്പകൾ നൽകുന്നതിനോ സമയബന്ധിതമായി മികച്ച സേവനം നൽകുന്നതിനോ SBI വിമുഖത കാണിക്കുന്നുവെന്നും വിവിധ സേവനങ്ങൾക്ക് സ്വകാര്യ ബാങ്കുകളെ പോലെ സർവ്വീസ് ചാർജ് ഈടാക്കുന്നുവെന്നുമുള്ള പരാതി SBI-യുടെ ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിന് സർക്കാർ നടപടി കൈക്കൊള്ളുന്നതാണ്.

(10) ആർ.സി.സി.യിലെ മരുന്നുവില സംബന്ധിച്ച ശ്രീ. വി. ഡി. സതീശന്റെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടി

സബ്മിഷനിൽ ഉന്നയിച്ചിരിക്കുന്ന "കാൻമാബ്" എന്ന മരുന്ന് മറ്റ് മരുന്നുകൾ വാങ്ങുന്നതുപോലെ ആർ.സി.സി. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് ഇ-ടെണ്ടർ നടപടി മുഖേനയാണ് വാങ്ങുന്നത്. നിലവിൽ ബയോകോൺ ലിമിറ്റഡ്, Roch (റോഷ്) എന്നീ രണ്ട് കമ്പനികളാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. ഓങ്കോളജി മരുന്നുകൾക്ക് ഗ്ലോബൽ മാർക്കറ്റിംഗ് സ്ട്രാറ്റജിയുണ്ട്. ഇന്ത്യയിൽ എവിടെ ടെണ്ടർ ക്വാട്ട് ചെയ്താലും ഒരേ വിലയായിരിക്കും. ബയോകോൺ ലിമിറ്റഡ് ഉൽപ്പന്നമായ കാൻമാബ് എന്ന മരുന്ന് ഇൻജക്ഷൻ ഒന്നിന് 35,784 രൂപയ്ക്ക് ടാക്സ് ഉൾപ്പെടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയും ആർ.സി.സി. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾക്ക് അനുസൃതമായും സർവീസ് ചാർജ്, ടാക്സ് ഉൾപ്പെടെ 42,500 രൂപയ്ക്കാണ് രോഗികൾക്ക് നൽകിവരുന്നത്.

മരുന്ന് വിപണിയിൽ ചിലപ്പോൾ ചില മരുന്നുകൾ വിറ്റഴിയാതെ വരുമ്പോൾ സീസണൽ ഓഫർ പ്രഖ്യാപിക്കാറുള്ളതായി അറിയുന്നു. ഈ സമയത്ത് ചില retail ഫാർമസികൾ വില കുറച്ച് മരുന്ന് വിൽക്കാറുണ്ട്. ഈ വിഷയത്തെക്കുറിച്ച് അന്വേഷണം നടത്തിയപ്പോൾ ഇന്ത്യ മാർട്ട് എന്ന പേരുള്ള ഓൺലൈൻ സൈറ്റിൽ ക്യാൻസർ Drugs പലപ്പോഴും പല വിലകളിലായി പ്രദർശിപ്പിക്കുന്നത് കാണുന്നു. കസ്റ്റമേഴ്സിനെ ആകർഷിക്കാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതുപോലെതന്നെ മരുന്ന് ഉൽപ്പാദിപ്പിക്കുന്ന കമ്പനിയിൽ നിന്ന് വാങ്ങി വിൽക്കുന്ന ചില ഫാർമസി കമ്പനികൾ വ്യത്യസ്ത വിലയ്ക്ക് മരുന്ന് സപ്ലൈ ചെയ്യുന്നതായി കാണാറുണ്ട്.

SAT ആശുപത്രിയിൽ താരതമ്യേന കുറഞ്ഞ അളവിൽ മാത്രമേ ക്യാൻസർ മരുന്നുകൾ ആവശ്യം വരുന്നുള്ളൂ. പ്രതിമാസം ആവശ്യമുള്ള മരുന്ന് വാങ്ങുകയാണ് ചെയ്യുന്നത്. “എ. കെ. ഫാർമ ഡൽഹി" എന്ന സ്ഥാപനത്തിൽ നിന്ന് SAT

ആശുപത്രിയിൽ മേൽപ്പറഞ്ഞ മരുന്നിന്റെ 5 യൂണിറ്റുകൾ കമ്പനി വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമായിട്ടുണ്ട്. ആശുപത്രി സൊസൈറ്റി മുഖേനയാണ് അതാത് സമയം ആവശ്യമുള്ള മരുന്നുകൾ വാങ്ങുന്നത്. ആർ.സി.സി., കാരുണ്യ ഫാർമസി തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഈ നടപടിക്രമങ്ങൾ അനുസരിച്ച് മരുന്ന് വാങ്ങാൻ കഴിയില്ല.

ഈ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടപ്പോൾ Canmab 440 m.g. ഇൻജക്ഷൻ എന്ന മരുന്ന് ഉൽപ്പാദിപ്പിക്കുന്ന ബാംഗ്ലൂരിലെ ബയോകോൺ ലിമിറ്റഡ് എന്ന കമ്പനിയോട് വിവരം അന്വേഷിച്ചിരുന്നു. ഇതുസംബന്ധിച്ച് കമ്പനിയുടെ മറുപടി ലഭ്യമായിട്ടുണ്ട്. ഇന്ത്യയിലെവിടെയും 35,000 രൂപയിൽ കുറഞ്ഞ വിലയ്ക്ക് ഈ കമ്പനി മരുന്ന് വിറ്റിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ മരുന്ന് വിൽപ്പന നടത്തിയതിന് റിപ്പോർട്ടും ലഭ്യമാക്കിയിട്ടുണ്ട്.

ഡ്രഗ്സ് കൺട്രോളറോട് ഓൺലൈൻ വഴി മരുന്ന് വിലകുറച്ച് വിൽക്കുന്ന കാര്യം വിശദമായി പരിശോധിക്കാൻ ആവശ്യപ്പെടുകയും നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി ഏതെങ്കിലും തരത്തിലുള്ള അപാകതകളുണ്ടോ എന്ന് വിശദമായി പരിശോധിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

(11) <u>വൃദ്ധസദനത്തിന്റെ നിർമ്മാണം സംബന്ധിച്ച ശ്രീ. മോൻസ് ജോസഫിന്റെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടി</u>

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്ത് ഒരു വൃദ്ധസദനം ആരംഭിക്കുന്നതിന് സ്ഥലം വാങ്ങുകയും 11 ലക്ഷം രൂപ ചെലവഴിച്ച് ഒരു കെട്ടിടം നിർമ്മിക്കുകയും ചെയ്തു. ടി വൃദ്ധസദനം പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുന്നതിന് കുറഞ്ഞത് 50 ലക്ഷം രൂപയെങ്കിലും ആവശ്യമാണെന്ന് കാണുകയും ആയത് ചെലവഴിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുകയില്ലെന്നും അതിനാൽ ടി സ്ഥലവും കെട്ടിടവും സാമൂഹ്യനീതി വകുപ്പ് ഏറ്റെടുക്കണമെന്നും ഗ്രാമപഞ്ചായത്ത് വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. ടി വസ്തുവും പൂർത്തിയാകാത്ത കെട്ടിടവും വകുപ്പിന് കൈമാറിത്തരികയും തുടർന്ന് 8-6-2015-ലെ സ.ഉ.(സാധാ)നമ്പർ 347/2015/സാ.നീ.വ. ഉത്തരവ് പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുകയുമുണ്ടായി. സാമൂഹ്യനീതി വകുപ്പ് ഉദ്യോഗസ്ഥരും പൊതുമരാമത്ത് വകുപ്പ് അധികൃതരും സംയുക്തമായി സ്ഥലവും പഴയ കെട്ടിടവും പരിശോധിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് വൈക്കം സബ് ഡിവിഷൻ അസിസ്റ്റന്റ്

എഞ്ചിനീയർ സമർപ്പിച്ച കത്തിൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ഒരു കോടി രൂപ പോരാതെ വരുമെന്നറിയിക്കുകയും പുതിയ പ്ലാൻ അംഗീകരിച്ച് നൽകുന്നതിലേയ്ക്ക് പൊതുമരാമത്ത് വകുപ്പ് അപേക്ഷിക്കുകയും ആയത് വകുപ്പ് അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുമുണ്ട്. അനുവദിച്ച ഒരു കോടി രൂപകൊണ്ട് ക്രമാനുഗതമായി പ്രവൃത്തികൾ നിർവ്വഹിക്കാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടുതൽ സൗകര്യങ്ങളോടുകൂടിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ റിവൈസ്ഡ് എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ ഇതിലേയ്ക്കാവശ്യമായ തുക വകയിരുത്താവുന്നതാണ്.

(12) <u>സി.എച്ച്.സി.കളുടെ പ്രവർത്തനം സംബന്ധിച്ച ശ്രീ. ബി. സത്യന്റെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും</u> വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>) നൽകിയ മറുപടി

<u>സാമൂഹ്യ ആരോഗ്യ കേന്ദ്രം, കേശവപുരം</u>

ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിലെ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നതാണ് കേശവപുരം സാമൂഹ്യ ആരോഗ്യ കേന്ദ്രം. 2018-ൽ പ്രവർത്തനം ആരംഭിച്ച ദന്തൽ വിഭാഗം രോഗികൾക്ക് വളരെയേറെ പ്രയോജനകരമാണ്. 52 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമാണ് ഈ സ്ഥാപനത്തിലുള്ളത്. ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ള ആംബുലൻസ് സൗകര്യവും ആശുപത്രിയിലുണ്ട്. ഒരേ സമയം അഞ്ച് മൃതദേഹങ്ങൾ വരെ സൂക്ഷിക്കാവുന്ന മോർച്ചറി സൗകര്യം ഇവിടെയുണ്ട്. രോഗികൾക്ക് ചികിത്സ നിർണ്ണയിക്കുന്നതിന് പരിശോധനകൾ ലഭ്യമാക്കുന്നതിനുള്ള ലാബ് സൗകര്യം, കമ്പ്യൂട്ടറൈസ്ഡ് ഒ.പി. ടിക്കറ്റ് സംവിധാനം എന്നിവയും ആശുപത്രിയിലുള്ള സൗകര്യങ്ങളാണ്.

എല്ലാ ബുധനാഴ്ചയും നടക്കുന്ന രോഗപ്രതിരോധ കുത്തിവയ്പിനായി ശരാശരി എഴുപത് കുട്ടികൾ എത്താറുണ്ട്. എട്ട് കിടക്കകളുള്ള ഒരു പാലിയേറ്റീവ് വാർഡും കേശവപുരം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്നു. സെക്കണ്ടറി തലത്തിൽ ഗൃഹ സന്ദർശനം നടത്തി ബ്ലോക്ക് പരിധിയിലുള്ള കിടപ്പ് രോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്നതിനായി ഒരു സ്റ്റാഫ് നഴ്സിനെയും ഒരു ഫിസിയോതെറാപ്പിസ്റ്റിനെയും എൻ.എച്ച്.എം. മുഖേന നിയമിച്ചിട്ടുണ്ട്.

കേശവപുരം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ രണ്ട് സിവിൽ സർജൻമാരുടെ ഒഴിവും രണ്ടാം ഗ്രേഡ് ആശുപത്രി അറ്റൻഡർമാരുടെ നാല് ഒഴിവും ഒന്നാം ഗ്രേഡ് ആശുപത്രി അറ്റൻഡർമാരുടെ രണ്ട് ഒഴിവും നിലവിലുണ്ട്. ബാക്കി എല്ലാ തസ്തികകളിലും ജീവനക്കാരുണ്ട്.

നിലവിലുള്ള സിവിൽ സർജൻമാരുടെ രണ്ട് ഒഴിവുകളിൽ ഒന്ന് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റൊരൊഴിവിൽ ഉദ്യോഗക്കയറ്റം നികത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ആശുപത്രി അറ്റൻഡർ ഗ്രേഡ്-2 തസ്തികയിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. കൂടാതെ രണ്ട് ഡോക്ടർമാർക്ക് adhoc വ്യവസ്ഥയിൽ നിയമനം നൽകിയതിൽ ഒരു ഡോക്ടർ ജോലിക്ക് ഹാജരായിട്ടുണ്ട്.

സാമൂഹ്യ ആരോഗ്യ കേന്ദ്രം, മണമ്പൂർ

24 മണിക്കൂറും പ്രവർത്തിക്കുന്ന ഈ ആശുപത്രിയിൽ പ്രതിദിനം 400-ൽ പരം ഒ.പി.-യും 10 ഐ.പി.യുമുണ്ട്. 24 ബെഡ്ഡുകളോടുകൂടിയ മെയിൽ-ഫീമെയിൽ വാർഡുകൾ, എയർ കണ്ടീഷൻ ചെയ്ത ഫാർമസി, ഇ.സി.ജി. തുടങ്ങിയ ഉന്നത നിലവാരത്തിലുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയതാണ് ഈ ആശുപത്രി. ഇവിടെ എൻ.എച്ച്.എം. വഴി രണ്ട് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. എച്ച്.എം.സി. മുഖേന രണ്ട് ലാബ് ടെക്നീഷ്യൻ, ഒരു സെക്യൂരിറ്റി, ഒരു ക്ലീനിംഗ് സ്റ്റാഫ് എന്നിവരുടെയും ബ്ലോക്ക് പഞ്ചായത്തുവഴി ഒരു ക്ലീനിംഗ് സ്റ്റാഫ്, ഒരു ഫാർമസിസ്റ്റ്, ഒരു സ്റ്റാഫ് നഴ്സ് എന്നിവരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. മണമ്പൂർ C.H.C.-യിൽ ഒരു നഴ്സിംഗ് അസിസ്റ്റന്റ്, ഒരു ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-II, ഒരു പി.റ്റി.എസ്. എന്നീ ഒഴിവുകളാണ് നിലവിലുള്ളത്.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.